# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും. രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിന്റെ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിന്റെ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിന്റെ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിന്റേതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിന്റെ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാദ്ധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാദ്ധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


**വാല്യം 1**

## പാറശ്ശാല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

## പെരുങ്കടവിള ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

## അതിയന്നൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

## നേമം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

## തിരുവനന്തപുരം റൂറൽ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

## കഴക്കൂട്ടം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

## വെള്ളനാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

## നെടുമങ്ങാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

## വാമനപുരം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

## കിളിമാനൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

## ചിറയിൻകീഴ് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

## വർക്കല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

| വാല്യം 13 |
|---|

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

| വാല്യം 14 |
|---|

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

| വാല്യം 15 |
|---|

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

| വാല്യം 16 |
|---|

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

| വാല്യം 17 |
|---|

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

| വാല്യം 18 |
|---|

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

| വാല്യം 19 |
|---|

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

| വാല്യം 20 |
|---|

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

| വാല്യം 21 |
|---|

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

| വാല്യം 22 |
|---|

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

| വാല്യം 23 |
|---|

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

| വാല്യം 24 |
|---|

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

| വാല്യം 25 |
|---|

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

| വാല്യം 26 |
|---|

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

| വാല്യം 27 |
|---|

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാമ്പതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

| വാല്യം 114 |
|---|

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

| വാല്യം 115 |
|---|

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

| വാല്യം 116 |
|---|

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

| വാല്യം 117 |
|---|

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

| വാല്യം 118 |
|---|

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

| വാല്യം 119 |
|---|

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

| വാല്യം 120 |
|---|

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

| വാല്യം 121 |
|---|

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

| വാല്യം 122 |
|---|

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

| വാല്യം 123 |
|---|

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

| വാല്യം 124 |
|---|

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

| വാല്യം 125 |
|---|

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

| വാല്യം 126 |
|---|

## തുണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തുണേരി
5. വളയം
6. വാണിമേൽ

| വാല്യം 127 |
|---|

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാനൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

**വാല്യം 153**

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

**വാല്യം 154**

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

**വാല്യം 155**

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

**വാല്യം 156**

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

**വാല്യം 157**

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

**വാല്യം 158**

## ഇടുക്കി ജില്ല

1. തൊടുപുഴ

**വാല്യം 159**

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

**വാല്യം 160**

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

**വാല്യം 161**

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

**വാല്യം 162**

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

**വാല്യം 163**

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

**വാല്യം 164**

## വയനാട് ജില്ല

1. കൽപ്പറ്റ

**വാല്യം 165**

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

**വാല്യം 166**

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്


15

OFFICE OF THE AZHIYOOR GRAMA PANCHAYAT



# അഴിയൂർ ഗ്രാമ പഞ്ചായത്ത്
# വികസന രേഖ

## അഴിയൂർ ഗ്രാമ പഞ്ചായത്ത്



# പഞ്ചായത്ത് ഭരണ സമിതി



എം.സി. പ്രേമജ. (9)
(പ്രസിഡന്റ്)



ഹാജി. എ. അബ്ദുറഹിമാൻ (6)
(വൈസ് പ്രസിഡന്റ്)



പി. പ്രദീപ് കുമാർ. (7)
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.)



ടി.കെ. സലീന. (1)



പി.കെ.അബൂബക്കർ. (2)



ശശിധരൻ തോട്ടതതിൽ (3)



കെ. ശേഖരൻ (4)



എം. മഹിജ. (5)



കെ. ലീല. (8)



എ.ടി. കുഞ്ഞിക്കണ്ണൻ. (10)



ഇ.ടി. അയ്യൂബ്. (11)

## പഞ്ചായത്ത് പരിശീലകർ.

കെ. ഗംഗാധരൻ.
എം.പി. രാഘവൻ.
പി. നാരായണൻ മാസ്റ്റർ.
എ. ശോഭന ടീച്ചർ.
കെ.കെ. പത്മാവതി ടീച്ചർ.
എം.വി. ജയപ്രകാശ്.
ആലീസ് വിനോദ്.
ടി. രാഘവൻ മാസ്റ്റർ.
കൈപ്പാട്ടിൽ ശ്രീധരൻ.
ഇ.കെ. ഗോപാലക്കുറുപ്പ്.
സി.കെ. സാജിദ് മാസ്റ്റർ.
കെ. ഭാസ്കരൻ.
കെ. സുകുമാരൻ.
ടി. ദേവദാസ്.
പി. നാണു നായർ.
വി.പി. പ്രകാശൻ.
പാമ്പള്ളി മഹമൂദ്.
കോട്ടായി ശ്രീധരൻ.
ടി.സി. ഗോപിനാഥൻ.
പി.വി. കുഞ്ഞിക്കണ്ണൻ.
ടി.കെ. സലീന.
പി.കെ. അബൂബക്കർ.
ശശിധരൻ തോട്ടത്തിൽ.
കെ. ശേഖരൻ.
എം. മഹിജ.
ഹാജി. എ. അബ്ദുറഹിമാൻ.
കെ. ലീല.
എ.ടി. കുഞ്ഞിക്കണ്ണൻ.
ഇ.ടി. അയൂബ്.

## പാരമ്പര്യേതര പരിപാടിയിൽ പങ്കെടുത്തവർ

ശ്രീ. വി.പി. സുരേന്ദ്രൻ മാസ്റ്റർ.
ശ്രീ. എ.ടി. ശ്രീധരൻ.
ശ്രീ. പി.പി. ശ്രീധരൻ.
ശ്രീ. സി. സുഗതൻ മാസ്റ്റർ.
ശ്രീ. പി.കെ. ബാലൻ മാസ്റ്റർ.
ശ്രീ. കെ.ടി. രവീന്ദ്രൻ മാസ്റ്റർ.
ശ്രീ. പി. നാരായണൻ മാസ്റ്റർ.
ശ്രീ. കെ.എ. നാരായണൻ.
ശ്രീ. പി.കെ. ബാലൻ മാസ്റ്റർ.
ശ്രീ. സി. സുഗതൻ മാസ്റ്റർ.
ശ്രീ. ശേഖരൻ.
ശ്രീ. ഇ.ടി. അയൂബ്.
കുമാരി. എം. മഹിജ.
കുമാരി. ഷർലി.
(കൃഷി ഓഫീസർ)

## കോർ ഗ്രൂപ്പ്

ജില്ലാ പരിശീലകർ
ശ്രീമതി. എം.സി. പ്രേമജ.
ശ്രീ. വി.പി. സുരേന്ദ്രൻ മാസ്റ്റർ.
ശ്രീ. എ.ടി. ശ്രീധരൻ.
ശ്രീ. പി.പി. ശ്രീധരൻ.
ശ്രീ. സി. സുഗതൻ മാസ്റ്റർ.
ശ്രീ. പി.കെ. ബാലൻ മാസ്റ്റർ.
ശ്രീ. കെ.ടി. രവീന്ദ്രൻ മാസ്റ്റർ.
ശ്രീ. കുനിയിൽ സൂപ്പി മാസ്റ്റർ.
ശ്രീ. പി. നാരായണൻ മാസ്റ്റർ.
ശ്രീ. പി. പ്രദീപ് കുമാർ.
ശ്രീ. കെ.എ. നാരായണൻ മാസ്റ്റർ.
ശ്രീ. പി. രാഘവൻ മാസ്റ്റർ.
ശ്രീ. എ.ടി. ശ്രീധരൻ
(കൺവീനർ,
ജനകീയാസൂത്രണ കമ്മിറ്റി.)

OFFICE OF THE AZHIYOOR GRAMA PANCHAYAT

ഉള്ളടക്കം

1. ആമുഖം.
2. പഞ്ചായത്ത് പൊതു വിതരണം.
3. സാമൂഹിക സാംസ്ക്കാരിക ചരിത്രം.
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം.
5. വികസന മേഖലകൾ.
(2–7)
5–1. കൃഷിയും ജലസേചനവും. (9–22)
5–2. മൃഗസംരക്ഷണവും മത്സ്യബന്ധനവും. (23–32)
5–3. വ്യവസായം. (33–40)
5–4. വിദ്യാഭ്യാസം. (41–53)
5–5. പൊതുജനാരോഗ്യവും കുടിവെള്ളവും. (54–63)
5–6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്. (64–73)
5–7. പാർപ്പിടവും സാമൂഹ്യക്ഷേമവും. (74–80)
5–8. സംസ്ക്കാരം. (81–89)
5–9. വനിതാക്ഷേമം. (90–92)
5–10. പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം. (93–96)
5–11. സഹകരണം. (97–101)
5–12 വിഭവസമാഹരണം. (102–104)
6. ഉപസംഹാരം.

എഡിറ്റോറിയൽ ബോഡ്.
ശ്രീ. വി.പി. സുരേന്ദ്രൻ മാസ്റ്റർ.
ശ്രീ. എ.ടി. ശ്രീധരൻ.
ശ്രീ. പി.പി. ശ്രീധരൻ.
ശ്രീ. സി. സുഗതൻ മാസ്റ്റർ.
ശ്രീ. പി.കെ. ബാലൻ മാസ്റ്റർ.
ശ്രീ. കെ.ടി. രവീന്ദ്രൻ മാസ്റ്റർ.
ശ്രീ. എം.പി. രാഘവൻ.
ശ്രീ. കെ. ഗംഗാധരൻ.
ശ്രീ. കെ.എ. നാരായണൻ.
ശ്രീ. പി. പ്രദീപ് കുമാർ.
കുമാരി. എം. മഹിജ.

Layout, Design & Type Setting
Graphtech
Vatakara




# ആമുഖം

അധികാര കേന്ദ്രീകരണത്തിൽ നിന്നും കേരളം വികേന്ദ്രീകൃത ആസൂത്രണത്തിലേക്ക് നീങ്ങുകയാണ്. നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ തീരുമാനിക്കാനുള്ള അധികാരം ജനങ്ങളിലേക്ക് ഒമ്പതാം പദ്ധതിയോടെ സാധ്യമാവുകയാണ്. കേരളത്തിൽ 1997 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന ഒമ്പതാം പദ്ധതി പൂർണ്ണമായ അർത്ഥത്തിൽ ജനകീയ പദ്ധതിയാക്കി മാറ്റുന്നതിന്റെ ഭാഗമായി അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്തകൾ ഉൾക്കൊണ്ട് ഈ ഗ്രാമ പഞ്ചായത്തിന്റെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുചേർക്കുകയുണ്ടായി. ഗ്രാമസഭകളിൽ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ചർച്ച ചെയ്ത് രൂപപ്പെടുത്തിയ നിർദ്ദേശങ്ങൾ, വിവിധ പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എന്നിവ ക്രോഡീകരിച്ച് ഒരു റിപ്പോർട്ടാക്കുകയാണ്. റിപ്പോർട്ട് തയ്യാറാക്കാൻ അനുഭവസമ്പന്നർ, ഉദ്യോഗസ്ഥർ എന്നിവർ നേരിട്ടു നൽകിയ വിവരങ്ങളേയും പഠനപര്യടനത്തിലൂടെ ശേഖരിച്ച വിവരങ്ങളും ദ്വിതീയ വിവര ശേഖരങ്ങളേയും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ഒമ്പതാം പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി കേന്ദ്രവിഹിതത്തിന്റെ 40 ശതമാനം ത്രിതല പഞ്ചായത്തുകൾക്കും കേരള സർക്കാരിൽ നിന്നും ലഭിക്കുന്ന 60 ശതമാനത്തിന്റെ ചില വിഹിതവും ലഭിക്കുന്നു. കൂടാതെ കേന്ദ്രസർക്കാരിന്റെ പ്രത്യേകമായ ഫണ്ടുകൾ, ബാഹ്യ വികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘടനകൾ വഴി ലഭിക്കുന്ന വികസനഫണ്ടുകൾ, നികുതി വരുമാനം, എല്ലാറ്റിനും പുറമെ ജനകീയ പങ്കാളിത്തം (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങിയവ വികസന പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകളാവും.

ഭൂമിശാസ്ത്രപരമായും പ്രാദേശികമായും പഞ്ചായത്തിന് ഗുണകരമായ പദ്ധതികൾ രൂപപ്പെടുത്തി ഉല്പാദന മേഖലയിൽ സ്ഥായിയായ നേട്ടമുണ്ടാക്കാൻ നമുക്ക് കഴിയണം. ഇത് സാധ്യമാകണമെങ്കിൽ മുഴുവൻ ജനവിഭാഗങ്ങളും പദ്ധതി പ്രവർത്തനങ്ങളുമായി സഹകരിക്കേണ്ടതുണ്ട്. രാഷ്ട്രപിതാവിന്റെ 'ഗ്രാമസ്വരാജ്' എന്ന ആശയം സഫലമാക്കാൻ വഴിയൊരുക്കിയ കേരള സർക്കാരിന്റെ വികേന്ദ്രീകരണ ആശയത്തിനു പിന്നിൽ പ്രവർത്തിച്ച മഹാമനസ്കരുടെ ചിന്താധാരകൾക്ക് അനുമോദനം അർപ്പിക്കുന്നു. സമ്പൽസമൃദ്ധമായ നമ്മുടെ ഗ്രാമം കെട്ടിപ്പടുക്കാനുള്ള കാൽവെയ്പ്പായിത്തീരട്ടെ ഈ ഉദ്യമം.

## 2

## പഞ്ചായത്തിന്റെ പൊതുവിവരങ്ങളും ഭരണപരമായ ചരിത്രങ്ങളും.

| | |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | അഴിയൂർ ഗ്രാമപഞ്ചായത്ത് (സ്പെഷൽ ഗ്രേഡ്) |
| ഉൾപ്പെടുന്ന വില്ലേജ് | അഴിയൂർ. |
| ഉൾപ്പെടുന്ന ദേശങ്ങൾ | അഴിയൂർ, ചോമ്പാല, കല്ലാമല. |
| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | വടകര. |
| ബ്ലോക്ക് ഡിവിഷൻ | അഴിയൂർ-ചോമ്പാല. |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | അഴിയൂർ. |
| താലൂക്ക് | വടകര. |
| അസംബ്ലി മണ്ഡലം | വടകര. |
| റവന്യൂ ജില്ല | കോഴിക്കോട്. |
| വിസ്തീർണ്ണം | 9.77 സ്ക്വയർ ച.കി.മീ. |
| അതിരുകൾ | |
| വടക്ക് | പോണ്ടിച്ചേരി സംസ്ഥാനത്തിന്റെ ഭാഗവും മയ്യഴിപ്പുഴയും. |
| തെക്ക് | ഏറാമല, ഒഞ്ചിയം പഞ്ചായത്തുകൾ. |
| പടിഞ്ഞാറ് | അറബിക്കടൽ. |
| കിഴക്ക് | മയ്യഴിപ്പുഴ. |
| ജനസംഖ്യ | |
| ആകെ | 28480. |
| പുരുഷന്മാർ | 13360. |
| സ്ത്രീകൾ | 15120. |
| വാർഡുകളുടെ എണ്ണം | 11. |
| പ്രസിഡന്റിന്റെ പേര് | ശ്രീമതി. എം.സി. പ്രേമജ. |
| വൈസ്. പ്രസിഡന്റിന്റെ പേര് | ഹാജി.എ. അബ്ദുറഹിമാൻ. |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. പി. പ്രദീപ കുമാർ. |

കോഴിക്കോട് ജില്ലയിൽ പഞ്ചായത്തുകളുടെ പുനർവിഭജനം നടന്നപ്പോൾ രൂപീകൃതമായതാണ് അഴിയൂർ. ഇതുൾപ്പെടുന്ന വടകര വികസന ബ്ലോക്ക് രൂപീകരിച്ചത് കുന്നുമ്മക്കര, ഏറാമല, കാർത്തികപ്പള്ളി, ചോറോട് എന്നീ പഞ്ചായത്ത് പ്രദേശങ്ങളും അഴിയൂർ, മുട്ടുങ്ങൽ എന്നീ പഞ്ചായത്തിതര പ്രദേശങ്ങളും ചേർത്തു കൊണ്ടായിരുന്നു. മുട്ടുങ്ങൽ പ്രദേശം ചോറോട് പഞ്ചായത്തിൽ ചേർത്തപ്പോൾ കാർത്തികപ്പള്ളി ഏറാമലയിൽ ലയിപ്പിച്ചു. കുന്നുമ്മക്കര പഞ്ചായത്ത് വിഭജിച്ച് ഒഞ്ചിയം, ഊരാളുങ്കൽ എന്നീ അംശങ്ങൾ ചേർത്ത് ഒഞ്ചിയം രൂപീകരിച്ചപ്പോൾ പഴയ കുന്നുമ്മക്കര പഞ്ചായത്തിലെ കുന്നുമ്മക്കര അംശം ഏറാമല പഞ്ചായത്തിൽ ലയിപ്പിച്ചു. അഴിയൂർ അംശം അതേ പടി ഒരു പഞ്ചായത്തായി രൂപീകരിച്ചു. ഇപ്പോൾ അഴിയൂർ ഉൾക്കൊള്ളുന്ന വടകര വികസന ബ്ലോക്കിൽ അഴിയൂർ കൂടാതെ ഏറാമല, ഒഞ്ചിയം, ചോറോട് എന്നീ പഞ്ചായത്തുകളാണ് ഉള്ളത്. ഇന്നത്തെ വടകര താലൂക്കിലെ ഒരു റവന്യൂ അംശം ഒരു റവന്യൂ വില്ലേജായി മാറുകയും ഒരു റവന്യൂ വില്ലേജ് ഒരു പഞ്ചായത്തായി മാറുകയും ചെയ്തതിനുള്ള ഏക ഉദാഹരണം അഴിയൂരാണ്- അഴിയൂരിലെ ജനസാന്ദ്രതയാണ് ഇതിന് കാരണം. ഇവിടുത്തെ പൂഴിത്തല വാർഡിലെ ജനസാന്ദ്രത വടകര മുനിസിപ്പാലിറ്റിയിലെ ചില പ്രദേശത്തെക്കാൾ കൂടുതലാണ്. മയ്യഴിയുടെ സാമീപ്യം ഇതിന് കാരണമായി. 1961-ൽ രൂപീകരിച്ച ഈ പഞ്ചായത്തിന്റെ അതിർവരമ്പുകൾ കൂട്ടിച്ചേർക്കലിനോ വിഭജനത്തിനോ ഇടവന്നിട്ടില്ല.

### മുൻ പ്രസിഡന്റുമാർ

പഞ്ചായത്ത് പ്രഥമ പ്രസിഡന്റ് കൈത്തറി സഹകരണ രംഗത്ത് നിസ്തുലമായ സംഭാവനകളർപ്പിച്ച് സ്വാതന്ത്ര്യ സമര സേനാനിയും വിദ്യാഭ്യാസ പ്രവർത്തകരുമായ ശ്രീ. പി. ചാത്തുവായിരുന്നു. തുടർന്ന് ശ്രീ. വി.കെ. അബ്ദുള്ള, ശ്രീ. കെ.പൈതൽ, ശ്രീ. പി.വി. മമ്മുഹാജി, ശ്രീ.പി. നാണു മാസ്റ്റർ എന്നിവർ ആയിരുന്നു.

**3**

## സാമൂഹിക-സാംസ്കാരിക-ചരിത്ര പശ്ചാത്തലം

അഴിമുഖത്തുള്ള ഗ്രാമമായതുകൊണ്ടാവാം ഈ പ്രദേശത്തിന് അഴിയൂർ എന്ന പേർ വന്നത്. മയ്യഴിക്കും അഴിയൂരിനും ഇടയിൽ ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾ ഇപ്പോഴും ഇല്ല. മയ്യഴിയുടെ പഴയ ഭരണാധികൾ ആയിരുന്ന ഫ്രഞ്ചുകാർ അഴിയൂരിന്റെ അതിർത്തിയിൽ ദേവദാരുമരക്കുറ്റി കൊണ്ട് അതിരിട്ട മയ്യഴിക്കുറ്റിക്കകവും നാലുതറ ഗ്രാമങ്ങളും ചെറു കല്ലായിയും ചേർത്ത ഇന്നത്തെ മയ്യഴി രൂപീകരിക്കുന്നതിന് മുമ്പുള്ള പഴയ മയ്യഴിയും ഈ പഞ്ചായത്തിന്റെ കണ്ണൂകയി വരെ വ്യാപിച്ചിരുന്നു. അഴിയൂർ പഞ്ചായത്തിന്റെ അഴിയൂർ ദേശം കൂടാതെ കല്ലാമല, ചോമ്പാല എന്നീ ദേശങ്ങളും ഉണ്ട്. കല്ലും മലയും ഇല്ലാത്ത മണൽ പ്രദേശമാണ് കല്ലന്റെ അമൽ എന്ന കല്ലാമല-കല്ലന്റെ അമൽ എന്നാൽ കല്ലന്റെ പ്രദേശം എന്നാണ് അർത്ഥം. ചോമ്പാൽ പണ്ട് ചോമായിയോ ചോമാപറമ്പോ ആയിരുന്നു. മദ്രാസ് മംഗലാപുരം റെയിൽപാത ഈ പഞ്ചായത്തിൽ കൂടി കടന്നു പോകുന്നു. അഴിയൂർ കോറോത്ത് റോഡ് ഇന്നത്തെ നേഷനൽ ഹൈവെയായി വികസിപ്പിച്ച വെസ്റ്റ് കോസ്റ്റ് റോഡിനേക്കാൾ പഴക്കമുള്ളതായി പറയപ്പെടുന്നു. ഇത് മൈസൂർ ഭരണാധികാരിയായിരുന്ന ടിപ്പു സുൽത്താൻ നിർമ്മിച്ചതായിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ ചോമ്പാലിനാണ് അഴിയൂരിനേക്കാൾ പ്രാമുഖ്യം. ഇബ്ൻ ബത്തൂത്തയുടെ സഞ്ചാര വിവരണങ്ങളിൽ രേഖപ്പെടുത്തിയ തുറമുഖ പട്ടണമാണ് ചോമ്പായി (ചോമായി). മലബാറിന്റെ ആധികാരിക ചരിത്ര ഗ്രന്ഥമായ മലബാർ മാന്വൽ എഴുതിയ വില്യം ലോഗൺ ചോമ്പാലിനെ കുറിച്ച് പരാമർശിക്കുന്നുണ്ട്. ചോമായി എന്നതിന് സോമയാജി എന്നർത്ഥമുണ്ട്-സോമയാഗം നടന്ന സ്ഥലം എന്ന് വിവക്ഷിക്കാം. 'ചെമ്പ ശിലാശാസനം' പത്താം നൂറ്റാണ്ടിൽ തന്നെ അഴിയൂർ പ്രദേശങ്ങളിൽ തെങ്ങ് കൃഷി പ്രധാനമാണെന്ന് വ്യക്തമാക്കുന്നു.

പിൽകാല ചേരരാജ്യത്തിന്റെ പതനത്തിനു ശേഷം അഴിയൂർ ഉൾപ്പെടുന്ന കടത്തനാട് കോലത്തുനാടിന്റെ ഭരണത്തിൻ കീഴിലായിരുന്നു. പോർച്ച്ഗീസുകാർക്ക് എതിരായി കുഞ്ഞാലി മരയ്ക്കാർ നാവിക കുടുംബം നടത്തിയ ചില പോരാട്ടങ്ങൾ വെള്ളിയാങ്കല്ല്, ചോമ്പാൽ തുടങ്ങിയ പ്രദേശങ്ങളിലെ കടൽത്തീരങ്ങളുമായി ബന്ധപ്പെടുന്നു. 18ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കോലത്തിരി വംശത്തിന്റെ തെക്കിളം കൂർ കടത്തനാട്ടിന്റെ ഭരണാധികാരികളായി. ലോകനാർക്കാവ് അന്നത്തെ രാവാരി നായന്മാരിൽ നിന്നും കടത്തനാട് കോവിലകം പിടിച്ചടക്കി. ഈ പ്രദേശത്ത് ധാരാളം കളരികൾ സ്ഥാപിക്കപ്പെട്ടു. മയ്യഴി അങ്കക്കളരി അന്ന് പ്രസിദ്ധമായിരുന്നു. മതപരമായി അന്ന് നിലനിന്നിരുന്ന സൗഹാർദ്ദം കാരണം ധാരാളം മാപ്പിളമാരായ കുടുംബങ്ങൾ അവിടെ താമസിച്ചു. അവരുടെ പ്രധാനമായ ആരാധന കേന്ദ്രങ്ങളാണ് ചോമ്പാലയിലെ 900 വർഷം പഴക്കമുള്ള . കുഞ്ഞിപ്പള്ളിയും 500 ലധികം പഴക്കമുള്ള ഹാജിയാർപ്പള്ളിയും. ഷെയ്ക്ക് സൈനുദ്ദീൻ മഖ്ദൂം രണ്ടാമന്റെ മഖ്ബറ കുഞ്ഞിപ്പള്ളിയിൽ സ്ഥിതി ചെയ്യുന്നതായി സങ്കൽപ്പിക്കപ്പെടുന്നു. ഹിജറ 938-ൽ ജനിച്ച അദ്ദേഹം ഖാദരിയ്യ ത്വരീക്കത്തിന്റെ ഒരു സൂഫിയായിരുന്നു. ഹിജറ 991-ൽ ഇഹലോകവാസം വെടിഞ്ഞ അദ്ദേഹം ഒരു പ്രധാന മതപണ്ഡിതനും വലിയകത്ത് കരകെട്ടി കുടുംബാംഗവും 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന അറബി ചരിത്ര ഗ്രന്ഥത്തിന്റെ കർത്താവുമാണ്. പോർച്ച്ഗീസ്കാർക്കെതിരായി ഒരു യുദ്ധം അദ്ദേഹം ആഹ്വാനം ചെയ്തു. ചോമ്പാൽ ഭാഗത്തുള്ള ചോമ്പാങ്ങാടി പറമ്പ്, കാളാണ്ടി പറമ്പ്, പാണ്ടികശാല വളപ്പ് എന്നീ പേരുകൾ പ്രാചീന നാഗരികത വിളിച്ചോതുന്നു.

ഒരു പ്രശസ്ത സാംസ്കാരിക കുടുംബമായ കൂട്ടമത്ത് കുന്നിയൂർ കുടുംബത്തിന്റെ സ്ഥാപകനായ ഉണ്ണിച്ചിണ്ടക്കുറുപ്പ് അന്യം നിന്നു പോയ ഒരു തൂവാടൻ കുറുപ്പിന്റെ കല്ലാമലയിലെയും അഴിയൂരിലെയും ഭൂസ്വത്തുക്കൾ കടത്തനാട് തമ്പുരാന്റെ സഹായത്തോടെ തിരിച്ചെടുക്കുകയും അമ്പലം, അമ്പലപ്പടി, ദേശം, ദേശാധിപത്യം എന്നീ അവകാശങ്ങൾ ഉള്ള ഒരു പ്രശസ്ത ജന്മി കുടുംബമായി കല്ലാമലയിൽ കോവുക്കൽ കുന്നിയൂർ തറവാട് 1800 നടുത്ത് സ്ഥാപിച്ചു. അത് പോലെ പ്രധാനമായ മറ്റൊരു ജന്മി കുടുംബമായിരുന്നു അഴിയൂർ ഭാഗത്തുള്ള തിരുമംഗലത്ത് കാഞ്ഞിരാടൻ കുറുപ്പാൻമാരുടേത്. പ്രധാന മുസ്ലിം കുടുംബം ചോമ്പാലിലെ കരകെട്ടി കുടുംബമായിരുന്നു.

ഒരു പ്രധാന നെയ്ത്ത് കേന്ദ്രം കൊളരാട് തെരുവാണ്. അവിടുത്തെ ഗണപതി ക്ഷേത്രം തെരുവുമായി ബന്ധപ്പെടുന്നു. പണ്ട് കാലത്ത് മതസൗഹാർദ്ദത്തിന്റെ പ്രതീകമായിരുന്ന ഈ ക്ഷേത്രപരിസരത്ത് കരകെട്ടി കുടുംബത്തിലെ മുസ്ലിം പ്രമാണിയെ ഉത്സവ കാലങ്ങളിൽ പീഠം കൊടുത്ത് ഇരുത്തി ആദരിക്കുന്ന ചടങ്ങ് കാരണവന്മാർ പറഞ്ഞ് കേട്ടിട്ടുണ്ട്.

19ാം നൂറ്റാണ്ടിൽ ബൈഗോൺ ദിലൂർമ് തുടങ്ങിയ യൂറോപ്യന്മാർ അഴിയൂരിൽ പട്ടുനൂൽ പുഴു വളർത്താനുള്ള പരിശ്രമങ്ങൾ നടത്തിയിരുന്നു. മാർത്തേലി എന്ന ഇറ്റാലിയൻ ഈ വിഷയിത്തിൽ പരിശ്രമിച്ചുവെങ്കിലും വിജയിച്ചില്ല.

തലശ്ശേരിയിൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ അവരുടെ പള്ളിയും വിദ്യാകേന്ദ്രങ്ങളും 1836-ൽ സ്ഥാപിച്ചപ്പോൾ ചോമ്പാലയിൽ ഒരു ബാസൽ സ്റ്റേഷൻ സ്ഥാപിച്ചിരുന്നു. അതിന്റെ തുടർച്ചയായിരുന്നു അവിടുത്തെ പള്ളിയും സ്ക്കൂളും. കണ്ടപ്പം കുണ്ടിൽ അവർ സ്ക്കൂൾ സ്ഥാപിച്ചിരുന്നു. കൊളരാട് തെരുവിൽ അന്ന് കുഴിത്തറികളായിരുന്നു നെയ്ത്തിനുപയോഗിച്ചിരുന്നത്. അതിനെ പരിഷ്കിച്ച് ഇന്നത്തെ രൂപത്തിലുള്ള മഗ്ഗങ്ങളായി രൂപപ്പെടുത്തിയത് മിഷന്റെ ഇൻഡസ്ട്രിയൽ പ്രവർത്തനങ്ങളായിരുന്നു.

ഈ നൂറ്റാണ്ടിൽ ദേശീയ പ്രസ്ഥാനത്തിന്റെ വേരുകളും ഈ ഗ്രാമത്തിൽ ആഴത്തിൽ ഇറങ്ങിയിരുന്നു. ആദ്യ കാല കോൺഗ്രസ്സ് പ്രവർത്തകർ കണ്ണോത്ത് ചന്തൻ എന്ന് ചന്തൻ വൈദ്യർ കൊയിലോത്ത് കൃഷ്ണക്കുറുപ്പ് എന്നിവരായിരുന്നു. കോൺഗ്രസ്സിന്റെ ഭാഗമായി സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ഇവിടെ വളർന്നു വന്നു. 1932 സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നിസ്സഹകരണ സമരത്തോടനുബന്ധിച്ച് മാഹി റെയിൽവേ സ്റ്റേഷൻ, കണ്ടപ്പൻ കുണ്ട് എന്നിവടങ്ങളിൽ കള്ളുഷാപ്പ് പിക്കറ്റിങ്ങ് നടന്നിരുന്നു. 1942ലെ ക്വിറ്റ് ഇൻഡ്യാ സമരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ ഗ്രാമത്തിലും നടത്തിയിരുന്നു. ചോമ്പാലയിലെ ഉപ്പ് ഡിപ്പോ കത്തിക്കൽ, മുക്കാളിയിലെ ടെലിഗ്രാഫ് കമ്പി മുറിക്കൽ, ചിറയിൽപ്പീടികയിലെ റെയിൽ ഓവുപാലം ഡയനാമിറ്റ് വയ്ക്കൽ, അഴിയൂർ സബ് രജിസ്ട്രാഫീസിനു മുകളിൽ ദേശീയ പതാക ഉയർത്തൽ എന്നിവ അവയിൽ ഉൾപ്പെടുന്നു. ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രധാന വ്യക്തികൾ സർവ്വ ശ്രീ. കല്ലാട്ട് ദാമു മാസ്റ്റർ, കിഴക്കേടത്ത് കണാരൻ, എം.കെ. കുഞ്ഞിരാമൻ, മുല്ലപ്പള്ളി ഗോപാലൻ, കുനിയിൽ ചന്തൻ, പാമ്പള്ളി ആണ്ടി, യുവാവ് കണാരൻ, ടി.സി. നാരായണക്കുറുപ്പ്, മാക്കൂട്ടത്തിൽ ചെറിയ കണ്ണൻ

തുടങ്ങിയവരായിരുന്നു. ഡയനാമിറ്റ് വെച്ച സംഭവം ബ്രിട്ടീഷ് പാർലമെന്റിൽ പോലും ചർച്ചാവിഷയമായിരുന്നു. തികഞ്ഞ ഗാന്ധിയനായ ശ്രീ. കെ.കുഞ്ഞിരാമക്കുറുപ്പിന്റെ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ ഇവിടെ പ്രത്യേകം ഓർമ്മിയ്ക്കേണ്ടതാണ്. മയ്യഴിയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പ്രവർത്തിച്ച ഒട്ടനവധി പേർ ഈ പഞ്ചായത്തിലുണ്ട്. ഗോവ വിമോചനസമരത്തിൽ പങ്കെടുത്ത എ.ഐ. വിശ്വനാഥനും ഗോവ മമ്മു എന്നറിയപ്പെടുന്ന മമ്മുവും ഈ പഞ്ചായത്തുകാരായിരുന്നു. കുറുമ്പനാട് താലൂക്കിലെ സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന സിരാകേന്ദ്രമായിരുന്നു കണ്ണോത്ത് ചന്തൻ വൈദ്യരുടെ വിട്. 1942 ആഗസ്ത് 18ന് താലൂക്ക് കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് ഗവണ്മെന്റിനെതിരായ നീക്കങ്ങൾക്ക് ശക്തി പകരാൻ ശ്രീ. ഐ.കെ. കുമാരൻ മാസ്റ്ററുടെ നേതൃത്വത്തിൽ ചോമ്പാലിൽ നിന്നാണ് പ്രചരണ ജാഥ ഉദ്ഘാടനം ചെയ്തത്. ലോക്നായക് ജയപ്രകാശ് നാരായണൻ തറക്കല്ലിട്ട ചോമ്പാലയിലെ മഹാത്മാ ഗ്രന്ഥാലയം സ്വാതന്ത്ര്യ സമരത്തിന്റെ പ്രചോദനം ഉൾക്കൊണ്ട ഒരു കേന്ദ്രമായിരുന്നു. ശ്രീ. കേളപ്പജിയുടെ നേതൃത്വത്തിൽ പയ്യന്നൂർക്ക് നടന്നുപോയ ഉപ്പുകുറുക്കൽ ജാഥയ്ക്ക് അഴിയൂരിലെ ചോമ്പാലയിൽ സ്വീകരണം കൊടുത്തിരുന്നു. ഭൂദാനവുമായി ബന്ധപ്പെട്ട് ശ്രീ. വിനോബാഭാവയുടെ പദയാത്ര അഴിയൂരിലൂടെ കടന്നുപോയിട്ടുണ്ട്. 1948ലെ കർഷകസമരവുമായി ബന്ധപ്പെട്ട് ഒഞ്ചിയം വെടിവെപ്പിൽ മരിച്ച ശ്രീ. അളവക്കൽ കൃഷ്ണൻ, ശ്രീ. വി.കെ. രാഘൂട്ടി എന്നിവർ നമ്മുടെ പഞ്ചായത്തുകാരായിരുന്നു. മുൻ പ്രധാന മന്ത്രിമാരായ പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു ശ്രീമതി ഇന്ദിരാഗാന്ധി എന്നിവർ അഴിയൂരിൽ പ്രസംഗിച്ചിരുന്നു. കേന്ദമന്ത്രിയായിരുന്ന ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന് ജന്മം നൽകിയത് ചോമ്പാലയിലാണ്. ഹൈക്കോടതി ജഡ്ജിയായിരുന്ന ശ്രീ. ബാലനാരായണമാരാർ തുടങ്ങി പ്രഗത്ഭർക്ക് ജന്മം നൽകിയത് നമ്മുടെ പഞ്ചായത്താണെന്നതിൽ നമുക്കഭിമാനിക്കാം.


വിഗ്രഹാരാധന, ജാതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് എതിരായി ഒരു പ്രസ്ഥാനം തന്നെ നയിച്ച വാഗ്ഭടാനന്ദ ഗുരുദേവന്റെ ആത്മ വിദ്യാസംഘത്തിന്റെ പ്രധാന മേഖലയായിരുന്നു ഈ പഞ്ചായത്ത്. അദ്ദേഹത്തിന്റെ പ്രധാന ശിഷ്യനായിരുന്നു കറപ്പയിൽ കണാരൻ മാസ്റ്റർ. സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ ഭുവുടമ സമ്പ്രദായത്തിന് എതിരായ സമരങ്ങളൊന്നും ഈ പ്രദേശത്ത് നടന്നിട്ടില്ല. രണ്ടാം ലോക മഹായുദ്ധകാലത്ത് ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്നു. പിന്നീട് സ്വാതന്ത്ര്യ സമ്പാദനത്തിന് ശേഷം 1970കളുടെ രണ്ടാം പകുതിയിലും 1980കളുടെ ആദ്യ പകുതിയിലും കേരളത്തിൽ മൊത്തം ബാധിച്ച അരിക്ഷാമം അഴിയൂർ പഞ്ചായത്തിനെയും ക്രൂരമായി ഗ്രസിച്ചിരുന്നു. ഭക്ഷ്യോൽപ്പാദന മേഖലയിൽ നമ്മുടെ പഞ്ചായത്തിന്റെ സ്ഥാനം വളരെ പിന്നിലാണെങ്കിലും ഗൾഫ് പണത്തിന്റെ സ്വാധീനം കെട്ടിട നിർമ്മാണ രംഗത്താണ് പ്രകടമായി പ്രതിഫലിച്ചു കാണുന്നത്.

ഗതാഗത രംഗത്ത് ഈ പഞ്ചായത്ത് ഗണ്യമായ നേട്ടം കൈവരിച്ചിട്ടുണ്ട്. വാർത്താവിനിമയ രംഗത്തും ഒരു കുതിച്ചുചാട്ടം തന്നെ വന്നിട്ടുണ്ട്. ചോമ്പാൽ കേന്ദ്രമായി ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിച്ചിട്ടുണ്ട്. കൈത്തറി സഹകരണസംഘം കൈവരിച്ച നേട്ടങ്ങളാണ് ചോമ്പാൽ വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും കേരള ഹാന്റ്ലൂം വീവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും. വ്യവസായ രംഗത്ത് യാതൊരു പുരോഗതിയുമില്ല. കാർഷിക മേഖല പൊതുവെ മുരടിച്ച് നിൽക്കുന്നു. വിദ്യാഭ്യാസ രംഗത്ത് പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും അതിന്റെ ഗുണനിലവാരം ഇനിയും ഉയരേണ്ടിയിരിക്കുന്നു. 1957ൽ സ്ഥാപിച്ച അഴിയൂർ ഗവഃഹൈസ്ക്കൂളാണ് ഈ പഞ്ചായത്തിനെ സംബന്ധിച്ചുള്ള ഏക ഉന്നത പൊതു വിദ്യാഭ്യാസ സ്ഥാപനം. നാല് അപ്പർ പ്രൈമറി സ്ക്കൂളുകളും 10 ലോവർ പ്രൈമറി സ്ക്കൂളുകളും ഈ പഞ്ചായത്തിലുണ്ട്. സാങ്കേതിക സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. കായിക പരമായ കഴിവുകൾ വളർത്തിയെടുക്കുവാൻ ചോമ്പാലയിൽ ഒരു മിനി സ്റ്റേഡിയമുണ്ട്. കാർഷിക പരിഷ്ക്കരണ നിയമം നിലവിൽ വന്നെങ്കിലും യഥാർത്ഥ കർഷകന്റെ കൈവശം കൃഷി ഭൂമി പരിമിതമാണ്. ആരോഗ്യ രംഗത്ത് കാര്യമായ നേട്ടങ്ങളൊന്നും ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല. പ്രൈമറി ഹെൽത്ത് സെന്ററിനും ആയുർവ്വേദ ഡിസ്പെൻസറിക്കും സ്വന്തം കെട്ടിടങ്ങളില്ല. ഈ സ്ഥാപനങ്ങളിലെല്ലാം ചികിത്സയ്ക്ക് ഗണ്യമായ തോതിൽ രോഗികൾ എത്തുന്നുണ്ട്.

അഴിയൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. പഞ്ചായത്ത് ഓഫീസ്.
2. ബ്ലോക്ക് ഓഫീസ്.
3. വില്ലേജ് ഓഫീസ്.
4. രജിസ്ട്രാഫീസ്.
5. ഹെൽത്ത് സെന്റർ.
6. ആയുർവ്വേദ ഡിസ്പെൻസറി.
7. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്.
8. മൃഗാശുപത്രി.
9. കൃഷി ഭവൻ.
10. ചോമ്പാൽ ടെലിഫോൺ എക്സ്ചേഞ്ച്.
11. ചോമ്പാൽ പോസ്റ്റ് ഓഫീസ്.
12. മിനി ഫിഷിങ്ങ് ഹാർബർ അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്.
13. ചോമ്പാൽ മത്സ്യ സഹകരണ സംഘം.
14. അഴിയൂർ മത്സ്യ സഹകരണ സംഘം.
15. സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ.
16. സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂർ.
17. കോഴിക്കോട് ജില്ലാ ബാങ്ക്. (അഴിയൂർ ബ്രാഞ്ച്.)
18. വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക്.
19. ചോമ്പാൽ സർവ്വീസ് സഹകരണ ബാങ്ക്.
20. അഴിയൂർ സർവ്വീസ് സഹകരണ ബാങ്ക്.
21. കേരള ഹാന്റ്ലൂം വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
22. ചോമ്പാൽ ഹാന്റ്ലൂം വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
23. ചോമ്പാൽ ക്ഷീരവികസന സഹകരണ സംഘം.
24. അഴിയൂർ ഹൗസിങ്ങ് സൊസൈറ്റി.
25. മുക്കാളി, മാഹി റെയിൽവെ സ്റ്റേഷനുകൾ.

## അഴിയൂർ പഞ്ചായത്ത്


MAHE RIVER
MAHE
CHOCKLI PANCHAYAT
KARIYAD PANCHAYAT
ERAMALA PANCHAYATH
N.H. 17
RAILWAY LINE
VILLAGE BOUNDARY
WARD BOUNDARY
No: WARD
IMPURANT BUILDINGS
TEMPLE
MOSQUE
CHURCH

4

## ഭൂപ്രകൃതി.

കോഴിക്കോട് ജില്ലയിൽ വടക്ക്പടിഞ്ഞാറ് ഭാഗത്ത് പോണ്ടിച്ചേരി സംസ്ഥാനത്തിൽ ഉൾപ്പെടുന്ന മയ്യഴി രണ്ടു ഭാഗങ്ങളിലായി ചുറ്റിനിൽക്കുന്ന ഒരു സ്പെഷൽ ഗ്രെയിഡ് പഞ്ചായത്താണ് അഴിയൂർ. കേവലം 9.77 ച.കി.മീ വിസ്ത്രൃതിയുള്ള ജനസാന്ദ്രത ഏറിയ ഈ പഞ്ചായത്തിന്റെ പടിഞ്ഞാറ് അറബിക്കടലും കിഴക്ക് മയ്യഴിപ്പുഴയുമാണ്. വടക്കുഭാഗത്ത് മയ്യഴിപ്പുഴയും തെക്ക് ഭാഗത്ത് ഏറാമല, ഒഞ്ചിയം പഞ്ചായത്തും അതിരുകളാണ്. 5 കി.മീ. നീണ്ട കടലോരമുള്ള അഴിയൂർ പഞ്ചായത്ത് ഒരു കടലോര പഞ്ചായത്താണ്. അത്രതന്നെ ദൈർഘ്യമുള്ളതാണ് വടക്ക് കിഴക്കൻ ഭാഗത്തുള്ള പുഴയോരം. അതിനാൽ ഇത് ഒരു പുഴയോര പഞ്ചായത്താണെന്നും പറയാം. അഴിയൂർ വടക്കേ ചോമ്പാൽ ഭാഗങ്ങളിൽ തിരമാലകൾക്ക് ശക്തി കൂടുതലാണെങ്കിൽ തെക്കെ ചോമ്പാൽഭാഗം താരതമ്യേന ശാന്തമാണ്. തീരത്തിനു സമാന്തരമായുള്ള പാറക്കൂട്ടം തിരമാലകൾക്ക് ശക്തി കുറക്കുകയും അത് വഴി ഏത് കാലാവസ്ഥയിലും മത്സ്യബന്ധന സൗകര്യം ഒരുക്കുകയും ചെയ്യുന്നു. ഇവിടെയാണ് ചോമ്പാലിലെ മിനി ഫിഷിംഗ് ഹാർബർ. കുറ്റ്യാടി മലമുകളിൽനിന്ന് ഒഴുകി എത്തുന്ന നീർച്ചാലുകൾ ചേർന്ന് രൂപം കൊണ്ട മയ്യഴിപ്പുഴ നരിപ്പറ്റ, വളയം, ചെക്കിയാട് എന്നീ പഞ്ചായത്തിലൂടെ ഒഴുകി പെരിങ്ങത്തൂരിൽ വച്ച് ചെറ്റക്കണ്ടി പുഴയുമായി ചേർന്ന് എടച്ചേരി, ഏറാമല പഞ്ചായത്തിലൂടെ ഒഴുകി കളയാംവള്ളി പുഴയുമായി ചേർന്ന് ഈ പഞ്ചായത്തിന്റെ തെക്ക് കിഴക്ക് എത്തിച്ചേരുന്നു. അവിടെ നിന്നും വടക്കോട്ടാണ് പുഴയുടെ ഗതി. ഈ പുഴയ്ക്ക് മോന്താലിൽ ഒരു പാലവുമുണ്ട്. പുഴയുടെ സാമീപ്യമുള്ളതിനാൽ ഉൾനാടൻ മത്സ്യബന്ധനം, ആറ്റുമണൽ ശേഖരിക്കൽ എന്നീ തൊഴിലവസരങ്ങൾ പ്രകൃതി രമണീയമായ ഈ പുഴയുടെ തീരങ്ങളിൽ നദീതട വിനോദ സഞ്ചാരത്തിനും ജലകായിക വിനോദങ്ങൾക്കും സാധ്യതകൾ വളരെയുണ്ട്.

സസ്യാവരണ കാടുകളെപ്പറ്റി പറയുകയാണെങ്കിൽ ശ്രീ. കൊളരാട് ഗണപതി ക്ഷേത്രം, ആവിക്കരക്ഷേത്രം, അഴിയൂർ കോറോത്ത് നാഗഭഗവതി ക്ഷേത്രം, പാനോളി ക്ഷേത്രം എന്നിവയോടനുബന്ധിച്ച് കാവുകളുണ്ടായിരുന്നു. കോറോത്ത്, ആവിക്കര ക്ഷേത്രങ്ങളിൽ ഇപ്പോഴും കാവുകൾ കാണാം. തെങ്ങ്, നെല്ല്, കവുങ്ങ്, മരച്ചീനി എന്നിവയായിരുന്നു പ്രധാനകൃഷി. പടിഞ്ഞാറ് ഭാഗത്ത് കടലാക്രമണ ഭീഷണിയും കിഴക്ക് ഭാഗത്ത് പുഴവക്ക് ഇടിയുന്ന ഭീഷണിയുമുണ്ട്. ഉപ്പു വെള്ളം കയറുന്നതിനാലുള്ള ശുദ്ധജലക്ഷാമവുമുണ്ട്. പൊതുവെ കുന്നിൻപ്രദേശങ്ങളിലും കുടിവെള്ളക്ഷാമമുണ്ട്. വർഷ കാലങ്ങളിൽ മഴവെള്ളം സംഭരിച്ചുവെക്കുവാനും മണ്ണൊലിപ്പ് തടയുവാനുമുള്ള ശാസ്ത്രീയമായ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ഇവിടുത്തെ മൺതരങ്ങൾ പൂഴിമണ്ണ്, ചെമ്മണ്ണ്, ചരൽകലർന്ന ചെമ്മണ്ണ്, എക്കൽ മണ്ണ് എന്നിവയാണ്.-നെൽവയലുകൾ ഉണ്ട്. നെൽകൃഷി പൊതുവെ കുറഞ്ഞുവരുന്നു. ദീർഘകാലവിളയായ തെങ്ങിനാണ് പ്രാമുഖ്യം. ജൈവവള സമ്പത്ത് വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളൊന്നുമില്ല. ഈ പഞ്ചായത്തിലെ പ്രധാനതൊഴിലവസരങ്ങൾ കാർഷികരംഗം മത്സ്യബന്ധനം എന്നിവയാണ്. ചോമ്പാൽ ഭാഗത്ത് കൈത്തറി നെയ്ത്തുമുണ്ട്.

അഴിയൂരിനെ ഭൂമിശാസ്ത്രപരമായി നാലു ഭാഗങ്ങളായി തിരിക്കാം.

1. തീരസമതലം.
2. പുഴയോരത്തെ ചതുപ്പുനിലങ്ങൾ.
3. സമതല പ്രദേശങ്ങൾ.
4. കുന്നിൻപ്രദേശങ്ങൾ.

തീരപ്രദേശത്ത് പോതുവെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലെടുക്കുന്നവർക്കാണ് പ്രാമുഖ്യം. 1, 8, 10, 11 എന്നീ വാർഡുകൾ തീരപ്രദേശത്താണ്. 9ാം വാർഡ് ഭാഗികമായി തീരപ്രദേശത്താണ്. 3, 4, 5, 6, 7 വാർഡുകൾ പുഴയോരവുമായി ബന്ധപ്പെട്ടും 3ാം വാർഡ് ഭാഗികമായി പുഴയോരവുമായി ബന്ധപ്പെട്ടും കിടക്കുന്നു. ഇവിടെ പുഴയിൽ നിന്നും ഉപ്പ് വെള്ളം കയറുന്നത് കൃഷിക്കും കുടിവെള്ളത്തിനും ഭീഷണിയാണ്.

പുഴയോരത്തെ കക്കടവ്, മോന്താൽ, കോവുക്കൽ, പാത്തിപ്പാലം എന്നിവ കേന്ദ്രീകരിച്ച് മാഹിയിൽ നിന്ന് പെരിങ്ങത്തൂരിലേക്ക് പുഴവഴിയുള്ള ബോട്ട് ഗതാഗതം നദീതട വിനോദ സഞ്ചാരത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ ഈ മേഖലയിൽ പ്രതീക്ഷിക്കാവുന്നതാണ്. കോട്ടാമലക്കുന്ന്, വേട്ടക്കരക്കുന്ന്, ചാലുപറമ്പ്, ബംഗ്ലക്കുന്ന് കറപ്പക്കുന്ന്, പാതിരക്കുന്ന് എന്നിവ ഉയർന്ന പ്രദേശങ്ങളാണ്. 4, 5, 8, 9 എന്നീ വാർഡുകളിലായി കിടക്കുന്ന ഈ പ്രദേശത്ത് തെങ്ങ് കൃഷിയാണ് പ്രധാനം. സമതല പ്രദേശത്ത് കൃഷിയാണ് മുഖ്യ പ്രവൃത്തി. മിക്ക വയലുകളും നികത്തിയത് പരിസ്ഥിതിക്ക് ഭീഷണിയായിട്ടുണ്ട്.

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 1 | 1617 | 1875 | 3492 |
| 2 | 1179 | 1429 | 2608 |
| 3 | 1069 | 1289 | 2358 |
| 4 | 1130 | 1363 | 2493 |
| 5 | 1473 | 1704 | 3177 |
| 6 | 1854 | 2028 | 3882 |
| 7 | 1349 | 1398 | 2747 |
| 8 | 1219 . | 1427 | 2646 |
| 9 | 891 | 924 | 1815 |
| 10 | 1579 | 1683 | 3262 |
| ആകെ | 13360 | 15120 | 28480 |


## ജനപ്രകൃതി

അഴിയൂർ പഞ്ചായത്തിലെ ജനസംഖ്യ 24880 ആണ്. ആൺ-പെൺ തിരിച്ചിട്ടുള്ള പട്ടിക താഴെ കൊടുക്കുന്നു.

ഇതിൽ 4570 വീടുകളിലായി 13360 പുരുഷന്മാരും 15120 സ്ത്രീകളും ഉൾപ്പെടെ 28480 ആണ് ജനസംഖ്യ. ചതുരശ്ര കി.മീ.യ്ക്ക് ജനസാംഖ്യ 2500 ഓളം വരും. സംസ്ഥാന ശരാശരി 1590 ആണ്. ശരാശരി ഒരു വീട്ടിൽ 5പേർ വീതമാണുള്ളത്. നിരക്ഷരരുടെ എണ്ണം തുച്ഛമാണ്. സാക്ഷരതാനിരയ്ക്ക്. 89 ശതമാനമാണ്. സമൂഹത്തിൽ ജാതിയുടെ സ്വാധീനം കുറഞ്ഞുവരികയാണ്. ജനസംഖ്യയിൽ ഹിന്ദുക്കളാണ് ഭൂരിപക്ഷമെങ്കിലും മുസ്ലിം വിഭാഗവും ഗണ്യമാണ്. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലായി കൃസ്ത്യാനികളും ഉണ്ട്. ഹിന്ദുക്കളിൽ അധികവും അവർണ്ണരാണ്. പഞ്ചായത്തലെ ജനസംഖ്യയിൽ പട്ടികജാതിക്കാർ ശരാശരി 2ശതമാനം വരും. പട്ടികജാതിയിലെ ജാതീയമായ പിന്നോക്കക്കാർ ഇവിടെ വളരെ കുറവാണ്. ജനസംഖ്യയിൽ വളരെ ചെറിയ ശതമാനമേ കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ട് ജീവിക്കുന്നുള്ളു. പൊതുവെ പുതിയ തലമുറക്കാരിൽ സേവന തൽപരത കുറഞ്ഞുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മാഹിയുടെ സ്വാധീനം കൊണ്ടായിരിക്കാം മദ്യപാനശീലം വർദ്ധിച്ചുവരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ജാതീയ ഉച്ച നീചത്വങ്ങൾ കുറഞ്ഞിട്ടുണ്ട്. തൊഴിലെടുക്കുന്നുവരിൽ കൂടുതലും മത്സ്യബന്ധനം, കെട്ടിടനിർമ്മാണം, കാർഷികപ്രവൃത്തി, കൈത്തറി എന്നീ മേഖലയിലാണ് മുഖ്യമായും ജോലി ചെയ്യുന്നത്. ജനസംഖ്യ പൊതുവെ വർധിച്ചുവരുന്നു. മയ്യഴിയിലെ വർദ്ധിച്ച ജനസാന്ദ്രതയും വാണിജ്യവൽക്കരണവും അവിടെയുള്ള സാധാരണക്കാരെ ഈ പ്രദേശത്ത് ആകർഷിക്കുന്നു.

## ജല പ്ര കൃതി

ഈ പഞ്ചായത്തിൽ കാലവർഷവും തുലാവർഷവും നല്ല നിരക്കിൽ ലഭിക്കുന്നു. പൊതുവെ സമതല പ്രദേശമാണെങ്കിലും കുന്നിൻപ്രദേശങ്ങളും ഉണ്ട്. കിഴക്കോട്ടും പടിഞ്ഞാറോട്ടും ഒഴുകുന്ന ധാരാളം തോടുകൾ ഉണ്ട്. തോടുകളിൽ ഏറ്റവും വലുത് കാപ്പുഴത്തോടും കുളങ്ങളിൽ ഏറ്റവും വലുത് അഴിയൂർ ചിറയുമാണ്. കോമത്ത്താഴെ തോട്, വലിയ തോട്, മംഗലത്ത് തോട് എന്നിവ കിഴയ്ക്കോട്ടൊഴുകി പുഴയിൽ പതിക്കുമ്പോൾ കീരിത്തോട്, നടുത്തോട്, കാപ്പുഴത്തോട്, ചിള്ളിത്തോട് എന്നിവ പടിഞ്ഞാറോട്ടൊഴുകി പടിഞ്ഞാറ് അറബിക്കടലിൽ പതിക്കുന്നു. അഴിയൂർ ഭാഗത്ത് പുഴവഴി ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് 40 വർഷം മുമ്പ് ആരംഭിച്ച മോന്താൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവർത്തനം ബ്രിഡ്ജിൽ മാത്രം ഒതുങ്ങിപ്പോയി. റഗുലേറ്ററിന്റെ പ്രവർത്തനം പൂർത്തിയാക്കിയാൽ അഴിയൂരിന് മാത്രമല്ല ഏറാമല, കരിയാട്, ചൊക്ലി എന്നീ പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കും. വടകര, കൊയിലാണ്ടി താലൂക്കുകളിൽ കൃഷി മെച്ചപ്പെടുത്തുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കാനും വൈദ്യുതി ഉൽപാദിപ്പിക്കാനും ഉതകുന്ന തരത്തിൽ ആരംഭിച്ച കുറ്റ്യാടി പുഴയ്ക്ക് വലതുഭാഗം കനാലിന്റെ ശാഖയായ അഴിയൂർ ബ്രാഞ്ച് കനാൽ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ടെങ്കിലും നാളിതുവരെയായി ഒരു തുള്ളിവെള്ളം പോലും ഒഴുകിയിട്ടില്ല. കനാലിന്റെ പ്രവർത്തനം കാര്യക്ഷമമായാൽ കൃഷി അഭിവൃദ്ധിപ്പെടുത്താനും ചില പ്രദേശങ്ങളിലെങ്കിലും കുടിവെള്ളക്ഷാമം പരിഹരിക്കാനും കഴിയും. വർഷകാലങ്ങളിൽ മഴവെള്ളം സംഭരിച്ചു വെക്കുവാനോ മണ്ണൊലിപ്പ് തടയുവാനോ ഉള്ള ശാസ്ത്രീയമായ പദ്ധതികളൊന്നും പഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല. പ്രകൃതിദത്തമായ ജലവിഭവങ്ങൾ ശാസ്ത്രീയമായി ഉപയോഗിച്ചാൽ നമ്മുടെ പഞ്ചായത്തിലെ ഉൽപാദനമേഖല അഭിവൃദ്ധിപ്പെടുത്തുവാനും കഴിയും.



OFFICE OF THE AZHIYOOR GRAMA PANCHAYAT

# 5

# വികസന മേഖലകൾ



5-1

# കൃഷിയും ജലസേചനവും

അഴിയൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൃഷിയും ജല സേചനവും വളരെ പ്രാധാന്യം അർഹിക്കുന്ന വികസന മേഖലകളാണ്. ഇവ രണ്ടും പഞ്ചായത്തിന്റെ ഭൂപ്രകൃതിയുമായി വളരെ അധികം ബന്ധപ്പെട്ടു കിടക്കുന്നു. പടിഞ്ഞാറ് അറബിക്കടലും വടക്ക് കിഴക്ക് ഭാഗം മയ്യഴിപ്പുഴയാലും ചുറ്റപ്പെട്ട പഞ്ചായത്താണിത്. അതുകൊണ്ട് തന്നെ മൂന്നു ഭാഗത്തും ഉപ്പു വെള്ളത്തിന്റെ കടന്നു കയറ്റം ഉണ്ടാകുന്നു. കൂടാതെ ചാരങ്കയ്യ്, കോട്ടാമല കുന്ന്, തുരുത്തിപ്പുറം, വേട്ടക്കര കുന്ന്, കറപ്പക്കുന്ന്, ബഗ്ഗക്കുന്ന്, പാതിരിക്കുന്ന് തുടങ്ങിയ കുന്നിൻ പ്രദേശങ്ങളും കോമത്ത് താഴ തോട്, കണ്ണങ്കൈ തോട്, കരുവാര തോട്, കാപ്പുഴക്കൽ തോട്, മംഗലത്ത് താഴത്തോട്, നടുത്തോട്, കീരിത്തോട്, പനാടത്തോട്, ചിള്ളിത്തോട്, വലിയ തോട്, കരുവയൽ തോട് എന്നീ തോടുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. സമുദ്ര തീരത്തിൽ നിന്ന് ഏകദേശം രണ്ടു മീറ്റർ ഉയരമേ സമതല പ്രദേശത്തിനുള്ളു. ചെമ്മണ്ണ്, ചരൽ കലർന്ന ചെമ്മണ്ണ്, മണൽ മണ്ണ്, എക്കൽ മണ്ണ്, പൂഴി മണ്ണ് എന്നിവയാണ് പ്രധാനമായും കാണപ്പെടുന്ന മൺതരികൾ. വില്ലേജാഫീസിലെ സെറ്റിൽമെന്റ് രജിസ്റ്റർ പരിശോധിച്ചാൽ ധാരാളം കൃഷിഭൂമികൾ കാണാൻ കഴിയും. മംഗലത്ത് വയൽ, ചോമ വയൽ, കരുവയൽ, കല്ലന്റെ വയൽ, യോഗിപ്പൊയിൽ നിലം, വടക്കേ വയൽ, തൊണ്ടിവയൽ, ഇവയെല്ലാം ആദ്യകാലങ്ങളിൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട വയലുകൾ ആയിരുന്നു. മാത്രമല്ല ഈ വയലുകളിലെല്ലാം നെൽ കൃഷിയും ഉണ്ടായിരുന്നു. പട്ടിക (1,2)

അഴിയൂർ പഞ്ചായത്തിലെ കൃഷിക്കാർ ആദ്യകാലങ്ങളിൽ കൃഷിക്ക് വളരെ അധികം പ്രാധാന്യം കൊടുത്തിരുന്നു. നെൽ വയൽ ഉഴുതു മറിക്കുന്ന നുകം വെച്ച കാളകളും, വിത്തു വിതറുകയും നെൽ ചെടികൾ പറിച്ചു നടുകയും ചെയ്യുന്ന സ്ത്രീകളും, വയലുകളിൽ വളം ചേർത്ത് കൊത്തി മറിക്കുന്ന പുരുഷൻമാരും ഇന്നു നമ്മുടെ വയലുകളിൽ നിന്ന് മറ്റ് ജോലി സ്ഥലങ്ങളിലേക്ക് കുടിയേറിയിരിക്കുന്നു. അത്രമാത്രം നമ്മുടെ നെൽ വയലുകൾക്കും കൃഷിക്കാർക്കും മാറ്റം വന്നു ചേർന്നിരിക്കുന്നു. നെൽ വയലുകൾ അപ്രത്യക്ഷമായി കെട്ടിടങ്ങൾ ഉയർന്നു വരികയാണ്. വയലുകൾ തെങ്ങിൻ തോപ്പുകളായി മാറുന്നു.

നെൽകൃഷി ആദായകരം അല്ലാത്തതിനാൽ നമ്മൾ ദീർഘകാല വിളയായ തെങ്ങിനെ ആശ്രയിച്ചു. മുമ്പ് കൊയിത്തുകാലം കഴിഞ്ഞാൽ പച്ചക്കറി കൃഷി മിക്കവാറും എല്ലാ പാടങ്ങളിലും കാണാൻ സാധിക്കുമായിരുന്നു. സ്ത്രീകളും, കുട്ടികളും, പുരുഷന്മാരും ഒത്തുചേർന്ന് വൈകുന്നേരം പച്ചക്കറിക്ക് നനക്കുന്നതിലും വളമിടുന്നതിലും വ്യാപൃതരായിരുന്നു. എന്നാൽ ഇന്ന് പച്ചക്കറിക്ക് അന്യ സംസ്ഥാനങ്ങളെ പൂർണ്ണമായും ആശ്രയിക്കേണ്ടി വരുന്നു. പണ്ട് സുലഭമായി ഉണ്ടായിരുന്ന മരച്ചീനിയും വാഴക്കുലയും ഇന്ന് ലോറികളിൽ ഇറക്കുമതി ചെയ്യേണ്ടുന്ന സ്ഥിതിയിലേക്ക് നമ്മുടെ നാടൻ പ്രദേശം ചെന്നെത്തിയിരിക്കുന്നു. കശുമാവിൻ തോട്ടങ്ങളും നമ്മുടെ പ്രദേശത്ത് ധാരാളം ഉണ്ടായിരുന്നു. ഇന്നതൊക്കെ മുറിച്ച് മാറ്റി വീടുകൾ ഉണ്ടാക്കുന്നതിന് സൗകര്യം ചെയ്ത് കൊടുക്കുന്നു. അങ്ങിനെ കാർഷിക രംഗത്ത് വലിയ മാറ്റം നമ്മളിൽ വന്ന് ചേർന്നിരിക്കുന്നു. പട്ടിക (3)

**ഇന്നത്തെ വിള**

പഞ്ചായത്തിൽ ഇന്ന് മുഖ്യമായും കൃഷി തെങ്ങാണ്. കവുങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നിവയും കൂടാതെ

29

**കുന്നിൻ പ്രദേശങ്ങളെ സംബന്ധിച്ച വിവരം പട്ടിക (1)**

| ക്രമ നമ്പർ | വാർഡ് നമ്പർ | പ്രദേശം | ഉയരം മീറ്റർ | പ്രത്യേകത |
|---|---|---|---|---|
| 1 | 4 | കോട്ടാമലക്കുന്ന് | 20 | ചരൾ കലർന്ന ചെമ്മണ്ണ് |
| 2 | 5 | വേട്ടക്കരക്കുന്ന് | 18 | ചരൾ കലർന്ന ചെമ്മണ്ണ് |
| 3 | 8 | പാതിരിക്കുന്ന് | 18 | ചരൾ കലർന്ന ചെമ്മണ്ണും ചെങ്കൽ പാറകളും |
| 4 | 8 | കറപ്പക്കുന്ന് | 16 | ചെങ്കൽ പാറകൾ |
| 5 | 9 | ബംഗളക്കുന്ന് | 25 | ചരൾ കലർന്ന ചെമ്മണ്ണ് |

**തോടിനെ സംബന്ധിച്ച വിവരം പട്ടിക (2)**

| ക്രമ നമ്പർ | തോടിന്റെ പേര് | നീളം മീറ്റർ | വീതി മീറ്റർ (ഏകദേശം) |
|---|---|---|---|
| 1 | കോമത്ത് താഴ തോട് | 1300 | 2.5 |
| 2 | കണ്ണങ്കൈ തോട് | 1000 | 1 |
| 3 | കരുവാര തോട് | 800 | -- |
| 4 | കാപ്പുഴക്കൽ തോട് | 1500 | 8 |
| 5 | മംഗലത്തു താഴ തോട് | 1000 | 4 |
| 6 | നടുത്തോട് | 600 | 3 |
| 7 | കീരി തോട് | 600 | 2 |
| 8 | പനാട തോട് | 800 | 2 |
| 9 | വലിയ തോട് | 800 | 1.5 |
| 10 | കരുവയൽ തോട് | 1000 | 1.5 |
| 11 | ചിള്ളി തോട് | 800 | 2 |

പരിമിതമായി വാഴ, മരച്ചീനി, പച്ചക്കറി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ. ചേമ്പ്, ചേന എന്നിവയും കൃഷി ചെയ്യുന്നുണ്ട്. ഈ കൃഷികളൊക്കെ ഉണ്ടെങ്കിലും കർഷകർക്ക് പ്രോത്സാഹനം നൽകുന്ന രീതിയിൽ ഉള്ള ഉൽപാദനം ഉണ്ടായിട്ടില്ല. അതിന്റെ കാരണം കൃഷിക്കാരുടെ താൽപര്യക്കുറവ് തന്നെയാണ്. നാളികേരത്തിന്റെ വിലയിടിവും പ്രധാനപ്പെട്ട മറ്റൊരു കാരണമാണ്. വയലുകളും പറമ്പുകളും തുണ്ടുതുണ്ടായി മുറിഞ്ഞ് പോയത് കൊണ്ട് കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞു വന്നു. മാവ്, പ്ലാവ്, കശുമാവ് എന്നിവയുടെ തൈകൾ പുതുതായി വച്ച്

**പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരം പട്ടിക (3)**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 37 ഹെക്ടർ |
| പുരയിടം | 885 ഹെക്ടർ |
| പുറമ്പോക്ക് | 15 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | 32 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 2 ഹെക്ടർ |
| ആകെ | 971 ഹെക്ടർ |

പിടിപ്പിക്കാത്ത സാഹചര്യം ഇപ്പോഴുണ്ട്. വീട്ട് വളപ്പിൽ പോലും പച്ചക്കറി, മഞ്ഞൾ, ഇഞ്ചി, ചേന, ചേമ്പ് എന്നിവ നട്ടുവളർത്തുന്നതിൽ താൽപര്യം കാണിക്കുന്നില്ല. ഇത് മാറ്റിയെടുക്കാൻ കൃഷിക്കാരെ ശരിയായ രീതിയിൽ ബോധവൽക്കരിക്കാനും അവർക്ക് ആവശ്യമുള്ള നിർദ്ദേശങ്ങളും സൗജന്യമായി വിത്തും വളവും യഥാസമയം കൃഷിഭവനിൽ കൂടി ലഭിക്കണം.

**ഉൽപാദനക്ഷമത**

അഴിയൂർ പഞ്ചായത്തിൽ തെങ്ങ് കൃഷിയാണ് കൂടുതലുള്ളതെങ്കിലും തെങ്ങിൽ നിന്നും വിളവ് വളരെ കുറവാണെന്ന് തന്നെ പറയാം. കേരത്തിന്റെ നാടാണ് കേരളമെങ്കിലും ഉൽപാദനത്തിന്റെ കാര്യത്തിൽ നാം വളരെ പിറകോട്ട് പോയിരിക്കുന്നു. ഒരു തെങ്ങിൽ നിന്ന് നമ്മുടെ സംസ്ഥാന ശരാശരി ഉൽപാദനം 38 ആണ്. തമിൾ നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇതിന്റെ ഇരട്ടിയും അതിൽ കൂടുതലുമാണ്. നമ്മുടെ പഞ്ചായത്തിൽ ശരാശരി ഉൽപാദനം 32 ആണ്. മറ്റ് വിളവുകളുടെ കാര്യത്തിലും ഉൽപാദനക്ഷമത വർദ്ധിച്ചിട്ടുണ്ട് എന്ന് പറയാൻ ആവില്ല. ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ ശരിയായ രീതിയിലുള്ള

വളക്രമം, ജലസേചനം, കൃഷിക്കാർക്ക് കാർഷിക വൃത്തിയിൽ പ്രോത്സാഹനം എന്നിവ നൽകുകയും വേണം. വയൽ നികത്തി തെങ്ങ് വച്ചുണ്ടാകുന്ന നീർക്കെട്ടുകൾ തടയേണ്ടതും ഒരു പ്രധാന ആവശ്യമാണ്. പട്ടിക (4)

**ജലസേചനസൗകര്യങ്ങൾ.**

മഴയെ ആശ്രയിച്ചു മാത്രമായിരുന്നു ആദ്യ കാലങ്ങളിൽ കൃഷി നടത്തിയിരുന്നത്. എന്നാൽ ഇന്ന് കൃഷിക്ക് ആവശ്യമായ മഴ ലഭിക്കുന്നില്ല. ഔദ്യോഗിക കണക്കനുസരിച്ച് വർഷത്തിൽ ശരാശരി 3100 മി.മീ. മഴയാണ് ലഭിച്ചു വരുന്നത്. ഇതിന്റെ 74 ശതമാനം കാലവർഷത്തിലൂടെയാണ് കിട്ടുന്നത്. കഴിഞ്ഞ പത്തു വർഷമായി പെയ്യുന്ന മഴയുടെ പട്ടിക പരിശോധിച്ചാൽ മഴയുടെ അളവ് വർഷം തോറും കുറഞ്ഞുവരുന്നതായി കാണാം. പട്ടിക (5).

**വിള വിസ്തീർണ്ണവും ഉൽപ്പാദനവും പട്ടിക (4)**

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്തം ഉൽപ്പാദനം | ഉൽപ്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 5 | 12500 കി.ഗ്രാം. | 2500 കി.ഗ്രാം. |
| നെല്ല് (രണ്ടാം വിള) | 3 | 6600 കി.ഗ്രാം. | 2200 കി.ഗ്രാം. |
| നെല്ല് (മൂന്നാം വിള) | -- | -- | -- |
| പയർ | 4 | 1000 കി.ഗ്രാം. | 250 കി.ഗ്രാം. |
| എള്ള് | -- | -- | -- |
| പച്ചക്കറികൾ | 2 | 2400 കി.ഗ്രാം. | 1200 കി.ഗ്രാം. |
| തെങ്ങ് | 865 | 6920000 തേങ്ങ | 8000 തേങ്ങ |
| വാഴ | 2.4 | 6000 കി.ഗ്രാം. | 2500 കി.ഗ്രാം. |
| മരച്ചീനി | 3 | 15000 കി.ഗ്രാം. | 5000 കി.ഗ്രാം. |
| കുരുമുളക് | 6 | 6000 കി.ഗ്രാം. | 1000 കി.ഗ്രാം. |
| പ്ലാവ് | 2 | 666660 കി.ഗ്രാം. | 3330 കി.ഗ്രാം. |
| കശുമാവ് | 2.2 | 1815 കി.ഗ്രാം. | 825 കി.ഗ്രാം. |
| മാവ് | 3 | 3300 കി.ഗ്രാം. | 1100 കി.ഗ്രാം. |
| റബ്ബർ | -- | -- | -- |
| കവുങ്ങ് | 4.2 | 4320 | 1030 കി.ഗ്രാം. |

**വർഷംതോറും ലഭിക്കുന്ന മഴയുടെ അളവ് പട്ടിക (5)**

| നമ്പർ | വർഷം | മഴ മി.മീറ്ററിൽ |
|---|---|---|
| 1 | 1978 | 3407 |
| 2 | 1979 | 3262 |
| 3 | 1980 | 3491 |
| 4 | 1981 | 4980 |
| 5 | 1982 | 3370 |
| 6 | 1983 | 3205 |
| 7 | 1984 | 2742 |
| 8 | 1990 | 3239 |
| 9 | 1991 | 3433 |
| 10 | 1992 | 3613.8 |
| 11 | 1993 | 2746 |
| 12 | 1994 | 3409.5 |
| 13 | 1995 | 2751.5 |
| 14 | 1996 | 1972.2 |

ജൂൺ-ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മഴ ഏറ്റവും കുറയുന്നതാകട്ടെ മാർച്ച്-ഏപ്രിൽ മാസങ്ങളിലാണ്. 3 മാസം നീണ്ടു നിൽക്കുന്ന കാലവർഷത്തനിടയിൽ എട്ടോ പത്തോ ദിവസങ്ങളിലാണ് നമുക്ക് കനത്ത മഴ ലഭിക്കുന്നത്. താഴ്ന്ന പ്രദേശങ്ങളിൽ അതോടെ നീർക്കെട്ടുകളുണ്ടാവുകയും കൃഷി നാശം സംഭവിക്കുകയും ചെയ്യുന്നു.

പഞ്ചായത്തിലെ നിലവിലുള്ള തോടുകളും സ്വകാര്യ കുളങ്ങളും പൊതുകുളങ്ങളും ആഴം കൂട്ടി ജലസംഭരണ ശേഷി വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. മഴക്കാലത്ത് പാഴായിപ്പോകുന്ന മഴവെള്ളം തോടുകളിൽ തടയണകൾ നിർമ്മിച്ച് സംഭരിക്കാവുന്നതാണ്. സ്വകാര്യ വ്യക്തികൾക്ക് താമസ സ്ഥലങ്ങളിൽ തന്നെ കുഴികൾ നിർമ്മിച്ച് ജലം സംഭരിക്കുകയും അത് വഴി ഭൂഗർഭ തലത്തിലേക്ക് വെള്ളം താഴ്ന്നിറങ്ങാൻ സൗകര്യമുണ്ടാക്കുകയും ചെയ്താൽ ഭൂമിയുടെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാം. ഉയർന്ന പ്രദേശത്ത് കയ്യാലകൾ നിർമ്മിച്ച് വെള്ളം കെട്ടി നിർത്താവുന്നതാണ്. ഇന്ന് നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളെല്ലാം കാര്യക്ഷമമാക്കുവാൻ കാര്യമായ പ്രവർത്തനം വേണം. ഭൂമിയുടെ ഉപരിതലത്തിലുള്ള വളക്കൂറുള്ള മണ്ണ് ഒഴുകിപ്പോകുന്നത് വലിയ പ്രശ്നമാണ്. ശാസ്ത്രീയമായ മണ്ണുസംരക്ഷണ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം. പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന സോയിൽ കൺസർവേഷൻ ഓഫീസിന്റെ പ്രവർത്തന മേഖലയിൽ അഴിയൂർ പഞ്ചായത്തിനെ ഉൾപ്പെടുത്തണം.

അഴിയൂർ, ഏറാമല, കരിയാട്, ചൊക്ലി എന്നീ പഞ്ചായത്തുകൾക്ക് ഏറെ പ്രതീക്ഷ ഉളവാക്കി കൊണ്ട് ഏകദേശം 30 വർഷം മുമ്പ് ആരംഭിച്ച മോന്താൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവർത്തനം ബ്രിഡ്ജിൽ മാത്രം ഒതുങ്ങിപ്പോയി. റഗുലേറ്ററിന്റെ നിർമ്മാണ പ്രവർത്തനം അഴിയൂർ പഞ്ചായത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ കഴിയും. അഴിയൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള വി.സി.ബി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. അതാത് പ്രദേശത്ത് സി.വി.സി.ബി. സംരക്ഷണ സമിതികൾ രൂപീകരിച്ച് ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള സംവിധാനം ഉണ്ടാക്കണം. പട്ടിക (6)

**ഉല്പന്നങ്ങളുടെ വിലയും വിപണനവും.**

കാർഷികോൽപന്നങ്ങൾക്ക് അവ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ ചിലവും അദ്ധ്വാനവും കണക്കിലെടുക്കുമ്പോൾ മതിയായ വില ലഭിക്കുന്നില്ല. അത് കൊണ്ടാണ് നെല്ലുൽപാദനരംഗത്തും മറ്റും നമ്മൾ പിന്നോട്ട് പോകുവാനും താൽപര്യം കുറയുവാനുമുള്ള പ്രധാന കാരണം. നാളികേരത്തിന്റെ വില കുറയാതെ പിടിച്ചു നിർത്താൻ കഴിയാത്തത് ഉൽപാദനത്തെ ബാധിച്ചിരുന്നു. കൂടാതെ ഉൽപാദിപ്പിക്കുന്ന തേങ്ങ പഞ്ചായത്തിൽ തന്നെ സംഭരിക്കാനും സംസ്ക്കരിക്കാനും ഉള്ള കേന്ദ്രങ്ങൾ ഇല്ലാത്തത് ഉൽപാദനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പച്ചക്കറിക്ക് നമ്മൾ അമിതമായ വില കൊടുക്കേണ്ടി വരുന്നത് നമ്മൾ പച്ചക്കറി ഉണ്ടാക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം കൊടുക്കാത്തത് കൊണ്ട് മാത്രമാണ്. അടുക്കളത്തോട്ടങ്ങളും പച്ചക്കറിത്തോട്ടങ്ങളും പ്രോത്സാഹിപ്പിക്കുകയും ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ വിറ്റഴിക്കാനുള്ള വിപണനകേന്ദ്രങ്ങളും ചന്തകളും ഉണ്ടാവുകയും വേണം. പച്ചക്കറി സൊസൈറ്റികൾ സ്ഥാപിച്ച് മിതമായ വില ലഭ്യമാക്കുകയും വേണം.

**കർഷകബന്ധം.**

ഈ പഞ്ചായത്തിൽ വൻകിട ഭൂപ്രഭുക്കന്മാരില്ല. വൻകിട കൃഷിക്കാരും വളരെ കുറവാണ്. ഒട്ടുമിക്കവരും ചെറുകിട കർഷകരോ പരിമിത കർഷകരോ ആണ്. കൃഷിക്കാർ മിക്കവരും സ്വയം കൃഷിപ്പണിയിൽ ഏർപ്പെടുകയും കർഷകത്തൊഴിലാളികളെ വച്ച് പണിയെടുപ്പിക്കുകയും ചെയ്യുന്നു. കൃഷി പ്രധാന വരുമാനമായി കാണാത്തതു കൊണ്ട് തന്നെ ഇവർ മറ്റു തൊഴിലിനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞതുകൊണ്ട് താരതമ്യേന ഇപ്പോൾ മെച്ചപ്പെട്ട കൂലി ലഭിച്ചു വരുന്നു. കർഷകത്തൊഴിലാളികളെക്കാൾ കൂടുതൽ കൂലി കെട്ടിട നിർമ്മാണ രംഗത്ത് ലഭിക്കുന്നതുകൊണ്ട് ഈ രംഗത്തേക്കാണ് തൊഴിലാളികൾ കൂടുതൽ താൽപര്യം കാണിക്കുന്നത്. പുരുഷന്മാർക്ക് 100 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 75 രൂപയുമാണ് കാർഷിക രംഗത്ത് കൂലി ലഭിക്കുന്നത്. പട്ടിക (7,9)

**വളപ്രയോഗം**

പണ്ട് കാലങ്ങളിൽ കൃഷിക്ക് ചാണകം, വെണ്ണീർ, കമ്പോസ്റ്റ്, പച്ചിലവളം, മത്സ്യവളം തുടങ്ങിയ

### കുളങ്ങളും കിണറുകളും പട്ടിക (6)

| | കിണറുകൾ | | | കുഴൽ കിണറുകൾ | | |
|---|---|---|---|---|---|---|
| | പൊതു കിണറുകൾ | | | | | |
| വാർഡ് | വെള്ളം ലഭിക്കുന്നത് | വെള്ളം ലഭിക്കാത്തത് | സ്വകാര്യ കിണറുകൾ | ബോർ വെൽ | ഫിൽട്ടർ വെൽ | മൊത്തം കിണർ |
| I | 6 | - | 166 | - | - | 172 |
| II | 1 | - | 167 | - | - | 168 |
| III | 2 | - | 176 | - | - | 178 |
| IV | 3 | - | 252 | 1 | - | 256 |
| V | 2 | - | 395 | - | - | 397 |
| VI | 1 | - | 345 | - | - | 346 |
| VII | 7 | - | 217 | - | - | 224 |
| VIII | 2 | - | 104 | 3 | - | 109 |
| IX | 6 | - | 274 | 3 | - | 283 |
| X | 4 | - | 291 | - | - | 295 |
| XI | 6 | - | 117 | - | - | 123 |
| | 40 | - | 2504 | 7 | - | 2551 |

### കൂലിനിരക്ക് പട്ടിക (9)

| ക്രമ നമ്പർ | തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| 1 | കർഷകത്തൊഴിലാളിക | 100 | 75 |
| 2 | കെട്ടിടനിർമ്മാണ തൊഴിലാളികൾ | 120 | 80 |

ജൈവവളങ്ങളാണ് ഉപയോഗിച്ചിരുന്നത്. രാസവളം വളരെ കുറഞ്ഞതോതിൽ മാത്രമാണ് ഉപയോഗിച്ചത്. എന്നാൽ ഇന്ന് രാസവളങ്ങൾ വ്യാപകമായി ഉപയോഗിച്ചു വരുന്നു. രാസവള വിപണന കേന്ദ്രങ്ങൾ പ്രധാനമായും സഹകരണ സംഘങ്ങളാണ്. മണ്ണു പരിശോധനയിലൂടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗ രീതിയല്ല ഇന്നുള്ളത്. ജൈവവളങ്ങൾ ഉപയോഗിക്കുന്നതിൽ കൃഷിക്കാർക്ക് കൂടുതൽ പ്രോത്സാഹനം നൽകണം. കർഷകർ പ്രതിപത്തി കാണിക്കുകയും വേണം. പട്ടിക (10)

### കാർഷികോപകരണങ്ങൾ

പഴയ കാർഷികോപകരണങ്ങൾ മിക്കവയും ഇന്ന് കാലഹരണപ്പെട്ടിരിക്കുന്നു. കലപ്പ, നുകം, കട്ടക്കോൽ തുടങ്ങിയവ പൂർണ്ണമായും അപ്രത്യക്ഷമായി. കാളപൂട്ടുന്ന രീതിയും ഇന്ന് നിലവിലില്ല. കൃഷിസ്ഥലം വളരെ കുറഞ്ഞതു കൊണ്ട് തന്നെ ആധുനിക ഉപകരണങ്ങളും ഈ പഞ്ചായത്തിൽ കടന്നു വന്നിട്ടില്ല. ചാർട്ട് (8).

### കൃഷിഭവന്റെ പ്രവർത്തനങ്ങൾ

അഴിയൂർ പഞ്ചായത്തിലെ കൃഷിഭവൻ പ്രവർത്തിക്കുന്നത് മുക്കാളിയിൽ ഒരു വാടക കെട്ടിടത്തിലാണ്. കൃഷിഭവന് സ്വന്തമായി ഒരു കെട്ടിടം വേണം. പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയിൽ കൃഷിഭവന് സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കുന്നതിന് വേണ്ടി പഞ്ചായത്ത് ശ്രമം ആരംഭിച്ചിട്ടുണ്ട്. ഒരു അഗ്രിക്കൾച്ചറൽ ഓഫീസർ 3 അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാർ ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ ഉദ്യോഗസ്ഥന്മാരാണ് കൃഷിഭവനിലുള്ളത്. കൃഷിഭവന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമം ആക്കേണ്ടതാണ്. ജനങ്ങളിലേക്ക് ഇറങ്ങിത്തിരിച്ചുള്ള പ്രവർത്തനം വേണം. കാർഷിക മേഖലയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ അതാതു സമയത്ത് ശ്രദ്ധിക്കുന്നതിനും കൃഷിക്കാരെ ബോധവാന്മാർ ആക്കുന്നതിനും കൃഷിഭവന്റെ പ്രവർത്തനം കൊണ്ട്

കൈവശഭൂമി വിസ്തീർണ്ണം പട്ടിക (7)

| വാർഡ് നമ്പർ | നാമമാത്ര കർഷകർ 1 ഹെക്ടറിനു താഴെ |
|---|---|
| 1 | 2 |
| 1 | 160 |
| 2 | 210 |
| 3 | 280 |
| 4 | 375 |
| 5 | 290 |
| 6 | 285 |
| 7 | 380 |
| 8 | 240 |
| 9 | 280 |
| 10 | 230 |
| 11 | 110 |
| ആകെ | 2940 |

സാധിക്കണം. കൃഷിഭവൻ കൊണ്ട് എന്താണോ ലക്ഷ്യമിട്ടിരിക്കുന്നത് അത് നേടിയെടുക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമമാണ് വേണ്ടത്.

നടപ്പുപദ്ധതികൾ

അഴിയൂർ കൃഷിഭവനിൽ കൂടി നടപ്പിൽ ആക്കിക്കൊണ്ടിരിക്കുന്ന കൃഷിവികസന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ.

1. സമഗ്ര നാളികേര വികസന പദ്ധതി.

നാളികേരകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിയാണ് ഇത്. ഈ പദ്ധതി 1994-95 വർഷത്തിൽ തുടങ്ങി 96-97ൽ അവസാനിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം തെങ്ങിൻ തോട്ടത്തിൽ ജലസേചനം ചെയ്യുന്നതിനും കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും പരമാവധി 2500 രൂപ വീതം സബ്സിഡി നൽകുന്നു. ഇതിന് പുറമെ തെങ്ങ് കയറ്റ യന്ത്രം വാങ്ങുന്നതിനും റോക്കർ സ്പ്രെയർ വാങ്ങുന്നതിനും ഫിൽറ്റർ പോയിന്റ് സ്ഥാപിക്കുന്നതിനും ഒന്നിനു ക്രമപ്രകാരം 500രൂപ, 1000രൂപ, 800രൂപ എന്നിങ്ങനെ സബ്സിഡി നൽകി വരുന്നു. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകന് 30 സെന്റ് ഭൂമി സ്വന്തമായി ഉണ്ടായിരിക്കേണ്ടതാണ്.

1994-95-1995-96 സാമ്പത്തിക വർഷത്തിൽ 34 കിണറും ഇതിന്റെ സബ്സിഡിയായി 80596 രൂപയും 53 പമ്പ് സെറ്റുകളും നൽകിയ ഇനത്തിൽ 129686 രൂപയും സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. ലക്ഷ്യം പൂർത്തീകരക്കാൻ സാധിച്ചിട്ടില്ല.

ഭൂമി 30 സെന്റ് വേണം എന്നത് കൊണ്ട് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടത്ര അപേക്ഷകരില്ല. അതുകൊണ്ട് ഭൂപരിധി 10 സെന്റായി കുറയ്ക്കേണ്ടതാണ്.

2. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി.

തെങ്ങിൻ തോട്ടത്തിൽ ജലസേചനം ചെയ്യുന്നതിനു കേന്ദ്ര സർക്കാറിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ജലസേചനം ചെയ്യുമ്പോൾ ചുരുങ്ങിയ അളവിൽ മാത്രമേ ജലം ആവശ്യമുള്ളൂ. വെള്ളം നനക്കുന്നതിന് തൊഴിലാളിയുടെ ആവശ്യവും നേരിടുന്നില്ല. ഈ പദ്ധതി പ്രകാരം ഹെക്ടറിന് 15000 രൂപ വരെ സബ്സിഡി നൽകുന്നു. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകനു ചുരുങ്ങിയത് 50 സെന്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

ഈ പദ്ധതി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ചില സ്ഥലങ്ങളിൽ മുൻ വർഷങ്ങളിൽ സ്ഥാപിക്കാൻ സാധിച്ചെങ്കിലും 1995-96, 1996-97 വർഷങ്ങളിൽ 5 യൂണിറ്റ് ലക്ഷ്യം നേടുവാൻ സാധിച്ചിട്ടില്ല.

ഈ പദ്ധതിയുടെ ലക്ഷ്യം നേടുന്നതിന് ഭൂമിയുടെ പരിധി 25 സെന്റായി കുറക്കുകയും ഈ പദ്ധതിയുടെ ഗുണത്തെ കുറിച്ച് വ്യാപകമായ ജനകീയ പ്രചരണവും ആവശ്യമാണ്. ഒരു വാർഡിൽ ഒന്നു എന്ന കണക്കിൽ 100 ശതമാനം സബ്സിഡിയിൽ ഓരോ പ്രദർശന തോട്ടവും നടത്താവുന്നതാണ്.

3. സൂക്ഷ്മാണു വളപ്രയോഗം (അസക്ടോബാക്ടർ)

മണ്ണിന്റെ ഫലഭൂയിഷ്ടി വർധിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന ഒരു നൂതന പരിപാടിയാണിത്. സാധാരണ ജൈവവളത്തിന്റെ കൂടെ ഈ ജീവാണു വിളവിനു ചേർത്ത് കൊടുക്കുമ്പോൾ ജീവാണുവിന്റെ പ്രവർത്തന ഫലമായി അന്തരീക്ഷത്തിൽ നിന്നും പാകൃജനകം മണ്ണിൽ ശേഖരിച്ച് വയ്ക്കുകയും അത് വിളവിന് സസ്യാഹാരമായി തീരുകയും ചെയ്യുന്നു. അങ്ങിനെ പാകൃജനകം വളത്തിന്റെ അളവ് ഗണ്യമായി കുറക്കുവാൻ സാധിക്കുന്നു. ഈ പദ്ധതി തെങ്ങിൻ തോട്ടത്തിന് മാത്രമുള്ള ഒരു പ്രദർശന തോട്ട പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം ഒരു കർഷകന് 500 രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. അപേക്ഷകന് ഒരു ഏക്കർ തെങ്ങിൻ തോട്ടം ഉണ്ടായിരിക്കേണ്ടതാണ്.

ഈ പദ്ധതി നടപ്പു വർഷത്തിൽ 6 എണ്ണമാണ് ലക്ഷ്യമായി അനുവദിച്ചിട്ടുള്ളത്. ലക്ഷ്യം നേടുവാൻ സാധിച്ചിട്ടുണ്ട്.

ഈ പദ്ധതി വരുന്ന വർഷങ്ങളിൽ നടത്താവുന്നതാണ്. എന്നാൽ തെങ്ങിൻ തോട്ടത്തിന്റെ പരിധി 50 സെന്റായി കുറക്കേണ്ടതാണ്.

## രാസവളം കീടനാശിനി വിപണനം പട്ടിക (10)

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേർ | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം. | കീടനാശിനി | | രാസവളം കി.ഗ്രാം. | കീടനാശിനി | | രാസവളം കി.ഗ്രാം. | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | 60237 കി.ഗ്രാം. | | | 61602 കി.ഗ്രാം. | | | 59478 കി.ഗ്രാം. | | |
| | സ്വകാര്യം | | 2 ലി. | 70 കി.ഗ്രാം | | 2 ലി. | 72 കി.ഗ്രാം | | 1.8 ലി. | 75 കി.ഗ്രാം. |

## കാർഷികോപകരണങ്ങൾ പട്ടിക (8)

| നമ്പർ | വാർഡ് | ഉഴവു ഉപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങ് കയറ്റ യന്ത്രം | ഷോർട്ട ബിൾപമ്പു സെറ്റ് |
|---|---|---|---|---|---|---|---|---|---|---|
| | | ട്രാക്ടർ | ട്രില്ലർ | കലപ്പ | റോക്ക് സ്പ്രെയർ | നാപ് സ്റ്റാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | | | | | | | | | | 1 |
| 2 | | | | | | | | | | 1 |
| 3 | | | | 1 | 1 | | | | | 1 |
| 4 | | | | 1 | | | | | | 2 |
| 5 | | | | 1 | 1 | | | | 1 | 2 |
| 6 | | | | 1 | 1 | | | | | 2 |
| 7 | | | | | 1 | | | | | 2 |
| 8 | | | | 2 | 1 | | | | 1 | 4 |
| 9 | | | | 1 | | | | | | 3 |
| 10 | | | | 2 | | | | | 1 | 4 |
| 11 | | | | | | | | | | 2 |
| ആകെ | | | | 9 | 5 | | | | | 24 |

### തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ പട്ടിക.

| വാർഡ് | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽട്ട് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിങ്ങ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 74 | 2220 | 12580 | 14800 | --- | 10 | 10 | 40 | | 60 |
| 2 | 76 | 2280 | 12920 | 15200 | --- | 20 | 8 | 45 | | 73 |
| 3 | 78 | 2340 | 13260 | 15600 | --- | 10 | 15 | 60 | | 85 |
| 4 | 77 | 2310 | 13090 | 15400 | --- | 15 | 16 | 100 | | 131 |
| 5 | 78 | 2340 | 13260 | 15600 | --- | 30 | 14 | 180 | | 224 |
| 6 | 79 | 2370 | 13430 | 15800 | --- | 20 | 15 | 190 | | 225 |
| 7 | 77 | 2310 | 13090 | 15400 | --- | 15 | 18 | 185 | | 218 |
| 8 | 86 | 2580 | 14620 | 17200 | --- | 15 | 20 | 40 | | 75 |
| 9 | 90 | 2700 | 15300 | 18000 | --- | 252 | 22 | 45 | | 92 |
| 10 | 80 | 2400 | 13600 | 16000 | --- | 25 | 14 | 35 | | 74 |
| 11 | 70 | 2100 | 11900 | 14000 | --- | 20 | 13 | 40 | | 73 |
| ആകെ | 865 | 25950 | 147050 | 172000 | --- | 205 | 165 | 960 | | 1330 |

**4. വിള ഇൻഷുറൻസ് പദ്ധതി**

ഈ പദ്ധതി പ്രകാരം തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, മരച്ചീനി തുടങ്ങിയ 25 വിളകൾക്ക് പ്രകൃതിക്ഷോഭം വഴിയുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് പദ്ധതി വഴി പരിരക്ഷണം നൽകുന്നു. ഈ പദ്ധതിക്ക് ഉദാഹരണമായി തെങ്ങൊന്നിന് ഒരു വർഷത്തേക്ക് 2 രൂപ പ്രീമിയമായി വാങ്ങുകയും മേൽപറഞ്ഞ രീതിയിൽ നഷ്ടം സംഭവിച്ചാൽ തെങ്ങൊന്നിന് 1000 രൂപ നഷ്ട പരിഹാരം നൽകുകയും ചെയ്യുന്നു.

ഈ പദ്ധതിയിൽ 1995-96 ലും നടപ്പ് വർഷത്തിലും 200 പേരെ ലക്ഷ്യമിട്ടതിൽ 118 പേരെ പദ്ധതിയിൽ ചേർക്കാൻ സാധിച്ചിട്ടുണ്ട്. ലക്ഷ്യം നേടുന്നതിന് 88 പേരെ കൂടി ഈ പദ്ധതിയിൽ ചേർക്കേണ്ടതാണ്.

ലക്ഷ്യം നേടുന്നതിന് പദ്ധതിയെക്കുറിച്ച് വ്യാപകമായ ജനകീയ പ്രചരണം ആവശ്യമാണ്. ദീർഘകാല വിളകൾക്ക് പോളിസിയുടെ കാലയളവ് കൂട്ടേണ്ടതാണ്.

**5. നെൽകൃഷിക്കുള്ള പ്രോത്സാഹന ധനസഹായം**

ഈ പദ്ധതിയനുസരിച്ച് നെൽകൃഷി ചെയ്യുന്ന കരഷകർക്ക ഹെക്ടറിന് 250 രൂപ നിരക്കിൽ പ്രോത്സാഹന ധനസഹായം നൽകിവരുന്നു. ഈ പദ്ധതിയിൽ ലക്ഷ്യമായി 5 ഹെക്ടർ നെൽകൃഷി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ മുഴുവൻ ആപേക്ഷയും നടപ്പു വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതി തുടർന്നും നടപ്പിലാക്കാവുന്നതാണ്. എന്നാൽ സബ്സിഡിയുടെ നിരക്ക് ഹെക്ടറിന് 500 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

**6. പ്രകൃതിക്ഷോഭ പദ്ധതിയിൽ നെൽകർഷകർക്ക് സൗജന്യമായ വിത്തുവിതരണം.**

ഈ പദ്ധതി പ്രകാരം 5 ഹെക്ടർ സ്ഥലത്തേക്ക് 500 കി. ഗ്രാം. വിതരണത്തിന് എത്തുകയും 28 കർഷകർക്ക് വിതണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**7. പ്രകൃതിക്ഷോഭം മൂലം വിവിധ വിളകൾ നശിച്ചതിന് നഷ്ടപരിഹാരം.**

വിളവ് നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം തെക്ക് പടിഞ്ഞാറൻ കാലവർഷ കാലത്ത് നടപ്പു വർഷത്തിൽ 25 അപേക്ഷ ലഭിക്കുകയും നഷ്ടപരിഹാരത്തിന്റെ 25 ശതമാനം (2606 രൂപ) 25 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യേണ്ടതാണ്.

**8. മഞ്ഞൾ കൃഷി വികസനം**

ഈ പദ്ധതി പ്രകാരം മഞ്ഞൾ കൃഷി നടത്തുന്ന

നടീൽ വസ്തു വിതരണം പട്ടിക (12)

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993 94 | 1994 95 | 1995 96 |
| തെങ്ങ് | 395 എണ്ണം | 350 എണ്ണം | 400 എണ്ണം |
| കശുമാവ് | -- | -- | -- |
| കുരുമുളക് | 3600 എണ്ണം | 4600 എണ്ണം | 2000 എണ്ണം |
| കവുങ്ങ് | 400 എണ്ണം | -- | -- |
| നെല്ല് | | 60 കി.ഗ്രാം. | 90 കി.ഗ്രാം. |
| പയർ | | 8 കി.ഗ്രാം. | 40 കി.ഗ്രാം. |
| പച്ചക്കറികൾ | സ്ക്കൂൾ കുട്ടികൾക്ക് 1500 കി.ഗ്രാം. പൊതുജനങ്ങൾക്ക് 845 കി.ഗ്രാം. | 1460 കി.ഗ്രാം. മിനികിറ്റ് 3 പേക്കറ്റ് | 980 കി.ഗ്രാം. മിനികിറ്റ് 3 പേക്കറ്റ് |
| പഴവർഗ്ഗച്ചെടികൾ | 72 എണ്ണം | 280 എണ്ണം | 118 എണ്ണം |

ദുരിതാശ്വാസ വിതരണം പട്ടിക (13)

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം | | | | ധനസഹായം ലഭിച്ചവർ | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993 94 | -- | -- | -- | -- | -- | -- |
| 1994 95 | | | കാറ്റ് | | 59 | 13399.00 |
| 1995 96 | | | | | 8 | 6185.00 |
| ആകെ | | | | | 67 | 19584.00 |

കർഷകർക്ക് വിത്ത്, വളം, കീടനാശിനി എന്നിവക്ക് 25 ശതമാനം സബ്സിഡി നൽകി വരുന്നു. നടപ്പു വർഷത്തിന്റെ 5 ഹെക്ടർ ലക്ഷ്യമിട്ടതിൽ മുഴുവനും തന്നെ ലക്ഷ്യം നേടുവാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

**9. ബയോഗ്യാസ് നിർമ്മാണം**

കന്നുകാലികളുടെ ചാണകം മനുഷ്യ വിസർജ്ജ്യം എന്നിവയിൽ നിന്ന് ജൈവവാതകം ഉൽപാദിപ്പിച്ച് ഭക്ഷണം പാചകം ചെയ്യുന്നതിനും വിളക്ക് കത്തിക്കുന്നതിനും പമ്പ് സെറ്റ് പ്രവർത്തിപ്പിക്കുന്നതിനുമുള്ള സാധനമായി ഉപയോഗിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് 2 കറവപ്പശുക്കൾ എങ്കിലും ആവശ്യമാണ്. ഒരു പ്ലാന്റിന് സബ്സിഡിയായി 2600 രൂപ നൽകി വരുന്നു.

നടപ്പു സാമ്പത്തിക വർഷത്തിൽ ഒരു ബയോഗ്യാസ് പ്ലാന്റ് ലക്ഷ്യമുണ്ടായിരുന്നെങ്കിലും ലക്ഷ്യം നേടാൻ സാധിച്ചിട്ടില്ല.

ഈ പദ്ധതി നടപ്പിലാക്കുന്നതിന് അപേക്ഷകരെ കിട്ടാൻ വലിയ പ്രയാസമാണ്. ഇതിന്റെ നിർമ്മാണ ചെലവ് വളരെ കൂടുതലാണ്. എന്നാൽ ധനസഹായം വളരെക്കുറവാണ്. പദ്ധതിയുടെ സുഗമമായുള്ള നടത്തിപ്പിന് 50 ശതമാനം സബ്സിഡി അനുവദിക്കേണ്ടതാണ്.

**10. കാർഷിക മേഖലയിൽ യുവതീ-യുവാക്കൾക്ക് പ്രത്യേക തൊഴിൽ പദ്ധതി.**

കാർഷിക മേഖലയിൽ യുവതീ-യുവാക്കൾക്ക് തൊഴിൽ നൽകുകയും അതോടനുബന്ധിച്ച് അംഗങ്ങൾക്ക്

സാമൂഹ്യ സുരക്ഷ നൽകുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൽ 92 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഇതിൽ 10 അംഗങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്.

**11. ദേശീയ ഐക്യദാർഢ്യ പദ്ധതി പ്രകാരം പട്ടികജാതികൾക്ക് പച്ചക്കറി, വിത്ത്, വളം വിതരണം.**

ദേശീയ ഐക്യദാർഢ്യ പദ്ധതി പ്രകാരം പട്ടികജാതിയിൽ പെട്ട കർഷകരെ പച്ചക്കറി കൃഷി പരിശീലിപ്പിക്കുന്നതിന് 50 കർഷകർക്ക് 50 കി. വിത്തും 50കി. രാസവള മിശ്രിതവും വിതരണം ചെയ്യുകയുണ്ടായി.

കൃഷിയിൽ താൽപര്യം ജനിപ്പിക്കുന്നതിന് പട്ടികജാതിയിൽ പെട്ട കർഷകരെ ആവശ്യമായ രീതിയിൽ ബോധവൽക്കരിക്കേണ്ടതാണ്.

**12. ദേശീയ സമ്പാദ്യ പദ്ധതി.**

ഈ പദ്ധതിയനുസരിച്ച് 3 ലക്ഷം രൂപ സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നു എങ്കിലും 10000 രൂപ മാത്രമാണ് ശേഖരിക്കാൻ സാധിച്ചത്.

**13. മണ്ണുപരിശോധന.**

വിവിധ വിളകളുടെ മണ്ണ് പരിശോധിച്ച് മണ്ണിലടങ്ങിയിട്ടുള്ള പോഷകാംശങ്ങളെ കുറിച്ച് കർഷകന് വിവരം നൽകുന്നു. പരിശോധിക്കേണ്ട മണ്ണ് സാമ്പിളുകൾ കൃഷിഭവനിൽ എത്തിച്ചാൽ സൗജന്യമായി മണ്ണു പരശോധിച്ച് ഫലം കർഷകനെ അറിയിക്കുന്നതാണ് ഈ പദ്ധതി. നടപ്പു വർഷത്തിൽ 300 മണ്ണു സാമ്പിളുകൾ ലക്ഷ്യമിട്ടെങ്കിലും ഈ കാലയളവിൽ 165 എണ്ണം മാത്രമേ പരിശോധിച്ചിട്ടുള്ളൂ.

**14. രാസവളത്തിന്റെ സാമ്പിൾ പരിശോധന.**

രാസവളത്തിന്റെ ഗുണനിലവാരം നിർദ്ദിഷ്ട നിലയിൽ നിലനിർത്തുന്നതിനാണ് ഈ പദ്ധതി. ഈ സാമ്പത്തിക വർഷത്തിൽ 4എണ്ണം ലക്ഷ്യമിട്ടെങ്കിലും 3 എണ്ണം മാത്രമേ ലക്ഷ്യം കൈവരിച്ചുള്ളൂ.

**15. പയർ വികസന പദ്ധതി.**

ഒരു ഹെക്ടർ സ്ഥലത്ത് പയർ കൃഷി ചെയ്യുന്നതിന് വിത്ത്, റൈസോബിയം കൾച്ചർ, കീടനാശിനി എന്നിവക്ക് 400 രൂപ സഹായധനം ചെയ്യുന്നു. കൃഷിഭവനിൽ 5 ഹെക്ടർ ലക്ഷ്യം വച്ചിരിക്കുന്നു.

**16. ഓണത്തിന് ഒരു വാഴക്കുല എന്ന പദ്ധതി.**

കൃഷിഭവന്റെ പരിധിയിൽ 150 വാഴക്കന്നുകൾ സ്ക്കൂൾ കുട്ടികൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതാണ് ഈ പദ്ധതി. (50കുട്ടികൾക്ക് 3 വീതം.)

**17. ദുരിതാശ്വാസ വിതരണം.**

ഭൂജലവകുപ്പ് കർഷകർക്കു വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. ഭൂജല പര്യവേക്ഷണം.

ഈ പദ്ധതിയിൽ സാധാരണ കിണർ, കുഴൽ കിണർ, ഫിൽറ്റർ പോയിന്റ് തുടങ്ങിയവ സ്ഥാനനിർണ്ണയം നടത്തുന്നതിന് വിശദമായി ഭൂജല സർവ്വെ നടത്തുകയും ഇവക്ക് പറ്റിയ സ്ഥാനങ്ങൾ നിർണ്ണയിച്ചു കൊടുക്കുകയും ചെയ്യുന്നു. കൃഷിക്കാരുടെ അപേക്ഷകൾ കൃഷിഭവനിൽ കൂടിയാണ് സ്വീകരിക്കുന്നത്.

2. ജനകീയ ജലസേചന പദ്ധതി.

ഈ പദ്ധതി 7 പേരെങ്കിലും ഉള്ള ചെറുകിട നാമമാത്ര കൃഷിക്കാരുടെ രജിസ്ട്രേഡ് സംഘങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്നു. പദ്ധതി ചിലവിന്റെ 10 ശതമാനം സംഘം വഹിക്കേണ്ടതാണ്. ഈ പദ്ധതിയിൽ കുഴൽ കിണർ കുഴിച്ച് പമ്പ് സ്ഥാപിച്ച് നേരിട്ട് കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം എത്തിച്ചു കൊടുക്കുന്നു. നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രസ്തുത സ്കീം സംഘത്തിന് കൈമാറുന്നതും തുടർന്നുള്ള അറ്റകുറ്റ പണികളും സംഘം തന്നെ വഹിക്കേണ്ടതുമാണ്.

**രോഗങ്ങൾ**

ഈ പഞ്ചായത്തിൽ തെങ്ങിനെ ബാധിക്കുന്ന ചില പ്രധാന രോഗങ്ങൾ ചെന്നീരൊലിപ്പ്, കൂമ്പ്ചീയൽ, ഗ്രേബ്ലൈറ്റ് എന്നിവയാണ്. ചെന്നീരൊലിപ്പ് ഏകദേശം 800 തെങ്ങുകളെയെങ്കിലും ബാധിച്ചിട്ടുണ്ട് എന്നാണ് കണക്ക്. കറയൊലിക്കുന്ന ഭാഗം നന്നായി ചെത്തിമാറ്റി കോൾടാർ, ബോഡോപെയിസ്റ്റ് എന്നിവ പുരട്ടുകയും കാല്ക്സിൻ എന്ന മരുന്ന് 25മില്ലി 25 ലിറ്റർവെള്ളത്തിൽ കലക്കി തെങ്ങിന്റെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുകയും ചെയ്യുക എന്നതാണ് പ്രതിവിധി. തെങ്ങിനെ ബാധിക്കുന്ന മാറാ രോഗമാണ് കൂമ്പുചീയൽ. ഈ രോഗം ബാധിച്ച തെങ്ങിന്റെ മണ്ടഭാഗം വെട്ടിമാറ്റി ബോർഡോ പെയിസ്റ്റ് പുരട്ടുകയും പാത്രം കൊണ്ട് മൂടിവെക്കുകയും ചെയ്യുക എന്നതാണ് പ്രതിവിധി. ഗ്രേബ്ലൈറ്റ് എന്ന രോഗം പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കണ്ടുവരുന്നു. ഏതാണ്ട് 50 തെങ്ങിനെ ഈ രോഗം ബാധിച്ചിട്ടുണ്ട്. ഇതിന് പ്രതിവിധിയായി ബോർഡോ മിക്സ്ചർ തെങ്ങിന്റെ ഓലയിൽ തളിക്കണം.

തെങ്ങിനെ ബാധിക്കുന്ന മറ്റു ചില പ്രധാന കീടങ്ങളും ഉണ്ട്. തെങ്ങോലപ്പുഴു, കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, തുടങ്ങിയവയാണ്. തെങ്ങോലപ്പുഴുവിന്റെ രോഗം കൂടുതലായി കണ്ടുവരുന്നത് കടലോര പ്രദേശത്താണ്. അടുത്ത കാലത്ത് ഈ രോഗം ബാധിച്ച ഏകദേശം 600ഓളം തെങ്ങുകളുണ്ട്. നെല്ലിനെ ബാധിക്കുന്ന കീടങ്ങളാണ് ഓലചുരുട്ടി പുഴു, ചാഴി എന്നിവ. കുലവാട്ടം, പോളചീയൽ എന്നിവയാണ് നെല്ലിനെ ബാധിക്കുന്ന മറ്റു പ്രധാന രോഗങ്ങൾ. ചാർട്ട് (11)

**കാർഷികവായ്പ**

കാർഷികവായ്പകൾ പ്രധാനമായും നൽകുന്നത് സഹകരണ ബാങ്കുകളിൽ കൂടിയാണ്. പമ്പ്സെറ്റും കിണറും സ്ഥാപിക്കുന്നതിന് കൃഷിഭവനിൽ കൂടി നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ബാങ്കുകൾ വായ്പ അനുവദിക്കുന്നു. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്നതാണ് പൊതുവെ അഭിപ്രായം.

**കർഷക സംഘടനകൾ**

കേരകർഷക സമിതിയാണ് കൃഷിയുമായി

ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പ്രധാന സംഘടന. വാർഡുകൾ തോറും രൂപീകരിച്ചിട്ടുള്ള കർഷകസമിതിയുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. കേരകർഷക സമിതി കൃഷിക്കാരെ സഹായിക്കുന്ന പ്രധാന വേദിയായി തന്നെ മാറണം. കൃഷിഭവനിൽ കൂടി നൽകുന്ന നിർദ്ദേശങ്ങൾ അതാതു സമയത്ത് കൃഷിക്കാരിൽ എത്തിക്കുവാൻ കേരകർഷക സമിതി പ്രത്യേകം ശ്രമിക്കേണ്ടതാണ്. പഞ്ചായത്തിലെ മൊത്തം കേരകർഷക സമിതികൾ ഏകോപ്പിച്ചുള്ള ഒരു പ്രവർത്തനം വേണം. രജിസ്റ്റർ ചെയ്ത് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയായി ഇത് മാറണം.

### കർഷകർക്ക് പ്രോത്സാഹനം

സംസ്ഥാന തലത്തിൽ കർഷകർക്ക് പ്രോത്സാഹനം നൽകുന്ന പോലെ പഞ്ചായത്ത് തലത്തിലും കർഷകർക്ക് പ്രോത്സാഹനം നൽകാനുള്ള പദ്ധതികൾ വേണം. അവാർഡുകൾ നൽകി കൃഷിക്കാരെ ആദരിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും വേണം.

### പ്രശ്നങ്ങൾ

1. ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള പാത്തികൾ (വി.സി.ബി.) യഥാസമയം റിപ്പയർ ചെയ്യണം.
2. ജലസേചനത്തിനുള്ള വെള്ളം വേണ്ടത്ര കിട്ടാനില്ല.
3. കൃഷിയിടങ്ങൾ നികത്തപ്പെടുന്നു.
4. നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല.
5. നീർക്കെട്ടുകൾ വിള നാശത്തിന് കാരണമാകുന്നു.
6. ഉൽപാദനക്ഷമത കുറഞ്ഞു വരുന്നു.
7. ഉൽപന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല.
8. കൃഷിഭവനിൽ നിന്ന് ആവശ്യമായ സഹായം ലഭിക്കുന്നില്ല.
9. നിലവിലുള്ള ജലസേചനോപാധികൾ തന്നെ ശരിയായി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല.
10. വായ്പാ സൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല. ബാങ്കിന്റെ സഹകരണം വേണ്ടത്ര ലഭിക്കുന്നില്ല.
11. ഉൽപന്ന സംസ്ക്കരണത്തിന് സൗകര്യം ഇല്ല.
12. കർഷക തൊഴിലാളികളെ കിട്ടാനില്ല.
13. ആവശ്യമായ യന്ത്രോപകരണങ്ങൾ കിട്ടാനില്ല.
14. ജൈവവളങ്ങളുടെ അഭാവം.
15. കീടങ്ങളെ നശിപ്പിക്കാൻ കാര്യക്ഷമമായ പ്രവർത്തനം.
16. തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷി ചെയ്യാൻ പറ്റുന്നില്ല.
17. നെൽകൃഷി പ്രായേണ നഷ്ടമാണ്.
18. നാളികേരത്തിന് ഒരു നിശ്ചിത വില കിട്ടുന്നില്ല.
19. കർഷകത്തൊഴിലാളികളുടെ കൂലിക്കനുസരിച്ച് സേവനം ലഭ്യമാകുന്നില്ല.
20. തെങ്ങിന്റെ ഇടയകലം അസാധാരണമാം വിധം കുറവാണ്.
21. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്.
22. മണ്ണ് പരിശോധന കാര്യക്ഷമമല്ല. പരിശോധിച്ച റിപ്പോർട്ട് യഥാസമയം കർഷകനു ലഭിക്കുന്നില്ല.
23. കൊപ്രാ വിപണനത്തിന് പ്രാദേശിക സൗകര്യങ്ങളില്ല.
24. ചില രോഗങ്ങൾ തെങ്ങുകൾക്ക് ധാരാളമായി കണ്ടുവരുന്നു.

### നിർദ്ദേശങ്ങൾ (പദ്ധതി)

പഞ്ചായത്തിൽ ഏറ്റവും മുഖ്യമായ വിളയാണ് തെങ്ങ്. ഈ പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയിൽ ഇടവിളവിന് പ്രധാന സ്ഥാനമുണ്ട്. ഈ പഞ്ചായത്തിൽ ഏകദേശം 865 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തു വരുന്നു. ഈ കൃഷിയിൽ ശാസ്ത്രീയ കൃഷിമുറകളുടെ അഭാവം നിമിത്തം ഉൽപാദനം നന്നെ കുറവാണ്. ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

1 കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി.

തെങ്ങിൻ തോട്ടങ്ങളിൽ കൂട്ടമായി ജലസേചനം ചെയ്യാൻ പറ്റുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം 2 സെന്റ് സ്ഥലം കിണർ കുഴിക്കുന്നതിനും പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനും സർക്കാരിലേക്ക് വിട്ടു കൊടുക്കേണ്ടതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുരുങ്ങിയത് 5 ഹെക്ടർ തെങ്ങിൻ തോട്ടം ആവശ്യമാണ്. ഈ പദ്ധതി സ്ഥാപിക്കുന്നത് കൊണ്ട് തെങ്ങുകളുടെ ഉല്പാദനം ഇരട്ടി കണ്ട് വർദ്ധിപ്പിക്കാവുന്നതാണ്. ഇതിന് പുറമെ തെങ്ങിൻ തോട്ടത്തിൽ മരച്ചീനി, വാഴ, കുരുമുളക്, നിലക്കടല, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ, കവുങ്ങ്, ചേന, ചേമ്പ്, കാച്ചിൽ, കൈതച്ചക്ക, മുരിങ്ങ മുതലായ വിളകൾ ഇടവിളകളായി കൃഷിചെയ്യാൻ സാധിക്കുന്നത് കർഷകന്റെ കാർഷിക വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ ഉതകുന്നു. കാർഷികമേഖലയിൽ തൊഴിലവസരം ഗണ്യമായി വർദ്ധിക്കുന്നതുമാണ്.

2. സമഗ്ര നാളികേര വികസന പദ്ധതി.

കിണർ, പമ്പ് സെറ്റ് എന്നിവ നൽകുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് തെങ്ങിൻ തോട്ടത്തിന്റെ ചുരുങ്ങിയ പരിധി 10 സെന്റാക്കി കുറയ്ക്കേണ്ടതാണ്.

3. തെങ്ങിൻ രാസവളപ്രയോഗം.

ഉൽപാദനം വർദ്ധിപ്പിക്കാൻ തെങ്ങിനെ രാസവളം ചെയ്യുവാനുള്ള പദ്ധതിയാണിത്.

4. തെങ്ങിൻതോട്ടത്തിൽ ജൈവവള പ്രയോഗം.

തെങ്ങിന്റെ ഉൽപാദനം വർദ്ധിപ്പിക്കാനും മണ്ണിന്റെ സൂക്ഷ്മാണുക്കളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും മണ്ണിന്റെ ജലാഗിരണ ശേഷി വർദ്ധിപ്പിക്കുന്നതിനും മണ്ണിൽ ജൈവവളം ചേർക്കേണ്ടത് അത്യാവശ്യമാണ്. ഈ

പഞ്ചായത്തിൽ വലിയൊരു ഭൂഭാഗം മണൽ മണ്ണാണ്. മണൽ മണ്ണിന്റെ വളക്കൂറ് വർദ്ധിപ്പിക്കുന്നതിനും ജൈവ, വളപ്രയോഗം വളരെ അത്യാവശ്യമാണ്.

5. കമ്പോസ്റ്റ് കുഴി നിർമ്മാണം

ജൈവവളത്തിന്റെ കമ്മി നികത്തുന്നതിന് കമ്പോസ്റ്റ് വള നിർമ്മാണം അത്യാവശ്യമാണ്. ഇത് വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

6.ഫാർമേർസ് ക്ലബ്ബ്

തെങ്ങ് കൃഷിയുടെ വികസനത്തിന് വാർഡുകൾ തോറും ഫാർമേർസ് ക്ലബ്ബുകൾ രൂപീകരിക്കേണ്ടതാണ്. ക്ലബ്ബ് രജിസ്റ്റർ ചെയ്യേണ്ടതും ഓരോന്നിനും റോക്കർ സ്പ്രെയർ സൗജന്യമായി നൽകേണ്ടതും ആണ്. കർഷകത്തൊഴിലാളികൾക്കും കർഷകർക്കും ഇവിടെ മരുന്ന് തളി, തെങ്ങു കയറ്റം, കൃഷിപ്പണികൾ എന്നിവയിൽ പരിശീലനം നൽകേണ്ടതുമാണ്.

ഓരോ വാർഡിലും വർഷത്തിൽ രണ്ടു തവണയായി കാർഷിക പദ്ധതികളെ കുറിച്ച് വിവിധ വിളകൾക്കുള്ള ശാസ്ത്രീയമായ കൃഷിമുറകളെക്കുറിച്ചുള്ള സെമിനാറുകൾ നടത്തേണ്ടതും ആണ്. ഫാർമേർസ് ക്ലബ്ബും ഇത്തരം സെമിനാർ സംഘടിപ്പിക്കുന്നതിനും നേതൃത്വം കൊടുക്കേണ്ടതാണ്.

25 സെന്റ് സ്ഥലത്ത് ഏറ്റവും നല്ല രീതിയിൽ കൃഷി ചെയ്ത് ഏറ്റവും നല്ല ഉൽപാദനത്തിന് പ്രോത്സാഹന സമ്മാനങ്ങൾ നൽകേണ്ടതാണ്.

## II തെങ്ങിൻ തോട്ടത്തിൽ ഇടവിള കൃഷി

മരച്ചീനി, വാഴ, കുരുമുളക്, നിലക്കടല, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ, ക്വവുങ്ങ്, ചേന, ചേമ്പ്, മധുരക്കിഴങ്ങ് എന്നിവ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. വിത്തും വളവും കർഷകർക്ക് കൃഷിഭവനിൽ കൂടി തന്നെ വിതരണം ചെയ്യണം.

## III നെൽകൃഷി

നെൽകൃഷിയുടെ ഭൂമി ക്രമേണ കുറഞ്ഞുവരുന്ന അവസ്ഥയാണുള്ളത്. നെൽവയലിൽ വലിയഭാഗം നികത്തി തെങ്ങിൻ തോട്ടവും കെട്ടിടനിർമ്മാണവുമായി കഴിഞ്ഞു. നമ്മുടെ ഭക്ഷണത്തിനാവശ്യമായ അരി ചെറിയ അളവിലെങ്കിലും ഇവിടെ ഉണ്ടാക്കേണ്ടതാണ്.

നെൽകൃഷിയുടെ അഭിവൃദ്ധിക്ക് നെൽവിത്ത്, ജൈവവളച്ചെടിയുടെ വിത്ത് രാസവളം, കുമ്മായം എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

ഓരോ പാടശേഖരത്തിനും ഓരോ ഫാർമേർസ് ക്ലബ്ബ് രൂപീകരിക്കേണ്ടതാണ്. ശാസ്ത്രീയ കൃഷിമുറകൾ പരിശീലിപ്പിക്കേണ്ടതാണ്.

നെൽവയലിൽ ജോലി ചെയ്യുന്ന സ്ത്രീ-പുരുഷത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ഉത്സവബത്തയും അവരുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകേണ്ടതാണ്.

## IV പച്ചക്കറിവികസനം

നമ്മുടെ പഞ്ചായത്തിന് ആവശ്യമായ 99 ശതമാനം പച്ചക്കറിയും ഇവിടെ ഇറക്കുമതി ചെയ്യുകയാണ്. ഇവിടെ പച്ചക്കറി ഉൽപാദിപ്പിക്കാത്തതു കൊണ്ട് വലിയ വില കൊടുത്ത് ഗുണനിലവാരമില്ലാത്ത പച്ചക്കറിയടക്കം നാം വാങ്ങേണ്ടി വരും. നമുക്ക് ആവശ്യമായ പച്ചക്കറികൾ നാം ഉണ്ടാക്കേണ്ടതാണ്.

പഞ്ചായത്തിൽ അടുക്കള തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക. വിത്തും വളവും സൗജന്യമായി വിതരണം ചെയ്യുക.

സ്കൂൾ കുട്ടികൾക്ക് 5 സെന്റ് സ്ഥലത്ത് സ്കൂളിൽതന്നെ പച്ചക്കറികൃഷി നടത്തുന്നതിന് സൗജന്യമായി വിത്തും വളവും നൽകുക.

മുരിങ്ങാകൃഷി പ്രോത്സാഹിപ്പിക്കുക. മുരിങ്ങ ചെടികൾ വിതരണം ചെയ്യുക.

തൊഴിലില്ലാത്ത യുവാക്കൾക്ക് 10 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷിനടത്തുന്നതിന് സൗജന്യമായി വിത്തും വളവും നൽകുക.

പഞ്ചായത്ത് തലത്തിൽ പച്ചക്കറി സംഭരണകേന്ദ്രവും തൊഴിൽ ഇല്ലാത്ത യുവതി യുവാക്കളുടെ നേതൃത്വത്തിൽ സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയും നടത്തേണ്ടതാണ്.

## V പയർകൃഷി വികസനം

നമ്മുടെ ഭക്ഷണത്തിൽ മാംസ്യം പ്രധാനം ചെയ്യുന്ന ഒരു പ്രധാന ഭക്ഷ്യധാന്യമാണ് പയർ വർഗ്ഗങ്ങൾ. ഇതിന് പുറമെ അന്തരീക്ഷത്തിൽ നിന്നും പാക്യജനകം ശേഖരിച്ച് മണ്ണിൽ നിക്ഷേപിച്ച് മണ്ണിന്റെ വളക്കൂറ് ഗണ്യമായി വർദ്ധിപ്പിക്കുന്നു. പയർ കൃഷി ഈ പഞ്ചായത്തിൽ തന്നെ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് തീരെ ആശാവഹമല്ല. 100 ശതമാനം സബ്സിഡി നിരക്കിൽ വിത്ത് വിതരണം നടത്തേണ്ടതാണ്.

## VI പൂകൃഷി വികസനം

നമുക്ക് ആവശ്യമുള്ള പൂക്കളെല്ലാം തന്നെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണല്ലോ. പൂവിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതോടൊപ്പം നിരവധി തൊഴിലവസരങ്ങളും ഈ മേഖലയിൽ ഉണ്ട്. റോസ്, മുല്ല, ഓർക്കിഡ്, ജമന്തി, ക്രൈസാന്തി തുടങ്ങിയ പൂക്കൾ ഇവിടെ കൃഷി ചെയ്യാവുന്നതാണ്. തൊഴിലില്ലാത്ത സ്ത്രീകൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ 5 സെന്റ് സ്ഥലത്ത് ഇത് കൃഷി ചെയ്യാവുന്നതാണ്.

## VII പഴവർഗ്ഗച്ചെടികളുടെ വികസനം

നമ്മുടെ ശരീരത്തിന്റെ ആരോഗ്യപൂർണ്ണമായ വളർച്ചക്ക് അത്യാവശ്യമായ വിറ്റാമിനുകൾ പ്രദാനം ചെയ്യുന്ന പ്രധാന വിളവുകളാണ് പഴവർഗ്ഗങ്ങൾ. ഇവിടുത്തെ മണ്ണിൽ യോജിച്ച പഴവർഗ്ഗച്ചെടികളാണ് പ്ലാവ്, കൈതച്ചക്ക, പപ്പായ, പേരക്ക, സപ്പോട്ട, നെല്ലി, പുളി, കശുമാവ് എന്നിവ. ഇവ നട്ടു വളർത്തേണ്ടതാണ്.

പട്ടിക (12).

**പൊതു നിർദ്ദേശങ്ങൾ**

1. കൃഷിഭവന് സ്വന്തമായി ഓഫീസ് കെട്ടിടം പണിയണം.

2. ചെരിഞ്ഞ പ്രദേശത്തും മണൽപ്രദേശത്തും ചെറു ഭിത്തികൾ കെട്ടി മണ്ണ് സംരക്ഷണ പ്രവർത്തനം നടത്തണം.

3. മഴക്കാലത്ത് വെള്ളം നഷ്ടപ്പെടാതിരിക്കാനും അതാത് സ്ഥലത്തു തന്നെ വെള്ളം ഊർന്നിറങ്ങുന്നതിനും ഉയർന്നു കിടക്കുന്ന പ്രദേശങ്ങളിൽ പറമ്പുകളിൽ തന്നെ അവിടവിടെ ചെറു കുഴികൾ നിർമ്മിച്ച് വെള്ളം സംഭരിക്കേണ്ടതാണ്. ഇങ്ങിനെ ചെയ്യുന്നതുകൊണ്ട് വേനൽക്കാലത്ത് നമ്മുടെ കിണറുകളിലെ വെള്ളം വറ്റാതെ വരുകയും വരൾച്ചയിൽ നിന്നും രക്ഷപ്പെടുകയും ചെയ്യാം.

4. പഞ്ചായത്തിലെ എല്ലാ തോടുകളും കുളങ്ങളും ആഴം കൂട്ടേണ്ടതാണ്.

5. ഉപ്പുവെള്ളം കയറുന്ന എല്ലാ മാർഗ്ഗവും ഭിത്തികെട്ടിയും ബണ്ട് കെട്ടിയും ചീപ്പ് ഇട്ട്കൊണ്ട് തടയേണ്ടതാണ്. ഇങ്ങിനെ ചെയ്തെങ്കിൽ മാത്രമേ നമ്മുടെ നെൽകൃഷിയെയും മറ്റു കൃഷികളെയും സംരക്ഷിക്കാൻ കഴിയുകയുള്ളൂ.

6. നെൽവയലുകൾ ഇനിയും നികത്തുന്നത് തടയാൻ നിയമങ്ങൾ ശക്തമായി നടപ്പിലാക്കേണ്ടതാണ്. ഇതിന്റെ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

7. സഞ്ചരിക്കുന്ന മണ്ണുപരിശോധനാ കേന്ദ്രത്തിന്റെ സേവനം ഈ പഞ്ചായത്തിലും ലഭ്യമാക്കേണ്ടാതാണ്.

8. ബ്ലോക്ക് തലത്തിൽ ഒരു കാർഷിക വിജ്ഞാനകേന്ദ്രം രൂപീകരിക്കേണ്ടതാണ്.

9. കർഷകരുടെ പങ്കാളിത്തത്തോടുകൂടി കൂട്ടായ എലി നശീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

10. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ആവശ്യമായ അതത് പ്രദേശത്തിന് യോജിച്ച തെങ്ങിൻ തൈകളും മറ്റ് നടീൽ വസ്തുക്കളും ഉൽപാദിപ്പിക്കുന്നതിന് ഒരു നേഴ്സറി ആവശ്യമാണ്.

**സാധ്യതകൾ**

1. വിത്തും വളവും സബ്സിഡി നിരക്കിൽ നൽകുക.
2. 10 സെന്റ് ഭൂമിയുള്ളവർക്ക് വരെ പമ്പ് സെറ്റും കിണറും അനുവദിച്ചു കൊടുത്ത് സഹായിക്കുക.
3. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി വിപുലപ്പെടുത്തുക.
4. കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക.
5. അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുക.
6. മുരിങ്ങാകൃഷി പ്രോത്സാഹിപ്പിക്കുക.
7. കുറ്റ്യാടി കനാലിന്റെ അഴിയൂർ ബ്രാഞ്ച് കനാൽ തുറന്ന് വെള്ളം കിട്ടാനുള്ള സംവിധാനം ഉണ്ടാക്കുക.
8. തോട്, കുളങ്ങൾ റിപ്പയർ ചെയ്ത് സംരക്ഷിക്കണം.
9. കാർഷികോപകരണങ്ങൾ സബ്സിഡിയിനത്തിൽ ലഭ്യമാക്കുക.
10. കാർഷികോൽപന്നങ്ങൾക്ക് വിപണന സൗകര്യം പഞ്ചായത്തിൽ തന്നെ ഏർപ്പെടുത്തുക.
11. കൂൺകൃഷിക്ക് ഈ പഞ്ചായത്തിൽ വളരെയധികം സാധ്യതകളുണ്ട്.

**ഗ്രാമസഭാനിർദ്ദേശങ്ങൾ**

1. ദോബിക്കുളം കുളമാക്കിക്കെട്ടി വെള്ളം സംഭരിക്കണം.

2. നിലവിലുള്ള സർക്കാർ തോടുകൾ നികത്തി ചില ആളുകൾ കൈവവശപ്പെടുത്തിയത് പരിശോധിച്ച് പൂർവ്വ സ്ഥിതിയിലാക്കാനുള്ള നടപടികൾ വേണം.

3. ഇപ്പോൾ നിലവിലുള്ള ചാത്തം ചിറ വയലിൽ (കരിവയലിൽ) നെൽകൃഷി ഏതാണ്ട് സഹകരണ സ്വഭാവത്തിലാണ് നടത്തി വരുന്നത്. അത് അതേ പടി നിലനിർത്തുവാൻ ആവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാവണം.

4. മഞ്ചക്കലിൽ നിന്നും ചാരം ഭാഗത്തേക്കു പോകുന്ന നട ഉയർത്തിക്കെട്ടി അതുവഴി കടക്കുന്ന ഉപ്പുവെള്ളം തടയണം.

5. നിലവിലുള്ള പാത്തികൾ (വി.സി.എ.) റിപ്പയർ ചെയ്യുക.

6. മണ്ണ് പരിശോധന കാര്യക്ഷമമാക്കുക.

7. ചതുപ്പു പ്രദേശങ്ങളിൽ ചെമ്മീൻകൃഷി പ്രോത്സാഹിപ്പിക്കണം.

8. പാത്തിക്കാൽ പാത്തി പുനർ നിർമ്മിക്കണം. ഉപ്പു വെള്ളം കയറുന്നത് തടയണം.

9. മയ്യഴി പുഴയോരം കരിങ്കൽ മതിലുകൾ കെട്ടിയുയർത്തി ഉപ്പുവെള്ളം കയറുന്നത് തടയണം.

10. കുന്നത്തിടത്തിൽ കുളത്തെയാശ്രയിച്ച് മണപ്പുറം വയലിൽ നേരത്തെ വ്യാപകമായ നിലയിൽ പച്ചക്കറി കൃഷി നടത്തിയിരുന്നു. വീണ്ടും പച്ചക്കറികൃഷി പുനരാരംഭിക്കാനാവശ്യമായ സഹായം കൃഷിഭവനിലൂടെ നൽകണം.

11. 50 വീടുകൾ കേന്ദ്രമാക്കി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം. സഹായം നൽകണം. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സഹകരണാടിസ്ഥാനത്തിൽ വിപണനകേന്ദ്രം വേണം.

12. അഴിയൂർ പരദേവതാ ക്ഷേത്രം അനുബന്ധിച്ചുള്ള ചിറ നന്നാക്കിയാൽ നല്ല നിലയിൽ വെള്ളം കിട്ടും. ഒരു പരിധി വരെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.

13. തെങ്ങ്കൃഷിയിൽ കൂമ്പുചീയൽ രോഗത്തിന് നഷ്ടപരിഹാരം കിട്ടുന്നില്ല. അത് പരിഹരിക്കണം.

14. വാർഡ് തോറും എലിനശീകരണം നടത്തുക.

15. അഴിയൂർ പഞ്ചായത്തിലെ മംഗലത്ത് താഴെ പാത്തിക്കൽ വരെ ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് തടയാൻ പാത്തിയുടെ ചീപ്പ് മാറ്റി വെയ്ക്കാനുള്ള നടപടി ഉണ്ടാകണം.

16. ഒന്തത്ത് താഴെ മുതൽകൊല്ലത്ത് താഴെ വരെ കൈത്തോട് നിർമ്മിക്കാൻ പദ്ധതിയുണ്ടാകണം.

17. വണ്ണാറത്തുതാഴെയുള്ള കുളം നന്നാക്കി ജല സേചനത്തിനു ഉപയോഗപ്പെടുത്തുവാൻ നടപടി വേണം.

18. പനാട തോട്, തെങ്ങിനടുക്കോത്ത് തോട്, കൈവയൽ തോട് ഇവ സൈഡ് കെട്ടി നന്നാക്കി ജലസേചനത്തിനുള്ള സൗകര്യം ഉണ്ടാക്കണം. ഉപ്പുവെള്ളം കയറുന്നത് തടയണം.

19. തെങ്ങ് കൃഷിക്ക് കൂമ്പുചീയൽ, കറവാരൽ, മച്ചിങ്ങപ്പൊഴിച്ചിൽ എന്നീ രോഗങ്ങൾ തടയാൻ നടപടി വേണം.

20. കുറ്റ്യാടി കനാലിന്റെ അഴിയൂർ ബ്രാഞ്ച് കനാൽ വാർഡിന്റെ വടക്കുഭാഗത്തേക്ക് കൂടി വ്യാപിപ്പിച്ച് ജലലഭ്യത ഉണ്ടാക്കണം.

21. കാപ്പുഴയുടെ പാത്തി റിപ്പയർ ചെയ്യണം.

22. പഞ്ചായത്തടിസ്ഥാനത്തിൽ മാർക്കറ്റിങ്ങ് സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം.

23. കൊപ്രസംസ്ക്കരണം, വെളിച്ചെണ്ണ മില്ല്, കാലിത്തീറ്റ നിർമ്മാണശാല ഇവയാവശ്യമാണ്.

24. കൃഷി മെച്ചപ്പെടുത്താൻ ജലസേചനം ഒരു പ്രധാന ഘടകമായതുകൊണ്ട് വാർഡിൽ 2 കുളങ്ങൾ കുഴിച്ച് പാതിരിക്കുന്ന് കറപ്പക്കുന്ന് എന്നീ പ്രദേശത്ത് ഓവർഹെഡ് ടാങ്കുകൾ നിർമ്മിച്ച് കൃഷിക്കുപയോഗപ്പെടുത്തുക.

25. കർഷകർക്ക് ഉപകാരപ്രദമായ ഒരു കാർഷിക വിജ്ഞാനകേന്ദ്രം സ്ഥാപിക്കുക.

26. വേനൽക്കാല്തത് കിണറ്റിൽ ഉപ്പുവെള്ളം കയറുന്നത് തടയുക. ചോമ്പാൽ കാപ്പുഴ തോടിൽ വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് തടഞ്ഞ് കൃഷിക്കുപയോഗിക്കാൻ പദ്ധതി നടപ്പിലാക്കുക.

27. കുന്നിൻ പ്രദേശങ്ങളിൽ തെങ്ങ് കൃഷിക്കും മറ്റും ഉപയുക്തമായ രീതിയിൽ ജലസേചന പദ്ധതികൾ നടപ്പിലാക്കുക.

28. കോമത്ത് പുത്തലത്ത് വകയുള്ള കുളം റിപ്പയർ ചെയ്ത് തൊട്ടടുത്ത് പമ്പ് സെറ്റ് സ്ഥാപിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.

29. സെൻട്രൽ മുക്കാളി-കറപ്പക്കുന്നു റോഡുവരെയുള്ള തോട് വീതികൂട്ടി പൂർവ്വസ്ഥിതിയിലാക്കി ജലസേചനത്തിനും കൃഷിക്കും ഉപയുക്തമായ രീതിയിൽ പദ്ധതികൾ നടപ്പിലാകക്കണം.


30. ഔഷധസസ്യങ്ങൾ ഉൾപ്പെടെ നടീൽ വസ്തുക്കൾ കൃഷിഭവൻ വഴി ലഭ്യമാക്കണം.

31. കാപ്പുഴ തോട്ടിലുള്ള പായൽ നീക്കം ചെയ്യണം. തോട് നികത്തി പറമ്പാക്കുന്നത് തടയണം.

32. കുഞ്ഞിപ്പള്ളി താഴെ വയലിൽ നിന്നും പോകുന്ന റോഡ് വീതിയും ആഴവും കൂട്ടി ജലസേചനത്തിനുപയോഗിക്കുക. വയലിൽ ഒരു കീണർ കുഴിച്ച് ജലസേചനത്തിന് ഉപയോഗപ്പെടുത്തുക.

33. വൈശ്യർകുന്ന് ലക്ഷം വീട് കോളനിയിൽ ഉപ്പുവെള്ളം കയറികൃഷി നശിക്കുന്നത് തടയുക.

34. അഴിയൂർ ഹൈസ്ക്കൂളിന് പടിഞ്ഞാറു വശത്തുള്ള നിർക്കെട്ടു പ്രദേശത്തു നിന്ന് നീർക്കെട്ടു തടയുക.



OFFICE OF THE AZHIYOOR GRAMA PANCHAYAT ★

## 5-2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

അഴിയൂർ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ കൃഷിയെ പോലെ തന്നെ ജനങ്ങളുടെ മുഖ്യതൊഴിലായിരുന്നു കന്നുകാലി വളർത്തൽ ആ കാലങ്ങളിൽ വ്യാപകമായി ത്തന്നെ ഉണ്ടായിരുന്നു. നിലം ഉഴുകുന്നതിനും, വണ്ടി വലിക്കുന്നതിനും, പാൽ ഉൽപാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളായിരുന്നു. പശുക്കളെയും, കോഴികളെയും, ആടുകളെയും വളർത്തുക എന്നത് ഒരു ഉപജീവന മാർഗ്ഗമായിത്തന്നെ സ്വീകരിച്ചിരുന്നു.

അന്ന് വയലുകളും, നെൽപാടങ്ങളും, പച്ചപ്പുല്ലും ധാരാളമുണ്ടായിരുന്നത് കൊണ്ട് കന്നുകാലി വളർത്തൽ ഒരു പ്രയാസമായി അനുഭവപ്പെട്ടിരുന്നില്ല. ഇന്നത്തെപോലെ മതിലുകളോ തെങ്ങുകൃഷിയോ ഇല്ലാത്ത വിശാലമായ പറമ്പുകൾ യഥേഷ്ടം ഉണ്ടായിരുന്നു. വണ്ടിക്കാളകളും, നുകം വെച്ച കാളകളും, ഈ പഞ്ചായത്തിലെ പല ഭാഗങ്ങളിലും ഉണ്ടായിരുന്നു എന്നുമാത്രമല്ല ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. വയലുകൾ ഉഴുതു മറിക്കുന്നതിന് നുകം വെച്ചകാളകളെയും, സാധനങ്ങൾ ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് വണ്ടിക്കാളകളെയുമാണ് പ്രയോജനപ്പെടുത്തിയത്. പശു, കാള, എരുമ, ആട് എന്നീ വളർത്തുമൃഗങ്ങളോടൊപ്പം കോഴികളും അന്നുണ്ടായിരുന്നു. എന്നാൽ ഇന്ന് കാളവണ്ടിയുടെയും, കലപ്പയുടെയും ഉപയോഗം പ്രായേണ കുറഞ്ഞു എന്നുമാത്രമല്ല പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു. എരുമകളുടെയും, കാളകളുടെയും കാര്യത്തിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്. സാമ്പത്തിക മേഖലയിൽ വന്ന വളർച്ചയും, പുല്ലിൻെറ ലഭ്യതയിൽ വന്ന കുറവും കാർ ഷിക മേഖലയുടെ വിസ്തീർണം കുറഞ്ഞതും കന്നുകാലി വളർത്തലിൽ നിന്നും ജനങ്ങൾ പിറകോട്ട് പോയി. ഗതാഗതത്തിൽ വന്നിട്ടുള്ള യന്ത്രവൽക്കരണം കാളവണ്ടിയുടെ തിരോധാനത്തിന് ഇടയാക്കി. പാലിൻെറ ലഭ്യതക്കുറവും, പാൽപ്പൊടിയുടെ വരവും കന്നുകാലി വളർത്തലിനെ സാരമായി ബാധിച്ചിട്ടുണ്ട്.

കഴിഞ്ഞ രണ്ട് ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് അന്യൂനമായ വളർച്ചയും വികാസവുമാണ് ഉണ്ടായിട്ടുള്ളത്. പ്രധാനമായും പാലിൻെറ ഉത്പാദനത്തിലും, ഉപഭോഗത്തിലും കൈവരിച്ച വളർച്ച അസൂയാവഹമാണ്. നാടൻ പശുക്കളുടെ ഉത്പാദനം 30 ശതമാനം കൂടിയപ്പോൾ, സങ്കര ഇനങ്ങളിൽ നിന്നുള്ള ഉത്പാദനം 80 ശതമാനത്തോളം ഉയരുകയുണ്ടായി എന്നാണ് കണക്ക്. എന്നാൽ ഈ നേട്ടങ്ങൾ സമൂഹത്തിൻെറ താഴെ തട്ടിലുള്ള സാധാരണ കർഷകർക്ക് ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

അഴിയൂർ പഞ്ചായത്തിൻെറ കാര്യം നോക്കുകയാണെങ്കിൽ എല്ലാംകൊണ്ടും മൃഗപരിപാലനത്തിന് യോജിച്ച ഒരു ഭൂപ്രകൃതിയാണ് പഞ്ചായത്തിനുള്ളത്. പഞ്ചായത്തിൻെറ ഒരു വശം അറബി കടലും, പിന്നെ സമതല പ്രദേശം, പിന്നെ ഉയർന്ന പ്രദേശങ്ങളും. പഞ്ചായത്തിൽ കൃഷിയിടങ്ങൾ ചുരചുരുങ്ങി വരികയാണ്. പഞ്ചയത്തിൻെറ മുൻ കാലങ്ങളിൽ നോക്കിയാൽ 80 ശതമാനത്തോളം നാടൻ പശുക്കളായിരുന്നു. എന്നാൽ ഇന്ന് 99 ശതമാനത്തോളം

സങ്കരയിനവും അത്യുൽപാദനശേഷിയുമുള്ളതുമാണ്. ഇതുകാണിക്കുന്നത് ഇവിടുത്തെ കർഷകർ മൃഗപരിപാലനത്തിന് പ്രത്യേകം താൽപര്യം കാണിക്കുന്നു എന്നതാണ്. ആടുകളുടെ കാര്യം നോക്കിയാൽ മലബാറി ആടുകൾ ധാരാളം ഉള്ള പ്രദേശമാണ് ഈ പഞ്ചയത്ത്. ആടുകളെ വളർത്തിമാത്രം ധാരാളംപേർ ഉപജീവനം കഴിക്കുന്നുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും മുട്ടക്കോഴികളെയും ചില വീടുകഴിൽ ഇറച്ചി കോഴികളെയും വളർത്തുന്നുണ്ട്. പഞ്ചയത്തിൽ ഇന്ന് ആവശ്യം മൃഗസംരക്ഷണ രംഗത്തെ സാങ്കേതിക വിദ്യയുടെ പ്രവർത്തനവും, ജനങ്ങളുടെ പങ്കാളിത്തം സഹായകവും വികസന നടപടികളും, ഒപ്പം കന്നുകാലികൾക്കും, കോഴി കൾക്കും വേണ്ട തീറ്റ ഉൽപാദിപ്പിക്കുന്നതിനുള്ള സംരഭങ്ങളുമാണ്. അതോടൊപ്പം കന്നുകാലി വളർത്തൽ, പാൽ സംഭരണം, തീറ്റ പുൽ ഉൽപാദനം, കന്നുകാലി തീറ്റ, മാംസോൽപാദനം, പാലിൻെറയും മാംസത്തിൻെറയും ശീതീകരണം, വിപണനം, മുട്ടയുടെ ലഭ്യത, കോഴിത്തീറ്റ, കോഴിക്കുഞ്ഞുങ്ങളുടെ ഉൽപാദനം എന്നിവയെല്ലാം സംബ ന്ധിച്ച് ഒരു സമഗ്ര ആസൂത്രണംവേണം അതിനെ പഞ്ചയത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷണം, അദ്ധ്വാനം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹായകമാവുകയും വേണം.

ഇന്ന് അഴിയൂർ പഞ്ചായത്തിലെ പോരായ്മകൾ എന്തെല്ലാമെന്ന് നോക്കാം.

1. നല്ല ഗുണ (ജനിതക ഗുണ) മുള്ള നിലവാരമുള്ള പശുക്കുട്ടികളുടെ ദൗർലഭ്യം.

2 ഗുണമേന്മയുള്ള തീറ്റ പുല്ലുകളും അവയുടെ വിത്തുകളും, സ്ലിപ്പ്സ്കളും.

3 കർഷകർക്ക് ആവശ്യാനുസരണം വിലക്കുറവും എന്നാൽ ഗുണമേന്മയുമുള്ള പോഷകാഹാരം.

4. ഉൽപന്നങ്ങളുടെ വിപണനം.

5. ആധുനിക രീതിയിലുള്ള അറവുശാല പഞ്ചായത്തിനില്ല.

6 മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യമില്ല.

മേൽ പറഞ്ഞ പോരായ്മകൾ പരിഹരിക്കുവാൻ ആസൂത്രിതമായ പദ്ധതികൾ ആവശ്യമാണ്.

## 1. കന്നുകുട്ടി പരിപാലന പദ്ധതി

ഉയർന്ന ജനിതക ഗുണമുള്ള പശുകുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള അന്തരം കുറ

**വളർത്തുമൃഗ സംഖ്യ പട്ടിക - 1**

| നമ്പർ | കാള (നാടൻ) | | കാള (സങ്കരം) | | പശു (നാടൻ) | | പശു (സങ്കരം) | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവുള്ളവ | കറവില്ലാത്തവ | കറവുള്ളവ | കറവില്ലാത്തവ | കറവുള്ളവ | കറവില്ലാത്തവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | 75 | | 47 | | 999 | 592 | 355 | 716 | 5 | 4 | 1 | 1140 | 213 |

**വളർത്തു പക്ഷി സംഖ്യ പട്ടിക - 2**

| നമ്പർ | പൂവകോഴ | പിടക്കോഴി | | താറാവ് | | മറ്റു |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | മറ്റുള്ളവ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | 4703 | 488 | | 32 | |

**കൃത്രിമ ബീജ സങ്കലനം - പട്ടിക - 3**

| വളർത്തുമ ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു കിടാരി | 2712 | 1186 | 136 |
| എരുമ | 4 | 4 | |

യ്ക്കുക. ആദ്യപ്രസവം 30ാം മാസത്തിൽ സാധ്യമാക്കുക. ഗുണമേന്മയുളള കാലിത്തീറ്റകൾ പകുതി വിലക്ക് നൽകി കർഷകരെ സഹായിക്കുക. പ്രതിരോധ കുത്തിവെയ്പുകളും, വിര മരുന്നുകളും പകുതി വിലയ്ക്ക് നൽകുക. തെരെഞ്ഞെടുത്ത പശുക്കുട്ടികൾക്ക് ഇൻഷുറൻസ് സംരക്ഷണം നൽകുക. ഇത്തരം കാര്യങ്ങൾ ചെയ്താൽ നല്ലയിനം പശുക്കളെ കർഷകർക്ക് ലഭിക്കും. കന്നുകാലികളെ തെരെഞ്ഞെടുക്കുമ്പോൾ ഇനത്തിലും പ്രായത്തിലും പ്രത്യേക നിഷ്കർഷത പാലിക്കണം. 3 മാസം കൂടുമ്പോൾ പ്രത്യേക ആരോഗ്യ പരിശോധന നടത്തിയിരിക്കണം.

## 2. തീറ്റപ്പുൽ കൃഷി

പഞ്ചായത്തിലെ ഉപയോഗ്യശൂന്യമായ സ്ഥലങ്ങളിലും, വ്യക്തികളുടെ കൈവശ ഭൂമിയിലും തീറ്റപ്പുൽ കൃഷി ചെയ്യാവുന്നതാണ്. കർഷകർ കൃഷി ചെയ്ത തീറ്റപുല്ല് പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് ആവശ്യക്കാർക്ക് മിതമായ നിരക്കിൽ നൽകാവുന്നതാണ്. ഇതുകൊണ്ട് ഇടനിലക്കാരെ ഒഴിവാക്കാം. മാത്രമല്ല കർകർക്ക് ന്യായമായ വേതനം കിട്ടുകയും ചെയ്യും.

തീറ്റപ്പുൽ വിത്തുകൾ പഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യുവാൻ പറ്റും. കർഷകർക്ക് വിത്തുകൾ തെങ്ങിൻ തോപ്പിലും വളർത്താം. കാലികളുടെ ചാണകവും, മൂത്രവും വെളളം ചേർത്ത് വളമായി ഉപയോഗിക്കാം.

## 3. കാലിത്തീറ്റ നിർമ്മാണം

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് നല്ല കാലിത്തീറ്റ നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ പറ്റും. അതിനായി പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് നടപ്പിൽ വരുത്തുക. ഇവിടെ നിന്നും കാലിത്തീറ്റ കുറഞ്ഞ നിരക്കിലോ സബ്സിഡിയിലോ കർഷകർക്ക് നൽകാം. വിഭവങ്ങളായി തേങ്ങ, ചക്കക്കുരു, പുളിങ്കുരു, മരക്കിഴങ്ങ് (കപ്പ), ഉണക്ക മത്സ്യം എന്നിവ ഉപയോഗിക്കാം.

## 4. സഹകരണ അടിസ്ഥാനത്തിൽ ശേഖരണവും വിപണനവും

കർഷകർ ഉൽപാദിപ്പിക്കുന്ന പാല്, മുട്ട, ഇറച്ചി എന്നിവ സഹകരണ സൊസൈറ്റികൾ ശേഖരിച്ച് വിപണനം ചെയ്താൽ കർഷകർക്ക് ആദായവും ന്യായവിലയും ലഭിക്കും. മാത്രമല്ല ഒരു ഇടനിലക്കാരൻെറ ആവശ്യം വരുന്നില്ല. ഇതുകാരണം കർഷകർ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുന്നു. ഉൽപാദിപ്പിക്കപ്പെടുന്ന പാലിൻെറയും മുട്ടയുടെയും അടിസ്ഥാനത്തിൽ സമ്മാനങ്ങളും പ്രോത്സാഹനങ്ങളും നൽകുക. ഇതിനായി പഞ്ചായത്തിൽ ഒരു സഹകരണ സൊസൈറ്റി രൂപീകരിക്കുക.

## 5 - മാംസ ഉൽപാദനം

ഇന്ന് പഞ്ചായത്തിൽ തികച്ചും അനാരോഗ്യകരമായ രീതിയിലാണ് മാംസം ഉൽപാദിപ്പിക്കുന്നത്. രോഗബാധിതരായ കാലികളെ യാതൊരു നിയന്ത്രണവുമില്ലാതെ യഥേഷ്ടം കത്തിക്കിരയാക്കുന്ന പ്രവണതയാണ് കാണുന്നത്. ഇതൊഴിവാക്കാനായി നല്ലരീതിയിൽ നടത്താവുന്ന ഒരു ആധുനിക രീതിയിലുളള അറവു ശാല തികച്ചും പഞ്ചായത്തിന് അനിവാര്യമാണ്.

## 6 - സേവന മേഖല മെച്ചപ്പെടുത്തുക

മൃഗാശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക വഴി ആധുനിക രീതിയിലുളള ചികിത്സാമുറകളും സൗകര്യങ്ങളും കർഷകർക്ക് ലഭ്യമാക്കാവുന്നതാണ്. ആശുപത്രികളിൽ ഫോൺ, ആംബുലൻസ്, ക്ലിനിക്കൽ എക്സാമിനേഷൻ, ഡയഗ്നോസ്റ്റിക്ക് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക. മൃഗാശുപത്രിയിലെ ജീവനക്കാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സ് ഉപയോഗപ്പെടുത്തുക.

## പദ്ധതികൾ

1. ഉൽപാദന മേഖല

a) ഡയറി യൂണിറ്റ്സ് ( പശു വളർത്തൽ)

പഞ്ചായത്തിൽ താൽപര്യമുളള കർഷകരെ തെരെഞ്ഞെടുത്ത് അവർക്ക് ഡയറി യൂണിറ്റുകൾ തുടങ്ങുവാനുളള നിർദ്ദേശങ്ങൾ നൽകാം. ഒരു പശു മാത്രം, രണ്ട് പശുക്കളുടെ യൂണിറ്റ് എന്നിവയാണ് കർഷകർക്ക് എളുപ്പം നടത്താൻ കഴിയുന്നവ.

b)മിനി ഡയറി യൂണിറ്റ്

ഇതിന്നാവശ്യം നാല് പശുക്കളാണ്. താൽപര്യമുളളവർ പശു വളർത്തൽ ഉപജീവന മാർഗ്ഗമായി തെരെഞ്ഞെടുത്തവരായിരിക്കണം നടത്തേണ്ടത്.

ആടുവളർത്തൽ

പഞ്ചായത്തിൽ നല്ല രീതിയിൽ വളർത്താൻ ഉദ്ദേശിക്കുന്ന ഒരു ആട് വളർത്തൽ കേന്ദ്രം രൂപീകരിച്ചാൽ ആവശ്യമുളള കർഷകർക്ക് ആട്ടിൻ കുട്ടികളെയും, ആടുകളെയും വിതരണം ചെയ്യാം.

ആടുവളർത്തുന്നവർ വളരെ ഗൗരവമായി കണക്കിലെടുത്താൽ മാത്രമെ ലാഭകരമായി നീങ്ങുവാൻ കഴിയുകയുളളു. പഞ്ചായത്ത് വഴിയോരങ്ങളിൽ പ്ലാവ് വെച്ചു പിടിപ്പിച്ചാൽ ആടുവളർത്തുന്നവർക്കായി പ്ലാവില നൽകുവാൻ പഞ്ചായ

ത്തിന് കഴിയും. പ്ലാവില വെട്ടൽ കുറച്ച് യുവാക്കൾക്ക് തൊഴിലാവുകയും ചെയ്യും.

ഇറച്ചിക്കോഴി വളർത്തൽ

യൂണിറ്റുകൾ 1 ഇരുനൂറ്റി അമ്പത് കോഴികളെ, 2 അഞ്ഞൂറ് കോഴികളെ വളർത്തുന്ന യൂണിറ്റുകൾ എന്നിവ. 250 കോഴികളെ ഒരു ഷെഡിൽ വളർത്തുന്നതിന് ആകെ ചെലവ് 23700 രൂപയും, 500 എണ്ണം 42800 കയും ആവശ്യമായി വരും. ഓരോ കോഴിക്കും ഒരു ച. അടി എന്ന തോതിൽ ഫ്ലോർ സ്പേസ് ആവശ്യമാണ്. ആകെ വളർത്തേണ്ട കാലം എട്ടാഴ്ചയാണ്. ശരിയായ രീതിയിൽ വാക്സിനേഷൻ നടത്തിയും, നല്ല മാനേജ്മെൻറും ആയാൽ വളരെ ലാഭകരമായി പഞ്ചായത്തിൽ ഈ യൂണിറ്റ് നടപ്പിൽ വരുത്താം.

ഇതേപോലെ മുട്ടക്കോഴികളുടെ യൂണിറ്റ് പഞ്ചായത്തിൽ നടത്താം.

മേൽപറഞ്ഞ യൂണിറ്റുകളെല്ലാം പഞ്ചാത്ത് ചെലവിൽ നടത്തിയാൽ പഞ്ചായത്തിൻെറ സാമ്പത്തിക നിലമെച്ചപ്പെടുത്തുവാനും , പാല്, മുട്ട, മാംസം എന്നിവ ജനങ്ങൾക്ക് കുറഞ്ഞ വിലക്ക് ലഭ്യമാക്കുവാനും കഴിയും.

വീടുകളിലെ കോഴി വളർത്തൽ

ഓരോ വീട്ടിലും 10 മുട്ടക്കോഴികൾ വീതം വളർത്തിയാൽ ആ പഞ്ചായത്തിൽ പുറമെനിന്നും മുട്ട വാങ്ങ ണ്ടി വരില്ല. മാത്രമല്ല ജനങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുക യും, വീട്ടമ്മമാർക്ക് ഒരു തൊഴിലുണ്ടാവുകയും ചെയ്യും.

60 ദിവസം പ്രായമായ 10 കോഴിക്കുട്ടികളെയാണ് നൽകേണ്ടത്. ഓരോന്നും സബ്സിഡി നിരക്കിൽ നൽകാം ഉൽപാദിപ്പിക്കുന്ന മുട്ടകൾ അവരവരുടെ ആവശ്യം കഴിച്ചുളളവ പഞ്ചായത്ത് ശേഖരിക്കുകയും സഹകരണാടിസ്ഥാനത്തിൽ വിപണനം നടത്തുകയും വേണം.

താറാവ് കൃഷി

ഒരുമാസം പ്രായമായ താറാവു കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ നൽകി വീട്ടുവളപ്പിലെ താറാവ് കൃഷി വിപുലീകരിക്കുവാൻ കഴിയും. വീടിൻെറ പരിസരത്ത് വെളളം കെട്ടി നിൽക്കുന്ന സ്ഥലങ്ങൾ താറാവ് കൃഷിക്ക് വളരെ അനുയോജ്യമാണ്.

ബോധവൽക്കരണവും ട്രെയിനിംഗും

പഞ്ചായത്തിൽ മാസംതോറും കർഷകർക്ക് ബോധവൽക്കരണ ക്ലാസ്സും ഓരോ മേഖലയിലായി പ്രത്യേകം ട്രെയിനിഗും നൽകാവുന്നതാണ്. അതിനായി ഓരോ ട്രെയിനിഗ് സെൻററുകൾ പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്. ഇവിടെ വെച്ച് അവർക്ക് നേരിടുന്ന പ്രശ്നങ്ങളും അവയ്ക്ക് പരിഹാരങ്ങളും നൽകുവാനും കഴിയും.

പേ വിഷബാധ നിർമ്മാർജന പദ്ധതി

ഘട്ടം ഘട്ടമായി പേ വിഷബാധ പഞ്ചായത്തിൽ നിന്നും നിർമാർജ്ജനം ചെയ്യുക. പോഷണത്തിനെതിരെയുളള വാക്സിൻ വിലയ്ക്കോ മുഴുവൻ ഫ്രീ ആയോ വിതരണം ചെയ്യുക. അലയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കി ലൈസൻസ് എടുക്കുകയും ചെയ്യുക. ഇത് വളരെ കർശനമായിരിക്കണം.

പേ വിഷബധ - പ്രതിരോധവും പികിത്സയും

പട്ടിക - 3

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുളളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെപ്പ് നടത്തിയ മൃഗങ്ങളുടെ എണ്ണം | | | | 106 | | |
| കടിയേറ്റതിനുശേഷം കുത്തിവെപ്പ് നടത്തിയ മൃഗങ്ങളുടെ എണ്ണം | 2 | | | 2 | | |

ഇത്തരം നടപടികൾ വിശാലപ്രദമാക്കുവാൻ ജനങ്ങളെ ബോധ വൽക്കരിക്കുക. പഞ്ചായത്തു തലത്തിൽ സെമിനാറുകൾ, ശ്വാന പ്രദർശനങ്ങൾ, ക്വിസ് പ്രോഗ്രാം മുതലായവ നടത്തുക.

ക്ഷീരവികസനവകുപ്പ്

വടകര തോടന്നൂർ ബ്ലോക്കുകളിലെ ക്ഷീരവികസന വകുപ്പിൻെറ ഓഫീസ് പ്രവർത്തിക്കുന്നത് ചോറോട് ഗ്രാമ പഞ്ചായത്തിലാണ്. ഇവിടെ ഇപ്പോൾ ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഒരു എൽ. ഡി. ക്ലാർക്ക്, ഒരു ശിപായി എന്നിവരുണ്ട്. അഴിയൂർ ഗ്രാമ പഞ്ചായത്തിലെ ക്ഷീരോൽപന്ന വിപണന യൂണിറ്റ് ചോമ്പാൽ പാൽ വിതരണ സഹകരണ സംഘമാണ്. ഇതിൻെറ പ്രവർത്തനമേഖല അഴിയൂർ പഞ്ചായത്തും ഏറാമല പഞ്ചായത്തിലെ 33ാം വാർഡുമാണ്. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മറ്റ് ഭാഗങ്ങളിൽ കൂടി സഹകരണസംഘങ്ങൾ ഉയർന്നു വരേണ്ടതാണ്.

## പ്രശ്നങ്ങൾ

1. കാലിത്തീറ്റ ആദായ വിലയിൽ ലഭക്കുന്നില്ല

2. ക്ഷീര വിപണനത്തിനുള്ള സൗകര്യം കുറവാണ്.

3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യപ്തമാണ്.

4. കോഴിത്തീറ്റ ചെറിയ വിലക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടക്കോഴികളെ ലാഭകരമായി വളർത്തുവാൻ കഴിയുന്നില്ല.

5. ഇറച്ചിക്കോഴി വളർത്തലിനും, മുട്ടക്കോഴി വളർത്തലിനു വേണ്ടുന്ന സംരക്ഷണവും, പ്രോത്സാഹനവും ലഭിക്കുന്നില്ല.

6. പേപ്പട്ടി ശല്യം അനുഭവപ്പെടുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ആഴ്ചയിൽ ഒരു ദിവസം വാർഡുകളിലെ പ്രധാന കേന്ദ്രങ്ങളിൽ പശുക്കളെയും മറ്റു മൃഗങ്ങളെയു പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

2. ഗോബർ ഗ്യാസ് പ്ലാൻറിന് സാധ്യതയുണ്ട്.

3. കോഴി വളർത്താൻ താൽപര്യമുള്ള കുടുംബങ്ങൾക്ക് കോഴിക്കൂട് കെട്ടാനുള്ള സൗകര്യം നൽകുക.

4. മുയൽ വളർത്തുകേന്ദ്രം തുടങ്ങുവാൻ താൽപര്യമുള്ളവർക്ക് സഹായം നൽകുക.

5. താൽപര്യമുള്ള കുടുംബങ്ങൾക്ക് കോഴികൾ, കോഴി കൂടുകൾ എന്നിവയ്ക്ക് വേണ്ടി വരുന്ന സാമ്പത്തിക സഹാ യം നൽകി കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുക.

6. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളെ അറിയിക്കുവാനുള്ള സംവിധാനമുണ്ടാക്കുക.

7. പശുക്കൾക്ക് ആല നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സാഹായം നൽകുക.

8. സ്ത്രീകൾ ഇറച്ചക്കോഴി വളർത്ത് കേന്ദ്രം തുടങ്ങുക.

## സാധ്യതകൾ

1. പശു, ആട്, കോഴി എന്നിവ വാങ്ങുമ്പോൾ സാമ്പത്തിക സഹയം നൽകുക.

2. രോഗപ്രതിരോധ നടപടികൾ കാര്യക്ഷമമാക്കുക.

3 ഇറച്ചിക്കാഴി വളർത്തുന്ന യൂണിറ്റിന് സാമ്പത്തിക സഹായം നൽകുക

4. പാൽ സംഭരണ വിതരണത്തിന് കൂടുതൽ സൗകര്യങ്ങൾ

5. പുല്ലു വളർത്തലിന് സ്വകാര്യ വ്യക്തികൾക്ക് സാമ്പത്തിക സഹായം.

6. ഗോബർ ഗ്യാസ് പ്ലാൻേറഷൻ സ്ഥാപിക്കുക.

7. അത്യൽപാദന ശേഷിുള്ള കാലികളെ വാങ്ങാൻ സാമ്പത്തിക സഹായം.

## മത്സ്യബന്ധനം

അഴിയൂർ പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗം അറബിക്കടലും, വടക്ക് കിഴക്കുഭാഗം മയ്യഴി പുഴയുമാണ്. ഏകദേശം 5. കി. മി. ദൈർഘ്യമുള്ള കടലോരവും അത്രതന്നെ ദൈർഘ്യവുമുള്ള ഒരു തീരദേശ പഞ്ചായത്താണ്. വളരെയധികം ജനങ്ങൾ കടലിനെയും പുഴയെയും ആശ്രയിച്ച് കഴിയുന്നവരാണ്. മത്സ്യബന്ധനം ഈ പ്രദേശത്തുകാരുടെ ഒരു പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ്. തെക്കെ ചോമ്പാലിൽ ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന മിനി ഫിഷിംഗ് ഹാർബർ മത്സ്യബന്ധനത്തിൻെറ സാധ്യതകൾ വളരെയധികം വർദ്ധിപ്പിക്കുന്നു.

പഞ്ചായത്തിലെ പരമ്പരാഗത മത്സ്യബന്ധന രീതികൾക്ക് വളരെയധികം മാറ്റം വന്നിട്ടുണ്ട്. പണ്ടുകാലങ്ങളിൽ ഈ പ്രദേശത്ത് ചവിട്ടു വലകളാണ് വ്യാപകമായി ഉപയോഗിച്ചിരുന്നത്. തോണിയിൽ പോയി കടലിൽ വലയിറക്കി കരയിൽ നിന്ന് വലിച്ചെടുത്ത് മീൻ പിടിക്കുന്ന സമ്പ്രദായമാണിത്. ഈ സമ്പ്രദായം ഇന്ന് വളരെ ചെറിയതോതിൽ മാത്രമെ ഉപയോഗിച്ചു വരുന്നുള്ളു. കടലിൽ പോയി വള്ളങ്ങൾ കൂട്ടമായി മീൻ പിടിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇപ്പോൾ രണ്ടു മൂന്നും വള്ളങ്ങൾ കടലിൽ പോയി മീൻപിടിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഫൈബർ തോണിയിലെ വലയും എൻജിനും ഉപയോഗിച്ച് കടലിൽ കഴിയാവുന്ന ദൂരത്തിൽ പോയി മത്സ്യബന്ധനം നടത്തുകയാണ് ചെറുതോണികളും വലയും ഉപയോച്ച് മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളും വിരളമല്ല.

പണ്ടുകാലങ്ങളിൽ ഉണ്ടായിരുന്ന പലതരത്തിലുള്ള പല മത്സ്യങ്ങളും ഇന്ന് കാണാനില്ല. ലഭിക്കുന്നവതന്നെ വളരെ കുറവാണ്. ചാകര കണ്ടുവന്നിരുന്ന പ്രദേശങ്ങളിൽ പ്രധാനമാണ് ചോമ്പാൽ. മുമ്പ് സുലഭമായി ലഭിച്ചിരുന്ന മത്തി, അയല, മാന്തൾ, മുള്ളൻ, ചെമ്മീൻ, നെത്തൽ തുടങ്ങിയ പലതരം മത്സ്യങ്ങളും ഇപ്പോൾ വളരെ കുറവായെ ലഭിക്കുന്നുള്ളു.

ഇതൊക്കെയാണെങ്കിലും മത്സ്യത്തിൻെറ വിലയിൽ ഉണ്ടായ വർദ്ധനവ്, ഇത്തത്തെ മത്സ്യ വിപണന രീതിയും മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തിയിട്ടുണ്ട്. 5 വർഷം മുമ്പുവരെ ദല്ലാളൻമാരുടെയും, മറ്റും ആധിപത്യത്തിലായിരുന്നു മത്സ്യബന്ധനം നടത്തിയിരുന്നെതെങ്കിലും ഇന്ന് മത്സ്യം ലേലം ചെയ്ത് വിൽ ക്കുന്ന രീതിയാണ് നിലവിലുള്ളത്. ഈ രീതി മത്സ്യത്തൊഴിലാളികൾക്ക് വളരെയേറെ ഗുണകരമാണ്.

പഞ്ചായത്തിലെ മത്സ്യമേഖലയെ അഴിയൂർ ചോമ്പാൽ എന്നിങ്ങനെ രണ്ടായി തരം തിരിക്കാം. ഈ രണ്ടു മേഖലകളിലും കൂടി 763 മത്സ്യത്തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ റജിസ്റ്റർ ചെയ്തിട്ടുണ്ട്.

### മത്സ്യബന്ധനം പട്ടിക - 1

| വാർഡ് | കടൽ മത്സ്യം | | | | | ഉൾനാടൻ മത്സ്യം | | മത്സ്യബന്ധന ഉപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|
| | മത്സ്യബന്ധന തൊഴിലാളികൾ | | മറ്റുതൊഴിലാളികൾ | | | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | യന്ത്രവൽകൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ചനാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
| | മുഖ്യ തൊഴിൽ | ഭാഗിക തൊഴിൽ | മത്സ്യ വിപണനം | വല നന്നാക്കൽ | മത്സ്യ സംസ്കരണം | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| അഴിയൂർ | 307 | | 52 | 20 | 15 | | | | 150 | 20 |
| ചോമ്പാൽ | 456 | | 30 | 45 | 25 | | | | 170 | 45 |
| ആകെ | 763 | | 82 | 65 | 40 | | | | 320 | 65 |

അനുബന്ധമേഖലകളായ മത്സ്യവിപണനം സംസ്കരണം പ്രാദേശിക വിൽപനകളും തുടങ്ങിയ രംഗങ്ങിൽ ധാരാളം തൊഴിലാളികൾ ജോലിയ്യെുത്തുണ്ട്. അഴിയൂർ പഞ്ചായത്തിൽ 1,8,9,10,11 എന്നീ വാർഡുകളിൽ കൂടുതലായും 2ാം വാർഡിൽ ഭാഗികമായും മത്സ്യത്തൊഴിലാളികളാണ് താമസിക്കുന്നത്. സ്വന്തമായ വലയും വള്ളവും ഉപയോഗിച്ചും മറ്റുള്ളവരുടെ വള്ളങ്ങളിൽ പോയും ജോലി ചെയ്യുന്നവരാണ് കൂടുതലും. കൂട്ടമായി വള്ളവും വലയും വാങ്ങി മത്സ്യബന്ധനം നടത്തുന്നവരുമുണ്ട്.

കേരള ഫിഷറീസ് ഡിപ്പാർട്ടമെൻറ്, മത്സ്യഫെഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങളും ധനസഹായങ്ങളും ലഭിച്ചു വരുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഗവർമെൻറ് പല പദ്ധതികളും നടത്തി വരുന്നുണ്ട്.

മത്സ്യഫെഡിൽ കൂടിയുള്ള സാമ്പത്തിക സഹായം

മത്സ്യബന്ധനോപകരണങ്ങളായ വല, വള്ളം, എൻജിൻ തുടങ്ങിയവ വാങ്ങാനുള്ള സാമ്പത്തിക സഹായം ലഭിച്ചു വരുന്നത് മത്സ്യഫെഡിൻെറ കീഴിലുള്ള സഹകരണ സംഘങ്ങളിൽ നിന്നാണ്. തൊഴിൽ ഉപകരണൾ വാങ്ങുന്നത് 3 മുതൽ 25 വരെയുള്ള ആണുങ്ങൾക്ക് 50000 രൂപ മുതൽ 4ലക്ഷം രൂപവരെ സാമ്പത്തിക സഹായം നൽകുത്തുണ്ട്. 3 വർഷം കൊണ്ട് തിരിച്ചടക്കേണ്ട ഈ തുകയുടെ 25 ശതമാനം സബ്സിഡി ലഭക്കുന്നുണ്ട്. 14¼ ശതമാനമാണ് പലിശ. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർ.

1. അഴിയൂർ
2. ചോമ്പാൽ

സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിനുവേണ്ടി മത്സ്യഫെഡിലൂടെ സർക്കാർ ഓഹരി മൂലധനമായി 10000 X 3 30000 ക ലഭിക്കുന്നുണ്ട്. സഹകരണ സംഘങ്ങളിൽ കൂടിയാണ് പദ്ധതിക്ക് രൂപം നൽകി വരുന്നത്.

SC / ST തൊഴിലാളികൾക്ക് സൗജന്യമായി തൊഴിൽ ഉപകരണങ്ങൾ നൽകിവരുന്നുണ്ട്.

### ഫിഷറീസ് വകുപ്പിൽ നിന്നുള്ള സാമ്പത്തിക സഹായം

1. സമ്പാദ്യ ആരോഗ്യ പദ്ധതി

മത്സ്യ തൊഴിലാളിയായി രജസ്റ്റർ ചെയ്തിട്ടുള്ള ഓരോ തൊഴിലാളികൾക്കും ഇതിൻെറ ആനുകൂല്യം ലഭിക്കും. ജൂലായ് മാസം മുതൽ 8 മാസം കൃത്യമായി 45ക പ്രകാരം അടയ്ക്കുന്ന ആൾക്ക് ആ സംഖ്യയുടെ മൂന്നിരട്ടി അടുത്ത നാലു മാസങ്ങളിൽ ഗഡുക്കളായി തിരിച്ചുകൊടുക്കുന്നു.

2. ഭവന നിർമ്മാണ പദ്ധതി

മത്സ്യത്തെഴിലാളിയായി റജിസ്റ്റർ ച്ചെിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വെയ്ക്കുന്നതിന് 35000ക ലഭിക്കുന്നു. ഇതു കൂടാതെ 2000ക സബസിഡി അനുവദി ച്ചു കൊണ്ട് 15000ക ലോണും നൽകുന്നുണ്ട്.

## ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി

ഫിഷറീസ് വകുപ്പിൻെറ കീഴിലുള്ള സൊസൈറ്റിയിൽ മെമ്പർമാരായിട്ടുള്ള തൊഴിലാളികൾ കൊല്ലത്തിൽ 15ക അടച്ചാൽ അപകടമരണം സംഭവിച്ചാൽ കുടുംബത്തിന് 1 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

**3. മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ.**

പട്ടിക - 2

| നമ്പർ | പദ്ധതികൾ | ആനുകൂല്യം |
|---|---|---|
| 1 | ഹൃദയ ശസ്ത്രക്രിയക്ക് വിധേയമാകുന്ന മത്സ്യ തൊഴിലാളികൾ | 25000.00 |
| 2 | വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ | 25000.00 |
| 3 | ക്യാൻസർ ചികിത്സക്ക് വിധേയരാകുന്നവർക്ക് | 25000.00 |
| 4 | തളർവാതം മൂലം കിടപ്പിലാകുന്നവർക്ക് | 12000.00 |
| 5 | ചികിത്സിച്ച് ഭേദമാക്കുവാൻ പറ്റുന്ന രോഗങ്ങൾക്ക് | 5000.00 |
| 6 | ക്യാൻസർ രോഗികൾക്കും, മാറാത്ത മാന സിക രോഗികൾക്കും മാസാന്ത പെൻഷൻ | 100.00 |
| 7 | ഗുരുതരമായ മന്ത് രോഗം വന്നവർക്കുള്ള പെൻഷൻ | 100.00 |

ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ

1. മത്സ്യ തൊഴിലാളി ക്ഷേമ നിധയിൽ അംഗമായിരിക്കണം
2. മത്സ്യ തൊഴിലിൽ5 വർഷത്തെ പരിചയം.
3. 10 വർഷമായി കേരളത്തിൽ സ്ഥിര താമസം.
4. വാർഷിക വരുമാനം 15000ക കവിയരുത്.
5. 23 നും 50 വയസ്സിനും ഇടയിൽ പ്രായ പരിധി ഉള്ളവരായിരിക്കണം.
6. രോഗത്തെ സംബന്ധിച്ച് ഗവൺമെൻറ് ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

മത്സ്യ തൊഴിലാളികൾക്ക് വീട് വെക്കുന്നതിനുള്ള സാമ്പത്തിക ആനുകൂല്യം വളരെ പരിമിതമാണ്. വീടുവെച്ചു കൊടുക്കുവാൻ ഗവർമെൻറ് തന്നെ ആവശ്യമായ നടപടികൾ എടുക്കേണ്ടതാണ്. കടൽ തീരത്തുനിന്ന് 500 മീറ്ററിനുള്ളിൽ കെട്ടിടം നിർമ്മാണം പാടില്ല എന്ന നിയമം ഭേദഗതി ചെയ്യുകയോ പിൻവലിക്കുകയോ വേണം. ഈ നിയമം മത്സ്യ തൊഴിലാളികളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഈ പഞ്ചായത്തിൽ ആകെയുള്ള ഒരു ഫിഷർമെൻ കോളനി സ്ഥിതി ചെയ്യുന്നത് തൈക്കെ ചോമ്പാലിലാണ്. ഇത് ഇരട്ടവീട് സമ്പ്രദായമായതുകൊണ്ട് ഇവിടെ താമസിക്കുന്നവർ ഇതിൻെറ പ്രയാസം അനുഭവിച്ചു വരുന്നു. മത്സ്യ തൊഴിലാളികൾക്ക് താമസിക്കുന്നതിന് കൂടുതൽ കോളനികൾ കണ്ടെത്തുകയും വീട് വെക്കുന്നതിന് കൂടുതൽ ധനസഹായം നൽകുകയും വേണം. കടലോര പ്രദേശത്താണ് മത്സ്യ തൊഴിലാളികൾ തിങ്ങി താമസിക്കുന്നത്. 8ാം വാർഡിലുള്ള കുടിൽ ഏരിയയും 10, 11, 1 വാർഡുകളിലുള്ള കോളനികളും ഇതിനുദാഹരണങ്ങളാണ്. മത്സ്യ തൊഴിലാളികളുടെ രൂക്ഷമായ പാർപ്പിട പ്രശ്നത്തിന് കാര്യമായ പരിഹാരം ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവയുടെകാര്യത്തിലും വളരെ പിന്നോക്കാവസ്ഥയിലണ്. മത്സ്യ തൊഴിലാളികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെട്ടിട്ടില്ല. അതുപോലെ തന്നെ ഉന്നതവിദ്യഭ്യാസ രംഗത്തേക്ക് ഈ വിഭാഗത്തിൽനിന്നും കുട്ടികൾ പരിമിതമായേ ഉയർന്നുവന്നിട്ടുള്ളു. പഞ്ചായത്തിൻെറ 5 കി. മി, നീളം വരുന്ന കടൽ തീരത്തിൽ 3 കി. മി. നീളം മാത്രമേ കടൽ ഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളു. 650 മി. നീളത്തിൽ കടൽ ഭിത്തി കെട്ടനുള്ള നീക്കം നടന്നുവരുന്നു. നിലവിലുള്ള ഭിത്തികൾ തന്നെ സമയാസമയങ്ങളിൽ അറ്റകുറ്റ പണി നടത്താത്തതുകൊണ്ട് പലസ്ഥലങ്ങളിലും വീടിനും സ്വത്തിനും നാശനഷ്ടങ്ങൾ നേരിടുന്നു. (പട്ടിക - 3)

## മിനി ഫിഷിംഗ് ഹാർബർ

വർഷങ്ങളുടെ ശ്രമഫലമായാണ് ചോമ്പാലിൽ ഒരു മിനി ഫിഷിംഗ് ഹാർബർ അനുവദിച്ചു കിട്ടിയത്. ഇപ്പോൾ ഇതിൻെറ പണി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ നീങ്ങുന്നത് വളരെ മന്ദഗതിയിലാണ്. ഇതിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തുകയും പൂർത്തീകരിക്കുകയും ചെയ്യണം ഇത് സഫലീകൃതമാകുന്നതോടുകൂടി മത്സ്യബന്ധനത്തിന് കൂടുതൽ സഹായകരമായിരിക്കും. മാത്രമല്ല സാധ്യതകൾ വർദ്ധിക്കുകയും ചെയ്യും.

## സാങ്കേതിക വിദ്യകളിൽ വന്ന മാറ്റം

സാങ്കേതിക വിദ്യകളിൽ വലിയ ഒരു മാറ്റം വന്നു എന്നു ഫരയുക സാധ്യമല്ല. നൂൽകൊണ്ടുള്ള വലയുടെ സ്ഥാനത്ത് ഫൈബർ വലയും, മരംകൊണ്ടുള്ള വള്ളത്തിന് പകരം ഫൈബർ തോണിയുമാണ് ഉപയോഗിക്കുന്നത്. വിലക്കുറവ്, ഭാരക്കുറവ്, കൂടുതൽ വേഗത എന്നീ ഗുണങ്ങൾ ഉള്ളതുകൊണ്ട് ഫൈബർ തോണികളോടാണ് കൂടുതൽ

താൽപര്യം. വള്ളങ്ങൾ തുഴഞ്ഞുപോയി മത്സ്യബന്ധനം നടത്തിയതിനു പകരം ഇന്ന് എൻജിൻ ഘടിപ്പിച്ച വള്ളങ്ങളാണ് അധികവും. ഇതുകൊണ്ട് ഏറെക്കൂടുതൽ കുറേക്കൂടി ദൂരങ്ങളിലേക്ക് പോകുവാനും മത്സ്യബന്ധനം നടത്തുവാനും സാധിക്കുന്നുണ്ട്. അദ്ധ്വാനശേഷിയിൽ കുറവു വന്നിട്ടുണ്ടെങ്കിലും ചിലവ് കൂടിവന്നിട്ടുണ്ട്. ദൂരെപോയി മത്സ്യബന്ധനം നടത്തുന്നതുകൊണ്ടുതന്നെ മത്സ്യ തൊഴിലാളികൾക്ക് അവരുടെ സംരക്ഷണത്തിന് ആധുനിക ഉപകരണങ്ങൾ ആവശ്യമായി വന്നിട്ടുണ്ട് വ്യക്തമായി ദിക്കുകൾ അറിയുന്നതിനും സ്ഥലം മനസ്സിലാക്കുന്നതിനും കരയുമായി ബന്ധപ്പെടുന്നതിനും ഉള്ള ആധുനിക ഉപകരണങ്ങൾ വേണം. വെള്ളത്തിൽ മുങ്ങി കടുക്ക പറിക്കുന്ന തൊഴിലാളികൾക്കും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആധുനിക മത്സ്യരീതികളെക്കുറിച്ച് മത്സ്യ തൊഴിലാളികളെ ബോധവാൻമാരാക്കുകയും പഠിപ്പിക്കുകയും വേണം.

പഞ്ചായത്തിൻെറ വടക്കു കിഴക്കുഭാഗം മാഹി പുഴയായതുകൊണ്ട് ഈ ഭാഗങ്ങളിൽ ഉപ്പു വെള്ളം കയറുന്നുണ്ട്. ചെമ്മീൻ കൃഷിക്ക് ഈ ചതുപ്പ് പ്രദേശങ്ങൾ വലിയതോതിൽ ഉപയോഗപ്പെടുത്തുവാൻ കഴിയും. 3,4,5,6,7 വാർഡുകളിലെ ചതുപ്പ് പ്രദേശങ്ങൾ ചെമ്മീൻ കൃഷിയും, മറ്റുതരം മത്സ്യ കൃഷികളും നടത്തുന്നതിന് ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള തോടുകളും, കുളങ്ങളും മത്സ്യ കൃഷിക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയും. മിക്ക കുളങ്ങളും ക്ഷേത്രകുളങ്ങളും സ്വകാര്യ കുളങ്ങളുമാണ്. ക്ഷേത്ര കുളങ്ങിൽ മത്സ്യ കൃഷി നടത്തുന്നതിന് തടസ്സമുണ്ടെങ്കിലും സ്വകാര്യ കുളങ്ങളിൽ ശുദ്ധജല മത്സ്യ കൃഷി നടത്താം.

മത്സ്യഫെഡിൻെറ കീഴിലുള്ള രണ്ട് സഹകരണ സംഘങ്ങൾ പഞ്ചായത്തിലുണ്ട്. ഒന്ന് തെക്കേ ചോമ്പാലിലും, മറ്റത് പൂഴിത്തലയിലും പ്രവർത്തിക്കുന്നു. ഈ രണ്ട് സൊസൈറ്റികളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്. മത്സ്യ തൊഴിലാളികൾക്ക് പരിമിതമായെങ്കിലും വള്ളം, വല, എൻജിൻ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നു.

ചെമ്മീൻ, മത്തി, അയല, നെത്തൽ, മുള്ളൻ, ചമ്പാൻ, മാന്തൾ, ആവോലി തുടങ്ങിയ മിക്കവാറും എല്ലാതരം മത്സ്യങ്ങളും ഇവിടെ ലഭ്യമാണ്. കൂടാതെ കടുക്ക, ഞണ്ട് എന്നിവയും ലഭിക്കുന്നുണ്ട്. എന്നാൽ മത്സ്യ സംസ്കരണത്തിന് ഒരു കേന്ദ്രം ഇല്ലാത്തത് എടുത്ത് പറയേണ്ടതാണ്. മത്സ്യം ഉണക്കുന്നതിനും, ഐസിലിട്ട് സൂക്ഷിക്കുന്നതിനും, ഉപ്പിലിട്ട് സൂക്ഷിക്കുന്നതിനും പറ്റിയ ചെറിയ സ്ഥാപനങ്ങൾ മാത്രമെ ഇവിടെയുള്ളൂ. ആദ്യകാലങ്ങളിൽ മത്തി സംസ്കരിക്കുന്നതിന് ചില സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. മത്തി സംസ്കരിച്ച് എണ്ണയും വളവും ധാരാളം കയറ്റുമതി ചെയ്തിരുന്നു. പക്ഷേ മത്തിയുടെ ലഭ്യതയിൽ കുറവു വന്നപ്പോൾ പ്രവർത്തിക്കാൻ സാധിക്കാതെ ഈ സ്ഥാപനങ്ങൾ നശിച്ചുപോയി. മത്സ്യ സംസ്കരണത്തിന് ധാരാളം ബാധ്യതകൾ ഉള്ളതുകൊണ്ടുതന്നെ അത്തരം ഒരു സ്ഥാപനം ഉയർന്നുവരണം. പ്രത്യേകിച്ച് കടുക്കയും ചെമ്മീനും കയറ്റമതി ചെയ്താൽ നമ്മുടെ സാമ്പത്തികഭദ്രശഷി വർദ്ധിപ്പിക്കുവാനും കുറെയാളുകൾക്ക് തൊഴിൽ നൽകുവാനും സാധിക്കും.

പഞ്ചായത്തിലെ തെക്കെ ചോമ്പാലാണ് പ്രധാന മത്സ്യ വിപണന കേന്ദ്രം. ഏകദേശം ഒരു വർഷത്തിൽ   ടൺ മത്സ്യം ഇവിടെ നിന്ന് ലോറികളിലായി മറ്റുസ്ഥലങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ട്. പഞ്ചായത്തിൽ ഒരു മത്സ്യ മാർക്കറ്റ് ഇല്ല. ഒരു സ്വകാര്യ വ്യക്തിയുടെ കീഴിൽ ഉണ്ടായിരുന്ന മത്സ്യ മാർക്കറ്റ് കാലക്രമേണ നശിച്ചുപോയി. റോഡരുകിൽ മത്സ്യ വിപണനം നടത്തുന്ന ചില കേന്ദ്രങ്ങളാണ് മുക്കാളി, ചിറയിൽ പീടിക, ചുങ്കം, മാഹി റെയിൽവേ സ്റ്റേഷൻ പരിസരം എന്നിവ. സൈക്കളിലും, കൊട്ടകളിലാക്കിയും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ മത്സ്യം വിൽപന നടത്തുന്ന തൊഴലാളികളുമുണ്ട്.

## കടൽകോടതി

ആദ്യ കാലങ്ങളിൽ കടൽ കോടതികൾക്ക് വളരെ പ്രാധാന്യമുണ്ടായിരുന്നു. മത്സ്യബന്ധനവുമായി മത്സ്യ തൊഴിലാളികളുടെ പ്രധാനമായും തീരുമ്മാനങ്ങൾ എടുത്തിരുന്നത് കടൽ കോടതിയായയാണ്. കടൽ കോടതി എടുക്കുന്ന തീരുമാനം തൊഴിലാളികളും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവരും അംഗീകരിച്ചിരുന്നു. എന്നാൽ ഇന്ന് കടൽ കോടതി നിലവിലുണ്ടെങ്കിലും പ്രവർത്തനം ആദ്യകാലങ്ങളിലെ പോലെ കാര്യക്ഷമമല്ല.

### പ്രശ്നങ്ങൾ

1. മൽസ്യകൃഷി നടത്താൻ താൽപര്യമുള്ളവർക്ക് മൽസ്യ കുഞ്ഞുങ്ങളെ ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നു.
2. മൽസ്യവിപണന കേന്ദ്രത്തിൽ മാലിന്യവും ദുർഗന്ധവും പ്രശ്നങ്ങളുണ്ടാക്കുന്നു.
3. മൽസ്യ വിൽപനക്ക് പറ്റിയ മൽസ്യമാർക്കറ്റുകൾ പ്രധാന കേന്ദ്രങ്ങളിൽ വേണം.
4. ഉപ്പുവെള്ളം കയറുന്നത് കുടിവെള്ളത്തിൻെറ രൂക്ഷത വർദ്ധിപ്പിക്കുന്നു.
5. തൊഴിൽ ഉപകരണങ്ങൾ ലഭിക്കുന്നതിന്പ്രയാസം.
6. വള്ളം, വല, തൊഴിലുപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സാമ്പത്തിക പ്രയാസം.
7. മണ്ണെണ്ണ ക്വാട്ടയുടെ പരിമിതമായ അളവ്.
8. ആധുനിക മത്സ്യബന്ധനത്തിൻെറ പ്രചരണ കുറവ്.
9. ഫിഷറീസ് സഹകരണ സംഘങ്ങളുടെ അഭാവം.
10. കാലാവസ്ഥയും ദിക്കുകളു മനസ്സിലാക്കാനുള്ള ഉപകരണങ്ങളുടെ അഭാവം. (വാക്കി - ടോക്കി, കോമ്പസ് പോലുള്ള ഉപകരണങ്ങൾ).
11. തൊഴിലുപകരണങ്ങൾക്ക് നൽകുന്ന സബ്സിഡിയുടെ അപര്യാപ്തത.

അഴിയൂർ പഞ്ചായത്തിൽ മത്സ്യ തൊഴിലാളി ക്ഷേമ നിധിയിൽ നിന്നും 94 - 95, 95 - 96 വർഷക്കാലം ആനുകൂല്യം ലഭിച്ചവർ പട്ടിക - 3

| നമ്പർ | ധനസഹായം | ലഭിക്കുന്ന തൊഴിലാളികളുടെ എണ്ണം | ലഭക്കുന്ന സംഖ്യ രൂപ | മറ്റുവിവരങ്ങൾ |
|---|---|---|---|---|
| 1 | വിവാഹം | 9 | 1500 | |
| 2 | താൽക്കാലിക അവശത | 5 | 100 മുതൽ 500വരെ | ഡോക്ടർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ |
| 3 | സ്വാഭാവിക മരണം | - | 1000 | ഇത് 5000 കയായി വർദ്ധിപ്പിക്കുവാൻ തീരുമാനം |
| 4 | ആശ്രിതരുടെ മരണം | 1 | 300 | |
| 5 | വന്ധ്യംകരണ ശസ്ത്രക്രിയ | - | 500 | |
| 6 | അപകട മരണം | 2 | 25000 | ഇത് 50000ക യായി ഉയർത്താൻ തീരുമാനം |
| 7 | മരണം (മത്സ്യ ബന്ധന സമയത്ത് രോഗം മൂലം) | 1 | 15000 | |
| 8 | അപകടം (ഒരു കണ്ണോ, കൈയോ,കാലോ നഷ്ടപ്പെടുന്നവർക്ക്) | - | 12500 | |
| 9 | അപകടം (2 കയ്യോ, കാലോ നഷ്ടപ്പെടുന്നവർക്ക്) | - | 25000 | |
| 10 | മത്സ്യ തൊഴിലാളി പെൻഷൻ | 69 | 85 | ഇത് 100ക യായി വർദ്ധിപ്പിച്ചിട്ടുണ്ട് |
| 11 | കക്കൂസ് നിർമ്മിക്കാൻ | 1 | 2500 | |

12. കല്ലുമ്മക്കായ് പറിക്കുന്നതിനുള്ള ആധുനിക ഉപകരണം.

13. എൻജിൻ സൗണ്ട്, ഓയിൽ തുടങ്ങിയ മൂലമുണ്ടാകുന്ന ജലമലിനീകരണം മത്സ്യ ലഭ്യതയെ സാരമായി ബാധിക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. 3 ഗ്രൂപ്പ്, 5 ഗ്രൂപ്പുകൾക്ക് യഥാക്രമം 1 ലക്ഷം 1½ ലക്ഷം ഉറുപ്പിക തോതിൽ ഫൈബർ ബോട്ട്, യന്ത്രം, വല തുടങ്ങിയവ വാങ്ങുന്നതിന് ചുരുങ്ങിയ പലിശയിലും സബ്സിഡിയിലും സാമ്പത്തിക സഹാ.യം ലഭ്യമാക്കുക.

2. ഒരു ഐസ് പ്ലാൻറ് തുടങ്ങുക. മത്സ്യം ഉണക്കുവാനുള്ള സാമ്പത്തിക സഹായം നൽകുക.

3. മത്സ്യബന്ധനം നടത്തുന്നവർക്കും, മത്സ്യം വിറ്റ് ഉപജീവനം നടത്തുന്ന തൊഴിലാളികൾക്കും തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനും, വീട് നിർമ്മിക്കുന്നതിനും വേണ്ടി ധനസഹായങ്ങളും, അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും, തൊഴിലാളികൾക്കുള്ള മറ്റാനുകൂല്യങ്ങളും വർഷകാലത്ത് ഫ്രീ റേഷനും അനുവദിക്കുക.

4. സ്വകാര്യ കുളങ്ങൾ ചളിയെടുത്ത് കെട്ടി നന്നാക്കി മത്സ്യകൃഷി ചെയ്യാനും ഉപയോഗിക്കാം.

5. പുഴയോരമായതിനാൽ ചെമ്മീൻ കൃഷിക്ക് അനുയോജ്യമായ പ്രദേശമാണ്.

6. മത്സ്യം ഉണക്കുന്നതിനുള്ള ഫിഷ് ഡ്രയർ യൂണിറ്റ് സ്ഥാപിക്കുക.

7. ചോമ്പാൽ മിനി ഫിഷിംഗ് ഹാർബറിനോട് അനുബന്ധിച്ച് കോൾഡ് സ്റ്റോറേജ് ഉണ്ടാക്കേണ്ടതാണ്.

8. മത്സ്യഫെഡ് സ്ഥാപിക്കുക.

9. മത്സ്യ തൊഴിലാളികൾക്ക് ഏറ്റവും കൂടതൽ ബുദ്ധിമുട്ടുണ്ടാക്കുന്ന തീരദേശ നിയമം (500 മീറ്ററിനുള്ളിൽ പുതുതായി കെട്ടിടം പണിയരുത് എന്നത്) ഭേദഗതി ചെയ്യുന്നതിന് നടപടി ഉണ്ടാകണം.

10. മത്സ്യ തൊഴിലാളികൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിന് കൂടുതൽ സാമ്പത്തിക സഹായം നൽകണം. സംരക്ഷണം വേണം.

11. മത്സ്യ തൊഴിലാളികൾക്ക് സൗജന്യ വിദ്യാഭ്യാസം ലഭിക്കുകയും , ആരോഗ്യ രംഗത്ത് കൂടുതൽ സംരക്ഷണം ഉണ്ടാവുകയും വേണം.

12. മത്സ്യ തൊഴിലാളികൾ അപകടങ്ങളിൽ പെടുകയോ, മരിക്കുകയോ ചെയ്താൽ ഇന്ന് കിട്ടുന്ന ആനുകൂല്യം ഉയർത്തുകയും, അത് ലഭിക്കുവാനുള്ള നപടിക്രമങ്ങൾ ലളിതമാക്കുകയും വേണം.

13. മത്സ്യമേഖലകളിൽ മാവേലി സ്റ്റോറുകൾ വേണം.

14. മത്സ്യമേഖലയിലെ തീരദേശ റോഡുകൾ ബന്ധിപ്പിക്കണം. അറ്റ കുറ്റ പണികൾ നടത്തണം.

15. മത്സ്യസഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ മത്സ്യ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ കിട്ടുന്നതിനുള്ള നടപടികൾ വേണം.

16. മത്സ്യ ബന്ധനത്തിന് ആവശ്യമുള്ള മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കുക, വില കുറക്കുക.

17. കല്ലുമ്മക്കായ, ചെമ്മീൻ കൃഷി തുടങ്ങുക.

18. മുക്കാളി ടൗണിൽ മത്സ്യ മാർക്കറ്റ് വേണം.

19. മാഹി റെയിൽവേ സ്റ്റേഷൻ പരിസരത്ത് മത്സ്യ മാർക്കറ്റ് വേണം.

20. ചെമ്മീൻ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. അത് ഉപയോഗപ്പെടുത്തണം.

21. ഗോബർ ഗ്യാസ് പ്ലാൻറിന് സാധ്യതയുണ്ട്.

22. മത്സ്യതൊഴിലാളികൾക്കുള്ള ഇൻഷൂറൻസ് പദ്ധതികളുടെ ഉപാധി ലളിതമാക്കുക.

23. സഹകരണ മത്സ്യസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

24. മണ്ണെണ്ണ പെർമിറ്റ് കിട്ടുവാനുള്ള കാലതാമസം ഒഴിവാക്കുക.

25. മത്സ്യതൊഴിലാളികൾ അപകടത്തിൽ പെട്ടാൽ ജീവൻ രക്ഷിക്കാനുള്ള പരിശീലനം നൽകുക.

27. കാപ്പുഴതോട് ചെമ്മീൻ വളർത്തുകേന്ദ്രമാക്കി മാറ്റുക.

28. മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ വൈദ്യസഹായം, വൈദ്യുതി, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

29. ഉദ്യോഗസ്ഥന്മാരുടെ സഹായസഹകരണങ്ങൾ വേണ്ടത്ര ലഭ്യമാക്കുക.

## സാധ്യതകൾ

1. മത്സ്യ സംസ്കരണ കേന്ദ്രത്തിന് സാധ്യതയുണ്ട്.

2. മത്സ്യ വിപണന കേന്ദ്രങ്ങൾക്ക് കൂടുതൽ സാധ്യതയുണ്ട്.

3. മിനി ഫിഷിംഗ് ഹാർബർ വരുന്നത് കൂടുതൽ സാധ്യതകൾ വർദ്ധിപ്പിക്കും.

4. വലയും മറ്റ് ഉപകരണങ്ങളും ലഭിക്കുന്ന വിൽപന ന്ദ്രേം.

5. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം.

6. ഫൈബർ എൻജിൻ നൈലോൺ വല എന്നിവ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റ് വേണം.

7. എൻജിൻ റിപ്പേർ യൂണിറ്റിന് സാധ്യതയുണ്ട്.

8. കോൾഡ് സ്റ്റോറേജ് യൂണിറ്റിന് സാധ്യതയുണ്ട്.

9. മണ്ണെണ്ണ ഡിപ്പോവിന് സാധ്യതയുണ്ട്.

10. അഴിയൂർ ചുങ്കത്ത് മത്സ്യ മാർക്കറ്റിന് സാധ്യതയുണ്ട്.

OFFICE OF THE AZHIYOOR GRAMA PANCHAYAT

# 5-3

# വ്യവസായം

പഞ്ചായത്തിലെ മൊത്തം വ്യവസായിക മേഖല പരിശോധിച്ചാൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് അഴിയൂർ പഞ്ചായത്ത് എന്ന് കാണാം. പഞ്ചായത്തിൽ ആകെ തൊഴിലെടുക്കുന്നവരിൽ ഏകദേശം 13 ശതമാനം മാത്രമാണ് വ്യവസായ മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നത്. ഇതിൽ കൈത്തറി മേഖലയിൽ 388 തൊഴിലാളികളും വ്യവസായ മേഖലയിൽ 87 തൊഴിലാളികളും മറ്റു മേഖലകളിൽ 437 തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. പഞ്ചായത്തിനു പുറത്തുള്ള വ്യവസായശാലകളിലും കുറച്ചു തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. തൊഴിലാളികളിൽ 660 പുരുഷൻമാരും 252 സ്ത്രീകളുമാണ്. പഞ്ചായത്തിൽ 73 വ്യവസായ യൂണിറ്റുകൾവ്യവസായ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ചിലത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല്. ഇപ്പോൾ പ്രവർത്തിക്കുന്ന 76 യൂണിറ്റുകളിലെ തൊഴിലാളികളെ സംബന്ധിച്ച പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

വ്യവസായ യൂണിറ്റുകളെ സംബന്ധിട്ട പട്ടിക 1

പ്രരമ്പരാഗത വ്യവസായ രംഗത്ത് കൈത്തറിയാണ് വളർച്ച പ്രാപിച്ചത്. ഇതിൽ 233 തൊഴിലാളികൾ ഫാക്ടറി അടിസ്ഥാനത്തിലും 155 തൊഴിലാളികൾ കുടിൽ വ്യവസായ രംഗത്തുമാണ്. ചോമ്പാൽ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോരളാ ഹാന്റ് ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ ഫാക്ടറി അടിസ്ഥാനത്തിലും ഹാന്റ് വീവിന്റെ കല്ലാമല യൂണിറ്റ് കുടിൽ വ്യവസായ അടിസ്ഥാനത്തിലും ആണ് പ്രവർത്തിക്കുന്നത്. കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ള ഏതാനും ചെറുകിട ഫാക്ടറികളും ഈ രംഗത്തുണ്ട്. പഞ്ചായത്തിനുപുറത്തള്ള തൊഴിലാളികളും ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ചോമ്പാൽ വീവേഴ്സ് സൊസൈറ്റിയുടെ ഒരു യൂണിറ്റും ഓഫീസും പഞ്ചായത്തിന്റെ അതിർത്തിയിൽ ഏറാമല പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്.

ആധുനിക വ്യവസായരംഗത്ത് ചെറുകിട സ്ഥാപനങ്ങളും കുടിൽ വ്യവസായ യൂണിറ്റുകളുമാണ് ഉള്ളത്. വൻകിട ഫാക്ടറികൾ തീരെയില്ല. ഹാന്റ് വീവിന്റെ യൂണിറ്റാണ് പഞ്ചായത്തിലെ ഏക പൊതുമേഖലാ സ്ഥാപനം.

കൈത്തറി വ്യവസായ രംഗത്ത് പൊതുവെയുണ്ടായ തളർച്ച നമ്മുടെ പഞ്ചായത്തിലെ സ്ഥാപനങ്ങളെയും സാരമായി ബാധിച്ചിട്ടുണ്ട്. മുമ്പ് 1000ൽ അധികം തൊഴിലാളികൾ ഈ രംഗത്ത് തൊഴിൽ ചെയ്തിരുന്നു. ഫർണിഷിങ്ങ് തുണിത്തരങ്ങളുടെ ഉൽപ്പാദന രംഗതത് കേന്ദ്രീകരിച്ച്തുകൊണ്ടും സർക്കാരിന്റെ സാമ്പത്റിക സഹായങ്ങൾ ലഭിച്ചതു കൊണ്ടുമാണ് പൊതുവെ കൈത്തറി മേഖല തകർച്ചയെ നേരിട്ടപ്പോഴും സഹകരണ സ്ഥാപനങ്ങൾക്ക് പിടിച്ചു നിൽക്കാനായത്. അന്താരാഷ്ട്രരംഗത്തെ അവശ്യങ്ങൾക്ക് അനുസൃതമായ തുണിത്തരങ്ങളാണ് പ്രധാനമായും ഉൽപാദിപ്പിക്കുന്നത്. അതിനാൽ വിദേശ രാജ്യങ്ങൾ അതാതു കാലത്ത് നിർദ്ദേശിക്കുന്ന നിബന്ധനകൾ പാലിക്കാൻ ചിലപ്പോൾ കഴിയാതെ വരുമ്പോൾ ഉൽപ്പാദനം നിർത്തി വക്കേണ്ടതായി വരുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. വിദേശ ഓർഡറുകൾ ഉൽപ്പാദകന് നേരിട്ടല്ല ലഭിക്കുന്നത്. അത് കൊണ്ട് ഓർഡറുകൾ ലഭിക്കുന്ന ഏജൻസികൾ ലാഭത്തിന്റെ

## വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച പട്ടിക (1)

| | വ്യവസായത്തിന്റെ തരം | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|---|---|
| 1 | കൈത്തറി | 13 | 388 | 245 | 143 |
| 2 | ഗാർമെന്റ്സ് | 6 | 74 | 15 | 59 |
| 3 | ഖാദി | 1 | 25 | -- | 25 |
| 4 | തടി | 7 | 35 | 35 | -- |
| 5 | ഭക്ഷ്യവസ്തുസംസ്ക്കരണം | 6 | 20 | 20 | -- |
| 6 | പ്രിന്റിംഗ് | 4 | 16 | 6 | 10 |
| 7 | മൈനർ എഞ്ചിനീയറിംഗ് | 9 | 49 | 49 | -- |
| 8 | ഇലക്ട്രിക്കൽസ് | 5 | 15 | 10 | 5 |
| 9 | കെമിക്കൽസ് | 3 | 7 | 7 | -- |
| 10 | മോട്ടോർ | 8 | 25 | 25 | -- |
| 11 | പവർലൂം | 2 | 8 | 5 | 3 |
| 12 | മറ്റു വിഭാഗങ്ങൾ | 12 | 250 | 243 | 7 |
| 13 | | 76 | 912 | 660 | 252 |

## കൈത്തറി സഹകരണ സംഘങ്ങളെ കുറിച്ചുള്ള പട്ടിക (2)

| സ്ഥാപനങ്ങളുടെ പേര് | മെമ്പർമാരുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | പുരുഷന്മാർ | സ്ത്രീകൾ | കഴിഞ്ഞ വർഷത്തെ വിറ്റു വരവ് | ലാഭം/ നഷ്ടം | ഓഹരി തൊഴിലാളികൾ (രൂപ) | ഓഹരി ഗവ: (രൂപ) | കേഷ് ക്രഡിറ്റ് (രൂപ) |
|---|---|---|---|---|---|---|---|---|---|
| കേരളാ ഹാന്റ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 234 | 145 | 98 | 47 | 71ലക്ഷം | ലാഭം | 336430 | 683200 | 3721000 |
| ചോമ്പാൽ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 428 | 88 | 41 | 47 | 34ലക്ഷം | ലാഭം | 322823 | 531200 | 1305758 |

വലിയൊരു പങ്ക് തട്ടിയെടുക്കുകയാണ്. ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതിനാൽ താരതമ്യേന മെച്ചപ്പെട്ട വേതനം തൊഴിലാളികൾക്ക് നൽകാൻ ഉൽപ്പാദകന് കഴിയാറില്ല.

കൈത്തറി സഹകരണ സംഘങ്ങളെ സംബന്ധിച്ച പട്ടിക (2)

മറ്റു തൊഴിൽ മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ കൂലിനിരക്കാണ് കൈത്തറി രംഗത്ത്. ഇടക്കിടെ ഉണ്ടാകുന്ന ഉൽപ്പാദന സ്തംഭനവും, കുറഞ്ഞ കൂലിനിരക്കും കാരണം പുതിയ തൊഴിലാളികളെ ഈ രംഗത്ത് ആകർഷിക്കാൻ കഴിയുന്നില്ല. അടുത്തകാലത്ത് സ്ത്രീ തൊഴിലാളികളാണ് കൂടുതലായി തൊഴിലെടുക്കാൻ തയ്യാറാകുന്നത്. സഹകരണ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സാമാന്യം മെച്ചപ്പെട്ട കൂലി നിരക്കും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സഹകരണ വകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ പൊതു സ്ഥിതി വിവരിക്കുന്ന പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ ഉൽപാദനം പ്രധാനമായും ഹാന്റ്‌ലൂം ഹൗസ്, ഹാൻടക്സ്, ഹാന്റ്‌വീവ് എന്നീ സ്ഥാപനങ്ങളാണ് ഏറ്റെടുക്കന്നത്. ഉത്സവ കാലത്ത് റിബേറ്റ് നൽകുന്നതു കൊണ്ടും എക്സിബിഷൻ സംഘടിപ്പിക്കുന്നതിലൂടെയും സ്ഥാപനങ്ങളുടെ സെയിൽസ് ഡിപ്പോകളിലൂടെയും പ്രാദേശിക വിൽപ്പന നടത്തുന്നുണ്ട്. സ്വകാര്യ മേഖലയിലെ ഉൽപ്പാദനം കണ്ണൂരിലുള്ള സ്വകാര്യ ഏജൻസികളാണ് വിദേശത്തേക്ക് അയക്കുന്നത്.

## ഹാന്റ്‌വീവ്.

കണ്ണൂർ കേന്ദ്രമായി കൈത്തറി രംഗത്ത് പ്രവർത്തിക്കുന്ന ഹാന്റ്‌വീവ് എന്ന പൊതു മേഖലാ സ്ഥാപനത്തിന്റെ യൂണിറ്റാണ് കല്ലാമലയിൽ ഉള്ളത്. നമ്മുടെ പഞ്ചായത്തിലെ ഏക പൊതു മേഖലാ സ്ഥാപനമായ ഈ സ്ഥാപനത്തിലൂടെ 45 തൊഴിലാളികൾക്ക് നേരിട്ടും 20 തൊഴിലാളികൾക്ക് അനുബന്ധമായും തൊഴിൽ ലഭിക്കുന്നു. 26ലക്ഷം രൂപയുടെ തുണിത്തരങ്ങൾ കഴിഞ്ഞ വർഷം ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തില തൊഴിലാളികൾ സ്വന്തം വീടുകളിൽ നിന്നുമാണ് ഉൽപ്പാദനം നടത്തുന്നത്. സഹകരണ സ്ഥാപനങ്ങളിലേതുപോലെ മെച്ചപ്പെട്ട കൂലി വ്യവസ്ഥയാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. സ്വന്തമായി തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള ധനസഹായം തൊഴിലാളികൾക്ക് നൽകാറുണ്ട്.

നൂലിന്റെയും, ചായത്തിന്റെയും ക്രമാതീതമായ വിലക്കയറ്റം കൈത്തറി മേഖല നേരിടുന്ന പ്രധാന പ്രശ്നമാണ്. അയൽ സംസ്ഥാനങ്ങളിലും കണ്ണൂരിലുമുള്ള സ്പിന്നിംഗ് മില്ലുകളാണ് നൂലിന്റെ വില നിശ്ചയിക്കുന്നത്. അതിനാൽ നൂലിനും ചായത്തിനും സർക്കാർ സബ്സിഡി നൽകി, വിലക്കയറ്റം തടഞ്ഞു നിർത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കഴിഞ്ഞ 10 വർഷത്തെ ചിലയിനം നൂലിന്റെയും ചായത്തിന്റെയും വില വിവര പട്ടിക ചുവടെ കൊടുക്കുന്നു. പട്ടിക (3,4)

അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ നാട്ടിൽ ഉൽപ്പാദനച്ചിലവിലുണ്ടാകുന്ന വർദ്ധനവ് കാരണം നമുക്ക് ലഭിക്കേണ്ടതായ ഓർഡറുകൾ മറ്റു സംസ്ഥാനങ്ങളിലേക്ക് പ്രവഹിക്കുന്ന അവസ്ഥയുണ്ട്. തുണിത്തരങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയാൽ മാത്രമേ ഈ ഭീഷണിയെ ഒരു പരിധിവരെയെങ്കിലും ചെറുത്തുനിൽക്കാൻ കഴിയൂ.

വിദേശ ആഭ്യന്തര മാർക്കറ്റിലെ പുത്തൻ പ്രവണതകൾക്കനുസരിച്ച് മേന്മയേറിയ തുണിത്തരങ്ങൾ നിർമ്മിക്കുന്നതിലൂടെ മാത്രമേ കൈത്തറി രംഗത്ത് വളർച്ച പ്രാപിക്കാൻ കഴിയുകയുള്ളൂ. അതിനനുസരിച്ച് പുതിയ തരം തുണിത്തരങ്ങൾ നിർമ്മിക്കാനവശ്യമായ പരിശീലനം തൊഴിലാളികൾക്ക് നൽകേണ്ടതാണ്. കൂടാതെ നെയ്ത്തു തൊഴിൽ ചെയ്യാൻ താൽപര്യമുള്ള ആളുകൾക്ക് പരിശീലനം നൽകാനുള്ള സംവിധാനം ഉണ്ടാകണം. ഇത്തരം പരിശീലനകേന്ദ്രം മറ്റു സംസ്ഥാനങ്ങളിൽ കൂടുതലായി ഉണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്ത് വളരെ പരിമിതമായ സൗകര്യമേയുള്ളൂ. അതിനാൽ കണ്ണൂരിലുള്ള പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിച്ചു കൊണ്ടോ, വടകര താലൂക്ക് കേന്ദ്രീകരിച്ച് ഒരു പരിശീലന കേന്ദ്രം ആരംഭിച്ചു കൊണ്ടോ ഈ പോരായ്മ പരിഹരിക്കേണ്ടതാണ്.

കൈത്തറി തുണികളുടെ ലേബലിൽ പവർലൂം തുണിത്തരങ്ങൾ കയറ്റുമതി ചെയ്ത് ലാഭം കൊയ്യുന്ന പ്രവണതയുണ്ട്. കൈത്തറി മേഖലയിലെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുന്ന ഈ പ്രവണത തടയാൻ നിലവിലുള്ള ക്വാളിറ്റി പരിശോധന സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

കൈത്തറി ശാലകളോട് അനുബന്ധിച്ചുള്ള ഡൈയിങ്ങ് യൂണിറ്റുകളിൽ നിന്നുള്ള മലിനീകരണമാണ് മറ്റൊരു പ്രശ്നം. ഈ മലിനീകരണം തടയുന്നതിനു വേണ്ടിയുള്ള സംവിധാനം ഒരുക്കുന്നതിന് വളരെയേറിയ സംഖ്യ ചിലവഴിക്കേണ്ടി വരുന്നത് സ്ഥാപനങ്ങളെ പ്രയാസപ്പെടുത്തുന്ന കാര്യമാണ്.

കൈത്തറിമേഖലയിൽ കേന്ദ്രസർക്കാരിപ്പോൾ നടപ്പിലാക്കിയ പാക്കേജ് പദ്ധതി കുറേ തൊഴിലാളികളെ ഈ രംഗത്തേക്ക് ആകർഷിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത പാക്കേജ് പദ്ധതി തുടർന്നും നടപ്പിലാക്കേണ്ടതാണ്. ഈ പദ്ധതിയിലൂടെ നൽകി വരുന്ന തൊഴിൽ പരിശീലനവും, നെയ്ത്തുപകരണങ്ങൾ വാങ്ങാനുള്ള ധനസഹായവും സഹകരണ- പൊതുമേഖല സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്നതോടൊപ്പം സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾകക് കൂടി ലഭ്യമാക്കാനുള്ള തീരുമാനം ഉണ്ടാക്കേണ്ടതാണ്.

## ഖാദി മേഖല.

കണ്ണൂർ സർവ്വോദയ സംഘത്തിന്റെ കീഴിൽ കൊളരാട് തെരുവിൽ ഒരു ഖാദി-മസ്ലിൻ നൂൽ നൂൽപ്പ് നെയ്ത്തുകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. 25 സ്ത്രീ തൊഴിലാളികളാണ് ഇവിടെ ജോലി ചെയ്യുന്നത്. ഉൽപ്പന്നങ്ങൾ കേന്ദ്രസംഘം ഏറ്റെടുക്കുകയാണ്. വളരെ കുറഞ്ഞ കൂലി വ്യവസ്ഥയാണ് ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ലഭിക്കുന്നത്. അതിനാൽ കൂടുതലായി തൊഴിലാളികൾ ഈ തൊഴിൽ ചെയ്യാൻ താൽപര്യം കാണിക്കുന്നില്ല.

## ഗാർമെന്റ്സ്.

വസ്ത്രനിർമ്മാണ രംഗത്ത് 5 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 40 തൊഴിലാളികൾ ജോലി ചെയ്യുന്ന

കഴിഞ്ഞ 10 വർഷത്തെ ചായത്തിന്റെ വിലനിലവാരം പട്ടിക (3)

| നമ്പർ | തരം | ഇനം | 1986 (രൂപ) | 1991 (രൂപ) | 1996 (രൂപ) |
|---|---|---|---|---|---|
| 1 | 1 കി.ഗ്രാം. | ഹൈഡ്രൺ ബ്ലൂ | 320 | 525 | 575 |
| 2 | 1 കി.ഗ്രാം. | ഒലീവ് ഗ്രീൻ | 505 | 972 | 1584 |
| 3 | 1 കി.ഗ്രാം. | എ. എസ്. ബി. ഒ. | 82 | 305 | 480 |
| 4 | 1 കി.ഗ്രാം. | ബ്രൗൺ ജീ | 920 | 1410 | 2133 |
| 5 | 1 കി.ഗ്രാം. | റെഡ് ബി ബേസ് | 185 | 320 | 465 |
| 6 | 1 കി.ഗ്രാം. | ബ്രൗൺ .ബീ. ആർ | 680 | 1382 | 1882 |
| 7 | 1 കി.ഗ്രാം. | ബ്ലൂ. ആർ. .എസ്. എൻ. | 581 | 1404 | 1425 |

കഴിഞ്ഞ 10 വർഷത്തെ നൂലിന്റെ വിലനിലവാരം പട്ടിക (4)

| ക്രമനമ്പർ | തരം | ഇനം | 1986(രൂപ) | 1991(രൂപ) | 1996(രൂപ) |
|---|---|---|---|---|---|
| 1 | 1 പെട്ടി | 2/17S | 166 | 27 | 440 |
| 2 | 1 പെട്ടി | 20S | 149 | 182 | 405 |
| 3 | 1 പെട്ടി | 2/40S | 203 | 286 | 557 |
| 4 | 1 പെട്ടി | 2/60S | 301 | 340 | 643 |
| 5 | 1 പെട്ടി | 40S | 180 | 255 | 501 |

റോയൽ ഗിഫ്റ്റ്, 14 തൊഴിലാളികൾ ജോലിചെയ്യുന്ന ബ്ലൂമൂൺ ഗാർമെന്റ്സ് എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളാണ്. തൊഴിലാളികളിൽ കൂടുതലും സ്ത്രീകളാണ്. ജില്ലക്കകത്തും പുറത്തും ഉൽപന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. മാർക്കറ്റിൽ മത്സരം നടക്കുന്ന ഒരു മേഖലയാണിത്. കൂടുതൽ മുതൽ മുടക്കോടു കൂടി പ്രവർത്തക്കുന്ന സ്ഥാപനങ്ങൾക്ക് ഈ മത്സരത്തിൽ രക്ഷപ്പെടാൻ കഴിയുകയുള്ളൂ. ആരംഭിച്ച പല യൂണിറ്റുകളും ഇത്തരം കാരണങ്ങൾ കൊണ്ട് നിർത്തലാക്കിയിട്ടുണ്ട്.

**മറ്റു മേഖലകൾ**

നമ്മുടെ പഞ്ചായത്തിൽ 2 പവർലൂം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മൊത്തം 8 തൊഴിലാളികൾക്കാണ് ജോലി ലഭിക്കുന്നത്.

സഹകരണ മേഖലയിലും സ്വകാര്യ ഉടമസ്ഥതയിലുമായി രണ്ട് കയർ വ്യവസായ യൂണിറ്റുകളുണ്ടായിരുന്നു. എന്നാൽ കുറഞ്ഞ നിരക്കിൽ തൊണ്ട് ലഭിക്കാനുള്ള പ്രയാസം കാരണവും കുറഞ്ഞ കൂലിനിരക്ക് കാരണം തൊഴിലാളികളെ കിട്ടാത്തതു കൊണ്ടും ഈ സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തി ഇരിക്കുകയാണ്. ചെറിയ യന്ത്രവൽക്കരണത്തിലൂടെ മെച്ചപ്പെട്ട ഉൽപാദനക്ഷമത കൈവരിക്കാനുള്ള പദ്ധതി തയ്യാറാക്കിയാൽ കയർ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാവുന്നതാണ്.

ചോമ്പാലിൽ മുമ്പൊരു കശുവണ്ടി സംസ്കരണ കേന്ദ്രം പ്രവർത്തിച്ചിരുന്നു. സംസ്ഥാനത്ത് മൊത്തത്തിൽ കശുവണ്ടി ലഭ്യതയിൽ കുറവ് വന്നതിനാൽ ഈ സ്ഥാപനം പൂട്ടുകയാണുണ്ടായത്. ഇപ്പോളവിടെ കേരള കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ സംഭരണകേന്ദ്രമാണ്. മലബാർ മേഖലയിൽ നിന്നും സംഭരിക്കുന്ന ഈ കശുവണ്ടി ഇവിടെതന്നെ സംസ്കരിക്കാനുള്ള യൂണിറ്റ് പ്രവർത്തിക്കാൻ കഴിയുന്നതാണ്.

തടിവ്യവസായ രംഗത്ത് ഒരു ഈർച്ചമില്ലും ഒരു മരവിൽപ്പനകേന്ദ്രവും 5 ഫർണ്ണിച്ചർ നിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ വത്സല സോമിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഫർണ്ണിച്ചർ നിർമ്മാണ രംഗത്ത് സ്റ്റീൽ, പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ കടന്നു കയറ്റമുണ്ടെങ്കിലും വുഡ്ഫർണ്ണിച്ചറിന് നല്ല മാർക്കറ്റ് ഉണ്ട്. മരത്തിന്റെ കുതിച്ചുയരുന്ന വിലനിലവാരം ഈ സ്ഥാപനങ്ങൾ നേരിടുന്ന ഭീഷണിയാണ്. പ്രാദേശിക മാർക്കറ്റിനെയാണ് ഈ സ്ഥാപനങ്ങൾ ആശ്രയിക്കുന്നത്.

**ഭക്ഷ്യസംസ്ക്കരണം.**

6 സ്ഥാപനങ്ങളിലായി 20 തൊഴിലാളികൾ പലഹാര നിർമ്മാണ്തിലേർപ്പെട്ടിട്ടുണ്ട്. ഉൽപ്പന്നങ്ങൾ പ്രാദേശിക മാർക്കറ്റിലാണ് വിറ്റഴിക്കുന്നത്. മിക്ക സ്ഥാപനങ്ങളോട് അനുബന്ധിച്ചും വിൽപനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഉൽപാദന രംഗത്ത് ആധുനികവൽക്കരണം അത്യാവശ്യമാണ്.

**പ്രിന്റിങ്ങ്**

4 പ്രിന്റിങ്ങ് പ്രസ്സാണ് അഴിയൂരിലുള്ളത്. മൊത്തം 16 തൊഴിലാളികൾ ജോലി ചെയ്യുന്നു. തൊഴിലാളികളിൽ കൂടുതലും സ്ത്രീകളാണ്. സ്ക്രീൻ പ്രിന്റിങ്ങ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ പ്രിന്റിങ്ങ് പ്രസ്സിലെ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുണ്ട്.

**മൈനർ എഞ്ചിനീയിറിങ്ങ്**

ഈ മേഖലയിൽ 9 സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കൂടുതലും വെൽഡിങ്ങ് ഷാപ്പുകളാണ്. പ്രാദേശിക ഓർഡറുകൾ സ്വീകരിച്ചുകൊണ്ടാണ് ഉൽപ്പാദനം നടത്തുന്നത്. ഓട്ടോമൊബൈൽ ഹർട്ട്സുകൾ നിർമ്മിക്കുന്ന 2 സ്ഥാപനങ്ങളുണ്ട്. മൊത്തം 49 തൊഴിലാളികൾ ജോലി ചെയ്യുന്നു. സാങ്കേതിക വൈദഗ്ദ്യത്തിനനുസരിച്ച് കൂലി വ്യവസ്ഥ നേടിയെടുക്കാൻ തൊഴിലാളികൾക്ക് കഴിഞ്ഞിട്ടില്ല. പൊതുവെ ലാഭകരമായി പ്രവർത്തിക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്.

**ഇലക്ട്രിക്കൽസ്.**

കൂടുതൽ വളർച്ച പ്രാപിക്കാൻ കഴിയുന്ന മേഖലയാണിത്. അടുത്ത കാലത്തായി തൊഴിൽ പരിശീലനം നേടിയ യുവാക്കൾ ചെറിയ സ്ഥാപനങ്ങൾ ആരംഭിച്ചു. സ്വയം തൊഴിൽ ചെയ്യുകയും മറ്റുള്ളവർക്ക് തൊഴിലവസരം നൽകുകയും ചെയ്തുകൊണ്ട് ഇലക്ട്രിക്ക് ഉപകരണ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ പ്രോത്സാഹനവും അർപ്പണ മനോഭാവവുമുള്ള സംരഭകരുമുണ്ടെങ്കിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ കഴിയും. ഉൽപ്പന്നങ്ങൾ പ്രാദേശികമായി വിറ്റഴിക്കാൻ കഴിയുന്നുണ്ട്. ഉൽപ്പാദനത്തോടൊപ്പം റിപ്പയറിങ്ങും നടത്തുന്നുണ്ട്. 5 സ്ഥാപനങ്ങളിലായി 15 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

**ജോസ്കോ ഗോൾഡ് കവറിങ്ങ്**

7 തൊഴിലാളികൾക്ക് നേരിട്ടും 15 തൊഴിലാളികൾക്ക് അനുബന്ധമായും തൊഴിൽ നൽകുന്ന മുക്കാളിയിലുള്ള ഒരു സ്ഥാപനമാണിത്. സ്ത്രീകളിലുള്ള സ്വർണ്ണാഭരണ ഭ്രമം നലനിൽക്കുന്ന കാലത്തോളം ഇത്തരം സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ പ്രയാസമില്ല. സാമാന്യം ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളികൾക്ക് ശരാശരി 60 രൂപയാണ് കൂലി ലഭിക്കുന്നത്.

**കേംകോ ഇൻഡസ്ട്രീസ്**

ഓട്ടോമൊബൈൽ സൈലൻസർ ഹർട്ട്സ് നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റാണ് മുക്കാളിയിലുള്ള കാംകോ. 7 തൊഴിലാളികൾ ജോലി ചെയ്യുന്ന പ്രസ്തുത സ്ഥാപനത്തിലെ ഉൽപ്പന്നങ്ങൾ കേരളത്തിലെ എല്ലാ പ്രധാന പട്ടണങ്ങളിലും വിറ്റഴിക്കുന്നു. സ്ഥാപനം ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ട്.

**കാവേരി ഓട്ടോ ഇൻഡസ്ട്രീസ്**

മോട്ടോർ വാഹനങ്ങൾക്ക് ആവശ്യമുള്ള യു ക്ലാമ്പ് നിർമ്മാണ യൂണിറ്റാണ് ചോമ്പാലിലുള്ള കാവേരി ഓട്ടോ ഇൻഡസ്ട്രീസ്. 7 തൊഴിലാളികളാണ് ഇവിടെ ജോലി ചെയ്യുന്നത്. വൈദ്യുതിയില്ലാതെ പ്രവർത്തിക്കാൻ കഴിയുന്ന സ്ഥാപനമാണ്. U-ക്ലാമ്പ് നിർമ്മാണ രംഗത്ത് കേരളത്തിലെ ആദ്യത്തെ സ്ഥാപനമാണിത്.

**മോട്ടോർ വ്യവസായം**

അനുദിനം വികസിച്ചുവരുന്ന വ്യവസായ

മേഖലയാണിത്. ഓട്ടോറിക്ഷാ, ഓട്ടോ ഗുഡ്സ്, ടൂറിസ്റ്റ് ടാക്സി, ടാക്സി ജീപ്പ്, മിനി ലോറി, ലോറി, ബസ് എന്നിവയിലായി ഏകദേശം 200ലധികം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. സാമാന്യം മെച്ചപ്പെട്ട റോഡ് സൗകര്യമുള്ളതിനാൽ അഴിയൂരിൽ കൂടുതൽ തൊഴിലവസരം ലഭിക്കുന്നു. ഈ വാഹനങ്ങളുമായി ബന്ധപ്പെട്ട് 3 വർക്ക്ഷാപ്പുകളും ഒരു അപ്പോളിസ്റ്ററി യൂണിറ്റും 4 ടയർ കടകളും പ്രവർത്തിക്കുന്നുണ്ട്. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് കൂടുതൽ വർക്ക്ഷോപ്പുകളും ബോഡി നിർമ്മാണ യൂണിറ്റുകളും പാർട്ട്സ് കടകളും സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്. P.M.R.Y. സ്കീമുപയോഗിച്ച് 10 ഓട്ടോറിക്ഷകളും ഒരു ബസ്സും കഴിഞ്ഞ വർഷം വാങ്ങിയിട്ടുണ്ട്.

ഔഷധ നിർമ്മാണം

ആയുർവ്വേദ ഔഷധങ്ങൾ നിർമ്മിക്കുന്ന കുഞ്ഞിപ്പള്ളിക്കടുത്തുള്ള ഒരു സ്ഥാപനമാണ് എൻപീസ്. ആയുർവ്വേദ ഔഷധങ്ങൾക്ക് പ്രിയം കൂടി വരുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾ പൊതുവെ വിറ്റഴിക്കാൻ കഴിയുന്നുണ്ട്.

(പട്ടിക 5)

**വിവിധമേഖലകളിലെ തൊഴിലാളികളുടെ കൂലി നിരക്ക്**

| മേഖല | പുരുഷൻ | സ്ത്രീ | വിദഗ്ദർ |
|---|---|---|---|
| | രൂപ | രൂപ | രൂപ |
| സഹകരണസംഘം/ പൊതുമേഖല നെയ്ത്ത് | 60 | 60 | -- |
| സഹകരണസംഘം/ പൊതുമേഖല നല്ലിചുറ്റ് | -- | 40 | -- |
| സ്വകാര്യമേഖല നെയ്ത്ത് | 40 | 40 | -- |
| സ്വകാര്യമേഖല നെയ്ത്ത് നല്ലിചുറ്റ് | -- | 15 | -- |
| ഗാർമെന്റ്സ് | 60 | 30-40 | 100 |
| ഖാദി | -- | 20 | -- |
| തടി | 75 | -- | 100 |
| ഭക്ഷ്യവസ്തു സംസ്ക്കരണം | 60 | -- | -- |
| പ്രിന്റിംഗ് | 40 | 25 | -- |
| എഞ്ചിനീയറിംഗ് | 70 | -- | 100 |
| ഇലക്ട്രിക്കൽസ് | 50 | 30 | -- |

ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ സർക്കാർ വ്യവസായ വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ട്. പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

1. വ്യവസായ സംരംഭകർക്കുള്ള ഹ്രസ്വകാല പരിശീലന പരിപാടി.

2. മണിമാർജിൻ വായ്പ.

4. വിൽപന നികുതി ഒഴിവാക്കൽ.

5. പട്ടികജാതി പട്ടികവർഗ്ഗ സംരംഭകർക്കുള്ള പ്രത്യേക പദ്ധതികൾ.

6. വനിതാ വ്യവസായ പദ്ധതി.(W.I.P.)

7. അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കൽ.

8. അഭ്യസ്തവിദ്യർക്കുള്ള തൊഴിൽ ദാന പദ്ധതി.(P.M.R.Y.)

9. പീഢിത വ്യവസായ പുനരുദ്ധാരണം.

10. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായപദ്ധതികൾ.

11. റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം.(RAP)

ഇത്തരം പദ്ധതികളിലൂടെ ധനസഹായം ലഭിച്ച നിരവധി യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വ്യവസായ വകപ്പിൽ നിന്നും ബാങ്കുകളിൽ നിന്നും ആവശ്യമായ സഹായങ്ങൾ യഥാസമയം ലഭ്യമാകുന്നില്ലെന്ന് പരാതി ഒട്ടേറെ സംരംഭകർക്കുണ്ട്. വനിതാവ്യവസായ പദ്ധതികൾക്കുള്ള ആനുകൂല്യം ഉപയോഗപ്പെടുത്തി ഒരു വ്യവസായയൂണിറ്റും ആരംഭിച്ചതായി കാണുന്നില്ല. അഭ്യസ്തവിദ്യർക്കുള്ള P.M.R.Y. പദ്ധതിയിലൂടെ കഴിഞ്ഞ 2 വർഷങ്ങളിലായി 30 പേർക്കാണ് ധനസഹായം ലഭിച്ചത്.

എന്നാൽ ഈ പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവ് സംരംഭകർക്കില്ല എന്നാണ് തോന്നുന്നത്. ബാങ്കുകളുടെ താൽപര്യക്കുറവും പ്രധാന പ്രശ്നമാണ്. വ്യവസായ വകുപ്പിന്റെയും ബാങ്കുകളുടെയും സേവനം പ്രധാന പട്ടണങ്ങളിലാണ് കൂടുതലായി ലഭിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിന് വ്യവസായ വകുപ്പിന്റെ സേവനങ്ങൾ ഗ്രാമ പഞ്ചായത്തിൽ കൂടുതൽ ലഭ്യമാക്കാൻ പഞ്ചായത്തുകളിൽ തന്നെ വ്യവസായ വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. കൂടാതെ (P.M.R.Y.) പോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളെ പഞ്ചായത്ത് തലത്തിൽ തിരഞ്ഞെടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

പ്രശ്നങ്ങൾ

1. കൈത്തറി രംഗത്ത് മറ്റു മേഖലകളെ അപേക്ഷിച്ച് കൂലി കുറവാണ്.

2. കൈത്തറി സ്ഥാപനങ്ങൾക്ക് മിതമായ നിരക്കിൽ നൂലും ചായവും ലഭ്യമാക്കാൻ സംവിധാനമില്ല.

3. കൈത്തറിത്തൊഴിലാളികൾക്കുള്ള ക്ഷേമനിധി പദ്ധതി മുഴുവൻ കൈത്തറിത്തൊഴിലാളികൾക്കും ബാധകമാക്കിയിട്ടില്ല.

4. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നവർക്ക് വിദ്യുച്ഛക്തി ലഭിക്കാനുള്ള കാലതാമസം.

5. വ്യവസായ മേഖലയിലെ പവർകട്ട്.

6. പരമ്പരാഗത വ്യവസായ മേഖലയിലെ കൈത്തൊഴിലുകാർക്കും പരിശീലനം നൽകാൻ സംവിധാനമില്ല.

7. തടി വ്യവസായ ശാലകൾക്ക് ആവശ്യത്തിന് തടി ലഭിക്കാനുള്ള പ്രയാസം.

8. വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവാണ്.

9. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽരഹിതർക്ക് തൊഴിൽ നൽകുവാൻ പദ്ധതിയില്ല.

10. മുഖ്യ കാർഷികോൽപന്നമായ തേങ്ങ വ്യാവസായിക രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.

11. വ്യവസായ വകുപ്പിന്റെ സഹായം വേണ്ടതരത്തിൽ ലഭിക്കുന്നില്ല.

12. ദേശസാൽകൃത ബേങ്കുകളുടെ സേവനം തൃപ്തികരമല്ല.

13. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടിക്രമം ലഘൂകരിക്കാത്തത്.

14. വൻകിട കമ്പനികളുടെ പരസ്യ പ്രചരണങ്ങൾക്കിടയിൽ ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ല.

15. വിപണിക്കനുസൃതമായ രീതിയിൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം, രൂപകൽപ്പന, ഉൽപ്പാദനക്ഷമത എന്നിവയിൽ മാറ്റങ്ങൾ വരുത്താനുള്ള കഴിവ് സംരംഭകന് ഉണ്ടാകുന്ന തരത്തിലുള്ള പരിശീലനമില്ല.

16. വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്.

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ.

1. നവീന രീതിയിലുള്ള തൊണ്ടഴുക്കൽ.
2. യന്ത്രവൽകൃത ചൂടി നിർമ്മാണം.
3. തെങ്ങ് കൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണ്ണിച്ചറുകളും.
4. തേങ്ങാപൗഡറും ക്രീമും.
5. വെളിച്ചെണ്ണ.
6. കന്നുകാലിത്തീറ്റ.
7. തേങ്ങാവെള്ളം ഉപയോഗിച്ചുള്ള പാനീയങ്ങൾ.
8. ചിരട്ടയുപയോഗിച്ചുള്ള കരകൗശല നിർമ്മാണം.
9. മത്സ്യസംസ്ക്കരണ യൂണിറ്റ്.
10. തുണി പ്രിന്റിംഗ് യൂണിറ്റ്.
11. ഇഡ്ഢലിപ്പൊടി, ദോശപ്പൊടി, പുട്ടുപൊടി നിർമ്മാണ യൂണിറ്റ്.

**ചുരുങ്ങിയ മുതൽ മുടക്കിൽ ആരംഭിക്കാനും കമ്പോളം ലഭിക്കാൻ സാധ്യതയുള്ള ഇൻഡസ്ട്രീസ :**

1. നൈലോൺ വല നിർമ്മാണം.
2. ശാസ്ത്രീയമായ കോഴിവളർത്തൽ കേന്ദ്രം.
3. ആധുനിക രീതിയിലുള്ള ആയുർവ്വേദ മരുന്ന് നിർമ്മാണം.
4. ഫർണ്ണിച്ചർ.
5. ഹവായി ചെരുപ്പ്.
6. അലുമിനിയ പാത്രങ്ങൾ.
7. ഫാൻസി, ലെതർബാഗ്, സ്ക്കൂൾ ബാഗ് നിർമ്മാണം.
8. ഇലക്ട്രിക്ക് ഉപകരണ നിർമ്മാണം.
9. കളിപ്പാട്ട നിർമ്മാണം.
10. മെഴുകുതിരി നിർമ്മാണം.
11. കരകൗശല വസ്തു നിർമ്മാണം.
12. നാളികേര സംസ്ക്കരണ യൂണിറ്റ്.
13. കരിങ്കൽ ജില്ലി. (പൊട്ടിക്കൽ)
14. പോളിത്തീൻ കവർ.
15. ക്ലീനിംഗ് പൗഡർ.
16. ഇലക്ട്രിക്ക് ജനറൽ വർക്ക്ഷോപ്പ്.
17. ഓട്ടോഇലക്ട്രിക്ക് വർക്ക്ഷോപ്പ്.
18. ജനറൽ എഞ്ചിനീയറിംഗ്.
19. ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്.
20. കറിപ്പൊടി നിർമ്മാണം.
21. സദ്യയൊരുക്കുന്ന ആളുകളെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ സദ്യയൊരുക്കൽ യൂണിറ്റ്.

**വനിതാവ്യവസായ യൂണിറ്റ്.**

1. ഗാർമെന്റ്സ് യൂണിറ്റ്.
2. പേപ്പർ കവർ നിർമ്മാണം.
3. പപ്പടം നിർമ്മാണ യൂണിറ്റ്.
4. മിഠായി നിർമ്മാണ യൂണിറ്റ്.
5. അച്ചാർ നിർമ്മാണം.
6. എംബ്രോയിഡറി യൂണിറ്റ്.

**ഗ്രാമസഭയിൽ നിന്നും വന്ന മറ്റു നിർദ്ദേശങ്ങൾ.**

1. പ്ലാസ്റ്റിക്ക് കസേര മടയൽ.
2. കമ്പ്യൂട്ടർ സോഫ്റ്റ് വെയർ നിർമ്മാണം.
3. ഫൈബർ ഉൽപന്നങ്ങൾ.
4. പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ.
5. ഇലക്ട്രോണിക്ക് ഉൽപ്പന്നങ്ങൾ.
6. കേബിൾ നിർമ്മാണം.
7. ചെമ്മീൻ വളർത്തുകേന്ദ്രം.
8. സൈലൻസർ പൈപ്പ് നിർമ്മാണം.
9. ചക്കരചെത്ത്.
10. പാൽ സംസ്ക്കരണ യൂണിറ്റ്.
11. കശുവണ്ടി സംസ്ക്കരണ യൂണിറ്റ്.
12. വാഹനങ്ങളുടെ ബോഡി നിർമ്മാണം.
13. സ്റ്റീൽ ഫർണ്ണിച്ചർ.
14. ഓട്ടോമൊബൈൽ സീറ്റ് കവർ.
15. ഫൈബർ ഫ്ളോട്ട് നിർമ്മാണം.
16. അലുമിനിയം ഫ്ളോട്ട് നിർമ്മാണം.

17. ഷീറ്റ് മെറ്റൽ കട്ടിങ്ങ് ആന്റ് പ്രസ്സിങ്ങ്.

18. നെയ്ത്തു പരിശീലന കേന്ദ്രം.

19. താലൂക്ക് കേന്ദ്രീകരിച്ചു കൊണ്ട് സ്പിന്നിംഗ് മിൽ.

20. മറൈൻ എഞ്ചിൻ റിപ്പേർ യൂണിറ്റ്.

21. പൂട്ടിക്കിടക്കുന്ന കാപ്പിപ്പൊടി യൂണിറ്റ് തുറന്നു പ്രവർത്തിക്കുക.

**വ്യവസായ വികസനത്തിന് ചെയ്യേണ്ട പ്രധാന പ്രവർത്തനങ്ങൾ :**

1. നൂലിനും ചായത്തിനും സർക്കാർ സബ്സിഡി നൽകി വിലക്കയറ്റം തടഞ്ഞുനിർത്താനുള്ള നടപടി സ്വീകരിക്കുക.

2. വ്യവസായ സ്ഥാപനങ്ങൾക്ക് വിദ്യുച്ഛക്തി കണക്ഷൻ പെട്ടെന്ന് നൽകുകയും ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പവർകട്ടിൽ നിന്നും ഒഴിവാക്കുകയും ചെയ്യുക.

3. കൈത്തറി രംഗത്തെ തൊഴിൽ പരിശീലനത്തിന് കണ്ണൂരിലുള്ള നെയ്ത്ത് പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുകയോ വടകര കേന്ദ്രമാക്കി ഒരു സ്ഥാപനം ആരംഭിക്കുകയോ ചെയ്യുക.

4. കയർ തൊഴിലാളികൾക്ക് യന്ത്രവൽകൃത കയർപിരി പരിശീലനം നൽകുക. യന്ത്രവൽക്കരണ സൗകര്യമുണ്ടാക്കി കയർ സഹകരണ സംഘം പുനസംഘടിപ്പിക്കുക.

5. തടിവ്യവസായ ശാലകൾക്ക് ആവശ്യത്തിന് തടി ലഭിക്കാനുള്ള ദീർഘകാല പദ്ധതി തയ്യാറാക്കുക.

6. വനിതകൾക്ക് തൊഴിലവസരം ലഭിക്കാൻ വനിതാ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

7. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക.

8. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഉള്ള നടപടിക്രമം ലഘൂകരിക്കുക.

9. വൻകിട കമ്പനികളുടെ പരസ്യ പ്രചരണങ്ങൾക്കിടയിൽ പ്രാദേശിക ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയെ സംബന്ധിച്ചും പ്രാദേശിക സംരംഭങ്ങൾ വിജയിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുക.

10. വിപണിക്ക് അനുസൃതമായ രീതിയിൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം, രൂപകൽപ്പന, ഉൽപ്പാദനക്ഷമത എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് .സംരഭകന് അറിവ് നൽകാനുള്ള പദ്ധതി തയ്യാറാക്കുക.

11. വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

12. ഗൾഫ് കുടിയേറ്റക്കാരെ വ്യാവസായികരംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.

13. വ്യാവസായിക വികസന കേന്ദ്രത്തിന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുക.

14. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാർവ്വത്രികമാക്കുക.

15. പഞ്ചായത്തിൽ ജനപ്രതിനിധികൾ, വ്യാവസായികൾ, ഉദ്യോഗസ്ഥർ, എന്നിവർ ഉൾക്കൊള്ളുന്ന വ്യവസായ വികസന സമിതി രൂപീകരിക്കുക.

16. വ്യവസായങ്ങൾ തുടങ്ങാൻ താൽപര്യമുള്ള വ്യക്തികളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുക. അവർക്ക് താൽപര്യമുള്ള മേഖലകൾ തെരഞ്ഞെടുത്ത് ആ മേഖലയെ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ പരിശീലനം നൽകുകയും തുടർന്ന് വ്യവസായങ്ങൾ ആരംഭിക്കാനുള്ള ധനസഹായം നൽകുകയും ചെയ്യുക.

17. ഹൈസ്ക്കൂളിൽ വ്യവസായ ക്ലബ്ബുകൾ രൂപീകരിക്കുക

**നിർദ്ദേശങ്ങൾ.**

1. ബാങ്ക് വായ്പ്പകളുടെ പലിശനിരക്ക് കുറയ്ക്കുക.

2. സർക്കാർ ഉടമസ്ഥതയിൽ ഒരു ഫാക്ടറി പഞ്ചയാത്തിൽ ആരംഭിക്കണം.


3. കൈത്തറി തുണിസംസ്ക്കരണ കേന്ദ്രം ആരംഭിക്കണം.

4. സോപ്പ് നിർമ്മാണ യൂണിറ്റ്.

5. പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റ്.

6. S.S.I. യൂണിറ്റുകൾക്ക് ഇൻവെസ്റ്റ്മെന്റിനെ ബന്ധപ്പെടുത്താതെ ഫ്ളാറ്റായി 10 വർഷത്തേക്ക് സെയിൽ ടാക്സ് ഇളവ് അനുവദിക്കണം.

7. വ്യവസായ സംരംഭകർക്ക് സബ്സിഡി വർദ്ധിപ്പിക്കണം.




OFFICE OF THE AZHIYOOR GRAMA PANCHAYAT

# 4

# വിദ്യാഭ്യാസം

അഴിയൂർ ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂൾ ഒഴികെയുള്ള എല്ലാ വിദ്യാലയങ്ങളും കുടിപ്പള്ളിക്കൂടങ്ങളായി ആരംഭിച്ചവയാണ്. എല്ലാ ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളും സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ സ്ഥാപിച്ചവയാണ്. അഴിയൂർ ഈസ്റ്റ് യു. പി. സ്കൂൾ, കല്ലാമല യു. പി. സ്കൂൾ, പനാടേമ്മൽ മാപ്പിള യു. പി. സ്കൂൾ എന്നിവ 1947നു ശേഷം യു. പി. സ്കൂളായി ഉയർത്തിയവയാണ്.

ഒഞ്ചിയം പഞ്ചായത്തിലെ ബോർഡ് എലിമൻററി സ്കൂൾ അവിടെ നിന്ന് മാറ്റി അഴിയൂരിൽസ്ഥാപിച്ചതാണ് ഇപ്പോഴത്തെ അഴിയൂർ ഗവർമെണ്ട് ജൂനിയർ ബേസിക് സ്കൂൾ. അന്ന് ഡിസ്ട്രിക് ബോർഡിൻെറ കീഴിലായിരുന്നു പ്രസ്തുത സ്ഥാപനം. പിന്നീട് സർക്കാർ ഏറ്റെടുത്തു.



ക്രസ്ത്യൻ പാതിരിമാർ തുടങ്ങിയതായ കണ്ടപ്പം കുണ്ടി ലെ സ്കൂളായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ എന്നാണ് അറിയുന്നത്. പ്രസ്തുത സ്ഥാപനം ഇപ്പോൾ നിലവിലില്ല. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള സ്കൂളുകളിൽ അഴിയൂർ സെൻട്രൽ എൽ. പി. സ്കൂളാണ് ആദ്യം സ്ഥാപിച്ചത്. (1900)

വാഗ്ഭടാനന്ദ ഗുരുദേവൻെറ നേതൃത്വത്തിൽ ഉടലെടുത്ത ആത്മവിദ്യാ സംഘം ആദ്യകാലങ്ങളിൽ വിദ്യാഭ്യാസ പ്രചര ണത്തിന് സഹായിച്ചിരുന്നു. ക്രിസ്ത്യൻ മിഷണറിമാരുടെ സഹായവും ആദ്യകാലത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകിട്ടുണ്ട്.

ചോമ്പാൽ എൽ.പി. സ്കൂളിലെ പഴയകാല അദ്ധ്യാപകൻമാർ സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. ഹരിജനങ്ങൾക്കുവേണ്ടി ആദ്യകാലത്തെ് തുടങ്ങിയ പഞ്ചമ സ്കൂൾ ആയിരുന്നു എടുത്തു പറയാവുന്ന മറ്റൊരു സ്ഥാപനം. അവിടെ മറ്റ് സമുദായക്കാർക്കും കുട്ടിക ളെ പഠിപ്പിക്കാൻ സൗകര്യം ലഭിച്ചിരുന്നു. താഴ്ന്ന ജാതിക്കാർക്കും മറ്റ് സമുദായക്കാർക്കും ഒരേ സ്കൂളിൽ പഠിക്കാൻ കഴി ഞ്ഞതിൻെറ ഫലമായിത്തന്നെ ഈ വിഭാഗ ങ്ങൾ തമ്മിലുള്ള ഉച്ച നീചത്വങ്ങൾ ഇവിടെ മറ്റുസ്ഥലങ്ങളെ അപേക്ഷിച്ച് കുറവായിരുന്നു.

കേരളത്തിലെ പ്രഥമ മന്ത്രിസഭയുടെ കാലത്താണ്

അഴിയൂർ ഗവ. ഹൈസ്കൂൾ സ്ഥാപിച്ചത് (1957). ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും ജനങ്ങൾ സംഭാവന നൽകിയതാണ്. ജനപങ്കാളിത്തത്തോടെ വിദ്യാലയങ്ങൾ സ്ഥാപിക്കാൻ കഴിയുമെന്നതിന്റെ ദൃഷ്ടാന്തമായി ഇതിനെ കണക്കാക്കാം. 1957ന് ശേഷം അംഗീകാരമുള്ള ഒരൊറ്റ സ്കൂളും അഴിയൂർ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടില്ല. എന്നാൽ 1938ൽ സ്ഥാപിച്ച അഴിയൂർ എൽ. പി. സ്കൂൾ കുട്ടികൾ കുറഞ്ഞതിന്റെ പേരിൽ അനാദായകരം എന്ന മുദ്രകുത്തി 1991ൽ നിർത്തലാക്കി.

ആദ്യകാലഘട്ടങ്ങളിലെ അഴിയൂരിലെ പരമ്പരാഗത തൊഴിൽ മേഖലകളിൽ കുട്ടികൾ കൂടി പങ്കെടുത്തിരുന്നതിനാൽ വലിയൊരു വിഭാഗം കുട്ടികൾക്ക് അക്കാലത്ത് പഠനം നടത്താൻ കഴിഞ്ഞിരുന്നില്ല.

ഇപ്പോൾ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും 4 അപ്പർ പ്രൈമറി സ്കൂളും, എട്ട് ലോവർ പ്രൈമറി സ്കൂളുകളും, അഞ്ചാം ക്ലാസ് ഉൾപ്പെട്ട രണ്ട് എൽ. പി. സ്കൂളുമാണ് ഉള്ളത്. ഇതിൽ 3 സ്കൂളുകൾ സർക്കാർ മേഖലയിലും 11 എണ്ണം സ്വകാര്യമേഖലയിലും ഒരെണ്ണം കോർപ്പറേറ്റ് മാനേജ്മെന്റ് ഉടമസ്ഥതയിലുമാണ്.

## പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

പട്ടിക - 1 സ്കൂൾ തലത്തിൽ അദ്ധ്യാപകരുടെയും, കുട്ടികളുടെയും എണ്ണം.

| നമ്പർ | സ്കൂളിന്റെ പേര്. | കുട്ടികൾ | | | അദ്ധ്യാപകർ | |
|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആവശ്യമുള്ളത് | ഇപ്പോഴത്തെ ഉള്ളത് |
| 1 | ഗവ. ഹൈസ്കൂൾ അഴിയൂർ | 501 | 496 | 997 | 38 | 37 |
| 2 | അഴിയൂർ ഈസ്റ്റ് യു. പി. സ്കൂൾ | 228 | 183 | 411 | 20 | 20 |
| 3 | കല്ലാമല യു. പി. സ്കൂൾ | 300 | 254 | 554 | 26 | 26 |
| 4 | ബി. ഇ. എം. യു. പി. സ്കൂൾ | 412 | 386 | 798 | 24 | 24 |
| 5 | പനാട എം. യു. പി. സ്കൂൾ | 200 | 193 | 393 | 17 | 17 |
| 6 | ജി. എം. ജെ. ബി. സ്കൂൾ അഴിയൂർ | 56 | 45 | 101 | 5 | 5 |
| 7 | ജി. ജെ. ബി. സ്കൂൾ അഴിയൂർ | 82 | 51 | 133 | 5 | 5 |
| 8 | ചോമ്പാൽ വെസ്റ്റ് എൽ. പി. സ്കൂൾ | 30 | 35 | 65 | 5 | 5 |
| 9 | ചോമ്പാൽ നോർത്ത് എൽ. പി. സ്കൂൾ | 79 | 101 | 180 | 8 | 8 |
| 10 | ചോമ്പാൽ എൽ. പി. സ്കൂൾ | 73 | 52 | 125 | 6 | 6 |
| 11 | പൂഴിത്തല എൽ. പി. സ്കൂൾ | 26 | 21 | 47 | 5 | 5 |
| 12 | ചോമ്പാൽ മാപ്പിള എൽ. പി. സ്കൂൾ | 28 | 13 | 41 | 5 | 5 |
| 13 | സെൻട്രൽ എൽ. പി. സ്കൂൾ അഴിയൂർ | 93 | 108 | 201 | 9 | 9 |
| 14 | അഞ്ചാംപീടിക എം. എൽ. പി. സ്കൂൾ | 76 | 84 | 160 | 6 | 6 |
| 15 | ഒറ്റപ്പിലാക്കൂൽ എം. എൽ. പി. സ്കൂൾ | 18 | 11 | 29 | 5 | 5 |
| | ആകെ | 2202 | 2033 | 4235 | 184 | 183 |

ഹൈസ്കൂൾതലം അദ്ധ്യാപകരും കുട്ടികളും

പട്ടിക - 2

| | കുട്ടികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|
| സ്കൂളുകളുടെ എണ്ണം | ആൺ | പെൺ | ആകെ | |
| 1 | 501 | 496 | 997 | 37 |

യു. പി. സ്കൂൾ തലം അദ്ധ്യാപകരും കുട്ടികളും

പട്ടിക - 3

| | കുട്ടികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|
| സ്കൂളുകളുടെ എണ്ണം | ആൺ | പെൺ | ആകെ | |
| 4 | 1140 | 1016 | 2156 | 87 |

എൽ. പി.സ്കൂൾ തലം അദ്ധ്യാപകരും കുട്ടികളും

പട്ടിക - 4

| | കുട്ടികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|
| സ്കൂളുകളുടെ എണ്ണം | ആൺ | പെൺ | ആകെ | |
| 10 | 561 | 521 | 1082 | 59 |

സ്വകാര്യ സ്കൂൾ തലം
ഹൈസ്കൂൾ, യു. പി. സ്കൂൾ., എൽ. പി. സ്കൂൾ
കുട്ടികളും അദ്ധ്യാപകരും.

പട്ടിക - 5

| | | കുട്ടികൾ | | | |
|---|---|---|---|---|---|
| സ്കൂളുകളുടെ എണ്ണം | എണ്ണം | ആൺ | പെൺ | ആകെ | അദ്ധ്യാപകർ |
| ഹൈസ്കൂൾ | ഇല്ല | - | - | - | - |
| യു. പി. | 4 | 1140 | 1016 | 2156 | 87 |
| എൽ. പി. | 8 | 423 | 425 | 848 | 49 |
| ആകെ | 12 | 1563 | 1441 | 3004 | 136 |

സർക്കാർതലം ഹൈസ്കൂൾ, യു. പി. സ്കൂൾ, എൽ. പി. സ്കൂൾ അദ്ധ്യാപകരും കുട്ടികളും

പട്ടിക - 6

| | | കുട്ടികൾ | | | |
|---|---|---|---|---|---|
| സ്കൂളുകളുടെ എണ്ണം | എണ്ണ | ആൺ | പെൺ | ആകെ | അദ്ധ്യാപകർ |
| ഹൈസ്കൂൾ | 1 | 501 | 496 | -997 | 37 |
| യു. പി. | ഇല്ല | - | - | - | - |
| എൽ. പി. | 2 | 138 | 96 | 234 | 10 |
| ആകെ | 3 | 639 | 592 | 1231 | 47 |

അഞ്ചാം വാർഡിൽ സ്കൂളുകളില്ല. ആറാം വാർഡിലെ സ്കൂളിൻെറ ഒരു ഭാഗം 5ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വാർഡിലെ കുട്ടികൾക്ക് പഠിക്കാൻ 1½ കി.മി യ്ക്കുള്ളിൽ ഹൈസ്കൂൾ വരെയുളള വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്.

സ്കൂളുകൾ വാർഡ് തിരിച്ച്

പട്ടിക - 7

| വാർഡ് | ഹൈസ്കൂൾ | യു. പി | എൽ. പി | സാങ്കേതികം |
|---|---|---|---|---|
| I | | | 1 | |
| II | | | 1 | 1 |
| III | | | 2 | |
| IV | | 1 | 1 | |
| V | | | 0 | |
| VI | | 1 | 1 | |
| VII | | 1 | 0 | |
| VIII | | 1 | 1 | |
| IX | | | 2 | 1 |
| X | | | 1 | |
| XI | 1 | | | |
| ആകെ | 1 | 4 | 10 | 2 |

കുട്ടികൾ കുറവായതിൻെറ പേരിൽ അനാദായകരം എന്ന മുദ്രകുത്തി 95 - 96 സ്കൂൾ വർഷത്തിൽ അവസാന മാസത്തിൽ പഞ്ചായത്തിലെ നാല് സ്വകാര്യ സ്കൂളുകളിൽ നിന്നും ഒരു സർക്കാർ സ്കൂളിൽ നിന്നും തസ്തിക വെട്ടിക്കുറയ്ക്കുകയും അധ്യാപകൻമാരെ സ്ഥലം മാറ്റുകയും ചെയ്തിരുന്നു. ഇക്കാരണത്താൽ പ്രസ്തുത വിദ്യാലയത്തിലെ കുട്ടികൾക്കും അധ്യപകർക്കും വർഷാവസാനം വലിയ പ്രയാസങ്ങൾ നേരിടേണ്ടിവന്നു. എന്നാൽ 96 - 97 സ്കൂൾ വർഷത്തിൽ വെട്ടി ക്കുറച്ച തസ്തികകൾ പുനസ്ഥാപിക്കാനും അദ്ധ്യാപകർക്ക് തിരിച്ചുവരാൻകഴിഞ്ഞിതും ആശ്വാസകരമായി. പുതുതായി സ്കൂളുകളുടെ ആവശ്യം ഈ പഞ്ചായത്തിനില്ല.

അഴിയൂർ ഹൈസ്കൂളിലെ എസ്.എസ്. എൽ. സി വിജയശതമാനം കുറഞ്ഞു വരുന്നു.

അഴിയൂർ ഹൈസ്കൂൾ എസ്. എസ്. എൽ. സി. വിജയ ശതമാനം. പട്ടിക 8 ൽ, കൊടുക്കുന്നു.

എസ്. എസ്. എൽ. സി. വിജയശതമാനം കുറഞ്ഞതിൻെറ കാരണങ്ങൾ പരിശോധിക്കാം. ഈ സ്ഥാപനത്തിൽ വന്നു ചേരുന്ന കുട്ടികളിൽ ബഹുഭൂരിക്ഷവും പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരാണ്. പഠന നിലവാരം തൃപ്തികരമല്ല എന്ന മുൻവിധിയോടെ പഠനത്തിൽ മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സ്കൂളിൽ വന്നു ചേരുന്നില്ല. അഴിയൂർ പഞ്ചായത്തിലെ യു. പി. സ്കൂളിൽനിന്ന് വിജയിച്ച കുട്ടികളിൽ. 40 ശതമാനം മാത്രമെ ഇവിടെ എത്തിച്ചേരുന്നുള്ളൂ. രക്ഷിതാക്കൾ കുട്ടികളുടെ പഠനത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. അദ്ധ്യാപക രക്ഷ കർതൃസമിതിയിലും മാതൃ സംഗമത്തിലും രക്ഷിതാക്കളുടെ പങ്കാളിത്തം കുറവാണ്. സാമ്പത്തിക മായി ഉയർന്ന കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് പഠനം നടത്തുന്നതിനേക്കാൾ താൽപര്യം വിനോദ പ്രവർത്തനങ്ങളാണ്. ഗൾഫു നാടുകളിൽ ജോലി ചെയ്യുന്ന രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ പഠനകാര്യത്തിൽ വേണ്ടതുപോലെ ശ്രദ്ധിക്കാൻ കഴിയുന്നില്ല. ഇതൊക്കെയാണ് പ്രധാന കാരണങ്ങളെന്നു കാണാം.

ഭൂരിപക്ഷം സ്കൂളിലെയും പഠന നിലവാരം ഇനിയും ഉയർത്തേണ്ടതുണ്ട്. കഴിഞ്ഞ 5 വർഷങ്ങളായി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ഇംഗ്ലീഷ് മാധ്യമത്തോടുള്ള അമിതമായ ഭ്രമവും ഭൗതിക സാഹചര്യങ്ങൾ കൂടുതലുള്ള വിദ്യാലയങ്ങൾ തേടി പഞ്ചായത്തിന് പുറത്ത് പോകുന്നതും ഇതിന് കാരണമാണ്. അതിനുപരിയായി അംഗീകാരമില്ലാത്ത രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും ജനസംഖ്യ നിരക്കിലുള്ള നേരിയ കുറവും കാരണങ്ങളായി കാണാം.

അംഗീകാരമില്ലാത്ത എൽ. പി. സ്കൂൾ (എൽ. കെ. ജി., യു. കെ. ജി ഉൾപ്പടെ)

| നമ്പർ | സ്കൂൾ | വാർഡ് | മാധ്യമം | സ്ഥാപിച്ച വർഷം | കുട്ടികൾ | അദ്ധ്യാപകർ | മറ്റ് ജീവനക്കാർ | ഫീസ് രൂ | പ്രവേശന ഫീസ് രൂ | ശമ്പളം |
|---|---|---|---|---|---|---|---|---|---|---|
| 1 | കുഞ്ഞിപ്പള്ളി എസ്. എം ഇസ്ലാമിക് | 10 | ഇംഗ്ലീഷും മലയാളവും | 1995 | 190 | 11 | 4 | 50 | 500 | 12000 |
| 2 | റയിറ്റ് ചോയ്സ്, മുക്കാളി | 9 | ഇംഗ്ലീഷും മലയാളവും | 1992 | 115 | 8 | 3 | ഇവ വ്യക്തമാക്കിയിട്ടില്ല | | |

പഞ്ചായത്തിൻെറ തൊട്ടടുത്ത മയ്യഴി പ്രദേശത്ത് വർഷങ്ങൾക്ക് മുമ്പ് ഏകാദ്ധ്യാപക സ്കൂളുകൾ പ്രവർത്തിച്ചിരുന്നു. അന്ന് കുട്ടികൾ അഴിയൂർ പഞ്ചായത്തിലെ സ്കൂളിൽ പഠനം നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഏകാദ്ധ്യാപക സ്കൂളുകൾ പ്രൈമറി സ്കൂളുകളായി മാറിയതിനാൽ മയ്യഴിയിലെ കുട്ടികൾ അവിടങ്ങളിൽ തന്നെ പഠിച്ചുവരുന്നു. കൂടാതെ പഞ്ചായത്ത് അതിർത്തി പ്രദേശത്തെ കുട്ടികളും മയ്യഴിയിലെ വിദ്യാലയങ്ങളിൽ പഠിക്കാൻ പോകുന്നു. ഇക്കാരണങ്ങളാൽ പഞ്ചായത്തതിർത്തിയിലുള്ള വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

കുട്ടികൾ കുറഞ്ഞുവരുന്ന കണക്ക്. പട്ടിക - 10

| | ക്ലാസ്സുകൾ | | | |
|---|---|---|---|---|
| സ്കൂൾ വർഷം | I | II | III | IV |
| 93 - 94 | 441 | 475 | 470 | 523 |
| 94 - 95 | 427 | 454 | 414 | 474 |
| 95 -96 | 403 | 438 | 410 | 457 |

പഞ്ചായത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ കൂടതൽ ദൂരം സഞ്ചരിക്കേണ്ടതില്ല. ഹൈസ്കൂൾ വിദ്യഭ്യാസത്തിനുപോലും 2½ കി. മി യിൽ കൂടുതൽ യാത്ര ചെയ്യേണ്ടതില്ല.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ യു. പി. സ്കൂളുകളിൽ നാലാം കാസ് വരെ പരിശോധിച്ചാൽ കുട്ടികൾ ഏറ്റവും കുറവ് ഒറ്റപ്പിലാക്കൂൽ എം. എൽ. പി. സ്കൂളിലും, കൂടുതൽ ചോമ്പാൽ നോർത്ത് എൽ. പി. സ്കൂളിലുമാണ്. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന യു. പി. സ്കൂൾ ചോമ്പാൽ ബി. ഇ. എം യു. പി. സ്കൂളും, ഏറ്റവും കുറവ് പനാടേമ്മൽ യു. പി. സ്കൂളിലു മാണ്.

പട്ടികജാതിയിൽ പെട്ട 145 വിദ്യാർത്ഥികൾ പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്നു. പട്ടിക 11, 12

95 - 96 വർഷത്തിൽ പഠനം നടത്തിയവർ (കൊഴിഞ്ഞുപോയവർ) 25 കുട്ടികളാണ്. കൊഴിഞ്ഞുപോക്ക് ചെറിയൊരു ശതമാനം മാത്രമേ ഉള്ളൂ ( 0.5%) അത് പ്രധാനമായും പ്രൈമറി തലത്തിലാണ്. ഹൈസ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്കുണ്ടായിട്ടില്ല. പട്ടിക 13, 14

**പട്ടികജാതി കുട്ടികൾ (96 - 97 അധ്യയന വർഷം)**
**പട്ടിക - 11**

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 5 | 10 | 15 |
| 2 | 3 | 6 | 9 |
| 3 | 8 | 5 | 13 |
| 4 | 4 | 5 | 9 |
| 5 | 6 | 5 | 11 |
| 6 | 13 | 8 | 21 |
| 7 | 14 | 5 | 19 |
| 8 | 9 | 7 | 16 |
| 9 | 7 | 11 | 18 |
| 10 | 6 | 8 | 14 |
| ആകെ | 75 | 70 | 145 |

**പട്ടികജാതി കുട്ടികൾ (തോറ്റിട്ടും പഠിക്കുന്നവർ) 96 - 97**
**പട്ടിക - 12**

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | | | |
| 2 | | 1 | 1 |
| 3 | | | |
| 4 | | 1 | 1 |
| 5 | 1 | 1 | 2 |
| 6 | | | |
| 7 | 1 | 1 | 2 |
| 8 | 2 | | 2 |
| 9 | 2 | 1 | 3 |
| 10 | | | |
| ആകെ | 6 | 5 | 11 |

**പഠനം നിർത്തിയവർ (കൊഴിഞ്ഞുപോയവർ) 95- 96.**
**പട്ടിക - 13**

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 2 | 2 | 4 |
| 2 | 2 | | 2 |
| 3 | 1 | | 1 |
| 4 | 3 | | 3 |
| 5 | 2 | 1 | 3 |
| 6 | 3 | 4 | 7 |
| 7 | 1 | 4 | 5 |
| 8 | | | |
| 9 | | | |
| 10 | | | |
| ആകെ | 14 | 11 | 25 |

**തോറ്റിട്ടും പഠിക്കുന്നവർ (96 - 97)**

**പട്ടിക - 14**

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | | | |
| 2 | 13 | 12 | 25 |
| 3 | 14 | 16 | 30 |
| 4 | 22 | 11 | 33 |
| 5 | 20 | 16 | 36 |
| 6 | 26 | 11 | 37 |
| 7 | 44 | 28 | 72 |
| 8 | 1 | 1 | 2 |
| 9 | 3 | 4 | 7 |
| 10 | | | |
| ആകെ | 143 | 99 | 242 |

പഞ്ചായത്തിലെ മൊത്തം അദ്ധ്യാപിക അദ്ധ്യാപകർ 183ഉം അദ്ധ്യാപകേതര ജീവനക്കാർ 22 ഉം ഒരു ഉപജില്ല വിദ്യാഭ്യാസ ഓഫീസറുമാണുള്ളത്. പട്ടിക - 15

വിദ്യാലയങ്ങൾക്ക് പുറമെ ഉപജില്ല വിദ്യാഭ്യാസ ഓഫീസും അഴിയൂർ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത ഓഫീസിന് സ്വന്തം കെട്ടടമില്ല.

പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല. പട്ടിക 16 കാണുക.

അഴിയൂർ ഗവർമെൻറ് ജൂനിയർ ബേസിക് സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല. വാടക കെട്ടടത്തിലാണ് പ്രവർത്തിക്കുന്നത്. ഉടമ കെട്ടിടം ഒഴിപ്പിച്ചെടുക്കുവാനുള്ള ശ്രമത്തിലാണ്. പഞ്ചായത്തും വിദ്യാഭ്യാസ വകുപ്പും പൊതുജന താൽപര്യവും പരിഗണിച്ച് നില നിർത്താനുള്ള ശ്രമത്തിലാണ്.

നടപ്പ് സാമ്പത്തിക വർഷത്തിൽ വിവിധ തരത്തിൽ സാമ്പത്തിക ആനുകൂല്യം ലഭക്കേണ്ടവരുടെ വിവരം പട്ടിക 17 ൽ കൊടുക്കുന്നു.

**അദ്ധ്യാപകരും, മറ്റു ജീവനക്കാരും [ AEO ഓഫീസ് ഉൾപ്പടെ]**

**പട്ടിക - 15**

| | | | | അദ്ധ്യാപകർ | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | എണ്ണം | | | വിദ്യഭ്യാസ യോഗ്യത | | | |
| സ്ഥാപനങ്ങളുടെ എണ്ണം | സ്കൂളും ഓഫീസും | ഗവൺമെൻറ് | പ്രൈവറ്റ് | ആൺ | പെൺ | ആകെ | ടിടിസി | ബിഎഡ് | എഇഒ | അദ്ധ്യാപകരല്ലാത്ത ജീവനക്കാർ |
| 1 | ഹൈസ്കൂൾ | 1 | | 16 | 21 | 37 | 7 | 21 | | 5 |
| 4 | യു. പി. സ്കൂൾ | | 4 | 38 | 39. | 87 | 36 | 26 | | 4 |
| 10 | എൽ. പി. സ്കൂൾ | 2 | 8 | 23 | 46 | 59 | 31 | 20 | | 2 |
| 1 | എ.ഇ.ഒ ഓഫീസ് | | | | | | | | 1 | 11 |
| | ആകെ | 3 | 12 | 77 | 106 | 183 | 74 | 67 | 1 | 22 |

### സ്കൂൾ ഭൗതിക സാഹചര്യം (ആവശ്യമുള്ള സ്ഥാപനങ്ങൾ)

പട്ടിക - 16

| സ്കൂൾ | മൊത്തം | കെട്ടിടം | ഫർണിച്ചർ | കക്കൂസ് | മൂത്രപ്പുര | കുടിവെള്ളം | കളിസ്ഥലം | പാചകമുറി |
|---|---|---|---|---|---|---|---|---|
| ഹൈസ്കൂൾ | 1 | 1 | 1 | | | | | |
| യു.പി. സ്കൂൾ | 4 | | 3 | | | | | |
| എൽ.പി. സ്കൂൾ | 10 | 1 | 9 | 8 | 4 | 5 | 4 | 4 |
| ആകെ | 15 | 2 | 13 | 8 | 4 | 5 | 4 | 4 |

### സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന കുട്ടികളുടെ എണ്ണം - 96 - 97 വർഷം

പട്ടിക - 17

| സ്കൂൾ | മെരിറ്റ് സ്കോളർഷിപ്പ് | ലംപ്സം ഗ്രാൻറ് | മുസ്ലിം പെൺകുട്ടികൾ സ്കോളർഷിപ്പ് | വികലാംഗർ | ജവാൻ | മത്സ്യതൊഴിലാളികളുടെ മക്കൾ | മറ്റുള്ളവർ | എണ്ണം |
|---|---|---|---|---|---|---|---|---|
| ഹൈസ്കൂൾ | 3 | 75 | 151 | 10 | | 116 | | 1 |
| യു.പി. സ്കൂൾ | 8 | 172 | 115 | 4 | | 100 | 3 | 10 |
| എൽ.പി. സ്കൂൾ | 1 | 58 | 8 | 2 | 2 | 67 | 1 | 4 |
| ആകെ | 12 | 205 | 264 | 16 | 2 | 283 | 4 | 15 |

ഹൈസ്കൂൾ, യു. പി, എൽ. പി. വിഭഗങ്ങളിൽ ഇപ്പോൾ ലഭ്യമാകുന്ന പഠനോപകരണങ്ങളുടെ വിശദവിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

### പഠനോപകരണങ്ങൾ (ലഭ്യമായത്) സ്കൂളുകളുടെ എണ്ണം

പട്ടിക - 18

| സ്കൂൾ | ലൈബ്രറി | ലാബ് | മേപ്പ്, ചാർട്ട്, ഗ്ലോബ് | റേഡിയോ | ടേപ് റിക്കാർഡർ | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | മൊത്തം സ്കൂളിൻെറ എണ്ണം |
|---|---|---|---|---|---|---|---|---|---|
| ഹൈസ്കൂൾ | 1 | 1 | 1 | 0 | | 1 | 1 | 1 | 1 |
| യു.പി. സ്കൂൾ | 4 | 4 | 4 | 2 | | | | | 4 |
| എൽ.പി. സ്കൂൾ | 10 | 1 | 4 | 6 | 6 | | | | 10 |
| ആകെ | 15 | 6 | 9 | 8 | 6 | 1 | 1 | 1 | 15 |

അഴിയൂർ ഹൈസ്കൂളിൽ സിനിമ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ഓവർ ഹെഡ് പ്രൊജക്ടർ എന്നിവ പഞ്ചായത്തിലെ മറ്റ് സ്കൂളുകൾക്കു കൂടി പ്രയോജനപ്പെടുത്തുവാനുള്ള സൗകര്യം ഉണ്ടാക്കണം. ആൺ കുട്ടികളുടെയും പെൺ കുട്ടികളുടെയും എണ്ണം പട്ടികയിൽ കൊടുത്തിരിക്കുന്നു. (പട്ടിക - 19.)

ആകെ കുട്ടികൾ ക്ലാസ് അടിസ്ഥാനത്തിൽ 96 - 97

പട്ടിക - 19


| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 227 | 190 | 417 |
| 2 | 181 | 168 | 349 |
| 3 | 254 | 215 | 469 |
| 4 | 252 | 203 | 455 |
| 5 | 265 | 346 | 611 |
| 6 | 341 | 289 | 630 |
| 7 | 351 | 298 | 649 |
| 8 | 129 | 114 | 243 |
| 9 | 118 | 119 | 237 |
| 10 | 74 | 91 | 165 |
| ആകെ | 2202 | 2033 | 4235 |

പട്ടിക പരിശോധിച്ചാൽ ആൺകുട്ടികൾ കൂടുതലാണെന്ന് കാണാം. ഒന്നാം ക്ലാസിൽ ഈ വ്യത്യാസം പ്രകടമായി കാണാം. ഇതിനു കാരണം ആൺകുട്ടികളുടെ ജനനനിരക്കിലുള്ള വർദ്ധനവാണ്.

പഞ്ചായത്തിലെ 15 വിദ്യാലയങ്ങളിലായി 183 അദ്ധ്യാപിക അദ്ധ്യാപകർ ഉണ്ട്. അദ്ധ്യാപകർ 77 ഉം അദ്ധ്യാപികമാർ 106 ഉം ആണ്. അദ്ധ്യാപകരിൽ 42 ശതമാനം പുരുഷൻമാരും 58 ശതമാനം സ്ത്രീകളുമാണ്. ടി. ടി. സി., ബി. എ. ഡ് തുടങ്ങിയ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ കൂടാതെ 44 പേർ വിവിധ ഭാഷകളിലും, ക്രാഫ്റ്റ്, മ്യൂസിക്, ഡ്രോയിംഗ്, കായികാദ്ധ്യാപനം എന്നിവയിിലും യോഗ്യത നേടിയവരാണ്.

അദ്ധ്യാപികാ അദ്ധ്യാപകർ 96 - 97

ഗ്രാഫ് - 20




അടുത്തടുത്ത് സ്കൂളുകളുള്ളതിനാലും സൗജന്യ വിദ്യാഭ്യാസം ലഭിക്കുന്നതിനാലും പഞ്ചായത്തിലെ അഞ്ചു വയസ്സായ മുഴുവൻ കുട്ടികളും സ്കൂളിൽ ചേർന്ന് പഠിക്കുന്നു.

സബ് ജില്ലാതലത്തിൽ നടക്കുന്ന കായിക മേളയിൽ പഞ്ചായത്തിലെ ഭൂരിപക്ഷം സ്കൂളുകളിൽ നിന്നും കുട്ടികൾ പങ്കെടുക്കാറുണ്ട്. എന്നാൽ സ്കൂളുകളിൽ പരിശീലനത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. സൗകര്യമുള്ള സ്കൂളിൽനിന്ന് പങ്കെടുക്കുന്ന കുട്ടികൾക്ക് സബ്ജില്ലാതലത്തിൽ സമ്മാനങ്ങൾ ലഭിക്കുന്നുണ്ട്. പരിശീലനത്തിന് യു. പി. സ്കൂളിലും ഹൈ സ്കൂളിലും സൗകരം ഉള്ളതിനാൽ കൂടുതൽ കുട്ടികൾ പങ്കെടുക്കാറുണ്ട്.


കലാമേളകളിൽ സബ്ജില്ല തലത്തിൽ എല്ലാ സ്കൂളുകളിൽനിന്നും പ്രാതിനിധ്യം ഉണ്ടാകാറുണ്ട്. പഞ്ചായത്തിലെ മിക്ക സ്കൂളുകൾക്കും സബ്ജില്ല തലത്തിൽ സമ്മാനങ്ങൾ ലഭിക്കാറുണ്ട് പ്രസ്തുത മേളകളിൽ മുൻ പന്തിയിൽ നിൽക്കുന്ന വിദ്യാലയങ്ങൾ കല്ലാമല സ്കൂളും, ചോമ്പാൽ ബി. ഇ. എം സ്കൂളുമാണ്. അഴിയൂർ പഞ്ചായത്തിൽ വിജ്ഞനോൽസവം ജന പങ്കാളിത്തത്തോടെ നല്ലനിലയിൽ നടത്തിവരുന്നു. എല്ലാ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികൾ പങ്കെടുത്തു വരുന്നു. കുട്ടികളുടെ സമഗ്രമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു. നടപ്പുവർഷം പഞ്ചായത്ത് തലത്തിൽ ചോമ്പാല ബി. ഇ. എം. യു. പി. സ്കൂളിനാണ് കൂടുതൽ സമ്മാനങ്ങൾ ലഭിച്ചത്. കുട്ടികളുടെ പഠന നിലവാരത്തെക്കുറിച്ചുള്ള പട്ടികയും ഗ്രാഫും കൊടുക്കുന്നു.

കുട്ടികളുടെ പഠന നിലവാരം 96 - 97 വർഷം

പട്ടിക - 21

| ക്ലാസ് | മൊത്തം കുട്ടി കൾ | 30ശത മാന ത്തിൽ താഴെ | 30 മു 40 | 40 മു 50 | 50 മു 60 | 60ന് മുകളി ൽ |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |
| 3 | 459 | 76 | 75 | 93 | 101 | 114 |
| 4 | 437 | 64 | 84 | 97 | 96 | 96 |
| 5 | 449 | 79 | 98 | 140 | 57 | 57 |
| 6 | 602 | 134 | 147 | 158 | 93 | 93 |
| 7 | 645 | 129 | 146 | 106 | 55 | 155 |
| 8 | 233 | 23 | 128 | 40 | 20 | 20 |
| 9 | 237 | 35 | 50 | 75 | 52 | 52 |
| 10 | 165 | 52 | 40 | 35 | 25 | 25 |
| ആകെ | 3227 | 592 | 768 | 743 | 599 | 525 |

കുട്ടികളുടെ പഠനനിലവാരം



ഒന്നാം പാദവർഷ പരീക്ഷയുടെ അടിസ്ഥാനത്തിൽ 30 ശതമാനത്തിൽ താഴെ മാർക്ക് ലഭിച്ചവർ 18 ശതമാനമാണ്. വേണ്ടത്ര അക്ഷര ജ്ഞാനം ഇല്ലാത്ത കുട്ടികൾ ഏകദേശം 20 ശതമാനത്തോളം ഉണ്ട്. കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ വേണ്ടി 93 - 94 സ്കൂൾ വർഷത്തിൽ വടകര വിദ്യാഭ്യാസ ജില്ലയിൽ നടപ്പാക്കിയ 'അക്ഷര ലോകം' പരിപാടി വളരെ വിജയപ്രദമായി നടത്തിയിരുന്നു. എന്നാൽ തുടർന്നവന്ന വർഷങ്ങളിൽ പ്രസ്തുത പരിപാടി നടത്താൻ കഴിഞ്ഞില്ല.

ഹൈസ്കൂൾ കേന്ദ്രമാക്കി എല്ലാ പ്രൈമറി വിദ്യാലയങ്ങളെയും ബന്ധപ്പെടുത്തി സ്കൂൾ കോംപ്ലക്സ് പദ്ധതികൾ ഗ്രാമ പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തിവരുന്നു, ആവശ്യമായ സഹായ സഹകരണങ്ങൾ വിദ്യാഭാസ വകുപ്പ് നൽകിവരുന്നു.

ദിനംപ്രതി പഞ്ചായത്തിൽ 2500 ഓളം കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. ഈ ആവശ്യത്തിലേക്ക് ദിവസവും 150 കി. ഗ്രാം അരിയും, 75 കി. ഗ്രാം പയറും സർക്കർ നൽകുന്നു. ഇതിന് മാത്രമായി ഒരു ദിവസം 2700 ക ചെലവ് വരുന്നു. , സൗജന്യവിദ്യാഭ്യാസത്തിൻെറ വിദ്യാഭ്യാസ പരിപാടി യുടെ ഭാഗമായാണ് ഇതു നടപ്പാക്കുന്നത്.

ഉച്ചഭക്ഷണം (ഒരു നേരത്തേക്ക്

പട്ടിക - 24

| സ്കൂളുകടെ എണ്ണം | ഭക്ഷണം കഴിക്കുന്ന കുട്ടി കൾ | അരി (കിലോ) | പയർ (കിലോ) | മൊത്തം .സംഖ്യ രൂപ |
|---|---|---|---|---|
| 15 | 2500 | 150 | 75 | 2700/- |

പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർതൃ സമിതിയും മാതൃ സംഗമവും സജീവമാണ്. ചില സ്കൂളുകളിൽ അതിൻെറ പ്രവർത്തനം സജീവമല്ല. പഞ്ചായത്തിലെ മൂന്ന് സർക്കാർ സ്കൂളുകളിലേയും പി. ടി. എ. സ്കൂളിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുന്നു. അഴിയൂർ ഹൈസ്കൂൾ പി. ടി. എ. സ്കൂളിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുന്നു. പി. ടി. എ. സ്കൂളിലെ പാചക മുറി നിർമ്മിച്ചു കൊടുക്കുകയും സ്കൂളിൻെറ അറ്റകുറ്റി പണി നടത്തുകയും ചെയ്തിരുന്നു. അഴിയൂർ ഗവൺമെൻറ് ജൂനിയർ ബേസിക് സ്കൂ ളിൻെറ അപകടനിലയിലായിരുന്ന കെട്ടിടം. 15000 രൂപ മുടക്കി അറ്റകുറ്റ പണി നടത്തി ഉപയോഗപ്രദമാക്കി. ഇത് ജന പങ്കാളി ത്തത്തോടെ പി. ടി. എ. യുടെ നേതൃത്വത്തിലാണ് നടത്തിയത് അഴിയൂർ ജി. എം. ജെ. ബി. സ്കൂളിൽ പി. ടി. എ. യുടെ നേതൃത്വത്തിൽ പ്രീ പ്രൈമറി ക്ലാസ് ആരംഭിച്ചിട്ടുണ്ട്. ( 1996- 97 വർഷം). കഴിഞ്ഞവർഷം പി. ടി. എ. നേതൃത്വം വഹിച്ചു കൊണ്ട് സ്കൂളിൻെറ അറ്റകുറ്റ പണി നടത്തിയിട്ടുണ്ട്. ചോമ്പാൽ ബി. ഇ. എം. യു. പി. സ്കൂളിന് ആവശ്യമുളള പുതിയ കെട്ടിടം നിർമ്മിച്ചത് പി. ടി. എ. യുടെ സഹായത്തോടെയാണ്. പി. ടി. എ. സജീവമായ സ്കൂളിൽ ഒരു പരിധിവരെ ഭൗതിക സാഹചര്യം ഒരുക്കാനും, പഠന നിലവാരം ഉയർത്താനും വിദ്യാലയങ്ങൾക്ക് കഴിയും. ചില സ്കൂൾ പി. ടി. എ. കമ്മറ്റികൾ ഉച്ചഭക്ഷണ ചിലവിനുളള സഹായവും ചെയ്ത് കൊടുക്കുന്നു. വിവിധ ശിശു വിദ്യാലയങ്ങളെ കുറിച്ചുളള പട്ടിക താഴെ കൊടുക്കുന്നു.

ശിശു വിദ്യാലയങ്ങൾ ഗ്രാമ വികസന വകുപ്പ് വഴി

പട്ടിക - 25

| നമ്പർ | പേര് | വാർഡ് | കുട്ടികൾ | സ്ഥാപിത വർഷം | മാധ്യമം |
|---|---|---|---|---|---|
| 1 | ചോമ്പാൽ ബീച്ച് ബാലവാടി | 8 | 30 | 1977 | മലയാളം |
| 2 | ചോമ്പാൽ സൗത്ത് ബാലവാടി | 8 | 30 | 1981 | മലയാളം |
| 3 | കസ്തൂർബാ ബാലവാടി | 2 | 30 | 1975 | മലയാളം |

ശിശു വിദ്യഭ്യാസരംഗത്ത് ആവിഷ്കരിക്കേണ്ട രീതിയെ തുറിച്ച് പ്രഗത്ഭരുടെ തന്നെ അഭപ്രായം അനുസരിച്ച് തന്നെയാണോ ഇവിടുത്തെ ബോധന രീതി എന്നത് പരിശോധക്കേണ്ടിയിരിക്കുന്നു. പ്രാഥമിക രംഗത്തേക്ക് പ്രവേശിക്കുന്നതിന് കുട്ടികളെ മാനസികമായി സജ്ജമാക്കുന്ന പ്രക്രിയയായിരിക്കണം പ്രീ. പ്രൈമറി രംഗത്ത് വേണ്ടത്. അത് സുനിശ്ചിതമായും കുട്ടികളുടെ അഭിരുചിക്കൊത്ത കളിരീതികൾ മാത്രമായിരിക്കണം. (പട്ടിക - 26)

അഴിയൂർ പഞ്ചായത്തിലെ മഹാത്മ വായനശാലയും താമരൻ സ്മാരക വാനശാലയും, ആദ്യഘട്ടത്തിൽ അനൗപചാരിക വിദ്യഭ്യാസത്തിന് സഹായം ചെയ്തിരുന്നു. എന്നാൽ താമരൻ സ്മാരക വായനശാല ഇപ്പോഴില്ല.

തുടർസാക്ഷരത പരിപാടി പഞ്ചായത്തിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. അത് നവസാക്ഷരർക്ക് വലിയ പ്രയാസം ഉണ്ടാക്കിയിരിക്കുന്നു. ഓഡിയോ, വീഡിയോ മാധ്യമങ്ങൾ ഉപയോഗിച്ച് ഫലപ്രദമായി തുടർ വിദ്യാഭ്യാസ പരിപാടി നടത്തണം. 1996 ലെ കണക്കനുസരിച്ച് 28480 പേരിൽ 11062 പുരുഷൻമാരും 13669 സ്ത്രീകളും സാക്ഷരരാണെന്ന് കണക്കാക്കുന്നു. (89%)

## മറ്റ് ശിശു വിദ്യാലയങ്ങൾ

പട്ടിക - 26

| നമ്പർ | പേര് | വാർഡ് | മാധ്യമം | അദ്ധ്യാകർ | മറ്റു ജീവനക്കാർ | സ്ഥാപിച്ച വർഷം | മാസശമ്പളം | കുട്ടികൾ | ഫീസ് | പ്രവേശന ഫീസ് |
|---|---|---|---|---|---|---|---|---|---|---|
| 1 | ശ്രീനാരായണ നഴ്സറി ചോമ്പാല | 8 | മലയാളം | 2, | 1 | 1983 | 1200 | 35 | 30 | 25 |
| 2 | കൊളരാട് നഴ്സറി | 9 | മലയാളം | 1 | 1 | 1983 | 450 | 27 | 30 | 100 |
| 3 | രോഷ്നി നഴ്സറി, അഴിയൂർ | 2 | ഇംഗ്ലീഷ് | 2 | | 1991 | | 20 | 60 | 200 |
| 4 | സി. എസ്. ഐ. പ്രീപ്രൈമറി സ്കൂൾ | 8 | മലയാളം | 2 | | | 500 | 19 | 40 | 50 |
| 5 | ജി. എം. ജെ. ബി. സ്കൂൾ പ്രീ പ്രൈമറി - പി. ടി. എ | 3 | മലയാളം | 1 | 1 | 1996 | 450 | 25 | വാങ്ങിക്കുന്നില്ല | |

സമൂഹത്തിലെ ഉൽപാദനപരവും, സാമൂഹികവും, സാംസ്കാരികവുമായ വ്യവഹാരങ്ങളിൽ പങ്കുകൊള്ളാൻ വളരുന്ന തലമുറയെ പ്രാപ്തരാക്കുകയാണ് വിദ്യാഭ്യാസത്തിൻെറ ധാർമ്മികമായ ലക്ഷ്യം. ഇത് അംഗീകരിക്കുകയാണെങ്കിൽ അതിന് ഉതകുന്നതായിരിക്കണം പാഠ്യ പദ്ധതിയും അദ്ധ്യാപന സമ്പ്രദായവും.ഇത് ഇന്ന് ലഭ്യമല്ല. ഇന്നത്തെ പാഠ്യ പദ്ധതികളുടെ ഒരുപ്രധാന പോരായ്മ 'കേരളീയതയുടെ' കുറവാണ്. കേരളത്തിൻെറ വിഭവശേഷിയും തൊഴിൽ സാധ്യതകളും കണക്കിലെടുത്ത് വിദ്യാഭ്യാസം പ്രത്യേകിച്ച് തൊഴിലധിഷ്ഠിതമായിരിക്കണം.

അഴിയൂർ പഞ്ചായത്തിൻെറ സാധ്യതകൾക്കുള്ളിൽ നിന്ന് പരിശോധിക്കുമ്പോൾ ഇവിടുത്തെ ഹൈസ്കൂൾ തലം വരെയുള്ള വിദ്യാലയങ്ങളുടെ എണ്ണത്തിലുള്ള വികാസം പൂർണ്ണമാണ്. എന്നാൽ ഗുണപരമായ വികാസം ഉയർത്തേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. ഹൈസ്കൂളിലെ എസ്. എസ്. എൽ. സി. വിജയശതമാനം കുറഞ്ഞു.
2. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.
3. ഭൗതിക സാഹചര്യങ്ങളില്ലാത്ത സ്കൂളുകൾ ഉണ്ട്.
4. കെട്ടിടവും സ്ഥലവും ഇല്ലാത്ത സ്കൂളുണ്ട്.
5. അൺ എയിഡഡ് വിദ്യാലയങ്ങൾ വരുന്നത് കാരണം പൊതു വിദ്യാലയങ്ങളുടെ ഭാവി തകരുന്നു.
6. ഇംഗ്ലീഷ് മാധ്യമത്തോടുള്ള ഭ്രമം കാരണം കുട്ടികളെ പഞ്ചായത്തിനകത്തും പുറത്തുമുള്ള അംഗീകാരമില്ലാത്ത സ്കൂളുകളിൽ അയക്കുന്നു. അതിനാൽ പൊതുവിദ്യാലയത്തിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നു.
7. പനാടേമ്മൽ എം. യു. പി. സ്കൂൾ, കല്ലാമല യു. പി. സ്കൂൾ, ബി. ഇ. എം. യു. പി. സ്കൂൾ എന്നിവ ഹൈസ്കൂളായി ഉയർത്തണം.
8. ഗവർമെൻറ് മാപ്പിള ജെ. ബി. സ്കൂൾ യു. പി. സ്കൂളായി ഉയർത്തണം.
9. ചോമ്പാൽ എൽ. പി. സ്കൂൾ യു. പി. സ്കൂളായി ഉയർത്തണം.
10. അനൗപചാരിക വിദ്യാഭ്യാസത്തിന് വേണ്ടത്ര വായനശാലകളും ഗ്രന്ഥാലയങ്ങളും ഇല്ല.
11. തുടർ സാക്ഷരത പദ്ധതി തുടർന്ന് നടത്തണം.
12. സ്കൂളുകളിൽ കളിസ്ഥലം വേണ്ടത്രയില്ലാത്തതിനാൽ കായിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കുന്നില്ല.
13. പഠന നിലവാരം ഭൂരിപക്ഷം സ്കൂളുകളിലും വേണ്ടത്ര തൃപ്തികരമല്ല.
14. ചില സ്കൂളുകളിൽ വേണ്ടത്ര ആകർഷകമല്ല.
15. രക്ഷിതാക്കൾ വേണ്ടരീതിയിൽ സ്കൂളുമായി ബന്ധം സ്ഥാപിക്കുന്നില്ല.
16. സർക്കാർ മേഖലയിലെ ജി. ജെ. ബി. സ്കൂളിന് സ്ഥലവും കെട്ടിടവുമില്ല.
17. ചില സ്കൂളുകളിൽ പി. ടി. എ. മാതൃ സംഗമം സജീവമല്ല.
18. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് സ്കൂൾ സമയത്തിനു ശേഷം അഭ്യസ്ഥ വിദ്യരുടെ സഹായത്തോടുകൂടി പ്രത്യേക കോച്ചിംഗ് നൽകണം.
19. അഭ്യസ്ഥ വിദ്യർക്ക് തൊഴിൽ സൗകര്യം ലഭിക്കുവാനുള്ള സാധ്യതകൾ ആരായണം.
20. പ്രാദേശികമായി ലഭിക്കുന്ന അദ്ധ്യാപകരെ അടുത്ത സ്കൂളിൽ നിയമിക്കണം.
21. ടി. വി. റേഡിയോ വഴിക്കുള്ള പഠന സൗകര്യങ്ങൾ ജനവിദ്യാകേന്ദ്രങ്ങളിൽ ഉണ്ടാക്കണം.
22. മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഇന്നുള്ളതിന് പുറമെ യൂണിഫോം വാങ്ങുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ കൂടി നൽകണം.
23. ബാലവാടി കെട്ടിടങ്ങൾ റിപ്പേർ ചെയ്യണം, ചുറ്റു മതിൽ കെട്ടണം.
24. ജനകീയ പങ്കാളിത്തത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം ഉയർത്തണം.
25. അൺ ഇക്കോണമിക് സ്കൂളുകൾ നിർത്തലാക്കരുത്.
26. വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകൾ തുടങ്ങണം.

| വർഷം | 91 - 92 | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|---|
| ശതമാനം | 29% | 31% | 22% | 14% | 12% |

എസ്. എസ്. എൽ. സി. വിജയശതമാനം ഗ്രാഫിൽ

ഗ്രാഫ് - 1, പട്ടിക - 8




## സാധ്യതകൾ

1. പഠന നിലവാരം ഉയർത്തണം. പഞ്ചായത്തിലെ ഹൈസ്കൂൾ കേന്ദ്രീകരിച്ചുള്ള ജില്ലാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമാക്കണം. സ്കൂൾ കോംപ്ലക്സ് എന്ന ആശയം പ്രായോഗികമാക്കണം. എസ്. എസ്. എൽ. സി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് സ്കൂൾ സമയത്തിനുശേഷം അദ്ധ്യയന പ്രവർത്തനത്തിന് തയ്യാറുള്ള വിദ്യാസമ്പന്നരെ കണ്ടുപിടിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കണം. അത്തരം ക്ലാസ്സുകളിൽ കുട്ടികൾ നിർബന്ധമായും പങ്കെടുക്കണം. രക്ഷിതാക്കൾ താൽപര്യം കാണിക്കണം. രക്ഷിതാക്കളെ ബോധവൽക്കരിക്കാൻ പി. ടി. എ. സജീവമാക്കണം. ക്ലാസ് അടിസ്ഥാനത്തിൽ മാതൃ സംഗമം വിളിച്ചു ചേർക്കണം. മാസം തോറും ടെസ്റ്റ് പേപ്പർ നടത്തി രക്ഷിതാക്കളെ വിളിച്ചുവരുത്തി കുട്ടികളുടെ പഠന നിലവാരം ചർച്ച ചെയ്യണം. സ്കൂൾ വിദ്യാഭ്യാസ വികസന സമിതി പഠന നിലവാരം ഉയർത്തുന്നതിൽ വേണ്ട സഹായങ്ങൾ നൽകണം.

തലത്തിലുള്ള മോണിറ്ററിങ്ങ് (എ. ഇ. ഒ, ഡി. ഇ. ഒ) ഇടയ്ക്കിടെ നടത്തണം. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയ മോണിറ്ററിംങ്ങ് മാസംതോറും നടത്തണം. ജനകീയ മോണിറ്ററിംങ്ങിൽ പി. ടി. എ, മാതൃ സംഗമം എന്നിവയുടെ സജീവത്തം ചർച്ച് ചെയ്യണം. സ്കൂൾ ഭൗതിക സാഹചര്യത്തെ പറ്റിയും പഠന നിലവാരത്തെ പറ്റി യും ചർച്ച ചെയ്യണം. ഹാജർ കുറഞ്ഞുവരുന്ന കുട്ടികളുടെ രക്ഷിതാക്കളുമായി ജനകീയ സമിതി ബന്ധപ്പെടണം.

3. കുട്ടികളുടെ വായനാശീലം വളർത്തണം അതിന് പ്രത്യേക മുറിയോ, വാരാന്തയോ തരപ്പെടുത്തി ഒഴിവു സമയങ്ങൾ ഇതിനായി ഉപയോഗിക്കുക. പത്രങ്ങളും നല്ല പുസ്തകങ്ങളും നൽകാം. പത്രങ്ങൾ സ്പോൺസർ ചെയ്ത് ലഭ്യമാക്കാം.

4. വിദ്യാഭ്യാസത്തിന്റെ പ്രധാന ഘടകങ്ങളാണ് കായിക വിദ്യാഭ്യാസം. ഇതിന് വേണ്ടി കായിക അദ്ധ്യാപകരും, മറ്റദ്ധ്യാപകരും കൂട്ടായി ശ്രമിക്കണം. മാസ് ഡ്രിൽ ആഴ്ചയിൽ ഒരുദിവസമെങ്കിലും നടത്തണം. പഞ്ചായത്തിന്

പൊതുവായ കളിസ്ഥലം ഉണ്ടെങ്കിൽ അവിടെ.യും സ്കൂൾ കുട്ടികൾക്ക് കളിക്കാൻ സൗകര്യമുണ്ടാക്കാം.

5. കുട്ടികളുടെ സാഹിത്യപോഷണത്തിനും സൗകര്യ മുണ്ടാക്കണം. രണ്ടാഴ്ചയിൽ ഒരു പിരീഡ് സാഹിത്യ സമാജത്തിന് മാറ്റിവെക്കണം. എൽ. പി. സ്കൂളുകളിൽ സാഹിത്യ സമാജ പരിപാടിയിൽ കുട്ടികളുടെ വക ആംഗ്യപ്പാട്ട്, പദ്യം ചൊല്ലൽ, കഥാകഥനം എന്നിവയും യു. പി. സ്കൂളിൽ പദ്യം ചൊല്ലൽ, കവിത ചൊല്ലൽ എന്നിവയും നടത്താം. പഞ്ചായത്ത് തലത്തിൽ കൈയെഴുത്ത് മാസിക ഉണ്ടാക്കാം.

6. പഞ്ചായത്ത് പ്രസിഡൻറിൻെറ നേതൃത്വത്തിൽ അക്കാദമിക് കോർ - ഗ്രൂപ്പ് ഉണ്ടാക്കി സ്കൂളുകളിൽ മോണി റ്ററിംഗ് നടത്തുന്നത് ഗുണകരമാണ്. ഏറ്റവും നല്ല എൽ. പി. സ്കൂളിനും, യു. പി. സ്കൂളിനും വർഷാവർഷങ്ങളിൽ ഉപഹാ രങ്ങൾ നൽകി പ്രോൽസാഹിപ്പിക്കാം. പഠനം, വിജ്ഞാനോൽ സവം, കായിക മൽസരം, പ്രവൃത്തി പരിചയം, ബാല കലാമേള, യുവജനോൽസവം എന്നിങ്ങനെ വിവിധ കാര്യങ്ങ ളിൽ സബ്ജില്ലാതലത്തിൽ പഞ്ചായത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന സമ്മാനം, സ്ഥാനം എന്നിവ പരിഗണിച്ച് ഉപ ഹാരം കൊടുക്കേണ്ടതാണ്. സ്ത്രീകൾ ഭൗതിക സാഹചര്യം സകൂടി കണക്കിലെടുക്കണം.

7. പഠനോപകരണങ്ങൾ വേണ്ടത്ര ഉണ്ടാക്കണം. പഠനം 'പാൽപായസ'മാക്കാൻ ധാരാളം പഠനോപകരണങ്ങൾ കൂടിയേ കഴിയൂ. അതിന് വേണ്ടി പഞ്ചായത്ത്തലത്തിൽ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക. ഇതിന് സഹായ ിക്കുന്നതിന് വേണ്ടി സമർത്ഥനായ ഒരാളുടെ സഹായം തേടാം. ഈ വർക്ക്ഷോപ്പിൽ എല്ലാ സ്കൂളുകളുടെയും പങ്കാളിത്തം ഉണ്ടാവണം. വിലകൊടുത്ത് ഉപകരണങ്ങൾ വാങ്ങുന്നതിനേക്കാൾ പാഴ്വസ്തുക്കൾ ഉപയോഗിച്ചാണ് ഇവ നിർമ്മിക്കേണ്ടത്. എല്ലാ ഉപകരണങ്ങളും അങ്ങിനെ നിർ മ്മിക്കാൻ കഴിയുകയില്ല. വിലകൊടുത്ത് വാങ്ങേണ്ട പഠനോ പകരണങ്ങൾ പി. ടി. എ. യുടെ നേതൃത്വത്തിൽ ജനപങ്കാളി ത്തത്തോടെ വാങ്ങിച്ചുകൊടുക്കണം. പഞ്ചായത്ത് വേണ്ട സാമ്പത്തിക സഹായങ്ങൾ ചെയ്യണം. എല്ലാ സ്കൂളുകളിലും സ്വന്തമായി നിർമ്മിച്ച പഠനോപകരണങ്ങൾ വർഷത്തിൽ ഒരു ദിവസം ഹൈസ്കൂൾ കേന്ദ്രീകരിച്ച് പ്രദർശിപ്പിക്കാം. ഹൈസ് കൂളിലെ പരീക്ഷണശാലയുടെ സഹായവും ലഭ്യമാക്കാം. ഹൈസ്കൂളിലെ പ്രൊജക്ടറും ഇതിന് ഉപയോഗിക്കാം. ഇതിന് പഞ്ചായത്തും ഹൈസ്കൂൾ ഹെഡ് മാസ്റ്ററും നേതൃത്വം കൊടുക്കണം.

8. ഭൗതിക സാഹചര്യങ്ങൾ വേണ്ടത്ര ഇല്ലാത്ത സ്കൂളുകൾ ഉണ്ട്. ഇതിൽ കുടിവെള്ളം, മൂത്രപ്പുര എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. കുടിവെള്ളം ലഭിക്കാൻ പഞ്ചായ ത്ത് സഹായിക്കണം. പി. ടി. എ. യുടെ നേതൃത്വത്തിൽ മൂത്ര പ്പുര ഉണ്ടാക്കാം. ഇതിന് സന്നദ്ധപ്രവർത്തകരുടെ സഹായ വും ലഭ്യമാക്കാം.

9. തുടർ സാക്ഷരത പരിപാടി വിജയിപ്പിക്കണം. ഇതിന് വിദ്യാലയങ്ങളുടെ സഹായം തേടണം. സ്കൂൾ സമയ ത്തിന് ശേഷം സ്കൂൾ മുറികൾ വായനശാലകളാക്കി മാറ്റാം. സ്കൂൾ ഉപകരണങ്ങൾ നശിപ്പിക്കാതെ പഞ്ചായത്ത് നേതൃത്വം നൽകുന്ന ജനകീയ സമിതികൾ ശ്രദ്ധിക്കണം. പത്രങ്ങൾ പഞ്ചായത്ത് കൊടുക്കേണ്ടി വരും. വായ നശാലകളില്ലാത്ത സ്ഥലത്ത് മാത്രം ഇങ്ങനെ ചെയ്താൽ മതി.

10. എല്ലാ പ്രൈമറി സ്കൂളുകളോടനുബന്ധിച്ചും പ്രീ പ്രൈമറി ക്ലാസ്സുകൾ തുടങ്ങാം. ഗ്രാമ വികസന വകുപ്പിൻെറ കീഴിലുള്ള ബാലവാടികൾ തുടരണം. പ്രീ പ്രൈമറി സ്കൂളു കളിൽ മാധ്യമം മലയാളമായിരിക്കണം. ആവശ്യമായ കളിസ്ഥ ലവും, കെട്ടിടവും, പഠനോപകരണങ്ങളും ഉണ്ടാക്കണം. ബാലവാടികളിൽ നടത്തുന്ന ശിശുവിദ്യാലയ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തണം. പഠനോപകരണങ്ങൾ നൽ കണം. കുടിവെള്ളം ലഭ്യമാക്കണം, മൂത്രപ്പുര നിർമ്മിക്കണം. കുറഞ്ഞ ഉയരം വെച്ചുകൊണ്ട് ചുറ്റുമതിൽ കെട്ടണം.

11. പഞ്ചായത്തിലെ എല്ലാ അംഗീകൃത സ്കൂളുകളും നിലനിർത്തണം.

12. അഴിയൂർ ജി. എം. ജി. ബി. സ്കൂളിനോടനുബന്ധി ച്ചുള്ള പ്രീ പ്രൈമറി ക്ലാസ്സുകൾ അംഗീകരിച്ച് സഹായങ്ങൾ നൽകണം.

13. സർക്കാർ മേഖലയിലുള്ള ജി. ജെ. ബി. സ്കൂൾ വാടകക്കെട്ടടത്തിലാണ് പ്രവർത്തിക്കുന്നത്. ഉടമ അത് ഒഴിപ്പിച്ചെടുക്കുവാൻ ശ്രമിക്കുന്നു. കെട്ടിടം മാത്രം നിൽക്കുന്നസ്ഥലം വിലക്ക് വാങ്ങിച്ച് സ്കൂൾ കെട്ടിടം നിർമ്മി ക്കണം.

14. ജി. എം. ജെ. ബി. സ്കൂൾ യു. പി. സ്കൂളായി ഉയർ ത്തണം. കെട്ടടവും സ്ഥലസൗകര്യവുമുണ്ട് പുതിയതായി സാമ്പത്തിക ബാധ്യതകൾ വലിയതോതിൽ ഉണ്ടാവുകയില്ല.

15. അഴിയൂർ ഗവ. സ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസ്സുകൾ തുടങ്ങണം.

16. സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തണം.

17. എം. എൽ. എൻ. പരിഷ്ക്കരിപ്പിച്ച് എല്ലാ വിദ്യാലയ ങ്ങളിലും നടപ്പിലാക്കണം.



5-5

# കുടിവെള്ളവും പൊതുജനാരോഗ്യവും

അഴിയൂർ പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. അഴിയൂർ പഞ്ചായത്തിൽ പൊതു കിണറുകളുടെ എണ്ണം 25 ആണ്. പഞ്ചായത്തിൻെറ യും ബ്ലോക്കിൻെറയും സർക്കാറിൻെറയും സഹായത്താൽ കുഴിച്ചിട്ടുള്ള പ്രസ്തുത കിണറുകളിലെ ജലം 240 കുടുംബങ്ങൾ ഉപയോഗിക്കുന്നുണ്ട്. പൊതു കിണറുകളെ പറ്റി പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് പൊതുകിണറുകൾ കുഴിക്കുമ്പോഴുണ്ടാകുന്ന താൽപര്യം അത് സംരക്ഷിക്കുന്നതിനോ നിലനിർത്തുന്നതിനോ ഇല്ല എന്നുള്ളതാണ്. അതിൻെറ ഫലമായി വലിയ പണം ചെലവാക്കി നിർമ്മിച്ച പൊതു കിണറുകളിൽ കുറേയെണ്ണം ഇടിഞ്ഞ് തകർന്ന് ഉപയോഗശൂന്യമായി മാറുന്നു. ജനങ്ങളുടെ പങ്കാളിത്തവും അവരുടെ ശ്രദ്ധയും കൊണ്ട് മാത്രമേ ഈ നഷ്ടം ഒഴിവാക്കാൻ കഴിയുകയുള്ളൂ. പടവ് വെയ്ക്കാതെ കൂത്തനെ ചെങ്കല്ല് കൊണ്ട് കെട്ടിയ പൊതുകിണറുകൾ പലതും തകർന്നു വീണ അനുഭവമാണുള്ളത്. കഴിഞ്ഞ 10 കൊല്ലത്തെ കിണർ നിർമ്മാണ പ്രവർത്തനത്തിൽ ഇതിന് ഒരു മാറ്റം വരികയുണ്ടായി. നാട്ടിൽ സാധാരണയായി നിർമ്മിക്കുന്ന കിണറുകളുടെ രൂപത്തിൽതന്നെ പൊതു കിണറുകൾ നിർമ്മിക്കുകയും അതിൽ പൊതു ജനങ്ങളുടെ വിഹിതവും ശ്രദ്ധയും വന്നുചേർന്നപ്പോൾ മുമ്പുള്ളതിനേക്കാൾ മെച്ചപ്പെട്ട പൊതു കിണറുകൾ നമ്മുടെ പഞ്ചായത്തിലുണ്ടായി. നാം ഉപയോഗിക്കുന്ന പൊതു കിണറ് വൃത്തിയാക്കിവെയ്ക്കാനുള്ള പൗരബോധവും ജനങ്ങളുടെ ഇടയിൽ വളർന്നു വന്നിട്ടുണ്ട്. വരൾച്ച കാലത്ത് സർക്കാറിൽ നിന്ന് കിട്ടുന്ന ധനസഹായം കൊണ്ട് യഥാസമയം റിപ്പേർ ചെയ്യുന്നതിൻേറയും ആഴം കൂട്ടുന്നതിൻെറയും ഫലമായി പൊതു കിണർ സംരക്ഷിക്കാൻ കഴിയുന്നുണ്ട്. വലിയ വരൾച്ച വരുമ്പോൾ ഏപ്രിൽ - മെയ് മാസങ്ങളിലാണ് പൊതു കിണറുകൾ വറ്റാറുള്ളത്.

പൊതുകിണറുകളെയും, സ്വന്തം കിണറുകളെയും ആശ്രയിക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ പൈപ്പ് വെള്ളത്തെ ആശ്രയിക്കാൻ തുടങ്ങിയട്ട് 10 വർഷമേ ആയിട്ടുള്ളൂ. 1967ൽ ആരംഭിച്ച ചോമ്പാൽ ടൗൺ ശുദ്ധജല വിതരണ പദ്ധതി മുക്കാളി ടൗണിലെ കച്ചവടക്കാരും വഴിയാത്രക്കാരുമാണ് പ്രധാനമായും ഉപയോഗിച്ചരുന്നത്. ആ സ്കീമിൽ 8 ടാപ്പുൾ മാത്രമെ ഉള്ളൂ. 1983ൽ ആരംഭിച്ച് 85ൽ പൂർത്തിയാക്കിയ തിരുത്തിപ്പുറം വാട്ടർ സപ്ലൈസ് സ്കീമാണ് ഫലത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നവർ വെള്ളമെത്തിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആദ്യത്തെ പദ്ധതി. പുഴയോര പ്രദേശമായതിനാൽ ഉപ്പ് വെള്ളം ആയതുകൊണ്ട് ആ പ്രദേശത്തുകർക്ക് സ്വന്തമായി കിണർ കുഴിക്കാൻ കഴിയുമായിരുന്നില്ല. പുഴയോര പ്രദേശത്ത് താമസിക്കുന്ന 28 ഓളം കുടുംബങ്ങളെ കണക്കാക്കിയാണ് ആ സ്കീം കൊണ്ടുവന്നത്. പക്ഷെ പിന്നീട് തൊട്ടടുത്തുള്ള കോറോത്ത് റോഡ് ലക്ഷം വീട് നിവാസികൾക്കും 3,4 വാർഡുകളിലെ പുഴയോര പ്രദേശത്ത് താമസിക്കുന്നവർക്കും ഈ പദ്ധതിയിലെ വെള്ളം നൽകുകയുണ്ടായി. വെറും ഒരു കിണറിൽ നിന്ന് ഗ്രൗണ്ട് ലെവലിൽ കെട്ടിയ ടാങ്കിൽ അടിച്ചുകയറ്റുന്ന വെള്ളത്തിന് ഇത്രയും പ്രദേശത്തെ ജനക്ഷാമപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമായിരുന്നില്ല. അതിനാൽ തന്നെ പൈപ്പുകളിൽ വെള്ളം കിട്ടാത്ത പരാതി ശക്തിയായി തുടരുകയാണ്.

ഈ പദ്ധതിയിലേക്ക് വെള്ളം ലഭിക്കാൻ ഒരു ബോർവെൽ കുഴിക്കാനുള്ള ഒരു ശ്രമം നടന്നു, പക്ഷേ പുഴയുടെ തീരമായതിനാൽ ഉപ്പുവെള്ളം വരികയും ആ ശ്രമം ഉപേക്ഷിക്കുകയും ചെയ്തു. മാത്രമല്ല നേരത്തെ കുഴിച്ച കിണറിലും ഉപ്പിൻെറ അളവ് കൂടിയിരുന്നു. അതിനാൽ ഈ പദ്ധതിയിൽ വേനൽക്കാലത്ത് വരുന്ന വെള്ളത്തിൽ ഉപ്പുരസമുണ്ട്. 43 ടാപ്പുകളാണ് ഈ പദ്ധതിയിലുള്ളത്. 1986ൽ ആരംഭിച്ച് 88ൽ പൂർത്തിയാക്കിയ രണ്ട് പദ്ധതികളാണ് 4ാം വാർഡിൽ ആരംഭിച്ച കോട്ടാമല കുന്ന് ശുദ്ധജല പദ്ധതിയും, ചോമ്പാലിൽ ആരംഭിച്ച് 8,9 വാർഡുകളിലായി നിൽക്കുന്ന ചോമ്പാല - കറുപ്പ കുന്ന് - പാതിരി കുന്ന്.പദ്ധതിയും. കോട്ടാമല കുന്നിൽ ആരംഭിച്ച പദ്ധതിയിൽ വെള്ളത്തിൻെറ സ്രോതസ്സ് ബോർവെൽ ആയിരുന്നു. ടാങ്കിൻെറ കപ്പാസിറ്റിയും ചെറിയതായിരുന്നു. ബോർവെർ ഉപയോഗ്യശൂന്യമായതിനാൽ മയ്യഴി റെയിൽവേ കുളത്തിൽ നിന്നാണ് വെള്ളം പമ്പു ചെയ്യുന്നത്. കൂടാതെ ഇപ്പോൾ ഒരു ഓവർ ഹെഡ് ടാങ്കും കമ്മീഷൻ പെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നാണ് 3ാം വാർഡിലെ ചാരംകൈ ഹരിജൻ കോളനിയിൽ വെള്ളം ലഭിക്കുന്നത്. കൂടാതെ തിരുത്തി പുറത്തക്കും ഈ പദ്ധതിയിൽ നിന്ന് വെള്ളം ലഭിക്കുന്നു. 48 പൊതു ടാപ്പുകളാണ് ഈ പദ്ധതിയിലുള്ളത്.

ചോമ്പാലിലെ 8,9 വാർഡുകളിലെ പാതിരി കുന്ന്, ബംഗ്ല കുന്ന്, കറുപ്പ കുന്ന് പ്രദേശത്തിലെ ജനങ്ങളുടെ അതിരൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടിയാണ് ചോമ്പാലിൽ കറുപ്പ കുന്ന് - പാതിരി കുന്ന് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇവിടെ രണ്ട് ടാങ്കാണ്. ഒരു ടാങ്കിലേക്ക് ബോർവെല്ലിൽ നിന്നും മറ്റൊന്നിലേക്ക് കിണറുകളിൽ നിന്നമാണ് ആവശ്യമായ വെള്ളം പമ്പ് ചെയ്യുന്നത്. വെള്ളത്തിൻെറ ലഭ്യത കുറവായതിനാൽ കൂടുതൽ സമയം പമ്പു ചെയ്യാൻ കഴിയുന്നില്ല. ബഹുജനങ്ങളിൽ നിന്ന് ആവശ്യം ഉയർന്നു വന്നതിനാൽ ഈ പദ്ധതിയിലെ വെള്ളം 10, 11, 1 വാർഡുകളിലേക്കും കൊടുക്കുന്നുണ്ട്. 10,11,1 വാർഡുകൾ താണപ്രദേശമായതിനാൽ ടാങ്കിലെ വെള്ളം ഈ ഭാഗങ്ങളിലേക്ക് പെട്ടെന്ന് ഒഴുകിയിറങ്ങുന്നതിനാൽ കുന്നിൻ മുകളിലെ കുടിവെള്ളത്തിന് രൂക്ഷത അനുഭവിക്കുന്നവർക്ക് യഥാസമയം വെള്ളം ലഭിക്കുന്നില്ല എന്ന പരാതി ശക്തമായി വരുന്നുണ്ട്. എട്ടാം വാർഡിലെ ഫിഷർമെൻ കോളനി, കുടിൽ ഏരിയ എന്നിവിടങ്ങളിലേക്ക് കുടിവെള്ളം എത്തിക്കാനുള്ള സംവിധാനം അപര്യാപ്തമാണ്.

ടാങ്കുകളുടെ കപ്പാസിറ്റിയും ജലത്തിൻെറ ലഭ്യതയും നോക്കാതെ പൈപ്പ് ലൈനിൻെറനീളം കൂട്ടുന്നതും പൊതു ടാപ്പുകൾ വർദ്ധിപ്പിക്കുന്നതും ഈ രംഗത്ത് കൂടുതൽ പരാതി വരുന്നതിന് കാരണമാകുന്നു.

ഈ നാലു പദ്ധതികളിലായി പൊതു ടാപ്പുകൾക്കു പുറമെ 161 ഹൗസ് കണക്ഷനുകളുമുണ്ട്. ഹൗസ് കണക്ഷന് ആവശ്യക്കാർ ധാരാളം ഉണ്ടെങ്കിലും ഇന്നത്തെ ജലസ്രോതസ്സ് അപര്യാപ്തമായതിനാൽ അത് പരിഗണിക്കപ്പെടുന്നില്ല

പഞ്ചായത്തിലെ ശുദ്ധ ജല വിതരണ പദ്ധതി

| നമ്പർ | പദ്ധതിയുടെ പേർ | ആരംഭിച്ച വർഷം | പൂർത്തിയ വർഷം | എസ്റ്റിമേറ്റ് തുക | ടാങ്കിൻെറ കപ്പാസിറ്റി ലിറ്റർ | ഉപയോഗിക്കുന്ന വരുടെ എണ്ണം | പൊതു ടാപ്പ് | വീട് കണക്ഷൻ |
|---|---|---|---|---|---|---|---|---|
| 1 | ചോമ്പാൽ ടൗൺ | 1965 | 1967 | 27700 | 15000 | 1200 | 8 | 5 |
| 2 | തുരുത്തിപ്പുറം | 1983 | 1985 | 154000 | 40000 | 800 | 43 | 42 |
| 3 | കോട്ടാമലക്കുന്ന് ഓവർ ഹെഡ് ടാങ്ക് | 1986 | 1988 | 400000 | 40000 | 1200 | 42 | 9 |
| 4 | ചോമ്പാൽ കറുപ്പക്കുന്ന് | 1986 | 1988 | 98600 | 60000 | 3500 | 105 | 55 |
| 5 | പാതിരിക്കുന്ന് | 1986 | 1988 | | 50000 | | | 50 |
| ആകെ | 5 | 4 | 4 | 1717700 | 205000 | 6700 | 198 | 161 |

75

ശുദ്ധജല വിതരണ പദ്ധതിയിലൂടെ വിതരണം നടത്തുന്ന ജലം അണുവിമുക്തമാക്കാൻ സംവിധാനം നിലവിലുണ്ട്. മാസത്തിലൊരിക്കൽ പരിശോധിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. പൊതു കിണറിന്റെ കാര്യത്തിൽ ഈ സമ്പ്രദായം നിലവിലില്ല.

പഞ്ചായത്തിലെ 4570 വീടുകളുള്ളതിൽ 2504 വീടുകളിലും സ്വന്തമായി കിണറുകളുണ്ട്. വരൾച്ച കാലങ്ങളിൽ ഈ കിണറുകളിൽ വെള്ളത്തിന് ക്ഷാമം നേരിടാറുണ്ട്. കുടിവെള്ളത്തിന് കൂടുതൽ ക്ഷാമം അനുഭവപ്പെടുന്നവർ 3,4,5,8,9 വാർഡുകളിലാണ്. 3,4,5, വാർഡുകളിലെ ചാരംകൈയിൽ, കക്കടവ്, തുരുത്തിപ്പുറം ഭാഗങ്ങൾ പുഴത്തീര പ്രദേശമായതിനാൽ കിണർ കുഴിക്കാൻ സാധിക്കുന്നില്ല. കുഴിച്ചാൽതന്നെ ലഭിക്കുക കുടിക്കാൻ പറ്റാത്ത ഉപ്പുവെള്ളമായിരിക്കും. 5ാം വാർഡിലെ വേട്ടക്കരക്കുന്ന് പ്രദേശവും, 4ാം വാർഡിലെ കോട്ടാമല കുന്ന്, 8,9 ാം വാർഡിലെ കറുപ്പ കുന്ന്, പാതിരി കുന്ന്, ബംഗ്ല കുന്ന് എന്നവയും ഉയർന്ന കുന്നിൻ പ്രദേശമായതിനാൽ കിണർകുഴിക്കാൻ വലിയ സാമ്പത്തിക മുട്ട് അനുഭവിക്കുന്നു. വേട്ടക്കര കുന്നിൻ പ്രദേശത്ത് മണ്ണിനടിയിൽ കരിങ്കൽ പാറയായതിനാലും വെള്ളം ലഭിക്കന്നില്ല.

കഴിഞ്ഞ വരൾച്ച കാലത്ത് ഈ പ്രദേശത്ത് ലോറികളിൽ വെള്ളമെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടി വന്നു. 7 കുഴൽ കിണറുകളും ഈ പഞ്ചായത്തിലുണ്ട്. കുഴൽ കിണർ തുടങ്ങി ഒന്നോ രണ്ടോ കൊല്ലം നന്നായി പ്രവർത്തിക്കുമെന്നല്ലാതെ പിന്നീട് അത് പ്രവർത്തിക്കാറില്ല. അതിന്റെ റിപ്പയറിംഗ് യഥാസമയം നടത്തുവാനുള്ള സംവിധാനമില്ല. അഞ്ചോ ആറോ വർഷമാകുമ്പോഴേക്കും അത് പൂർണ്ണമായും ഉപയോഗശൂന്യമാകുന്നു.

അഴിയൂർ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് കടലും, വടക്കും കിഴക്കും ഭാഗത്ത് കടലോട് ബന്ധപ്പെട്ടു കിടക്കുന്ന മയ്യഴി പുഴയുമാണ്. അതിനാൽ ഉപ്പുവെള്ളത്തിന്റെ ഭീഷണി എല്ലാ ഭാഗത്തുനിന്നുമുണ്ട്. ശുദ്ധ ജല വിതരണ പദ്ധതിക്കുവേണ്ടി മാത്രം മാസത്തിൽ 15000ൽ അധികം രൂപ ചെലവഴിക്കേണ്ടി വരുന്നുണ്ട് എന്നിട്ടും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമായിട്ടില്ല. പഞ്ചായത്തിനെ മൊത്തം കേന്ദ്രീകരിച്ച് ഒരു ശുദ്ധജല വിതരണ പദ്ധതി ആവശ്യമായിട്ടുണ്ട്. 1½ ഏക്കറോളം ചിറ കെട്ടി സംരക്ഷിച്ച് ആഴം കൂട്ടിയാൽ അഴിയൂർ പഞ്ചായത്തിന് മുഴുവൻ വെള്ളം ലഭിക്കാൻ ഇത് ഉപകരിക്കും. ഈ ചിറ ഇപ്പോൾ പരദേവത ക്ഷേത്ര കമ്മറ്റിയുടെ കൈവശമാണ്. വാണിമേൽ പുഴയിൽനിന്നുള്ള വെള്ളം ഉപയോഗിച്ച് ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വാട്ടർ അഥോറിറ്റി ഐ. പി. ഡി. വിംഗ് ഒരു പ്ലാൻ തയ്യാറാക്കിയിരുന്നു. ഈ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം ഉണ്ടാവണം.

ഇപ്പോൾ നിലവിൽ എട്ട് പൊതുകിണറുകൾ ബ്ലോക്കുകൾ മുഖേന അഴിയൂർ പഞ്ചായത്തിൽ ലഭിച്ചിട്ടണ്ട്. അത് ജന പങ്കാളിത്തത്തോടെ നല്ലരൂപത്തിൽ നടപ്പിലാക്കിയാൽ കുടിവെള്ള പ്രശ്നത്തിൽ രൂക്ഷത അനുഭവിക്കുന്ന പ്രദേശങ്ങൾക്ക് ഒരാശ്വാസമായി മാറും.

### വാർഡ് അടിസ്ഥാനത്തിൽ ഉള്ള കിണറുകളുടെ എണ്ണം

| | കിണറുകൾ | | | കുഴൽ കിണറുകൾ | | |
|---|---|---|---|---|---|---|
| | പൊതു കിണറുകൾ | | | | | |
| വാർഡ് | വെള്ളം ലഭിക്കുന്നത് | വെള്ളം ലഭിക്കാത്തത് | സ്വകാര്യ കിണറുകൾ | ബോർ വെൽ | ഫിൽട്ടർ വെൽ | മൊത്തം കിണർ |
| I | 6 | - | 166 | - | - | 172 |
| II | 1 | - | 167 | - | - | 168 |
| III | 2 | - | 176 | - | - | 178 |
| IV | 3 | - | 252 | 1 | - | 256 |
| V | 2 | - | 395 | - | - | 397 |
| VI | 1 | - | 345 | - | - | 346 |
| VII | 7 | - | 217 | - | - | 224 |
| VIII | 2 | - | 104 | 3 | - | 109 |
| IX | 6 | - | 274 | 3 | - | 283 |
| X | 4 | - | 291 | - | - | 295 |
| XI | 6 | - | 117 | - | - | 123 |
| | 40 | - | 2504 | 7 | - | 2551 |

## പ്രശ്നങ്ങൾ

1. ശുദ്ധ ജല വിതരണ പദ്ധതികൾ പഞ്ചായത്തിൻെറ കീഴിലല്ലാത്തതുകൊണ്ട് പ്രയാസങ്ങൾ നേരിടുന്നുണ്ട്.

2 വേനൽ കാലങ്ങളിൽ പൈപ്പ് ജലം കൃത്യമായി ലഭക്കുന്നില്ല.

3. വേനൽക്കാലങ്ങളിൽ തുരുത്തിപ്പുറം വാട്ടർ സപ്ലൈ സ്കീമിലൂടെ ലഭക്കുന്ന വെള്ളത്തിന് ഉപ്പ് രസമുണ്ട്.

4 ജല സ്രോതസ്സ് അപര്യാപ്തമായതിനാൽ പൈപ്പ് ലൈൻ നീട്ടുവാനുള്ള ആവശ്യ പരിഗണിക്കപ്പെടുന്നില്ല.

5. പഞ്ചായത്തിലെ പൊതുകിണറുകളിലെ വെള്ളം അണുവിമുക്തമാക്കുവാനുള്ള സംവിധാനം ഇല്ല.

6. പൈപ്പുകളുടെ ലീക്ക് വെള്ളം നഷ്ടപ്പെടുത്തുവാനി ടയാക്കുന്നു.

7. കോറോത്ത് റോഡിലെ വേട്ടക്കര കുന്ന് ഭാഗത്ത് മണ്ണിനടിയിൽ കരിങ്കൽ പാറയായതിനാൽ കിണറുകൾ കുഴിക്കുന്നതിന് പ്രയാസം നേരിടുന്നു.

8. വൈദ്യുതി രംഗത്തെ വോൾട്ടേജ് കുറവ് പമ്പിംഗിനെ ബാധിക്കുന്നു.

9. പമ്പിംഗ് കാര്യക്ഷമമല്ല.

## നിർദ്ദേശങ്ങൾ

1. അനാവശ്യമായ ടാപ്പുകൾ ഒഴിവാക്കുക.

2. അത്യാവശ്യമായി താഴെപറയുന്ന സ്ഥലങ്ങളിൽ പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുക. ഈ കാര്യങ്ങൾ പഞ്ചായത്ത് അധികൃതർ വാട്ടർ അതോററ്റിയെ രേഖാമൂലം അറിയിക്കുക.

1. എരിക്കൽ ചാലിൽ കോളനി - പത്താം വാർഡ്
2. നാല്സെൻറ് കോളനി - അഞ്ചാം വാർഡ്
3. കോവുക്കൽ താഴ കളള്ഷാപ്പ് പരിസരം - 3ാം വാർഡ്

3. അഴിയൂർ പരദേവത ക്ഷേത്രക്കമ്മിറ്റിയുമായി ബന്ധപ്പെട്ട് ക്ഷേത്ര ചിറ കുടിവെള്ളത്തിനുവേണ്ടി വിട്ടു കിട്ടാൻ ആവശ്യായ നടപടികൾ സ്വീകരിക്കണം.

4. പാതിരിക്കുന്ന് ശുദ്ധജലവിതരണത്തിന് ആവശ്യമായ വെള്ളം ലഭിക്കുന്നതിനായി താഴ്ന്ന പ്രദേശത്ത് കുളമോ കിണറോ കുഴിക്കുക.

5. പനാട ഭാഗത്ത് ഒരു കുഴൽ കിണർ സ്ഥാപിക്കണം. പാതിരിക്കുന്ന് - കറപ്പക്കുന്ന് , ബംഗ്ലക്കുന്ന് പ്രദേശത്തെ കുഴൽ കിണർ റിപ്പയർ ചെയ്യുക.

6. മാവുള്ള പറമ്പിൽ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന കിണർ നന്നാക്കുക.

7. തീരപ്രദേശങ്ങളിൽ ഫിൽറ്റർപോയ്ൻറ് കിണർ സ്ഥാപിക്കുക.

8. അഴിയൂർ ഹൈസ്കൂളിലെ കക്കൂസിൻെറ ശോച്യാവസ്ഥ പരിഹരിക്കുക.

9. ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം വിപുലമാക്കുക.

10. സാംക്രമികരോഗങ്ങൾക്ക് പ്രതിരോധ നടപടി സ്വീകരിക്കുക.

11. 9,10,11 വാർഡുകളിൽ ആരോഗ്യപരിപാലനത്തിന് സബ്സെൻറർ സ്ഥാപിക്കുക.

12. 3ാം വാർഡിലെ കോവുക്കൽ ഭാഗത്ത് നിർദ്ദേശിക്കപ്പെട്ട മിനി വാട്ടർ സപ്ലൈ സ്കീം തൊട്ടടുത്ത പ്രദേശത്തുള്ള ചാരംകൈ ഹരിജൻ കോളനിയിൽ കൂടി ശുദ്ധജലമെത്തിക്കുന്ന രീതിയിൽ വിപുലപ്പെടുത്തണം. ഈ പദ്ധതി ഹരിജനങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## സാധ്യതകൾ

1. പുതിയ കിണർ, കുളം കുഴിക്കുന്നതിനോടൊപ്പം പഴയ കിണറുകളും ആഴംകൂട്ടി റിപ്പയർ ചെയ്യുക.

2. പരദേവത ക്ഷേത്രത്തോടനുബന്ധിച്ചുള്ള ചിറ സംരക്ഷിക്കപ്പെടണം.

3. കോട്ടാമല ശുദ്ധജല വിതരണ പദ്ധതിക്കാവശ്യമായ വെള്ളം ലഭിക്കുന്നതിനായി കുന്നിൻ താഴ്വാരത്ത് കുളമോ കിണറോ കുഴിക്കുക.

4. ഓരു കയറ്റം തടയാൻ പുഴയോരത്തെ തോടിനുള്ള വി. സി. ബി. കൾ റിപ്പയർ ചെയ്യുക.

5. പഞ്ചായത്തിലാകെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

6. മഴക്കാലത്ത് മഴവെള്ളം കുത്തിയൊലിച്ചു പോകുന്നത് തടയാൻ പറമ്പിൽ കുഴിത്തടങ്ങൾ ഉണ്ടാക്കി ജലം സംഭരിക്കുക.

7. അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക.

8. ജല സംരക്ഷണത്തെ കുറിച്ചും, ജലജന്യ രോഗങ്ങളെ കുറിച്ചും ബോധവൽക്കരണ പരിപാടികൾ തയ്യാറാക്കുക.

9. പൊതുകിണറുകൾ പഞ്ചായത്തിൻെറ ചെലവിൽ ക്ലോറിനേറ്റ് ചെയ്യുക.

10. ജലസംരക്ഷണ സമിതിയുണ്ടാക്കുകയും പൈപ്പുകൾക്ക് വരുന്ന അറ്റകുറ്റപ്പണികൾക്ക് അവരെ ചുമതലപ്പെടുത്തുകയും ചെയ്യുക.

11. കുന്നിൻ പ്രദേശങ്ങളിൽ ചെറിയ കുഴികളുണ്ടാക്കി ജലസംഭരണം നടത്തുക.

12. കുറ്റ്യാടി പദ്ധതിയുടെ വലതുഭാഗം കനാലിൻെറ ഭാഗമായ അഴിയൂർ ബ്രാഞ്ച് കനാലിൽ വെള്ളം ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുക

13. കറപ്പക്കുന്നിലും, തുരുത്തിപ്പുറത്തും ഓവർ ഹെഡ് ടാങ്ക് പണിയണം.

14 കോട്ടാമല ശുദ്ധ ജല പദ്ധതിക്കുവേണ്ടി കുഴിച്ച ബോർവെൽ റിപ്പേർ ചെയ്ത് ഉപയോഗപ്രദമാക്കുക.

15. മൂന്നാം വാർഡിലെ കോവുക്കൽ ഭാഗത്ത് മിനി വാട്ടർ സപ്ലൈ സ്കീം കൊണ്ടുവരണം.

16. ബംഗ്ല കുന്നിൽ വെള്ളം കിട്ടാനുള്ള സംവിധാനം ഉണ്ടാക്കണം.

17. രാജീവ് ഗന്ധി നാഷണൽ ഡ്രിംഗിംഗ് സ്കീം പഞ്ചായത്തിൽ നടപ്പിലാക്കണം.

## ആരോഗ്യം

ആരോഗ്യമുള്ള ജനതയാണ് രാഷ്ട്രത്തിന്റെ സമ്പത്ത്. അതിനാൽ ആരോഗ്യരംഗത്ത്. സത്വര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

അഴിയൂർ പഞ്ചായത്തിലെ മരണനിരക്ക് കേരളത്തിലെ പൊതു മരണ നിരക്കിനേക്കൾ കുറവാണ്. കേരളത്തിലേത് 5-9 ആണെങ്കിൽ അഴിയൂർ പഞ്ചായത്തിൽ അത് 4-2 ആണ്. പൊതുവെ ആരോഗ്യകാര്യത്തിൽ ശ്രദ്ധിക്കുന്ന ജനവിഭാഗങ്ങളാണ് അഴിയൂരിലുള്ളത്. ശിശുമരണ നിരക്ക് പരിശോധിച്ചാലും നമുക്ക് കാണാൻ കഴിയുന്നത് ഇത് തന്നെയാണ്.

മാതൃമരണ നിരക്ക് ഹെൽത്ത് സെന്ററിൽ കിട്ടിയ റിപ്പോർട്ട് 2 വർഷത്തിൽ ഒന്ന് മാത്രമാണ്. ജനനിരക്ക് സംസ്ഥാന ഏവറേജ് 17 ആണെങ്കിൽ നമ്മുടെ പഞ്ചായത്തിന്റേത് 17-5 ആണ്. ആരോഗ്യപ്രവർത്തകരുടെ ആത്മാർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായി കുട്ടികൾക്കുള്ള കുത്തിവെയ്പ്, ഗർഭിണികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് തുടങ്ങിയവ ഏതാണ്ട് പൂർണ്ണമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസവങ്ങൾ പൂർണ്ണമായും ആശുപത്രിയിൽ വെച്ച് തന്നെയാണ് നടന്നത്. പഞ്ചായത്തിൽ ആകെ 67 വികലാംഗരാണുള്ളത്. അതിൽ 17 പേർ മന്ദബുദ്ധികളും 5 അന്ധരും 5 ബധിരമൂകരും 40 പേർ ചലന വൈകല്യമുള്ളവരുമാണ്. പഞ്ചായത്തിലെ ഏതെങ്കിലും ഭാഗത്തായിട്ടല്ല ഇത്തരം ആളുകളെ കാണുന്നത്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തായിട്ടുമാണ്.

കുട്ടികളുടെ പോഷകാഹാര പരിപാടി പൊതുവേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തീരപ്രദേശത്ത് മാത്രമാണ് ഉള്ളത്. 3 ബാലവാടികളും ഒരു ഫീഡിംഗ് സെന്ററും ഉൾപ്പെടെ നാല് പോഷകാഹാര വിതരണ കേന്ദ്രങ്ങളാണ് അഴിയൂരിൽ പ്രവർത്തിക്കുന്നത്. 1 വയസ്സിൽ താഴെയുള്ള കുട്ടികൾ 16, 1മുതൽ 3വയസ്സ് വരെയുള്ളവർ 81 , 3മുതൽ 6 വയസ്സു വരെയുള്ളവർ 163 എന്നീ തോതിലാണ് പോഷകാഹാരം ലഭിക്കുന്നത്. 23 ഗർഭിണികൾക്കും 55 മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര സൗകര്യം ലഭിക്കുന്നുണ്ട്. അർഹരായ മുഴുവൻ കുട്ടികളെയും ഗർഭിണികളെയും മുലയൂട്ടുന്ന അമ്മമാരെയും ഉൾക്കൊള്ളാൻ ഇന്നത്തെ ബാലവാടികൾ അപര്യാപ്തമാണ്. മറ്റ് പിന്നോക്ക പ്രദേശങ്ങളിലും മഹിളാ സമാജത്തിന്റെ കീഴിൽ ബാലവാടികൾ ഉണ്ടാകേണ്ടതുണ്ട്.

1 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം - 498

പ്രതിരോധ കുത്തിവെയ്പ് നടത്തിയവർ - 490

ഗർഭിണികളുടെ എണ്ണം - 217

അഴിയൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട പൊതു ആരോഗ്യ കേന്ദ്രമാണ് പ്രൈമറി ഹെൽത്ത് സെന്റർ അഴിയൂർ. അത് ഒരു വാടക കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 1-4-89ന് പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ 1 ഡോക്ടർ ഉൾപ്പെടെ 17 ജീവനക്കാരുണ്ട്. ഹെൽത്ത സെന്ററിന്റെ കീഴിൽ 4 സബ്ബ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. സബ്ബ് സെന്ററുകൾക്ക് വാടകക്കെട്ടിടമോ സ്വന്തമായ സ്ഥലമോ ഇല്ലാത്തതിനാൽ സബ്ബ് സെന്ററിൽ നിൽക്കേണ്ട ആരോഗ്യ പ്രവർത്തകരുടെയും കേന്ദ്രം ഹെൽത്ത് സെന്ററായി മാറുന്നു. അതിനാൽ തന്നെ സബ്ബ് സെന്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുന്നില്ല. അടുത്തായി ഒരു സബ്ബ് സെന്റർ പ്രവർത്തിക്കാനുള്ള സൗകര്യം മൂന്നാം ഗെയിറ്റിലെ എം.പി. കുമാരൻ സ്മാരക വായനശാല ഏർപ്പെടുത്തി കൊടുത്തിട്ടുണ്ട്. കോട്ടാമലയിൽ 1 സബ്ബ് സെന്റർ തുടങ്ങാൻ 4 സെന്റ് സ്ഥലം സംഭാവനയായി ലഭിക്കുകയും കെട്ടിടം പണിയാൻ ടെന്റർ വിളിക്കുകയും ചെയ്തിരുന്നുവെങ്കിലും പ്രവർത്തനം ഒന്നും നടന്നിട്ടില്ല.

തീരദേശ ആരോഗ്യപദ്ധതിയുടെ പ്രത്യേക സ്കീമിൽ അഴിയൂർ ഹെൽത്ത് സെന്ററിനെ ഉൾപ്പെടുത്തി മരുന്നുകളും മറ്റ് ഉപകരണങ്ങളും ലഭിച്ചു വരുന്നുണ്ട്. സ്വന്തം കെട്ടിടമില്ലാത്തതിനാൽ ലഭിയ്ക്കേണ്ട സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ആധുനിക സൗകര്യങ്ങൾ ഉള്ള ഒരു ആംബുലൻസ് ഈ ഹെൽത്ത് സെന്ററിന് പാസായിട്ടുണ്ട്. ആംബുലൻസ് സൂക്ഷിക്കാനുള്ള സൗകര്യം ഇല്ലാത്തതിന്റെ ഫലമായാണ് അത് ഇവിടെ കൊണ്ടുവരാൻ കഴിയാതെ വന്നത്. ഹെൽത്ത് സെന്റർ നിർമ്മിക്കാനായി നീക്കിവെച്ച് പഞ്ചായത്തിന്റെ കൈവശമുള്ള ഒരു ഏക്കർ ഭൂമിയുടെ ഭാഗത്ത് ആംബുലൻസ് വെക്കാൻ ഒരു ഷെഡ്ഡ്

നാട്ടുകാരുടെ സഹായത്താൽ പണിത് വരുന്നുണ്ട്.

ഹെൽത്ത് സെന്ററിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജന പങ്കാളിത്തത്തോടെ കെട്ടിടം പണി പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പ്രൈമറി ഹെൽത്ത സെന്ററിന്റെ സേവന മേഖല പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്ന ചിത്രമിതാണ്. ഒരു വർഷത്തിൽ (95-96) 26640 പേർ ഈ ആശുപത്രിയിൽ സേവനം തേടിയെത്തിയിട്ടുണ്ട്. അതിൽ 5040 പേർ പുരുഷന്മാരും. 14040 പേർ സ്ത്രീകളും 7560 പേർ കുട്ടികളുമാണ്. ഈ രോഗികളിൽ 20 ശതമാനത്തോളം അഴിയൂർ പഞ്ചായത്തിന് പുറത്തുള്ള കരിയാട്, ഏറാമല പഞ്ചായത്തിൽ നിന്ന് വരുന്നവരാണ്. ശരാശരി ദിവസത്തിൽ 74 രോഗികൾ ഈ ഹെൽത്ത് സെന്ററിൽ എത്തുന്നു. ഔട്ട്പേഷ്യന്റ് വിഭാഗത്തിന് മാത്രമേ ഈ ഹെൽത്ത് സെന്ററിൽ സൗകര്യമുള്ളൂ. ഉച്ചവരെ ഡോക്ടരുടെ സേവനം ലഭ്യമാണ്. കൂടാതെ 5 പാരാമെഡിക്കൽ ജീവനക്കാരുടെ സേവനവും ലഭ്യമാണ്.

### ഫാമിലി വെൽഫെയർ പ്രോഗ്രാം :

കുടുംബാസൂത്രണ രംഗത്ത് കോപ്പർ ടി നിക്ഷേപം, ഗർഭനിരോധന ഗുളികകൾ, ഗർഭനിരോധന ഉറകൾ എന്നിവയും താൽക്കാലിക മാർഗ്ഗങ്ങൾ സ്വീകരിക്കുന്നവർക്ക് നൽകുന്നതാണ്. കൂടാതെ ഈ പ്രൈമറി. ഹെൽത്ത് സെന്ററിന്റെ മാതൃ ഹെൽത്ത് സെന്ററായ ഓർക്കാട്ടേരി പ്രൈമറി ഹെൽത്ത് സെന്ററിൽ വെച്ച് നടത്തുന്ന ലിപ്രോസ്കോപ്പിക്ക് ശസ്ത്രക്രിയ, മിനിലാപ് ക്യാമ്പ്, വാസ്ക്ടമി ശസ്ത്രക്രിയ എന്നിവയ്ക്കു വേണ്ടി ഈ പ്രൈമറി ഹെൽത്ത് സെന്ററിൽ ജോലിചെയ്യുന്ന ഫീൽഡ് വിഭാഗം ജീവനക്കാർ ആളുകളെ പ്രേരിപ്പിക്കുന്നതാണ്. ആഴ്ചയിൽ ഒരു ദിവസം വ്യാഴാഴ്ച ഗർഭിണികൾക്ക് വേണ്ടിയുള്ള ക്ലിനിക്ക്. നടത്തുന്നതാണ്. ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതും ഇരുമ്പ് സത്തുള്ള വിറ്റാമിൻ ഗുളികകളും മറ്റ് ഔഷധങ്ങളും നൽകുന്നതാണ്.

### കുട്ടികൾക്ക് വേണ്ടിയുള്ള പ്രതിരോധ കുത്തിവയ്പ് :

കുട്ടികൾക്ക് വേണ്ടിയുള്ള രോഗപ്രതിരോധ കുത്തിവയ്പുകൾ എല്ലാ ബുധനാഴ്ചയും ഈ പ്രൈമറി ഹെൽത്ത് സെന്ററിൽ വച്ച് നടത്തുന്നതാണ്.

1. ബി.സി.ജി.

2. ഡി.പി.ടി.

3. ഡി.റ്റി.

4. മീസിൽസ് വാക്സിൻ.

5. പോളിയോ.

കൂടാതെ ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള വിവിധ സ്ഥലങ്ങളിൽ വച്ചും ബാലവാടികളിൽ വച്ചും കുട്ടികൾക്ക് കുത്തിവയ്പുകൾ നടത്തുന്നതാണ്.

**മലമ്പനി നിർമ്മാർജ്ജന പദ്ധതി :**

മലമ്പനി നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി മലമ്പനിക്കെതിരായുള്ള പ്രവർത്തനങ്ങൾ ലഭ്യമാണ്.

**ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ :**

പൊതുജനങ്ങൾക്കു വേണ്ടി ആരോഗ്യ രംഗത്തുള്ള സംശയങ്ങളും മറ്റും ദൂരീകരിക്കാൻ വേണ്ടിയും ആരോഗ്യപരിപാലന രംഗത്ത് പൊതുജനങ്ങളെ ബോധവൽക്കരിക്കാനും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും ചർച്ചാ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുന്നതാണ്.

**പൊതുജനാരോഗ്യം :**

പൊതുജനാരോഗ്യ രംഗത്ത് ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി :**

ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതി പ്രകാരം ജോലി ചെയ്യുന്ന ഫീൽഡ് ജീവനക്കാർ ഈ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ പെടുന്ന സ്ഥലത്ത് സർവ്വേ നടത്തുകയും കുഷ്ഠ രോഗികൾ ആണെന്ന് സംശയിക്കപ്പെടുന്നവരെ വിദഗ്ദ പരിശോധനയിൽ ശേഷം ചികിത്സയും നടത്തുന്നതാണ്. ഈ വിഭാഗത്തിൽ ജോലി ചെയ്യുന്ന ഡോക്ടരുടെ സേവനം മാസത്തിലൊരു ദിവസം എല്ലാ 23ാം തിയ്യതിയും ലഭ്യമാണ്.

**മാതൃധന സഹായ പദ്ധതിയിലൂടെയുള്ള ധനസഹായം :**

ഈ പഞ്ചായത്തിൽ 3 കൊല്ലത്തിൽ കൂടുതൽ സ്ഥിര താമസമാക്കിയ അമ്മമാർക്ക് നിബന്ധനകൾ പ്രകാരം (5000 രൂപ വാർഷിക വരുമാനം) കവിയാതിരുന്നതിനാൽ മാതൃ ധനസഹായത്തിന് പ്രൈമറി ഹെൽത്ത് സെന്ററിൽ അപേക്ഷിക്കാവുന്നതാണ്. ഗർഭിണികൾക്കും പ്രസവിച്ച് 42 ദിവസത്തിനുള്ളിലുള്ള അമ്മമാർക്കും ഈ ധനസഹായം ലഭ്യമാണ്. (300രൂപ)

**കുട്ടികൾക്ക് സ്ക്കൂളിൽ വെച്ച് നടത്തുന്ന മെഡിക്കൽ പരിശോധന :**

ഈ പ്രൈമറി ഹെൽത്ത് സെന്ററിന്റെ അധികാര പരിധിയിൽ പെടുന്ന 15 സ്ക്കൂളുകളിൽ വർഷത്തിൽ ഒരിക്കൽ സ്ക്കൂൾ കുട്ടികൾക്കായി വൈദ്യപരിശോധന നടത്തുന്നതാണ്.

**ദേശീയ ക്ഷയരോഗ നിവാരണ പദ്ധതി :**

ദേശീയ ക്ഷയരോഗ നിവാരണ പദ്ധതി പ്രകാരം ക്ഷയരോഗികൾക്ക് വേണ്ടി പ്രത്യേക ചികിത്സാ പദ്ധതി പ്രൈമറി ഹെൽത്ത് സെന്ററിൽ വെച്ച് നടത്തുവാൻ ഗവർമ്മെണ്ട് തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന്റെ ആരംഭത്തിലാണിപ്പോൾ. പദ്ധതി നടപ്പിൽ വന്നു കഴിഞ്ഞാൽ ചെലവേറിയ ക്ഷയരോഗ ചികിത്സകൾ പ്രൈമറി ഹെൽത്ത് സെന്ററിൽ വച്ച് തന്നെ നടത്താൻ രോഗികൾക്ക് കഴിയും.

**തീരദേശ ആരോഗ്യ പദ്ധതി :**

തീരപ്രദേശ ആരോഗ്യ പദ്ധതി പ്രകാരം സെന്ററിൽ കൂടി രോഗികൾക്ക് ആവശ്യമായ വിലപിടിപ്പുള്ള മരുന്നുകളും മറ്റ് ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും നടത്തുന്നതാണ്. ഈ പ്രൈമറി ഹെൽത്ത് സെന്റർ 1-4-89 മുതൽ പ്രവർത്തനം ആരംഭിച്ചെങ്കിലും സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ അതിന്റെ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങൾ അയക്കാൻ പറ്റിയിട്ടില്ല. കയർ തൊഴിലാളികളുടെ ഉന്നമനത്തിനായി ഒരു വാർഡ് നിർമ്മിക്കാൻ ഗവർമ്മെണ്ട് ടെന്റർ വിളിച്ചെങ്കിലും സ്ഥലത്തെ സംബന്ധിച്ച ചില തർക്കങ്ങൾ കാരണം അന്ന് ടെന്റർ എടുക്കാതെ പോയതാണ്.

താഴെ കൊടുത്തിരിക്കുന്ന പട്ടിക നോക്കിയാൽ സേവനത്തിന്റെ സ്വഭാവം മനസ്സിലാകും.

**95-96ൽ ലഭിച്ച മരുന്നുകളുടെയും സാമഗ്രികളുടെയും വില.**

| ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള വിതരണം | വില |
|---|---|
| ആകെ ലഭിച്ച മരുന്നുകൾ | 68573.22 |
| കോസ്റ്റൽ ഹെൽത്ത് സ്കീം | |
| ആകെ ലഭിച്ച മരുന്നുകൾ | 82993.25 |
| ലഭിച്ച സാധനങ്ങളുടെ വില | 13771.32 |
| ആകെ | 165337.79 |

**ടെറ്റനസ്സ്ടോക്സോയിഡ് കുത്തിവച്ച ഗർഭിണികളുടെയെണ്ണം.**

| | I | II | B |
|---|---|---|---|
| ഗർഭിണികൾ | 162 | 123 | 33 |

ഇരുമ്പ് ഫോളിക്ക് ആസിഡ് ലഭിച്ച ഗർഭിണികളുടെ എണ്ണം 190

ഇരുമ്പ് ഫോളിക്ക് ആസിഡ് ലഭിച്ച കുട്ടികളുടെ എണ്ണം 490

വിറ്റാമിൻ-എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 176

ആശുപത്രിയിൽ നടന്ന പ്രസവങ്ങൾ 176

വീട്ടിൽ നടന്ന പ്രസവങ്ങൾ ഇല്ല.

6 വയസ്സിനു താഴെയുള്ള കുത്തിവയ്പുകൾ (1996 ഏപ്രിൽ മുതൽ സപ്തംബർ വരെ)

| കുട്ടികൾ | B.C.G. | D.P.T. | | | | O.P.V. | | | | DT B | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|
| | | I | II | III | B | I | II | III | B | | |
| 1 വയസ്സിന് താഴെ | 107 | 193 | 163 | 192 | | 193 | 163 | 192 | | | 197 |
| 1-3 | | | | | 184 | | | | 184 | | 6 |
| 3-6 | | | | | | | | | | 166 | |

അഴിയൂർ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ മറ്റൊരു സ്ഥാപനമാണ് അഴിയൂർ ചുങ്കത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറി. 12-1-1962ൽ വാടക കെട്ടിടത്തിൽ ആരംഭിച്ച ഈ ഡിസ്പെൻസറി ഇപ്പോഴും അതേ നിലയിൽ തന്നെ തുടരുകയാണ്. 1962ലെ പരിസ്ഥിതി വച്ച് നോക്കുമ്പോൾ പ്രസ്തുത വാടകക്കെട്ടിടം അന്നേ അപര്യാപ്തമായ നിലയിൽ തന്നെയായിരുന്നു. ഡിസ്പെൻസറി ആരംഭിച്ചതിനു ശേഷം 34 വർഷം പിന്നിട്ടെങ്കിലും ഡിസ്പെൻസറിക്ക് സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ല. സ്ഥലം വാങ്ങിക്കാനും കെട്ടിട നിർമ്മാണത്തിനും വേണ്ട നടപടികളൊന്നും ഇതേ വരെ സ്വീകരിച്ചതായി കാണുന്നില്ല. ഇപ്പോഴുള്ള കെട്ടിടത്തോട് അനുബന്ധിച്ച് കിണറോ മറ്റ് സൗകര്യങ്ങളോ ഇല്ല. കെട്ടിടത്തിൽ തന്നെ ഇലക്ട്രിസിറ്റി സപ്ലൈ ഇല്ല. സ്ഥാപനത്തിൽ മരുന്നുകൾ, ഫയലുകൾ ഇവ സൂക്ഷിക്കാൻ ആവശ്യമായ അലമാരകളും മറ്റ് സാമഗ്രികളും ഇല്ല.

## സേവനപ്രവർത്തനങ്ങൾ

**മരുന്നുകൾ** : ശരാശരി 60 രോഗികൾ ഈ സ്ഥാപനത്തിൽ പ്രതിദിനം ചികിത്സയ്ക്കായി എത്തുന്നുണ്ട്. 1995-96ൽ 13166.90 രൂപയുടെ കഷായ ചൂർണ്ണങ്ങളും 7295.05 രൂപയുടെ സംസ്കൃത ഔഷധങ്ങളും ആണ് സ്ഥാപനത്തിൽ വിതരണത്തിന് ലഭിച്ചത്. കഷായ ചൂർണ്ണങ്ങൾ ഏതാണ്ട് പര്യാപ്തമാണെങ്കിലും സംസ്കൃത ഔഷധങ്ങളുടെ ലഭ്യത വളരെ കുറവാണ്. 95-96 വർഷത്തിൽ 7961 പുരുഷന്മാരും 10701 സ്ത്രീകളും 4101 കുട്ടികളും ഇവിടെ സേവനം തേടിയെത്തിയിട്ടുണ്ട്.

സംസ്കൃത ഔഷധങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ ഡിസ്പെൻസറിയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്. സംസ്കൃത ഔഷധങ്ങളുടെ ലഭ്യത കൂടിയാൽ കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുന്നതാണ്.

ആരോഗ്യ വിദ്യാഭ്യാസം, പോഷണം, പരിസര ശുചീകരണം, ശുദ്ധജല ഉപയോഗം, സാധാരണ രോഗങ്ങളുടെ നിയന്ത്രണം ഇവയെക്കുറിച്ച് നിരന്തരമായി ജനങ്ങളോട് പറഞ്ഞ് കൊടുക്കുകയും തദ്വാരാ അവരെ ബോധവൽക്കരിച്ച് ആരോഗ്യ പരിപാലനത്തിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന അവരുടെ സമീപനത്തിൽ മാറ്റം വരുത്തി ജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്.

പ്രതിരോധ കുത്തിവയ്പിന്റെ കാര്യത്തിൽ നിരന്തരമായ ബോധവൽക്കരണം നടത്തുകയും ഏറ്റവും അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തെ സമീപിക്കുന്നതിന് നിരന്തരമായ പ്രേരണ ചെലുത്തുകയും ചെയ്യുന്നതിന് വേണ്ടി ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

പഴകിയ രോഗങ്ങളുടെ ചികിത്സയുടെ വിഭാഗത്തിൽ ഉൾപ്പെടുന്നവരെ ഡിസ്പെൻസറിയിൽ നിന്നും ചികിത്സിക്കാൻ കഴിയുന്നവരെ അവിടെ വച്ച് ചികിത്സിക്കുകയും അല്ലാത്തവരെ ഉയർന്ന സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുക.

### വീട്ടു വൈദ്യമുറകൾ പ്രചിരിപ്പിക്കൽ.

പഴയ കാലങ്ങളിൽ ശരീരത്തിന് ഹാനികരമല്ലാത്തതും പ്രത്യുത ഏറെ ഉപകാരപ്രദമായതും ആയിരുന്ന വീട്ടു വൈദ്യമുറകളെ കുറിച്ചുള്ള അറിവ് ഇന്ന് വീട്ടിലെ മുതിർന്ന അംഗങ്ങളിൽ പോലും ഇല്ലാതായിരിക്കുകയാണ്. വീട്ടുമുറകൾ പ്രചരിപ്പിക്കുക.

### പ്രയോഗത്തിൽ വരുത്തുന്നതിനുള്ള നടപടിക്രമം :

1.സംസ്കൃത ഔഷധങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

2.സന്നദ്ധ സംഘടനകളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

3.ഡിസ്പെൻസറിയിൽ നിന്നും സന്നദ്ധ സംഘടനകളിൽ കൂടിയും ജനങ്ങളെ ബോധവൽക്കരിക്കുകയും തദ്വാര ഡിസ്പെൻസറിയുടെ ഉപഭോക്താക്കളാക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

4 ബോധവൽക്കരണ സാമഗ്രികളിൽ കൂടി ജനങ്ങളെ ബോധവാൻമാരാക്കുക.

5.സ്കൂളുകളിൽ ഹെൽത്ത് എഡ്യുക്കേഷണൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

6.ഡിസ്പെൻസറിയുടെ ഇപ്പോഴുള്ള ശോച്യാവസ്ഥ പരിഹരിക്കുകയും ഭാവിയിൽ കഴിയുന്നതും വേഗത്തിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.

സഹകരണ മേഖലയിൽ മുക്കാളിയിൽ പ്രവർത്തിക്കുന്ന ഒരു കോ- ഓപ്പറേറ്റീവ് ക്ലിനിക്കും സ്വകാര്യ മേഖലയിലുള്ള 3 അലോപ്പതി ക്ലിനിക്കും 2 ആയുർവേദക്ലിനിക്കും 2 ഹോമിയോക്ലിനിക്കും ഈ

പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

അഴിയൂർ ചുങ്കത്തും കോറോത്ത് റോഡിലുമായി പ്രവർത്തിക്കുന്ന സുരേഷ് ക്ലിനിക്കും കുഞ്ഞിപ്പള്ളിക്കടുത്ത് എൻപീസ് ആയുർവ്വേദ ക്ലിനിക്കുമാണ് ഇവയിൽ പ്രധാനപ്പെട്ടത്. കുഞ്ഞിപ്പള്ളിക്കടുത്ത് ഒരു യുനാനി ചികിത്സാ കേന്ദ്രവുമുണ്ട്.

അഴിയൂർ ഹൈസ്ക്കൂളിന് സമീപമുള്ള പുത്തൻ പറമ്പത്ത് കുഞ്ഞിപ്പുരയിൽ കുമാരൻ പാരമ്പര്യ വിഷചികിത്സകനാണ്. പാമ്പു കടിയേറ്റവരെ ചികിത്സിക്കുന്നതിനാൽ അയാളെ പാമ്പൻ കുമാരൻ എന്നും നാട്ടുകാർ വിളിക്കുന്നു. തേൾ, എലി, വണ്ണാൻ, കടന്നൽ എന്നിവ കടിക്കുന്നവരും ഇവിടെ ചികിത്സയ്ക്കെത്തുന്നു. വർഷത്തിൽ 400ലധികം പേർ ഇവിടെ ചികിത്സയ്ക്കായെത്തുന്നു. സ്വന്തമായി മരുന്നരച്ചും ചില ആയുർവ്വേദ മരുന്നുകളുമാണ് ഇതിനുപയോഗിക്കുന്നത്.

പട്ടിക. സ്ഥാപനങ്ങളും ജിവനക്കാരുടെ എണ്ണവും.

| സ്ഥാപനത്തിന്റെ പേര് | ആവശ്യമായത് | ഉള്ളത് |
|---|---|---|
| അഴിയൂർ പ്രൈമറി ഹെൽത്ത് സെന്റർ | 17 | 16 |
| അഴിയൂർ ഗവഃ ആയുർവ്വേദ ഡിസ്പെൻസറി | 4 | 4 |
| മുക്കാളി കോ-ഓപ്പറേറ്റീവ് ക്ലിനിക്ക് ആന്റ് മെറ്റേർണിറ്റി .ഹോം സൊസൈറ്റി | 2 | 2 |
| സുരേഷ് ക്ലിനിക്ക്, ചുങ്കം | 1 | 1 |

ആരോഗ്യ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത് വിസർജ്ജന നിർമ്മാർജ്ജന സൗകര്യങ്ങളെ കുറിച്ചാണ്.

പഞ്ചായത്തിലെ 4570 വീടുകളിൽ 3594 വീടുകളിൽ കക്കൂസുണ്ട്. അതിൽ 2844 സെപ്റ്റിക്ക്.ഇ.എസ്.പി. വിഭാഗത്തിൽ പെട്ടവയാണ്. 750 എണ്ണം പിറ്റ് വിഭാഗത്തിൽ പെട്ടതും. ഇത് രണ്ടും ചേർത്താൽ 80 ശതമാനം വീടുകളിൽ ഇതിനുള്ള സൗകര്യമുണ്ടെന്ന് കാണാം. ബാക്കിയുള്ള 20 ശതമാനം വീട്ടുകാർ പറമ്പുകളിൽ മലവിസർജ്ജനം ചെയ്യുന്നത് ആരോഗ്യരംഗത്ത് ഒരു ഭീഷണിയാണ്. ചാരൻങ്കൈ, കക്കടവ്, തുരുത്തിപ്പുറം, കുറിച്ചിക്കര, കുഞ്ഞിപ്പള്ളിത്താഴ എന്നീ സ്ഥലത്ത് ചതുപ്പു പ്രദേശങ്ങളായതിനാൽ കക്കൂസിന്റെ ടാങ്ക് കുഴിക്കാൻ പ്രയാസം അനുഭവപ്പെടുന്നു. സെപ്റ്റിക്ക് ടാങ്ക് മാത്രമേ അവിടെ ഫലപ്രദമാവുകയുള്ളൂ. അതിന് ചെലവ് വളര കൂടുതലാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് ഈ പ്രദേശങ്ങളിൽ താമസിക്കുന്നത്. അവർക്ക് ഇത്തരം ടാങ്കുകൾ നിർമ്മിക്കാൻ കഴിയാത്തത് കക്കൂസ് നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

മലിനജലം കെട്ടിക്കിടക്കുന്നതും ഈച്ച, കൊതുകുകൾ എന്നിവ പെരുകുന്നതും ആരോഗ്യ രംഗത്തെ പ്രധാന ഭീഷണിയാണ്. വീടുകളിൽ നിന്നും ഹോട്ടൽ, ചായപ്പീടിക, പഴസ്റ്റാളുകൾ എന്നിവിടങ്ങളിൽ നിന്ന് ഉപേക്ഷിക്കുന്ന അവശിഷ്ട സാധനങ്ങളും അഴുക്ക് വെള്ളവും മാറ്റുവാനുള്ള സംവിധാനങ്ങൾ വളരെ പരിമിതമാണ്. മലിനജലം വാർന്ന് പോകുന്നതിനുള്ള ഡ്രെയിനേജ് സംവിധാനം ഇല്ല. 10 ശതമാനം വീടുകളിലേ മലിനജലം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം ഉള്ളൂ.

## ആരോഗ്യ പ്രവർത്തനത്തിൽ സന്നദ്ധ സംഘടനകളുടെ പങ്ക്.

അഴിയൂർ പഞ്ചായത്ത് സാക്ഷരസമിതി മുൻകൈ എടുത്ത് ഈ പഞ്ചായത്തിൽ സംഘടിപ്പിച്ച ക്യാൻസർ നിർണ്ണയ ക്യാമ്പ് എടുത്ത് പറയത്തക്കതാണ്. അതുപോലെ കുഞ്ഞിപ്പള്ളി പരിപാലന കമ്മിറ്റി നടത്തിയ മെഡിക്കൽ ക്യാമ്പ്, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ മുക്കാളി നടത്തിയ മെഡിക്കൽ ക്യാമ്പ്, ഫാസ്ക്ക് ചോമ്പാല സംഘടിപ്പിച്ച ഹോമിയോ ക്യാമ്പ്, ജനവിദ്യാകേന്ദ്രത്തിന്റെയും ഹെൽത്ത് സെന്ററിന്റെയും നേതൃത്വത്തിൽ നടത്തിയ ത്വക്ക്രോഗ നിർണ്ണയ ക്യാമ്പ് എന്നിവയും പ്രധാനപ്പെട്ടവയാണ്. രോഗങ്ങളെ നേരത്തേ കണ്ടെത്താനും ആവശ്യമായ ചികിത്സ ലഭിക്കാനും ഇത്തരം ക്യാമ്പുകൾ സഹായകരമായിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ ക്ലബ്ബുകളും വായന ശാലകളും രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി രക്തം നൽകുന്നതിനുള്ള സാധാരണ ജനങ്ങളുടെ ഭീതി അകറ്റാനും രക്തം നൽകി പലരുടേയും ജീവൻ രക്ഷിക്കുവാനും ഇത് മൂലം കഴിഞ്ഞിട്ടുണ്ട്.

## ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ :

1. കൊതുകുശല്യം തടയണം. കുപ്പത്തൊട്ടികൾ സ്ഥാപിച്ച് ആവശ്യമില്ലാത്ത സാധനങ്ങൾ അതിൽ നിക്ഷേപിക്കണം. പൂഴിത്തലയിൽ അഴുക്ക്ചാൽ വേണം. പൈപ്പ് വഴി കുടിവെള്ളം ലഭിക്കണം. വാർഡിൽ ഹെൽത്ത് സെന്ററിന്റെ സബ്ബ് സെന്റർ സ്ഥാപിക്കണം.

2. പറാണിപറമ്പത്ത് കുഴൽ കിണർ വേണം. ചന്ദ്രോത്ത് മുക്കിൽ ഒരു പൊതു കിണർ വേണം. നിലവിലുള്ള ബാലവാടിയുടെ കിണർ, കെട്ടിടം എന്നിവ റിപ്പയർ ചെയ്യണം. ഓവുകളിൽ കൊതുകിനെ നിയന്ത്രിക്കാൻ മരുന്ന് തളിക്കണം.

3. കോട്ടമലയിലെ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്ന് 3ാം വാർഡിലേക്ക് ജലം ലഭിക്കുന്നതിന് ഇന്നുള്ള പോരായ്മകൾ പരിഹരിക്കണം. ഉപ്പ് വെള്ളം കയറുന്നത് തടയാൻ ചാരങ്കയ്യിൽ പാത്തിയും വലിയ നടപാത്തിയും റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കണം. പുഴയോരം കരിങ്കൽ കെട്ടി ഉയർത്തണം. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലത്തെ കോതികു നിവാരണത്തിന് ഹെൽത്ത് സെന്ററിൽ നിന്ന് നടപടി ഉണ്ടാവണം. കച്ചവട സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ നിക്ഷേപിക്കാൻ സംവിധാനം വേണം.

4. കിണർ കുഴിച്ചിട്ട് വെള്ളം കിട്ടാത്തവർക്ക് വീടുകളിൽ ഹൗസ് കണക്ഷൻ കൊടുക്കണം. ഈ വാർഡിൽ സബ്ബ് സെന്റർ തുടങ്ങണം. പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തണം. ഉപ്പ് വെള്ളം കയറുന്നത് തടയാൻ പദ്ധതി വേണം. തീരെ വെള്ളം കിട്ടാത്ത പ്രദേശങ്ങളിൽ പൊതു ടാപ്പ് സ്ഥാപിക്കണം.

5. തുരുത്തിപ്പുറം ശുദ്ധജല വിതരണ പദ്ധതിക്കായി നിലവിലുള്ള കിണർ ഒഴിവാക്കി വണ്ണാറത്ത് താഴെയുള്ള

കിണറോ കുളമോ നന്നാക്കി വേട്ടക്കരക്കുന്നിൽ ടാങ്ക് സ്ഥാപിച്ചാൽ ജലക്ഷാമം പരിഹരിക്കാം. മൂന്നാം ഗെയിറ്റ്, തുരുത്തിപ്പുറം, മാനം ചാൽ എന്നീ ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പൊതുടാപ്പും ഹൗസ് കണക്ഷനും കൊടുക്കണം. കോട്ടാമല പദ്ധതിയിൽ നിന്ന് 5ാം വാർഡിലെ ശുദ്ധജലത്തിന് ക്ഷാമം നേരിടുന്ന സ്ഥലങ്ങളിലേക്ക് വെള്ളം എത്തിക്കണം. വാർഡിലെ 5 ചെറിയ കുളങ്ങൾ കെട്ടി ശുദ്ധീകരിച്ച് കുടിവെള്ളം നൽകണം. കക്കൂസിന് നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം. ആരോഗ്യ പ്രവർത്തകർ ഹോട്ടലുകളിൽ സന്ദർശനം നടത്തി ശുചികരണ പ്രവർത്തനം ഊർജ്ജിതമാക്കണം.

6. തുരുത്തിപ്പുറം ശുദ്ധജല വിതരണ ടാങ്കിന്റെ ചോർച്ച തടയണം. പൊതുടാപ്പ് കൂടുതൽ സ്ഥാപിക്കണം. ലക്ഷം വീട് കോളനിയിൽ ഒരു പൊതുകിണർ കുഴിക്കണം. ആശുപത്രി പരിസരം വൃത്തിയായി സൂക്ഷിക്കണം. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായി ഗൃഹസന്ദർശനത്തിന് ക്രമീകരണം ഉണ്ടാക്കണം. ആശുപത്രി ജീവനക്കാരുടെ ജോലിയിൽ കൃത്യത പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. വാർഡിൽ സബ്ബ് സെന്റർ വേണം. കോറോത്ത് റോഡ് ലക്ഷം വീട്ടിലെ പൊളിഞ്ഞ കക്കൂസുകൾ നന്നാക്കാൻ ധനസഹായം വേണം. ലക്ഷം വീട് കോളനിയിലെ ചപ്പുചവറുകൾ നീക്കാനും കൊതുകുശല്യം ഒഴിവാക്കാനും നടപടികൾ വേണം.

7. ഉപ്പ് വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളത്തിന് ഉപയോഗിക്കുക. രയരോത്ത് ഭാഗത്ത് പൊതു കിണർ സ്ഥാപിക്കുക. ഒരു സബ്ബ് സെന്റർ വേണം. ഗൃഹസന്ദർശനം നിർബന്ധമാക്കണം. കൊതുക് നിവാരണത്തിന് സംവിധാനം വേണം.

8. സി.എസ്.ഐ. ക്ക് സമീപമുള്ള ബ്ലോക്കിന്റെ ബിൽഡിങ്ങിൽ ഹെൽത്ത് സെന്ററിന്റെ സബ്ബ് സെന്റർ രൂപീകരിക്കുക. സബ്ബ് സെന്ററിൽ ആഴ്ചയിൽ രണ്ട് ദിവസം ഡോക്ടറുടെ സേവനം ലഭിക്കണം. പൊതു കക്കൂസ് വേണം. ആവശ്യക്കാർക്ക് മുഴുവൻ ഹൗസ് കണക്ഷൻ കൊടുക്കുക.

9. ആവശ്യമില്ലാത്ത സ്ഥലത്തുള്ള പൊതുടാപ്പ് മാറ്റി കൂടുതൽ ആവശ്യക്കാരുള്ള സ്ഥലത്ത് സ്ഥാപിക്കുക. തീരദേശത്ത് വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം വേണം. മുക്കാളി ടൗൺ അഴുക്ക് ചാൽ നിർമ്മിക്കുക. തീരദേശത്ത് സബ്ബ് സെന്റർ വേണം. ആരോഗ്യ പരിപാലനത്തിൽ തീരദേശത്തിന് മുൻഗണന കൊടുക്കണം.

10. കെ.-37, കെ.-38 എന്നീ ടാപ്പുകളിൽ ഇപ്പോൾ വെള്ളം ലഭിക്കുന്നില്ല. അത് ലഭ്യമാക്കണം.

11. വെള്ളച്ചാൽ ഭാഗത്ത് വളരെ മുമ്പ് നിർമ്മിച്ച് ഉപയോഗമില്ലാതെ കിടക്കുന്ന ഒരു കുഴൽ കിണറുണ്ട്. അത് റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുക. പൊതുടാപ്പിന്റെ എണ്ണം വർദ്ധിപ്പിക്കുക.

**പ്രശ്നങ്ങൾ :**

1. അഴിയൂർ വി.എച്ച്.സി. ക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ല.

2. സബ്ബ് സെന്ററുകൾ. കാര്യക്ഷമമല്ല. സബ്ബ് സെന്ററിന് കെട്ടിട സൗകര്യമില്ല.

3. പ്രാഥമികാരാഗ്യ കേന്ദ്രത്തിൽ രാത്രി കാലത്ത് ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.

4. ചതുപ്പ് പ്രദേശങ്ങളിൽ സെപ്റ്റിക്ക് ടാങ്കോട് കൂടിയ കക്കൂസുകൾ ആവശ്യമാണ്.

5. സ്ക്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമല്ല.

6. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന വിവരങ്ങൾ മുഴുവൻ ലഭ്യമല്ല.

7. അഴുക്കചാൽ സംവിധാനം ഇല്ല.

8. മുഴുവൻ വീടുകളിലും കക്കൂസുകൾ ഇല്ല.

9. മാലിന്യങ്ങൾ ശേഖരിക്കുന്നത് കൊണ്ട് പോയി നിക്ഷേപിക്കാനുള്ള സൗകര്യമില്ല.

10. പൊതു ശ്മശാനം ഇല്ലാത്തത് കൊണ്ട് ചെറിയ തുണ്ട് ഭൂമിയിൽ താമസിക്കുന്നവർക്ക് വലിയ പ്രയാസം അനുഭവപ്പെടുന്നു.

11. കംഫർട്ട് സ്റ്റേഷൻ ഇല്ലാത്തത് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.

12. ഹോമിയോ ഡിസ്പെൻസറിയില്ല.

13. പ്രകൃതി ചികിത്സയ്ക്കുള്ള സൗകര്യം പഞ്ചായത്തിലില്ല.

**സാധ്യതകൾ :**

1. അഴിയൂർ പി.എച്ച്.സി. ക്ക് പഞ്ചായത്തിന്റെ ഭമിയിൽ ജനപങ്കാളിത്തത്തോടെ കെട്ടിടം നിർമ്മിക്കാൻ കഴിയും. കെട്ടിട നിർമ്മാണത്തിനായി വിളിച്ചു ചേർത്ത സർവ്വ കക്ഷികളുടെയും യോഗത്തിൽ വെച്ച് 1.5 ലക്ഷത്തോളം രൂപ ജനങ്ങൾ വാഗ്ദത്തം ചെയ്തു. കൂടാതെ തൊളിലാളികൾ സൗജന്യമായി ജോലി ചെയ്യാനും തയ്യാറായി വന്നിട്ടുണ്ട്.

2. അഴിയൂർ ഗവഃ ആയുർവ്വേദ ഡിസ്പെൻസറിക്കായി കൃസ്ത്യൻ മിഷനറിമാരുടെ കയ്യിൽ ഉണ്ടായിരുന്ന ഇപ്പോൾ 5ാം വാർഡിലുള്ള 50 സെന്റിലധികം വരുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയും.

3. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറെ കൂടി നിയമിച്ച് രാത്രികാല സേവനം ഉറപ്പ് വരുത്തുക.

4. അഴിയൂർ ചുങ്കത്തെ ഓവുചാലിലെ മലിനജലം വാർന്ന് പോകുന്നതിനുള്ള ഡ്രെയിനേജ് നിർമ്മിക്കുക.

5. റോഡുകളിൽ ഓവുചാലുകൾ നിർബന്ധമായും പണിയുക.

6. കക്കൂസില്ലാത്ത മുഴുവൻ വീട്ടുകാർക്കും ഗ്രാമപഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടെയും വിവിധ ഏജൻസികളുടെയും ഉപഭോക്താവിന്റെയും സംയുക്ത സഹകരണത്താൽ കക്കൂസ് നിർമ്മിക്കുക.

7. മാലിന്യങ്ങൾ കൊണ്ട് പോയി നിക്ഷേപിക്കാൻ ആൾ താമസം കുറഞ്ഞ, (ശ്മശാനം നിർമ്മിക്കുവാൻ തീരുമാനിച്ചതിനടുത്ത്) സ്ഥലം കണ്ടെത്തുക.

8. ശ്മശാനത്തിന്റെ പണി പെട്ടെന്ന് പൂർത്തിയാക്കുക.

9. ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.

10. ചതുപ്പ് പ്രദേശങ്ങളിൽ കക്കൂസ് നിർമ്മിക്കാൻ പ്രയാസമനുഭവപ്പെടുന്ന പാവപ്പെട്ടവർക്ക്


ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ ഒരു പൊതു സെപ്റ്റിക്ക് ടാങ്ക് പണിതു കൊടുക്കുക.

11. സ്ക്കൂൾ ആരോഗ്യ പരിപാടിയുടെ ഭാഗമായി ഡോക്ടർ തന്നെ എല്ലാ സ്ക്കൂളുകളിലും വന്ന് പരിശോധിക്കുന്ന സംവിധാനം തുടരണം. കുട്ടികൾക്കായുള്ള അത്യാവശ്യ മരുന്നുകൾ സ്ക്കൂളിൽ ലഭ്യമാക്കാനുള്ള സംവിധാനം ഉറപ്പ് വരുത്തുക.

12. ഒരു ഗവഃ ഹോമിയോ ഡിസ്പെൻസറി ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.

13. പ്രകൃതി ചികിത്സയുടെ പ്രാധാന്യത്തെ പറ്റി ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക.

14. ഔഷധച്ചെടികൾ വെച്ചു പിടിപ്പിക്കാനുള്ള സഹായം നൽകണം.



83

5-6

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.

അഴിയൂർ പഞ്ചായത്തിൽ സാമ്യം ഭേദപ്പെട്ട ഒരു റോഡുണ്ട്. ദീർഘ ചതുരാകൃതിയിൽ തെക്ക് വടക്കായി കിടക്കുന്ന ഈ പഞ്ചായത്തിൻെറ വിരിമാറിലൂടെ 5. കി. മി ദൈർഘ്യത്തിൽ നാഷണൽ ഹൈവെ 17 കടന്ന് പോകുന്നു. മുക്കാളി - കൊളരാട് തെരു റോഡ്, ആ്വിക്കര ബീച്ച് റോഡ്, മീത്തലെ മുക്കാളി - ഹർബർ റോഡ്, ബ്ലോക്കോഫീസ് - ബീച്ച് റേഡ്, കുഞ്ഞിപ്പള്ളി - ഓർക്കാട്ടേരി, കുഞ്ഞിപ്പള്ളി - മോന്താൽ റോഡ്, അണ്ടിക്കമ്പനി ബീച്ച് റോഡ്, ബോഡ് സ്കൂൾ - അത്താണിക്കൽ റോഡ്, അഴിയൂർ ചുങ്കം - മാഹി റെയിൽവേ സ്റ്റേഷൻ റോഡ്, ആസ്യാ റോഡ് എന്നിവ ഹൈവേയുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രധാനപ്പെട്ട് റോഡുകളാണ്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 52.8 കി. മി. യാണ്. ഇതിൽ പഞ്ചായത്ത് ടാർ ചെയ്ത റോഡ്, PWD റോഡ് 5.4 കി.മിയും, നാഷണൽ ഹൈവേ റോഡ് 5 കി.മി. എന്നിവയാണ്. റോഡ് ശൃഖല മെച്ചച്ചെട്ടിട്ടുണ്ടെങ്കിലും റോഡുകളുടെ സ്ഥിതി ശോചനീയമാണ്. ഓവുചാലുകളും, കൾവെർട്ടുകളും ഇല്ലാത്തതാണ് ഇതിന് പ്രധാന കാരണം. റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയ്യം ചെയ്യുന്നതിന് പഞ്ചായ്ത്തിൻെറ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. തീരപ്രദേശത്തെയും, കുന്നിൻ പ്രദേശത്തെയും റോഡുകൾ മാത്രമല്ല പൊതുവെ മറ്റു റോഡുകളും മഴക്കാലത്ത് ഗതാഗത യോഗ്യമല്ല. ശരിയായ രീതിയിൽ ഓവുചാലുകൾ മെച്ചപ്പെടുത്തിക്കൊണ്ടും കൾവെർട്ടുകൾ സ്ഥാപിച്ചുകൊണ്ടും റോഡുകളെ സംരക്ഷിക്കേണ്ടതാണ്. (പട്ടിക - 1)

കോറോത്ത് ഗെയിറ്റ് - മാഹി റെയിൽവേസ്റ്റേഷൻ രോഡ്, വില്ലേജ് ഓഫീസ് - കോറോത്ത് ക്ഷേത്രം റോഡ്, ചിറയിൽ പീടിക - കോവുക്കൽ റോഡ് എന്നിവ പി. ഡബ്ല്യു. ഡി ഏറ്റെടുത്ത് നടത്തേണ്ടതാണ്. 2,3,4,5,11 എന്നീ വാർഡുകളിൽ കൂടി പോകുന്ന നിർദ്ദിഷ്ട മാഹി - തലശ്ശേരി ബൈപാസ് റോഡിൻെറ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് ഹൈവേയിലെ ഗതാഗത കുരുക്ക് ഒഴിവാക്കേണ്ടതാണ്. അത് പോലെ പൂഴിത്തല - അഴിത്തല തീരദേശറോഡിൻെറ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ഇന്ന് നാഷണൽ ഹൈവെയിൽ ഉണ്ടായിരിക്കുന്ന തടസ്സങ്ങൾ ഒഴിവാക്കുവാനും ശ്രമിക്കേണ്ടതാണ്. ഈ റോഡ് സാക്ഷാത് കരിക്കാൻ വടകര താലൂക്കിലെ തീരദേശങ്ങളെ ബന്ധിപ്പിക്കുന്ന ഒരു പ്രധാന റോഡായി മാറും. നിലവിലുളള നാഷണൽ ഹൈവെ വികസിപ്പിക്കുകയും അറ്റകുറ്റ പണികൾ നടത്തേണ്ടതുമാണ്. അഴിയൂർ വില്ലേജ് ഓഫീസ് മുതൽ കല്ലാമല ട്രാൻസ്ഫോർമർ മുക്ക് വരെ നിലവിലുളള റോഡുകൾ പരസ്പരം ബന്ധപ്പെടുത്തി അഴിയൂരിൻെറ കിഴക്കൻ ഭാഗത്ത് റോഡ് ശൃംഖല മെച്ചപ്പെടുത്തേണ്ടതാണ്. മുക്കാളി - നെല്ലാച്ചേരി പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന മുക്കാളി - തോട്ടുങ്ങൽ പീടിക റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് പാട്യട്ട് ഗെയിട്ടിന് അണ്ടർ ബ്രിഡ്ജ് നിർമ്മിക്കേണ്ടതാണ്.

## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

പട്ടിക - 1

| നമ്പർ | റോഡ് | ഇനം | ദൂരം കി.മി | വീതി മി. | ബസ്,മറ്റ് യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | നാഷണൽ ഹൈവേ | എൻ. എച്ച് | 5 | 18 | ഉണ്ട് |
| 2 | കുഞ്ഞിപ്പള്ളി - ഓർക്കാട്ടേരി | പി. ഡബ്ല്യു. ഡി | 2.5 | 8 | ഉണ്ട് |
| 3 | കുഞ്ഞിപ്പള്ളി - മോന്താൽ | പി. ഡബ്ല്യു. ഡി | 2.31 | 8 | ഉണ്ട് |
| 4 | മാഹി ബൈപ്പാസ് | പി. ഡബ്ല്യു. ഡി | 1.35 | 8 | ഉണ്ട് |
| 5 | മാഹി റെയിൽവേസ്റ്റേഷൻ | പി. ഡബ്ല്യു. ഡി | 440 മി | 8 | ഉണ്ട് |
| 6 | മുക്കാളി - കൊളരാട് തെരു | പഞ്ചായത്ത് | | 6 | ഉണ്ട് |
| 7 | ആവിക്കര ബീച്ച് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 8 | മീത്തലെ പള്ളി - തെക്കേ ചോമ്പാൽ ബീച്ച് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 9 | ബ്ലോക്കോഫീസ് - ബീച്ച് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 10 | പള്ളിവളപ്പിൽ - ബീച്ച് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 11 | അണ്ടിക്കമ്പനി - ബീച്ച് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 12 | ബോഡ് സ്കൂൾ - അത്താണിക്കൽ | പഞ്ചായത്ത് | | 6 | ഉണ്ട് |
| 13 | ആസ്യാ | പഞ്ചായത്ത് | | 5 | ഉണ്ട് |
| 14 | റോസ് വില്ല റോഡ് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 15 | വില്ലേജ് ഓഫീസ് - കോറോത്ത് ക്ഷേത്രം | പഞ്ചായത്ത് | | 6 | ഉണ്ട് |
| 16 | കക്കടവ് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 17 | കോവുക്കൽ കടവ് | പഞ്ചായത്ത് | | 6 | ഉണ്ട് |
| 18 | മുക്കാളി അണ്ടർബ്രിഡ്ജ് - കോമത്ത് താഴ | പഞ്ചായത്ത് | | 6. | ഉണ്ട് |

| | | | ടാർ | | | | |
|---|---|---|---|---|---|---|---|
| കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | പി.ഡബ്ല്യു.ഡി | എൻ.എച്ച് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 21600 M | 10200 M | 800 M | 8600 M | 5400M | 5 Km | 1200M | 52800 M |

### റെയിൽ ഗതാഗതം

ഷൊർണൂർ - മംഗലാപുരം റെയിൽ പാത പഞ്ചായത്തിന് മധ്യേ, ഏകദേശം നാഷണൽ ഹൈവേക്ക് സമാന്തരമായി കടന്നുപോകുന്നു. ഈ റെയിൽ പാതയിൽ പഞ്ചായത്തിൽ ട്രെയിൻ ഹാൾട്ടും (മുക്കാളി) ഒരു റെയിൽവേസ്റ്റേഷനും (മയ്യഴി) ഉണ്ട്. മുക്കാളിയുള്ള ട്രെയിൻ ഹൾട്ട് റെയിൽവേ സ്റ്റേഷനായി ഉയർത്തേണ്ടതാണ്. റെയിൽവേ അധികൃതരുടെ ഭാഗത്തു നിന്നും മുക്കാളിയോടുള്ള അവഗണന അവസാനിപ്പിച്ച് ഇവിടെ നിന്ന് എല്ലാ സ്റ്റേഷനിലേക്കുമുള്ള ടിക്കറ്റ് ലഭ്യമാക്കണം. സീസൺ ടിക്കറ്റുകൾ ഇവിടെ നിന്നുതന്നെ വിതരണം ചെയ്യുനാനുള്ള സംവിധാനം ഉണ്ടാക്കണം. കോഴിക്കോട് ജില്ലയിലെ പ്രമുഖ കൈത്തറി സ്ഥാപനങ്ങളും ഉള്ള ഈ സ്റ്റേഷനിൽ പാഴ്സൽ ബുക്കിംഗ് സൗകര്യവും ഏർപ്പെടുത്തിയാൽ സ്റ്റേഷൻെറവരുമാനം വർദ്ധിപ്പിക്കാൻ കഴിയും. എക്സ്പ്രസ് ട്രെയിനുകൾ ഈ സ്റ്റേഷനിൽ നിർത്താനുള്ള സൗകര്യവുണ്ടാക്കേണ്ടതാണ്. ഈ ട്രെയിൻ ഹാൾട്ടിൻെറ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതാണ്. ഈട്രെയിൻ ഹാൾട്ട് ക്രോസിംഗ് സ്റ്റേഷനായി ഉയർത്തണം.

മയ്യഴി റെയിൽവേ സ്റ്റേഷൻെറ ഇന്നതെ സ്ഥിതി വളരെയധികം പരിതാപകരമാണ്. സ്റ്റേഷൻ വികസിപ്പക്കേണ്ടത് അത്യാവശ്യമാണ്. പോണ്ടിച്ചേരി സംസ്ഥാനത്തിൽ ഉൾപ്പെട്ട മയ്യഴിയുടെ പ്രവേസന കവാടം കൂടിയാണ് ഈ റെയിൽവേ സ്റ്റേഷൻ. ഇവിടെ എല്ലാ ട്രെയിനുകളും നിർത്തുന്നതിനുള്ള നടപടപ ഉണ്ടാക്കണം. യാത്രക്കാരുടെ സൗകര്യർത്ഥം റിസർവേഷൻ ക്വാട്ട വർദ്ധിപ്പിക്കേണ്ടതാണ്. രണ്ട് പ്ലാറ്റ്ഫോമുകളെയും ബന്ധിപ്പിക്കാൻ പൂട് ഓവർബ്രഡ്ജ് നിർമ്മിക്കേണ്ടതാണ്. നിലവിലുള്ള ഷൊർണൂർ മംഗലാപുരം റെയിൽവെ ലൈൻ വികസിപ്പച്ച് കൊങ്കൺ മേഖലയിക്കേുള്ള തീവണ്ടി യാത്ര സുഗമമാക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

1. റോഡുകളിൽ ആരികുചാലുകളും, കൾവെർട്ടുകളും ഇല്ലാത്തതനിനാൽ മഴക്കാലത്ത് റോഡുകളിൽ കൂടി കുത്തി ഒഴുകി റോഡുകൾ നശിക്കുന്നു.

2. നീർകെട്ടുള്ള പ്രദേശങ്ങളിൽ അശാസ്ത്രീയമായി റോഡ് ഉണ്ടാക്കിയതു കാരണം മഴക്കാലത്ത് റോഡുകൾ പെട്ടെന്ന് ഗതാഗത യോഗ്യമല്ലാതായി തീരുന്നു.

3. റോഡരുകിൽ. സാധനങ്ങൾ ഇറക്കുന്നത് റോഡിൻെറ നില നിൽപിന് ഭീഷണിയായി തീരുന്നു.

4. യഥാസമയം റോഡുകളിൽ അറ്റകുറ്റ പണി നടത്താതിരിക്കൽ.

5. സർക്കാറിൻെറ വിവധ വകുപ്പുകൾ തമ്മിലുള്ള പരസ്പര ധാരണയില്ലാത്ത അറ്റകുറ്റ പണികൾ.

6. റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റ പണികളിലും ഉദ്യോഗസ്ഥൻമാരുടെമേൽ നോട്ടക്കുറവ്.

7. കക്കടവ്, കോട്ടാമല കുന്ന് ഭാഗത്തുള്ള കാൽനട യാത്രക്കാർക്ക് സ്റ്റേഷൻെറ പടിഞ്ഞാറ് ഭാഗത്ത് എത്തി ച്ചേരുവാനുള്ള ബുദ്ധിമുട്ട്

### സാധ്യതകൾ

1. നിലവിലുള്ള എല്ലാ ടാർ റോഡുകളും അറ്റകുറ്റ പണി നടത്തുകയും കലുങ്കുകളും കാവച്ചാലുകളും നിർമ്മിച്ച് മഴക്കാലത്ത് വെള്ളം ഒഴുകിപ്പോകുവാനുൺ സംവിധാനം ഉണ്ടാക്കുക.

2. നിലവിലുള്ള എല്ലാ മൺ റോഡുകളും ടാർ ചെയ്യുക.

3. പ്രവൃർത്തികൾക്ക് അനുവദിക്കുന്ന സംഖ്യ പൂർണ്ണമായും റോഡിന് ഉപയോഗിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.

4. നിർമ്മാണ വേളയിൽ സാങ്കേതിക വിദഗ്ദരകുടെ മേൽനോട്ടം ഉറപ്പു വരുത്തുക.

5. പഞ്ചായത്ത് നടത്തുന്ന പ്രവൃർത്തികൾക്ക് സോഷ്യൽ ഓഡിറ്റ് സമ്പ്രദായം ന്ടപ്പിലാക്കുക.

6. തീരദേശ റേഡ് പ്രാവർത്തികമാക്കുക.

7. തീരദേശവുമായി ബന്ധിക്കുന്ന റോഡുകൾ ഹാർബർ വകുപ്പും ഫിഷറീസ് വകുപ്പും ഏറ്റെടുക്കുക.

8. കുഞ്ഞി പള്ളി, അഴിയൂർ, റെയിൽവേസ്റ്റേഷൻ പരിസരം എന്നിവിടങ്ങളിൽ ഓട്ടോറിക്ഷ സ്റ്റാൻറും മുക്കാളിയിൽ ടാക്സി സ്റ്റാൻറും സ്ഥാപിക്കുക.

9. മുക്കാളിയിൽ KSRTC ലിമിറ്റഡ് സ്റ്റോപ്പും, കുഞ്ഞി പള്ളിയിൽ പ്രൈവറ്റ് ബസ്സുകളുടെ ലിമിറ്റഡ് സ്റ്റോപ്പും അനുവദിക്കുക.

10. അഴിയൂർ വില്ലേജ് ഓഫീസ് മുതൽ കല്ലാമല ട്രാൻസ്ഫോർമർ വരെയുള്ള റോഡുകൾ ബന്ധിപ്പിച്ച് പഞ്ചായത്തിൻെറ കിഴക്കുഭാഗത്തുള്ള റോഡുഗതാഗതം മെച്ചപ്പെടുത്തുക.

11. ചോറോട് ഓവർബ്രഡ്ജ് നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുക.

12. പാട്യാട് അണ്ടർബ്രിഡ്ജ് സ്ഥാപിക്കുക.

13. മുക്കാളി, മാഹി റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുക.

14. മാഹി റെയിൽവേ സ്റ്റേഷനിൽ ഫൂട് ഓവർബ്രഡ്ജ് സ്ഥാപിക്കുക.

15. കക്കടവ്, കോട്ടാമല കുന്ന് ഭാഗത്തുള്ള കാൽനട യാത്രക്കാർക്ക് റെയിൽവേ പ്ലാറ്റ്ഫോമിൽ കിടക്കാതെ സ്റ്റേഷൻെറ പടിഞ്ഞാറ് ഭാഗത്തു കൂടി നടപ്പാത നിർമ്മിക്കുക.

16. കക്കടവിൽ തോണി ഗതാഗതം ഏർപ്പെടുത്തുക.


ഗ്രാമസഭ റിപ്പോർട്ടുകളിൽ വാർഡ് മെമ്പർമാർ പ്രധാന പ്രവർത്തകർ എന്നിവരിൽ നിന്ന് ശേഖരിച്ച വിവിരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന റോഡുകളും നടപ്പാതകളും പുനരുദ്ധീകരിക്കേണ്ടതാണ്.

| നമ്പർ | വാർഡ് നമ്പർ | പ്രവൃർത്തിയുടെ പേര് | സ്വഭാവം |
|---|---|---|---|
| 1 | I | പുഴിത്തല മുതൽ ബീച്ച് റോഡ് വരെ | നടപ്പാത |
| 2 | I | ലക്ഷം വീട് മുതൽ മെയിൻ റോഡ് വരെ | നടപ്പാത |
| 3 | I | ദേവിക്കുളം മുതൽ ലക്ഷം വീട് വരെ | നടപ്പാത |
| 4 | I | കുഞ്ഞാണ്ടിയുടെ പീടിക മുതൽ പടിഞ്ഞാറ് | നടപ്പാത |
| 5 | I | മാവേലി സ്റ്റോർ മുതൽ പടിഞ്ഞാറ് | നടപ്പാത |
| 6 | I | ലക്ഷം വീട് മുതൽ പോകുന്ന റോഡ് മണ്ണിട്ട് ഉയർത്തുക | റോഡ് |
| 7 | I | ശ്രീനിവാസ റോഡിൽ ഓവു പാലം നിർമ്മിക്കുക. | റോഡ് |
| 8 | I | അഞ്ചാം പീടിക ഇടവഴി ഫുട്പാത്ത് | നടപ്പാത |
| 9 | II | കൂരാം കുന്ന് ഹാജ്യാർ പള്ളി റോഡ് | റോഡ് |
| 10 | II | എടവന പാലക്കൂൽ ചന്ത്രോത്ത് റോഡ് | റോഡ് |
| 11 | II | ലീല മൻസിൽ റിസ്ക് മൻസിൽ റോഡ് | റോഡ് |
| 12 | II | പാലക്കൂൽ ചന്ത്രോത്ത് റോഡ് | റോഡ് |
| 13 | II | കൂരാം കുന്ന് റോഡുമുതൽ ദോബിക്കുളം വഴി പൂഴിത്തല ഡ്രൈനേജ് റോഡ് | |
| 14 | II | മാഹി ബൈപ്പാസ് വേണുഗോപാല ക്ഷേത്രം റോഡ് | റോഡ് |
| 15 | II | വേണുഗോപാല ക്ഷേത്രം മാവേലിസ്റ്റോർ റോഡ് | റോഡ് |
| 16 | II | മെയിൻ റോഡ് മുതൽ റോസ് വില്ല റോഡ് വരെ | നടപ്പാത |
| 17 | II | ബൈപ്പാസ് മുതൽ കച്ചേരി പറമ്പ് വരെ | റോഡ് |
| 18 | II | മെയിൻ റോഡ് മുതൽ ചാമുണ്ഡിമുക്ക് വരെ | റോഡ് |
| 19 | II | മെയിൻ റോഡ് കൊക്കോൻറവിട റോഡ്. | റോഡ് |
| 20 | II | റോസ് വില്ല എടവന പാലാക്കോട് റോഡ് | റോഡ് |
| 21 | II | മെയിൻ റേഡ് കച്ചേരി പറമ്പ് റോഡ് | റോഡ് |
| 22 | II | മെയിൻ റോഡ് മുരുഗൻ ടാക്കീസ് | റോഡ് |
| 23 | II | ലൈൻ മുറിക്ക് മുൻവശം റോഡ് | റോഡ് |
| 24 | II | കൈനാടത്ത് നടപ്പാത മാഹിബൈപ്പാസ് | റോഡ് |
| 25 | III | കോവുക്കൽ താഴ മാഹി ബൈപാസ് | നടപ്പാത |
| 26 | III | പുത്തൻപുരയിൽ കാനോത്ത് താഴെ റോഡ് റിപ്പേർ | റോഡ് |
| 27 | III | സാജ് ഹോം കരിവയൽ റോഡ് (റിപ്പേർ) | റോഡ് |
| 28 | III | ചാരംകയ്യിൽ കൈക്കണ്ടം | നടപ്പാത |
| 29 | III | കാരോത്ത് മുക്ക് മാഹി റെയിൽവേ സ്റ്റേഷൻ | റോഡ് |
| 30 | III | ചാമുണ്ഡിതാഴെ റോഡ് റിപ്പേർ | റോഡ് |
| 31 | III | പുളിയേരി നട മാഹി ആസ്പത്രി റോഡ് (റിപ്പേർ) | റോഡ് |

| | | | |
|---|---|---|---|
| 32 | III | മനയിൽ മുക്ക് കരിവയൽ റോഡ് നിർമ്മാണം. | റോഡ് |
| 33 | IV | മാഹി റെയിൽവേ സ്റ്റേഷൻ കോട്ടാമല കുന്ന് | റോഡ് |
| 34 | IV | മാഹി റെയിൽവേ സ്റ്റേഷൻ കക്കടവ് | റോഡ് |
| 35 | IV | അഴിയൂർ ഈസ്റ്റ് യു.പി സ്കൂൾ ഇല്ലത്ത് താഴെ | റോഡ് |
| 36 | IV | കൊല്ലാണ്ടി മുക്ക് കക്കടവ് | റോഡ് |
| 37 | IV | വില്ലേജ് ഓഫീസ് കോറോത്ത് ക്ഷേത്രം റോഡ് | റോഡ് |
| 38 | IV | കയനടത്ത് വിഷ്ണു ക്ഷേത്രം | റോഡ് |
| 39 | IV | ഒറ്റ പിലാക്കൂൽ മാപ്പിള എൽ. പി. സ്കൂൾ | റോഡ് |
| 40 | IV | പണ്ടിക്കണ്ടി കയനടത്ത് | റോഡ് |
| 41 | IV | അരയാ പറമ്പത്ത് തിണ്ടുമ്മൽ | റോഡ് |
| 42 | IV | അരയാ പറമ്പത്ത് കണ്ണമ്പള്ളി കുനി | റോഡ് |
| 43 | IV | എമ്പ്രാന്തിരി മുക്ക് വലിയ വയൽ | റോഡ് |
| 44 | IV | കക്കട്ടിൽ മുക്ക് ഇല്ലത്ത് താഴെ | റോഡ് |
| 45 | IV | ഇലത്ത് താഴെ മനങ്കര ക്ഷേത്രം | റോഡ് |
| 46 | IV | കുഞ്ഞിപ്പറമ്പ് കോട്ടാമല | റോഡ് |
| 47 | IV | പറമ്പത്ത് മുക്ക് കായനാടത്ത് | റോഡ് |
| 48 | IV | മീത്തലെ മനങ്കര കോട്ടാമല | റോഡ് |
| 49 | IV | കോട്ടാമല റോഡ് മുതൽ തോട്ടത്തിൽ വരെ | റോഡ് |
| 50 | IV | കാദിയാർ മുതൽ പാറേമ്മൽ വരെ | റോഡ് |
| 51 | IV | പാലായിൻറവിട മുതൽ ഇട്ട്യേൽ | റോഡ് |
| 52 | IV | അഴിയൂർ ഈസ്റ്റ് യു.പി. സ്കൂൾ തെരുവിങ്കൽ താഴ | റോഡ് |
| 53 | IV | കോട്ടാമലക്കുന്ന് ചേർന്ന് ലക്ഷം വീട് | റോഡ് |
| 54 | V | പോതിയോട്ടിൽ നടപ്പാത നിർമ്മാണം. | നടപ്പാത |
| 55 | V | തുരുത്തിപ്പുറം ഭാഗത്ത് പുതിയറോഡ് | റോഡ് |
| 56 | V | അഴിയൂർ ഹൈസ്കൂൾ അത്താണിക്കൽ | റോഡ് |
| 57 | V | തോലോൻറവിട അമ്പല ചിറ റോഡ് | റോഡ് |
| 58 | V | മൂന്നാം ഗേറ്റ് മുത4 കോറോത്ത് റോഡ്വരെ മെറ്റൽ ചെയ്യൽ | റോഡ് |
| 59 | V | പാലേൻറ കീഴ് നടപ്പാത നിർമ്മാണം | നടപ്പാത |
| 60 | V | തിണ്ടുമ്മൽ പരദേവതാ ക്ഷേത്രം | റോഡ് |
| 61 | V | മൂന്നാം ഗേറ്റ് മുതൽ അമ്പല ചിറ | റോഡ് |
| 62 | V | 5ാം വാർഡിൻെറയും 6ാം വാർഡിൻെറയും അതിർത്തിയിൽ കണ്ണോത്ത് മുതൽ മാഹി ബൈപാസ്സ് വരെ. | നടപ്പാത |
| 63 | V | രയരോത്ത് മുക്ക് മുതൽ പരദേവത ക്ഷേത്രം വരെ | റോഡ് |
| 64 | V | താഴെ കോറോത്ത് പോതിയോട്ടുമായി ബന്ധിപ്പിക്കുന്ന | റോഡ് |
| 65 | V | ചാലിയാട്ട് മുക്ക് പാറോട്ട് മുക്ക് | നടപ്പാത |
| 66 | V | അഴിയൂർ ജെ. ബി. സ്കൂൾ റോഡ് റിപ്പേർ ചെയ്യുക. | റോഡ് |
| 67 | V | അഴിയൂർ സ്കൂൾ അത്താണിക്കൽ റോഡിൽ വലിയ കക്കുഴി ഭാഗത്ത് ഓവുപാലം നിർമ്മിക്കുക. | റോഡ് |
| 68 | V | വില്ലേജ് ഓഫീസ് കോറോത്ത് ക്ഷേത്രം. | റോഡ് |
| 69 | VI | പനാടക്കുന്ന് ജെ. ആർ. വൈ | നടപ്പാത |
| 70 | VI | കോറോത്ത് റോഡ് പനാട സ്കൂൾ റോഡ് കല്ലാമലയുമായി ബന്ധിപ്പിച്ച് ടാറിംഗ് | റോഡ് |
| 71 | VI | ചിറയിൽ പീടിക കോവുക്കൽ കടവ് റോഡ് റിപ്പർ ചെയ്യുക | റോഡ് |
| 72 | VI | വി. വി. ഹസ്സൻെറ വീട് മുതൽ ചിറയിൽ റോഡ് കോവുക്കൽ കടവ് റോഡുമായി ബന്ധിപ്പിക്കുക | റോഡ് |
| 73 | VI | വാണിയം വീട് നവാസ് മൻസിൽ റോഡ് കല്ലാമലയുമായി ബന്ധിപ്പിക്കുക | റോഡ് |
| 74 | VI | ലെപ്രസി കൈതേരി റോഡ് നവാസ് മൻസിൽ റോഡുമായി ബന്ധിപ്പിക്കുക | റോഡ് |
| 75 | VI | പ്രസ്തുത റോഡ് കൈതേരി ഹുസ്സൻ കുട്ടിയുടെ | |

| | | | |
|---|---|---|---|
| | | റോഡുമായി ബന്ധിപ്പിക്കുക | റോഡ് |
| 76 | VI | പറമ്പത്ത് പുഴക്കൽ പറമ്പത്ത് നടപ്പാത പരിഷ്കരിക്കുക | നടപ്പാത |
| 77 | VI | സീതി പീടിക കുഞ്ഞി മാണിക്കോത്ത് റോഡ് പരിഷ്കരണം | റോഡ് |
| 78 | VI | പെരുമുണ്ടയിൽ പുതിയ നടപ്പാത നിർമ്മിക്കുക | നടപ്പാത |
| | | ഈനടപ്പാത കോവുക്കൽ കടവ് റോഡുമായി ബന്ധിപ്പിക്കുക | റോഡ് |
| 79 | VI | ചെറിയത്ത് മുക്കു മുതൽ നെടിയ കുന്നി വരെയുള്ള വഴി നടപ്പാതയാക്കി മാറ്റുക | നടപ്പാത |
| 80 | VI | മെവുക്കണ്ടി മുക്കു മുതൽ താഴെ പനാട റോഡ് | റോഡ് |
| 81 | VI | പുതിയോട്ടിൽ മുക്ക് മുതൽ താഴെ കുമാരൻെറ മുക്ക് വരെ നടപ്പാത | റോഡ് |
| 82 | VI | കൈതയിൽ തോടിന് സ്ലാബ് ഇടണം | നടപ്പാത |
| 83 | VII | ചിറയിൽ പീടിക കല്ലാമല വഴി മുക്കാളി റെ. സ്റ്റേഷൻ റോഡ് ടാറിംഗ് (പെന്നൻ കണ്ടി മുക്കു മുതൽ കണ്ടപ്പം കണ്ടി വരെ) | റോഡ് |
| 84 | VII | കല്ലാമല മുതൽ മുക്കാളി റെ. സ്റ്റേഷൻവരെ ടാർ ചെയ്യുക | റോഡ് |
| 85 | VII | കല്ലാമല കോവുക്കൽ കടവ് റോഡ് ടാർ ചെയ്യുക | റോഡ് |
| 86 | VII | മാടംബച്ചം വയൽ റോഡ് കല്ലാമലയുമായി ബന്ധിപ്പിക്കൽ | റോഡ് |
| 87 | VII | രയരോത്ത് മുക്ക് കല്ലാമല റോഡ് സ്ലാബിട്ട് | റോഡ് |
| | | ഗതാഗതയോഗ്യമാക്കുക | റോഡ് |
| 88 | VII | കോവുക്കൽ കടവ് ട്രാൻസ്ഫോർമർ മുക്ക് റോഡ് ടാറിംഗ് | റോഡ് |
| 89 | VII | കല്ലാമല സ്കൂൾ പൊന്നങ്കണ്ടി റോഡ് | റോഡ് |
| 90 | VII | റെയിൽ ബ്ലോക്ക് ചെയ്താൽ കല്ലാമല മുക്കാളി റോഡ് നിർമ്മാണം | റോഡ് |
| 91 | VII | 400 മീട്ടർ നടപ്പാത റിപ്പേർ ചെയ്യുക | |
| 92 | VII | മുക്കാളി റെ. സ്റ്റേഷൻ കൊളരാട് തെരു റോഡ് | റോഡ് |
| 93 | VII | ചിറയിൽ പീടിക കോവുക്കൽ കടവ് റോഡ് റീ ടാർ ചെയ്യുക | റോഡ് |
| 94 | VIII | സെൻട്രൽ മുക്കാളി ബീച്ച് റോഡ് ടാർ ചെയ്യുക ( നിലവിലുള്ള പാലം പൊളിച്ചു മാറ്റി പുതിയ പാലവും ഡ്രെയിനേജും നിർമ്മിക്കുക) | റോഡ് |
| 95 | VIII | എം. പി. റോഡ് മെയിൻ റോഡിൽ തുടങ്ങി ബീച്ചറോഡ്‌വരെ നീട്ടുകയും ടാർ ചെയ്യുകയും ചെയ്യുക | റോഡ് |
| 96 | VIII | കാളാണ്ടി മുക്ക് വട്ടക്കണ്ടി പാറ നടുക്കുടി റോഡ് ഹാർബർ റോഡുമായി ബന്ധിപ്പിക്കുക | റോഡ് |
| 97 | VIII | കൂവച്ചാൽ വട്ടക്കണ്ടി റോഡ് ടാർ ചെയ്യുക | റോഡ് |
| 98 | VIII | ചോമ്പാൽ സി. എസ്. ഐ പള്ളി മുതൽ ശ്മശാനം വഴി മുക്കാളി സർവ്വീസ് സ്റ്റേഷൻ വരെ റോഡ്. | റോഡ് |
| 99 | VIII | മിന്നാട്ടിൽ കിഴക്കയിൽ റോഡ് പഠനകേന്ദ്രം വഴി പുരോഗമന വായനശാല | റോഡ് |
| 100 | VIII | ചെറുവത്ത് മുക്കു മുതൽ ചാലിൽ മുക്കുവരെ | റോഡ് |
| 101 | VII | കുഴിഞ്ഞ വട്ടം കുന്നി നടപ്പാത | നടപ്പാത |
| 102 | IX | നാഷണൽ പൈംവ ആവിക്കര ബീച്ച് റോഡ് റീടാറിംഗും, സൈഡിൽ അഴുക്കു ചാൽ നിർമ്മക്കലും | റോഡ് |
| 103 | IX | സെൻട്രൽ മുക്കാളി കറപ്പകുന്ന് റോഡ് | |
| 104 | IX | ആവിക്കര ബീച്ച് റോഡ് മുതൽ കറപ്പ കുന്ന് റോഡ് | റോഡ് |
| 105 | IX | കറപ്പ കുന്ന് ബംഗ്ലക്കുന്ന് റോഡ് | റോഡ് |
| 106 | IX | ആവിക്കര ബീച്ച് തെക്കേ ചോമ്പാല റോഡ് | റോഡ് |
| 107 | IX | മാപ്പിള സ്കൂൾ പനോളി ക്ഷേത്രം റോഡ് | റോഡ് |
| 108 | IX | അണ്ടർബ്രിഡ്ജ് തട്ടോളിക്കര ബ്രിഡ്ജ് ടാർ ചെയ്യൽ | റോഡ് |
| 109 | IX | ബംഗ്ല കുന്ന് മട്ടാണ്ടി മുക്ക് നടപ്പാത | നടപ്പാത |
| 110 | X | എലവക്കണ്ടി കോമത്ത് നടപ്പാത | നടപ്പാത |
| 111 | X | ആവിക്കര ബ്ലോക്കോഫീസ് റോഡ് ടാർ ചെയ്യണം | റോഡ് |
| 112 | X | പീടികക്കണ്ടി പൊടിക്കളം റോഡ് ടാർ ചെയ്യുക | റോഡ് |
| 113 | X | കുഞ്ഞി പള്ളി ബീച്ച് റോഡ് റീടാർ ചെയ്യുക | റോഡ് |
| 114 | X | നടുച്ചാൽ ബീച്ച് രോഡ് സൈഡ് കെട്ടി ടാർ ചെയ്യുക | റോഡ് |

| | | | |
|---|---|---|---|
| 115 | X | തീരദേശ റോഡ് റിപ്പേർ ചെയ്യുക. | റോഡ് |
| 116 | X | പീടികക്കണ്ടി പടിഞ്ഞാറ് ഭാഗം റോഡ് നിർമ്മിക്കുക | റോഡ് |
| 117 | X | മൈതാനിക്ക് പടിഞ്ഞാറ് ഭാഗം തെക്ക് വടക്കെ മതിലിനോട് ചേർന്ന് | റോഡ് |
| | | പള്ളിവളപ്പിൽ റോഡ് ടാർ ചെയ്യുക. | റോഡ് |
| 118 | X | പള്ളിവളപ്പിൽ പ്രദേശം മമ്മത് ഹാജിയുടെ സ്ഥലത്തിന് | റോഡ് |
| | | കിഴക്ക് വശം തെക്കോട്ട് പോകുന്ന നടവഴി റിപ്പേർ ചെയ്യുക | റോഡ് |
| 119 | XI | അഴിയൂർ ഹൈസ്കൂൾ റേ്, എലിഫൻറ് ലൈ റോഡ് റിപ്പേർ ചെയ്യുക | റോഡ് |
| 120 | XI | വെള്ളച്ചാൽ റോഡ് മെറ്റൽ ചെയ്യുക. | റോഡ് |
| 121 | XI | സൈകൂളിന് സമീപം പടിഞ്ഞാറ് റോഡ് നിർമ്മിക്കുക. | റോഡ് |
| 122 | XI | അണ്ടിക്കമ്പെനി മുതൽ ആർ. കെ. കൃഷ്ണൻ റോഡ് | റോഡ് |
| 123 | XI | അണ്ടിക്കമ്പെനി മാവുള്ള പറമ്പ് ലക്ഷം വീട് റോഡ് ടാർ ചെയ്യുക | റോഡ് |
| 124 | XI | അത്താണിക്കൽ മാവുള്ള പറമ്പ് ലക്ഷം വീട് റോഡ് ടാർ ചെയ്യുക | റോഡ് |
| 125 | XI | അണ്ടിക്കമ്പെനിക്ക് പടിഞ്ഞാറ് വൈദ്യർ കുനി ലക്ഷം വീട് | |
| | | റോഡ് ടാർ ചെയ്യുക | റോഡ് |
| 126 | XI | ബീച്ച് റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക | റോഡ് |
| 127 | XI | വെള്ളച്ചാൽ റോഡിൽ റെയിൽവേ ലൈൻ നടപ്പാത നിർമ്മിക്കുക | നടപ്പാത |
| 128 | XI | കുഞ്ഞപ്പറമ്പത്ത് എരിക്കിൽ റോഡ് റിപ്പേർ | റോഡ് |
| 129 | XI | മാവുള്ള പറമ്പത്ത് ലക്ഷം വീട് കോളനി പടിഞ്ഞാറ് ഭാഗത്ത് | നടപ്പാത |
| 130 | XI | 10ാം വാർഡിൻെറയു, 11ാം വാർഡിൻെറയും അതിർത്തിയിൽ | നടപ്പാത |
| 131 | XI | അഴിയൂർ ഹൈസ്കൂൾ ബീച്ചറോഡിൽ, സ്കൂളിന് തെക്ക് വശം ഇടവഴി | |
| | | എലിഫൻറ് റോഡ് മുതൽ റിപ്പേർ ചെയ്യുക. | റോഡ് |
| 132 | XI | അണ്ടിക്കമ്പെനിക്ക് പടിഞ്ഞാറ് റോഡ് റിപ്പേർ ചെയ്യുക. | റോഡ് |



90

## ഊർജ്ജം

. ഈ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് പള്ളൂർ 110 കെ. വി. സബ്സ്റ്റേഷനിൽ നിന്നും പുത്തൂർ 110 കെ. വി. സബസ്റ്റേഷനിൽ നിന്നുമാണ്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണവും, ട്രാൻസ് ഫോർമറുകളുടെ ശേഷിയും പരിശോധിച്ചാൽ മിവാറും എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നതാ ണെന്ന് കാണാം. ഉപഭേക്താക്കളുടെ എണ്ണത്തിലും, കണക്ട ഡ് ലോഡിലും വളരെയധികം വർദ്ധനവ് ഉണ്ടായിരിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ ആകെ ട്രാൻസ്ഫോർമറുകളുടെ എണ്ണം പതിനഞ്ചാണ്. വൈദ്യുതി ഉപഭോക്താക്കളുടെ ഇനം തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.

പട്ടിക - 1

| ഇനം | എണ്ണം |
|---|---|
| ഗാർഹികം | 3480 |
| വ്യാപാരം | 406 |
| വ്യവസായം | 25 |
| കാർഷികം | 35 |

ഗാർക മേഖലയിലാണ് വൈദ്യുതി വളരെയധികം ഉപയോഗിക്കപ്പെടുന്നത്. വ്യവസായ മേഖലയിലും കാർഷിക മേഖലയിലും താരതമ്യേന കുറവാണ്.

പഞ്ചായത്തിലെ 76 ശതമാനം വൈദ്യുതീകരിച്ചതാണ്. വേൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശമായതുകൊണ്ട് ട്യൂബുകളുടെ ഉപയോഗം വളരെ കുറവീണ്. 110 വോൾട്ട് ബൽബുകളും, സ്റ്റെപ്പപ്പ് ഉപയോഗിച്ചുമാണ് അൽപമെങ്കിലും വെളിച്ചം ലഭ്യമാക്കുന്നത്.ഇന്ന് നിലവിലുള്ള സിംഗിൽ ഫേസ് ലൈനുകളെല്ലാം വളരെയധികം പഴക്കമുള്ളവയാണ്. അതിനൽ പ്രേക്ഷണ വിതരണ നഷ്ടം വളരെയധികം ഉണ്ടാവുന്നുണ്ട്. വൈദ്യുതി ലൈനുകളിൽ മരച്ചില്ലകൾ തട്ടക്കിടക്കുന്നതും ഇതിന് കാരണമായിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ. ടി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലങ്ങൾ

1. കക്കടവ്
2. മാഹി റെയിൽവേ സ്റ്റേഷൻ പരിസരം
3. മാഹി ഗെയിറ്റ്
4. ഹാജിയാർ പള്ളി
5. അഴിയൂർ ചുങ്കം
6. കെ. ഡി. സി ബാങ്ക് പരിസരം
7. അണ്ടിക്കമ്പനി
8. ബ്ലോക്കോഫീസ്
9. മുക്കാളി നമ്പർ (2)
10. കോട്ടാമല മുക്ക്
11. കോറോത്ത് റോഡ്
12. കല്ലാമല
13. കൊളരാട് തെരു
14. കാരായി ഫ്ലോർ മിൽ സ്ഥലം
15. ഐസ് ഫാക്ടറി

പഞ്ചായത്തിലെ കല്ലാമല, അണ്ടിക്കമ്പനിക്ക് പടിഞ്ഞാറ് ഭാഗം. കോറോത്ത് റോഡ്, പനാട, ചിറയിൽ പീടികക്ക് കിഴക്ക് ഭാഗം, മുക്കാളി റെയിൽവേസ്റ്റേഷൻെറ കിഴക്കു ഭാഗം, പുളിയേരി നട, ആവിക്കര ഏരിയ എന്നീ പ്രദേശങ്ങൾ വളരെയധികം വോൾട്ടേജ് കമ്മി നേരിടുന്നു. നിലനിലുള്ള മീറ്ററുകൾ ശരിയായ രൂപത്തിൽ പ്രവർത്തിക്കാത്തതിൻെറ ഫലമായി റീഡിംഗിൽ അപാകതകൾ ഉണ്ടാകുന്നുണ്ട്. അതിൻെറ ഫലമായി ഇലക്ട്രി സ്റ്റി ബില്ലിങ്ങുകളിലുണ്ടാകുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് വലിയ പരാതികൾ ഉണ്ടാകാറുണ്ട്.

പഞ്ചായത്തിലെ 5 ശുദ്ധജല വിതരണത്തിനും, ഒരു സോമിൽ, ഒരു ഐസ് ഫാക്ടറി, 7 ഫ്ലോർ മിൽ, 7 ഗ്രിൽസ് യൂണിറ്റ് എന്നിവക്കും വൈദ്യതി ഉപയോഗിക്ക'പ്പടുന്നു.

തെരുവ് വിളക്കുകൾ

പട്ടിക - 2

| ഇനം | | എണ്ണം |
|---|---|---|
| ബൾബ് | (40W) | 3480 |
| ബൾബ് | (60 W) | 406 |
| ട്യൂബ് | | 25 |
| സോഡിയം വേപ്പർ ലാംപ് | (70 W) | |
| സോഡിയം വേപ്പർ ലാംപ് | (150 W) | 35 |

തെരുവ് വിളക്കുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അത് യഥാസമയം നന്നാക്കുവാനുള്ള സംവിധാനം ഫലപ്രദമല്ല. പ്രധാനപ്പെട്ട റോഡുകളിൽ ഇപ്പോഴും തെരുവ് വിളക്ക് സൗകര്യമില്ല. കൂടുതൽ പ്രദേശങ്ങളിൽ ലൈൻ വരച്ച് തെരുവ് വിളക്ക് സംവിധാനം വിപുലപ്പെടുത്തണം. വൈദ്യതിക്കു വേണ്ടി അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവരുടെ സ്ഥിതി വിവര കണക്കുകൾ പട്ടിക 3ൽ കൊടുക്കുന്നു

പട്ടിക - 3

| ഇനം | എണ്ണം |
|---|---|
| ഓർഡിനറി | 215 |
| ഒ. ടി. പി | 5 |
| ഒ. വൈ. സി | 53 |


ഭക്ഷണം പാകം ചെയ്യുന്നതിനായി വിറക്, മണ്ണെണ്ണ എന്നിവയാണ് കൂടുതൽ ഉപയോഗിക്കുന്നത്. വിറകിൻെറ വർദ്ധിച്ചു വരുന്ന വില കാരണം ഇടത്തരക്കാർ ഉൾപ്പടെ ഗ്യാസിനെ ആശ്രയിക്കുന്ന സ്ഥിതി ഈ പഞ്ചായത്തിൽ വന്നു ചേർന്നിട്ടുണ്ട്. കടലോരമേഖലയിലാണ് വിറക് ക്ഷാമം പ്രധാനമായും നേരിടുന്നത്. ശരാശരി 7 രൂപ ദിവസവും വിറകിന് ചെലവാക്കേണ്ടി വരുന്നു. ഇത് സാധാർണക്കാരെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്തതാണ്. ഇന്നത്തെ വറകിൻെറ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഗ്യാസാണ് ലാഭം. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ദക്ഷതയേറിയതും പുകയില്ലാത്തതുമായ അടുപ്പുകൾ ഏകദേശം 25 എണ്ണമേ സ്ഥാപിച്ചിട്ടുളളു. ഇന്ധന ക്ഷാമം രൂക്ഷമായി വരുന്ന ഈ കാലത്ത് വ്യാപകമായ രീതിയിൽ ദക്ഷതയേറിയ അടുപ്പുകൾ പ്രചരിപ്പിക്കാൻ ഗ്രാമ സഭകൾ മുൻകൈ എടുക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. നിലവിലുളള ട്രാൻസ്ഫോർമറുകൾക്ക് ലോഡ് താങ്ങാൻ കഴിയുന്നില്ല.
2. നിലവിലുളള സിംഗിൾ ഫേസ് മാറ്റി സ്ഥാപിക്കാത്തതുകൊണ്ടും ലൈനിലേക്ക് തളളനിൽക്കുന്ന മരച്ചില്ലകളും മറ്റും വെട്ടിമാറ്റാത്തതുംകാണ്ടും പ്രേഷണ നഷ്ടം ഉണ്ടാകുന്നു
3. മീറ്റർ റീഡിംഗിലെ അപാകതകൾ.
4. വൈദ്യുതി ചാർജ് അടയ്ക്കാനുളള ബുദ്ധിമുട്ട്.
5. വൈദ്യുതി വിതരണം തകരാറിലായാൽ ഉടൻ റിപ്പേർ ചെയ്തുകിട്ടാനുളള പ്രയാസം.
6. വൈദ്യുതിയുടെ ക്രമാതീതമായ ഉപഭോഗം.

## സാധ്യതകൾ

1. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. പഴകിയ ലൈനുകൾ മാറ്റി സ്ഥാപിക്കുകയും, കൂടുതൽ ഉപഭോക്താക്കളുളള സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കി മാറ്റുക.
3. വൈദ്യുതി ലൈനിൽ തട്ടിനിൽക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റി പ്രേക്ഷണ നഷ്ടം കുറയ്ക്കുക
4. മീറ്റർ റീഡിംഗിലെ അപാകതകൾ പരിഹരിക്കുക..
5. വൈദ്യുത ബില്ലടക്കാൻ പഞ്ചായത്ത് തലത്തിൽ സൗകര്യമുണ്ടാക്കുക.
6. വൈദ്യുതി ലൈൻ തകരാറിലായാൽ ഉടൻ റിപ്പേർ ചെയ്തുകൊടുക്കുവാനുളള സൗകര്യമുണ്ടാക്കുക.
7. ഊർജ്ജ സംരക്ഷണ സമിതി പ്രാദേശിക തലത്തിൽ ഉണ്ടാക്കുക.
8. വൈദ്യുതിയുടെ ക്രമാതീതമായ ഉപഭോഗം നിയന്ത്രിക്കാൻ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുക.
9. പാചാകാവശ്യത്തിന് ദക്ഷതയേറിയതും, പുകയില്ലാത്തതുമായ അടുപ്പുകൾ പ്രചരിപ്പിക്കുകയും. ഇന്ധന നഷ്ടം ഒഴിവാക്കുകയും ചെയ്യുക.
10. കച്ചപ്പെട്ടിയുടെ ഉപയോഗത്തെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
11. സൗരോർജ്ജ വിളക്കുകൾ പ്രചരിപ്പിക്കുക.
12. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.
13. ഈ പഞ്ചായത്ത് N. P. D. I. C സ്കീം നടപ്പാക്കി അടുപ്പുകൾ നിർമ്മിക്കുന്നതിന് സബ്സിഡി ലഭ്യമാക്കുക.
14. സർക്കാർ ഉടമസ്ഥതയിലുളള ഗ്യാസ് അടുപ്പ് ലഭിക്കുവാൻ പഞ്ചായത്തിൽ ബുക്കിംഗ് കൗണ്ടർ സ്ഥാപിക്കുക.



## മാർക്കറ്റ്

മമ്മുടെ പഞ്ചായത്തിൽ വിവിധതരം ഉൽപാദനങ്ങളുടെ വിപണനത്തിനായി 388 കച്ചവട സ്ഥാപനങ്ങളുണ്ട്. പഞ്ചായത്തിൽ ഗൾഫ് പണത്തിൻെറ സ്വാധീനത്തിൻെറ ഫലമായി കച്ചവട സ്ഥാപനങ്ങളുടെ എണ്ണത്തിൽ വമ്പിച്ച വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മത്സ്യം, നാളികേരം, അടയ്ക്ക, കുരുമുളക്, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയ്ക്ക് ഏറെ വിപണന സാധ്യതകളുണ്ട്. അഴിയൂർ പഞ്ചായത്തിലെ വടക്കേ അറ്റത്തും തെക്കേ ചോമ്പാലിലും വ്യാപകമായി മത്സബന്ധനം നടത്തുന്ന സ്ഥലങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ മിനി ഫിഷിംഗ് ഹാർബർ പണിതീരുന്നതോടെ വിപുലമായ തോതിൽ അവിടെ മത്സ്യബന്ധനം നടക്കും. ആയതിനാൽ ഇതോടനുബന്ധിച്ച് മത്സ്യവിപണന മാർക്കറ്റിന് സാധ്യതകളേറെയാണ്. പ്രത്യേകിച്ച് മത്സ്യമാർക്കറ്റിൻെറ അഭാവത്തിൽ പൊതു സ്ഥലങ്ങളിൽ മത്സ്യ വിൽക്കുന്നതുകൊണ്ട് പരിസര മലിനീകരണം ഉണ്ടാകുന്നു.

നാളികേര കർഷകർക്ക് താങ്ങുവില ലഭിക്കത്തക്ക രീതിയിൽ വിൽക്കാനുള്ള മാർക്കറ്റിംഗ് സൗകര്യു പഞ്ചായത്തിൽ ഇല്ലാത്തതു കാരണം കർഷകർ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. പരമ്പരാഗത കൈത്തറി വ്യവസായ തൊഴിലാളികളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് പൊതു മാർക്കറ്റ് നിലവിലില്ല. ഇക്കാരണത്താൽ വീടുകളിൽ വെച്ച് നെയ്ത്തു നടത്തി ഉപജീവനം കഴിക്കുന്നവർ ചൂഷണത്തിന് വിധേയരാകുന്നു. ഇവരെ സംരക്ഷിക്കാൻ മാർക്കറ്റ് സൗകര്യം ഉണ്ടാക്കേണ്ടതാണ്. പച്ചക്കറി കൃഷിക്കാരെ പ്രോൽസാഹിപ്പിക്കാനും' ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്ന് രക്ഷപ്പെടുത്താനും പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ, സഹകരണ മേഖലയിൽ മാർക്കറ്റ് സൗകര്യം ഉണ്ടാക്കേണ്ടതാണ്. അതുപോലെ തന്നെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികളും മറ്റു സാധനങ്ങളും വിൽക്കാനായി ഒരു പ്രധാന കേന്ദ്രത്തിൽ ആഴ്ച ചന്ത ഗ്രാമ പഞ്ചായത്തിൻെറ നേതൃത്വത്തിൽ സ്ഥാപിക്കുക.

## പ്രശ്നങ്ങൾ

1. പൊതു സ്ഥലങ്ങളിൽ വെച്ച് മൽസ്യങ്ങൾ വിൽക്കുന്നതുകൊണ്ട് പരിസര മലിനീകരണങ്ങളും അസൗകര്യങ്ങളും ഉണ്ടാവുന്നു.
2. നാളികേരം, കുരുമുളക്, അടയ്ക്ക, പഴങ്ങൾ, പച്ചക്കറികൾ എന്നിവയ്ക്ക് ഇന്ന് പഞ്ചായത്തിൽ മാർക്കറ്റ് സൗകര്യം ഇല്ല.
3. പരമ്പരാഗതമായ വ്യവസായമായ കൈത്തറി രംഗത്തെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റിംഗ് സൗകര്യമില്ല.
4. ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന മാർക്കറ്റ് പേരിന് മാത്രമേ ഉള്ളൂ..

### സാധ്യതകൾ

1. അഴിയൂർ ചുങ്കം, ചിറയിൽ പീടിക, മുക്കാളി, മയ്യഴി റെയിൽവേ സ്റ്റേഷൻ പരിസരം, കോറോത്ത് റോഡ് എന്നിവിടങ്ങളിൽ മൽസ്യമാർക്കറ്റുകൾ സ്ഥാപിക്കുക.
2. നാളികേരം, കുരുമുളക്, അടയ്ക്ക, പഴവർഗ്ഗങ്ങൾ പച്ചക്കരികൾ എന്നീ ഉൽപാദകരെ സഹായിക്കാൻ മാർക്കറ്റിംഗ് സൗകര്യം ഏർപ്പെടുത്തുക.
3. ഉപഭോക്താക്കളെ സഹായിക്കാൻ പലവ്യഞ്ജനങ്ങൾ, പച്ചക്കറി എന്നിവയ്ക്ക് സഹകരണാടിസ്ഥാനത്തിൽ മാർക്കറ്റ് സ്ഥാപിക്കുക.
4. ചോമ്പാൽ മിനി ഷിപ്പിംഗ് ഹാർബർ പണി പൂർത്തിയാവുന്നതോടെ അതിനോടനുബന്ധിച്ച് മത്സ്യം മൊത്തക്കച്ചവടം നടത്താൻ വിപുലമായ സൗകര്യമുള്ള മാർക്കറ്റ് സ്ഥാപിക്കുക.



## 5-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ പാർപ്പിടമിന്ന് കേവലമൊരു പാർക്കാനുള്ള ഇടം എന്നതിൽ നിന്ന് മാറി സമമൂഹത്തിൽ അവന്റെ വലിപ്പം കാണിക്കുവാനുള്ള ചിഹ്നം എന്ന തലത്തിലേക്ക് വഴിമാറിയിരിക്കുകയാണ്. ലോക വൈജ്ഞാനിക മണ്ഡലത്തിലേക്ക് ഒരു മുതൽ കൂട്ടായിരുന്ന തച്ചു ശാസ്ത്ര വിദ്യയെ കാറ്റിൽ പറത്തി നമ്മുടെ കാലാവസ്ഥക്ക് ഒട്ടും ഇണങ്ങാത്ത കൂറ്റൻ കോൺക്രീറ്റ് സൗധങ്ങളുടെ ഭീകരത തീർക്കുന്നവർ ഒരുതരത്തിൽ സമൂഹത്തോട് കാണിക്കുന്നത് ക്രൂരതയാണ്. പ്രത്യേകിച്ചും പാർക്കാൻ ഇടമില്ലാത്തവരുടെ എണ്ണം അനുദിനം ഏറിവരുന്നൊരു രാജ്യത്ത്.

വിവിധതരം വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു

| ആകെ വീടുകൾ | കോൺക്രീറ്റ് | ഓടിട്ടത് | ഓല മേഞ്ഞത് | കുടിൽ |
|---|---|---|---|---|
| 4570 | 1784 | 2201 | 456 | 129 |

വീട് പാർക്കാനുള്ളതാണ് അല്ലാതെ അയൽക്കാരനെ അസൂയപ്പെടുത്താനുള്ളതല്ല.

നാലായിരത്തി അഞ്ഞൂറ്റി എഴുപത് വീടുകളിലായി 5500 കുടുംബങ്ങൾ താമസിക്കുന്ന ഒരു പഞ്ചായത്താണ് അഴിയൂർ. ഭൂപ്രകൃതി അനുസരിച്ച് 5 കി. മി. യോളം നീളത്തിൽ അത്ര തന്നെ നീളത്തിൽ വടക്ക് കിഴക്ക് ഭാഗങ്ങളിലൂടെ കടന്നു പോകുന്ന മയ്യഴി പുഴയോട് ചേർന്നുള്ള പുഴയോര പ്രദേശവും 5 വലിയ കുന്നുകളും ഇവിടെയുണ്ട്. ഭൂവിസ്തൃതിയുടെ 3 ൽ 1 ഭാഗത്തോളം ശുദ്ധ ജലം ലഭക്കുവാൻ പ്രയാസമുള്ള പ്രദേശമാണ്. ആളുകൾ ഏറെ തിങ്ങി താമസിക്കുന്നത് തീരപ്രദേശത്താണ്. കുന്നുകളിലും, പുഴയോരപ്രദേശങ്ങളിലും ആളുകൾ വീടുവെച്ചു താമസിച്ചു വരുന്നു. വീട് നിർമ്മിക്കാൻ ആവശ്യമായ സ്ഥലത്തിന്റെ അപര്യാപ്തത കാരണം ചതുപ്പനിലങ്ങളും, പാടങ്ങളും നികത്തി താമസ സൗകര്യമുണ്ടാക്കാനുള്ള പ്രവണത വർദ്ധിച്ചുവരുന്നു.

നമ്മുടെ പ്രകൃതി സമ്പത്തായ മരവും ഓലയും ഉപയോഗിച്ച് പണ്ട് കാലങ്ങളിൽ നിർമ്മിച്ചുകൊണ്ടിരുന്ന വീടുകൾ കേരളീയ സംസ്കാരത്തിന്റെ തനിമ നില നിർത്തുന്ന പടിഞ്ഞാറെ പുരയായിരുന്നെങ്കിൽ ഇന്ന് ലക്ഷക്കണക്കിന് രൂപ മുതൽ മുടക്കി ആധുനിക സൗകര്യങ്ങളുള്ള കോൺക്രീറ്റ് വീടുകളാണ് പഞ്ചായത്തിൽ ഭൂരിഭാഗവും നിർമ്മിച്ചു വരുന്നത്.

തീരപ്രദേശവും പുഴയോര പ്രദേശവും ഏറെയുള്ള പഞ്ചായത്തിൽ തീരപ്രദേശത്ത് 500 മീറ്ററും പുഴയോര പ്രദേശത്ത് 100 മീറ്ററും ഒഴിവാക്കികൊണ്ട് മാത്രമേ വീട് നിർമ്മിക്കാൻ പടുള്ളൂ എന്ന നിയമ വ്യവസ്ഥ കൊണ്ട് സ്ഥലമുണ്ടായിട്ടും വീടുവെയ്ക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

94

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളെ കുറിച്ചുളള പട്ടിക.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | 10ൽ കൂടുതൽ നിലയുളള കെട്ടിടങ്ങൾ | കോൺക്രീറ്റ് | ഓട് മേഞ്ഞ | ഓല മേഞ്ഞ |
|---|---|---|---|---|---|
| I | 698 | 114 | 356 | 140 | 88 |
| II | 632 | 180 | 249 | 188 | 15 |
| III | 552 | 127 | 115 | 265 | 45 |
| IV | 477 | 145 | 129 | 155 | 51 |
| V | 674 | 155 | 194 | 272 | 53 |
| VI | 738 | 161 | 260 | 239 | 78 |
| VII | 580 | 74 | 121 | 291 | 94 |
| VIII | 599 | 87 | 180 | 290 | 42 |
| IX | 612 | 152 | 110 | 350 | 45 |
| X | 583 | 143 | 120 | 191 | 129 |
| ആകെ | 6193 | 1338 | 1834 | 2381 | 640 |

ഒരു കുടുംബത്തിന് ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കണമെങ്കിൽതന്നെ 930 വീടുകൾ നമ്മുടെ പഞ്ചായത്തിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

IRDP കണക്കനുസരിച്ച് ദാരിദ്ര്യരേഖക്ക് താഴെ കിടക്കുന്ന വീട് ആവശ്യമുളള കുടുംബങ്ങൾ പഞ്ചായത്തിൽ 150 എണ്ണമാണ്. വിവിധ പരിപാടികളിലായി 42 വീടുകൾ ദാരിദ്ര്യരേഖക്ക് താഴെയായികടക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി അനുവദിച്ചിട്ടുണ്ട്. ഇവയിൽ 14 എണ്ണം മാത്രമാണ് പൂർത്തീകരിക്കപ്പെട്ടിട്ടുളളത്. 28 വീടുകൾ ഇനിയും പൂർത്തീകരിക്കേണ്ടിയിരിക്കുന്നു. അർഹതപ്പെട്ട 108 കുടുംബങ്ങൾക്ക് ഇനിയും ധനസഹായം ലഭിക്കേണ്ടതുണ്ട്. യഥാർത്ഥ ആവശ്യക്കാർ ഇന്ന് ഇതിനേക്കാൾ ഇരട്ടിയാണ്.

**IRDP സർവ്വേ പ്രകാരം ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം**

| പദ്ധതി പ്രകാരം വീടു വെക്കാനുളള കുടുംബങ്ങൾ | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ പൂർത്തീകരിക്കാനുളള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|
| 150 | 42 | 14 | 28 | 122 |

നിലവിലുളള പദ്ധതിയായ ഇന്ദിര ആവാസ് യോജന (IAY), ജവഹർ റോസ്ഗാർ യോജന (JRY), മില്യൺ വെൽ സ്കീം (MWS) എന്നീ പദ്ധതികൾ പ്രകാരം വീടു നിർമ്മിക്കാൻ 22000 രൂപയാണ് അനുവദിക്കപ്പെടുന്നത്. ഈ സംഖ്യ ഉപയോഗച്ച് വീട് പണി പൂർത്തീകരിക്കാൻ കഴിയാതെ കൂടുതൽ പ്രയാസങ്ങൾ അനുവദിച്ചു വരുന്ന അവസ്ഥയാണുളളത്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രസ്തുത ധനസഹായം 50000 രൂപയെങ്കിലും ലഭിച്ചെങ്കിൽ മാത്രമേ വീട് പണി പൂർത്തീകരിക്കാൻ കഴിയുകയുളളൂ.

വിവിധ പദ്ധതികളിലായി പഞ്ചായത്തിൽ അനുവദിക്കപ്പെട്ട വീടു വിവര പട്ടിക

| | |
|---|---|
| ഇന്ദിര ആവാസ് യോജന ( IAY) | 20 |
| മില്യൺ വെൽ സ്കീം (MWS) | 19 |
| ജവഹർ റോസ്ഗാർ യോജന (JRY) | 42 |

ലക്ഷം വീട് കോളനികളിലെയും 4സെൻറ് കോളനികളിലെയും വീടുകൾ പലതും അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്തവയാണ്. വൈദ്യുതീകരിക്കാത്ത വീടുകളും കുടിവെളളം ലഭിക്കാൻ ഏറെപ്രയാസപ്പെടുന്ന വീടുകളും കക്കൂസ് ഇല്ലാത്ത വീടകളുമാണ് ഇവയിൽ ഭൂരഭാഗവും.

പുറംപോക്ക് ഭൂമികളിൽ കുടിൽകെട്ടി താമസിക്കുന്നവരും വീട് വെയ്ക്കാൻ ഇടമില്ലാതെ വാടക വീടുകളിൽ കഴിയുന്ന കുടുംബങ്ങളും ഇവിടെയുണ്ട്. വീട് നിർക്കിക്കാൻ അവശേഷിക്കുന്ന കുടുംബങ്ങളിൽ സാമ്പത്തികശേഷി ഇല്ലാത്തവരും പിന്നോക്ക വിഭാഗങ്ങളും, പട്ടിക ജാതിയിൽ പെട്ടവരും ഉൾപ്പെടുന്നു.

പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും സംഘത്തിൻെറ സഹായത്തോടെ നിർമ്മിക്കുന്ന വീടുകൾ വളരെ വിരളമാണ്. കാരണം സാധാരണക്കാരന് താങ്ങാൻ കഴിയാത്ത വായ്പാ വ്യവസ്ഥകളാണ് നിലവിലുളളത്.

കെട്ടിട നിർമ്മാണ പ്രവർത്തനത്തെ കുറിച്ച് വിലയിരുത്തുമ്പോൾ ലക്ഷക്കണക്കിന് രൂപ മുതൽ മുടക്കി എല്ലാ ആധുനീക സൗകര്യങ്ങളോടും കൂടിയ കൂറ്റൻ ബംഗ്ലാവുകളും ഇടത്തരം കോൺക്രീറ്റ് വീടുകളും, ഓടുമേഞ്ഞ വീടുകളും, ഓലമേഞ്ഞ വീടുകളും, ചെറ്റ കുടിലുകളും ഇവിടെയുണ്ട്. കെട്ടിട നിർമ്മാണരംഗത്ത് അനാവശ്യ ചിലവുകൾക്കുളള പ്രവണത വ്യാപകമായ നിലയിലിവിടെ നിലനിൽക്കുന്നു.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളിൽ ചെങ്കല്ല് മാത്രമാണ് ഇവിടെനിന്ന് അപൂർവ്വമായി ലഭിക്കുന്നത്. മറ്റെല്ലാ സാധനങ്ങളും പുറം പ്രദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതാണ്.

തൊഴിൽ രംഗത്ത് കൂടുതൽപേരെയും ആകർഷിക്കുന്നത് കെട്ടിട നിർമ്മാണ രംഗത്താണ്. അതിനാൽ തൊഴിലാളികളുടെ ക്ഷാമം അത്രപ്രകടമായി കാണാൻ പറ്റുന്നില്ലെങ്കിലും ആധുനിക രീതിയിലുള്ള ശാസ്ത്ര സാങ്കേതിക വിദ്യകളുപയോഗിക്കുന്നതിലുള്ള കഴിവുകേട് ഈ രംഗത്ത് പ്രകടമായി കാണപ്പെടുന്നു.


സ്ത്രീകളും, പുരുഷന്മാരും തുല്യസമയങ്ങളിൽ ജോലി ചെയ്യുമ്പോൾ പുരുഷന്മാർക്ക് ശരാശരി 100 രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണ് ഇന്ന് കിട്ടിവരുന്നത്. സ്ത്രീ പുരുഷ സമത്വത്തിന് വേണ്ടി വാദിക്കുന്ന നമ്മൾ ഈ അന്തരം കണ്ടില്ലെന്ന് നടിക്കുന്നത് സ്ത്രീ തൊഴിലാളികളോട് ചെയ്യുന്ന അനീതിയാണ്.

## പ്രശ്നങ്ങൾ

1. വീടുവെക്കാൻ ആവശ്യമായ സ്ഥലത്തിന്റെ അപര്യാപ്തത.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം.
3. വായ്പകൾ ലഭ്യമാകാനുള്ള ബുദ്ധിമുട്ട്.
4. സാധാരണക്കാരന് താങ്ങാനാവാത്ത വായ്പാ വ്യവസ്ഥ.
5. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് വീടുവെയ്ക്കാൻ സഹായത്തിന്റെ കുറവ്.
6. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിലുള്ള മാനദണ്ഡങ്ങളിലെ പോരായ്മകൾ.
7. തീരപ്രദേശങ്ങളിൽ വീടുവെയ്ക്കാൻ കഴിയാത്ത നിയമ വ്യവസ്ഥ.
8. കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകി ഉടമസ്ഥാവകാശം ലഭിക്കാനുള്ള കാലതാമസം.
9. നാലു സെന്റ് കോളനികളിലെ ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാത്ത അവസ്ഥ.
10. ലക്ഷം വീടുകലിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
11. വീടു വെയ്ക്കാൻ സ്ഥലമില്ലാത്തതിനാൽ വാടകയ്ക്ക് താമസിക്കേണ്ടിവരുന്ന അവസ്ഥ.
12. പുറം പോക്ക് ഭൂമികളിൽ കുടിൽ കെട്ടി താമസിക്കേണ്ട സ്ഥിതി..
13. സ്ഥലമില്ലാത്തതിന്റെ പേരിൽ കൂട്ടുകുടുംബമായി താമസിക്കേണ്ടി വരുന്ന സ്ഥിതി.
14. പട്ടക ജാതിക്കാർക്കായി നൽകിവരുന്ന സഹായത്തിലെ പോരായ്മകൾ.
15. സാങ്കേതിക വിദ്യകൾ ലഭിക്കുന്നതിലെ പോരായ്മ.
16. സ്ത്രീ പുരുഷ കൂലി നിരക്കിലെ അന്തരം.
17. ദുർവ്യയം നിർമ്മിക്കുന്നതിനുള്ള വിദഗ്ദരുടെ അഭാവം.
18. തൊഴിലാളികളുടെ ഇടയിലുള്ള അസംഘടിതാവസ്ഥ.
19. തൊഴിൽ ഭദ്രത ഇല്ലായ്മ.

## സാധ്യതകൾ

1. സാധാരണക്കാരന് താങ്ങാൻ പറ്റാത്ത വായ്പ വ്യവസ്ഥിതിയിൽ മാ ം വരുത്തുക.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലകുറയ്ക്കാനുള്ള പരിപാടി.
3. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനെ കുറിച്ചുള്ള പ്രചാരണം.
4. തീരപ്രദേശങ്ങളിൽ വീട് വെയ്ക്കാനുള്ള നിലവിലുള്ള നിയമ വ്യവസ്ഥയിൽ ഇളവ് വരുത്തുക.
5. ദുർബല വിഭാഗങ്ങൾക്ക് നൽകിവരുന്ന സഹായം വർദ്ധിപ്പിക്കുക.
6. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുക.
7. ഭൂമിയില്ലാത്തവർക്കും, നിർധനർക്കും ഭൂമി കണ്ടെത്തി പ്രത്യേക ഭവന നിർമ്മാണ പരിപാടി ആവിഷ്ക്കരിക്കുക.
8. ദുർവ്യയ ഭവന നിർമ്മാണം നിരുൽസാഹപ്പെടുത്തുന്ന തരത്തിലുള്ള നികുതി വ്യവസ്ഥ നടപ്പിലാക്കുക.
9. അസംഘടിത മേഖലയുലെ തൊഴിലാളികളെ സംഘടിപ്പിക്കുക.
10. കെട്ടിട നിർമ്മാണ തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
11. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുക.
12. നിലവിലുള്ള പദ്ധതികളായ IAY, JRY, MWS എന്നീ സ്കീമുകളിലെ ഭവന നിർമ്മാണ ധനസഹായം ചുരുങ്ങിയത് 50000/- രൂപയാക്കി വർദ്ധിപ്പിക്കുക.



## സാമൂഹ്യക്ഷേമം

സമൂഹം വെറുമൊരു ആൾക്കൂട്ടമല്ല. പരസ്പരം നിലനിർത്തുന്ന പരസ്പരം കൊടുക്കൽ വാങ്ങൽ തുടരുന്ന അദൃശ്യമായ സ്നേഹ സാഹോദര്യത്തിന്റെ താമര നൂലാൽ ബന്ധിപ്പിച്ച ജനവിഭാഗമാണ് സമൂഹം.

സാമൂഹിക ജീവിയായ മനുഷ്യന്റെ വികസനവും, ക്ഷേമവും ഒറ്റപ്പെട്ട പ്രതിഭാസമല്ല. ചരിത്രാതീത കാലം മുതൽക്കേ കൂട്ടായ്മകളുടെ സംഘ ശക്തിയിലൂടെ മാത്രമേ അവൻ പുരോഗതിയുടെ, സംസ്ക്കാരത്തിന്റെ ഉയരങ്ങൾ കീഴ്പ്പെടുത്തിയിട്ടുള്ളൂ. എല്ലാവരും തുല്യരല്ലാത്ത ഒരു സമൂഹത്തത്തിൽ ചരിത്രപരമായ കാരണങ്ങളാൽ സാമൂഹികമായും സാമ്പത്തികമായും പിന്നിലായി തീർന്നവർക്കൊരു ബലമായ താങ്ങിന്റെ ശക്തിയായി പ്രവർത്തിക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്, ഉത്തരവാദിത്തമാണ്. അത് കൊണ്ട് തന്നെയാണ് ജനാധിപത്യ സംവിധാനത്തിൽ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിന്റെ പ്രസക്തി വളരെ വലുതാവുന്നത്.

അഴിയൂർ പഞ്ചായത്തിൽ 4750 കുടുംബങ്ങളാണുള്ളത്. 1992ലെ ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം 1194 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരാണ്. യഥാർത്ഥ കണക്ക് 2000ത്തോളം വരും. നാളിതുവരെയായി സാമ്പത്തിക സഹായങ്ങൾ ലഭിച്ച കുടുംബങ്ങൾ കേവലം 238 എണ്ണം മാത്രമാണ്. ഇതിൽ 56 കുടുംബങ്ങൾ എസ്.സി. യിൽ പെട്ടവരാണ്. സാമ്പത്തിക സഹായത്തിന്റെ ഫലമായി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ 180 ആണ്. പ്രസ്തുത കണക്കു പ്രകാരം തന്നെ 1014 കുടുംബ്ങ്ങൾ ഇപ്പോഴും ദാരിദ്ര്യ രേഖക്ക് താഴെയുള്ളതായിട്ടുണ്ട്. ഇവ വാർഡടിസ്ഥാനത്തിൽ തരം തിരിച്ച് കൊണ്ടുള്ള പട്ടിക 1 ൽ കൊടുക്കുന്നു.

പട്ടിക പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളിൽ കൂടുതലും 10ാം വാർഡിലും, 7ാം വാർഡിലുമാണെന്ന് കാണാം. ഇവ യഥാക്രമം 10-7-6-8-5-3-1-2-9-4 എന്നിങ്ങനെയാണ്.

10ാം വാർഡിലെ സാമൂഹിക, പ്രാദേശിക സവിശേഷതകൾ വിശകലനം ചെയ്യുമ്പോൾ കടലിനോട് ചേർന്ന് കിടക്കുന്ന തീര പ്രദേശമാണ് ഇതെന്ന് കാണാം. മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് ഇവിടെ ഏറെയുള്ളത്. എന്നാൽ മത്സ്യബന്ധനമല്ലാതെ ഇതുമായി ബന്ധപ്പെട്ട യാതൊരു വിധ വ്യവസായവും ഇവിടെ ഇല്ല. മാത്രമല്ല കുടിൽ വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ലാത്തത് ഒരു പ്രദേശമാണിത്. കാർഷിക മേഖലയിൽ നാളികേര കൃഷിയാണുള്ളത്. ഗുണ നിലവാരമില്ലാത്ത രോഗ ബാധിതമായി കിടക്കുന്ന കേരവൃക്ഷമാണ് ഭൂരിഭാഗവും ഇവിടെയുള്ളത്.

7ാം വാർഡിന്റെ അവസ്ഥ കാർഷികരംഗത്ത് നെൽകൃഷി നേരത്തെ നല്ല നിലയിൽ നടന്നിരുന്ന ഒരു വാർഡ് ആയിരുന്നു. നെൽപ്പാടങ്ങൾ നികത്തി നാളികേര കൃഷി വ്യാപിപ്പിക്കുകയും കെട്ടിടനിർമ്മാണം നടത്തുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചതിന്റെ ഫലമായി നെൽകൃഷി പേരിനു മാത്രമായി മാറിയിരിക്കുകയാണ്. കൈത്തറി നെയ്ത്തുമായി ബന്ധപ്പെട്ട വ്യവസായിക മേഖലയായിരുന്നു 7ാം വാർഡിന്റെ ഭൂരിഭാഗവും. തുണി നെയ്ത്തു മേഖലയിൽ രണ്ടു സഹകരണ സംഘങ്ങളും ഹാൻവീവ് കോർപ്പറേഷന്റെ തുണിസംഭരണ കേന്ദ്രവും ഒറ്റത്തറി നെയ്ത്തു വ്യവസായമുള്ള കുടുംബങ്ങളും അതുമായി ബന്ധപ്പെട്ട കുടിൽ വ്യവസായങ്ങളും മിക്കവീടുകളിലും നേരത്തേ ഉണ്ടായിരുന്നു. കണ്ണൂർ സർവ്വോദയ സംഘത്തിന്റെ കീഴിൽ ഒരു നൂൽ നൂൽപ്പ് കേന്ദ്രവും ഇവിടെ പ്രവർത്തിച്ചു വരുന്നു. കൂടാതെ പട്ടികജാതിയിൽ പെട്ട കുടുംബങ്ങളിലും കൂടുതലും 7ാം വാർഡിലാണുള്ളത്. തകർന്നു കൊണ്ടിരിക്കുന്ന കൈത്തറി മേഖലയെ മാത്രം ആശ്രയിച്ച് കഴിയേണ്ടി വരുന്നത് കൊണ്ടും പട്ടിക ജാതി കുടുംബങ്ങൾ ഏറെയുള്ളതു കൊണ്ടുമാണ് ഈ വാർഡിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ കൂടാനുള്ള സാഹചര്യം.

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കിയുള്ള പദ്ധതിയാണ് ട്രൈസം തൊഴിൽ പരിശീലന പരിപാടി. ഇവ വിലയിരുത്തുമ്പോൾ ട്രൈസം തൊഴിൽ പരിശീലനം നേടിയ 34 പേരാണ് ഈ പഞ്ചായത്തിലുള്ളത്. ഇവരിൽ 34 പേരും സ്വയംതൊഴിൽ കണ്ടെത്തിയവരാണ്. റേഡിയോ, ടി.വി., പ്ലാസ്റ്റിക്ക് വർക്സ്, പ്രിന്റിംഗ് ആന്റ് കമ്പോസിംഗ്, അപ്ഹോൾസ്റ്ററ, റെഡിമെയ്ഡ്സ്, ഗാർമെന്റ്സ്, വീവിംഗ്, എംബ്രോയിഡറി, ബുക്ക് ബൈന്റിംഗ്, വയറിംഗ് മുതലായ രംഗങ്ങളിലാണ് പരിശീലനം നൽകിയിരുന്നത്. ഇവയുടെ വ്യക്തമായ പട്ടിക ഇതോടൊപ്പം കൊടുക്കുന്നു.

പട്ടിക 2

പട്ടികയിൽ സൂചിപ്പിക്കുന്ന വസ്തുതകൾ ട്രൈസം തൊഴിൽ പരിശീലന പരിപാടി തൊഴിൽ രഹിതരായ യുവതീ-യുവാക്കൾക്ക് ഏറെ ആശ്വാസകരമായ ഒരു സംരംഭമാണെന്ന് മനസ്സിലാക്കാം.

പരമ്പരാഗത തൊഴിലുകൾ മാത്രം പരിചയമുള്ള ജനസമുദായമാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. അതിനാൽ ശാസ്ത്രീയ തൊഴിൽ പരശീലനം ലഭിച്ചവർ വളരെ വിരളമാണ്. ഇത് കാരണം തൊഴിൽ രഹിതരുടെ എണ്ണം പഞ്ചായത്തിൽ വർദ്ധിച്ചു വരുന്നു. സമുദായത്തിൽ മുഴുവൻ പേർക്കും ക്ഷേമമെന്ന ലക്ഷ്യം സാക്ഷാൽകരിക്കാൻ കഴിയണമെങ്കിൽ എല്ലാവർക്കും സ്ഥിരം തൊഴിലും വരുമാനവും അനിവാര്യമാണ്. ഇതിനായുള്ള ആശ്വാസമെന്ന നിലയിൽ ട്രൈസം തൊഴിൽ പരശീലന പരിപാടി മാത്രമാണ് ഇന്ന് നിലവിലുള്ളത്. ആ പരിപാടി തന്നെ അശാസ്ത്രീയവും ആവശ്യത്തിന് മതിയാകാത്തതുമാണ്. പരമ്പരാഗത കുടിൽ വ്യവസായ സംബന്ധമായും സേവന മേഖലകളിലും കാർഷിക മേഖലകളിലും തൊഴിൽ പരിചയം ആനുകാലികമായി ശാസ്ത്രീയ വികസന സംവിധാനങ്ങൾ ഉണ്ടാകണം. അതിനാവശ്യമായ പരിശീലന കേന്ദ്രങ്ങളും പരശീലനം ലഭിച്ച അദ്ധ്യാപകരെയും വാർത്തെടുക്കുവാൻ കഴിയണം. ഇതത്രം പരിപാടികളുമായി മുന്നോട്ട് പോകുമ്പോൾ ധാരാളം സാമൂഹിക പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരും. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാകുമ്പോൾ വികസിത സമൂഹത്തിൽ സാമൂഹ്യ മാറ്റങ്ങൾ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് വ്യാപകമായ നിലയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ജനപ്രതിനിധികൾ വകുപ്പുദ്യോഗസ്ഥന്മാർ സാമൂഹ്യ സാംസ്ക്കാരിക രംഗത്തെ സേവന സന്നദ്ധരായ പ്രവർത്തകർ തുടങ്ങിയവർ ഈ ചുമതലകൾ ഏറ്റെയുക്കേണ്ടതായി വരും.

സമൂഹത്തിന്റെ ജനസംഖ്യയിൽ കൂടുതൽ ഭാഗം വരുന്ന സ്ത്രീകളുടെ മനുഷ്യാധ്വാന ശേഷിയെ ഉൽപാദന മേഖലയിൽ ഉപയോഗിക്കുമ്പോൾ കുടുംബങ്ങളിൽ പ്രശനങ്ങളും പ്രയാസങ്ങളും ഉണ്ടാകാനിടയുണ്ട്. ഇത് പരിഹരിക്കാനായി കുട്ടികൾക്കായുള്ള പകൽ പരിപാലന പരിപാടി എന്ന നിലയിൽ ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതായി വരും. അതേ പോലെ വാർഡുകൾ തോറും അംഗൻ വാടികളും സ്ത്രീകൾക്ക് മാത്രമായുള്ള തൊഴിൽ കേന്ദ്രങ്ങളും നിർമ്മിക്കേണ്ടതായി വരും.

സാമൂഹ്യക്ഷേമ പ്രവർത്തനം എന്ന നിലയിൽ മറ്റൊരു പദ്ധതിയാണ് പെൻഷൻ പദ്ധതി. പഞ്ചായത്തിൽ വിവധ തരം പെൻഷനുകളെക്കുറിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | വിധവാ പെൻഷൻ | 69 |
| 2. | വികലാംഗ പെൻഷൻ | 80 |
| 3. | അവശകലാകാര സാഹിത്യ പെൻഷൻ | 1 |

## പട്ടിക 1

| വാർഡ് | സർവ്വെ പ്രകാരം കണ്ടെ ത്തിയ കുടും ബ ങ്ങൾ | ഇതിൽ | സാമ്പ ത്തിക സഹായം ലഭിച്ച കുടും ബ ങ്ങൾ | ഇതിൽ | ദാരിദ്ര്യ രേഖയ്ക്ക മുക ളി ലെ ത്തിയ കുടും ബ ങ്ങൾ | ആകെ കുടും ബ ങ്ങൾ |
|---|---|---|---|---|---|---|
| | | SC.-ST | | SC.-ST | | |
| 1 | 99 | 4 | | | | |
| 2 | 78 | 4 | | | | |
| 3 | 100 | 4 | | | | |
| 4 | 62 | 4 | | | | |
| 5 | 121 | 2 | | | | |
| 6 | 159 | 3 | | | | |
| 7 | 170 | 19 | | | | |
| 8 | 127 | 1 | | | | |
| 9 | 69 | 2 | | | | |
| 10 | 203 | 13 | | | | |
| | | | 283 | 56 | 180 | 1194 |

4. കുഷ്ഠരോഗികൾക്കുള്ള പെൻഷൻ 1
5. കാൻസർരോഗികൾക്കുള്ള പെൻഷൻ 3
6. കർഷകത്തൊഴിലാളികളുടെ പെൻഷൻ 32

എന്നിങ്ങനെയാണ്. ഓരോ പെൻഷനെക്കുറിച്ചും വിശകലനം ചെയ്യുമ്പോൾ വിധവാ പെൻഷൻ കേവലം 90 പേർക്കാണ് ലഭിക്കുന്നത്. യഥാർത്ഥ കണക്ക് ഇതിന്റെ ഇരട്ടിയായിരിക്കും. അതേ പോലെ തന്നെ വികലാംഗരുടെ എണ്ണവും അവശ കലാകാരന്മാരുടെ എണ്ണവും കാൻസർ രോഗികളുടെ എണ്ണവും കർഷകത്തൊഴിലാളികളുടെ എണ്ണവും പെൻഷനർഹരായുള്ളവർ ഇനിയും ധാരാളമുള്ളതായി കാണിക്കുന്നു.

ജില്ലയിൽ നടപ്പിലാക്കി വരുന്ന സാമൂഹികക്ഷേമ പരിപാടിയിൽ അർഹരായവർ പഞ്ചായത്തിൽ ഉണ്ടായിരുന്നിട്ടും ലഭിക്കാതെ പോയ. അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഉദാഹരണത്തിന് കാൻസർ രോഗികൾ, ക്ഷയരോഗികൾ, വൃദ്ധന്മാർ എന്നിവർക്കുള്ള പദ്ധതികൾ ഇവിടെ ലഭിക്കുന്നതായി കാണുന്നില്ല. അതേ പോലെ പ്രകൃതിക്ഷോഭത്തിൽ വീട് നശിച്ചവർക്കുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ നിലവിലുണ്ടായിട്ടും അർഹരായവർക്ക് ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്.

മിശ്രവിവാഹിതരായി ദുരിതമനുഭവിക്കുന്ന ഒട്ടേറെ ദമ്പതികൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും അവർക്കുള്ള ക്ഷേമപദ്ധതികളൊന്നും ലഭിക്കുന്നില്ല എന്നത് മറ്റൊരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു. സാമൂഹ്യക്ഷേമം പൂർണ്ണതയിൽ എത്തിക്കാൻ കഴിയണമെങ്കിൽ വിവിധതരം തൊഴിലുകളിലേർപ്പെട്ട് ജീവിതത്തിന്റെ അവസാനനാളുകളിൽ

## പട്ടിക 2

| പരി ശീ ലന വിഷ യ ത്തിന്റെ പേര് | പരി ശീ ലനം ലഭി ച്ച വ രുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെ ത്തി യ വ രു എണ്ണം |
|---|---|---|
| റേഡി യോ, ടി. വി. | 2 | 2 |
| പ്ലാസ്റ്റിക് വർക്സ് | 6 | 6 |
| പ്രിന്റിംഗ് ആന്റ് കമ്പോ സിങ്ങ് | 6 | 6 |
| അപ്പോ ളി സ്റ്ററി | 3 | 3 |
| റെഡി മെയ്ഡ് ഗാർമെന്റ്സ് | 5 | 5 |
| വീവിംഗ് | 8 | 8 |
| എംബ്രോ യി ഡറി | 1 | 1 |
| ബുക്ക് ബൈന്റിംഗ് | 1 | 1 |
| പ്ലംബിംഗ് | 1 | 1 |
| വയ റിങ്ങ് | 1 | 1 |
| ആകെ | 34 | 34 |

98

പരാശ്രയം കൂടാതെ ജീവിക്കാൻ ബുദ്ധിമുട്ടുന്നവർക്ക് ഉതകുമാറുള്ള പദ്ധതികളും സാമ്പത്തിക സഹായങ്ങളും ലഭിക്കേണ്ടതായുണ്ട്.

സാമൂഹ്യക്ഷേമ പ്രവർത്തനം എന്ന നിലയിലുള്ള സമഗ്ര മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ 4 എണ്ണമാണ് പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നത്.

1. കസ്തൂർബാ മഹിളാ സമാജം, അഴിയൂർ.

2. ചോമ്പാൽ ബീച്ച് മഹിളാസമാജം

3. ചോമ്പാൽ സൗത്ത് ബീച്ച് സ്നേഹലതാ മെമ്മോറിയൽ മഹിളാസമാജം.

4. അഴിയൂർ സെൻട്രൽ മഹിളാസമാജം.

എന്നിവയാണവ. പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം പൊതുവെ മോശമില്ലാതെ നടക്കുന്നുണ്ടെങ്കിലും ഏറെ പ്രശ്നങ്ങളും പ്രയാസങ്ങളും അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കാൻ ആവശ്യമായ സത്വര നടപടികൾക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്.

## സാമൂഹ്യ വനവൽക്കരണം

സാമൂഹ്യ ക്ഷേമ പ്രവർത്തനം എന്ന നിലയിൽ നടത്തി വരുന്ന മറ്റൊരു പരിപാടിയാണ് സാമൂഹ്യ വന വൽക്കരണ പരിപാടി. ഇതു പ്രകാരം ധാരാളം വൃക്ഷ തൈകൾ വളർത്തുകയും, സന്നദ്ധ സംഘടനകളിലൂടെ അവ വിതരണം ചെയ്ത് വെച്ച് പിടിപ്പിക്കുകയും ചെയ്തു വരുന്നു. എന്നാൽ ഈ പരിപാടി ഉദ്ദേശിച്ച ലക്ഷ്യത്തിന്റെ അടുത്തു പോലും എത്തിയില്ല എന്നുള്ളത് ഒരു സത്യമായി അവശേഷിക്കുന്നു.

സാമൂഹ്യ വൽവൽക്കരണത്തിലൂടെ പഞ്ചായത്തിൽ വളർത്തിയ തൈകളുടെയും വിതരണം ചെയ്ത തൈകളുടെയും വിവരം അടങ്ങുന്ന പട്ടിക 3 മുകളിൽ കൊടുക്കുന്നു.

സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ എന്ന നിലയിൽ നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് വീടുകളിൽ കക്കൂസ് നിർമ്മാണ യൂനിറ്റ്. പഞ്ചായത്തിൽ കക്കൂസുള്ള വീടുകൾ വളരെ കൂടുതലാണ്. വിവിധ പദ്ധതികളിലായി കക്കൂസ് ലഭിച്ച കുടുംബങ്ങൾ വളരെ കുറഞ്ഞതു മാത്രമാണ്. ഇത് അടിയന്തിര പ്രാധാന്യമുള്ള ഒരു കാര്യമായി കണക്കിലെടുത്ത് പരിഹരിക്കേണ്ടതുണ്ട്. കക്കൂസ് ആവശ്യമുള്ള കുടുംബങ്ങളെ കുറിച്ചും മറ്റുമുള്ള വിവരങ്ങളുള്ള പട്ടിക 4 ൽ അവസനം കൊടുക്കുന്നു.

സാമൂഹ്യ ക്ഷേമ പ്രവർത്തനം എന്ന നിലയിൽ നടപ്പിലാക്കിയ പദ്ധതിയാണ് ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതി. ഇതു പ്രകാരം അപ്പോളിസ്ററി, ഡയറി യൂണിറ്റ്, ബീഡി റോളിംഗ്, റെഡിമെയ്ഡ് വ്യവസായം എന്നിവ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ഒട്ടേറെ പ്രയാസങ്ങൾ ഇവ മുന്നോട്ടു കൊണ്ടു പോകുന്നതിൽ നേരിട്ടു കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതും ഇത്തരം പരിപാടികളെ പ്രോൽസാഹിപ്പിക്കേണ്ടതും ആവശ്യമാണ്. ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം അടങ്ങിയ പട്ടിക 5 ൽ അവസാനം കൊടുക്കുന്നു.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച് ചിന്തിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട ഒട്ടേറെ സാമൂഹ്യ പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്ത് ഇന്ന് അഭിമുഖീകരിക്കുകയാണ്. ഇവയിൽ പ്രധാനമായും കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഹോട്ടലുകളിൽ നിന്നുമുള്ള മലിന വസ്തുക്കൾ നിരമ്മാർജ്ജനം ചെയ്യുവാനുള്ള സംവിധാനം ഇന്ന് നിലവിലില്ല. ഇതു മൂലം ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്.

ഇതേ പോലെ ഒരു പൊതുശ്മശാനം ഇല്ലാത്തതിന്റെ പ്രയാസം ഏറെ അനുഭവിക്കുന്ന പഞ്ചായത്താണ് അഴിയൂർ. റോഡരികിലും ബസ്സ് സ്റ്റോപ്പുകളിലും വച്ച് മത്സ്യവിൽപന നടത്തേണ്ടി വരുന്ന അവസ്ഥയും ഇവിടെ നിലനിൽക്കുന്നു. ബസ് വെയിറ്റിങ്ങ് ഷെഡുകൾ ഇല്ലാത്ത ബസ്സ് സ്റ്റോപ്പുകൾ ഇപ്പോഴും നേഷനൽ ഹൈവെയിലുണ്ട്.

ചാരായ നിരോധനം നിലവിൽ വന്നെങ്കിലും പഞ്ചായത്തിനോട് തൊട്ട്കിടക്കുന്ന മാഹിയിൽ വിദേശമദ്യം സുലഭമായി ലഭിക്കുന്നത് കാരണം ഏറെ ബുദ്ധിമുട്ടുകൾ നമ്മുടെ പഞ്ചായത്ത് അനുഭവിച്ച് വരികയാണ്. ഇതിനെല്ലാം ഒരു പരിധിവരെ പരിഹാരം കണ്ടെത്തിയാൽ മാത്രമെ സാമൂഹ്യക്ഷേമം അൽപമെങ്കിലും ഇന്നത്തെ നിലയിൽ നിന്നും മുന്നോട്ട് കൊണ്ട് പോകാൻ കഴിയുകയുള്ളൂ.

## പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി. സർവ്വെയിലെ അപാകതകൾ.

2. ഐ.ആർ.ഡി.പി. സഹായങ്ങളിലെ പോരായ്മകൾ.

3. ട്രൈസം തൊഴിൽ പരിശീലന പരിപാടിയിലെ അപാകതകൾ.

4. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാതിരിക്കൽ.

5. തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ അപര്യാപ്തത.

6. ബോധവൽകക്രണ പരിപാടികളുടെ കുറവ്.

7. അംഗൻവാടി ബാലവാടി എന്നിവ വാർഡടിസ്ഥാനത്തിൽ ഇല്ലാത്തത്.

8. തൊഴിൽ പരിശീലനം ലഭിക്കാതെ തന്നെ സാമ്പത്തിക സഹായം ലഭിക്കുന്നതു കൊണ്ടുള്ള പ്രയാസങ്ങൾ.

9. അർഹരായ ഒട്ടേറെ പേർക്ക് പെൻഷൻ ലഭിക്കാതിരിക്കുന്ന അവസ്ഥ.

10. പെൻഷൻ ലഭിക്കുന്നവർക്ക് തന്നെ കൃത്യമായ സമയത്ത് പെൻഷൻ ലഭിക്കാതിരിക്കുന്ന അവസ്ഥ.

11. നടപ്പിലുള്ള പല ക്ഷേമ പദ്ധതികളും അറിയാത്തതിന്റെ പേരിൽ നഷ്ടപ്പെട്ടു പോകുന്നത്.

| ഉൽപാ ദി പ്പിച്ച തൈക ളുടെ ഇനം | തൈക ളുടെ എണ്ണം | വിത രണം ചെയ്ത വ യുടെ എണ്ണം |
|---|---|---|
| സീത പ്പഴം | 2000 | 1800 |
| ബിഗോ ണിയ | 2000 | 1750 |
| പുളി | 1500 | 800 |
| സിമ്പാ ബൂൾ | 600 | 600 |
| വാക | 100 | 100 |
| മാവ് | 100 | 100 |
| പ്ലാവ് | 100 | 100 |

12. മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സംവിധാനമില്ലായ്മ.

13. പൊതു ശ്മശാനമില്ലാത്തതിന്റെ ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾ.

14. മത്സ്യ മാർക്കറ്റിന്റെ അപര്യാപ്തത.

15. ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിങ്ങ് ഷെഡ്ഡില്ലായ്മ.

16. മയ്യഴിയിൽ വിദേശമദ്യം കുറഞ്ഞ നിരക്കിൽ ലഭിക്കുന്നത് കൊണ്ടുള്ള പ്രയാസങ്ങൾ.

**സാധ്യതകൾ**

1. ദാരിദ്ര്യരേഖക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങളെയും കണ്ടെത്തുക.

2. ദാരിദ്ര്യരേഖക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ധനസഹായം ലഭ്യമാക്കുക.

3. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്രം ആരംഭിക്കുക.

4. തൊഴിൽ പരിഷ്ക്കരണ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുക.

5. വാർഡടിസ്ഥാനത്തിൽ അംഗനവാടികളും ബാലവാടികളും സ്ഥാപിക്കുക.

6. കുട്ടികൾക്കായി പകൽ പരിപാലന കേന്ദ്രങ്ങളും ചിൽഡ്രൻസ് പാർക്കുകളും നിർമ്മിക്കുക.

7. തൊഴിൽ പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള ധനസഹായം നൽകുക.

8. പെൻഷൻ ലഭിക്കുന്നവർക്ക് യഥാസമയം പെൻഷൻ ലഭ്യമാക്കുക.

9. പെൻഷൻ ലഭിക്കാൻ അർഹതയുളളവരെ കണ്ടെത്തി പെൻഷൻ നൽകുക.

10. നടപ്പുപദ്ധതികൾ എന്തെല്ലാം ആണെന്നും അത് ലഭിക്കാൻ ആവശ്യമായത് എന്തെല്ലാം ആണെന്നതിനെ കുറിച്ചും പൊതുപ്രവർത്തകർക്ക് ക്ലാസ്സുകൾ നൽകുക.

11. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

12. പൊതു ശ്മശാനം നിർമ്മിക്കുക.

13. പ്രധാന കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.

14. ബസ് വെയിറ്റിങ്ങ് ഷെഡ്ഡില്ലാത്ത ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിങ്ങ് ഷെഡ്ഡ് നിർമ്മിക്കുക.

15. മദ്യപിച്ചു പൊതു സ്ഥലങ്ങളിൽ കുഴപ്പം ഉണ്ടാക്കുന്നവർക്ക് എതിരെ കർശന നിയമനടപടികൾ ഉണ്ടാവുക.

16. 60 വയസ്സ് തികഞ്ഞ മുഴുവൻ പേർക്കും ക്ഷേമപദ്ധതികൾക്ക് രൂപം നൽകുക.

17. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.

**പട്ടിക 4**

| സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 800 | 60 | 60 | 800 |

**പട്ടിക 5**

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമതയെ കുറിച്ചുള്ള കുറിപ്പ് |
|---|---|---|---|---|
| V | അപ്പോളിസ്റ്ററി | 1993 | 3 | ഭാഗികമായി പ്രവർത്തിക്കുന്നു |
| VI | ഡയറി യൂനിറ്റ് | 1992 | 8 | പ്രവർത്തിക്കുന്നു |
| VII | ബീഡി റോളർ | 1991 | 3 | പ്രവർത്തിക്കുന്നില്ല |
| X | റെഡിമെയ്ഡ് | 1992 | 5 | പ്രവർത്തിക്കുന്നു |



5-8

# സംസ്കാരം

അഴിയൂർ പഞ്ചായത്തിലെ സാംസ്കാരിക പൈതൃകത്തെ കുറിച്ച് റിപ്പോർട്ടിൻെറ ആമുഖത്തിൽ വിശദീകരിച്ചിട്ടുണ്ട്.

വിവിധ മതങ്ങൾ (ഹിന്ദു, മുസ്ലീം, കൃസ്ത്യൻ) ഇടകലർന്നു താമസിക്കുന്ന അഴിയൂർ പഞ്ചായത്തിൻെറ സാസ്കാരിക രംഗത്ത് ശാന്തിയും സമാധാനവും നിലനിൽക്കുന്നത് നമുക്ക് അഭിമാനിക്കാവുന്ന ഒരു കാര്യമാണ്. പഞ്ചായത്തിൻെറ തെക്ക് ഭാഗത്ത് ഒഞ്ചിയം പഞ്ചായത്തിനോട് തൊട്ടു കിടക്കുന്ന 8ാം വാർഡിലാണ് കൂടുതലായി കൃസ്ത്യൻ സമുദായക്കാർ താമസിക്കുന്നത്. വടക്ക് ഭാഗത്ത് 1, 2, 6, 11 എന്നീ വാർഡുകളിൽ താമസിക്കുന്ന മുസ്ലീം സമുദായത്തെ മാറ്റിനിർത്തിയാൽ മറ്റു വാർഡുകളിൽ ഭൂരിപക്ഷവും ഹിന്ദു മത വിഭാഗത്തിൽ പെട്ടവരാണ്.

## ആരാധനാലയങ്ങൾ

ഒരു കൃസ്ത്യൻ പളളിയും, പതിനഞ്ച് മുസ്ലീം പളളികളും, അത്രതന്നെ ഹിന്ദു ക്ഷേത്രവും സ്ഥിതി ചെയ്യുന്ന നമ്മുടെ പഞ്ചായത്തിൽ എടുത്തു പറയാവുന്ന പുരാതന ആരാധനാലയങ്ങളും കാണാം. ഏറ്റവും പഴക്കം ചെന്ന ഹിന്ദു ക്ഷേത്രങ്ങളിൽ കൊളരാട് ഗണപതി ക്ഷേത്രം, അഴിയൂർ പരദേവതാ ക്ഷേത്രം, കോറോത്ത് നാഗഭഗവതി ക്ഷേത്രം, ആവിക്കര ക്ഷേത്രം എന്നിവയും, മുസ്ലീം പളളികളിൽ ഹാജ്യാർ പളളി, കുഞ്ഞിപ്പളളി എന്നിവയും എടുത്തു പറയാവുന്നതാണ്..

കൊളരാട് ഗണപതി ക്ഷേത്രം ശാലിയ സമുദായക്കാരുടെ ഉടമസ്ഥതയിലാണെങ്കിലും പണ്ടു കാലം മുതലേ ഇവിടെ നാല് തറ കുടുംബങ്ങളായ കോവുക്കൽ, തട്ടോളി, കുന്നുമ്മൽ, ആലാച്യത്ത് എന്നീ കോയ്മകളുടെ ആധിപത്യത്തിലായിരുന്നു. കോയ്മാധിപത്യം നിലവിൽ ഇല്ലെങ്കിലും ഇന്നും ക്ഷേത്രത്തിൽ പ്രധാന ചടങ്ങുകൾ നടക്കുമ്പോൾ ഇവരെ പേരെടുത്ത് വിളിച്ച് ആദരിക്കുന്നത് കാണാം. ധനു 11ന് നടക്കുന്ന മണ്ഡല മഹോത്സവ സമാപനം ഈ പ്രദേശത്തുകാർ ഒരു ഗ്രാമീണ ഉത്സവമായാണ് കൊണ്ടാടുന്നത്.

നാനൂറ് കൊല്ലത്തിലധികം പഴക്കമുളള കോറോത്ത് നാഗഭഗവതി ക്ഷേത്രം സവർണ്ണ കുടുംബത്തിൻെറ അധീനതയിലായിരുന്നെങ്കിലും കുറച്ച് വർഷങ്ങളായി ഹിന്ദു മത ധർമ്മ സ്ഥാപന വകുപ്പ് ഏറ്റെടുത്ത് നടത്തി വരികയാണ്. 3 ഏക്കർ സ്ഥലത്ത് പടർന്ന് പന്തലിച്ചുനിൽക്കുന്ന കാവിനുളളിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രം എന്തുകൊണ്ടും അതിൻെറ പേരിന് യോജിച്ചതാണ്. കുംഭം 1, 2, 3 എന്നീ തിയ്യതികളിൽ നടക്കുന്ന തിറ ഉത്സവത്തിന് നമ്മുടെ അയൽ പ്രദേശങ്ങളിൽ നിന്നുപോലും ഭക്തജനങ്ങൾ എത്തിച്ചേരാറുണ്ട്. ഇവിടുത്തെ പ്രധാന ചടങ്ങായ 'മുടിയെടുക്കൽ' വടക്കെ മലബാറിലെ മറ്റു ക്ഷേത്രങ്ങളെ അപേക്ഷിച്ച് വളരെ പ്രാധാന്യമേറിയതും, 'മുടി' ഏറ്റവും നീളം കൂടിയതുമാണ്.

മുന്നൂറ് കൊല്ലത്തിലധികം പഴക്കം ചെന്ന ക്ഷേത്രമാണ് ആവിക്കര ക്ഷേത്രം. 80 സെൻറ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത ക്ഷേത്രത്തിൽ പ്രധാന തിറ ഉത്സവം നട

ക്കുന്നത് കുംഭം 10, 11 , 12 തിയ്യതികളിലാണ്. കടത്തനാടിൻെറ കായികാഭ്യാസങ്ങളെ ഓർമ്മിപ്പിക്കുന്ന 'അങ്കക്കാരനും ഊതാടിയും' എന്ന തിറ ഇവിടെ വളരെ പ്രസിദ്ധമാണ്.

നൂറിലേറെ കൊല്ലം പഴക്കമുള്ള മാനങ്കര ഭഗവതി ക്ഷേത്രം 55 വർഷമായ ശ്രീ. വേണുഗേപാല ക്ഷേത്രം, തിരുത്തിയിൽ ശ്രീദേവി മഹാമായ ക്ഷേത്രം, കോട്ടാമലക്കുന്ന് ദേവീ ക്ഷേത്രം, പള്ളിയിൽ വിഷ്ണു ക്ഷേത്രം, അയ്യിട്ട വളപ്പിൽ ഭുവനേശ്വരി ക്ഷേത്രം ചാമുണ്ഡേശ്വരി ക്ഷേത്രം, ഇമ്പിച്ചിക്കാവ് ഭഗവതി ക്ഷേത്രം, കുഞ്ഞിപ്പറമ്പ് ഭഗവതി ക്ഷേത്രം, മുക്കാളി അയ്യപ്പ ഭജനമഠം, പുത്തലത്ത് ക്ഷേത്രം, പാനോളി ക്ഷേത്രം, അവധൂത മാതാ ക്ഷേത്രം, മലയർ ക്ഷേത്രം, കടുങ്ങോൻ പുശാരി ക്ഷേത്രം, മാരിയമ്മൻ കോവിൽ മുതലായ ക്ഷേത്രങ്ങൾ ഹിന്ദു മതക്കാരുടെ 'ആരാധനാലയങ്ങളാണ്. ഇതിൽ മുൻകാലങ്ങളിൽ തെയ്യം തിറ മഹോത്സവം നടത്താറുള്ള ഒരു ക്ഷേത്രമായിരുന്നു പാനോളി ക്ഷേത്രം.

. മുസ്ലീം പള്ളികളിൽ ഹാജിയാർ പള്ളി 500 വർഷത്തിലധികം പഴക്കമുണ്ടെന്നാണ് പഴമക്കാർ പറയുന്നത്. അതുപോലെ വളരെ പ്രസിദ്ധമായ കുഞ്ഞിപ്പള്ളിയും അതിപുരാതനമായ പള്ളികളിലൊന്നാണ്. നാഷണൽ ഹൈവേയിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത പള്ളിയിൽ ജാതി - മത ഭേദമന്യേ നേർച്ചകളും, കാണിക്കകളും ലഭക്കാറുള്ളത് ഈ പള്ളിയുടെ പ്രത്യേകതയാണ്. ജെബ്: 25 മുപൽ 10 ദിവസം തുടർച്ചയായി നടക്കുന്ന ആണ്ട് നേർച്ചയോടനുബന്ധിച്ച് അന്നദാനവും ഇവിടെ നടക്കാറുണ്ട്. കൂടാതെ അഞ്ചാം പീടിക പള്ളി, പനാട പള്ളി, മുക്കാളി അങ്ങാടി പള്ളി, ബിച്ചുമ്മാൻെറ പള്ളി, കക്കടവിൽ പള്ളി മുതലായ പതിനഞ്ചോളം പ്രസിദ്ധമായ മറ്റു പള്ളികളും നമ്മുടെ പഞ്ചായത്തിൽ കാണാം. എന്നാൽ നശിച്ചു പോയതും ഓർമ്മകളിൽ ഇന്നും നിലനിൽക്കുന്നതുമായ വലിയ പള്ളി, കുഴി പള്ളി എന്നീ പള്ളികളും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു.

വളരെ പഴക്കം ചെന്ന ഒരു ക്യസ്ത്യൻ പള്ളി നമ്മുടെ പഞ്ചായത്തിൻെറ 8ാം വാർഡിൽ സ്ഥിതി ചെയ്യുന്നു.

ഇത്രയും ആരാധ്നാലയങ്ങൾ വഴി വിവധ മതക്കാരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും തുടർന്നുവരുമ്പോഴും യാതൊരുവിധ അപശബ്ദങ്ങൾക്കും അവസരം നൽകാതെ നല്ല രീതിയിലുള്ള ഒരു സാസ്കാരീക അന്തരീക്ഷം നമ്മുടെ പഞ്ചായത്തിൽ കാണാൻ കഴിയുന്നത് ഒരു പ്രതേകതയാണ്. മത സൗഹാർദ്ദത്തിൻെറ കാര്യത്തിൽ മുക്കാളി ടൗണിൻെറ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന അയ്യപ്പ ഭജനമഠവും, തൊട്ടു കിടക്കുന്ന മുസ്ലീം പള്ളിയും ഇതിനൊരു ഉദാഹരണമാണ്.

ജാതികളെയും, മതങ്ങളെയും, ആരാധനാലയങ്ങളെയുംയോജിപ്പിച്ചു നിർത്തുന്ന ഒരു സാസ്കാരിക പൈതൃകം നമുക്കുണ്ടെങ്കിലും സാമ്പത്തിക ചേരിതിരിവ് നിലനിൽക്കുന്നില്ലേ എന്ന് സംശയച്ചു പോകുന്ന പലകാരണങ്ങളും നമ്മുടെ പരിസരത്തുതന്നെ കാണാൻ കഴിയും.

## വായനശാല ഗ്രന്ഥാലയങ്ങൾ

നമ്മുടെ പഞ്ചായത്തിൻെറ സാംസ്കാരിക രംഗത്തെ ഒരു' പ്രധാന ഘടകമാണ് ഗ്രന്ഥാലയങ്ങളും വായനശാലകളും. ഈ രംഗത്തേക്ക് കടന്നുവരുമ്പോൾ പ്രധാനമായും ഓർമ്മ വരിക ചോമ്പാലിലെ മഹാത്മ വായന ശാല & ഗ്രന്ഥാലയമാണ്. സ്വാത ന്ത്ര്യ സമര കാലഘട്ടത്തിൻെറ പ്രചോദനത്തിൽ നിന്ന് രൂപം കൊണ്ട പ്രസ്തുത സ്ഥാപനം 1952ൽ ലോക്നായക് ശ്രീ. ജയപ്രകാശ് നാരായണനാണ് ഉത്ഘാടനം ചെയ്തത്. പിൽക്കാലത്ത് അത് ലോക്കൽ ലൈബ്രറിക്ക് കൈമാറയതോടെ അതിൻെറ പ്രവർത്തനം നിർജ്ജീവമാവുകയാണുണ്ടായത്. മുക്കാളി ടൗണിൻെറ ഹൃദയഭാഗത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ലൈബ്രറിയെ ലോക്കൽ ലൈബ്രറിയുടെ അധീനതയിൽ നിന്ന് മാറ്റി കേരള ഗ്രന്ഥശാല സംഘം ഏറ്റെടുക്കുകയാണെങ്കിൽ മുക്കാളി ടൗണിനു തന്നെ ഇത് ഒരു മുതൽ കൂട്ടായിരിക്കും. 1908 പുസ്തകങ്ങളും 329 മെമ്പർമാരും 6 ദിനപത്രങ്ങളും, 4 ആനുകാലീക പ്രസിദ്ധീകരണങ്ങളും ഇവിടെ ഉണ്ടെങ്കിലു വായനയുമായി ബന്ധപ്പെട്ട് ആരുംതന്നെ വരാറില്ലെന്നാണ് അറിയുന്നത്.

പഞ്ചായത്തിൽ 13 വായനശാലകലുണ്ടെങ്കിലും 6 വായനശാലകളോടനുബന്ധിച്ച് മാത്രമേ ഗ്രന്ഥാലയം പ്രവർത്തിക്കുന്നുള്ളൂ. ഇതിൽ തന്നെ കേരള ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത് 5 എണ്ണമുണ്ടെങ്കിലും ഗ്രാൻറ് വാങ്ങുന്നത് 4 എണ്ണം മാത്രമാണ്.

1. യുവജന വായനശാല & ഗ്രന്ഥാലയം. കൊളരാട്
2. വാച്ചാലി കുഞ്ഞിക്കണ്ണൻ സ്മാരക വായന ശാല & ഗ്രന്ഥാലയം. ചോമ്പാല.
3. പുരോഗമന വായനശാല & ഗ്രന്ഥാലയം, ചോമ്പാല
4. നവോദയ വായനശാല & ഗ്രന്ഥാലയം, ചിറയിൽ പീടിക.

ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ബാഫക്കി തങ്ങൾ സ്മാരക വായനശാല ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആവശ്യമായ ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇല്ലാത്ത പ്രസ്തുത വായനശാലയുടെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതും ഒരു ഗ്രന്ഥശാലക്ക് രൂപം നൽകേണ്ടതുമാണ്.

രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് വക വായനശാല & ഗ്രന്ഥാലയം 1979 ലാണ്. പ്രവർത്തനം തുടങ്ങിയത്. കേരള ഗ്രന്ഥശാല സംഘവുമായി അഫിലിയേറ്റ് ചെയ്തതാണെങ്കിലും ആവശ്യമായ ഗ്രാൻറുകളോ മറ്റ് സഹായ സഹകരണങ്ങളോ ലഭിക്കുന്നില്ല. സാംസ്കാരി സ്ഥാപനം മോടികുട്ടേണ്ടതും, ദിനപത്രങ്ങളും വാരികകളും വർദ്ധിപ്പിക്കേണ്ടതും വളരെ അത്യാവശ്യമാണ്. കൂടാതെ ജനവിദ്യാ കേന്ദ്രം എന്ന അംഗീകാരം കൂടിയുള്ള ലൈബ്രറിയുടെ പ്രവർത്തനവും സജീവമാകേണ്ടതുണ്ട്.

മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന കൃഷ്ണ പിള്ള സ്മാരകവായനശാല സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ആവശ്യത്തിന് പത്ര - മാസികകൾ ഇല്ല. ഇതിൻെറ പ്രവർത്തം ത്വരിതപ്പെടുത്തുന്നതിനോടൊപ്പം തന്നെ ഇവിടെ ഒരു ഗ്രന്ഥശാലക്ക് രൂപം നൽകേണ്ടതാണ്.

നാലാം വാർഡിൽ 1986ൽ ഉത്ഘാടനം ചെയ്ത ശ്രീ. നാരായണ വായനശാല & ഗ്രന്ഥാലയം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആവശ്യത്തിന് പത്രമാസികകളും പഞ്ചായത്ത് നൽകിയ ടി. വി. സെറ്റും ഉണ്ടെങ്കിലും ഗ്രന്ഥാലയത്തിൻെറ പ്രവർത്തനം വളരെ ശോചനീയമാണ്. ഗ്രന്ഥാലയത്തിനാവശ്യമായ പുസ്തകങ്ങൾ ശേഖരിക്കുകയും വായനാശീലം വളർത്തുകയും വേണം.

അഞ്ചാം വാർഡിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എം. പി. കുമാരൻ സ്മാരക വായനശാല & ഗ്രന്ഥാലയം പ്രവർത്തനം തുടങ്ങുന്നത് 1970 ലാണ്. പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ആവശ്യത്തിനില്ല എന്ന ന്യൂനത നിലനിൽക്കെ തന്നെ പഞ്ചായത്തിൻെറ ടി. വി. സെറ്റ് പ്രവർത്തിപ്പിക്കുകയും ഹെൽത്ത് സെൻററിൻെറ ഒരു സബ് സെൻറർ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു വരുന്നുമുണ്ട്. എന്നാൽ പുസ്തകശേഖരം വളരെ കുറവാണെന്നത് ഈ ലൈബ്രറിയുടെ ഒരു പോരായ്മയാണ്.

ആറാം വാർഡിൽ 1957 മുതൽ പ്രവർത്തിച്ചു തുടങ്ങിയ നവോദയ വായനശാല & ഗ്രന്ഥാലയത്തിൻെറ സ്വന്തം കെട്ടിടം ഉയർന്നുവരുന്നത് ഏഴാം വാർഡിലാണ്. ഈ പഞ്ചായത്തിലെ ഏറ്റവും നന്നായി പ്രവടത്തിക്കുന്ന വായനശാലകളുടെ കൂട്ടത്തിൽ അവഗണിക്കാൻ കഴിയാത്തതാണ് പ്രസ്തുത സ്ഥാപനം. 4099 പുസ്തകങ്ങളും ഇരുപത്തഞ്ചോളം ആനുകാലിക പ്രസിദ്ധീകരണങ്ങളും 9 ദിനപത്രങ്ങളും ഉള്ള പ്രസ്തുത സ്ഥാപനത്തെ ജനവിദ്യാ കേന്ദ്രമായി കൂടി അംഗീകരിച്ചിട്ടുണ്ട്. സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതോടു കൂടി ഇന്നത്തെ അസൗകര്യങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

എട്ടാം വാർഡിൽ സ്വന്തം കെട്ടിടത്തിൽ 1955 മുതൽ പ്രവർത്തിച്ചുവരുന്ന പുരോഗമന വായനശാല & ഗ്രന്ഥാലയം നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ്. 5860 പുസ്തകങ്ങളുള്ള ഒരു ലൈബ്രറി ഉണ്ടെങ്കിലും ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വളരെ പരിമിതമാണ്. അത് വർദ്ധിപ്പിക്കാൻ വേണ്ട പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു.

ഒമ്പതാം വാർഡിൽ മഹാത്മ വായനശാല കൂടാതെ, യുവജന വായനശാല & ഗ്രന്ഥാലയം, വാച്ചാലി കുഞ്ഞിക്കണ്ണൻ സ്മാരക വായനശാല & ഗ്രന്ഥാലയം എന്നീ രണ്ട് സ്ഥാപനങ്ങൾ കൂടി പ്രവർത്തിക്കുന്നുണ്ട്. 1974ൽ നിലവിൽ വന്ന യുവജന വായനശാല & ഗ്രന്ഥാലയം പഞ്ചായത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. 3402 പുസ്തകങ്ങളും 22 ആനുകാലിക പ്രസിദ്ധീകരണങ്ങളും 6 ദിന പത്രങ്ങളും ഇന്ന് നിലവിലുണ്ട്. സ്വന്തമായി ബിൽഡിംഗ് ഉണ്ടെങ്കിലും പുസ്തകം സൂക്ഷിക്കുവാൻ ആവശ്യമായ മുറി സൗകര്യങ്ങളും ഫർണിച്ചറുകളും ഇല്ല എന്നത് പ്രസ്തുത സ്ഥാപനത്തെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇന്ന് നിലവിലുള്ള ബിൽഡിംഗ് ലൈബ്രറിക്ക് ഉപയോഗിക്കുകയും വായനശാലക്ക് വേണ്ടി ബിൽഡിങ്ങിനോടനുബന്ധിച്ച് തന്നെ സൗകര്യം കണ്ടെത്തുകയും ചെയ്താൽ ഇന്നത്തെ അസൗകര്യം പരിഹരിക്കുവാൻ കഴിയും.

1990ൽ പ്രവർത്തനമാരംഭിച്ച വച്ചാലി കുഞ്ഞിക്കണ്ണൻ സ്മാരക വായനശാല & ഗ്രന്ഥാലയത്തിന് സ്വന്തമായി ഒരുകെട്ടിടവും 1220 പുസ്തകങ്ങളും 6 ആനുകാലിക പ്രസിദ്ധീകരണങ്ങളും 3 ദിനപത്രങ്ങളും മാത്രമേ ഇന്ന് നിലവിലുള്ളു. എന്നാൽ സ്വന്തം പ്രയത്നത്താൽ സംഘടിപ്പിച്ച ടി. വി. സെറ്റ് പ്രവർത്തിച്ചു വരുന്ന പ്രസ്തുത സ്ഥാപനത്തെ ഒരു ജനവിദ്യാകേന്ദ്രമായി അംഗീകരിച്ചിട്ടുണ്ട്.

ഇത്രയും വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും പ്രവർത്തനം വിലയിരുത്തുമ്പോൾ ഇതിൽ വനിതകളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും പങ്ക് എത്രമാത്രം ഉണ്ടെന്ന് കൂടി കാണേണ്ടിയിരിക്കുന്നു. ആഴ്ച പതിപ്പുകളായ മനോരമ, മംഗളം മുതലായ പ്രസിദ്ധീകരണങ്ങൾ സ്ത്രീകളിൽ ചെലുത്തിയ സ്വാധീനം ഒഴിവാക്കിയാൽ വളരെ കുറച്ചുപേർ മാത്രമേ വായന ഒരു ശീലമാക്കി കാണുകന്നുള്ളു. ഇവർ തന്നെ വായനശാലയുമായോ ഗ്രന്ഥാലയവുമായോ ബന്ധപ്പെടാറുമില്ല. അത്യാവശ്യം പേർ ലൈബ്രറിയിൽ നിന്ന് പുസ്തകമെടുത്ത് വായിക്കുന്നുണ്ടെങ്കിലും ഇവരിൽ മിക്കവർക്കും പ്രിയം താഴ്. ന്നതരം നോവലുകളും ഡിറ്റക്ടീവ് നോവലുകളുമാണ്.

പിന്നോക്ക വിഭാഗത്തിൽ പെട്ടവർ വായനശാലയുമായി ബന്ധപ്പെടുന്നത് വളരെ കുറച്ച് പേർ മാത്രമേ ഉള്ളു.അത് കൊണ്ട്തന്നെ വായനശാല പ്രവർത്തനം അവരിൽ സാമൂഹ്യമായ മാറ്റം വരുത്തിയതായി കാണുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ വായനശാലകൾ സാമൂഹ്യ-സാംസ്കാരി രംഗത്ത് അവരുടേതായ തനത് പ്രവർത്തനം കാഴ്ചവെക്കുന്നുണ്ടെങ്കിലും കൂട്ടമായ ഒരുപ്രവർത്തനവും നടത്തിയതായി കാണുന്നില്ല. നമ്മുടെ പഞ്ചായത്തിലെ ജനവിദ്യാകേന്ദ്രത്തേയും വായനശാലകളേയും യോജിപ്പിച്ച് സാഹിത്യ സെമിനാറുകൾ, സാക്ഷരത ക്ലാസുകൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയ ജനസമ്പർക്ക പരിപാടികൾക്ക് രൂപം നൽകി പൊതുജനങ്ങളിൽ വായനശീലം വളർത്തുവാനാവശ്യമായ ബോധവൽക്കരണം (പ്രത്യേകിച്ച് സ്ത്രീകളിലും, പിന്നോക്ക വിഭാഗങ്ങളിലും) നടത്തുകയും ചെയ്താൽ നമ്മുടെ സാമൂഹ്യ - സാംസ്കാരിക രംഗത്ത് ഗണ്യമായ പുരോഗതി വളർത്തിയെടുക്കുവാൻ കഴിയും.

പഞ്ചായത്തിലെ വായനശാലകളുടെയും ഗ്രന്ഥാലയ
ങ്ങളുടെയും വിവരപട്ടിക താഴെ കൊടുക്കുന്നു.

| നമ്പർ | പേര് | സ്ഥാപിത വർഷം | അംഗങ്ങളുടെ എണ്ണം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം. | ദിനപത്രങ്ങളുടെ എണ്ണം | ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എണ്ണം | പ്രതിദിന വരുമാനം | പ്രതിദിന വിതരണം | ശരാശരി പ്രതിമാസ പ്രവർത്തനം | മറ്റ് അനുബന്ധ പ്രവർത്തനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | മഹാത്മ വായനശാല ആൻറ് ഗ്രന്ഥാലയം | 1954 | 329 | | 1908 | 6 | 4 | | | | |
| 2 | പുരോഗമന വായനശാല ആൻറ് ഗ്രന്ഥാലയം | 1955 | 670 | ബി | 5860 | 3 | 5 | | | | |
| 3 | നവോദയ വായനശാല ആൻറ് ഗ്രന്ഥാലയം | 1957 | 210 | ബി | 4099 | 9 | 25 | | | | |
| 4 | യുവജന വായനശാല ആൻറ് ഗ്രന്ഥാലയം (കോറോത്ത് റോഡ്) | 1967 | 96 | | 280 | | | | | | |
| 5 | എം. പി. കുമാരൻ വായനശാല ആൻറ് ഗ്രന്ഥാലയം | 1970 | 70 | | 385 | 2 | 5 | | | | |
| 6 | യുവജന വായനശാല ആൻറ് ഗ്രന്ഥാലയം (കൊളരാടതെരു) | 1974 | 374 | ഡി | 3402 | 6 | 21 | | | | |
| 7 | ശ്രീനാരായണ വായനശാല ആൻറ് ഗ്രന്ഥാലയം | 1986 | | | 285 | | | | | | |
| 8 | വാച്ചാലി കുഞ്ഞിക്കണ്ണൻ സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം | 1994 | 80 | എഫ് | 1220 | 3 | 6 | | | | |
| 9 | പഞ്ചായത്ത്വക വായനശാല ആൻറ് ഗ്രന്ഥാലയം | 1979 | 79 | | 1079 | 4 | 2 | | | | |
| 10 | കൃഷ്ണ പിള്ള സ്മാരക വായനശാല | | | | | 2 | 3 | | | | |
| 11 | ബാഫക്കിതങ്ങൾ സ്മാരക വായനശാല | | | | | | | | | | |
| 12 | ശ്രീനാരായണ വായനശാല | | | | | | | | | | |
| 13 | ഇസ്ലാമിക് വായനശാല | | | | | | | | | | |

## കലാസമിതികളും ക്ലബ്ബുകളും

കലാസമിതികളും ക്ലബ്ബുകളുമായി നമ്മുടെ പഞ്ചായത്തിൽ മുപ്പത്തിയെട്ടോളം സംഘടനകൾ പ്രവർത്തിക്കുന്നു. കൂടാതെ ആത്മവിദ്യാസംഘം, ശ്രീനാരായണ പഠനകേന്ദ്രം, മദ്യവർജന സമിതി എന്നീ സാംസ്കാരിക - സാമൂഹ്യ സംഘടനകളും ഉദയ കളരി സംഘം, കടത്തനാട് കോട്ടാമല കളരിസംഘം മുതലായ കായിക സംഘങ്ങളും പ്രവർത്തിക്കുമ്പോൾ യുവാക്കളെ പെട്ടെന്ന് സ്വാധീനിക്കുവാൻ കഴിയുന്ന കരാട്ടെ ക്ലാസുകളും പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി കാണാം.

കലാസമിതികളുടെയും സ്പോർട്സ് ക്ലബ്ബുകളുടെയും കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ ഗോപി മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വുവജന കലാലയം കൊളരാട്, കൈരളി കലാസമിതി എന്നിവയായിരുന്നു മുൻപന്തിയിലുണ്ടായിരുന്നത്. അതിൽ ഗോപി മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബിന് ഒരു വോളിബോൾ ടീമും നല്ലൊരു നാടക സംഘവും ഉണ്ടായിരുന്നു. ധാരാളം നാടകങ്ങൾ അവതരിപ്പിക്കുകയും, നാടകമത്സരങ്ങൾ നടത്തുകയും ചെയ്തിരുന്നു. സംഗീത നാടക അക്കാദമിയിൽ അംഗത്വമെടുക്കുകയും ഗ്രാൻറ് വാങ്ങുകയം ചെയ്ത പ്രസ്തുത ക്ലബ്ബ് ഇന്ന് സജീവമല്ല.

കൊളരാട് യുവജന കലാലയം ജനശ്രദ്ധ പിടിച്ചുപറ്റിയ അനേകം നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. സംഗീത നാടക അക്കാദമിയിൽ അംഗത്വമുണ്ടായിരുന്ന ഈ സ്ഥാപനത്തിന് ഗ്രൻറും ലഭിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇതും സജീവമല്ല.

ധാരാളം നാടകങ്ങൾ അവതരിപ്പിച്ച കൈരളി കലാസമിതിയുടെ സ്ഥിതിയും ഇതിൽനിന്ന് വ്യത്യസ്തമല്ല. കൂടാതെ മുപ്പത്തഞ്ചോളം കലാസമിതികളും സ്പോർട്സ് ക്ലബ്ബുകളും പരിശോധിക്കുമ്പോൾ അൽപം സജീവം കാണുന്നത് 'എയഞ്ചൽ' കൊളരാട്, 'നവപ്രതിഭ', കല്ലാമല തിയ്യറ്റേഴ്സ്, കമ്പയിൻസ് സ്പേർട്സ് ക്ലബ്, പ്രൈംസ്റ്റാർ, ഫൈറ്റേഴ്സ് & അക്ഷയ കലാകേന്ദ്രം, നാഷണൽ സ്പോർട്സ്, സ്പാർടെക്, ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബ് എന്നിവയാണ്. പഞ്ചായത്ത് നടത്തുന്ന കേരളോത്സവ ത്തിൽ മേൽപറഞ്ഞ സംഘടനകളുടെ പ്രാതിനിധ്യം പ്രത്യേകം എടുത്തു പറയേണ്ടതാണ്.

ആയിരത്തി തൊള്ളായിരത്തി അൻപതിനും അറുപതിനും ഇടയ്ക്ക് നാടൻ കലാരൂപങ്ങൾക്ക് പഞ്ചായത്തിൽ നല്ല സ്വാധീനം ഉണ്ടായിരുന്നു. ശ്രീ. തിരുവോത്ത് കേളപ്പൻ ഗുരുക്കളുടെ ശിക്ഷണത്തിൽ ഉണ്ടായിരുന്ന കോൽക്കളി സംഘം വളരെ പ്രസിദ്ധമായിരുന്നു. അന്ന് ക്ഷേത്രങ്ങളിൽ നടക്കുന്ന ഉത്സവങ്ങളിൽ പ്രധാന കലാപരിപാടി കോൽക്കളിയായിരുന്നു. അതുപോലെ സ്കൂൾ തലത്തിലും തച്ചോളിക്കളി, കോൽക്കളി, പൂരക്കളി എന്നിവയ്ക്ക് വളരെ പ്രാധാന്യമുണ്ടായിരുന്നു. ഇന്ന് നാടകം, നൃത്തം മുതലായ കലാപരിപാടികൾക്ക് നൽകുന്ന അത്രയും പ്രാധാന്യം അന്ന് മേൽകാണിച്ച കലാ രൂപങ്ങൾക്ക് കിട്ടിയിരുന്നു.

ഇന്ന് സാമൂഹ്യ അനീതിക്കു നേരെ വിരൽ ചൂണ്ടാൻ നാടകങ്ങൾ പോലെയുള്ള കലാസൃഷ്ടികളാണ് ഉപയോഗിക്കുന്നതെങ്കിൽ അന്ന് പ്രധാനമായും തച്ചോളിക്കളിയും പൂരക്കളിയും ഓട്ടംതുള്ളലുമൊക്കെയായിരുന്നു വിമർശന വേദി. ഉദാഹരണമായി ആ കാലഘട്ടങ്ങളിൽ വളരെ തുച്ഛമായ ശമ്പളം വാങ്ങുന്ന ഒരു വിഭാഗമായിരുന്നു അദ്ധ്യാപകർ. അവരുടെ ശമ്പളത്തിൻെറ കണക്ക് തച്ചോളി പാട്ടിലൂടെ വിമർശിച്ച കല്ലാമല യു. പി. സ്കൂൾ സ്കൂൾ തല മത്സരങ്ങളിൽ ധാരാളം സമ്മാനം നേടിയിരുന്നു. ഇതിന് ശിക്ഷണം നൽകിയ അദ്ധ്യാപകൻമാരായ സർവ്വശ്രീ ദാമു മാസ്റ്റർ, കോരൻ മാസ്റ്റർ, നാണു മാസ്റ്റർ എന്നിവരും പ്രശംസ പിടിച്ചുപറ്റിയിരുന്നു. മാഹി ജവഹർലാൽ നെഹ്രു മെമ്മോറിയൽ ഹൈസ്കൂളിൽ ചിത്രകലാധ്യാകനായി ജോലി ചെയ്തുവരികെ ദേശീയ അവാർഡിന് അർഹനായ സർവ്വശ്രീ സി. എച്. ബാലകൃഷ്ണൻ മാസ്റ്റർ അവിയൂർ പഞ്ചായത്തുകാരനാണെന്നുള്ളത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

നമ്മുടെ പഞ്ചായത്തിലെ അമേച്വർ കലാസമിതികളിൽ ഇന്ന് കണ്ടുവരുന്ന നിസ്സംഗത മാറ്റിയെടുക്കാൻ കൂട്ടായ ഒരുപ്രവർത്തനം ആവശ്യമാണ്. അതുപോലെ വനിതകളെ കലാ സാംസ്കാരിക രംഗവുമായി ബന്ധപ്പെടുവാൻ ആവശ്യമായ ബോധവൽക്കരണവും നടത്തേണ്ടതാണ്.

നമ്മടെ പഞ്ചാത്തിൽ നടത്തിവരാറുള്ള കായിക മത്സരങ്ങൾ ഫുട്ബോൾ, വോളിബോൾ, ക്രോസ് കൺട്രി റെയ്സ്, ഹൈജംപ്, ലോംഗ്ജംപ്, പോൾവാൾട്ട്, ജാവലിൻ ത്രോ, ഡിസ്കസ് ത്രോ തുടങ്ങിയവയാണ്.

ജനകീയ ഇടപെടലിൻ ഫലമായി അനുവദിച്ചുകിട്ടിയ മൂന്നര ഏക്കർ സ്ഥലത്ത് പഞ്ചായത്ത്വക ഒരു മിനി സ്റ്റേഡിയമുള്ളത് നമുക്കഭിമാനിക്കാവുന്ന കാര്യമാണ്. പൊതു കളിസ്ഥലം എന്ന് പറയാൻ നമുക്കു ഇതുമാത്രമേ ഉള്ളു. ഇവിടെ കമ്മ്യൂണിറ്റി ഹാൾ ഇല്ലാത്തത് ഒരു കുറവായി കാണേണ്ടിയിരിക്കുന്നു. ഇവിടുത്തെ രാഷ്ട്രീയ - സാംസ്കാരിക സംഘടന കൾ പലതം ഫണ്ട് സ്വരൂപിക്കുവാനും നടത്തുന്ന പ്രൊഫഷണൽ പരിപാടികൾ പഞ്ചായത്തിന് പുറത്ത് മടപ്പള്ളി ഹൈസ്കൂൾ ഗ്രൗണ്ടിലാ, വടകര ടൗൺ ഹാളിലോ വെച്ചാണ്. നടത്താറ്. ഇതിന് നമുക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

മേൽപറഞ്ഞ കലാസമിതികളെയും സ്പോർട്സ് ക്ലബ്ബുകളെയും ഏകോപിപ്പിച്ച് പഞ്ചായത്ത് തലത്തിൽ നാടക പഠന ക്ലാസുകളും, കായിക താരങ്ങളെ വാർത്തെടുക്കുവാൻ ആവശ്യമായ കോച്ചിംഗുകളും നടത്തുകയാണെങ്കിൽ ഈ രംഗത്തും നമുക്ക് പ്രശംസാർഹമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും.

## ക്ലബ്ബുകളുടെയും കലാസമിതികളുടെയും വിശദ വിവര പട്ടിക ചുവടെ ചേർക്കുന്നു.

| നമ്പർ | പേര് |
|---|---|
| 1 | ജനത ആർട്സ് ക്ലബ്ബ് |
| 2 | വിശ്വനാഥൻ ആൻറ് പ്രഭാകരൻ മെമ്മോറിയൽ ക്ലബ്ബ് |
| 3 | എംപ്ലോയീസ് റിക്രിയേഷൻ ക്ലബ്ബ് |
| 4 | അഞ്ജലി ക്ലബ്ബ് |
| 5 | ചെന്താര തിയ്യറ്റേഴ്സ് |
| 6 | ഗോപി ആർട്സ് ക്ലബ്ബ് |
| 7 | വിവേകാനന്ദ കലാസമിതി |
| 8 | കമ്പയിൻസ് സ്പോർട്സ് ക്ലബ്ബ് |
| 9 | യുവജനകലാലയം, കൊളരാട് |
| 10 | എയ്ഞ്ചൽ, കൊളരാട് |
| 11 | സഹോദര കലാലയം |
| 12 | കുഞ്ഞാലി സ്മാരക ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| 13 | അത്താണി തീയ്യറ്റേഴ്സ് |
| 14 | നോബിൾ കലാസമിതി |
| 15 | എ. കെ. ജി. സ്മാരക ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| 16 | ഡയനോര സ്പോർട് ക്ലബ്ബ് |
| 17 | അഴിയൂർ ടെമ്പിൾ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| 18 | യുവശക്തി കലാവേദി |
| 19 | കൈരളി കലാസമിതി |
| 20 | ഭാവനാസ് ആർട്സ് |
| 21 | യുണൈറ്റഡ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |

| നമ്പർ | പേര് |
|---|---|
| 22 | നവാഗത് സ്പോർട്സ് |
| 23 | സ്പാർട്ടക്ക് |
| 24 | അഴിയൂർ ഗോൾഡൻ സ്റ്റാർ |
| 25 | തൃഷ്ണ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| 26 | ഫൈറ്റേഴ്സ് ആൻറ് അക്ഷയ കലാകേന്ദ്രം |
| 27 | ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബ് |
| 28 | അഖിലേഷ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് |
| 29 | പ്രൈംസ്റ്റാർ സ്പോർട്സ് ക്ലബ്ബ് |
| 30 | സാൻേറഴ്സ് സ്പോർട്സ് ക്ലബ്ബ് |
| 31 | പ്രണവം, കല്ലാമല |
| 32 | സംഗമ തിയ്യറ്റേഴ്സ് |
| 33 | സരിത |
| 34 | കല്ലാമല തിയ്യറ്റേഴ്സ് |
| 35 | നവപ്രതിഭ തിയ്യറ്റേഴ്സ് |
| 36 | സൗഗന്ധിക, കല്ലാമല |
| 37 | അനശ്വര |
| 38 | സെവൻസ്റ്റാർ, സ്പോർട്സ് ക്ലബ്ബ് |
| 39 | നാഷണൽ സ്പോർട്സ് ക്ലബ്ബ് |

## മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ

എട്ടാം വാർഡിൽ പ്രവർത്തിക്കുന്ന ശ്രീ നാരായണ ഗുരു മഠം സാംസ്കാരിക രംഗത്തെ ഒരു മുതൽകൂട്ടാണ്. ഇതോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ശ്രീനാരായണ വായനശാലയും സാമൂഹ്യ - സാംസ്കാരിക രംഗത്തെ പ്രവർത്തനവും മതമൈത്രിക്ക് സഹായകരമാണെന്നത് അതിന്റെ പ്രവർത്തകൻമാർക്ക് അഭിമാനിക്കാവുന്നതാണ്.

ആയിരത്തി തൊള്ളായിരത്തി എൺപതിൽ സംഭാവനയായി കിട്ടിയ 10 സെൻറ് സ്ഥലത്ത് ആരംഭിച്ച മേൽ സ്ഥാപനത്തിന് ഇന്ന് 30 സെൻറ് സ്ഥലവും, കല്യാണമന്ധപവും, ലൈബ്രറി ഹാളും, നഴ്സറി സ്കൂൾ എന്നിവ ഉൾക്കൊള്ളുന്ന സൗകര്യപ്രദമായ കെട്ടിടങ്ങൾ ഇന്ന് നിലവിലുണ്ട്. നഴ്സറി ക്ലാസുകൾ, നൃത്ത പരിശീലന ക്ലാസുകൾ മുതലായ സാമൂഹ്യ - സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തിവരുന്ന ശ്രീ നാരായണ ഗുരു പഠനകേന്ദ്രം ഈ പ്രദേശത്തെ ജനങ്ങൾക്ക് ഒരാശ്വാസകേന്ദ്രം കൂടിയാണ്.

പത്താം വാർഡിൽ എം. ടി. ഒ. ചാരൻ സ്മാരക മന്ദിരത്തിൽ പ്രവർത്തിക്കുന്ന ആത്മവിദ്യാസംഘം വാഗ്ഭടാനന്ദ ഗുരു ദേവന്റെ അദ്വൈത സിദ്ധാന്തങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് രൂപംകൊണ്ട ഒരു സാംസ്കാരിക കേന്ദ്രമാണ് കഴിഞ്ഞ കാലങ്ങളിൽ അനാചാരങ്ങൾക്കും വിഗ്രഹാരാധനകൾക്കും എതിരായി പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയ പ്രസ്തുത സ്ഥാപനം സജീവമാക്കേണ്ടതുണ്ട്.

പ ാം വാർഡിൽ പ്രവർത്തിച്ചുവന്നിരുന്ന മദ്യവ്യർജന സമിതിയെ പഞ്ചായത്ത് തലത്തിൽ സജീവമാക്കി മദ്യത്തിനെതിരായി ദൈനം ദിന ബോധവൽക്കരണ പ്രവർത്തങ്ങൾ നടത്തുകയാണെങ്കിൽ മാഹിയോട് തൊട്ടുകിടക്കുന്ന പ്രദേശമായ നമ്മുടെ പഞ്ചായത്തിലെ മദ്യാസക്തി കുറച്ചുകൊണ്ടുവരാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ ഉദയ കളരി സംഘം, കോട്ടാമല കളരി സംഘം എന്നീ കായിക പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. 1960ൽ അഹമ്മദാബാദ് മലയാളി സമാജത്തിന്റെ വാർഷിക ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ നാടൻ കലകളിൽ കളരിപ്പയറ്റ് അവതരിപ്പിച്ച അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൽ നിന്ന് സമ്മാനം വാങ്ങിയ ശ്രീ. മണിയാങ്കണ്ടി ഭാസ്കരൻ ഗുരുക്കളുടെ ശിക്ഷണത്തിൽ പ്രവർത്തിക്കുന്ന ഉദയ കളരി സംഘത്തിന് 30 വർഷത്തെ പാരമ്പര്യമുണ്ട്. പ്രസ്തുത കളരി സ്ഥലം അടുത്തദിവസം ബൈപ്പാസ് റോഡിനുവേണ്ടി അക്വയർ ചെയ്തതോടെ ഇതിന്റെ ആസ്ഥാനം തന്നെ നഷ്ടപ്പെടുയാണ്. അതിനാൽ ഇതിന് ഒരു ആസ്ഥാനം കണ്ടുപിടിക്കുകയും ഈ രംഗത്ത് ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്തുകൊണ്ട് പുതിയ തലമുറയെ വാർത്തെടുക്കുന്നില്ലെങ്കിൽ നാം വീരവാദം മുഴക്കുന്ന കടത്തനാടിന്റെ പാരമ്പര്യം അന്യനിന്നുപോകാൻ അധികകാലം കാത്തിരിക്കേണ്ടി വരില്ല.

## വാർത്താ മാധ്യമങ്ങൾ

മറ്റൊരു കാര്യ നമ്മുടെ പഞ്ചായത്തിലെ പത്രമാസികകളുടെ പ്രചാരണ പ്രവണതകളാണ്. 10, 11 വാർഡുകൾ ഒഴികെ എല്ലാ വാർഡുകളിലും നമുക്ക് വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 50 ശതമാനം വീടകളിലെങ്കിലും ദിനപത്രങ്ങൾ വാങ്ങവരുന്നുണ്ട്. മാതൃഭൂമി, മനോരമ, ദേശാഭിമാനി, കേരളകൌമുദി, ചന്ദ്രിക, എന്നീ മലയാളപത്രങ്ങളും ഇംഗ്ലീഷ് പത്രമായ ഇന്ത്യൻ എക്സ്പ്രസ്സും നിലവിലുണ്ട്. വാരികകളിൽ മനോരമ, മംഗളം, മാതൃഭൂമി, കലാകൌമുദി, ദേശാഭിമാനി, കേരളശബ്ദം മുതലായവയും ദ്വൈ വാരികയായ ഇന്ത്യാടുഡേയും മാസികകളിൽ വനിത, ഗൃഹലക്ഷ്മി എന്നിവയും ബാലപ്രസിദ്ധീകരണങ്ങളായ ബാലരമ, ബാലഭൂമി, ബാലമംഗളം, തളിര് കൂടാതെ ചിത്രഭൂമി, നാന, തൊഴിൽ വാർത്ത, വിദ്യാരംഗം എന്നിവയ്ക്കും നമ്മുടെ പഞ്ചായത്തിൽ സർക്കുലേഷൻ ഉണ്ട്.

ഏറ്റവും അധികം സർക്കുലേഷൻ ഉള്ള

ദിനപത്രം - മനോരമ
വാരിക - മനോരമ
മാസിക - വനിത
ബാലപ്രസിദ്ധീകരണം - ബാലരമ
സിനിമാ പ്രസിദ്ധീകരണം - നാന

പ്രചാരത്തിലുള്ള പത്രമാസികകളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

ദിനപത്രം

| | | | |
|---|---|---|---|
| 1. | മനോരമ | - | 900 |
| 2. | മാതൃഭൂമി | - | 258 |
| 3. | ചന്ദ്രിക | - | 110 |
| 4. | ദേശാഭിമാനി | - | 100 |

വാരിക

| | | | |
|---|---|---|---|
| 1. | മനോരമ | - | 1200 |
| 2. | മംഗളം | - | 600 |
| 3. | മാതൃഭൂമി | - | 286 |

മാസിക

| | | | |
|---|---|---|---|
| 1. | വനിത | - | 200 |

ബലമാസിക

| | | | |
|---|---|---|---|
| 1. | ബാലരമ | - | 300 |

സിനിമാ പ്രസിദ്ധീകരണം

| | | | |
|---|---|---|---|
| 1. | നാന | - | 150 |

പഞ്ചായത്തിൽ രണ്ട് സിനിമാശാലകൾ പ്രവർത്തിക്കുന്നുണ്ട്. 10 മുതൽ 15ശതമാനം വരെ വീടുകളിൽ മാത്രമെ ടെലിവിഷൻ സെറ്റ് കാണുകയുള്ളൂവെങ്കിലും മിക്കവാറും വീടുകളിലെ ആളുകളും ടെലിവിഷൻെറ മായാ വലയത്തിലാണ്. പാശ്ചാത്യ സംസ്കാരവും, സാമ്പത്തീക ജാഡയും ഇന്ത്യയിലെ നഗരങ്ങളിൽ കേബിൾ ചാനൽ വഴി പ്രേഷണം ചെയ്യപ്പെടുന്ന കേബിൾ സംസ്കാരം ഇവിടെയും അനുകരണീയമാകുന്നത് കണ്ടില്ലെന്ന് നടിക്കുന്നത് വളരുന്ന തലമുറയോടുള്ള ക്രൂരതയാണ്.

സാമ്പത്തിക ജാഡയുടെ കാര്യം പറയുമ്പോൾ ഓർമ്മിക്കുന്ന മറ്റൊരു കാര്യം നമ്മുടെ പ്രദേശത്തെ വിവാഹങ്ങളാണ്. വിവാഹ ആഘോഷങ്ങളിൽ കാണുന്ന ആർഭാടവും ധൂർത്തും തങ്ങളുടെ അന്തസ്സായി കാണുന്ന രക്ഷിതാക്കളും കുടുംബങ്ങളും ഒരു നഗര സംസ്കാരത്തെ അനുകരിക്കുകയാണ്. ഈ സംസ്കാരം നമ്മുടെ പഞ്ചായത്തിന് അനുയോജ്യമല്ലെന്ന് വളർന്നുവരുന്ന തലമുറയേയെങ്കിലും ബോധ്യപ്പെടുത്തേണ്ട വൻ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് ജനകീയ ആസൂത്രണ പദ്ധതിയിലൂടെ നമുക്ക് ഒരു പുതിയ സംസ്കാരത്തിന് തുടക്കം കുറിക്കാം.

## പ്രശ്നങ്ങൾ

☆ പത്ത്, പതിനൊന്ന് വാർഡുകളിൽ വായനശാലയും ഗ്രന്ഥാലയവും ഇല്ലാത്തത്.

☆ മറ്റുവാർഡുകളിൽ ഇന്ന് നിലവിലുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പ്രവർത്തനം സജീവമാക്കാൻ.

☆ വായിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിട്ടും ഈരംഗത്ത് യുവാക്കൾ കടന്നുവരാത്തത്.

☆ ടി. വി, വി. സി. ആർ മുതലായ ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസര കാരണം. സാസ്കാരിക ,രംഗത്തെ മൂല്യത്തകർച്ച.

☆ കലാകായിക രംഗത്ത് ആവശ്യമായ പ്രോത്സാഹന കുറവ്.

☆ കലാസമിതികൾ നേരിടുന്ന സാമ്പത്തിക പ്രശ്നം.

☆ ഇന്ന് സമൂഹത്തിൽ കണ്ടുവരുന്ന വിവാഹ ചടങ്ങുകളുടെ ആർഭാടവും സമ്പന്നരെയും ദരിദ്രരെയും ഒരുപോലെ സ്വാധീനിച്ചിരിക്കുന്നു.

☆ യുവാക്കളുടെ ഇടയിലുള്ള മദ്യപാനാസക്തി.

☆ രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം നിർജ്ജീവമായത്.

☆ കലാകായികരംഗങ്ങളിൽ പ്രാചീനങ്ങളായ ക്ളികൾ അന്യം നിന്നുപോയിരിക്കുന്നു.

☆ പഞ്ചായത്തിൽ കമ്മ്യൂമിറ്റി ഹാൾ ഇല്ലാത്തത്.

☆ ലൈബ്രറി ഇല്ലാത്ത വായനശാലകളിലും, ടി. വി. സെറ്റ് ഇല്ലാത്ത വായനശാലകളും ഇവ ഉണ്ടാക്കേണ്ടതാണ്.

☆ പഞ്ചായത്തിൽ ഒരു റഫറൻസ് ലൈബ്രറി ഇല്ലാത്തത്.

☆ സഞ്ചരിക്കുന്ന വായനശാലകളും, ഗ്രന്ഥാലയങ്ങളും ഇല്ലാത്തത്.

☆ കേരളോൽസവത്തിൽ പങ്കെടുക്കാൻ എല്ലാ കലാസമിതികൾക്കും കഴിയാത്തത്.

☆ അവാർഡ് ജേതാക്കളേയും സാംസ്കാരിക നായകൻമാരെയും ആചരിക്കാത്തത്.

☆ സാംസ്കാരിക കേന്ദ്രങ്ങൾ നടത്തിയ രക്തഗ്രൂപ്പ് നിർണയ ക്യാമ്പിൻെറ വിശദവിവരം പൊതുജനങ്ങൾ അറിയാത്തത്.

☆ മിനി സ്റ്റേഡിയത്തിൻെറ പടിഞ്ഞാറ് ഭാഗത്തെ മണ്ണൊലിപ്പ്.

## സാധ്യതകൾ

☆ ഇന്ന് നിലവിൽ വായനശാലകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്കൂളുകളോ, മറ്റു സൗകര്യപ്പെട്ട കെട്ടിടങ്ങളോ കണ്ടുപിടിച്ച് പഞ്ചായത്തിൻെറ സഹായത്തോടെ വായനശാല തുടങ്ങുവാൻ സാധിക്കും.

☆ കേരളഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്യാത്ത ഗ്രന്ഥാലയങ്ങളെ കണ്ടുപിടിച്ച് അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അങ്ങനെ ഈ പഞ്ചായത്തിലെ എല്ലാ ഗ്രന്ഥാലയങ്ങളെയും കേരള ഗ്രന്ഥശാല സംഘവുമായി ബന്ധപ്പെടുത്തുവാനും കഴിയും.

☆ വായനശീലം വർദ്ധിപ്പിക്കുവാൻ വേണ്ടി എല്ലാ ഗ്രന്ഥാലയത്തിൻെറ കീഴിലും സഞ്ചരിക്കുന്ന ലൈബ്രറി സ്ഥാപിക്കുകയും അതിന് ആവശ്യമായി വരുന്ന സാമ്പത്തിക ബധ്യത കേരള ഗ്രന്ഥശാല സംഘം ഏറ്റെടുത്ത് ഗ്രാൻറിനത്തിൽ വർദ്ധിപ്പിച്ചെടുക്കുകയും ചെയ്യുക.

☆ ഇന്ന് കേരള ഗ്രന്ഥശാലാസംഘം നൽകിവരുന്ന ഗ്രാൻറ് ഇരട്ടിയായി വർദ്ധിപ്പിക്കുക.

☆ സാക്ഷരത പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും, ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

☆ പഞ്ചായത്തിലെ വായനശാലകളെ ഏകോപിപ്പിച്ച് സാഹിത്യസെമിനാറുകൾ, സാഹിത്യ ക്ലാസ്സുകൾ ക്വിസ് മൽസരങ്ങൾ എന്നീ ജനസമ്പർക്ക പരിപാടികൾക്ക് രൂപം നൽകുക

☆ കായികരംഗത്തെ പ്രോത്സാഹിപ്പിക്കുവാനാവശ്യമായ കോച്ചിനെ പഞ്ചായത്ത് തലത്തിൽ നിയമിക്കുക.

☆ സ്ത്രീകളുടെയും, പിന്നാക്ക വിഭാഗങ്ങളുടെയും വായനാശീലം വർദ്ധിപ്പിക്കുവാൻ ആവശ്യമായ ബോധ വൽക്കരണം നടത്തുക.

☆ വിവാഹ ധൂർത്തിനെതിരെ ബോധ വൽക്കരണ ക്ലാസ്സുകൾ നടത്തുക.

☆ മദ്യപാനത്തിൻെറ ദൂഷ്യഫലങ്ങളെ കുറിച്ച് ആരോഗ്യ സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുക

☆ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം കണ്ടെത്തുകയും, പൊതുജന സഹായത്തോടെ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുകയും ചെയ്യുക.


☆ ടി.വി. സെറ്റ് ഇല്ലാത്ത വായനശാലകൾക്ക് പഞ്ചായത്തിൻെറ സഹായത്തോടെ ടി. വി. സെറ്റ് നൽകുക.

☆ കേരളോൽസവത്തിൽ സമ്മാനം നേടുന്നവർക്ക് ഉപരി മൽസരത്തിൽ പങ്കെടുക്കുന്നതിനുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് തന്നെ കണ്ടെത്തുക.

☆ യു.പി. സ്കൂൾ തലത്തിൽ ഒരു നൃത്തകലാ അധ്യാപകനെ നിയമിച്ച് കുട്ടികൾക്ക് സ്കൂൾതലത്തിൽ തന്നെ നൃത്ത പരിശീലനം നൽകുക.


☆ വായനശാല നിലവില്ലാത്ത പത്താം വാർഡിൽ സ്ഥിതി ചെയ്യുന്ന ആത്മ വിദ്യാസംഘം കെട്ടിടത്തിൽ പഞ്ചായത്തിൻെറ സഹായത്തോടെ ഒരു വായനശാല തുടങ്ങുക.

☆ മാഹി റെയിൽവേസ്റ്റേഷൻെറ മുൻവശത്തെ പഞ്ചായത്തിൻെറ സ്ഥലത്ത് ഒരു പൊതുകളിസ്ഥലം ഉണ്ടാക്കുക.



## 5-9

# വനിതാ ക്ഷേമം



നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ സ്ഥാനം, അവസ്ഥ, പ്രശ്നങ്ങൾ ഇവ വിശകലനം ചെയ്ത് പഠിക്കാൻ തുടങ്ങുമ്പോൾ കേരളത്തിലെ മൊത്തം അവസ്ഥയിൽ നിന്നും ഏറെയൊന്നും വ്യത്യസ്തമല്ലാത്ത ഒരു ചിത്രമാണ് മുന്നോട്ട് വെയ്ക്കാനുളളത്. സ്ത്രീ വിമോചന പ്രസ്ഥാനങ്ങളുടെ ബോധപൂർവ്വമായുളള സാമൂഹിക ഇടപെടലുകൾ കേരളീയ അന്തരീക്ഷത്തിൽ നേരിയതോതിലെങ്കിലും ഉണ്ടാകുന്ന ചലനങ്ങൾ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തീർത്തും അന്യമാണെന്ന ദുഖസത്യം ആദ്യമേ കുറിക്കുകയാണ്.

തലമുറകളായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപരമായ അടിമത്വത്തിനെതിരെ ശക്തമായ ചെറുത്തുനിൽപ്പിനായുളള ശ്രമങ്ങൾ ഉണ്ടാവേണ്ടത് സ്ത്രീകളുടെ പക്ഷത്തുനിന്നു തന്നെയാവണം. ഇതിനായി ജാതിഭേദമന്യേ സ്ത്രീകളുടെ ചെറിയ ചെറിയ കൂട്ടായ്മ ഒരുക്കൂട്ടുകയും ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിലൂടെ സ്ത്രീ ഒരു രണ്ടാം പൗരയല്ലെന്നും ഏതൊരു പുരുഷനേയുംപോലെ ഉത്തരവാദിത്തവും അവർക്കുണ്ടെന്ന ആത്മവിശ്വാസം സ്ത്രീകൾക്ക് ഉണ്ടാകാനുതകുന്ന ബോധവൽക്കരണം കൂടിയേ കഴിയൂ. സ്ത്രീ അവളുടെ സാമൂഹിക പ്രസക്തി തിരിച്ചറിഞ്ഞുതുടങ്ങുമ്പോൾ നിരന്തരമായി അവളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന ശക്തികൾക്കെതിരെ ഉയർന്ന് ശക്തയാവും എന്നത് തർക്കമറ്റ കാര്യമാണ്.

പഞ്ചായത്തിലെ ജനസംഖ്യാ പട്ടിക താഴെ കൊടുക്കുന്നു

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 28480 |
| ആകെ പുരുഷൻമാർ | 12292 |
| ആകെ സ്ത്രീകൾ | 15188 |
| അമ്മമാരുടെ എണ്ണം | 3587 |
| ആകെ ഗർഭിണികൾ | 217 |
| കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ | -- |
| 1 കുട്ടിയുളളവർ | 295 |
| 2 കുട്ടികളുളളവർ | 739 |
| 2ൽ കുട്ടികളുളളവർ | 971 |
| വിധവാ പെൻഷൻ ലഭിച്ചവർ | 69 |

അഴിയൂർ പഞ്ചായത്തിലെ സ്ത്രീ സെൻസസ് റിപ്പോർട്ട് പ്രകാരം മൊത്തം ജനസംഖ്യ 28480 ആണ്. ഇതിൽ 15188 പേർ സ്ത്രീകളാണ്. ബാക്കിവരുന്ന 12792 പേർ മാത്രമാണ് പുരുഷന്മാർ. അതായത് മൊത്തം ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളാണ്. ഈ എണ്ണത്തിലുളള മുൻതൂക്കം വിദ്യാഭ്യാസം,

ആരോഗ്യം, തൊഴിൽ തുടങ്ങിയ അടിസ്ഥാന മേഖലകളിലൊന്നിലും നിലനിർത്തുവാൻ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾക്ക് കഴിയുന്നില്ല. വിദ്യഭ്യാസത്തിൻെറ കാര്യത്തിലെ പിന്നോക്കാവസ്ഥ സ്ത്രീകളെ മറ്റെല്ലാ മേഖലകളിലും പിന്നോട്ട് വലിക്കുന്നു. മഹാത്മജിയുടെ വാക്കുകൾ കടമെടുത്താൽ ഒരു സ്ത്രീയെ വിദ്യാസമ്പന്നയാക്കുമ്പോൾ ഒരു കുടുംബത്തെ, ഒരു സമൂഹത്തെ മൊത്തം വിദ്യാസമ്പന്നരാക്കുകയാണ് ചെയ്യു ന്നത്. പ്രാഥമിക വിദ്യാലയങ്ങളിൽ ലിംഗഭേദമന്യേ കുട്ടികൾ ചേർക്കപ്പെടുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് എത്തുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ ഭീമമായ അന്തരം പ്രകടമാണ്. ഇത് ബുദ്ധിപരമായ വേർതിരിവുകൊണ്ടല്ല, മറിച്ച് രക്ഷിതാക്കൾക്ക് പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസം എന്ന പ്രശ്നത്തോട് പൊതുവായുള്ള വൈമുഖ്യമാണ്. ഇതു കൂടുതൽ തെളിഞ്ഞുകാണുന്നത് മുസ്ലീം സമുദായത്തിലാണെന്ന് മാത്രം.

രോഗാതുരതയുടെ കാര്യത്തിലും മേൽപറഞ്ഞത്രയും ആവർത്തിക്കേണ്ടിവരും. ആരോഗ്യകേന്ദ്രങ്ങളിലും സ്വകാര്യ ആശു പത്രികളിലും എത്തിച്ചേരുന്നവരിൽ കൂടുതലും സ്ത്രീകളാണ്. കടലോരപ്രദേശങ്ങളിൽ വർഷകാലങ്ങളിൽ വറുതിയും ദാരിദ്ര്യവും പെട്ടെന്ന് ആക്രമിക്കുന്നത് സ്ത്രീകളെയാണ്. വരുമാ നമുള്ള തൊഴിൽ തേടുവാനും അതിലൂടെ ഉപജീവന മാർഗ്ഗം തേടുവാനും ഉള്ള ശ്രമം സ്ത്രീകളുടെ പക്ഷത്തുനിന്ന് ശക്തമാ യി ഉണ്ടാവുന്നില്ല. ഇതിനുള്ള പ്രധാന കാരണം സർക്കാർ ജോലിക്ക് സമൂഹം കൽപ്പിക്കുന്ന അധിക മാന്യതയും, ദിവസക്കൂലി, കാർഷികവൃത്തി, കുടിൽ വ്യവസായം എന്നിവയ്ക്ക് കൽപിക്കുന്ന രണ്ടാം സ്ഥാനവും തന്നെയാ വാം. മാത്രമല്ല തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ഇരട്ടറോളാണ് ആടിത്തീർക്കാനുള്ളത്. വീട്ടിലവൾ അമ്മയും ഭാര്യയും എന്ന നിലയിൽ അളന്നു തിട്ടപ്പെടുത്താനാവാത്ത ജോലി ചെയ്തു തീർത്തശേഷമാണല്ലോ പുറത്തെ 'തൊഴിൽ' തേടിയിറങ്ങേണ്ടത്. വൂട്ടുജോലിയിൽ തന്നാലാവുന്ന സഹായം ചെയ്യുന്നത് തൻെറ മാന്യതക്ക് ഭൂഷണമല്ലെന്നുള്ള മനോഭാവം പുരുഷൻ കൈവിടാത്തിടത്തോളം ഈ അവസ്ഥക്ക് മാറ്റം ഉണ്ടാകുന്നതെങ്ങിനെ?

അഴിയൂർ പഞ്ചായത്തിലെ മഹാഭൂരിപക്ഷ സ്ത്രീകളും മേൽപറഞ്ഞ അർത്ഥത്തിൽ 'തൊഴിൽ രഹിത' രാണ് വരുമനം ഉണ്ടാകുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവവും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടാണ് ജോലി ചെയ്യുന്നത്. വ്യാവസായിക മേഖല എന്നുപറയാൻ ഈ പഞ്ചായത്തിൽ ഒരു നൂൽനൂൽപ് കേന്ദ്രവും, തുണിനെയ്ത്ത് കേന്ദ്രങ്ങളും ഉണ്ട്. മേൽപറഞ്ഞ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കുറച്ചെങ്കിലും സ്ത്രീകൾ ജോലിചെയ്തുവരുന്നുണ്ട്.

പഞ്ചായത്തിലെ വയലുകളിൽ ഒട്ടുമുക്കാലും നികത്തി തീരുകയാൽ, പണ്ടുമുതലെ കാർഷികവൃത്തി ചെയ്തുവന്നിരുന്ന ഞാറുനടൽ, കൊയ്ത്ത് തുടങ്ങിയവ സ്ത്രീകളിൽ ഭൂരിഭാഗത്തിനും അത്തരം ഒരു തൊഴിൽ സാധ്യതയും അന്യം നിന്നു കഴിഞ്ഞിരിക്കുന്നു.

അഞ്ച് കിലോമീറ്ററിലധികം ദൈർഘ്യമുള്ള കടൽതീരവും അത്രതന്നെ വരുന്ന പുഴയോരവുമുള്ള നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതോ, മത്സ്യോൽപന്നങ്ങളുടെ സംസ്കരണത്തോട് ബന്ധപ്പെട്ടതോ ആയ പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. മത്സ്യ ബന്ധനമാവട്ടെ തികച്ചും പുരുഷൻെറ കുത്തകയുമാണ്. നാമമാത്രമായ തോതിൽ സ്ത്രീകൾ മത്സ്യവിൽപനമയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുള്ളൂ. മത്സ്യബന്ധന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷൻെറ കയ്യിൽ എത്തിച്ചേരുന്ന വരുമാനത്തിൽ സിംഹ ഭാഗവും കുടുംബത്തിലേക്കല്ല, മറിച്ച് പുരുഷൻെറ മാത്രമായ വിനോദത്തിനും, അനാരോഗ്യകരമായ ദുശ്ശീലങ്ങൾക്കും ചെല 'വായിപോകുകയാണ് ചെയ്യുന്നത്. ചുമട്ടു തൊഴിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് നിശ്ചിതമായ കൂലിയോ, തൊഴിൽ ഭദ്രതയോ, തൊഴിൽ മാന്യതയോ ലഭിക്കുന്നില്ലെന്ന കാര്യം കൂടി പ്രസ്താവ്യമാണ്. ട്രൈസം പദ്ധതി പ്രകാരവും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ വഴിയും

. തൊഴിൽ പരിശീലനവും, തയ്യൽ, എംബ്രോയിഡറി തുടങ്ങിയ വയിലെ പ്രാവീണ്യവും നേടിയ ഒരു ചെറിയ വിഭാഗം സ്ത്രീകളും നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവരുടെ കഴിവും, തൊഴിൽ സാമർത്ഥ്യവും ഉപയോഗപ്പെടുത്തുവാനു ള്ള മേഖല ഇല്ലെന്നു തന്നെ പറയാം. ഫലത്തിൽ ഇവരും തൊഴിൽ രഹിതരാണ്. സഹകരണ രൂപത്തിൽ ഇവരുടെ ചെറിയ കൂട്ടായ്മകളുണ്ടാക്കി അവരിലെ കഴുവുകളെ 'തൊഴി ലാ'ക്കിത്തീർത്താൽ രക്ഷപ്പെടുന്നത് അവരിലെ ആത്മവിശ്വാസം മാത്രമല്ല ഒട്ടനവധി കുടുംബങ്ങൾ തന്നെയാവും. ഇതിനോ ടൊപ്പം ചേർത്തുവായിക്കേണ്ടത് കേവലം 6 മാസ ത്തെ പരിശീലനം കൊണ്ട് മാത്രം തൊഴിലിലൊ സാങ്കേതിക വിദ്യകൾ പൂർണ്ണമായും സ്വായത്തമാക്കാൻ സാധാരണ സ്ത്രീ കൾക്ക് കഴിയില്ല. ആയതിനാൽ കാലം നീട്ടേണ്ടത് അത്യാവശ്യമാണ്. ഒപ്പം ഇത്തരം പരിശീലനം നൽകിയ പെൺ കുട്ടികൾക്ക് തൊഴിൽ സാധ്യത ഉറപ്പാക്കേണ്ടതുണ്ട്.

ആടുമാടുകളെ വളർത്തി ഉപജീവന മാർഗ്ഗം കഴിക്കുന്ന ചെറിയൊരു വിഭാഗം സ്ത്രീകളും നമ്മടെ പഞ്ചായത്തിലുണ്ട്. പക്ഷേ ഇത്തരക്കാരെ സഹായിക്കാനുതകുന്ന പദ്ധതികളൊന്നും ഇന്നും നിലവിലില്ലെന്നതു ദുഖകരമാണ്. സാമൂഹ്യ രംഗത്തെ പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ സ്ത്രീകൾ ഏറെ പിറകിലാണെന്ന് പറഞ്ഞിരുന്നല്ലോ എന്നാൽ സംവരണ വ്യവസ്ഥ നിലവിൽ വന്നതോടെ എണ്ണത്തിൽ ചെറുതെങ്കിലും

സ്ത്രീകൾ നേതൃത്വ മേഖലയിലേക്ക് ഉയർന്നു വരുന്ന കാഴ്ച യാണ് ഇന്നു കാണാൻ കഴിയുന്നത്. നമ്മടെ പഞ്ചായ ത്തിന്റെ ഭരണ നേതൃത്വം ഏറ്റെടുക്കുന്നത് ഒരു സ്ത്രീ തന്നെ യെന്നുളളത് നമുക്ക് അഭിമാനിക്കാൻ വക നൽകുന്ന കാരമാണല്ലോ.

## അടിയന്തര ശ്രദ്ധ പതിയേണ്ട ചില പ്രശ്നങ്ങൾ

കൂടിൽ വ്യവസായങ്ങൾ, മുട്ടക്കോഴിയെയും, ഇറച്ചി ക്കോഴിയേയും വളർത്തൽ, സ്വന്തം വീട്ടുവളപ്പിലും, സഹകരണ അടിസ്ഥാനത്തിലും പച്ചക്കറി കൃഷിചെയ്യൽ, മത്സ്യ സംസ്കരണ സ്ഥാപനങ്ങൾ എന്നീ രംഗങ്ങളിൽ കൂടു തൽ കൂടുതൽ തൊഴിൽ സാധ്യതകൾ സ്ത്രീകൾക്കായി കണ്ടെത്തണം.

ചാരായ നിരോധനം നിലവിൽ വന്നെങ്കിലും നമ്മുടെ പഞ്ചായത്തിനെ തൊട്ടുകിടക്കുന്ന മയ്യഴിയിൽ സുലഭമായി മദ്യം എന്ന കൊടും ഭീകരൻ ഈ പഞ്ചായത്തിൽ ദുരന്ത ചിത്രങ്ങളും കണ്ണീർക്കഥകളും രചിക്കുമ്പോൾ ഇതിന്റെ ഏറ്റവും വലിയ രക്തസാക്ഷികൾ ഇവിടുത്തെ സ്ത്രീകൾ തന്നെ യാണ്. ഈ ദുരിതങ്ങൾക്ക് ശക്തമായ ഒരു പരിഹാരം കണ്ടെത്തിയേ കഴിയൂ.

## പ്രശ്നങ്ങൾ

1. പൊതു രംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല. (കാരണം അതിന് ആവശ്യമായ ഒരു വ്യവസായ മേഖല ഈ പഞ്ചായത്തിലില്ല)

3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെ ടുക്കുന്നതിന് സംഘടിതമായ പ്രവർത്തനങ്ങളില്ലെന്നു തന്നെ പറ യാം.

4. D. W. C R. A യൂണിറ്റുകളുടെ പ്രവർത്തനത്തിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിന്റെ അഭാവം പ്രകടമാണ്.

5. ഏത് രംഗത്തും വനിതകൾക്ക് ജനസംഖ്യാനുപാതി കമായ പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാട് ഒരു രാഷ്ട്രീയ പാർട്ടയിലും കാണാനില്ല.

6. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുളള പരിപാടികൾ ഒന്നുംതന്നെ ഇന്ന് നിലവിലില്ല.

7. മയ്യഴിയിൽ സുലഭമായി ലഭിക്കുന്ന മദ്യമുണ്ടാക്കുന്ന കുടുംബപരവും, സാമൂഹിക പരവുമായ പ്രശ്നങ്ങൾ

## സാധ്യതകളും നിർദ്ദേശങ്ങളും

1. സാധുക്കളായ സ്ത്രീകളും കുട്ടികളും ഇന്ന് അഭിമുഖീ കരിക്കുന്ന സാമ്പത്തിക സാമൂഹിക വിദ്യഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിത സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.

2. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഇതിനകം ത യ്യൽ പരിശീലനം ലഭിച്ചിട്ടുളള വനിതകളെ സഹകരണാടി സ്ഥാനത്തിൽ ഒരു റെഡിമെയ്ഡ് സ്ഥാപനം തുടങ്ങുക.

3. നിലവിലുളള മഹിളാ സമാജങ്ങളെ പോലുളള സാംസ്കാരിക സംഘടനകളെ ബേധവൽക്കരിച്ച് സ്ത്രീകൾക്കിടയിലെ അനാരോഗ്യകരമായ പ്രവണതകൾക്കെ തിരെ പ്രതികരിക്കാൻ സജ്ജരാക്കുക.

4. കാർഷിക വൃത്തിയിൽ തൽപരരായ സ്ത്രീകൾക്ക് അടുക്കളത്തോട്ടങ്ങളുണ്ടാക്കാൻ സഹായകരമായ മാർഗ്ഗ നിർദ്ദേങ്ങളും സേവനങ്ങളും കൃഷിഭവനുകളിൽ നിന്ന് ലഭ്യമാക്കുക.

5. സ്ത്രീകളെ ഇന്ന് സമൂഹത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളുമായി നിരന്തരം ബന്ധപ്പെടുത്തുവാനുളള ഒരു സ്ഥിരം വേദി ഉണ്ടാക്കുന്നതോടൊപ്പം സ്ത്രീകൾക്കെതിരെ ഇന്ന് നടക്കുന്ന കയ്യേറ്റങ്ങളെ ചെറുത്ത് തോൽപ്പിക്കാൻ അവരെ സജ്ജമാക്കുക.

7. സ്ത്രീകൾക്കുമാത്രമായി എൻജിനീയറിംഗ്, അസംബ്ലിം യൂണിറ്റ് തുടങ്ങിയ ചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കുക.

8. നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് ലഭ്യമാ ക്കുന്ന സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പഞ്ചായ ത്തിന്റെ പ്രമുഖ കേന്ദ്രങ്ങളിൽ നിശ്ചിത ദിവസങ്ങളിൽ എത്തിച്ചേരേണ്ടതുണ്ട്.

9. ഗുണമേന്മയുളള ധാന്യപ്പൊടികൾ പായ്ക്കറ്റുകളിലാ ക്കി മിതമായ വിലയിൽ വിൽപന നടത്താൻ ഇതിന് തൽപര രായ സ്ത്രീകളുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക.

10. ശിശു സംരക്ഷണകേന്ദ്രങ്ങൾ, ഫീഡിംഗ് സെൻറ റുകൾ, ബാലവാടികൾ എന്നിവയുടെ പ്രവർത്തനം സജീവവും ആരോഗ്യകരവുമായ രീതിയിൽ പഞ്ചായത്തിലെ എല്ലാ കുടുംബിനികൾക്കും പ്രാപ്യമായ ദൂരത്തിൽ സ്ഥാപി ക്കുകയും, ജനകീയ അടിസ്ഥാനത്തിൽ അതിന്റെ നടത്തിപ്പ് ശ്രമപ്പെടുത്തുകയും ചെയ്യുക.

11. 40 വയസ്സ് കഴിഞ്ഞിട്ടുളള അവിവാഹിതകളായുളള സ്ത്രീകൾക്ക് പെൻഷൻ ഏർപ്പെടുത്തുക.

12. അശ്ലീല പോസ്റ്ററുകൾ പൊതു സ്ഥലത്ത് സ്ഥാപിക്കുന്നത് നിർത്തലാക്കുക.

13. ക ക്ഷി രാ ഷ് ട്രീ യ ത്തി ന തീ ത മാ യി മഹിളാസംഘടനകൾ രൂപീകരിക്കുക.

5-10

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

അഴിയൂർ പഞ്ചായത്തിൽ കേരളത്തിലെ മൊത്തം ജനസംഖ്യയുടെ കേവലം 3.4 ശതമാനം മാത്രമാണ്. 1991ലെ സെൻസസ് റിപ്പോർട്ടിൽ പട്ടിക വർഗ്ഗക്കാരായി 7 പേരെ കാണാമെങ്കിലും അവർ ഇൻസ്റ്റിറ്റ്യൂട്ടിലോ ഹോസ്റ്റലിലോ താമസിക്കു ന്നവരാണ്. പട്ടിക വർഗ്ഗക്കാരായി ഈ പഞ്ചായ ത്തിൽ തീരെയില്ല. പട്ടിക ജാതി വിഭഗത്തിൽ പെട്ട 159 കുടുംബങ്ങളായി 958 പേർ ഈ പഞ്ചായത്തിൽ താമസി ക്കുന്നു. ഇവരുടെ പിന്നോക്കാവസ്ഥ പരിശോധിക്കുകയാ ണെങ്കിൽ ഹരിജന കുടുംബങ്ങളൊഴിച്ചുള്ള പരവൻ, വണ്ണാൻ, വേട്ടുവ മുതലായ സമുദായക്കാർ പിന്നോക്ക സമുദായക്കാരാ ണെന്ന ധാരണപോലും ഈ ഗ്രാമ പഞ്ചായത്തിൽ നിലവില്ല. ഇതിനൊരപവാദം ഹരിജനങ്ങൾ മാത്രമാണ്. ഹരിജനങ്ങളുടെ ഇടയിൽ തന്നെ നിരക്ഷരർ വളരെ കുറ വാണ്. പ്രായംചെന്നവർ ഇതിനൊരപവാദമാണെങ്കിലും ഹരിജന ങ്ങളുടെ ഇടയിൽ പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവരും, വിദ്യാഭ്യാസം പൂർത്തിയാക്കി ഉന്നത നിലവാരമുള്ള ജോലി യിൽ പ്രവേശിച്ചവരുമുണ്ട്. വിവിധ സമുദായക്കാർ വളരെ സൗഹാർദപരമായി ജീവിക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ ഇവിടെ പിന്നോക്കക്കാരുടെ ഇട യിൽ ഉച്ചനീചത്വത്തിൻെറ പ്രശ്നം ഉൽഭവിക്കുന്നില്ല.

ഗ്രമ പഞ്ചായത്തുകളിലും സഹകരണ ബാങ്ക് ഭരണ രംഗത്തേക്കും പട്ടക ജാതി, പട്ടിക വർഗ്ഗക്കാർക്ക് സംവരണം ഏർപ്പെടുത്തിയതുകൊണ്ട് ഈ വിഭാഗത്തിൽ പെട്ടവർ കടന്നു വന്നിട്ടുണ്ട്. എന്നിട്ടും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ നേതൃത്വ പദവിയിലേക്ക് ഇവർ വേണ്ടത്ര കടന്നുവന്നിട്ടില്ല. ഇവരെ വളർത്തിക്കൊണ്ടുവരാൻ ആവശ്യമായ ബോധവൽക്കരണം സമൂഹത്തിൽ നിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

പട്ടികജാതി വിഭാത്തിൽ പെട്ടവർക്ക് ബ്ലോക്കിൻെറ യും പഞ്ചായത്തിൻെറയും സഹായ പദ്ധതികൾ പൂർണ്ണമാ യും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

കിണർ, കക്കൂസ്, വീട് എന്നിവ നിർമ്മിക്കാൻ ഗ്രൻറാ യി ലഭിക്കുന്ന പണം പൊതുവെ ആവശ്യത്തിന് തികയുന്നില്ല. അതിനാൽ ഈ വിഭാഗത്തിൽ പെട്ട പാവപ്പെട്ട കുടുംബ ങ്ങൾക്ക് അത് പൂർത്തീകരിക്കാൻ പ്രയാസം നേരിടുന്നു. പട്ടികജാതി വിഭാത്തിൽ പെട്ടവർക്കുള്ള സ്കീമുകൾ സാമ്പത്തിക വർഷത്തിൻെറ അവസാന മാസങ്ങളിലാണ് വന്നെത്തുക. ആവശ്യമുള്ള ഗുണഭോക്താക്കളെ കണ്ടെ ത്താൻ ജനപ്രതി നിധികൾക്കോ, സാമൂഹ്യ രാഷ്ട്രീ പ്രവർത്തകർക്കോ സമ യം കിട്ടാത്ത അവസ്ഥ ഉണ്ടാവുന്നു. അത്തരം സമയങ്ങളിൽ വീട്, കക്കൂസ്, കിണർ എന്നിവ സ്വന്തമായി നിർമ്മിക്കാൻ കഴിയുന്നവർക്കാണ് ഈ ആനുകൂല്യം കൊടുക്കാൻ ജനപ്ര തിനിധികളും ഉദ്യോഗസ്ഥരും നിർബന്ധിതരാകുന്നത്. അർഹതപ്പെട്ട കുടുംബങ്ങൾക്ക് ലഭിക്കാതെയും വരുന്നു. അതിനാൽ പട്ടികജാതി വിഭാങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നേരത്തെ പ്രഖ്യാപിക്കാനും ആ വിവരം വാർഡുകളിലെ വായ നശാലകൾ ക്ലബ്ബുകൾ എന്നിവിടങ്ങളിൽ നോട്ടീസുകൾ മുഖേന പ്രദർശിപ്പിക്കാനും കഴിയണം.

പട്ടികജാതി വിഭാഗങ്ങളിൽ പെട്ട കർഷക തൊഴിലാളി കൾക്ക് കൃഷിചെയ്യാൻ സ്ഥലം വാങ്ങുന്നതിനായി 25000 രൂപ ഗ്രാൻറ് കൊടുക്കുന്ന ഒരു സ്കീം കൃഷിഭവനിൽ ഇപ്പോൾ വന്നിട്ടുള്ളത് പ്രകാരം അപേക്ഷകൾ സ്വീകരിച്ചുകൊണ്ടി രിക്കുകയാണ്.

പ്രി ഡിഗ്രി മുതൽ പഠിക്കുന്ന കുട്ടികൾക്ക് ഫീസ് ആനുകൂല്യത്തിന് പുറമെ ലംപ്സം ഗ്രാൻറ്, പ്രതിമാസ സ്റ്റൈ പ്പൻറ് എന്നിവയും നൽകുന്നു. കോഴിക്കോട് ജില്ലയിൽ തിരു ത്തിയാട്ടും രണ്ട് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഉണ്ട്. ഇതിൻെറ സേവനം നമ്മുടെ പഞ്ചായത്തിലെ അർഹരായ കുട്ടികൾക്കും ലഭിക്കും.

എസ്. എസ്. എൽ. സി. പരീക്ഷയിൽ തോറ്റ പട്ടിക ജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കു വാനാവശ്യമായ ധനസഹായവും ലഭിക്കും.

അഴിയൂർ പഞ്ചായത്തിൽ 3ാം വാർഡിൽ ചാരംകയ്യിലു ളള ഹരിജൻ കോളനിയാണ് ഏക കോളനി. 11 കുടുംബങ്ങൾ താമസിക്കുന്ന കോളനിയുടെ പൊതുസ്ഥിതി താഴെ കൊടുക്കുന്ന പട്ടകയിലൂടെ മനസ്സിലാക്കാം.

### ചാരംകയ്യിൽ ഹരിജൻ കോളനി

പട്ടിക - 1

| | |
|---|---|
| ഹരിജൻ കുടുംബങ്ങളുടെ എണ്ണം | 11 |
| ആകെ അംഗങ്ങൾ | 50 |
| ആൺ | 25 |
| പെൺ | 25 |
| വൈദ്യുതീകരിച്ച വീട് | 3 |
| വൈദ്യുതീകരിക്കാത്ത വീട് | 8 |
| കുടിൽ | 2 |
| ഓടുമേഞ്ഞത് | 7 |
| കോൺക്രീറ്റ് | 2 |
| പാരമ്പര്യതൊഴിൽ എടുക്കുന്ന കുടുംബങ്ങളുടെ എണ്ണം | 2 |
| കൂലിവേല | 8 |
| ഗവർമെൻറ് സർവീസ് | 1 |

ഈ കോളനി നിലവിൽ വന്നത് അടുത്ത കാലത്താണ്. ഇവിടെ വലിയ പ്രശ്നം വൈദ്യുതി, റോഡ്, കുടിവെള്ളം എന്നിവയുടെ അപര്യാപ്തതയാണ്. കോട്ടാമല ശുദ്ധജല വിതരണ പദ്ധതിയിൽ നിന്ന് കുടിവെള്ളം എത്തിക്കുന്ന സ്ഥിതി ഇപ്പോഴുണ്ടായിട്ടുണ്ട്. ചതുപ്പ് പ്രദേശമായതിനാൽ കക്കൂസ് നിർമ്മിക്കുവാൻ സെപ്റ്റിക് ടാങ്ക് തന്നെ പണിയേ ണ്ടി വരും. അതിന് വലിയ ചെലവ് വേണ്ടിവരുന്നതിനാൽ കക്കൂസ് നിർമ്മിക്കുവാൻ ഈ കുടുംബങ്ങൾക്ക് കഴിയാത്ത സ്ഥിതിയുണ്ട്. ഈ ഹരിജൻ കോളനിയെ തീവ്ര സങ്കേത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസനം പൂർണ്ണമാക്കണം.

ഹരിജൻ വെൽഫെയർ ബോർഡിൻെറ കീഴിൽ ഈ പഞ്ചായത്തിലെ 4ാം വാർഡിൽ മാഹി റെയിൽവെ സ്റ്റേഷനടുത്ത് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമാ യുളള പ്രീമെട്രിക് (SC/ST) ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു ണ്ട്. പഞ്ചായത്തിന് പുറത്തുളള കുട്ടികളാണ് ഭൂരിഭാഗവും ഇവിടെ താമസിച്ച് പഠിക്കുന്നത്. ഒരു ആൺകുട്ടിയും, ഒരു പെൺകുട്ടിയും അഴിയൂർ പഞ്ചായത്തിലേതാണ്. ഈ വിഭാഗത്തിൽ പെട്ടവർക്ക് വലിയ ഒരു അനുഗ്രഹമാണ് ഈ സ്ഥാപനം. ചോമ്പാൽ സബ് ജില്ലയിലെ പിന്നോക്ക വിഭാഗ ത്തിലെ കുട്ടികൾക്ക് വെക്കേഷൻ കാലത്ത് സൗജന്യ കോച്ചിംഗ് ഇവിടെ വെച്ച് നടത്താറുണ്ട്. (പട്ടിക - 2)

### ഹോസ്റ്റലിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും.

1. കക്കൂസ്, കുളിമുറി, വാട്ടർ പൈപ്പ് കണക്ഷൻ എന്നിവയുടെ കേടുപാടുകൾ തീർക്കണം.
2. വാട്ടർ ടാങ്കിന് മൂടിയില്ലാത്തതിനാൽ പരുന്തുകളും, കാക്കകളും അഴുക്കുകൾ കൊത്തി കൊണ്ടിടുന്ന സ്ഥിതി യുണ്ട്. അതിനാൽ അടിയന്തരമായി മൂടിവേണം.
3. വെള്ള ക്ഷാമം പരിഹരിക്കാനായി കിണർ കുഴിക്കുക.
4. കുട്ടികൾക്ക് ഒഴിവ് സമയങ്ങളിൽ കണ്ടിരിക്കുവാൻ ടി. വി. അനുവദിക്കുക.
5. കുട്ടികൾക്ക് വായിക്കാൻ ലൈബ്രറി അനു വദിക്കുക.
6. എല്ലാ ആഴ്ചകളിലും ഹോസ്റ്റലിൽ മെഡിക്കൽ ചെക്കപ്പിനുളള സംവിധാനം ഉണ്ടാക്കുക.
7. എല്ലാ വിഷയങ്ങൾക്കും ട്യൂഷൻ നൽകുക.
8. ഹോസ്റ്റലിലേക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്ന മുക്കാളിയിലെ ചോമ്പാല കോ - ഓപ് കൺസ്യൂമർ സ്റ്റോർ അധികൃതർക്ക് കൃത്യമായും, മുടക്കമി ല്ലാതെയും സാധനങ്ങൾ വിതരണം ചെയ്യുവാനുളള ഉപദേശ വും തടസ്സം വന്നാൽ അന്തേവാസികൾ അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങളെ പറ്റി ബോധവൽക്കരണം നടത്തുക യും വേണം. ആ സ്റ്റോറിന് സാധനങ്ങൾ വിതരണം നടത്താൻ സാധിക്കാതെ വരികയാണെങ്കിൽ അനുയോജ്യമായ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ നടത്തുന്ന സ്റ്റോ റിൽ സൗകര്യമുണ്ടാക്കുക.

| സ്ഥാപനങ്ങളുടെ പേര് | ആകെ കുട്ടികൾ | ക്ലാസ് | | 21വയസ്സ് | | ജീവനക്കാർ | ജീവനക്കാരുടെ ഒഴിവ് |
|---|---|---|---|---|---|---|---|
| | | U.P | H.S | 10 - 13 | 14ന് മുകളിൽ | | |
| അഴിയൂർ പ്രീ മെട്രിക് ഹോസ്റ്റൽ (ആൺ) | 30 | 16 | 14 | 9 | 9 | 5 | 1 (കുക്ക്) |
| അഴിയൂർ പ്രീ മെട്രിക് ഹോസ്റ്റൽ (പെൺ) | 26 | 10 | 16 | 8 | 18 | 5 | 1 പാർട്ട് ടൈം സ്വീപ്പർ |

9. ഇപ്പോൾ കുട്ടികൾക്കനുവദിച്ച ഭക്ഷണത്തിനുള്ള തുക മാസം പ്രതി 300ക എന്നത് വർദ്ധിപ്പിക്കുക.

10. ഹോസ്റ്റലിൽ ആവശ്യമായ സ്ഥലങ്ങളിൽ ഫാനുകൾ സ്ഥാപിക്കുക.

### വാർഡുകളിലെ പട്ടികജാതി വിഭാഗങ്ങളുടെ പ്രശ്നങ്ങളും പരിഹാരങ്ങളും.

ഒന്നാം വാർഡിൽ പഞ്ചായത്ത് സ്ഥലമെടുത്ത് നൽകിയ കപ്പക്കടവത്ത് നാല് സെൻറ് കോളനിയിൽ രണ്ട് ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവർ കുടിവെള്ളത്തിന് വേണ്ടി ഉപയോഗിക്കുന്ന പൊതു കിണർ ആവശ്യമായി റിപ്പേർ ചെയ്യേണ്ടതാണ്.

രണ്ടാം വാർഡിൽ വണ്ണാൻ സമുദായക്കാരാണ് താമസിക്കുന്നത്. ദോബിക്കുളം എന്നറിയപ്പെടുന്ന കുളത്തെ ആശ്രയിച്ചാണ് ഇവർ അലക്ക് ജോലിചെയ്ത് ഉപജീവനം കഴിക്കുന്നത്. സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത ഇവർ വാടക വീട്ടിൽ താമസിച്ചാണ് ഈ ജോലി ചെയ്യുന്നത്. അത്തരം വിഭാഗക്കാർക്ക് വീട് വെക്കാനുള്ള സ്ഥലവും ധനസഹായവും നൽകേണ്ടതാണ്.

നാലാം വാർഡിലെ ഹരിജൻ കുടുംബങ്ങളെ (-8 എണ്ണം) മൂന്നാം വാർഡിലെ ഹരിജൻ കോളനിയുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. റെയിൽവേ ലൈനും പി. ഡബ്ല്യു. ഡി. റോഡും വാർഡ് അതിർത്തിയായതുകൊണ്ടാണ് ഇവർ രണ്ട് വാർഡുകളിലായത്. 3ാം വാർഡിലെ അതേ പ്രശ്നങ്ങൾ 4ാം വാർഡിലെ ഹരിജനങ്ങൾക്കും അനുഭവപ്പെടുന്നുണ്ട്. പരമ്പരാഗതമായ തൊഴിൽ ചെയ്ത് ഉപജീവനം തേടുന്നവർക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുകയും തൊഴിൽ പോഷിപ്പിക്കാനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

അഞ്ചും ആറും വാർഡുകളിൽ ഈ വിഭാഗത്തിൽപെട്ട തൊഴിൽ രഹിതരായ വനിതകൾ നിലവിലുണ്ട്. അവർക്ക് സ്വയം തൊഴിൽ കണ്ടെത്താനാവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്.

ഒരു സംവരണ സീറ്റായ ഏഴാം വാർഡിലാണ് ഏറ്റവുമധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നത്. ഇവിടെ ഈ വിഭാഗത്തിൽ പെട്ട അഭ്യസ്ഥ വിദ്യരെ ധാരാളം കാണാം. ഇവരെ ഏകോപിപ്പിച്ച് സ്വയം തൊഴിൽ മേഖല സൃഷ്ടിക്കുവാൻ കഴിയുകയാണെങ്കിൽ ഒരു വലിയ നേട്ടമായിരിക്കും. കൂടാതെ സ്വന്തം വീടില്ലാത്തവരും, വീട് വെക്കാൻ സ്ഥലം ഇല്ലാത്തവരും ഇവിടെയുണ്ട്.

എട്ടും ഒമ്പതും വാർഡുകളിൽ ഈ വിഭാഗത്തിൽ പെട്ട കുടുംബങ്ങൾ കുറവാണെങ്കിലും അടുത്ത വാർഡുകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി സ്വയം തൊഴിൽ മേഖല ഉണ്ടാക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പത്താം വാർഡിൽ പത്തോളം കുടുംബങ്ങൾ ഉണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. വിദ്യാഭ്യാസ രംഗത്ത് മറ്റ് വാർഡുകളെ അപേക്ഷിച്ച് പിന്നോക്കാവസ്ഥയിലാണ്.

പതിനൊന്നാം വാർഡിൽ കുറവ സമുദായത്തിൽ പെട്ട പിന്നോക്കക്കാർ താമസിച്ചു വരുന്നുണ്ട്. ദേശാടനം നടത്തി തൊഴിൽ നടത്തുന്നവരാണിവരിലധികവും. സ്വയം തൊഴിൽ ചെയ്യുവാനും മറ്റുമേഖലകളിലേക്ക് കടന്നുവരാനും ബോധവൽക്കരണം ഈ വിഭാഗത്തിനിടയിൽ നടത്തേണ്ടതുണ്ട്. ഗവർമെൻറിൽ നിന്നോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ ധനസഹായം നേടിയെടുക്കുന്നതിന് ഈ വിഭാത്തിന് താൽപര്യമില്ല. വിദ്യാഭ്യാസപരമായ പിന്നോക്ക അവസ്ഥയാവാം ഇതിന് കാരണം.

## നിർദ്ദേശങ്ങൾ

1. ചാരംകൈ ഹരിജൻ കോളനിയിൽ ഏകദേശം 4 ഏക്കർ സ്ഥലം പുറമ്പോക്ക് ഭൂമിയാണ്. ഇത് ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്കായി വീതിച്ച് നൽകുക.

2. 50ൽ പരം കുടുംബങ്ങൾ ഉൾപ്പെടുന്ന തീവ്ര സങ്കേത പദ്ധതികൾ ഉൾപ്പെടുത്തി ശുദ്ധജലം, വൈദ്യുതി, റോഡ് എന്നിവ ലഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുക.

3. നിലവിലുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

4. സ്കീമുകൾക്കുള്ള ഗ്രാൻറ് അനുവദിക്കുമ്പോൾ അഡ്വാൻസ് തുക നൽകുക.

5. അഴിയൂർ പഞ്ചായത്തിൽ പെട്ട മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെയും മുഴുവൻ വിവരങ്ങൾ ശേഖരിച്ച് പഞ്ചായത്ത് തലത്തിലും, ബ്ലോക്ക് തലത്തിലും സൂക്ഷിക്കുക.

## പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

1. പാവപ്പെട്ട പട്ടികജാതി പെൺകുട്ടികളെ വിവാഹം ചെയ്യിക്കുന്നതിന് ധനസഹായം - സംഖ്യ - 2000ക, വരുമാനപരിധി 8000ക.

2. ചികിത്സാധനസഹായം - സംഖ്യ - 1000ക, വരുമാനപരിധി 8000ക.

3. പുര ഓലമേയുന്നതിനുള്ള ധനസഹായം

4. വീട് ഓട് മേയുന്നതിനുള്ള ധനസഹായം

5. തകർന്നവീട്, കക്കൂസ്, കിണർ എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം.

## പ്രശ്നങ്ങൾ

1. മൂന്നാം വാർഡിലെ ചാരംകയ്യിൽ ഹരിജൻ കോളനിയിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി ഇവ ഇനിയും ഉണ്ടായിട്ടില്ല. ഒപ്പം കുടിവെള്ള പ്രശ്നവും ഉണ്ട്.

2. സർക്കാർ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള ആനുകൂല്യങ്ങൾ യഥാസമയങ്ങളിൽ അറിയുന്നില്ല.

3. പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക അവസ്ഥ മനസ്സിലാക്കാൻ കഴിയുന്ന സ്ഥിതി വിവര കണക്കിന്റെ അപര്യപ്തത.

4. ഓരോ ആവശ്യത്തിനും ലഭിക്കുന്ന സഹായധനം കൊണ്ട് ഉദ്ദേശത്തിന്റെ പകുതിപോലും പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥ.

5. അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാനുള്ള തടസ്സങ്ങൾ. വീടുണ്ടാക്കാനുള്ള സ്കീം വരുമ്പോൾ വീടു വെക്കാൻ സ്ഥലമില്ലാത്തതിനാൽ അതു ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

6. ഹരിജൻ കോളനിയിലും ഏറ്റവുമധികം പിന്നോക്ക ജാതി വിഭാഗക്കാർ താമസിക്കുന്ന സ്ഥലത്തും ബാലവാടിയോ അംഗനവാടിയോ നിലവിലില്ല.

## സാധ്യതകൾ

1. പട്ടിക ജാതി വിഭാഗളുടെ ഒരു സാമൂഹിക സാമ്പത്തിക സർവ്വെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ പഞ്ചായത്തിലും എടുത്തുകൊണ്ടിരിക്കുകയാണ്. ജനപ്രതിനിധികൾ മുൻകൈയെടുത്ത് എടുക്കുന്ന കണക്കിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത കുടുംബങ്ങളെ കണ്ടെത്താനും അവർക്ക് അൺടൈഡ് ഫണ്ട് ജെ. ആർ. വൈ. പദ്ധതി പ്രകാരമുള്ള ആനുകൂല്യം അവർക്ക് ഏതേത് മേഖലകളിൽ നൽകണമെന്ന് തീരുമാനിക്കുകയും ചെയ്യാൻ കഴിയും.

2. പട്ടിക ജാതി വിഭാഗങ്ങളിൽ പെട്ടവരെ പഞ്ചായത്തിൽ രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ വിളിച്ച് ചേർത്ത് അവരുമായി ചർച്ച ചെയ്ത് അവരുടെ അഭിരുചിയും തൊഴിൽ സാധ്യതകളും മനസ്സിലാക്കി ഓരോകുടുംബത്തിനും ആവശ്യമായി വരുന്ന സ്കീമുകൾ ഉണ്ടാക്കി ഈ രംഗത്തുള്ളവരുടെ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇല്ലാതാക്കാൻ ഗ്രാമ പഞ്ചായത്തിന് നേതൃത്വം നൽകാൻ കഴിയും.


3. ഹരിജൻ കോളനിയുലും ജനവിഭാഗം കൂടതൽ താമസിക്കുന്ന ഏഴാം വാർഡിൽ സമഗ്ര ശിശു സംരക്ഷണ കേന്ദ്രം സ്ഥാപിച്ച് കുട്ടികളുടെയും, ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും പോഷകക്കുറവ് പരിഹരിക്കാം.

4. പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വീടുവെക്കാൻ ഭൂമി വാങ്ങിക്കൊടുക്കുവാൻ കഴിയും.

5. നാലാം വാർഡിൽ ഹരിജനങ്ങൾ താമസിക്കുന്ന സ്ഥലത്തെയും, ചാരംകയ്യിൽ ഹരിജൻ കോളനിയിൽ ഉൾപ്പെടുത്തി വിപുലീകരിക്കുക.

6. കക്കൂസ് നിർമ്മിക്കാൻ പ്രയാസം അനുഭവപ്പെടുന്ന ഹരജൻ കോളനിയിൽ പഞ്ചായത്തിന്റെ ചെലവിൽ ഒരു പൊതു സെപ്റ്റിക് ടാങ്ക് പണിയുക.

7. ഈ വിഭാഗത്തിലെ തൊഴിൽ രഹിതരായ വനിതകളെ സംഘടിപ്പിച്ച് തൊഴിൽ പരിശീലനം നൽകുകയും, പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന വനിത സഹകരണ സംഘത്തിൽ ഇവർക്ക് മുൻഗണന നൽകുകയും ചെയ്യുക



5-11

# സഹകരണം

സാമൂഹിക ജീവിതത്തിന്റെ ശക്തി, ആ സമൂഹത്തിലെ അംഗങ്ങൾക്ക് ഇടയിലെ സഹകരണത്തിന്റെ ബലത്തിന്റെയും തീഷ്ണതയുടെയും മാനങ്ങൾ ഉപയോഗിച്ചേ അളക്കാൻ കഴിയൂ. ഭീകരമായ ഋണ ബാധ്യതയിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കാനായി, 1904ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ സംഘങ്ങൾ സജീവമായത്.

കേരളത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ആരംഭിച്ച 1920കളിൽതന്നെ അഴിയൂരിലും സഹകരണ സ്ഥാപനം രൂപീകൃതമായിട്ടുണ്ട്. 1921ൽ പുത്തൻ പുരയിൽ കണ്ണൻ എന്നയാളുടെ നേതൃത്വത്തിൽ അഴിയൂർ ചുങ്കത്ത് "ശ്രീ വിലാസ് ഐക്യനാണയ സംഘം" എന്ന പേരിൽ രൂപീകരിച്ച സഹകരണ സംഘമാണ് അഴിയൂരിലെ ആദ്യത്തെ സഹകരണ സ്ഥാപനം. ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും പെട്ടുഴലുന്ന കർഷകരെ ഉൽപ്പാദനത്തിന്റെ ഭൂരിഭാഗവും പലിശയായി കൊടുക്കേണ്ടി വരുന്ന അവസ്ഥയിൽ നിന്ന് രക്ഷപ്പെടുത്തുക എന്ന ഉദ്ദേശമായിരുന്നു ഈ സ്ഥാപനത്തിന്റെ രൂപീകരണത്തിന് പിന്നിലുണ്ടായിരുന്നത്. ഈ സ്ഥാപനമാണ് 1960ൽ അഴിയൂർ സർവ്വീസ് സഹകരണ ബേങ്ക് ആയി മാറിയത്.

രണ്ടാമത്തെ സഹകരണ സ്ഥാപനം കൊളരാട് തെരു ആസ്ഥാനമായി 1952ൽ ശ്രീ. പി.ചാത്തു മുൻകൈ എടുത്ത് രൂപീകരിച്ച ചോമ്പാൽ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആണ്. സഹകരണ പ്രസ്ഥാനത്തിന് നല്ല വേരോട്ടമുള്ള പഞ്ചായത്തായി അഴിയൂർ ഇപ്പോൾ മാറിയിട്ടുണ്ട്. നിലവിൽ 17 സഹകരണ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

(പട്ടിക 1) കാണുക.

കാർഷിക മേഖലയിൽ അഴിയൂർ സർവ്വീസ് സഹകരണ ബേങ്ക്, ചോമ്പാൽ സർവ്വീസ് സഹകരണ ബേങ്ക് എന്നീ രണ്ട് സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. കൂടാതെ വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്, ജല്ലാ സഹകരണ ബേങ്ക് എന്നിവയുടെ ഓരോ ശാഖകളും പഞ്ചായത്തിലുണ്ട്.

ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് പ്രവർത്തിക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. എല്ലാ കർഷകർക്കും ഉപയോഗപ്രദമാകും വിധം കാർഷിക ഉൽപ്പാദന വർദ്ധനവിന് ഉതകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല എന്നത് ഒരു പോരായ്മയാണ്.

ഈ രണ്ട് സഹകരണ സ്ഥാപനങ്ങളും ദീർഘവും ഹ്രസ്വവുമായ കാർഷിക കടങ്ങളും കാർഷികേതര വായ്പകളും നൽകി വരുന്നു. സ്വർണ്ണ പണ്ട പണയത്തിൽ ലോൺ കൊടുക്കുന്നുമുണ്ട്. ഇതിനു പുറമേ ഐ.ആർ.ഡി.പി. ലോണുകളും നൽകുന്നു. ചോമ്പാൽ സർവ്വീസ് സഹകരണ ബേങ്കിന്റെ നേതൃത്വത്തിൽ ഒരു റേഷൻ കടയും ഓണം വിഷു സീസണുകളിൽ മാവേലി സ്റ്റോറും പ്രവർത്തിച്ചു വരുന്നു. രണ്ട് സഹകരണ ബേങ്കുകളും വളം ഡിപ്പോവും നടത്തി വരുന്നു.

മേൽ പറഞ്ഞ രണ്ട് സ്ഥാപനങ്ങളും പ്രവർത്തനം നടത്തുന്നത് പ്രധാനമായും ജില്ലാ ബേങ്കിന്റെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സഹായവും കൂടാതെ പൊതു ജനങ്ങളുടെ അകമഴിഞ്ഞ സഹകരണവും കൊണ്ടാണ്. ഈ ബേങ്കുകളുടെ നിക്ഷേപങ്ങളെ സംബന്ധിച്ചും ലോണുകളെ സംബന്ധിച്ചുമുള്ള പട്ടിക ഇതോടൊപ്പം കൊടുക്കുന്നു.

(പട്ടിക - 2,3) കാണുക.

ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ് അഴിയൂർ ഭവന നിർമ്മാണ സഹകരണ സംഘം. അഴിയൂർ പഞ്ചായത്ത് മുഴുവൻ പ്രവർത്തന മേഖലയായ ഈ സ്ഥാപനം വീട് നിർമ്മിക്കാനാവശ്യമായ വായ്പകൾ നൽകിവരുന്നു. ലോൺ ലഭിക്കാനുള്ള നടപടിക്രമത്തിലെ സങ്കീർണ്ണതകൾ ഒഴിവാക്കി, സാധാരണക്കാരന് ലോൺ ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

OFFICE OF THE AZHIYOOR GRAMA PANCHAYAT

നോൺ ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ചോമ്പാൽ സഹകരണ ആശുപത്രി. ആതുര സേവനരംഗത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനം മുമ്പ് കൊളരാട് തെരുവിൽ ആരംഭിച്ചപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനം ഉണ്ടായിരുന്നു. ഇപ്പോൾ മുക്കാളിയിൽ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനം ഇല്ല. ആരംഭകാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം ഇടക്കാലത്തുണ്ടായ മന്ദീഭാവം മാറി പ്രവർത്തനം കാര്യക്ഷമമായിട്ടുണ്ട്. കെട്ടിടനിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ചോമ്പാൽ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള ഹാന്റ്‌ലൂം വീവേഴ്സ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ വ്യവസായ സഹകരണ സംഘങ്ങളാണ്. കേരള ഹാന്റ്‌ലൂം വീവേഴ്സ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 145 തൊഴിലാളികൾ ജോലി ചെയ്യുന്നു. ലാഭകരമായി പ്രവർത്തിച്ചിരുന്ന സ്ഥാപനമാണിത്. ചോമ്പാലിൽ പ്രവർത്തിച്ചിരുന്ന സാമുവൽ ആറോണിന്റെ കേരള കോട്ടൺ മിൽ അടച്ചു പൂട്ടിയപ്പോൾ അവിടെ ജോലിചെയ്തിരുന്ന 300ൽ പരം തൊഴിലാളികൾക്ക് തൊഴിൽ നൽകാനായി പ്രസ്തുത സ്ഥാപനം സർക്കാർ ഏറ്റെടുക്കാൻ തയ്യാറായെങ്കിലും ഭൂമി സംബന്ധിച്ച തർക്കങ്ങൾ കാരണം ഫാക്ടറി ഏറ്റെടുക്കാൻ സർക്കാരിന് കഴിയാതെ വന്നു. ഈ സാഹചര്യത്തിലാണ് വ്യവസായ വകുപ്പ് ഈ സഹകരണ സംഘം രൂപീകരിച്ചത്.

അഴിയൂരിൽ രണ്ടാമതായി രൂപീകരിച്ച സഹകരണ സ്ഥാപനമായ ചോമ്പാൽ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 88 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. പൊതുവെ ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ട്.

അപ്പക്സ് സംഘത്തിന്റെയും സർക്കാറുകളുടെയും ബാങ്കുകളുടെയും വായ്പാ സൗകര്യങ്ങൾ കൊണ്ടാണ് ഈ സ്ഥാപനങ്ങൾക്ക് നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിയുന്നത്. ഈ സ്ഥാപനങ്ങളിലെ ഉൽപന്നമായ തുണിത്തരങ്ങൾ ആഭ്യന്തര വൈദേശിക മാർക്കറ്റുകളിൽ വളരെ പ്രിയങ്കരങ്ങളാണ്. കൂടുതൽ സഹായങ്ങൾ നൽകി ഈ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാം. അത് വഴി പഞ്ചായത്തിലെ വ്യവസായരംഗത്ത് ഒരു മുതൽക്കൂട്ടാക്കി മാറ്റാൻ കഴിയും.

മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനു വേണ്ടി രൂപീകൃതമായ രണ്ട് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ ഈ സംഘങ്ങൾക്ക് കഴിയാറില്ല. പ്രവർത്തനം വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്.

ചോമ്പാൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു പാൽ സൊസൈറ്റി ഈ പഞ്ചായത്തിലുണ്ട്. ഈ പ്രദേശത്തിന്റെ സാധ്യതകൾക്ക് ഒത്തുയരാൻ പ്രസ്തുത സംഘത്തിന് കഴിയുന്നില്ല. ഏറെ വികസന സാധ്യതയുള്ള ഈ രംഗത്ത് കൂടുതൽ ശ്രദ്ധിച്ചാൽ ഒട്ടേറെ മാറ്റങ്ങളുണ്ടാക്കാൻ കഴിയും.

ഉപഭോക്താവിന് ന്യായവിലക്ക് സാധനങ്ങൾ ലഭ്യമാക്കാനും കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കാനും ഉദ്ദേശിച്ചുകൊണ്ട് ചോമ്പാലിൽ ഒരു കൺസ്യൂമർ സ്റ്റോർ പ്രവർത്തിച്ചു വരുന്നു. നേരത്തെ 3 ബ്രാഞ്ചുകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ ബ്രാഞ്ചുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ചോമ്പാലിൽ മാത്രമേ സ്റ്റോർ പ്രവർത്തിക്കുന്നുള്ളൂ. പ്രവർത്തനം കാര്യക്ഷമമായി നടത്താനാവശ്യമായ സഹായങ്ങൾ സർക്കാരില് നിന്നും ലഭിക്കേണ്ടതാണ്.

വ്യവസായ രംഗത്ത് മുമ്പ് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന മാഹി റെയിൽവെ സ്റ്റേഷന് സമീപമുള്ള കയർ സഹകരണ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കൂടുതൽ തൊഴിലാളികൾ ജോലി ചെയ്തിരുന്ന നല്ല മൂലധനമുള്ള ഈ സ്ഥാപനം, കുറഞ്ഞ കൂലിനിരക്ക് കാരണം തൊഴിലാളികളെ ലഭിക്കാത്തതു കൊണ്ടും കുറഞ്ഞവിലക്ക് തൊണ്ട് ലഭിക്കാനുള്ള പ്രയാസം കാരണവുമാണ് നിലച്ചുപോയത്. ചെറിയ തരത്തിലുള്ള യന്ത്രവൽക്കരണത്തിലൂടെ കയർ പിരിക്കാനുള്ള സംവിധാനം ഉണ്ടാക്കിയാൽ സംഘം പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നതാണ്.

പ്രവർത്തനം നിലച്ചുപോയ മറ്റൊരു സ്ഥാപനമാണ് മുക്കാളി കൂടനിർമ്മാണ സഹകരണ സംഘം. ഈ സംഘത്തെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞാൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാം.

ഇതിനു പുറമെ 4 സ്ക്കൂൾ സഹകരണ സംഘങ്ങളും പ്രവരത്തിച്ചു വരുന്നുണ്ട്. ലാഭകരമായി പ്രവർത്തിക്കുന്ന ഈ സംഘങ്ങൾ സ്ക്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ കുറഞ്ഞനിരക്കിൽ ലഭിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

1. ഉദ്യോഗസ്ഥ മേധാവിത്തവും സർക്കാരിന്റെ വൻതോതിലുള്ള നിയന്ത്രണവും.

2. സർക്കാരിന്റെയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹായകരമല്ലാത്ത നിലപാടു മൂലം ധനത്തിന്റെ അഭാവവും

3. മാനേജ്മെന്റുകളുടെ കാര്യക്ഷമതയില്ലായ്മ.

4. മാനേജ്മെന്റിൽ തൊഴിലാളികളുടെ അഭിപ്രായത്തിന് വേണ്ടത്ര പരിഗണന കിട്ടായ്മ.

5. പുതിയ പ്രവർത്തന പരിപാടികൾ തുടങ്ങാനുള്ള ആത്മ വിശ്വാസക്കുറവാണ്.

6. നിത്യ ചിലവുകളും ശമ്പളം മുതലായ ചിലവുകളും വഹിക്കാനുള്ള കഴിവില്ലായ്മ.

7. സാങ്കേതിക നവീകരണത്തിന്റെ അഭാവം.

8. സങ്കുചിതമായ കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിലുള്ള മത്സരങ്ങൾ.

### സാധ്യതകൾ

വികസന പ്രക്രിയയിൽ സഹകരണ പ്രസ്ഥാനത്തിന് കാര്യമായ സംഭാവനകൾ നൽകാൻ കഴിയും. മഹിളകളുടെയും ദുർബ്ബല വിഭാഗങ്ങളുടെയും ഇടയിലുള്ള രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഭവന നിർമ്മാണം ഈ രംഗങ്ങളിൽ കാര്യമായ പ്രവർത്തനങ്ങൾ കാഴ്ച വെക്കുവാന് കഴിയും. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിലും മെച്ചപ്പെട്ട സംഭാവനകൾ അർപ്പിക്കാൻ സാധിക്കും. കൃഷി. കച്ചവടം, വ്യവസായം എന്നീ മിക്കകാര്യങ്ങളിലും സമൂലമായ

പുരോഗതി കൈവരിക്കാൻ സഹകരണ മേഖലയിലൂടെ സാധിക്കും.

I പുതിയ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

1. ആശാരിപ്പണി, കൊല്ലപ്പണി, ഫർണ്ണിച്ചർ നിർമ്മാണ യൂണിറ്റ് എന്നീ മേഖലയിൽ ഒരു സഹകരണ സംഘം തുടങ്ങാവുന്നതാണ്.

2. വനിതകൾക്ക് മാത്രമായി ഒരു നെയ്ത്തു സഹകരണ സംഘം.

3. നാളികേര സംസ്ക്കരണ രംഗവുമായി ബന്ധപ്പെട്ട് അതിവേഗത്തിൽ വിറ്റഴിക്കാൻ കഴിയുന്ന രീതിയിലുള്ള കേരോൽപ്പന്ന നിർമ്മാണ യൂണിറ്റായി ഒരു സഹകരണ സംഘം.

4. പപ്പടം, അവിൽ, അച്ചാർ, മിഠായി, ബേക്കറി ഉൽപ്പന്നങ്ങൾ മുതലായവ നിർമ്മിക്കുന്ന ഒരു വനിതാ സഹകരണ സംഘം.

5. സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന ഒരു ഹോട്ടൽ, റസ്റ്റോറന്റ്, കൂൾബാർ.

6. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, മഹിളാ സഹകരണ സംഘം.

7. സഹകരണ രംഗത്ത് ഒരു കുമ്മായ നിർമ്മാണ യൂണിറ്റ് സഹകരണ സംഘം.

8. 1, 2, 3, 4 വാർഡുകൾ പ്രവർത്തന മേഖലകളായും 5, 6, 7 വാർഡുകൾ പ്രവർത്തന മേഖലകളായും രണ്ട് ക്ഷീര സഹകരണ സംഘങ്ങൾ.

9. സഹകരണ മേഖലയിൽ ഒരു പവർലൂം ഫാക്ടറി.

10. ചെമ്മീൻ കൃഷി സഹകരണ സംഘം.

11. കെട്ടിട നിർമ്മാണ രംഗത്ത് ഒരു തൊഴിലാളി സഹകരണ സംഘം.

12. ഒരു വനിതാ സഹകരണ ബാങ്ക്.

13. പഞ്ചായത്തിലെ വികസന പരിപാടികളുമായി ബന്ധപ്പെട്ട് ഒരു മാർക്കറ്റിങ്ങ് സർവ്വീസ് സഹകരണ സംഘം.

II പ്രൊഫഷണൽ മാനേജ്മെന്റ് കോഴ്സ് തുടങ്ങുക.

III തൊഴിലാളികൾക്ക് പ്രത്യേക പഠനക്ലാസ്സ് നടത്താനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.

IV സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരമാക്കുക.

V നിലവിലുള്ള ഉൽപാദന സഹകരണ സംഘങ്ങൾ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടികൾ കൈക്കൊള്ളുക.

VI വനിതകൾക്ക് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ ആനുപാതിക പ്രാതിനിധ്യം നൽകണം.

VII സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കുക.

VIII ജനങ്ങളുടെ ആവശ്യാനുസൃതമായ പരിപാടികൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കാൻ സർവ്വീസ് സഹകരണ ബാങ്കുകള് ശ്രമിക്കേണ്ടതാണ്.

IX പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുവാനും ഉൽപാദന കേന്ദ്രങ്ങളിൽ നിന്നു തന്നെ സംഭരണം നടത്തുവാനും, ഉതകുന്ന രീതിയിൽ ഉപഭോക്തൃസംഘത്തിനെ പുനരുദ്ധരിക്കാൻ വേണ്ടുന്ന നടപടികൾക്ക് രൂപം നൽകുക.

X മത്സ്യ ഉൽപാദക സഹകരണ സംഘങ്ങൾ ഏതു ലക്ഷ്യത്തിനാണോ രൂപീകരിക്കപ്പെട്ടത് ആ ലക്ഷ്യ സാക്ഷാത്കാരത്തിനായി തന്നെ പ്രവർത്തിപ്പിക്കാൻ കഴിയേണ്ടതാണ്.

XI മത്സ്യ വിപണനം, സംസ്ക്കരണം എന്നിവക്ക് സൗകര്യം ഉണ്ടാവണം.

XII കോഴിത്തീറ്റ, കന്നുകാലിത്തീറ്റ എന്നിവ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാൻ സാധ്യത ഉണ്ടാവണം.

XII സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന സാമഗ്രികൾ, യൂണിഫോറം മുതലായവ വിതരണം ചെയ്യത്തക്കവിധം സ്ക്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം രൂപപ്പെടുത്തേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. സഹകരണ ബാങ്ക് സമിതി അംഗങ്ങൾ ജനസമ്പർക്കം മുഖേന സ്ഥാപനവുമായി ജനങ്ങളെ ബന്ധപ്പെടുവാൻ ശ്രമിക്കേണ്ടതാണ്.

2. സഹകരണ ബാങ്കുകളിൽ കൂടി കാർഷികം മുതലായ എല്ലാ പ്രത്യൽപാദന പരമായ കാര്യങ്ങൾക്കും വായ്പ ലഭിക്കേണ്ടതാണ്.

3. ഐ.ആർ.ഡി.പി. ലോൺ കൊടുപ്പാനുള്ള നബാർഡിന്റെ പരിപാടി വീണ്ടും തുടങ്ങാൻ സഹകരണ ബാങ്കുകൾക്ക് ആനുവാദം നൽകേണ്ടതാണ്.

4. വീവേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് റിബേറ്റ് ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക കൊടുത്തു തീർക്കുകയും റിബേറ്റ് തുക അതാതു സമയത്ത് തന്നെ സംഘങ്ങൾക്ക് നൽകുകയും വേണം.

5. കൈത്തറി രംഗത്ത് ഒരു തുണി സംസംക്കരണ കേന്ദ്രം സ്ഥാപിക്കുക.

6. കൈത്തറി നെയ്ത്തു പരിശീലന കേന്ദ്രം തുടങ്ങേണ്ടതാണ്.

7. കൈത്തറി തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭ്യമാക്കണം. നൂൽ, ചായം, കെമിക്കൽസ് എന്നിവ മിതമായ നിരക്കിൽ സംഘങ്ങൾക്ക് ലഭിക്കുവാൻ നടപടി വേണം.

8. സ്ക്കൂളിലേക്ക് ആവശ്യമായ നോട്ടുപുസ്തകങ്ങൾ നിർമ്മിക്കുന്നതിന് ആവവശ്യമായ കടലാസുകൾ മിതമായ നിരക്കിൽ സ്ക്കൂൾ സ്റ്റോറുകളിൽ കൂടി നൽകുക.

9. സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു ജൈവവള നിർമ്മാണ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം.

10. സഹകരണസ്റ്റോറുകൾക്കും സഹകരണ ആശുപത്രികൾക്കും സർക്കാർ സാമ്പത്തികസഹായം അനുവദിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

(പട്ടിക 1)

| നമ്പർ | സഹ ക രണ സംഘ ത്തിന്റെ പേർ | സ്ഥാപിച്ച വർഷം | അംഗ ങ്ങൾ | ജീ വനക്കാ രുടെ എണ്ണം | ഓഹരി മൂല ധനം | വാർഷിക ടേണോ വർ | ലാഭം | നഷ്ടം | സർക്കാർ ഓഹരി |
|---|---|---|---|---|---|---|---|---|---|
| 1 | ചോമ്പാൽ സർവ്വീസ് സഹ ക രണ ബാങ്ക് | 1952 | 1791 | 8 | 355240 | 63100000 | 205000 | -- | 196600 |
| 2 | അഴി യൂർ സർവ്വീസ് സഹ ക രണ ബാങ്ക് | 1972 | 2534 | 5 | 380069 | 42494139 | 52000 | -- | 30500 |
| 3 | അഴി യൂർ ഭവന നിർമ്മാണ സഹ ക രണ സംഘം | 1960 | 189 | 3 | 421505 | 2815094 | -- | 4260 | 235000 |
| 4 | അഴി യൂർ കുട നിർമ്മാണ സഹ ക രണ സംഘം | 1960 | 350 | 4 | 89655 | -- | -- | -- | 80460 |
| 5 | ചോമ്പാൽ പാൽ വിത രണ സംഘം | 1976 | 65 | 2 | 1980 | 613200 | | | -- |
| 6 | ചോമ്പാൽ സഹ ക രണ സ്റ്റോർ | 1974 | 362 | 3 | 40110 | 908203 | -- | 185000 | 25000 |
| 7 | ചോമ്പാൽ സഹ ക ര ണാ ശു പത്രി | 1974 | 293 | 3 | 30000 | 320969 | 2980 | -- | 15000 |
| 8 | കേരളാ ഹാന്റ്ലൂം വീവേഴ്സ് ഇൻഡ സ്ട്രി യൽ കോ- ഓ പ്പ്. സൊസൈറ്റി | 1960 | 234 | 10 | 1033020 | | | | |
| 9 | ചോമ്പാൽ വീവേഴ്സ് കോ- ഓ പ്പ്. സൊസൈറ്റി | 1952 | 428 | 6 | 322823 | 7105965 | 26446 | -- | 683200 |
| 10 | അഴി യൂർ കയർ സഹ ക രണ സംഘം | 1962 | 350 | 1 | 89655 | 3166500 | 9945 | -- | 531200 |
| 11 | ജി. എ ച്ച്. എ സ്. അഴി യൂർ കോ. - ഓ പ്പ്. സ്റ്റോർ | 1989 | 110 | -- | 10000 | -- | -- | -- | 804600 |
| 12 | ബി. ഇ. എം. യു. പി. കോ. - ഓ പ്പ്. സ്റ്റോർ | 1975 | 100 | -- | 6000 | 520000 | 2000 | -- | 10000 |
| 13 | കല്ലാ മല യു. പി. സ്ക്കൂൾ കോ. - ഓ പ്പ്. സ്റ്റോർ | 1976 | 163 | -- | 6630 | 20000 | 800 | -- | 5000 |
| 14 | അഴി യൂർ ഗവർമെന്റ് ജൂനി യർ ബേസിക്ക് സ്ക്കൂൾ സഹ ക രണ സ്റ്റോർ | 1974 | 115 | -- | 5675 | 66366 | 1800 | -- | 5000 |
| 15 | ചോമ്പാൽ മത്സ്യ ഉൽപ്പാ ദക സഹ ക രണ സംഘം | 1975 | 520 | 1 | 35200 | 20300 | 1000 | -- | 5000 |
| 16 | അഴി യൂർ മത്സ്യ ഉൽപ്പാ ദക സഹ ക രണ സംഘം | 1993 | 300 | 1 | 33000 | -- | -- | -- | 30000 |
| 17 | മുക്കാളി കുട നിർമ്മാണ സഹ ക രണ സംഘം | 1791 | | | | -- | -- | -- | 30000 |

(പട്ടിക 2) ചോമ്പാൽ സർവ്വീസ് സഹകരണ ബാങ്ക് (ബാക്കി നിൽപ്പ്)

| Particulars | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഡിപ്പോസിറ്റ് | 3,847,585 | 4,692,484 | 6,133,723 | 9,454,120 | 11,279,413 |
| കാർഷിക ലോൺ | 861,245 | 957,199 | 939,364 | 867,490 | 546,185 |
| ഗോൾഡ് ലോൺ | 1,945,240 | 2,716,560 | 4,213,520 | 5,264,100 | 7,270,100 |
| വ്യാവസായിക ലോൺ | 7,500 | 7,500 | 10,800 | 8,875 | 1,460 |
| ഐ.ആർ.ഡി.പി. ലോൺ | 202,050 | 168,707 | 146,669 | 135,543 | 158,873 |
| മറ്റു ലോണുകൾ | 361,517 | 284,212 | 193,609 | 178,516 | 345,882 |

(പട്ടിക 3) അഴിയൂർ സർവീസ് സഹകരണ ബാങ്ക്

| 1 | Particulars | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|
| 2 | Deposits (Outstanding) as on 30.6.1996 | 1,665,319 | 2,024,939 | 2,826,223 | 3,414,410 | 3,637,475 | 4,924,164 |
| 3 | കാർഷി ക ലോൺ 1-വർഷം കൊടു ത്തത് | 1,196,062 | 178,894 | 120,880 | 105,000 | 98,000 | 88,000 |
| 4 | ഗോൾഡ് ലോൺ | 1,844,440 | 2,747,270 | 2,726,850 | 3,145,655 | 4,223,085 | 5,211,900 |
| 5 | ഐ. ആർ. ഡി. പി. ലോൺ | 11,520 | 1,500 | 21,571 | 58,901 | 109,000 | -- |
| 6 | വ്യവ സായ ലോൺ | -- | -- | -- | -- | -- | -- |
| 7 | മറ്റു ലോണു കൾ | 339,208 | 329,720 | 930,670 | 658,225 | 1,399,505 | 1,680,725 |

5-12

# വിഭവസമാഹരണം

നമ്മുടെ ഗ്രാമങ്ങൾ ഇന്ന് വികസന പ്രതിസന്ധി നേരിടുകയാണ്. വികസന രംഗത്തെ മുരടിപ്പ് നമ്മുടെ പഞ്ചായത്തിനെയും ഗ്രസിച്ചിട്ടുണ്ട്. അഴിയൂരിലെ കാർഷികരംഗവും സ്തംഭനാവസ്ഥയിലാണ്. ഇതൊടൊപ്പം നാണ്യവിളകളുടെ വിലയിടിവും കർഷകരെ അലട്ടുന്നു. പരമ്പരാഗത വ്യവസായവും തകർച്ചയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുയാണ്. മറ്റു കാര്യമായ വ്യവസായങ്ങളൊന്നും പഞ്ചായത്തിലില്ല. മുമ്പൊക്കെ കൈത്തറി തെരുവുകളിലൂടെ രാത്രികാലങ്ങളിൽ സഞ്ചരിക്കുമ്പോൾ കേൾക്കുന്ന റാട്ടുതിരിയുന്ന താളാത്മക ശബ്ദങ്ങളും പുഴയോരത്തെ തൊണ്ടുതല്ലുന്ന ശബ്ദവും ഒരു പഴങ്കഥയാണ്. ഈ രംഗത്തെ പുതിയ തലമുറ പുതിയ മേച്ചിൽ പുറങ്ങൾ തേടിപ്പോയി. കെട്ടിട നിർമ്മാണ രംഗത്തേക്കാണ് ബഹുഭൂരിപക്ഷം പേരും ചേക്കേറുന്നത്. നല്ലൊരു ശതമാനം ചെറുപ്പക്കാർ ഓട്ടോറിക്ഷാഡ്രൈവർമാരുമായി. ഗൾഫിൽ ജോലി ചെയ്യുന്നവർ ധാരാളമുള്ള ഈ പഞ്ചായത്തിൽ അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമുണ്ട്.

പഞ്ചായത്തിന്റെ വരുമാനം

കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീ, വിവിധ സർക്കാർ ഏജൻസികളുടെ ഗ്രാന്റ് എന്നിവയാണ് പഞ്ചായത്തിന്റെ വരുമാനം.

വരുമാനത്തിന്റെ വ്യതിയാന പട്ടിക

പട്ടിക (1)

ഈ പഞ്ചായത്തിൽ ധാരാളം ലീസ് ഭൂമികളുണ്ട്. ഈ ഭൂമികളെല്ലാം സമഗ്രമായി സർവ്വെ ചെയ്ത് കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ വരുമാനം പരമാവധി സമാഹരിച്ച് ഉൽപ്പാദനരംഗത്തേക്ക് തിരിച്ചു വിട്ടാൽ വികസന മേഖലയിലെ മുരടിപ്പ് മാറ്റിയെടുക്കാൻ കഴിയും. ഈ പഞ്ചായത്തിൽ രണ്ട് ദേശസാൽകൃത ബാങ്കുകളും രണ്ടു സഹകരണ ബാങ്കുകളും വടകര സഹകരണ ബാങ്കിന്റെ ഒരു ശാഖയും കോഴിക്കോട് ജില്ലാ ബാങ്കിന്റെ ഒരു ശാഖയുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ ബാങ്കുകളിൽ നിക്ഷേപിക്കുന്ന തുക പഞ്ചായത്തിലെ വികസനത്തിന് ഉപയോഗിക്കാൻ കഴിയണം. പഞ്ചായത്തിന് വികസനന പ്രവർത്തനങ്ങൾക്ക് വായ്പയെടുക്കാൻ സാധ്യത പഞ്ചായത്ത് ആക്റ്റിലുണ്ട്. ഗ്രാമസഭകളും പഞ്ചായത്തുകളും അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകളെ ബാധ്യസ്ഥരാക്കുന്ന നിയമം ഈ രംഗത്ത് ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഷോപ്പിങ്ങ് കോംപ്ലക്സിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കണം. പുതുതായി കുഞ്ഞിപ്പള്ളി, മുക്കാളി, മാഹി റെയിൽവേ സ്റ്റേഷൻ പരിസരം എന്നിവടങ്ങളിൽ ഷോപ്പിങ്ങ് കോംപ്ലക്സുകൾ തുടങ്ങാവുന്നതാണ്. കമ്മ്യൂണിറ്റി ഹാൾ പണിത് കല്ല്യാണം, പൊതുപരിപാടികൾ എന്നിവയ്ക്ക് വാടകക്ക് കൊടുത്താൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം. ദേശീയ സമ്പാദ്യപദ്ധതി വഴിയും ഇന്ദിരാവികാസ് പത്രയുടെ വിൽപന വഴിയും കിട്ടുന്ന വരുമാനത്തിന്റെ 20 ശതമാനം പഞ്ചായത്തിന് കിട്ടും. നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിയും മഹിളാ പ്രധാൻ ഏജന്റുമാരും കൂട്ടായി ശ്രമിച്ച് നിക്ഷേപ സമാഹരണം നടത്താവുന്നതാണ്. ചെറുകിട സമ്പാദ്യ പദ്ധതി ഏജന്റുമാരെയുപയോഗിച്ച് സമ്പാദ്യ പദ്ധതികൾ ഊർജ്ജിതപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാം. പഞ്ചായത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് റോഡുകൾ വികസിപ്പിക്കുക, തോടുകൾ ആഴം കൂട്ടുക മുതലായവയ്ക്ക് പാഴായിപ്പോകുന്ന മനുഷ്യാധ്വാനം ഉപയോഗിച്ചാൽ പഞ്ചായത്തിന് ചുരുങ്ങിയ ചിലവിൽ സ്ഥായിയായി നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. ടൂറിസ വികസനത്തിന് ഏറെ സാധ്യതയുള്ള നമ്മുടെ പഞ്ചായത്ത് ഇപ്പോൾ മാഹി മഞ്ചക്കൽ വരെയുള്ള പോണ്ടിച്ചേരി സർക്കാറിന്റെ ടൂറിസം പദ്ധതിയുടെ മാതൃകയിൽ അഴിയൂരിലെ കക്കടവ്, മോന്താൽ, കോവുക്കൽ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ബോട്ടു സർവ്വീസ് ഏർപ്പെടുത്താവുന്നതാണ്. ഈ പഞ്ചായത്തിന് പുറത്തുള്ള

പെരിങ്ങത്തൂർ, തുരുത്തിമുക്ക്, ഓർക്കാട്ടേരി, കണയാൻ വള്ളിപ്പാലം എന്നിവിടങ്ങളിലേക്ക് ബോട്ടുസർവ്വീസ് നടത്താവുന്നതാണ്. നിർദ്ദിഷ്ട മിനി ഫിഷിങ്ങ് ഹാർബർ മുതൽ വെള്ളിയാൻ കല്ല് വരെ ബോട്ടു സർവ്വീസ് ഏർപ്പെടുത്തിയാൽ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയും. ഏറെ പറഞ്ഞുകേട്ട മാടമ്പിച്ചാലിലെ ടൂറിസ വികസന സാധ്യതകളും പരിശോധിക്കാവുന്നതാണ്.

നാഷണൽ ഹൈവെയിൽ ചോമ്പാലിൽ മിനിസ്റ്റേഡിയത്തിനരികെ ദീർഘ ദൂരയാത്രക്കാരെ ഉദ്ദേശിച്ചുകൊണ്ട് ഒരു റൂറൽ പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ച് വാടകക്ക് കൊടുത്താൽ പഞ്ചായത്തിന് അതൊരു വരുമാന മാർഗ്ഗമാകും. ഇതോടനുബന്ധിച്ച പട്ടികകൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കാർഷിക വ്യാവസായിക രംഗങ്ങളിലെ മുരടിപ്പ്.

2. അശാസ്ത്രീയമായ നീതി നിർണ്ണയം.

3. നികുതി പിരിച്ചെടുക്കുന്നതിലുള്ള വീഴ്ച.

4. പാഴായിപ്പോകുന്ന മനുഷ്യശക്തി.

5. ആസൂത്രണത്തിന്റെ പ്രശ്നങ്ങൾ.

6. ഗ്രാന്റുകൾ യഥാസമയം ലഭ്യമാക്കാതിരിക്കൽ.

7. ഈ പഞ്ചായത്തിലെ നിക്ഷേപം അന്യപ്രദേശങ്ങളിലേക്ക് ഒഴുകിപ്പോകൽ.

8. കമ്മ്യൂണിറ്റി ഹാളിന്റെ അഭാവം.

9. കാർഷിക വ്യാവസായിക വായ്പകൾ ലഭിക്കാനുള്ള സങ്കീർണ്ണതകൾ.

11. ഭരണച്ചെലവിലുള്ള വർദ്ധനവ്.

സാധ്യതകൾ

1. കാർഷിക വ്യാവസായിക രംഗത്തെ മുരടിപ്പ് ഇല്ലാതാക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കാൻ.

2. വാർഡുകൾ തോറും തൊഴിൽരഹിതരെ ചേർത്ത് സന്നദ്ധസേന രൂപീകരിക്കുകയും അതുവഴി അവരുടെ കായികശേഷി ഉപയോഗിച്ച് വികസനങ്ങൾ നടത്താം.

3. നികുതിപിരിവ് ഊർജ്ജിതപ്പെടുത്താൻ ഗ്രാമസഭകളുടെ സഹായം തേടണം.

4. പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ കുറഞ്ഞ തുക കൊണ്ട് കൂടുതൽ പേർക്ക് ഗുണം ലഭിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുക.

5. ഈ പഞ്ചായത്തിലെ ബാങ്കുകളിലെ നിക്ഷേപത്തിന്റെ ഗണ്യമായ ശതമാനം പഞ്ചായത്ത് അതിർത്തിയിലുള്ളവർക്ക് വായ്പ നൽകുക.

6. കമ്മ്യൂണിറ്റി ഹാൾ, ഷോപ്പിങ്ങ് കോംപ്ലക്സ്, കംഫർട്ട് സ്റ്റേഷൻ എന്നിവ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കുക.

7. കാർഷിക വ്യാവസായിക വായ്പകൾ ഉദാരമാക്കുക.

8. പൊതു സ്ഥലങ്ങളിലെ പരസ്യഫലകത്തിന് നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കുക.

9. ഭരണച്ചിലവ് വർദ്ധിക്കാതെ നോക്കാൻ വേണ്ട നടപടികൾ ചെയ്യുക.

10. കേബിൾ ടി.വി. കണക്ഷന് നികുതി ഏർപ്പെടുത്തുകയും ഒരു നിശ്ചിത തുകക്കു മുകളിൽ നിർമ്മാണച്ചിലവ് വരുന്ന കെട്ടിടങ്ങൾക്ക് പുതിയ നികുതി ചുമത്തുക. പുതിയ നികുതി സ്രോതസ്സുകൾ കണ്ടെത്തുക.

11. പഞ്ചായത്തിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുക.

12. വാഹനങ്ങൾക്ക് പാർക്കിങ്ങ് സ്റ്റേഷൻ ഉണ്ടാക്കി വരുമാനം വർദ്ധിപ്പിക്കുക.

വരവ് സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക (1995-96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 332785.50 | 266692.50 | 66093.00 |
| സർവ്വീസ് ചാർജ് | - | - | - |
| തൊഴിൽ നികുതി | 150415.00 | 77605.00 | 72810.00 |
| വാഹന നികുതി | - | - | - |
| വിനോദ നികുതി | 84021.10 | 84021.10 | - |
| അഡീ. വിനോദ നികുതി | 50563.95 | 50563.95 | - |
| പ്രദർശന നികുതി | 5100.00 | 5100.00 | - |
| സർചാർജ് | 1276.00 | 1276.00 | - |
| ലൈസൻസ് ഫീസ് | 10647.00 | 10647.00 | - |
| വസ്തു കൈമാറ്റ നികുതി 75ശ | 96438.00 | 96438.00 | - |
| വസ്തുകൈ മാറ്റ നികുതി 25ശ | 45000.00 | 45000.00 | - |
| ഡെപ്പോസിറ്റ് | 8587.00 | 8557.00 | - |
| മറ്റുള്ളവ | 272141.00 | 272141.00 | - |
| ആകെ | 1056975.15 | 918072.15 | 138903.00 |

1.25 പൊതു സാമ്പത്തിക നില

| | പൊതു കണക്ക് | മൂലധന കണക്ക് | കടം |
|---|---|---|---|
| 1.00 | 2.00 | 3.00 | 4.00 |
| വരവ് | 1307418.15 | 98077.15 | -- |
| ചെലവ് | 1586946.65 | 938311.65 | -- |

| വകുപ്പ് | തുക | | |
| --- | --- | --- | --- |
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
| മൃഗ സംരക്ഷണം | | 1000.00 | 1000.00 |
| ആരോഗ്യം | | 11480 അലോപതി<br>5380 ആയുർ | 11480.00<br>5388.00 |
| കൃഷി | 235179.00 | 4000.00 | 63850.00 |
| ത്ധഅ | 5600<br>2200<br>6200<br>49850 | | 500.00 |
| ഹരിജനക്ഷേമം | 500.00 | - | 11720<br>3750.00 |
| മറ്റുള്ളവ | 8930 വിദ്യാഭ്യാസം<br>27980 | 3750ഡയറി ഡെവലപ്മെന്റ് | 11720<br>3750 |
| ആകെ | 311249 | 25610.00 | 336859.00 |

| ഇനം | തുക |
| --- | --- |
| ഭരണം | 556868.00 |
| പൊതുമരാമത്ത് | 139588.00 |
| വിദ്യാഭ്യാസം | 20854.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 202694.00 |
| തെരുവ്വിളക്കുകൾ കത്തുന്നതിന് | 74705.00 |
| മറ്റുള്ളവ | 592219.00 |
| ആകെ | 1586946 |

| സ്ഥാപനം | വർഷം | നിക്ഷേപം ലക്ഷത്തിൽ | സ്വർണ്ണ വായ്പ | കാർഷിക വായ്പ | മറ്റു വായ്പകൾ |
| --- | --- | --- | --- | --- | --- |
| അഴിയൂർ വികസന ബാങ്ക് | 1996 | 2802171 (സ്ഥിരം)<br>2313506 (ഹ്രസ്വകാലം) | 3480795 | 253055 (ഹ്രസ്വം)<br>32407 (ദീർഘം) | കാർഷികേതര - 230295<br>ഹഡ്കോ - 18547<br>കാർഷികേതര ഹ്രസ്വകാലം - 29186<br>ഐ. ആർ. ഡി. പി. - 15317<br>ഹയർ പർച്ചേസ് - 25935<br>മറ്റുള്ളവ - 422346 |
| ചോമ്പാൽ കോ- ഓപ് ബാങ്ക്. | 1996 | 10279877<br>1765142. 45 | 10010500 | 508040 | കാർഷികേതരം - 230295<br>ഐ. ആർ. ഡി. പി. 139669<br>എം. ആർ - 35430<br>ഹഡ്കോ 14450<br>സ്വയം തൊഴിൽ 10000 |

# ഉപസംഹാരം

നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ ധീരദേശാഭിമാനികൾ ഉൾക്കൊള്ളുന്ന ഒരു പ്രദേശമാണ് അഴിയൂർ. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ രണാങ്കണത്തിലേക്ക് ഇറങ്ങുന്നതിന് അന്നത്തെ യുവാക്കൾ ഒട്ടും മടിച്ചിരുന്നില്ല. എന്തിനേക്കാളും വലുത് നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യമാണ് എന്ന് അവർ കരുതിയിരുന്നു. രാഷ്ട്രപിതാവിന്റെ നേതൃത്വത്തിൽ നടത്തിയ ഐതിഹാസികമായ സമരങ്ങളിലെല്ലാം യുവാക്കൾ സജീവമായി പങ്കെടുത്തു എന്നതിന് തെളിവാണ് ഈ പഞ്ചായത്തിലെ സ്വാതന്ത്ര്യസമരസേനാനികളുടെ എണ്ണം കാണിക്കുന്നത്. നാടിന്റെ സ്വാതന്ത്ര്യത്തോടൊപ്പം ഐശ്വര്യ പൂർണ്ണമായ മതേതരത്തിന്റെ സോഷ്യലിസത്തിന്റെ സമ്പൽ സമൃദ്ധിയുടെ ഒരു രാജ്യത്തെ കെട്ടിപ്പടുക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അത്തരം ഒരു ഇൻഡ്യയെയായിരുന്നു നമ്മൾ സ്വപ്നം കണ്ടിരുന്നത്.

സ്വാതന്ത്ര്യത്തിന്റെ 50ാം വാർഷികം കടന്നു പോകുന്ന ഈ അവസരത്തിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇൻഡ്യക്കുണ്ടായ പുരോഗതി എന്ത് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. 50 വർഷം കൊണ്ട് ഇൻഡ്യക്ക് പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ പ്രതീക്ഷകൾക്കൊത്ത് ഉയർന്നിട്ടുണ്ടോ? വികസന കാര്യത്തിൽ വേണ്ടത്ര വളർച്ച നേടിയിട്ടില്ല. നമ്മുടെ നാടിന്റെ വികസനം വഴിമുട്ടി നിൽക്കുകയാണ്. ഇതുമാറ്റിയെടുക്കാൻ ഒരു വികസന സംസ്കാരം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ജനപങ്കാളിത്തത്തോടെ നമുക്ക് അതിന് സാധിക്കണം. ഒരോ പ്രദേശത്തിന്റെയും ആ പ്രദേശത്തെ ജനങ്ങളുടെയും നാഡീ ഞരമ്പുകളുടെ തുടിപ്പുകൾ അറിഞ്ഞു കൊണ്ടുള്ള പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയണം. പദ്ധതികൾ ജനങ്ങൾക്ക് വേണ്ടി ആയിരിക്കണം അത് നാടിന്റെ യഥാർത്ഥ വികസനത്തിനു വേണ്ടിയായിരിക്കണം. ഒമ്പതാം പദ്ധതിയിൽക്കൂടി നമുക്കതു നേടിയെടുക്കാൻ ശ്രമിക്കാം. കേരള സർക്കാർ തുടക്കം കുറിച്ച ജനകീയാസൂത്രണ പദ്ധതി വികസനത്തിന്റെ വഴികാട്ടിയായി തീരട്ടെ. ഇന്നത്തെ യുവതലമുറ അതിന് മാർഗ്ഗ ദർശികളായി മാറണം. അവരുടെ ഉത്സാഹവും കാര്യക്ഷമതയും ഇച്ഛാശക്തിയും ഈ നാടിന്റെ വികസനത്തിന് മുതൽക്കൂട്ടായി തീരട്ടെ.

നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടിയുള്ള ഒരു വികസന രേഖ ജനകീയ പങ്കാളിത്തത്തോടെ നാം തയ്യാറാക്കിയിരിക്കയാണ്. തോടും പാലവും വിമാനത്താവളവുമായാൽ വികസനമായി എന്ന ഭാവം മാറി കാർഷിക രംഗത്തും വ്യവസായ രംഗത്തും പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഒരു വികസനമാണ് നമുക്കാവശ്യം ഇതിൽ യുവതീ യുവാക്കളുടെ പങ്ക് വളരെ വലുതാണ്. സാക്ഷരതയുടെ കിരീടം നേടിയെടുത്ത നമുക്ക് വികസന പരിപാടിയിലും ആ സ്ഥാനം നമുക്ക് നേടിയെടുക്കുവാൻ കഴിയണം.

കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടുന്ന ഫണ്ടുകൾക്കൊപ്പം ജനകീയ പങ്കാളിത്തവും നാം സമാഹരിക്കുന്ന വിഭവങ്ങളും കൂട്ടി ചേർത്ത് പദ്ധതികൾ ഉണ്ടാക്കുകയും അതുവഴി വികസനം നടത്താനും സാധിക്കണം. പ്രകൃതി വിഭവങ്ങൾ ജന വിഭവങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി ചരിത്ര പരമായ സാഹചര്യങ്ങൾ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ മുൻഗണനാ, ക്രമത്തിൽ രൂപപ്പെടുത്താൻ കഴിയണം.

ആസൂത്രണം അടിത്തട്ടിൽ നിന്നും മുകളിലേക്ക് പോകുന്നു എന്നതാണ് ജനകീയാസൂത്രണത്തിന്റെ ഒരു പ്രധാന പ്രത്യേകത. ജനങ്ങളെ ഉത്തേജിപ്പിക്കുന്നതിനൊപ്പം ജനകീയ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനുള്ള ഇച്ഛാശക്തിയും ഉണ്ടാവണം.

അതുകൊണ്ടു തന്നെ നമ്മുടെ ഗ്രാമ പഞ്ചായത്തിന്റ വികസന രേഖ സമ്പുഷ്ടമാക്കി പ്രവർത്തനം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നില നിർത്തിയേ തീരു. കക്ഷി രാഷ്ട്രീയത്തിനധീതമായി ജനങ്ങൾ ഒറ്റക്കെട്ടായി വികസന രാഷ്ട്രീയത്തിൽ മുഴുകിയാൽ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് നടപ്പിലാക്കാൻ കഴിയൂ.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപ കാലത്തുതന്നെ കഴിയുമെന്ന പ്രത്യാശയോടെ ഈ വികസന രേഖ അഴിയൂർ പഞ്ചായത്ത് വികസന സെമിനാറിൽ സമർപ്പിക്കുന്നു. ഗ്രൂപ്പ് ചർച്ചകൾ നടത്തി എല്ലാ വിഷയങ്ങളിലും നിർദേശങ്ങളെ പദ്ധതികളാക്കി രൂപാന്തരപ്പെടുത്താൻ വിദഗ്ദ സമിതികൾക്ക് കഴിയണം. സജീവമായ ചർച്ചയും പരിഗണനയും ഉണ്ടാവുമെന്ന പ്രതീക്ഷയോടെ ഉപസംഹരിക്കുന്നു.

*സ്നേഹാദരങ്ങളോടെ*


ഭരണ സമിതിക്കും വികസന സമിതിക്കും വേണ്ടി

**എം.സി.പ്രേമജ**

പ്രസിഡണ്ട്, അഴിയൂർ ഗ്രാമ പഞ്ചായത്ത്.

# കോഴിക്കോട് ജില്ല


BADAGARA TALUK
QUILANDY TALUK
KOZHIKODE TALUK
CALICUT
MALAPI
PTO
PTO_2
PTO_25
TB
Olavanna
Cheruvannur
Cheru puzha




അധികാരം ജനങ്ങളിലേക്ക്

127

ഒൻപതാം പദ്ധതി ജനകീയ പദ്ധതി



# ചോറോട് ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**1. കൃഷി, ജലസേചനം**

1.രാജീവൻ കാങ്ങാട് (കൺവീനർ)

2. പി. കുഞ്ഞപ്പ മാസ്റ്റർ

3. ഡോളി ശശിധരൻ

4. സി. ബാബു മാസ്റ്റർ

**മത്സ്യ ബന്ധനം - മൃഗ സംരക്ഷണം**

1. എം. രാധാകൃഷ്ണൻ മാസ്റ്റർ (കൺവീനർ)

2. വി. സൈനുദ്ദീൻ

3. അബ്ദുൾ ഖാദർ കല്ലറക്കൽ

4. സി. വി കുഞ്ഞമ്മദ്

**വിദ്യാഭ്യാസം**

1. സി.സുഭാഷ് ചന്ദ്രൻ (കൺവീനർ)

2. പി. പി. ദിവാകരൻ

3. പി.പി പ്രജിത്ത്

**കുടിവെള്ളവും പൊതുജനാരോഗ്യവും**

1. എ. കെ ഹരീന്ദ്രൻ (കൺവീനർ)

2. കെ. പി ഹരീന്ദ്രനാഥ്

3. കെ.വി.കെ അടിയോടി

**വ്യവസായം**

1. കരിമ്പിൽ കുഞ്ഞിക്കൃഷ്ണൻ (കൺവീനർ)

2. പി.പി ചന്ദ്രശേഖരൻ

3. ചന്ദ്രൻ കുന്നുമ്മൽ

**ഗതാഗതം ഊർജ്ജം മാർക്കറ്റ്**

1. കെ. വാസു (കൺവീനർ)

2. പി. കെ പ്രഭാകരൻ

3. എൻ വി. ഷാജി

4. പി. കെ കുമാരൻ മാസ്റ്റർ

5. സി.എച്ച് വാസു

**പാർപ്പിടവും സാമൂഹ്യക്ഷേമവും**

1. ടി.കെ ഭരതൻ മാസ്റ്റർ (കൺവീനർ)

2. പി. എൻ. കെ രവീന്ദ്രൻ

3. പി. സി അശോകൻ മാസ്റ്റർ

4. ഉണ്ണിക്കൃഷ്ണൻ

**സംസ്കാരം** 1. പി.പി രാമൻ (കൺവീനർ)

2. പി. പി. കൃഷ്ണദാസ്

3. പ്രദീപ്

**വനിത**

1. കെ വത്സല (കൺവീനർ)

2. കെ.പി സരോജിനി

3. ടി.വി അജിത

**സഹകരണം**

1. ടി.കെ ഗോപാലൻ (കൺവീനർ)

2. വി. ദിനേശൻ

3. പി.എം മോഹനൻ മാസ്റ്റർ

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം**

1. സത്യനാഥൻ (കൺവീനർ)

2. എൻ.ടി ഷാജി

## ഭരണ സമിതി അംഗങ്ങൾ

1. പി. കുഞ്ഞപ്പ നമ്പ്യാർ (പ്രസിഡണ്ട്)
2. കെ.എം നാരായണൻ (വൈസ് പ്രസിഡണ്ട്)
3. പി. പി ചന്ദ്രശേഖരൻ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
4. കെ. വത്സല
5. ഇ. കെ ഗോപാലൻ മാസ്റ്റർ
6. എൻ.ടി ഷാജി
7. ചാലിൽ ശൈലജ
8. കെ.എം ചന്ദ്രി
9. പി. ശ്രീധരൻ
10. ടി.വി അജിത
11. പാർവ്വതി
12. അബ്ദുൾ ഖാദർ കല്ലറയ്ക്കൽ
13. സി.വി. കുഞ്ഞമ്മദ്



# എഡിറ്റോറിയൽ ബോർഡ്

1. പി. കുഞ്ഞപ്പ നമ്പ്യാർ
2. ടി. വി ബാലൻ മാസ്റ്റർ
3. കെ. എം വാസു.
4. പി. കെ കുമാരൻ മാസ്റ്റർ
5. പി. പി ദിവാകരൻ



പി. കുഞ്ഞപ്പ നമ്പ്യാർ
(പ്രസിഡണ്ട്)

ഉള്ളടക്കം


| | |
|---|---|
| ആമുഖം | 7 |
| വികസന മേഖലകൾ | 12 |
| കൃഷി-ജലസേചനം | 13 |
| മത്സ്യബന്ധനം-മൃഗപരിപാലനം | 18 |
| വിദ്യാഭ്യാസം | 23 |
| കുടിവെള്ളം ആരോഗ്യം | 28 |
| വ്യവസായം | 37 |
| ഗതാഗതം ഊർജം മാർക്കറ്റ് | 41 |
| പാർപ്പിടം സാമൂഹ്യക്ഷേമം | 55 |
| സംസ്കാരം | 61 |
| വനിത | 65 |
| സഹകരണ മേഖല | 67 |
| പട്ടികജാതി പട്ടികവർഗ ക്ഷേമം | 73 |
| വിഭവസമാഹരണം | 75 |
| ഉപസംഹാരം | 79 |

അധികാരം ജനങ്ങളിലേക്ക്

# ആമുഖം

ആസൂത്രണത്തിന്റെ രണ്ടാംഘട്ട പണിപ്പുരയിലിരുന്നുകൊണ്ടുള്ള മഹത്തായ യജ്ഞത്തിലേക്കു വഴിതെളിയിച്ച സംഭവ പരമ്പരകളിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ ഹൃദയത്തിൽ പൊട്ടി മുളച്ച നാളയെക്കുറിച്ചുള്ള സുന്ദര സ്വപ്നങ്ങൾ പൂവണിയുമെന്നുള്ള വിശ്വാസം ദൃഢപ്പെട്ടു വരികയാണ്. ഇന്നലെവരെ ചെയ്ത് ശീലമില്ലാത്ത, മറ്റാരോ മറ്റെവിടെയോ വെച്ചു നമുക്ക് വേണ്ടിയാണെന്ന ഭാവേന പടച്ചു വിട്ട പഞ്ചവത്സര പദ്ധതികൾ പത്രങ്ങളുടെ തലക്കെട്ടുകളിലും പാഠപുസ്തകങ്ങളിലെ താളുകളിലും അവിടവിടയായി അവ്യക്തതയോടെ പ്രത്യക്ഷപ്പെട്ടപ്പോൾ അവ നമുക്ക് അന്യമായി തോന്നിയെങ്കിൽ നമ്മെ കുറ്റപ്പെടുത്തിയതു കൊണ്ടു കാര്യമില്ല. കാരണം നമ്മുടെ അനുഭവങ്ങളോ ആവശ്യങ്ങളോ ആരായാൻ നമ്മുടെ ഇടയിലേക്ക് ഇറങ്ങി വരാൻ ആരും തയ്യാറായിരുന്നില്ല. ഉന്നത ഉദ്യോഗസ്ഥന്മാരുടെ ആസ്ഥാനങ്ങളിൽ ഒതുങ്ങി നിന്ന പഞ്ചവത്സര പദ്ധതികളെക്കുറിച്ചുള്ള ചർച്ചകൾ കേവലം ഒരു അക്കാദമിക വ്യായാമം എന്നതിൽ കവിഞ്ഞ് സാധാരണ ഗ്രാമീണ ജനതയുടെ ഹൃദയസ്പന്ദനങ്ങളുമായി പുലബന്ധം പോലും പുലർത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ കഴിഞ്ഞ നാലു ദശകങ്ങളിലായി നടപ്പാക്കി വന്നിരുന്ന പഞ്ചവത്സര പദ്ധതികളെ വിലയിരുത്തുമ്പോൾ പദ്ധതികൾ നോട്ടമിട്ടിരുന്ന ലക്ഷ്യങ്ങളുടെ ശവപ്പറമ്പുകളാണ് നമുക്ക് കാണാൻ കഴിഞ്ഞത് . അതുകൊണ്ട് ഒരു നേട്ടവും ഉണ്ടായില്ല എന്നതല്ല വിവക്ഷ. ആരോഗ്യ വിദ്യാഭ്യാസ സേവന രംഗങ്ങളിൽ എടുത്തു പറയത്തക്ക നേട്ടങ്ങൾ തന്നെ,നാം കൈവരിച്ചിട്ടുണ്ട്. പക്ഷെ ഈ രംഗങ്ങളിൽ കൈവന്ന വികസനം തുടർന്നും നിലനിർത്താനുള്ള അനിവാര്യമായ അടിത്തറപാകുന്നതിൽ പരാജയപ്പെട്ടു എന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. ഈ അടിത്തറയാകട്ടെ കാർഷിക വ്യാവസായിക മേഖലകളിൽ ഉണ്ടായിരിക്കേണ്ട വികസനമത്രേ. പ്രസ്തുത മേഖലകളിൽ ഇന്നു കാണുന്ന മുരടിപ്പ് നമ്മുടെ അശാസ്ത്രീയമായ ആസൂത്രണത്തിന്റെ സൃഷ്ടിയാണ്. 'കർഷകപ്രേമം' ചുണ്ടിൽ തങ്ങിനിൽക്കുന്ന സഹതാപം മാത്രമായിരുന്നു ഭരണാധികൾക്ക് വൻനഗരങ്ങളെക്കുറിച്ചും അന്തർദേശീയ വിമാന താവളങ്ങളെക്കുറിച്ചും ചിന്തിക്കന്നതിനിടയിൽ നമ്മുടെ രാജ്യത്തിലെ 80% ത്തോളം വരുന്ന കർഷകജനതയുടെ ദുരിതപൂർണ്ണമായ ജീവിതത്തിലേക്ക് ഇറങ്ങി ചെന്ന് കുടിവെള്ളക്ഷാമം പോലുള്ള അവരുടെ ചുട്ടുനീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കാനുള്ള കാഴ്ചപ്പാട് നമ്മുടെ ആസൂത്രണത്തിന്റെ ചുക്കാൻ പിടിച്ചിരുന്നവർക്ക് ഇല്ലാതെ പോയി എന്നത് നിർഭാഗ്യകരമാണ്. നമ്മടെ അടിസ്ഥാന മേഖലകളിലെ വളർച്ചാ നിരക്കിലെ ദയനീയമായ ഇടിവും ഉൽപ്പാദന മേഖലയിലുണ്ടായ ഭീമമായ തകർച്ചയും കേരളിത്തിലെ ജനങ്ങളുടെ ആളോഹരി വാർഷിക വരുമാനം അഖിലേന്ത്യാ നിരക്കിൽ നിന്നും താഴോട്ടു പോകാൻ ഇടവരുത്തി എന്ന വസ്തുത നമുക്ക് കാണാതിരുന്നു കൂടാ.

പഞ്ചായത്തി രാജ് സംവിധാനം അതിന്റെ യാഥാർത്ഥ അർത്ഥത്തിലും വ്യാപ്തിയിലും നടപ്പാക്കാൻ പ്രതിജ്ഞാബദ്ധമായ കേരള സർക്കാർ അധികാരം ജനങ്ങളിലേക്ക് എത്തിക്കാനുള്ള തീവ്രയത്ന പരിപാടിയുടെ ഭാഗമായി ആസൂത്രണം അടിത്തട്ടിൽ നിന്നും ആരംഭിക്കണമെന്ന് തീരുമാനിക്കുകയും അതിനായി ഒരാസൂത്രണ പ്രസ്ഥാനത്തിന് തുടക്കമിട്ടിരിക്കുകയാണ്. ഈ പ്രസ്ഥാനത്തിൻെറ സംസ്ഥാനതല ഉദ്ഘാടനം ചിങ്ങം ഒന്നിന് തിരുവനന്തപുരത്തു വച്ചു നടന്നപ്പോൾ ഒരു വികസന സൂര്യൻ അന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ടതായി തോന്നി. പക്ഷെ ആ രശ്മികൾക്കിടയിൽ ചില കാർമേഘ പാളികളും കാണപ്പെട്ടതായി തോന്നി. ചില സംശയങ്ങളും ആശങ്കകളും അങ്ങിങ്ങായി പൊന്തിവരാതിരുന്നില്ല. പക്ഷെ ദിവസങ്ങൾ ചെല്ലുന്തോറും ഈ പ്രസ്ഥാനത്തിന്റെ മുന്നേറ്റം ശക്തിപ്പെട്ടുവന്നതോടുകൂടി തുടക്കത്തിലുണ്ടായിരുന്ന അപസ്വരങ്ങളെല്ലാം തന്നെ ഇന്ന് ഏതാണ്ട് കെട്ടടങ്ങി കഴിഞ്ഞു. ഇന്ന് കേരളത്തിലെ കൊച്ചു കുട്ടികളടക്കം ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. ജാതിമത രാഷ്ട്രീയ ഭിന്നതകൾക്കപ്പുറം എല്ലാവർക്കും കൈകോർത്തു പ്രവർത്തിക്കാൻ കഴിയുന്ന ഒരു മേഖല കാണിച്ചുകൊടുക്കാൻ ഈ മഹാപ്രസ്ഥാനത്തിനു കഴിഞ്ഞിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്ത് ആസൂത്രണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കിയത് ആവേശോജ്ജ്വലമായ രംഗങ്ങൾ സൃഷ്ടിച്ചുകൊണ്ടായിരുന്നു. ഇവിടെ ജില്ലാതല പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകരും അവരുടെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച നാൽപ്പതോളം വരുന്ന പഞ്ചായത്ത്തല പ്രവർത്തകരും ഈ ആസൂത്രണത്തിന്റെ ചുമതല ഏറ്റെടുത്ത് പ്രവർത്തിച്ചുവരുന്നത് ഒരു തപസ്യയുടെ തീവ്രതയോടും പ്രതിബദ്ധതയോടും കൂടിയാണ്. ഗ്രാമസഭകൾ മുതൽ വികസന റിപ്പോർട്ടിന്റെ പടിപ്പുരയിൽ വരെ ആവേശവും ആത്മാർത്ഥയും അലതല്ലിയിരുന്നു.

ഗ്രാമസഭകളുടെ ജില്ലാതല ഉൽഘാടനം ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ വെച്ചാണ് നടന്നത്. ഒരു പ്രൈമറി സ്ക്കൂൾ മാത്രം പ്രവർത്തിച്ചുവരുന്ന ഈ വാർഡിൽ അഞ്ഞൂറിൽപ്പരം ആളുകളെ ഒരുമിച്ച് ഇരുത്താനും 12 ഗ്രൂപ്പുകളായി തിരിച്ച് ചർച്ച നടത്താനും ഉള്ള പ്രയാസം ഊഹിക്കാവുന്നതേയുള്ളൂ. പക്ഷെ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രചരണ സംവിധാനം സൃഷ്ടിച്ച അലയടി ജനങ്ങളിലുണർത്തിയ ആവേശം അൽഭുതകരം തന്നെയായിരുന്നു. 500ൽ പരം ആളുകൾക്ക് ഇരിക്കാനുള്ള അതിമനോഹരമായ ഒരു പന്തൽ ഒരു രാത്രികൊണ്ട് അതിന്റെ പീലിവിടർത്തി ജനശ്രദ്ധ ആകർഷിച്ചു

കഴിഞ്ഞിരുന്നു. അടുത്തുതന്നെയുള്ള 'സാഗർ' ട്യൂട്ടോറിയൽ കോളേജ് അധികൃതർ അവരുടെ ക്ലാസ്സ് മുറികൾ ചർച്ചാക്ലാസ്സുകളാക്കി മാറ്റി സംഘാടകരെ സഹായിച്ചു. വടകര എം.എൽ.എ ശ്രീ. സി.കെ. നാണു ഗ്രാമസഭയുടെ ഉൽഘാടന കർമ്മം കൃത്യം 2.5ന് നടത്തിയപ്പോൾ പരിപാടിയുടെ സമയക്ലിപ്തത എല്ലാവരിലും കൗതുകമുണർത്തി. ഈ മാതൃകാ ഗ്രാമസഭ വീക്ഷിക്കാൻ പഞ്ചായത്തിനു പുറത്തു നിന്നും ജനപ്രതിനിധികളും സാമൂഹ്യ പ്രവർത്തകരും ഉദ്യോഗസ്ഥരും നേരത്തെതന്നെ എത്തിച്ചേർന്നിരുന്നു. ഉൽഘാടനചടങ്ങിനുശേഷം ബാഡ്ജ് ധരിച്ച പുരുഷന്മാരും അവരവർക്കു നേരത്തെതന്നെ നിർദ്ദേശിക്കപ്പെട്ട മുറികളിൽ ആവേശത്തോടുകൂടി തന്നെ നീങ്ങുകയായിരുന്നു. ഓരോ വിഷയത്തെക്കുറിച്ചും നടന്ന ചർച്ചകൾ സജീവമായിരുന്നു എന്നു മാത്രമല്ല, അർത്ഥ സമ്പുഷ്ടം കൂടിയായിരുന്നു. ചർച്ചകൾക്കുശേഷം നടന്ന പൊതു സഭയിൽ വിവിധ വിഷയങ്ങളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കപ്പെട്ടപ്പോൾ സഭയിൽ മുഴങ്ങിക്കേട്ട കൈയ്യടി വരാനിരിക്കുന്ന നല്ല നാളുകളുടെ കേളികൊട്ടായി മാറി.

സപ്തംബർ 15ന് നടന്ന മാതൃകാ ഗ്രാമസഭയ്ക്കു ശേഷം ഒക്ടോബർ 2 വരെയുള്ള ഒഴിവു ദിവസങ്ങളിലായി മറ്റു 12 വാർഡുകളിലെയും ഗ്രാമസഭകൾ തികഞ്ഞ ഗൗരവത്തോടുകൂടിത്തന്നെ നടത്തപ്പെടുകയുണ്ടായി. ഒന്നാം വാർഡിലെ ഗ്രാമസഭ പകർന്ന ആവേശം കെടാതെ കൂടുതൽ ജാജ്ജ്വല്യമായി വെട്ടിത്തിളങ്ങുകയായിരുന്നു ഈ ഗ്രാമസഭകളിൽ.

ഗ്രാമസഭകൾക്ക് തിരശ്ശീല വീണപ്പോൾ അലസതയുടെ തണലിലേക്കല്ലാ കൂടുതൽ ശ്രമകരമായ പ്രവർത്തനത്തിന്റെ ഉഷ്ണ മേഖലകളിലേക്കാണ് സന്നദ്ധ പ്രവർത്തകർ നീങ്ങിയത്. ദ്വിതീയ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക എന്ന ശ്രമകരമായ പ്രവർത്തനത്തിൽ ഏർപ്പെടുകയും നിർദ്ദിഷ്ഠ സമയപരിധിക്കുള്ളിൽ തന്നെ സ്ഥിതിവിവര കണക്കുകൾ അതിന്റെ പൂർണ്ണ രൂപത്തിൽ തന്നെ ശേഖരിക്കുകയുണ്ടായി.

രണ്ടാം ഘട്ട പരിശീലനത്തിനു ശേഷം ജില്ലാതല പരിശീലകർ വീണ്ടും പഞ്ചായത്ത് തല പരിശീലകരെ വിളിച്ചുവരുത്തി രണ്ടാംഘട്ടത്തിൽ ചെയ്യേണ്ട കാര്യങ്ങളുടെ പരിശീലനം കൊടുത്തു. മൂന്നു ദിവസം മണിക്കൂറുകളോളം നീണ്ടുനിന്ന പഠന കളരി നടത്തേണ്ടിവന്നു. ഈ കഠിന പ്രക്രിയ, വികസന റിപ്പോർട്ട് എഴുതാനുള്ള പരിശീലനമായിരുന്നു. ഒക്ടോബർ 31ന് 12 പേരടങ്ങുന്ന ഒരു പഠന സംഘം പഞ്ചായത്തിൽ തലങ്ങും വിലങ്ങും നടന്ന് (Trasect walk) ശേഖരിച്ച വിവരങ്ങൾ വികസന റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യത്തിൽ ചെലുത്തിയ സ്വാധീനം സീമാതീതമാണ്. ഉദ്യോഗസ്ഥരടങ്ങുന്ന പ്രസ്തുത സംഘം നേരിട്ടു മനസ്സിലാക്കിയ സംഗതികൾ വരകളിലും വാക്കുകളിലുമായി രേഖപ്പെടുത്തി വെച്ചിരുന്നു. രണ്ടു ദിവസം നീണ്ടുനിന്ന റിപ്പോർട്ടു തയ്യാറാക്കൽ യജ്ഞം ഒരു വൻ വിജയമായിരുന്നു. കൂട്ടായ്മയുടെ അത്ഭുത സിദ്ധി ഇത് പ്രകടമാക്കി. ഗ്രാമസഭകളിൽ നിന്നു വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും തെല്ലും ചോർന്നു പോകാതെ അവ ശാസ്ത്രീയമായി അപഗ്രഥിച്ച് വ്യക്തമായ രൂപരേഖകളാക്കി ഇതിന്റെ ശില്പികൾക്കു കഴിഞ്ഞുവെന്ന് സാഭിമാനം അവകാശപ്പെടാം. നമ്മുടെ പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ പങ്കെടുത്ത 1141 സ്ത്രീകൾ ഉൾപ്പെടെ 3350 വികസന കുതുകികൾ രൂപം കൊടുത്ത, ഈ റിപ്പോർട്ടിൽ ഗ്രാമാന്തരങ്ങളിലെ ജനഹൃദയങ്ങളിലെ ആശയാഭിലാഷങ്ങൾ വെട്ടിത്തിളങ്ങി നിൽക്കുന്നു. അടുത്ത 5 വർഷക്കാലം കൊണ്ട് ഈ പഞ്ചായത്തിന്റെ വിവിധ മേഖലകൾ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളുടെ രൂപരേഖ ഇവിടെ സംക്ഷിപ്തമായും അതേയവസരത്തിൽ സമഗ്രമായും നിങ്ങളുടെ കൈകളിൽ സമർപ്പിക്കുകയാണ്. അതിന് ഓജസ്സും, ജീവസ്സും കൊടുക്കാൻ നിങ്ങളുടെ ഇനിയുള്ള ചർച്ചകൾക്ക് കഴിയട്ടെ.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചോറോട് |
| ബ്ലോക്ക് | : | വടകര |
| താലൂക്ക് | : | വടകര |
| ജില്ല | : | കോഴിക്കോട് |

**അതിരുകൾ**

| | | |
|---|---|---|
| പടിഞ്ഞാറ് | : | അറബിക്കടൽ |
| വടക്ക് | : | ഒഞ്ചിയം പഞ്ചായത്ത് |
| തെക്ക് | : | വടകര മുനിസിപ്പാലിറ്റി |

**ജനസംഖ്യ**

(1991 ലെ സെൻസസ് അനുസരിച്ച്)

| | | |
|---|---|---|
| ആൺ | : | 15587 |
| പെൺ | : | 16287 |
| വിസ്തൃതി | : | 12.75 ച.കി.മി |
| വാർഡുകൾ | : | 13 |
| ജനസാന്ദ്രത | : | ചതുരശ്ര കി.മീറ്ററിന് 2500 |

തികച്ചും ഒരു കടൽത്തീര പഞ്ചായത്താണ് ചോറോട്. മൂന്നു കിലോമീറ്ററിലേറെ വരുന്ന കടൽത്തീരമാണുള്ളത്. പഴയ കടത്തനാടിന്റെ ഭാഗമാണ്. പക്ഷെ, വീരചരിതങ്ങൾ അയവിറക്കുന്ന പ്രദേശങ്ങളൊന്നും എന്തുകൊണ്ടോ അറിയപ്പെടുന്നില്ല. വടക്ക് കടൽത്തീരത്തുള്ള ഗോസായികുന്നിന്റെ സമീപ പ്രദേശങ്ങളിൽ ചില ചരിത്രാവശിഷ്ടങ്ങൾ കാണപ്പെട്ടിരുന്നു. ടിപ്പുവിന്റെ ആക്രമണവുമായി ബന്ധപ്പെടുത്തി ഈ സ്ഥലത്തെപ്പറ്റി പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. ഇവിടെ നിലം കിളക്കുമ്പോൾ ഈയ്യ ഉണ്ടകൾ കണ്ടുകിട്ടാറുണ്ട്. മുട്ടുങ്ങൽ കടപ്പുറം ബന്ധപ്പെട്ടു കിടക്കുന്ന മീത്തലങ്ങാടി പ്രാചീന കാലത്ത് ഒരു വലിയ കച്ചവടകേന്ദ്രവും മീൻപിടുത്ത കേന്ദ്രവുമായിരുന്നു. കടത്തനാട്ട് രാജവംശവുമായി ബന്ധപ്പെട്ട ചരിത്രമാണ് ചേന്ദമംഗലം അയ്യപ്പ ക്ഷേത്രത്തിനും , മുട്ടുങ്ങൽ കോവിലകത്തിനുമുള്ളത്. മുട്ടുങ്ങൽ കോവിലകത്തിന്റെ സ്ഥാപനം സംബന്ധിച്ച് ഒരു വടക്കൻ പാട്ടു തന്നെയുണ്ട്. കോവിലകത്തു നിന്ന് വിളിപ്പാടകലെ സ്ഥിതിചെയ്യുന്ന മുട്ടുങ്ങൽ ജമാ അത്ത് പള്ളിയും ഈ പാട്ടിൽ പരാമർശിക്കപ്പെടുന്നുണ്ട്. മുട്ടുങ്ങൽ കടപ്പുറത്തു തന്നെയുള്ള വീശേലി പള്ളി അതിപുരാതനമായ ഒരു ശവകുടീര (ജാറം)മാണ്.

രാമത്ത് പുതിയ കാവ് ക്ഷേത്രം, പുത്തൻ തെരു ഗണപതി ക്ഷേത്രം, വൈക്കിലശ്ശേരി പരദേവതാ ക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ട അനേകം ഐതിഹ്യങ്ങൾ ഈ ആവാസ കേന്ദ്രങ്ങളുടെ പഴമ സൂചിപ്പിക്കുന്നു.

**ഭൂപ്രകൃതി:**

മൂന്നു കി.മി നീളം വരുന്ന കടൽത്തീരം, പൊതുവേ വീതി കുറഞ്ഞതാണ്. വടക്ക് രയരങ്ങോത്ത് ഭാഗവും തെക്ക് കുരിയാടി ഭാഗവും ഒഴിച്ചാൽ കടൽത്തീരത്തിന്റെ വീതി 100 മുതൽ 150 മീറ്റർ വരെയാണ്. ഇവിടങ്ങളിൽ രണ്ടോ മൂന്നോ നിര വീടുകൾ മാത്രമാണുള്ളത്. എന്നാൽ കുരിയാടിയിൽ സ്ഥിതി വ്യത്യസ്ഥമാണ്. ഇടതൂർന്ന കൊച്ചു പുരയിടങ്ങളും അവയിൽ ഞെരുങ്ങി താമസിക്കുന്ന കുടുംബങ്ങളും ഇവിടെ ജിവിതം പ്രയാസ പൂർണ്ണമാണെന്ന് സൂചിപ്പിക്കുന്നു.

പഞ്ചായത്തിന്റെ 1, 11,12, 13 വാർഡുകളിലാണ് കടൽത്തീരം. കടൽത്തീരത്തു നിന്ന് 15 മുതൽ 20 മീറ്റർ വരെ ചെങ്കുത്തായി ഉയർന്നു നില്ക്കുന്ന ചെങ്കൽ പാറകളും അവയുടെ ഉപരിതലം ഒരു കിലോമീറ്ററോളം വീതിയിൽ ചെമ്മൺ പറമ്പുമായി കാണപ്പെടുന്നു. വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ലാത്ത ഈ സവിശേഷത ഈ പ്രദേശത്തിന്റെ ടൂറിസം സാധ്യതയെ വളരെ വർദ്ധിപ്പിക്കുന്നു. വടക്ക് രയരങ്ങോത്ത് ഭാഗത്തുള്ള ഗോസായിക്കുന്നു കഴിഞ്ഞാൽ ഈ ഭാഗത്ത് രണ്ടു കിലോമീറ്ററോളം സമതലമായ പൂഴി പ്രദേശമാണ്. ഇവിടെ തോടുകളും ചെറിയ വെള്ളക്കെട്ടു പ്രദേശങ്ങളും കാണപ്പെടുന്നു.തെക്ക് ഭാഗത്ത് കുരിയാടി അറക്കൽനട പ്രദേശങ്ങളും ഈ ഭൂപ്രകൃതി തന്നെ ഉള്ളവയാണ്.

തീരദേശത്ത് കാണപ്പെടുന്ന ഈ ഉയർന്ന കര പ്രദേശം കഴിഞ്ഞാൽ വയൽ ഭാഗങ്ങളാണ്. വയലുകളേറെയും നികത്തപ്പെട്ടു.നാളോം വയൽ പ്രദേശം എടുത്തുപറയേണ്ടതാണ്. ഒരു കാലത്ത് വിശാലമായ നദിയോ സമുദ്രമോ ആയിരിക്കാം ഈ വയൽ. കുരിക്കിലാട്ടുള്ള അങ്ങാടി മലയ്ക്കും അതിന്റെ പാർശ്വഭാഗത്തുള്ള കപ്പച്ചേരിക്കും ഈ പേരുകൾ ലഭിച്ചത് പഴയകാലത്തുള്ള അവയുടെ സ്ഥാനം പരിഗണിച്ചായിരിക്കാം. നെൽകൃഷിക്ക് പ്രസിദ്ധമായിരുന്ന ഈ പ്രദേശം ഇപ്പോൾ പലേടങ്ങളിൽ നികത്തി പുരയിടങ്ങളായി കഴിഞ്ഞു. ബാക്കി വയൽ ഏറെക്കുറേ തരിശായികിടക്കുകയാണ്. വടകര മുൻസിപ്പാലിറ്റിയിലെ പുത്തൂർ ഭാഗം മുതൽ ഒഞ്ചിയം പഞ്ചായത്തിലെ വെള്ളികുളങ്ങരവരെ നീണ്ടുകിടക്കുന്ന ഈ വിശാലമായ വയൽ പ്രദേശം പഴമക്കാരുടെ ഓർമ്മയിൽ ഇന്നും പച്ചപിടിച്ചുകിടക്കുന്നു. അനേകനൂറ്റാണ്ടുകൾക്കുമുമ്പ് ശക്തിയായ ജലപ്രവാഹംകൊണ്ടോ മറ്റെങ്ങനെയോ വൻമരങ്ങൾ കടപുഴകി. ഈ വയൽ പ്രദേശങ്ങൾക്കടിയിൽ അവിടവിടെയായി കാണപ്പെടുന്നത് എടുത്തു പറയേണ്ടതാണ്. ചോറോട് പഞ്ചായത്തിലെ ഒരേഒരു ജലനിർഗ്ഗമന മാർഗ്ഗമായ പുഞ്ചത്തോട് നാളോം വയലിനെ രണ്ടായിപകുത്ത്ഒഴുകി ഏറാമല പഞ്ചായത്തിലെ കളിയാംവള്ളി പുഴയോട് യോജിക്കുന്നു. ഈ വയൽ പ്രദേശത്താൽ ചുറ്റപ്പെട്ട് ഒരു തുരുത്ത് പോലെ നിൽക്കുന്ന ഉയർന്ന ഭൂമിയാണ് മാങ്ങോട്ടുപാറ പ്രദേശം. വടക്കു മണിയാറത്ത് താഴ മുതൽ തെക്ക് മമ്പരങ്ങോളിതാഴ വരെ ഒന്നര കിലോമീറ്ററോളം നീളത്തിൽ ശരാശരി ഒരു കിലോമീറ്റർ വീതിയിൽ ഈ പ്രദേശം കാണപ്പെടുന്നു. സമുദ്രവിതാനത്തിൽ നിന്ന് 20മീറ്ററെങ്കിലും ഉയരം കാണുന്ന മാങ്ങോട്ടുപാറ ഭാഗം ശരിയായി വരണ്ട പാറ പ്രദേശമാണ്. തുരുത്തിന്റെ മറ്റു ഭാഗങ്ങൾ ചെമ്മൺ പറമ്പുകളാണ്. പഞ്ചായത്തിന്റെ 8,7 വാർഡുകളിൽ വരുന്നതാണ് ഈ പ്രദേശം.

നേരത്തെ ചൂണ്ടിക്കാണിച്ച പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള മണൽപ്പരപ്പ് കിഴക്കുഭാഗത്ത് വള്ളിക്കാട്, വരിശ്യക്കുനിഭാഗം വരെ വ്യാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ നിരന്ന പൂഴി പ്രദേശമാണ്. 3,4 വാർഡുകളിൽ പെടുന്നതാണ് ഈ പ്രദേശം.

മാങ്ങോട്ടുപാറ കഴിഞ്ഞാൽ വീണ്ടും വയൽ പ്രദേശമാണ്. അതുകഴിഞ്ഞ് ഉയരം കൂടിയ ചെമ്മൺ പ്രദേശങ്ങൾ വീണ്ടും തുടങ്ങുകയായി. കണ്ണശ്ശേരിക്കുന്ന് കണിയാൻ കുന്ന് തുടങ്ങി ചെറിയ ചെറിയ കുന്നുകളും ചെമ്മണ്ണ് നിറഞ്ഞ് സമതല പ്രദേശങ്ങളുമാണ് ഇവിടങ്ങളിലെ ഭൂപ്രകൃതി. പഞ്ചായത്തിലെ 5,6 വാർഡുകൾ ഉൾപ്പെടുന്നതാണ് ഈ കിഴക്കൻ ഭാഗങ്ങൾ.

ചുരുക്കിപ്പറഞ്ഞാൽ വീതി കുറഞ്ഞ കടൽത്തീരം. പെട്ടെന്ന് ഉയർന്ന് കാണുന്ന ചെമ്മൺ പറമ്പുകൾ, വയൽ പ്രദേശം വീണ്ടും ഉയർന്നുപോകുന്ന കര, വീണ്ടും വയൽപ്രദേശം, ഉയർന്ന കരപ്രദേശം എന്ന ക്രമത്തിലാണ് പഞ്ചായത്തിന്റെ ഭൂപരമായ കിടപ്പ്.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചരിത്രം:

ഇന്നത്തെ ചോറോട് പഞ്ചായത്ത്, ചോറോട്, വൈക്കിലശ്ശേരി, മുട്ടുങ്ങൽ എന്നീ റവന്യൂ വില്ലേജുകൾ ചേർന്നതാണ്. എന്നാൽ ആദ്യ കാലത്ത്, മുട്ടുങ്ങൽ, ചോറോട് പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നില്ല. മുട്ടുങ്ങൽ പ്രദേശത്ത് അക്കാലത്ത് വികസന പ്രവർത്തനങ്ങൾ ഡി. ബോർഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടന്നത്. ചോറോട്, വൈക്കിലശ്ശേരി വില്ലേജുകൾ ചേർന്ന ചോറോട് പഞ്ചായത്ത് 1945 ഡിസംബർ 23 നാണ് നിലവിൽ വന്നത്. അന്ന് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുണ്ടായിരുന്നില്ല. ചില പരിഗണനകൾ വച്ച് പഞ്ചായത്തംഗങ്ങൾ മേലുദ്യോഗസ്ഥന്മാരാൽ നിശ്ചയിക്കപ്പെടുകയായിരുന്നു. പഞ്ചായത്ത് അദ്ധ്യക്ഷനെ ബെഞ്ച് മജിസ്ട്രേറ്റ് എന്നാണ് വിളിച്ചിരുന്നത്. പീടികക്കണ്ടി രാമൻ നമ്പ്യാരായിരുന്നു ബെഞ്ച് മജിസ്ട്രേറ്റ്. അഞ്ചു പേരാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്.

പിന്നീട് ജനങ്ങൾ കൈപൊക്കി വോട്ടു ചെയ്യുന്ന തിരഞ്ഞെടുപ്പു രീതി വന്നു. അങ്ങിനെ നിലവിൽ വന്ന ആദ്യത്തെ പഞ്ചായത്തു പ്രസിഡണ്ട് വി. സുകുമാരനും വൈ. പ്രസിഡണ്ട് ആയാട്ടില്ലത്ത് വാസുദേവൻ നമ്പൂതിരിയും ആയിരുന്നു. ചോറോട് പഞ്ചായത്തിന്റെ ആദ്യകാല വികസനത്തിനു വേണ്ടി ഒട്ടേറെ ത്യാഗങ്ങളും കഷ്ടനഷ്ടങ്ങളും സഹിച്ച് സുകുമാരൻ ഒരിക്കൽ കൂടി പഞ്ചായത്തു പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. തുടർന്ന് 1963 ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിലാണ് മുട്ടുങ്ങൽ കൂടി ഉൾപ്പെടുന്ന പൂർണ്ണരൂപത്തിലുള്ള ചോറോട് പഞ്ചായത്ത് ഭരണസമിതി നിലവിൽ വരുന്നത്. 9 വാർഡുകളാണ് അന്ന് പഞ്ചായത്തിലുണ്ടായിരുന്നത്. വി.പി ഗോപാലൻ മാസ്റ്റർ പ്രസിഡണ്ടും ആർ. എം അബ്ദുള്ള വൈ.പ്രസിഡണ്ടുമായിരുന്ന ഈ ഭരണസമിതി നീണ്ട പതിനാറു വർഷക്കാലം നിലനിന്നു.

അടുത്ത പഞ്ചായത്തു തിരഞ്ഞെടുപ്പ് 1979 ലായിരുന്നു. എം.ദാസൻ പ്രസിഡണ്ടും എം.രാധാകൃഷ്ണൻ മാസ്റ്റർ വൈ.പ്രസിഡണ്ടുമായി നിലവിൽ വന്ന ഭരണസമിതി 1984 വരെ തുടർന്നു. മൂന്നു കൊല്ലക്കാലത്തെ വിടവിനു ശേഷം 1987 ൽ നടന്ന തിരഞ്ഞെടുപ്പാകുമ്പോഴേക്ക് വാർഡുകളുടെ എണ്ണം 12 ആയി. ടി.വി ബാലൻ മാസ്റ്റർ പ്രസിഡണ്ടും എം. കെ ഗോപാലൻ വൈ. പ്രസിഡണ്ടുമായിരുന്നു. ഈ ഭരണ സമിതി 1994 ൽ പിരിച്ചുവിടുകയുണ്ടായി. 1995 ൽ നടന്ന തിരഞ്ഞെടുപ്പിൽ കുഞ്ഞപ്പനമ്പ്യാർ പ്രസിഡണ്ടും കെ. എം. നാരായണൻ വൈസ് പ്രസിഡണ്ടുമായി 13 അംഗ ഭരണ സമിതി നിലവിൽ വന്നു.

### പൊതുസ്ഥിതി:

വടകര മുനിസിപ്പൽ പ്രദേശത്തോടു ചേർന്നു കിടക്കുന്ന ഈ പഞ്ചായത്തിലെ ജനസാന്ദ്രത 1991 ലെ സെൻസസ് പ്രകാരം ച.കി.മീറ്ററിന് 2500 ആണ്. തീരദേശങ്ങളിൽ വളരെ കൂടുതലാണ് ജനസാന്ദ്രത. ഉയർന്ന നാടുവാഴികൾ, ജന്മികൾ എന്നു വിശേഷിപ്പിക്കാവുന്ന കുടുംബങ്ങൾ ഇവിടെയില്ല. നമ്പൂതിരി കുടുംബങ്ങൾ രണ്ടോ മൂന്നോ മാത്രമേയുള്ളൂ. ജനസംഖ്യയിൽ ഭൂരിഭാഗവും താഴ്ന്ന ഇടത്തരം വിഭാഗക്കാരാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും മാത്രമാണ് ഇവിടെ അധിവസിക്കുന്ന ജനവിഭാഗം. ഹിന്ദുക്കളിൽ തിയ്യരാണ് ഏറ്റവും അധികമുള്ളത്. അടുത്തസ്ഥാനം നായൻമാർക്കാണ്. ഹരിജനങ്ങൾ എന്നു വിളിക്കപ്പെടുന്ന വിഭാഗം ഈ പഞ്ചായത്തിൽ വിരലിലെണ്ണാവുന്നവരേയുള്ളൂ. തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ മുക്കുവരും മുസ്ലീങ്ങളുമാണ്. മത്സ്യത്തൊഴിലാളി മേഖലകളായ കുരിയാടി, മുട്ടുങ്ങൽ പ്രദേശങ്ങൾ വികസന പരമായ ഒട്ടേറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പാർപ്പിടങ്ങളുടെ അപര്യാപ്തത, മലിനജലം ഒഴിഞ്ഞുപോകാൻ മാർഗ്ഗമില്ലാതിരിക്കൽ, വിദ്യാലയങ്ങളിൽ ഇടയ്ക്കു വച്ചുള്ള കൊഴിഞ്ഞുപോക്ക് തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ഇവിടെ ഉണ്ട്. വിശേഷിച്ച് കുരിയാടി ഭാഗം പ്രയാസങ്ങൾ കൊണ്ട് വീർപ്പുമുട്ടുന്ന പ്രദേശമാണ്. ജനകീയ വിദ്യാഭ്യാസത്തിലൂടെ പരിസ്ഥിതി പ്രശ്നങ്ങളും ആരോഗ്യ വിദ്യാഭ്യാസ പ്രശ്നങ്ങളും പരിഹരിക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

2500 -ഓളം മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും അറബിക്കടലിനെ ആശ്രയിച്ചാണു കഴിയുന്നത്. പഴയ മത്സ്യബന്ധന രീതികൾ ഏറെക്കുറെ മാറിക്കഴിഞ്ഞു. യന്ത്ര സാന്നിധ്യം ഈ രംഗത്ത് വ്യാപകമായി കാണപ്പെടുന്നു. എന്നാൽ മത്സ്യബന്ധനം കൂടുതൽ ആദായകരമാക്കാനുള്ള ഉപാധികൾ ഇനിയും ഒട്ടേറെ സ്വീകരിക്കേണ്ടതുണ്ട്. മത്സ്യ സംസ്കരണ മേഖല എന്നുള്ള ആവശ്യം കണക്കിലെടുക്കുമ്പോൾ ഒട്ടും വളർന്നിട്ടില്ലെന്നു തന്നെ പറയാം.

കാർഷിക വിഭവങ്ങളിൽ പ്രധാനം നാളികേരം തന്നെ. നെൽകൃഷി നാമമാത്രമാണ്. നെൽവയലുകളിൽ ഭൂരിഭാഗവും നികത്തപ്പെട്ടു. വർദ്ധിച്ച പാർപ്പിടാവശ്യം ഈ പ്രക്രിയ അനിവാര്യമാക്കിത്തീർത്തതാണ്. എന്നാൽ അവശേഷിക്കുന്ന വയലുകളിലേറിയ പങ്കും തരിശിടപ്പെട്ടിരിക്കുകയാണ്. നെൽകൃഷിക്ക് സർവ്വഥാ യോഗ്യമായ ഈ വയലുകൾ എന്തുകൊണ്ട്

തരിശ് ഇടുന്നുവെന്നും, ഈ സ്ഥിതി മാറ്റിയെടുക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്നും ജനകീയാസൂത്രണത്തിന്റെ ഭാഗമായി പരിശോധിക്കപ്പെടേണ്ടതാണ്.

നാളികേര കൃഷിയും നാശത്തെ നേരിടുന്നു. തെങ്ങിനെ ബാധിക്കുന്ന പലതരം രോഗങ്ങൾ അവയുടെ ഉത്പാദന ക്ഷമത കുറച്ചുകൊണ്ടിരിക്കുന്നു. കശുവണ്ടി, കവുങ്ങ് എന്നിവ വളരെ കുറഞ്ഞതോതിലെ കാണപ്പെടുന്നുള്ളൂ.

ഒരു പട്ടണത്തിന്റെ സമീപ പ്രദേശമാണെങ്കിലും വ്യാവസായികമായി വളരെയൊന്നും വളർച്ച നമ്മുടെ പഞ്ചായത്തിനില്ല. മുട്ടുങ്ങൽ കൈനാട്ടി ഭാഗത്ത് ഓട്ടോമൊബൈൽ വ്യവസായവുമായി ബന്ധപ്പെട്ട് വർക്കുഷോപ്പുകളും ടയർ റീട്രേഡിംഗ് സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. റാണി മിൽസ് ഈ പഞ്ചായത്തിലെ ഒരു വ്യവസായ സ്ഥാപനമാണ്. ചേന്ദമംഗലത്ത് അലൂമിനിയം, പി.വി.സി പൈപ്പ് ഫാക്ടറികൾ പ്രവർത്തിക്കുന്നു. വൈദ്യുത സ്വിച്ചുകളും മറ്റും നിർമ്മിക്കുന്ന സ്ഥാപനവും ഇവിടെയുണ്ട്. മാങ്ങോട്ട്പാറയിൽ സഹകരണ മേഖലയിൽ ഖാദിബോഡിന്റെ ഒരു ഓട്ടു കമ്പനിയുമുണ്ട്. ചോറോടും മുട്ടുങ്ങലുമായി രണ്ട് ദിനേശ് ബീഡി ബ്രാഞ്ചുകളും പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ മേഖലകളിലുമായി വ്യവസായ രംഗത്തു പ്രർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം എണ്ണൂറിൽ കവിയില്ല.

കളിമൺ പാത്രങ്ങൾ നിർമ്മിക്കുന്നത് കുലത്തൊഴിലാക്കിയ കുമ്പാരന്മാരും കുശവന്മാരും ഇവിടെ ഉണ്ട്. വള്ളിക്കാട് ഭാഗത്താണ് കുശവ കുടുംബങ്ങളുള്ളത്. മാങ്ങോട്ടുപാറ, കുയിമ്പിക്കരായി ഭാഗങ്ങളിൽ കുമ്പാരന്മാരുമുണ്ട്. മൺപാത്ര വ്യവസായം വിവിധ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഈ രംഗത്തു പ്രവർത്തിക്കുന്ന കുടുംബങ്ങളുടെ സ്ഥിതിയും പരിതാപകരമാണ്.

ഒരുകാലത്ത് നൂറുകണിക്കിന് കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്ന കൈത്തറി ചേന്ദമംഗലം വെക്കിലശ്ശേരി പുത്തൻ തെരു എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് വിപുലമായ കൈത്തറി വ്യവസായം നിലവിലുണ്ടായിരുന്നു. എന്നാൽ ഇന്ന് ഈ മൂന്ന് തെരുവുകളിലും വളരെ കുറച്ച് കുടുംബങ്ങളെ നെയ്ത്ത് വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളൂ. ഉള്ളവർ തന്നെ ഈ തൊഴിൽ ചെയ്ത് ഒരു വിധത്തിൽ ജീവിതം തള്ളി നീക്കുകയാണ്. നെയ്ത്ത് മേഖലയിൽ ആരംഭിച്ച അളവക്കൻ സ്മാരക വീവിങ്ങ് സൊസൈറ്റി എന്ന സഹകരണ സ്ഥാപനം കെട്ടിടനിർമ്മാണ ഘട്ടത്തിൽ നിന്ന് ഒട്ടും മുന്നോട്ട് പോയിട്ടില്ല.


വള്ളിക്കാടിന്റെ കിഴക്കു ഭാഗത്ത് പുഞ്ചത്തോടിന്റെ വശങ്ങളിൽ സമൃദ്ധമായി നടത്തിയിരുന്ന പച്ചക്കറി കൃഷി ഇന്ന് നാമമാത്രമാണ്. ഒരുകാലത്ത് വിപുലമായി നടത്തപ്പെട്ടിരുന്ന വത്തക്കകൃഷി ഇപ്പോൾ കണികാണാൻ പോലുമില്ല. ഈ അപചയങ്ങൾ സംബന്ധിച്ച് വിപുലമായി ചർച്ചചെയ്യപ്പെടുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ വികസന പ്രക്രിയയിൽ അടിസ്ഥാനപരമായി തന്നെ മാറ്റം വരുത്താൻ അത് സഹായിക്കും.

പലയിടങ്ങളിലും ഇന്നുകാണുന്ന ഉന്മേഷം ഗൾഫ് പണത്തിന്റെ വരവുകൊണ്ടുള്ളതാണ്. മറ്റെങ്ങുമെന്നപോലെ നമ്മുടെ പഞ്ചായത്തിലും ഇന്ന് ഏറെപ്പേർ ജോലി ചെയ്യുന്നതും കെട്ടിട നിർമ്മാണ രംഗത്താണ്. കെട്ടിട നിർമ്മാണത്തിലുള്ള ഈ കുതിപ്പും ഒരു വലിയ പങ്ക് ഗൾഫ് പണത്തിന്റെ ഊക്കിലാണ് നടക്കുന്നത്. അനുദിനമെന്നോണം പ്രതീക്ഷ നഷ്ട പ്പെട്ടുകൊണ്ടിരിക്കുന്ന ഒരു രംഗമാണിത്. സമീപഭാവിയിൽ നാം നേരിടേണ്ടിയിരിക്കുന്ന ഒരു വിപത്താണ് ഗൾഫിൽ നിന്നുള്ള വ്യാപകമായ തിരിച്ചുവരവ്. ഇതുയർത്തുന്ന സാമൂഹികസാമ്പത്തിക പ്രശ്നങ്ങൾ എങ്ങിനെ നേരിടാൻ കഴിയും എന്നത് ഗൗരവമായ പരിഗണനയർഹിക്കുന്നു.

ഈ ആമുഖക്കുറിപ്പ് ഇവിടെ അവസാനിപ്പിക്കുകയാണ്. അഭൂതപൂർവ്വമായ ആവേശത്തോടെ ജനസാമാന്യം, ജനകീയാസൂത്രണം എന്ന ഈ പ്രവർത്തനരീതിയെ സ്വാഗതം ചെയ്യുകയാണ്. മൊത്തത്തിൽ നമ്മുടെ ഉൽപാദന രംഗത്തും അതുവഴി സാമ്പത്തിക മേഖലയിലുമുള്ള മുരടിപ്പ് പരിഹരിക്കുവാനും വികസനത്തെ സംബന്ധിച്ച് ആരോഗ്യകരമായ ഒരു പുതിയ കാഴ്ചപ്പാട് വളർത്തിയെടുക്കാനും ഈ സെമിനാറുകളും ചർച്ചകളും പ്രയോജനപ്പെടട്ടെ.

138

# വികസന മേഖലകൾ



# കൃഷിയും ജലസേചനവും

കൃഷിക്കനുയോജ്യമായ സാഹചര്യങ്ങൾ നിലവിലുണ്ടായിരുന്നിട്ടും ചോറോട് ഗ്രാമം കാർഷിക രംഗത്ത് അനുദിനം പിന്നോട്ട് പോയിക്കൊണ്ടിരിക്കുന്നതിന്റെ കാരണം ശാസ്ത്രീയമായ ആസൂത്രണത്തിന്റെ അഭാവം തന്നെയാണ്. ജലസേചന സൗകര്യങ്ങൾ, തൊഴിലാളികളുടെ ലഭ്യത, ഗതാഗത സൗകര്യങ്ങൾ, വിപണനസൗകര്യം തുടങ്ങിയവയെ കൃത്യമായ ആസൂത്രണത്തിലൂടെ ഉപയോഗിച്ചാൽ ചോറോടിന്റെ കാർഷിക മേഖലയ്ക്ക് പുത്തനുണർവ്വ് നല്കാൻ കഴിയും. ഭൂ പ്രകൃതിയുടെ വൈവിധ്യം ചോറോടിന്റെ ഒരു പ്രത്യേകതയാണ്. കടലിനോട് തൊട്ടുകിടക്കുന്ന തീര പ്രദേശം, സമതല പ്രദേശങ്ങൾ, കുന്നുകൾ, എന്നിവയടങ്ങിയതാണ് ഭൂ പ്രകൃതി. സമുദ്ര നിരപ്പിൽ നിന്ന് 25 മീറ്റർ ഉയരത്തിൽ നില്ക്കുന്ന കണിയാൻ കുന്നാണ് ഏറ്റവും ഉയർന്ന പ്രദേശം. മൊത്തം ഭൂമിയുടെ 20% ഉയർന്ന പ്രദേശവും 20% തീര പ്രദേശവും 10% ചരിവും ബാക്കി സമതലങ്ങളുമാണ്. മണ്ണിന്റെ ഘടന പരിശോധിക്കുകയാണെങ്കിൽ 50 % ചരൾ കലർന്ന ചെമ്മണ്ണും 20% മണലും 25% പൂഴി കലർന്ന ചളിമണ്ണും 5% കളിമണ്ണുമാണ്.

1960 നു മുമ്പ് കൃഷി ഭൂമിയുടെ 60% ത്തോളം നെൽ വയലുകളായിരുന്നെങ്കിലും ഇന്ന് അത് വെറും 5ശതമാനത്തോളം മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. ഇപ്പോൾ മുഖ്യ വിളയുടെ സ്ഥാനം തെങ്ങിനു തന്നെയാണ്. നെൽ വയലുകളിൽ നാടൻ ഇനത്തിലുള്ള 'മുണ്ടകൻ' ആണ് ഭൂരിഭാഗവും കൃഷിചെയ്യുന്നത്. ചില സ്ഥലങ്ങളിൽ സങ്കര ഇനത്തിൽ പെട്ട 'ജയ,' 'ജ്യോതി' വിത്തുകളും കൃഷിചെയ്യുന്നുണ്ട്. ഒരു ഹെക്ടറിന് ശരാശരി 1700 കിലോഗ്രാം മാത്രമേ നെല്ലിൽ നിന്ന് വിളവു ലഭിക്കുന്നുള്ളൂ. നെൽ വയലുകളിൽ ഇടവിളകളായി പച്ചക്കറികൾ, വാഴ, മരച്ചീനി എന്നിവയും കൃഷിചെയ്യുന്നു. ഒരു തെങ്ങിൽ നിന്ന് ശരാശരി ഒരു വർഷം 30 - 35 തേങ്ങ മാത്രമേ ലഭിക്കുന്നുള്ളൂ.

പഞ്ചായത്തിലെ ഭൂരിഭാഗം ഭൂഉടമകളും 25 സെന്റിനു താഴെ മാത്രം ഭൂമിയുള്ളവരാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ പട്ടിക 1 - ൽ കൊടുക്കുന്നു.

പട്ടിക 1

| നമ്പർ | ഭൂപരിധി | ഉടമസ്ഥരുടെ എണ്ണം | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|---|
| 1 | ¼ ഏക്കർ വരെ | 4833 | 1090 |
| 2 | ¼ - 1 ഏക്കർ | 1725 | 1708 |
| 3 | 1 - 2 ഏക്കർ | 95 | 188 |
| 4 | 2 - 5 ഏക്കർ | 32 | 90 |

ജൈവവളത്തിന്റെ പ്രയോഗം കുറഞ്ഞതും രാസ വളത്തിന്റെ അതി പ്രസരവും മണ്ണിന്റെ ഘടനയെ സാരമായി ബാധിച്ചതിനാൽ കാർഷികോത്പാദന ക്ഷമത കുറഞ്ഞിട്ടുണ്ട്. ഉത്പാദന ചെലവിലുള്ള ഭീമമായ വർദ്ധനവും കർഷകർക്ക് സമൂഹത്തിൽ ലഭിച്ചിരുന്ന മാന്യത കുറഞ്ഞുവന്നതും കർഷകർ മറ്റ് തൊഴിലുകൾ അന്വേഷിച്ചു പോകുവാൻ കാരണമായി. കൂടാതെ അശാസ്ത്രീയമായ കൃഷിരീതികളും കൃഷിഭവനുമായുള്ള സമ്പർക്കമില്ലായ്മയും കാർഷിക പിന്നോക്കാവസ്ഥയ്ക്ക് ഒരു പരിധിവരെ കാരണമായിട്ടുണ്ട്.

### ഭൂവിനിയോഗം:

പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 3077 ഏക്കർ ആണ്. തീരപ്രദേശം, താഴ്‌വര, ഉയർന്ന പ്രദേശം എന്നിവയാണ് ഭൂപ്രകൃതിയുടെ ഘടന. തീരപ്രദേശങ്ങളിൽ മണൽ കലർന്ന മണ്ണും തോടിനുസമീപം ചളിമണ്ണും ബാക്കി ഭാഗങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണുമാണുള്ളത്.

പട്ടിക 2

| | ഭൂപ്രകൃതി | വിസ്തൃതി (ഏക്കർ) | ശതമാനം |
|---|---|---|---|
| 1 | സമതലം | 1538 | 49.6% |
| 2 | തീരപ്രദേശം | 615.4 | 20% |
| 3 | ഉയർന്ന പ്രദേശം | 615.4 | 20% |
| 4 | ചരിവ് | 307.7 | 10% |
| 5 | തോടുകൾ | 16.82 | 0.4% |

(Ref: ഗ്രാമപഞ്ചായത്ത് A റജിസ്റ്റർ BT, റജിസ്റ്റർ, പുറമ്പോക്ക് റജിസ്റ്റർ)

മുഖ്യവിളയായ തെങ്ങ് 2000 ത്തോളം ഏക്കർ സ്ഥലത്ത് കൃഷിചെയ്തു വരുന്നു. നെല്ല് അൻപതോളം ഏക്കർ മാത്രമേ കൃഷിചെയ്യുന്നുള്ളൂ. കൃഷിയ്ക്ക് ഉപയുക്തമായ തരിശുഭൂമി നൂറേക്കറിലധികം വരും. വയലുകളിൽ രണ്ട് വിള നെല്ല് കൃഷി ചെയ്യുന്നു. ഇടവിളയായി പച്ചക്കറിയും കൃഷി ചെയ്യുന്നു. വിളവുമായി ബന്ധപ്പെടുത്തി ഭൂവിനിയോഗത്തിന്റെ പട്ടിക താഴെ കൊടുക്കുന്നു.

### ഭൂവിനിയോഗം:

| നം. | വിനിയോഗം | വിസ്തൃതി (ഏക്കർ) | ശതമാനം |
|---|---|---|---|
| 1 | തെങ്ങ് | 2000 | 66% |
| 2 | നെല്ല് | 50 | 2% |
| 3 | പച്ചക്കറി | 20 | 0.8% |
| 4 | വാഴ | 30 | 1% |
| 5 | കുരുമുളക് | 20 | 0.8% |
| 6 | പച്ചക്കറി | 8 | 0.22% |
| 7 | കശുമാവ് | 10 | 0.4% |
| 8 | കവുങ്ങ് | 25 | 0.9% |
| 9 | പയർ | 10 | 0.4% |
| 10 | കൃഷിക്ക് ഉപയുക്തമായ തരിശ് | 112 | 4.0% |

രാസവളത്തിന്റെ അമിതോപയോഗം കൊണ്ട് മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചു വരുന്നതായി കൃഷിഭവൻ റിപ്പോർട്ടിൽ പറയുന്നു.

### ഉൽപ്പാദനക്ഷമത:

നെൽകൃഷിക്കാരിൽ ഭൂരിഭാഗവും നാടൻ ഇനമായ മുണ്ടകനാണ് കൃഷിചെയ്യുന്നതെന്ന് ആമുഖത്തിൽ സൂചിപ്പിച്ചല്ലോ. ഇതിൽ നിന്നുള്ള ഉൽപാദനക്ഷമത ഏക്കറിന് അഞ്ഞൂറ് കി.ഗ്രാം ആണ്. സങ്കരയിനം നെൽകൃഷിക്ക് എഴുനൂറ്റി അൻപത് കി.ഗ്രാം ആണ് ഏക്കറിന് ഉൽപാദനം. മുഖ്യവിളയായ തെങ്ങിന്റെ ഉൽപാദനക്ഷമത വർഷത്തിൽ തെങ്ങൊന്നിന് 30-35 തേങ്ങവരെയാണ്. വിത്ത് തെരെഞ്ഞെടുക്കുന്നതിലുള്ള അപാകത, അശാസ്ത്രീയമായ വളപ്രയോഗം, ജലസേജനത്തിന്റെ കുറവ് തുടങ്ങിയവയൊക്കെ ഉൽപാദനക്ഷമതയുടെ കുറവിനു കാരണമാണ്. നെൽകൃഷിയേക്കാൾ ലാഭകരമാണ് തെങ്ങുകൃഷിയെന്നുകണ്ട് നികത്തപ്പെട്ട നെൽവയലുകളിലെ തെങ്ങുകളുടെ ഉൽപാദനക്ഷമത പഞ്ചായത്ത് ശരാശരിയേക്കാൾ താഴെയാണ്.

### വളപ്രയോഗം:

ജൈവ വളപ്രയോഗം വളരെ കുറവാണ്. ജൈവവളത്തിന്റെ അപര്യാപ്തതയും കമ്പോസ്റ്റ് കുഴികൾ വീട്ടുപറമ്പിൽ ഉണ്ടാക്കുവാനുള്ള വിമുഖതയുമാണ് ഇതിനുകാരണം. രാസവള വിതരണകേന്ദ്രങ്ങളുമായി മേഖലയിൽ ഒന്നും, സ്വകാര്യമേഖലയിൽ രണ്ടും കേന്ദ്രങ്ങളുണ്ട്. കോക്കനട്ട് മിക്സ്ചർ, പൊട്ടാഷ്, ഫാക്ടംഫോസ്, യൂറിയ എന്നിവയാണ് ഇവ വഴി വിതരണം ചെയ്യുന്നത്.

### കീടനാശിനികൾ:

നെല്ല്, പച്ചക്കറി, വാഴ എന്നിവയ്ക്ക് മുഖ്യമായും കീടനാശിനികൾ ഉപയോഗിക്കുന്നു. പച്ചക്കറി കൃഷിയുടെ കാര്യത്തിൽ അമിതമായ കീടനാശിനി ഉപയോഗം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം കുറയ്ക്കുകയും ഉപഭോക്താക്കളുടെ ആരോഗ്യത്തിന് ഭീഷണിയാവുകയും ചെയ്യുന്നു. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതികളോ പരിഗണിക്കാത്തതാണ് ഇതിനു കാരണം. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന മുഖ്യ കീടനാശിനികൾ ക്വിനാൽ ഫോസ്, ഫോസ്ഫോമിഡോൺ, സി.ഡി.വി.പി, മാലത്തിയോൺ, കോപ്പർ സൾഫേറ്റ്, ബി.എച്ച്.സി, സിങ്ക് ഫോസ്ഫേറ്റ് എന്നിവയാണ്.

### കാർഷികോപകരണങ്ങൾ:

കൃഷിഭവൻ മുഖേന ജലസേജനത്തിന് 95-96 വർഷത്തിൽ മാത്രം 44 പമ്പുസെറ്റുകളും 3 മരുന്നു തളിയന്ത്രവും വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 10 ജോഡി ഉഴവുകാളകൾ ഉണ്ട്. കൂടാതെ പുറമെനിന്നു കൊണ്ടുവരുന്ന ട്രാക്ടർ ട്രില്ലർ തുടങ്ങിയ യന്ത്രങ്ങളും ഉപയോഗിക്കുന്നു.

## കർഷക തൊഴിലാളികൾ:

പഞ്ചായത്തിൽ പൊതുവെ കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. നിർമ്മാണമേഖലയിൽ ലഭിക്കുന്ന വേതന നിരക്കും ജോലിസാദ്ധ്യതകളും കൂടുതൽ ലഭിക്കുന്നതിനാൽ തൊഴിലാളികൾ കാർഷികവൃത്തി ഉപേക്ഷിക്കുന്നതായാണ് പൊതുവെ കാണപ്പെടുന്നത്. കർഷകത്തൊഴിലിൽ ഏർപ്പെടുന്നത് രണ്ടാം തരമായി കാണുന്നതിനാലും തൊഴിലാളികൾ ഈ മേഖലയിൽനിന്നും പിൻമാറുന്നതായി കാണുന്നു. പഞ്ചായത്തിൽ 6082 കുടുംബങ്ങളിൽ 156 കുടുംബങ്ങൾ മാത്രമാണ് കർഷക കുടുംബങ്ങൾ. 1200 ഓളം കർഷക തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. പുരുഷന് 8 മണിമുതൽ 12.30 വരെ ജോലി ചെയ്താൽ 65 രൂപയും സ്ത്രീ തൊഴിലാളിക്ക് 50 രൂപയുമാണ് ശരാശരി കൂലി നിരക്ക്.

## കാർഷികവായ്പ:

ചോറോട്, ഊരാളുങ്കൽ സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധിയിലാണ് ചോറോട് പഞ്ചായത്ത്. ഈ ബാങ്കുകളിൽ നിന്ന് വർഷം തോറും കാർഷിക ലോണുകൾ നൽകാറുണ്ട്. ഊരാളുങ്കൽ ബാങ്കിന്റെ വായ്പകൾ ഉപയോഗപ്പെടുത്താൻ കഴിയാറില്ല. ചോറോട് ശാഖ കാർഷിക വായ്പാ കാര്യത്തിൽ ഒരനുഗ്രഹമാകുമെന്ന് പ്രത്യാശിക്കുന്നു. കാർഷിക വായ്പകൾ വഴിമാറി ചെലവിടുന്നതായി പൊതുവായി അഭിപ്രായമുണ്ട്.

## ജലസേചനം:

കാർഷിക രംഗത്തുനിന്ന് ജനങ്ങൾ പിന്നോക്കം പോയതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ജലസേചന സൗകര്യങ്ങളുടെ അഭാവമാണ്. 4,5,8,9 വാർഡുകളിലൂടെ കടന്നുപോകുന്ന പുഞ്ചത്തോടാണ് പ്രധാന ജലസേചനമാർഗ്ഗം. ഇതിൽത്തന്നെ വെള്ളം കെട്ടിനിർത്താനുള്ള സംവിധാനമില്ലാത്തത് കൃഷിയെ ദോഷകരമായി ബാധിക്കുന്നു. തലങ്ങും വിലങ്ങും കനാലുകൾ ഉണ്ടെങ്കിലും അവയിലൊന്നുപോലും ശരിയായി കൃഷിക്ക് ഉപകരിക്കുന്നില്ല. പല കനാലുകളുടെ പണിയും പൂർത്തീകരിച്ചിട്ടുമില്ല.

## തോടുകൾ:

മേൽസൂചിപ്പിച്ച പ്രകാരം പഞ്ചായത്തിലെ 4,5,8,9 വാർഡുകളിലൂടെ കടന്നുപോകുന്ന പുഞ്ചത്തോടിന് 41/2 കി മീ. നീളമാണ് പഞ്ചായത്തിലുള്ളത്. മഠത്തിൽതാഴ, കോടേരിതാഴ, പുഞ്ചപ്പാലം, പുലിക്കണ്ടിതാഴ, ചാത്തോത്ത്താഴ, എന്നിവയാണ് പ്രധാന ചീർപ്പുകൾ. എന്നാൽ പലതും പലകകൾ തകർന്ന് ഉപയോഗശൂന്യമാണ്. വേനൽക്കാലത്ത് ഓരുവെള്ളം ഉണ്ടാവാറുണ്ട്. ഈ തോടിന്റെ കരയിലാണ് പച്ചക്കറി കൃഷി പ്രധാനമായും കൃഷി ചെയ്യുന്നത്. വേണ്ടത്ര ആഴമില്ലാത്തതിനാൽ വേനൽക്കാലത്ത് വെള്ളം വറ്റിപ്പോകാറുണ്ട്.

## കുളങ്ങൾ:

പഞ്ചായത്തിൽ പൊതു കുളങ്ങൾ ഒന്നും ഇല്ല. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ചില കുളങ്ങൾ കൃഷിയ്ക്ക് ഉപയോഗിക്കുന്നുണ്ട്. ആകെ നൂറോളം (100) സ്വകാര്യ കുളങ്ങളാണ് ഉള്ളത്. ഇതിൽ പകുതിയോളം വറ്റാത്ത കുളങ്ങളാണ്. ഈ കുളങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും.

## മണ്ണ്ജലസംരക്ഷണം:

കുന്നുകൾ നിരത്തി വയലുകൾ നികത്തുന്നതുമൂലം പ്രകൃതിയുടെ സന്തുലനാവസ്ഥയ്ക്ക് കോട്ടംതട്ടിയിട്ടുണ്ട്. ശാസ്ത്രീയമായ മണ്ണുസംരക്ഷണ പ്രവർത്തനം ഒന്നുംതന്നെ നടക്കുന്നില്ല. വിവിധ ഭാഗങ്ങളിലായി വിശ്വാസത്തിന്റെ പേരിലാണെങ്കിലും അഞ്ച് സർപ്പക്കാവുകൾ സംരക്ഷിച്ചുവരുന്നുണ്ട്. ഇത് ഭാഗിമായി മണ്ണ്ജല സംരക്ഷണത്തിന് സഹായിക്കുന്നുണ്ട്. ആസൂത്രിതമായ രീതിയിൽ വനവൽക്കരണം നടക്കുന്നില്ല.

## കൃഷിഭവൻ:

1987 സപ്തംബർ 1 നാണ് കൃഷിഭവൻ നിലവിൽ വന്നത്. ഇത്രയും കാലമായിട്ടും മുട്ടുങ്ങൽ ഉള്ള കൃഷിഭവന് സ്വന്തമായി കെട്ടിടമില്ല. ഒരു കൃഷി ഓഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരും ജോലി ചെയ്യുന്നു. കൃഷി ഓഫീസിന്റെ ഉപയോഗം അടുത്ത വാർഡിലുള്ളവർക്കു മാത്രമേ ഭാഗികമായും ഉപയോഗിക്കാൻ കഴിയുന്നുള്ളൂ. മണ്ണു പരിശോധനയ്ക്കായി കർഷകർ കൃഷിഭവനുമായി ബന്ധപ്പെടാത്തതും പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങളുമായി കൃഷിഭവൻ പഞ്ചായത്തിൽ ബന്ധപ്പെടാത്തതും മണ്ണിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് വിഘാതമായിട്ടുണ്ട്.

## നടപ്പുപദ്ധതികൾ:

നടപ്പു സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു:

| | | | |
|---|---|---|---|
| 1. | സമഗ്ര നാളീകേര വികസന പദ്ധതി | | അനുവദിക്കുന്ന തുക |
| a | പമ്പുസെറ്റ് സ്ഥാപിക്കാൻ | | 2500 |
| b | കിണർ കുഴിക്കാൻ | | 2500 |
| c | തെങ്ങുകയറ്റ യന്ത്രം | | 500 |
| d | മരുന്നു തളി യന്ത്രം | | 1000 |
| e. | സാമൂഹ്യ ജലസേചന പദ്ധതി | | - |
| f | ജലകണിക ജലസേചന പദ്ധതി | | - |
| 2. | യുവജനങ്ങൾക്കുള്ള തൊഴിൽ ദാന പദ്ധതി | | |
| 1. | കൊപ്ര സംസ്കരണം | (1no) | 25,000 |
| 2. | പച്ചക്കറി കൃഷി | (1no) | 5,000 |
| 3. | സഞ്ചരിക്കുന്ന പച്ചക്കറി വണ്ടി | ( " ) | 5,000 |
| 4. | ഭക്ഷ്യസംസ്കരണം | ( " ) | 8,000 |
| 5. | മരുന്നു തളി യന്ത്രം | ( " ) | 2500 |

| | | | |
|---|---|---|---|
| 6. | തൊഴുത്തു നിർമ്മാണം | (2നം) | 2500 |
| 7. | സൈക്കിൾ, പാൽപ്പാത്രം | (1നം) | 2500 |
| 8. | മിനറൽ മിക്സ്ചർ | (6നം) | 136 |
| 9. | കുറ്റിമുല്ല കൃഷി | (1നം) | 1000 |
| 10. | പാൽപ്പാത്രം | (6നം) | 4500 |
| 3.നെൽകൃഷി വികസനം | | | |
| ഉൽപ്പാദന പ്രോത്സാഹന തുക - ഒന്നാം വിള | | | 5000 |
| - രണ്ടാം വിള | | | 5000 |
| 4.മഞ്ഞൾകൃഷി വികസനം - 1.25ഏക്കർ - 12പ്ലോട്ട് | | | |
| 5.കശുമാവ് കൃഷി വികസനം - 5 ഹെക്ടർ | | | |
| 6.ജലകണിക ജലസേചന പദ്ധതി 5എണ്ണം | | | |
| 7. ഇളനീർ പാർലർ - 1എണ്ണം | | | 8000 |
| 8. ചാണക വാതക പ്ലാന്റ് - 1എണ്ണം | | | |
| 9.ജൈവവള വികസന പദ്ധതി (ജീവാണു വളം) - 6എണ്ണം | | | |
| 10. പട്ടികജാതി - പട്ടികവർഗ പദ്ധതി | | | |
| a. ഭൂരഹിതർക്ക് സ്വന്തമായി സ്ഥലം വാങ്ങിക്കാൻ | | | 25,000 |
| 11. വിള ഇൻഷൂറൻസ് പദ്ധതി. | | | |

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

ചോറോട് പഞ്ചായത്തിലെ കാർഷിക വികസനത്തിന് വിവിധ ഗ്രാമസഭകളിൽ നിന്നും ക്രിയാത്മക ചർച്ചയിലൂടെ ഉയർന്നു വന്ന വിലപ്പെട്ട നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ താഴെ വിവരിക്കുന്നു

1. ജലസേജന സൗകര്യത്തിന് 9,8,5,4 വാർഡുകളിലൂടെ കടന്നുപോകുന്ന പുഞ്ചപ്പുഴയ്ക്ക് 250 മീറ്റർ ഇടവിട്ട് തടയണകൾ നിർമ്മിക്കണം. നിലവിലുള്ള തകർന്ന ചീർപ്പുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കണം. ആഴം കുറഞ്ഞ പ്രദേശങ്ങൾ ആഴം കൂട്ടി ജലസേചനയോഗ്യമാക്കണം. 11-ാം വാർഡിലൂടെ കടന്നുപോവുന്ന ആമത്തോട് ആഴം കൂട്ടി ജലസേചന യോഗ്യമാക്കണം.

2. കുറ്റ്യാടി ഇറിഗേഷൻ കനാൽ പണി പൂർത്തിയാക്കി യഥാസമയം വെള്ളം തുറന്നുവിട്ടാൽ ജലസേചന പ്രശ്നത്തിന് ഒരളവുവരെ പരിഹാരം കാണാം.

3. പൊതു ആവശ്യത്തിന് വിട്ടുതരാൻ സ്വകാര്യ വ്യക്തികൾ തയ്യാറായ പുല്ലാഞ്ഞോളി കുളം, കായക്കൂൻ താഴകുളം കാട്ടിൽ അച്ചുതൻ, ചെക്കണ്ണാറത്ത് കുമാരൻ എന്നിവരുടെ കുളങ്ങൾ എന്നിവ റിപ്പയർ ചെയ്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുക. ആവളോട്ട് അബൂബക്കർ, കുളത്തുവയൽതാഴ ബാലൻ നായർ എന്നിവർ സംഭാവന ചെയ്യാൻ തയ്യാറുള്ള സ്ഥലങ്ങളിൽ കുളങ്ങൾ കുഴിച്ച് ജലസേചന യോഗ്യമാക്കണം. പഞ്ചായത്തിലെ മറ്റു സ്വകാര്യ കുളങ്ങൾ പൊതു ഉപയോഗത്തിനു വിട്ടുകൊടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന പക്ഷം അവയും ഉപയോഗികമാക്കാവുന്നതാണ്.

4. കല്ലറയ്ക്കൽ തോട് കടലിൽ ചേരുന്ന ഭാഗത്ത് ഉപ്പുവെള്ളം കയറാതിരിക്കാൻ ഒരു ചീപ്പ് നിർമ്മിക്കുക. എളിയപ്പുരത്തുതാഴ നീർക്കെട്ടുള്ള സ്ഥലത്ത് കൈത്തോടു വെട്ടി കൃഷിക്ക് ഉപയുക്തമാക്കുക.

5. ജലസേചന സൗകര്യത്തിന് കിണർ കുഴിക്കുന്നതിനുള്ള സാമ്പത്തിക സഹായത്തിനുള്ള സ്ഥലപരിധി 50 സെന്റിൽ നിന്ന് 10 സെന്റായും പമ്പുസെറ്റിനുള്ളത് 30 സെന്റിൽ നിന്ന് 20 സെന്റായും കുറയ്ക്കണം.

6. ജൈവവളം ലഭ്യമാക്കുന്നതിനും കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിനും പച്ചില വളപ്പയർ വിത്ത് സൗജന്യമായി നൽകുവാനുമുള്ള സൗകര്യം ഏർപ്പെടുത്തുക.

7. തെങ്ങിന്റെ കൂമ്പു ചീയൽ, കറവാരൽ, കുരുമുളകിന്റെ ദ്രുതവാട്ടം എന്നീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ മരുന്നുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

8. അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ, സുഗന്ധവിളകൾ, ഫലവൃക്ഷത്തൈകൾ, എന്നിവ കൃഷിഭവൻ മുഖേന വിതരണം നടത്തുക.

9. തെങ്ങു കൃഷിയുടെ ഇടവിളയായി ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, കൂവ, വാഴ, മരച്ചീനി എന്നിവ കൃഷി ചെയ്യാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

10. പൂകൃഷി, ഔഷധസസ്യകൃഷി, കൈതച്ചക്ക, കൂൺകൃഷി, വെറ്റില എന്നീ കൃഷികൾ ചെയ്യാൻ തയ്യാറുള്ള കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകുക.

11. മണ്ണിര കമ്പോസ്റ്റ് പ്രോത്സാഹിപ്പിക്കുക. ചകിരി വ്യവസായം ആരംഭിച്ചാൽ ചകിരിച്ചോർ കമ്പോസ്റ്റ് നിർമ്മാണവും നടത്താവുന്നതാണ്.

12. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് വിതരണം ചെയ്യാനുതകുന്ന കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക. പഞ്ചായത്തിലെ മുഴുവൻ കുടുംബാംഗങ്ങൾക്കും പച്ചക്കറികൾ ലഭിക്കുന്ന തരത്തിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും അധികം വരുന്ന ഉൽപ്പന്നങ്ങൾ മറ്റിടങ്ങളിൽ വിൽപ്പന നടത്തുകയും വേണം.

13. കാർഷിവൃത്തിയിൽ താൽപ്പര്യമുണ്ടാക്കാനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളും ജനകീയ സമിതികളും പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

14. കൃഷിഭവനുമായി നിരന്തര സമ്പർക്കമുണ്ടാക്കുവാൻ വേണ്ടി നിലവിലുള്ള പഞ്ചായത്ത് ഓഫീസ് വികസിപ്പിച്ച് കൃഷിഭവൻ ഓഫീസുകൂടി പ്രവർത്തിക്കുവാനാവശ്യമായ സൗകര്യം ഉണ്ടാക്കണം.

പഞ്ചായത്തിൽ തന്നെ മണ്ണു പരിശോധനയ്ക്കുള്ള സ്ഥിരം സംവിധാനം ഏർപ്പാടു ചെയ്യുകയും കൃഷിക്കാരെ മണ്ണു പരിശോധനയ്ക്കു പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നടത്തണം.


15. കാർഷിക വൃത്തി ലാഭകരവും ആയാസരഹിതവും ആക്കുന്ന ലക്ഷ്യത്തോടെ തെങ്ങ്, നെല്ല്, പച്ചക്കറി കൃഷികൾ കൂട്ടികൃഷി സമ്പ്രദായം ഏർപ്പെടുത്തുക. ഇതിന് അനുയോജ്യമായ കൃഷിസ്ഥലങ്ങൾ രൂപവൽക്കരിക്കണം.

16. പച്ചക്കറികൃഷിയുടെ പ്രോത്സാഹനത്തിനുവേണ്ടി വാർഡുതല കർമ്മ സമിതികൾ രൂപീകരിച്ച് വിത്തുകൾ സൗജന്യമായി എത്തിച്ചുകൊടുക്കുവാനും കഴിയണം. ഇതിനുവേണ്ടി വിവിധ സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്.

17. രാസകീടനാശിനികളുടെ അതിപ്രസരം ഒഴിവാക്കാൻ ജൈവ കീടനാശിനികളുടെ പ്രാധാന്യവും ഗുണവും കർഷകരെ ബോധ്യപ്പെടുത്താൻ കൃഷിഭവൻ മുഖേന സാധിക്കണം.

18. കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം വളർത്തുന്നതിനും കൃഷിയ്ക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സമ്പ്രദായം ഏർപ്പെടുത്തണം.

കൃഷി വിദഗ്ദ്ധരും കർഷകരും ജനകീയ സമിതികളും സന്നദ്ധ സംഘടനകളും ക്രിയാത്മകമായ സഹകരണത്തോടെ നിസ്വാർത്ഥമായി പ്രവർത്തിക്കുകയാണെങ്കിൽ ചോറോട് പഞ്ചായത്തിന്റെ കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റം ഉണ്ടാക്കാൻ കഴിയും. ഒത്തൊരുമയോടെ പ്രവർത്തിച്ച് കൃഷിയുടെ പ്രാധാന്യവും മഹത്വവും മാന്യതയും ഉയർത്തുവാനും പഞ്ചായത്തിന് അനുവദിച്ചുകിട്ടുന്ന സാമ്പത്തിക സഹായത്തിന്റെ സിംഹഭാഗവും പ്രത്യുൽപാദനപരമായി ഉപയോഗിക്കുവാനും തയ്യാറായാൽ കൃഷിയുടെ പഞ്ചായത്തിലെ ശോചനീയാവസ്ഥ പരിഹരിച്ച് മുന്നേറാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തോടെ നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.



# മൃഗസംരക്ഷണം മത്സ്യബന്ധനം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ഉഴവ് കാളകളും വളർത്തപ്പെടുന്നുണ്ട്. 12ാം വാർഡിൽ ഒരു കേന്ദ്രത്തിൽ അമ്പതോളം പന്നികളും വളർത്തപ്പെടുന്നുണ്ട്. വളരെകുറഞ്ഞ തോതിൽ മുയൽ വളർത്തുകേന്ദ്രങ്ങളുമുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. തീരപ്രദേശത്ത് അമ്പതോളം വീടുകളിൽ താറാവ് കൃഷിയുണ്ട്. കാട, ബ്രോയിലർ കോഴികളുടെ വളർത്തുകേന്ദ്രങ്ങൾ ഇല്ലെന്നുതന്നെ പറയാം. നാമമാത്രമായി കൗതുകത്തിനു വേണ്ടി പ്രാവു വളർത്തുകേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്. പ്രത്യേകമായ വളർത്തുകേന്ദ്രങ്ങളില്ലെങ്കിലും വീടുകൾ കേന്ദ്രീകരിച്ച് കോഴി വളർത്തൽ നിലവിലുണ്ട്.

നെൽപ്പാടങ്ങൾ നികത്തപ്പെട്ടത് മൂലം നെൽകൃഷി കുറഞ്ഞതും, മേച്ചിൽപ്പുറങ്ങളുടെ അപര്യാപ്തതയും, കാലിത്തീറ്റകളുടെ അമിത വിലയും കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. രോഗപ്രതിരോധ മാർഗ്ഗങ്ങൾക്ക് സൗകര്യമില്ലായ്മ, ക്ഷീരസംഭരണ മാർഗ്ഗങ്ങൾ വേണ്ടത്ര ഇല്ലാത്തതും ഈ ദുസ്ഥിതിക്ക് കാരണമായിട്ടുണ്ട്. ആധുനിക വാഹനങ്ങളുടെ തള്ളിക്കയറ്റം വണ്ടിക്കാളകൾ നാമവശേഷമാകാൻ കാരണമായി.

പഞ്ചായത്തിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ പാൽസൊസൈറ്റി മാങ്ങോട്ടുപാറയിൽ ഈ അടുത്തകാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിൽ ഇത്തരം സൊസൈറ്റികൾ നിലവിലില്ല. മാങ്ങോട്ട് പാറയിലെ സൊസൈറ്റി പഞ്ചായത്തിലെ7,8 വാർഡുകളിലാണ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നത്. ഒഞ്ചിയം പഞ്ചായത്തിലെ വെള്ളികുളങ്ങര ക്ഷീരവികസന സംഘത്തിലാണ് പഞ്ചായത്തിലെ മുട്ടുങ്ങൽ പ്രദേശം ഉൾപ്പെടുന്നത്. ഈ പ്രദേശത്തെ ക്ഷീര കർഷകർ ഈ സംഘത്തിലെ അംഗങ്ങളും ഗുണഭോക്താക്കളുമാണ്.

പഞ്ചായത്തിൽ ഈ വർഷമാദ്യത്തിൽ ഒരു മൃഗാശുപത്രി അനുവദിക്കപ്പെട്ട് ഒരു താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു സ്ഥിരം ഡോക്ടർ ഇല്ല എന്നത് ഈ കേന്ദ്രത്തിന്റെ പരിമിതിയാണ്. കൃത്രിമ ബീജസങ്കലനം, രോഗ ചികിത്സ എന്നിവക്ക് വേണ്ട പൂർണ്ണമായ സജ്ജീകരണം ഇവിടെ തയ്യാറായിട്ടില്ല. പഞ്ചായത്തിലെ ചേന്ദമംഗലം പ്രദേശത്ത് 1990 മുതൽ നിലിവിലുണ്ടായിരുന്ന മൃഗസംരക്ഷണ ഉപകേന്ദ്രം ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഈ കേന്ദ്രത്തിലും, ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഒരു കാററിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ് മുഖേനയും പഞ്ചായത്തിലെ പശുക്കൾക്ക് കൃത്രിമ ബീജസങ്കലനം കഴിഞ്ഞ കാലങ്ങളിൽ നടന്നു വന്നിരുന്നു.

**ബീജസങ്കലനം പട്ടിക**

| വർഷം | പശു | കിടാരി | ഗർഭധാരണം | പ്രസവിച്ചത് |
|---|---|---|---|---|
| | | | നടന്നത് | ആൺ+പെൺ |
| 1994-95 | 24 | 35 | 45 | 38+7 |
| 1995-96 | 5 | 5 | 3 | 2+1 |
| 1996-97<br>31-8-96<br>1-4-96- | 60 | 45 | 28+23 | 37+14 |

### പാൽഉല്പാദനം

(ക്ഷീരവികസന സംഘം വഴി)

| വർഷം | ആകെ | മിൽമസംഭരണം | പ്രദേശികവിപണനം |
|---|---|---|---|
| 1996 | 20765ലി. | 1367ലി. | 7091ലി. |
| ഏപ്രിൽ ആഗസ്ത് | | | |

നിലവിലുള്ള മൃഗാശുപത്രി പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ മാത്രമാണ് പ്രധാനമായും പ്രയോജനപ്പെടുന്നത്. മറ്റു പ്രദേശത്തുള്ളവർക്ക് കാലികളുടെ ചികിത്സക്കും ബീജസങ്കലനത്തിനുമായി ഞെിയം പഞ്ചായത്തിലെ വെള്ളികുളങ്ങര മൃഗാശുപത്രിയുമായും വടകര താലൂക്ക് മൃഗാശുപത്രി (പുതിയാപ്പ്)യുമായും ബന്ധപ്പെടേണ്ടി വരികയാണ്. കാലികളിൽ പൊതുവെ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി എന്നീ രോഗങ്ങളാണ് കണ്ടുവരുന്നത്. രോഗചികിത്സക്കുള്ള സൗകര്യക്കുറവ്, ക്ഷീരകർഷകർക്ക് ഈ കാര്യത്തിലുള്ള അജ്ഞത എന്നിവയാണ് രോഗ വ്യാപനത്തിന് കാരണമായിട്ടുള്ളത്.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനക്ഷമമായ ഗോബർ,ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ടെന്ന് പറയാനാവില്ല. ഇത് സംബന്ധമായ ബോധവൽക്കരണം കർഷകരിലെത്തിയിട്ടില്ല. വൻകിട കന്നുകാലി യൂനിറ്റുകൾ ഇല്ലായ്മയും ഇതിനൊരു കാരണമാണ്.

വ്യാപകവും സംഘടിതവുമായ തോതിൽ കോഴി, താറാവ്, കാട എന്നിവ വളർത്തുന്ന യൂനിറ്റുകൾ പഞ്ചായത്തിലില്ലാത്തതിനാൽ മുട്ട, ഇറച്ചികോഴി എന്നിവക്ക് പൂർണ്ണമായും നാം അന്യനാടുകളെ ആശ്രയിക്കുകയാണ്. ആരോഗ്യകരമായ രീതിയിൽ പ്രവർത്തിക്കുന്ന അറവ്ശാലകളും മാംസവില്പന കേന്ദ്രങ്ങളും പഞ്ചായത്തിൽ ഇല്ലെന്ന്തന്നെ പറയാം. ചോറോട് ഗെയിറ്റിൽ ഒരു സ്ഥലത്ത് മാത്രം ആടുമാടുകളെ അറുത്ത് മാംസവില്പന നടത്തുന്ന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്ന് മാത്രം.

ആധുനികരീതിയിൽ സംവിധാനം ചെയ്യപ്പെട്ട ഒരു അറവ്ശാലയും മാംസവില്പന കേന്ദ്രവും ഈ പഞ്ചായത്തിലില്ല എന്നത് വലിയ ഒരു പോരായ്മയായി അനുഭവപ്പെടുന്നുണ്ട്.

#### ഈ രംഗത്ത് അനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങൾ

1. കാലി,കോഴിതീറ്റ എന്നിവയുടെ അമിതമായ വില
2. വൈക്കോൽ, പച്ചപ്പുല്ല് എന്നിവയുടെ ദൗർലഭ്യം
3. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
4. ക്ഷീരസംഭരണവിപണനസംസ്കരണ സൗകര്യങ്ങളുടെ പരിമിതി
5. കാലിവളർത്തലിനെ പ്രോത്സാഹിപ്പിക്കുന്ന സാമ്പത്തിക സഹായങ്ങളുടെ കുറവ്.
6. അറവ്ശാല,മാംസവില്പന എന്നിവക്കുള്ള സൗകര്യമില്ലായ്മ.
7. പേപ്പട്ടികളുടെ ശല്യം

#### ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിന് സ്വീകരിക്കാവുന്ന സാധ്യതകൾ

1. ഇന്ന് മാങ്ങോട്ട് പാറയിൽ പ്രവർത്തിക്കുന്ന, ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരവികസന സൊസൈറ്റിയുടെ മാതൃകയിൽ പഞ്ചായത്തിലെ ഒന്നോ രണ്ടോ വാർഡുകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രാഥമിക സംഘങ്ങൾ രൂപീകരിക്കുക.

ഇത്തരം പ്രാഥമികസംഘങ്ങളെ ചേർത്തുകൊണ്ട് ഒരു പഞ്ചായത്ത് തല സഹകരണ സംഘം രൂപീകരിച്ച് പാൽ സംഭരണവിപണന സംസ്കരണ പരിപാടികൾ ആവിഷ്കരിക്കുക.

പാൽ ഉല്പാദനങ്ങളുടെ നിർമ്മാണം ഈ സംഘത്തിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല, കർഷകർക്കാവശ്യമായ കാലിത്തീറ്റ, തീറ്റപ്പുല്ലുകൾ കൃഷിക്കാവശ്യമായ വിത്ത്,വളം സാമ്പത്തികസഹായം എന്നിവയും സംഘത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങളാക്കാവുന്നതാണ്.

2. നിലവിലുള്ള മൃഗാശുപത്രിക്ക് സ്ഥിരം കെട്ടിടവും ആവശ്യം വേണ്ട സ്റ്റാഫ് എന്നിവ ഉൾപ്പെടെയുള്ള എല്ലാ ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തുക. ഈ ആശുപത്രി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ കർഷകർക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്തുമാറ് വികസിപ്പിച്ചെടുക്കേണ്ടതാണ്.

കൈനാട്ടി കേന്ദ്രീകരിച്ച് പടിഞ്ഞാറൻ മേഖലയിൽ കർഷകർക്കായി മറ്റൊരു ആശുപത്രിയും പരിഗണിക്കാവുന്നതാണ്. ആയതിന് സാധ്യത ഇല്ലാത്തപക്ഷം കൈനാട്ടി,ചോറോട്ഗെയിറ്റ് എന്നിവിടങ്ങളിൽ എല്ലാസൗകര്യങ്ങളുമുള്ള മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

3. അയൽക്കൂട്ട യൂനിറ്റുകൾ രൂപീകരിച്ച് കാട, കോഴി,താറാവ്, മുയൽ എന്നിവയുടെ സഹകരണ വളർത്തുകേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. പഞ്ചായത്ത് തലത്തിലുള്ള ഒരു സഹകരണസംഘം മുട്ടസംഭരണം, ഇറച്ചിക്കോഴി വിപണനം, സംസ്കരണം എന്നീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാവുന്നതാണ്. സൗജന്യമായ വിലക്ക് കുഞ്ഞുങ്ങളെ യൂനിറ്റുകൾക്ക് നൽകാൻ കഴിയുന്ന താറാവ്, കോഴി, കാട നഴ്സറി രൂപീകരണം ഈ സംഘത്തിന്റെ പ്രവർത്തനത്തിൽപ്പെടാവുന്നതാണ് (സർക്കാർ ഫാമുകളിൽ ഒരു ദിവസം പ്രായമായ കുഞ്ഞുങ്ങൾ ലഭ്യമാണെന്നത് ഒരു വസ്തുതയാണ്) മുയൽ വളർത്തുകേന്ദ്രങ്ങളും ഈ സംഘത്തിന്റെ കീഴിൽ ആരംഭിക്കാവുന്നതാണ്. സ്കൂൾതലത്തിൽ കുട്ടികളെ തെരഞ്ഞെടുത്ത് മുയൽകുഞ്ഞുങ്ങളെ സൗജന്യമായി നൽകി മുയൽ വളർത്തു പദ്ധതി വിജയിപ്പിക്കാവുന്നതാണ്.

4. ചെറുകിടകാലിത്തീറ്റ യൂനിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന പ്രവർത്തനവും മേൽപ്പറഞ്ഞ സഹകരണ സംഘത്തിന് ഏറ്റെടുക്കാവുന്നതാണ്.

5. ക്ഷീര വികസന വകുപ്പ് അത്യുൽപ്പാദനശേഷിയുള്ള പശുക്കളുടെ കിടാക്കളെ കർഷകർക്ക് സൗജന്യ വിലക്ക് നൽകുന്നതോടൊപ്പം അവയുടെ പരിപാലന മുറകൾക്കുവേണ്ട ബോധവല്ക്കരണം കർഷകർക്ക് നൽകേണ്ടതാണ്. ഇതിനായി ഒരു സ്ഥിരം സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

6. ഗോബർ, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ വേണ്ടി സാങ്കേതിക സാമ്പത്തിക സഹായങ്ങൾ മൃഗസംരക്ഷണ വകുപ്പും കൃഷിഭവനും സംയുക്തമായി സ്വീകരിക്കേണ്ടതാണ്.

7. ലൈസൻസില്ലാതെ അലഞ്ഞുതിരിയുന്ന പട്ടികളെ തെരഞ്ഞുപിടിച്ച് നശിപ്പിക്കുവാൻവേണ്ട സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം വീടുകളിൽ ലൈസൻസെടുത്ത് വളർത്തുന്ന പട്ടികൾക്ക് രോഗ പ്രതിരോധത്തിന് ആവശ്യമായ കുത്തിവെപ്പുകൾ നൽകാൻവേണ്ട സംവിധാനം സർക്കാർ മൃഗാശുപത്രികളിൽ ഉണ്ടാകേണ്ടതാണ്.

പേപ്പട്ടി ആക്രമണ വിധേയരായ ആളുകൾക്കും മൃഗങ്ങൾക്കും പ്രതിരോധ കുത്തിവെപ്പുകൾക്ക് ആവശ്യമായ മരുന്ന് എല്ലാ മൃഗാശുപത്രികളിലും ലഭ്യമാക്കണം.

### കളക്കുട്ടി പരിപാലനം

രണ്ടുമൂന്നു മാസം പ്രായമായ അഞ്ച് വീതം കാളക്കുട്ടികളെ തെരഞ്ഞെടുത്ത് 12മാസം വരെ ശാസ്ത്രീയമായി വളർത്തി മാംസാവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ഈ സ്കീമിലുള്ള യൂനിറ്റുകൾ ആരംഭിക്കുന്നവർക്ക് വേണ്ട സാങ്കേതിക സാമ്പത്തിക സഹായം മൃഗസംരക്ഷണ വകുപ്പ് ഏർപ്പെടുത്തേണ്ടതാണ്. ഈ പദ്ധതി ഗുണമേന്മയുള്ള ഇറച്ചി ലഭ്യതക്ക് ഗുണകരമാണ്. അന്യനാടുകളിലെ മൃഗങ്ങളെ മാംസത്തിനായി ആശ്രയിക്കുന്ന പതിവ് മാറ്റാൻ കഴിയുന്ന ഒരു പദ്ധതി എന്ന നിലയിൽ ഈ കാര്യം പ്രത്യേക പരിഗണന അർഹിക്കുന്നതാണ്.

-------

# മത്സ്യബന്ധനം

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗം ഏകദേശം മൂന്നു കിലോമീറ്റർ കടൽത്തീരമാണ്. കിഴക്ക് ഭാഗത്തായി എതാണ്ട് 3.5കി.മീ. നീളം വരുന്ന പുഞ്ചപ്പുഴ ഉണ്ട്. മാപ്പക്കണ്ടി കണിത്താഴ തോട് ഒരു കി.മീ. ഒഴുകി ഈ പുഴയുമായി ചേരുന്നുണ്ട്. ചുണ്ടു വയലിൽ നിന്നാരംഭിക്കുന്ന ഒരു കി.മീ. നീളം വരുന്ന കല്ലറക്കൽ തോട് എയ്യാന്റ വടക്കുഭാഗത്തായി അറബിക്കടലിൽ പതിക്കുന്നു. പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ പുല്ലാഞ്ഞോളി ക്കുളം,കുമ്മങ്കോട്ട്കുളം, ,താഴെകുനിയിൽ കുളം, കുരിക്കിലാട്ട് പൂതക്കുണ്ട് കുളം, മാണിക്കോത്ത് കുളം, കൊയിലോത്ത് ക്ഷേത്രകുളം എന്നിവയാണ്.

കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് എതാണ്ട് 2500 ആളുകൾ പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും വലിയതൊഴിൽ മേഖലയും ഇതുതന്നെ. മത്സ്യവിപണനവുമായി ബന്ധപ്പെട്ട് വേറെ100ഓളം ആളുകളുണ്ട്.

കടലിൽ നിന്നും പ്രധാനമായും അയല, ചെമ്പാൻ, ചെമ്മീൻ, നത്തൽ, ചൂണ്ട, കേതൽ, മാന്തൾ, അയക്കൂറ, ആകോലി, മുള്ളൻ എന്നീ പലവക ചെറുതും വലുതുമായ മത്സ്യങ്ങൾ ഇവിടെ സുലഭമാണ്. ജനുവരി മുതൽ മെയ്‌വരെ അയല, അയക്കൂറ, ചെമ്മീൻ, ആകോലി, നത്തൽ എന്നീ മീനുകളും ജൂൺ മുതൽ ആഗസ്ത് വരെ അയല, ചെമ്മീൻ,നത്തൽ എന്നീ മീനുകളും സപ്തമ്പർ മുതൽ ഡിസമ്പർ വരെ അയക്കൂറ,കൂന്തൽ, ആകോലി, നത്തൽ, മാന്തൾ,മുള്ളൻ എന്നിവയുമാണ് ലഭിക്കുന്നത്. കൂടാതെ കടുക്ക സുലഭമായി കിട്ടുന്ന പ്രദേശമാണിത്. എതാണ്ട് 200പേർ ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഞണ്ടും സാമാന്യം നല്ല തോതിൽ ഇവിടെ കിട്ടി വരുന്നുണ്ട്. മുൻകാലങ്ങളിൽ മത്തി സുലഭമായിരുന്നെങ്കിലും ഇന്ന് വളരെ വിരളമായേ കിട്ടുന്നുള്ളൂ. ഏട്ട, സ്രാവുകൾ എന്നിവയുടെ സ്ഥിതിയും ഇതുതന്നെ. മുൻകാലങ്ങളിൽ എയ്യാൻ കല്ലീൽ ലഭിച്ചിരുന്ന 'കടൽകൊഞ്ചൻ' ഇപ്പോൾ തീരെ ലഭ്യമല്ല. ശുദ്ധജല മത്സ്യബന്ധനം കാര്യമായ തോതിൽ ഇല്ലെങ്കിലും മഴക്കാലത്ത് പുഴകളിലും തോടുകളിലും നടക്കാറുണ്ട്. പ്രധാനമായും മാലാൻ, ചെമ്മീൻ, കടുങ്ങാലി,മുഷു,കൊയ്യാൽ എന്നിവയാണ് ലഭ്യമാകുന്നത്.

പഞ്ചായത്തിലെ പ്രധാന ബന്ധനകേന്ദ്രമായിരുന്ന എയ്യാൻ കടപ്പുറം ഇന്ന് ഈ രംഗത്ത് പിന്നോട്ട് ആണ്. കടൽ അരിപ്പകാരണം മത്സ്യബന്ധന തോണികൾക്ക് സുരക്ഷിതമായി കരയ്ക്കടുപ്പിക്കാൻ അനുഭവപ്പെടുന്ന പ്രയാസമാണ് ഈ പിറകോട്ടടിക്ക് കാരണമായത്.

മത്സ്യബന്ധന ഉപകരണങ്ങളുടെ നിർമ്മാണം,റിപ്പേർ എന്നിവ നടക്കുന്ന കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. ഇവിടെ പ്രധാനമായും നാടൻതോണികളും യന്ത്രം ഘടിപ്പിച്ച തോണികളും ആണ് ഉപയോഗിച്ചുവരുന്നത്. 3വലിയ ഫൈബർ ബോട്ടുകളും പതിനഞ്ചോളം ചെറു ഫൈബർ ബോട്ടുകളും ഇവിടെ ഉപയോഗിക്കപ്പെടുന്നുണ്ട്.

മത്സ്യബന്ധന ഉപകരണങ്ങൾ

| വാർഡ് -- | ബോട്ട് -- | യന്ത്രവൽകൃത നാടൻ തോണി | നാടൻ തോണി | ചെറു ഫൈബർ | വൻ ഫൈബർ |
|---|---|---|---|---|---|
| XI | 3 | 105 | 10 | 9 | 3 |
| XII | Nil | 30 | 25 | Nil | 1 |
| XIII | Nil | 25 | 15 | Nil | Nil |
| I | Nil | 10 | 15 | 2 | Nil |

മത്സ്യബന്ധനം - തൊഴിലാളികൾ
ഫിഷറീസ് ഓഫീസ്, വടകര

| വാർഡ് | മത്സ്യബന്ധനം | വിപണനം | വലകെട്ട് | സംസ്കരണം |
|---|---|---|---|---|
| XI | 800 | 20 | Nil | Nil |
| XII | 500 | 30 | Nil | Nil |
| XIII | 600 | 20 | Nil | Nil |
| II | 300 | 20 | Nil | Nil |
| | 2200 | 90 | Nil | Nil |

ചോറോട് പഞ്ചായത്തിൽ ആകെ ചോറോട് ഗെയിറ്റ്, കൈനാട്ടി, വള്ളിക്കാട്, കുരിക്കിലാട് എന്നീ കേന്ദ്രങ്ങളിലാണ് മത്സ്യവില്പന നടക്കുന്നത്. ചോറോട് ഗെയിറ്റിലും കൈനാട്ടിയിലും കുരിക്കിലാടും പ്രത്യേക മത്സ്യ വില്പനക്കായി സൗകര്യങ്ങൾ നിലവിലില്ല. വള്ളിക്കാടങ്ങാടിയിൽ കാലപഴക്കമേറിയ ഒരു മത്സ്യ മാർക്കറ്റ് ഉണ്ടെങ്കിലും ഇത് പൂർണ്ണമായും ഉപയോഗിക്കപ്പെടുന്നില്ല.

വളരെയേറെ സാധ്യതകൾ ഉള്ള ശുദ്ധജല മത്സ്യക്കൃഷി ഈ പഞ്ചായത്തിൽ ഇപ്പോൾ തീരെ ഇല്ല.( പഞ്ചായത്തിൽ ലഭ്യമായ ശുദ്ധജലാശയങ്ങളിൽ കുളങ്ങളിലും തോടുകളിലും) ഇവ നടത്താവുന്നതാണ്. അതുപോലെ ചെമ്മീൻ കൃഷിക്കുപയുക്തമായ കല്ലറക്കൽ തോട് ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

1, 11 ,12, 13 വാർഡുകളിലാണ് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നത്. മത്സ്യതൊഴിലാളി കോളനികൾ ഈ പഞ്ചായത്തിൽ ഇല്ല. പാർപ്പിടസൗകര്യം, കുടിവെള്ളം, കക്കൂസ് എന്നീ കാര്യങ്ങളിൽ മത്സ്യതൊഴിലാളി കുടുംബങ്ങൾ വളരെ പിന്നിലാണ്. വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടെങ്കിലും അത് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ഈ കുടുംബങ്ങൾക്കു കഴിഞ്ഞിട്ടില്ല. സാമൂഹ്യമായും സാമ്പത്തികമായും നിലനിൽക്കുന്ന പിന്നോക്കാവസ്ഥ കാരണം ഈ കുടുംബങ്ങൾ വിദ്യാഭ്യാസ കാര്യത്തിൽ ഇന്നും വിമുഖത കാണിച്ചു വരികയാണ്.

മത്സ്യഫെഡ് മുഖേനയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ (വള്ളം,എഞ്ചിനുകൾ) എന്നിവ നാമമാത്രമായി മാത്രമാണ് ലഭ്യമാകുന്നത്. പ്രവർത്തനക്ഷമമായ, വിദഗ്ദമായ രീതിയിൽ പ്രവർത്തിക്കുന്ന ഔട്ട്ബോഡ് എഞ്ചിൻ റിപ്പേർ കേന്ദ്രം തീരപ്രദേശത്ത് എവിടെയുമില്ല.

പഞ്ചയത്തിലെ 12ാം വാർഡിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഐസ് ഫാക്ടറി പ്രവർത്തിക്കുന്നതൊഴിച്ചാൽ മറ്റ് ഐസ്ഫാക്ടറികളോ കോൾഡ് സ്റ്റോറേജുകളോ, പീലിംഗ് സെന്ററുകളോ പഞ്ചായത്തിൽ ഒന്നും തന്നെ നിലവിലില്ല.

പഞ്ചായത്തിന്റെ 12,13 വാർഡുകളിൽ ചിലഭാഗങ്ങളിൽ കടൽ ഭിത്തി ഉയരംകൂട്ടി സംരക്ഷിക്കേണ്ടതാണ്. ഈ ഭാഗത്ത് കടലാക്രമണം കാലവർഷക്കാലത്ത് അനുഭവപ്പെട്ടു വരുന്നു.

മത്സ്യ മൊത്ത വില്പന കേന്ദ്രത്തിൽ ചില സ്വകാര്യ വ്യക്തികൾ പിടിമുറുക്കിയതിനാൽ കടുത്ത ചൂഷണത്തിന് തൊഴിലാളികൾ വിധേയരാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ മത്സ്യ ലഭ്യത വളരെ കുറവാണ്. ഈ സമയങ്ങളിൽ കടുത്ത വറുതിയിലേക്ക് നീങ്ങുക പതിവാണ്.

ഈ രംഗത്ത്, ഇന്നു നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1.പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ കടൽ ഭിത്തയുടെ ഉയരക്കുറവ് കാരണം കടലാക്രമണം രൂക്ഷമാണ്.

2.ആധുനിക ഫിഷ്ലാൻഡിങ്ങ് സൗകര്യം ഇവിടെ ഇല്ല.

3.മത്സ്യബന്ധന ഉപകരണങ്ങളുടെ ദൗർലഭ്യം

4. ഔട്ട്ബോർഡ് എഞ്ചിനുകൾ റിപ്പേർ ചെയ്യാനുള്ള സംവിധാനമില്ലായ്മ.

5.കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടവർക്ക് കര തിരിച്ചറിയാനുള്ള സൗകര്യമില്ലായ്മ.

6.ഉൾനാടൻ, ശുദ്ധജല മത്സ്യകൃഷിക്കുള്ള അസൗകര്യങ്ങൾ ബോധവല്ക്കരണത്തിന്റെ അഭാവം.

7.മത്സ്യബന്ധനം, സംസ്കരണം എന്നിവക്ക്, വേണ്ട ആധുനിക സംവിധാനം ഇല്ല.

8. മത്സ്യ തൊഴിലാളി കുടുംബങ്ങളിലെ കക്കൂസ് ഇല്ലായ്മ പരിസര മലിനീകരണത്തിന് ഇടയാക്കുന്നു.

9.മത്സ്യതൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ

10.തീരപ്രദേശത്ത് ഇന്ന് നിലവിലുള്ള 'തീരദേശ നിയമം' മൂലം മത്സ്യതൊഴിലാളികളുടെ പാർപ്പിട നിർമ്മാണം തടസ്സപ്പെടുന്നു.

**ഈരംഗത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ**

1.നിലവിലുള്ള വടകരമുട്ടുങ്ങൽ മത്സ്യ സഹകരണ സംഘം ഉൾപ്പെടെയുള്ള മറ്റ് സംഘങ്ങളുടെ പരിധിയിൽ നിന്ന് പഞ്ചായത്തിനെ ഒഴിവാക്കി ചോറോട് പഞ്ചായത്തിലെ തൊഴിലാളികൾക്ക് മാത്രമായി ഒരു സംഘം രൂപീകരിക്കേണ്ടതാണ്.

- മത്സ്യഫെഡ് പദ്ധതികൾക്ക് ഈ സംഘത്തിന് നേതൃത്വപരമായ പങ്ക് വഹിക്കാവുന്നതാണ്.

2.തീരപ്രദേശത്ത് യുക്തമായ കേന്ദ്രങ്ങളിൽ ഐസ് ഫാക്ടറി, കോൾഡ് സ്റ്റോറേജ് എന്നിവ സ്വകാര്യ സഹകരണ രംഗത്ത് നിലവിൽ വരേണ്ടതാണ്.

3.എയ്യാൻ കടപ്പുറത്ത് ഒരു വലിയ പുലിമുട്ട് (മിനിഹാർബർ) സ്ഥാപിക്കുക.

4.പുറംകടലിൽ മത്സ്യബന്ധനത്തിന് പോകുന്നവർക്കായി കരതിരിച്ചറിയുന്നതിനുള്ള സിഗ്നൽലാംബ് യുക്തമായ സ്ഥലത്ത് സ്ഥാപിക്കുക.

5.വള്ളിക്കാട് മത്സ്യമാർക്കറ്റ് പുനർനിർമ്മിച്ച് പരിഷ്ക്കരിക്കുക.

6 പഞ്ചായത്തിൽ ചോറോട് ഗെയിറ്റ്, കൈനാട്ടി, കുരിക്കിലാട് എന്നീ കേന്ദ്രങ്ങളിൽ സൗകര്യങ്ങളോട് കൂടിയ മൂന്ന് മത്സ്യമാർക്കറ്റുകൾ (മാംസവില്പന ഉൾപ്പെടെ) സ്ഥാപിക്കേണ്ടതാണ്.

അക്വാസ്റ്റോറുകൾ

7 മത്സ്യബന്ധന ഉപകരണങ്ങളുടെ സ്പേർപാർട്ടുകൾ ലഭ്യമാകുന്ന ഒരു 'വ്യാസാ സ്റ്റോർ' പഞ്ചായത്തിന്റെ തീര പ്രദേശത്ത് സ്ഥാപിക്കേണ്ടതാണ്.

8 മത്സ്യതൊഴിലാളി പെൻഷൻ ഉദാരമാക്കുകയും എല്ലാ അർഹരായ തൊഴിലാളികൾക്കും ലഭ്യമാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുക.

9 മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാനുള്ള ധനസഹായം മത്സ്യഫെഡ് മുഖേന വ്യാപകമാക്കുക.

10 കല്ലുമ്മക്കായ സംസ്കരണ സൗകര്യം ഉണ്ടാക്കുകയും കല്ലുമ്മക്കായ ഉപയോഗിച്ചുള്ള മറ്റു ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുകയും ചെയ്യുന്ന യൂനിറ്റ് ആരംഭിക്കുക.

11. തീരദേശത്തായി ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കുക.

12 തീരപ്രദേശത്തിന് മാത്രമായി ഫിഷറീസ് മാവേലി സ്റ്റോർയുക്തമായ സ്ഥലത്ത് സ്ഥാപിക്കുക.

13 ചോറോട് കുരിയാടിബീച്ച് റോഡ്, മുൻസിപ്പൽ റോഡുമായി ബന്ധിപ്പിക്കുക ( ഈ റോഡ് മത്സ്യ വിപണനത്തിനായി ഏറ്റവും പ്രയോജനപ്പെടുന്നതാണ്.)

14 അഴിയൂർഅഴിത്തല തീരദേശറോഡ് നിർമ്മാണം ഉടൻ ആരംഭിക്കുക.


15 തീരദേശ നിയമത്തിൽ പൂർണ്ണമായും കേരളത്തെ ഒഴിവാക്കേണ്ടതാണ്. ഈ ആവശ്യത്തിനുള്ള നിയമ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാവണം.

16 ശുദ്ധജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് വേണ്ട മത്സ്യകുഞ്ഞുങ്ങളെയും സാങ്കേതിക സാമ്പത്തിക സഹായങ്ങളും മത്സ്യഫെഡ് മുഖാന്തിരം ഏർപ്പെടുത്തുക.

17 കല്ലറക്കൽ തോടിൽ ഓരുജല പ്രദേശങ്ങളിൽചെമ്മീൻ വാറ്റ് കൃഷി പ്രയോജനപ്പെടുത്താവുന്നതാണ്. (കല്ലറക്കൽ ഭാഗവും ഒന്നാം വാർഡിൽ രയരങ്ങോത്ത് പ്രദേശവും ഇതിന് അനുയോജ്യമാണ്.

18 ഓരു ജല മത്സ്യകൃഷിയോട് ബന്ധപ്പെട്ട് ചെമ്മീൻ വാറ്റ് കൃഷിക്കുവേണ്ട വളർത്തു മത്സ്യകുഞ്ഞുങ്ങളുടെ വിത്തുല്പാദനം ലക്ഷ്യമാക്കിയുള്ള ഹാച്ചറികൾ സ്ഥാപിക്കാവുന്നതാണ്. (Fish Hatcheries shrimp prawn hatchries)

19 എയ്യാൻ കടപ്പുറത്ത് മിനി ടൂറിസ്റ്റു കേന്ദ്രം തുടങ്ങാനുള്ള സാധ്യതകൾ പരിഗണിക്കേണ്ടതാണ്.



# വിദ്യാഭ്യാസം

ചോറോട് പഞ്ചായത്ത് വർഷങ്ങൾക്കു മുമ്പുതന്നെ വിദ്യാഭ്യാസമേഖലയിൽ തനതായ മുദ്ര പതിപ്പിച്ചിരുന്നു. പോയ കാലങ്ങളിലെല്ലാം പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗം പൊതുവെ വളർച്ചയുടെ പാതയിൽ തന്നെയായിരുന്നു. പഞ്ചായത്തിലെ ഇന്നത്തെ വിപുലമായ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അടിത്തറ ഒരുക്കുന്നതിനാൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ആദ്യകാല വിദ്യാഭ്യാസ പ്രവർത്തകൻമാരിൽ പ്രമുഖരായിരുന്ന ശ്രീ. ചേക്കാലക്കണ്ടി കുഞ്ഞിക്കണ്ണൻ വൈദ്യർ, ശ്രീ. കെ. കുഞ്ഞുണ്ണി നമ്പ്യാർ, ശ്രീ. കണ്ണൻ ഗുരിക്കൾ, ശ്രീ. കൃഷ്ണൻ അടിയോടി, ശ്രീ T.K. ചന്തുമാസ്റ്റർ തുടങ്ങിയവർ ഇവരിൽ T.K. ചന്തുമാസ്റ്റർ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാലയായ ഗ്രാമസംഘം ഗ്രന്ഥാലയം സ്ഥാപിക്കുന്നതിൽ മുഖ്യമായ പങ്കുവഹിച്ച ഒരാൾകൂടിയാണ്.

പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം വള്ളിക്കാട്ടിൽ പ്രവർത്തിക്കുന്ന പരിശക്കുനി യി.പി.സ്ക്കൂളാണ്. 1870-ൽ ശ്രീ. കെ. കുഞ്ഞുണ്ണി നമ്പ്യാരാണ് സ്ക്കൂൾ ആരംഭിച്ചത്. L.P. സ്ക്കൂളാണ് തുടക്കം കുറിച്ചത്. മയ്യണ്ണൂർ, വിലാതപുരം, ഒഞ്ചിയം, കണ്ണൂക്കര, മുട്ടുങ്ങൽ എന്നീ സ്ഥലങ്ങളിൽ നിന്നും കുട്ടികൾ പഠനത്തിനായി വന്നത് ഈ സ്ക്കൂളിലായിരുന്നു. 1918ൽ ഇവിടെ 5-ാം ക്ലാസ്സോടുകൂടിപ്രവർത്തിച്ചിരുന്ന ഏക സ്ക്കൂളിലെ 8-ാം ക്ലാസ്സിലെ ആദ്യത്തെ ബാച്ച് പരീക്ഷ എഴുതിയത്. പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടതിൽ ചിലതാണ് മുട്ടുങ്ങൽ സൗത്ത് U.P. സ്ക്കൂൾ, കുരിക്കിലാട് U.P സ്ക്കൂൾ, ചോറോട് K.A.M.U.P. സ്ക്കൂൾ തുടങ്ങിയവ. ഇങ്ങനെ ഏറെക്കാലം മുമ്പുതന്നെ സ്ക്കൂൾ വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധിച്ചിരുന്ന പഞ്ചായത്തിലെ ജനതയ്ക്ക് ഉന്നതവിദ്യാഭ്യാസം നേടുന്നതിന് ഏറെ സഹായിച്ചിരുന്നത് ഒഞ്ചിയം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മടപ്പള്ളി ഗവ: കോളേജാണ്.

ചാർട്ട് 1

വിദ്യാർത്ഥികൾ – അദ്ധ്യാപകർ കണക്ക് 95 – 96

| നം. | സ്ക്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ ആകെ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | ചോറോട് ഗവ: H.S | Govt. | 433 | 363 | 796 | 30 |
| 2 | കുരിക്കിലാട് U.P | Aided | 281 | 284 | 565 | 22 |
| 3 | വൈക്കിലശ്ശേരി U.P | " | 252 | 213 | 465 | 17 |
| 4 | വരിശ്യക്കുനി U.P | " | 254 | 226 | 480 | 20 |
| 5 | മുട്ടുങ്ങൽ സൗത്ത് U.P | " | 360 | 330 | 690 | 29 |
| 6 | കെ.എ.എം. U.P | " | 201 | 159 | 390 | 18 |
| 7 | വൈക്കിലശ്ശേരി മാപ്പിള L.P | " | 57 | 54 | 111 | 5 |
| 8 | വരിശ്യക്കുനി മാപ്പിള L.P | " | 88 | 77 | 165 | 8 |
| 9 | എരപുരം മാപ്പിള L.P | " | 52 | 44 | 96 | 5 |
| 10 | മുട്ടുങ്ങൽ L.P | " | 89 | 66 | 155 | 4 |
| 11 | ചേന്ദമംഗലം L.P | " | 48 | 33 | 81 | 4 |
| 12 | ചോറോട് L.P | " | 53 | 48 | 101 | 4 |
| 13 | കാരക്കാട് L.P | " | 134 | 107 | 241 | 9 |
| 14 | എരപുരം S.V.L.P | " | 53 | 29 | 82 | 4 |
| 15 | മുട്ടുങ്ങൽ V.D.L.P | " | 97 | 73 | 170 | 6 |
| 16 | അറക്കിലാട് J.B.L.P | " | 52 | 50 | 102 | 4 |
| 17 | കുരിയാടി G.F.L.P | " | 64 | 63 | 127 | 4 |
| 18 | മുട്ടുങ്ങൽ G.L.P | " | 95 | 86 | 181 | 7 |
| | ആകെ | | 2663 | 2335 | 4998 | 200 |

35000 ത്തോളം ജനസംഖ്യ ഉള്ള പഞ്ചായത്തിൽ ഇന്ന് പ്രവർത്തിക്കുന്നത് 18 സ്ക്കൂളുകളാണ്. ഇതിൽ 1 ഹൈസ്ക്കൂൾ, 12 L.P. സ്ക്കൂൾ, 5 U.P. സ്ക്കൂൾ എന്നിവയാണ്. ഇവയിലെല്ലാമായി 4998 വിദ്യാർത്ഥികളാണ് ഇപ്പോൾ പഠിക്കുന്നത്. ഇതിൽ 2663 ആൺകുട്ടികളും, 2335 പെൺകുട്ടികളും ഉണ്ട്. ആകെ 200 അദ്ധ്യാപകൻമാരും ഉണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ 6ാം വാർഡിൽ സ്ഥിതിചെയ്യുന്ന ചോറോട് ഗവ:ഹൈസ്ക്കൂളാണ്. 1974ൽ ആണ് ഇത് സ്ഥാപിക്കപ്പെട്ടത്. കുരിക്കിലാട് U.P. സ്ക്കൂളിലായിരുന്നു ഈ സ്ക്കൂളിന് ആരംഭം കുറിച്ചിരുന്നത്. നാട്ടുകാരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഭാഗമായിട്ട് കൂടിയാണ് ഈ സ്ക്കൂളിന് സ്ഥലവും കെട്ടിടവും പിന്നീട് ഉണ്ടായത്. ഇന്ന് സ്ക്കൂൾ സ്ഥിതിചെയ്യുന്ന 3 ഏക്കർ സ്ഥലം മഠത്തിൽ ജാവ അഹമ്മദ് ഹാജി എന്ന ആൾ സംഭാവനയായി നൽകിയതാണ്. 8,9,10 ക്ലാസ്സുകളിലായി 796 കുട്ടികളാണ് ഇപ്പോൾ ഈ വിദ്യാലയത്തിൽ പഠിച്ചുകൊണ്ടിരിക്കുന്നത്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉള്ള ഒരു സ്ക്കൂളാണെന്ന് പറയാം. P.T.A ഏറെക്കുറെ സജീവമാണ്. എന്നിരുന്നാലും സ്ക്കൂളിലെ പഠന നിലവാരം ആശാവഹമല്ല. S.S.L.C വിജയിക്കുന്ന കുട്ടികൾക്ക് താരതമ്യേന കുറഞ്ഞ മാർക്കാണ് ലഭിക്കുന്നത്. ഇപ്പോൾ നിലവാരം മെച്ചപ്പെടുത്താൻ 'വിജയരഥം' പരിപാടി നടപ്പിലാക്കിവരുന്നുണ്ട്.

ചാർട്ട് 2

**ഹൈസ്ക്കൂൾ 5 വർഷത്തെ വിജയശതമാന കണക്ക്**

| ചോറോട് ഗവ: H.S | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| എണ്ണം | 239 | 261 | 252 | 231 | 222 |
| ശതമാനം | 30% | 27% | 29% | 35% | 29% |

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോകൽ പ്രവണത നാമമാത്രമാണ്. എന്നാൽ കടലോരമേഖലയിലെ 13ാം വാർഡിൽ കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണംവർദ്ധിച്ചുവരുന്നതായും ഗ്രാമസഭാ റിപ്പോർട്ടിൽ കാണുന്നു. സാമൂഹ്യസാമ്പത്തിക കാരണങ്ങളാണ് ഈ കൊഴിഞ്ഞുപോകൽ പ്രവണത നിലനിൽക്കുന്നതിനിടയാക്കുന്നത്. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുട്ടികളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറാകുന്നുണ്ടെങ്കിലും, അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ കുട്ടികളെ ചേർക്കാനുള്ള പ്രവണത പ്രകടമായ രീതിയിൽ വർദ്ധിച്ചുവരുന്നു. വിദ്യാഭ്യാസ മേഖലയിലുള്ള വരേണ്യവൽക്കരണ പ്രവണത നമ്മുടെ പഞ്ചയായത്തിലെ സാധാരണക്കാരായ ജനങ്ങളെയും സ്വാധീനിച്ചിട്ടുണ്ട് എന്നതിന്റെ തെളിവാണിത്. മാതൃഭാഷ തന്നെ കുട്ടികളെ പഠിപ്പിക്കണം എന്ന ബോധം രക്ഷിതാക്കളിൽ നിന്നും അന്യം നിന്നുപോകുന്ന അവസ്ഥയും വർദ്ധിച്ചുവരുന്നുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് മടപ്പള്ളി ഗവ: കോളേജിനേയും, വടകരയിലെയും, മടപ്പള്ളിയിലെയും പാരലൽ കോളേജുകളിലുമാണ്. പഞ്ചായത്തിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ഒരു പാരലൽ കോളേജുണ്ട്. അഞ്ചോളം ട്യൂട്ടോറിയൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ പോകുന്നത് പ്രധാനമായും വടകരയിലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന നിലയിൽ 2 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്.

സ്ക്കൂളുമായി ബന്ധപ്പെട്ട് 3 നഴ്സറികളും, സ്വകാര്യ വ്യക്തികൾ നടത്തുന്ന 2 നഴ്സറികളും ആണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. മതപഠന രംഗത്ത് 10 ഓളം മദ്രസകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. രാവിലെ സ്ക്കൂൾ സമയത്തിനു മുമ്പാണ് മിക്ക മദ്രസകളിലും പഠനം നടക്കുന്നത്.

പഞ്ചായത്തിൽ നിരക്ഷരുടെ എണ്ണം പൊതുവെ കുറവാണ്. എങ്കിലും 13ാം വാർഡിൽ 100ൽ കൂടുതൽ നിരക്ഷരർ ഉണ്ട് എന്ന് ഗ്രാമറിപ്പോർട്ടിൽ കാണുന്നു. ഈ വാർഡിൽ തന്നെ 5 വയസ്സ് പൂർത്തിയായിട്ടും സ്ക്കൂളിൽ ചേർന്ന് പഠിക്കാൻ 25ൽ അധികം കുട്ടികൾ ഉണ്ട് എന്നും ഗ്രാമസഭാ റപ്പോർട്ടിൽ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ 3,4,13 വാർഡുകളിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം പോലും ഇല്ല.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പഞ്ചായത്തിലെ മിക്കവാറും സ്ക്കൂളുകളിൽ നിലനിൽക്കുന്നുണ്ട്. ബഹുഭൂരിപക്ഷവും മാനേജ്മെന്റ് സ്ക്കൂളുകളാണ് എന്നതുകൊണ്ടുതന്നെ ജനങ്ങൾ സ്ക്കൂളിന് ഭൗതിക സാഹചര്യം ഉണ്ടാക്കിക്കൊടുക്കുന്നതിന് മുന്നിട്ടിറങ്ങാൻ തയ്യാറാകാത്ത അവസ്ഥ പൊതുവെ ഉണ്ട്. ഈ സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ മാനേജർമാരേക്കൂടി പങ്കാളികളാക്കുന്നതിന് ജനങ്ങൾ പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് ഫലപ്രദമായി ഇടപെടേണ്ടിയിരിക്കുന്നു.

## ചാർട്ട് 3

### വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങളുടെ കണക്ക്

| നം. | സ്ക്കൂളിന്റെ പേര് | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ചോറോട് ഗവ: H.S | 796 | 30 | 2 | 4 | ഉണ്ട് | ഉണ്ട് |
| 2 | കുരിക്കിലാട് U.P | 565 | 22 | 2 | 1 | ഉണ്ട് | ഉണ്ട് |
| 3 | വൈക്കിലശ്ശേരി U.P | 465 | 17 | 1 | 1 | ഇല്ല | ഇല്ല |
| 4 | വരിശ്യക്കുനി U.P | 480 | 20 | 2 | 2 | ഉണ്ട് | ഇല്ല |
| 5 | മുട്ടുങ്ങൽ സൗത്ത് U.P | 690 | 29 | 2 | 1 | ഉണ്ട് | ഉണ്ട് |
| 6 | കൃഷ്ണനടിയോടിമെമ്മോറിയൽ U.P | 390 | 18 | 2 | 1 | ഉണ്ട് | ഉണ്ട് |
| 7 | വൈക്കിലശ്ശേരി മാപ്പിള L.P | 111 | 5 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 8 | വരിശ്യക്കുനി മാപ്പിള L.P | 165 | 8 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 9 | എരപുരം മാപ്പിള L.P | 96 | 5 | 1 | 1 | ഉണ്ട് | ഉണ്ട് |
| 10 | മുട്ടുങ്ങൽ L.P | 155 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | ചേന്ദമംഗലം L.P | 81 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 | ചോറോട് L.P | 101 | 4 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 13 | കാരക്കാട് L.P | 241 | 9 | 1 | ഇല്ല | ഇല്ല | ഇല്ല |
| 14 | എരപുരം S.V.L.P | 82 | 4 | 1 | 1 | ഇല്ല | ഇല്ല |
| 15 | മുട്ടുങ്ങൽ V.D.L.P | 170 | 6 | 1 | ഇല്ല | ഇല്ല | ഇല്ല |
| 16 | അറക്കിലാട് J.B.L.P | 102 | 4 | 1 | 1 | ഇല്ല | ഇല്ല |
| 17 | കുരിയാടി G.F.L.P.S | 127 | 4 | 2 | 1 | ഇല്ല | ഇല്ല |
| 18 | മുട്ടുങ്ങൽ G.L.P | 181 | 7 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ചാർട്ട് മൂന്ന് പരിശോധിച്ചാൽ 2 സ്ക്കൂളുകളിൽ മൂത്രപ്പുര ഇല്ല എന്നും 7 സ്ക്കൂളുകളിൽ കക്കൂസ് ഇല്ല എന്നും 8 സ്ക്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമല്ല എന്നും 13 സ്ക്കൂളുകളിൽ വൈദ്യുതി ഇല്ല എന്നും മനസ്സിലാക്കാം. കുരയാടി ഗവ: ഫിഷറീസ് L.P. സ്ക്കൂളിൽ ആവശ്യമായ അദ്ധ്യാപകൻമാരും ഇല്ല. എരപുരംSVLP എന്നിവ അൺഎക്കണോമിക് സ്ക്കൂളുകളാണ്. കുടുംബാസൂത്രണം, ഇംഗ്ലീഷ് മീഡിയത്തോടുള്ള ആഭിമുഖ്യം, 4 - ാം ക്ലാസ്സുവരെയുള്ള സ്ക്കൂളുകളിൽ കുട്ടികളെ ചേർക്കാനുള്ള വൈമനസ്യം എന്നിവയാണ് സ്ക്കൂളുകൾ അൺ എക്കണോമിക് ആകാനുള്ള പൊതുവെയുള്ള കാരണങ്ങളിൽ ചിലത്. പഞ്ചായത്തിലെ സ്ക്കൂളുകളിൽ പൊതുവെ PTA യുടെ പ്രവർത്തനം ഫലപ്രദം അല്ലാത്ത അവസ്ഥ ഉണ്ട്.

## ചാർട്ട് 4

### അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത 95 – 96

| ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | സിനിമാ പ്രൊജക്ടർ | മാതൃസംഗമം | ക്ലാസ്സ് പി.ടി.എ പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 16 16 | 11 | 11 | 15 | 9 | 8 | 1 | 18 | 10 |
| ഇല്ലാത്തത് | 2 2 | 7 | 7 | 3 | 9 | 10 | 17 | - - | 8 |

ചാർട്ട് 4 പരിശോധിച്ചാൽ പഞ്ചായത്ത് വികസന പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി പ്രവർത്തിക്കുന്നുണ്ട്. ഈ വികസന സമിതിക്ക് കീഴിൽ എല്ലാ വാർഡുകളിലും വാർഡുതല വിദ്യാഭ്യാസ വികസന സമിതിയും, സ്ക്കൂൾ തലത്തിൽ സ്ക്കൂൾ വികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. സ്ക്കൂളിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക, വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ഈ സമിതിയുടെ ലക്ഷ്യം. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കിടയിൽ അക്ഷര അക്കജ്ഞാന പരിശോധന നടത്തി. ഈ പരിശോധനയിൽ നിലവാരം കുറഞ്ഞ വിദ്യാർത്ഥികളെ കണ്ടെത്തുകയും, അവരുടെ നിലവാരം മെച്ചപ്പെടുത്താൻ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിൽ തുടർപ്രവർത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്.

## ചാർട്ട് 5

### 95 – 96 വർഷത്തെ കാൽകൊല്ല പരീക്ഷയുടെ വിജയശതമാനം

| ക്ലാസുകൾ | 30 % ത്തിൽ താഴെ മാർക്ക് ലഭിച്ചവർ | 30%നും 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40%നും 50%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 50%നും 60%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 60% മുകളിൽ |
|---|---|---|---|---|---|
| III | 149 | 80 | 101 | 87 | 190 |
| IV | 106 | 85 | 78 | 13 | 199 |
| V | 113 | 99 | 103 | 91 | 144 |
| VI | 138 | 104 | 88 | 85 | 89 |
| VI | 158 | 125 | 120 | 121 | 114 |
| VIII | 231 | 15 | 10 | 13 | 5 |
| IX | 282 | 17 | 14 | 9 | 6 |
| X | 171 | 13 | 16 | 18 | 19 |

152

പഞ്ചായത്തിൽ പൊതുവെ വിദ്യാഭ്യാസ നിലവാരം ആശാവഹമല്ല. വിദ്യാഭ്യാസത്തിന്റെ നിലവാരം ഇനിയും ഏറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. നിലവാര തകർച്ചയ്ക്ക് നിരവധി കാരണങ്ങൾ ഉണ്ട്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, ദൃശ്യ മാധ്യമങ്ങളുടെ അമിതമായ സ്വാധീനം, അധ്യാപകന്മാർക്ക് റിഫ്രഷൻ കോഴ്സുകൾ വേണ്ടത്ര ലഭിക്കാത്ത അവസ്ഥ, രക്ഷിതാക്കളുടെ ജാഗ്രത കുറവ് തുടങ്ങിയ കാരണങ്ങളിൽ പ്രധാനപ്പെട്ടതാണ്. പട്ടിക വർഗ്ഗത്തിൽപ്പെട്ട വദ്യാർത്ഥികൾ പഞ്ചായത്തിലില്ല. പട്ടികജാതിയിൽ പ്പെട്ട വിദ്യാർത്ഥികൾ മൊത്തം വിദ്യാർത്ഥികളുടെ 1.79% മാത്രമാണുള്ളത്.

ചാർട്ട് 6

പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് 95 - 96

| L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1612 | 17 | 1.05 | 2590 | 49 | 1.89 | 796 | 23 | 2.89 |

പഞ്ചായത്തിൽ പട്ടികവർഗ്ഗത്തിൽ പെട്ട കുട്ടികൾ ഇല്ല.

ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽവരുന്ന 5 വർഷത്തിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലകളിൽ നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1-ാം വാർഡിൽ പ്രവർത്തിക്കുന്ന കാരക്കാട് L.P സ്ക്കൂളിൽ കക്കൂസ്, മൂത്രപ്പുര, കിണർ എന്നിവയും സ്ക്കൂളിനോടനുബന്ധിച്ച് പ്രീപ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

2-ാം വാർഡിലെ മുട്ടുങ്ങൽ L.P സ്ക്കൂളിൽ കുടിവെള്ളം ലഭ്യമാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണം.

4ാം വാർഡിൽ പ്രവർത്തിക്കുന്ന വരിശക്കുനി M.L.P സ്ക്കൂളിലേക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തുക. വരിശ്യക്കുനി M.L.P സ്ക്കൂളിൽ ശുദ്ധജലം ലഭ്യമാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുക.

6ാം വാർഡിൽ കുരിക്കിലാട് U.P സ്ക്കൂൾ കളിസ്ഥലത്ത് നിർമ്മിച്ച കെട്ടിടം പ്രസ്തുത സ്ക്കൂളിന് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

U.P സ്ക്കൂൾ വിദ്യാഭ്യാസത്തിനായി 7ാം വാർഡിലെ ഏതെങ്കിലും L.P. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുകയോ, അല്ലെങ്കിൽ ഒരു ഗവ: L.P സ്ക്കൂൾ സ്ഥാപിക്കുകയോ ചെയ്യണം.

9ാം വാർഡിലെ ചേന്ദമംഗലം L.P സ്ക്കൂളിന് കക്കൂസ്, മൂത്രപ്പുര, വൈദ്യുതി, കളിസ്ഥലം, ചുറ്റുമതിൽ, ഭക്ഷണം പാകം ചെയ്യാനുള്ള സൗകര്യം തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കണം.

11ാം വാർഡിലെ ഗവ: ഫിഷറീസ് L.P സ്ക്കൂളിനോടനുബന്ധിച്ച് ഒരു നഴ്സറി സ്ക്കൂൾ സ്ഥാപിക്കുക.

12ാം വാർഡിലെ മുട്ടുങ്ങൽ VOLP സ്ക്കൂൾ എന്നിവിടങ്ങളിൽ ആവശ്യമായ ഭൗതിക സാഹചര്യം ഉണ്ടാക്കണം. മീത്തലെ അങ്ങാടി G.L.P സ്ക്കൂളിൽ ചുറ്റുമതിൽ കെട്ടുക, സ്ക്കൂൾ കെട്ടിടത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. കക്കൂസ്, മൂത്രപ്പുര, വൈദ്യുതി, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഉണ്ടാക്കണം.

13ാം വാർഡിലെ ശിശുമന്ദിരത്തിന് ചുറ്റുമതിൽ കെട്ടണം. ഒരു ഫീഡിംഗ് സെന്റർ നിർമ്മിക്കുക. പഞ്ചായത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ, ടൈപ്പ്റൈറ്റിംഗ്, ഓട്ടോ മൊബൈൽ.....തുടങ്ങിയ മേഖലകളിൽ പരിജ്ഞാനം നൽകുന്നതിന് ആവശ്യമായ സ്ഥാപനങ്ങൾ തുടങ്ങണം. ഇവ സഹകരണ മേഖലയിൽ തുടങ്ങുന്നതാണ് അഭികാമ്യം.

പഞ്ചായത്തിൽ നിലവിലുള്ള ബാലവാടികളുടെ ഭൗതിക സാഹചര്യം ഏറെ പരിതാപകരവും, ദയനീയവും ആണ്. ഈ അവസ്ഥ പരിഹരിക്കുന്നതിന് ബാലവാടികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഉണ്ടാക്കണം. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ ബാലവാടികൾ ആരംഭിക്കുകയും വേണം.

സ്ക്കൂളുകളിൽ 'അക്ഷരലോകം' പരിപാടി കാര്യക്ഷമമായി നടപ്പിലാക്കണം.

ICDS സ്കീമിൽ ഉൾപ്പെടാൻ പോകുന്ന ബ്ലോക്കിലെ പഞ്ചായത്ത് എന്ന നിലയിൽ, പ്രസ്തുത സ്കീമിൽ ഉൾപ്പെട്ടാൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒരു അംഗനവാടിയെങ്കിലും സ്ഥാപിക്കണം.

ലൈബ്രറി സംവിധാനം ശക്തമാക്കുകയും, സാഹിത്യ സമാജങ്ങൾ നിർബന്ധപൂർവ്വം നടപ്പിലാക്കുകയും വേണം.

ഉച്ചക്കഞ്ഞി വിതരണം ഫലപ്രദമാക്കണം.

പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഇപ്പോഴും നിരക്ഷരർ ഉള്ളതായി ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ഇത് പരിഹരിക്കുന്നതിനു കൂടി തുടർ സാക്ഷരതാപരിപാടി കാര്യക്ഷമമയി നടപ്പിലാക്കണം.

സ്ക്കൂളിൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കണം.

സ്ക്കൂൾ പരിസരത്തുള്ള റോഡുകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കണം.

സ്പെഷലിസ്റ്റ് അധ്യാപകന്മാരെ നിയമിക്കണം.

അധ്യാപകവിദ്യാർത്ഥി അനുപാതം 1:30 ആയി കുറക്കണം.

PTA കൾ സജീവവും ഫലപ്രദവുമാക്കണം.

വൈക്കിലശ്ശേരി U.P, വൈക്കിലശ്ശേരി മാപ്പിള L.P

എന്നിവിടങ്ങളിൽ നടപ്പിലാക്കിയ MLL പദ്ധതി എല്ലാ സ്ക്കൂളുകളിലും നടപ്പിലാക്കുകയും ആവശ്യമായ ടെക്സ്റ്റ് പുസ്തകങ്ങൾ വർഷാരംഭത്തിൽ എത്തിക്കുകയും ചെയ്യണം.

പഠനോപകരണങ്ങൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് നൽകുകയും, ക്യാമ്പുകൾ സംഘടിപ്പിച്ച് അദ്ധ്യാപകൻമാരുടെ സേവനം ഉപയോഗപ്പെടുത്തി പഠനോപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന സംവിധാനം കൊണ്ടുവരണം.

വിദ്യാഭ്യാസകാര്യത്തിൽ സഹായിക്കുന്നതിനായി നിർധനരായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകണം.

പഞ്ചായത്തിലെ ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളായി ഉയർത്തണം.

**ചാർട്ട് 7**

**സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ കണക്ക് 95 – 96**

| മെറിറ്റ് | മുസ്ലീം പെൺകുട്ടികൾ | വികലാംഗർ | ബീഡി തൊഴിലാളി | മത്സ്യതൊഴിലാളി |
|---|---|---|---|---|
| 4 | 227 | 23 | 13 | 95 |

വിദ്യാഭ്യാസ രംഗത്ത് നമ്മുടെ പഞ്ചായത്ത് കൈവരിച്ച അഭിമാനകരമായ നേട്ടങ്ങൾ നില നിർത്തുന്നതിനും പുതിയ നേട്ടങ്ങൾ കൈവരിക്കുന്നതിനും സഹായകരമായ നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. കൂടുതൽ ശ്രദ്ധയോടും സൃഷ്ടിപരമായ പ്രായോഗിക പ്രവർത്തനത്തിലൂടെയും വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിന് കൂട്ടായ പരിശ്രമം അനിവാര്യമായിരിക്കുന്നു.



# കുടിവെള്ളം പൊതുജനാരോഗ്യം

**കുടിവെള്ളം:**

ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കുടിവെള്ളമാണല്ലോ? ചോറോട് പഞ്ചായത്തിന്റെ ആകെ വിസ്തൃതി 40 % പ്രദേശത്തും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ചില ഭാഗങ്ങൾ വളരെ ഉയർന്ന പ്രദേശങ്ങളാകയാലും മറ്റ് ചില പ്രദേശങ്ങൾ സമുദ്ര തീര പ്രദേശങ്ങളാകയാലും ഈ പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്നു. പഞ്ചായത്തിൽ ആകെ 6116 വീടുകളാണ് നിലവിലുള്ളത്. അതിൽ 3628 വീടുകളിൽ സ്വന്തമായി കിണറുള്ളവയാണ്. (1793 സാനിട്ടറി വെൽ, 1835 സാധാരണ കിണർ) എന്നാൽ 50% വീടുകളിൽ കിണറുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ (ഏപ്രിൽ ,മെയ് മാസങ്ങളിൽ) ശുദ്ധ ജലം ലഭ്യമല്ലാത്ത ഒരവസ്ഥ മിക്ക വീട്ടുകാരും അനുഭവിക്കുന്നു. തീര പ്രദേശത്തുള്ള കിണറുകളിൽ ഉപ്പുവെള്ളം കയറി വെള്ളം ഉപയോഗശൂന്യമാകുന്ന അവസ്ഥ നിലവിലുണ്ട്. കേരളാ വാട്ടർ അതോറിട്ടിയുടെ കീഴിൽ പ്രവർത്തിക്കുന്ന ശുദ്ധജല വിതരണ പദ്ധതി, 9 10 വാർഡിൽ നിലവിലുണ്ട്. ഇതിൽ കുഴൽ കിണറുകളിൽ നിന്ന് നേരിട്ടും ടാങ്കിൽ നിന്ന് പൈപ്പു വഴി വിതരണവും വഴി 19 പൈപ്പുകളുണ്ട്. (അവലംബം പഞ്ചായത്ത് സർവ്വേ)

ഈ പഞ്ചായത്തിലെ 1,2,11,12,13 വാർഡുകളിൽ തീരപ്രദേശമാകയാൽ കിണറുകളിൽ ഉപ്പുവെള്ളം കയറുന്നത് ഒരു മുഖ്യ പ്രശ്നമാണ്. ഇതിനു പുറമെ, 3,8,9,10 വാർഡുകളിൽ ഉയർന്ന പ്രദേശങ്ങളാകയാലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

**പഞ്ചായത്തിലെ ആകെ ശുദ്ധജല സ്രോതസ്സുകൾ**

| | |
|---|---|
| സാനിട്ടറി വെൽ | 1793 |
| സാധാരണ കിണർ | 1835 |
| കുളം | 4 |
| കുഴൽ കിണർ | 9 |
| പൈപ്പ് | 19 |
| പൊതു വിതരണം | 4 |

നിലവിലുള്ള ശുദ്ധജല വിതരണ സൗകര്യങ്ങൾ അപര്യാപ്തമാണ് എന്നത് ഒരു വസ്തുതയാണ്. അടുത്ത വീടുകളിൽ നിന്ന് വെള്ളമെടുത്തുകൊണ്ട് 20% ആളുകൾ ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്ത് മൊത്തത്തിൽ വാർഡുതിരിച്ചുള്ള കുടിവെള്ള പ്രശ്നം താഴെ ചേർക്കുന്നു.

**വാർഡ് 1**

ബീച്ച് ഏരിയ, ലക്ഷംവീട് കോളനി, തയ്യുള്ളതിൽ താഴ, ദേവർകുന്നുമ്മൽ തുടങ്ങിയ സ്ഥലങ്ങളിൽ വേനൽ കാലങ്ങളിൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ലക്ഷംവീട് കോളനി യിലെ പൊതുകിണർ അപകടകരമായ സ്ഥിതിയിലാണ്.

**വാർഡ് 2**

വാർഡിലെ ധനുവോത്ത് ഭാഗം, മൊട്ടേമ്മൽ ഭാഗം, ഉഴിച്ചാലിൽ ഭാഗത്ത്, പുതുശ്ശേരി ഭാഗം, ഉണിലക്കണ്ടി ഭാഗം, മേയനഭാഗം ഈ പ്രദേശങ്ങൾ ജലക്ഷാമമനുഭവിക്കുന്ന മേഖലകളാണ്.

വാർഡ് 3

കൊളങ്ങാട്ട് മേലെ, പയ്യമ്പള്ളിമീത്തൽ പ്രദേശങ്ങൾ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

വാർഡ് 4

കോമുള്ളിക്കുന്ന് ഭാഗം, മുറിയമ്പത്ത്, പുളിയുള്ള പറമ്പത്ത്ഭാഗം

വാർഡ് 5

മൊട്ടത്തറക്കുന്ന് ഭാഗം, കണ്ണാശ്ശേരിക്കുന്ന് ഭാഗം, 4 സെന്റ് കോളനി, കണിയാംകുന്ന് ലക്ഷംവീട് കോളനി, നെഹ്റു സ്മാരക വായനശാലയ്ക്ക് സമീപം

വാർഡ് 6

ചേറോട് ഹൈസ്ക്കൂൾ പരിസരം, കണിയാൻകുന്ന് കോളനി, ഈന്തുള്ള പറമ്പ് ഭാഗം, ചാമക്കണ്ടി ഭാഗം.

വാർഡ് 7

പാറക്കണ്ടി 4 സെന്റ് കോളനി, മലയിൽ ഭാഗം, കൂമുള്ളി പറമ്പത്ത് ഭാഗം, കാട്ടിൽ മുക്ക് കണിയാംകുന്ന് ഭാഗം.

വാർഡ് 8

പാഞ്ചേരിക്കുന്ന് ഭാഗം, എടക്കണ്ണ്യാറത്ത് ഭാഗം, മാങ്ങോട്ട് പാറ

വാർഡ് 9

ആന്തികുന്നുമ്മൽ ഭാഗം, കോമത്ത് പുനത്തിൽ സ്ക്കൂൾ പരിസരം

വാർഡ് 10

പൂളക്കണ്ടി പാറഭാഗം, പുത്തൻപുരയിൽ ഭാഗം, പടുകുന്നത്ത് ഭാഗം, തീരപ്രദേശങ്ങൾ.

വാർഡ് 11

കൊയിലോങ്കണ്ടി, പുത്തൻ പുരയിൽ ഭാഗം, തീരപ്രദേശങ്ങൾ.

വാർഡ് 12

പള്ളിക്കണ്ടിതാഴ, വലിയപറമ്പ് ഭാഗം, ധനുവോത്ത് മുക്ക്, തോണ്ടേന്റവിട മുക്ക്, രാമത്ത് മുക്ക്, ചാണ്ടിയത്ത് മുക്ക് (തീരപ്രദേശം)

വാർഡ് 13

കല്ലറക്കൽതാഴ തീരപ്രദേശം

**പരിഹാരമാർഗ്ഗങ്ങൾ സാധ്യതകൾ**

വാർഡ് 1

തയ്യുള്ളതിൽ താഴെയുള്ള കുഴൽ കിണറിന് മോട്ടോർ ഘടിപ്പിച്ച് ടാങ്കിലേക്ക് വെള്ളം കയറ്റി പൈപ്പുകൾ സ്ഥാപിക്കുക. ഇപ്പോൾ ബ്ലോക്ക് ഏറ്റെത്തിട്ടുള്ള പുല്ലാഞ്ഞോളി കുളം ഉപയോഗപ്പെടുത്തി ശുദ്ധജല വിതരണപരിപാടി ആരംഭിച്ചാൽ ദേവർകുന്ന് ഭാഗത്ത് പരിഹാരം കാണാം. കഴിച്ചാൽ കുളം, കൊയിലോത്ത് കുളം എന്നിവ ഉപയോഗപ്പെടുത്തി ചെറുകിട പദ്ധതികൾ തയ്യാറാക്കിയാൽ തീരപ്രദേശത്ത് കിണറുകളിൽ അനുഭവപ്പെടുന്ന ഉപ്പുവെള്ളം കയറുന്നതുകൊണ്ടുള്ള പ്രശ്നവും ഇല്ലാതാക്കാം.

വാർഡ് 2

ധനുവോത്ത് ഭാഗത്തും മൊട്ടമ്മൽ ഭാഗത്തും പൊതുകിണറുകൾ കുഴിച്ച് ഉയർന്ന സ്ഥലങ്ങളിൽ ടാങ്ക് സ്ഥാപിച്ച് വീടുകളിലേക്ക് പൈപ്പുവഴി വിതരണം ചെയ്താൽ ഇവിടുത്തെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും. പുതുശ്ശേരി ഭാഗത്തും, കുഴിച്ചാലിൽ ഭാഗത്തും നിലവിലുള്ള കുഴൽ കിണറുകളിൽ ഇരുമ്പ് പൈപ്പ് മാറ്റി ടാങ്ക് വഴി ജലവിതരണം നടത്താം.

വാർഡ് 3

ഈ വാർഡിൽ എം. പി നാരായണൻ എന്നയാൾ സൗജന്യമായി വാഗ്ദാനം ചെയ്ത സ്ഥലത്ത് ഒരു പൊതുകിണർ കുഴിച്ച് ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി ജലവിതരണം നടത്തിയാൽ കൊളങ്ങാട്ട്മേലെ,പയ്യമ്പള്ളി മീത്തൽ പ്രദേശത്തുകാർക്ക് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാം.

വാർഡ് 4.

കോമുള്ളികുന്നിന് താഴെ ഒരു കിണർ കുഴിച്ച് ഉയർന്ന ഭാഗത്ത് ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്താം. ടാങ്കിനും സ്ഥലത്തിനും പൊതുജന സഹായം ഉറപ്പു വരുത്തുന്നു. ഈ പ്രദേശത്തു കൂടെ കടന്നു പോകുന്ന അഴിയൂർചോറോട് ശുദ്ധജല വിതരണം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശത്തുകൂടി ദീർഘിപ്പിക്കണം.

വാർഡ് 5

വാർഡിലുള്ള പൊതുകിണർ മോട്ടോർ ഘടിപ്പിച്ച് ടാങ്കിലൂടെ ജലവിതരണം ഉറപ്പുവരുത്തണം. പൊതുകിണറുകൾ ഇല്ലാത്ത ഭാഗങ്ങളിൽ കുഴൽകിണറുകൾ നിർമ്മിക്കണം.

വാർഡ് 6

കുടിവെള്ള പ്രശ്നം പരിഹരിക്കാനായി താഴ്ന്ന സ്ഥലത്ത് രണ്ടു കിണറുകൾ കുഴിച്ച് പമ്പ് ചെയ്ത് ഉയർന്ന പ്രദേശത്ത് വെള്ളം എത്തിക്കാനുള്ള കമ്യൂണിറ്റി മൈനർ ഇറിഗേഷൻ സ്കീം നടപ്പിലാക്കണം

വാർഡ് 7

പഞ്ചായത്തിലേക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള പൈപ്പുകൾ 4സെന്റ് കോളനി വഴി തണ്ടറപ്പള്ളി മുക്ക് വരെ

കാട്ടിൽമുക്ക് മുതൽ ചെക്കോട്ടിമുക്ക് പുത്തൻപുരയിൽ മുക്ക് വഴി നാംകണ്ടി മുക്ക് വരെ നീട്ടുക.

പാറക്കണ്ടി 4സെന്റ് കോളനിയിൽ പണിപൂർത്തിയാക്കാത്ത കിണർ ഉടനെ പൂർത്തിയാക്കുക.

പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാകുന്ന വീടുകളുടെ സ്ഥിതിവിവര കണക്ക്:

| | |
|---|---|
| ആകെ വീടുകൾ | 6116 |
| കിണറുള്ള വീടുകൾ | 3628 |
| ഭാഗികമായി ജലം ലഭ്യമാകുന്നത്/ വരൾച്ച, ഓരുവെള്ളം | 2142 |

പഞ്ചായത്ത് സർവ്വെ.

**രാജീവ് ഡ്രിങ്കിംഗ് വാട്ടർ സ്കീം**

| വാർഡ് | ലൈൻ നീട്ടാൻ ഉദ്ദേശിക്കുന്ന സ്കീം | സ്ഥലം | നീളം |
|---|---|---|---|
| 4 | ഒഞ്ചിയം, ചോറോട്, ഏറാമല | കോമത്ത് കൊയിലോത്ത് | 1000 മീ. |
| 4 | " | അക്വഡറ്റ് വൈക്കിലശ്ശേരി തെരു | 500 |
| 6 | " | ചോറോട് ഒ.ട ഭാഗം | 1000മീ. |
| 7 | " | കാട്ടിൽമുക്ക് മെക്കോടി മുക്ക് പുത്തൻപുരയിൽ മുക്ക് നാം കണ്ടി | 2000 ,, |
| | | ചോമ്പ്രക്കുന്ന് മുക്ക് | 1500,, |
| | | തണ്ടാരപ്പ കാട്ടിൽ മുക്ക് കിണറുള്ളമുക്ക് | 30,, |
| 10 | " | ചീളുപറമ്പിൽ മുക്ക്, റെ.ലൈൻ | 500,, |
| | | കൂറ്റാരി ഭാഗം | 500 ,, |

**പഞ്ചായത്തിലെ മൊത്തം ശുദ്ധജല വിതരണ സ്രോതസ്സുകൾ**

| | |
|---|---|
| സാധാരണ കിണർ | 1835 |
| സാനിറ്ററി വെൽ | 1793 |
| കുഴൽ കിണർ | 9 |
| പൊതു ടാപ്പ് | 19 |
| കുളം | 4 |

*(അവലംബം ദ്വിതീയ സ്ഥിതിവിവരകണക്കുകൾ)*

**നിലവിലുള്ള ചേന്ദമംഗലം വാട്ടർ സപ്ലൈ സംബന്ധിച്ച വിവരങ്ങൾ**

പട്ടിക

| | |
|---|---|
| സ്രോതസ്സ് | കുഴൽ കിണർ |
| ടാങ്ക് | 4000 ലി. |
| പമ്പിങ്ങ് സ്കെയിൽ | 110 എം.സി - 330 എം. |
| ജലവിതരണകുഴലുകൾ | 3000 എം. |
| പമ്പിങ്ങ് ടാപ്പുകൾ | 16 |
| സ്വകാര്യ കണക്ഷൻ | 4 |
| പദ്ധതികൊണ്ട് പ്രയോജനപ്പെടുന്നവരുടെ എണ്ണം | 1200 |

*(അവലംബം വാട്ടർ അതോറിറ്റി)*



**ARWSS നടന്നുകൊണ്ടിരിക്കുന്ന സ്കീമിൽ നിന്നും പഞ്ചായത്ത് KWA ലൈൻ നീട്ടാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ**

പട്ടിക

| വാർഡ് നമ്പർ | | ലൈൻ നീട്ടാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ | നീളം |
|---|---|---|---|
| I | 1 | മുട്ടുങ്ങൽ മെയിൻ റോഡ് തയുള്ളതിൽ താഴ | 250 |
| | 2 | കുഴിച്ചാൽ മുക്ക് - കോട്ടയിൽ മുക്ക് | 200 |
| II | | മുട്ടുങ്ങൽ മെയിൻ റോഡ് - തുപ്രക്കണ്ടി മുക്ക് | 765 |
| III | | ബാലവാടി - കൈയ്യാലമുക്ക് | 300 |
| IV | 1 | വരിശ്യക്കുനി യു.പി. സ്ക്കൂൾ - കോമുള്ളിക്കുന്ന് | 500 |
| | 2 | അക്വഡേറ്റ് - വൈക്കിലശ്ശേരി തെരു | 300 |
| V | 1 | മടത്തിൽ മുക്ക് - കൂടത്തിൽതാഴ | 420 |
| | 2 | തൊടുവയിൽ മുക്ക് - കണ്ണാശ്ശേരി ക്കുന്ന് | 1 |
| VI | | ചോറോഡ് ഹൈസ്ക്കൂൾ റോഡ് - | 250 |
| | | കണിയാരംകുന്ന് - 4 സെന്റ് കോളനി | 100 |
| VII | 1 | ചോമ്പ്രക്കുന്ന് മുക്ക് - തണറയിച്ചി മുക്ക് | 850 |
| | 2 | കാട്ടിൽമുക്ക് - ചെക്കോടി മുക്ക് - പുത്തൻപുരയിൽ മുക്ക് | 500 |
| VIII | | രയരോത്ത് മുക്ക് - തെരങ്കോട് മുക്ക് | 350 |
| | | പ്ലാസ്റ്റിക്ക് കമ്പനി - മണിയാറത്ത് മുക്ക് | 600 |
| IX | | ചേന്ദമംഗലം ക്ഷേത്രം റോഡ് - ചോറോട് ഗെയിറ്റ് | 800 |
| | | പൂളക്കണ്ടിപ്പാറ - മുൻസിപ്പാൽ ലിമിറ്റ് റോഡ് | 200 |
| X | | നാഷണൽ ഹൈവേ - റെയിൽവേ ലൈൻ - ചീമ്പുപറമ്പത്ത് ഭാഗം | 400 |
| XI | | കുരിയാടി ക്ഷേത്രം - പള്ളിത്താഴ | 300 |
| | | എസ്.വി.എൽ.പി. സ്ക്കൂൾ - കൊറുവാച്ചിക്കണ്ടി മുക്ക് വഴി- അറയ്ക്കൽത്താഴ | 400 |
| XII | | കളത്തിൽ മുക്ക് - ചുണ്ടുവയൽ വഴി, കക്കാട്ടുപള്ളി | 700 |
| | | കാപ്പുതിച്ചക്കണ്ടി മുക്ക് - മൊയ്തീൻ പള്ളി | 400 |

*(അവലംബം വാട്ടർ അതോറിറ്റി)*

വാർഡിന്റെ വടക്കു ഭാഗത്തുകൂടെ പോകുന്ന അഴിയൂർ ബ്രാഞ്ച് കനാലിൽ വേനൽക്കാലം തുടരുന്നമുറയ്ക്ക് കൃത്യമായ കാലയളവുകളിൽ ജലം തുറന്ന്വിടുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയാൽ തൽസമയത്ത് കിണറുകളിൽ ഉറവ് നല്ലപോലെ ലഭിക്കും.

മണിയോത്ത് താഴെയോ കുയിമ്പിൽ മേഖലയിലോ കിണർകുഴിച്ച് കുറുക്കൻ പറമ്പിൽ ജലസംഭരണി നിർമ്മിച്ച് വെള്ളം അതിലേക്ക് പമ്പ് ചെയ്ത് വിതരണം ചെയ്യാം.

വെന്നപ്പാലം കണ്ടിമുക്ക് കണ്ടംകണ്ടിമീത്തൽ ഭാഗത്ത് കിണർ കുഴിച്ച് കിഴക്കേ മേഖലയിൽ ജലസംഭരണി പണിത് വെള്ളം ശേഖരിച്ച് പരിസര പ്രദേശങ്ങളിലുള്ളവർക്കെല്ലാം ലഭ്യമാക്കണം

വാർഡ് 8.

ആറ് പഞ്ചായത്തുകളിലേക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകളിൽകൂടിയും അത്യാവശ്യസ്ഥലങ്ങളിലേക്ക് പ്രസ്തുതലൈൻ നീട്ടിയും കുടിവെള്ളം ലഭ്യമാക്കുക.

മലപ്പറമ്പത്ത് ബ്ലോക്ക് മുഖേന കുഴിച്ച് പകുതിയാക്കിയ കിണറിന്റെ പണി പൂർത്തിയാക്കി പരിസര വാസികൾക്ക് വെള്ളം ലഭിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുക.

വേനൽക്കാലത്ത് നിലവിലുള്ള കിണറുകളിൽ ആവശ്യമായ ജലം ലഭിക്കുന്നതിനും ജനങ്ങൾക്ക് കുളിക്കാനും അലക്കാനും പ്രയോജനപ്പെടുന്ന അഴിയൂർ ബ്രാഞ്ച് കനാൽ വേനൽകാലത്ത് കൃത്യമായ കാലയളവുകളിൽ തുറന്ന് വിടേണ്ടതാണ്.

ഉയർന്ന പ്രദേശങ്ങളിലുള്ള സ്വകാര്യ വ്യക്തികളുടെ പറമ്പുകളിൽ സ്ഥിതി ചെയ്യുന്ന കിണറുകളിൽ വേനൽക്കാലത്ത് വെള്ളം കിട്ടാതെ വരുന്ന സാഹചര്യമുള്ളതിനാൽ പ്രസ്തുത കിണറുകൾ ആഴം കൂട്ടുക, താറുമാറായ കിണറുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക തുടങ്ങിയവയ്ക്ക് ആവശ്യമായ ധനസഹായം നൽകുക.

എടക്കണ്യാറത്ത് പരിസരത്ത് കിണർകുഴിച്ച് അതിൽ നിന്നും പമ്പ്ചെയ്ത് പാഞ്ചേരിക്കുന്നിൽ ടാങ്ക് സ്ഥാപിച്ച് ജല വിതരണം ചെയ്യുക.

പുലക്കണ്ടിത്താഴ പരിസരത്ത് കിണർകുഴിച്ച് വെള്ളം പമ്പ് ചെയ്ത് പാഞ്ചേരിക്കുന്നിൽ ടാങ്ക് നിർമ്മിച്ച് കാട്ടിൽമുക്ക്വള്ളിക്കാട് റോഡിനും അഴിയൂർ ബ്രാഞ്ച് കനാലിനും ഇടയ്ക്കുള്ള ഉയർന്ന പ്രദേശങ്ങളിൽ അധിവസിക്കുന്നവർക്ക് കുടിവെള്ളം ലഭ്യമാക്കണം.

വാർഡ് 9.

ഈ വാർഡിനെ 3 ഭാഗങ്ങളിലായി വേർതിരിച്ച് പൊതുജനപങ്കാളിത്തത്തോടെ 3 കിണറുകൾ സ്ഥാപിച്ച് ഓവർഹെഡ്ഡ് ടാങ്ക് വഴി ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്താം. ഇതിന് ആവശ്യമായ പണത്തിന്റെ വലിയ ശതമാനം ജനങ്ങൾ വാഗ്ദാനം ചെയ്യുന്നു. കിണർകുഴിക്കുന്നതിനുള്ള സ്ഥലം സൗജന്യമായി ലഭിക്കുന്നതാണ്. ആന്തിക്കുന്ന് ഭാഗത്ത് ചെക്കണ്ണറത്ത് താഴ കിണറും കണിയാന്റെ പറമ്പ് ഭാഗത്ത് ഇല്ലത്ത് താഴ കിണറും പൂളക്കണ്ടിതാഴ കിണറും 3 സ്ഥലത്തായി കുഴിക്കാം.

ആറ് പഞ്ചായത്തിലേക്കുള്ള ശുദ്ധജല വിതരണ പരിപാടിയിൽ 300 മീറ്റർ പൈപ്പ് നീട്ടിഇടേണ്ടതാണ്. നിലവിലുള്ള 9 10 വാർഡുകളിലുള്ള ചേന്ദമംഗലം ശുദ്ധജല പദ്ധതി എല്ലാ ദിവസവും വെള്ളം ലഭിക്കുന്ന രൂപത്തിൽ കാര്യക്ഷമമാക്കണം. മൊട്ടേമ്മൽ ഭാഗത്ത് ഉയർന്ന പ്രദേശമാകയാൽ താഴ്ന്ന പ്രദേശത്ത് നിന്ന് വെള്ളം എത്തിക്കണം.

വാർഡ് 10

കൂറ്റാരിതാഴ ഭാഗത്ത് പൊതുകിണർ നിർമ്മിച്ച് ഉയർന്ന ഭാഗങ്ങളിലേക്ക് ലഭ്യമാക്കാം.

ആറ് പഞ്ചായത്തിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രദേശത്തെ രൂക്ഷമായ കുടിവെള്ള പ്രശ്നം അനുഭവപ്പെടുന്ന ജനങ്ങളെ ഉൾപ്പെടുത്തുക.

വാർഡ് 11

തീരപ്രദേശം കേന്ദ്രീകരിച്ച് തോടുകളിൽ ബണ്ട് കെട്ടി ഉപ്പ്വെള്ളം കയറുന്നത് നിയന്ത്രിക്കണം. പഞ്ചായത്തിന്റെ വകയുള്ള സ്ഥലത്ത് കിണർ കുഴിച്ച് ജലവിതരണം കാര്യക്ഷമമാക്കണം.

വാർഡ് 12

ജലക്ഷാമം അനുഭവപ്പെടുന്ന ഭാഗങ്ങളിൽ (പള്ളിക്കണ്ടിത്താഴ,ധനുവാത്ത്മുക്ക് തുടങ്ങിയവ) കുഴൽകിണറുകൾ നിർമ്മിക്കുകയോ പൊതുവായ വാട്ടർസപ്ലൈ സ്കീം നടപ്പാക്കുകയോ ചെയ്യണം.

വാർഡിലെ പല ഭാഗങ്ങളിലായി വർഷങ്ങൾക്കുമുമ്പ് കുറേ പൈപ്പുകൾ മണ്ണിനടിയിൽ ഉപയോഗമില്ലാതെ സ്ഥാപിച്ചിട്ടുണ്ട്. ഈ പൈപ്പുകൾ കൂട്ടിയിണക്കുകയും വെള്ളം സുലഭമായ സ്ഥലത്ത് കിണർകുഴിച്ച് വലിയ ടാങ്കിൽ ശേഖരിച്ച് പ്രസ്തുത പൈപ്പുകളിൽ കൂടി കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

വാർഡ് 13.

കല്ലറക്കൽതാഴ ഭാഗത്ത് മുപ്പതോളം വീടുകളിൽ ഉപ്പുവെള്ളം കയറുന്ന കിണറുകളാണ്. ഇതിന് പരിഹാരമായി കല്ലറക്കൽ കടപ്പുറത്ത് നിന്നാരംഭിക്കുന്ന തോടിലേക്ക് കടൽവെള്ളം കയറുന്നത് തടയാൻ ബണ്ട് കെട്ടണം. ഈ പ്രദേശത്തുള്ള പള്ളിക്കടുത്തായി ഈ ബണ്ട് നിലവിൽ വന്നാൽ ഇതിന് പരിഹാരമാകും.

ഈ വാർഡിലെ താഴ്ന്ന പ്രദേശത്ത് ഒരു കിണറ് കുഴിച്ച് ടാങ്ക് വഴി വിതരണം ചെയ്താൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും.

പഞ്ചായത്തിലെ മൊത്തം കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി നിലവിലുള്ള പൊതുകിണറുകളുടെ ഉപയോഗക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്.

താഴ്ന്ന വരുമാനക്കാർക്ക് സ്വന്തമായി കിണർകുഴിക്കാനാവശ്യമായ സാമ്പത്തിക സഹായം പഞ്ചായത്ത് മുഖേന ലഭ്യമാക്കണം. നിലവിലുള്ള ശുദ്ധജല സ്രോതസ്സുകൾ രക്ഷിക്കാനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

# പൊതുജനാരോഗ്യം

``രോഗമില്ലാത്ത അവസ്ഥ' അതാണല്ലോ ആരോഗ്യമുള്ള ജനത എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ആരോഗ്യമുള്ള ഒരു മനസ്സിനേ ആരോഗ്യമുള്ള ഒരു ശരീരത്തേയും ആരോഗ്യമുള്ള സമൂഹത്തേയും വാർത്തെടുക്കാനാവൂ. പഞ്ചായത്തിൽ മൊത്തം 32224 ജനങ്ങളാണ് അധിവസിക്കുന്നത്. ഇത്രയും ജനതയ്ക്ക് പ്രയോജനകരമായ ആരോഗ്യ കേന്ദ്രങ്ങൾ പഞ്ചായത്തിൽ നിലവിലില്ല എന്നുള്ളത് ഒരു വസ്തുതയാണ്.

### പഞ്ചായത്തിൽ നിലവിലുള്ള പൊതുജനോരോഗ്യ കേന്ദ്രങ്ങൾ

### 1. പ്രൈമറി ഹെൽത്ത് സെന്റർ ചോറോട്.

ഈ സ്ഥാപനത്തിൽ ആകെ ഒരു ഡോക്ടർ ഉൾപ്പെടെ 16 ജീവനക്കാരാണ് ഉള്ളത്. 8ാംവാർഡിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിന്റെ കീഴിലായി 6 സബ്സെന്ററുകൾ പ്രവർത്തിക്കുന്നു.

**സബ്സെന്ററുകൾ**

ചേന്ദമംഗലം സബ് സെന്റർ വാർഡ് 9

എരപുരം സബ് സെന്റർ വാർഡ് 13

ഒരു സബ് സെന്റർ PHC യുടെ ഭാഗമാണ്.

വൈക്കിലശ്ശേരി, ബാലവാടി, കുരിയാടി ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സബ്സെന്ററുകൾക്ക് സ്വന്തമായ കെട്ടിടങ്ങൾ ഇല്ല. PHC യിൽ നിലവിലുള്ള പല തസ്തികകളും ഒഴിഞ്ഞുകിടക്കുകയും സബ്സെന്ററിൽ പ്രവർത്തിക്കേണ്ട ജീവനക്കാരിൽ ചിലർ ദീർഘകാല അവധിയിലുമാണ്.

### പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിതി

കുടുംബക്ഷേമ പദ്ധതിയിൽ 46% വരുന്ന ദമ്പതികളുടെ സ്ഥിരമായ സന്താന നിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. ജനന മരണ നിരക്കുകൾ സംസ്ഥാന ശരാശരിയോടൊപ്പവും നിലനിൽക്കുന്നു. പഞ്ചായത്തിൽ 94% കുട്ടികൾക്കും സ്ഥിരമായ പ്രതിരോധ കുത്തിവെപ്പ് കൊടക്കാറുണ്ട്. ശിശുമരണ നിരക്കും മാതൃമരണ നിരക്കും പഞ്ചായത്തിൽ സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്.

(അവലംബം ദ്വിതീയസ്ഥിതി വിവര കണക്കുകൾ)

തീരപ്രദേശവുമായി ബന്ധപ്പെട്ട് കിടക്കുന്ന വാർഡുകളിൽ (വാർഡ് 1, 2, 11, 12, 13) ചില കാലങ്ങളിൽ വയറിളക്കം പോലുള്ള രോഗങ്ങൾ ഉണ്ടാകാറുണ്ട്. പഞ്ചായത്തിൽ ആകെ 13 കുഷ്ഠരോഗികളും 20 ക്ഷയരോഗികളും ഉണ്ട്. ഇവർ സ്ഥിരമായി ചികിത്സ എടുക്കാനുള്ള വൈമുഖ്യം കാണിക്കുന്നു. പഞ്ചായത്തിന് ആരോഗ്യ കേന്ദ്രത്തിൽറിപ്പോർട്ട് ചെയ്യപ്പെട്ട മറ്റ് പകർച്ചവ്യാധികളിൽ ഭൂരിഭാഗവും ഇൻഫ്ളുവൻസയും കണ്ണു രോഗവുമാണ്.

**PHCയിൽ റിപ്പോർട്ട ചെയ്യപ്പെട്ട സാംക്രമിക രോഗങ്ങൾ**

| വർഷം | ജലജന്യരോഗം | വായുജന്യരോഗം | പ്രാണിജന്യരോഗം | മറ്റ് രോഗങ്ങൾ |
|---|---|---|---|---|
| 93-94 | 160 | 25 | 19 | -- |
| 94-95 | 165 | 15 | 12 | -- |
| 95-96 | 150 | 15 | 13 | -- |

**പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്നുള്ള മറ്റ് രോഗ വിവരങ്ങൾ**

| വർഷം | ഇൻപേഷ്യന്റ് | ഔട്ട്പേഷ്യന്റ് | ത്വക്ക് രോഗം | വാതരോഗം | പകർച്ചവ്യാധി | മറ്റുള്ളരോഗം | ആകെ |
|---|---|---|---|---|---|---|---|
| 92-93 | ഇല്ല | 7010 | 261 | 20 | 2273 | 4456 | 7010 |
| 93-94 | ഇല്ല | 7853 | 348 | 31 | 2467 | 5007 | 7853 |
| 94-95 | ഇല്ല | 7279 | 304 | 27 | 2422 | 4526 | 7279 |
| 95-96 | ഇല്ല | 7581 | 355 | 24 | 1316 | 5885 | 7581 |
| -- | -- | 29723 | 1268 | 102 | 8478 | 19875 | 29723 |

*(അവലംബം ദ്വിതീയ സ്ഥിതിവിവര കണക്കുകൾ)*

## കക്കൂസുകൾ

പഞ്ചായത്തിലെ 82% വീടുകളിൽ സ്വന്തമായി കക്കൂസുണ്ട്. പഞ്ചായത്തിലെ 1172 വീടുകൾക്ക് നിലവിൽ കക്കൂസില്ല. ഈ വീടുകൾ നല്ലൊരു ശതമാനം തീരപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് പൊതുജനാരോഗ്യ കാര്യത്തിൽ ഒരു ഭീഷണിയായി ഇത് നിലനിൽക്കുന്നു.

പ്രധാനമായി രണ്ടു കാരണങ്ങളാണ് ഈ പിന്നോക്കാവസ്ഥക്ക് കാരണം

1. സാമ്പത്തിക ബുദ്ധിമുട്ട്
2. സ്ഥല പരിമിതി

## പരിസര ശുചിത്വം

പൊതുവെ തീരപ്രദേശങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിൽ വലിയ തോതിലുള്ള പരിസര മലിനീകരണം ഇല്ല എന്നു പറയാം

എങ്കിലും പൊതുവെ കാണുന്ന പ്രശ്നങ്ങൾ ഈ പഞ്ചായത്തിലും കാണാൻ കഴിയുന്നതാണ്. 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു സ്വകാര്യ സ്ഥാപനമായ റാണി മില്ലിൽ നിന്നും മുളക്, മഞ്ഞൾ മുതലായവ പൊടിക്കുമ്പോൾ ഇതിന്റെ പൊടി അന്തരീക്ഷത്തിൽ വ്യാപിച്ച് ആരോഗ്യത്തിന് ഭീഷണി ഉണ്ടാക്കുന്നു.

ഈ പഞ്ചായത്തിലെ ചോറോട് ഗേറ്റ്, വള്ളിക്കാട്, കൈനാട്ടി തുടങ്ങിയ സ്ഥലങ്ങളിൽ റോഡരികിൽ വച്ചു തന്നെ മത്സ്യവില്പന നടത്തുന്നത് പരിസര മലിനീകരണത്തിന് ഇടയാക്കുന്നു. ചോറോട്ഗേറ്റ്, കൈനാട്ടി തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ഹോട്ടലുകൾ മലിനജലം റോഡിലേക്ക് ഒഴുക്കിവിടുന്നു. നിലവിലുള്ള ഓവുചാലുകൾ മറ്റ് മാലിന്യങ്ങൾ കൊണ്ട് മൂടിക്കിടക്കുന്നു.

മിക്ക വാർഡുകളിലും കൊതുകു ശല്യം അനുഭവപ്പെടുന്നു. പൊതുസ്ഥലങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്നതാണ് ഇതിനു കാരണം. 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ആമത്തോട് ഈ പ്രദേശത്ത് കൊതുകു വളരാൻ കാരണമാകുന്നു. വീടുകളിൽനിന്ന് മലിന ജലം ഒഴിവാക്കാനുള്ള പരിപാടികൾ 15% വീടുകളിൽ മാത്രമേ ഉള്ളൂ. ഇത് കൊതുകു വളരാനുള്ള ഒരു കാരണമാണ്. വീടുകളിലെ അവശിഷ്ടങ്ങൾ ഒഴിവാക്കാനായിട്ടുള്ള കമ്പോസ്റ്റുകൾ 42 വീടുകളിൽ മാത്രമേ നിലവിലുള്ളൂ. വീടിനോട് ചേർന്ന്കൊണ്ട് തൊഴുത്തുകൾ നിലനിൽക്കുന്നതാണ് കൊതുകു വളരാനുള്ള മറ്റൊരു കാരണം. പഞ്ചായത്തിൽ ആകം 480 തൊഴുത്തുകളാണ് ഉള്ളത്. ഇതിൽ136 എണ്ണം വീടുകളോട് ചേർന്നുകൊണ്ടു തന്നെയാണ്.

(അവലംബം സ്ഥിതിവിവരക്കണക്കുകൾ PHC)

## പൊതുശ്മശാനം

പഞ്ചായത്തിലെ 1, 2, 11, 12, 13 വാർഡുകളിൽ നല്ലൊരുഭാഗം തീരപ്രദേശമുണ്ട്. ഇവിടെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ആളുകൾ താമസിക്കുന്നു. തീരപ്രദേശമായതുകൊണ്ടുതന്നെ സ്വന്തമായുള്ള ഭൂമിയുടെ അളവും വളരെ കുറവാണ്. ഇവിടെ മൂന്ന് നാല് വാർഡുകൾക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള ഒരുശ്മശാനം ആവശ്യമാണ്.

## ആരോഗ്യ രംഗത്തെ പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

**വാർഡ് 1:** എരപുരത്ത് പ്രവർത്തിക്കുന്ന(13-ാംവാർഡ്) സബ്സെന്ററിന്റെ പരിധിയിൽ ഒന്നാം വാർഡ് ഉൾപ്പെടുത്തുകയോ പുതുതായി ഒരു സബ് സെന്റർ സ്ഥാപിക്കുകയോ ചെയ്യുക. സ്കൂളുകളിലൂടെ പോഷകാഹാരം വിതരണം ചെയ്യുക. പ്രതിരോധ കുത്തിവെപ്പുകളെക്കുറിച്ച് ബോധവൽക്കരണം നടത്തുക. തീരപ്രദേശത്ത് വയറിളക്കം മുതലായ രോഗങ്ങൾക്ക് മുൻകരുതൽ. തീരപ്രദേശത്ത് ശുദ്ധജലവവും അനുയോജ്യമായ കക്കൂസുകളും നിർമ്മിക്കുക, ഹെൽത്ത് സെന്ററിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുക. ORS Powder സൗജന്യമായി വിതരണം നടത്തണം കൈനാട്ടിയിൽ ആയുർവേദ കേന്ദ്രം സ്ഥാപിക്കണം.

**വാർഡ് 2:** സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെ മാത്രമാണ് ആശ്രയം. സബ്സെന്റർ ആവശ്യമാണ്. തീരപ്രദേശത്ത് സൗകര്യപ്രദമാകുന്ന തരത്തിൽ പൊതുശ്മശാനം സ്ഥാപിക്കണം. വർഷക്കാലങ്ങളിൽ തീരപ്രദേശത്ത് മെഡിക്കൽ ക്യാമ്പുകൾ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ പ്രവർത്തിപ്പിക്കണം. ഛർദ്ദി അതിസാരം പടരാതിരിക്കാൻ തീരപ്രദേശത്ത് മുൻകരുതലും ബോധവൽക്കരണവും ആവശ്യമാണ്. കൈനാട്ടിയിലെ പൊതുറോഡിൽ ഒഴുക്കുന്ന മലിനജലം നിയന്ത്രിക്കണം.

**വാർഡ് 3:** കക്കൂസുകൾ നിർമ്മിക്കാനാവശ്യമായ സഹായം ലഭ്യമാക്കണം. വള്ളിക്കാട്ടിൽ ഒരു ആരോഗ്യകേന്ദ്രം ആവശ്യമാണ് മത്സ്യമാർക്കറ്റ് വള്ളിക്കാട്ടിൽ സ്ഥാപിക്കണം.

**വാർഡ് 4:** മൂന്ന് നാല് വാർഡുകളെ കേന്ദ്രീകരിച്ച്കൊണ്ട് പ്രവർത്തിക്കുന്ന സബ്സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കണം. ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്തേണ്ടതാണ്. വാർഡുതല ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കണം.

**വാർഡ് 5:** 5, 6 വാർഡുകളെ കേന്ദ്രീകരിച്ചുകോണ്ടുള്ള ഒരു സബ്സെന്റർ ഉണ്ട്. സ്വന്തമായി കെട്ടിടം പണിയണം. ആയുർവ്വേദ ചികിത്സാരംഗത്ത് സൗകര്യങ്ങൾ ഏർപ്പെടുത്തണം. കൃഷിഭൂമിയിൽ പോഷകമൂല്യമുള്ള പച്ചക്കറികൃഷി നടത്തുക, മായം ചേർക്കലിനെതിരെ ബോധവൽക്കരണം നടത്തുക.

**വാർഡ് 6:** വാർഡിൽ കണ്ടുവരുന്ന കരുവൻ, പൊട്ടി, വയറിളക്കം മുതലായ പകർച്ചവ്യാധികൾക്ക് ഫലപ്രദമായ ചികിത്സാരീതി ഉണ്ടാക്കണം ബോധവർക്കരണത്തിലൂടെ തന്നെ വളരെയധികം രോഗങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കാം. കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി ഒരു കേന്ദ്രം സ്ഥാപിക്കണം.

**വാർഡ് 7:** ചേന്ദമംഗലത്ത് സ്ഥിതിചെയ്യുന്ന സബ്സെന്ററിന്റെ പരിധിയിലാണ് ഈ വാർഡ്. ഇത് വളരെ ദൂരെയായതിനാൽ വാർഡിൽ സ്വന്തമായി സബ്സെന്റർ സ്ഥാപിക്കണം. കക്കൂസില്ലാത്ത വീടുകൾക്ക് അതിനുള്ള സാമ്പത്തിക സഹായം നൽകുക. കുടുബക്ഷേമപ്രവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തകർ ഗൃഹ സന്ദർശനം നടത്തുക. ജെഎച്ച്ഐയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, വികസന സമിതി വിളിച്ചുചേർത്ത് കാലാകാലങ്ങളിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുക.

**വാർഡ് 8:** ഡോക്ടറുടെ സേവനം 24മണിക്കൂറും ലഭ്യമാക്കുക, കുട്ടികളുടെ വിദഗ്ദരെ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആശുപത്രിയിൽ എത്തിക്കുക.

ആരോഗ്യ കേന്ദ്രത്തിൽ വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ ത്രീഫേസ്‌വൈദ്യുതി ടെക്നീഷ്യനെ നിയമിക്കുക, ആശുപത്രിയിൽ ടെലഫോൺ സൗകര്യം ഏർപ്പാടാക്കുക.

10കിടക്കകളോടു കൂടിയ കിടത്തി ചികിത്സാ സൗകര്യവും ആംബുലൻസും വാങ്ങുക, ആശുപത്രിയിൽ ശുദ്ധജലസൗകര്യവും വാർഡിൽ ശേഷിക്കുന്ന വീടുകളിൽ കക്കൂസും സ്ഥാപിക്കുക.

**വാർഡ് 9:** നിലവിലുള്ള സബ്സെന്ററിൽ ജിവനക്കാരില്ല. ആവശ്യത്തിന് ജിവനക്കാരെ നിയമിക്കുക, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക, കുട്ടികളുടെ പോഷകാഹാരം ലഭ്യമാക്കാനുള്ള കേന്ദ്രമാക്കി മാറ്റുക, ശേഷിക്കുന്ന വീടുകൾക്ക് കക്കൂസുകൾ നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകുക.

**വാർഡ് 10:** ചോറോട് ഗേറ്റിലെ പൊതു റോഡിൽ ഹോട്ടലുകളിൽ നിന്ന് ഒഴുക്കുന്ന മാലിന്യത്തെ നിയന്ത്രിക്കുക, ഒരു സബ്സെന്റർ സ്ഥാപിക്കണം ആരോഗ്യ ക്ലാസുകൾ നടത്തുക, പുഞ്ചിരിമിൽ ഭാഗത്ത് ടയർ റീസോൾ കമ്പനിയിൽ നിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുക.

**വാർഡ് 11:** കുരിയാടിയിലുള്ള സബ്സെന്ററിന് സ്വന്തം കെട്ടിടം പണിയണം ഇതിന് സ്ഥലം നൽകാൻ സർക്കർ തയ്യാറാണ്. ഒരു സ്വകാര്യവ്യക്തി പന്നിവളർത്തുന്നത് പരിസരമലിനീകരണത്തിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കണം. ആമത്തോടിൽ മാലിന്യങ്ങൾ കുന്നുകൂടിയത് കൊതുകു വളരാൻ കാരണമാകുന്നു. ഇത് പരിഹരിക്കാനുള്ള നടപടിവേണം. തീരപ്രദേശമുള്ളതിനാൽ അനുയോജ്യമായ കക്കൂസുകൾ സ്ഥാപിക്കണം.

**വാർഡ് 12:** പകർച്ചവ്യാധികൾ സാധാരണയായികാണുന്നു. ഒരു പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കാൻ നടപടിവേണം. ആരോഗ്യ പരിപാലന കാര്യങ്ങൾ വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ട് ക്ലാസ്സ് എടുക്കണം. പകർച്ചവ്യാധികൾക്കെതിരെ ബോധവൽക്കരണം നടത്തണം. 2,11,12,13 വാർഡുകളെ കേന്ദ്രീകരിച്ച്കൊണ്ട് ഒരു മത്സ്യതൊഴിലാളി ചികിത്സാകേന്ദ്രം സ്ഥാപിക്കണം.

**വാർഡ് 13:** ഇവിടെ ഒരു സബ്സെന്റർ നിലവിലുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. തീരപ്രദേശം ഉൾക്കൊള്ളുന്നതിനാൽ ആരോഗ്യ രംഗത്ത് ബോധവൽക്കരണം ആവശ്യമാണ്. സ്കൂളുകളിലൂടെ പോഷക ആഹാര വിതരണ പരിപാടി നടപ്പിലാക്കണം.

പൊതുജനാരോഗ്യരംഗത്ത് മാതൃകാ പരമായ പ്രവർത്തനങ്ങൾ നടത്താൻ പഞ്ചായത്ത് തയ്യാറാകണം. പുകവലി, മദ്യപാനം, മയക്കുമരുന്ന് ഇതിനെതിരായി വ്യാപകമായ പ്രചാരണ പരിപാടികൾ നടത്തണം. സിനിമാ പ്രദർശനങ്ങൾ, പോസ്റ്റർ പ്രചരണം എന്നിവ സഹായകമാണ്. ലൈംഗീകരോഗങ്ങൾ വരാതിരിക്കാൻ വ്യാപകമായ ബോധവൽക്കരണം നടത്തണം.


കൊതുകു നിവാരണത്തിന് DDT തുടങ്ങിയ മരുന്നുകൾ അടിക്കാൻ സ്പ്രയറുകൾ ജഌ മുഖേന നൽകണം. വീടുകളിൽ മലിനജലം കെട്ടിക്കിടക്കാതിരിക്കാൻ ശ്രദ്ധിക്കുക. പറമ്പുകളിൽ പാഴ് വസ്തുക്കളിൽ വെള്ളം കെട്ടി നിന്ന് കൊതുക് വളരുന്നത് നിയന്ത്രിക്കാവുന്നതാണ്. സന്നദ്ധപ്രവർത്തകരെ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ് റോഡരികിൽ നിന്നുള്ള മത്സ്യവില്പന നിരോധിക്കുകയും മാർക്കറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക. പഞ്ചായത്തിന്റെ ഒരുകേന്ദ്രത്തിൽ അറവ്ശാല സ്ഥാപിച്ച് മാംസം വിവിധ മേഖലകളിലേക്ക് വിതരണം ചെയ്യുന്ന ഒരു സംവിധാനം ഉണ്ടാക്കുകയും മാലിന്യങ്ങൾ നശിപ്പിക്കാനുള്ള ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

പൊതു സ്ഥലങ്ങളിൽ അലഞ്ഞുതിരുയുന്ന നായ്ക്കളെ കൊല്ലാനുള്ള സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തണം. ഇത് നിയന്ത്രിച്ചില്ലെങ്കിൽ പൊതു ജനങ്ങൾക്ക് ഭീഷണിയായി വളരുന്നതാണ്.

തീരപ്രദേശങ്ങൾ, ലക്ഷംവീട് കോളനികൾ എന്നിവിടങ്ങളിൽ ശുദ്ധജല വിതരണം ലഭ്യമാക്കുകയും പരിസരം വൃത്തിയായി സൂക്ഷിക്കാനുള്ള കാര്യക്ഷമമായ ബോധവൽക്കരണം നടത്തണം. കോളനികളിലെ വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ പൊതുവായ ഒരു സ്ഥലത്ത്വെച്ച് നശിപ്പിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.



162



# വ്യവസായം

വ്യവസായ മേഖലയിൽ ചോറോട് പഞ്ചായത്ത് പ്രാമുഖ്യസ്ഥാനത്തേക്ക് കുതിക്കുന്ന ഒരു പഞ്ചായത്താണ്. ഇരുപത് വർഷം മുമ്പത്തെ വ്യവസായ ചരിത്രം തിരിഞ്ഞു നോക്കിയാൽ കാണാവുന്നത് കേവലം ചുരുട്ടു നിർമ്മാണവും മൺപാത്ര നിർമ്മാണവും നെയ്ത്തും മാത്രമായിരുന്നു. വടകര കേന്ദ്രീകരിച്ചു വൻതോതിൽ ചുരുട്ടു നിർമ്മാണം ഉണ്ടായിരുന്നു. അതിന്റെ ഭാഗമായി ഇന്നത്തെ കെ.ടി ബസാറിലും പരിസരത്തും ചുരുട്ടു വ്യവസായം ഉണ്ടായിരുന്നു. വള്ളിക്കാട് കേന്ദ്രീകരിച്ച് മൺപാത്ര നിർമ്മാണവും ഉണ്ടായിരുന്നു. ഇതിനാവശ്യമായ കളിമണ്ണ് എടുത്തിരുന്നത് നാളോം വയലിൽ നിന്നായിരുന്നു. ചേന്ദമംഗലം തെരു, വൈക്കിലിശ്ശേരി തെരു, കുരിക്കിലാട് പുത്തൻതെരു എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചു വൻതോതിൽ നെയ്ത്ത് വ്യവസായവും ഉണ്ടായിരുന്നു.

ഈ പഞ്ചായത്തിൽ പൊതു മേഖലയിലോ, സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. ചെറുകിട വ്യവസായ യൂണിറ്റുകളും പരമ്പരാഗതവ്യവസായ യൂണിറ്റുകളുമായി 118എണ്ണം ഇവിടെ ഉണ്ട്. സഹകരണ മേഖലയിൽ ഒരു വ്യവസായ യൂണിറ്റേ ഉള്ളൂ.

ഈ പഞ്ചായത്തിൽ വിവിധ മേഖലകളിലായി ആകെ 3559 പേർ ജോലി ചെയ്യുന്നു. അതിൽ 1836 പുരുഷന്മാരും 1723 സ്ത്രീകളുമാണ്. വ്യവസായ തൊഴിലാളികളിൽ പഞ്ചായത്തിനു പുറത്തുള്ള യൂണിറ്റുകളിൽ ജോലി ചെയ്യുന്നവർ ഇവിടെ ധാരാളമുണ്ട്. പഞ്ചായത്തിനകത്ത് ജോലിചെയ്യുന്നവർ 632 പേരാണ്. അതിൽ 317 പുരുഷന്മാരും 315 സ്ത്രീകളുമാണ്. നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെ എണ്ണം പട്ടിക 1 ലും വ്യവസായ തൊഴിലാളികളുടെ എണ്ണം പട്ടിക 2 ലും കൊടുത്തിട്ടുണ്ട്.

പട്ടിക 1

ചെറുകിട വ്യവസായ യൂണിറ്റുകൾ

| വ്യവസായത്തിന്റെ തരം | മൊത്തം യൂണിറ്റുകൾ | ശതമാനം |
|---|---|---|
| ഭക്ഷ്യസംസ്കരണം | 11 | 9.32 |
| തുണി | 22 | 18.64 |
| തടി | 5 | 4.24 |
| കടലാസ്/അച്ചടി | 3 | 2.54 |
| റബ്ബർ/പ്ലാസ്റ്റിക് | 10 | 8.47 |
| കെമിക്കൽസ് | 4 | 3.39 |
| ലോഹം | 3 | 2.54 |
| എഞ്ചിനീയറിംഗ് | 9 | 7.63 |
| ഇലക്ട്രോണിക്സ് | 2 | 1.69 |
| ഇലക്ട്രിക്കൽസ് | 5 | 4.24 |
| റിപ്പയറിംഗ് & സർവ്വീസസ് | 12 | 10.18 |
| മറ്റുള്ളവ | 32 | 27.12 |
| ആകെ | 118 | 100 |

*(അവലംബം ചെറുകിട വ്യവസായ റജിസ്റ്റർ ജില്ലാ വ്യവസായ കേന്ദ്രം കോഴിക്കോട്)*

പട്ടിക 2

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | % |
|---|---|---|---|---|
| | ആൺ | പെൺ | ആകെ | |
| ഭക്ഷ്യസംസ്കരണം | 22 | 110 | 132 | 20.89 |
| തുണി | 27 | 121 | 148 | 23.42 |
| തടി | 20 | -- | 20 | 3.16 |
| കടലാസ്/അച്ചടി | 9 | 3 | 12 | 1.90 |
| റബ്ബർ/പ്ലാസ്റ്റിക് | 40 | 2 | 42 | 6.65 |
| കെമിക്കൽസ് | 10 | 6 | 16 | 2.53 |
| ലോഹം | 12 | -- | 12 | 1.90 |
| എഞ്ചിനീയറിംഗ് | 36 | -- | 36 | 5.70 |
| ഇലക്ട്രിക്കൽസ് | 12 | 8 | 20 | 3.16 |
| ഇലക്ട്രോണിക്സ് | 6 | -- | 6 | 0.95 |
| റിപ്പയറിംഗ് (സർവ്വീസിംഗ്) | 60 | -- | 60 | 9.49 |
| മറ്റുള്ളവ | 63 | 65 | 128 | 20.25 |
| ആകെ | 317 | 315 | 632 | 100.00 |

*(അവലംബം ചെറുകിട വ്യവസായ റജിസ്റ്റർ ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്.)*

പരമ്പരാഗത മേഖലയിൽ പ്രധാനം കൈത്തറി വ്യവസായമാണ്. നൂറോളം കുടുംബങ്ങളിലായി 260 ഓളം തൊഴിലാളികൾ ഈ വിഭാഗത്തിലുണ്ട്. ബീഡി വ്യവസായവും കളിമൺ വ്യവസായവും ചെറിയ തോതിൽ ഉണ്ട്. 219 തൊഴിലാളികൾ ബീഡി വ്യവസായത്തിലും 47 തൊഴിലാളികൾ കളിമൺ വ്യവസായത്തിലുമുണ്ട്. കളിമൺ വ്യവസായം ഈ പഞ്ചായത്തിന്റെ 6,7,8 വാർഡുകളിലായിട്ടാണുള്ളത്. ആദി ആന്ധ്ര വിഭാഗത്തിൽപ്പെട്ട കുശവന്മാരാണ് ഈ രംഗത്ത് ഇപ്പോഴുള്ള തൊഴിലാളികൾ. ഇതിൽതന്നെ സ്ത്രീകളാണ് കൂടുതലും. മറ്റു പ്രാദേശിക മൺപാത്ര നിർമ്മാണ തൊഴിലാളികളുമുണ്ട്.

കൈത്തറി വ്യവസായങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ നൂലിന്റെ വിലക്കയറ്റവും വിപണിയിലുള്ള അനാരോഗ്യകരവുമായ കിടമത്സരവുമാണ്. താരതമ്യേന കുറഞ്ഞ കൂലിനിരക്കാണ് ഈ മേഖലയിലുള്ളത്. അതുകൊണ്ടുതന്നെ പുതിയ തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നുവരുന്നില്ല. നിലവിലുള്ള ചില തൊഴിലാളികൾതന്നെ മറ്റുമേഖലകളിലേക്ക് മാറാൻ ആഗ്രഹിക്കുന്നു.

കളിമൺപാത്ര തൊഴിലാളികലുടെ പ്രധാന പ്രശ്നം അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിലുള്ള കുറവാണ്. കളിമണ്ണ്, മണൽ, ചൂളയ്ക്കാവശ്യമായ വിറക് മുതലായവ കൂടിയ വിലകൊടുത്ത് വാങ്ങണം. മാത്രമല്ല, മണ്ണ് എടുത്തിരുന്ന പല പ്രദേശങ്ങളിലും വൻ കെട്ടിടങ്ങൾ ഉയർന്നുവരുന്നു. ഭൂമിയുടെ വിലവർദ്ധനവും വലിയ പ്രശ്നമാണ്.

ചുരുട്ടു നിർമ്മാണം പേരിനുമാത്രം ഇവിടെ നിലനിൽക്കുമ്പോൾ ബീഡിനിർമ്മാണം പലസ്ഥലങ്ങളിലും കേന്ദ്രീകരിച്ചു നടക്കുന്നുണ്ട്. ബീഡിയുടെ സഹകരണ സംഘത്തിന്റെ വടകര ബീഡിവർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽ 3 തെരുവു കേന്ദ്രങ്ങളിലായി 209 പേർ ഈ മേഖലയിൽ ജോലിചെയ്യുന്നുണ്ട്.

### വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

മൊത്തം തൊഴിലാളികളിൽ പുരുഷന്മാരുടെ ആധിപത്യം കാണാമെങ്കിലും വ്യവസായ തൊഴിലാളികളിൽ സ്ത്രീകൾ ഒപ്പത്തിനൊപ്പമുണ്ട്.

പടിഞ്ഞാറ് അറബിക്കടലും, പഞ്ചായത്തിനെ രണ്ടായി ഭാഗിച്ചുകൊണ്ട് റെയിൽ പാതയും കടന്നു പോകുന്നു. വ്യവസായ വികസനത്തിനാവശ്യമായ സ്ഥലം, വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിച്ചു വരേണ്ടതുണ്ട്. 13.41ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 32,947 വരുന്ന ജനസംഖ്യയും 5195 വീടുകളും ഈ പഞ്ചായത്തിൽ നിത്യോപയോഗസാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും, അത്തരം ഉല്പന്നങ്ങൾ ഉണ്ടാക്കിവില്ക്കുന്ന വ്യവസായയൂണിറ്റുകൾ വരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്. വളർച്ചക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്നതോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജിവിക്കാനുള്ള തല്പരത എന്നിവയെല്ലാമുണ്ടെങ്കിലും, വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. മുഖ്യകാർഷികോല്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജന പ്പെടുത്തുന്നില്ല.

2. വിപണന സാധ്യത കുറവ്

3. വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഏറെ താമസം നേരിടുന്നു.

4. സാങ്കേതിക പരിജ്ഞാനക്കുറവ്

5. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴാലാളികൾക്കു പരിശീലനം ലഭിക്കാൻ സാധ്യതയില്ലായ്മ.

6. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണക്കുറവ്.

7. വ്യവസായമേഖലയുമായുള്ള സമ്പർക്കക്കുറവ്.

8. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവത്ക്കരണ കുറവ്. 9. വ്യവസായവകുപ്പ്, പഞ്ചായത്ത് എന്നിവ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസുകൾ ലഭിക്കാൻ

താമസം നേരിടുന്നു.

10. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല.

## സാധ്യതകൾ

പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക.

വളരെയധികം വ്യവസായ സാധ്യതയുള്ള പ്രദേശമാണിത്. ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. ഇത് സംബന്ധിച്ച ബോധവത്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാൻ കഴിയും. പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരെ വ്യവസായ രംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.

ഖാദിബോഡിന്റെ ആഭിമുഖ്യത്തിൽ എട്ടാം വാർഡിൽ ഓട്, ഇഷ്ടിക നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ മൊത്തം 25 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

കൊയർഫെഡിന്റെ ധനസഹായത്തോടെ രെയരങ്ങോത്ത് 100 തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിയുന്ന കയർവ്യവസായ യൂണിറ്റ് അതിന്റെ പ്രാരംഭദശയിലാണ്.

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ.

| നമ്പർ | ഇനം |
|---|---|
| 1. | നവീന രീതിയിലുള്ള തൊണ്ടഴുക്കൽ |
| 2. | യന്ത്രമുപയോഗിച്ചു പച്ച ചകിരിനാര് നിർമ്മിക്കുക. |
| 3. | തെങ്ങ് തടികൊണ്ടു കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണ്ണിച്ചറും |
| 4. | ചിരട്ടപ്പൊടി |
| 5. | തേങ്ങാ പൗഡറും ക്രീമും |
| 6. | വെളിച്ചെണ്ണ |
| 7. | തേങ്ങാവെള്ളത്തിൽ നിന്നും വിനാഗിരി |
| 8. | കന്നുകാലിത്തീറ്റ |
| 9. | തേങ്ങാവെള്ളത്തിൽ നിന്നും ശീതളപാനീയങ്ങൾ |
| 10. | ഫർണ്ണിച്ചർ നിർമ്മാണം. |
| 11. | പഴസംസ്കരണം |

## മറ്റു ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നോട്ടുബുക്കു നിർമ്മാണം, ബുക്കു ബൈൻഡിംഗ്
2. സിമന്റ് ഹോളോബ്രിക്സ് നിർമ്മാണം.
3. സോപ്പ്, ഡിറ്റർജന്റ് പൗഡർ, മെഴുകുതിരി, പപ്പടം നിർമ്മാണം.
4. റെഡിമെയ്ഡ് വസ്ത്രങ്ങൾ.
5. ഇലക്ട്രിക് ഉപകരണങ്ങൾ
6. ഇരുമ്പുകൊണ്ടുള്ള കാർഷിക, ഗാർഹിക ഉപകരണ നിർമ്മാണം.
7. എമർജൻസി ലൈറ്റ് നിർമ്മാണം.
8. തുകൽ വ്യവസായം
9. കുട നിർമ്മാണം
10. അലൂമിനിയ പാത്ര നിർമ്മാണം
11. പ്ലാസ്റ്റിക് ഉപകരണങ്ങൾ
12. കരകൗശല വസ്തുക്കൾ
13. ഫോട്ടോഗ്രാഫി
14. തീപ്പെട്ടി നിർമ്മാണം
15. കളർപ്രിന്റിംഗ് യൂണിറ്റുകൾടെക്സ്റ്റയിൽ
16. പ്ലാസ്റ്റിക് വയർ ഉപയോഗിച്ച് വീട്ടുപകരണ നിർമ്മാണം.
17. വിവിധ തരം പോളീഷ് നിർമ്മിക്കുന്ന യൂണിറ്റ്
18. മൺപാത്ര നിർമ്മാണം
19. കാലിത്തീറ്റ ഉത്പാദനം
20. അടയ്ക്ക സംഭരിച്ച് വാസനപാക്ക് നിർമ്മാണം.
21. ബേക്കറി യൂണിറ്റ്
22. സ്റ്റീൽ ഫർണ്ണിച്ചർ യൂണിറ്റ്
23. ഹവായ് ചെരിപ്പു നിർമ്മാണ യൂണിറ്റ്
24. ആയുർവ്വേദ ഔഷധ നിർമ്മാണ യൂണിറ്റ്
25. ഖാദിയുടെ നൂൽനൂൽപ്പ് കേന്ദ്രം.
26. മിഠായി നിർമ്മാണം.
27. മത്സ്യം, കല്ലുമ്മക്കായ് സംസ്കരണ യൂണിറ്റ്
28. ഐസ് ഫാക്ടറി
29. തയ്യൽ പരിശീലന കേന്ദ്രം

വ്യവസായം തുടങ്ങാൻ സന്നദ്ധരായ യുവതീയുവാക്കൾ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്.

പുതിയൊരു വ്യവസായ വികസന ബോധം ഇവരിൽ വളർത്തിയെടുക്കുവാനും ആവശ്യമായ സാഹചര്യമുണ്ടാക്കേണ്ടതുണ്ട്.

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ.

1. മരം അധിഷ്ഠിത വ്യവസായങ്ങൾ
2. സ്ക്കൂൾ ബാഗ് നിർമ്മാണം.
3. കരിങ്കല്ല് ഉടച്ച് ജില്ലിയാക്കൽ
4. വുഡ് കാർവിങ്ങ്
5. ലിക്വിഡ് ഡിറ്റർജന്റ്
6. ക്ലീനിങ്ങ് പൗഡർ

7. സിന്തറ്റിക്ക് വിനാഗിരി

8. വൈദ്യുത ഗൃഹോപകരണങ്ങൾ

9. കറി പൗഡർ

10. സിമന്റുകൊണ്ടുള്ള ജനലുകൾ.

11. സിമന്റ് ഇഷ്ടിക നിർമ്മാണം.

12. കിടക്ക നിർമ്മാണം.

## വ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാധ്യതയുള്ളതിനാൽ ഗ്രാമപഞ്ചായത്ത് സൗകര്യമുള്ള സ്ഥലം വിലയ്ക്കു വാങ്ങി ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായസംരംഭകർക്ക് വാടകയ്ക്കുകൊടുക്കുന്ന പദ്ധതി നടപ്പാക്കണം.

കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലായി പ്രാധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിൻ കീഴിൽ (PMRY) ചേറോട് പഞ്ചായത്തിൽ ധന സഹായം ലഭിച്ച ആളുകളുടെ എണ്ണം സൂചിപ്പിക്കുന്ന ഒരു പട്ടിക താഴെ കൊടുക്കുന്നു.

| | 94-95 | 95-96 |
|---|---|---|
| 1. Indian Bank | 4 | 2 |
| 2. Canara Bank | 4 | 1 |
| 3. Cyndicate Bank | 1 | 4 |
| 4. Fedaral Bank | 1 | -- |
| 5. State Bank of Travancore | 1 | 3 |
| Total | 11 | 10 |

*അവലംബം താലൂക്ക് വ്യവസായ ഓഫീസ്.*

മേൽപട്ടികയിൽ നിന്നും തൊഴിൽദാന പദ്ധതികൾക്കുവേണ്ടി ബാങ്കുകൾ നൽകുന്ന വായ്പയുടെ തൊത് കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. ഈ സ്ഥിതിയിൽ മാറ്റം വരേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1. വൈദ്യുതി വിതരണം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക.

2. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഏക ജാലക സമ്പ്രദായം (Single Window system) ഏർപ്പെടുത്തുക.

3. വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനുമായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വ്യവസായികൾ എന്നിവർ അടങ്ങിയ മോണിറ്ററിങ്ങ് കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനം നടത്തുക.

4. വ്യവസായ സംരംഭകത്വ പരിശീലനം നൽകാൻ ആവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ടാക്കണം.

5. വ്യവസായം തുടങ്ങുവാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്കു വ്യവസായസംരംഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ രൂപത്തിൽ വ്യവസായം നടത്തിക്കൊണ്ടുപോകുന്ന വ്യവസായികളുമായി ആശയ.വിനിമയം നടത്തുന്നതിനും പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കാൻ പഠനയാത്ര സംഘടിപ്പിക്കുക.

6. വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

7. വായ്പ അനുവദിക്കുന്നതിൽ ബാങ്കുകളുടെ നിഷേധാത്മക നയം അവസാനിപ്പിക്കുക. Credit Diposit Ratio വർദ്ധിപ്പിക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ചു നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതിയുണ്ടാക്കാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെത്തന്നെ ലഭ്യമാക്കാനും എല്ലാറ്റിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാനും കഴിയും. ഈ പഞ്ചായത്തിലെ വ്യവസായിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകുന്നതിനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും, നമ്മുടെ ആളോഹരി വരമാനം വർദ്ധിക്കുകയും ചെയ്യും. ഇതു ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർത്തുകയും ചെയ്യും.

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

നാടിന്റെ സാമ്പത്തിക പുരോഗതിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഘടകങ്ങളാണ് ഗതാഗതവും ഊർജ്ജവും മാർക്കറ്റും. ചോറോട് ഗ്രാമ പഞ്ചായത്ത് പൊതുവേ ഗതാഗതത്തിന്റെ കാര്യത്തിൽ ഒരു വികസിത മുഖം ദർശിക്കാൻ കഴിയും. ഊർജ്ജ വിതരണത്തിന്റെ പ്രത്യേകിച്ചും വൈദ്യുതിയുടെ വിതരണ കാര്യത്തിലും ഒട്ടും മോശമല്ലാത്ത പുരോഗതി നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ആഴ്ച ചന്തകളോ, വൻ വിപണനം നടക്കുന്ന മാർക്കറ്റുകളോ ഇല്ലെങ്കിലും ചെറിയ രൂപത്തിൽ വിപണനം നടക്കുന്ന മാർക്കറ്റുകൾ നമ്മുടെ പഞ്ചായത്തിലും ഉണ്ട്. പെരുംവാട്ടുംതാഴ കൊപ്ര ബസാർ എടുത്തു പറയേണ്ടതാണ്.

റോഡുകളും പാലങ്ങളും നിർമ്മിക്കുന്ന കാര്യത്തിലും അതു നിലനിർത്തുന്ന കാര്യത്തിലും ജനസഹകരണം ഏറ്റവും കൂടുതലായി ലഭിച്ചിട്ടുണ്ടെന്ന് കാണാം. വികസനമെന്നാൽ റോഡുകളുടെ വികസനമാണെന്ന വികലമായി ധാരണ ഒരു പരിധി വരെയെങ്കിലും നമ്മുടെ പഞ്ചായത്ത് ആസൂത്രണത്തെയും ബാധിച്ചിരിക്കുന്നു. ഈ ധാരണ ഭൂരിപക്ഷം ജനങ്ങളിലും ഇന്നും നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ ഈ പഞ്ചായത്തിൽ വളരെയധികം റോഡുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തു കണക്കുകൾ പ്രകാരം വാഹന ഗതാഗത യോഗ്യമായ 78.120 കിലോമീറ്റർ റോഡ് നിലവിലുണ്ട്. ഇത് ഒരു ചതുരശ്രകിലോമീറ്ററിന് ഏകദേശം ആറു കിലോമീറ്ററാണ്. സംസ്ഥാന ശരാശരി 3.2 ആണെന്നുള്ള കാര്യം ഇവിടെ പ്രസ്താവ്യമാണ്. ആകെ ടാർ ചെയ്ത റോഡ് ഏതാണ്ട് 27 കി. മീറ്റർ ആണുള്ളത്. ഇത് ചതുരശ്ര കിലോമീറ്ററിന് 3 കിലോമീറ്റർ ആണെന്ന് കാണാം.

റെയിൽ ഗതാഗതത്തിന്റെ കാര്യത്തിൽ ഷൊർണ്ണൂർ മംഗലാപുരം റെയിൽ പാത നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്നു എന്നുള്ളതിൽ കവിഞ്ഞ് മറ്റു സൗകര്യങ്ങളൊന്നും തന്നെ ഇവിടെ ഇല്ല.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദേശീയ പാത 17ഉം വടകര താലൂക്കിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡായ കൈനാട്ടി - പക്രന്തളം റോഡും ഈ ഗ്രാമത്തിന്റെ വികസനത്തിൽ വലിയ പങ്കാണ് വഹിക്കുന്നത്. ബസ്സ് സർവ്വീസിന്റെ കാര്യത്തിലാണെങ്കിൽ സ്വാതന്ത്ര്യത്തിന് മുൻപ് തന്നെ കിഴക്കൻ മേഖലയിലെ ജനങ്ങളെ വടകര പട്ടണവുമായി ബന്ധിപ്പിക്കുന്നതിൽ വ്യവസായ പ്രമുഖനായ എ. സി. കുഞ്ഞിരാമൻ നമ്പ്യാർ (പുഞ്ചിരി നമ്പ്യാർ) സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഗ്രാമത്തിൽ ആദ്യമായി വൈദ്യുതി എത്തിക്കുന്നതിലും ഇദ്ദേഹം പ്രധാന പങ്കുവഹിച്ചു.

1945 ഡിസംബർ 13ന് പഞ്ചായത്ത് രൂപീകൃതമായതിനു ശേഷം, പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള പ്രധാന റോഡുകളാണ് ചോറോഡ് - ഗെയ്റ്റ് വൈക്കിലശ്ശേരി- ഓർക്കാട്ടേരി റോഡ്, വള്ളിക്കാട് - മാങ്ങോട്ട് പാററോഡ്, മലോൽ - മുക്ക്കൂട്ടങ്ങാരം റോഡ്, മാലോൽ മുക്ക് - അക്ലോത്ത് നട റോഡ്, ചേന്ദമംഗലം - പഴങ്കാവ് റോഡ്, കൈനാട്ടി - മുട്ടുങ്ങൽ ബീച്ച് റോഡ്, ചേറോഡ് ഗെയിറ്റ് - കുരിയാടി ബീച്ച് റോഡ്, കൈനാട്ടി ചേന്ദമംഗലം റോഡ്, വള്ളിക്കാട് -

കുളങ്ങാട്ട് താഴ റോഡ്, - കെ. ടി.ബസാർ സ്വാമി മഠം റോഡ് എന്നിവ.

## റോഡുകളുടെ പൊതു സ്ഥിതി

ധാരാളം റോഡുകൾ നിലവിലുണ്ടെങ്കിലും എല്ലാ റോഡുകൾക്കും ആവശ്യമായ ഓവുചാലുകളോ ഫുട്പാത്തുകളോ നിർമ്മിക്കപ്പെട്ടിട്ടില്ല. മഴക്കാലമായാൽ ചെമ്മൺ റോഡുകളിൽ ബഹുഭൂരിപക്ഷവും ഗതാഗതയോഗ്യമല്ലാതായി തീരുകയാണ് പതിവ്. ആവശ്യമായ ഡ്രൈനിങ്ങ് സംവിധാനങ്ങൾ ഇല്ലാത്തതും നിർമ്മാണത്തിലെ അപാകതകളും, സമായാസമയങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതും ഇതിനു മുഖ്യകാരണമാണ്. നിലവിലുള്ള ടാർ റോഡുകൾ താരതമ്യേന മെച്ചപ്പെട്ടതും നല്ലതോതിൽ ഗതാഗതം നടക്കുന്നവയുമാണ്.

പട്ടിക 1

പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി. മി. | വീതി മി. | ബസ്സ്/ മറ്റു യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1. | നാഷണൽ ഹൈവെ (പെരു:താഴകെ. ടി. ബസാർ) | PWD | 4 KM | 12 M | ഉണ്ട്. |
| 2. | സ്റ്റേറ്റ് ഹൈവെ (മുട്ടുങ്ങൽ പക്രം താളം) | PWD | 2 KM | 8 M | ഉണ്ട്. |
| 3. | മലോൽമുക്ക് - അക്ലോത്ത് നട | PWD | 2 KM | 8 M | ഉണ്ട് |
| 4 | മലോൽമുക്ക് - കൂട്ടങ്ങാരം | PWD | 2 KM | 8 M | ഉണ്ട് |
| 5 | ഓർക്കാട്ടേരി - ചോറോട് ഗെയിറ്റ് | PWD | 5 KM | 8 M | ഉണ്ട് |
| 6 | ചേന്ദമംഗലം - പഴങ്കാവ് | PWD | 1 KM | 8 M | ഉണ്ട് |
| 7 | ചേന്ദമംഗലം - കൈനാട്ടി | പഞ്ചായത്ത് | 1.5 KM | 6 M | ഉണ്ട് |
| 8 | ചോറോട് ഗെയിറ്റ് - കുരിയാടി | പഞ്ചായത്ത് | 1 KM | 6 M | ഉണ്ട് |
| 9 | എം.എസ്.യു.പി.സ്ക്കൂൾ - ബീച്ച് റോഡ് | പഞ്ചായത്ത് | 0.5 KM | 6 M | ഉണ്ട് |
| 10 | കൈനാട്ടി - ബീച്ച്റോഡ് | പഞ്ചായത്ത് | 1.2 KM | 8 M | ഉണ്ട് |
| 11 | കൈനാട്ടി - ചുണ്ടുവയൽ റോഡ് | പഞ്ചായത്ത് | 1 KM | 6 M | ഉണ്ട് |
| 12 | വള്ളിക്കാട് - കാട്ടിൽമുക്ക് റോഡ് | പഞ്ചായത്ത് | 2.5 KM | 8 M | ഉണ്ട് |
| 13 | ചോറോട് ഹൈസ്ക്കൂൾ റോഡ് | പഞ്ചായത്ത് | 0.25 KM | 6 M | ഉണ്ട് |

*(റോഡുകളുടെ നീളം, വീതി, അളവുകൾ ഏകദേശ കണക്കുപ്രകാരം)*

പഞ്ചായത്തിൽ ടാർ ചെയ്തിട്ടുള്ള റോഡുകളുടെ വിവരം പട്ടിക 1ൽ കൊടുക്കുന്നു.

## മെറ്റൽ ചെയ്തതും സോളിംഗ് മെച്ചപ്പെട്ടതുമായ റോഡുകൾ

നമ്മുടെ പഞ്ചായത്തിൽ മെറ്റൽ ചെയ്യപ്പെട്ടതും സോളിംഗ് ചെയ്യപ്പെട്ടതുമായ റോഡുകൾ വളരെ ചുരുക്കം മാത്രമെ ഉള്ളൂ. വർഷങ്ങളായി സോളിംഗ് നടത്തിയെങ്കിലെ ടാർ ചെയ്യാനുള്ള പ്രവർത്തനം നടക്കാതെ പോയ റോഡുകളാണിവ. ഈ റോഡുകൾ



പട്ടിക 2

ടാർ ചെയ്യേണ്ട സോൾ ചെയ്തതും മെറ്റൽ ചെയ്തതുമായ റോഡുകൾ

| നമ്പർ | റോഡ് | നീളം | വീതി |
|---|---|---|---|
| 0101 | കുറുപ്പാൾ ഒന്തം - കുന്നിനു താഴെ റോഡ് (400 മീറ്റർ സോൾ ചെയ്തു) | 1 K.M | 4 M |
| 0601 | കൂമുള്ളി മുക്ക് - തവിട്ടങ്ങാരം | 540 M | 8 M |
| 1001 | പഴയ പോസ്റ്റാഫീസ് - കെ.എ.എം.യു.പി, ചേന്ദമംഗലം തെരു റോഡ് | 600 K.M | 4 M |
| 1201 | മിത്തലങ്ങാടി എം.എസ്.യു.പി. സ്ക്കൂൾ റോഡ് | 1 K.M | 6 M |
| 1301/1202 | ചെറ്റയിൽ മുക്ക് - മീത്തലങ്ങാടി റോഡ് | 1 K.M | 6 M |


*(നമ്പറിൽ കാണിച്ച ആദ്യത്തെ രണ്ട് ഡിജിറ്റ് വാർഡിനെയും പിന്നീടുള്ള ഡിജിററുകൾ മുൻഗണനെയും സൂചിപ്പിക്കുന്നു. നീളം, വീതി, അളവുകൾ ഏകദേശം)*

എത്രയും പെട്ടെന്ന് ടാർ ചെയ്യപ്പെടേണ്ടത് പഞ്ചായത്ത് വികസനത്തിന് അത്യന്ത്യപേക്ഷിതമാണ്. ഈ റോഡുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട ചെമ്മൺറോഡുകൾ

നിലവിലുള്ള ചെമ്മൺ റോഡുകളിൽ പലതും ഗതാഗതയോഗ്യമാക്കേണ്ടത് പഞ്ചായത്ത് വികസനത്തെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. അടിയന്തിരമായി ടാർ ചെയ്യപ്പെടേണ്ട ചെമ്മൺ റോഡുകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭായോഗത്തിൽ വളരെ പ്രാധാന്യത്തോടെ ഉയർന്നു വന്നിട്ടുണ്ട്. രയരങ്ങോത്ത് സഹകരണ കയർ ഫാക്ടറിയിലേക്ക് ഗതാഗത ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്ന ഒരു റോഡാണ് കെ. ടി. ബസാർ സ്വാമിമഠം റോഡ്. അതുപോലെ തന്നെ വള്ളിക്കാട് - കുളങ്ങാട്ട് താഴ റോഡ്, ഡ്രൈവിംങ് സ്കൂൾ എൻ. എച്ച് - യു. കെ. ദാമുസ്മാരക റോഡ്, വരിഗ്യക്കുനി സ്കൂൾ - പടവത്തും താഴ റോഡ്, ചാലിൽ മുക്ക് - പടവത്തും താഴ, മഠത്തിൽ മുക്ക - ,മമ്പരഞ്ഞോളിൽ - കുനിയിമ്പികരായി - ചോറോഡ് എച്ച്. എസ്. റോഡ്, ചോറോഡ് ഗെയിറ്റ് - പൂളക്കണ്ടി പാറ, മണിയാറത്തു മുക്ക് - മാങ്ങോട്ടു പാറ എക്സറ്റൻഷൻ, വൈക്കിലശ്ശേരി തെരുശ്മശാനം - വൈക്കിലശ്ശേരി റോഡ് എന്നിവ ഈ റോഡുകളിൽ പ്രധാനപ്പെട്ടവയാണ്.

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളെപറ്റിയുള്ള വിവരങ്ങൾ പട്ടിക 3 - ൽ കൊടുത്തിരിക്കുന്നു.



## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | റോഡ് | നീളം | വീതി |
|---|---|---|---|
| 0101 | സ്വാമി മഠം റോഡ് | 1 K.M | 4 M |
| 0201 | ഡ്രൈവിംഗ് സ്‌ക്കൂൾ (എൻ.എച്ച്) യു.കെ.ദാമു സ്മാരക. | 1 K.M | 4 M |
| 0202 | ചേമേരി മുക്ക് - തുപ്രക്കണ്ടി മുക്ക് | 600 M | 4 M |
| 0203 | മുട്ടുങ്ങൽ തയ്യുള്ളതിൽ താഴ | 1 K.M | - - |
| 0301 | വള്ളിക്കാട് - കുളങ്ങാട്ട് താഴ - റയിൽവേ ലൈൻ | 1 K.M | - - |
| 0401 | വരിശ്യക്കുനി യു.പി.സ്‌ക്കൂൾ - പടവത്തും താഴ | 800 M | 5 M |
| 0402 | വൈക്കിലശ്ശേരി തെരു ശ്മശാനം - വൈക്കിലശ്ശേരി റോഡ് | 1.6 K.M | 6 M |
| 0403 | പടവത്തും താഴ - ചാലിൽ മുക്ക് | 800 M | 6 M |
| 0501 | ചാലിൽ മുക്ക് - വെള്ളിയാമ്പറത്ത് താഴ | 1 K.M | - - |
| 0502 | മഠത്തലൽമുക്ക് - കുളത്തും താഴ - ഒതയോത്ത് താഴ | 800 M | - - |
| 0603 | തനോത്ത്മുക്ക് - തൊടുവയിൽ | 800 M | - - |
| 0701 | മഠത്തിൽ മുക്ക് - മമ്പരഞ്ഞോളി - കുയുമ്പിക്കരായി (ചോറോഡ് എച്ച്.എസ്) | 1.5 K.M | - - |
| 0801 | മണിയാറത്ത് മുക്ക് - മാങ്ങോട്ടുപാറ (Extension) | 750 M | 6 M |
| 0901 | ചോറോട് ഗെയിറ്റ് - പൂളക്കണ്ടി പാറ വഴി പഴങ്കാവ് | 980 M | 6 M |
| 1001 | മീത്തലാടത്ത് ക്ഷേത്രം - പടയൻ കുന്നത്ത് | 1.2 K.M | 4 M |
| 1002 | പൂളക്കണ്ടിപാറ - കുളങ്ങരത്ത് | 1 K.M | 4 M |
| 1003 | പുഞ്ചിരിമിൽ - കണാരൻകണ്ടി മുക്ക് | 750 M | 4 M |
| 0102 | നാദാപുരം റോഡ് - പടിക്കത്താഴ റോഡ് | 500 M | 4 M |
| 1201 | മീത്തലങ്ങാടി എം.എസ്.യു.പി | 1 K.M | - - |
| 1202 | വി.ഡി.എൽ.പി. - തുപ്രക്കണ്ടി - കൈനാട്ടി ബീച്ച് | 1 K.M | - - |
| 0302 | വള്ളിക്കാട് - ചാർത്താംപൊയിൽ | .5 K.M | - - |
| 0404 | വാഴയിൽ മുക്ക് - കുഞ്ഞിപ്പുരയിൽ മുക്ക് | 1 K.M | 5 M |
| 0405 | തയ്യുള്ളതിൽ താഴ - മുട്ടുങ്ങൽ ബീച്ച് | 3/4 K.M | - - |
| 0406 | മത്തത്ത്താഴ - ചെമ്മച്ചേരി താഴ | 1 K.M | 4 M |
| 0606 | കൂമുള്ളി മുക്ക് - കസ്തൂരി മുക്ക് | - - | - - |
| 0405 | തണ്ടപ്പള്ളി മുക്ക് - ബന്ദ്രക്കുന്ന് റോഡ് | 1 K.M | 4 K.M |

*(നമ്പറിൽ കാണിച്ച ആദ്യത്തെ രണ്ട് ഡിജിറ്റ് വാർഡിനെയും പിന്നീടുള്ള ഡിജിററുകൾ മുൻഗണനെയും സൂചിപ്പിക്കുന്നു. നീളം, വീതി, അളവുകൾ ഏകദേശം)*

അടിയന്തിര അറ്റകുറ്റ പണി ആവശ്യമായ ചെമ്മൺ റോഡുകൾ. പഞ്ചായത്തിലെ ചെമ്മൺ റോഡുകൾ മഴുക്കാലമായാൽ ഗതാഗതത്തിന് പറ്റാതാവുകയാണ് പതിവ്. ആവശ്യമായ ഓവുചാലുകൾ നിർമ്മിക്കുകയും കാലാകാലം അറ്റകുറ്റപ്പണികൾ നടത്തുകയെന്നതാണ് ഇതിനൊരു പരിഹാരം. നിർമ്മിക്കപ്പെട്ടിട്ടുള്ള റോഡുകൾ നിലനിർത്തുക എന്നുള്ളതും നിർമ്മാണം പോലെ തന്നെ പ്രാധാന്യം അർഹിക്കുന്നുണ്ട്. അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ട റോഡുകളെ സംബന്ധിച്ചുള്ള വിവരണം പട്ടിക 4ൽ വിശദമായി പ്രതിപാദിക്കും.

| | | അടിയന്തിര അറ്റകുറ്റ പണി ആവശ്യമായ റോഡുകൾ |
|---|---|---|
| നമ്പർ | കോഡ് | പേര് |
| 1. | 0102 | പുത്തം പുരയിൽ മുക്ക് - തോലട ചള്ള |
| 2. | 0103 | കുന്നിന് താഴ - ലക്ഷം വീട് റോഡ് |
| 3. | 0201 | മീത്തലങ്ങാടി - മുട്ടങ്ങൽ സൗത്ത് |
| 4. | 0202 | പുത്തലത്ത് മുക്ക് - തുപ്രക്കണ്ടി |
| 5. | 0203 | കുറുപ്പാൾ - ഒന്തംമേയന താഴ |
| 6. | 0301 | ബാലവാടി - കുളങ്ങാട്ട് താഴ റോഡ് |
| 7. | 0302 | വള്ളിക്കാട് - പുന്നേരി താഴ റോഡ് |
| 8. | 0303 | വള്ളിക്കാട് - ചാത്താം പൊയിൽ |
| 9. | 0304 | ബാലവാടി - പടിക്കത്താഴ റെയിൽവെ |
| 10. | 0305 | വള്ളിക്കാട് - പുതിയാടത്തിൽ |
| 11. | 0306 | ബാലവാടി - അകവളപ്പിൻ താഴ |
| 12. | 0401 | പാറേക്കണ്ടി മുക്ക് - പന്തപ്പൊയിൽ |
| 13. | 0402 | കോമത്ത് കൊയിലോത്ത് - വണ്ണാത്തിപ്പാലം |
| 14. | 0403 | പുന്നോറ വീട്ടിൽ - ആറ്റം കുളങ്ങര |
| 15. | 0404 | കുറ്റിയിൽ പള്ളി മുക്ക് - യോഗിമഠത്തും താഴ |
| 16. | 0405 | കണ്ടോത്ത് മുക്ക് - പൂളക്കണ്ടി താഴ |
| 17. | 0406 | കുറ്റേരി താഴ - മണക്കാട്ട് താഴ |
| 18. | 0407 | അമ്പല നട - കോട്ടയിൽ മുക്ക് |
| 19. | 0408 | വൈക്കിലശ്ശേരി തെരു - നാങ്കണ്ടി മുക്ക് |
| 20. | 0501 | കണ്ടോത്ത് മുക്ക് - തൊടുവയിൽ |
| 21. | 0502 | മഠത്തിൽ മുക്ക് - മുയിപ്ര |
| 22. | 0503 | കനോത്ത് മീത്തൽ - കണ്ണാശ്ശേരി |
| 23. | 0504 | മലോൽ മുക്ക് - മഠത്തുംതാഴ |
| 24. | 0505 | കണിയാൻ കുന്ന് ലക്ഷം വീടിലേക്കുള്ള റോഡ് |
| 25. | 0601 | കുമുള്ളിമുക്ക് - കസ്തൂരി മുക്ക് |
| 26. | 0701 | കടിഞ്ഞോത്ത് മുക്ക് - പാറക്കണ്ടി മുക്ക് |
| 27. | 0702 | രാമത്ത് താഴ - കുരിക്കിലാട് |
| 28. | 0703 | കുരിക്കിലാട് - മമ്പരഞ്ഞോളി |
| 29. | 0704 | കാട്ടിൽ മുക്ക് - തോട്ടോളി താഴ |
| 30. | 0801 | മത്തത്ത് താഴ - ചെമ്മച്ചേരി |
| 31. | 0802 | രാമത്ത് അമ്പലം - മാപ്പിളക്കണ്ടി താഴ |
| 32. | 0803 | പുഞ്ചപ്പാലം - എടയത്തുമുക്ക് |
| 33. | 0804 | കളരിക്കണ്ടി - ചെക്കിപ്പുറത്ത് |
| 34. | 0805 | പടിക്കത്താഴ - രയരോത്ത് താഴ |

| | | |
|---|---|---|
| 35. | 0901 | കണ്ണോത്ത് മുക്ക് - ചെമ്മച്ചേരി |
| 36. | 0902 | പെരുവാത്തിക്കണ്ടി - രെയരോത്ത് താഴ |
| 37. | 1001 | കെ.എ.എം.യു.പി - മലയിൽ കണ്ടി - പൂളക്കണ്ടിപാറ |
| 38. | 1002 | പടിഞ്ഞാറേക്കണ്ടി എൻ.എച്ച് |
| 39. | 1201 | പോത്ത് കണ്ടിമുക്ക് - പുനത്തിൽ ലക്ഷം വീട് |
| 40. | 1202 | പുത്തലത്താണി മുക്ക് - രാമത്ത് മുക്ക് എം.എസ്.യു.പി |
| 41. | 1203 | ബീച്ച് റോഡ് - എയ്യാം കടപ്പുറം |
| 42. | 1204 | ചാത്തോത്ത് മുക്ക് - വരയൻവളപ്പിൽ കുരിയാടി |
| 43. | 1205 | തുപ്രക്കണ്ടി - ചോളക്കണ്ടി കൈനാട്ടി |
| 44. | 1301 | കോട്ടയിൽ മുക്ക് റോഡ് |
| 45. | 1302 | എലിക്കോരൻ റോഡ് |
| 46. | 1303 | കുന്നിനു താഴ - ഗോസായിക്കുന്ന് |
| 47. | 1304 | ഇല്ലി മുക്ക് - മഠത്തിൽ മുക്ക് |

*(ആദ്യത്തെ രണ്ട് ഡിജിറ്റ് വാർഡിനെയും പിന്നീടുള്ളത് മുൻഗണനാ ക്രമവും സൂചിപ്പിക്കുന്നു.)*

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

സംസ്ഥാന ശരാശരിയുടെ ഇരട്ടി റോഡുകൾ പഞ്ചായത്തിലുണ്ടെങ്കിലും അത്യാവശ്യമായി നിർമ്മിക്കപ്പെടേണ്ട റോഡുകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ജനങ്ങളാൽ ഉയർത്തപ്പെട്ടിട്ടുണ്ട്. ചുരുക്കം ചില ഗ്രാമസഭകളിലെങ്കിലും വികസനമെന്നാൽ റോഡുനിർമ്മാണമാണെന്ന ജനങ്ങളിലുള്ള വികല ധാരണ പ്രതിഫലിക്കുന്നുണ്ട്. ഇതിനുദാഹരണമാണ് പുതുതായി പതിനേഴോളം റോഡുകൾ നിർമ്മിക്കപ്പെടണമെന്നുള്ള പത്താം വാർഡ് ഗ്രാമസഭാ നിർദ്ദേശങ്ങൾ. ഇത് നിരുത്സാഹപ്പെടുത്തേണ്ട പ്രവണതയാണ്.

പുതുതായി നിർമ്മിക്കപ്പെടേണ്ട റോഡുകളുടെ വിവരങ്ങൾ പട്ടിക അഞ്ചിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

### പട്ടിക 5

| | | പുതുതായി നിർമ്മിക്കേണ്ട റോഡുകൾ |
|---|---|---|
| നമ്പർ | കോഡ് നമ്പർ | റോഡ് |
| 1. | 0101 | കെ.ടി. ബസാർ കാവന്തോടി വഴി കാരക്കാട്ട് സ്ക്കൂൾ |
| 2. | 0102 | ഹൈസ്ക്കൂൾ പരിസരം - കയർ സൊസൈറ്റി - സ്വാമി മഠം റോഡ് |
| 3. | 0103 | തൈയ്യുള്ളതിൽ മുക്ക് - കല്ലിക്കൽമുക്ക് - മഠത്തിൽ താഴ സ്വാമി മഠം |
| 4. | 0201 | പറമ്പത്ത് മുക്ക് - മൊയിലാറവിട |
| 5. | 0202 | മൊട്ടപറമ്പ് - ചാനിയോട്ട് മുക്ക് |
| 6. | 0203 | ഉമ്മർച്ചി - തുപ്രക്കണ്ടി മുക്ക് |
| 7. | 0204 | പുതുശ്ശേരി അമ്പലം - ട്രാൻസ്ഫോർമർ - കരകെട്ടി NH |
| 8. | 0205 | രയരോത്ത് മുക്ക് - താഴത്ത് |
| 9. | 0206 | പഞ്ചായത്ത് സ്റ്റേഡിയം - അപ്രോച്ച് |
| 10. | 0401 | നാളോംകണ്ടി മുക്ക് - കാടേരിതാഴ യോഗി മഠത്തിൽ |
| 11. | 0402 | മാപ്പിളക്കണ്ടി താഴ - ആറ്റാകുളങ്ങര |
| 12. | 0403 | മാണിക്കോത്ത് താഴ - യോഗി മഠത്തും താഴ |

| | | |
|---|---|---|
| 13. | 0501 | മുയിപ്ര പി. വി. എൽ. - വാണിപറമ്പത്ത് മുക്ക്കുറ്റാറത്ത് താഴ |
| 14. | 0502 | എളമ്പിലാട്ട് മുക്ക് - പോസ്റ്റാഫീസ് |
| 15. | 0503 | വൈക്കിലശ്ശേരി സ്ക്കൂൾ - കേളോത്ത് മുക്ക് തൊടുവയിൽ |
| 16. | 0504 | കാളാശ്ശേരി മുക്ക് - ചോറോട് ഹൈസ്ക്കൂൾ |
| 17. | 0505 | ഇല്ലത്ത് താഴ - കാങ്ങാട്ട് താഴ - അംബ്ലാട്ട് |
| 18. | 0701 | പുളിയുള്ളതിൽ മുക്ക് - നമ്പറത്ത് മുക്ക് |
| 19. | 0702 | താറോക്കണ്ടി മുക്ക് - പുത്തംപുരയിൽ മുക്ക് |
| 20 | 0703 | രാമത്ത് താഴ - കുരിക്കിലാട് (ബന്ധിപ്പിക്കിൽ) |
| 21. | 0704 | കുയിമ്പിക്കരായി - അറക്കിലാട് |
| 22. | 0705 | കാട്ടിൽ മുക്ക് - നാളോംവയൽ വടകര |
| 23. | 0801 | കണ്യാറത്ത് മുക്ക് - തിരുവോത്ത് താഴ |
| 24 | 0802 | രാമത്ത് താഴ - തിരുവോത്ത് താഴ |
| 25. | 0803 | ചാത്താംകണ്ടി - ചാളയിൽ താഴ - മത്തത്ത് |
| 26. | 0804 | മണപ്പുറത്ത് താഴ - കാപ്പിരിക്കുന്നി |
| 27. | 0805 | പാഞ്ചേരി താഴ - കുറുളിക്കണ്ടിമലയിൽ മുക്ക് |
| 28. | 1001 | തൈക്കണ്ടി താഴ - കേളോത്ത് താഴ - മുൻസിപ്പാലിറ്റി |
| 29. | 1002 | കെ.എം.യു.പി - കണാരൻ കണ്ടി മുക്ക് |
| 30. | 1003 | അമ്പലപീടിക - പൂളക്കണ്ടിപാറ |
| 31. | 1004 | ചേന്ദാം കുളങ്ങര - കാവുപറമ്പത്ത് |
| 32. | 1005 | പൂളക്കണ്ടി പാറ - ഒടമ്പൻ കുന്നത്ത് |
| 33. | 1006 | മഠത്തിൽ പറമ്പ് - ചാത്തോർത്ത് താഴ കുനി |
| 34. | 1007 | ചേന്ദമംഗലം ക്ഷേത്രം - നടക്കന്റെവിട - പൂളക്കണ്ടി പാറ |
| 35. | 1008 | കേളോത്ത് താഴ - കോറോത്ത് പറമ്പ് |
| 36. | 1009 | കൊമ്പൻ കണ്ടി - റെയിൽവെ ലൈൻ |
| 37. | 1010 | അടുവാരി - പുതിയോട്ടിൽ പറമ്പ് |
| 38. | 1011 | കൊളങ്ങരത്ത് സ്ക്കൂൾ - അടുവാരികുന്നിയുള്ളതിൽ |
| 39. | 1012 | പഴങ്കാവ് റോഡ് - ഒടുമ്പൻ കുന്നത്ത് തെരു |
| 40. | 1013 | ചോറോട് ഗെയിറ്റ് - കൊരങ്ങാം പൊയിൽ-K.A.M.U.P |
| 41. | 1014 | കേളോത്ത് മുക്ക് - ഒടമ്പൻ കുന്ന് - കോറോത്ത് താഴ |
| 42. | 1015 | നേരാം വള്ള -1 പുത്തം പുരയിൽ പറമ്പ് |
| 43. | 1016 | ചേന്ദമംഗലം ഗണപതി ക്ഷേത്രം - ഭഗവതി ക്ഷേത്രം |
| 44. | 1017 | മാത്തൂർ പറമ്പ് - കുറ്റാരിതാഴ |
| 45. | 1101 | ആമാത്തോട് - മുൻസിപ്പാലിറ്റി റോഡ് |
| 46. | 1102 | അറയ്ക്കൽ നട - കുരിയാടിപ്പള്ളി |
| 47. | 1103 | 11; 12 വാർഡിനെ ബന്ധിപ്പിക്കുന്ന മരയന്റ വളപ്പിൽ |
| 48. | 1301 | മുട്ടുങ്ങൽ കക്കാട് പള്ളി റോഡ് ഗോസായികുന്ന് വരെ നീട്ടൽ |
| 49. | 0104 | പടിക്കത്താഴ റോഡ് കെ.ടി. ബസാറുമായി ബന്ധിപ്പിക്കൽ |

| | | |
|---|---|---|
| 50. | 0304 | വള്ളിക്കാട് ചാർത്താം പൊയിൽ റോഡ് രയരോത്ത് താഴ പാലവുമായി ബന്ധിപ്പിക്കണം |
| 51. | 0304 | നാളോന്റവിട-ചോറോട് സ്കൂൾ വരെ |
| 52. | 0304 | എരോത്ത് മുക്ക് - മഠത്തിൽ മുക്ക് റോഡ് |
| 53. | - - - | പൂവ്വേരി മുക്ക് - കണിയാങ്കണ്ടി. |

*(ആദ്യത്തെ ഡിജിറ്റൽ വാർഡിനെയും പിന്നീട് വരുന്നത് മുൻഗണനാക്രമവും സൂചിപ്പിക്കുന്നു.)*

**റീടാറിംഗ്**

ടാർച്ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും റീ ടാർ ചെയ്യാൻ സമയം അതിക്രമിച്ചിട്ടുള്ള മൂന്ന് റോഡുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 6 - ൽ പ്രതിപാദിച്ചിട്ടുണ്ട്.

## JRY പദ്ധതിപ്രകാരം പണി നടന്നതും നടന്ന് കൊണ്ടിരിക്കുന്ന റോഡ് എസ്റ്റിമേറ്റ്

| നമ്പർ | പണിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | ചേന്ദമംഗലം മുൻസിപ്പൽ അതിർത്തി റോഡ് നന്നാക്കൽ | 1,43,000/ |
| 2 | കത്തളത്തിൽ മുക്ക് മുട്ടുങ്ങൽ ബീച്ച് റോഡ് ടാർ ചെയ്യൽ | 33,500/ |
| 3 | കത്തളത്തിൽ മുക്ക് മുട്ടുങ്ങൽ ബീച്ച് റോഡ് 3 - ാം ഘട്ടം | 42,500/ |
| 4 | കൈനാട്ടി ചേന്ദമംഗലം റോഡ് റീടാറിംഗ് | 1,21,913/ |

പട്ടിക 6

## റീടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | കോഡ് | പേര് |
|---|---|---|
| 1 | 01 | വള്ളിക്കാട് കാട്ടിൽ മുക്ക് റോഡ് |
| 2 | 02 | കുരിക്കാലാട് വായനശാലപുത്തൻതെരു റോഡ് |
| 3 | 03 | ചേന്ദമംഗലം - കൈനാട്ടി റോഡ് |
| 4 | 11 | ചേറോഡ് ഗെയിറ്റ് കുരിയാടി ബീച്ച് |

റോഡ് വികസനത്തിന് തടസ്സം നിൽക്കുന്നത് പ്രധാനമായും ഫണ്ടിന്റെ അപര്യാപ്തതയാണ്. അതുപോലെ തന്നെ ജനങ്ങളുടെ അശ്രദ്ധയും ദീർഘ വീക്ഷണമില്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും റോഡ് വികസനത്തിന് തടസ്സം നിൽക്കുന്ന മറ്റ് പ്രധാന പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങൾ മുറിച്ച് കടക്കാൻ റോഡ് നിർമ്മാണ ഘട്ടത്തിലും അത് സംരക്ഷിക്കേണ്ട കാര്യത്തിലും ജനസഹകരണം ഉറപ്പ് വരുത്തുകയാണ്. ജനകീയ ആസൂത്രണം ഉയർത്തിയിട്ടുള്ള ഐക്യവും വികസന മനോഭാവവും ഇതിന് ഉപയോഗപ്പെടുത്താൻ കഴിയും.

## നിർമ്മിക്കപ്പെടേണ്ട പാലങ്ങൾ

നിർമ്മിക്കപ്പെടേണ്ട പലങ്ങളുടെ വിവരങ്ങൾ പട്ടിക 7 - ൽ കൊടുത്തിരിക്കുന്നു.

### നിർമ്മിക്കപ്പെടേണ്ട പാലങ്ങൾ

| നമ്പർ | കോഡ് | പേര് |
|---|---|---|
| 1 | 0101 | ആശാരിക്കണ്ടി മുക്ക് പാലം |
| 2 | 0401 | പടവത്തും താഴ പാലം |
| 3 | 0601 | വടക്കെ ചാമക്കണ്ടി - ചാമക്കണ്ടി പറമ്പ് പാലം |
| 4 | 0801 | വെലക്കാട്ട് മീത്തൽ കാഞ്ഞിരക്കണ്ടി മുക്ക് (കനാലിന് കുറുകെ) |
| 5 | 1201 | കല്ലറയ്ക്കൽ തോടിന് പാലം |
| 6 | 0801 | മത്തത്ത് താഴ പാലം |

*(ആദ്യത്തെ ഡിജിറ്റൽ വാർഡിനെയും പിന്നീടുള്ളത് മുൻഗണനാക്രമവും സൂചിപ്പിക്കുന്നു.)*

## ഫുട് പാത്തുകൾ

ധാരാളം റോഡുകളുണ്ടെങ്കിലും ഇന്നും നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ കാല്നടയാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെ രൂക്ഷത ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വന്ന ഫുട് പാത്തുകളുടെ ആവശ്യത്തെ സംബന്ധിച്ച നിർദ്ദേശങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. വിവിധ വാർഡുകളിൽ നിർമ്മിക്കപ്പെടേണ്ട ഫുട്പാത്തുകളെ സംബന്ധിച്ച് വിവരങ്ങള്ത പട്ടിക8ൽ പ്രതിപാദിക്കുന്നു.

ബാലവാടി ബസ് സ്റ്റോപ്പിനടുത്ത് നിന്നും ബലവാടിയിലേക്ക് പോകുന്ന ഫുട് പാത്തും; കൈനാട്ടി സർവ്വീസ് സ്റ്റേഷനു മുൻപിലുള്ല ഫുട്പാത്തും അറ്റ കുറ്റ പണി നടത്തണമെന്നന നിർദ്ദേശവും ഗ്രാമ സഭകളിൽ ഉയർന്നിട്ടുണ്ട്.

പട്ടിക 8

### ഫുട്പാത്തുകൾ

| നമ്പർ | കോഡ് | പേര് |
|---|---|---|
| 1 | 0101 | വയലോട്ട് താഴ - സ്വാമി മഠം റോഡുമുതൽ തെക്കോട്ട് |
| 2 | 0102 | വാഷറത്ത് താഴ - പടിക്കതാഴ |
| 3 | 0103 | എൻ. എച്ച്. - പുല്ലാഞ്ഞോളി - റെയിൽവെ |
| 4 | 0201 | പൂറപ്പാടി താഴ - മുക്ക് വി. ഡി. എൽ. പി. സ്ക്കൂൾ |
| 5 | 0202 | താഴത്ത് താഴ - നാരോത്ത് താഴ |
| 6 | 0301 | വള്ളിക്കാട് ട്രാൻസ്ഫോർമർ - കുറ്റിക്കാട്ടിൽ |
| 7 | 0302 | പുന്നേരി താഴ - കുളങ്ങാട്ട് താഴ |
| 8 | 0303 | കാട്ട് കുറ്റി കുനി - കുളങ്ങാട്ട് താഴ |
| 9 | 0401 | വരിശ്യക്കുനി താഴ - പടവത്തും താഴ |
| 10 | 0402 | വരിശ്യക്കുനി യു. പി. സ്ക്കൂൾ - വരിശ്യക്കുനി എം. എൽ. പി. സ്ക്കൂൾ |
| 11 | 0501 | തേവർകണ്ടി താഴ - വൈക്കലശ്ശേരി പോസ്റ്റാഫീസ് |

| | | |
|---|---|---|
| 12 | 0502 | ലോഹ്യ മന്ദിരം - മുയിപ്ര പി.വി. എൽ.പി.സ്ക്കൂൾ |
| 13 | 0503 | തട്ടാന്റവിടപള്ളി - കൂടത്തുംപൊയിൽ |
| 14 | 0504 | കൊയിലോത്ത് കണ്ടി - പുത്തലത്ത് |
| 15 | 0601 | കുരിക്കിലാട് വായനശാല - മുള്ളത്തിൽ മീത്തൽ |
| 16 | 0602 | വലിയപുതിയോട്ടിൽ - കൊപ്രകണ്ടത്തിൽ മുക്ക് |
| 17 | 0603 | വാഴയിൽ താഴ - നടുക്കണ്ടി താഴ |
| 18 | 0604 | പുതുശ്ശേരിതാഴ - മഠത്തിൽ താഴ |
| 19 | 0605 | കരിപ്പള്ളിതാഴ - പുത്തൻതെരു |
| 20 | 0606 | വടക്കയിൽ താഴ - എടന്തോടി മുക്ക് |
| 21 | 0701 | ചോറോട് എൽ.പി.സ്ക്കൂൾ - വൈക്കിലശ്ശേരി റോഡ് |
| 22 | 0702 | വാഴയിൽ താഴ - ചെറുവോത്ത് താഴ |
| 23 | 0801 | ഹെൽത്ത്സെന്റർ - മഠത്തുംതാഴ - മാപ്പിളക്കണ്ടി താഴ |
| 24 | 0802 | പറമ്പത്ത് മുക്ക് - മൂരപ്പുറത്ത് താഴ |
| 25 | 0803 | മത്തത്ത് താഴ - വെലക്കാട്ടുപൊയിൽ |
| 26 | 0804 | അഞ്ചാംകണ്ടം - കോറോത്ത് താഴ |
| 27 | 0805 | മലയിൽ മുക്ക് - കുറുളിക്കണ്ടി |
| 28 | 0901 | അമ്പക്കുളം - രയരോത്ത് താഴ |
| 29 | 0902 | ചെറിയകുളക്കോട്ട് - ഓലപ്പുറത്ത് താഴ - കനാൽ വഴി |
| 30 | 0903 | കണ്ണാറത്ത് താഴ - നാവല്ലൂർപൊയിൽ |
| 31 | 0904 | ചേന്ദമംഗലം കനാൽ - കൂട്ടുലിപ്പാലം - മൂസ്സപ്പാലം |
| 32 | 0905 | മോട്ടേമ്മൽ - മഠത്തിൽ മുക്ക് |
| 33 | 1001 | മാത്തൂർ പറമ്പ് - ചാത്തോത്ത്താഴ |
| 34 | 1002 | നേരാം വള്ളി - ചത്തോത്ത് |
| 35 | 1003 | ഒടമ്പൻ കുന്നത്ത് - മുനസിപ്പാലിറ്റി |
| 36 | 1004 | ചാത്തോത്ത് മുക്ക് - കേളോത്ത് താഴ |
| 37 | 1101 | സരസ്വതി വിലാസം യു.പി സ്കൂൾ - അറയ്ക്കൽ നട |
| 38 | 1201 | എം.എസ് യു.പി സ്കൂൾ - പള്ളിത്താഴ |

*(കോഡ് നമ്പറിൽ ആദ്യത്തെ രണ്ട് ഡിജിറ്റുകൾ വാർഡിയെും പിന്നീടുള്ളത് മുൻഗണനയെയും സൂചിപ്പിക്കുന്നു നീളം, വീതി ,ഏകദേശം കണക്കു പ്രകാരം)*

### ഊർജ്ജം

ചോറോട് പഞ്ചായത്തിലെ ജനങ്ങൾ ഊർജ്ജത്തിനു വേണ്ടി പ്രധാനമായും ആശ്രിയിക്കുന്നത് വിറക്, മണ്ണെണ്ണ, ഗ്യാസ്,വൈദ്യുതി എന്നീ ഊർജ്ജ സ്രോതസ്സുകളെയാണ്. ഭൂരിപക്ഷം വീടുകളിലും പാചകം ചെയ്യുന്നത് വിറകടുപ്പുകളിൽ തന്നെയാണ്. ഏറ്റവും കൂടുതൽ ഊർജ്ജം ഉപയോഗിക്കപ്പെടുന്നത് പാചക ആവശ്യത്തിനാണ്. ചുരുങ്ങിയ എണ്ണം വീടുകളിൽ മണ്ണെണ്ണ അടുപ്പുകളും പാചകത്തിന് ഉപയോഗിക്കുന്നുണ്ട് വൈദ്യുതി ഉപയോഗിച്ചു കൊണ്ടുള്ള പാചകം സാർവ്വത്രികമായിട്ടില്ല.

### ഊർജ്ജ രംഗത്തെ പ്രശ്നങ്ങൾ

വിറക് ദൗർലഭ്യം ആവശ്യത്തിന് വിറക് ലഭിക്കാത്തത് ഊർജ്ജ രംഗത്തെ പ്രധാന പ്രശ്നമാണ് മണ്ണെണ്ണയുടെ ദൗർലഭ്യവും ഗ്യാസ് കണക്ഷൻ കിട്ടാനുള്ള കാലതാമസവും വൈദ്യുതി കണക്ഷൻ കിട്ടാനുള്ള കാലതാമസവും വോൾട്ടേജ് ക്ഷാമവും ഊർജ്ജ രംഗത്തെ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

വിറക് ദൗർലഭ്യം പരിഹരിക്കാൻ കൂടുതലായി മരങ്ങൾ വച്ചു പിടിപ്പിക്കുക.

ഊർജ്ജ നഷ്ടം ഒഴിവാക്കാൻ ദക്ഷത കൂടിയ പരിഷത്തടുപ്പുകൾ സാർവ്വത്രികമായി സ്ഥാപിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കണം.

പാചക ആവശ്യത്തിന് കൂടുതൽ ആളുകൾക്ക് മണ്ണെണ്ണ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സർക്കാരിന്റെ വിതരണ സംവിധാനങ്ങൾ പരിഷ്ക്കരിക്കണം.

ഗ്യാസ് വൈദ്യുതി കണക്ഷനുകൾക്കുള്ള കാല താമസം ഒഴിവാക്കുക.

## വൈദ്യുതി

പ്രാണവായുവും വെള്ളവും പോലെ ആധുനിക മനുഷ്യന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി വൈദ്യുതി മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് വികസനത്തിന് അത്യന്താപേക്ഷിതമാണെന്ന കാര്യം നമ്മൾ തിരിച്ചറിയുന്നു.

വടകര110 കെ.വി സബ്സ്റ്റേഷനിൽ നിന്നും വരുന്ന മൂന്ന് 11കെവി ഫീഡറുകളാണ് ഈ പഞ്ചായത്തിൽ വൈദ്യുതിയുടെ പ്രധാന സ്രോതസ്സുകൾ. ഈ പ്രദേശത്ത് വൈദ്യുതി വിതരണം ചെയ്യുന്ന മുട്ടുങ്ങൽ മേജർ സെക്ഷൻ ഓഫീസ് നമ്മുടെ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്.

പൊതുവെ കേരളത്തിൽ നിലനിൽക്കുന്ന വോൾട്ടേജ് ക്ഷാമവും വിതരണ ശൃംഖലയിലെ മറ്റ് അപാകതകളും ഇവിടെയും നിലനിൽക്കുന്നുണ്ട്.

ചോറോട് പഞ്ചായത്തിലെ വൈദ്യുതി കണക്ഷനുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1-ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

പട്ടിക 1

### നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| 1 | ഗാർഹികം | 2581 |
| 2 | വ്യാപാരം | 451 |
| 3 | വ്യാവസായികം | 48 |
| 4 | കാർഷികം | 118 |

### കണക്ഷന് കാത്തിരിക്കുന്ന അപേക്ഷകൾ

| | | |
|---|---|---|
| 1 | ഓർഡിനറി | 307 |
| 2 | ഒ. ടി. പി. | 6 |
| 3 | ഒ. വൈ. ഇ. സി | 49 |

### സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | | |
|---|---|---|
| 1 | ബൾബ് | 189 |
| 2 | ട്യൂബ് | 42 |
| 3 | മെർക്കുറി വേപ്പർ | ഇല്ല |
| 4 | സോഡിയം വേപ്പർ | ഇല്ല |

### പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.ടി. ട്രാൻസ്ഫോമറുകളുടെ പേരുകൾ

| | |
|---|---|
| 1 | പെരുവാട്ടുംതാഴ |
| 2 | പുഞ്ചിരിമിൽ |
| 3 | പെരുവന വയൽ |
| 4 | കൈനാട്ടി |
| 5 | കുറുപ്പാൾ ഒന്തം |
| 6 | ചേന്ദമംഗലം |
| 7 | ഫ്ളോവെൽ |
| 8 | ക്ലേ വർക്സ് |
| 9 | വേങ്ങേരി |
| 10 | മലോൽ മുക്ക് |
| 11 | കുരിക്കിലാട് |
| 12 | വൈക്കിലശ്ശേരി |
| 13 | ബാലവാടി |
| 14 | വള്ളിക്കാട് |
| 15 | കുളങ്ങാട്ടു താഴ |
| 16 | കുരിയാടി |
| 17 | റാണി മിൽസ് |

### അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയ്യതി

| | |
|---|---|
| ഓർഡിനറി | 29-11-1990 |
| ഓ.വൈ.ഇ.സി | 12-9-1995 |

### വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ

ഈ ഗ്രാമത്തെ സംബന്ധിച്ച് തീരെ വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ ഉണ്ട് എന്നു പറയാൻ കഴിയില്ല. എങ്കിലും വിവധ വാർഡുകളിലെ ഗ്രാമസഭാ റിപ്പോർട്ടുകളിൽ വൈദ്യുതീകരിക്കാത്ത ധാരാളം വീടുകളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ഉണ്ട്.

**വോൾട്ടേജ് ക്ഷാമം**

നമ്മുടെ പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം ഭാഗങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്..

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസവും അനിശ്ചിതത്വവും

സ്ട്രീറ്റ് ലൈറ്റുകൾ പ്രകാശിക്കുന്നില്ല

ട്രാൻസ്ഫോമറുകളുടെ സ്ഥാന നിർണ്ണയത്തിൽ വന്ന അപാകതകൾ

ആവശ്യമായത്രയും ത്രീഫേസ് ലൈനുകളുടെ അഭാവം

ലൈനുകളുടെ നീളക്കൂടുതലും ഓവർ ലോഡുമൂലമുള്ള പ്രശ്നങ്ങളും

## പരിഹാര നിർദ്ദേശങ്ങൾ

നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ആവശ്യമുള്ളിടങ്ങളിൽ ത്രീഫേസ് ലൈനാക്കി മാറ്റുക

ട്രാൻസ്ഫോമറുകളുടെ സ്ഥാനം പുനർനിർണ്ണയിക്കുകയും നിലവിലുള്ളസംവിധാനം ഗുണകരമായി പരിഷ്ക്കരിക്കുകയും ചെയ്യുക

പ്രേഷണ നഷ്ടം ഒഴിവാക്കാൻ (വളരെ പഴകിയ ലൈനുകൾ മാറ്റുകയും ലൈനുകളിൽ തട്ടിയിട്ടുള്ള മരക്കൊമ്പുകളും മറ്റും മുറിച്ചു മാറ്റുകയും ചെയ്യുക) നടപടികൾ സ്വീകരിക്കുക. ജനകീയ സഹകരണം ഈ പ്രവർത്തനത്തിൽ ഉറപ്പ് വരുത്തുക.

ആവശ്യമായ സ്ഥലങ്ങളിൽ ലൈനുകൾ മാറ്റി സ്ഥാപിക്കുക (ഉദാ: വള്ളിക്കാട് വരിശ്യക്കുനി യു.പി.സ്കൂളിന് കിഴക്ക് വശം നടേമ്മൽ പറമ്പിലൂടെ പോകുന്ന ലൈൻ മാറ്റി കോമുള്ളിക്കുന്ന് റോഡിൽ കോമുള്ളിക്കുന്ന് ലൈനുമായി കണക്റ്റ് ചെയ്യുക

വൈദ്യുതി കണക്ഷനുള്ള കാലതാമസവും അനിശ്ചിതത്വവും ഒഴിവാക്കുക

ഒരു ഓ.വൈ. ഇ. സി കണക്ഷൻ കൊടുക്കമ്പോൾ ഒരു ഓർഡിനറി കണക്ഷനും നിർബന്ധമായും നൽകിയിരിക്കണം

ത്രീഫേസ് ആക്കേണ്ട സിംഗിൾ ഫേസ് ലൈനുകളുടെ വിവരങ്ങൾ പട്ടിക 2ലും പുതുതായി ട്രാൻസഫോമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ പട്ടിക 3ൽ വിശദമായി പ്രദിപാദിച്ചിട്ടുണ്ട്. ഇനിയും വൈദ്യുതീകരിക്കേണ്ട പ്രദേശങ്ങൾ പട്ടിക 4ൽ പ്രതിപാദിക്കുന്നു

നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റാൻ ഗ്രാമസഭയിൽ നിന്നു വന്ന നിർദ്ദേശങ്ങൾ

പട്ടിക 1

| നമ്പർ | പേര് |
|---|---|
| 1 | വള്ളിക്കാട് അർച്ചന മിൽ കോമുള്ളിക്കുന്ന് |
| 2 | കിഴക്കയിൽതാഴ മമ്പരത്തോളി മുക്ക് |
| 3 | പൂലേരിമുക്ക് രയരങ്ങോത്ത് റോഡ് |
| 4 | ചോറോട് ഗെയ്റ്റ് മാനാറത്ത് മുക്ക് |

പട്ടിക 2

പുതുതായി ട്രാൻസ്ഫോമർ സ്ഥാപിക്കണമെന്ന് ഗ്രാമ സഭ നിർദ്ദേശിച്ച സ്ഥലങ്ങൾ

| നമ്പർ | സ്ഥലം |
|---|---|
| 1 | എം. എസ് യു. പി സ്കൂൾ പരിസരം |
| 2 | മീത്തലങ്ങാടി |
| 3 | മണിയാറത്ത് മുക്ക് |
| 4 | ചേന്ദമംഗലം തെരു പരിസരം |

പട്ടിക 3

ഇനിയും വൈദ്യുതീകരിക്കേണ്ട സ്ഥലങ്ങൾ

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | 3 | കപ്പൊയിൽ ഭാഗം |
| 2 | 5 | കണ്ണാശ്ശേരിചാമയിൽ |
| 3 | 5 | ഒന്തമ്മൽ മഠത്തിൽ മുക്ക് |
| 4 | 5 | കാങ്ങാട്ട ഇല്ലത്തുതാഴ |
| 5 | 5 | പുത്തലത്ത് മീത്തൽ |
| 6 | 5 | കണിയാൻ കുന്ന് മലോൽ മുക്ക്4സെന്റ് |
| 7 | 6 | 4സെന്റ് കോളനി |
| 8 | 6 | നാളോന്റവിട അങ്ങാടിമല |
| 9 | 7 | കുയിമ്പികരായി |
| 10 | 9 | കുഞ്ഞിപ്പുരതാഴതോട്ടോളി |
| 11 | 10 | തെരു ഗണപതി ക്ഷേത്രം ഒടമ്പൻ കുന്നത്ത് |
| 12 | 10 | കെ.എ.എം യു. പി സ്കൂൾ മുതൽ പൂളക്കണ്ടി പാറവരെ |
| 13 | 10 | പുതിയോട്ടിൽ മുക്ക് എണാത്തൂർ |
| 14 | 10 | കേളോത്ത് താഴ പൊതുവാന്റവിട |
| 15 | 12 | താഴെപ്പള്ളി മുഹിയുദ്ദീൻ പള്ളി |
| 16 | 11 | വരയന്റെ വളപ്പിൽ പടിഞ്ഞാറ് |
| 17 | 11 | കൈതയിൽ വളപ്പിൽ ബീച്ച് ഏരിയ |
| 18 | 11 | അറയ്ക്കൽ നട ഭാഗം |
| 19 | 13 | കടലോര പ്രദേശം |

## സ്ട്രീറ്റു ലൈറ്റുകൾ

ഇലക്ട്രിസിറ്റി ഓഫീസിലെ കണക്കുകൾ പ്രകാരം 231 സ്ട്രീറ്റ് ലൈറ്റുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതിനു വേണ്ടി പഞ്ചായത്ത് ഓരോ വർഷവും 39,288 രൂപ ചിലവഴിക്കുന്നു. ഇത് പഞ്ചായത്ത് വരുമാനത്തിന്റെ 3.47ശതമാനമാണ്.

സ്ഥാപിക്കപ്പെട്ട സ്ട്രീറ്റു ലൈറ്റുകളിൽ ബഹുഭൂരിപക്ഷവും പ്രകാശിക്കാറില്ല. ഇതു പഞ്ചായത്തിനെ സംബന്ധിച്ച് വലിയ നഷ്ടമാണ്.

### നിർദ്ദേശങ്ങൾ

ഇല്ക്ട്രിസിറ്റി ഓഫീസിൽ പഞ്ചായത്ത് മെമ്പർമാർക്ക് പരാതികൾ കുറിക്കാൻ സ്ട്രീറ്റ ലൈറ്റ് റജിസ്ററർ ഉണ്ടാവുക

ബന്ധപ്പെട്ട പഞ്ചായത്തു മെമ്പറും ലൈൻമാനും സംയുക്തമായി പരിശോധന നടത്തുക.

ബൾബുകളും ട്യൂബുകളും പഞ്ചായത്ത് നേരിട്ട് വാങ്ങിക്കൊടുക്കുന്ന സംവിധാനം

പഞ്ചായത്ത് എൻ.എച്ച് റോഡിൽ സോഡിയം വേപ്പർ

ലാമ്പുകൾ സ്ഥാപിക്കുക

പോസ്റ്റ് നമ്പറുകൾ കൃത്യമായി എഴുതുക

പുതുതായി സ്ഥാപിക്കപ്പെടേണ്ട സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം പട്ടിക 5 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്

പട്ടിക 5

| വാർഡ് | സ്ട്രീറ്റ് ലൈറ്റ് ആവശ്യമായ സ്ഥലങ്ങൾ | എണ്ണം |
|---|---|---|
| 1 | സ്വാമിമഠം റോഡ് പടിക്കത്താഴ വെന്നപാലച്ച്ക്കുന്നിന്താഴ റോഡ്<br>യു.കെ ദാമു സ്മാരക റോഡ് മീത്തലങ്ങാടി<br>കൈനാട്ടി പുതുശ്ശേരി അമ്പലം ബീച്ച്<br>പുത്തലത്ത് മുക്ക് തുപ്രക്കണ്ടിമുക്ക്<br>ചേമേരി തുപ്രക്കണ്ടി | 6<br><br><br><br>54 |
| 2 | താഴത്ത്മുക്ക് പെരുവന<br>ഫൈബർ കമ്പനി ചാലിയോട്ട് മുക്ക്<br>മേയനത്താഴ റയിൽവേ ക്രോസ് റോഡ് മേയന<br>നാഷനൽ ഹൈവേ തള്ളുള്ളതിൽ ബീച്ച് | |
| 3 | കൊളങ്ങാട്ടു താഴ വള്ളിക്കാട് ചാർത്താം പോയിൽ | 13 |
| 4 | കുറ്റേരിത്താഴ വൈക്കിലശ്ശേരി തെരു<br>കോട്ടയിൽമുക്ക് പുതിയോട്ടും പൊയിൽ<br>വരിശ്ശക്കുനി യു.പി ചാലിൽമുക്ക് മാണക്കോത്ത് മുക്ക്<br>പുത്തൻപുരതാഴക്കുനി വരിശ്ശക്കുനി എം. എൽ. പി സ്കൂൾ<br>വരിശ്ശക്കുനിത്താഴ പടവത്തുംതാഴ | 45 |
| 5 | മലോൽ മുക്ക് ക്രാഷ് മുക്ക്<br>ലോഹ്യമന്ദിരം ഇല്ലത്തു പാലം എസ്. വി.എൽ<br>വൈക്കിലശ്ശേരി തെരു വൈക്കിലശ്ശേരി റോഡ് | 50 |
| 6 | മലോൽമുക്ക് കൂട്ടങ്ങാരം<br>മലോൽമുക്ക് അക്ലോത്ത് നട<br>കുരിക്കിലാട് കൂമുള്ളി മുക്ക്<br>ചാലുപറമ്പത്ത് ചോറോട് ഹൈസ്കൂൾ<br>പുത്തൻതെരു | 45 |
| 7 | മഠത്തിൽമുക്ക് മലോൽമുക്ക് മെയിൻ റോഡിൽ വളരെ അത്യാവശ്യം<br>മഠത്തിൽമുക്ക് ചോറോട് ഹൈസ്കൂൾ | 15 |
| 8 | വൈക്കിലശ്ശേരി തെരു ശ്മശാനം കാട്ടിൽമുക്ക്<br>മങ്ങാട്ടുപാറ കൂട്ടൂലിപ്പാലം<br>കൈനാട്ടി ചേന്ദമംഗലം | 21 |
| 9 | പൂലേരിമുക്ക് മുനിസിപ്പാലിറ്റി<br>കൈനാട്ടി ഗേറ്റ് ചേന്ദമംഗലം അമ്പലം<br>ഇല്ലി മുക്ക് മഠത്തിൽമുക്ക് | 20 |
| 10 | പഴയ പോസ്റ്റ് ഓഫീസ് .കെ. എ. എം. യു. പി ചേന്ദമംഗലം തെരു<br>ചോറോട് ഗേറ്റ് പുളക്കണ്ടിപ്പാറ പഴങ്കാവ്<br>പെരുവാട്ടുംതാഴ റോക്കി കൂറ്റേരി കണാരൻകണ്ടി മുക്ക് | 40 |
| 11 | ചോറോട് ഗേറ്റ് കുരിയാടി | 15 |
| 12 | കോളേത്ത്മുക്ക് തറോൽ മുക്ക്<br>പോയിന്റവിട മീത്തലങ്ങാടി<br>മൊഹിയുദ്ദീൻപള്ളി താഴെപള്ളി | 20 |
| 13 | കടലോരപ്രദേശത്തും പ്രധാന കവലകളിലും | 25 |

**നിലവിലുള്ള വൈദ്യുതി വിതരണ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കണം**

നിലവിലുള്ള 3 ഫീഡറുകൾ വഴിയും 17 ട്രാൻസ്ഫോമറുകളുടെയും പ്രവർത്തനം ഫലപ്രദമായും കാര്യക്ഷമമായും നടത്തുക

സെക്ഷൻ ഓഫീസർമാരും ജീവനക്കാരും പഞ്ചായത്തു മെമ്പർമാരും സംയുക്തമായി 3 മാസത്തിലൊരിക്കലെങ്കിലും ഒത്തു ചേർന്ന് വൈദ്യുതി വിതരണ രംഗത്തെ പോരായ്മകൾ ചർച്ച ചെയ്യുക.

# മാർക്കറ്റ്

വൻതോതിൽ വിതരണം നടക്കുന്ന പൊതു മാർക്കറ്റുകളോ ആഴ്ച ചന്തകളോ ഈ പഞ്ചായത്തിൽ ഇല്ല. പെരുവാട്ടുംതാഴ കേന്ദ്രീകരിച്ച് നടക്കുന്ന കൊപ്ര വ്യാപാരവും അതുമായി ബന്ധപ്പെട്ട മാർക്കറ്റു സംവിധാനവുമാണ് എടുത്തുപറയേണ്ടതായിട്ടുള്ളത്. ചെറിയ മാർക്കറ്റുകളായ വള്ളിക്കാട്,കൈനാട്ടി, ചോറോട് ഗേറ്റ് പോലുള്ള സ്ഥലങ്ങൾ ഈ ഗ്രാമത്തിലുണ്ട്

ആവശ്യത്തിന് വിപണന സൗകര്യങ്ങളില്ലാത്തത് ആവശ്യമായ സ്റ്റോറിങ്ങ് സൗകര്യം ഇല്ലാത്തതുമാണ് മാർക്കറ്റുകളുടെ വികസനത്തിന് പ്രധാനമായും തടസ്സം നിൽക്കുന്നത്. ഈ പ്രശ്നം പരിസ്ഥിതി പ്രശ്നങ്ങൾക്കുകൂടി കാരണമാവുന്നു.

**നിർദ്ദേശങ്ങൾ**


ചോറോട് ഗെയിറ്റിൽ ഒരു മത്സ്യമാംസ മാർക്കറ്റ് മത്സ്യം സൂക്ഷിക്കാനാവശ്യമായ സൗകര്യത്തോട് കൂടി ഉടൻ പണിതീർക്കണം

കൈനാട്ടിയിൽ മത്സ്യ മാംസ മാർക്കറ്റിന് ആവശ്യമായ സാഹചര്യങ്ങൾ ഉണ്ടാക്കണം.

വള്ളിക്കാട്ടിൽ നിലവിലുള്ള മത്സ്യമാർക്കറ്റ് കെട്ടിടം അപകടകരമായ അവസ്ഥയിലാണ് ഇത് എത്രയും പെട്ടെന്ന് പുതുക്കിപ്പണിയണം

പഞ്ചായത്തു തലത്തിൽ ഒരു അറവു ശാലയും മത്സ്യമാംസാദികൾ സൂക്ഷിച്ചു വെക്കാനും സംസ്ക്കരിക്കാനും ആവശ്യമായ ഒരു കേന്ദ്രം വിപണന സൗകര്യമുള്ള ഏതെങ്കിലും സ്ഥലത്ത് ( വള്ളിക്കാട്, ചോറോട് ഗെയിറ്റ്) സ്ഥാപിക്കപ്പെടേണ്ടതാണ്.

സഹകരണ മാർക്കറ്റുകൾ പ്രായോഗികമായി നടപ്പിൽ വരുത്താൻ ആവശ്യമായ ബോധപൂർവ്വമായ ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ജനങ്ങളിൽ നിന്ന് നേരിട്ട് പച്ചക്കറികൾ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നത് കാർഷിക മേഖലയുടെ വികസനത്തിന് ആക്കം കൂട്ടും



# പാർപ്പിടം സാമൂഹ്യക്ഷേമം

നാഷനൽ ഹൈവേയുടെ ഇരുവശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്നചോറോട് പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗം 1, 11, 12, 13 വാർഡുകൾ കടൽത്തീരവും മറ്റ് വാർഡുകൾ പൊതുവേ സമതലവുമാണ്. വിദ്യാഭ്യാസ പരമായും സാംസ്കാരികമായും ഏറെ മുമ്പന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് ചോറോട് വില്ലേജിലാണ്.

ജോലിതേടി ഗൾഫ് നാടുകളിൽ പോയവർ ഇവിടെ ധാരാളമുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം ഭവന നിർമ്മാണ രംഗത്തെ കോൺക്രീറ്റ് മണിമാളികകളിൽ ഒതുങ്ങി നിൽക്കുകയാണ്. വിദേശ മലയാളികളിൽ നിന്നുള്ള വരുമാനം ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

കൂലിപണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിലെ ജനങ്ങളിൽ കൂടുതലും. അതുകൊണ്ടു തന്നെ ഇവിടെ ഇടത്തരം വീടുകളാണ് കൂടുതലുള്ളത്. 1, 11, 12, 13 വാർഡുകളിൽ മത്സ്യതൊഴിലാളികൾ തിങ്ങിപാർക്കുന്നു. ജനസാന്ദ്രത കൂടുതലുള്ള ഈ തീരദേശങ്ങളിൽ ശുചിത്വമില്ലായ്മയും അനാരോഗ്യവും ഒരു സാമൂഹ്യപ്രശ്നമായി നിലനിൽക്കന്നു.

പഞ്ചായത്തിലെ 7395 വീടുകളിൽ 677വീടുകൾ ഇരുനിലകൾ ഉള്ളവയാണ്. 2038വീടുകൾ കോൺക്രീറ്റ് നിർമ്മിതവും 2832 ഓലമേഞ്ഞവയുമാണ്. 1785 വീടുകൾ ഓലമേഞ്ഞവയോ കുടിലുകളോ ആണ്. മൊത്തം വീടുകളിൽ 5% മൊസൈക്ക്, മാർബിൾ,

| വാർഡ് | വീടുകളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലകളുള്ളത് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | വിവിധ നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ചത് |
|---|---|---|---|---|---|---|---|
| 1 | 627 | 83 | 168 | 236 | 110 | 4 | 26 |
| 2 | 856 | 82 | 351 | 292 | 125 | 6 | -- |
| 3 | 645 | 128 | 181 | 212 | 124 | -- | -- |
| 4 | 429 | 66 | 77 | 150 | 125 | 11 | -- |
| 5 | 673 | 35 | 115 | 304 | 203 | 16 | -- |
| 6 | 563 | 12 | 127 | 251 | 154 | 4 | 15 |
| 7 | 522 | 13 | 127 | 229 | 140 | 7 | 6 |
| 8 | 587 | 13 | 140 | 230 | 192 | 12 | -- |
| 9 | 539 | 61 | 154 | 197 | 107 | 20 | -- |
| 10 | 900 | 84 | 319 | 349 | 137 | 8 | 3 |
| 11 | 473 | 40 | 85 | 198 | 143 | 7 | -- |
| 12 | 581 | 60 | 194 | 184 | 115 | 15 | 13 |
| 13 | ഈവാർഡിലെ കണക്ക് വാർഡ് 1,2,12 എന്നിവയിലുൾപ്പെട്ടിട്ടുണ്ട്. | | | | | | |
| ആകെ | 7395 | 677 | 2038 | 2832 | 1675 | 110 | 63 |

കടപ്പ എന്നിവകൊണ്ടും 40%സിമന്റുകൊണ്ടും 55%വെറും മണ്ണുകൊണ്ടും നിർമ്മിച്ച തറകളോട് കൂടിയവയുമാണ്.

ഈ അടുത്ത കാലത്ത് നിർമ്മിക്കുന്ന പഞ്ചായത്തിലെ വീടുകളുടെ നിർമ്മാണ ചിലവ് വളരെ കൂടുതലാണ്. പുതുതായി നിർമ്മിക്കുന്ന വീടുകളിൽ ഭൂരിഭാഗവും കോൺക്രീറ്റ് വീടുകളാണ്. കാലാകാലങ്ങളിലായി നെൽകൃഷി ചെയ്തു വന്നിരുന്ന പല വയലുകളും നികത്തി പടുകൂറ്റൻ വീടുകൾ പണിയുന്ന അവസ്ഥ ഈ പഞ്ചായത്തിലുമുണ്ട്. ഈ പ്രവണത കാർഷിക മേഖലയെ തളർത്തിക്കൊണ്ടിരിക്കയാണ്.

ചോറോട് പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം നിലവിലില്ല. വീടുകൾ പണിയുന്നതിനാവശ്യമായ സഹായത്തിനായി ജനങ്ങൾ വടകര ഭവന നിർമ്മാണ സഹകരണ സംഘത്തേയും ഊരാളുങ്കൽ ഭവന നിർമ്മാണ സഹകരണ സംഘത്തേയുമാണ് ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇവിടങ്ങളിലെ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥകളും മൂലം ഫലത്തിൽ സാധാരണക്കാർക്ക് വായ്പ നിഷേധിക്കപ്പെടുകയാണ്.

ഈ ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാരമാക്കണം. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1.നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

2.മിതമായ പലിശ നിരക്കിൽ വായ്പകൾ നൽകണം.

3.പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയിൽ വീട് നിർമ്മിച്ച് നൽകണം

4.ഭവന നിർമ്മാണ വായ്പാ പദ്ധതി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് നടപ്പിലാക്കണം

5.ഇടത്തരം വരുമാനക്കാർക്ക് വീട് റിപ്പയർ ചെയ്യാനും പുതിയ വീടുകൾ നിർമ്മിക്കാനുമാവശ്യമായ ഭവന നിർമ്മാണ വായ്പാ പദ്ധതി നാമമാത്രമായ പലിശ ഈടാക്കിക്കൊണ്ട് നൽകണം.

ഈ പഞ്ചായത്തിലെ അഞ്ഞൂറോളം കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കേ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു.

സർക്കാർ ഭവന നിർമ്മാണ ബോർഡ് വഴി ദുർബല ഇടത്തരം വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായും അത് തന്നെ വിരലിലെണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്.

ജനങ്ങളുടെ ഏറ്റവും വലിയ സ്വപ്നായ സ്വന്തമായ ഒരു വീട് നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായമോ വായ്പകളോ ദുർല വിഭാഗക്കാർക്കും ഇടത്തരക്കാർക്കും ലഭ്യമാവാത്തതിനാൽ ഈ വിഭാഗത്തിൽ പൊതുവെ പൊതു പ്രവർത്തനത്തിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നുണ്ട്. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുത്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടേയും ഉത്സാഹത്തോടെയും എല്ലാ ജനവിഭാഗങ്ങളേയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ വിവര പട്ടിക താഴെ കൊടുക്കുന്നു.

എട്ടാം പദ്ധതിക്കാലത്ത് ചോറോട് പഞ്ചായത്തിൽ ലഭ്യമായ വിടുകളുടെ പട്ടിക - 2

| IAY | MWS | FISHERIES | SC/ST | RAJEEV MILLION |
|---|---|---|---|---|
| 92-93 | NIL | | | |
| 93-94 | NIL | | | |
| 94-95 | 9 | | | |
| 95-96 | 9 | | | |
| 96-97 | | | | |

*പട്ടിക അപൂർണ്ണം*

എട്ടാം പദ്ധതിക്കാലത്ത് വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം 63 ആണെന്ന് കാണുന്നു. ഇതിൽനിന്നും മനസ്സിലാവുന്നത് യഥാർത്ഥത്തിൽ സഹായം ആവശ്യമായവരുടെ വളരെ ചുരുങ്ങിയ ശതമാനത്തിന് മാത്രമാണ് ഇത് ലഭിക്കുന്നത് എന്നതാണ്. ഭവന നിർമ്മാണ ബോർഡുവഴി ദുർബല വിഭഗങ്ങൾക്ക്നൽകുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും അവയുടെ ലഭ്യതക്കുറവും നിമിത്തം പാവപ്പെട്ടവരുടേയും ഇടത്തരം വരുമാനക്കാരുടേയും സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായിതന്നെ നിലനിൽക്കെ ഭവന നിർമ്മാണ വായ്പയുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

ചോറോട് പഞ്ചായത്തിൽ നിർമ്മാണ തൊഴിലാളികൾ കൂടുതൽ ഉണ്ടെന്നിരിക്കെ പുരുഷന്മാരുടേയും സ്ത്രീകളുടേയും കൂലി തുല്യമല്ല. പുരുഷന്മാരുടെ കൂലി ശരാശരി 100 രൂപയും സ്ത്രീകളുടേത് 60രൂപയുമാണ്. എട്ടാം പദ്ധതിക്കാലത്ത് ഉണ്ടായിരുന്നതിനേക്കാൾ ഇരട്ടിയോളം നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചിരിക്കുകയാണ്. ആയതിനാൽ ഭവന നിർമ്മാണ വായ്പാ പദ്ധതികളുടേയും ബ്ലോക്കുകൾ നൽകുന്ന വിവിധ സ്കീമുകളുടേയും വായ്പാ പരിധി വർദ്ധിപ്പിക്കുകയും വായ്പക്കുള്ള സാമ്പത്തികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതുമാണ്.

പ്രകൃതിക്ഷോഭം വഴി വീട് നഷ്ടപ്പെട്ടവർക്ക് പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വളരെ മോശപ്പെട്ട കണക്കുകളാണ് ഈ പഞ്ചായത്തിലുള്ളത്. പഞ്ചായത്തിന്റെ കടൽത്തീരത്തുള്ള വാർഡുകളിൽ പ്രകൃതിക്ഷോഭം

തടഞ്ഞ് അതുവഴി വീടുകളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്. നഷ്ടപ്പെട്ട വീടുകൾ പുനർ നിർമ്മിക്കാനോ നന്നാക്കാനോ ഈ വായ്പയും സഹായവും കൊണ്ട് കഴിയാത്ത സ്ഥിതിയാണുള്ളത്. പ്രകൃതിക്ഷോഭം മൂലം കഷ്ടപ്പെടുന്നവരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിപോലെ പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കണം.

ലക്ഷംവീട് കോളനികളുടേയും നാല്സെന്റ് കോളനികളുടേയും അവസ്ഥ വളരെ മോശമാണ്. യഥാവിധി അവയുടെ അറ്റകുറ്റപണികൾ നടക്കാത്തതിനാൽ ഏതവസരത്തിലും അവയുടെ നാശം പ്രതീക്ഷിക്കാം. മുട്ടുങ്ങൽ കോവിലകം ലക്ഷംവീട് കോളനികളുടെ വടക്കു പടിഞ്ഞാറ് ഭാഗങ്ങളിൽ മതിൽ കെട്ടി വീടുകളെ സംരക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ് വളരെ അടിയന്തിരമായി ഈ കോളനികളുടെ അറ്റകുറ്റ പണികൾ നടത്തണം. ദുർബല വിഭാഗങ്ങൾക്ക് കിട്ടുന്ന ഇത്തരം വീടുകൾ പലരും കൈമാറ്റം ചെയ്തു വരുന്നതായി കാണുന്നു. അനർഹർ ഈ വിധത്തിൽ വീടുകൾ കൈക്കലാക്കുന്ന പ്രവണത വളർന്നു വരുന്നുണ്ട്. ഇത്തരം വീടുകൾ കൈമാറ്റം ചെയ്യാതിരിക്കാനാവശ്യമായ ശക്തമായ നിയമ നടപടികൾ സ്വീകരിക്കണം.

പാർപ്പിട രംഗത്ത് പുതിയ തീരദേശ സംരക്ഷണനിയമം സങ്കീർണമായ പ്രശ്നങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. രൂക്ഷമായ പാർപ്പിട പ്രശ്നം അനുഭവിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്തിലെ തീരദേശ വാർഡുകളായ 1, 11, 12, 13 എന്നിവയെയാണ് പ്രസ്തുത നിയമം നേരിട്ട് ബാധിക്കുന്നത് എങ്കിലും ഇത് പഞ്ചായത്തിനെ ആകെ ബാധിച്ചിരിക്കുകയാണ്. പ്രസ്തുത നിയമം മൂലം നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്ന വാർഡുകളിൽ ചെറിയ കുടിലുകൾ കെട്ടുന്നത് പോലും തടഞ്ഞിരിക്കുകയാണ്. ഇത് വഴി പുതിയ റേഷൻകാർഡും വൈദ്യുതി കണക്ഷനും തൊഴിൽ അന്വേഷകർക്കായി ലഭിക്കുന്ന IRDP പോലുള്ള ലോണുകളും ഇത്തരക്കാർക്ക് ഒരു മരീചികയായി മാറുകയാണ്. ഒരു വീട്ടിൽതന്നെ രണ്ടും മൂന്നും കുടുംബങ്ങൾ താമസിക്കുന്നതിനാൽ പല ആനുകൂല്യങ്ങളും ലഭിക്കാത്തതിനാൽ കുടുംബ ബന്ധങ്ങളെ പോലും ഇത് ശിഥിലമാക്കുന്നു. പാർപ്പിട രംഗത്തെ ദോഷകരമായി ബാധിക്കുന്ന ഈ നിയമം മാറ്റുവാനാവശ്യമായ സമ്മർദ്ദം ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാവണം.

പഞ്ചായത്തിലെ കുടിലുകൾ മാറ്റി എടുക്കുകയും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾകൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു. വാർഡ് തലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്കേ ഇത് പരിഹരിക്കാൻ കഴിയൂ എന്ന് നാം തിരിച്ചറിയുന്നു. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളേയും സന്നദ്ധ സംഘടനകളേയും സംയുക്തമായി വിളിച്ച് ചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കേണ്ടതാണ്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാം.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇടപെടുക.

3. ലാറിബേക്കർ മോഡൽ ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാനാവശ്യമായ പരിശീലനം നിർമ്മാണ തൊഴിലാളികൾക്ക് നൽകുകയും അതോടൊപ്പം ഭവന നിർമ്മാണ ഗുണഭോക്താക്കളെ ഇത്തരം വീടുകളുടെ ശാസ്ത്രീയ സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുക. ഇതിന് വേണ്ടി അത്തോളിയിലുള്ള 'നിർമ്മിതി' കേന്ദ്രം പോലുള്ള ഏതെങ്കിലും ഏജൻസിയുടെ സഹായം തേടാവുന്നതാണ്.

4. 2000 ച.അടിക്ക് മുകളിൽ ഉപരിതല വിസ്തീർണ്ണം (പ്ലിന്ത് ഏരിയ) വരുന്ന വീടുകൾക്ക് പ്രത്യേക നികുതി ചുമത്തുകയും ഈ നികുതി ദുർബല വിഭാഗങ്ങൾക്ക് വീടു വെക്കാനാവശ്യമായ ഫണ്ടിലേക്ക് ഉൾപ്പെടുത്തുകയും ചെയ്യുക.

5. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാമ്പത്തിക സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

a. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.

b. രജിസ്ററർ ഓഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

c. കാലതാമസം ഒഴിവാക്കുക.

d. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം വാർഡ് പഞ്ചായത്തിൽ നിലനിർത്തുകയും സമയ ബന്ധിതമായി ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുക.

6. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

7. സർക്കാർ ലഭ്യമാക്കുന്ന വായ്പയുടെ സംഖ്യ വർദ്ധിപ്പിക്കുകയും വ്യവസ്ഥ ലഘൂകരിക്കുകയും ചെയ്യുക.

8. ഇടത്തരം വരുമാനക്കാർക്ക് വീട് റിപ്പയർ ചെയ്യാനും പുതിയ വീടുകൾ നിർമ്മിക്കാനാവശ്യമായ ഭവന നിർമ്മാണ വായ്പാ പദ്ധതി നാമമാത്ര പലിശ ഈടാക്കിക്കൊണ്ട് നൽകുക.

9. ഒരു മേൽക്കൂരക്ക് കീഴിൽ കഴിയുന്ന വിവിധ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി പ്രത്യകം പരിഗണിച്ച് ഭവന നിർമ്മാണ വായ്പയും മറ്റാനുകൂല്യങ്ങളും പരഗണിക്കുക.

10. ഭവന രഹിതരുടെ പ്രശ്നം പരിഹരക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭിക്കേണ്ടതുണ്ട്. ഇതിന് വേണ്ടി ഭൂമി വാങ്ങിക്കാൻ ഇപ്പോൾ പട്ടികജാതി പട്ടിക വർഗ്ഗക്കർക്ക് കൊടുക്കുന്ന രീതിയിലുള്ള സഹായം മുഴുവൻ ദുർബല വിഭഗങ്ങൾക്കുംകൊടുക്കുക. അവിടങ്ങളിൽ LIC തുടങ്ങിയ കേന്ദ്ര പൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശയ്ക്കുള്ള

വായ്പ ലഭ്യമാക്കുകയും വീട്ടിന്റെ നിർമ്മാണം നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെകൊണ്ട് നടത്തിക്കുകയും ചെയ്യുക. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുകയും വേണം.

ജനങ്ങൾ തിങ്ങി പാർക്കുന്ന കടലോര പ്രദേശങ്ങളിലെ പാർപ്പിട പ്രശ്നം വളരെ രൂക്ഷമാണ്. വീട് നിർമ്മിക്കാനാവശ്യമായ സ്ഥലമില്ല എന്നതാണ് മറ്റൊരു പ്രശ്നം. ജനസാന്ദ്രത കൂടുതലായ ഈ മേഖലകളിലെ തീരദേശ സംരക്ഷണ നിയമം കിടപ്പാടത്തിനു വേണ്ടി മോഹിക്കുന്ന മത്സ്യതൊഴിലാളികൾ ഭീതിയോടെയാണ് നോക്കികാണുന്നത്.

ഭവന നിർമ്മാണ സഹായം നൽകുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ മുൻഗണനാ ക്രമത്തിൽ ചുവടെ ചേർക്കുന്നു.

**പട്ടികജാതിപട്ടികവർഗ്ഗം**

ഭവന നിർമ്മാണത്തിന് സഹായം ഇതുവരെ ലഭിച്ചിട്ടില്ലാത്തവരെ ഒരു സർവ്വെയിലൂടെ കണ്ടെത്തി അവർക്കു കൂടി സഹായമെത്തിക്കുക

**ദുർബല വിഭാഗങ്ങൾ**

1.അംഗ വൈകല്യം സംഭവിച്ചവർ

2.വിധവകൾ

3.നിരാലംബരായ കുടുബങ്ങൾ

4.ദാരദ്ര്യ രേഖയ്ക്ക് താഴെ നിൽക്കുന്നവർ

**ഇടത്തരം വരുമാനക്കാർ**

1.രണ്ടിലധികം കുടുബങ്ങൾ ഒന്നിച്ച് താമസിക്കുന്ന വീടുകളിലെ പ്രത്യകം പ്രത്യേകം കുടുംബങ്ങൾക്ക്

2.സ്വന്തമായി വീടുവെക്കാൻ സ്ഥലമില്ലാത്ത ഇടത്തരം കുടുബങ്ങൾക്ക്

3.സ്വന്തമായി സ്ഥലമുണ്ടായിട്ടും വീടുവെക്കാൻ സാധിക്കാത്ത ഇടത്തരം വരുമാനക്കാർക്ക്

4. ഇടത്തരം കുടുംബങ്ങളിലെ അംഗവൈകല്യം സംഭവിച്ചവർക്ക്.

കുടുംബ ജീവതത്തിലെ മനുഷ്യന്റെ സ്നേഹവും സന്തോഷവുമാണ് സമൂഹത്തിനും അതുവഴി രാജ്യത്തിനും പുരോഗമനപരമായ ചിന്തകളിലേക്കും പ്രവർത്തനങ്ങളിലേക്കും നയിക്കുന്നത്. അതിനാവശ്യമായ സ്നേഹം കുടുംബാന്തരീക്ഷത്തിൽ തന്നെ വളർന്നു വരേണ്ടത് അത്യാവശ്യമാണ്. പണ്ടത്തെ കൂട്ടുകുടുംബ സമ്പ്രദായം തകർന്നത് സ്നേഹമില്ലായ്മയിൽ നിന്നി കൂടിയാണെന്ന് നാം പഠിച്ചതാണല്ലോ. ഇതിൽ നിന്ന് നാം മനസ്സിലാക്കുന്നത് മനുഷ്യൻ എന്നും ആഗ്രഹിക്കുന്നത് ഒരു കുടുംബമായി അല്ലലും അലട്ടലുമില്ലാതെ സന്തോഷത്തോടെ താമസിക്കണമെന്നതാണ്. ഇതിനാവശ്യമായ സാഹചര്യമുണ്ടാകുമ്പോൾ അവർ സന്തുഷ്ടരാവുകയും രാജ്യത്തിന്റെയും സമൂഹത്തിന്റെയും നിർമ്മാണ പ്രവർത്തനത്തിന് താല്പര്യം കാണിക്കുകയും ചെയ്യും. കുടുംബാന്തരീക്ഷത്തിൽ സമാധാനവും സന്തുഷ്ടിയും നിലനിൽക്കാൻ, സ്വന്തമായ ഒരു വീട് എന്ന സ്വപ്നം സഫലമാക്കാൻ വരുന്ന അഞ്ചു വർഷംകൊണ്ട് പൂർണ്ണമായല്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ നമ്മുടെ ലക്ഷ്യം. അതിനുള്ള കൂട്ടായ്മക്കായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

# സാമൂഹ്യക്ഷേമം

**മഹിളാ സമാജങ്ങളുടെ പങ്ക്**

വിവിധ വകുപ്പുകളും ഏജൻസികളും കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന സഹായ പദ്ധതികൾ പാവപ്പെട്ട ജനങ്ങളുടെ ഇടയിലെത്തിക്കുന്നതിനും അവ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്നതിനുമുള്ള സങ്കേതങ്ങൾ എന്ന നിലയിൽ മഹിളാ സമാജങ്ങൾ മാറേണ്ടതാണ്. തീരദേശത്തുള്ള ജനങ്ങളുടെ ഇടയിൽ ബോധവത്ക്കരണവും അവർ നേരിടുന്ന സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി മഹിളാ സമാജങ്ങൾ സജീവമാകണം. മാസം തോറും കമ്മിറ്റികൾ കൂടി പ്രശ്നപരിഹാരം കാണുകയും വേണം. ഇത്തരം സമാജങ്ങളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ എല്ലാ സഹായവും ചെയ്തു കൊടുക്കേണ്ടതാണ്.

**അംഗൺവാടികൾ**

യൂനിസെഫ് സഹായത്തോടെ ഗ്രാമവികസന ബ്ലോക്കിന്റെ നിയന്ത്രണത്തിലുള്ള ബാലവാടികളും ഫീഡിങ്ങ് സെന്ററുകളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയോ പകരം ICDSന്റെ കീഴിലുള്ള അംഗൺവാടി കേന്ദ്രങ്ങൾ സ്ഥാപിക്കുകയോ ചെയ്താൽ നമ്മുടെ പ്രദേശത്ത് പ്രത്യേകിച്ചും തീരപ്രദേശങ്ങളിൽ കുട്ടികളുടെ പോഷകാഹാര കുറവും അജ്ഞതകൊണ്ടു വന്നേക്കാവുന്ന രോഗങ്ങളും വലിയൊരളവുവരെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയും. അംഗൺവാടി കേന്ദ്രങ്ങളിൽ ക്രമമായി കുത്തിവെയ്പ്പുകളും വൈദ്യ പരിശോധനയും നടക്കുന്നതു മൂലം ശിശുമരണ നിരക്ക് കുറയ്ക്കുന്നതിന് അംഗൺവാടികൾ പ്രമുഖ പങ്കുവഹിക്കുന്നുവെന്നത് ഇത്തരം കേന്ദ്രങ്ങളുടെ വ്യാപനം നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യം എടുത്തു കാണിക്കുന്നു.

**ക്ഷേമപദ്ധതികൾ**

1. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പെൻഷനുകൾ അർഹരായ മുഴുവനാളുകൾക്കും കാലതാമസം കൂടാതെ കിട്ടാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

2. കൂടുതലും ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരും മത്സ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന കുരിയാടി ബീച്ചിലും മീത്തലെ അങ്ങാടി ഭാഗത്തും പൊതു വിതരണ കേന്ദ്രം സ്ഥാപിക്കുകയും പഞ്ചായത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറും ആരംഭിക്കേണ്ടതാണ്.

3. പുകയില്ലാത്ത അടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ച്

ജനങ്ങളിൽ ബോധമമുണ്ടാക്കുകയും നിലവിലുള്ള സബ്സിഡി സംവിധാനമുപയോഗിച്ച് ഇത്തരം അടുപ്പുകൾ നിർമ്മിച്ചു നൽകുന്ന വിദഗ്ദന്മാരുടെ ഒരു പാനൽ ഗ്രാമപഞ്ചായത്താഫീസുകളിൽ ലഭ്യമാക്കുകയും വേണം. കൂടാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുപയോഗിക്കുന്നതിന്റെ സാങ്കേതിക വിദ്യകൾ പകർന്നു തരുവാനുള്ള ANERTന്റെ കേന്ദ്രം നമ്മുടെ പഞ്ചായത്തിലും ആരംഭിക്കേണ്ടതാണ്.

4. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന 4 സെന്റ് കോളനികളും ലക്ഷംവീടും കേന്ദ്രീകരിച്ച് പൊതുശ്മശാനം ഉണ്ടാക്കേണ്ടതാണ്.

5. സമൂഹത്തിൽ സ്ത്രീകൾക്കെതിരായി ഉയർന്നുവരുന്ന സാമൂഹ്യ അനീതികൾക്കെതിരായി പ്രവർത്തിക്കുന്നതിൽ ഗ്രാമീണ സ്ത്രീകളെ സജ്ജരാക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി കൗൺസലിങ്ങ് സെന്ററുകളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലും കാര്യക്ഷമമാക്കണം. ശിഥിലമായിക്കൊണ്ടിരിക്കുന്ന മാനുഷിക ബന്ധങ്ങളെ ശക്തമാക്കുന്നതിലും മദ്യപാനത്തിനും മയക്കുമരുന്നുപയോഗത്തിനുമെതിരായി ഇത്തരം സെന്ററുകൾ ചെയ്യുന്ന സേവനം ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

6. പതിനെട്ടോളം വകുപ്പുകൾ വിവിധ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സാമ്പത്തിക ഇടുപാടുകൾ നടത്തുമ്പോഴുണ്ടാവുന്ന ദുരിതങ്ങൾ ലഘൂകരിക്കുന്നതിനും ക്രയവിക്രയങ്ങൾക്കു കാലതാമസം ഒഴിവാക്കുന്നതിനും പഞ്ചായത്തു തലത്തിൽ ഏകാംഗ ട്രഷറി സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

7. ഗ്രാമവികസന വകുപ്പിന്റെ സർവ്വെപ്രകാരം ചോറോട് പഞ്ചായത്തിൽ1819 പേർ ദാരിദ്ര്യ രേഖയ്ക്കു താഴെ കഴിയുന്നവരാണ്. ചോറോട്, മുട്ടുങ്ങൽ, വൈക്കിലശ്ശേരി എന്നീ വി.ഇ.ഒ. സർക്കിളുകളിലൂടെ 8-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

**IRDP സഹായം ലഭ്യമായവരുടെ വിവരം ചോറോട് വില്ലേജ് പട്ടിക**

| വർഷം | എണ്ണം | സബ്സിഡി സംഖ്യ |
|---|---|---|
| 199293 | 45 | 96.100 |
| 93 94 | 60 | 1.60 648 |
| 94 95 | 48 | 1,75,607 |
| 9596 | 31 | 1,14849 |
| | 184 | 5,47,204 |
| | | |

നടപ്പു സാമ്പത്തിക വർഷം മൊത്തം 49 ഗുണഭോക്താക്കളെ സഹായം നൽകാൻ തെരെഞ്ഞെടുത്തിട്ടുണ്ട്.

## ധനകാര്യ സ്ഥാപനങ്ങൾ

ചോറോട് പഞ്ചായത്തിൽ ധനസഹായം നൽകുന്നതിന് മൂന്ന് സഹകരണ സ്ഥാപനങ്ങളും മൂന്ന ദേശസാൽകൃത ബാങ്കുകളും, രണ്ട് ഷെഡ്യൂൾഡ് ബാങ്കുകളും ഉണ്ട്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം ഓരോ ബാങ്കിനും സർവ്വീസ് ഏരിയ നിർവ്വചിച്ചിട്ടുണ്ട്. ഇതനുസരിച്ച് ചോറോട് പഞ്ചായത്തിലെ 4, 10, 12, 13 വാർഡുകൾ കാത്തലിക് സിറിയൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ പരിധിയിലാണ്. ഈ ബാങ്കുകളാകട്ടെ IRDP അതുപോലുള്ള മറ്റു സർക്കാർ വായ്പ നൽകുന്നതിൽ ഒട്ടും താത്പര്യം കാണിക്കുന്നില്ല. അഥവാ കൊടുക്കാൻ തയ്യാറായാൽ തന്നെ ബാങ്കിന്റെ വ്യവസ്ഥകൾ ദരിദ്രരായ ആളുകൾക്ക് പാലിക്കാൻ പറ്റുന്നതുമല്ല. ഫലത്തിൽ മേൽപ്പറഞ്ഞ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് മറ്റൊരു ബാങ്കിൽ നിന്നും സഹായം കിട്ടാത്ത അവസ്ഥയിലാണ്. IRDPയും അനുബന്ധ ബാങ്കുകളും അതാത് സ്ഥലപരിധി വരുന്ന ബാങ്കുകൾ നല്കിയിരിക്കണമെന്ന RBI നിർദ്ദേശം പ്രസ്തുത ബാങ്കുകൾ പാലിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം.

## ട്രൈസം (Trysem)

ഗ്രാമപ്രദേശങ്ങളിലെ 18നും 35നും വയസ്സിനുമിടയിലുള്ള ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കി അവരെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്ന പദ്ധതിയാണ് ട്രൈസം. ചോറോട് പഞ്ചായത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ ട്രേഡുകളിലായി 19 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. ട്രൈസം പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെടുന്നതിന് അതത് വർഷങ്ങളിൽ സഹായിക്കേണ്ടതു ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നാവണം എന്ന നിയമം അപേക്ഷരെ യഥേഷ്ടം തിരഞ്ഞെടുക്കുന്നതിന് വിലങ്ങുതടിയാവുന്നുണ്ട്. ആയതിനാൽ സർവ്വെ ചെയ്ത ഏതു കുടുംബത്തിൽ നിന്നും ട്രൈസം ട്രെയിനികളായി പരിഗണിക്കാവുന്ന രീതിയിൽ വികസനങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്.

## ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതി. ചോറോട് പഞ്ചായത്തിൽ 8ാം പദ്ധതിയിൽ 30 പേർക്ക് പ്രസ്തുത പദ്ധതിയിൽ സ്വയംലഭ്യമാക്കിയിട്ടുണ്ട്. 60,000 രൂപ ഈയിനത്തിൽ ചെലവഴിച്ചു.

## CRSP

ദാരിദ്ര്യരേഖയക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണ് കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി. 8ാം പദ്ധതിക്കാലത്ത് ചോറോട് പഞ്ചായത്തിൽ 100 പേർക്കായി 2 ലക്ഷം രൂപ ഇത്തരം കക്കൂസുകൾ നിർമ്മിക്കുന്നതിന് നൽകിക്കഴിഞ്ഞു. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം കണക്കാക്കി ഈ സഹായധനം ഉയർത്തേണ്ടതാവശ്യമാണ്. തീരദേശ വിസ്തൃതിയും ജനസാന്ദ്രതയുംകണക്കിലെടുത്ത് ചോറോട്

പഞ്ചായത്തിൽ കക്കൂസുകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടതാണ്. തീരപ്രദേശങ്ങളിൽ ഇപ്പോൾ നിർമ്മിക്കുന്ന ടൈപ്പ് ഡിസൈൻ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ മാറ്റേണ്ടതാണ്.

## DNCRA

ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന സംരംഭമാണ് DNCRA ചോറോട് പഞ്ചായത്തിൽ 7യൂനിറ്റുകൾ രൂപീകൃതമായിട്ടുണ്ട്.

ബുക്ക്ബൈൻഡിങ്ങ്, ഡയറിയൂണിറ്റുകൾ, ബീഡിറോളിങ്ങ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ചിലയൂണിറ്റുകളുടെ ത ളർച്ചയ്ക്കു കാരണം വിപണന രംഗത്തുള്ള മത്സരമാണ്. മറ്റൊന്ന് ഗ്രൂപ്പുകളുടെ അംഗസംഖ്യ10 ആയിരിക്കണം എന്ന നിബന്ധനയാണ്. ചില യൂണിറ്റുകൾക്കു അംഗസംഖ്യ വളരെ കുറച്ചു മതി. ഉദാഹരണത്തിന് യന്ത്ര സാമഗ്രികളുപയോഗിച്ചുള്ള യൂണിറ്റുകൾക്കു അംഗസംഖ്യ വളരെ കുറച്ചുമതി. സ്ഥിരം ആസ്തികളേക്കാൾ പ്രവർത്തന മൂലധനമാണ് യൂണിറ്റുകൾക്ക് അധികമായി ഉണ്ടാകേണ്ടത്. അതിനാൽ ഗ്രൂപ്പുകളുടെ അംഗസംഖ്യ സംരംഭം അടിസ്ഥാനമാക്കി ക്ലിപ്തപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുപരിയായി നിലവിലുള്ള യൂണിറ്റുകൾ സംരക്ഷിക്കാനും അവശതകൾ പരിഹരിക്കാനും ഊന്നൽ നൽകേണ്ടിയിരിക്കുന്നു.

സംസ്കാരം *************

### ദശലക്ഷം കിണർപദ്ധതി

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് ജലസേചനത്തിനാവശ്യത്തിന് കിണർ കുഴിക്കുന്നതിനും വീടുകൾ നിർമ്മിക്കുന്നതിനും ഈ പദ്ധതിയിലൂടെ തുക പൂർണ്ണമായി ഗ്രാന്റായി നൽകുന്നു. 8-ാം പദ്ധതികാലത്ത് ചോറോട് പഞ്ചായത്തിൽ 7കിണറുകൾ കുഴിക്കുന്നതിനായി 89,088 രൂപ ഗുണഭോക്താക്കൾക്കു നൽകിയിട്ടുണ്ട്. വികസന ബ്ലോക്കു മുഖേന പഞ്ചായത്തിൽ നടപ്പിലാക്കുന്ന IRDP പോലുള്ള പദ്ധതികൾക്കു വേണ്ടത്ര ഗുണഭോക്താക്കളെ കിട്ടാനുള്ള പ്രയാസം നേരിടുന്നുണ്ട്. അതിനാൽ പ്രസ്തുത പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം പഞ്ചായത്തു തലത്തിൽ നടത്തേണ്ടിയിരിക്കുന്നു.

ത്രിതല സംവിധാനം വന്നതോടെ പഞ്ചായത്തിൽ വിവിധ പദ്ധതികൾ നിലവിൽ വന്നിട്ടുണ്ട് ഈ പദ്ധതികളുടെയെല്ലാം നടത്തിപ്പിന് ഗ്രാമതലത്തിൽ പ്രവർത്തിക്കുന്നത് വി.ഇ.ഒ മാരാണ്. ഗ്രാമ തലത്തിലുള്ള വികസന പദ്ധതികൾ വിവിധ പെൻഷൻ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കേണ്ടുന്ന അവസരത്തിൽ പഞ്ചായത്തുകളിൽ പി.ഇ.ഒ മാരുടെ എണ്ണം കുറച്ചത് ജോലിഭാരം കൂട്ടാനും യഥാസമയം പദ്ധതികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാകുവാനും കാരണമായിട്ടുണ്ട്.



# സംസ്കാരം

കടത്തനാട്ടു തമ്പുരാന്റേയും തമ്പുരാന്റെ കാര്യസ്ഥന്മാരുടേയും മേൽനോട്ടത്തിൽ നടന്നു കൊണ്ടിരുന്ന ക്ഷേത്ര ഉത്സവങ്ങൾ തന്നെയായിരുന്നു ചോറോട് ഗ്രാമത്തിന്റെ തനിമയാർന്ന സാംസ്കാരിക രംഗം. പൗരാണികന്മാരായ പടത്തലവന്മാരുടെ വീരകഥകൾ അടങ്ങിയ നാടൻ പാട്ടുകളുടെ ഉൾതുടിപ്പുകളായ നെൽവയലുകളുടെ ഉണർത്തുപാട്ടുകൾ നമ്മുടെ ഓർമ്മകളുടെ ഗർത്തങ്ങളാണ്. സവർണ മേധാവിത്വം അതിന്റെ ഉഗ്ര സ്വരൂപങ്ങളായി നാടൊട്ടാകെ നീങ്ങുമ്പോഴും അക്ഷരങ്ങൾ അടിയാളൻമാർക്ക് അയിത്തമായിരുന്നപ്പോഴും സംസ്കൃത പണ്ഡിതന്മാരും ഭിഷഗ്വരൻമാരുമായി അറിയപ്പെട്ട ചേക്കാലക്കണ്ടി കുഞ്ഞിക്കണ്ണൻ വൈദ്യരെപ്പോലുള്ളവർ, അവരുടെ സമർത്ഥമായ കഴിവുകൾ വികസിപ്പിച്ചെടുത്തത് നമ്മുടെ നാട്ടിലാണ്.

അയ്യപ്പന്റേയും ശിവന്റേയും ഭദ്രകാളിയുടേയും ഭഗവതിയുടേയും അടക്കമുള്ള 24 അമ്പലങ്ങൾ ഉൾക്കൊള്ളുന്ന നമ്മുടെ ഗ്രാമത്തിൽ തന്നെ നിലനിൽക്കുന്ന 20 മുസ്ലിം ദേവാലയങ്ങൾ ഈ ഗ്രാമത്തിന്റെ മത സൗഹാർദ്ദതയുടെ വിശുദ്ധമായ ശബ്ദമാണ്. ക്ഷേത്രാങ്കണത്തിൽ നിന്നും മുഴങ്ങികേട്ട ഘനഗംഭീരവും നിത്യനന്ദകരവുമായ ചെണ്ട മദ്ദളങ്ങളുടെ ശബ്ദങ്ങൾ നിലച്ചുപോയ ഗ്രാമമാണ് നമ്മുടേത്. പണ്ടൊക്കെ കടത്തനാട്ടു തമ്പുരാക്കന്മാരുടെ കഥകളി സംഘം അമ്പലങ്ങളിലും വീടുകളിലും അരങ്ങേറുമ്പോൾ സ്ത്രീകളും കുട്ടികളും ഈ വേദികളിൽ ഉറക്കമിളച്ച് പങ്കെടുക്കാറുണ്ടായിരുന്നു. ഓണക്കളിയും ഓണപൊട്ടനും വിഷവാഘോഷങ്ങളും നമുക്കന്യം നിന്ന പോലെ തോന്നുന്നു. കോൽക്കളിയും പരിചകളിയും പഴമയായി മാറിയപ്പോൾ പുത്തൻ തലമുറ അതേറ്റെടുക്കാൻ മുന്നോട്ടു വരുന്നില്ല.

നമ്മുടെ ഗ്രാമങ്ങളിലെ നഗരങ്ങളെന്നു വിശേഷിപ്പിക്കാവുന്ന പൗരാണിക താമസ സങ്കേതങ്ങളായ മൂന്ന് തെരുവുകളാണ് ഈ പഞ്ചായത്തിലുള്ളത്. പരമ്പരാഗത വ്യവസായം തകർച്ചയിലെത്തിയപ്പോൾ തെരുവുകൾ അപ്രത്യക്ഷമാകാൻ തുടങ്ങി. തൊട്ടു കൂടായ്മയ്ക്കും തീണ്ടിക്കൂടായ്മയ്ക്കും എതിരെ അതിശക്തമായ പ്രചരണം നടത്തി സ്ത്രീകൾ റൗക്ക ധരിക്കുന്നതിനെതിരെ പ്രതികരിച്ച പ്രമാണികൾക്കെതിരെ സിംഹ ഗർജനം നടത്തിയ ശ്രീമാൻ എം.കെ.കേളുവേട്ടന്റെ ജന്മസ്ഥലം നമ്മുടെ ഗ്രാമത്തിലെ 9-ാം വാർഡിൽപ്പെട്ട കൊളങ്ങരക്കണ്ടി എന്നതാണെന്നതിൽ നമുക്കഭിമാനിക്കാം. ഒട്ടു വളരെ സമരങ്ങളോടും കടുത്ത മർദ്ദനങ്ങളെ നേരിട്ടും വളർന്നു വന്ന പൗരാണിക യുവജനത നമുക്കു നേടിത്തന്ന മഹത്തരമായ നേട്ടങ്ങൾകൊണ്ട് ഉൾപുളകം കൊള്ളുന്നതാണീ ഗ്രാമം.

സാമൂഹ്യ പ്രവർത്തകന്മാരായ വി. സുകുമാരൻ, വി.പി.ഗോപാലൻ മാസ്റ്റർ, കെ.കെ കൃഷ്ണനടിയോടി മാസ്റ്റർ, യു. കുഞ്ഞിരാമൻ, ആർ. എം അബ്ദുള്ള, ആയാട്ടില്ലത്തു വാസുദേവൻ നമ്പൂതിരി, ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടായിരുന്ന പീടികകണ്ടിയിൽ രാമൻ നമ്പ്യാർ, പെരുമ്പാലോട്ട് ഗോപാലൻ നായർ, ചെക്കായി ഗുരിക്കൾ, പി.കെ കണാരൻ, എം.കെ ഗോപാലൻ എന്നിവർ നമുക്കും നമ്മുടെ ഗ്രാമത്തിനും വെട്ടിതെളിയിച്ച സുന്ദരങ്ങളായ മാർഗങ്ങൾ എന്നും നമുക്ക് മാർഗ രേഖകളായിരിക്കും.

പരിഷ്ക്കാരത്തിന്റെ പടവുകൾ ചവുട്ടികയറിയ നമുക്കൊട്ടൊക്കെ നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് തിരിഞ്ഞു നോക്കിയാൽ കാണുക. കൊല്ലും കൊലക്കും നാടുവാഴികൾക്കധി കാരമുണ്ടായിരുന്ന കാലത്ത് ആ അധികാരത്തിന്റെ മുമ്പിൽ തങ്ങളുടെ അവകാശങ്ങൾ തകർക്കുവാൻ മനസ്സില്ലെന്ന നിലക്ക് ഒന്നാം തരം റൗക്കയും മേൽമുണ്ടും ഉടുത്ത് സമരം നടത്തിയ നമ്മുടെ വനിതകൾ പൗരാണിക തലമുറകളിലെ രജത രേഖകൾ തന്നെയായിരുന്നു. അവരുടെ സമരത്തിനാവേശം നൽകിയ

കണ്ട്യോത്ത് രാമക്കുറുപ്പ്, വളച്ചുകെട്ടിയിൽ അബൂബക്കർ, കെ.എം. ചാപ്പൻ മാസ്ററർ മുതലായ സ്വതന്ത്ര്യസമര സേനാനികൾ എന്നും നമ്മുടെ ഗ്രാമത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന്റെ നാഴിക കല്ലുകളാണ്.

സാമൂഹ്യ സാംസ്കാരിക രംഗത്ത് മുൻ തലമുറകൾ ആദരിച്ചണിയിച്ചൊരുക്കിയ തിരുവാതിരക്കളിയും കുമ്മിയടിയും കോൽക്കളിയും പുത്തൻ തലമുറ മോഡണൈസേഷനിൽ കൂടി വളർന്നു വന്നപ്പോൾ ശോചനീയമായി തളർന്നു വീണത് പൗരാണിക കലാമൂല്യങ്ങളായിരുന്നു.

ആധുനിക കാലഘട്ടത്തിന്റെ സാംസ്കാരിക മൂല്യങ്ങൾ രംഗസംവിധാനം ചെയ്യുന്ന ടെലിവിഷനും കേബിൾ ടിവിയുമൊക്കെ സ്ത്രീ സ്വാതന്ത്ര്യത്തിനെതിരെയുള്ള പ്രതികരണത്തിൽ അവരെ അടക്കി നിർത്തിയിരിക്കുന്നു.

ഉദ്യോഗങ്ങൾക്കൊഴികെ സ്ത്രീകൾ പൊതു രംഗത്തു വരുന്നത് വിരളമാണ്. മതസൗഹാർദ്ദത്തിനു പേരുകേട്ട നമ്മുടെ ഗ്രാമത്തിൽ പുത്തൻ സംസ്കൃതികളായി വളർന്നു വന്ന ഒട്ടേറെ സാംസ്കാരിക നിലയങ്ങൾ ഇന്നുണ്ട്.

പൗരാണികങ്ങളായ നിരവധി വിദ്യാലയങ്ങളിൽ 125 വർഷത്തെ പഴക്കമുള്ള വരിശ്യക്കുനി യു.പി.സ്കൂൾ അതിന്റെ 125 - ാം വാർഷികം ആഘോഷിക്കാനിരിക്കയാണ്.

എന്തൊക്കെ ആയാലും 24 അമ്പലങ്ങളും 20 പള്ളികളും 2 സർക്കാർ എൽ.പി. സ്കൂളും 10 എയ്ഡഡ് എൽ.പി.സ്കൂളും 5യു.പി സ്കൂളും ഒരു ഹൈസ്ക്കൂളും അടങ്ങിയ നമ്മുടെ ഗ്രാമം മതസൗഹാർദ്ദത്തിനു മത്രമല്ല മതപരമായ ചടങ്ങുകൾ സംഘടിപ്പിക്കുമ്പോൾ പരസ്പരം കൈമാറുന്ന അനുമോദനങ്ങളും ആവേശകരമാണ്.

നിരക്ഷരതാ നിർമാർജനത്തിന് കേരളത്തിലാകെ ശംഖു മുഴങ്ങിയപ്പോൾ അതിന്റെ നാദ നൈർമ്മല്യം ഏറ്റെടുത്ത യുവതീ യുവാക്കൾ നമ്മുടെ ഗ്രാമത്തിന്റെ ഭാഗ്യതിലകങ്ങൾ തന്നെയാണ്.

1984ൽ രജിസ്ററർ ചെയ്ത മലായാളസിര എന്ന ദിന പത്രം(ഈവനിങ്ങ് എഡിഷൻ) ചോറോട് ഗ്രാമ പഞ്ചായത്തിലെ 4 - ാം വാർഡിൽ നിന്നു ഇറങ്ങുന്നുണ്ട്.

1945ൽ ടാഗോർ സ്മാരക വായന ശാല ശ്രീമാൻ ചന്തു മാസ്റ്റർ സെക്രട്ടറിയായി രയരങ്ങോത്ത് സ്ഥാപിക്കപ്പെട്ടു. പിന്നീട് ഗ്രാമീണ സംഘം ഗ്രന്ഥാലയമായി ശ്രീ. ചന്തു മാസ്റ്ററുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടു. എന്നാൽ ഈ ഗ്രന്ഥാലയം ഇന്നു നിലവിലില്ല.

## നിലവിലുള്ള വായനശാലകൾ

| നം. | വാർഡ് | വായനശാലയുടെ പേര് |
|---|---|---|
| 1. | 1. | സഹൃദയ വായനശാല കെ.ടി. ബസാർ |
| 2. | 1 | ഗ്രാമീണ വായനശാല, രയരങ്ങോത്ത് |
| 3. | 1 | സ്വാമി മഠം ആത്മീയ ഗ്രന്ഥാലയം, രയരങ്ങോത്ത് |
| 4. | 2 | ചോറോട് ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം, മുട്ടുങ്ങൽ |
| 5. | 2 | പുതുമ വായനശാല, ചോറോട് |
| 6. | 3 | യുവജന വായനശാല, വള്ളിക്കാട് |
| 7. | 3 | റെഡ്സ്റ്റാർ വായനശാല, ബാലവാടി, വള്ളിക്കാട് |
| 8. | 3 | ചിന്ത വായന ശാല കൊളങ്ങാട്ട് താഴ |
| 9. | 4 | ഗ്രാമീണ വായനശാല, വൈക്കിലശ്ശേരി |
| 10. | 5 | നെഹ്റു സ്മാരക വായനശാല&ഗ്രന്ഥാലയം, വൈക്കിലശ്ശേരി |
| 11. | 6 | പൊതുജന വായനശാല&ഗ്രന്ഥാലയം, കുരിക്കിലാട് |
| 12. | 6 | എ.കെ.ജി.സ്മാരക വായനശാല, കുരിക്കിലാട് |
| 13. | 6 | മഹാത്മാ വായനശാല, കുരിക്കിലാട് |
| 14. | 7 | പൊതുജന വായനശാല& ഗ്രന്ഥാലയം കുരിക്കിലാട് |
| 15. | 9 | ജനശക്തി വായനശാല, ചേന്ദമംഗലം |
| 16. | 11 | വി.കെ.സുകുമാരൻ മെമ്മോറിയൽ ഗ്രന്ഥാലയം,കുരിയാടി |
| 17. | 12 | സി.എച്ച്. മുഹമ്മദ് കോയ സ്മാരക വായനശാല& ഗ്രന്ഥാലയം മുട്ടുങ്ങൽ വെസ്റ്റ് |
| 18. | 13 | ജനകീയ വായനശാല, മുട്ടുങ്ങൽ വെസ്റ്റ് |

ഇവയിൽ നെഹ്റു സ്മാരക വായനശാല& ഗ്രന്ഥാലയം, വൈക്കിലശ്ശേരി, പൊതുജന വായനശാല& ഗ്രന്ഥാലയം ചോറോട്, സി.എച്ച്. മുഹമ്മദ് കോയ സ്മാരക വായനശാല & ഗ്രന്ഥാലയം മുട്ടുങ്ങൽ വെസ്റ്റ് എന്നിവ കേരളാ സറ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളവയാകുന്നു.

നെഹ്റു സ്മാരക വായനശാല& ഗ്രന്ഥാലയം, വൈക്കിലശ്ശേരി പൊതുജന വായനശാല& ഗ്രന്ഥാലയം കുരിക്കിലാട്, എ.കെ.ജി. സ്മാരക ഗ്രന്ഥാലയം ചോറോട് എന്നിവ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

## ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ

| ക്രമനമ്പർ | വാർഡ് | പേര് |
|---|---|---|
| 1. | 1 | എക്സൽ സ്പോർസ് & ആർട്സ് ക്ലബ്ബ് ,കെ.ടി ബസാർ |
| 2. | 1 | കാർപോവ്, രയരങ്ങോത്ത് |
| 3. | 1 | മിറാക്ൾസ്, രയരങ്ങോത്ത് |
| 4. | 2 | മുട്ടുങ്ങൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മുട്ടുങ്ങൽ |
| 5. | 2 | ന്യൂ ഫൈറ്റേഴ്സ് ആർട്സ് ക്ലബ്ബ് |
| 6. | 2 | സദസ്സ്, ചോറോട് |
| 7. | 2 | അമർ ചോറോട് |
| 8. | 3 | അജന്താ ആർട്സ് ക്ലബ്ബ്, വള്ളിക്കാട് |
| 9. | 5 | ധ്വനി, വൈക്കിലശ്ശേരി |
| 10. | 5 | യുവത, വൈക്കിലശ്ശേരി |
| 11. | 5 | ലാസ്ക് വൈക്കിലശ്ശേരി |
| 12. | 5 | ടോട്ടോസെൽ, വൈക്കിലശ്ശേരി |
| 13. | 5 | സംഘം, വൈക്കിലശ്ശേരി |
| 14. | 5 | ജൂബിലി, വൈക്കിലശ്ശേരി |
| 15. | 5 | വാസ്ക്, വൈക്കിലശ്ശേരി |
| 16. | 5 | പ്രിയദർശിനി, വൈക്കിലശ്ശേരി |
| 17. | 6 | തുഷാര തിയറ്റേഴ്സ്, കുരിക്കിലാട് |
| 18. | 6 | ജാസ്ക്, കുരിക്കിലാട് |
| 19. | 6 | അഞ്ജലി കലാ കായിക വേദി, പുത്തൻതെരു |
| 20. | 6 | യുവജന കലാ സാംസ്കാരിക വേദി, കുരിക്കിലാട് |
| 21. | 7 | നവശക്തി, ചോറോട് |
| 22. | 7 | ഗായത്രി, ചോറോട് |
| 23. | 7 | ഫിനിക്സ്, ചോറോട് |
| 24. | 8 | വോയ്സ് ഓഫ് പാഞ്ചേരിക്കുന്ന് |
| 25. | 8 | വോയ്സ് ഓഫ് മണിയാറത്ത് |
| 26. | 8 | ദർശന മണിയാറത്ത് |
| 27. | 9 | മമത ആർട്സ് ക്ലബ്ബ്, ചേന്ദമംഗലം |
| 28. | 10 | നവോദയ കലാസമിതി, ചോറോട് |
| 29. | 10 | പുഞ്ചിരിയംഗ് സെന്റർ, ചോറോട് |
| 30. | 10 | ജവഹർ കലാ സാഹിത്യ വേദി, ചോറോട |
| 31. | 10 | എവർഷൈൻ ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ് ചോറോട് |
| 32. | 10 | PARK, പൂളക്കണ്ടിപ്പാറ |
| 33. | 11 | കുരിയാടി 2ക്ലബ്ബുകൾ |
| 34. | 13 | റെയിൻബോ ആർട്സ് & ,സ്പോർട്സ് ക്ലബ്ബ്, മുട്ടുങ്ങൽ വെസ്റ്റ് |

**പ്രശനങ്ങൾ**

1 വായനശാലകളിൽ വനിതകൾക്കു വന്നിരുന്നു വായിക്കാനുള്ള സൗകര്യങ്ങൾ ഇല്ല.

2 മിക്ക വിദ്യാലയങ്ങളിലും കായിക വേദി ഇല്ല.

**സാധ്യതകൾ**

1. സ്വന്തമായി കെട്ടിടം ഇല്ലാത്ത വായനശാലകൾക്കും കലാവേദികൾക്കും സ്വന്തം കെട്ടിടം ഉണ്ടാക്കുവാനുള്ള ഗ്രാന്റുകൾ നൽകുക

2. വായനശാലകളിൽ വനിതകൾക്കു വന്നിരുന്നു വായിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക

3. ഓരോ വാർഡിലും ഒരു വായനശാലക്കെങ്കിലും പഞ്ചായത്തു വക ഓരോ TV സെറ്റുകൾ നൽകുക

4. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ഒരു സ്ഥിരം ലൈബ്രേറിയനെ നിയമിക്കുക

5. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കുക

6. പഞ്ചായത്ത് സാംസ്കാരിക നിലയം വൈദ്യുതീകരിക്കുക

7. പഞ്ചായത്ത് സാംസ്കാരിക നിലയം പഞ്ചായത്തിലെ കേന്ദ്രീകൃത ഗ്രന്ഥാലയമാക്കുക

8. പഞ്ചായത്ത് സാംസ്കാരിക നിലയത്തോടനുബന്ധിച്ച് ഒരു സഞ്ചരിക്കുന്ന ഗ്രന്ഥാലയം ഏർപ്പെടുത്തുക

9. പഞ്ചായത്താഫീസിനടുത്ത് ഒരു കമ്മ്യൂണിറ്റി ഹാളും ഒരു കല്യാണ മണ്ഡപവും പണിയുക

10. നിലവിലുള്ള പഞ്ചായത്ത് സ്റ്റേഡിയത്തിന് ആവശ്യമായ സ്ഥലം കൂടി അക്വയർ ചെയതു വികസിപ്പിക്കുക

11. വായനശാലകളും കലാവേദികളും ഇല്ലാത്ത വാർഡുകളിൽ സന്നദ്ധ സംഘടനകളുടെ സഹായത്താൽ വായനശാലകളും കലാവേദികളും സ്ഥാപിക്കുക

12. വിദ്യാലയങ്ങളിൽ കായിക രംഗത്തെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

13. ഗ്രാമ പഞ്ചായത്തിൽ നിന്ന് വായനശാലകൾക്കു നൽകി വരുന്ന പത്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക.

**ആരാധനാ കേന്ദ്രങ്ങൾ**

1. ചേന്ദമംഗലം അയ്യപ്പക്ഷേത്ര സമുച്ചയം
2. ചേന്ദമംഗലം തെരു ഗണപതി ക്ഷേത്രം
3. ചേന്ദമംഗലം തെരു ഭഗവതി ക്ഷേത്രം
4. രാമത്ത് ഭഗവതി ക്ഷേത്രം, ചോറോട്
5. പുത്തൻതെരു ഗണപതി ക്ഷേത്രം
6. പുത്തൻതെരു ഭഗവതി ക്ഷേത്രം
7. വൈക്കിലശ്ശേരി പരദേവതാ ക്ഷേത്രം
8. വൈക്കിലശ്ശേരി തെരു ഗണപതി ക്ഷേത്രം
9. കോടേരി കളരി ഭഗവതി ക്ഷേത്രം, വൈക്കിലശ്ശേരി
10. വരിശ്യക്കുനി ക്ഷേത്രം
11. ഒതയോത്ത് ക്ഷേത്രം
12. കൊളങ്ങാട്ട് ക്ഷേത്രം
13. വലിയപുരക്കൽ ക്ഷേത്രം
14. വയലോട്ട് ക്ഷേത്രം
15. പുതുശ്ശേരി ക്ഷേത്രം
16. പെരുമന ക്ഷേത്രം
17. മീത്തലാടത്ത് ക്ഷേത്രം
18. നാലുപുരക്കൽ ഭഗവതി ക്ഷേത്രം, ചേന്ദമംഗലം
19. ആക്വാട്ട് ശിവ ക്ഷേത്രം,വൈക്കിലശ്ശേരി
20. മമ്പറഞ്ഞോളി ക്ഷേത്രം
21. മുട്ടുങ്ങൽ കോവിലകം ക്ഷേത്രം
22. കുരിയാടി ശ്രീ കുറുമ്പ ഭഗവതി ക്ഷേത്രങ്ങൾ
23. രയരങ്ങോത്ത് സ്വാമിമഠം

**പള്ളികൾ**

1. വള്ളിക്കാട് ജൂമായത്ത് പള്ളി
2. വള്ളിക്കാട് ടൗൺ പള്ളി
3. കുറ്റിയിൽ കിഴക്കയിൽ ജൂമായത്ത് പള്ളി
4. ഫാറൂൽ പള്ളി
5. കുരിക്കിലാട് പള്ളി
6. കക്കാട് പള്ളി, ചോറോട്
6, ജൂമാമസ്ജിദ്, മാങ്ങാട്ടുപാറ
6. അബൂബക്കർ സിദ്ദിക്ക് മോസ്ക് മണിയാറത്ത് മുക്ക്
9. കൈനാട്ടി ജൂമായത്ത് പള്ളി
10. ചോറോട് ജൂമായത്ത് പള്ളി
11. ഫസിലി പള്ളി, മീത്തലങ്ങാടി പള്ളി
12. കക്കാട്ട് പള്ളി, മുട്ടുങ്ങൽ
13. മുട്ടുങ്ങൽ ജുമാഅത്ത് പള്ളി
14. കുരിയാടിപ്പള്ളി, മുട്ടുങ്ങൽ
15. കടപ്പുറം പള്ളി, മുട്ടുങ്ങൽ
16 കിഴക്കെ പള്ളി, മുട്ടുങ്ങൽ കടപ്പുറം
17. പുതിയാളിപ്പള്ളി എയ്യോന്റവിട
18. താഴെപള്ളി, മുട്ടുങ്ങൽ വെസ്റ്റ്
19. മൊഹയുദ്ദീൻ പള്ളി, മുട്ടുങ്ങൽ വെസ്റ്റ്

# വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ ആവേശോജ്ജ്വലമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നും അറിയാം ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. ചോറോട് പഞ്ചായത്തിലും ഈ പ്രവണത സജീവമായി നിൽകുന്നു.

പഴയകാലത്ത് സാമൂഹ്യ പ്രവർത്തന മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവായിരുന്നു. അക്കാലത്ത് പെൺകുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം വളരെ കുറവായിരുന്നു. 20-ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ശൈശവ വിവാഹം എന്ന ഏർപ്പാട് നിലവിലുണ്ടായിരുന്നു. 1991ലെ സെൻസസ് പ്രകാരം ചോറോട് പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 15584 ആണ്. പുരുഷന്മാരുടെ എണ്ണത്തേക്കാൾ 1460 എണ്ണം അധികമാണിത്. സ്ത്രീജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ വർദ്ധന സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്നസ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം | ആകെ |
|---|---|---|---|
| കർഷകർ | 7 | 112 | 119 |
| കർഷകതൊഴിലാളി | 10000 | 600 | 1600 |
| മൃഗസംരക്ഷണം | 1500 | 50 | 1550 |
| ചെറുകിടവ്യവസായം | 315 | 317 | 632 |
| കെട്ടിടനിർമ്മാണം | 200 | 400 | 600 |
| മത്സ്യബന്ധനം | 50 | 2100 | 2150 |

പട്ടിക അവലംബം 1991ലെ സെൻസസ് പട്ടിക തൊഴിൽ മേഖലയിൽ സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്നത് ദിനേശ് ബീഡി കമ്പനികളിലാണ്. വള്ളിക്കാട്, കൈനാട്ടി, പുഞ്ചിരിമിൽ എന്നീ ങ്ങളിലുള്ള കമ്പനികളിൽ 200 ഓളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ 18 സ്കൂളുകളിലായി 111 അധ്യാപികമാർ ജോലി ചെയ്യുന്നുണ്ട്. ചേന്ദമംഗലം പ്രവർത്തിക്കുന്ന റാണി മിൽസിൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് 75ഓളം വനിതകൾ ജോലി ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള റെഡിമെയ്ഡ് നിർമ്മാണ ശാലകളിൽ 100 ഓളം പേർ ജോലി ചെയ്യുന്നുണ്ട്.

ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ (കോഴി വളർത്തൽ, അടുക്കളത്തോട്ടം മുതലായവ) എന്നിവയിലെ സ്ത്രീകളെ കേന്ദ്രീകരിപ്പിക്കുവാനുള്ള തീവ്രയത്നം അടിയന്തിരാവശ്യമാണ്.

സ്വതന്ത്ര്യ സമര കാലഘട്ടത്തിൽ പ്ര ക്ഷോഭങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഇന്നും വളരെകുറവാണ്. ജനാധിപത്യ മഹിളാ അസോസിയേഷന്റെ ഒരു പഞ്ചായത്ത് കമ്മിറ്റിയും 9 യൂനിറ്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. 6 മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ അടുത്തകാലത്തായി പൊതുരംഗത്തും സന്നദ്ധ പ്രവർത്തന മേഖലയിലും സവിശേഷമായ പങ്കു വഹിച്ച ചില മാതൃകകൾ ഉയർത്തിക്കാട്ടേണ്ടതുണ്ട്. പഞ്ചായത്തിൽ നടത്തിയ വിഭവ ഭൂപട സർവ്വെ തുടങ്ങിയ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

വനിതകളുടെ മാത്രമായി തൊഴിൽ സ്ഥാപനങ്ങളില്ല നാല് DWCRA യൂനിറ്റുകൾ നിലവിലുണ്ടെങ്കിലും രണ്ടെണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഇതിന്റെ നേതൃത്വം സ്ത്രീകളുടെ കൈയിലല്ല ഉള്ളത്. അവർക്ക് അതിനു വേണ്ട പരിശീലനമോ അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റിങ്ങ് സൗകര്യമോ ലഭിക്കുന്നില്ല. 300 ഓളം വീടുകളിൽ സ്ത്രീകളാണു കുടുബനാഥ. സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠന പരിശീലനത്തിലും പെൺകുട്ടികളാണ് മുൻപന്തിയിൽ. പ്രീഡിഗ്രി തലം വരെ ഈ നില തുടരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവാണ്.

സ്ത്രീകൾക്കു നേരെയുള്ള ആക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. സ്ത്രീ പീഢനകേസുകൾ ചെറിയതോതിലുണ്ട്. 1990ലെ സാക്ഷരതാ പ്രവർത്തനം സ്ത്രീകൾക്കിടയിൽ നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിൽ വളരെയേറെ സഹായിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. തൊഴിൽ മേഖലയിൽ തന്നെ കൂലിനിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകതൊഴിലാളി | 60-75 | 100 |
| നിർമ്മാണതൊഴിലാളി | 70 | 120 |

സ്ത്രീകൾ മാത്രം തൊഴിൽ ചെയ്യുന്ന മേഖലകളിൽ കൂലിനിരക്ക് വളരെക്കുറവാണ്. ഉദാ:നൂൽനൂൽപ്പ്.

സാമൂഹ്യ രംഗത്ത് പിന്നിൽ നിൽക്കുന്ന സ്ത്രീകളെ മുന്നോട്ട് കൊണ്ടുവന്നാലെ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കു വഹിക്കാൻ സാധിക്കുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടും കൂടി സ്ത്രീകൾ നിറവേറ്റുമെങ്കിലും ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിക്കവാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. ആത്മ വിശ്വാസമില്ലായ്മ സ്ത്രീകൾക്കിടയിലുള്ള പ്രധാന പ്രശ്നമാണ്. മനുഷ്യ ജാതിയിലെ പകുതിയോളം വരുന്ന വിഭാഗമാണ് സ്ത്രീകളെന്നും പുരുഷന്മാർക്കുള്ള അധികാര അവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരഷന്മാരോടൊപ്പം നിൽക്കുവാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജിച്ചിട്ടുണ്ടങ്കിലും അതു പ്രകടിപ്പിക്കുവാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. സ്ത്രീകൾ സംഘടിതമായി ജോലി ചെയ്തിരുന്ന കാർഷിക മേഖല തകർന്നതോടെ ഏറ്റവും ഭാരമേറിയതും അപകട സാധ്യത കൂടിയതുമായ നിർമ്മാണ രംഗത്താണ് സ്ത്രീകൾ ജോലി ചെയ്യുന്നത്.

### സാധ്യതകൾ

സാമൂഹ്യരംഗത്തും പൊതു രംഗത്തും വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃനിരയിൽ കൊണ്ടു വരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രമിക്കണം പൊതു പ്രവർത്തന രംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവെക്കുകയും അങ്ങനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. വനിതകളുടേത് മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിക്കാനുള്ള സഹായം ചെയ്യുകയും വേണം. മാതൃസംഗമങ്ങളിൽ വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ശ്രമിക്കണം.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂനിറ്റുകളും സഹകരണ സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. പുരയിടങ്ങളിലുള്ള അടുക്കളതോട്ടം സ്ത്രീകളുടെ മെൽനോട്ടത്തിൽ നടത്താവുന്നതാണ്.

### വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിലൊഴികെ മറ്റെല്ലാ മേഖലയിലും സ്ത്രീകൾ അവഗണന നേരിടുന്നു.

2. സാമൂഹിക സേവന രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം തീരെ കുറവാണ്.

3. സ്വയം തൊഴിൽ സംരഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താത്പര്യം കാണിക്കുകയോ സംരഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.

4. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

5. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല.

6. തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനം ലഭിക്കുന്നില്ല.

7. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ ആരംഭിക്കുന്നതിന് പ്രധാന പ്രശ്നമാണ്.

8. I.C.D.S പദ്ധതി എല്ലാ പഞ്ചായത്തിലും വ്യാപിപ്പിക്കുന്ന പദ്ധതി രൂപം കൊള്ളുകയാണ്. നമ്മുടെ പഞ്ചായത്തിലും ഈ പദ്ധതി പ്രകാരം അംഗൻവാടികൾ രൂപീകരിക്കേണ്ടതാണ്.

9. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ ബുദ്ധിമുട്ടിക്കുന്നു.

10. വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്.

**സ്ത്രീകൾക്കിടയിലെ പ്രശ്ന പരിഹാരങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.**

1. ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് മഹിളാ പ്രധാൻ ഏജന്റുമാരെ നിശ്ചയിക്കണം.

2. എസ്.എസ്.എൽ.സി പാസ്സായ യുവതികൾക്ക് ഹോം നേഴ്സിങ്ങ് പരിശീലനം നൽകാനുള്ള പരിശീലനം ഏർപ്പെടുത്തുക.

3. സ്ത്രീകൾക്ക് ഓട്ടോ ഡ്രൈവിംഗ് പഠിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

4. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി ടെയ്‌ലറിംഗ് യൂനിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, എംബ്രോയിഡറി യൂണിറ്റ്, കരകൗശല വസ്തു നിർമ്മാണ യൂണിറ്റ്, പപ്പട നിർമ്മാണം, അച്ചാർ നിർമ്മാണം, ചന്ദന തിരി നിർമ്മാണം, നെയ്ത്തു ശാല എന്നീ സംരഭങ്ങൾ തുടങ്ങാനുള്ള ധനസഹായം വേണം.

5. ഒരു വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിക്കണം.

6. ആട്, പശു, കോഴി, എന്നിവയെ വളർത്താൻ ധന സഹായം നൽകുക.

7. മഹിളാ സമാജം രൂപീകരിക്കുക.

8. മാതൃ ശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക.

9. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

# സഹകരണ രംഗം

'ഓരോരുത്തരും എല്ലാവർക്കും വേണ്ടി, എല്ലാവരും ഓരോരുത്തർക്കും വേണ്ടി'

1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ ആദ്യമായി കാർഷിക സഹകരണ സംഘങ്ങൾ രൂപം കൊണ്ടത്. പിന്നീട് 1912 ലും 1932 ലെ മദ്രാസ് സഹകരണ ആക്ടും നിലവിൽ വന്നു. വിദേശ ആധിപത്യത്തിൻ കീഴിൽ നാടാകെ ഭക്ഷ്യക്ഷാമം അനുഭവപ്പെട്ട പശ്ചാത്തലത്തിൽ തിരുവതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ ഭക്ഷ്യ ധാന്യ വിതരണത്തിനായി മുഖ്യ ലക്ഷ്യം വെച്ചു കൊണ്ടാണ് പരസ്പര സഹായ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടത്. ഇതിന്റെ ഭാഗമായി വടകര പരസ്പര സഹായ സഹകരണ സംഘവും രൂപീകരിക്കപ്പെട്ടു. ഇതാണ് വടകര കൊഓപ്പറേറ്റീവ് റൂറൽ ബാങ്കായി പിന്നീട് രൂപാന്തരപ്പെട്ടത്. ചോറോട് പഞ്ചായത്തടക്കം വടകര താലൂക്കിലെ നൂറോളം പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പരിധിയായി ഈ ബങ്ക് പ്രവർത്തിച്ചുവരുന്നു.

ചോറോട് പഞ്ചായത്ത് പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന വിവിധ സഹകരണ സംഘങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

a വടകര കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്

b കക്കട്ട് കാർഷിക സഹകരണ വികസന ബാങ്ക് വടകര കോ ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി

d ഊരാളുങ്കൽ കോഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി

e ചോറോട് സർവ്വീസ് സഹകരണ ബാങ്ക് രയരങ്ങോത്ത കയർ വ്യവസായ സഹകരണ സംഘം

g ചോറോട് പഞ്ചായത്ത് ക്ലേ വർക്കേഴ്സ് ഇന്റസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി

h അളവക്കൻ സ്മാരക വീവേഴ്സ് ഇന്റസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി

i ചോറോട് ക്ഷീരോൽപാദക സഹകരണ സംഘം

j വെള്ളികുളങ്ങര ക്ഷീരോൽപാദക സഹകരണ സംഘം

**ക്രെഡിറ്റ് മേഖല**

1932ലെ മദ്രാസ് സഹകരണ സംഘ നിയമ പ്രകാരം അന്നത്തെ മലബാർ ഡിസ്ട്രിക്ട് കുറുമ്പ്രനാട് താലൂക്കിൽപ്പെട്ട (ഇന്നത്തെ കോഴിക്കോട് ജില്ലവടകര താലൂക്ക്) ചോറോട് വില്ലേജിൽ ക്ലിപ്ത രഹിത ബാധ്യതയോട് കൂടി ചോറോട് വിവിധോദ്ദേശ സഹകരണ സംഘം 1956 ഒക്ടോബർ 18ന് റജിസ്റ്റർ ചെയ്യപ്പെടുകയും 1956 നവമ്പർ 28ാം തിയ്യതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

പഞ്ചായത്തിലെ വൈക്കിലശ്ശേരി, ചോറോട് ഈസ്റ്റ് കുരിക്കിലാട് പ്രദേശങ്ങൾ പ്രവർത്തന പരിധിയായി നേരത്തേ തന്നെ വൈക്കിലശ്ശേരി വിവധോദ്ദേശ ഐക്യ നാണയ സംഘം എന്ന പേരിൽ മറ്റൊരു സഹകരണ സംഘം നിലിവിലുണ്ടായിരുന്നു. അതുകൊണ്ട് തന്നെ എരപുരം, തെലുങ്കുര, ചേന്ദമംഗലം പ്രദേശങ്ങൾ ഉൾപ്പെടുത്തികൊണ്ടാണ് ചോറോട് വിവധോദ്ദേശ സഹകരണ സംഘം റജിസ്ററർ ചെയ്യപ്പെട്ടത്. കുറുമ്പനാട് താലൂക്കിൽ ജന്മിത്ത വ്യവസ്ഥ നിലനിന്ന കാലത്താണ് ഇത്തരം ഒരു സഹകരണ സംഘം രൂപീകരിക്കപ്പെട്ടത്.

കർഷകരും തൊഴിലാളികളും സ്വകാര്യ പണമിടപാടുകാരുടേയും കൊടിയ ചൂഷണത്തിൽ നിന്നും കർഷകർക്ക് ആശ്വാസം നൽകുകയെന്ന ഉദ്ദേശത്തോട് കൂടിയാണ് സഹകരണ സംഘം രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഈ സഹകരണ സംഘത്തിലെ ഷെയറിന്റെ മുഖവില 5 രൂപയായിരുന്നു. 1950കളിൽ 5 രൂപ ഷെയർ സംഖ്യ പിരച്ചെടുക്കുകയെന്നത് തന്നെ ഏറെ പ്രയാസകരമായിരുന്നു. എങ്കിലും 15 മെമ്പർമാരെ ചേർത്ത് കൊണ്ട് ചേന്ദമംഗലത്തെ പരേതനായ സി.വി. കേളുക്കുറുപ്പ്, എൻ.ആർ.കൃഷ്ണൻ പണിക്കർ, ടി.പി.കണ്ണൻ, പി.സി. രാമക്കുറുപ്പ്, കെ.എം. കേളപ്പൻ, എ.ശങ്കരൻ നായർ, പി.കണ്ണൻ, എ.കണ്ണൻ, പി.കെ. ഗോപാലൻ, എം.കെ. ചാത്തു, ഒ. ബാലൻ, പൂളപ്പൻ രാമൻ, ടി.കെ. നാരായണൻ, പി.കേളു, കെ.കുഞ്ഞിരാമക്കുറുപ്പ് എന്നിവരായിരുന്നു അംഗങ്ങൾ. ആദ്യ ഭരണസമിതിയിൽ സി.വി.കേളുക്കുറുപ്പ്, എൻ.ആർ.കൃഷ്ണൻ പണിക്കർ, കല്ലാട്ട് കുഞ്ഞിരാമക്കുറുപ്പ്, ടി.പി കണ്ണൻ, പി.കെ. ഗോപാലൻ എന്നിവരായിരുന്നു. ആദ്യ ഭരണ സമിതിയുടെ പ്രസിഡണ്ടായി എൻ. ആർ കൃഷ്ണൻ പണിക്കരും സെക്രട്ടറിയായി സി.വി.കേളുക്കുറുപ്പും പ്രവർത്തിച്ചു. പിന്നീട് ഈ സ്ഥാപനത്തെ 1962 ജൂൺ 16മുതൽ ചോറോട് സർവ്വീസ് സഹകരണ ബാങ്കായി റജിസ്ററർ ചെയ്യപ്പെടുകയുമുണ്ടായി. ഈ കാലത്തെ ഭരണ സമിതിയിൽ പിന്നിട് രാഷ്ട്രീയ സാമൂഹ്യ രംഗത്ത് പ്രഗത്ഭരായിത്തീർന്ന പരേതനായ ശ്രീ. യു. കുഞ്ഞിരാമനും അംഗമായിരുന്നു. ഈ കാലത്ത് കാർഷിക കടങ്ങൾക്ക് കൃഷിക്കാരിൽ നിന്നും 6 1/4 ശതമാനം പലിശയാണ് വായ്പകൾക്ക് ഈടാക്കി വന്നത്. നൂറ് രൂപ മുതൽ ഇരുനൂറ്റി അമ്പത് രൂപ വരെയുള്ള വായ്പകളാണ് അംഗങ്ങൾക്ക് അനുവദിക്കപ്പെട്ടത്.

1964 - 65 കാലഘട്ടം ധനാപഹരണമടക്കമുള്ള അഴിമതി നടന്നതിനാൽ ബാങ്ക് പ്രവർത്തനം ഒട്ടനവധി പ്രതിസന്ധികളെ നേരിടേണ്ടി വന്നു. 1965ന് ശേഷം നിലവിൽ വന്ന ഭരണ സമിതിയുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റ ഫലമായി താലൂക്കിലെ ഒരു എണ്ണപ്പെട്ട സഹകരണ ബാങ്കായി വളർന്നിട്ടുണ്ട്. വിവധ കാലങ്ങളിലായി ടി. കൃഷ്ണൻ പണിക്കർ, പി. ഗോപാലൻ നായർ, പി. കുഞ്ഞിരാമക്കുറുപ്പ് മംഗലാടൻ കണ്ടി കണാരൻ, പി.കെ. കണാരൻ, സി. കുമാരൻ മാസ്റ്റർ എന്നിവർ ഭരണസമിതി പ്രസിഡണ്ടുമാരായി പ്രവർത്തിച്ചു. ബാങ്കിന്റെ പ്രസിഡണ്ടായി ഇന്നു പ്രവർത്തിക്കുന്നത് എം. സി ബാലകൃഷ്ണൻ മാസ്ററരാണ്.

ബാങ്കിന്റെ ഇന്നത്തെ പുരോഗതിയുടെ നട്ടെല്ലായി പ്രവർത്തിച്ചത് ബാങ്കിന്റെ മുൻ പ്രസിഡണ്ടായിരുന്ന പി.കെ കണാരനാണ്.

വൈക്കിലശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന ശാരദാവിലാസം സർവ്വീസ് സൊസൈറ്റിയുടെ ഒരു ജീവനക്കാരനടക്കമുള്ള ആസ്തി ബാധ്യതകൾ 1984 ജൂലൈ 1മുതൽ ചോറോട് സർവ്വീസ് സഹകരണ ബാങ്കുമായി യോജിപ്പിക്കുകയും മുട്ടുങ്ങൽ, രയരങ്ങോത്ത് പ്രദേശം ഒഴികെയുള്ള പഞ്ചായത്തിലെ മറ്റു പ്രദേശങ്ങൾ ചേർത്തുകൊണ്ട് ബാങ്ക് പ്രവർത്തന പരിധി വിപുലീകരിച്ചു. ഇന്ന് 13 സ്ഥിരം ജീവനക്കാരും 6 മറ്റ് ജീവനക്കാരുമടക്കം 19 ആളുകൾ ബാങ്കിൽ ജോലിക്കാരായുണ്ട്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മെയിൻ ബ്രാഞ്ചും ഹെഡ്ഡാഫീസും കുരിക്കിലാട് ശാഖയും കൂടാതെ വള്ളിക്കാട് പ്രവർത്തിക്കുന്ന വരിശ്യക്കുനി ശാഖയുമുള്ള ഒരു വലിയ സഹകരണ സ്ഥാപനമായി ബാങ്ക് മാറിക്കഴിഞ്ഞിട്ടുണ്ട്. മൂന്ന് കോടി മുപ്പത് ലക്ഷം രൂപ നിക്ഷേപവും മൂന്ന് കോടി പതിനാല് ലക്ഷം രൂപ വായ്പാ ബാക്കിയിരിപ്പും നാലായിരത്തോളം എ ക്ലാസ് മെമ്പർമാരും ഒമ്പതര ലക്ഷത്തോളം ഓഹരി മൂലധനവും ഉള്ള ഒരു സ്ഥാപനമാണിത്.

പല പ്രത്യേക വായ്പാ പദ്ധികളും കൃഷിക്കാർക്കും സാധാരണക്കാർക്കുമായി ബാങ്ക് നടപ്പിലാക്കി വരുന്നുണ്ട്. ഉദാഹരണമായി സ്വർണ്ണപണയത്തിന്മേലുള്ള കാർഷിക വായ്പ, സ്വയം തൊഴിൽ കണ്ടെത്താനും ചെറുകിട വ്യവസായികൾക്കും കച്ചവടക്കാർക്കുമുള്ള വായ്പകൾ. കാർഷിക വായ്പാ സഹകരണ സംഘം പട്ടിക അവലംബം: ലാഭനഷ്ട കണക്കൊഴികെ 96 സപ്തമ്പറിന്റെ ബാങ്ക് റിക്കാർഡുകൾ; ലാഭ നഷ്ട കണക്ക് ബാങ്കിന്റെ 9293ലെ ഓഡിറ്റ് റിപ്പോർട്ട്.

1990 - 91വരെ ഈ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിച്ചത്. സ്ഥാപനം ലാഭത്തിലേക്ക് എത്തിച്ചതിന് പിന്നിൽ ധാരാളം ഘടകങ്ങളുണ്ട്.

a കാര്യക്ഷമമായ മാനേജ്മെന്റ്

b ജീവനക്കാരുടേയും മെമ്പർമാരുടേയും ആത്മാർത്ഥമായ സഹകരണം

c സങ്കുചിതമായ ചേരി തിരിവുകളില്ലാതെയുള്ള നടത്തിപ്പ് റകടം കൊടുക്കുമ്പോൾ തന്നെ വാങ്ങുന്ന കടം നിശ്ചയിക്കപ്പെട്ട ആവശ്യത്തിന് തന്നെയാണോ വിനിയോഗിക്കുന്നതെന്ന പരിശോധന

e ജീവനക്കാരും ഭരണ സമിതി അംഗങ്ങളും കടക്കാരുമായി നടന്നുവരുന്ന ദൈനംദിന ബന്ധം

f കടം കൊടുക്കാനാവശ്യമായ വിഭവങ്ങൾ സ്വരൂപിക്കുന്നതിൽ ജീവനക്കാരുടേയും, മാനേജ്മെന്റിന്റേയും കൂട്ടായ പ്രവർത്തനം. ബാങ്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ താഴെ ചേർത്ത നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

a ഒരു കുടുംബത്തിനാവശ്യമായ എല്ലാതരം വായ്പകളും ഒരു ക്രെഡിറ്റ് സംഘത്തിൽ നിന്നും ലഭിക്കാവുന്ന വിധത്തിൽ വായ്പകളിൽ വൈവിധ്യം വരുത്തുക.

b ശാസ്ത്രീയവും ക്രിയാത്മകവുമായ മാനേജ്മെന്റ് സംഘടിപ്പിക്കുക

c ഭരണ സമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ആധുനിക രീതിയിൽ സഹകരണ പരിശീലനം നൽകുക.

## പട്ടിക 1
## കാർഷിക വായ്പാ സഹകരണ സംഘം

| | | |
|---|---|---|
| സംഘത്തിന്റെ പേര് | | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് |
| പ്രവർത്തനം ആരംഭിച്ച വർഷം | | 1995 നവമ്പർ 28 |
| പ്രവർത്തന പരിധി | | രയരങ്ങോട് - മുട്ടുങ്ങൽ പ്രദേശം ഒഴികെയുള്ള ചോറോട് പഞ്ചായത്ത് |
| വ്യക്തിഗത അംഗങ്ങൾ | | 4010 |
| ഓഹരിമൂലധനം | | 935 |
| കടം 000 | | 31586 |
| കാർഷികേതരം | | 1559 |
| കാർഷികം | | 3128 |
| പ്രവർത്തന മൂലധനം | | 35100 |
| ലാഭം | ലാഭം | 338 |
| നഷ്ടം | നഷ്ടം | |
| ജീവനക്കാർ | സ്ഥിരം | 13 |
| | മറ്റുള്ളവർ | 6 |

## നോൺ ക്രെഡിറ്റ് മേഖല

**കയർ സഹകരണ സംഘം:**

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സംഘം ഒന്നാം വാർഡിലുള്ള രയരങ്ങോത്ത് കയർ സഹകരണ സംഘമാണ്. പഞ്ചായത്തിലെ രയരങ്ങോത്താണ് പ്രവർത്തന പരിധി. സ്ത്രീ തൊഴിലാളികൾക്ക് തൊഴിലവസരം സൃഷ്ടക്കാവുന്ന വിധത്തിൽ സംഘടിപ്പിക്കുന്ന ഈ സഹകരണ സംഘം ഏറെക്കുറെ നന്നായി പ്രവർത്തിച്ചു വരുന്നു. 1975 നവമ്പർ 23നാണ് സംഘം റജിസ്ററർ ചെയ്യപ്പെട്ടത്. 472 അംഗങ്ങളാണ് സംഘത്തിൽ ഓഹരി എടുത്തത്. ഗവർമെന്റ് ഓഹരി മൂലധനമായി 1,94,870 രൂപയും മെമ്പർമാരിൽ നിന്നായി 50,390 രൂപയുമടക്കം 2,55,200 രൂപ ഓഹരി മൂലധനമായി സംഘത്തിനുണ്ട്.

**പ്രധാന പ്രശ്നങ്ങൾ**

അസംസ്കൃത സാധനങ്ങളുടെ ലഭ്യത, മാർക്കറ്റ്, ഉൽപ്പന്നങ്ങളുടെ വിലനിലവാരം, ആഭ്യന്തര വിദേശ മാർക്കറ്റിൽ വരുന്ന മാന്ദ്യം എന്നിവ സംഘം പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. സംഘത്തിന്റെ ഫാക്ടറിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമല്ല.

സ്വന്തമായി ഓഫീസ് ഫാക്ടറി കെട്ടിടങ്ങൾ സംഘം വകയായുണ്ട്. 20ലക്ഷം രൂപ മൂലധനമിറക്കി നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 110 തൊഴിലാളികൾക്ക് നേരിട്ടും 25ഓളം തൊഴിലാളികൾക്ക് അനുബന്ധമായും തൊഴിൽ നൽകാൻ ഈ സഹകരണസംഘത്തിന് കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട തൊഴിലാളികൾക്ക് 800രൂപ മാസ സ്റ്റൈപ്പന്റിൽ 4മാസക്കാലത്തെ തൊഴിൽ പരിശീലനം നൽകിവരുന്നു. പരിശീലന പരിപാടി അവസാനിക്കുന്ന മുറക്ക് ഫാക്ടറി പ്രവർത്തനം കുറേക്കൂടി വിപുലീകരിക്കപ്പെടുമെന്ന് മനസ്സിലാക്കാം

**കയർ സഹകരണസംഘം പട്ടിക**

| സംഘത്തിന്റെ പേര് പ്രവർത്തനം | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തിഗത അംഗത്വം | ഓഹരിമൂലധനം | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | ഗവൺമെന്റ് വായ്പ | ജീവനക്കാർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | സ്ഥിരം | മറ്റുള്ളവർ | നഷ്ടം |
| രയരങ്ങോത്ത് കയർ സഹകരണ സംഘം | 1975 | രയരങ്ങോത്ത് പ്രദേശം | 472 | 255 | 1214 | 14 | 1483 | 195 | 2 | — | 89 |

*അവലംബം സംഘം സൂക്ഷിക്കുന്ന റിക്കാർഡുകൾ.*

**ഖാദി വ്യവസായ സഹകരണ സംഘം**

പഞ്ചായത്തിലെ ഏഴാം വാർഡിൽ മാങ്ങോട്ട് പാറയിൽ പ്രവർത്തിക്കുന്ന ഒരു ഖാദി വ്യവസായ സഹകരണ സംഘമാണ് ചോറോട് പഞ്ചായത്ത് ക്ലേ വർക്കേഴ്സ് ഇന്റസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി. സംഘത്തിന്റെ പ്രവർത്തനത്തിന് ആദ്യഘട്ടത്തിൽ നേതൃത്വം കൊടുത്തത് കോഴിക്കോട് ജില്ലയിലാകെ അറിയപ്പെടുന്ന പ്രമുഖ സഹകാരി കെ.കെ കണ്ണൻ മാസ്ററരാണ്. 1980 ലാണ് ഈ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചത്. ഇതിന്റെ പ്രവർത്തന പരിധി ചോറോട് പഞ്ചായത്തിലാകെ വ്യാപിച്ചു കിടക്കുന്നു.

ഓട്, ഇഷ്ടിക മുതലായവ വ്യവാസായടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുകയാണ് സംഘത്തിന്റെ ഉദ്ദേശം. വ്യവസായത്തിനാവശ്യമായ കളിമൺ മുൻകാലത്ത് സുലഭമായിരുന്ന വയൽ പ്രദേശം ഈ സഹകരണ സംഘത്തിന് ചുറ്റുമുണ്ടായിരുന്നു. എന്നാൽ സമീപ കാലത്ത് നെൽവയലുകൾ വ്യാപകമായി കുതിനിലങ്ങളാക്കി മാറ്റിയപ്പോൾ ഓട് നിർമ്മാണത്തിനാവശ്യമായ കളിമണ്ണ് മറ്റു പ്രദേശങ്ങളിൽ നിന്നും കൊണ്ടു വരേണ്ടി വരുന്നു.

**സംഘം നേരിടുന്ന പ്രശ്നങ്ങൾ**

a പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത

b അസംസ്കൃത പദാർത്ഥങ്ങൾക്കുള്ള ദൗർലഭ്യം

c ഫലപ്രദമായ മാനേജ്മെന്റിന്റെ അഭാവം.

d ഫാക്ടറി കെട്ടിടത്തിന്റെ സൗകര്യക്കുറവ്

**സാധ്യതകൾ**

1 ഇന്ന് ഈ സഹകരണ സംഘത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥ ഭരണം അവസാനിപ്പിച്ച് തെരെഞ്ഞെടുക്കപ്പെട്ട ഭരണ സമതിയെ ഭരണചുമതല ഏൽപ്പിക്കുക

2 തൊഴിലാളികളുടേയും ജിവനക്കാരുടേയും ആത്മാർത്ഥമായ സഹകരണം ഉറപ്പാക്കുക

3 ഖാദി ബോഡിൽ നിന്നും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നേടിയെടുക്കാൻ പ്രവർത്തിക്കുക

ചോറോട് പഞ്ചായത്ത് ക്ലേ വർക്കേഴ്സ് ഇന്റസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി

| | | |
|---|---|---|
| സംഘത്തിന്റെ പേര് : ചോറോട് പഞ്ചായത്ത് ക്ലേ വർക്കേഴ്സ് ഇന്റസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി | | |
| പ്രവർത്തനം ആരംഭിച്ച വർഷം | : | 1980 |
| പ്രവർത്തന പരിധി | : | ചോറോഡ് പഞ്ചായത്ത് |
| അംഗങ്ങൾ | : | 243 |
| ഓഹരിമൂലധനം | : | 121000 |
| കടം | : | 594000 |
| നിക്ഷേപം | : | - - - - |

| | | |
|---|---|---|
| പ്രവർത്തന മൂലധനം | : | റിക്കാർഡുകൾ ലഭ്യമല്ല. |
| ലാഭം/നഷ്ടം | : | റിക്കാർഡുകൾലഭ്യമല്ല. |

**വ്യവസായ സഹകരണ സംഘം**

1982 ൽ റജിസ്ററർ ചെയ്യപ്പെട്ട പഞ്ചായത്തിലെ വ്യവസായ സഹകരണ സംഘമാണ് അളവക്കൻ സ്മാരക ( എ. എസ്സ്) വീവേഴ്സ് ഇന്റസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി. ചോറോട്, ഒഞ്ചിയം പഞ്ചായത്തുകളാണ് പ്രവർത്തന പരിധി. ഈ സഹകരണ സംഘത്തിൽ 116 അംഗങ്ങൾ ഉണ്ട്. വ്യക്തികളിൽ നിന്നും 22,250രൂപയും ഗവർമെന്റിൽ നിന്ന് 1,88,200 രൂപയും അടക്കം 2,10,450 രൂപ ഓഹരി മൂലധനമായി സംഘത്തിനുണ്ട്. റജിസ്ററർ ചെയ്യപ്പെട്ടിട്ട് ഒന്നര പതിറ്റാണ്ടായെങ്കിലും സംഘം പ്രവർത്തനം ഇന്നും കടലാസിലാണ്. പഞ്ചായത്തിലെ 2ാം വാർഡിൽ ഒരു കെട്ടിടത്തിന് അസ്ഥിവാരമിട്ട പ്രവർത്തനമൊഴിച്ചാൽ ഒരു വ്യവസായ സഹകരണ സംഘത്തിനു വേണ്ട മറ്റ് പ്രാഥമിക പ്രവർത്തനങ്ങൾ ഒന്നും തന്നെ ആയിട്ടില്ല. ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാനും യന്ത്ര സാമഗ്രികൾ വാങ്ങാനും സാമ്പത്തിക സഹായം ഗവർമെന്റ് ലഭ്യമാക്കണം. സാമ്പത്തിക സഹായം ഉറപ്പാക്കാൻ 15 ലക്ഷം രൂപയുടെ ഒരു പ്രൊജക്റ്റ് റിപ്പോർട്ട് NCDCയുടെ പരിഗണനയിലാണ്. പ്രവർത്തനം ആരംഭിച്ചാൽ 100 ഓളം തൊഴിലാളികൾക്ക് പ്രത്യക്ഷമായും പത്തോളമാളുകൾക്ക് പരോക്ഷമായും തൊഴിൽ സാധ്യതയുണ്ടാക്കാൻ കഴിയും.

**ചോറോട് ക്ഷീരോൽപാദക സഹകരകണ സംഘം**

ചോറോട് പഞ്ചായത്തിലെ 8 - ാം വാർഡിൽ റജിസ്റ്റർ ചെയ്യപ്പട്ട ഒരു സഹകരണ സംഘമാണ് ചോറോട് ക്ഷീരോൽപാദക സഹകരണ സംഘം. 1995 ജൂൺ 30നാണ് ഈ സഹകരണ സംഘം റജിസ്റ്റർ ചെയ്യപ്പെട്ടത്. പഞ്ചായത്തിലെ 7,8 വാർഡുകളാണ് പ്രവർത്തന പരിധി. പാൽ ഉൽപാദകരായ 20 മെമ്പർമാരും ഉൽപാദകരല്ലാത്ത 34 മെമ്പർമാരുമടക്കം 54 മെമ്പർമാരാണ് ഈ സഹകരണ സംഘത്തിലുള്ളത്. ഈ സഹകരണസംഘത്തിന്റെ ഓഹരി മൂലധനം 1530 രൂപയാണ്. കുറഞ്ഞകാലം കൊണ്ട് തന്നെ ഈ പ്രദേശങ്ങളിലെ പാൽ ഉൽപ്പദകർക്കിടയിൽ നല്ല സ്വാധിനമുണ്ടാക്കാൻ ഈ ക്ഷീരോൽപാദക സഹകരണത്തിന് കഴിഞ്ഞിട്ടുണ്ട്. 150 ലിറ്റർ പാൽ ദിനംപ്രതി സംഭരിച്ച് മിൽമക്ക് വിതരണം ചെയ്തുവരുന്നു. മെമ്പർമാരും അല്ലാത്തവരുമായ പാൽ ഉൽപാദകർക്ക് കാലിത്തീറ്റ സംഭരിച്ച് വിതരണം ചെയ്യുവാനും ഈ സഹകരണ സംഘത്തിന് കഴിയുന്നുണ്ട്.

**വാർഡ് തല ഗ്രാമ സഭകളിൽ നിന്നും സഹകരണ രംഗവുമായി ബന്ധപ്പെട്ട് വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും**

* പരമ്പരാഗത രംഗത്തെ തൊഴിലാളികളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കുക

* റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തനായി വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. മൂന്നു വാർഡുകൾക്കു ഒരു സംഘം എന്ന മാനദണ്ഡം കണക്കാക്കി പഞ്ചായത്തിൽ 3,4,8 വാർഡുകൾക്കായി ഒരു സഹകരണ സംഘവും 5,6,7വാർഡുകൾക്കായി മറ്റൊരു സഹകരണസംഘവും 9,10,11വാർഡുകൾക്കായി മറ്റൊന്നും 12,13വാർഡുകൾ ഉൾപ്പെടുത്തി ഒരു സഹകരണ സംഘവും 1,2,3 വാർഡുകൾപ്പെടുന്ന മറ്റൊരു വനിതാ സംഘവും തുടങ്ങാവുന്നതാണ്.

* വള്ളിക്കാട് കേന്ദ്രമാക്കി ഒരുസഹകരണ കൺസ്യൂമർ സ്റ്റോർ തുടങ്ങാവുന്നതാണ്.

* ക്ഷീരോൽപന്നങ്ങളും ക്ഷീര ജന്യമായ മറ്റു ഉൽപന്നങ്ങളുടെ നിർമ്മാണവും വിപണനവുമായി ബന്ധപ്പെടുത്തി 5,.8 വാർഡുകൾക്കൊന്നും 9,10, വാർഡുകൾക്കായി ഓരോ ക്ഷീരോൽപാദക പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

* പഞ്ചായത്തിൽ ഒരു പച്ചക്കറി ഉൽപാദന വിപണന സഹകരണ സംഘങ്ങൾ രൂപീകരിക്കുക

* ചോറോട് പഞ്ചായത്തിലെ മുട്ടുങ്ങൽ രയരങ്ങോത്ത് പ്രദേശം ഊരാളുങ്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വേർപെടുത്തി ചോറോട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരിക

* കല്ലുമ്മൽക്കായ കേടു കൂടാതെ സൂക്ഷിച്ചു സംഭരിച്ച് വിപണനം ചെയ്യാനായി പഞ്ചായത്തിലെ തീരദേശ പ്രദേശത്ത് കല്ലുമ്മൽക്കായ സംഭരണസംസ്കരണ വിപണന സഹകരണ സംഘങ്ങൾ രൂപീകരിക്കുക

* ചേന്ദമംഗലം തെരു, വൈക്കിലശ്ശേരി തെരു കേന്ദ്രങ്ങളിൽ നെയ്ത് സഹകരണ സംഘങ്ങൾ രൂപൂകരിക്കുക

* പഞ്ചായത്തിൽ ഒരു സഹകരണ പ്രിന്റിങ്ങ് പ്രസ്സ് ആരംഭിക്കുക

* പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക ഗൃഹോപകരണങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന ഒരു സഹകരണ സംഘത്തിന് രൂപം നൽകുക

* ഒരു നാളികേര സംഭരണ സംസ്കരണ വിപണനസംഘം രൂപീകരിക്കുക

* സഹകരണ മേഖലയിൽ ഒരു വെൽഡിങ്ങ് ഇന്റസ്ട്രി രൂപീകരിക്കുക

* പഞ്ചായത്തിലെ രണ്ടാം വാർഡ് കേന്ദ്രമാക്കി ഒരാധുനിക ലെയ്ത്ത് ഓട്ടോ മൊബൈൽ സഹകരണ സംഘം രൂപീകരിക്കുക

* അളവക്കൻ സ്മാരക വീവേഴ്സ് ഇന്റസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി പെട്ടെന്ന് തന്നെ പ്രവർത്തന ക്ഷമമാക്കുക

* രയരങ്ങോത്ത് പ്രദേശം ഒഴിച്ച് പ്രവർത്തന പരിധി വരുന്ന പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു യന്ത്ര വൽക്കൃത കയർ സൊസൈറ്റി സ്ഥാപിക്കുക

* അച്ചാർ, പപ്പടം എന്നിവ നിർമ്മിച്ച് വിപണനം നടത്താനായി

ഒരു സഹകരണ സംഘം രൂപീകരിക്കുക

• സിമന്റ് കൊണ്ടുള്ള കട്ടില, ജനവാതിൽ മുതലായവ നിർമ്മിക്കുന്ന ഒരു സഹകരണ സ്ഥാപനം തുടങ്ങുക

8 പ്ലാസ്റ്റിക്ക് കവറുകളും പേപ്പർ ബാഗുകളും നിർമ്മിക്കാവുന്ന വിധത്തിൽ ഒരു സഹകരണ സ്ഥാപനം തുടങ്ങുക

• വിവിധോദ്ദേശ വനിതാ സഹകരണ സംഘം രൂപീകരിക്കുക.

**പൊതു നിർദ്ദേശങ്ങൾ**

സഹകരണ ക്രെഡിറ്റ് മേഖലയിൽ ക്രെഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക

തെരഞ്ഞെടുക്കപ്പെട്ട ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ ഡ്രാഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുക

കാർഷിക കടങ്ങൾക്ക് കർഷകർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന പ്രൊഡക്ഷൻ കോസ്റ്റ് കാലതാമസം കൂടാതെ കിട്ടാനുള്ള നടപടി സ്വീകരിക്കുക

പഞ്ചായത്തിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും ഉപകാര പ്രദമാവുന്ന വിധത്തിൽ ചോറോട് സർവ്വീസ് സഹകരണ ബാങ്കിന് ഒരു സായാഹ്ന ശാഖ അനുവദിക്കുക

സഹകരണ സംഘങ്ങളിൽ കൂടി ഭൂമി പണയം വെക്കുമ്പോൾ കൊടുക്കുന്ന കടങ്ങൾക്കായി റജിസ്റ്റർ ചെയ്യുന്ന പണയാധാരത്തിന് ഏറെ സമയവും നഷ്ടവുമുണ്ടാകുന്നുണ്ട്. ഇതിന് പകരമായി ഇപ്പോൾ കാർഷിക വികസന ബാങ്കുകൾ നടപ്പിലാക്കിയ 'ഗഹാൻ' പോലുള്ള സമ്പ്രദായങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങളും ഏർപ്പെടുത്തുക

കാർഷിക കടം എഴുതിതള്ളിയ വകയിൽ കാർഷിക ബാങ്കുകൾക്ക് ഗവർമെന്റ് നൽകാനുള്ള കടാശ്വാസം ഉടൻ കൊടുത്തു തീർക്കുക

ഓരോ പഞ്ചായത്തിലും ഓരോ സഹകരണ സെല്ലുകൾ രൂപീകരിക്കുക

# പട്ടികജാതി പട്ടിക വർഗ ക്ഷേമം

നമ്മുടെ പഞ്ചായത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ, പട്ടികജാതിക്കാർ മാത്രമേ നിലവിലുള്ളൂ. 1991ലെ ജനസംഖ്യ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 32,947 ആണ്. ഇതിൽ കേവലം 2.3%വരുന്ന 758പട്ടിക ജാതിക്കാർ മത്രമേ ഉള്ളൂ. ഇതിൽ 393 സ്ത്രീകളും 365 പുരുഷൻമാരുമാണ്. ദേശീയ ശരാശരിയുമായി തികച്ചും പൊരുത്തപ്പെടുന്ന തരത്തിൽ സ്ത്രീകൾക്ക് തന്നെയാണ് ഇവിടെയും മുൻതൂക്കമുള്ളത്. ഈ വിഭാഗത്തിലെ 80% കുടുംബക്കാരും സാമൂഹ്യമായി പിന്നോക്കമാണെങ്കിലും സാമ്പത്തികമായി ഇതര വിഭാഗങ്ങളോടൊപ്പം നില്ക്കുന്നു. എന്നാലും ഈ വിഭാഗങ്ങൾ ഇന്നനുഭവിക്കുന്ന പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് വേണ്ടി മറ്റു വിഭാഗങ്ങളുമായി കൈകോർത്തു പോകുന്നതിനുള്ള പരിത:സ്ഥിതി സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ഉച്ചനീചത്വം, തൊട്ടുകൂടായ്മ, സാമൂഹ്യമായി അകറ്റി നിർത്തൽ തുടങ്ങിയ ദുഷിച്ച പ്രവണതകൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നത് സന്തോഷകരമാണെങ്കിലും ഇതിന് ഒരപവാദമെന്നോണം അഞ്ചാം വാർഡിൽ ജാതി ചൊല്ലി വിളിച്ച് ആക്ഷേപിക്കുന്ന പ്രവണത ഇന്നും നിലവിലുണ്ട് എന്നാണ് ആ ഗ്രാമസഭയിൽ ഉയർന്നു വന്ന പരാതി. സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ നിരവധിക്കാലം ചൂഷണതിതിന് വിധേയരായ ഈ വിഭാഗത്തിന് 4 സെന്റ് കോളനിയുടെയും ലക്ഷം വീടിന്റെയും ലഭ്യത ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ ഉതകിയിട്ടുണ്ട്.

എന്നിരുന്നാലും ഈ കൂട്ടത്തിൽ പായ നെയ്ത്തിൽ ഏർപ്പെട്ട് കുടുംബം പുലർത്തുന്ന വിഭാഗങ്ങൾ ഇന്നും സാമ്പത്തികമായി ഏറെ പിറകിലാണ്. ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പാക്കിവരുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവ് ഇല്ലാത്തതു കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൊണ്ടും ഫലപ്രദമായി ഉപയോഗപ്പടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. ഇത്തരം ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾ കോളനികളായി അംഗീകരിച്ച് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയാൽ മാത്രമേ ഇത്തരക്കാരുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ സാധ്യമാവുകയുള്ളൂ.

### വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസപരമായി ഇവരുടെ പങ്കാളിത്തം പട്ടിക 1ൽ കൊടുത്തിട്ടുണ്ട്.

| ആൺ | | | | പെൺ | | | |
|---|---|---|---|---|---|---|---|
| LP | UP | SSLC | TOTAL | LP | UP | SSLC | TOTAL |
| 8 | 26 | 13 | 47 | 7 | 21 | 10 | 38 |

സാക്ഷരതാ പരിപാടി മൂലം നിരക്ഷരത ഇല്ലാതായെങ്കിലും തുടർ സാക്ഷരത ആഗ്രഹിക്കുന്നവർ ഇവിടെയുണ്ട്. പൊതുവെ SSLCക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം കുറവാണ്. അപൂർവ്വമായി ഉന്നത വിദ്യാസമ്പന്നരും ഇവരുടെ ഇടയിൽ നിലവിലുണ്ട്. ബോധവൽക്കരണത്തിലൂടെ സെക്കന്ററി വിദ്യാഭ്യാസത്തിനപ്പുറമുള്ള പഠന നിലവാരത്തിലേക്ക് ഇവരെ എത്തിക്കാൻ കഴിയും.

**ആനുകൂല്യവും ബോധവൽക്കരണവും**

1. പോസ്റ്റ് മെട്രിക്ക് വിദ്യാഭ്യാസം പ്രീ ഡിഗ്രി മുതൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യത്തിന് പുറമേ ലംപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പന്റ് ദൂരസ്ഥലങ്ങളിൽ നിന്ന് വന്നു പഠിക്കുന്ന വിദ്യർത്ഥികൾക്ക് വേണ്ടി ജില്ലയിൽ നിലവിലുള്ള രണ്ടു പോസ്റ്റ് മെട്രിക്ക് ഹോസ്ററലുകൾ പ്രയോജനപ്പെടുത്തൽ എന്നിവയെ സംബന്ധിച്ച ബോധവൽക്കരണം

2. SSLC, PDC, DC എന്നീ പരീക്ഷകളിൽ തോറ്റ വിദ്യാർത്ഥികൾക്ക് തോററ വിഷയങ്ങൾക്ക് കുറഞ്ഞത് 25% മാർക്ക് കിട്ടിയിട്ടുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികൾക്ക് ധന സഹഹായം, PSC എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ സ്ഥാപനങ്ങൾ എന്നിവയിൽ ഒഴിവുവരുന്ന സ്ഥാപനങ്ങളിലേയ്ക്ക് ഇന്റർവ്യൂവിന് ഹാജരാകാനുള്ള യാത്രാ ചെലവ് നൽകിവരുന്നതും സംബന്ധിച്ച ബോധവൽക്കരണം.

3. ഭൂരഹിത കർഷകതൊഴിലാളികൾക്ക് 25000 രൂപ സ്ഥലം വാങ്ങാനും 25000 രൂപ വീടുവയ്ക്കാനും കൂടി 50000 രൂപയും കിണർകുഴിച്ച് പമ്പ്സെറ്റ് വെയ്ക്കാൻ 30000 രൂപ സബ്സിഡി നൽകുകയും ചെയ്യുന്നത് സംബന്ധിച്ച ബോധവൽക്കരണം.

**തൊഴിൽ :**

പട്ടികജാതി വിഭാഗക്കാരായി ഈ പഞ്ചായത്തിൽ താമസിക്കുന്ന ബഹുഭൂരിപക്ഷവും കെട്ടിട നിർമ്മാണ തൊഴിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവർ തുലോം കുറവാണ്. എന്നാൽ പരമ്പരാഗതമായി നാടൻ കലാരൂപത്തിലുള്ള തെയ്യം കോലം തുടങ്ങിയ ജോലികൾ ചെയ്തു ഉപജീവനം കഴിക്കുന്നവരും ഇവിടെ ഉണ്ട്. മുകളിൽ സൂചിപ്പിച്ച കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് മേൽത്തരം കൂലിനിരക്ക് യാതൊരു വിവേചനവും കൂടാതെ ഇവിടെ ലഭ്യമാണ്. ഈ പഞ്ചായത്തിൽ മുമ്പുണ്ടായിരുന്ന നെൽപാടങ്ങളിൽ അധിക ഭാഗവും നികത്തി കര പ്രദേശമാക്കി മാറ്റിയത്കൊണ്ട് നെൽകൃഷി തീരെ കുറവാണ്. അതിൽത്തന്നെ നടന്നുവരുന്ന കാർഷിക പ്രവൃത്തികളിൽ മറ്റു മേഖലകളിൽ കിട്ടുന്ന കൂലിനിരക്ക് കാരണം ഇവരുടെ പങ്കാളിത്തം കുറവാണ്. പായനെയ്ത്തു തൊഴിലുമായി ബന്ധപ്പെട്ട ഒറ്റപ്പെട്ട കുടുംബങ്ങൾ ഉണ്ടെങ്കിലും കൈതോല ലഭിക്കാത്തതിന്റെ പേരിൽ ആ കുടിൽ വ്യവസായം തകർന്നു പോയിരിക്കുന്നു.

**പാർപ്പിടം:**

സ്വന്തമായി പാർപ്പിടവും സ്ഥലവും ഉള്ളവർ ഭൂരിപക്ഷം ഉണ്ടെങ്കിൽതന്നെ 4 സെന്റ് കോളനി, ലക്ഷം വീട് എന്നിവയിലും താമസ യോഗ്യമല്ലാത്ത ചെറ്റക്കുടിലുകളിൽ പാർക്കുന്നവരും ഇവിടെ ഉണ്ട്. ഇവർ എണ്ണത്തിൽ കുറവാണ്. ഇതോടൊപ്പം തന്നെ തീരെ വീടുകൾ ഇല്ലാത്ത പത്തോളം കുടുംബങ്ങൾ ഉണ്ട്. വീട് നിർമ്മാണത്തിന് സർക്കാർ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പലരും വീടുകൾക്കുള്ള അപേക്ഷ നൽകുന്നില്ല. കൂടാതെ സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന സൗജന്യങ്ങളും മറ്റാനുകൂല്യങ്ങളും സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതിനാൽ ഈ വിഭാഗത്തിൽപ്പെടുന്ന ബഹഭൂരിപക്ഷത്തിനും ഇത്തരം ആനകൂല്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയാതെ പോകുന്നു. പലവീടുകളിലും കക്കൂസ് സൗകര്യം നാമമാത്രമാണ്. ആധുനിക രീതിയിലുള്ള കക്കൂസ് സൗകര്യങ്ങളുള്ള വീടുകൾ വിരലിൽ എണ്ണാവുന്നവ മാത്രമാണ്. പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ പൊതുവായി അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം ഈ വിഭാഗത്തെയും ബാധിക്കുന്നുണ്ട്. പ്രത്യേകിച്ച് നാലു സെന്റു കോളനികളിലും ലക്ഷംവീടുകളിലും താമസിക്കുന്നവരെയാണ് കൂടതലും ബാധിക്കുന്നത്.

**പ്രശ്നങ്ങൾ:**

1. വിദ്യാഭ്യാസ പുരോഗതി വേണ്ടത്ര കൈവരിച്ചിട്ടില്ല 2. തൊഴിലവസരങ്ങൾക്ക് കാർഷിക മേഖല വേണ്ട വിധം ഉപയോഗപ്പെടുത്തുന്നില്ല 3. മുഴുവൻ പേർക്കും സ്വന്തമായ വീടില്ല. വീട് വെക്കാൻ സ്ഥലവും ഇല്ല. 4. സർക്കാർ സബ്സിഡികളും മറ്റാനുസൂല്യങ്ങളും ദുർവിലയോഗം ചെയ്യുകയും ആവശ്യത്തിന് ഉപയോഗപ്പെടുത്താതിരിക്കുകയും ചെയ്യുന്നു. 5. കുടിവെള്ളം ആവശ്യത്തിനില്ല 6. വൈദ്യുതി ആവശ്യത്തിനില്ല 7. പൊതു ശ്മശാനം ഇല്ല 8. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചമല്ല

**സാധ്യതകൾ:**

1. 5മുതൽ 10 വരെയുള്ള ക്ലാസുകളിൽ പ്രീ മെട്രിക് ഹോസ്ററലുകൾ സ്ഥാപിക്കുക 2. സെക്കന്ററി വിദ്യാഭ്യാസത്തിലുള്ള പിന്നോക്കക്കരായ കുട്ടികളെ കൂടുതൽ നിലവാരത്തിലെത്തിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു കോച്ചിങ്ങ് സെന്റർ തുടങ്ങുക. 3. മേൽ പറഞ്ഞ തരത്തിലുള്ള കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുക 4. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക വിദ്യാഭ്യാസ രംഗത്തേക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുള്ള അധികാരം നിലവിലുള്ള സംവിധാനം മാറ്റി പഞ്ചായത്ത് ഭരണ സമിതിക്ക് നൽകുക 5. നിർമ്മാണ തൊഴിലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്ക് നിർമ്മിതി കേന്ദ്രം മുഖേന തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക 6. സർക്കാർ സൗജന്യങ്ങൾ വഴിമാറി ചിലവാക്കുന്നത് തടയാൻ ജനകീയ സമിതികൾ ( വാർഡു മെമ്പറുടെ നേതൃത്വത്തിൽ ) പ്രവൃത്തി ഏറ്റെടുത്ത് നടത്തുക 7. കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക 8. വൈദ്യുതി ലഭ്യമല്ലാത്ത വീടുകൾ വൈദ്യുതീകരിച്ച് നൽകുക

# വിഭവസമാഹരണം

വടകര ബ്ലോക്കിൽ ഏറ്റവും വരുമാനം കുറഞ്ഞ പഞ്ചായത്താണ് ചോറോട് പഞ്ചായത്ത്. എടുത്തു പറയത്തക്ക യാതൊരു ധനാഗമ മാർഗവും നമ്മുടെ പഞ്ചായത്തിലില്ല. നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും വലിയ വരുമാനം വീട്ടു നികുതി തന്നെയാണ്. തൊഴിൽ നികുതിയും ലൈസൻസ് ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും ചെറിയ വരുമാനമുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കെട്ടിട നികുതി 3,01,399.65 രൂപയും തൊഴിൽ നികുതിയിനത്തിൽ16,566 രൂപയും സ്റ്റാമ്പ് ഡ്യൂട്ടി 1,45, 547രൂപയും ലൈസൻസ് ഫീസിനത്തിൽ 20,877 രൂപയും ആണ്. ഈയിനങ്ങളിലാകെ 6,33,433 രൂപയാണ് പഞ്ചായത്തിന്റെ വരുമാനം. ഈ പരിമിതമായ വരുമാനത്തിൽ നിന്നുകൊണ്ട് പഞ്ചായത്തിന് സ്വന്തമായി വികസന പ്രവർത്തനങ്ങൾ നടത്തുന്നത് വിവിധ സർക്കാർ ഗ്രാന്റുകൾ ഉപയോഗിച്ചാണ്. ഈയവസ്ഥയ്ക്ക് മാറ്റം വരുത്താൻ കഴിയണമെങ്കിൽ വരുമാന വർദ്ധനവ് ഉണ്ടാക്കിയേ പറ്റൂ.

### കൃഷി:

കൃഷിയാണ് ഈ പഞ്ചായത്തിലെ പ്രധാന തൊഴിൽ മേഖല. നെൽകൃഷി ഇപ്പോൾ ഈ പഞ്ചായത്തിൽ നാമമാത്രമാണ്. നെൽകൃഷിയുടെ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണം ഈ രംഗത്ത് തൊഴിലാളികളെ കിട്ടാനുള്ള പ്രയാസം പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികളെ. വർദ്ധിച്ച കൂലി, വള വിലവർദ്ധന, ചാണകം പോലെയുള്ള ജൈവവളങ്ങുടെ വിലക്കൂടുതൽ എന്നിവ നെൽകൃഷി അനാദായകരമായ ഒരു മേഖലയാക്കി മാറ്റിയിരിക്കുന്നു. അതുകൊണ്ട് നെൽപാടങ്ങൾ നികത്തി തെങ്ങുകൃഷിയിലേക്ക് മാറുന്ന അവസ്ഥ വ്യാപകമാവുന്നു. ഇപ്പോൾ കൃഷി ഭവൻ മുഖേന നടപ്പാക്കുന്ന കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രൊജക്റ്റ് ആവശ്യമായ എല്ലാ സ്ഥലങ്ങളിലും ഉണ്ടാക്കാൻ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ നളികേര കൃഷിയുള്ള ഈ പഞ്ചായത്തിൽ ഇന്നത്തെ നാളികേര ഉൽപാദനം പലമടങ്ങ് വർദ്ധിപ്പിക്കാൻ കഴിയും. ഈ രംഗത്ത് ആവശ്യമായ കാര്യങ്ങൾ പഞ്ചായത്ത് മുൻകൈയെടുത്ത് നടത്തണം. ജലസേചനത്തിന്റെ കാര്യം വരുമ്പോൾ ഏറ്റവും പ്രധാന വിലങ്ങുതടി വിദ്യുഛക്തിയുടെ അഭാവമാണ്. ജലസേചനത്തിന് വിദ്യുഛക്തിയുൽപാദനം വർദ്ധിപ്പിക്കാതെ കാർഷിക ഉൽപാദന വർദ്ധന പ്രയോഗികമല്ല. ജലസേചനത്തിനുള്ള സൗകര്യമുണ്ടാവുകയാണെങ്കിൽ പച്ചക്കറികൃഷി വ്യാപകമായി നടത്താൻ പറ്റും. അത് ഒരു പൊതു ധനാഗമമാർഗമായി മാറ്റിയെടുക്കാം.

### വ്യവസായം:

ഈ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വ്യവസായങ്ങൾ 3 ദിനേശ്ബീഡി കമ്പനികൾ, റാണി മിൽസ്, കൈനാട്ടിയിലും പുഞ്ചിരി മില്ലിലും ഉള്ള വർക്കു ഷോപ്പുകൾ, ബസ് ബോഡി ബിൽഡിങ്, ഓട്, ഇഷ്ടിക കമ്പനി, ചേന്ദമംഗലത്തെ റ്റ്ര പൈപ്പ് നിർമ്മാണ കേന്ദ്രങ്ങൾ, അലൂമിനിയം പാത്ര നിർമ്മാണ കേന്ദ്രം, കൈനാട്ടിയിലെ ഫൈബർ ഗ്ലാസ് ഇൻഡസ്ട്രി, ഗാർമെൻ മെയ്ക്കിങ്. രയരങ്ങോത്ത് ആരംഭിക്കാനിരിക്കുന്ന 100 സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതയുള്ള കയർ വ്യവസായ കേന്ദ്രം,പെരുവാട്ടും താഴ കേന്ദ്രീകരിച്ചുള്ള കൊപ്ര വ്യവസായം എന്നിവയാണ്.

പ്രധാനപ്പെട്ട ഇലക്ട്രോണിക്ക് വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് അവയ്ക്കാവശ്യമായ സ്പെയർ പാർട്ടുകൾ കുടിൽ വ്യവസായ അടിസ്ഥാനത്തിൽ നിർമ്മിച്ചു കൊടുക്കുന്ന ഏർപ്പാടുണ്ടായാൽ ധാരാളം ആളുകൾക്ക് ഈ രംഗത്ത് തൊഴിലുണ്ടാക്കാനും നമ്മുടെ പൊതു വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

### ക്ഷീരവ്യവസായം:

നല്ലയിനം കന്നുകാലികളെ വളർത്തൽ ഒരു നല്ല തൊഴിൽ മേഖലയാണ്. ആ രംഗത്തുള്ള ഏറ്റവും വലിയ പ്രശ്നം പാലിന് മാർക്കറ്റ് ഇല്ലായ്മയാണ്. പാലിന് ആദായകരമായ വില കിട്ടാവുന്ന

തരത്തിൽ പാൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കപ്പെട്ടാൽ മാർക്കറ്റ് ഇല്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. പുല്ലിന്റെ വില ഈ രംഗത്തെ ഏറ്റവും വലിയ പ്രശ്നമാണ്. എല്ലാകാലത്തും പച്ചപുല്ല് കിട്ടാവുന്ന തരത്തിൽ പുൽകൃഷി വ്യാപകമാക്കിയാൽ ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയും. അതിന് വേനൽക്കാലത്ത് ജലസേചന സൗകര്യം അത്യാവശ്യഘടകമാണ്.

## വിഭവ സമാഹരണം

1. **കെട്ടിടനികുതി**: കെട്ടിടനികുതിയാണ് നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗം. വടകര മുനിസിപ്പാലിറ്റിയോട് തൊട്ടുകിടക്കുന്ന പഞ്ചായത്ത് എന്ന നിലയിലേയ്ക്ക് വിലപിടിപ്പുള്ള ധാരാളം വീടുകൾ ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടുവരുന്നുണ്ട്. ഈ രംഗത്ത് ശാസ്ത്രീയ മാർഗ്ഗം അവലംബിച്ചാൽ ഈ മേഖലയിലെ വരുമാനം കാര്യമായി വർദ്ധിപ്പിക്കാൻ കഴിയും. ഇപ്പോൾ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് കെട്ടിടങ്ങളുടെ അവസാന മിനുക്കുപണി കഴിയുന്നതിനു മുൻപാണ്. കെട്ടിട നികുതി ചുമത്തുന്ന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മുമ്പാകെ വരുമാന കമ്മീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണവും സ്കെൽട്ടണും മാത്രമേ ഉണ്ടാവുകയുള്ളൂ. ഇതുവെച്ചുകൊണ്ടാണ് നികുതി ചുമത്തുന്നത്. നികുതി കണക്കാക്കപ്പെട്ടതിനു ശേഷമാണ് കെട്ടിടം പണിയുമായി ബന്ധപ്പെട്ടിട്ടുള്ള പ്രധാന ചിലവ് മുഴുവൻ ഉണ്ടാവുന്നത്. തറക്ക് മാർബിൾ ഗ്രാനൈറ്റ് വാതിലുകൾക്ക് മനോഹരമായ കൊത്തുപണികൾ, വിലപിടിപ്പുള്ള വൈദ്യുത അലങ്കാരങ്ങൾ, ടൈൽസ്, എന്നിവയൊന്നും കണക്കാക്കപ്പെടുന്നില്ല. അതുകൊണ്ട് പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ ഇത്തരം തറ വിസ്തീർണ്ണം മാത്രം പരിഗണിച്ച് നികുതി ചുമത്തുന്ന രീതി അവസാനിപ്പിച്ച് വീട് ഫിനിഷ് ചെയ്യുമ്പോഴുള്ള സ്ഥിതി കണക്കാക്കിണ് നികുതി ചുമത്തണം. ഒരു നിശ്ചിത തുകയ്ക്കുമേൽ ചിലവ് വരുന്ന കെടിടങ്ങൾക്ക് നിർമ്മാണ ഘട്ടത്തിൽ ഒരു നിശ്ചിത തുകയ്ക്കുമേൽ ചിലവ് വരുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണ ഘട്ടത്തിൽ ഒരു നിശ്ചിത ശതമാനം ഫീസ് ചുമത്തണം. അഞ്ചുലക്ഷം രൂപയ്ക്കുമേൽ ചിലവ് വരുന്ന വീടുകൾക്ക് ചിലവിന്റെ ഒരു ശതമാനം ഈയിനത്തിൽ ഫീസായി ചുമത്തണമെന്ന് നിർദ്ദേശിക്കുന്നു. വീടുകളില്ലാത്ത കെട്ടിടങ്ങൾക്ക് അവയുടെ യഥാർത്ഥ വാടകയുടെ സ്ഥാനത്തിൽ നികുതി ചുമത്തണം.

**തൊഴിൽ നികുതി**: ഇപ്പോൾ തൊഴിൽ നികുതി ഈടാക്കുന്നത് സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ അതുപോലുള്ള മാസ ശമ്പളം പറ്റുന്നവരിൽ നിന്നു മാത്രമാണ്. എന്നാൽ ഇവരേക്കാൾ കൂടുതൽ വരുമാനമുള്ള വിദഗ്ദ്ധ തൊഴിൽ രംഗങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നികുതി ചുമത്തപ്പെടുന്നില്ല. ഈയവസ്ഥക്ക് മാറ്റം ഉണ്ടാവേണ്ടതുണ്ട്. മരപ്പണി (ആശാരി)ക്കാരുൾപ്പെടെയുള്ള കെട്ടിട നിർമ്മാണ തൊഴിലാളികൾ, സ്വർണ്ണത്തൊഴിലാളികൾ, വ്യവസായ സ്ഥാപനങ്ങളിലെ വിദഗ്ദ്ധ തൊഴിലാളികൾ, മോട്ടോർ മെക്കാനിക്കൽ എന്നിവരുടെ മാസവരുമാനം കണക്കാക്കി ഈ വിഭാഗത്തിൽ പെട്ടവർക്കും തൊഴിൽ നികുതി ചുമത്താൻ കഴിഞ്ഞാൽ നമ്മുടെ വരുമാനം കാര്യമായി വർദ്ധിപ്പിക്കാൻ പറ്റും.

**വിനോദ നികുതി**: വടകര ബ്ലോക്കിൽ സിനിമാശാലകളില്ലാത്ത ഏക പഞ്ചായത്ത് നമ്മുടേതാണ്. അത് നമ്മുടെ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗത്തെ വല്ലാതെ ബാധിക്കുന്നു. അതുകൊണ്ട് പഞ്ചായത്തിൽ ഒരു സിനിമാശാല തുടങ്ങാൻ തയ്യാറുള്ള ആളുകളെ കണ്ടെത്തി സിനിമാശാല ആരംഭിക്കാൻ പഞ്ചായത്ത് ഭരണ സമിതി മുൻകൈയെടുക്കണം. പെരുവന വയലിലുള്ള മിനി സ്റ്റേഡിയത്തിൽ ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ ഏതെങ്കിലും സർക്കസ്സ് കമ്പനിയുമായി ബന്ധപ്പെട്ട് പരിപാടി അവതരിപ്പിക്കുവാൻ കഴിഞ്ഞാൽ വിനോദനികുതിയിനത്തിൽ നമുക്ക് വരുമാനം കൂട്ടാൻ കഴിയും.

**മത്സ്യമാർക്കറ്റ്**: വള്ളിക്കാട് അങ്ങാടിയിൽ പഞ്ടായത്തിന്റെ വക ഉപയോഗശൂന്യമായ ഒരു മത്സ്യമാർക്കറ്റ് ഇന്നുണ്ട്. അത് ഇടിഞ്ഞുപൊളിഞ്ഞ് വീഴാവുന്ന അവസ്ഥയിലാണ്. അതുപൊളിച്ചുമാറ്റി ആ സ്ഥലം മുഴുവൻ ഉപയോഗപ്പെടുത്തി ഏതാനും ചെറിയ ഷോപ്പുകളും ഉൾപ്പെടുന്ന രൂപത്തിൽ അത് പുതുക്കിപ്പണിതാൽ പഞ്ചായത്തിന്റെ വരുമാനത്തിൽവർദ്ധനവ് ഉണ്ടാക്കാൻ കഴിയും. അതുപോലെ ത ന്ന ചോറോടു ഗെയിറ്റിലും, കൈനാട്ടിയിലും മത്സ്യമാർക്കറ്റുകളുണ്ടാക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

**സർക്കാർഭൂമി**: നമ്മുടെ പഞ്ചായത്തിലുള്ള സർക്കാരധീനതയിലുള്ള (പുറം പോക്ക്) ഭൂമി കണ്ടെത്തി അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ അടിയന്തിര നടപടി സ്വീകരിക്കണം. അങ്ങിനെയുള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞാൽ അതുവഴിയും പഞ്ചായത്തിന് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാം.

**ഖനനം** :പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ വയലുകളിൽ കളിമൺ ഖനനം വൻതോതിൽ നടക്കുന്നുണ്ട്. എന്നാൽ ഇതിൽ നിന്ന് പഞ്ചായത്തിന് യാതൊരു വരുമാനവമില്ല. അതുപോലെ തന്നെ വ്യാപകമായ രൂപത്തിൽ കല്ലുവെട്ടും, കുന്ന് ഇടിച്ച് മണ്ണ് കൊണ്ടുപോകുന്ന ഏർപ്പാടും പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ കൂടുതലായ[illegible]ടക്കുന്നുണ്ട്. ഇത് കണ്ടെത്തി ഇതിൽ നിന്ന് ലൈസൻസ് ഫീസ[illegible]നത്തിലോ, തൊഴിൽ നികുതിയിനത്തിലൊ നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണം.

**ബാങ്ക് ഫൈനാൻസ്**: ബാങ്ക് ഫൈനാൻസിഗ് രംഗത്ത് പഞ്ചായത്തിൽ സ്ഥാപനങ്ങൾ ഇല്ലെന്ന് തന്നെ പറയാം. രണ്ടു ബ്രാഞ്ചുകളുള്ള ചോറോട് സർവ്വീസ് ബാങ്കും, പെരുവാട്ടം താഴയിൽ കാത്തലിക് സിറിയൻ ബാങ്കുമാണ് ഇവിടുത്തെ ധനമിടപാടു സ്ഥാപനങ്ങൾ. കമേഴ്സിയൽ ബാങ്കുകളെ ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്ത് ആസ്ഥാനമായ കൈനാട്ടിയിലും, പെരുവാട്ടും താഴയിലും ബാങ്കുകശാഖകൾ ആരംഭിക്കാൻ കഴിഞ്ഞാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനം വർദ്ധിക്കാനും ബാങ്കുകൾ സമാഹരിക്കുന്ന തുകയിൽ നല്ലൊരു പങ്ക് നമ്മുടെ

പഞ്ചായത്തിലെ കാർഷിക വ്യവസായ രംഗത്ത് സംരംഭങ്ങൾ ആരംഭിക്കാൻ തയ്യാറുള്ള ആളുകൾക്ക് ധനസഹായം നൽകാനും അതുവഴി പുതിയ തൊഴിൽ സംരഭങ്ങൾ ഉണ്ടാക്കാനും പഞ്ചായത്തിന്റെ പൊതു വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

**ഭൂനികുതി**: ഭൂനികുതി പിരിവ് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരണം. ഇപ്പോൾ, ഏക്കറിന് 20 രൂപയെങ്കിലുമാക്കി നിജപ്പെടുത്തണം. ഭൂനികുതി ഭൂമിയൽ നിന്നും കിട്ടുന്ന വരുമാനത്തിന്റെയടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുകയും ഓരോ ഇനം ഭൂമിയിലും ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ് കാലത്ത് നികുതി പിരിക്കുന്ന ഏർപ്പാട് ഉണ്ടാക്കുകയും വേണം.

**ഷോപ്പിംഗ് കോംപ്ലക്സ്** :ഈ പഞ്ചായത്തിന്റെ പ്രത്യേകത ആസ്ഥാനമായ കൈനാട്ടിയിൽ റോഡരുകിൽ സ്ഥലം കിട്ടാൻ വളരെ പ്രയാസവും, ഏറെ വിലയും ഉണ്ടെന്നുള്ളതാണ്. അതുകൊണ്ട് സ്ഥലം വാങ്ങി ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുക എന്നത് പ്രായോഗികമല്ല. ഷോപ്പിംഗ് കോംപ്ലക്സ് പണിയാൻ ഒരു നിർദ്ദേശം ഈ കമ്മിറ്റി മുന്നോട്ടു വെക്കുന്നു. ഇപ്പോൾ കൈനാട്ടിയിലുള്ള പഞ്ചായത്താഫീസ് കെട്ടിടം നിൽക്കുന്ന സ്ഥലത്ത് ഇപ്പോഴത്തെ ആഫീസ് പൊളിച്ചു മാറ്റി താഴെ ഷോപ്പുകളും മുകളിൽ പഞ്ചായത്ത് ഓഫീസ് മാറ്റി സർക്കാരാഫീസുകളും പ്രവർത്തിപ്പിക്കാൻ പറ്റാവുന്ന രൂപത്തിൽ ഒരു ബിൽഡിംഗ് കോംപ്ലക്സ് നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും, ഇങ്ങനെ പഞ്ചായത്ത് ഓഫീസിന്റെ അസൗകര്യം പരിഹരിക്കാനും കഴിയും. ഇതിന്റെ നിർമ്മാണഘട്ടത്തിൽ പഞ്ചായത്ത് ഓഫീസ് തൽക്കാലം സാംസ്കാരിക നിലയത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കാവുന്നതാണ്.

**കമ്മ്യൂണിറ്റി ഹാൾ**: നമ്മുടെ അയൽ പഞ്ചായത്തുകളിലെല്ലാം കമ്മ്യൂണിറ്റി ഹാളുകളുണ്ട്. കമ്മ്യൂണിറ്റി ഹാളിന് സ്ഥല ലഭ്യത ഒരു പ്രശ്നമാണ്. അതിനൊരു പരിഹാര നിർദ്ദേശം ഈ കമ്മിറ്റി മുന്നോട്ടുവെക്കുന്നു. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് ഒന്നോ രണ്ടോ ഏക്കർ സ്ഥലം വാങ്ങി ഇപ്പോൾ പെരുവന വയലിലുള്ള സ്റ്റേഡിയം അവിടുത്തേക്ക് മാറ്റുകയും സ്റ്റേഡിയത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാൻ അതിനാവശ്യമായ സാമ്പത്തിക സഹായം ഏതെങ്കിലും സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വാങ്ങുക. അങ്ങനെ വന്നാൽ പൊതു പരിപാടികൾ കല്യാണം തുടങ്ങിയ സാമൂഹ്യ ഏർപ്പാടുകൾക്കും ഇത് ഉപയോഗപ്പെടുത്താം. നമ്മുടെ വരുമാനമാർഗം ഇതു വഴി വർദ്ധിപ്പിക്കാൻ കഴിയും

**മനുഷ്യധ്വാനം.**

നമ്മുടെ ഈ, ,ബ്ലോക്കിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ട് അഭ്യസ്ത വിദ്യരായ യുവതിയുവാക്കൾ ഈ പഞ്ചായത്തിൽ കൂടുതലാണ്. ഇവരിൽ ബരുദവും, വിരുദാനന്തര ബിരുദവും, സാങ്കേതിക വൈദഗ്ദ്ധ്യം, വിദ്ഗ്ദ്ധ തൊഴിൽ പരിശീലനം നേടിയവരും ധാരാളം ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന യുവജനസംഘടനകളേയും സന്നദ്ധസാസ്കാരിക സംഘടനകളേയും ബന്ധപ്പെടുത്തി ഒരു സ്ഥിരം സന്നദ്ധ സംഘം രൂപീകരിക്കാൻ കഴിഞ്ഞാൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വിദഗ്ദ്ധ തൊഴിലാളികളുൾപ്പെടെയുള്ള തൊഴിലാളികളെ സംഭാവന ചെയ്യാൻ ഇനിയും കഴിയും. അങ്ങിനെ വന്നാൽ ഈ സന്നദ്ധ സംഘത്തെ ഉപയോഗപ്പെടുത്തി കാർഷിക വ്യാവസായിക മേഖലകളിലും, മറ്റ് വികസന മേഖനകളിലും ഉൽപ്പാദനം കാര്യമായി വർദ്ധിപ്പിക്കാൻ കഴിയും.

**ദേശീയ സമ്പാദ്യ പദ്ധതി**: ദേശീയ സമ്പാദ്യ പദ്ധതി വഴി സമാഹരിക്കപ്പെടുന്ന തുകയുടെ 1520 %വരെ അതതു പഞ്ചായത്തുകൾക്ക് ലഭിക്കുന്ന അവസ്ഥ ഇപ്പോൾ നിലവിലുണ്ട്. ജനങ്ങൾക്ക് പൊതുവെ സമ്പാദ്യശീലം കുടിയിട്ടുണ്ട്. ഈ സമ്പാദ്യശീലം ഉപയോഗപ്പെടുത്തി പഞ്ചായത്ത് അംഗങ്ങളും വാർഡ് വികസന സമിതികളും മഹിളാ പ്രധാന ഏജൻസികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപം ഉണ്ടാക്കിയാൽ ദേശീയ വരുമാനത്തിൽ പൊതുവായി വർദ്ധനവുണ്ടാക്കാനും അതുവഴി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഇതിന്റെ 25% സ്വരൂപിക്കാനും കഴിയും.

**വിവാഹ രജിസ്ട്രേഷൻ**: പഞ്ചായത്തിൽ നടക്കുന്ന വിവാഹങ്ങളിൽ വലിയ പങ്കും ഇപ്പോൾ റജിസ്റ്റർ ചെയ്യപ്പെടുന്നില്ല. റജിസ്റ്റർ ചെയ്യപ്പെടുന്നതിനു തന്നെ യാതൊരു ഫീസും ഈടാക്കുന്നില്ല. വിവാഹങ്ങൾക്ക് ലക്ഷക്കണക്കിനു രൂപ പാവപ്പെട്ടവർ പോലും ധൂർത്തടിക്കുന്ന ഇന്നത്തെക്കാലത്ത് പഞ്ചായത്തിൽ നടക്കുന്ന മുഴുവൻ വിവാഹങ്ങളും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്താൽ പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും.

**ചിലവ്**

**1. പൊതുമരാമത്ത്**: പഞ്ചായത്ത് വരുമാനത്തിന്റെ വലിയൊരു പങ്ക് ചിലവഴിക്കുന്നത് ഈ രംഗത്താണ്. റോഡുകൾ, നടപ്പാതകൾ,പാലങ്ങൾ, എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കുമാണ് ഈ തുക കൂടുതലായും ചിലവഴിക്കുന്നത്. റോഡുകളുടെ അറ്റകുറ്റപണികളുടെ പേരിൽ 5000 രൂപയിൽ ഉൾക്കൊള്ളുന്ന തുക യാതൊരു നിയന്ത്രണവുമില്ലാത്ത തരത്തിൽ ചിലവഴിക്കപ്പെടുന്നുണ്ട്. 13 വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ ലക്ഷക്കണക്കിന് രൂപ വർഷം തോറും ഇങ്ങനെ ചിലവഴിക്കപ്പെടുന്നു. 5000രൂപ വീതം ഇങ്ങനെ ചിലവഴിക്കുന്നതുകൊണ്ട് റോഡുകൾക്ക് ഫലത്തിൽ ഒരു കാര്യവുമില്ല. അതുകൊണ്ട് ഈ 5000 രൂപയുടെ പ്രവർത്തികൾ ശക്തമായും നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഇങ്ങിനെ ചില വഴിക്കപ്പെടുന്ന ലക്ഷക്കണക്കിന് രൂപ ഒരു പ്രത്യേക വർക്കിനായി ചിലവഴിച്ചാൽ അത് ഏറെ ഫലപ്രദമായിരിക്കും. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപണിക അതതു വാർഡുകളിലെ വികസന സമിതി മുൻകൈയെടുത്ത് സന്നദ്ധ പ്രവർത്തനങ്ങളിലൂടെ നടത്താനാവശ്യമായ ഏർപ്പാടുകളുണ്ടാക്കണം. അങ്ങിനെ വന്നാൽ ഈയിനത്തിൽ വർഷംതോറും ചിലവഴിക്കുന്ന ഭീമമായ സംഖ്യ കൂടുതൽ ഫലപ്രദമായി മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയും.

### 2. വിദ്യാഭ്യാസം:

ഇപ്പോൾ നമ്മുടെ ഏതാണ്ട് എല്ലാ വാർഡുകളിലും വിദ്യാഭ്യാസ സമിതികൾ നിലവിലുണ്ട്. ഈ സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇ സമിതികളെ ഫലപ്രദമായി പ്രവർത്തിപ്പിച്ചാൽ പ്രാഥമിക വിദ്യാലയങ്ങളിലെ പഠന സൗകര്യവും പഠന നിലവാരവും മെച്ചപ്പെടുത്താനാവും. വിദ്യാഭ്യാസ സമിതികൾ മുൻകൈയെടുത്ത് പി.ടി.എ കമ്മിറ്റികളുമായി ബന്ധപ്പെട്ട് ഏറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. ഇതിനാവശ്യമായി വരുന്ന തുക പ്രദേശികമായി സമാഹരിക്കാനും ഇത്തരം സമിതികൾക്ക് കഴിയണം.

### 3. സാംസ്കാരികം:

നമ്മുടെ പഞ്ചായത്തിൽ കുറേ വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഏതാനും ഗ്രന്ഥാലയങ്ങളുമുണ്ട്. ഇത്തരം വായനശാലകൾ ചിലതെങ്കിലും ബഹുജന പങ്കാളിത്തത്തോടുകൂടി ഗ്രന്ഥാലയങ്ങളാക്കി മാറ്റാൻ കഴിയണം. വായനശാലകൾക്ക് പഞ്ചായത്ത് ഇപ്പോൾ ഒരു പത്രം നൽകുന്നുണ്ട്. അത് രണ്ട പത്രമാക്കി വർദ്ധിപ്പിക്കണം. വായന ശാലകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സജീവമാക്കാൻ വാർഡു വിദ്യാഭ്യാസ സമിതിയും വികസന സമിതിയും വായനശാലാ കമ്മറ്റിയും കൂട്ടായി പ്രവർത്തിക്കണം.

1995 - 96 വർഷത്തെ ഗ്രാന്റ് വിവരം

| VRM | MI | VTI | അടിസ്ഥാന നികുതി | | സ്പെഷൽ ഗ്രാന്റ് | JRY | അൺടൈഡ് ഫണ്ട് | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25/ക | 25/ക | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 16831 | 2780 | 91412 | NIL | 24358 | NIL | 106975 | ജനറൽ 201680 SC 64850 | |

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | തുക പദ്ധതി വിഹിതം | | തുക പദ്ധതിയേതരം | ആകെ |
|---|---|---|---|---|
| 1 | 2 | | 3 | 4 |
| മൃഗസംരക്ഷണം | | | 1000രൂപ | 1000രൂപ |
| ആരോഗ്യം | 6980രൂപ | | 1788രൂപ | 8768രൂപ |
| കൃഷി | 238179 | | ---- | 238179 |
| PWD | 5600രൂപ | | 5600രൂപ | 11200രൂപ |
| ഹരിജന ക്ഷേമം | --- | | --- | ---- |
| ക്ഷീരവികസനം | ---- | | 800രൂപ | 800 |
| വിദ്യാഭ്യാസം | | | 11820രൂപ | 11820രൂപ |
| ഓൾഡേജ് പെൻഷൻ | | | 15750രൂപ | 15750രൂപ |
| മററുള്ളവ | | | 2500രൂപ | 2500രൂപ |
| ആകെ | 250759രൂപ | | 39258രൂപ | 280017രൂപ |

1995 - 96 വർഷത്തെ വരവ് ചിലവ് കണക്ക്

| | | പിരിക്കേണ്ടത് | പിരിച്ചത് |
|---|---|---|---|
| 1 | കെട്ടിട നികുതി | 301399.65 | 301399.65 |
| 2 | സർവ്വീസ് ചാർജ്ജ് | 15027.65 | 15027.65 |
| 3 | തൊഴിൽ നികുതി | 165660 | 165660 |
| 4 | ലൈസൻസ് ഫീസ് | 20827 | 20827 |
| 5 | സ്റ്റാമ്പ് ഡ്യൂട്ടി | 145547 | 145547 |
| 6 | ഡപ്പോസിറ്റ് | 33689.05 | 33689.05 |
| 7 | മറ്റുള്ളവ | 414498.65 | 414498.65 |
| | ആകെ | 1096649 | 1096649 |

# ഉപസംഹാരം

1995 ഒക്ടോബർ 2 സമയം രാവിലെ 11മണി. നിരവധി രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരെ സാക്ഷി നിർത്തിക്കൊണ്ട് പുതിയ പഞ്ചായത്ത് ഭരണ സമിതി സത്യവാചകം ചൊല്ലി അധികാരമേറ്റു. പഞ്ചായത്തിന്റെ സർവ്വതോമുഖമായ വികസനം മാത്രം ലക്ഷ്യംവെച്ചുകൊണ്ട് അങ്ങേഅറ്റത്തെ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നതാണെന്നു ജനപ്രതിനിധികൾ തദവസരത്തിൽ ജനങ്ങൾക്കു വാക്കുകൊടുത്തു. ആപ്രതിജ്ഞ നിറവേറ്റാനുള്ള തീവ്രയത്ന പരിപാടികളുമായി ഭരണ സമിതി മുന്നോട്ടുപോവുകയാണ്.

കൃഷിഭവൻ പോലുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിനു കൈമാറ്റം ചെയ്യപ്പെടുന്നതോടെ അത്തരം ഓഫീസുകളുമായി നിരന്തരം സമ്പർക്കം പുലർത്തിക്കൊണ്ട് വിവിധ മേഖലകളിലെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള സംയുക്ത ശ്രമം സഗൗരവം നടന്നുവരികയാണ്. ഈ കാലയളവിൽ രണ്ടു പ്രധാനപ്പെട്ട കാർഷിക സെമിനാറുകൾ പഞ്ചായത്തിൽ സംഘടിപ്പിക്കപ്പെടുകയുണ്ടായി. വിവിധ കൃഷി രീതികളെക്കുറിച്ചും വിശിഷ്യ പട്ടുനൂൽകൃഷിയുടെ സാധ്യതകളെക്കുറിച്ചും സെമിനാറുകളിൽ ബോധവൽക്കരണം നടന്നു. പക്ഷേ പട്ടുനൂൽ കൃഷി രംഗത്ത് ഇതുവരെ ആരും കടന്നു വന്നിട്ടില്ലെന്നുള്ളത് നിർഭാഗ്യകരമായ ഒരു അനുഭവമാണ്. പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന കേര വികസന സമിതി കാർഷിക രംഗത്ത് ശ്രദ്ധേയമായ ചില നീക്കങ്ങൾ നടത്തിയിട്ടുണ്ട്. മാതൃകാപരമായ രീതിയിൽ കൃഷി ചെയ്ത ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിച്ച ഏറ്റവും നല്ല കർഷകനെ തെരഞ്ഞെടുത്തു കഴിഞ്ഞ ചിങ്ങം 1ന് പഞ്ചായത്തിലെ സാംസ്കാരിക നിലയത്തിൽ സംഘടിപ്പിച്ച പ്രത്യേക യോഗത്തിൽ വച്ച് അനുമോദിക്കുകയും അവർക്ക് കാർഷികോപകരണങ്ങൾ സമ്മാനമായി നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾ നടത്തിയ പച്ചക്കറി കൃഷിയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്ക് ഉപഹാരങ്ങൾ നൽകി.

പഞ്ചായത്തിലെ ഓരോ വാർഡിൽ നിന്നും അമ്പതു വീതം കൃഷിക്കാരെ തെരഞ്ഞെടുത്തു. അവരെകൊണ്ടു പച്ചക്കറികൃഷി മത്സരാടിസ്ഥാനത്തിൽ നടത്താനുള്ള അതി ബൃഹത്തായ പരിപാടിക്ക് ഭരണസമിതി രൂപം കൊടുത്തുവരികയാണ്. പഞ്ചായത്തിന്നകത്ത് മൂന്നു പ്രദേശങ്ങളിൽ സാമൂഹ്യ ജലസേചന പദ്ധതി ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. 1997 മാർച്ച് 31ന് മുമ്പായി അവ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും പ്രത്യാശിക്കുന്നു.

മൃഗസമ്പത്തിന്റെകാര്യത്തിൽഈപഞ്ചായത്ത്ധന്യമാണ്.പക്ഷേഒരു മൃഗശുപത്രിയുടെഅഭാവംഇവിടുത്തെകർഷകരെസംബന്ധിച്ചിടത്തോളം ഒരു വലിയ പ്രശ്നമായിരുന്നു. പുതിയ ഭരണ സമിതി ഈ പ്രശ്നത്തിന്റെ ഗൗരവംമനസ്സിലാക്കിഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായി1996 ജൂൺ മാസത്തിൽ മങ്ങാട്ടുപറമ്പിൽ ഒരു മൃഗാശുപത്രി ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി.

പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഇതിനകം

189941രൂപയുടെ ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. 13 കുടുംബങ്ങളുടെ പരിമിതമായ കൃഷിഭൂമികൾ അണക്കെട്ടുകെട്ടി സംരക്ഷിക്കാനുള്ള 96200രൂപയുടെ ഒരു പദ്ധതി ഏതാനും ദിവസങ്ങൾക്കകം നടപ്പിലാക്കാൻ പോവുകയാണ്.

പഞ്ചായത്തിനകത്തുള്ള 17 പ്രൈമറി സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള നിരവധി പരിപാടികൾ ഇതിനകം നടപ്പിലാക്കി കഴിഞ്ഞുട്ടുണ്ട്. 1996 ജൂലായ് 1ന് ചേർന്ന പഞ്ചായത്തുതല അധ്യാപക സംഗമത്തിൽ വച്ചു രൂപംകൊണ്ട വിദ്യാഭ്യാസ വികസന സമിതി വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിച്ചിരുന്നു. 1,2,3,4, ക്ലാസ്സുകൾ കൈകാര്യംചെയ്യുന്ന മുഴുവൻ അധ്യാപകർക്കും ഇതിനകം വിവിധ വിഷയങ്ങളിൽ പുതിയ പരിശീലനം നൽകപ്പെട്ടു കഴിഞ്ഞു. ബോധന രീതിയിൽ ഒരു പുതിയ അവബോധം സൃഷ്ടിക്കാൻ ഈ പരിശീലന പ്രക്രിയകൊണ്ട് കഴിഞ്ഞുവെന്നുള്ളത് നിസ്തർക്കമാണ്. ഒരു പരീക്ഷയിലൂടെ കണ്ടു പിടിക്കപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂൾ സമയത്തിന് ശേഷം അര മണിക്കൂർ പരിഹാര ബോധനം എല്ലാ സ്കൂളുകളിലും ഇപ്പോൾ നടത്തിവരുന്നുണ്ട്. ഒക്ടോബർ 24 യു.എൻ.ഒ ദിനമായി ആചരിക്കാനും അന്നേദിവസം ഈ പഞ്ചായത്തിലെ എല്ലാ യു.പി സ്കൂളുകളിലും ക്വിസ് മത്സരം നടത്താനും അതിൽ വിജയിക്കുന്നവർക്ക് പി.ടി.എ മുഖാന്തിരം സമ്മാനങ്ങൾ നൽകാനുമുള്ള ഒരു പദ്ധതി വിദ്യാഭ്യാസ വികസന സമിതി രൂപപ്പെടുത്തുകയും അത് ഈ പഞ്ചായത്തിലെ 5യു.പി സ്കൂളുകളിലും വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. കൂടാതെ സ്കൂളുകളിൽ നിന്ന് വിജയിക്കുന്നവർക്ക് പഞ്ചായത്തു തലത്തിലുള്ള ഒരു ക്വിസ് മത്സരം 1996 നവമ്പർ 1ന് സംഘടിപ്പിക്കുകയുണ്ടായി നവമ്പർ 14ന് എല്ലാ സ്കൂളുകളും പങ്കെടുത്തുകൊണ്ടുള്ള മേഖലാ റാലി സംഘടിപ്പിക്കപ്പെട്ടു. പ്രൈമറി സ്കൂളുകളിലെ ഏറ്റവും പാവപ്പെട്ട കുട്ടികളെ തിരഞ്ഞെടുത്ത് അവർക്ക് ഇതിനകം യൂനിഫോം വിതരണം നടത്തുകയും ചെയ്തു.

ജനകിയാസൂത്രണ പ്രസ്ഥാനം അതർഹിക്കുന്ന ഗൗരവത്തോടു കൂടിതന്നെയാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ സ്വാഗതം ചെയ്തത്. വിശേഷാൽ ഗ്രാമസഭയുടെ ജില്ലാതല ഉദ്ഘാടനം ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലാണ് നടന്നത്. ജനപങ്കാളിത്തം കൊണ്ടും ചിട്ടപ്പെടുത്തിയ പ്രവർത്തന രീതി കൊണ്ടും എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റാൻ അതിനു കഴിഞ്ഞു. ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ (secondary data) ശേഖരിക്കുന്നതിലും പഠന പര്യടനം (transect walk) സംഘടിപ്പിക്കുന്നതിലും ജില്ലാതലത്തിലും പഞ്ചായത്തു തലത്തിലും പരിശീലനം കിട്ടിയ സന്നദ്ധ പ്രവർത്തകർ വഹിച്ച പങ്ക് പ്രശംസനീയമാണ്.

നവമ്പർ1 പുനരർപ്പണ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന 11-ാം വാർഡിലെ ജനങ്ങൾ തിങ്ങിതാമസിക്കുന്ന കുരിയാടി പ്രദേശത്തുകൂടി ഒഴുകുന്ന ആമത്തോടിലെ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ നീക്കം ചെയ്യുകയുണ്ടായി. ഈ തോടിന്റെ ആഴം കൂട്ടി ഇരുവശങ്ങളും കരിങ്കല്ലുകൊണ്ട് കെട്ടി സംരക്ഷിച്ചാൽ സ്ഥലവാസികൾക്ക് കുളിക്കാനും അവരുടെ പരമിതമായ സ്ഥലത്തുള്ള തെങ്ങിൻതോപ്പുകൾക്ക് ജലസേചനം ചെയ്യാനും കഴിയുന്നതാണ്. ബൃഹത്തായ ഈ പദ്ധതിക്ക് ചുരുങ്ങിയത് 3ലക്ഷം രൂപയെങ്കിലും മതിപ്പ് ചിലവ് കണക്കാക്കാം.

പി. കുഞ്ഞപ്പ നമ്പ്യാർ,
പ്രസിഡണ്ട്
ചോറോട് പഞ്ചായത്ത്.

അധികാരം ജനങ്ങളിലേക്ക്

അച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോട്


# ജനകീയാസൂത്രണം

# ഏറാമല ഗ്രാമ പഞ്ചായത്ത്
# സമഗ്ര വികസന റിപ്പോർട്ട്




കേരളം
ഏറാമല ഗ്രാമപഞ്ചായത്ത്
കോഴിക്കോട് ജില്ല

209



എന്റെ ജീവിതമാണ്
എന്റെ സന്ദേശം


– ഗാന്ധിജി

യശഃശ്ശരീരനായ ശ്രീ. കെ. കുഞ്ഞിരാമക്കുറുപ്പ്




ഏകീകൃത ഏറാമല പഞ്ചായത്തിന്റെ
ആദ്യത്തെ പ്രസിഡണ്ട്

# എറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതി



എം.കെ. ഭാസ്കരൻ
(പ്രസിഡണ്ട്)



പി. രാജൻ
(വൈസ് പ്രസിഡണ്ട്)



എൻ. വേണുഗോപാലൻ
(ചെയർമാൻ, സ്റ്റാൻറിംഗ് കമ്മിറ്റി)

| | |
|---|---|
| പി. സുശീല | (മെമ്പർ) |
| ടി.പി. വിജയൻ | " |
| ഇ. രാധാകൃഷ്ണൻ | " |
| ഒ.പി. പ്രേമിനി | " |
| ആപ്പൊയിൽ ബാലൻ | " |
| കോട്ടയിൽ രാധാകൃഷ്ണൻ | " |
| എ.വി. അബൂബക്കർ മൗലവി | " |
| ചെത്തിൽ പ്രേമ | " |
| ബേബി ബാലമ്പ്രത്ത് | " |

ഇവർ ഏറാമല ഗ്രാമപഞ്ചായത്തിൽ ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളെ പ്രതിനിധീകരിക്കുന്നു

ജില്ലാപഞ്ചായത്ത് : ശ്രീമതി. കെ.പത്മാവതി ടീച്ചർ

വടകര ബ്ലോക്ക് പഞ്ചായത്ത് : { ശ്രീ. കെ. ബാലകൃഷ്ണക്കുറുപ്പ്
ശ്രീമതി. കെ. ജാനു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി : പി.പി. സുരേഷ്

| | | |
|---|---|---|
| 1. | ആമുഖം | 7 |
| 2. | ജനകീയാസൂത്രണ പ്രവർത്തനങ്ങളിലൂടെ | 8 |
| 3. | ഏറാമല ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ | 10 |
| 4. | ഭരണപരമായ ചരിത്രം | 11 |
| 5. | സാമൂഹ്യ-സാംസ്കാരിക ചരിത്രം | 13 |
| 6. | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി | 17 |
| 7. | വികസനമേഖലകൾ | 18 |
| 7-1 | കൃഷിയും ജലസേചനവും | 19 |
| 7-2 | മൃഗസംരക്ഷണവും, മത്സ്യമേഖലയും | 37 |
| 7-3 | വ്യവസായം, ടൂറിസം | 46 |
| 7-4 | വിദ്യാഭ്യാസം | 67 |
| 7-5 | പൊതുജനാരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം | 87 |
| 7-6 | ഗതാഗതം, ഊർജ്ജം | 100 |
| 7-7 | പാർപ്പിടവും സാമൂഹ്യക്ഷേമവും | 116 |
| 7-8 | സംസ്കാരം | 127 |
| 7-9 | വനിത | 133 |
| 7-10 | പട്ടികജാതി,പട്ടികവർഗ്ഗക്ഷേമം | 138 |
| 7-11 | സഹകരണം | 141 |
| 7-12 | വിഭവസമാഹരണം | 152 |
| 8. | ഉപസംഹാരം | 160 |

# 1

# ആമുഖം

*കേരള ജനത വീണ്ടും ചരിത്ര സ്രഷ്ടാക്കളാവുകയാണ്. സമഗ്രമായ ഭൂപരിഷ്ക്കരണം നടപ്പിലാക്കുകയും, സാക്ഷരതായജ്ഞത്തിലൂടെ സമ്പൂർണ്ണസാക്ഷരത കൈവരിക്കുകയും ചെയ്തതിനുശേഷം മറ്റൊരു മഹായജ്ഞത്തിന് നമ്മുടെ സംസ്ഥാനത്ത് തുടക്കം കുറിച്ചിരിക്കുകയാണ്. ഗാന്ധിജിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജിനോടടുക്കാനുള്ള ഒരു ത്യാഗപൂർണ്ണമായ പ്രവർത്തനത്തിനാണ് "9ാം പദ്ധതി ജനകീയ പദ്ധതി" എന്ന മുദ്രാവാക്യത്തിലൂടെ സംസ്ഥാനഗവൺമെൻറും സംസ്ഥാനപ്ലാനിങ്ങ് ബോർഡും രൂപം നൽകിയിട്ടുള്ളത്. പഞ്ചായത്തീരാജ് നിയമം നടപ്പിലാക്കിപ്പെട്ടിട്ടുണ്ടെങ്കിലും യഥാർത്ഥ അധികാരം ജനങ്ങളിലെത്തിക്കാനും ജനകീയ പങ്കാളിത്തത്തിലൂടെ നാടിൻെറ വികസനം സാദ്ധ്യമാക്കാനുമുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിനാണ് ഇപ്പോൾ തുടക്കം കുറിച്ചിരിക്കുന്നത്.*

*എട്ട് പഞ്ചവൽസരപദ്ധതികളിലൂടെ നമ്മുടെ നാട് ഒട്ടേറെ പുരോഗതികൾ കൈവരിച്ചെങ്കിലും അവയൊന്നും യഥാർത്ഥലക്ഷ്യം കൈവരിക്കുന്നേടത്തെത്തിയില്ല. എന്ന് കാണാൻ പ്രയാസമില്ല. ഈ പദ്ധതികളുടെ രൂപീകരണവും നടത്തിപ്പും ജനങ്ങളിൽനിന്നും ഏറെഅകലെയായിരുന്നു. ജനകീയ പങ്കാളിത്തവും മേൽനോട്ടവും തീരെ ഇല്ലായിരുന്നു എന്ന് പറയാം. അന്തരിച്ച മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി തന്നെ സൂചിപ്പിച്ചപോലെ പദ്ധതിക്കായി ചിലവാക്കപ്പെട്ടതിൻെറ മുപ്പത് ശതമാനം മാത്രമേ യഥാർത്ഥലക്ഷ്യത്തിലെത്തിയിട്ടുള്ളു എന്നതാണ് മുൻകാല അനുഭവം. ഈ സ്ഥിതിവിശേഷം മാറ്റി വർദ്ധിച്ചജനപങ്കാളിത്തത്തോടെ നമ്മുടെ നാടിൻെറ നാനാമേഖലകളിലും പുരോഗതി കൈവരിക്കുക എന്നതാണ് ജനകീയ പദ്ധതിയുടെ ലക്ഷ്യം.*

# 2

# ജനകീയ ആസൂത്രണ പ്രവർത്തനങ്ങളിലൂടെ

9-ാം ജനകീയ പദ്ധതി ഏറാമല പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള മുന്നൊരുക്കങ്ങൾ എന്ന നിലയിൽ വിപുലമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചിട്ടുള്ളത്. പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഒട്ടേറെ പരിശീലകർ ആവശ്യമുള്ളതുകൊണ്ടുതന്നെ പ്രസ്തുത പരിശീലകരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. പരിശീലകർക്കുള്ള, ജില്ലാതലത്തിലെ ഒന്നാംഘട്ട പരിശീലനക്യാമ്പ് 1996 സെപ്തംബർ 3,4,5, തീയ്യതികളിൽ തിരുവള്ളൂർ വച്ച് നടന്നു. 10 പേരാണ് ഈ ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും പങ്കെടുത്തത്. പിന്നീട് പഞ്ചായത്ത്തല ക്യാമ്പ് ഓർക്കാട്ടേരി കമ്മ്യൂണിറ്റിഹാളിൽ വച്ച് സപ്തംബർ 11ന് നടന്നു. ഈ ക്യാമ്പിൽ 55 പരിശീലകർ പങ്കെടുത്തു. പ്രസ്തുത ക്യാമ്പിൽ വച്ച് പഞ്ചായത്തിലെ 12 വാർഡുകളിലും വിജയകരമായി ഗ്രാമസഭകൾ നടത്തുന്നതിനുള്ള രൂപരേഖ തയ്യാറാക്കുകയും, ചുമതലക്കാരെ നിശ്ചയിക്കുകയും ചെയ്തു.

9-ാം ജനകീയ പദ്ധതിയുടെ ഭാഗമായി വികസനപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുള്ള 'വിശേഷാൽ ഗ്രാമസഭ'കൾ നമ്മുടെ പഞ്ചായത്തിലെ 12 വാർഡുകളിലും സെപ്തംബർ 14 മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ ചേർന്നു. സങ്കുചിത മനോഭാവങ്ങൾ ഇല്ലാതെ പൊതു താല്പര്യം മുൻനിർത്തി ആവേശപൂർവ്വം ജനങ്ങൾ ഗ്രാമസഭകളിൽ പങ്കെടുത്തു. ശരാശരി 250 ആണ് ഒരു ഗ്രാമസഭയിലെ പങ്കാളിത്തം. ഗ്രാമസഭകൾ വിവിധ ഗ്രൂപ്പുകളായിതിരിഞ്ഞ് വികസനരംഗത്ത് ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി ചർച്ചചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിലെ സജീവചർച്ചയുടെ ഫലമായി ഉയർന്നുവന്ന വികസനരംഗത്തെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളുമാണ് ഈ വികസന റിപ്പോർട്ടിനാധാരം.

സമഗ്രമായ ഒരു പഞ്ചായത്ത് വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒട്ടേറെ സ്ഥിതി വിവരകണക്കുകൾ ആവശ്യമാണ്. അതുകൊണ്ടുതന്നെ ഈ പ്രവർത്തനങ്ങൾ ചിട്ടയായും യഥാസമയത്തും നടത്തുന്നതിന് പരിശീലകരുടെ യോഗം ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്തു. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ മുൻനിശ്ചയിച്ചപോലെ നടക്കുകയുണ്ടായി.

വികസനറിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട രണ്ടാംഘട്ട ജില്ലാതല പരിശീലനം ഒക്ടോബർ 22,23,24 തിയ്യതികളിൽ എടച്ചേരിവച്ച് നടന്നു. മുഴുവൻ പരിശീലകരും ഈ ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്ത്തല പരിശീലന ക്യാമ്പ് ഒക്ടോബർ 26-ന് ഓർക്കാട്ടേരിവച്ച് നടന്നു. ഈ ക്യാമ്പിൽ പരിശീലകരുടെ പങ്കാളിത്തം അല്പം കുറവായിരുന്നെങ്കിലും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിശദമായ പരിപാടികൾ ആസൂത്രണം ചെയ്യാൻ കഴിഞ്ഞു. പഞ്ചായത്തിന്റെ ചരിത്രം തുടങ്ങിയ കാര്യങ്ങൾ തയ്യാറാക്കാൻ ഒരു പ്രത്യേക ഗ്രൂപ്പിനെ നിയോഗിച്ചു. 12 വികസന മേഖലകളിലെ പ്രശ്നങ്ങൾ അപഗ്രഥിച്ച് വികസനറിപ്പോർട്ട് രൂപീകരിക്കാൻ 12 ഗ്രൂപ്പുകളെയും നിശ്ചയിച്ചു. പഞ്ചായത്തിന്റെ ഭൂപ്രകൃതി, കാർഷികരംഗം, ജലലഭ്യത സാമൂഹ്യ ആസ്തികൾ വളർച്ച തുടങ്ങിയവനേരിട്ട് മനസ്സിലാക്കുന്നതിന് രണ്ട് പഠനഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടായിരുന്നു. ഈ പഠനഗ്രൂപ്പുകൾ ഓരോന്നും ഒക്ടോബർ 28ന് ദ്രുതഗ്രാമപഠനം നടത്തുന്നതിന്റെ ഭാഗമായി കുറിച്ചിക്കര മുതൽ കണ്ടീക്കരവരെയും തുരുത്തിമുക്കുമുതൽ കുറിഞ്ഞാലിയോട്വരെയും കാൽനടയായി സഞ്ചരിച്ചു. ഈ ദ്രുതഗ്രാമപഠനത്തിന്റെ ഫലമായി ലഭ്യമായ വിവരങ്ങളും ഈ

വികസനറിപ്പോർട്ട് സമ്പുഷ്ടമാക്കാൻ സഹായിച്ചിട്ടുണ്ട്.

ഒട്ടേറെ വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിൽക്കുന്ന അവരുടെയൊക്കെ പേരുകൾ നമുക്ക് നന്ദിപൂർവ്വം മാത്രമെ സ്മരിക്കാൻ കഴിയൂ.

ജില്ലാറിസോഴ്സ് പേഴ്സൺമാരും പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാരും പഞ്ചായത്ത് മെമ്പർമാരുംഅഹോരാത്രം കഠിനാദ്ധ്വാനം ചെയ്താണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. പൊന്നമ്പത്ത് ഗോപാലക്കുറുപ്പ്, വി.കെ.കെ. നമ്പ്യർ, എം. ഇബ്രാഹിം ഹാജി, വളപ്പിൽ പൊക്കൻ, ഞേറലാട്ട് അനന്തൻ, പി.കെ. കുഞ്ഞമ്മദ്, ബി.കെ. തിരുവോത്ത്, കെ. ബാലകൃഷ്ണകുറുപ്പ്, എം.പി. കണാരൻ, സി. എച്ച്.ചാത്തു, സി. ശങ്കരൻ നമ്പ്യാർ, എ.പി. കുഞ്ഞിക്കണ്ണൻമാസ്റ്റർ തുടങ്ങിയവർ അവരുടെ ഓർമ്മകളും അനുഭവങ്ങളും ഞങ്ങളുമായി പങ്കുവെച്ചിട്ടുണ്ട്.

## പഞ്ചായത്ത് വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിൽ പങ്കെടുത്തവർ

1. **കൃഷി,ജലസേചനം**
   ഇ.കെ. കരുണാകരൻ മാസ്റ്റർ
   ഇ.കെ. സുരേന്ദ്രൻ
   ടി.കെ. രാജൻമാസ്റ്റർ
   ടി. രാമകൃഷ്ണൻ

2. **വ്യവസായം**

3. **വിഭവസമാഹരണം**
   ബാലചന്ദ്രൻ ഏറാമല
   എൻ.ബാലകൃഷ്ണൻ മാസ്റ്റർ
   എ.കെ. ദിനേശൻ
   എ.കെ. വിജയൻ മാസ്റ്റർ

4. **മത്സ്യമേഖല, മൃഗപരിപാലനം**

5. **ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ**
   രാജീവൻ തയ്യിപ്പള്ളി
   കെ. രാജമോഹനൻ
   ഒ.കെ. കുഞ്ഞബ്ദുള്ള

6. **വിദ്യാഭ്യാസം**
   എം.ആർ.കുഞ്ഞികൃഷ്ണൻ മാസ്റ്റർ
   ടി.പി. വിജയൻ
   എം.പി. അശോകൻ മാസ്റ്റർ

7. **ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം**
   ഒ. മഹേഷ് കുമാർ
   എ.കെ. സുകുമാരൻ
   കെ.പി. പവിത്രൻ
   ഇ. രാധാകൃഷ്ണൻ

8. **ഗതാഗതം, ഊർജ്ജം**
   ടി.പി. ചന്ദ്രശേഖരൻ
   കെ.കെ. ഇസ്മയിൽ
   കുറുന്താറത്ത് രാജൻ

9. **സംസ്കാരം**
   കണ്ടോത്ത് നാരായണൻ മാസ്റ്റർ
   എൻ.വേണുഗോപാലൻ

10. **വനിത**

11. **പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം**
    ഒ. നാണുമാസ്റ്റർ
    എം. വിജയൻ മാസ്റ്റർ
    രാമത്ത് ഹരിദാസ്

12. **സഹകരണമേഖല**
    കുളങ്ങര കുഞ്ഞിക്കണ്ണൻ മാസ്റ്റർ
    വി.വി. കുഞ്ഞനന്തൻ

13. **പൊതുവിഭാഗം**
    ജില്ലാ റിസോഴ്സ് പേഴ്സൺമാർ, പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാർ, പഞ്ചായത്ത് മെമ്പർമാർ, എന്നിവർ ചേർന്നഗ്രൂപ്പാണ് പൊതുവായ കാര്യങ്ങൾ തയ്യാറാക്കിയത്.

**ടി.പി.ചന്ദ്രശേഖരൻ**
കൺവീനർ,
ജനകീയ ആസൂത്രണ സമിതി

# 3

# ഏറാമല ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്തിൻെറ പേര് | | : | ഏറാമല |
| ഉൾപ്പെടുന്ന വില്ലേജ് | | : | ഏറാമല |
| ബ്ലോക്ക് പഞ്ചായത്ത് | | : | വടകര |
| ബ്ലോക്ക് ഡിവിഷൻ | | : | ഏറാമല, ഓർക്കാട്ടേരി |
| റവന്യൂ ജില്ല | | : | കോഴിക്കോട് |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | | : | വില്ല്യാപ്പള്ളി |
| താലൂക്ക് | | : | വടകര |
| അസംബ്ലി മണ്ഡലം | | : | വടകര |
| വിസ്തീർണ്ണം | | : | 1906 ഹെക്ടർ |
| അതിരുകൾ | വടക്ക് | : | മയ്യഴിപ്പുഴ - ചോറോട് |
| | തെക്ക് | : | വില്ല്യാപ്പള്ളി - ആയഞ്ചേരി,ചോറോട് പഞ്ചായത്തുകൾ |
| | കിഴക്ക് | : | എടച്ചേരി-ആയഞ്ചേരി-പഞ്ചായത്തുകൾ |
| | പടിഞ്ഞാറ് | : | ഒഞ്ചിയം-അഴിയൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ (1991ലെ സെൻസസ് റിപ്പോർട്ട്) | | : | 30050 |
| സ്ത്രീകൾ | | : | 15,729 |
| പുരുഷൻമാർ | | : | 14,321 |
| വാർഡുകളുടെ എണ്ണം | | : | 12 |
| വീടുകളുടെ എണ്ണം | | : | 5598 |
| ജനസാന്ദ്രത (ചതുരശ്ര കിലോമീറ്ററിന്) | | : | 1577 |
| സാക്ഷരത | | : | 94.5% |
| പഞ്ചായത്ത് പ്രസിഡണ്ടിൻെറ പേര | | : | എം.കെ.ഭാസ്കരൻ |
| പഞ്ചായത്ത് വൈസ് പ്രസിഡണ്ടിൻെറ പേര് | | : | പി.രാജൻ |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻെറ പേര് | | : | എൻ.വേണുഗോപാലൻ. |

# 4

# ഭരണപരമായ ചരിത്രം

ഏറാമലയിൽ തുരുത്തിമുക്കിനടുത്ത്, 'ഏറാല' എന്നൊരു പറമ്പുണ്ട്. 'ഏറാല'യിൽ നിന്നാവാം ഏറാമല രൂപമെടുത്തത്. 'ഏറാലകോവിലക'ത്തിൻെറ അവശിഷ്ടങ്ങൾ ഇന്നും നാമമാത്രമായി നിലനിൽക്കുന്നു. 'ഏറാൾ' എന്നാൽ യുവരാജാവ് എന്നാണർത്ഥം. 'ഏറാൾക്ക്' കൊടുത്ത സ്ഥലം 'ഏറാൾമൂല'യായെന്നും കാലാന്തരത്തിൽ ഏറാമലയായെന്നും മറ്റൊരഭിപ്രായമുണ്ട്.

ഇന്നത്തെ ഏറാമല പഞ്ചായത്ത് 1963ന് മുമ്പ് കാർത്തികപ്പള്ളി പഞ്ചായത്തായും കുന്നുമ്മക്കര പഞ്ചായത്തായും ഏറാമല പഞ്ചായത്തായും ആയിരുന്നു നിലനിന്നിരുന്നത്. കുന്നുമ്മക്കര പഞ്ചായത്ത് ഇന്നത്തെ ഒഞ്ചിയം വില്ലേജും കൂടിചേർന്നതായിരുന്നു 1963ൽ പഞ്ചായത്ത് പുനഃസംഘടിപ്പിച്ചതിൻെറ ഭാഗമായി ഒഞ്ചിയം വില്ലേജ് ഒഴികെയുള്ള കുന്നുമ്മക്കരയും, കാർത്തികപ്പള്ളി, ഏറാമല എന്നിവയും ചേർത്തുകൊണ്ട് രൂപീകരിച്ചതാണ് ഇന്നത്തെ ഏറാമല പഞ്ചായത്ത്. കാർത്തികപ്പള്ളി പഞ്ചായത്തിൽ പൊന്നമ്പത്ത് ഗോപാലക്കുറുപ്പ്, ഏറാമല പഞ്ചായത്തിൽ കൃഷ്ണം വീട്ടിൽ കെ.വി. കൃഷ്ണൻ അടിയോടി, മലപ്പങ്ങാട്ട് ശങ്കരക്കുറുപ്പ്, കെ.ടി. ഗോവിന്ദൻ നമ്പ്യാർ എന്നിവരും കുന്നുമ്മക്കര പഞ്ചായത്തിൽ ചെക്കൂട്ടി വൈദ്യരും പ്രസിഡണ്ട്മാരായിരുന്നു.

ചത്തോത്ത് കെ.വി. കൃഷ്ണൻ അടിയോടി പ്രസിഡണ്ടായിരുന്ന അവസരത്തിലാണ് ഓർക്കാട്ടേരി കന്നുകാലിചന്ത ആരംഭിച്ചത്. 1938-ൽ ഇന്ത്യയിലെ മുപ്പത്തിയാറാമത്തെ ചന്തയായി ഓർക്കട്ടേരി കന്നുകാലിചന്ത നിലവിൽവന്നു. കൃഷ്ണൻ അടിയോടി അറിയപ്പെടുന്ന അദ്ധ്യാപകനും (K.R.H.S പുറമേരി) പൊതുരംഗത്ത് സ്വാധീനമുള്ള വ്യക്തിയുമായിരുന്നു. ചന്തവേണമെന്ന പൊതുജനാഭിപ്രായം ഒരു അപേക്ഷയായി മലബാർ കലക്ടർക്ക് പ്രസിഡണ്ടിൻെറ ശുപാർശയോടെ സമർപ്പിച്ചു. ഇടത്തിൽ കുഞ്ഞിത്തങ്ങൾ മുൻകൈ എടുത്ത ഈ പ്രവർത്തനത്തിൽ ചന്തയ്ക്ക് അംഗീകാരം ലഭിച്ചു. ഏറാമല പഞ്ചായത്തിന് അനുവദിക്കപ്പെട്ട ചന്ത മതസൗഹാർദ്ദത്തിൻെറ പ്രതീകമായ, പ്രസിദ്ധമായ ഓർക്കാട്ടേരി ശിവ-ഭഗവതി ക്ഷേത്രോത്സവത്തോടനുബന്ധിച്ചു നടത്തിവന്നു. പഞ്ചായത്തിന് നേരിട്ട് ചന്ത നടത്താനുള്ള ജനകീയ സംവിധാനം ഉണ്ടായിരുന്നില്ല. ഇടത്തിൽകാർക്ക് പഞ്ചായത്തിൽ പണം കെട്ടിവെച്ചുകൊണ്ട് ചന്ത നടത്താനുള്ള ലൈസൻസ് ഒരു പ്രമേയത്തിലൂടെ പഞ്ചായത്ത് നൽകി. ഇന്നും വളരെ ഗംഭീരമായിത്തന്നെ ആഘോഷിക്കുന്ന, ആയിരങ്ങളെ ആകർഷിക്കുന്ന ഓർക്കാട്ടേരി കന്നുകാലി ചന്ത നമ്മുടെ പഞ്ചായത്തിൻെറ യശസ്സ് ഉയർത്തിപ്പിടിക്കാൻ സഹായിച്ചിട്ടുണ്ട്.

ആദ്യകാലങ്ങളിൽ പഞ്ചായത്ത് ബോർഡിലേക്ക് മെമ്പർമാരേയും പ്രസിഡണ്ടിനേയും ഐക്യകണ്ഠേന തിരഞ്ഞെടുക്കുകയായിരുന്നു പതിവ്. നാട്ടിലെ പ്രമാണിമാരെ എതിർക്കാൻ ആരും മുന്നോട്ട് വന്നിരുന്നില്ല. എന്നാൽ 1952-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കടുത്ത മത്സരം തന്നെ നടന്നു. ബാലറ്റ് പേപ്പറും രഹസ്യവോട്ടിംഗ് സമ്പ്രദായവും നിലവില്ലായിരുന്ന അക്കാലത്ത് വോട്ടവകാശമുള്ളവർ മുൻകൂട്ടി തീർച്ചപ്പെടുത്തിയ സ്ഥലത്ത് സമ്മേളിക്കുകയും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സ്ഥാനാർത്ഥിയുടെ പേര് വിളിച്ചു പറയുമ്പോൾ അയാൾക്ക് വോട്ട്ചെയ്യാൻ ഉദ്ദേശിക്കുന്നവർ പരസ്യമായി കൈ പൊക്കുകയായിരുന്നു പതിവ്. കൈകളുടെ എണ്ണം നോക്കി അപ്പോൾത്തന്നെ ഫലപ്രഖ്യാ

പനം നടക്കും. സർവ്വശ്രീ കെ.ടി. ഗോവിന്ദൻ നമ്പ്യാർ, മലപ്പങ്ങാട്ട് ശങ്കരകുറുപ്പ്, ആർ. പക്രൻ എന്നിവരായി രുന്നു സ്ഥാനാർത്ഥികൾ. നിലവിലുള്ള പ്രസിഡണ്ട് ശങ്കരകുറുപ്പിനെതിരെ മത്സരിക്കുക എന്നത് തന്നെ സംഘടനാസ്വാതന്ത്ര്യം അനുവദിച്ചിട്ടില്ലാത്ത അക്കാ ലത്ത് ചിന്തിക്കാൻപോലും കഴിയാത്തതായിരുന്നു. എന്നാൽ കെ.ടി. ഗോവിന്ദൻ നമ്പ്യാർ സ്ഥാനാർത്ഥി ആയത് ഏറാമലയുടെ തെരഞ്ഞെടുപ്പ് ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. അദ്ധ്യാപക ജോലി രാജി വെച്ച് നാട്ടിലെ ഭൂപ്രമാണിയായ ശങ്കരകുറുപ്പിനെ കെ. ടി. ദയനീയമായി തോൽപ്പിച്ചത് ഒരു ചരിത്രസംഭവ മായിരുന്നു. കെ.ടി.ക്ക് വോട്ട് ചെയ്ത ശങ്കരകുറു പ്പിൻെറ ആശ്രിതർക്കും മറ്റു സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകർക്കും പലവിധ പീഡനങ്ങളും സഹിക്കേണ്ടി വന്നിരുന്നു.

പഞ്ചായത്ത് പുനഃസംഘടനയ്ക്ക് ശേഷം ഏറാമല പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡണ്ടാ യത് പ്രമുഖസ്വാതന്ത്ര്യസമരസേനാനിയും, തികഞ്ഞ ഗാന്ധിയനും, സോഷ്യലിസ്റ്റുമായ ശ്രീ.കെ. കുഞ്ഞി രാമകുറുപ്പായിരുന്നു. എം. ഇബ്രാഹിം ഹാജി വൈസ് പ്രസിഡണ്ടായിരുന്നു. തുടർന്ന് എം. ഇബ്രാഹിം ഹാജി, കുനിയിൽ ബാലൻ, വി.കെ. കുഞ്ഞികൃഷ് ണൻ നമ്പ്യാർ എന്നിവർ പ്രസിഡണ്ടുമാരായി വിവിധ കാലഘട്ടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിലെ പഞ്ചായത്തിലെ എടുത്തു പറയത്തക്ക മാറ്റങ്ങൾക്ക് തുടക്കം കുറിച്ച മഹാത്മാഗ്രന്ഥാലയങ്ങളും, ഓർക്കാട്ടേരി ഹൈസ്കൂ ളും, ഓർക്കാട്ടേരി പ്രാഥമിക ആരോഗ്യകേന്ദ്രവും, പഞ്ചായത്തിലെ പ്രധാന റോഡുകളും, പൊതുകിണ റുകളും, പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചതും ആദ്യഘട്ടങ്ങളിലെ പ്രധാനനേട്ടങ്ങളാണ്. കളിയാം വെള്ളിപാലത്തിൻേറയും തോണിത്തലക്കൽ പാലത്തിൻേറയും നിർമ്മാണം പ്രദേശങ്ങൾ തമ്മി ലുള്ള ബന്ധം മെച്ചപ്പെടുത്താൻ ഏറെ സഹായി ച്ചിട്ടുണ്ട്.

*ജോലി*
*ആവശ്യപ്പെടുന്നവർക്കെല്ലാം*
*തൊഴിലസരങ്ങൾ*
*കണ്ടുപിടിക്കാൻ സർക്കാരിന്*
*കഴിയുമെങ്കിൽ ഒരു തുള്ളി*
*കണ്ണീരും വീഴ്ത്താതെ ഒരു*
*ദിവസത്തെ ഭക്ഷണം പാകം*
*ചെയ്യുന്നതിനായി എൻെറ*
*മരച്ചർക്ക എരിച്ചുകളയാൻ*
*എനിക്ക് ഒരു സംശയവും*
*ഉണ്ടായിരിക്കുകയില്ല.*

*- മഹാത്മാ ഗാന്ധി*

# 5

# സാമൂഹ്യ സാംസ്കാരിക ചരിത്രം

കുറുമ്പ്രനാട് താലൂക്കിലെ കുറ്റിപ്രം കോവിലകം ആസ്ഥാനമായി വാണിരുന്ന കടത്തനാട് രാജാക്കന്മാരുടെ അധീനതയിലായിരുന്നു ഈ പ്രദേശം. കോവിലകത്തിൽ നിന്നും തരക് വാങ്ങി ഭൂമിയുടെ ആധിപത്യം ജന്മിമാരുടെ കൈകളിലാവുകയും തിരുവായ്ക്ക് എതിർവായ് ഇല്ലാത്ത രീതിയിൽ കുടിയാൻമാരേയും കർഷകത്തൊഴിലാളികളേയും ജാതിയിൽ താഴ്ന്നവരേയും കൊടിയ ചൂഷണത്തിന് വിധേയമാക്കിയിരുന്നു. ഭൂമിയിൽ ഉൽപ്പാദിപ്പിക്കുന്ന വിളകളുടെ വലിയൊരു പങ്കും പുറപ്പാട്, കുടിയിരുപ്പ്, ഓണം, വിഷു, തുടങ്ങിയ വിശേഷദിനങ്ങളിലുള്ള കാഴ്ചവെപ്പ് എന്നിങ്ങനെയായി ജന്മിമാർക്ക് തന്നെ നൽകണമെന്നസ്ഥിതിയായിരുന്നു. ഈ കാഴ്ചവെപ്പ് മുടങ്ങിയാൽ കുടിയാൻമാർ നിർദ്ദാക്ഷിണ്യം കുടിയൊഴിപ്പിക്കപ്പെടുമായിരുന്നു. ഈ ജന്മിമാരിൽ പ്രധാനികളായിരുന്നു അംശാധിക്കരികൾ ഏകാംഗ ഗ്രാമകോടതികളായിത്തന്നെ അധികാരികൾ പ്രവർത്തിച്ചു എന്ന് പറയാം. ഇതിൻെറ ഭാഗമെന്നോണം ജാതീയമായ ചൂഷണവും കൊടികുത്തി വാണിരുന്നു. തീണ്ടിക്കൂടായ്മയും തൊട്ടുകൂടായ്മയും മറ്റിടങ്ങളെപ്പോലെ ഏറാമലയേയും ഗ്രസിച്ചിരുന്നു. ക്ഷേത്രങ്ങളുടെ സമീപത്ത് പോലും അവർണ്ണർക്ക് പ്രവേശനമുണ്ടായിരുന്നില്ല. അയിത്തോച്ചാടന-ക്ഷേത്രപ്രവേശനനടപടികളും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ അലയൊലികളും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. ബ്രിട്ടനെതിരായ സമരത്തോടൊപ്പം തന്നെ അന്നത്തെ ദേശീയപ്രസ്ഥാനത്തിൻെറ നേതാക്കൾഇത്തരം സാമൂഹ്യ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും എതിർത്തിരുന്നു. യശ:ശരീരനായ കെ.കുഞ്ഞിരാമകുറുപ്പ് പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ജനങ്ങളിൽ ദേശീയബോധം വളർത്താൻ വേണ്ട ഹിന്ദിവിദ്യാഭ്യാസപ്രചാരണത്തിലും അദ്ദേഹം പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. ഏറാമല ഓർക്കാട്ടേരി പ്രദേശങ്ങളിലെ രാഷ്ട്രീയ പ്രവർത്തനത്തിന് തുടക്കം കുറിച്ചത് ശ്രീ. കെ. കുഞ്ഞിരാമകുറുപ്പാണ്. അദ്ദേഹത്തിന് പ്രായം പത്തൊൻപത്. ഒരുപ്രൈമറി സ്കൂൾ അദ്ധ്യാപകൻ. ഒപ്പം തൻെറ പ്രദേശത്തെ യുവാക്കളെയും വിദ്യാർത്ഥികളെയും ദേശീയപ്രസ്ഥാനത്തെയും ദേശീയ നേതാക്കളേയും കുറിച്ച് ബോധവാൻമാരാക്കുന്ന തരത്തിലുള്ള ചെറുപരിപാടികൾ സംഘടിപ്പിച്ചു പോരുന്ന കാലം.

1934 ഒക്ടോബർ 2ന് കുന്നുമ്മക്കരയിൽ തൻെറ വീട്ടിനടുത്തുള്ള സ്ഥലത്ത് ഒരു പൊതുപരിപാടിക്ക് നേതൃത്വം നൽകി.കുറേ ആളുകളെ സംഘടിപ്പിച്ച് ഒരു പന്തൽ കെട്ടിയുണ്ടാക്കിയിരുന്നു. അതിന് 'തിലകവിലാസ്'മെന്ന് പേരിട്ടു. സഹായിച്ചവരിൽ പ്രമുഖർ ചൂട്ടപ്രത്ത് ആണ്ടി, കരിയൻെറവിട കുങ്കർ, പി. കുഞ്ഞിരാമൻ നായർ, നാരായണനടിയോടി എന്നിവരായിരുന്നു. പായസദാനത്തിന് ശേഷം ശ്രീ കുഞ്ഞിരാമകുറുപ്പിൻെറ പ്രഭാഷണം. ഗാന്ധിജിയേയും ദേശീയ പ്രസ്ഥാനത്തേയും പരിചയപ്പെടുത്തുന്നതായിരുന്നു പ്രഭാഷണം.

വൈകുന്നേരം 3 മണിക്കായിരുന്നു ഓർക്കാട്ടേരിയിലെ പരിപാടി. സ്ഥലം കച്ചേരി മൈതാനം ഇന്നത്തെപോലെ വെട്ടിമാറ്റപ്പെട്ട മൈതാനമല്ല. കെട്ടിടങ്ങളും കിണറും, പാർക്കും കയ്യേറുന്നതിനു മുമ്പുള്ള മൈതാനം. മൈതാനിയിൽ അലങ്കരിച്ചുവച്ചിരുന്ന ഗാന്ധിജിയുടെ ഫോട്ടോയുടെ മുന്നിൽ ഇരുന്നു പ്രസംഗം ശ്രവിക്കാൻ 8 പേർ മാത്രം. ഞേറലാട്ട് പറങ്ങോടൻ, എ.കെ. ഗോവിന്ദൻ, ടി. കുഞ്ഞികടുങ്ങോൻ കണ്ണോത്ത് കുഞ്ഞിച്ചാപ്പകുറുപ്പ്, തൊടുവക്കൽ ശങ്കരൻ, കൈപ്രത്ത്ചാത്തു, മഠത്തും ചാലിൽ കണ്ണൻ. ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ പ്രവർത്തിക്കുമെന്നുള്ള

പ്രതിജ്ഞ അദ്ദേഹം അവർക്ക് വായിച്ചുകൊടുത്തു. അവരത് ഏറ്റുപറഞ്ഞു. അടുത്ത ദിവസം വൈകുന്നേരം ശ്രീ.കെ. കുഞ്ഞിരാമക്കുറുപ്പും മറ്റ് 8 സഹപ്രവർത്തകരും ഓർക്കാട്ടേരി ടൗണിലൂടെ ഒരു ജാഥ നടത്തി. ഓർക്കാട്ടേരിയിലും അടുത്ത പ്രദേശങ്ങളിലും ആദ്യമായി നടന്ന ഈ ജാഥയിൽ ഗാന്ധിജിയുടെ ഫോട്ടോ ചുമലിലേന്തിക്കൊണ്ട് കുഞ്ഞിരാമക്കുറുപ്പ് ജാഥയ്ക്ക് നേതൃത്വം നൽകി ജാഥാംഗങ്ങളെ സഹായിക്കാൻ അങ്ങാടിയിലെ കച്ചവടക്കാരമായിരുന്ന എടോരി ഹസ്സൻ സാഹിബ് മാത്രമേ ഉണ്ടായിരുന്നുള്ളു. ദേശീയസ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായുള്ള ക്വിറ്റ് ഇന്ത്യാസമരത്തിലും രാജ്യത്തിലെ മറ്റ് ഭാഗങ്ങളിലെന്നപോലെ ഏറാമലയിലും സോഷ്യലിസ്റ്റുകൾ അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. മുക്കാളിയിലെ റെയിൽ വലിക്കൽ, ടെലിഫോൺ കമ്പിമുറിക്കൽ, എടച്ചേരി രജിസ്ട്രാഫീസിലെ റിക്കാർഡുകൾ തീവെക്കൽ തുടങ്ങിയ പ്രക്ഷോഭങ്ങളിലും ശ്രീ കുഞ്ഞിരാമ കുറുപ്പ്നേതൃത്വം നൽകിയിരുന്നു. ഒട്ടേറെ പീഡനങ്ങൾ കുറുപ്പിന് വിവിധ ഘട്ടങ്ങളിൽ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. കല്ലാച്ചികോടതി തകർക്കാൻ ബോംബുമായിപോയവരിൽ പരേതനായ പുതുക്കുടി പി. നാരായണൻ നമ്പ്യാരെ (കുട്ടിനാരായണൻ നമ്പ്യാർ) പോലീസ് പിടിക്കുകയും തോക്കിൻെറ പാത്തികൊണ്ടടിച്ച് മുൻഭാഗത്തെ പല്ലുകൾ പൊഴിച്ച് അദ്ദേഹത്തെ ഇരുമ്പഴിക്കുള്ളിലാക്കി ഈ കാലഘട്ടത്തിൽ തന്നെ കർഷക സംഘടനകളും പ്രക്ഷോഭങ്ങളും പഞ്ചായത്തിൽ ഉയർന്നു വന്നിരുന്നു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെയും സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയും നേതൃത്വപരമായ പങ്കുണ്ടായിരുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്ത് രാജ്യമെമ്പാടും പടർന്നുപിടിച്ച ഭക്ഷ്യക്ഷാമത്തിനും കോളറ വസൂരി തുടങ്ങിയ പകർച്ചവ്യാധികൾക്കുമെതിരായി സന്നദ്ധപ്രവർത്തകർ ആശ്വാസ നടപടി സ്വീകരിച്ചിരുന്നു. ഇതിൽ കുന്നുമ്മക്കാരവില്ലേജിൽ മണ്ടോടികണ്ണൻെറ നേതൃത്വത്തിൽ നടത്തിയ ജനകീയ പ്രതിരോധ പ്രസ്ഥാനവും ഇതോടപ്പം തന്നെ 'നാലാൾക്ക് നാഴി അരി' മാത്രമുണ്ടായിരുന്ന അവസരത്തിൽ ഏറാമല പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ചാത്തോത്ത് അടിയോടി അരി സംഭരിച്ച് വിതരണം ചെയ്തതും ശ്രദ്ധേയങ്ങളായിരുന്നു. ഈ അവസരത്തിൽ ഓർക്കാട്ടേരി ചന്തയും ആവർഷം മുടങ്ങിയിരുന്നു.

സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൻെറ വർദ്ധിച്ച സ്വാധീനമുള്ള ഒരു മേഖലയായ നമ്മുടെ പഞ്ചായത്തിൽ കുഞ്ഞിരാമകുറുപ്പോടൊപ്പം പിൽക്കാല നേതാക്കളായി അരങ്ങിൽ ശ്രീധരൻ, ഡോ. കെ.ബി. മേനോൻ, ആർ.എം. മനയ്ക്കലാത്ത്, പി.എം. കുഞ്ഞിരാമൻ നമ്പ്യാർ തുടങ്ങിയവർ മുൻനിരയിലുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കർഷകപ്രസ്ഥാനങ്ങൾ കുടിയൊഴിപ്പിക്കലിനെതിരായും കൃഷിഭൂമിയുടെ അവകാശത്തിനുവേണ്ടിയുമുള്ള പ്രവർത്തനങ്ങൾ, പ്രത്യേകിച്ചും ഒഞ്ചിയം വില്ലേജിൻെറ ഭാഗമായുള്ള കുന്നുമ്മക്കരയിൽ, നേതൃത്വപരമായ പങ്ക് വഹിച്ചു. മണ്ടോടി കണ്ണൻ ലോക്കപ്പ് മർദ്ദനത്തെ തുടർന്ന് മരണമടഞ്ഞു. കേരളപ്പിറവിയെ തുടർന്ന് ഭൂപരിഷ്ക്കരണം വന്നതോടെ ഭൂവുടമബന്ധത്തിൽ സമൂലമായ മാറ്റം നമ്മുടെ പഞ്ചായത്തിലുമുണ്ടായി.

വിദ്യാഭ്യാസസ്ഥാപനങ്ങൾ വ്യാപകമാക്കുന്നതിന് മുമ്പ് തന്നെ പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, നിശാപാഠശാലകൾ തുടങ്ങിയവ ദേശീയപ്രസ്ഥാനത്തിൻെറ ഭാഗമായി രൂപപ്പെട്ടിരുന്നു. അതിൻെറ ഭാഗമായാണ് മൂന്ന് മഹാത്മാഗ്രന്ഥാലയങ്ങൾ പഞ്ചായത്തിൽ നിലവിൽ വന്നത് മഹാത്മാ ഗ്രന്ഥാലയപ്രവർത്തനത്തിൽ നേതൃത്വപരമായ പങ്ക് വഹിച്ചത് കെ. കുഞ്ഞിരാമകുറുപ്പ് (പ്രസിഡണ്ട്) വി.കെ. കെ. നമ്പ്യാർ (വൈസ് പ്രസിഡണ്ട്) കെ.ടി. ഗോവിന്ദൻ നമ്പ്യാർ (സെക്രട്ടറി) വളപ്പിൽ പൊക്കൻ, ടി. കുഞ്ഞിക്കേളു (ജോയിൻറ് സെക്രട്ടറിമാർ) എന്നിവരാണ്. ഒട്ടേറെ വായനശാലകളും ഗ്രന്ഥാലയങ്ങളും പിൽകാലത്ത് പഞ്ചായത്തിൽ ഉയർന്നു വരാൻ ഇത് സഹായകമായി. ഓർക്കാട്ടേരിയിലെ മഹാത്മാഗ്രന്ഥാലയത്തിന് സ്ഥലം സംഭാവന നൽകിയത് പേരിലാംകുളത്ത് കുഞ്ഞമ്മദ് ഹാജിയായിരുന്നു. കുന്നുമ്മക്കരയിൽ നിലവിൽവന്ന ഗ്രാമീണ ഗ്രന്ഥാലയത്തിന് സ്ഥലം നൽകിയത് വി.പി. നാരായണനടിയോടിയായിരുന്നു. ഏറെകാ

ലത്തോളം ഹയർ എലിമെൻററി സ്കൂൾപോലും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. നമ്മുടെ പഞ്ചായത്തിൽ ഈ കാലഘട്ടത്തിൽ ഏറാമല ഹിന്ദു ബോയ്സ് സ്കൂളിൽ (ഇന്നത്തെ ഏറാമല യു.പി. സ്കൂൾ) ഒറ്റരാത്രികൊണ്ട് ആവശ്യമായ ഷെഡും ഫർണ്ണിച്ചറുകളും തയ്യാറാക്കിയത് പ്രധാനസംഭവമാണ്. ഇതിൽ നേതൃത്വപരമായ പങ്ക് വഹിച്ചത് ശ്രീ. വി.കെ. കെ. നമ്പ്യാരാണ്.

വിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് ഇടയാക്കിയത് 1961 ജൂൺ 5ന് ഓർക്കട്ടേരി ഹൈസ്കൂൾ സ്ഥാപിച്ചതോടെയാണ്. 1961-ൽ കിസാൻ പഞ്ചായത്തിൻെറ സംസ്ഥാന സമ്മേളനം ഓർക്കാട്ടേരിയിൽ വെച്ച് നടന്നപ്പോൾ ഉദ്ഘാടകനായി അന്നത്തെ മുഖ്യമന്ത്രി പട്ടം എ. താണുപിള്ള ഏറാമലയുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മനസ്സിലാക്കി കുഞ്ഞിരാമക്കുറുപ്പിൻെറ അഭ്യർത്ഥനയിൽ അദ്ദേഹത്തിന് സ്കൂൾ അനുവദിച്ചു. നിസ്വാർത്ഥനായ കുറുപ്പ് പ്രസ്തുത സ്കൂൾ സർക്കാർ മേഖലയിൽ തന്നെ വേണമെന്ന് വാശിപിടിച്ചതിൻെറ അടിസ്ഥാനത്തിലാണ് സ്വകാര്യമേഖലയിലനുവദിച്ചസ്കൂൾ സർക്കാർ ഉടസ്ഥതയിലാവുന്നത്. ശ്രീ.കെ. കുഞ്ഞിരാമകുറുപ്പ് ചെയർമാനും, വി.കെ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ സെക്രട്ടറിയുമായ കമ്മിറ്റിയിൽ കെ.ടി. ഗോവിന്ദൻ നമ്പ്യാർ, സി. ശങ്കരൻ നമ്പ്യാർ, എം. ഇബ്രാഹിംഹാജി, ഞേറലാട്ട് അനന്തൻ, കെ.പി. ഗോപാലൻ, വി.പൊക്കൻ, ടി. കുഞ്ഞിക്കേളു, തൊടുവക്കൽ ശങ്കരൻ, പി.പി. കുഞ്ഞബ്ദുള്ള ഹാജി, എളങ്ങോത്ത് അച്ചുതൻ, ചെമ്പ്ര ബാലൻനമ്പ്യാർ, മറ്റ് അധ്യാപകർ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായിരുന്നു. മടപ്പള്ളി ഗവ.കോളജിൻെറ ആവിർഭാവവും ഏറാമലക്കാർക്ക് ഉന്നതവിദ്യാഭ്യാസത്തിന് സഹായകമായി.

1961-ൽ തന്നെയാണ് ഓർക്കാട്ടേരി പ്രാഥമിക ആരോഗ്യ കേന്ദ്രവും സ്ഥാപിക്കപ്പെട്ടത്. ശ്രീ.കെ. കുഞ്ഞിരാമകുറുപ്പിൻേറയും സഹപ്രവർത്തകരുടേയും ശ്രമഫലമായാണ് ആശുപത്രി സ്ഥാപിക്കപ്പെട്ടത്.

ഇന്ന് ലക്ഷങ്ങൾ വില വരുന്ന റോഡ്അരികിലുള്ള വിശാലമായ നെൽവയൽ ചെറിയ പ്രതിഫലം പറ്റി പ്രാഥമികാരോഗ്യകേന്ദ്രത്തിന് നൽകിയത് എരഞ്ഞോളി കുടുംബമാണ്. വീട് വീടാന്തിരം കയറി പണപ്പിരിവ് നടത്തി ആരോഗ്യകേന്ദ്രത്തിൻെറ നിർമ്മാണത്തിന് നേതൃത്വം നൽകിയത് ശ്രീ.കെ.ടി. ഗോവിന്ദൻ നമ്പ്യാർ ചെയർമാനായ കമ്മിറ്റിയായിരിന്നു. ശ്രീ.കെ.ടി.യുടേയും സഹപ്രവർത്തകരുടേയും അശ്രാന്തപരിശ്രമം കൊണ്ടുമാത്രമാണ് പ്രാഥമിക ആരോഗ്യകേന്ദ്രം എന്ന സ്വപ്നം പൂവണിഞ്ഞത്.

പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തിയ ഓർക്കാട്ടേരി കന്നുകാലിച്ചന്തയുടെ ഒരു പുതിയ ഘട്ടം വി.കെ.കെ. നമ്പ്യാരുടെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ബോർഡിൻെറ പ്രവർത്തനത്തിലൂടെയാണ് വർദ്ധിച്ച ജനപങ്കാളിത്തത്തോടെ ആരോഗ്യ വിദ്യാഭ്യാസ-കാർഷിക-വ്യാവസായിക ശാസ്ത്രപ്രദർശനം (എക്സിബിഷൻ '91) സംഘടിപ്പിച്ചു. ഇതിൽ നിന്നു ലഭിച്ച വലിയൊരു തുകയാണ് തുടർന്നുള്ള പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് സഹായകമായത്. ഓർക്കാട്ടേരി കമ്മ്യൂണിറ്റിഹാൾ കം കല്ല്യാണമണ്ഡപം നിർമ്മിച്ചതും ആദിയൂർ മിനി സ്റ്റേഡിയം നവീകരിച്ചതും എടുത്തുപറയാവുന്ന പ്രവർത്തനങ്ങളിൽ ചിലതുമാത്രമാണ്.

വിവിധരംഗങ്ങളിൽ പ്രശസ്തരായ മുൻ ജില്ലാ കലക്ടർ എൻ.കെ. നാരായണക്കുറുപ്പ്, റിട്ടയേർഡ് അഡീഷനൽ ഫിനാൻസ് സെക്രട്ടറി എം. നാരായണൻ നമ്പ്യാർ, അദ്ധ്യാപക അവാർഡ് ജേതാക്കളായ ടി. രാമകൃഷ്ണക്കുറുപ്പ്, സി.എസ്. നമ്പ്യാർ എന്നിവരും പാരമ്പര്യ മർമ്മചികിത്സകനായിരുന്ന ഏറാമല കലന്തൻ ഗുരിക്കൾ പ്രസിദ്ധ ആയുർവേദവൈദ്യൻ തൊണ്ടായി കുഞ്ഞിരാമൻ വൈദ്യർ, കേളുവൈദ്യർ വിഷചികിത്സാ വിദഗ്ദനായിരുന്ന ആർ. പക്രൻ, ഏറാമലക്കാരുടെ ബഹുമാന്യനായ മേലത്ത്കണ്ടി അബ്ദുള്ള മുസലിയാർ തുടങ്ങിയവർ ഏറാമലയുടെ അഭിമാനമാണ്.

കേരളസംസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ ഉൾപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് ഏറാമല. തികച്ചും ഒരു ഗ്രാമത്തിൻെറ സൗന്ദര്യവും ലാളിത്യവും നന്മവും സ്നേഹവും നിറഞ്ഞുനിൽക്കുന്ന ഈ പ്രദേശത്തിൻെറ ചരിത്രത്തിലേക്കുള്ള എത്തിനോട്ടം

സന്തോഷകരവും ആവേശകരവുമായ അനുഭവങ്ങളിലേക്കാണ് നമ്മെ എത്തിക്കുക എന്നതിൽ സംശയമില്ല. സമഗ്രവികസനമെന്നത് ഇന്നും കൊതിക്കുന്ന ഒരു സ്വപ്നവുമായി ഏറാമലക്കാരുടെ മനസ്സിൽ നിലനിൽക്കുമ്പോൾ തന്നെ കഴിഞ്ഞ കാലങ്ങളിൽ കൊയ്തെടുത്ത വികസന പ്രവർത്തനങ്ങൾ അമൂല്യങ്ങളായിതന്നെ ഇവിടുത്തുകാർ വിശ്വസിക്കുന്നു. തികച്ചും ഒരു കുഗ്രാമമായിരുന്ന ഏറാമല അവികസിത പ്രദേശമെന്ന് പറഞ്ഞുകൂടാ വികസ്വര പഞ്ചായത്താണ്. വിവിധഭാഗം ജനങ്ങളിൽ ഒന്നിച്ചു ജീവിക്കുന്ന ഈ പഞ്ചായത്തിൽ മതസൗഹാർദ്ദത്തിൻെറയെന്നല്ല മനുഷ്യസൗഹാർദ്ദത്തിൻെറ തുരുത്തുകൾ ഇന്നും ശക്തമായി തന്നെ നിലനിൽക്കുന്നു. മറ്റുപ്രദേശങ്ങളിൽ അഭിശപ്തമായ സംഭവങ്ങൾ അരങ്ങേറിയപ്പോഴും ഏറാമല സ്നേഹത്തിൻെറ സൗഹാർദ്ദത്തിൻെറ സൗധങ്ങളിൽ പരസ്പര ബഹുമാനത്തിൻെറ ദീപങ്ങൾ തെളിയിക്കുകയായിരുന്നു. ഒരു പൊതുപ്രശ്നം വരുമ്പോൾ മറ്റ്എല്ലാ ചിന്താധാരകൾക്കും കടിഞ്ഞാണിട്ടുകൊണ്ട് സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു തീരുമാനത്തിലെത്താനും അത് പ്രാവർത്തികമാക്കാനും ഇവിടുത്തുകാർ പ്രത്യേകം ശ്രദ്ധിച്ചുവരുന്നുണ്ട്. ഓർക്കാട്ടേരി എന്നും സമാധാനത്തിൻെറ ഒരു തുരുത്തായിരുന്നു. മതമൈത്രിയും സൗഹാർദ്ദവും ഹനിക്കപ്പെടുന്ന ഒരു സംഭവംപോലും ഈ പ്രദേശത്തുണ്ടായിട്ടില്ല. മനുഷ്യസ്നേഹത്തിൻെറ വിശാല അടിത്തറയിൽ പൊതുജീവിതത്തിനും രാഷ്ട്രീയപ്രവർത്തനങ്ങൾക്കും തിരികൊളുത്തിയ ആദർശനിഷ്ഠരായ ആദ്യകാല രാഷ്ട്രീയ നേതാക്കളുടെ അമൂല്യമായ സംഭാവനയാണ് ഈ പ്രദേശത്തിന് ലഭിച്ച സഹിഷ്ണുതാ മനോഭാവം. പഴയകാലങ്ങളിലെ ആരാധ്യരായ നേതാക്കൾ സാമൂഹ്യമണ്ഡലത്തിൽ വിതച്ച സൗഹാർദ്ദത്തിൻെറ വിത്തുകൾ ഇന്ന് ഒരു വടവൃക്ഷമായി വളർന്ന് ഈ പ്രദേശത്തിന് താങ്ങും തണലുമായി പരിണമിച്ചിരിക്കയാണ്.

> വിജയത്തിൻെറ താക്കോൽ
> വൻതോതിലുള്ള ഉല്പാദനമല്ല
> ജനലക്ഷങ്ങൾ മുഖാന്തിരമുള്ള
> ഉല്പാദനമാണ്
>
> എല്ലാവരുടേയും അത്യാവശ്യങ്ങൾ
> നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ
> പ്രകൃതിയിലുണ്ട്.
> എന്നാൽ ആരുടെയും ദുരയെ
> തൃപ്തിപ്പെടുത്തുവാൻ വഭവങ്ങളിലതാനും
>
> \- ഗാന്ധിജി

# 6

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂ പ്രകൃതി:-

കോഴിക്കോട് ജില്ലയുടെ വടക്കെ അറ്റത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് ഏറാമല. വടക്ക്മയ്യഴി പുഴയും തെക്ക് ചോറോട്, വില്ല്യാപ്പള്ളി ആയഞ്ചേരി പഞ്ചായത്തുകളും കിഴക്ക് എടച്ചേരി, ആയഞ്ചേരി പഞ്ചായത്തുകളും പടിഞ്ഞാറ് ഒഞ്ചിയം അഴിയൂർ പഞ്ചായത്തുകളും ഏറാമല പഞ്ചായത്തിൻെറ അതിർത്തികളാണ്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ അഞ്ച് ഭാഗങ്ങളായിതിരിക്കാം. ഉയർന്നപ്രദേശം, ചെരിവുകൾ, താഴ്ന്നസമതലം, വയലുകൾ, ചതുപ്പുകൾ എന്നിവയാണ് അവ.

ഏറാമല കോവിലകപ്രദേശം, ചെമ്പ്രക്കുന്ന് പ്രദേശം, മമ്പള്ളിക്കുന്ന്, കണ്ടോത്ത്കുന്ന്, ചെറിയേരിഭാഗം, മൊട്ടപ്പാറ പ്രദേശം, മൊട്ടേമ്മൽ, കുളരിക്കുന്ന്, കാറ്റാടിമ്മേൽ പ്രദേശം, പള്ളിക്കുന്ന്, കല്ലേരിക്കുന്ന്, മൂന്നാംകുന്ന്, മലയിൽ കുന്ന്, കൊടക്കുന്ന്, കല്ലറക്കാമല, ഇത്തിൾകണ്ണിമല, കരിന്തണ്ടൻമല, മുതുവറ്റപ്പാറ, വാപ്രത്ത്മീത്തൽ ഭാഗം എന്നിവ പഞ്ചായത്തിലെ ഉയർന്നപ്രദേശങ്ങളാണ്. ഇതിൽ ചെമ്പ്രക്കുന്ന് പൂർണ്ണമായും പള്ളിക്കുന്ന് ഭാഗീകമായും മണ്ണിടിച്ച് കുന്നുകൾതന്നെ അപ്രത്യക്ഷമാവുകയാണ്.

നേരത്തെ വയൽപ്രദേശങ്ങളായ സ്ഥലങ്ങളിൽ ഭൂരിഭാഗവും മണ്ണ് നികത്തി കുനികളാക്കി സമതലങ്ങളോട് ചേർത്തിട്ടുണ്ട്.

നെല്ലാച്ചേരി പള്ളിഭാഗം, മൂരുൽ താഴ മുതൽ പെരുമ്പുഴക്കരതാഴ വരെയുള്ള ഭാഗങ്ങൾ, ഏറാമല വടക്കെവയൽ, പാറോളിതാഴ വയലുകൾ, ചെമ്പ്രതാഴ, മമ്പള്ളി തോടിൻെറ ഇരുവശങ്ങൾ ഓർക്കാട്ടേരി തുരുത്തിമുക്ക് റോഡിൻെറ ഇരുവശങ്ങൾ, ചാട്ടുകുളം ഭാഗം, മുയിപ്രവയൽ, പിണങ്ങോട്ട് താഴ എന്നീസ്ഥലങ്ങളിൽ നെൽവയലുകൾ നിലനിൽക്കുന്നുണ്ട്.

മയ്യഴിപുഴയുടെ തീരങ്ങളിൽ കുറിച്ചിക്കര, കാഞ്ഞിരക്കടവ് ഭാഗങ്ങളിലും കളിയാംവെള്ളിപുഴയുടെ തീരങ്ങളിലുള്ള തുരുത്തിമുക്ക് കടവ് മുതൽ കളിയാംവെള്ളിവരെയുള്ള ഭാഗങ്ങളിലും ചതുപ്പുനിലങ്ങളാണ്.

## ജനപ്രകൃതി:-


1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 30,050 ആണ്. ഇതിൽ സ്ത്രീകൾ 15729, പുരുഷൻമാർ 14321 മൊത്തം ജനസംഖ്യയുടെ 52.34% സ്ത്രീകളും 47.66% പുരുഷൻമാരും ആണെന്ന് കാണാം. പഞ്ചായത്തിൽ പട്ടികജാതി വിഭാഗങ്ങളിൽ മൊത്തം 716 പേരുണ്ട്. അതിൽ 375 സ്ത്രീകളും 341 പുരുഷൻമാരും ആണ്. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്ത് ജില്ലയിലെ ഒന്നാം നിരകളിൽ ഉൾപ്പെടുന്നു. സാക്ഷരതാ ശതമാനം 94.5 ആണ്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞം വളരെ ഭംഗിയായി നടന്ന ഈ പഞ്ചായത്തിൽ തുടർ സാക്ഷരതാ പ്രവർത്തനം സജീവമായിരുന്നില്ല. അതുകൊണ്ടുതന്നെ നിലവിലുള്ള സാക്ഷരതാശതമാനം പ്രഖ്യാപിക്കപ്പെടുന്നതിൽ നിന്ന് ഒരു പക്ഷെ വ്യതിചലിച്ചിരിക്കാം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പഞ്ചായത്തിലെ യുവജനങ്ങളുടെ ഇടയിലെ മുഖ്യപ്രശ്നമാണ്. ഗൾഫ് മേഖലയിലുള്ള തൊഴിൽ സാധ്യത ഉപയോഗപ്പെടുത്തുന്നതിലൂടെ ഒരു പരിധിവരെയെങ്കിലും തൊഴിലില്ലായ്മയുടെ രൂക്ഷത കുറച്ചിട്ടുണ്ട്.ഗൾഫ് പണം മുഖ്യമായും നിർമ്മാണപ്രവർത്തനരംഗത്തേക്ക് തിരിച്ചുവിട്ടതുകൊണ്ടു തന്നെ ഉല്പാദനരംഗത്ത് മുന്നേറ്റത്തിന് വഴിയൊരുക്കിട്ടില്ല എന്ന് കാണാം. ഉയർന്ന സാമൂഹ്യബോധനിലവാരത്തിലുള്ള, മതസൗഹാർദ്ദത്തിൽ മുറുകെ പിടിക്കുന്ന ജനത നമ്മുടെ പഞ്ചായത്തിൻെറ മുതൽകൂട്ടാണ്.

## ജലപ്രകൃതി:-

നിരവധി കുളങ്ങളും, കിണറുകളും, തോടുകളും, പുഴകളുമായി പഞ്ചായത്തിൽനല്ലൊരു ജലസ്രോതസ്സുണ്ട്. മയ്യഴിപുഴയും കളിയാംവെള്ളി പുഴയും ഈ പഞ്ചായത്തിലെ ജലസ്രോതസ്സുകളിൽ പ്പെടുന്നു. ജലസ്രോതസ്സുകളെ ഫലപ്രദമായി സംരക്ഷിക്കാനോ ഉപയോഗപ്പെടുത്താനോ നമുക്ക് കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ ശരാശരി 3200 മി.മീ. മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ, ആഗസ്ത് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത് എങ്കിലും നീരൊഴുക്കിനെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താത്തതുകൊണ്ട് ഏപ്രിൽ മെയ് മാസങ്ങളിൽ വരൾച്ച് കൂടിയ പ്രദേശങ്ങളും പഞ്ചായത്തിൽ കാണുന്നു.

## 7


# വികസന മേഖലകൾ





നമ്മുടെ
പുരോഗതിക്കുവേണ്ടി
മണ്ണും ജലവും
ജൈവസമ്പത്തും
സംരക്ഷിക്കുക

കേരള സ്റ്റേറ്റ്ലാൻഡ്‌യൂസ്ബോർഡ്



# 7.1

# കൃഷിയും ജലസേചനവും

ഏറാമല പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. കുന്നിൻ പ്രദേശങ്ങളും, താഴ്വരകളിലുള്ള നെൽവയലുകളും, തിങ്ങി നിറഞ്ഞപുരയിടങ്ങളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം.

മുഖ്യകൃഷികൾ തെങ്ങ്, നെല്ല്, കവുങ്ങ്, കുരുമുളക് ഇവയാണ്. ഇടവിളകളായി മരച്ചീനി, പയർ,വാഴ മുതലായവ കൃഷി ചെയ്യുന്നു.

'കൃഷിഭൂമി കൃഷിക്കാരന്' എന്ന മുദ്രാവാക്യം ദേശീയപ്രസ്ഥാനത്തിൻെറ ആരംഭം മുതൽ ഇവിടെ ഉയർന്നിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്ക്ശേഷം ഭൂപരിഷ്ക്കണ നിയമങ്ങൾ നടപ്പിൽ വന്നതോടുകൂടി കർഷകർക്ക് ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുകയും ജന്മിത്തവ്യവസ്ഥ പാടെ ഇല്ലാതാക്കുകയും ചെയ്തു. ഭൂമിയിൽ ഗണ്യമായവ ബ്രഹ്മസ്വവും, ദേവസ്വവും, കോവിലകം സ്വത്തുമായിരുന്നു. പാട്ടം, വാരം എന്നീ വ്യവസ്ഥകളിലൂടെയാണ് ഭൂമി കർഷകർക്ക് പതിച്ചു നൽകിയിരുന്നത്.

ജന്മിത്ത വ്യവസ്ഥ നിലനിന്ന കാലത്ത് ഭൂവുടമകൾ നാട്ടുപ്രമാണിമാരായ സവർണ്ണ മേധാവികളായിരുന്നു. ജന്മി കുടിയാൻ ബന്ധത്തിൽ കൃഷിക്കാർ കേവലം അടിമകളായി കഴിഞ്ഞു കൂടേണ്ടി വന്നു. നാടുവാഴികളുടെ കാര്യസ്ഥൻമാരും പടനായകന്മാരുമായിരുന്നു ജന്മികളിൽഏറിയ കൂറും. അവരിൽ നിന്ന് മറുപാട്ടത്തിന് സ്ഥലം ഏറ്റുവാങ്ങിയാണ് കർഷകർ കൃഷിചെയ്തിരുന്നത്. പാട്ടകുടിശ്ശിക വരുത്തി അതൃപ്തി സമ്പാദിച്ചാൽ കുടിയാനെ ഒഴിപ്പിക്കാനും, കൈവശഭൂമി മറ്റൊരാൾക്ക് മേൽച്ചാർത്തിന് കൊടുക്കാനും ജന്മിക്ക് അവകാശമുണ്ടായിരുന്നു.

മലബാറിൽ കർഷകപ്രസ്ഥാനം ശക്തിപ്പെട്ടതോടെ കർഷകത്തൊഴിലാളികൾക്ക് ഒരു നവചൈതന്യവും ഉണർവ്വും വന്നുചേർന്നു. പഴയകുടിയാൻ ചെറിയ തോതിലാണെങ്കിലുംഭൂമിക്ക് ഉടമകളായി. പിന്നീട് വന്ന ഭൂപരിഷ്ക്കരണ നിയമവും, കുടിയൊഴിപ്പിക്കലിനെതിരായ സംഘടിത പ്രക്ഷോഭവും, കർഷകബന്ധ ബില്ലും ഈ പ്രദേശത്തിൻെറ കാർഷിക രംഗത്തുള്ള പരിവർത്തനത്തിന് കാരണമായി. കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം ഏറെക്കുറെ എല്ലാവർക്കുമായി.

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷിചെയ്തിരുന്നത്. തോടുകൾ, കുളങ്ങൾ,എന്നിവ പരസ്പരധാരണയോടെ ചിറകെട്ടി സംരക്ഷിച്ച് കൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നു. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും ഇടത്തരം ചെറുകിട ജന്മിമാരായിരുന്നു. ആകെ ഭൂമിയുടെ 75%വും നെൽകൃഷിക്കായിരുന്നു ഉപയോഗിച്ചിരുന്നത്. ആ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന നെൽവിത്തുകളുടെ പട്ടിക താഴെകൊടുക്കുന്നു. എന്നാൽ ഇവയിൽ ചില ഇനങ്ങൾ ഇന്നു തീരെ കൃഷി ചെയ്യുന്നില്ല.

| ഇനം | കൊയ്ത്ത് മാസം |
|---|---|
| തവളക്കണ്ണൻ | കന്നി |
| വലിയകയ്മ | കന്നി |
| ചെറുകയ്മ | കന്നി |
| ഓക്കതൊണ്ണൂറാൻ | കന്നി (കരയിലും നടാം) |

| | |
|---|---|
| കന്നിവിത്ത് | കന്നി |
| വെളുത്താൻ | കന്നി |
| ആര്യൻ | കന്നി |
| ചിറ്റേരി | മകരം |
| മുണ്ടോൻ | മകരം (വെള്ളമുള്ള സ്ഥലത്ത്) |
| കോഴിവാലൻ | മകരം |
| കുട്ടാടൻ | മകരം (കൂടുതൽ വെള്ളം ഉള്ള സ്ഥലത്ത്) |
| കുട്ടിക്കണ്ടപ്പൻ | മകരം |

ഇന്നത്തെ കാലഘട്ടത്തിൽ മേൽ ഉദ്ധരിച്ച ചിലതും താഴെ കൊടുത്തപട്ടികയിലെ പുതിയ ഇനങ്ങളും ഉപയോഗിക്കുന്നു.

| ഇനം | കൊയ്ത്ത് മാസം |
|---|---|
| ഐ.ആർ.എട്ട് | കന്നി, മകരം |
| ജയ | കന്നി, മകരം |
| ആയിരംകണ (മസൂരി) | കന്നി |
| ത്രിവേണി | കന്നി, മകരം |
| ജ്യോതി | കന്നി |

മുൻകാലങ്ങളിൽ തികച്ചും ജൈവവളങ്ങൾ ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. ജൈവവളങ്ങളായി വെണ്ണീർ, ചാണകം, മീൻവളം, ഉപ്പ് കുമ്മായം ഇവ ഉവയോഗിച്ചിരുന്നു. പറമ്പുകളിലും നെൽകൃഷി ചെയ്തിരുന്നു. പറമ്പുകളും വയലുകളും കാളകളെ ഉപയോഗിച്ച്ഉഴുതു മറിച്ചാണ് കൃഷി ചെയ്തിരുന്നത്.

ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി കൃഷിസ്ഥലത്തേക്ക് ജലംതിരിച്ചു വിട്ടിരുന്നു. ഓല, മുളംകുറ്റി എന്നിവ ഉപയോഗിച്ച് താല്ക്കാലിക തടയണകൾ ഉണ്ടാക്കിയിരുന്നു. നാടൻ ജലസേചന ഉപകരണങ്ങളായ ഏത്തം, പോള, മുറം, എന്നിവയും ഉപയോഗിച്ചിരുന്നു.

എലികളെ നശിപ്പിക്കുന്നതിന് 'മുളംകുറ്റി കെണി' ചാഴിയെ നശിപ്പിക്കാൻ 'മുറം വീശൽ' 'വെണ്ണീർ പാറ്റൽ' തെങ്ങിൻ കുലച്ചിൽ കൊണ്ട് ഇളക്കൽ എന്നീ നാടൻ ശൈലികളാണ് ആദ്യകാലത്ത് പ്രയോഗത്തിൽ ഉണ്ടായിരുന്നത്. കാർഷിക ഉപകരണങ്ങളായി 'കൈക്കോട്ട്' 'പിക്കാസ്' 'കട്ടക്കോൽ' എന്നിവ ഉപയോഗിച്ചിരുന്നു. എന്നാൽ കട്ടക്കോൽ തീരെ ഇന്ന് പ്രയോഗത്തിലില്ല.

പണ്ടുകാലത്ത് ലാഭനഷ്ടം നോക്കിയായിരുന്നില്ല നെൽകൃഷി ചെയ്തിരുന്നത്. പിന്നീട് കൃഷിയോടുള്ള സമീപനങ്ങളിൽ പാടെ മാറ്റം വന്നു. നെല്ലിൻെറ വിലക്കുറവും, വളത്തിൻെറവില, കൂലിച്ചെലവ് തുടങ്ങിയവയിലുണ്ടായ വർദ്ധനവും, കൂട്ടുകുടുംബവ്യവസ്ഥയിൽ വന്നമാറ്റവും നെൽകൃഷിയോടുള്ള ആഭിമുഖ്യം കുറയ്ക്കാൻ ഇടയാക്കി. റോഡുകളുടെ വികാസവും, വീടിനോടും മറ്റ് കെട്ടിടങ്ങളോടുമുള്ള ആഭിമുഖ്യവും നെൽകൃഷിയെ സാരമായി ബാധിച്ചു.ഇത് നെൽവയലുകൾ നികത്തുന്നതിനും ദീർഘകാലവിളയായ തെങ്ങ് കൃഷിചെയ്യുന്നതിനും ഇടയാക്കി.

ഈ കാലഘട്ടത്തിൽ വയലേലകളിൽ ഈണത്തിൽ മുഴങ്ങികേട്ടിരുന്ന ഞാറ്റുവേലപാട്ടുകളും, 'താപ്പിടി' പെറുക്കലും, ഇന്ന് ഒരുതലമുറയുടെ ഓർമകളായി മാത്രം മാറിയിരിക്കുകയാണ്.

1960-കളിൽ ഇടത്തരം കർഷകനും പാടങ്ങൾ നികത്തുന്നതിന് തുടക്കം കുറിച്ചു. ഇത് വളരെഅധികം വ്യാപകമായതോടെ നീരൊഴുക്കിൻെറ ക്രമം തെറ്റി. നീർക്കെട്ടുകൾ രൂപ്പെടുന്നതിന് കാരണമായി. ഇത് കൃഷിനാശത്തിന് കാരണമായി.

ആദ്യകാലങ്ങളിൽ കർഷകർക്ക് കിട്ടിയ മാന്യത കുറഞ്ഞ് വന്നതോടെ അവർ മറ്റുമേഖലകളിലേക്ക് തിരിയുവാനും കൃഷിഭൂമി തരിശായി ഇടാനും ഇടയാക്കി. ഇന്നത്തെ നെൽകൃഷിയുടെ സ്ഥിതിവിവരക്കണക്ക് താഴെകൊടുക്കുന്നു. (കൃഷിഭവൻ രേഖ)

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് ഒന്നാംവിള | 110 | 4,95000 Kg | 4500 Kg |
| നെല്ല് രണ്ടാംവിള | 63 | 2,83500 Kg | 4500 Kg |
| നെല്ല് മൂന്നാംവിള | - | - | - |

ഏതാണ്ട് 40 വർഷങ്ങൾക്ക് മുമ്പേ നെൽ കൃഷി കഴിഞ്ഞാൽ പ്രധാനപ്പെട്ട കൃഷിയാണ് തെങ്ങ് കൃഷി. നെൽകൃഷി നശിച്ചശേഷം തെങ്ങ് കൃഷി വിപുലപ്പെടുത്തിയെങ്കിലും "അനുഭവം" കുറയുന്ന അവസ്ഥയാണ്. പഞ്ചായത്തിൽ ഇപ്പോൾ ശരാശരി 45 തേങ്ങയോളം ഉല്പാദിപ്പിക്കുന്നു.

തേങ്ങാകച്ചവടം ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ട്ടേറേപേർ മുമ്പ് തന്നെ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. തേങ്ങ, കൊപ്രയാക്കി വിറ്റഴിക്കുകയായിരുന്നു ഇവർ ചെയ്തിരുന്നത്. പ്രധാനവിപണന കെന്ദ്രങ്ങൾ വെള്ളികുളങ്ങരയും വടകരയും ആയിരുന്നു. വടകരയുടെ പ്രാധാന്യം വർദ്ധിച്ചതോടുകൂടി വെള്ളികുളങ്ങര ഇപ്പോൾ ഒരു വിപണന കേന്ദ്രമല്ലാതായിട്ടുണ്ട്. തേങ്ങ 1 കൊല്ലം മുതൽ 10 കൊല്ലം വരെ പാട്ടത്തിന് എടുക്കുന്ന സമ്പ്രദായം മുമ്പുണ്ടായിരുന്നു. ഇന്ന് അത് പൂർണ്ണമായും ഇല്ലാതായിരിക്കുന്നു എന്നു തന്നെ പറയാം. 'പാട്ടം' സമ്പ്രദായത്തിൽ കൃഷിക്കാർക്ക് തുച്ഛമായ വിലമാത്രമേ ലഭിച്ചിരുന്നുള്ളൂ.

തെങ്ങ് കൃഷിയോട് വേണ്ടത്ര ആഭിമുഖ്യം പണ്ടുകാലത്ത് ഉണ്ടായിരുന്നില്ല. 'കുഴിക്കാണം' എന്നറിയപ്പെടുന്ന പാട്ടവ്യവസ്ഥ ഇതിൽ മുഖ്യകാരണമായിരുന്നു. കാർഷിക ഉല്പന്നങ്ങൾ പ്രത്യേകിച്ച് തേങ്ങ കാളവണ്ടി മുഖേനയും, തലചുമടായും, കാവോടി വഴിയായും വിപണന കേന്ദ്രത്തിൽ എത്തിച്ചിരുന്നു.

മറ്റെല്ലാ കൃഷികളും പൊതുവേനശിച്ചതിന് ശേഷം തെങ്ങ് കൃഷിയോട് താല്പര്യം കാട്ടിയിരുന്നു. എന്നാൽ രാസവളത്തിൻെറ കുതിച്ചുകയറുന്ന വിലയും, മറ്റേല്ലാ നിത്യോപോയോഗ സാധനങ്ങൾക്കും വിലകയറുന്ന അവസ്ഥയിൽ തേങ്ങക്കുണ്ടായിക്കൊണ്ടിരിക്കുന്ന വിലയിടിവും,കാരണം തെങ്ങ് കൃഷിയും ശോചനീയമായ അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്.

## *തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ*

(കൃഷിഭവൻ രേഖ)

| പ്രദേശം | തെങ്ങ് എണ്ണം | | | | രോഗംബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|
| | തെങ്ങ്കൃഷി വിസ്തീർണ്ണം ഹെക്ടർ | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റൂട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിങ്ങ് | മറ്റുള്ളവ |
| നെല്ലാച്ചേരി | 148 | 6475 | 19425 | 25900 | ഈ പ്രദേശത്ത ഇല | തെങ്ങോലയിൽ ചെറിയ ഭാഗം കാണുന്നു 70% തെങ്ങിനും കാണാം. | 200 എണ്ണം ഓഫീസിൽ റിപോർട്ട ചെയതിട്ടുണ്ട | താഴ്ന്ന പ്രദേശത്ത വെള്ളം കെട്ടിനിൽക്കുന്നതും മണ്ണ നികത്തി (വയലിൽ) തെങ്ങ വെക്കുന്നപ്രദേശം | തെങ്ങോലപുഴു കൃഷിഭവനിൽ റിപോർട്ട ചെയതു. |
| കുന്നുമ്മക്കര | 172 | 7525 | 22575 | 3100 | | | | | |
| തട്ടോളിക്കര | 124 | 5425 | 16275 | 21700 | | | | | |
| പയ്യത്തൂർ | 78 | 3412 | 10236 | 13648 | | | | | |
| ഏറാമല | 176 | 7700 | 23100 | 30800 | | | | | |
| ആദിയൂര് | 190.34 | 8327 | 24981 | 35308 | | | | | |
| ഓർക്കാട്ടേരി | 140 | 6125 | 18375 | 24500 | | | | | |
| ഓർക്കാട്ടേരി | 166.70 | 7293 | 21879 | 28172 | | | | | |
| കാർത്തികപ്പള്ളി | 219.08 | 9585 | 28755 | 39340 | | | | | |
| മുയിപ്ര | 92 | 4025 | 12075 | 16100 | | | | | |
| കുറിഞ്ഞാലിയോട് | 105.25 | 4605 | 13815 | 18420 | | | | | |
| ആകെ | 1611.37 | 70497 | 211491 | 281988 | | | | | |

തെങ്ങ് കൃഷി ഇന്ന് പഞ്ചായത്തിൽ 1609 ഹെക്ടർ സ്ഥലത്ത് കൃഷിഭവൻ കണക്കനുസരിച്ച് കൃഷിചെയ്യുന്നുണ്ട് ഉല്പാദനക്ഷമത 1200 നാളികേരം ഹെക്ടറിന്.

നെൽകൃഷി നശിച്ചതും വിദ്യാഭ്യാസം സാർവ്വത്രികമായതും തൊഴിലാളികളെ ഇതര മേഖലകളിലേക്ക് ആകർഷിച്ചു. വയലുകൾതെങ്ങ് കൃഷിക്കും ഗൃഹനിർമ്മാണത്തിനും നികത്തുക എന്ന പ്രക്രിയ അതിവേഗം വർദ്ധിച്ചു. കർഷകർ പരമ്പരാഗതമായി കൃഷിചെയ്തിരുന്ന വാഴ, വത്തക്ക പച്ചക്കറികൾ എന്നീ വിളകളേയും സാരമായി ബാധിച്ചു. പ്രസിദ്ധമായ ഓർക്കാട്ടേരി ചന്തയിൽ വിറ്റഴിച്ചിരുന്ന വത്തക്ക മുഴുവനായും ഒരുകാലത്ത് നമ്മുടെ പഞ്ചായത്തിൽ നിന്നുതന്നെ ഉല്പാദിപ്പിച്ചിരുന്നു. എന്നാൽഇന്ന് വത്തക്കാകൃഷി പൂർണ്ണമായി ഇല്ലാതായിരിക്കുന്നു. കാർഷികവൃത്തിയോട് സമീപനത്തിൽ വന്ന മാറ്റം, പറമ്പുകളിലെ ഇടവിളകളുടെ കാര്യത്തിലും സംഭവിച്ചു. പുരയിടങ്ങളിൽ തെങ്ങ്ഒഴിച്ച് എല്ലാ കൃഷികളും നശിച്ചുകൊണ്ടിരിക്കുന്നു.

മുൻകാലങ്ങളിൽ ഇടവിളയായി മുത്താറി, പയർ, എന്നീധാന്യങ്ങളും ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, മരച്ചീനി മുതലായ കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറികൾ ആദിയായവയും വ്യാപകമായി പറമ്പുകളിലും വയലുകളിലും കൃഷിചെയ്തിരുന്നു. ഇത് ഇന്ന് നാമമാത്രമായി മാറിയിരിക്കുന്നു.

***പഞ്ചായത്തിൽ ഇടവിളകളായി കൃഷിചെയ്യുന്നയുടെ സ്ഥിതി വിവരക്കണക്ക് (കൃഷിഭവൻരേഖ)***

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|
| പയർവർഗ്ഗം | 15 ഹെക്ടർ | | 1.25 MT/Ha |
| പച്ചക്കറികൾ | 35 " | | |
| വാഴ | 35 " | 12,25000 Kg | 3.5 MT/Ha |
| മരച്ചീനി | 26 " | 4,8512 Kg | 15.7 MT/Ha |
| കുരുമുളക് | 10.65 " | | 2.2 MT/Ha |
| പ്ലാവ് | 1 " | | 2500 MT/Ha |
| കശുമാവ് | 2 " | | 5 MT/Ha |
| മാവ് | 3 " | | 3 MT/Ha |
| കവുങ്ങ് | 16 " | | 2 ലക്ഷം അടക്ക/ഹെക്ടർ |
| ഇഞ്ചി | 4 " | 1000 Kg | 2500 Kg |
| മഞ്ഞൾ | 10 " | 1500 Kg | 1500 Kg |
| ഗ്രാമ്പൂ | 4 " | | 80 MT/Ha |
| ജാതിക്ക | 4 " | | 200 Kg/Ha |
| പേരക്ക | 4 " | | 1.8 MT/Ha |

പഞ്ചായത്തിൽ കൃഷിചെയ്യുന്ന പച്ചക്കറിയെ സംബന്ധിച്ചുള്ള പട്ടിക (കൃഷിഭവൻ രേഖ)

| പച്ചക്കറി | വിസ്തീർണ്ണം (ഹെക്ടർ) | ശരാശരി ഉല്പാദനം |
|---|---|---|
| വെള്ളരി | 20 | 17 MT/ഹെക്ടർ |
| കയപ്പ | 4 | 14 " |
| ചീര | 4 | 40 " |
| വെണ്ട | 3 | 7 " |
| പടവലം | 1 | 13 " |
| മറ്റുള്ളവ (എളവൻ, മുളക്, കുമ്പളം etc) | 3 | 15 " |

കാർഷിക വൃത്തി മുഖ്യതൊഴിലായി കാണുന്നവരുടെ എണ്ണക്കുറവും കർഷകത്തൊഴിലാളികളുടെ ഇതരമേഖലകളിലേക്കുള്ള ചേക്കേറലും, കാർഷികവൃത്തികൾപൊതുവേ ലാഭമല്ലാത്തതും ഇത്തരം കൃഷികളുടെ നാശത്തിന് കാരണമായിരിക്കും.

## *കാലാവസ്ഥ*

പഞ്ചായത്തിൽ രണ്ടുഘട്ടങ്ങളിലായി മഴലഭിക്കുന്നു. ജൂൺ മുതൽ ആഗസ്റ്റ്വരെ ലഭിക്കുന്ന കാലവർഷവും (തെക്ക് കിഴക്കൻ മൺസൂൺ) സപ്തംബർ രണ്ട് മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും (വടക്ക് പടിഞ്ഞാറൻ മൺസൂൺ) ഉഷ്ണകാലത്ത് മണൽപ്രദേശങ്ങളിൽ കൂടുതൽ ചൂട് അനുഭവപ്പെടുന്നു.

ജൂൺ, ജൂലൈ മാസങ്ങളിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

*പട്ടിക 2 (3) കഴിഞ്ഞ 5 വർഷത്തെ മഴയുടെ അളവ്*

| മാസം | 1991 | 1992 | 1993 | 1994 | 1995 |
|---|---|---|---|---|---|
| ജനുവരി | - | - | - | - | - |
| ഫിബ്രവരി | - | - | - | - | - |
| മാർച്ച് | - | - | - | 20 | - |
| ഏപ്രിൽ | 84 | 55 | 19 | 23.5 | 5.2 |
| മെയ് | 90 | 140 | 193 | 159.3 | 151.2 |
| ജൂൺ | 124.8 | 112.05 | 916 | 1180 | 852.5 |
| ജൂലൈ | 1047 | 972 | 946.5 | 1160 | 917.4 |
| ആഗസ്റ്റ് | 394 | 665.5 | 267.3 | - | 454 |
| സെപ്തംബർ | 76 | 232.2 | 90.7 | 195.8 | 134.2 |
| ഒക്ടോബർ | 201 | 106.6 | 311.2 | 394 | 201 |
| നവംബർ | 68 | 321 | 92.3 | 65 | 36 |
| ഡിസംബർ | - | - | 80 | - | - |

ചുരുങ്ങിയ ദിവസം മാത്രമേ കഠിനമഴ അനുഭവപ്പെടുന്നുള്ളൂ. മഴക്കാലത്ത് താഴ്ന്നപ്രദേശത്ത് നീർക്കെട്ട, കൃഷിനാശം, അനുഭവപ്പെടുന്നു. ഇതോടൊന്നിച്ച് പഞ്ചായത്തിലെ താപനില വിശകലനം ചെയ്യുന്നത് ഉചിതമായിരിക്കും.

കഴിഞ്ഞ 4 വർഷമായി കോഴിക്കോട് രേഖപ്പെടുത്തിയ അന്തരീക്ഷ താപനില സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | Max | 31.5 | 32.2 | 32.6 | 33.1 | 30.8 | 29.6 | 28.1 | 28.2 | 29.6 | 31.1 | 30.7 | 32.1 |
| 1990 | Min | 22.2 | 22.9 | 24.7 | 27.0 | 24.9 | 24.0 | 23.0 | 23.6 | 24.1 | 24.3 | 23.8 | 23.1 |
| 1991 | Max | 31.7 | 32.3 | 33.1 | 33.4 | 33.7 | 29.4 | 29.3 | 28.5 | 30.7 | 30.8 | 31.5 | 31.1 |
| 1991 | Min | 23.1 | 23.4 | 26.0 | 26.6 | 26.9 | 24.6 | 23.7 | 23.4 | 24.3 | 24.2 | 23.8 | 21.9 |
| 1992 | Max | 31.4 | 31.7 | 32.6 | 33.0 | 32.6 | 29.9 | 28.2 | 28.3 | 29.6 | 30.6 | 30.1 | 31.9 |
| 1992 | Min | 21.0 | 23.3 | 24.7 | 26.0 | 25.8 | 24.5 | 23.3 | 23.8 | 23.8 | 23.8 | 23.8 | 21.7 |
| 1993 | Max | 31.4 | 31.9 | 32.6 | 33.4 | 33.4 | 30.2 | 28.7 | 29.1 | 30.1 | 30.5 | 31.6 | 31.5 |
| 1993 | Min | 21.4 | 22.8 | 25.1 | 26.2 | 26.3 | 24.6 | 23.5 | 23.8 | 24.0 | 24.1 | 24.1 | 23.0 |
| 1994 | Max | 32.0 | 32.1 | 33'0 | 32.5 | 32.8 | 29.1 | 27.8 | 28.8 | 30.7 | 31.3 | 32.1 | 32'0 |
| 1994 | Min | 22.9 | 24.0 | 25.4 | 25.5 | 26.1 | 23.7 | 22.9 | 23.6 | 23.8 | 23.9 | 23.9 | 23.3 |

90-94 വർഷം ജനുവരി മുതൽ ഡിസമ്പർ വരെ അന്തരീക്ഷ താപനില പരിശോധിച്ചാൽ ശരാശരി ഏറ്റവും ഉയർന്ന ചൂട് 30° സെൽഷ്യസ് കുറഞ്ഞത് ശരാശരി 23° സെൽഷ്യസ് ആണെന്നു കാണാം.

## *ഭൂപ്രകൃതി*

ഭൂപ്രകൃതിയിൽ സമതലം, ഉയർന്നപ്രദേശങ്ങൾ, ചരിഞ്ഞപ്രദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. നെല്ലാച്ചേരി, തട്ടോളിക്കര, കുന്നുമ്മക്കര വടക്ക് വേയ് വയൽ ഭാഗം, ആദിയൂർ പടിഞ്ഞാറ് ഭാഗം, ലക്ഷം വീട് ഭാഗം ഓർക്കാട്ടേരി മണപ്പുറം, കല്ലേരി ഭാഗം, ഓർക്കാട്ടേരിടൗൺ പടിഞ്ഞാറ് തെക്ക് ഭാഗം മുതലായവ ചരിവു പ്രദേശങ്ങളും, ആദിയൂരിലെ ചെമ്പ്രക്കുന്ന് ഭാഗം, കാർത്തികപ്പള്ളിയിലെ മലയിൽ എന്നിവ കുന്നുള്ള ഭാഗവുമാണ്. ഈ രണ്ടു കുന്നുകളും ഇപ്പോൾ ഭൂരിഭാഗവും മണ്ണെടുത്തു നിരപ്പാക്കിയിരിക്കയാണ്. കണ്ടീക്കര ഭാഗം, എളങ്ങോളി തെക്ക് കിഴക്ക് ഭാഗം, നെല്ലാച്ചേരി കാറ്റാടീമ്മൽ ഭാഗം എന്നിവ ഉയർന്ന പ്രദേശമാണ്. ബാക്കി പഞ്ചായത്തിലെ ഭാഗങ്ങൾ പൊതുവെ സമതലങ്ങളാണ്.

പഞ്ചായത്തിലെ മൺതരങ്ങളിൽ കൂടുതലായും കാണപ്പെടുന്നത് ചെമ്മണ്ണാണ്. ചില ഭാഗങ്ങളിൽ പൂഴികലർന്ന മണ്ണും കാണപ്പെടുന്നു. വടക്ക് ഭാഗവും, കിഴക്ക് ഭാഗവും പുഴയോരപ്രദേശങ്ങളും, ചതുപ്പ് നിലങ്ങളും ആണ്.

വർദ്ധിച്ചുവരുന്ന രാസവളപ്രയോഗം മൂലം മണ്ണിൻെറ അമ്ളസ്വഭാവം വർദ്ധിച്ചു വരുന്നതായിട്ടാണ് കാണപ്പെടുന്നത്.

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ കാണപ്പെടുന്ന മണ്ണിൻെറ തരം താഴെക്കൊടുത്ത പട്ടികയിൽ സൂചിപ്പിക്കുന്നു.

| വാർഡ് | മൺതരം |
|---|---|
| 1 | പൂഴികലർന്ന ചളിമണ്ണ്, കളിമണ്ണ്, ചരൽകലർന്ന മണ്ണ്, കളിമണ്ണ് കലർന്ന ചേടി |
| 2 | ചെമ്മണ്ണ് |
| 3 | ചളിമണ്ണ്, ചെമ്മണ്ണ്, പൂഴികലർന്നമണ്ണ്, എക്കൽമണ്ണ് |
| 4 | ചെമ്മണ്ണ്, പൂഴിമണ്ണ്, എക്കൽമണ്ണ് |
| 5 | ചെമ്മണ്ണ്, എക്കൽമണ്ണ് |
| 6 | ചെമ്മണ്ണ്, ചളിമണ്ണ്, പൂഴികലർന്ന ചളിമണ്ണ്, എക്കൽമണ്ണ് |
| 7 | ചെമ്മണ്ണ്, പൂഴിമണ്ണ് |
| 8 | മണൽമണ്ണ്, |
| 9 | ചെമ്മണ്ണ്, പൂഴിമണ്ണ്, ചളിമണ്ണ് |
| 10 | ചരൽ കലർന്ന ചെമ്മണ്ണ്, കടന്ന, ചളിമണ്ണ് |
| 11 | ചെമ്മണ്ണ്, പശിമയുള്ള മണ്ണ് |
| 12 | ചെമ്മണ്ണ്, മണൽകലർന്ന മണ്ണ് |

## *ഭൂവിനിയോഗം*

പഞ്ചായത്തിൻെറ വിസ്തീർണ്ണം 19.06 ച.കി. മി. പഞ്ചായത്തിൽ കൃഷിചെയ്യാൻ പറ്റാത്തസ്ഥലമായി 36.35 ഹെക്ടർ ഭൂമിയുണ്ടെന്ന് കണക്കാക്കുന്നു. മുഖ്യമായി കൃഷിചെയ്യുന്ന ഇനങ്ങൾ (കൃഷിഭവൻ രേഖ)

| പേര് | ഇനങ്ങൾ |
|---|---|
| തെങ്ങ് | വെസ്റ്റ് കോസ്റ്റ് ടാൾ TxD, D x T |
| കവുങ്ങ് | നാടൻ ഇനങ്ങൾ, മംഗള |
| വാഴ | നേന്ത്രൻ, പാളയംകോടൻ, റോബസ്റ്റ്, പൂവൻ, കുന്നൻ |
| മരച്ചീനി | അഞ്ചാംപൂള, കൃസ്ത്യാനിപൂള |
| കുരുമുളക് | നാടൻ,കരിമുണ്ട, പന്നിയൂർ-1 |
| നെല്ല് | നാടൻ (മുണ്ടകൻ) ജ്യോതി, ജയ, ചുവന്നത്രിവേണി |
| പയർ | നാടൻ, C-152 |

പഞ്ചായത്തിലെ മുഖ്യകൃഷി തെങ്ങ് ആണ്. ഇതോടൊപ്പം മാവ് പ്ലാവ് കവുങ്ങ് തുടങ്ങിയവയും ചെറിയതോതിൽ ഇടകലർന്ന കൃഷിരീതിയാണ്. നെൽവയലുകൾ മിക്കവാറും നികത്തപ്പെട്ട് തെങ്ങിൻ തോപ്പുകളായി മാറ്റപ്പെട്ടതിനാൽ നെൽകൃഷി നാമമാത്രമേ ഉള്ളു. പൊതുവെ ഫലഭൂയിഷ്ഠമാണെങ്കിലും തെങ്ങിൻെറ ഉല്പാദനക്ഷമത വളരെ കുറവാണ്.

നമ്മുടെ പഞ്ചായത്തിലെ കർഷകരെ ഭൂമി കൈവശം വെക്കുന്ന തോതനുസരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു. (അവലംബം - കൃഷിഭവൻ)

| പ്രദേശം | നാമമാത്ര കർഷകൻ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകൻ (1-2 ഹെക്ടർ) | വൻകിട കർഷകൻ (2 ഹെക്ടറിനുള്ളിൽ) |
|---|---|---|---|
| നെല്ലാച്ചേരി | 592 | 12 | - |
| കുന്നുമ്മക്കര | 638 | - | - |
| തട്ടോളിക്കര | 422 | - | - |
| പയ്യത്തൂര് | 286 | - | - |
| ഏറാമല | 704 | 7 | 2 |
| ആദിയൂര് | 760 | 4 | - |
| ഓർക്കാട്ടേരി | 538 | 1 | - |
| ഓർക്കാട്ടേരി | 637 | 4 | - |
| കാർത്തികപ്പള്ളി | 876 | 3 | - |
| മുയിപ്ര | 368 | - | - |
| കുറിഞ്ഞാലിയോട് | 420 | - | - |

## *ഭൂവിനിയോഗ പട്ടിക*

Ref:A റജിസ്റ്റർ, BT റജിസ്റ്റർ, വില്ലേജ് ഓഫീസ്

| വില്ലേജ് ദേശത്തിൻെറ പേർ | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | |
|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
| തട്ടോളിക്കര | 221.05 | 5.61 | 6.37 | - | 233.03 |
| കുന്നുമ്മക്കര | 374.10 | 20.00 | 17.87 | - | 411.97 |
| നെല്ലാച്ചേരി | 295.53 | 25.00 | 8.12 | - | 328.65 |
| ഓർക്കാട്ടേരി | 892.21 | 100.00 | 26.14 | - | 1018.35 |
| പയ്യത്തൂര് | 80.22 | 15.00 | 2.51 | - | 97.73 |
| ഏറാമല | 388.56 | 70.00 | 50.79 | - | 509.36 |
| ആദിയൂര് | 555.74 | 100.00 | 32.86 | - | 688.60 |
| കാർത്തികപ്പള്ളി | 612.59 | 40.00 | 27.92 | - | 680.51 |
| മുയിപ്ര | 288.84 | 20.00 | 0.10 | - | 308.95 |
| കുറിഞ്ഞാലിയോട് | 403.32 | 30.00 | 5.41 | - | 438.73 |

## *കാർഷിക വായ്പകൾ*

പഞ്ചായത്തിൽ കാർഷിക വായ്പകൾ നൽകുന്ന മൂന്നു സ്ഥാപനങ്ങളേ ഉള്ളൂ. ഏറാമല സർവ്വീസ് സഹകരണ ബാങ്ക്, കുന്നുമ്മക്കര സർവ്വീസ് സഹകരണ ബാങ്ക്, കനറാ ബാങ്ക് എന്നിവയാണ് ഇതിൽ കുന്നുമ്മക്കര സർവ്വീസ് സഹകരണ ബാങ്ക് നാമമാത്രമായ കാർഷിക വായ്പകളേ നൽകുന്നുള്ളൂ. മറ്റ് രണ്ട് സ്ഥാപനങ്ങളും കാർഷിക വായ്പ നൽകുന്നുണ്ടെങ്കിലും അവയുടെ ഗുണഭോക്താക്കൾ വായ്പകൾ പലപ്പോഴും കാർഷികേതര ആവശ്യങ്ങൾക്ക് ഉപ

യോഗിക്കുന്നത് മൂലം കാർഷികരംഗം വേണ്ടത്ര ശക്തിപ്പെടുന്നില്ല. വിവിധ ബാങ്കുകൾ 1995-96ൽ നൽകിയ വായ്പയുടെ വിശദവിവരങ്ങൾതാഴെ കൊടുക്കുന്നു. (അവലംബം - ഏറാമല, കുന്നുമ്മക്കര സർവ്വീസ് ബാങ്കുകൾ, കനറാ ബാങ്ക്)

| സ്ഥാപനത്തിൻെറ പേര് | ഹ്രസ്വകാല വായ്പ | മദ്ധ്യകാല വായ്പ | ദീർഘകാല വായ്പ |
|---|---|---|---|
| ഏറാമല സർവ്വീസ് സഹകരണ ബാങ്ക് | 21,12,355 ക. | 13,481 ക | 43,952 ക |
| കുന്നുമ്മക്കര സർവ്വീസ് സഹകരണ ബാങ്ക് | 38,305 ക. | - | - |
| കാനറാ ബാങ്ക് | 77,42,000 | - | 10,72,000 |

## കാർഷിക ഉപകരണങ്ങൾ

കൃഷിഭവൻ മുഖേന മരുന്നു തളി ഉപകരണങ്ങളായി 14 റോക്ക്സ്പ്രേയറും 2 നാപ്പ്സ്റ്റാക്ക്സ്പ്രേയറും, 2 തെങ്ങ് കയറ്റ യന്ത്രങ്ങളും 8 പോർട്ടബിൾ പമ്പ് സെറ്റും വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ കൃഷിഭവൻ ഓഫീസിൽ 3 റോക്ക് സ്പേയറും, 4 നാപ്പ്സ്റ്റാക്ക് സ്പേയറും 1 തെങ്ങ് കയറ്റ യന്ത്രവും ഉണ്ട്. വാടകയായി കൊടുക്കുന്നു. പരമ്പരാഗതമായ കാളപൂട്ട് ആണ് കൃഷി നിലങ്ങൾ ഉഴുതാൻ ഉപയോഗിക്കുന്നത്. കൈക്കോട്ട്, പടന്ന എന്നീ കാർഷിക ഉപകരണങ്ങളും കർഷകർ ഉപയോഗിക്കുന്നു. കൃഷിരംഗത്ത് ആധുനിക യന്ത്രങ്ങൾ നാമമാത്രമായി ഉപയോഗിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടക്ക് 36 കിണറുകൾക്ക് ധനസഹായം നൽകി. പമ്പ്സെറ്റ് 94-95ൽ 38ഉം 95-96ൽ 30ഉം 96-97ൽ 1ഉം വിതരണം നടത്തി ധനസഹായം ചെയ്തിട്ടുണ്ട്.

## കൂലിനിരക്ക്

കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരികയാണ്. വിദ്യാഭ്യാസനിലവാരത്തിൽ വന്ന മാറ്റവും, കൃഷിയോടുള്ള ആഭിമുഖ്യക്കുറവും ഇതിന് കാരണങ്ങളാണ്. മാത്രമല്ല കെട്ടിടനിർമ്മാണ മേഖലയിൽ കൂടുതൽ വരുമാനമുണ്ടാക്കാനുള്ള സാദ്ധ്യതകൾ നിലവിലുള്ളതിനാൽ കൂടുതൽ കൂടുതൽ കർഷകത്തൊഴിലാളികൾ ആ മേഖലയിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിൽ കർഷകത്തഴിലാളികൾ അധികവും, ഉച്ചവരെയാണ് ജോലിചെയ്യുന്നത്. ഇവർക്കുള്ള നടപ്പുകൂലി നിരക്ക് പുരുഷന് 60 കയും സ്ത്രീക്ക് 45 രൂപയുമാണ്.

## വളം

കൃഷിഭവൻ കണക്കനുസരിച്ച് ഒരു ഹെക്ടറിൽ ശരാശരി ഉപയോഗിക്കുന്ന രാസവളം 150 Kg/ഹെക്ടർ ജൈവവളം 4MT/ഹെക്ടർ ആകുന്നു. അശാസ്ത്രീയമായ വളപ്രയോഗരീതിയാണ് നിലവിലുള്ളത്. രാസവളങ്ങളും, ജൈവവളങ്ങളും വേണ്ടരീതിയിലും, യഥാസമയത്തും ഉപയോഗിക്കാത്തതുകൊണ്ട് കർഷകർക്ക് സാമ്പത്തികനഷ്ടം അനുഭവപ്പെടുന്നുണ്ട്. വളപ്രയോഗരീതിയെക്കുറിച്ച് കർഷകർക്കിടയിൽ വ്യാപകമായ അജ്ഞതയുണ്ട്. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്ന രീതി ഇവിടെ നിലവിലില്ല. സഹകരണ മേഖലയിലുള്ള രണ്ടും സ്വകാര്യമേഖലയിലുള്ള ഒന്നും ഉൾപ്പെടെ 3 വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. ഈ സ്ഥാപനങ്ങൾ വിപണനം ചെയ്യുന്നത് 85% വും രാസവളങ്ങളാണ്.

രാസവള കീടനാശിനി വിപണനം താഴെ കൊടുക്കുന്ന പട്ടികയിൽ സൂചിപ്പിക്കുന്നു. (അവലംബം - കൃഷിഭവൻ രേഖ)

| സ്ഥാപനത്തിൻെറ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം കി.ഗ്രാം | കീടനാശിനി കി.ഗ്രാം ദ്രവം | കീടനാശിനി കി.ഗ്രാം ഖരം | രാസവളം കി.ഗ്രാം | കീടനാശിനി കി.ഗ്രാം ദ്രവം | കീടനാശിനി കി.ഗ്രാം ഖരം | രാസവളം കി.ഗ്രാം | കീടനാശിനി കി.ഗ്രാം ദ്രവം | കീടനാശിനി കി.ഗ്രാം ഖരം |
| സഹകരണം | 184165 | - | 2608 | 209001 | - | 3642 | 194956 | - | 3568 |
| സ്വകാര്യം | 27600 | 42 ലി | 1608 | 34460 | - | 1265 | 32820 | 34 | 1400 |

## കീടനാശിനി

പച്ചക്കറികൾ വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ ഉപയോഗിക്കുന്നത്. കീടനാശിനികൾ തളിക്കുമ്പോൾ ഉപയോഗിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ച് കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്. കീടങ്ങളെ നശിപ്പിക്കാൻ നാടൻ രീതിയിലുള്ള സമ്പ്രദായങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിൽ നാംവളരെ പിന്നിലാണ്.

## തോടുകൾ

പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകളെല്ലാം കാഞ്ഞിരപ്പുഴയിലും വടകര മാഹി കനാലിലും വന്നു ചേരുന്നു. 8 സ്ഥലങ്ങളിലായി ചീപ്പുകളുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. ഇവ എളങ്ങോളി (1) മമ്പള്ളി തോട്3, കുറിച്ചിക്കര-1, കുന്നമ്പ്രത്ത് താഴ-1, പെരുമ്പഴക്കര-1, കരിങ്ങാലി മുക്ക്-1, എന്നിവയാണ്.

പഞ്ചായത്തിൻെറ കണക്കനുസരിച്ച് തട്ടോളിക്കർ 0.02 ഏക്കർ തോടും കുന്നുമ്മക്കര 13.60 ഏക്കറും, ഓർക്കാട്ടേരി 3.05 ഏക്കറും, പയ്യത്തൂര് 2.38 ഏക്കറും, ഏറാമല 13.80 ഏക്കറും ആദിയൂര് 11.99 ഏക്കറും പുഴയുണ്ട്. മിക്കതോടുകളുംകൃഷിക്ക് വേണ്ടവിധത്തിൽ ഉപകരിക്കുന്നില്ല.

## കുളങ്ങൾ

വലുതും ചെറുതുമായി 210 കുളങ്ങളുണ്ട്. കുളങ്ങൾ അധികവും സംരക്ഷിക്കപ്പെടുകയോ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗപ്പെടുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ പലകുളങ്ങളും, നെൽകൃഷിക്കും വേനൽക്കാലപച്ചക്കറിക്കും ഉപയോഗിച്ചിരുന്നു.

പഞ്ചായത്തിൻെ അധീനതയിൽ വാർഡ് ഒന്നിൽ പഴയകുളവും, വാർഡ് ആറിൽ മുയോത്തും കുണ്ടും ഉണ്ട്.

പഞ്ചായത്തിൽ ജലസേചന സൗകര്യം കൃഷിഭവൻ കണക്കനുസരിച്ച് 80 ഹെക്ടർ ആണ്.

കുളങ്ങളുടെ വാർഡ് തിരിച്ച് താഴെ കൊടുക്കുന്നു.

| വാർഡ് | ആകെ എണ്ണം |
|---|---|
| 1 | 18 |
| 2 | 22 |
| 3 | 9 |
| 4 | 12 |
| 5 | 24 |
| 6 | 8 |
| 7 | 22 |
| 8 | 5 |
| 9 | 6 |
| 10 | 27 |
| 11 | 29 |
| 12 | 28 |

## മണ്ണ് ജലസംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകളിട്ടും, മരങ്ങൾ വെച്ച് പിടിപ്പിച്ചും, പറമ്പുകൾ കൊത്തി ഇളക്കിയുമാണ് മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജീവിതക്രമത്തിലുണ്ടായ പരിവർത്തനവും, ഭൂമി തുണ്ടുതുണ്ടായി മാറിയതും കാർഷികവൃത്തിയോട് വന്ന വിമുഖതയും ഈ രംഗത്തോട് ജനങ്ങൾക്ക് താല്പര്യം കുറഞ്ഞു. മണ്ണ് സംരക്ഷണം ഉദ്ദേശിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ദേശീയ നിർമറി വികസന പദ്ധതി. ഈ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ വളരെ ചുരുങ്ങിയ പ്രദേശം മാത്രമേ ഉൾക്കള്ളിച്ചിട്ടുള്ളു. ഈപദ്ധതി അതിൻെറ യഥാർത്ഥലക്ഷ്യം നിറവേറ്റുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

വിശദവിവരം താഴെകൊടുക്കുന്ന പട്ടികയിൽ സൂചിപ്പിക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി പ്രദേശത്തെ വിസ്തീർണ്ണം | നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയാക്കേണ്ട വർഷം | സംരക്ഷിക്കപ്പെട്ട വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചിലവായ തുക | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| ദേശീയ നിർമറി വികസന പദ്ധതി (ഇതിൽ ഏതാണ്ട് നാലിൽ ഒരംശം ഒഞ്ചിയം പഞ്ചായത്ത് ഉൾപ്പെടുന്നു.) | 385 ഹെക്ടർ | 2.5 KM | 80000ക. | — | 1991 | 1997 March | — | 454 | 380691 ക | — |

## *കൃഷിഭവൻ*

1987ലാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. തികച്ചും കാർഷിക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവൻെറ പ്രവർത്തനം പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ എത്തിയിട്ടുള്ളു. 1 കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റൻറുമാരും ഉള്ള കൃഷിഭവൻെറ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ വാർഡ് അടിസ്ഥാനത്തിൽ വിതരണം ചെയ്യാറില്ല. പരമാവധി കൃഷിക്കാരെ അറിയിക്കുന്ന സ്വഭാവം ഇല്ല. ദേശീയ നിർമറി നവികസന പദ്ധതിയിലെ സർവ്വേ എടുത്തതിൽ ധാരാളം പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. പരിധിയിൽപ്പെട്ട ധാരാളം കൃഷിക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കാർഷികരംഗത്ത് വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്ന തരത്തിലുള്ള ഉയർന്നപ്രവർത്തനം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്നു ലഭിക്കുന്നില്ല. വിവിധരീതിയിലുള്ള കൃഷികളുടെ ശാസ്ത്രീയരീതിയെക്കുറിച്ചും, വളപ്രയോഗം, രോഗബാധ തടയൽ തുടങ്ങിയ കാര്യങ്ങളിലും കർഷകർക്ക് ഉപദേശനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിൽ പരാജയപ്പെടുന്നതായിട്ടാണ് കാണുന്നത്. വിവിധ ഏജൻസികളിൽ നിന്നും, സർക്കാറിൽനിന്നും കൃഷിക്കാർക്ക് കിട്ടുന്ന പ്രോത്സാഹനങ്ങൾ വളരെകുറവാണ്. നിലവിലുള്ള നാമമാത്രമായ ആനുകൂല്യങ്ങളെക്കുറിച്ച് തന്നെ കൃഷിക്കാരിൽ തികഞ്ഞ അജ്ഞത നിലനിൽക്കുന്നു. ഇപ്പോൾ നിലവിലുള്ള പദ്ധതികൾ തന്നെ ജനകീയ കാഴ്ചപ്പാടോടുകൂടി വാർഡിലെ കർഷകരോടും വിവിധ കർഷകസമിതികളോടും സഹകരിച്ച് ദീർദൃഷ്ടിയോടേയും, ആസൂത്രണത്തോടേയും നടപ്പിലാക്കിയാൽ കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റം വരുത്താൻ കഴിയുന്നതാണ്.

ഏറാമല കൃഷിഭവനിൽ 3 പാടശേഖരസമിതികൾ ഉണ്ട്

| സമിതിയുടെ പേര് | വിസ്തീർണ്ണം | മെമ്പർമാർ |
|---|---|---|
| ഓർക്കാട്ടേരി പാടശേഖര സമിതി | 35 ഹെക്ടർ | 92 |
| കാർത്തികപള്ളി " " | 30 " | 102 |
| ഏറാമല " " | 10 " | 51 |
| മൊത്തം | 75 " | 245 |

ഞെൽകൃഷിക്കാർക്ക് വിതരണം ചെയ്യുന്ന ഉല്പാദനബോണസ്സിനും, കൃഷിനശിച്ചവർക്കുമുള്ള നെൽ വിത്ത് വിതരണത്തിനും, മറ്റും, പാടശേഖര സമിതികൾ കൃഷിഭവനെ സഹായിക്കുന്നു.

കേരസംരക്ഷണസമിതി: പഞ്ചായത്ത്തലത്തിൽ ഒന്നാണുള്ളത്. സമഗ്രനാളികേര വികസനപദ്ധതിയുടെ ഭാഗമായി നല്കുന്ന കിണറിനും പമ്പ് സെറ്റിനും മറ്റുമുള്ള ആനുകൂല്യം ഈ സമിതി മെമ്പർമാർക്ക് നൽകുന്നു. കൂടാതെ പച്ചില വളത്തിന്, റോക്കർ സ്പ്രയർ വാങ്ങിക്കൽ, തെങ്ങുകയറ്റ യന്ത്രം വാങ്ങിക്കൽ, തുടങ്ങിയവക്കും മെമ്പർമാർക്ക് ആനുകൂല്യം നൽകുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കൃഷിഭവനിൽ നിന്നും വിതരണം ചെയ്ത നടീൽ വസ്തുക്കൾ

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 695 | 500 | 300 |
| കശുമാവ് | - | - | - |
| കുരുമുളക് | 3000 | 4000 | 2000 |
| കവുങ്ങ് | 400 | - | 125 |
| ജാതിക്ക | 60 | 65 | |
| ഒട്ടുമാവ് | 32 | 71 | |
| ഒട്ടുപ്ലാവ് | 5 | | |
| സപ്പോർട്ട | 5 | 35 | 25 |
| പേര | 5 | 20 | |
| ചാമ്പക്ക | 5 | 70 | |
| കൊടംപുളി | 5 | - | |
| സർവ്വസുഗന്ധി | 5 | | |
| ചോറി[W.India] | 5 | 50 | |
| നാരകം | - | 70 | |
| ഗ്രാമ്പൂ | - | 15 | |
| തെങ്ങ് ഇനം തിരിച്ച് | DxT: 30 WCT=600 TxD=65 | PxT=100 WCT =400 | DxT=30 WCT=200 TxD=70 |

കൃഷിഭവൻ നീർ മറിപ്രദേശത്ത് നല്കിയ ആനുകൂല്യങ്ങളുടെ വിവരം

| നമ്പ്ര് | ഇനം | ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | പുൽ കൃഷി | 41 |
| 2 | പശുക്കൾക്ക് വിറ്റമിനുകളും ധാതുക്കളും | 62 |
| 3 | മണ്ണ് സംരക്ഷണം | 404 |
| 4 | കുറ്റി മുല്ല | 392 |
| 5 | ചണമ്പ് വിത്ത് | 122 |
| 6 | കുമ്മായം | 121 |

| | | |
|---|---|---|
| 7 | വേപ്പിൻ പിണ്ണാക്ക് | 176 |
| 8 | കുമ്മായം + പയർ (ഇടവിള) | 175 |
| 9 | അടുക്കളതോട്ടം | 119 |
| 10 | സാമൂഹ്യ വനവൽക്കരണം | 137 |
| 11 | ഒട്ടുമാവ് | 38 |
| 12 | ആടു വളർത്തൽ | 46 |
| 13 | കോഴികൾ | 144 |
| 14 | കോഴിക്കുഞ്ഞുങ്ങൾ | 40 |
| 15 | ആശാരി മാർക്കുള്ള സഹായം | 9 |
| 16 | ആയുർവേദ മരുന്നു | 3 |
| 17 | കൊല്ലന്മാർ | 3 |
| 18 | ബാർബർ | 4 |
| 19 | തേനീച്ച വളർത്തൽ | 7 |
| 20 | കമ്പോസ്റ്റ് കുഴി നിർമ്മാണം | 40 |

## *കാർഷിക രംഗത്തെ പ്രശ്നങ്ങൾ*

പഞ്ചായത്തിൽ നെൽ വയലുകൾ നികത്തി തെങ്ങിൻ തോപ്പുകളും പുരയിടങ്ങളും ആക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതിനാൽ നിലവിലുള്ള നെൽകൃഷിതന്നെ അതിവേഗം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ചില പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി, ഉള്ള കൃഷി തന്നെ നശിച്ചു കൊണ്ടിരിക്കുന്നു. എളങ്ങോളി, ആദിയൂർ, തെറ്റത്ത് താഴ, പെരുമ്പുഴക്കര, വടക്കെ വയൽ, കുറിച്ചിക്കര തുടങ്ങിയ ഭാഗങ്ങളിൽ ഉപ്പുവെള്ളത്തിന്റെ ഭീഷണിയുണ്ട്. നെല്ലാച്ചേരി പള്ളിത്താഴ, മുരൂൽത്താഴ, ചെമ്പ്രത്താഴ, തോട്ടുങ്ങൽ പീടികക്ക്കിഴക്ക് ഭാഗം, പഴയകുളങ്ങരത്താഴ, ചാട്ടുകൊളംഭാഗം, കോയിറ്റോടിത്താഴ, കണ്ടീക്കര ഭാഗം മഠത്തിൽ താഴ, മുയിപ്ര റോഡിന്റെ കിഴക്ക് ഭാഗം തുടങ്ങി നിരവധി ഭാഗങ്ങളിൽ വെള്ളം കെട്ടിനിന്ന് നെൽകൃഷി നിശിക്കുന്ന അവസ്ഥയും ഉണ്ട്. ചില ഭാഗങ്ങളിൽ വേണ്ടത്ര വെള്ളം കിട്ടാത്തതിനാൽ നെൽകൃഷി അസാധ്യമായിത്തീർന്നിരിക്കുന്നു.

കുറ്റ്യാടി പദ്ധതിയുടെ ഭാഗമായി ജലസേചനത്തിനുള്ള കൈ കനാലുകളുടെ നിർമ്മാണം, വർഷങ്ങൾക്ക് മുമ്പേ പൂർത്തിയായെങ്കിലും, ഇതുവരെ വെള്ളം എത്തിയിയിട്ടില്ല. കൂടുതൽ സ്ഥലങ്ങളിൽ നെൽകൃഷി നടത്തുന്നതിനും, തെങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയ കൃഷികൾക്കും ഈ പദ്ധതിയുടെ പൂർത്തീകരണം വളരെയേറെ സഹായകമായിരിക്കും.

നെൽകൃഷിയെ ബാധിക്കുന്ന വിവിധരോഗങ്ങൾ, മണ്ണിനനുയോജ്യമായ വിത്തിനങ്ങൾ ഉപയോഗിക്കാത്തത്, കൃഷി ചിലവിൽവന്ന വമ്പിച്ച വർദ്ധനവ്, കീടങ്ങളുടെ ആക്രമണം, കാലാവർഷത്തെ മാത്രം ആശ്രയിച്ചുള്ള കൃഷി യന്ത്രവൽക്കരണത്തിന്റെ അഭാവം തുടങ്ങിയവ നെൽകൃഷി വികസനത്തിനുള്ള മുഖ്യതടസ്സങ്ങളാണ്.

പഞ്ചായത്തിൽ വ്യാപകമായി തെങ്ങുകൃഷി ഉണ്ടെങ്കിലും, ഉല്പാദനക്ഷമത ശരാശരി 45 ആണ്. തെങ്ങുകൃഷിക്ക് അനുയോജ്യമല്ലാത്ത നെൽവയലുകൾ നികത്തി കൃഷിചെയ്തത്, മിക്കവാറും സ്ഥലങ്ങളിൽ നാളികേര ഉല്പാദനം കുറയാൻ ഇടയാക്കി. പല സ്ഥലങ്ങളിലും വെള്ളം കെട്ടിനില്ക്കുന്നതും ഈ കൃഷിക്ക് ഭീഷണിയാണ്. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, വളപ്രയോഗത്തിലുള്ള അപര്യാപ്തത എന്നിവ കുറഞ്ഞ ഉല്പാദനക്ഷമതക്ക് പൊതുവെയുള്ള കാരണങ്ങളാണ്.പാർപ്പിട നിർമ്മാണരംഗത്തുണ്ടായിട്ടുള്ള വിസ്ഫോടനം തെങ്ങുകൃഷിക്ക് മറ്റൊരു ഭീഷണിയാണ്.

## അശാസ്ത്രീയമായ കൃഷിരീതി

നല്ലഇനം തെങ്ങിൻ തൈകളുടെ അഭാവം, ജൈവവളത്തിൻെറ ലഭ്യതക്കുറവ്, കൃഷിച്ചെലവി ലുള്ള വർദ്ധനവ് എന്നിവയുംഈ രംഗത്തെ പ്രശ്നങ്ങ ളാണ്. മണ്ണുപരിശോധന നടത്താതെയുള്ള വളപ്രയോ ഗമാണ് ഇന്ന് നിലനില്ക്കുന്നത്. തെങ്ങിനെ ബാധിക്കുന്ന കൂമ്പ്ചീയ്യൽ, നീർവാർച്ച, തെങ്ങോല പ്പുഴു ആക്രമണം തുടങ്ങിയ രോഗങ്ങളും പഞ്ചാ യത്തിൻെറ വിവിധഭാഗങ്ങളിൽ കണ്ടുവരുന്നു.

നാളികേര കർഷകർ അനുഭവിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് നാളികേരത്തിന് അടിക്കടി വരുന്ന വിലയിടിവ്. ഇതിനൊരു ശാശ്വത പരിഹാരം കാണേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ കുറഞ്ഞതോതിൽ വാഴകൃഷി നിലവിലുണ്ട്. വാഴയെ ബാധിക്കുന്ന രോഗങ്ങളും, ജലസേചന സൗകര്യങ്ങ ളുടെ അപര്യാപ്തതയും ഈ കൃഷിക്ക് മുഖ്യതടസ്സങ്ങ ളാണ്. കുരുമുളക് കൃഷി കുറഞ്ഞ തോതിൽമാത്രമേ ഈ പഞ്ചായത്തിൽ ഉള്ളൂ. കീടങ്ങളുടെ ആക്രമണ വും, ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങളും, ഉല്പാദനത ടസ്സങ്ങളാണ്. അത്യുല്പാദനശേഷിയുള്ള കുരുമു ളക് തൈകൾ കൂടുതലായ് വിതരണം ചെയ്യുകയും ശാസ്ത്രീയമായ കൃഷിരീതിയെ കുറിച്ചുള്ള ബോധ വൽക്കരണവും, ഈ മേഖലകളിൽ ആവശ്യമാണ്.

പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ വയ ലുകളിലും, പുരയിടങ്ങളിലും, നല്ലരീതിയിൽ പച്ചക്ക റികൃഷി മുമ്പ് നിലവിലുണ്ടായിരുന്നെങ്കിലും ഇന്ന് അപൂർവ്വം ഭാഗങ്ങളിൽ മാത്രമേ നടക്കുന്നുള്ളൂ. നല്ല ഇനം വിത്തുകൾ യഥാസമയം ലഭിക്കായ്മ കീടങ്ങ ളുടെ ആക്രമണം, ജലസേചന സൗകര്യങ്ങളുടെ കുറവ് എന്നിവ ഈ കൃഷിയെ ബാധിച്ചിട്ടുണ്ട്. മുമ്പ് വ്യാപകമായി ഉണ്ടായിരുന്ന ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, മരച്ചീനി മുതലായ ഇടവിള കൃഷികളും ഇപ്പോൾ നാമമാത്രമായിരിക്കുന്നു.

കാർഷികവൃത്തി മുഖ്യതൊഴിലായി കാണുന്നവരുടെ എണ്ണം കുറവും കർഷകതഴിലാളി കളുടെ ഇതരമേഖലയിലേക്കുള്ള ചേക്കേറലും, കാർ ഷിക വൃത്തികൾ പൊതുവേ ലാഭകരമല്ലാത്തതും ഇത്തരം കൃഷികളുടെ നാശത്തിന് കാരണമായി രിക്കുന്നു.

കൃഷിഭൂമി തുണ്ടവൽക്കരിക്കപ്പെട്ടത് പഞ്ചായത്തിൻെറ കാർഷിക വികസനത്തിന് പ്രശ് നങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽകൂട്ടായ് കൃഷിചെ യ്യാൻ ആവശ്യമായ പ്രോത്സാഹനവും സഹായവും ലഭിച്ചിരുന്നെങ്കിൽ ഇതിനെ തരണം ചെയ്യുവാൻ കഴി യുമായിരുന്നു. ഈ ദിശയിലേക്കുള്ള യാതൊരു നീക്കവും പഞ്ചായത്തിൻെറയോ ഗവൺമെൻറിൻെ റയോ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.

## സാദ്ധ്യതകൾ

1. ചാട്ടുകുളം:- പഞ്ചായത്തിലെ ഏറ്റവും കൂടുതൽ ജലം സംഭരിക്കാൻ കഴിവുള്ള കുളമാണ് ഇത്. ഈ കുളം സ്വകാര്യവ്യക്തിയുടെ കൈവശമാണ്. വയലുകളാൽ ചുറ്റപ്പെട്ട ഈ കുളത്തിന് ഏക ദേശം 1.5 ഏക്കർ വിസ്തീർണ്ണമുണ്ട്. വേനൽക്കാ ലത്തും ജലം സംഭരിക്കാൻ കഴിവുള്ള ഈ കുളം ശാസ്ത്രീയമായി വികസിപ്പിച്ചാൽഓർക്കാട്ടേരി ടൗൺ ഉൾപ്പെടെയുള്ള വിപുലമായ മേഖലക ളിൽ വെള്ളമെത്തിക്കാൻ കഴിയും. തെങ്ങ്, നെല്ല്, പച്ചക്കറി ഉൾപ്പെടെയുള്ള സമീപപ്രദേശത്തെ കൃഷിക്ക് ഈ ജലം ഉപയോഗപ്പെടുത്താൻ കഴി യുന്നതിലുപരി കുടിവെള്ളത്തിനും ഉപയോ ഗിക്കാം.

2. പഴയകുളം:-പഞ്ചായത്തിൻെറ അധീനതയിലാണ് ഈ കുളം. ഏകദേശം 25 സെൻറ് ചുറ്റളവിൽ ഉള്ള ഇത് വേനൽക്കാലത്തും വെള്ളം കെട്ടി നിർത്താൻ കഴിവുള്ള ഒരു നല്ല ജലസംഭരണി യാണ്. ഇതിൻെറ പാർശ്വഭിത്തികൾ പഞ്ചാ യത്തിൻെറ ഫണ്ട് വകക്കൊള്ളിച്ച് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിച്ചതാണ്. ഇത് കുറേക്കൂടി ആഴം കൂട്ടി വെള്ളം പമ്പുചെയ്യുന്ന സംവിധാനം നടപ്പിലാക്കിയാൽ 1, 2, 3, 4,5 വാർഡുകളിലെ നല്ലൊരുഭാഗം കൃഷിക്ക് ആവശ്യമായ ജലസേ ചനത്തിന് ഉപയോഗപ്പെടുത്താൻ കഴിയും.

3. പൊന്നംചാലിൽ കുളം:- ആഴവും വീതിയും കൂട്ടു ക. നെല്ലാച്ചേരി പ്രദേശത്തെ കുറേകൃഷിക്കാർക്ക് ഗുണം ചെയ്യും.

4. അനങ്ങാറത്ത് കുറിച്ചിക്കരതോട് ജലസേചന യോഗ്യമാക്കണം. കുറിച്ചിക്കര ചീപ്പ് ഉപയോഗപ്ര ദമാക്കണം.

5. 4,5,6 വാർഡുകളിലൂടെ കടന്നുപോകുന്ന ഓല പ്പുഴമുതൽ മാഹിപ്പുഴവരെയുള്ള തോട് ആഴവും വീതിയും കൂട്ടി സംരക്ഷിച്ച് കൃഷിക്ക് അനുയോ

ജ്യമാക്കണം. യഥാസമയങ്ങളിൽ ചീപ്പുകൾ പല കയിടണം. തൊടുനടക്കൽ, തെറ്റത്ത്താഴ ഭാഗത്ത് പുതിയ ചീർപ്പിടുകയും വേണം.

6. കളിയാംമ്പള്ളി മുതൽ കൊമ്മണാരിത്താഴ വരേയുള്ള തോടും അമിഞ്ഞിൽ താഴ തുണ്ടിയിൽതാഴ എന്നീ തോടുകളുടെആഴവും വീതി കൂട്ടുക.

7. കണ്ടീക്കര ഭാഗത്ത് കരിങ്കോത്ത് താഴവയലിൽ താഴനിന്നും കരിമ്പിൻകുനി തോട്ടിലേക്ക് വെള്ളം ത തിരിച്ചുവിട്ടാൽ കരിങ്കോത്ത് താഴവയലിൽ വെള്ളം കെട്ടിനിന്ന് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വിളനാശം പരിഹരിക്കാം. രണ്ടുവിള ഉണ്ടാക്കാനും കഴിയും. ഈ തോടിന് മാണിക്കോത്ത് താഴ ഒരു ബണ്ട് നിർമ്മിച്ചാൽ ആ വയലിലും രണ്ടുവിള നെൽകൃഷിചെയ്യാൻ കഴിയും.

8. തോണിത്തലക്കൽ മുയിപ്രറോഡിൻെറ കിഴക്ക് ഭാഗത്ത് മഴക്കാലത്ത് കെട്ടിനില്ക്കുന്ന വെള്ളം ഒഴിഞ്ഞു പോകാനുള്ള സംവിധാനം ഉണ്ടാക്കികൃഷിനാശം തടയണം.

9. പൂപ്പാകത്തി-തോട്ടുങ്ങൽ-മമ്പള്ളിത്തോടിൻെറ വീതിയും, ആഴവും കൂട്ടി ആവശ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലുകൊണ്ട് ഭിത്തികെട്ടി സംരക്ഷിക്കുകയും, നിലവിലുള്ള ചീർപ്പുകൾ പ്രവർത്തനക്ഷമമാക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുകയും ചെയ്യുക.

10. കണ്ണോത്ത്താഴ (ആദിയൂർ) വയലിൽ വരൾച്ച മൂലം കൃഷിചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. മമ്പള്ളിതോടിൽ ചീർപ്പുനിർമ്മിച്ച് അതിനെ ഈ വയലുമായി ബന്ധപ്പെടുന്ന നീർച്ചാൽ സ്ഥാപിക്കുക.

11. പട്യാട്ട് താഴ മുതൽ കുറിച്ചിക്കര വരെയുള്ളതോട് ആഴവും വീതിയും കൂട്ടി ബണ്ടുകൾ നിർമ്മിച്ച് കൃഷിക്ക് ഉപയുക്തമാക്കാം. ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തണം.

12. വില്ല്യാപ്പള്ളിയിൽ നിന്ന് ഉത്ഭവിച്ച് 12-ാം വാർഡിൻെറ കിഴക്കുഭാഗം, വടകര മാഹികനാലിൽ വന്നു ചേരുന്ന മുമ്പുണ്ടായിരുന്ന തോട് പുനഃസ്ഥാപിച്ചാൽ ആ ഭാഗങ്ങളിൽ വെള്ളം കെട്ടി നിന്ന് കൃഷിനശിച്ചു പോകുന്നത് തടയാം.

13. പോടൻതാഴക്കുനി തോടിൽ വന്നുചേരുന്ന രീതിയിൽ മുയിപ്രസ്കൂളിന് അടുത്തുനിന്നും കുരിക്കിലാട് ഭാഗത്ത് നിന്നും നിലവിലുള്ള റോഡിനോട് ചേർന്ന ഓരോ പുതിയ തോടുകൾ നിർമ്മിക്കുക. ഇതുമൂലം മഴക്കാലത്ത് വെള്ളംകെട്ടി നിന്ന് കൃഷിനശിക്കുന്നത് തടയാം.

14. അഞ്ചാം വാർഡിൻെറ കിഴക്ക് ഭാഗത്തുള്ള കൈക്കണ്ടം പ്രദേശത്തെ രണ്ടായി ഭാഗിക്കുന്ന നടുത്തോട് പലഭാഗത്തും വീതികുറയുകയും ചുള്ളിവന്ന് മൂടുകയും ചെയ്തതിനാൽ വെള്ളം ഇറങ്ങാതെ നെൽകൃഷി ചെയ്യാൻ പറ്റാത്ത സ്ഥിതി ഉണ്ടായിരിക്കുന്നു. ഈ തോട് വികസിപ്പിച്ചാൽ സമീപപ്രദേശത്ത് നെൽകൃഷിചെയ്യാൻ കഴിയും.

15. വരപ്രത്ത് താഴ തോടും അമിഞ്ഞിത്താഴ മുതൽ മമ്പള്ളിത്താഴ തോടും ജലസേചനയോഗ്യമാക്കണം.

16. ആദിയൂർ ഏറാമലത്തോട് ആഴവും വീതിയും കൂട്ടി വികസിപ്പിക്കുക. തെറ്റത്ത്താഴ ചീർപ്പ് നിർമ്മിച്ച് ഉപ്പ്വെള്ളം കയറുന്നത് തടയുക.

17. മോന്താൽപ്പാലം ഉപ്പുവെള്ളം കയറുമ്പോൾ, അടക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

18. തോട്ടോളിത്താഴ മുതൽ പള്ളിത്താഴവഴി ഓലപ്പുഴ വരെ തോട് നിർമ്മിച്ചാൽ നിരവധി ഏക്കർ നെൽകൃഷി സംരക്ഷിക്കാം.

19. ഓർക്കാട്ടേരി പോസ്റ്റാഫീസിനു മുമ്പിലുള്ള റോഡിൻെറ ഇടതുഭാഗത്ത് നിന്നുതുടങ്ങി കാച്ചിനാംക്കുനിതോട് വരെ വെള്ളം ഒഴുകാൻ ഓവുചാൽ നിർമ്മിച്ചാൽ, തെരുകരായിലുള്ള വെള്ളം ഒഴുകിപ്പോകും.

20. കണ്ടീക്കര ഭാഗത്ത് മുമ്പ് നിലവിലുണ്ടായിരുന്ന വാരിയം മണലിൽ തോട് പുനഃസ്ഥാപിക്കുക.

21. പോടൻകുനി താഴതോടിന് ഉചിതമായ സ്ഥലങ്ങളിൽ ബണ്ടുകളും കൈത്തോടുകളും നിർമ്മിച്ച് വെനൽക്കാലത്ത് സമീപ വയലുകളിൽ പച്ചക്കറി കൃഷി വികസിപ്പിക്കാം.

22. തോണിത്തലക്കൽ പുഴയിൽ ഒരു ബണ്ട് നിർമ്മിച്ചാൽ ഒഴുക്കു ജലത്തെ തടഞ്ഞുനിർത്തി പിണങ്ങോട്ട്താഴ വയലിൽ രണ്ടുവിള നെൽകൃഷി ചെയ്യാം.

23. മമ്പള്ളിത്താഴ നരിക്കോട്ടി പുതിയതോട് ഉണ്ടാക്കിയാൽ, വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കാം. മഴക്കാലത്ത് ജലസ്തംഭനം ഒഴിവാക്കാൻ കഴിയും.

24. വണ്ണാത്തിതോടും പുതിയടുത്തുനിന്ന് പുറപ്പെടുന്ന തോടും ആഴം കൂട്ടി ജലസേചനപ്രദമാക്കുക.വെള്ളം കെട്ടി കൃഷിനശിക്കുന്ന സ്ഥലങ്ങളിൽ അതുതടയാനുള്ള സംവിധാനം ഏർപ്പെടുത്തുക.

25. ഓലപ്പുഴ ആഴം കൂട്ടി കെട്ടിയാൽ നല്ല ജലസംഭരണിയാക്കി മാറ്റാം.

26. കുളങ്ങരക്കണ്ടിതാഴ പെരുമ്പുഴക്കര നീർച്ചാലും വഴിവരമ്പും ഉണ്ടാക്കണം.

27. നെല്ലാച്ചേരി എൽ.പി. സ്കൂളിന് സമീപം ഇല്ലത്തു താഴവഴി വയലിലേക്ക് പോകുന്നതോട് വീതി കൂട്ടിയും വഴി വരമ്പുണ്ടാക്കിയും നിർമ്മിക്കുക.

28. കുന്നുമ്മക്കര സർവ്വീസ് ബാങ്ക് മുതൽ പുതുക്കുടി താഴ വരെയുള്ള തോട് പുനഃസ്ഥാപിച്ച് വെള്ളം കെട്ടി നില്ക്കുന്നത് ഒഴിവാക്കുക.

29. ചാട്ടുകുളത്തിലേക്ക് ചാലുകൾ നിർമ്മിച്ചാൽ ചുറ്റും പ്രദേശത്ത് വെള്ളം കെട്ടിനിന്ന് കൃഷി നശിക്കുന്നത് പരിഹരിക്കാം.

30. പൂപ്പാക്കഞ്ഞി തോട്ടിലേക്ക് ചാലുകൾ കീറിയാൽ സമീപപ്രദേശത്ത് വെള്ളംകെട്ടി കൃഷിനശിക്കുന്നത് തടയാം.

31. വടകര, മാഹി കനാലിലേക്ക് പോകുന്ന തോടിലേക്ക് ചാലുകൾ കീറിയാൽ ജലക്കുഴപ്പം കൊണ്ട് കൃഷി നശിക്കുന്നത് തടയാം.

32. കൂർമ്മംകുളം നന്നാക്കിയാൽ ജലസേചന സൗകര്യപ്രദമാക്കാം. പുഷ്പകൃഷിയും നടത്താം.

33. നുഞ്ഞിയിൽതാഴത്തോട് വീതി കൂട്ടുക.

34. പോടൻതാഴക്കുനിതോട് ആഴവും വീതിയും കൂട്ടുക. ഈ തോട്ടിൽ ചീർപ്പ് നിർമ്മിച്ച് ഉപ്പുവെള്ളം കയറുന്നത് തടയുക.

35. മഠത്തിൽതാഴ വയലിൽ മഴക്കാലത്ത് വെള്ളം ഒഴിഞ്ഞുപോകാനുള്ള സംവിധാനംഉണ്ടാക്കി കൃഷി സംരക്ഷിക്കണം.

36. കളിയാമ്പള്ളി പാലത്തിന് അടുത്തു ചന്ത്രോത്ത് താഴ ചീർപ്പു നിർമ്മിച്ച് ഉപ്പുവെള്ളം തടയാം.

37. മമ്പള്ളിതോടിൻെറ തോട്ടുങ്ങൽ ഭാഗത്ത് ചീർപ്പിടണം.

38. ഇടത്തും താഴ കാച്ചനാം കുനി തോടു നികത്തിയ ഭാഗം പുനഃസ്ഥാപിച്ച് സംരക്ഷിക്കണം.

39. മുരൂൽതാഴ റോഡിൽ ഓവുപാലം നിർമ്മിച്ച്, വയലിൽ വെള്ളം കെട്ടി നില്കുന്നത് തടയുക.

40. തോട്ടോളിത്താഴ ചാപ്പാളിത്താഴതോട് പുനർനിർമ്മിക്കുക.

41. പഴയകുളം മുതൽ പടിഞ്ഞാറോട്ട് കണ്ടോത്ത് താഴ വയൽ കുറിച്ചിക്കര പാത്തിവരെ പുതുതായി തോട് നിർമ്മിക്കുക. പഴയകുളത്തിൽ നിന്ന് കിഴക്കോട്ട് ഓലപ്പുഴയുമായി ബന്ധിക്കുന്നതോട് നിർമ്മിക്കുക.

42. കക്കാട്ട് കുളം മുതൽ തൊടുനടക്കൽ വരെ തോട് ആഴവും വീതിയും കൂട്ടുക.

43. കൈക്കണ്ടത്തിൽ, തെങ്ങുകൾക്ക് വരൾച്ച ബാധിക്കാതിരിക്കാൻ മമ്പള്ളിതോടിന് ചീർപ്പിടണം.

44. വണ്ണാത്തിതോടും , കച്ചനാം കുനിതോടും പുഴയോട് ചേരുന്ന ഭാഗത്ത് തടയണയോചീർപ്പോ സ്ഥാപിക്കുക. വണ്ണാത്തിതോടിൻെറ പനയത്തും താഴ ഭാഗം പുനസ്ഥാപിക്കുക.

45. ചെമ്പ്രത്താഴ മുതൽ ഓലപ്പുഴവരെയുള്ള നികന്നുപോയ തോട് പുനർ: നിർമ്മിക്കുക.

46. 7-ാംവാർഡിൽ നിലവിലുള്ള കുളങ്ങൾ വികസിപ്പിക്കുക.

47. കസ്തൂരിക്കുനി, എരഞ്ഞിപുരം, മുതുകുളം തുടങ്ങിയ കുളങ്ങൾ ആഴവും വീതിയുംകൂട്ടി കൃഷിക്ക് ഉപയുക്തമാക്കാം.

48. കുമുള്ളി, കോമത്ത് കുളം, കുന്നത്ത് കുളം, കണ്ണമ്പ്രത്ത്, പുതുകുളങ്ങര, കണ്ടികുളം (വാർഡ് 9) എന്നീ കുളങ്ങൾ ആഴവും വീതിയും കൂട്ടി കൃഷിക്ക് യോജ്യമാക്കുക.

49. 10-ാം വാർഡിൽ പിണങ്ങോട്ട് താഴക്കുളം ഉൾപ്പെടെ, ആഴവും, വീതിയും കൂട്ടിയാൽ ചുറ്റുപാടുമുള്ള കൃഷിക്ക് ഉപകരിക്കും.

50. 11-ാം വാർഡിലെ 29 കുളങ്ങൾ വികസിപ്പിച്ച് ജലസേചനപ്രദമാക്കാം.

51. പഞ്ചായത്തിൻേറ വിവിധകേന്ദ്രങ്ങളിൽ വെച്ച് കൃഷിക്കാർക്ക് സൗകര്യപ്രദമായ വിധത്തിൽ മണ്ണുപരിശോധനനടത്തേണ്ടതാണ്.

52. പരമ്പരാഗത കാർഷിക രീതിയിലെ നല്ലവശങ്ങളും ആധുനികരീതിയിലെ നല്ല സമ്പ്രദായങ്ങളും കാർഷികരംഗത്ത് നടപ്പിലാക്കാവുന്നതാണ്.

53. നീർമറി പദ്ധതിപ്രകാരം, അതിൻേറ നിർവ്വചനത്തിന് അനുസരിച്ച് ഉൾപ്പെടുത്താവുന്ന എല്ലാസ്ഥലവും പദ്ധതി ഏരിയയായി അംഗീകരിക്കുക.

54. ഭൂപരിധി നോക്കാതെ സർക്കാർ ആനുകൂല്യങ്ങൾ എല്ലാകൃഷിക്കാർക്കും ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിക്കുക. കർഷകരെ അംഗീകരിക്കുന്ന അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

55. കാർഷിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

56. സഹകരണ സ്ഥാപനങ്ങളിലൂടെ പരമാവധി കുറഞ്ഞ പലിശനിരക്കിൽ ധനസഹായം ലഭ്യമാക്കുക.

57. ഗ്രൂപ്പ് ഫാമിംഗ്, മുഖ്യവിളകളായ തെങ്ങിനും, നെല്ലിനും, പച്ചക്കറിക്കും, ബാധകമാക്കണം. നിലവിലുള്ള കർഷകസമിതികളെ പുനഃരുജ്ജീവിപ്പിച്ച് ഇതിന് തയ്യാറാക്കണം.

58. വാർഡ് അടിസ്ഥാനത്തിൽ കർഷകസമിതികൾ രൂപീകരിക്കുക. കൃഷിക്കാർക്കുള എല്ലാ ആനുകൂല്യങ്ങളും ഈ സമിതി മുഖേന വിതരണം ചെയ്യുക.

59. പഞ്ചായത്ത് അടിസ്ഥാനത്തിൽ ട്രാക്ടർ ലഭ്യമാക്കിയാൽ അനുയോജ്യമായ സമയത്ത് കൃഷിയിടങ്ങൾ ഒരുക്കാൻ കഴിയും.

60. അഞ്ചോ, പത്തോകൃഷിക്കാർ കൂട്ടായി ജലസേചന സൗകര്യം ഏർപ്പെടുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ പമ്പ്സെറ്റും, മോട്ടോറും ലഭിക്കാനുള്ള സഹായം ചെയ്യുക.

61. വൈദ്യുതി കുറഞ്ഞനിരക്കിൽ കൃഷി ആവശ്യത്തിന് നൽകുക.

62. നല്ല ഇനം വിത്തുകൾ യഥാസമയം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

63. കേരവികസന സമിതിയുടെ പ്രവർത്തനം ഫലപ്രദമാക്കുക. അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം നടത്തുക. തെങ്ങുകൃഷി വികസിപ്പിക്കാൻ വേണ്ട ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളെ ശാസ്ത്രീയമായി ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗങ്ങൾ ഏർപ്പെടുത്തുക. ഉല്പാദനക്ഷമമല്ലാത്ത തെങ്ങുകൾ വെട്ടിമാറ്റി, പകരം സംവിധാനം ഉണ്ടാക്കുക. നാളികേരത്തിന് അർഹമായ വിലലഭിക്കാനുള്ള സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക. ഗ്രാമസഭകളുടെ നേതൃത്വത്തിൽ കാർഷിക നേഴ്സറി സ്ഥാപിക്കുക.

64. നിലവിലുള്ള നെൽകൃഷി സംരക്ഷിക്കാൻ നെൽവയലുകൾ നികത്തുന്നത് തടയുന്നനിയമം ഫലപ്രദമായി നടപ്പിലാക്കുക. ഉപ്പ് വെള്ളം കയറി കൃഷിനശിക്കുന്ന സ്ഥലങ്ങളിൽ അത് തടയാനുള്ള ചീർപ്പുകൾ സ്ഥാപിക്കുക. പരമ്പരാഗത വിത്തുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ, വിതരണം ചെയ്യുക. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ ഭൂമിതരിശായും, ചിലയിടങ്ങളിൽ ഒറ്റ വിളയായും നടക്കുന്നു. കൃഷിക്കാർക്ക് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ സഹായങ്ങൾ ഉറപ്പ് വരുത്തുക. പറമ്പുകളിൽ നെൽകൃഷി നടത്താൻ ആവശ്യമായ വിത്തുകളും വിജ്ഞാനവും, ജലസേചനസൗകര്യവും നൽകുക. നെൽകൃഷിക്ക് കാണുന്ന രോഗങ്ങൾക്ക് പരിഹാരം കണ്ടെത്തുക.

65. വളം, കീടനാശിനി ഇവ ശാസ്ത്രീയമായി ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും, ഇവയ്ക്ക് സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക.

66. ജൈവവളങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കൃഷിക്കാരിൽ ബോധവൽക്കരണം നടത്തുകയും; ഇതിൻേറ ഭാഗമായി കമ്പോസ്റ്റ് വളത്തിനുവേണ്ടി പ്രോത്സാഹനവും നൽകുക. പച്ചിലവള വിത്തുകൾ വിതരണം ചെയ്യുക. ജൈവവള യൂനിറ്റ് സാദ്ധ്യതക്കനുസരിച്ച് സ്ഥാപിക്കുക. ശീമക്കൊന്ന കൃഷി വ്യാപകമാക്കുക.

67. കാർഷിക മേഖലയാകെ മുന്നേറുന്ന പദ്ധതിയാണ് 'കുറ്റ്യാടി ജലസേചനപദ്ധതി' പദ്ധതിപ്രകാരം ജലം പഞ്ചായത്തിലാകെ ലഭിക്കുന്നില്ല.

252

ഇത് പരിഹരിക്കപ്പെടേണ്ടത് കാർഷിക രംഗത്തെ മർമ്മപ്രധാനമായ കാര്യമാണ്.

68. നഷ്ടപ്പെട്ടുപോയ പച്ചക്കറി കൃഷി പരിപോഷിപ്പിക്കാൻ കൃഷിക്കാർ തയ്യാറാണ്. വ്യക്തികൾ എന്ന നിലയിലോ കൂട്ടായ്മയിലോ കൃഷി ചെയ്യാൻ താല്പര്യമാണ്. ഇതിന്നു വേണ്ട നല്ല ഇനം വിത്തുകൾ, വളം,വെള്ളം ലഭ്യമാക്കുക. അയൽകൂട്ടങ്ങൾ കേന്ദ്രീകരിച്ച് അടുക്കളത്തോട്ടം ഉണ്ടാക്കാം. സ്കൂളുകൾ കേന്ദ്രീകരിച്ച് കൃഷി തോട്ടങ്ങൾ നടപ്പിൽ വരുത്താൻ കഴിയും. പഞ്ചായത്തിൽ ഒരു കേന്ദ്രത്തിലെങ്കിലും പച്ചക്കറി വിതരണസംഭരണകേന്ദ്രം സ്ഥാപിക്കുക. മത്സരവും കാർഷികപ്രദർശനവും സംഘടിപ്പിക്കുക. കനാൽവെട്ടി തരിശായി കിടക്കുന്ന ഭൂമിയിൽ, കൃഷിസ്ഥലമില്ലാത്തവർക്ക് മുൻഗണന നൽകിക്കൊണ്ട് പച്ചക്കറികൃഷി ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക. പച്ചക്കറി പൊതുമാർക്കറ്റ്, ചന്തസമ്പ്രദായം നടപ്പിലാക്കുക.

69. പുഷ്പചെടി, ഔഷധചെടി ഇവ കൃഷിചെയ്യാനുള്ള പരിശീലനവും സഹായവും ലഭ്യമാക്കുക. പഞ്ചായത്തിൽ കണ്ടുവരുന്ന ഔഷധസസ്യങ്ങൾ സംരക്ഷിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും കഴിയണം.

70. ഇടവിളകൾ ചേമ്പ്, ചേന, മുത്താറി, മഞ്ഞൾ, ഇഞ്ചി, മരച്ചീനി, വാഴ, കൈതച്ചക്ക മുതലായവ കൃഷി ചെയ്യാൻ കർഷകർ തല്പരരാണ്. പഞ്ചായത്തിൻെറയും, വിവിധ ഏജൻസികളുടേയും ശ്രദ്ധപതിയണം.

71. ഓരോ വാർഡിലും ഓരോ ഇടവിള കൃഷിക്ക് മുൻതൂക്കം കൊടുത്തു കൃഷി വികസിപ്പിക്കുക.

72. കൃഷിക്കാർക്കും തൊഴിലാളികൾക്കും കൃഷിയെ ബാധിക്കുന്ന വിവിധരോഗങ്ങളെക്കുറിച്ചും അവക്കുള്ള പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും ആവശ്യമായ പരിശീലനം നൽകുക.

73. ഇന്നുപ്രയോഗത്തിലുള്ള വിള കീടനാശിനികൾ നമ്മുടെ മണ്ണിനും വിളകൾക്കും ഉപയോഗിക്കുന്ന മനുഷ്യർക്കും പരിസ്ഥിതിക്കും തന്നെ വൻഭീഷണിയായി തീർന്നിട്ടുണ്ട്. കീടങ്ങൾക്കെതിരായി നമ്മുടെവീട്ടിൽ നിന്നുതന്നെ ഉണ്ടാക്കാവുന്ന പ്രാദേശിക സംവിധാനങ്ങൾ (ഉദാ:പുകയിലക്കഷായം, വേപ്പ് കൊണ്ടുള്ളവ) നടപ്പിലാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കണം.

74. ഓർക്കാട്ടേരി ടൗണിലെ മലിനവസ്തുക്കൾ, (ചണ്ടി ചവറുകൾ, ഇറച്ചികടയിലെ അവശിഷ്ടങ്ങൾ)ഒരു കമ്പോസ്റ്റ് കുണ്ടിൽ നിക്ഷേപിച്ചാൽ, ജൈവവളസംഭരണവും റോഡ് ശുചീകരണത്തിനും സാദ്ധ്യതയുണ്ട്.

75. 'കേരകർഷകൻ' മാസിക പരമാവധി കൃഷിക്കാരെ കൊണ്ടു വായിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.


76. ഓർക്കാട്ടേരി കിഴക്കുള്ള എടത്തുംതാഴവയലിലെ നികത്തിയ തോട് പുനർജ്ജീവിപ്പിച്ചാൽ പരിസരത്ത് വെള്ളം കെട്ടിനിന്ന് കൃഷിനശിക്കുന്നത് തടയാം.


77. പഞ്ചായത്തിൽ കാലാവസ്ഥക്കനുസരിച്ച് ഇറക്കേണ്ട കൃഷിവിത്തുകളെപ്പറ്റിയും, ഉപയോഗിക്കേണ്ട വളങ്ങളെപ്പറ്റിയും ഉള്ള അറിയിപ്പു ബോർഡുകൾ വാർഡ് അടിസ്ഥാനത്തിൽ കൃഷിഭവൻെറ ആഭിമുഖ്യത്തിൽ സ്ഥാപിക്കാനുള്ള ഏർപ്പാടുണ്ടാക്കണം.

78. മണ്ണിരയുടെ പ്രാധാന്യത്തെക്കുറിച്ച് കൃഷിക്കാരനിൽ ബോധവൽക്കരണം ആവശ്യമാണ്.

79. കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ വാർഡ് അടിസ്ഥാനത്തിലല്ല കൃഷിഭവനിൽനിന്നും വിതരണം ചെയ്യുന്നത്. വാർഡ് അടിസ്ഥാനത്തിൽ വിതരണം നടത്താനുള്ള സത്വരനടപടികൾ ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്നു ഉയർന്നുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞാൽ, കാർഷിക രംഗത്ത് അത് വിപ്ലവകരമായ മാറ്റമുണ്ടാക്കും





# 7.2

# മൃഗസംരക്ഷണവും, മത്സ്യ മേഖലയും

കൃഷിയുടെ ഒരനുബന്ധഘടകമായ മൃഗസംരക്ഷണം മനുഷ്യപുരോഗതിയുടെ അഭിഭാജ്യഘടകങ്ങളിലൊന്നാണ്. ഇന്നും പശുവിനെ പുണ്യമൃഗമായികാണുന്ന ഒരു ശീലംനമ്മുടെ നാട്ടിൽ നിലനില്ക്കുന്നു. ആദ്യകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിലും ഭൂമികാര്യമായികൈവശം വെച്ചിരുന്ന ജന്മി ഗൃഹങ്ങളിലായിരുന്നു കന്നുകാലികളെ കൂടുതലായി വളർത്തിയിരുന്നത്. കന്നുകാലികളെ അഴിച്ചിട്ട് വളർത്തുന്ന പതിവാണ് പണ്ട് ഉണ്ടായിരുന്നത്. ഇന്നാകട്ടെ സ്വന്തം പറമ്പുകളിലും തൊഴുത്തുകളിലും കെട്ടിവളർത്തുന്ന രീതിയാണ് ഉള്ളത്. സമുദായ വ്യത്യാസമില്ലാതെ എൺപത് ശതമാനം വീടുകളിലും കന്നുകാലികളേയോ കോഴികളേയോ വളർത്തുന്നുണ്ട്. പറമ്പും പാടവും ഉഴവ് നടത്തുന്നതിനും, വണ്ടി വലിക്കുന്നതിനും, എണ്ണയാട്ടുന്നതിനും കാലികളെയായിരുന്നു ഉപയോഗിച്ചിരുന്നത്. സാധാരണക്കാരൻെറ പശുവായ ആടും എരുമകളും, കാളകളും, പോത്തും, താറാവും, കോഴികളും സുലഭമായിരുന്ന നമ്മുടെ പഞ്ചായത്തിലിന്ന് കാളകളും, എരുമകളും, പോത്തും അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. വടക്കേ മലബാറിൽ തന്നെ പ്രസിദ്ധമായ ഓർക്കാട്ടേരി കന്നുകാലി ചന്തയിൽ ആയിരക്കണക്കിന് കന്നുകാലികളുടെ കച്ചവടവും, കൈമാറ്റവും നടത്തിയിരുന്നു. പത്ത് വർഷം മുമ്പ് വരെ ഇത് നിലനിന്നിരുന്നു. ഇന്ന് കന്നുകാലി ചന്ത വെറുംപേരിന് മാത്രമാണ് നടത്തപ്പെടുന്നത്. കച്ചവടത്തിന് എത്തുന്ന കന്നുകാലികളുടെ എണ്ണം തന്നെനൂറിൽ താഴെ മാത്രമാണ്. എന്നിരുന്നാലും കാളകളെ ഇന്നും നമ്മുടെ വയൽ ഉഴുവുന്നതിന് ഉപയോഗിക്കുന്നുണ്ട്. നെൽകൃഷിയുടെ കുറവ് കാളകളുടെ എണ്ണം കുറഞ്ഞതിന് ഒരു പ്രധാന കാരണമായിട്ടുണ്ട്. എന്നാൽ വരുമാനാവശ്യത്തിനല്ലാതെ കൗതുകത്തിനായി പ്രാവുകളേയും കിളികളേയും മുയലുകളേയും ഏതാനും വീടുകളിൽ വളർത്തുന്നുണ്ട്.

ഇന്ന് വളർത്തുമൃഗങ്ങളിൽ പശുവിന് ഒന്നാം സ്ഥാനവും ആടുകൾക്ക് രണ്ടാം സ്ഥാനവുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. വളർത്തുപക്ഷികളിൽ കോഴിയൊഴിച്ച് താറാവും കാട പക്ഷികളുംഇവിടെ ഇല്ലെന്നുതന്നെ പറയാം. ആടു വളർത്തലിന് ധാരാളം സാധ്യതകളുള്ള ഇവിടെ താഴ്ന്ന വരുമാനക്കാരാണ് അധികവും ആടുകളെ വളർത്തുന്നത്. ഉപജീവനമാർഗ്ഗമായി ആട് വളർത്തൽആരും സ്വീകരിച്ചിട്ടില്ല. എണ്ണത്തിലും ഗുണനിലവാരത്തിലും പാലുല്പാദനരംഗങ്ങളിലുംനമ്മുടെ പഞ്ചായത്തിൽ പശു വളർത്തൽ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നാൽ ഇന്നും നാടൻ ഇനം പശുക്കളാണ് ഇവിടെ കൂടുതലായിട്ടുള്ളത്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നാടൻ പശുക്കളുടെ പാലുല്പാദനം 30% കൂടിയപ്പോൾ സങ്കരയിനത്തിൻേറത്90% ത്തോളം ഉയരുകയുണ്ടായി. പശുക്കൾക്ക് പ്രധാനമായും പച്ചപ്പുല്ല്, വൈക്കോൽ, പിണ്ണാക്ക്, കാലിത്തീറ്റ എന്നിവയാണ് ഇപ്പോൾ നൽകിവരുന്നത്. പണ്ടുകാലത്ത് നെൽകൃഷി ധാരാളമുണ്ടായിരുന്നതിനാൽ പുല്ലിനോടൊപ്പം തവിട്, പരുത്തിക്കുരു, തേങ്ങാപിണ്ണാക്ക്, അരി കഴുകിയ വെള്ളം (അരിഞ്ചീർ) എന്നിവയായിരുന്നു കാലികൾക്ക് നൽകിയിരുന്നത്. ഇന്ന് നെൽകൃഷി വളരെ കുറഞ്ഞതിനാൽ പുറം നാടുകളിൽനിന്നും കൊണ്ടുവരുന്ന വൈക്കോലിനെ ആശ്രയിച്ചാണ് കാലികളെ വളർത്തുന്നത്. ഇടത്തട്ടുകാരുടെ ചൂഷണം കാരണം വൈക്കോലിന്വലിയ വില കൊടുക്കേണ്ടി വരുന്നു. തീറ്റപ്പുല്ലിനങ്ങൾ എവിടേയും വ്യാപകമായി കൃഷിചെയ്തുവരുന്നില്ല.

മൃഗസംരക്ഷണ വകുപ്പിൽനിന്നും വിത്തും, വളവും സൗജന്യമായി നൽകുന്നുണ്ടെങ്കിലും ജനങ്ങൾ ഇവയെപ്പറ്റി ബോധവാന്മാരല്ല. പരമ്പരാഗതമായി വളരുന്ന പച്ചപ്പുല്ലുകൾ തന്നെയാണ് ഇപ്പോഴും നമ്മുടെ ജനങ്ങൾ കാലികളുടെ ആഹാരത്തിനായി ആശ്രയിക്കുന്നത്. ഇവ ഏപ്രിൽ, മെയ് മാസങ്ങളിൽ ലഭ്യമാവുന്നില്ല. പിണ്ണാക്കിനും, കാലിത്തീറ്റക്കും വലിയ വിലകൊടുക്കേണ്ടിവരുന്നു. മേത്തരം പുല്ലിനങ്ങൾ ധാരാളം കുളങ്ങളും തോടുകളുമുള്ളനമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്യാവുന്നതാണ്. ആവശ്യമായ വിത്തും വളവും ലഭ്യമാക്കുകയും, ഇവയുടെ കൃഷിരീതിയും ഗുണഗണങ്ങളും ജനങ്ങളെ അറിയിക്കുകയുമാണ് വേണ്ടത്.

പരമ്പരാഗതമായ പ്രജനനരീതിയാണ് ഇവിടെ ഇപ്പോഴും നിലവിലുള്ളത്. ഓർക്കാട്ടേരി പ്രവർത്തിച്ചിരുന്ന സബ് സെൻറർ പൂട്ടിയിട്ട് വർഷങ്ങൾ കഴിഞ്ഞു. ഏതാനും ദിവസം മുമ്പ് കുന്നുമ്മക്കര പുതുതായി ആരംഭിച്ച സർക്കാർ മൃഗാസ്പത്രി ഈ രംഗത്ത് ഏറാമലയുടെ ഒരുപുതിയ കാൽവെപ്പാണ്. കാളക്കുട്ടൻെറടുത്ത് കൊണ്ടുപോയി പശുക്കളെ ഇണ ചേർക്കുന്നത് നമ്മുടെ സംസ്ഥാനത്ത് നിയമം മൂലം തടഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ നിലനില്ക്കുന്ന ഈ രീതിയുടെ ദോഷാംശങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുകയും കൃത്രിമ ബീജസങ്കലനമാർഗ്ഗങ്ങൾ പ്രചരിപ്പിക്കുകയും വേണം. ആവശ്യമായ ഫീൽഡ് സ്റ്റാഫിനെ ഉടനെ നിയമിക്കേണ്ടതാണ്.

കന്നുകാലികളുടെ ശാസ്ത്രീയ പരിചരണം, കറവ, ബീജസങ്കലനം, എന്നിവയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. ഇന്ന് പഞ്ചായത്തിൽ കാണുന്ന സങ്കരയിനം പശുക്കളിൽ ഭൂരിഭാഗവും സർക്കാർ പദ്ധതികളിലൂടെ വായ്പയായി വിതരണം ചെയ്യപ്പെട്ടവയാണ്. പരമ്പരാഗത നാടൻ മൃഗചികിത്സ പണ്ട് നമ്മുടെ പഞ്ചായത്തിൽ വൈദ്യൻമാരായിരുന്നു നടത്തിയിരുന്നത്. കുറുക്കുകളും, കഷായങ്ങളും, ലേപനങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. ഇവയ്ക്ക് പുറമെ വീടുകളിൽ നിന്ന് തന്നെയും മരുന്നുകൾ ഉണ്ടാക്കികൊടുത്തിരുന്നു. എന്നാൽഇന്ന് ഇംഗ്ലീഷ് ചികിത്സയാണ് വ്യാപകമായി നിലവിലുള്ളത്.

ഈ പ്രദേശത്ത് കാണുന്ന സാധാരണ രോഗങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

## പട്ടിക 1

| ക്രമനമ്പർ | രോഗങ്ങൾ |
|---|---|
| 1 | ദഹനസംബന്ധമായവ |
| 2 | ത്വക്ക് രോഗങ്ങൾ |
| 3 | പ്രത്യുല്പാദനവുമായി ബന്ധപ്പെട്ടവ |
| 4 | മുടന്തൻ പനി |
| 5 | ധാതുലവണങ്ങളുടെ അഭാവം |
| 6 | വിര രോഗങ്ങൾ |
| 7 | പകർച്ചവ്യാധികൾ |
| 8 | അകിടുവീക്കം |
| 9 | വന്ധ്യത |
| 10 | പാദ രോഗങ്ങൾ |

സങ്കരയിനം പശുക്കൾ വർദ്ധിച്ചതോടെ കാലിരോഗങ്ങളും താരതമ്യേന വർദ്ധിച്ചിട്ടുണ്ട്. ഇവയ്ക്ക് നാടൻ ഇനങ്ങളുമായി തുലനം ചെയ്യുമ്പോൾ നമ്മുടെ കാലാവസ്ഥയിൽ രോഗപ്രതിരോധശേഷികുറവാണെന്ന് കാണാം. ഇവയുടെ ശാസ്ത്രീയ പരിചരണവും ചികിത്സയും നമ്മുടെ പഞ്ചായത്തിൽ ഇന്ന് ലഭ്യമല്ല.

പാലിൻേറയും പാലുല്പന്നങ്ങളുടേയും വിപണനം ഇന്ന് ഒരു വലിയ പ്രശ്നമായിരിക്കുന്നു. പണ്ട് നാട്ടിൽ തന്നെ വിതരണം ചെയ്യാവുന്ന പാലായിരുന്നു നാടൻ ഇനങ്ങളിൽ നിന്നും കിട്ടിയിരുന്നത്. പശുക്കളുടെ എണ്ണത്തിലും ഗുണനിലവാരത്തിലും വർദ്ധനവ് ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ പുതിയ വിപണി തേടേണ്ടിയിരിക്കുന്നു. വെള്ളികുളങ്ങര ക്ഷീര സഹകരണസംഘവും നമ്മുടെ പഞ്ചായത്തിൽ തന്നെയുള്ള കുറിഞ്ഞാലിയോട് ക്ഷീരോദ്പാദക സഹകരണ സംഘവുമാണ് പാലുല്പാദകരുടെ അത്താണി. 250 ലിറ്റർ പാൽ സംഭരണമെ കുറിഞ്ഞാലിയോട് സഹകരണ സംഘത്തിനുള്ളു. ഇവിടെ പാൽ ഉല്പന്നങ്ങളായ-തൈര്, നെയ്യ്, ഐസ്ക്രീം, അച്ചാറ്, ചോക്കളേറ്റ് എന്നിവ ഉണ്ടാക്കാൻ ആവ

ശ്യമായ ശീതീകരണ പ്ലാൻറും മറ്റ് ഉപകരണങ്ങളും ട്രെയിനിങ്ങ് ലഭിച്ച ജീവനക്കാരേയും നിയമിക്കേണ്ട താണ്.

കാലി വളർത്തുകാർക്ക് കാലിത്തീറ്റകളും, വൈക്കോലും ലഭ്യമായ സമയത്ത് പച്ചപ്പുല്ലും കുറഞ്ഞ വിലക്ക് വിതരണം ചെയ്യുന്നതിന് ഒരു സൊസൈറ്റി സ്ഥാപിച്ചാൽ ഇന്ന് വർദ്ധിച്ചുവരുന്ന തീറ്റ ചെലവ് ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. ചക്കക്കുരു, മുട്ടത്തോട്, ഉണക്കമീൻ, പിണ്ണാക്ക് എന്നിവയുപയോഗിച്ച് നാടൻ കാലിതീറ്റകൾ ശാസ്ത്രീയമായി ഉണ്ടാക്കുന്ന മാർഗ്ഗങ്ങൾ ബഹുജനങ്ങളിൽ വ്യാപിപ്പിക്കേണ്ടതാണ്. കാലി വളർത്തലിന് അത്യന്താപേക്ഷിതമാണ്ഭദ്രവും ശാസ്ത്രീയവുമായ തൊഴുത്തുകൾ. ഇവയോടൊപ്പം തന്നെ ശാസ്ത്രീയമായി ചാണകം സംസ്കരിക്കാനുള്ള സൗകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്. രണ്ടിൽ കൂടുതൽ പശുക്കൾ ഉള്ള കൃഷിക്കാർക്ക് ഗോബർ ഗ്യാസ് പ്ലാൻറ് നിർമ്മാണം നടത്തുവാൻ വേണ്ട സ ഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത് ഒരു പരിധിവരെ നമ്മുടെ പാചക ഇന്ധന ക്ഷാമം കുറക്കുന്നതിന് സഹായകമാവും. മാത്രമല്ല ഇവയിൽ നിന്നും സ്വരൂപിക്കുന്ന ചാണകം നല്ല വളക്കൂറുള്ള ജൈവവളമായി വീണ്ടും ഉപയോഗിക്കാവുന്നതാണ്. ശാസ്ത്രീയമായ തൊഴുത്തും രണ്ട് പശുക്കളുമുള്ള പാൽ ഉല്പാദന യൂനിറ്റുകൾ സ്ഥാപിച്ച് ഗ്രാമീണ ജനങ്ങളുടെ ജീവിത നിലവാരം ഗണ്യമായി ഉയർത്താൻ കഴിയുമെന്നതിന് സംശയമില്ല.

**ഒരു പാൽ ഉല്പാദന യൂനിറ്റിൻെറ മാതൃകാ ചാർട്ട്**

| ഇനം | മുടക്ക്മുതൽ |
|---|---|
| സങ്കരയിനം പശുവിൻെറ വില 2 എണ്ണം | 12000.00 |
| (ഒന്നിന് ശരാശരി 6 ലിറ്റർ പാൽ) | |
| തൊഴുത്ത് | 3200.00 |
| ഉപകരണങ്ങൾ | 400.00 |
| തീറ്റ ച്ചെലവ് (ആദ്യമാസം) | 480.00 |
| 3 വർഷത്തെ ഇൻഷുറൻസ് പ്രീമിയം | 420.00 |
| ഗതാഗതച്ചെലവ് | 400.00 |
| ആകെ | 16900.00 |

നമ്മുടെ പഞ്ചായത്തിൽനിന്നും നാശോന്മുഖമായികൊണ്ടിരിക്കുന്ന എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എരുമപ്പാൽ ഗുണമേന്മയുള്ളതും, കട്ടികൂടിയതും ആകയാൽ പശുവിൻ പാലിനേക്കാൾ ഇവയ്ക്ക് വില അധികം ലഭിക്കുന്നതാണ്. കുളങ്ങൾ ലഭ്യമായ വീടുകളിലെങ്കിലും എരുമ വളർത്തൽ ലാഭകരമായി നടത്താൻ കഴിയുന്നതാണ്. പോത്തുകളെ നിലം ഉഴുവുന്നതിന് കാളകൾക്ക് പകരമായി ഉപയോഗപ്പെടുത്താവുന്നതാണ്. ഗോബർ ഗ്യാസ് പ്ലാൻറിന് ഇവയുടെ ചാണകവും ഉപയോഗപ്പെടുത്താം.

ധാരാളം കുന്നുകളും, മേടുകളും, മുൾപ്പടർപ്പുകളുമുള്ള നമ്മുടെ പഞ്ചായത്ത് ആട് വളർത്തലിന് വളരെ അനുയോജ്യമാണ്. പശുവളർത്തലിനേക്കാൾ സാധാരണ ജനങ്ങൾക്ക് വലിയ അദ്ധ്വാനമില്ലാത്ത വരുമാനം കണ്ടെത്താൻ ഉതകുന്നതാണ് ആട് വളർത്തൽ. എന്നാൽ വാണിജ്യാടിസ്ഥാനത്തിൽ കൂടുതൽ എണ്ണങ്ങളെ വളർത്തുന്ന ഒരു യൂനിറ്റ് പോലും ഇവിടെയില്ല.കുറഞ്ഞ തീറ്റ, ഉയർന്ന രോഗപ്രതിരോധശേഷി, നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യം എന്നീ ഗുണങ്ങളുള്ള സങ്കരയിനങ്ങൾ നമ്മുടെ നാട്ടിൻപുറത്ത് കാണാവുന്നതാണ്.

നിലവിലുള്ള ആടിനങ്ങൾ:- നാടൻ ഇനം, മലബാറി ഇനം, തലശ്ശേരി ഇനം എന്നിവയാണ്

പാൽ ഉല്പാദനത്തിനല്ല മറിച്ച് മാംസാവശ്യത്തിനാണ് ആടുകളെ വളർത്തപ്പെടേണ്ടത്. കുറഞ്ഞ കാലം കൊണ്ട് കൂടുതൽ തൂക്കം കിട്ടിയാൽ ആട് വളർത്തൽ കൂടുതൽ ആദായകരമാക്കാം. ഓർക്കാട്ടേരി അങ്ങാടിയിൽ മാത്രം ഒരു മാസംശരാശരി 60000 രൂപയുടെ ആട്ടിറച്ചി ചെലവാകുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവയുടെ ഗർഭകാലം കുറഞ്ഞതാണെന്നതും, ഓരോ പ്രസവത്തിലും ഒന്നിൽ കൂടുതൽ കുട്ടികൾ ഉണ്ടാവുമെന്നത്കൊണ്ടും ഇവയുടെ എണ്ണം എളുപ്പം പെരുകാൻ കാരണമാവുന്നു. ശാസ്ത്രീയമായ രീതിയിൽ പരിചരിക്കുകയും, ചികിത്സാമുറകൾ അവലംബിക്കുകയും, ഇറച്ചിയുടെ വിപണനം ഉറപ്പ് വരുത്തുകയും ചെയ്താൽ ആട് വളർത്തൽകൊണ്ട് ഗ്രാമീണരുടെ ദാരിദ്ര നിർമ്മാർജ്ജനം ഒരു പരിധിവരെയെങ്കിലും സാധ്യമാക്കാവുന്നതാണ്. ഒരു മാതൃകാ ആട് വളർത്തൽ യൂനിറ്റിൻെറ ചാർട്ട്

| ഇനം | മുതൽമുടക്ക് |
|---|---|
| ആടുകൾ (3 എണ്ണം) | 3000.00 |
| കൂട് നിർമ്മാണം | 450.00 |
| ഒരു മാസത്തെ തീറ്റച്ചെലവ് | 630.00 |
| 3 വർഷത്തെ ഇൻഷുറൻസ് പ്രീമിയം | 200.00 |
| ആകെ | 4280.00 |

മാംസാവശ്യത്തിനായി വളർത്താവുന്ന മറ്റു മൃഗങ്ങളാണ് പന്നിയും, മുയലും. വളരെ കുറഞ്ഞ വീടുകളിൽ കൗതുകത്തിനായി ഒന്നോ രണ്ടോ മുയലുകളെ വളർത്തുന്നുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ഇവ രണ്ടിനേയും നമ്മുടെ പഞ്ചായത്തിൽ വളർത്തപ്പെടുന്നില്ല. ആടുകളെപ്പോലെതന്നെ വേഗം പെറ്റുപെരുകുമെന്നതിനാലും, രോഗങ്ങൾ കാര്യമായി കണ്ടുവരുന്നില്ല എന്നതിനാലും ഇവയുടെ വളർത്തൽ കൂടുതൽ ലാഭകരമാക്കാനും ഇതൊരു തൊഴിലായി സ്വീകരിക്കാനും നമ്മുടെ ചെറുപ്പക്കാർ മുന്നിട്ടിറങ്ങേണ്ടതാണ്. ഇവയുടെ കുട്ടികളെ വിതരണം ചെയ്യുകയും, ശാസ്ത്രീയമായ പരിചരണ മുറകൾ പ്രചരിപ്പിക്കുകയും, മാംസത്തിന് മാർക്കറ്റ് ലഭ്യമാക്കുകയും ചെയ്താൽ ഇവ ഗ്രാമീണർക്ക് ഒരു നല്ല ആദായമാർഗ്ഗമാവുമെന്നതിൽ തർക്കമില്ല.

വളർത്തു പക്ഷികളിൽ കോഴികളാണ് നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി വളർത്തിവരുന്നത്. 85 ശതമാനം വീടുകളിലും ഒന്നോ രണ്ടോ കോഴികളെയെങ്കിലും വളർത്തുന്നുണ്ട്. എന്നാൽ വാണിജ്യാടിസ്ഥാനത്തിൽ ഇറച്ചി കോഴികളേയോ, മുട്ടകോഴികളേയോ വിരിയിച്ച് വളർത്തുന്ന നഴ്സറികൾ നമ്മുടെ പഞ്ചായത്തിലില്ല. ഒരു മാസം ഓർക്കാട്ടേരി ടൗണിൽ മാത്രം 42000 രൂപയുടെ മുട്ട വിറ്റഴിക്കുന്നുണ്ട്. ഇവ പൂർണ്ണമായും തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നാണ് വരുന്നത്. പണ്ട് നമ്മുടെ പഞ്ചായത്തിൽ നടന്ന് മുട്ട സംഭരിക്കുകയുംവില്പന നടത്തുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. ഇന്ന് അത് പൂർണ്ണമായി അപ്രത്യക്ഷമായിട്ടുണ്ട്. കോഴിവളർത്താൻ തല്പരരായ യുവജനങ്ങൾക്ക് ആവശ്യമായ പരിശീലനവും, സാങ്കേതിക ഉപദേശവും, ബാങ്ക് വായ്പയും ലഭ്യമാക്കി ഇത്തരം സംരംഭങ്ങൾനമ്മുടെ പഞ്ചായത്തിൽ തന്നെ യുണ്ടാക്കാവുന്നതാണ്. വിവിധ ഇൻഷുറൻസ് കമ്പനികളുടെ സേവനവും ഇതിന് ഇന്ന് ലഭ്യമായിട്ടുണ്ട്. കോഴിക്കാട്ടവും സംസ്ക്കരിച്ച് നല്ല ജൈവവളമായി മാറ്റാൻ കഴിയുന്നതാണ്.

കുളങ്ങളും, തോടുകളും ഉള്ള പ്രദേശങ്ങളിലെങ്കിലും താറാവ് കൃഷി പ്രോത്സാഹിപ്പിച്ച് മുട്ടയുടെയും ഇറച്ചിയുടെയും സ്വയം പര്യാപ്തി നമ്മുടെ പഞ്ചായത്തിന് നേടാൻ കഴിയും. ഇത് ജനകീയാസൂത്രണത്തിന് ഒരു മുതൽകൂട്ടാണ്.

പഞ്ചായത്തിൽനിന്നും ലൈസൻസ് എടുത്ത് വളർത്തുന്ന അമ്പതോളം പട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവയ്ക്കുള്ള പ്രതിരോധകുത്തിവെപ്പുകളും പേവിഷബാധക്കുള്ള കുത്തിവെപ്പും മരുന്നുകളും നമ്മുടെ സർക്കാർ മൃഗാസ്പത്രിയിൽ ലഭ്യമല്ല. ഇവ ലഭ്യമാക്കി സൗജന്യമായി വിതരണം ചെയ്യേണ്ടതുണ്ട്. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പട്ടികളെ കൊല്ലുന്നതിനും, പേവിഷബാധക്കെതിരായി വളർത്തുമൃഗങ്ങൾക്ക് കുത്തിവെപ്പ് നടത്തുന്നതിനും, വളർത്തുനായകൾക്ക് ലൈസൻസ് കർശനമാക്കുന്നതിനും നടപടി ഉണ്ടാവണം.

മൃഗസംരക്ഷണ വകുപ്പ് നേരിട്ട് കാലിവളർത്തുന്നതിനും കോഴിവളർത്തുന്നതിനും പലതരം സ്കീമുകൾ നടപ്പിലാക്കുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവയാണ്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, കാലിവസന്ത നിർമ്മാർജ്ജന പദ്ധതി കന്നുകാലി പ്ലേഗുനിർമ്മാർജ്ജനം, ബീജസങ്കലനസൗകര്യം വികസിപ്പിക്കൽ, കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനം, മൃഗചികിത്സയും മൃഗാരോഗ്യവും, ആട് വളർത്തൽ കോഴിയുല്പാദന വികസനം, വീട് വളപ്പിൽ കോഴി വളർത്തൽ, മുയൽ വളർത്തൽ. പേവിഷനിർമ്മാർജ്ജനപദ്ധതി, സ്വകാര്യമേഖലയിൽ ഹാച്ചറിയും കന്നുകാലിതീറ്റ ഉല്പാദനവും എന്നിവ. എന്നാൽ ജനസാമാന്യങ്ങൾ ഇവയെപ്പറ്റി ബോധവാന്മരല്ല. വാർഡുകൾ തോറുമുള്ള ബോധവൽക്കരണവും, ഫീൽഡ് സ്റ്റാഫുകളെ ഉപയോഗപ്പെടുത്തിയുള്ള സ്ഥിരം സംവിധാനവും വർഷത്തിലൊരിക്കലെങ്കിലുമുള്ള കണക്കെടുപ്പും മോണിറ്ററിങ്ങും ജന

കിയ മേൽനോട്ടവും ഉണ്ടെങ്കിൽ ഈ മേഖലയിൽ നമുക്ക് വമ്പിച്ച നേട്ടം കൈവരിക്കാൻ കഴിയും.

## മൃഗസംരക്ഷണം- നടപ്പു പദ്ധതികൾ

### 1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി:

ഉയർന്ന ജനതികഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണവും ഗുണമേന്മയുള്ള കാലിത്തീറ്റ പകുതി വിലക്ക് നല്കി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക. ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാധ്യമാകുക പ്രതിരോധ കുത്തിവെപ്പുകളും വിരമരുന്നുകളും പകുതി നിരക്കിൽ ലഭ്യമാക്കുക. ഇൻഷുറൻസ്സംരക്ഷ നല്കുക. ഇതിൽ പ്രതിമാസം 900 രൂപയിൽ കവിയാത്ത വരുമാനമുള്ള കർഷകരെ ഗുണഭോക്താവായി തെരഞ്ഞെടുക്കുന്നു.

### 2. കാലിവസന്ത നിർമാർജ്ജന പദ്ധതി:

കാലിവസന്ത രോഗ നിർമ്മാർജ്ജനത്തിനുള്ള ആഗോള പരിപാടിയുടെ ഭാഗം. എല്ലാ ജില്ലകളിലും രോഗാന്വേഷണ സർവ്വേകളും രോഗനിർമാർജ്ജന പ്രചരണ പരിപാടികളും നടപ്പാക്കൽ. തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ വീടുവിടാന്തരം കയറി 100% പ്രതിരോധ കുത്തിവയ്പു നടത്തൽ, സീറം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കൽ. കർഷകർക്ക് ആടുമാടുകളെ സൗജന്യമായി കുത്തിവയ്പിക്കാം. സംസ്ഥാനാന്തര കന്നുകാലി വരവുപോക്കുള്ള പാലക്കാട്, ഇടുക്കി, പത്തനംതിട്ട ജില്ലകൾ കേന്ദ്രീകരിച്ചാണ് ഇപ്പോൾ നടക്കുന്നത്.

### 3. കന്നുകാലി പ്ലേഗു നിർമാർജനം

കന്നുകാലി പ്ലേഗിനെതിരായുള്ള കുത്തിവയ്പ്, ചെക്കുപോസ്റ്റുകളിൽ കുത്തിവെപ്പ്, 1965 ൽ ആരംഭിച്ച പദ്ധതിയുടെ തുടർച്ച.

### 4. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ

കർഷകർക്ക് നല്ലയിനം സങ്കര ജനുസിൽപ്പെട്ട കന്നുകുട്ടികളെ ലഭിക്കുന്നതിനായി കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

### 5. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനം

ദേശീയ പ്രാധാന്യമുള്ള കന്നുകാലി രോഗങ്ങൾ, കുളമ്പുരോഗങ്ങൾ, എന്നിവയ്ക്ക് എതിരായി വ്യാപകമായ തോതിൽ കുത്തിവെപ്പ് നടത്തി തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളെ രോഗവിമുക്തമാക്കുന്നതിനും, ഘട്ടം ഘട്ടമായി ഇത് മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുമുള്ളതാണ് പരിപാടി.

### 6. മൃഗചികിത്സയും മൃഗാരോഗ്യവും:

പേവിഷബാധ, നിർമ്മാർജ്ജനം, സങ്കരയിനം പശുക്കുട്ടികൾക്ക് വിരപ്രതിരോധ കുത്തിവെയ്പ്, ഓരോ പഞ്ചായത്തിലും ഗോരക്ഷാ-ക്യാമ്പുകൾ, പ്രകൃതി ക്ഷോഭത്തെ തുടർന്ന് ഉണ്ടാകാവുന്ന അസുഖങ്ങൾക്ക് നിയന്ത്രണം എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

### 7. ആടു വളർത്തൽ

മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പ്രജനനാവശ്യത്തിനുള്ള ആടു വളർത്തൽ യൂനിറ്റുകൾ സ്ഥാപിക്കുക. ആവശ്യമുള്ള ആൺആടിൻെറയും പെൺ ആടിൻെറയും കുഞ്ഞുങ്ങളെ (6 മുതൽ 9 മാസം പ്രായം) ഗുണഭോക്താവിന് നല്കുന്നു. ഒരു യൂനിറ്റ് എന്നത് രണ്ട് മലബാറി ആട്ടിൻ കുട്ടികളാണ്. ഗുണഭോക്താവിന് പെൺആടിന്ന് 50% സബ്സിഡി. പട്ടികജാതി വർഗക്കാർക്ക് ആട്ടിൻകുട്ടികളും ഇൻഷുറൻസും സൗജന്യമായി ലഭിക്കും.

### 8. കോഴിയുത്പാദന വികസനം

മുട്ടക്കോഴികളുടെ ഉത്പാദനം;

സർക്കാർ ഫാമുകളിൽനിന്ന് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് കുറഞ്ഞവിലക്ക് ലഭ്യമാക്കുന്നു.

ഇറച്ചിക്കോഴികളുടെ ഉത്പാദനം;

കുറഞ്ഞവിലക്ക് ഇറച്ചിക്കോഴികുഞ്ഞുങ്ങളെ വിതരണം

### 9. വീട്ടു വളപ്പിലെ കോഴി വളർത്തൽ

ഓരോ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് ബ്ലോക്കുകളിൽ നിന്നായി ആകെ 6000 ഗുണഭോക്താക്കളെ കോഴിവളർത്തിലനായി കണ്ടെത്തുന്ന 60 ദിവസം പ്രായമുള്ള 5 പിടകോഴികളുടെ യൂനിറ്റിന് ഓരോ കോഴിക്കും 15 രൂപ സബ്സിഡി

258

## 10. മുയൽ വളർത്തൽ

ഡിപ്പാർട്ട്മെൻറ് ഫാമുകളിൽ മുയൽ വളർത്തൽ വ്യാപകമാക്കി താല്പര്യമുള്ള കർഷകന് ന്യായമായ വിലക്ക് വിതരണം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ മുയൽ ഇറച്ചിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ളതാണ് പദ്ധതി. ന്യായമായ വിലക്ക് മുയൽ കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ചെയ്യുന്നു.

## 11. പേവിഷനിർമാർജ്ജന പദ്ധതി

ഘട്ടം ഘട്ടമായി പേവിഷബാധ നിർമാർജ്ജനം ചെയ്യുക. ഇതിനായി വാക്സിൻ പകുതി വിലക്ക് വിതരണം ചെയ്യുക. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അലയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കി രജിസ്റ്റർ ചെയ്യുകയും ലൈസൻസ് എടുക്കുകയും ചെയ്യുക. പേവിഷബാധയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക. പഞ്ചായത്ത് തലത്തിൽ സെമിനാർ, ചർച്ചാക്ലാസുകൾ ശ്വാനപ്രദർശങ്ങൾ പ്രസംഗമത്സരങ്ങൾ, ക്വിസ് പ്രോഗ്രാം. മുതലായവ നടത്തുക. തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുക. നിയമങ്ങൾ കർശനമായി നടപ്പാക്കുക.

## 12. സ്വകാര്യമേഖലയിൽ ഹാച്ചറിയും കന്നുകാലി തീറ്റ ഉത്പാദനം

സ്വകാര്യമേഖലയിൽ മുട്ടവിരിയൽ കേന്ദ്രങ്ങളും കോഴിവളർത്തൽ യൂനിറ്റുകളും പ്രോത്സാഹിപ്പിച്ച് ഗുണമേന്മയുള്ള കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് ന്യായവിലയ്ക്ക് ഗ്രാമപ്രദേശങ്ങളിൽ എത്തിക്കൽ.

### പ്രശ്നങ്ങൾ:

1. കാലിത്തീറ്റാകോഴിത്തീറ്റ, വൈക്കോൽ എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവ് പാൽ ഉല്പാദനം ലാഭകരമല്ലാതാക്കുന്നു.
2. നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിക്കാനും, വിപണനം നടത്താനും സംവിധാനങ്ങളില്ല.
3. ഇന്ന് ലഭ്യമായ വെള്ളികുളങ്ങര പാൽ വിതരണ സഹകരണ സംഘത്തിൻെറയും, കുറിഞ്ഞാലിയോട് സഹകരണ സംഘത്തിൻെറ പ്രവർത്തനവും പഞ്ചായത്ത് മുഴുവൻ ലഭ്യമല്ല.
4. കന്നുകാലി വളർത്തലിന് ആവശ്യമായ ആധുനിക പരിചരണമുറകളും, ചികിത്സയും, ബോധവൽക്കരണവും ലഭിക്കുന്നില്ല.
5. ആട് വളർത്തലിന് പ്ലാവില തുടങ്ങിയ തീറ്റയുടെ ദൗർലഭ്യം ഉണ്ട്.
6. കുന്നുമ്മക്കര മൃഗാസ്പത്രിയിൽ സ്ഥിരം ഡോക്ടർ ഇല്ല.
7. തീറ്റ പുൽകൃഷിക്ക് സാധ്യതകളുണ്ടെങ്കിലും കൃഷി വ്യാപകമല്ല.
8. ഓർക്കാട്ടേരി ഉണ്ടായിരുന്ന വെറ്റിനറി സബ് സെൻറർ ഇന്ന് പ്രവർത്തിക്കുന്നില്ല.
9. പന്നി വളർത്തൽ, താറാവ് വളർത്തൽ, കോഴി വളർത്തൽ എന്നീ മേഖലകളിലെ വികസന സാധ്യതയും, വളർത്തൽ രീതികളും പൊതു ജനങ്ങൾ അറിയുന്നില്ല.
10. ബീജസങ്കലനത്തിന് ഇന്ന് പരമ്പരാഗത രീതിയാണ് നിലവിലുള്ളത്.
11. ഗോബർ ഗ്യാസ് പ്ലാൻറുകൾ വ്യാപകമായിട്ടില്ല.
12. കുറഞ്ഞ നിരക്കിൽ വൈക്കോലും മറ്റ് കാലിതീറ്റകളും ലഭ്യമല്ല.
13. മൃഗസംരക്ഷണ വകുപ്പിൻെറ സേവനം വളരെ പരിമിതമാണ്.

### സാധ്യതകൾ:

1. പഞ്ചായത്തിൻെറ കീഴിൽ ആധുനിക രീതിയിലുള്ള ഒരു കാലിത്തീറ്റ-കോഴിത്തീറ്റ ഉല്പാദന കേന്ദ്രം സ്ഥാപിച്ച് നാട്ടിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തുക.
2. പാൽ ഉല്പാദന യൂനിറ്റിന് പഞ്ചായത്തിൽ ധാരാളം സാധ്യതകളുണ്ട്.
3. പാൽ ഉല്പാദന യൂനിറ്റുകൾക്ക് ജാമ്യമില്ലാത്ത ബാങ്ക് വായ്പകളും സർക്കാർ സ്കീമുകളും നടപ്പാക്കുക.
4. വൈക്കോലും, ലഭ്യമായ സമയത്ത് പച്ചപ്പുല്ലും എത്തിക്കാൻ പഞ്ചായത്തിലെ മുഴുവൻ കന്നു

കാലി വളർത്തുകാരേയും ഉൾപ്പെടുത്തി സഹകരണ സൊസൈറ്റി സ്ഥാപിക്കുക.

5. ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുക, പ്രജനനത്തിന് ആധുനിക രീതി ആവിഷ്കരിക്കുക, ബോധവൽക്കരണം നടത്തുക, പെണ്ണാടുകൾക്ക് സബ്സിഡി നൽകുക.

6. വളർത്തു മൃഗങ്ങളുടെ ഇൻഷുറൻസ് പദ്ധതി ലഘൂകരിക്കുകയും, വിപുലപ്പെടുത്തുകയും ചെയ്യുക.

7. തീറ്റ പുൽകൃഷി വ്യാപിപ്പിക്കുക, വിത്ത്, വളം എന്നിവ സൗജന്യമായി വിതരണം ചെയ്യുക.

8. മൃഗാസ്പത്രിയിൽ ക്ലിനിക്കൽ ലാബ് സ്ഥാപിച്ച് രോഗനിർണ്ണയവും ചികിത്സയും ആധുനീകരിക്കുക. ആവശ്യമായ മരുന്ന് വിതരണവും ഉദ്യോഗസ്ഥ നിയമനവും നടത്തുക.

9. മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ജനങ്ങൾ അറിയുന്നില്ല. വാർഡ് തോറും ക്യാമ്പുകളും, ചർച്ചാക്ലാസുകളും വഴി ബോധവൽക്കരണം നടത്തി കാര്യക്ഷമമായ നടത്തിപ്പും, മോണിറ്ററിങ്ങും വർഷത്തിലൊരിക്കലെങ്കിലും കണക്കെടുപ്പും നടത്തുക.

10. നല്ല പാൽ ഉല്പാദകർക്ക് വാർഡ് തലത്തിൽ സമ്മാനങ്ങൾ ഏർപ്പെടുത്തുക.

11. മത്സ്യമാർക്കറ്റും, അറവുശാലയും ശാസ്ത്രീയമായി വിഭാവനം ചെയ്ത് മാറ്റി സ്ഥാപിക്കുക.

12. പഞ്ചായത്ത് തലത്തിൽ ഇറച്ചി പാൽ മുട്ട സംസ്കരണം നടത്തുന്നതിന് ഒരു ശീതികരണ യൂണിറ്റ് സ്ഥാപിക്കുക.

13. കുറിഞ്ഞാലിയോട് ക്ഷീര സഹകരണ സംഘത്തിൽ ശീതികരണ പ്ലാൻറ് സ്ഥാപിക്കുകയുംപാൽ ഉല്പന്നങ്ങളായ തൈര്, നെയ്യ്, ഐസ്ക്രീം, മിഠായി, അച്ചാർ, പനീർ എന്നിവ ഉണ്ടാക്കാൻ വേണ്ട ഉപകരണങ്ങളും പരിശീലനവും നൽകുക.

14. ഈ സംഘത്തിൽനിന്നും കാലിത്തീറ്റ വിതരണം ചെയ്യുക.

15. കാടക്കോഴി വളർത്തൽ വിപുലീകരിക്കുക. കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം നടത്തുക

16. വാർഡ് തോറും ഓരോ മുയൽ വളർത്തൽ യൂനിറ്റ്, ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവയുടെയൂനിറ്റും സ്ഥാപിച്ച് ആവശ്യമായ കോഴിമുട്ട, മാംസം എന്നിവ ലഭ്യമാക്കുക.

17. പേവിഷബാധക്കെതിരായ കുത്തിവെപ്പ് കാര്യക്ഷമമായി നടപ്പാക്കുക. വളർത്തുനായ്ക്കളുടെ ലൈസൻസ് നിർബന്ധമാക്കുക.

18. ശാസ്ത്രീയമായ തൊഴുത്ത് നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുക.

19. ഓർക്കാട്ടേരി ചന്തയോടനുബന്ധിച്ച് മറ്റ് വളർത്തു മൃഗങ്ങളുടെ പ്രദർശനവും, സമ്മാനദാനവും നടത്തുക.

20. മൃഗസംരക്ഷണ ഉദ്യോഗസ്ഥർ കൃഷിക്കാരുമായി നിരന്തര സമ്പർക്കത്തിനുള്ള ഒരു സംവിധാനം ഉണ്ടാക്കുക.


21. കൃത്രിമ ബീജസങ്കലനമാർഗ്ഗങ്ങൾ വിപുലീകരിച്ച് എല്ലാ വാർഡുകളിലും ഈ സംവിധാനം ഉറപ്പുവരുത്തുക.

22. തേനീച്ച വർത്തൽ പ്രോത്സാഹിപ്പിക്കുക. ഈച്ചപ്പെട്ടി സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

23. കർഷകർക്ക് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളും മറ്റും പഞ്ചായത്തിലൂടെ നടപ്പാക്കുകയും പ്രധാനകേന്ദ്രങ്ങളിൽ വാർഡ് മെമ്പർമാർ നോട്ടീസ് പതിച്ച് ബോധവൽക്കരണം നടത്തുക. ഗ്രാമതല പ്രവർത്തകരെ ബോധവൽക്കരണത്തിന് ഉപയോഗപ്പെടുത്തുക.

24. പഞ്ചായത്തിൽ ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള ആസൂത്രണം നടത്തുക.

25. വിവിധ തരം പക്ഷികളെ ലൗവ് ബേർഡ്സ് തുടങ്ങിയവ വീടുകൾ കേന്ദ്രീകരിച്ച് വളർത്തുന്നത് ആദായകരമായ ഒരു തൊഴിലായി രൂപപ്പെടുത്താൻ കഴിയും.



# മത്സ്യ മേഖല

കടൽത്തീരത്താൽ അനുഗ്രഹിക്കപ്പെടാത്ത നമ്മുടെ പഞ്ചായത്തിൻ മത്സ്യബന്ധനത്തിലേർപ്പെട്ട് കഴിഞ്ഞിരുന്ന ധാരാളം കുടുംബങ്ങൾ പണ്ടം ഉണ്ടായിരുന്നു. ഇവർക്ക് പുറമെ വല്ലപ്പോഴും പുഴകളിലും തോടുകളിലും മത്സ്യങ്ങളേയും ഞണ്ടുകളേയും പിടിച്ച് മനസികോല്ലാസം കണ്ടെത്തിയവർ ഉണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിൻെറ വടക്കേ അറ്റത്തും, കിഴക്ക് കുറേഭാഗവും പുഴയോരങ്ങളാൽ സംപുഷ്ടമാണ്. മാഹിപുഴയും അതിൻെറ കൈവഴികളും നിറഞ്ഞുകിടക്കുന്ന ഈ പ്രദേശം ഒരു കാലത്ത് ധാരാളം മ മത്സ്യസമ്പത്ത് ഉള്ളതായിരുന്നു. ഊറ്റൽ, ചൂണ്ട, വല, കെണി, കൊടുവാൾ, മഴു തുടങ്ങിയവ ഉപയോഗിച്ചായിരുന്നു പണ്ട് മത്സ്യബന്ധനം നടത്തിയിരുന്നത്. ഇതിനായി ചെറിയ തോണികളും ഉപയോഗിച്ചിരുന്നു. ഇവിടുന്ന ലഭിച്ചിരുന്ന കൈച്ചിൽ, മുഴു, കടു, മാലാൻ, കരിമീൻ എന്നിവയുടെ സ്വാദ് പഴയ തലമുറ്കാർക്ക് ഇന്നും സ്മരണീയമാണ്.

ഇന്ന് മത്സ്യബന്ധനം ഒരു തൊഴിലായി സ്വീകരിച്ച അഞ്ചോ ആറോ കുടുബങ്ങൾ മാത്രമേനമ്മുടെ പഞ്ചായത്തിലുള്ളു. പഴയ പ്രതാപവും, വീരും കെട്ടടങ്ങിയെന്നു തന്നെ പറയാം. പരമ്പരാഗത മത്സ്യബന്ധനോപകരണങ്ങളോടൊപ്പം അപകടം പിടിച്ച 'തോട്ട പൊട്ടിക്കൽ' തുടങ്ങിയതൊടെ മത്സ്യകുഞ്ഞുങ്ങൾ കൂട്ടത്തോടെ നശിക്കാൻ ഇടയാക്കിയിട്ടുണ്ട്

**ലഭ്യമായിരുന്നു മീൻ തരങ്ങളുടെ പട്ടിക.**

1. മാലാൻ
2. ഇരുമീൻ (കരിമീൻ)
3. ചെമ്പല്ലി
4. ഏട്ട
5. ചെമ്മീൻ
6. ഞണ്ട്
7. കൈച്ചിൽ
8. കടു
9. മുഴു.

അടുത്ത കാലത്തായി പുഴ മത്സ്യങ്ങൾക്ക് ബാധിച്ച രോഗം ഈ പ്രദേശത്തേക്കും വ്യാപിക്കുകയുണ്ടായി. മാലാൻ, ഇരുമീൻ, ചെമ്പല്ലി, ഏട്ട തുടങ്ങിയവയാണ് ഈ പുഴയിൽ കാണപ്പെടുന്ന മത്സ്യങ്ങൾ. രോഗ ബാധ കാരണം ഇത്തരം ധാരാളം മീനുകൾ കഴിഞ്ഞ വർഷം ചത്തടിയുകയുണ്ടായി. വേനൽ കാലത്ത് വെള്ളത്തിൽ ഉപ്പിൻെറ അംശം വർദ്ധിക്കുമ്പോൾ രോഗം കുറഞ്ഞുവരുന്നതായും ഇവിടുത്തുകാർ പറയുന്നു. ഇവയ്ക്ക് പുറമെ ഞണ്ട് ചെമ്മീൻ, കൈച്ചിൽ, കടു, മുഴു എന്നിവയും ചെറിയ തോതിൽ ഇവിടുന്ന് ലഭിക്കുന്നുണ്ട്. ചെമ്മീൻ, ഞണ്ട് തുടങ്ങിയവയുടെ കൃഷി വിപുലീകരിക്കുന്നതിനുള്ള സാധ്യത ഈ പ്രദേശത്ത് ധാരാളമായിട്ടുണ്ട്.

മാഹി പുഴയിൽ നിന്ന് പുറമെ ഇവിടുത്തെ കുളങ്ങളിലും, കുണ്ടുകളിലും സ്വാദിഷ്ടമായി കൈച്ചിൽ,. മുഴു എന്നീ മത്സ്യങ്ങൾ ലഭ്യമാണ്. ഇവയിൽ കൈച്ചിൽ ഇന്ന് വംശനാശത്തെ നേരിട്ടുകൊണ്ടിരിക്കയാണെന്ന് പറയേണ്ടിയിരിക്കുന്നു. അശാസ്ത്രീയമായ മീൻ പിടുത്തം, ഉപ്പ്വെള്ളം കയറൽ, മത്സ്യ രോഗം എന്നിവയാണ് ഇതിനുള്ള പ്രധാന കാരണം. കുളങ്ങളുടേയും ജലാശയങ്ങളുടെയും നാശവും നികത്തലും ഇതിന് ആക്കം കൂട്ടിയിട്ടുണ്ട്

എന്നാൽ ഇന്നും പഞ്ചായത്തിൽ ചെറുതും വലുതുമായ ധാരാളം കുളങ്ങൾ ... ഉണ്ടെന്നാണ് ഒരു കണക്കെടുപ്പിൽ കണ്ടത്. ശാസ്ത്രീയമായ മത്സ്യക്യഷി ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. നമ്മുടെ പുഴയോരങ്ങളിൽ വലകെട്ടിയും, പഴയ കുളം, പാപ്പാരത്ത്കുളം, പാലയാട്ട് കുളം, കഞ്ഞിക്കണ്ടിക്കുളം, പൊന്നും ചാലിൽ കുളം, കണ്ണോത്ത് കുളം, കുമുള്ളി കോമത്ത്കുളം, കൊളങ്ങരക്കണ്ടികുളം, പുതുകുങ്ങര കുളം, എന്നിവ ശുദ്ധജല മത്സ്യങ്ങളെ വളർത്താൻ അനുയോജ്യമാണ്. ഇതിന് പുറമെ ധാരാളം വെള്ളം വറ്റിപ്പോകുന്ന കുണ്ടുകളും, കുളങ്ങളും, ആഴം കൂട്ടിയാൽ മത്സ്യക്യഷി നടത്താൻ പറ്റുന്നതാണ്.

ഓലപ്പുഴ, തുരുത്തി മുക്കിൻെറ കിഴക്കുഭാഗം, കൈക്കണ്ടത്തിലെ ആണികൾ, എന്നിവ ചെമ്മീൻകൃഷിക്ക് അനുയോജ്യമായികണ്ടിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ഇതിന് ബോധവാന്മാരല്ലാത്തതും, ശാസ്ത്രീയ പരിശീലനം ലഭ്യമല്ലാത്തതും, രോഗപ്രതിരോധ ശേഷിയുള്ള മേത്തരം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമല്ലാത്തതുമാണ്. മത്സ്യകൃഷി ഈ ഭഗങ്ങളിൽ ഉണ്ടാകാത്തതിനുള്ള കാരണങ്ങൾ.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഉപയോഗത്തിലുള്ള പത്തോളം തോണികൾ മത്സ്യ ബന്ധനത്തിനല്ല മറിച്ച് മണൽവാരുന്നതിനാണ് ഉപയോഗിക്കുന്നത്.

ജലാശയങ്ങൾ സംരക്ഷിക്കുകയും, താല്പ ര്യമുള്ള പൊതു ജനങ്ങളെ കണ്ടെത്തി സാമ്പത്തിക സഹായവും, പരിശീലനവും, സങ്കേതിക സഹായവും, പരിചരണവും ലഭ്യമാക്കിയാൽ നമ്മുടെ ഉൾനാടൻ ഗ്രാമം മത്സ്യസമ്പത്ത് കൊണ്ട് ധന്യമാകുമെന്നും ഇതിലൂടെ ധാരാളം യുവതീയുവാക്കൾക്ക് തൊഴിൽ നൽകാൻ സാധ്യമാകുമെന്നും ചൂണ്ടികാണിക്കപ്പെടുന്നു.


*പ്രശ്നങ്ങൾ:-*


1. മത്സ്യകൃഷിക്കുള്ള സാമ്പത്തിക സഹായം നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല.
2. ആധുനിക മത്സ്യകൃഷി സമ്പ്രദായങ്ങളെപ്പറ്റി ജനങ്ങൾ ബോധവാന്മാരല്ല.
3. കുളങ്ങളും ജലാശയങ്ങളും നികത്തുന്നത് നിയമം മൂലം തടയണം.
4. മത്സ്യങ്ങൾ മുട്ടയിടുന്ന സമയത്തും തുടർന്നുള്ള ഏതാനും ദിവസങ്ങളിലും പുഴകളിലെ മത്സ്യബന്ധനം തടയണം.
5. തോട്ടപൊട്ടിക്കൽ പൂർണ്ണമായും തടയണം.

*സാധ്യതകൾ:-*

1. രോഗപ്രതിരോധശേഷിയുള്ള മത്സ്യ കുഞ്ഞുങ്ങളെ മത്സ്യക്കൃഷിക്ക് താല്പര്യമുള്ള വർക്ക് സൗജന്യമായി എത്തിച്ചു കൊടുക്കുക.
2. മത്സ്യക്കൃഷിക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
3. കുണ്ടുകളും, കുളങ്ങളും ആഴം കൂട്ടി വൃത്തിയാക്കുന്നതിന് വായ്പ അനുവദിക്കുക.
4. കുഞ്ഞിക്കണ്ടിക്കുളം, പാപ്പാരത്ത് കുളം, പാലയാട്ട് കുളം, കുമുള്ളികുളം, കുഞ്ഞിക്കണ്ടിക്കുളം, കണ്ണോത്ത്കുളം, ചാറ്റു കുളം, ഓലപ്പുഴ, ചെറുവാട്ട്കുളം, പൊന്നം ചാലിൻ കുളം, എന്നിവിടങ്ങളിൽ മത്സ്യകൃഷി ആരംഭിക്കുക.
5. 'കൈക്കണ്ടം' പ്രദേശങ്ങളിൽ സഹകരണ ചെമ്മീൻ കൃഷി നടപ്പിലാക്കുക.
6. കേര സംരക്ഷണ സമിതിപോലെ വാർഡ് തോറും മത്സ്യസംരക്ഷണ സമിതി രൂപീകരിക്കുക.
7. ചെമ്മീൻ കൃഷിചെയ്യാൻ താല്പര്യമുള്ളവർക്ക് ധനസഹായം നൽകുക.
8. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ വിപണന കേന്ദ്രം സ്ഥാപിക്കുക.
9. വാണിജ്യാടിസ്ഥാനത്തിൽ അലങ്കാര മത്സ്യങ്ങളെ വളർത്താൻ സാമ്പത്തിക സഹായ നൽകുക.
10. മത്സ്യവളർത്തലിൽ പ്രത്യേക അറിവും പരിശീലനവുമുള്ള വ്യക്തികളുടെ സേവനം ഉപയോഗപ്പെടുത്തുക.

(പരിചയസമ്പന്നർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്)





# 7.3

# വ്യവസായം

വടകര താലൂക്കിലെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന ഏറാമല പഞ്ചായത്ത് വ്യാവസായിക രംഗത്ത് ഏറെ പിന്നോക്കാവസ്ഥ നിലനിൽക്കുന്ന ഒരു പ്രദേശമാണ്. എടുത്തുപറയത്തക്ക വ്യവസായ സംരംഭങ്ങളൊന്നും തന്നെ വളർന്നുവന്നില്ലെങ്കിലും പരമ്പരാഗത വ്യവസായമേഖല സജീവമായി നിലനിന്നിരുന്നു. ഈ മേഖലയിൽ കയർ, കൈത്തറി, മൺപാത്രനിർമ്മാണം, പായ, മുറം, കൂട്ടനിർമ്മാണം എന്നീ രംഗങ്ങളിലാണ് ആളുകൾ ജോലി ചെയ്തിരുന്നത്. സ്വാതന്ത്ര്യലബ്ദിയോടെ കള്ളിൽ നിന്ന് ചക്കരനിർമ്മിക്കുന്ന കുടിൽ വ്യവസായമേഖലയിൽ കുറേ ആളുകൾ പ്രവർത്തിച്ചിരുന്നു. ഈ രംഗത്ത് ചക്കര സൊസൈറ്റി നിലവിൽ വന്നതോടെ സജീവമായ ഈ മേഖല പിന്നീട് പല കാരണങ്ങൾക്കൊണ്ടും തകർച്ചയെ നേരിടുകയുണ്ടായി. ഏറെപ്പേർ ആശ്രയിച്ചിരുന്ന കയർമേഖലയും നിരവധി പ്രതികൂല ഘടകങ്ങളാൽ നാമാവശേഷമായി. പരമ്പരാഗത കുടിൽ വ്യവസായങ്ങളായ മൺപാത്രനിർമ്മാണം, പായ, മുറം, കൂട്ടനിർമ്മാണം എന്നിവ ഒരു വിഭാഗം ജനങ്ങൾ നൂറ്റാണ്ടുകളായി ജീവിതോപാധിയായി സ്വീകരിച്ചിരുന്നു. ഇന്ന് നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന ഈ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

ഏറാമല പഞ്ചായത്തിലെ വ്യാവസായിക രംഗം വിശകലനം ചെയ്യുമ്പോൾ ശ്രദ്ധിക്കപ്പെടുന്ന പ്രധാനവസ്തുത പഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ വൻകിടവ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല എന്നതാണ്. ചെറുകിടവ്യവസായസംരംഭങ്ങളിലും പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണുള്ളത്. ഈ രംഗത്ത് ഇരുപത്തഞ്ചിലേറെപ്പേർ തൊഴിൽ ചെയ്യുന്ന ഒരൊറ്റ വ്യവസായ യൂനിറ്റും വളർന്നുവന്നിട്ടില്ല. നൂറിലേറെപ്പേർ തൊഴിൽചെയ്യുന്ന നമ്മുടെ പഞ്ചായത്തിലെ ഏകപരമ്പരാഗത വ്യവസായസ്ഥാപനമാണ് ഏറാമല വീവേഴ്സ് ഇൻഡസ്ട്രീയൽ (വർക്ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 8952 പേർ വിവിധ മേഖലകളിൽ ജോലിചെയ്യുന്നതായി കണക്കാക്കുന്നു. ഭൂരിഭാഗം ജനങ്ങളും കാർഷികമേഖലയിലാണ് ജോലിചെയ്യുന്നത്. പഞ്ചായത്തിലെ ജനവിഭാഗത്തിൽ 2308 പേർ വിദേശങ്ങളിൽ ജോലി ചെയ്യുന്നു. രണ്ട് പതിറ്റാണ്ടുകളായി ഗൾഫ് പണത്തിന്റെ സ്വാധീനത്തോടെ കാർഷിക രംഗത്തെ തൊഴിലാളികളിൽ നല്ലൊരു വിഭാഗം കെട്ടിടനിർമാണമേഖലയിലേക്ക് പ്രവേശിക്കാനിടയായി. മൊത്തം തൊഴിൽ സേനയിൽ 447 പേർ മാത്രമെ വ്യാവസായികമേഖലയിൽ ജോലി ചെയ്യുന്നുള്ളു. ഇതിൽ 239 പേർ പുരുഷൻമാരും 208പേർ സ്ത്രീകളുമാണ്.

ആകെ വ്യവസായതൊഴിലാളികൾ 447 (4.99%) അതിൽ 187 പേർ കൈത്തറിമേഖലയിലും 90 പേർ റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗത്തും 170 പേർ ഇതരമേഖലകളിലും ജോലിചെയ്യുന്നു. ഏറാമല പഞ്ചായത്തിലെ മുഖ്യവ്യാവസായികമേഖല കൈത്തറിയാണ്.

വ്യാവസായിക രംഗത്തെ ഇന്നത്തെ ശോച്യാവസ്ഥക്ക് ഒട്ടനവധി കാരണങ്ങൾ കണ്ടെത്താൻ കഴിയും. ഇന്ന് പഞ്ചായത്തിൽ നിലനിൽക്കുന്ന ചെറിയതോതിലുള്ള സംരംഭങ്ങൾ തന്നെ ഒറ്റപ്പെട്ട് ചിതറിക്കിടക്കുന്നതിനാൽ പരസ്പരം പ്രശ്നങ്ങൾ അറിയുന്നതിന്നോ അഭിവൃദ്ധിപ്പെടുന്നതിനോ കഴിയുന്നില്ല. ആദ്യകാലഘട്ടങ്ങളിൽ യന്ത്രവൽക്കരണം തീരെ ഇല്ല എന്നുതന്നെ പറയാം.

പിന്നീടങ്ങോട്ട് ചെറിയതോതിലുള്ള യന്ത്രവൽക്കരണം വന്നു തുടങ്ങിയെങ്കിലും അപ്പോഴേക്കും യൂണിറ്റുകൾ നിർജ്ജീവാവസ്ഥയിലായിരുന്നു. അതുകൊണ്ടുതന്നെ വികസിപ്പിച്ചെടുത്ത ശാസ്ത്ര സാങ്കേതികവിദ്യ ഈ രംഗത്തേക്ക് സന്നിവേശിപ്പിക്കാൻ കഴിഞ്ഞില്ല. സർക്കാരിൻെറ വ്യാവസായിക പദ്ധതികളേകുറിച്ചുള്ള ബോധവൽക്കരണവും സംരംഭകർക്കുള്ള പ്രോത്സാഹനപരിപാടികളും വഴി ജനങ്ങളിൽ പുതിയൊരു വ്യാവസായിക സംസ്കാരം വളർത്തി എടുക്കാൻ കഴിയും.

പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക Iൽ കൊടുക്കുന്നു. അതുപോലെ പട്ടിക IIൽ ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിവരവും, പട്ടിക IIIൽ വ്യവസായ യൂണിറ്റുകളിലെ വേതനനിരക്കും രേഖപ്പെടുത്തിയിരിക്കുന്നു. പട്ടിക IVൽ പ്രധാനചെറുകിട യൂണിറ്റിൻെറ സ്ഥിതിവിവരക്കണക്കും Vൽ സഹകരണ വനിത സംഘത്തിൻെറ സ്ഥിതിവിവരക്കണക്കും VIൽ നിലവിലുള്ള വ്യവസായങ്ങളുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും VIIൽ വ്യാവസായിക വായ്പ സംബന്ധിച്ച വിവരങ്ങളും VIIIൽ സാദ്ധ്യതയുള്ള വ്യവസായങ്ങളുടെ പട്ടികയും IXൽ ഗ്രാമസഭാ നിദ്ദേശങ്ങൾ എന്നിവയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## പട്ടിക I

## വ്യവസായ സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ | |
| 1. | കൈത്തറി (സഹകരണമേഖല) | 43 | 61 | 104 | 23.27 |
| 2. | കൈത്തറി (അസംഘടിത മേഖല) | 34 | 49 | 83 | 18.57 |
| 3. | പരമ്പരാഗത മേഖല (a) കളിമൺപാത്രനിർമ്മാണം | 9 | 4 | 13 | 2.91 |
| | (b) പായ, കൂട്ട, മുറം നിർമ്മാണം | 4 | 2 | 6 | 1..34 |
| 4. | പ്രധാനചെറുകിട വ്യവസായങ്ങൾ | 99 | 69 | 168 | 37.58 |
| 5. | ഭക്ഷ്യസംസ്കരണം | 35 | 6 | 41 | 9.17 |
| 6. | ഖാദിയൂണിറ്റ്. ഓർക്കാട്ടേരി | - | 15 | 15 | 3.36 |
| 7. | മറ്റുള്ളവ | 15 | 2 | 17 | 3.80 |
| | ആകെ | 239 | 208 | 447 | 100.00 |

## പട്ടിക - II

## ചെറുകിട വ്യവസായ യൂണിറ്റുകൾ, തൊഴിലാളികൾ

| ക്രമ നമ്പർ | വിഭാഗം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ |
| 1. | നാളികേരം | 5 | 16 | 10 | 26 |
| 2. | തടിവ്യവസായം | 10 | 38 | - | 38 |
| 3. | ഭക്ഷ്യസംസ്കരണം | 15 | 35 | 6 | 41 |
| 4. | ആയുർവേദ മരുന്ന് | 2 | 14 | 2 | 16 |
| 5. | എൻജിനീയറിങ്ങ് | 17 | 19 | - | 19 |
| 6. | അച്ചടി | 3 | 3 | 2 | 5 |
| 7. | റെഡിമെയ്ഡ് വസ്ത്രങ്ങൾ (a) സഹകരണം | 1 | 2 | 10 | 12 |
| | (b) DWCRA യൂണിറ്റുകൾ | 3 | - | 30 | 30 |
| | (c) സ്വകാര്യം | 2 | 3 | 25 | 28 |
| 8 | ഖാദിമേഖല | 1 | - | 15 | 15 |
| 9. | മറ്റുള്ളവ | 3 | 4 | - | 4 |
| | ആകെ | 62 | 134 | 100 | 234 |

## പട്ടിക - III

## വ്യവസായ യൂണിറ്റുകളിലെ വേതനനിരക്ക്

| ക്രമ നമ്പർ | തൊഴിൽ ഇനം | പുരുഷൻ വേതനം | സ്ത്രീ വേതനം |
|---|---|---|---|
| 1. | നാളികേരം | 65 | 40 |
| 2. | തടി | 100 | - |
| 3. | അച്ചടി | 35 | 20 |
| 4. | ആയുർവേദമരുന്ന് | 50 | 30 |
| 5. | ഭക്ഷ്യസംസ്കരണം a ബേക്കറി | 60 | - |
| | b ഓയിൽമിൽ | 50 | - |
| | c പപ്പടം | 45 | 25 |
| | d ഫ്ലോർമിൽ | 50 | - |
| 6 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | | |
| | a സഹകരണം | 70 | 40 |
| . | b സ്വകാര്യം | 75 | 25 |
| 7. | ഖാദി | - | 13 |
| 8. | എൻജിനീയറിങ്ങ് | 65 | 30 |

| | | | |
|---|---|---|---|
| 9. | പ്ലാസ്റ്റിക് വർക്സ് | 40 | 20 |
| 10. | സോഡ നിർമ്മാണം | 50 | - |
| 11. | കല്ലുവെട്ട് | 75 | - |
| 12. | നിർമ്മാണപ്രവർത്തനങ്ങൾ | 100 | 65 |
| **പരമ്പരാഗത മേഖല** | | | |
| 13. | കൈത്തറി<br>a സഹകരണ മേഖല | 75 | 50 |
| | b കൈത്തറി അസംഘടിത മേഖല | 50 | 25 |
| 14 | മൺപാത്രനിർമ്മാണം | 60 | 35 |
| 15 | പായ, മുറം, കുട്ട, നിർമ്മാണം | 50 | 30 |

# പരമ്പരാഗത മേഖല

## I കൈത്തറി:-

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ പഞ്ചായത്തിൽ ഒരു വിഭാഗം ജനങ്ങളിൽ മാത്രം ഒതുങ്ങി വീടുകൾ കേന്ദ്രീകരിച്ച് സജീവമായി നിലനിന്നിരുന്ന ഒരു തൊഴിൽമേഖലയായിരുന്നു കൈത്തറി. എന്നാൽ ക്രമേണ ആ രംഗം പല കാരണങ്ങൾ കൊണ്ടും അവഗണിക്കപ്പെടുകയും ശോച്യാവസ്ഥയിലേക്ക് നീങ്ങുകയും ചെയ്തു. പിന്നീട് സഹകരണ അടിസ്ഥാനത്തിൽ നെയ്ത്തുകാർ സംഘടിച്ച് സഹകരണ സംഘങ്ങൾ രൂപപ്പെട്ടതോടെ വീടുകളിൽ വെച്ചുള്ള നെയ്ത് കുറയുകയും താരതമ്യേന ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്തു. എന്നാൽ അസംസ്കൃത സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാത്തതുകൊണ്ടുതന്നെ കൈത്തറി ഉത്പ്പന്നങ്ങളുടെ വില കുറക്കാൻ കഴിയാതെ വരികയും വിപണനം അന്യനാടുകളിലേക്ക് കയറ്റി അയക്കുന്ന രൂപത്തിലേക്ക് നീങ്ങുകയും ചെയ്തു. ഗുണമേന്മയുള്ള കൈത്തറി ഇനങ്ങൾക്ക് വിദേശങ്ങളിൽ പ്രിയം ഏറിവരികയാണ്. നമ്മുടെ പ്രദേശങ്ങളിൽ കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം സർക്കാർ റിബേറ്റ് സമയങ്ങളിൽ മാത്രമായി ഒതുങ്ങി നിൽക്കുകയാണ്. ആധുനിക യന്ത്രവൽക്കരണം ഈ രംഗത്ത് പഞ്ചായത്തിൽ നടന്നിട്ടില്ല. അയൽപ്രദേശങ്ങളിൽ പവർലൂമുകൾ വഴി ഉത്പാദനം വർദ്ധിപ്പിച്ചുവരുന്നുണ്ട്. തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്താത്തതരത്തിലുള്ള ചെറുകിട യന്ത്രവൽക്കരണമാണ് ഈ രംഗത്ത് അഭികാമ്യം. ഗാന്ധിജി സ്വദേശി പ്രസ്ഥാനത്തിൻെറ ഭാഗമായി ആഹ്വാനം ചെയ്ത വിദേശവസ്തു ബഹിഷ്കരണം ഇന്നും ഈ രംഗത്ത് പ്രസക്തമാണ്. സർക്കാർ സഹായവും പ്രോത്സാഹനങ്ങളും നല്ല തോതിൽ ഉണ്ടായാൽ ഒട്ടേറെ തൊഴിൽസാദ്ധ്യതയുള്ള ഒരു മേഖലയായി കൈത്തറിയെ വികസിപ്പിച്ചെടുക്കാൻ കഴിയും.

**a. അസംഘടിത വിഭാഗം:-** നെയ്ത്ത് രംഗത്ത് 3,5, 7,10 11,12 എന്നീ വാർഡുകളിൽ അസംഘടിത മെഖലയിൽ 83 പേർജോലി ചെയ്യുന്നുണ്ട്. നെയ്ത തുണി ശേഖരിക്കപ്പെടുന്നില്ല എന്നതും നൂൽനൂൽപ്പിന് സൗകര്യമില്ലെന്നതും കളർമുക്കുന്നതിനുള്ള സൗകര്യമില്ലാത്തതും ഈ രംഗത്തെ പ്രശ്നങ്ങളാണ്. വാർഡുകൾ കേന്ദ്രീകരിച്ച് കൂട്ടായ സംരംഭങ്ങളിലൂടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും ഈ മേഖല ശക്തിപ്പെടുത്താനും കഴിയും.

**b. സഹകരണമേഖല:-** ഏറാമല വീവേഴ്സ് ഇൻഡസ്ട്രീയൽ (വർക്ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി (EWIC) പരമ്പരാഗത വ്യവസായമേഖലയിൽ പ്രവർത്തിക്കുന്ന ഒരു വ്യവസായ സഹകരണസ്ഥാപനമാണ് ഇത്. 3-9-77-ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന് 304 അംഗങ്ങൾ ഉണ്ട്.

ഏകദേശം ഒരേക്കർ സ്ഥലം സംഘത്തിനുണ്ട്. കഴിഞ്ഞ നാലുവർഷത്തെ വാർഷിക വിറ്റുവരവ് പരിശോധിച്ചാൽ നഷ്ടം കുറഞ്ഞുകൊണ്ടിരിക്കുന്നതായി കാണാം. വിവിധതരത്തിലുള്ള തുണിത്തരങ്ങൾ ഉത്പാദിപ്പിക്കുന്ന ഈ സംഘത്തിൽ 96 തൊഴിലാളികൾ ഉള്ളതിൽ 60 പേർ സ്ത്രീകളാണ്. 8 ജീവനക്കാരും ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നുണ്ട്. ഉൽപ്പന്നങ്ങൾ നേരിട്ട് കയറ്റുമതി ചെയ്യുന്നില്ല. കേരള സംസ്ഥാന നെയ്ത്ത് സഹകരണസംഘം (Hantex), കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (KSHDC), പൊതുമാർക്കറ്റ്, കൂടാതെ സർക്കാർ ഏജൻസികൾ നടത്തുന്ന എക്സിബിഷൻ സ്റ്റാളുകളിൽ പങ്കെടുത്തുമാണ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നത്.

## പ്രധാനപ്രശ്നങ്ങൾ

1. എല്ലാസമയത്തും ആവശ്യമായ വോൾട്ടതയിൽ വൈദ്യുതി ലഭിക്കുന്നില്ല. അതിനാൽ ഡൈ ഹൗസ് കൃത്യമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല.
2. ജീവനക്കാർക്കുള്ള/തൊഴിലാളികൾക്കുള്ള ESI ആനുകൂല്യം പ്രയോജനപ്പെടുന്നില്ല. 1982 മുതൽ ESI പദ്ധതിയുടെ പരിധിയിൽവരുന്ന ഈ സംഘം ഒരു വലിയ തുക ESI കോർപ്പറേഷന് നൽകേണ്ടതുണ്ട്. സമീപസ്ഥലത്ത് ആധുനിക സൗകര്യമുള്ള ESI ആശുപത്രി നിലവിലില്ലാത്തതിനാൽ തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്നില്ല.
3. ഉത്പാദനശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്താനാവുന്നില്ല. സംഘത്തിന്റെ ഉദ്പാദന ശേഷിയായ 100 തറികളിൽ 85എണ്ണം നിലവിലുണ്ടെങ്കിലും 60 എണ്ണത്തിൽ മാത്രമാണ് ഉത്പാദനം നടക്കുന്നത്.
4. ഗതാഗത പ്രശ്നം ചരക്കുകൾ എത്തിക്കുന്നതിൽ ചെലവും താമസവും വരുത്തുന്നു.
5. സംഘത്തിനോടനുബന്ധിച്ച് കേൻറീൻ സൗകര്യമില്ല.

## പരിഹാരങ്ങൾ

1. സംഘത്തിന് സമീപത്തായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.
2. നിലവിൽ വർഷാവർഷം അപേക്ഷിക്കുന്ന മുറക്ക് സംഘത്തെ ESI നിയമപരിധിയിൽ നിന്ന് ഒഴിവാക്കുന്ന നിലവിലുള്ള സ്ഥിതി മാറ്റി പരമ്പരാഗത വ്യവസായം എന്ന നിലയിൽ സ്ഥിരമായി ഒഴിവാക്കൽ നടപടി വേണം. അല്ലെങ്കിൽ ESI ആശുപത്രി സൗകര്യം ലഭ്യമാക്കണം.
3. അനുബന്ധ ജോലികൾക്കായി ഒരു അഡീഷണൽ ഫാക്ടറി കെട്ടിടം പണിയണം. എന്നാൽ 50 പേർക്ക് കൂടി തൊഴിൽ സാദ്ധ്യതയുണ്ട്.
4. ഗതാഗതപ്രശ്നം പരിഹരിക്കാൻ സംഘത്തിലേക്കുള്ള വഴി തുരുത്തിമുക്ക് കാഞ്ഞിരക്കടവ് റോഡുമായി ബന്ധിപ്പിക്കണം. ആവശ്യമായ സഹായം നൽകിയാൽ പ്രസ്തുത റോഡ് നിർമ്മാണം ശ്രമദാനമായി നിർവ്വഹിക്കാൻ ഏറാമല സമത തിയേറ്റേഴ്സ് സന്നദ്ധമാണ്..
5. സംഘത്തിനോടനുബന്ധിച്ച് ഒരു കേൻറീനും കൺസ്യൂമർ സ്റ്റോറും നടത്താനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.

(സംഘത്തെ സംബന്ധിച്ച ചില പ്രധാനവിവരങ്ങൾ അനുബന്ധമായി പട്ടികപ്പെടുത്തിട്ടുണ്ട്. പട്ടിക IVൽ1,2,3, കാണുക)

### വരവ് ചെലവ് ലാഭനഷ്ടം - പട്ടിക IV(1)

| ക്രമനമ്പർ | കാലം | വിറ്റുവരവ് | വരവ് | ചെലവ് | ലാഭം | നഷ്ടം |
|---|---|---|---|---|---|---|
| 1 | 1992-93 | 23,78,678.65 | 94,22,883.20 | 94,22,893.60 | - | 3,12,612.12 |
| 2 | 1993-94 | 24,80,224.20 | 79,07,253.65 | 79,07,383.56 | - | 2,06,939.51 |
| 3 | 1994-95 | 39,51,238.00 | 1,14,74,317.10 | 1,14,74,042.70 | - | 51,897.56 |
| 4 | 1995-96 | 38,67,722.30 | 1,73,61,071.82 | 1,73,61,288.82 | - | 45,211.29 |

## ഉല്പാദനം - പട്ടിക IV(2)

| ക്രമനമ്പർ | കാലം | ഉല്പാദിപ്പിക്കുന്ന തുണി | വില | ഇനം |
|---|---|---|---|---|
| 1 | 1992-93 | 41,424.55 മീ | 23,88,375.10 | സാറ്റിൻ |
| 2 | 1993-94 | 49,411.25 " | 29,02,925.20 | കോട്ടൻബഡ് |
| 3 | 1994-95 | 58,775.60 " | 39,26,949.55 | ഷീറ്റ്, പില്ലോ കവർ, ടൗവൽ |
| 4 | 1995-96 | 53,759.20 " | 38.88.060.85 | ഫർണ്ണിഷിങ്ങ് ഐറ്റംസ് |

## വിപണനം പട്ടിക IV(3)

| ക്രമനമ്പർ | വിഭാഗം | വിപണനം | | | |
|---|---|---|---|---|---|
| | | 1992-93 | 1993-94 | 1994-95 | 1995-96 |
| 1 | Hantex | 7,22,023.65 | 5.18,648.00 | 18,51,842.95 | 21,18,943.90 |
| 2 | KSHDC | 41,002.00 | 3,08,091.00 | 2,66,474.65 | 1,71,491.00 |
| 3 | Direct | 16,15,653.00 | 16,53,485.20 | 18,32,920.40 | 15,77,287.40 |
| Total | | 23,78,678.65 | 24,80,224.20 | 39,51,238.00 | 38,67,722.30 |

### *2 മൺപാത്ര നിർമ്മാണം*

പഞ്ചായത്തിൽ മുയിപ്രഭാഗത്താണ് (വാർഡ് II) പരമ്പരാഗത മൺപാത്രനിർമ്മാണം നിലനിൽക്കുന്നത് ഈ വ്യവസായംതന്നെ പ്രതിസന്ധിയുടെ വക്കിലാണ്. അസംസ്കൃതസാധനങ്ങളുടെ ലഭ്യതകുറവുണ്ട്. പരമ്പരാഗത രീതിയിലുള്ള ഉത്പാദനമാണ് തുടരുന്നത്. സഹകരണ അടിസ്ഥാനത്തിൽ ഈ വിഭാഗം തൊഴിലാളികളെ സംഘടിപ്പിക്കാൻ കഴിഞ്ഞാൽ മൺപാത്രനിർമ്മാണം വേരറ്റുപോകാതെ നിലനിർത്താനും കഴിയാവുന്ന സാങ്കേതിക വിദ്യയിൽ അഭിവൃദ്ധിപ്പെടുത്താനും കഴിയും. ഒരു വിഭാഗത്തിൻെറ ജീവിതോപാധിയായ മൺപാത്രനിർമ്മാണം സമഗ്രമായ പഠനം അർഹിക്കുന്ന, പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന ഒരു വ്യവസായമാണ്. പഞ്ചായത്തിൽ ആവശ്യമായ മൺപാത്രങ്ങൾ ഉത്പാദിപ്പിക്കുന്ന രൂപത്തിലേക്ക് മുയിപ്രയൂണിറ്റുകളെ ഉയർത്തിക്കൊണ്ടുവരാനും മൺപാത്ര ഉപയോഗം ബോധവൽക്കരണത്തിലൂടെ വർദ്ധിപ്പിക്കാനും കഴിയണം.

### *3. പായ, മുറം, കുട്ട*

ഒരു കുടിൽ വ്യവസായമായി ഈ നൂറ്റാണ്ടിൻെറ തുടക്കം മുതൽ നിലനിന്നിരുന്ന ഒരു മേഖലയാണ് പായ, മുറം, കുട്ട എന്നിവയുടെ നിർമ്മാണം ഒരു വിഭാഗം ജനങ്ങളുടെ മുഖ്യജീവിതോപാധിക്കുള്ള കൈത്തൊഴിലായി സ്വീകരിച്ച ഈ കുടിൽ വ്യവസായം അവഗണനകളാലും ജനങ്ങളുടെ പരിഷ്കാരഭ്രമം കാരണവും മന്ദീഭവിക്കാൻ ഇടയായി. ജീവിതരീതിയിലുണ്ടായ മാറ്റം പ്രകൃതിയിലും വന്നതോടെ അസംസ്കൃത വസ്തുക്കളുടെ (മുള, കൈതയോല, തുടങ്ങിയവ) ലഭ്യത ഒരു പ്രശ്നമായി മാറി എന്നതുമാത്രമല്ല പ്ലാസ്റ്റിക് ഉത്പന്നങ്ങൾ വ്യാപകമായി പ്രചരിച്ചതോടെ ഇവയുടെ വിനിയോഗം കുറഞ്ഞുവന്നു. പ്രകൃതിദത്തമായ ഉൽപ്പന്നങ്ങളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിനും ഉപയോഗം വർദ്ധിപ്പിച്ച് ഈ മേഖലയിൽ ജോലിചെയ്യുന്ന വിഭാഗത്തിൻെറ ഉന്നമനത്തിനും ശ്രമമാരംഭിക്കണം.

### *4. കയർ*

ഒരു കാലത്ത് പഞ്ചായത്തിൻെറ പുഴയോരപ്രദേശങ്ങളിൽ വ്യാപകമായിരുന്ന ചകിരി വ്യവസായം ഇന്നു നശിച്ചു എന്നു തന്നെ പറയാം. യന്ത്രസാമഗ്രികൾ ഉപയോഗിക്കാതെ പഴഞ്ചൻ രീതിയിൽ നടത്തിക്കൊണ്ടുവന്ന കയർ വ്യവസായം ഉത്പാദനം മുരടിച്ച് ക്രമേണ നാശത്തിലേക്ക് വഴു

തിവീണു. സർക്കാർ നയത്തിൻെറ ഭാഗമായി തൊണ്ട ഴുക്കൽ നടക്കാതെ വരികയും ആധുനികരീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം അവലംഭിക്കാതിരുന്നതിനാലും ഈ മേഖലകൾ തകർന്നുപോകുന്നതിനും തൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് ചേക്കേറുന്നതിനും ഇടയായി. ഇന്നും പഞ്ചായത്തിൽ പുനരുദ്ധരിക്കാവുന്ന സ്ഥിതിയിൽ കയർ വ്യവസായം അനുകൂല സാഹചര്യങ്ങളോടെ നിലനിൽക്കുകയാണ്. ആധുനിക യന്ത്രവൽക്കരണത്തിലൂടെ ഈ മേഖല സജീവമാക്കാനും പുഴയോരപ്രദേശങ്ങളിൽ മാത്രമല്ല മറ്റ് ഗ്രാമങ്ങളിലും ഈ വ്യവസായം വ്യാപകമാക്കാൻ കഴിയും. ഇതിനോടനുബന്ധിച്ച് കയർ ഉൽപ്പന്നങ്ങൾ ചകിരിപ്പൊടിയിൽ നിന്നുള്ള ജൈവവളനിർമ്മാണം എന്നീ യൂണിറ്റുകളും ആരംഭിക്കുന്നത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കും.

### *കയർ സൊസൈറ്റി*

11-ാം വാർഡിൽ ആധുനികരീതിയിലുള്ള കയർ സൊസൈറ്റി നിലവിൽ വന്നിട്ടുണ്ട്. ഉൽപ്പാദനം ആരംഭിച്ചിട്ടില്ലാത്ത ഈ യൂണിറ്റിൻെറ പ്രശ്നങ്ങൾ പഠിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഏറാമല, കുന്നുമ്മക്കര ഭാഗങ്ങളിൽ കയർ വ്യവസായ ഒരു കാലത്ത് നിലവിലുണ്ടായിരുന്നു. 2-ാം വാർഡിലെ കയർ വ്യവസായം പുനരുദ്ദരിക്കണം. 5-ാം വാർഡിലെ ചകിരി വ്യവസായം പുനരുദ്ദരിക്കാൻ ശ്രമം വേണം.

## ചെറുകിട മേഖല

### *1. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം:*

പഞ്ചായത്തിൽ വിവിധ വാർഡുകളിലായി വീടുകൾ കേന്ദ്രീകരിച്ചും കടകളിലും നിരവധി യൂണിറ്റുകളുണ്ട്. അവയിലൊക്കെ തന്നെ സ്ത്രീ തൊഴിലാളികളാണ് കൂടുതലുള്ളത്. പുതിയ മോഡലുകളെ കുറിച്ചുള്ള വിവരം ഗ്രാമങ്ങലിലെത്താൻ താമസം നേരിടുന്നു. അതു കൊണ്ടുതന്നെ വിപണികളിലെ താൽപര്യത്തിനനുസരിച്ചുള്ള വസ്ത്രനിർമ്മാണം നടക്കുന്നില്ല. വിദഗ്ദ്ധ പരിശീലനത്തിൻെറ അഭാവവും വൻകിട കമ്പനികളോടുള്ള മത്സരവും വിപണന സാദ്ധ്യത കുറക്കുന്നതിനിടയാകുന്നു. അസംസ്കൃത വസ്തുക്കളുടെ വില കൂടുന്നതിനാൽ ഉൽപ്പന്നത്തിൻെറ വില കുറക്കാൻ കഴിയുന്നില്ല. വിൽപ്പന കുറയുന്നതിനാൽ ഈ മേഖലയിലെ കൂലി നിരക്കും താരതമ്യേന കുറയുന്നു. വിവിധ വാർഡുകളിലെ യൂണിറ്റുകൾ തമ്മിലുള്ള നിരന്തര സമ്പർക്കം ഉൽപാദനം മെച്ചപ്പെടുത്തുവാൻ സഹായിക്കും. തയ്യൽക്കാരെ യോജിപ്പിച്ച് സഹകരണ റെഡീമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കാം.

#### a. സഹകരണ മേഖല

**വടകര ബ്ലോക്ക് വനിതാ വ്യവസായ സഹകരണ സംഘം**

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനമാണിത്. 12-10-90ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ 254 അംഗങ്ങളുണ്ട്. കഴിഞ്ഞ നാല് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ലാഭം കൂടികൊണ്ടിരിക്കുന്നതായി കാണാം. വിവിധ തരത്തിലുള്ള വസ്ത്രങ്ങൾ (ചുരിദാർ, നൈറ്റി, ഫ്രോക്ക് തുടങ്ങിയവ) ഉത്പാദിപ്പിക്കുന്ന ഈ സംഘത്തിൽ 12 തൊഴിലാളികളിൽ 10 പേരും സ്ത്രീകളാണ്. സംഘത്തിന് ഒരു സിക്രട്ടറി ഉണ്ട്. കോഴിക്കോട്, കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിൽ വിപണനം നടക്കുന്നുണ്ട്. (ലാഭ വർദ്ധനവ് കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.

- വിപണന പ്രശ്നം നിലവില്ലില്ല
- മൂലധനം ലഭിക്കണം.
- ഗുണമേന്മ വർദ്ധിപ്പിച്ചാൽ വിപുലീകരണ സാദ്ധ്യതയുണ്ട്.
- വൈദ്യുതി പ്രശ്നം പരിഹരിക്കണം.

പട്ടിക - V

| | കാലയളവ് | ലാഭം |
|---|---|---|
| 1. | 1992-93 | 6,106.20 |
| 2. | 1993-94 | 24,791.72 |
| 3. | 1994-95 | 32, 284.55 |
| 4. | 1995-96 | 50,181.27 |

## (b) DWCRA യൂണിറ്റുകൾ

പഞ്ചായത്തിൽ DWCRA യുടെ മൂന്ന് യൂണിറ്റുകൾ നിലവിലുണ്ട്. അസംസ്കൃത സാധനങ്ങളുടെ വില കൂടുതലും വിപണന സാദ്ധ്യതയിലെ കുറവും പ്രശ്നങ്ങളാണ്. കാര്യക്ഷമമായ മാനേജ്മെൻറിൽ വിപണന സൗകര്യം മെച്ചപ്പെടുത്തിയാൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

## സ്വകാര്യമേഖല

രണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തന മൂലധനത്തിൻെറ കുറവും വൈദ്യുതിക്ഷാമവും പ്രതികൂലഘടകങ്ങളാണ്. വിപണന പ്രശ്നമില്ല. ഫാഷനുകളിലുള്ള പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങൾ പ്രശ്നമാവുന്നു. വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ അഭാവമുണ്ട്. ലൈസൻസ് ഇല്ലാതെയുള്ള റെഡിമെയ്ഡ് നിർമ്മാണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആധുനീകവൽക്കണത്തിലൂടെ വിപുലപ്പെടുത്തുവാൻ കഴിയും.

## *2. ഖാദി മേഖല*

പഞ്ചായത്തിൽ ഓർക്കാട്ടേരിയിൽ ഒരു ഖാദി നൂൽനൂൽപ്പ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. 14 സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നു. ഒരു വനിത ഇൻസ്ട്രക്ടർ ഉണ്ട്. കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ഉപകരണമാണ് ഉപയോഗിക്കുന്നത്. തൊഴിലാളികൾക്ക് തുച്ഛമായ വേതനം മാത്രമേ കിട്ടുന്നുള്ളൂ. എന്നാൽ ഉൽപ്പന്നത്തിൻെറ വില കൂടുതലാണ്. പരമാവധിവേതനം 12 രൂപ മുതൽ 15 രൂപ വരെയാണ്. മസ്ലിൻ ചർക്കയാണ് ഈ യൂണിറ്റിലുള്ളത്. ഒരു തൊഴിലാളിക്ക് 8 മുതൽ 15വരെ കൈ നൂൽ മാത്രമേ ഉൽപ്പാദിപ്പിക്കാൻ നിലവിൽ കഴിയുന്നുള്ളൂ. മോട്ടോർ ഫിറ്റിംഗ് നടത്തുകയും ടിസ്റ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്താൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അതു വഴി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും കഴിയും.

## *3. നാളീകേര സംസ്ക്കരണം*

**a. എണ്ണയാട്ട് വ്യവസായം:-** പഞ്ചായത്തിലെ മുഖ്യ കാർഷിക വിളയായ നാളീകേരം ഉത്പാദനം മെച്ചപ്പെടുത്തുന്നതോടൊപ്പം അനുബന്ധ വ്യവസായ മേഖല പുരോഗമിക്കാനിടയുണ്ട്. പഞ്ചായത്തിൽ ഉത്പ്പാദിപ്പിക്കുന്ന തേങ്ങകളുടെ ഭൂരിഭാഗവും പഞ്ചായത്തിൽ വ്യാവസായികാവശ്യങ്ങൾക്കുപയോഗിക്കാതെ മറ്റിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയാണ് ചെയ്യുന്നത്. എണ്ണയാട്ട് വ്യവസായം പുരോഗമിപ്പിച്ച് ഉത്പാദിപ്പിക്കപ്പെടുന്ന നാളീകേരം പഞ്ചായത്തിൽ വിനിയോഗിക്കാൻ കഴിയും. പഞ്ചായത്തിൽ 4 എണ്ണയാട്ട് വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഗുണമേൻമയുള്ള കൊപ്രയുടെ ലഭ്യത കുറവും വൈദ്യുതിക്ഷാമവും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. ചില കേന്ദ്രങ്ങളിൽ എള്ളെണ്ണയും മറ്റും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഉപോത്പ്പന്നമായി ലഭിക്കുന്ന പിണ്ണാക്ക് ചെലവഴിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തണം.

**b. ഡ്രയർ യൂണിറ്റ്:** പച്ചതേങ്ങ ഉണക്കി കൊപ്രയാക്കുന്നതിന് നിലവിലുള്ള രീതിയിൽ ദിവസങ്ങൾ ആവശ്യമാണ്. എന്നാൽ ആധുനിക രീതിയിലുള്ള ഡ്രയർ യൂണിറ്റ് സ്ഥാപിച്ചാൽ ചുരുങ്ങിയ സമയത്ത് വൻതോതിൽ കൊപ്ര ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് മാത്രമല്ല ഗുണനിലവാരവും ഇതുവഴി വർദ്ധിപ്പിക്കാൻ കഴിയും. പഞ്ചായത്തിൽ ഒരു ഡ്രയർ യൂണിറ്റും ഇതിനോടനുബന്ധമായി നാളീകേര സംസ്ക്കരണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റും സ്ഥാപിക്കാവുന്നതാണ്. ചിരട്ടയിൽ നിന്നുള്ള സൺ മൈക്ക് നിർമ്മാണം, തേങ്ങാ വെള്ളം ശീതള പാനീയമാക്കൽ തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി വാർഡുകളിൽ നിന്നും അഭിപ്രായമുണ്ട്.

## *4. ഭക്ഷ്യ സംസ്ക്കരണം*

**a. അവിൽ നിർമ്മാണം:** ഗ്രാമപ്രദേശങ്ങളിൽ പരമ്പരാഗതമായ രീതിയിൽ അവിൽ നിർമ്മാണം നടക്കുന്നുണ്ട്. ആദ്യകാലങ്ങളിൽ അസംസ്കൃത വസ്തുവായ നെല്ല് പ്രാദേശികമായി ഉത്പ്പാദിപ്പിച്ച് ശേഖരിച്ചിരുന്നു. ഇന്ന് ഇറക്കുമതി ചെയ്യുകയാണ്. അവിൽ നിർമ്മിക്കുന്നതിനുള്ള യന്ത്രം പ്രചരിപ്പിച്ചാൽ ഉൽപ്പാദനം വർദ്ധിപ്പിച്ച് തൊഴിലവസരം ഉണ്ടാക്കാൻ കഴിയും. സാമ്പത്തികസഹായം ലഭ്യമാക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ നിന്ന് അവിൽ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**b. പപ്പട നിർമ്മാണം:** പഞ്ചായത്തിൽ പപ്പട നിർമ്മാണ യൂണിറ്റുകൾ കൂടുതലില്ല. നിലവിലുള്ള യൂണിറ്റുകൾ ഉത്പ്പാദിപ്പിക്കപ്പെടുന്ന പപ്പടം പഞ്ചായത്തിലും പുറത്തുമായി വിപണനം ചെയ്യുന്നു. അയൽ പഞ്ചായത്തുകളിൽ നിന്ന് ഉൽപ്പാദിപ്പിച്ചും പഞ്ചായത്തിൽ വിപണനം ചെയ്യപ്പെടുന്നുണ്ട്. നിലവിലുള്ള യൂണിറ്റുകളെ ശക്തമാക്കുകയും പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ തൊഴിലവസരങ്ങൾ വർദ്ധിക്കും.

**c. ഫുഡ് പ്രോഡക്റ്റ്സ്:** കറി പൗഡർ നിർമ്മിക്കുന്ന യൂണിറ്റുകൾ പഞ്ചായത്തിൽ നിലവിലില്ല. നിലവിലുള്ള ധാന്യമില്ലുകളെ കേന്ദ്രീകരിച്ച് പ്രധാനമായും പുതിയ യൂണിറ്റുകൾ സ്ഥാപിച്ചും ഈ വ്യവസായം വ്യാപിപ്പിക്കാം. ഉത്പ്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തണം. കൂവ്വ പോലുള്ള ഉല്പന്നങ്ങൾ സംസ്ക്കരിക്കുന്നത് ഈ രംഗത്ത് ആലോചിക്കാവുന്നതാണ്. വിവിധതരം ബേക്കറി ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്ന നിരവധി യൂണിറ്റുകൾ പ്രത്യേകിച്ചും ടൗൺ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഗുണമേന്മ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇറക്കുമതി ചെയ്യപ്പെടുന്ന ബിസ്ക്കറ്റും മറ്റും ഒഴിവാക്കി പ്രാദേശികമായി അവ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്ന സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. ആദിയൂരിൽ രണ്ട് അപ്പ നിർമ്മാണ യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

വൻകിട കമ്പനികളുടെ അച്ചാറുകളാണ് പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നത്. വീടുകളിൽ സ്വന്തം ആവശ്യത്തിന്അച്ചാറും തൈര് മുളകും മറ്റും ഉത്പ്പാദിപ്പിച്ചു വരുന്നുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ പഞ്ചായത്തിൽ അച്ചാർ ഉത്പ്പാദനമില്ല. വാർഡുകളിൽനിന്ന് അച്ചാർ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാമെന്ന അഭിപ്രായം ഉയർന്നിട്ടുണ്ട്. പഞ്ചായത്തിൽ ഗുണമേന്മയുള്ള അച്ചാർ ഉത്പ്പാദിപ്പിക്കുന്ന ഒരു പ്രധാന യൂണിറ്റും സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

**d. പഴസംസ്ക്കരണം:** പഴവർഗ്ഗസംസ്ക്കരണ യൂണിറ്റുകൾ പഞ്ചായത്തിൽ കൂടുതലൊന്നുമില്ല. ബേക്കറികൾ കേന്ദ്രീകരിച്ചുള്ള ചിപ്സ് ഉത്പാദനം നടക്കുന്നുണ്ട്. ചക്കപ്പഴ ചിപ്പ്സ് യൂണിറ്റ് സ്ഥാപിക്കണമെന്ന അഭിപ്രായമുണ്ട്. അസംസ്കൃത വസ്തു സുലഭമാണ്. വിവിധ തരത്തിലുള്ള ചിപ്സുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

## 5. ആയുർവ്വേദമരുന്ന് നിർമ്മാണം

പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ രണ്ട് ഔഷധ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. അസംസ്കൃത വസ്തുകളുടെ ലഭ്യത കുറവ്, വൻകിട കമ്പനികളോടുള്ള മത്സരം, വിദഗ്ദ തൊഴിലാളികളുടെ അഭാവം എന്നിവ പ്രശ്നങ്ങളാണ്. ആയുർവ്വേദ ചികിത്സാ രംഗത്ത് ആവശ്യമായ തോതിൽ ഗുണമേന്മയുള്ള മരുന്ന് നിർമ്മാണത്തിനായി പഞ്ചായത്ത്തലത്തിൽ ഒരു ആയുർവ്വേദ ഔഷധ നിർമ്മാണശാല സ്ഥാപിക്കണം. ഇതിന് ആവശ്യമായ ഔഷധ സസ്യങ്ങൾ വീടുകൾ കേന്ദ്രീകരിച്ച് കൃഷിചെയ്യുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഔഷധ സസ്യകൃഷി ഒരു തൊഴിലാകും എന്നതിലുപരി അപൂർവ്വങ്ങളായ ഔഷധസസ്യങ്ങൾ വരും കാലങ്ങളിൽ നിലനിർത്തുന്നതിനും കഴിയും.

## 6. തടിവ്യവസായം

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ രണ്ട് തടി വ്യവസായ യൂണിറ്റുകൾ ഉണ്ട്. ഇത്തരം ഈർച്ചമില്ലുകളിൽ നിന്ന് മര സാമഗ്രികളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളിൽ കൊണ്ടുപോവുകയും ആകർഷകമായ ഫർണിച്ചറുകൾ നിർമ്മിക്കുകയും ചെയ്തു വരുന്നുണ്ട്. വിദഗ്ദ തൊഴിലാളികൾ ഉണ്ടെങ്കിലും യന്ത്രവൽക്കരണം ഫർണിച്ചർ യൂണിറ്റുകളിൽ കാര്യമായി നടന്നിട്ടില്ല. തടി വ്യവസായത്തിൽ വൈദ്യുതിയുടെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. ആധുനീക സാങ്കേതിക വിദ്യ ഉപയോഗിച്ച് ആകർഷകമായ മര ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിച്ചാൽ തൊഴിലവസരങ്ങൾ വർദ്ധിക്കും.

## 7. എൻജിനിയറിംഗ്

**a. വർക്ക്ഷോപ്പ്:** പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 6 മോട്ടോർ വർക്ക്ഷോപ്പുകൾ പ്രവർത്തിക്കുന്നു. ഈ രംഗത്ത് വിദഗ്ദ തൊഴിലാളികളുടെ കുറവുണ്ട്. വിപുലീകരണത്തിന് മൂലധനമില്ലായ്

മയും, സ്ഥലപരിമിതിയും പ്രശ്നമാണ്. വാഹനങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ തൊഴിൽ സാദ്ധ്യതയുള്ള ഈ മേഖലയുടെ വിപുലീകരണവും ആധുനീകവൽക്കരണവും അനിവാര്യതയായി തീരുന്നു.

**b. സ്റ്റീൽ ഇൻഡസ്ട്രീസ്:** പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 4 സ്റ്റീൽ വ്യ.വസായ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ രണ്ടെണ്ണം ഫർണിചർ യൂണിറ്റുകളായും രണ്ടെണ്ണം നിർമ്മാണ മേഖലയെ ആശ്രയിച്ചുള്ള യൂണിറ്റുകളായും പ്രവർത്തിച്ചു വരുന്നു. ഓർഡർ അനുസരിച്ചുള്ള ഉത്പാദനമാണ് പ്രധാനമായും നടക്കുന്നത്. വൈദ്യുതിപ്രശ്നവും സ്ഥലപരിമിതിയും പ്രധാനപ്രശ്നങ്ങളാണ്. ആധുനീകവൽക്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും തൊഴിൽസാധ്യത വർദ്ധിപ്പിക്കാം.

**c. അലൂമിനിയ പാത്രനിർമ്മാണം:** സ്വകാര്യമേഖലയിൽ ഓർക്കാട്ടേരിയിൽ ഒരു അലൂമിനിയപാത്ര നിർമ്മാണശാലയുണ്ട്. വിപണന പ്രശ്നമില്ല വൻതോതിലുള്ള വിപുലീകരണത്തിന് വലിയ മുടക്കുമുതലും സ്ഥലസൗകര്യവും വേണം.

## 8. അച്ചടി

സ്വകാര്യമേഖലയിൽ പഞ്ചായത്തിൽ മൂന്ന് അച്ചടിശാലകൾ പ്രവർത്തിച്ചുവരുന്നു. താരതമ്യേന കുറഞ്ഞവേതന നിരക്കാണുള്ളത്. നവീന രീതിയിലുള്ള അച്ചടിശാലകളുടെ അഭാവം തൊഴിൽ നഷ്ടമുണ്ടാക്കുന്നു. ആധുനികവൽക്കരണവും വിപുലീകരണവും ഈ മേഖലയിൽ അനിവാര്യമാണ്. മൂലധനത്തിൻേറ കുറവ് ഒരു പ്രധാനഘടകമാണ്.

## വിവിധതരം യൂണിറ്റുകൾ

**a. പ്ലാസ്റ്റിക് വർക്സ് :** സ്വകാര്യമേഖലയിൽ പഞ്ചായത്തിൽ രണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഉൽപ്പാദനം വളരെ കുറവാണ്. പ്ലാസ്റ്റിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു വ്യവസായ സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കാൻ കഴിയും. പ്ലാസ്റ്റിക് ഉപയോഗിച്ചുകൊണ്ടുള്ള പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ചെരുപ്പ്, കസേര, മേശ മറ്റ് ഗാർഹികവും ഗാർഹികേതരവുമായ നിരവധി ഉത്പന്നങ്ങൾ നിർമ്മിക്കാൻ ഈ രംഗത്തെ ആധുനീകവൽക്കരണത്തിലൂടെ സാധിക്കും. യന്ത്രസാമഗ്രികൾ ഇതിൽ പ്രധാനഘടകമാണ്. അസംസ്കൃതവസ്തുക്കളും വൈദ്യുതിയും ആവശ്യത്തിന് ലഭിക്കേണ്ടതുണ്ട്. വിപണന സാദ്ധ്യതയുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങളെ കുറിച്ചുള്ള സമഗ്രപഠനം അനിവാര്യമാണ്.

**b. സോഡാ നിർമ്മാണം:** പഞ്ചായത്തിൽ മൂന്ന് സ്വകാര്യസോഡാ നിർമ്മാണയൂണിറ്റുകളുണ്ട്. പ്രാദേശികമായി നിർമ്മിക്കുന്ന സോഡയുടെ ഗുണനിലവാരം കുറഞ്ഞതിനാൽ വൻകിടകമ്പനികളുടെ സോഡപഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. ഗുണമേന്മയുള്ള സോഡാനിർമ്മാണ ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്.

**c. കാർഷികോപകരണങ്ങൾ:** പഞ്ചായത്തിൽ കാർഷികമേഖലയിൽ ജോലി ചെയ്യുന്ന വലിയ വിഭാഗം തൊഴിലാളികളുണ്ട്. കൃഷിക്ക് മാത്രമല്ല നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും കാർഷികായുധങ്ങൾ ഉപയോഗിച്ചുവരുന്നു. നാടൻ പണിക്കാവശ്യമായ കൈക്കോട്ട്, പടന്ന,മഴു, പിക്കാസ് തുടങ്ങിയ ആയുധങ്ങൾക്കായി അയൽപ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ഒരു കാർഷിക ഉപകരണനിർമ്മാണശാല സ്ഥാപിച്ചാൽ മേൽപ്പറഞ്ഞപ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് മാത്രമല്ല മറ്റ് ഗാർഹികോപകരണങ്ങളും നിർമ്മിച്ച് പഞ്ചായത്തിൽ വിതരണം ചെയ്യാൻ കഴിയും. വൻതോതിൽ ഉപയോഗമുള്ള ആണികളുടെ നിർമ്മാണം ഇതിനോടനുബന്ധമായി നടത്താവുന്നതാണ്. കാർഷികരംഗത്ത് കൈവരിക്കാൻ പോകുന്ന വൻതോതിലുള്ള പുരോഗതിക്ക് ഇത്തരത്തിലുള്ളൊരു വ്യവസായ സ്ഥാപനത്തിൻെറ പ്രാധാന്യം എടുത്തുപറയത്തക്കതാണ്.

**d. സിമൻറുല്പന്ന നിർമ്മാണം:** പഞ്ചായത്തിൽ സിമൻറുത്പന്ന നിർമ്മാണരംഗം ഏറെ പുരോഗതി പ്രാപിച്ചിട്ടില്ല എങ്കിലും ചെറിയ യൂണിറ്റുകൾ ടൗൺ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. വീട് നിർമ്മാണം ഒരു ആവശ്യത്തിലേറേ അന്തസ്സായി കണക്കാക്കപ്പെടുന്ന ഒരു സാമൂഹ്യചുറ്റുപാടിൽ ഇത്തരം യൂണിറ്റുകൾക്ക് പ്രാധാന്യമുണ്ട്. കല്ലിൻേറയും മരത്തിൻേറയും ലഭ്യതകുറഞ്ഞപ്പോൾ സിമൻ

റുകട്ടകളും മറ്റ് സിമൻറ് ഉത്പന്നങ്ങളുടേയും ഉപയോഗം വർദ്ധിച്ചുവന്നു. ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിൻെറ പ്രശ്നം കെട്ടിടത്തിൻെറ സുരക്ഷിതത്വത്തെ കുറിച്ചുള്ള ആശങ്കയും സിമൻറുല്പന്നങ്ങളുടെ വ്യാപകമായ ഉപയോഗത്തിന് തടസ്സമാകുന്നുണ്ട്. ഈ രംഗത്തെ വികസന സാധ്യത സമഗ്രമായി പരിശോധിക്കേണ്ടതുണ്ട്.

**e. സോപ്പ് നിർമ്മാണം:** പഞ്ചായത്തിൽ സോപ്പ് നിർമ്മാണ യുണിറ്റ് നിലവിലില്ല. സോപ്പിൻെര ഉപയോഗം താരതമ്യേന കൂടുതലുമാണ്. മറ്റു സ്ഥലങ്ങളെപ്പോലെ വൻകിട കമ്പനികളുടെ സോപ്പുകളാണ് ഈ പ്രദേശത്തും ഉപയോഗിക്കുന്നത്. സർക്കാർ ഉടമയിലുള്ള നിർമ്മാണ യൂണിറ്റുകളിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന സോപ്പുകൾ മാത്രമേ സർക്കാർ മുഖേന വിതരണം ചെയ്യുകയുള്ളുവെന്ന നയപരമായ ഒരു തീരുമാനം സർക്കാരിൽ നിന്നും ഉണ്ടാകേണ്ടതാണ്. അതിൻെറ ചുവട് പിടിച്ചുകൊണ്ട് പഞ്ചായത്തിൽ ഒരു സോപ്പു നിർമ്മാണ ശാല സ്ഥാപിച്ച് പഞ്ചായത്തിൽ ആവശ്യമായതോതിൽ ഉത്പാദനം നടത്താനും ഗുണമേന്മയുള്ള അലക്ക്, കുളി സോപ്പുകളും,അലക്കു പൊടികളും സൂപ്പർ വൈറ്റും ഉല്പാദിപ്പിച്ചു കൊണ്ട് ഈ രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, സോപ്പിൻെറ കാര്യത്തിൽ പഞ്ചായത്ത് സ്വയം പര്യപ്തമാക്കാനും കഴിയും. പരസ്യങ്ങളിലൂടെ ജനങ്ങളെ വഴി തെറ്റിക്കുന്നതിനെതിരെ ആസുത്രിതമായ ബോധവൽക്കരണ പരിപാടി അനിവാര്യമാണ്.

**f. മെഴുകുതിരി നിർമ്മാണം:**

പഞ്ചായത്തിൽ മെഴുകുതിരി നിർമ്മാണം ഇല്ല എങ്കിലും ഉപയോഗം വളരേ കൂടുതലാണ്. വൈദ്യുതി ഇല്ലാത്ത അവസരത്തിലുള്ള മെഴുകുതിരിയുടെ ഉപയോഗം നാം അറിയാതെ വർദ്ധിച്ചു വരുന്നുണ്ട്. വലുപ്പവും, ഗുണ നിലവാരവും കുറഞ്ഞു വരുമ്പോഴും വില ക്രമാതീതമായ കൂടികൊണ്ടിരിക്കുകയാണ്. സംരംഭകർക്ക് സർക്കാർ മുഖേന അസംസ്കൃത വസ്തുവായ മെഴുകും മറ്റും ആവശ്യാനുസരണം ലഭിച്ചാൽ വികസന സാദ്ധ്യതയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്ന ഒരു വ്യവാസായമായ ഇതിനെ മാറ്റാവുന്നതാണ്.

**g. സ്റ്റൂഡൻസ് ഐറ്റംസ്:** സ്കൂൾ ബേഗ്, പെൻസിൽ, ചോക്ക്, ബട്ടൻ, ചെരുപ്പ്, കുട. പേപ്പർ ബേഗ്, നോട്ട് ബുക്കുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു വലിയ വ്യവസായ യൂണിറ്റ് സ്ഥാപിക്കണം. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും വിതരണം ചെയ്യാവുന്ന തരത്തിൽ ഒട്ടേറെ പേർക്ക് തൊഴിൽ ലഭിക്കുന്ന വിവിധ യൂണിറ്റുകൾ ചേർന്ന ഒരു കേന്ദ്രമായി ഈ സംരംഭത്തെ മാറ്റാവുന്നതാണ്.ഇതിനോടനുബന്ധമായി ഒരു പ്രിൻറിംഗ് യൂണിറ്റും ആവശ്യമായി വരും. കൂടുതൽ വരുന്ന ഉൽപ്പാദനത്തിന് വിപണകൾ കണ്ടെത്തേണ്ടി വരും.

**h. ഫിനോൾ നിർമ്മാണം:**

പഞ്ചായത്തിൽ ഒരു സ്വകാര്യ ഫിനോൾ നിർമ്മാണ യൂണിറ്റുണ്ട്. പരിസര ശുചിത്വവും ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ഈ യൂണിറ്റിന് പ്രാധാന്യമുണ്ട്. വൻതോതിലുള്ള സാങ്കേതിക വിദ്യയോ യന്ത്ര സാമഗ്രികളോ ഇല്ലാതെ ഉല്പാദനം നടക്കുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തണം. വൻകിട കമ്പനികളുമായി മത്സരിക്കേണ്ടി വരുന്നുണ്ട്. യൂണിറ്റിൻെറ വിപുലീകരണത്തിന് സർക്കാറിൻെറ ഭാഗത്തു നിന്നും KGST റജിസ്ട്രേഷൻ സംബന്ധിച്ച കാര്യങ്ങളിലും സാമ്പത്തിക സഹായം ഉൾപ്പെടേയുള്ള മറ്റ് പ്രോത്സാഹന നടപടികളും വേണം

**i. ഫൈബർ:** പഞ്ചായത്തിൽ ഫൈബർ യൂണിറ്റുകളില്ല. പൊട്ടി പോകാത്തതും , തീ പിടിക്കാത്തതും, രാസവസ്തുക്കളുമായി പ്രവർത്തിക്കാത്തതുമായ ഫൈബർ ഗ്ലാസുകൾ വിവിധ വസ്തുക്കളുടെ നിർമ്മാണത്തിന് ഉപയോഗിച്ചു വരുന്നു. പരിചയസമ്പന്നർ ഉണ്ട്. ഗാർഹികവും, ഗാർഹികേതരവുമായ വാട്ടർ ടാങ്ക് ഉൾപ്പെടെയുള്ള സാധനങ്ങൾ ഫൈബർ കൊണ്ട് നിർമ്മിച്ചു വരുന്നുണ്ട്. ആവശ്യമായ പ്രോത്സാഹനം ലഭിച്ചാൽ ഫൈബർ യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയും.

**J. കരകൗശല വസ്തുക്കൾ:** കരകൗശല വസ്തുക്കൾ പഞ്ചായത്തിൽ നിർമ്മിച്ചു വരുന്നില്ല. എന്നാൽ ഉപയോഗം പുരോഗമിച്ചു വരുന്നുണ്ട്. ഇത്

ഒരു യുണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.പാഴ് വസ്തുക്കളെ അലങ്കാര വസ്തുക്കളാക്കി മാറ്റുന്നതിനും ശില്പങ്ങളും മറ്റും നിർമ്മിക്കുന്നതിനും ഇതുവഴി സാധിക്കും. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയിൽ ആകർഷകവും, വൈവിദ്യവും ഉള്ള ഉൽപ്പനങ്ങൾ നിർമ്മിക്കാൻ കഴിയും.ഇതിനോടനുബന്ധമായി പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ചുക്കൊണ്ടുള്ള വ്യവസായവും ആരംഭിക്കാൻ കഴിയും.

**K. ക്ഷീര വ്യവസായം:** പഞ്ചായത്തിൽ സഹകരണ മേഖലയിൽ കുറിഞ്ഞാലിയോട് ക്ഷീരോത്പാദക സഹകരണ സംഘം പ്രവർത്തിച്ചു വരുന്നു. 31-3-91 ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന് 120 അംഗങ്ങളുണ്ട്. പ്രതിദിനം ശേഖരിക്കുന്ന 250 ലിറ്റർ പാലിൽ 15 ലിറ്റർ പാൽ പഞ്ചായത്തിൽ വിൽക്കുകയും 235ലിറ്റർ കയറ്റുമതി ചെയ്യുകയുമാണ്. ഈ സംഘത്തിൻെറ പാൽശേഖരണം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനോടനുബന്ധമായി ക്ഷീരോത്പ്പന്ന നിർമ്മാണ യൂണിറ്റും സജീവമായി പ്രവർത്തിപ്പിക്കേണ്ടതുണ്ട്.

നിലവിൽ കാർത്തികപ്പള്ളിയുള്ള പാൽ സൊസൈറ്റിക്ക് പുറമേ ഏറാമല കുന്നുമ്മക്കര മേഖലകളിലായി രണ്ട് പാൽ സൊസൈറ്റികൾ കൂടി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ ശേഖരിക്കപ്പെടുന്നതിനും മിച്ചമുള്ള പാൽ മറ്റ് ഉൽപ്പാദനങ്ങളാക്കി മാറ്റാനും കഴിയും. (ഉദാ:- ചോക്കലേറ്റ് നിർമ്മാണം) ക്ഷീരവ്യവസായം പുരോഗമിക്കണമെങ്കിൽ കന്നുകാലി പരിപാലനത്തിൽ ബോധവൽക്കരണവും ശാസ്ത്രീയ സമീപനവും സ്വീകരിക്കേണ്ടതുണ്ട്.

**l. കോഴി വളർത്തൽ:**

പഞ്ചായത്തിൽ കോഴി വളർത്തൽ യൂണിറ്റ് നിലവിലുണ്ടെന്ന് പറയാനില്ല. അടുത്ത കാലത്തായി കോഴി വളർത്തൽ തരാതമ്യേന കുറഞ്ഞു വരുന്നുണ്ട്. ഉത്പാദന ശേഷിയിലെ കുറവും കോഴിവസന്ത പോലുള്ള രോഗങ്ങളും ഇതിന് കാരണമായതായി കാണാം. സങ്കര ഇനം കോഴികളെ ശാസ്ത്രീയമായ രീതിയിൽ വളർത്തി ഉത്പ്പാദനം മെച്ചപ്പെടുത്താം. ലാഭകരമായി ഇറച്ചിക്കോഴി വളർത്തലിന് പ്രാധാന്യം നൽകി കൊണ്ട് മുട്ടക്കോഴി വളർത്തലും വീടുകൾ കേന്ദ്രീകരിച്ച് തുടങ്ങാവുന്നതാണ്. നല്ല ഇനം കോഴിത്തീറ്റകൾ ലഭ്യമാക്കണം. കണ്ണൂരിലെ സർക്കാർ ഉടമയിലുള്ള മുണ്ടയാട് പോൾട്രിഫാമിൻെറ സേവനം കോഴി വളർത്തലിൽ പ്രയോജനപ്പെടുത്താൻ കഴിയും.

**m. തേനീച്ച വളർത്തൽ:** പഞ്ചായത്തിൽ ഇത്തരത്തിലുള്ള യൂണിറ്റുകൾ നാമമാത്രമാണ്. വലിയ സാങ്കേതിക വിദ്യയൊന്നുമില്ലാതെ തന്നെ വീടുകളിലാരംഭിക്കാവുന്ന ആദായകരമായ ഒരു സംരംഭമാണ് തേനീച്ച വളർത്തൽ. ശുദ്ധമായ തേൻ ഔഷധമായി ഉപയോഗിക്കുന്ന സാഹചര്യത്തിൽ പരമാവധി വീടുകളിൽ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. പരിശീലനവും, സാമ്പത്തിക സഹായവും നൽകിയാൽ തേനീച്ച വളർത്തൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയും

**n. പട്ടുനൂൽ പുഴു വളർത്തൽ:** പഞ്ചായത്തിൽ നിലവിലില്ലാത്തതും ലാഭകരമായി നടത്തിക്കൊണ്ടു പോകാവുന്നതുമായ ഒരു വ്യവസായമാണ് പട്ടുനൂൽ പുഴു വളർത്തൽ.പുഴുക്കളെ വളർത്തുന്ന മൾബറി മരത്തിൻെറ ഇലകൾ തന്നെ ആഹാരമാക്കുന്നതിനാൽ തീറ്റ അന്വേഷിക്കേണ്ട ആവശ്യമില്ല. മൃദുത്വവും, തിളക്കമാർന്നതും കാലാവസ്ഥയ്ക്ക് അനുഗുണമായതുമാകയാൽ പട്ടു വസ്ത്രങ്ങൾ പ്രിയതരമാകുന്നു. സാങ്കേതിക പരിജ്ഞാനവും മറ്റു സംവിധാനവും ഏർപ്പെടുത്തിയാൽ ഈ വ്യവസായം പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

**o. ചെമ്മീൻ വളർത്തൽ:** വ്യാവസായിക അടിസ്ഥാനത്തിൽ ചെമ്മീൻ കൃഷി നടത്താനുള്ള അനുകൂല സാഹചര്യങ്ങൾ പഞ്ചായത്തിൻെറ പുഴയോര പ്രദേശങ്ങളിലുണ്ട്. ചെമ്മീൻ കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുവേണ്ട സംവിധാനവും തീറ്റ ഉൾപ്പെടെയുള്ള മറ്റ് ശാസ്ത്രീയ ക്രമീകരണങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. ആവശ്യമായ പരിശീലനവും സർക്കാർ സഹായവും നൽകിയാൽ ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉത്പ്പനങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂണിറ്റുപോലും വളർന്നു വരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ച് വളർച്ചക്ക് ആവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യപരിരക്ഷ, വാർത്താ വിനിമയ ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള താത്പ്പരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ടതോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായുംതാഴേ പറയുന്ന കാരണങ്ങൾക്കൊണ്ടാണ്.

പൊതു പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് മുമ്പായി നിലവിലുള്ള യൂണിറ്റുകളുടെ വിവരം നിലവിലുള്ള വ്യവസായങ്ങൾ-പ്രശ്നങ്ങൾ-സാധ്യതകൾ-വിശകലനം ചെയ്യാം

### പട്ടിക IV

| ക്രമ നമ്പർ | വ്യവസായത്തിൻെറ പേര് | വാർഡ് | സ്ഥിതി പ്രശ്നങ്ങൾ | നിർദ്ദേശ സാധ്യതകൾ |
|---|---|---|---|---|
| 1 | കൈത്തറി (അസംഘടിതം) | 3,5,7, 10,11,12 | നെയ്ത തുണിശേഖരിക്കപ്പെടുന്നില്ല. നൂൽനൂൽപ്പിനും കളർമുക്കുന്നതിനും സൗകര്യമില്ല. | പവർ ലൂം സ്ഥാപിക്കൽ കൂട്ടായ സംരംഭങ്ങൾ വഴി പ്രശ്നങ്ങൾ പരിഹരിക്കാം. |
| 2 | കൈത്തറി (സഹകരണം) (EWICS) | 5 | വൈദ്യുതി ക്ഷാമം<br>തൊഴിലാളികൾക്കുള്ള ESI ആനുകൂല്യം പ്രയോജനപ്പെടുന്നില്ല<br>ഉല്പാദന ശേഷി പൂർണ്ണമായി ഉപയോഗപ്പെടുന്നില്ല<br>ഗതാഗത പ്രശ്നം<br>മറ്റു അസൗകര്യങ്ങൾ | സമീപത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക<br>ESI പദ്ധതിയിയിൽ നിന്ന് ഒഴിവോ, മെച്ചപ്പെട്ട ആശുപത്രി സൗകര്യമോ<br>റോഡ് നിർമ്മിക്കുക<br>കാൻറീനും കൺസ്യൂമർ സ്റ്റോറും സ്ഥാപിക്കുക. |
| 3 | റെഡീമെയ്ഡ് വസ്ത്ര നിർമ്മാണം (സഹകരണം) | 8 | മൂലധനം ലഭിക്കണം<br>വൈദ്യുതി പ്രശ്നം | സർക്കാർ സഹായം<br>ആവശ്യമായ വോൾട്ടേജിൽ വൈദ്യുതി ലഭ്യമാക്കണം<br>മോട്ടോർ മെഷീനുകൾ |
| 4 | റെഡീമെയിഡ് (സ്വകാര്യം) | 7,8 | മൂലധനകുറവ്<br>വൈദ്യുതിക്ഷാമം<br>ഫാഷൻ മാറ്റങ്ങൾ | സാമ്പത്തിക സഹായം<br>എല്ലാ സമയത്തുംവൈദ്യുതി ലഭിക്കണം<br>ആധുനികവൽക്കരണം |
| 5 | ഖാദി മേഖല | 7 | തുച്ഛമായ വേതനം<br>കൈകൊണ്ടുള്ള നൂൽനൂൽപ്പ് | യന്ത്രവൽക്കരണം,മോട്ടോർ ട്വിസ്റ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തണം |
| 6 | DWCRAയൂണിറ്റ് | 5,10,12 | വിപണന പ്രശ്നം<br>കാര്യക്ഷമമല്ലാത്ത മാനേജ്മെൻറ്<br>വൻകിട കമ്പനി മത്സരം | മാനേജ് മെൻറ് കാര്യക്ഷമമാക്കി പ്രവർത്തനം മെച്ചപ്പെടുത്തണം<br>വിപണന സാധ്യത കൂട്ടണം |

| | | | | |
|---|---|---|---|---|
| 7 | എണ്ണയാട്ട് | 4,7,8 | ഗുണമേന്മയുള്ള കൊപ്ര ലഭിക്കുന്നില്ല<br>വൈദ്യുതി ക്ഷാമം | ഡ്രയർ യൂണിറ്റുകൾ സ്ഥാപിക്കുക.<br>അനുബന്ധമായ വ്യവസായങ്ങൾ തുടങ്ങുക |
| 8 | ആയുർവേദ മരുന്ന് | 6 | അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്<br>വൻകിട കമ്പനി കളോടുള്ള മത്സരം | ഔഷധ സസ്യ കൃഷി<br>പഞ്ചായത്ത് തല ആയുർവേദ മരുന്നു നിർമ്മാണ ശാല |
| 9 | തടി വ്യവസായം<br>ഫർണിച്ചർ<br>തോണി | 7,9<br>5,6,12<br>5 | ആധുനികവൽകരണം അപര്യാപ്തം<br>വൈദ്യുതി ക്ഷാമം<br>സാമ്പത്തിക പ്രയാസം | ഫർണിച്ചർ നിർമ്മാണം ആധുനീകവൽക്കരിക്കുക<br>ആകർഷകമായ ഉല്പന്നങ്ങൾ നിർമ്മിക്കുക<br>സാമ്പത്തികസഹായം |
| 10 | മൺപാത്രങ്ങൾ | 10,11 | അസംസ്കൃത വസ്തുക്കൾ ലഭ്യത കുറവ്<br>പരമ്പരാഗത രീതി | വിപുലീകരണം<br>സാധ്യമായ യന്ത്രവൽക്കരണം |
| 11 | പായ,മുറം,കുട്ട | 10,11 | അസംസ്കൃത വസ്തുക്കൾ ലഭ്യത കുറവ്<br>ജനങ്ങളുടെ പരിഷ്കാര ഭ്രമം | വിപുലീകരണം<br>ബോധവൽക്കരണം<br>സാമ്പത്തികസഹായം |
| 12 | കയർ സൊസൈറ്റി<br>നശിച്ചവ | 11<br>2,3,4,5,6 | ഉല്പാദനം ആരംഭിച്ചില്ല<br>അനുബന്ധ വ്യവസായം ഇല്ല | പ്രശ്നങ്ങൾ പരിഹരിച്ച് നവീന രീതിയിൽ പ്രവർത്തനം ആരംഭിക്കണം<br>സഹകരണസംഘം |
| 13 | അവിൽ | 5,6 | നെല്ല് ലഭ്യത കുറവ്<br>മൂലധനം ഇല്ല | സാധ്യമായ യന്ത്രവൽക്കരണം<br>സാമ്പത്തിക സഹായം |
| 14 | പപ്പടം | 2,3,7,11 | കൈതൊഴിലാണ്<br>വിപണന പ്രശ്നം | സാധ്യമായ യന്ത്രവൽക്കരണം<br>വിപുലീകരണം |
| 15 | a വർക്ക് ഷോപ്പ്<br>b. സ്റ്റീൽ ഇൻഡ്രസ്ട്രീസ്<br>c. അലൂമിനിയം | 7,9<br>7,10<br>7 | മൂലധനമില്ല<br>സ്ഥല പരിമിതി<br>വിദഗ്ദ തൊഴിലാളികളുടെ കുറവ് | സാമ്പത്തിക സഹായം<br>വിപുലീകരണം<br>ആധുനിക വൽക്കരണം |
| 16 | അച്ചടി | 7,8<br>9 | കുറഞ്ഞ വേതനം<br>മൂലധനില്ല<br>ഗുണനിലവാരകുറവ് | വിപൂലീകരണം<br>സാമ്പത്തിക സാഹയം<br>ആധുനിക വൽകരണം |
| 17 | പ്ലാസ്റ്റിക് | 1,9 | അസംസ്കൃതവസ്തു ലഭ്യത<br>യന്ത്രസാമഗ്രികൾകുറവ്<br>മൂലധനമില്ല<br>വൻകിട കമ്പനി മത്സരം | വോൾട്ടേജ് പ്രശ്നം മാറ്റണം<br>ആധനുനിക യന്തവൽക്കരണം<br>വിപുലീകരണം<br>സാമ്പത്തികസഹായം |

| | | | | |
|---|---|---|---|---|
| 18 | സോഡ | 1,8,9 | ഗുണനിലവാരകുറവ്<br>വൻകിട കമ്പനി മത്സരം | പഞ്ചായത്തിൽ ഗുണമേന്മ യുള്ള സോഡ ഫാക്ടറി സ്ഥാപിക്കുക |
| 19 | സിമൻറ് ഉല്പന്നങ്ങൾ | 1,7,9 | ഗുണനിലവാരകുറവ്<br>സുരക്ഷിതത്വത്തിലെ ആശങ്ക | ആധുനികവൽകരണം<br>വിപുലീകരണം |
| 20 | ഫിനോൾ | 7 | അസംസ്കൃതവസ്തുക്കൾ ലഭ്യത കുറവ്<br>മൂലധനമില്ല<br>രജിസ്ട്രേഷൻ പ്രയാസം | സർക്കാർ സഹായം<br>രജിസ്ട്രേഷൻ (K.G.S.T.)<br>വ്യവസ്ഥ ലളിതമാക്കണം |
| 21 | ക്ഷീര വ്യവസായം | 12 | പാൽ ശേഖരണംകുറവ്<br>തൊഴിൽ സാധ്യതകുറവ് | വിപുലീകരണം<br>ക്ഷീരോല്പന്ന യൂണിറ്റ് സ്ഥാപിക്കണം<br>പഞ്ചായത്ത്തല സംഭരണം |
| 22 | ക്ഷീരോല്പാദനങ്ങൾ | 3,12 | 3-ാം വാർഡിലെയൂണിറ്റ് പ്രവർത്തനമാരംഭിച്ചില്ല | വിപണനകേന്ദ്രം ഉണ്ടാവണം<br>3-ാം വാർഡിലെ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ നടപടി ആവശ്യം |
| 23 | തേനീച്ച വളർത്തൽ | 1 | പെട്ടിയുൾപ്പെടെവാങ്ങാൻ സാമ്പത്തികമില്ല<br>തേൻ ശേഖരണപ്രശ്നം | സാമ്പത്തിക സഹായം<br>വിപുലീകരണം<br>തേൻ എടുക്കുന്ന മെഷീൻ |
| 24 | ചോക്ക് ലേറ്റ് | 2 | സാമ്പത്തികപ്രശ്നം<br>പരിശീലന കുറവ്<br>വിപണന പ്രശ്നം | സാമ്പത്തിക സഹായം<br>പരിശീലന പരിപാടി<br>വിപുലീകരണം |
| 25 | ഇഷ്ടിക | 7 | അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല | പുനരുദ്ധരിക്കണം |

## വ്യവസായ വായ്പ,തിരിച്ചടവ് സംബന്ധിച്ച വിവിരങ്ങൾ പട്ടിക VII

| ക്രമ നമ്പർ | ധനകാര്യ സ്ഥാപനം (ബാങ്ക്) | വായ്പനല്കിയ തുക (IRDP മറ്റുമായി നല്കിയത്) | | | | തിരിച്ചടവ് തുക (ശതമാനം) | | | |
|---|---|---|---|---|---|---|---|---|---|
| | | 1992-93 | 1993-94 | 1994-95 | 1995-96 | 1992-93 | 1993-94 | 1994-95 | 1995-96 |
| 1 | കനറാ ബാങ്ക് ഓർക്കാട്ടേരി | 94,300 | 43,650 | 1,66,433 | 2,10,244 | 63 | 65 | 62 | 70 |
| 2 | കെ.ഡി.സി.ബാങ്ക് ഓർക്കട്ടേരി | - | 75,000 | 25,000 | - | - | 43 | 12 | - |
| 3 | ഏറാമല സർവ്വീസ് സഹ കരണ ബാങ്ക് ഓർക്കാട്ടേരി | 25,000 | 10,230 | അപേക്ഷകരില്ല | | 84 | 75 | - | - |
| 4 | കുന്നുമ്മക്കര സർവ്വീസ് സഹകരണബാങ്ക് | 23,668 | 22,968 | 35,455 | 10,000 | - | 43 | 37 | 40 |

## പൊതു പ്രശ്നങ്ങൾ

- മുഖ്യ കാർഷികോല്പന്നമായ നാളികേരം വ്യവസായിക ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല.
- വൈദ്യുതി കണക്ഷൻ ലഭിക്കാൻ താമസം നേരിടുന്നു. കൂടാതെ വ്യവസായ വികസനത്തിനാവശ്യമായ വോൾട്ടതയിൽ വൈദ്യുതി ലഭിക്കുന്നില്ല.
- അസംസംകൃത വസ്തുക്കളുടെ ലഭ്യതയിൽ ഉള്ള കുറവ്, വിലവർദ്ധനവ്
- ആധുനികവൽക്കരണത്തിൻെറ അഥവാ യന്ത്രവൽക്കരണത്തിൻെറ അഭാവം.
- ഖാദി, കൈത്തറി തുടങ്ങിയ മേഖലകളിലെ കുറഞ്ഞ കൂലിനിരക്ക്
- വൻകിട കമ്പനികളുമായുള്ള മത്സരം- വിപണന സാധ്യതകുറവ്.
- കൂട്ടായ സംരംഭങ്ങളുടെ അഭാവം.
- വിപണിക്കാവശ്യമായ രീതിയിൽ ഉല്പന്നങ്ങളുടെ ഗുണമേന്മ, രൂപകല്പന, ഉല്പാദനക്ഷമത എന്നിവയിൽ മാറ്റങ്ങൾ വരുത്താനുള്ള കഴിവില്ലായ്മ.
- കാര്യക്ഷമമായ മാനേജ്മെൻറിൻെറ അഭാവം.
- വ്യവസായ രംഗങ്ങളിലെ സാങ്കേതിക പരിശീപനത്തിൻെറ അഭാവം.
- വ്യവസായ സംരംഭകർക്ക് ധനസഹായം ലഭിക്കുന്നതിൽ സാങ്കേതിക തടസ്സം നേരിടുന്നു.
- സ്വയം തൊഴിൽ ചെയ്യാനുള്ള താല്പര്യക്കുറവ് അഥവാ സർക്കാർ ഉദ്യോഗത്തനു വേണ്ടിയുള്ള അഭിവാഞ്ഛ
- വനിതകൾക്ക് തൊഴിലവസരങ്ങൾ പൊതുവെ കുറവാണ്
- പദ്ധതികളും അനയോജ്യമായ സ്കീമുകളും തെരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം
- വ്യവസായ സംരംഭങ്ങൾക്കുതകുന്ന വിദ്യാഭ്യാസത്തിൻെറ അഭാവം അഥവാ ശാസ്ത്രീയ ബോധവൽക്കരണക്കുറവ്
- സ്ഥിതി വിവിര കണക്കുകളുടെ അഭാവം
- സർക്കാർ സംവിധാനങ്ങളുടെ നിയന്ത്രണ മനോഭാവവും പ്രോത്സാഹന പരമായ സമീപനത്തിൻെറ അഭാവവും.
- വ്യവസായ സംരംഭകനുള്ള സുരക്ഷിതത്വ ബോധമില്ലായ്മ
- വിജയികളായ സംരംഭകരുമായുള്ള ഇടപെടലുകളുടെ അഭാവം
- അഥവാ വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്
- സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സാധ്യതയില്ല.
- കരകൗശല രംഗത്ത് വിദഗ്ധ പരിശീലനത്തിൻെറ അഭാവം.

## സാധ്യതകൾ

ഇന്ത്യയിൽ ഏഴായിരത്തി അഞ്ഞൂറിൽപ്പരം ഇനങ്ങളിലായി രണ്ടു ലക്ഷം കോടിയോളം വരുന്ന ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. എണ്ണായിരം കോടിയോളംരൂപ വിലവരുന്ന ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തിലെ ജനങ്ങൾ ശരാശരി പതിനെട്ടു മീറ്റർ തുണി ഉപയോഗിച്ചവരുന്നുണ്ടെങ്കിലും താരതമ്യേന വളരെ കുറച്ച് തുണിത്തരങ്ങൾ മാത്രമാണ് ഇവിടെ ഉപയോഗിക്കുന്നത്.

കോഴിക്കോട് ജില്ലയിൽ വിദ്യാസമ്പന്നരായ യുവതീ-യുവാക്കൾ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ തൊഴിൽ രഹിതരുടെ എണ്ണം കുറവല്ല. പരമ്പരാഗത മേഖലയിൽ തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. ഇതിൽ കൈത്തറി മേഖലയിലാണ് പ്രധാനമായുംജോലി ചെയ്യുന്നത്. ഖാദി കൈത്തറിമേഖലകളിലാണ് പൊതുവെ കൂലി നിരക്ക് കുറഞ്ഞത്. ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളീകേരമാണെങ്കിലും അത് ഉപയോഗിച്ചു പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. തെങ്ങ്, തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈമേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭ

കരെ ആകർഷിക്കുവാനുംഒരു നാളികേര കോംപ്ലക്സ് തന്നെ സ്ഥാപിക്കുവാനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്

എണ്ണൂറോളം വീടുകളിലായി നൂറോളം ആളുകളെങ്കിലും വ്യവസായ യൂനിറ്റുകൾ തുടങ്ങാൻ സന്നദ്ധരാണെങ്കിലു വ്യവസായ യൂനിറ്റുകൾ തുടങ്ങാൻ സന്നദ്ധരാണെങ്കിലും ഈ പഞ്ചായത്തിലെ വിപണികൾ മാത്രം ലഭിച്ചാൽ പോലും വളർന്നു വികസിക്കുവാൻ സാധ്യതയുള്ള നമ്മുടെ നിത്യോപയോഗ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ മുന്നോട്ടുവരാത്ത യുവജനങ്ങളുടെ ഇടയിൽ ഒരു നവ വ്യവസായ വികസന ബോധം വളർത്തി കൊണ്ടുവരാൻ ആവശ്യമായ സാഹചര്യം ഇനിയെങ്കിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രത്തിൻെറ സഹായത്തോടെ സാധ്യതയുള്ള വ്യവസായങ്ങളുടെ ഒരു പട്ടികഇനി ചേർക്കുന്നു. ഇതിൽ പഞ്ചായത്തിന് അനുയോജ്യമായ സംരംഭങ്ങൾ സമഗ്രമായ ചർച്ചയിലൂടെ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

## സാധ്യതയുള്ള വ്യവസായങ്ങൾ - പട്ടികപ്പെടുത്തിയത്.

### പട്ടിക VIII A ജനറൽ എസ്. എസ്.ഐ

| നമ്പ്ര് | ഇനം |
|---|---|
| 1. | നവീന രീതിയിലുള്ള തൊണ്ടഴുക്കൽ |
| 2. | യന്ത്രമുപയോഗിച്ച് പച്ച ചകിരി നാര് |
| 3. | യന്ത്രവൽകൃത ചൂടി നിർമ്മാണം |
| 4 | ചവിട്ടി, ചൂടിപ്പടം, ചികരിന്നാരിൻെറ കിടക്ക, തലയിണ തുടങ്ങിയവ |
| 5. | ചകിരിച്ചവറ് ഉപയോഗിച്ചുള്ള വളം |
| 6. | തെങ്ങ്കൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രി, ഫർണ്ണിച്ചറുകൾ |
| 7. | ചിരട്ടപ്പൊടി |
| 8. | തേങ്ങാപൗഡറും ക്രീമും (തേങ്ങപാൽ) |
| 9. | വെളിച്ചെണ്ണ |
| 10. | കന്നുകാലിത്തീറ്റ |
| 11. | തേങ്ങവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ |
| 12. | ചിപ്പ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ, ഉരുളക്കിഴങ്ങ്) |

### B വനിത

| | |
|---|---|
| 1 | തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ ഗൃഹോപകരണങ്ങൾ (കയിൽ,ചട്ടുകം, സ്പൂൺ) ഐസ്ക്രീം കപ്പ്, കപ്പ് സോസർ ഹെയർപിൻ ക്ലിപ്പ് തുടങ്ങിയവ നിർമ്മാണം |
| 2 | പഴം, ജാമുകൾ, (മാങ്ങ, ചക്കം, നേന്ത്രപ്പഴം, കൈതചക്ക) |
| 3. | അവിൽ വ്യവസായം |
| 4 | ഫാൻസി ഫൈബർ (വാഴ, കൈതനാരുകൾ) |
| 5. | പേപ്പർ പൾപ്പ് കടലാസ്, കരകൗശല ഉല്പന്നം |

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ളത്

### C ജനറൽ എസ്.എസ്.ഐ

| | |
|---|---|
| 1. | ശാസ്ത്രീയ മായ കോഴിവളർത്തൽ |
| 2. | ആധുനിക രീതിയിൽ ആയുർവേദമരുന്ന് |
| 3. | മരം ഫർണിച്ചർ |
| 4. | പ്ലാസ്റ്റിക്ക് കണ്ടയിനർ |
| 5. | ഹവായ് ചെരുപ്പ് |
| 6. | അലൂമിനിയ പാത്രങ്ങൾ |
| 7. | ഫാൻസിലതർ ഗുഡ്സ് |
| 8. | സ്കൂൾ ബാഗ് |
| 9. | പ്ലാസ്റ്റിക് ബട്ടൺസ് |
| 10. | അലങ്കാരപണിചെയ്ത മരവീട്ടുപകരണം |
| 11. | ലികിഡ് ഡിറ്റർജൻറും |
| 12. | ക്ലീനിംങ്ങ് പൗണ്ടർ |
| 13. | ഇൻജക്ഷൻ മോഡലുള്ള പ്ലാസ്റ്റിക് ഉല്പന്നം |
| 14. | ജനറൽ എൻജിനിയറിങ്ങ് |
| 15. | ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ |
| 16. | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| 16. | ഇലക്ട്രോണിക് ഓവർ ലോഡ് കട്ട് ഓഫ് |
| 18. | എമർജൻസിലാമ്പ് |
| 19. | എസ്.ടി.ഡി, ലോക്കൽ ബയറിങ്ങ് സിസ്റ്റം |
| 20. | സ്വിച്ച് ബോർഡ് |
| 21. | കുട്ടികളുടെ ഷൂ |
| 22. | ഫൈബർ |
| 23. | പുരുഷൻമാരുടെ ഷൂ |

## D. വനിത

| നമ്പർ | ഇനം |
|---|---|
| 1 | ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| 2 | അലക്കുസോപ്പ് |
| 3 | സോപ്പുപൊടിനിർമ്മാണം |
| 4 | പേപ്പർ കവർ നിർമ്മാണം |

### സഹകരണ സംഘം (വനിത)

| നമ്പർ | ഇനം |
|---|---|
| 1 | കുട, നോട്ടുബുക്ക് നിർമ്മാണം |
| 2 | റെക്സിൻ ബാഗ്, റെയിൻകോട്ട് |
| 3. | കറി പൗഡർ |
| 4 | കരിങ്കല്ല് ഉടച്ച് ജില്ലിയാക്കൽ |

## E. സഹകരണ സംഘം (ജനറൽ)

| നമ്പർ | ഇനം |
|---|---|
| 1 | സിമൻറ് കൊണ്ടുള്ള ജനാല, വാതിൽ, കട്ടിൽ |
| 2 | സ്റ്റീൽ ഫർണിച്ചർ |
| 3 | ഇഷ്ടിക നിർമ്മാണം |
| 4 | നെയ്ത്ത് |
| 5 | സോളാർ ലൈറ്റ് പാർട്ട്സ് |

## F. സഹകരണസംഘം (പട്ടികജാതി)

| നമ്പർ | ഇനം |
|---|---|
| 1 | കൂൺ കൃഷി |
| 2 | സിമൻറ് ഇഷ്ടിക നിർമ്മാണം |
| 3 | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| 4 | കിടക്ക നിർമ്മാണം |

(അവലംബം: ജില്ലാ വ്യവസായ കേന്ദ്രം)

## *വൻകിട വ്യവസായം*

1. ഏറാമല പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക.
2. ആധുനിക രീതിയിലുള്ള സ്റ്റീൽ പാത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.
3. പഞ്ചായത്തിൽ ഒരു സ്പിന്നിംങ്മിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക
4. ആധുനിക രീതിയിലുള്ള വിവിധതരം ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഗ്ലാസ് ഫാക്ടറി സ്ഥാപിക്കുക.
5. പഞ്ചായത്തിൽ ഒരു ചെരുപ്പുനിർമ്മാണശാല സ്ഥാപിക്കുക.

### *ടൂറിസം വികസനം*

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കയാണ്. ഏറാമലയിലെ ടൂറിസ്റ്റ് സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനുമുള്ള സാധ്യതയുണ്ട്.

1. 4-ാം വാർഡിൽ പെട്ട ഏറാമല പഞ്ചായത്തിലെ ഒരു ദ്വീപ് ആയ നടുത്തുരുത്തി ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാവുന്നതാണ് അഞ്ച് ഏക്കറോളം ഭൂവിസ്തൃതിയുള്ള ഈ ദ്വീപ് മയ്യഴിപ്പുഴയിലാണ്. പ്രകൃതി സൗന്ദര്യമുള്ള ഈ ദ്വീപിനെ വികസിപ്പിച്ചെടുത്ത് ഉല്ലാസബോട്ട്യാത്ര സൗകര്യങ്ങളോട് കൂടിയ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുക.
2. പഞ്ചായത്തിൽ ടൂറിസ്റ്റ് കേന്ദ്രത്തിനുള്ള മറ്റുസാധ്യതകൾ സമഗ്രപഠന വിധേയമാക്കുക.

### *വൈദ്യുതി വിതരണം, സംരക്ഷണം*

വ്യവസായ വികസനത്തിന് അടിസ്ഥാന ഘടകങ്ങളിൽ പ്രധാനമാണ് വൈദ്യുതി. ഗതാഗത സൗകര്യവും പ്രാധാന്യം അർഹിക്കുന്നു. പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ് ഫോർമറുകൾ സ്ഥാപിച്ചും ഒരു പുതിയ സബ് സ്റ്റേഷൻ നിർമ്മിച്ചും വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക.

**പട്ടിക IX**
ഗ്രാമസഭ നിർദ്ദേശങ്ങൾ
പുനരുദ്ധരിക്കാൻ/പുതിയവ സ്ഥാപിക്കാൻ

| ക്രമ നമ്പർ | വ്യവസായം | വാർഡുകൾ |
|---|---|---|
| 1 | സിമൻറ് ഉല്പന്നങ്ങൾ | 1,2,3,5,6,7, 9,10,11,12 |
| 2 | കയർ | 2,3,4,5,6,7,9 |
| 3 | സോപ്പ് | 1,2,5,7,9,12 |
| 4 | അച്ചാർ | 1,2,3,4 |
| 5 | കോഴിവളർത്തൽ | 1,3,4,6,7,12 |

| | | |
|---|---|---|
| 6 | എണ്ണയാട്ട് | 1,9,11 |
| 7 | ക്ഷീരോല്പന്നം | 1,4,5,7,12 |
| 8 | നോട്ടുബുക്ക് നിർമ്മാണം | 3,5,7,9,10 |
| 9 | സ്ക്കൂൾ ബാഗ് | 4,7,11 |
| 10 | പ്ലാസ്റ്റിക് വർക്സ് | 5,11 |
| 11 | ഇലക്ട്രോണിക്സ് ഭാഗങ്ങൾ | 7,11 |
| 12 | അലക്കുപൊടി/സോപ്പ് | 3,7 |
| 13 | തിപ്പെട്ടി | 1,12 |
| 14 | ചോക്ക് | 2 |
| 15 | കറി പൗഡർ | 2 |
| 16 | തേങ്ങവെള്ള ശീതളപാനീയം | 2 |
| 17 | ചക്കപ്പഴ ചിപ്പ്സ് | 3 |
| 18 | നാളീകേര സംസ്ക്കരണം | 7 |
| 19 | തടി വ്യവസായം | 7 |
| 20 | കരകൗശല വസ്തുക്കൾ | 11 |
| 21 | ഫൈബർ | 11 |
| 22 | നാളീകേര സംസ്ക്കരണം | 7 |
| 23 | ചോക്ക്ലേറ്റ് | 2,5 |
| 24 | കളിപ്പാട്ടങ്ങൾ | 11 |
| 25 | പായ, മുറം, കൂട്ട | 8 |
| 26 | ആണി | 8 |
| 27 | മൺപാത്രങ്ങൾ | 11 |
| 28 | ചിപ്പ്സ് | 1 |
| 29 | റെഡിമെയ്ഡ് വസ്ത്രങ്ങൾ | 1,2,4,5,7, 9,11,12,10 |
| 30 | മെഴുകുതിരി | 2,3,6,7,9,12 |
| 31 | പപ്പടം | 1,2,4,7,8,11 |
| 32 | ജില്ലി | 1,2,6,9,10 |
| 33 | കൈത്തറി | 7,9,12 |
| 34 | ചെമ്മീൻ കൃഷി | 3,5 |
| 35 | പാൽ സൊസൈറ്റി | 4,5,1,2 |
| 36 | അവിൽ | 6,8,9 |
| 37 | കുട | 4,5 |
| 38 | കാർഷികോപകരണങ്ങൾ | 5,9 |

| | | |
|---|---|---|
| 39 | സൂപ്പർ വൈറ്റ് | 7,9 |
| 40 | ചെരുപ്പ് | 10 |
| 41 | സൺമൈക്ക് | 2 |
| 42 | പെൻസിൽ | 2 |
| 43 | പഴവർഗ്ഗ സംസ്ക്കരണം | 2 |
| 44 | ഫുഡ് പ്രോഡക്റ്റ്സ് | 5 |
| 45 | ഫർണിച്ചർ | 5,7,9 |
| 46 | സൈക്കിൾ ഫിറ്റിംങ്ങ് | 7 |
| 47 | പേപ്പർ ബാഗ് | 9 |
| 48 | തേനീച്ച വളർത്തൽ | 11 |
| 49 | പി.വി.സി.പൈപ്പ് | 10,11 |
| 50 | ഇഷ്ടിക | 7 |
| 51 | ബട്ടൻ | 11 |
| 52 | പട്ടുനൂൽ പുഴുവളർത്തൽ | 4 |
| 53 | വയറിങ് മെറ്റീരിയൽസ് | 8 |
| 54 | തൈര് മുളക് | 11 |
| 55 | ചന്ദനത്തിരി | 12 |
| 56 | മുല്ലപ്പൂ കൃഷി | 3 |

## *പൊതു നിർദ്ദേശങ്ങൾ, സാധ്യതകൾ*

- തെങ്ങും, തെങ്ങിൽനിന്ന് ലഭിക്കുന്ന തേങ്ങ, ചകിരി, ചിരട്ട എന്നിവ ഉപയോഗിച്ചുകൊണ്ടുംവിവിധ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
- വ്യവസായരംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും 3 Phase ആക്കി മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കുക.
- കൈത്തറി രംഗത്ത് സജീവമായി പ്രവർത്തിച്ചു വരുന്ന ഏറാമല വീവേഴ്സ് ഇൻഡ്രസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി വിപുലീകരിക്കുകയും കുന്നുമ്മക്കര, കാർത്തികപ്പള്ളി മേഖലകളിൽ ഓരോ ശാഖകൾ സ്ഥാപിക്കുകയും ചെയ്യുക. ഇതിന് സാമ്പത്തികം ഉൾപ്പെടെയുള്ള സഹായങ്ങൾ നല്കുന്നത് സംബന്ധിച്ച് സമഗ്ര പഠനം നടത്തി പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.
- ഓർക്കാട്ടേരി ഖാദി നൂൽപ്പു കേന്ദ്രം ആധുനി

കയന്ത്രവൽക്കരണം നടത്തി വിപുലീകരിക്കുന്നതിന്നും വേതനം വർദ്ധിപ്പിക്കുന്നതിന്നും വേണ്ട സാധ്യമായ സാമ്പത്തികസഹായം ചെയ്യുക.

- നിലവിലുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾക്കായി പഞ്ചായത്ത് കേന്ദ്രമാക്കി ഒരു റെഡിമെയ്ഡ് വസ്ത്രസംഭരണ വിപണന കേന്ദ്രവും വാർഡുകളിൽ വൈവിധ്യമാർന്ന ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മറ്റ് ഉല്പാദന കേന്ദ്രങ്ങളും സ്ഥാപിക്കുക.
- വടകര ബ്ലോക്ക് വനിത വ്യവസായ സഹകരമ സംഘത്തിന്റെ വിപുലീകരണത്തിനായി സാധ്യമായ സഹായങ്ങൾ ചെയ്യുന്നത് സംബന്ധിച്ച് പഠനം നടത്തുക.
- അസംഘടിത കൈത്തറി തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ശ്രമങ്ങൾ നടത്തുക.
- പരമ്പരാഗത വ്യവസായങ്ങളായ മൺപാത്ര നിർമ്മാണം, പായ, മുറം,കുട്ട നിർമ്മാണം എന്നീ മേഖലകളിലെ തൊഴിലാളികളെയും താല്പര്യമുള്ള തൊഴിൽ രഹിതരേയും സംഘടിപ്പിച്ച് സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക.
- പതിനൊന്നാം വാർഡിലെ കയർ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സഹായിക്കുക. ഏറാമല, കുന്നുമ്മക്കര മേഖലകളിലെ കയർ വ്യവസായം പുനരുദ്ധരിക്കുക.
- പഞ്ചായത്ത് തലത്തൽ ഒരു കാർഷികോപകരണ നിർമ്മാണശാല സ്ഥാപിക്കുക.
- പഞ്ചായത്തിൽ ഒരു ആയുർവേദ ഔഷധ നിർമ്മാണ ശാല സ്ഥാപിക്കുക. വാർഡുകളിൽ ഔഷധസസ്യകൃഷി വ്യാപകമായി ചെയ്യുന്നതിന്ന് വേണ്ട സഹായം നൽകുക.
- പഞ്ചായത്തിൽ ഒരു സ്റ്റുഡൻറ്സ് ഐറ്റംസ് നിർമ്മാണ യൂണിററ് സ്ഥാപിച്ച് പഞ്ചായത്തിലെ എല്ലാ സ്കൂളുകൾക്കും നിർബന്ധിതമായി ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുക.
- പഞ്ചായത്തിൽ ഗുണമേന്മയുള്ള ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് പഞ്ചായത്തിൽ ആവശ്യമായ സോപ്പ് വിതരണം ചെയ്യുന്നതിനായി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.
- കാർത്തികപ്പള്ളി മേഖലയിലെ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സഹായിക്കുക. ഏറാമല, കുന്നുമ്മക്കര മേഖലകളിൽ പാൽ സൊസൈറ്റികളും അനുബന്ധമായി ക്ഷീരോല്പന്ന യൂണിറ്റുകളും സ്ഥാപിക്കുക.
- പഞ്ചായത്തിൽ ഗുണമേന്മയുള്ള സാധ്യതയുള്ള അച്ചാർ നിർമ്മാണം, സോഡ നിർമ്മാണം സിമൻറ് ഉല്പന്നങ്ങൾ, ജില്ലി ഉല്പാദനം തുടങ്ങിയ വിവിധ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കുക.
- കോഴിവളർത്തൽ, ചെമ്മീൻ വളർത്തൽ എന്നിവ വാർഡുകളിൽ വിജയകരമായി വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കുള്ള വിപണനസാധ്യത പരിശോധിച്ച് പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.
- മെഴുകുതിരി നിർമ്മാണത്തിന് ആവശ്യമായ മെഴുക് സർക്കാർ ക്വാട്ടയിൽ ലഭ്യമാക്കുക. മൺപാത്രങ്ങൾ, ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ കളിമണ്ണ് ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
- പഞ്ചായത്ത് കേന്ദ്രമാക്കി വ്യവസായസംരംഭകരുടെ ഏകോപന സമിതി രൂപീകരിക്കുക.
- പഞ്ചായത്ത് തലത്തിൽ വിദഗ്ദ്ധരും സാമൂഹ്യപ്രവർത്തകരും മറ്റും ഉൾപ്പെടുന്ന വ്യവസായ വികസന സമിതി രൂപീകരിച്ച് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക.

(a) വ്യവസായ സെമിനാറുകൾ, ചർച്ചക്ലാസ്സുകൾ, ബോധവൽക്കരണ പരിപാടികൾ, പരിശീലന സംവിധാ

നങ്ങൾ, മത്സരം, പ്രോത്സാഹന പരിപാടികൾ തുടങ്ങിയവ ആസൂത്രണം ചെയ്യുക.

(b) വ്യവസായിക ഉല്പന്നങ്ങളുടെ ഗുണമേൻമ പരിശധിക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്ന തിനും വേണ്ട നടപടി സ്വീകരിക്കുക.

(c) വ്യവസായിക സമൂഹം, ഔട്ട് വർക്കർ ഉല്പാദന സമ്പ്രദായം (OPS) തുടങ്ങിയ കൂട്ടായ പ്രയത്ന ങ്ങൾക്ക് മുൻകൈ എടുത്ത് നടപ്പിലാക്കുക.

(d) വ്യാവസായിക സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് വേണ്ടവിധത്തിൽ വിതരണം ചെയ്യുക. വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായ ത്തിൽ വരുത്തുക.


(e) ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്ന തിനുള്ള സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായവും ലഭിക്കാൻ വേണ്ട നടപടി സ്വീക രിക്കുക.

(f) വ്യാവസായിക ഉല്പന്നങ്ങളുടെ ഉല്പാദന, വിപ ണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന്വേണ്ട നട പടികൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

(g) വിപണി, അസംസ്കൃത വസ്തുക്കൾ, സാങ്കേതി കവിദ്യ, സാമ്പത്തിക സഹായം എന്നിവയുമായി ബന്ധപ്പെട്ട പുതിയ കണ്ണികൾ രൂപപ്പെടുത്തുക.


(h) വ്യവസായം നടത്താൻ തയ്യാറുള്ള സ്വകാര്യവ്യക് തികളെ പ്രോത്സാഹിപ്പിക്കുക. അഥവാ പ്രാദേ ശിക സമൂഹത്തിൽ വ്യവസായ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുക.

മേൽ കാണിച്ച നിർദ്ദേശങ്ങളും സാധ്യത കളും വികസന സെമിനാറിലെയും മറ്റും സജീവമാ യ, സമഗ്രമായ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻ ഗണനാക്രമം തീരുമാനിച്ച് നടപ്പിലാക്കാൻ കഴിഞ്ഞാൽ വരും വർഷങ്ങളിൽ നമ്മുടെ പഞ്ചാ യത്തിൽ വ്യാവസായിക ചെറുകിട രംഗം അഭിവൃ ധിപ്പെടുത്താൻ കഴിയും. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിച്ച് വിത രണം ചെയ്യാനും ഇറക്കുമതി പരമാവധി കുറക്കുന്ന തിനും കഴിയും. കാർഷിക വിളകളെ പ്രോത്സാഹി പ്പിക്കുന്നതോടൊപ്പം തൊഴിലില്ലായ്മ ലഘൂക രിക്കുന്നതിന്നും പഞ്ചായത്തിൻെറ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും വഴി ജനങ്ങ ളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക പുരോ ഗതിയെ മുന്നോട്ടുനയിക്കുന്നതിനും ഒരു നവ വിക സന സംസ്കാരം വളർത്തിയെടുക്കാനും കഴിയും.



*ഓരോരുത്തരും അവരവരുടെ*
*നെറ്റി വിയർക്കെ പണിയെടുത്തു*
*ജീവിച്ചെങ്കിൽ ഭൂമി*
*സ്വർഗമായി മാറുമായിരുന്നു.*

ഗാന്ധിജി



# 7.4

# വിദ്യാഭ്യാസം

## ആമുഖം:-

ഏറാമല പഞ്ചായത്തിൽ ദേശീയ പ്രസ്ഥാനത്തിനു മുമ്പുതന്നെ വിദ്യാഭ്യാസ രംഗത്ത് ആശാവഹമായ ചില ചലനങ്ങൾ ദൃശ്യമായിട്ടുണ്ട്. പരമ്പരാഗത വൈദ്യം, ജ്യോതിഷം എന്നിവ തൊഴിലാക്കിയവരും, മറ്റു സ്ഥലങ്ങളിൽ നിന്ന് വന്ന നാട്ടെഴുത്തച്ഛന്മാരും ഇവിടെ കുടിപ്പള്ളി കൂടങ്ങൾ (എഴുത്തുപള്ളികൾ ) സ്ഥാപിച്ചുകൊണ്ടാണ് ഇതിന് തുടക്കം കുറിച്ചത്. ആദ്യകാലത്ത് സവർണ സമുദായങ്ങളിൽപ്പെട്ടവർ മാത്രമാണ് വിദ്യാഭ്യാസം നേടിയിരുന്നത്. അവരിൽ സ്ത്രീകൾ പ്രാഥമിക വിദ്യാഭ്യാസത്തിനപ്പുറം പഠനം തുടർന്നിരുന്നില്ല.

രാജ്യവ്യാപകമായി നവോത്ഥാന പ്രസ്ഥാനത്തിനും, സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങൾക്കുമുണ്ടായ മുന്നേറ്റം നമ്മുടെ പഞ്ചായത്തിലും പ്രതിഫലിച്ചു. 100 വർഷത്തിലേറെ പഴക്കുമുള്ള ഏതാനും വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട് എന്നത്ഇതിനു തെളിവാണ്. 1892ൽ സ്ഥാപിതമായി കുന്നുമ്മക്കര എൽ.പി.സ്കൂൾ ഇതിലൊന്നാണ്. ആദിയൂർ എൽ.പി.സ്കൂൾ, നെല്ലാച്ചേരി എൽ.പി. മാരാങ്കണ്ടി എം.എൽ.പി. ഓർക്കാട്ടേരി എൽ.പി; കാർത്തികപള്ളി നോർത്ത് എൽ.പി. കാർത്തികപ്പള്ളി നോർത്ത് മാപ്പിള എൽ.പി. എന്നിവയുംവളരെ പഴക്കം ചെന്ന വിദ്യാലയങ്ങളാണ്.

ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപം കൊണ്ട് കർഷക പ്രസ്ഥാനം, അധ്യാപക പ്രസ്ഥാനം, ഗ്രന്ഥശാലാ പ്രസ്ഥാനം എന്നിവ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. യശ:ശരീരനായ സ്വാതന്ത്ര്യസമരസേനാനി ശ്രീ. കെ. കുഞ്ഞിരാമക്കുറുപ്പ്, മണ്ടോടികണ്ണൻ, ആയാട്ട് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി,കെടി. ഗോവിന്ദൻ നമ്പ്യാർ മാരാങ്കണ്ടി മാപ്പിള എൽ.പി.സ്കൂൾ സ്ഥാപിച്ച പക്കിമുസല്യാർ തുടങ്ങിയവർ ഈ രംഗത്ത് നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.

1960കളുടെ തുടക്കത്തിലാണ് ഏറാമല പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ,സ്ഥാപിച്ചത്. സ്വകാര്യ മേഖലയിൽ അനുവദിച്ച സ്കൂൾ സർക്കാർ ഉടമയിലേക്ക് വിട്ടുകൊടുക്കുന്നതിൽ ശ്രീ. കെ. കുഞ്ഞിരാമക്കുറുപ്പ് കാണിച്ച മാതൃക നിസ്തുലമാണ്. പ്രസ്തുത സ്കൂളാണ് ഇന്നത്തെ ഓർക്കാട്ടേരി ഗവ: വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂളായി ഉയർന്നത്.

## നിലവിലുള്ള സ്ഥിതി :

നമ്മുടെ പഞ്ചായത്തിൽ 14 എൽ.പി.സ്കൂളുകളും 5 യു.പി. സ്കൂളുകളും, ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുമടക്കം 20 വിദ്യാലയങ്ങളാണുള്ളത്. ഇവയിൽ 19 എണ്ണം എയ്ഡ്സ് മേഖല

യിലും ഒരെണ്ണം ഗവൺമെന്റ് മേഖലയിലുമാണ്. ഇവയ്ക്കു പുറമെ 2 അംഗീകാരമില്ലാത്ത സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. 20 വിദ്യാലയങ്ങളിലുമായി 3618 ആൺകുട്ടികളും 3364 പെൺകുട്ടികളുമടക്കം 6982 കുട്ടികൾ പഠിക്കുന്നുണ്ട്. (1996 സെപ്തംബറിലെ കണക്ക്) ഇവരിൽ 148 പേർ പട്ടിക ജാതിയിൽപെട്ടവരാണ്. (88 ആൺ 60പെൺ) വിദ്യാർത്ഥികളുടെ എണ്ണവും മറ്റുകാര്യങ്ങളും പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 1

| നമ്പർ | സ്ക്കൂളിന്റെ പേര് | മാനേജുമെന്റ് | കുട്ടികളുടെ എണ്ണം | | | അധ്യാപകർ | പട്ടികജാതി വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | ആൺ | പെൺ | ആകെ |
| 1 | കുന്നുമ്മക്കര എൽ.പി.സ്കൂൾ | എയ്ഡഡ് | 96 | 81 | 177 | 8 | 6 | 1 | 7 |
| 2 | കുന്നുമ്മക്കര എം.എൽ.പി. | " | 71 | 60 | 131 | 5 | - | - | - |
| 3 | നെല്ലാച്ചേരി എൽ.പി. | " | 53 | 57 | 110 | 6 | 2 | - | 2 |
| 4 | തട്ടോളിക്കര ഈസ്റ്റ് എൽ.പി | " | 77 | 71 | 148 | 7 | 1 | - | 1 |
| 5 | ഏറാമല സെൻട്രൽ എൽ.പി | " | 62 | 52 | 114 | 5 | 2 | - | 2 |
| 6 | മാരാങ്കണ്ടി എം.എൽ.പി. | " | 79 | 92 | 171 | 8 | - | - | - |
| 7 | ആദിയൂർ എൽ.പി | " | 63 | 61 | 124 | 6 | 1 | - | 1 |
| 8 | ഓർക്കാട്ടേരി എൽ.പി | " | 149 | 158 | 307 | 10 | 6 | 4 | 10 |
| 9 | കാർത്തികപ്പള്ളി നോർത്ത് എം എൽ.പി | " | 80 | 103 | 183 | 7 | 3 | - | 3 |
| 10 | കാർത്തികപ്പള്ളി നോർത്ത് എൽ.പി | " | 108 | 114 | 222 | 9 | - | - | - |
| 11 | മുയിപ്ര എൽ.പി | " | 39 | 44 | 83 | 5 | - | - | - |
| 12 | മുയിപ്ര പി.വി.എൽ.പി | " | 94 | 91 | 185 | 7 | 6 | 2 | 8 |
| 13 | കുറിഞ്ഞാലിയോട് പള്ളിക്കുറ്റി എം.എൽ.പി | " | 35 | 32 | 67 | 5 | - | - | - |
| 14 | കാർത്തികപ്പള്ളി എൽ.പി | " | 87 | 113 | 200 | 7 | 1 | 1 | 2 |
| 15 | തട്ടോളിക്കര.യു.പി. | " | 295 | 271 | 566 | 24 | 8 | 3 | 11 |
| 16 | ഏറാമല യു.പി. | " | 259 | 214 | 473 | 22 | 6 | 1 | 7 |
| 17 | ഒർക്കട്ടേരി നോർത്ത് യു.പി. | " | 250 | 251 | 501 | 21 | 6 | 8 | 14 |
| 18 | ഓർക്കട്ടേരി എം.യു.പി. | " | 499 | 469 | 968 | 35 | 7 | 12 | 19 |
| 19 | കാർത്തികപള്ളി നമ്പർI യു.പി. | " | 598 | 506 | 1104 | 40 | 22 | 14 | 36 |
| 20 | ഗവ:വൊക്കേഷണൽ ഹയർ സെക്കൻററി-ഓർക്കാട്ടേരി | സർക്കാർ | 624 | 524 | 1148 | 43 | 11 | 14 | 25 |
| | ആകെ | | 3618 | 3364 | 6982 | 280 | 88 | 60 | 148 |

അവലംബം :വിദ്യാലയ വിവരങ്ങൾ -1996

എൽ.പി.വിഭാഗത്തിൽ പെൺകുട്ടികൾ കൂടുതലാണെങ്കിലും യു.പി. ഹൈസ്കൂൾ വിഭാഗത്തിൽ കുറവാണ്. ഇതിന്റെ സാമൂഹ്യ സാമ്പത്തിക കാരണങ്ങൾ കണ്ടെത്തി പരിഹാരം തേടേണ്ടതാണ്.

## പട്ടിക 2

| ആകെ കുട്ടികൾ | L.P. സ്ക്കൂൾ | | | U.P. സ്ക്കൂൾ | | | ഹൈസ്കൂൾ | | | മൊത്തം |
|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | പെൺ% | ആൺ | പെൺ | പെൺ% | ആൺ | പെൺ | പെൺ% | % |
| 6982 | 1093 | 1129 | 50.8 | 1901 | 1711 | 47.4 | 624 | 524 | 45.6 | 48.2 |

ഇടയ്ക്കു വെച്ച് പഠനം നിർത്തിപ്പോകുന്ന കുട്ടികളുടെ എണ്ണം പൊതുവെ കുറവാണ്. ഇത് ഒരുനല്ല ലക്ഷണമാണ്.

പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികൾ ഈ പഞ്ചായത്തിൽ ഇല്ല. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്ക് പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 3 (പട്ടികജാതി വിദ്യാർത്ഥികൾ)

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | sc | % | ആകെ | sc | % | ആകെ | sc | % |
| 2222 | 36 | 1.6% | 3612 | 87 | 2.4 | 1148 | 25 | 2.2 |
| മൊത്തം % 2.1% | | | | | | | | |

പഞ്ചായത്തിന് പുറത്തുള്ള ചോറാട് ഗവ: ഹൈസ്കൂൾ, പുറമേരി കെ.ഏർ.ഹൈസ്കൂൾ, മടപ്പള്ളിഗവ: വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ, മടപ്പള്ളി ഗവ: ഗേൾസ് ഹൈസ്കൂൾ, ബി.ഇ.എം.ഹൈസ്ക്കൂൾ വടകര, സെൻറ് ആൻറണീസ് ഗേൾസ് ഹൈസ്ക്കൂൾ വടകര തുടങ്ങിയ പൊതു വിദ്യാലയങ്ങലിലും, ചില അൺ എയിഡഡ് വിദ്യാലയങ്ങളിലുമായി ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

പ്രാഥമിക വിദ്യാലയങ്ങളിൽ മിക്കതിലും വർഷം തോറും കുട്ടികൾ കുറഞ്ഞുവരുന്ന പ്രവണതയാണ് ദൃശ്യമായിട്ടുള്ളത്. പഞ്ചായത്തിനകത്തു തന്നെയുള്ള അംഗീകാരമില്ലാത്ത വിദ്യാലയങ്ങളുടെ പ്രവർത്തനവും, നഗര പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള ഭ്രമവും ഇതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കാം. മിക്ക വിദ്യാലയങ്ങളിലെയും, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത അവയെ അനാകർഷകമാക്കുന്നു. പഞ്ചായത്തിലെ 2 വിദ്യാലയങ്ങൾ (മുയിപ്ര എൽ.പി.) കുറിഞ്ഞാലിയോട് പള്ളിക്കുനിമാപ്പിള എൽ.പി.) ആണ് എക്കണോമിക്ക് ലിസ്റ്റിൽപ്പെട്ടതാണ്.

ഓരോ പ്രദേശത്തുള്ള വിദ്യാലയങ്ങൾ ആസമൂഹത്തിന്റെ പൊതു സ്വത്തായ്ക്കണ്ട്, സാമൂഹ്യമായ ഇടപെടൽ ഉറപ്പുവരുത്തിയും "അയൽപക്ക സ്ക്കൂൾ" സമ്പ്രദായം കർശനമായി നടപ്പാക്കിയും ഇന്നത്തെ അവസ്ഥ കുറേയൊക്കെ പരിഹരിക്കാനാവും.

## *അക്കാദമിക് സൗകര്യങ്ങൾ*

മിക്ക വിദ്യലയങ്ങളിലും ആവശ്യമായ പഠനോപകരണങ്ങളില്ല. പ്രാഥമിക വിദ്യാലയങ്ങളിലെ പഠനം അർഥവത്തും, രസകരവും ആവണമെങ്കിൽ, ആവശ്യത്തിന് പഠനോപകരങ്ങൾ ഉപയോഗിക്കാനുണ്ടാവമം. പഞ്ചായത്തിലെ മുഴുവൻ അധ്യാപകരുടെയും പങ്കാളിത്തത്തോടെ, വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് പഠനോപകരണ നിർമ്മാണ ശില്പശാല സംഘടിപ്പിച്ചും ഉള്ള പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകിയും ഇന്നുള്ള കുറവ് പരിഹരിക്കാനാവും.പഞ്ചായത്ത് ഭരണസമിതി ഇതിന് മുൻകൈ എടുക്കേണ്ടതാണ്.

വിദ്യാലയങ്ങളിലെ അക്കാദമിക്ക് സൗകര്യങ്ങൾ സംബന്ധിച്ചി വിവരങ്ങൾ പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

## പട്ടിക - 4 അക്കാദമിക് സൗകര്യങ്ങൾ

| നമ്പർ | വിദ്യാലയത്തിന്റെ പേര് | ലൈബ്രറി ഉണ്ട്, ഇല്ല | ലബോറട്ടറി സയൻസ് ഉപകരണങ്ങൾ | പഠനോപകരണങ്ങൾ, മാപ്, ചാർട്ട് ഗ്ലോബ് ആവശ്യത്തിന് | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | | | | | | | | ബ്ലാക്ക് ബോർഡ് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റേഡിയോ | ടേപ്പ് റിക്കോർഡർ | വി.സി.ആർ. വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | ടി.വി. | കമ്പ്യൂട്ടർ | നിലവിലുള്ളത് | ഇനിവേണ്ടത് |
| 1. | കുന്നുമ്മക്കര LPS | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 7 |
| 2 | കുന്നുമ്മക്കര MLPS | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 3 |
| 3 | നെല്ലാച്ചേരി LPS | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 |
| 4 | തട്ടോളിക്കര ഈസ്റ്റ് LPS | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | - |
| 5 | ഏറാമല സെൻട്രൽ LP | പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | ഉണ്ട് | ഉപയോഗ ശൂന്യം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 5 |
| 6 | മാരങ്കണ്ടി MLPs | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 6 |
| 7 | ആദിയൂർ LPS | ആവശ്യത്തിന് ഇല്ല | ഇല്ല | ഉപയോഗ ശൂന്യം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | - |
| 8 | ഓർക്കാട്ടേരി LPS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | - |
| 9 | കാർത്തികപ്പള്ളി NMLP | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 6 |
| 10 | കാർത്തികപ്പള്ളി MLP | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 1 |
| 11 | മുയിപ്ര LPS | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | - |
| 12 | മുയിപ്ര P.V.L.P.S | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 2 |
| 13 | കുറിഞ്ഞാലിയോട് പള്ളിക്കുനി MLPS | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 4 |
| 14 | കാർത്തികപ്പള്ളി LPS | ഭാഗികം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 1 |
| 15 | തട്ടോളിക്കര യു.പി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 6 |
| 16 | ഏറാമല യു.പി | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 5 |
| 17 | ഓർക്കാട്ടേരി NDBS | പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 12 |
| 18 | ഓർക്കാട്ടേരി MDBS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 26 | 4 |
| 19 | കാർത്തികപ്പള്ളി No.1DPS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 28 | - |
| 20 | GVHS ഓർക്കാട്ടേരി | ഉണ്ട് | ഉണ്ട് | ഉണ്ട് | പ്രവർത്തിക്കുന്നില്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 29 | -5 |



286

മിക്ക വിദ്യാലയങ്ങളിലും സ്കൂൾ ലൈബ്രറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.എൽ.പി.സ് കൂളുകളിൽ ഓപ്പറേഷൻ ഗ്രന്ഥങ്ങൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും, ഇവ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നതിന് കാര്യമായ ശ്രമങ്ങൾ നടക്കുന്നില്ല. പി.ടി.എ.സ്കൂൾ വികസന സമിതി എന്നിവയുടെ സഹായത്തോടെ അധിക വായനക്കാവശ്യമായ പുസ്തകങ്ങൾ സംഭരിച്ച് കുട്ടികൾക്കിടയിൽ വിതരണം ചെയ്യാനും, അവരെ കൊണ്ട് വായിപ്പിക്കാനും സംഘടിതമായ ശ്രമമുണ്ടാവണം. സ്കൂളുകളിൽ വായനാ കോർണറുകൾ സ്ഥാപിച്ച്, തെരഞ്ഞെടുക്കപ്പെട്ട ബാലമാസികകളും, മറ്റ് വിജ്ഞാന പ്രദമായ പ്രസിദ്ധീകരണങ്ങളും കുട്ടികൾക്ക് ലഭ്യമാക്കണം. ക്ലാസ് സാഹിത്യ സമാജങ്ങളിൽ വായിച്ച കാര്യങ്ങളെപ്പറ്റി കുട്ടികളെക്കൊണ്ട് സംസാരിപ്പിക്കുന്നതും വായനാശീലം വളർക്കാൻ സഹായകമാണ്.യു.പി.സ്കൂളുകൾ ഹയർസെക്കറ്ററി സ്കൂൾ എന്നിവയിലെ ലൈബ്രറിസൗകര്യം വേണ്ട രീതിയിൽ കുട്ടികൾക്ക് ഉപയോഗിക്കാതിരിക്കുന്നത് കുട്ടികളോട് കാണിക്കുന്ന അക്ഷന്തവുമായ അപരാധവും, അവകാശ നിഷേധവുമായിരിക്കും.

എല്ലാ പ്രാഥമിക വിദ്യാലയങ്ങളിലും സയൻസ് കോർണറുകളും, ഹൈസ്കൂൾ സയൻസ് ക്ലബും രൂപീകരിച്ച് പ്രവർത്തിക്കണമെന്നാണ് വ്യവസ്ഥയെങ്കിലും നമ്മുടെ പഞ്ചായത്തിൽ 9 വിദ്യാലയങ്ങളിൽ മാത്രമാണ് ഭാഗികമായെങ്കിലും ഇവ പ്രവർത്തിക്കുന്നത്. എല്ലാ വിദ്യാലയങ്ങളിലും സയൻസ് കോർണറുകൾ സംഘടിപ്പിക്കാനും, അതിന്റെ അഭിമുഖ്യത്തിൽ ലഘുപരീക്ഷണങ്ങൾ, പഠന പര്യടനങ്ങൾ, പ്രകൃതി നിരീക്ഷണം , വാന നിരീക്ഷണം, പഠനവസ്തു ശേഖരണം (ഇലകൾ, തൂവൽ, വിത്ത്,മണ്ണ്, ധാതുക്കൾ, ജീവികളുടെ പുറന്തോട് തുടങ്ങിയവ ) മുതലായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ആവശ്യമായ പരിശീലനം അധ്യാപകർക്ക് നൽകേണ്ടതാണ്. വർഷം തോറും സമയംബന്ധിതമായി ഇത്തരം ശില്പശാലകൾ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ അഭിമുഖ്യത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ഹയർ സെക്കൻററി സ്ക്കൂളിലെ ലബോറട്ടറി സൗകര്യവും,വിദഗ്ധരായ അധ്യാപകരുടെ സേവനവും, പഞ്ചായത്തിലെ പ്രാഥമിക വിദ്യാലയങ്ങൾക്കു കൂടി ലഭ്യമാക്കാൻ സ്കൂൾ കോപ്ലക്സ് വഴി ശ്രമിക്കേണ്ടതാണ്.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ പങ്ക് ഇന്നെല്ലാവരും അംഗീകരിക്കും. പക്ഷെ നമ്മുടെ പഞ്ചായത്തിൽ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ മാത്രമാണ് ഇവ അത്യാവശ്യത്തിനെങ്കിലും ലഭ്യമായിട്ടുള്ളത്. റേഡിയോ സെറ്റ് 16 വിദ്യാലയങ്ങളിലുണ്ട്. പക്ഷെ പലതും കേട്ടുവന്ന് ഉപയോഗ ശൂന്യമായി കിടപ്പാണ്. ടേപ്പ് റിക്കാർഡറുകൾ 6 വിദ്യാലയങ്ങളിലേ ഉള്ളൂ. വൈദ്യുതീകരിക്കപ്പെട്ട വിദ്യാലയങ്ങൾ 7 മാത്രമാണ്. അതുകണ്ടുതന്നെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗപെടുത്താൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

## *ഭൗതിക സാഹചര്യങ്ങൾ*

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ മിക്ക വിദ്യാലയങ്ങളുടെയും സ്ഥിതി മെച്ചമല്ല. 6 വിദ്യാലയങ്ങൾക്ക് ഇനിയും ക്ലാസു മുറികൾ ആവശ്യമാണ്. 1148 വിദ്യാർത്ഥികൾ പഠിക്കുന്ന ഓർക്കാട്ടേരി ഗവ:ഹയർസെക്കൻററി സ്ക്കൂളിൽ 10 ക്ലാസ്സ് മുറികളുടെ കുറവുണ്ട്. ഇത് പഠന നിലവാരത്തെ ബാധിക്കുന്നതാണ്. മിക്ക വിദ്യാലയങ്ങളിലും ഫർണിച്ചർ ആവശ്യത്തിനില്ല. ഇതും,വേണ്ടത്ര ബ്ലാക്ക് ബോർഡുകൾ ഇല്ലാത്തതും പഠന നിലവാരം താഴാൻ ഇടയാക്കുന്നുണ്ട്.

സ്വന്തമായി കുടിവെള്ള ലഭ്യതയുള്ള വിദ്യാലയങ്ങൾ 14 മാത്രമാണ്. 6 എണ്ണത്തിൽ ഈ സൗകര്യമില്ല. അവർ കുടിവെള്ളത്തിനും, ഉച്ചഭക്ഷണം പാകം ചെയ്യാനും, ശുചീകരണത്തിനും അയൽ വീടുകളിലെ കിണറുകളെ ആശ്രയിക്കേണ്ടി വരുന്നു. ചില സ്ഥലത്തെങ്കിലും ഇത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നാണ് ഗ്രാമ സഭാ റിപ്പോർട്ടുകൾ നൽകുന്ന സൂചന. ഇത്തരം വിദ്യാലയങ്ങളിൽ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി കുടിവെള്ളം കിട്ടാൻ നടപടികൾ സ്വീകരിക്കണം. ഇത് സൗജന്യമായി ലഭിക്കാനും ഏർപ്പാടുകൾ ഉണ്ടാവണം.

മൂത്രപ്പുര, കക്കൂസ് എന്നിവയുടെ കാര്യത്തിലും നമ്മുടെ വിദ്യാലയങ്ങൾ ശോച്യാവസ്ഥയിലാണ് ഒരു മൂത്രപ്പുര മാത്രമുള്ള 5 വിദ്യാലയങ്ങളും രണ്ടെണ്ണമുള്ള 7 വിദ്യാലയങ്ങളുമാണ് പഞ്ചായത്തിൽ ഉള്ളത്. 8 എണ്ണത്തിൽ മൂത്രപ്പുരകളില്ല. 6982 വിദ്യാർത്ഥികൾ പഠിക്കുന്ന പഞ്ചായത്തിൽ 367 പേർക്ക് ഒന്ന് എന്ന തോതിലേ മൂത്രപ്പുരകൾ ഉള്ളൂ എന്നത് ഗുരുതരമായ പ്രശ്നമാണ്.

കക്കൂസുകളുടെ സ്ഥിതി ഇതിനേക്കാൾ ശോചനീയമാണ്. 6 വിദ്യാലയങ്ങളിൽ മാത്രമേ കക്കൂസുകളുള്ളൂ. അവയിൽ 3 എണ്ണം ഉപയോഗ ശൂന്യമാണ്.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം സൂചിപ്പിക്കുന്ന വിശദവിവരങ്ങൾ പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

## പട്ടിക .5 വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| നമ്പർ | സ്കൂളിൻെറ പേര് | ഡിവിഷനുകൾ | കെട്ടിടം | | | മുറി | | | ഇനി ആവശ്യമുള്ളത് | കെട്ടിടം, മുറി നിർമ്മിക്കാൻ സ്ഥലമുണ്ടോ | മൂത്രപ്പുരകൾ | ഒരു സമയം ഉപയോഗിക്കുന്ന കുട്ടികൾ | ഇനി വേണ്ടത് | കക്കൂസ് എണ്ണം | ഉപയോഗശൂന്യം | കുടിവെള്ളം ഉണ്ട്, ഇല്ല കിണർ, പൈപ്പ് | വൈദ്യുതി | പാചക മുറി | സ്റ്റാഫ് റൂം | ഫർണീച്ചർ മതിയാകുമോ | ഇനി വേണ്ടതിൻെറ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസാല | അലമാര |
| 1 | കുന്നുമ്മക്കര എൽ.പി | 7 | 2 | 2 | 0 | 6 | 2 | 0 | - | - | 1 | 5 | 1 | 0 | 0 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | 9 | 11 | 1 |
| 2 | കുന്നുമ്മക്കര എം.എൽ.പി | 4 | 1 | 1 | 0 | 0 | 0 | 0 | - | - | 0 | 0 | 3 | 0 | 0 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 15 | 20 | 6 | 3 | 1 |
| 3 | നെല്ലാച്ചേരി എൽ.പി | 4 | 1 | 0 | 0 | 2 | 0 | 0 | 2 | ഇല്ല | 1 | 6 | 1 | 0 | 0 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20 | 25 | 4 | 8 | 1 |
| 4 | തട്ടോളിക്കര ഈസ്റ്റ് എൽ.പി | 6 | 1 | 2 | 0 | 3 | 4 | 0 | - | - | 0 | 0 | 2 | 0 | 0 | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 15 | 10 | 0 | 0 | 1 |
| 5 | ഏറാമല സെൻട്രൽ എൽ.പി | 4 | 1 | 1 | 0 | 1 | 1 | 0 | 3 | ഉണ്ട് | 0 | 0 | 2 | 0 | 0 | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 22 | 15 | 8 | 8 | - |
| 6 | മാരാങ്കണ്ടി എം.ൽ.പി. | 7 | 1 | 1 | 0 | 2 | 1 | 0 | - | - | 0 | 0 | 2 | 0 | 0 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 10 | 25 | 0 | 4 | - |
| 7 | ആദിയൂർ എൽ.പി | 5 | 1 | 5 | 0 | 1 | 5 | 0 | - | - | 2 | 10 | 0 | 0 | 0 | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 10 | 0 | 2 | 1 |
| 8 | ഓർക്കാട്ടേരി എൽ.പി. | 10 | 2 | 1 | 0 | 2 | 0 | 0 | - | - | 1 | 5 | 0 | 1 | 0 | കി/പൈ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 24 | 24 | 4 | 4 | - |
| 9 | കാർത്തികപ്പള്ളി നോർത്ത് എം.എൽ.പി | 6 | 1 | 2 | 0 | 1 | 7 | 0 | - | - | 0 | 0 | 1 | 0 | 0 | കിണർ | ഇല്ല | താൽക്കാലികം | ഇല്ല | ഇല്ല | 10 | 15 | 3 | 4 | - |
| 10 | കാർത്തികപ്പള്ളി നോർത്ത് എൽ.പി | 8 | 1 | 3 | 0 | 4 | 5 | 0 | - | - | 2 | 4 | 0 | 0 | 0 | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 10 | 15 | 2 | 3 | 1 |
| 11 | മുയിപ്ര എൽ.പി | 4 | 2 | 0 | 0 | 2 | 0 | 0 | 4 | ഉണ്ട് | 0 | 0 | 2 | 0 | 0 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7 | 10 | 3 | 5 | 1 |
| 12 | മുയിപ്ര പി.വി. ഏ.എൽ.പി | 6 | 2 | 2 | 0 | 6 | 3 | 0 | - | - | 0 | 0 | 1 | 2 | 0 | ഇല്ല | ഇല്ല | താൽക്കാലികം | ഉണ്ട് | ഇല്ല | 15 | 20 | 2 | 2 | 1 |
| 13 | കുറിഞ്ഞാലിയോട്ട് പള്ളിക്കുനി MLPS | 4 | 1 | 1 | 0 | 1 | 0 | 0 | - | - | 1 | 4 | 1 | 0 | 0 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 8 | 15 | 2 | 4 | - |
| 14 | കാർത്തികപ്പള്ളി എൽ.പി | 6 | 1 | 2 | 0 | 5 | 3 | 0 | 2 | ഉണ്ട് | 0 | 0 | 2 | 0 | 0 | കു.കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 25 | 2 | 7 | 2 |
| 15 | തട്ടോളിക്കര യു.പി | 16 | 2 | 3 | 0 | 8 | 14 | 0 | - | - | 2 | 15 | 0 | 1 | 0 | കി/പൈ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 25 | 7 | 8 | 2 |
| 16 | ഏറാമല യു.പി | 15 | 7 | 1 | 0 | 16 | 1 | 0 | 2 | ഇല്ല | 2 | 12 | 0 | 0 | 0 | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 100 | 100 | 25 | 40 | 2 |
| 17 | ഓർക്കാട്ടേരി നോർത്ത് യു.പി | 16 | 16 | 0 | 0 | 16 | 0 | 0 | - | - | 1 | 6 | 1 | 1 | 1 | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 35 | 20 | 20 | 2 |
| 18 | കാർത്തികപ്പള്ളി No.I U.P | 28 | 12 | 0 | 0 | 33 | 0 | 0 | - | - | 2 | 2 | 1 | 1 | 0 | കി/പൈ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | - | - | - | - | - |
| 19 | ഓർക്കാട്ടേരി എം.യു.പി | 26 | 3 | 8 | 0 | 13 | 20 | 0 | - | - | 2 | 20 | 1 | 1 | 1 | കി/പൈ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 20 | 30 | 4 | 4 | 2 |
| 20 | G.V.H.S.S. ഓർക്കാട്ടേരി | 27 | 4 | 3 | 0 | 21 | 16 | 0 | 10 | ഉണ്ട് | 2 | 5 | 2 | 2 | 1 | കി/പൈ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 50 | 50 | 27 | 27 | 10 |

വിദ്യാർത്ഥികളുടെ ആരോഗ്യ പരിപാലന രംഗത്ത് ശുദ്ധജല ലഭ്യത, മൂത്രപ്പുര, കക്കൂസ് എന്നിവയുടെ ദൗർല്ലഭ്യം വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന സംശയമില്ല. അതിനാൽ ഈ പ്രശ്നങ്ങൾക്ക് അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കാൻ ശ്രമ മുണ്ടാകണം

## പൊതു അക്കാദമിക്ക് നിലവാരം :-

നമ്മുടെ വിദ്യാലയങ്ങളിലെ പൊതു അക്കാദമിക്ക്നിലവാരം സംബന്ധിച്ച് വിശദമായി പഠനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല. 1996-97 വർഷത്തെ പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ 3 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളുടെ പൊതു നിലവാരം സംബന്ധിച്ച കണക്കുകൾ പട്ടിക6 ൽ കൊടുക്കുന്നു.

### പട്ടിക 6 പൊതു അക്കാദമിക് നിലവാരം

| 3മുതൽ ആകെ കുട്ടികൾ | 30%ൽ താഴെ മാർക്കു ലഭിച്ചവർ | 30-40% | 40-50% | 50-60% | 60% നു മേൽ |
|---|---|---|---|---|---|
| L.P.1285 | 206 | 235 | 293 | 205 | 346 |
| U.P.3090 | 770 | 711 | 614 | 548 | 447 |
| H.S.1148 | 858 | 110 | 80 | 46 | 54 |
| ആകെ 5523 | 1834 (33.20%) | 1056 (19.12%) | 987 (17.87%) | 799 (14.47) | 847 (15.34) |

മുകളിൽ കൊടുത്ത കണക്കുകൾ സൂചിപ്പിക്കുന്നത് 30% ൽ കുറഞ്ഞ മാർക്കുള്ള 33.20% കുട്ടികളും,30% നും 40%നും ഇടയിൽ മാർക്കുള്ള 19.12% കുട്ടികളും നമ്മുടെ വിദ്യാലയങ്ങളിലുണ്ടെന്നാണ് ഇതിനർത്ഥം ആവശ്യപഠന നിലവാരത്തിലും താഴെയാണ് 50% തക്ഷ അധികം വിദ്യാർത്ഥികളുമെന്നാണ്. വളരെ ഗൗരവകരമായ പരിചിന്തന അർഹിക്കുന്ന വിഷയമാണിത്. അതുപോലെ 60% ൽ കൂടുതൽ മാർക്കു നേടാൻ കഴിയുന്ന 15.34 % വിദ്യാർത്ഥികൾ മാത്രമേയുള്ളുവെന്നതും പരിഗണിക്കേണ്ടതുണ്ട്.

ഈ കണക്കുകൾ കൂടിതൽ വിശകലനത്തിനു വിധേയമാക്കുമ്പോൾ കിട്ടുന്ന മറ്റൊരു ചിത്രമുണ്ട്.അത് താഴെ കൊടുക്കുന്നു.

### പട്ടിക 6 B അക്കാദമിക് നിലവാരം-വിഭാഗം തിരിച്ച്

| വിഭാഗം | ആകെ കുട്ടികൾ | 30%ൽ താഴെ മാർക്ക് ലഭിച്ചവർ | ശതമാനം | 60%ൽ അധികം മാർക്ക് ലഭിച്ചാൽ | ശതമാനം |
|---|---|---|---|---|---|
| എൽ.പി.സ്കൂൾ | 1285 | 206 | 16.03 | 346 | 26.93 |
| യു.പി.സ്കൂൾ | 3090 | 770 | 24.92 | 447 | 14.47 |
| ഹൈസ്ക്കൂൾ | 1148 | 858 | 74.74 | 54 | 4.70 |

പ്രാഥമിക വിദ്യാലയങ്ങളിലേ കുട്ടികളേക്കാൾ പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്നത് ഹൈസ്ക്കൂൾ വിഭാഗത്തിലെ കുട്ടികൾക്കാണെന്ന് മേൽ സൂചിപ്പിച്ച പട്ടിക വെളിപ്പെടുത്തുന്നു. പൊതുവെകാണപ്പെടുന്ന ഈ തകർച്ചയുടെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള കൂട്ടായ ശ്രമം നടക്കേണ്ടതുണ്ട്.

1996 മാർച്ചിൽ S.S.L.C. പരീക്ഷ എഴുതിയ 372 വിദ്യാർത്ഥികളിൽ 244 പേർ 30% താഴെ മാർക്ക് ലഭിച്ചവരാണ്. പട്ടിക 6 C ഇതു സംബന്ധിച്ച വിശദാംശങ്ങൾ സൂചിപ്പിക്കുന്നു.

## 6C S.S.L.C.ക്ക് കിട്ടിയ മാർക്കിൻെറ നിലവാരം

| പരീക്ഷ എഴുതിയ കുട്ടികൾ | 30%ൽ താഴെ | 30-40% | 40-50% | 50-60% | 60%നു മേൽ |
|---|---|---|---|---|---|
| 372 | 244 | 40 | 48 | 15 | 25 |
| ശതമാനം | (65.59) | 10.75 | (12.90) | (4.03)( | 6.72) |

എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന നമ്മുടെ വിദ്യാർഥികളിൽ ഗണ്യമായ ഒരു ഭാഗം (ഏതാണ്ട് 75%ൽ അധികം അത്യാവശ്യ കാര്യങ്ങൾ പോലും ഗ്രഹിച്ചുകൊണ്ടല്ല വിദ്യാലയജീവിതം അവസാനിപ്പിക്കുന്നതെന്നാണ് മേൽ കൊടുത്ത കണക്കുകളും സൂചിപ്പിക്കുന്നത്. സാമൂഹ്യമായ പിന്നോക്കാവസ്ഥ, രക്ഷിതാക്കളുടെ ബോധനിലവാരത്തിലെ കുറവ്, വിദ്യാലയങ്ങളിലെ ഭൗതിക അക്കാദമീക്ക് സൗകര്യങ്ങളുടെ അപര്യാപ്തത, സിലബസ്, പാഠപുസ്തകങ്ങൾ, ബോധന തന്ത്രങ്ങൾ എന്നിവയിലെ അശാസ്ത്രീയതയും ജീവിത ഗന്ധമില്ലായ്മയും, നിലവിലുള്ള പരീക്ഷാ സമ്പ്രദായങ്ങളിലെ അശാസ്ത്രീയത തുടങ്ങി നിരവധി കാര്യങ്ങൾ ഈ പിന്നോക്കാവസ്ഥക്ക് കാരണമായി ചൂണ്ടികാട്ടാവാനാവും. ഓരോ വിദ്യാലയത്തെ സംബന്ധിച്ചും ചില പ്രത്യേക പ്രശ്നങ്ങളുണ്ടാവും .പ്രാഥമിക തലം മുതൽ വിശദമായ പരിശോധന നടത്തി , ഫലപ്രദമായ ജനകീയ ഇടപെടലിലൂടെ പാഠ്യ , പാഠാനുബന്ധ.പ്രവർത്തനങ്ങൾ ഇന്നുള്ളതിനെക്കാൾ ചിട്ടയോടെ സംഘടിപ്പിച്ചും, പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി ആവശ്യമായ പരിഹാര ബോധനം നടത്തിയും ഇന്നത്തെ ശോച്യാവസ്ഥക്ക് പരിഹാരം കാണാനും , നമ്മുടെ പഞ്ചായത്തിൻെറ പൊതു വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കാനും എല്ലാ ഭാഗത്തു നിന്നും ആത്മാർഥമായ ശ്രമമുണ്ടാകണം.

ഓർക്കാട്ടേരി വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനം കഴിഞ്ഞ 5 വർഷങ്ങളിലും 30%ലും താഴെയാണ് .

## 6D കഴിഞ്ഞ 5 വർഷങ്ങളിലെ S.S.L.C. വിജയശതമാനം

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 28% | 28% | 27.6% | 23% | 29% |

ഈ ദയനീയമായ അവസ്ഥക്ക് മാറ്റം വരുത്തുന്നതിനും കൂട്ടായ ശ്രമങ്ങളിണ്ടാവണം .

*കലാ-കായിക രംഗം :-*

വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളെ കുറിച്ചുള്ള സ്ഥിതി വിവരകണക്കുകൾ പരിശോധിച്ചാൽ വെളിവാകുന്ന ഒരു വസ്തുത ഭൂരിപക്ഷം വിദ്യാലങ്ങളിലും കായികാധ്യാപനത്തിനുള്ള പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലെന്നാണ്. പട്ടിക 7ൽ കളിസ്ഥലത്തിൻെറ വിസ്തീർണ്ണം സൂചിപ്പിക്കുന്നു.

## പട്ടിക 7. കളിസ്ഥലത്തിൻെറ വിസ്തീർണം.

| നമ്പർ | വിദ്യാലയത്തിൻെറ പേര് | മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം |
|---|---|---|---|
| 1 | കുന്നുമ്മക്കര എൽ.പി.സ്കൂൾ | 30 സെൻറ് | 10 സെൻറ് |
| 2 | കുന്നുമ്മക്കര എം.എൽ.പി.സ്കൂൾ | 2784 ചതു:അടി | ഇല്ല |
| 3 | നെല്ലാച്ചേരി എൽ.പി.സ്കൂൾ | 1065 ചതു.അടി | ഇല്ല |
| 4 | തട്ടോളിക്കര ഈസ്റ്റ് എൽ.പി.സ്കൂൾ | 25 സെൻറ് | 5സെൻറ് |
| 5 | ഏറാമല സെൻട്രൽ എൽ.പി.സ്കൂൾ | 11 .5 സെൻറ് | 5 സെൻറ് |
| 6 | മാരാങ്കണ്ടി എം.എൽ.പി.സ്കൂൾ | 20 സെൻറ് | 2 സെൻറ് |
| 7 | ആദിയൂർ എൽ.പി.സ്കൂൾ | 22 സെൻറ് | 10 സെൻറ് |
| 8 | ഓർക്കാട്ടേരി എൽ.പി | 26 സെൻറ് | 10 സെൻറ് |
| 9 | കാർത്തികപ്പള്ളി നോർത്ത് എം.എൽ.പി | 25 സെൻറ് | 5സെൻറ് |
| 10 | കാർത്തികപ്പള്ളി നോർത്ത് എൽ.പി | 41 സെൻറ് | 20സെൻറ് |
| 11 | മുയിപ്ര എൽ.പി.സ്കൂൾ | 24സെൻറ് | 15 സെൻറ് |
| 12 | മുയിപ്ര വി.വി.എൽ.പിസ്കൂൾ | 45സെൻറ് | 25 സെൻറ് |
| 13 | കുറിഞ്ഞലിയോട് പള്ളിക്കുനി എം.എൽ.പി | - | - |
| 14 | കാർത്തികപള്ളി എൽ.പി.സ്ക്കൂൾ | 27 സെൻറ് | 10സെൻറ് |
| 15 | തട്ടോളിക്കര യു.പി.സ്കൂൾ | 1 ഏക്കർ | 1750 ചതു:അടി |
| 16 | ഏറാമല യു.പി. സ്കൂൾ | 6318 ചതു:മീറ്റർ | 565 ച:മീറ്റർ |
| 17 | ഓർക്കട്ടേരി നോർത്ത് യു.പി.സ്ക്കൂൾ | 1 ഏക്കർ | 5 സെൻറ് |
| 18 | ഓർക്കാട്ടേരി എം.യു.പി.സ്കൂൾ | 1ഏ 25 സെൻറ് | 10 സെൻറ് |
| 19 | കാർത്തികപള്ളി No.I യു.പി.സ്ക്കൂൾ | 1ഏ 25 സെൻറ് | 30സെൻറ് |
| 20 | ഗവ:വൊക്കേഷണൽ ഹയർസെക്കൻെറി സ്കൂൾ | 3 ഏക്കർ | ഇല്ല |

പഞ്ചായത്തിലെ ഏക ഹയർ സെക്കൻററി സ്കൂളിന് P.T.A. സംഭാവന ചെയ്ത 1 ഏക്കർ അടക്കം 3ഏക്കർ സ്ഥലമുണ്ടെങ്കിലും കായിക പരിശീലനത്തിന് പഞ്ചായത്തിൻെറ സ്ഥലത്തെ ആശ്രയിക്കേണ്ടിവരുന്നു. ഉള്ള സ്ഥലം നിരത്തി കളിസ്ഥലമാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പ്രാഥമിക വിദ്യാലയങ്ങളിലൊന്നും ആവശ്യമായതിൻെറ 1/4 ഭാഗം പോലും കളിസ്ഥലമില്ലാത്തത് കൊണ്ട് , കൊച്ചു കുട്ടികളിൽ നിന്ന് കായിക പ്രതിഭകളെ കണ്ടെത്താനോ ആവശ്യമായ പരിശീലനം നൽകി പ്രോത്സാഹിപ്പിക്കാനോ കഴിയുന്നില്ല. ആവശ്യത്തിന് കായികാധ്യാപകരില്ലാത്തതും ഈ രംഗത്തെ പ്രശ്നമാണ്.

പാഠ്യാനുബന്ധ, പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യത്തിലും നമ്മുടെ വിദ്യാലയങ്ങളുടെ സ്ഥിതി ആശാവഹമല്ല. വിദ്യാഭ്യാസ ഉപജില്ലാതലത്തിൽ നടക്കുന്ന ശാസ്ത്ര-ഗണിത ശാസ്ത്ര-പ്രവർത്തി പരിചയമേള, ബാലകലോത്സവം ,യുവജനോത്സവം ,കായികമേള എന്നിവയിലെ പങ്കാളിത്തം ഇന്നത്തേതിലും എത്രയോ മെച്ചപ്പെടേണ്ടിയിരിക്കുന്നു. ഇന്നത്തെ രീതിയിലുള്ള നാമമാത്ര പങ്കാളിത്തത്തിനു പകരം , വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്തി വളർത്തിയെടുക്കാനുള്ള വേദികളാക്കി ഇത്തരം മേളകളെ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഒറ്റപ്പെട്ട ചില വിദ്യാലയങ്ങൾ ഇക്കര്യത്തിൽ പ്രത്യേകം

ശ്രദ്ധിക്കേണ്ടതുണ്ട് എന്നവസ്തുത എടുത്തുപറയേണ്ട താണ്.

സ്കൂൾ സാഹിത്യ സമാജം ,ക്ളാസ്സാഹിത്യ സമാജം എന്നിവ യഥാവിധി സംഘടിപ്പിച്ച് കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം .രക്ഷാകർതൃസമിതികൾക്കും സ്കൂൾ വികസനസമിതിക്കും ഇക്കാര്യത്തിൽ ഒട്ടേറെ സഹായങ്ങൾ ചെയ്യാൻ കഴിയും.

പ്രാഥമിക വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിൽ മാതൃസംഗമങ്ങൾക്കും, ക്ലാസ്സ്റും പി.ടി.എ. കൾക്കും ഉള്ള പങ്ക് വളരെ പ്രധാനമാണ്. മിക്ക വിദ്യാലയങ്ങളിലും സജീവമായ മാതൃസംഗമങ്ങളുണ്ട്. ഇത് ശുഭോദർക്കമാണ്.സജീവമമല്ലാത്ത സ്ഥലങ്ങളിൽ സജീവമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭൂരിപക്ഷം വിദ്യാലയങ്ങളിലും സ്കൂൾ. പി.ടി.എ.കൾ ഉണ്ടെങ്കിലും ക്ലാസ്റും പി.ടി.എ.കൾ പ്രവർത്തിക്കുന്നില്ല. അതിൻെറ പ്രധാന്യം സ്കൂൾ അധികൃതർവേണ്ടത്ര ഉൾകൊണ്ടിട്ടില്ലെന്നാണ് തോന്നുന്നത്. നിലവിലുള്ള മാതൃസംഗമം, ക്ലാസ്റും പി.ടി.എ കൾ എന്നിവയുടെ പൊതു സ്ഥിതി പട്ടിക 8 ൽ കൊടുക്കുന്നു.

## പട്ടിക 8 മാതൃസംഗമം,ക്ലാസ്റും പി.ടി.എ.കൾ

| സ്കൂൾ | മാതൃസംഗമം | | ക്ലാസ്റും പി.ടി.എകൾ | | |
|---|---|---|---|---|---|
| | സജീവം | സജീവമല്ലാത്തവ | സജീവം | സജീവമല്ലാത്തവ | രൂപീകരിക്കാത്തവ |
| എൽ.പി. | 9 | 5 | 6 | . | 8 |
| യു.പി. | 5 | . | 3 | . | 2 |
| ഹൈസ്കൂൾ | . | 1 | . | . | 1 |

വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനും, പൊതു പരിപാടികൾ സംഘടിപ്പിക്കാനും സ്കൂൾ പ.ടി.എ.കൾക്ക് കഴിയുമ്പോൾ, കുട്ടികളുടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അധ്യാപകരുമായി ഉള്ളുതുറന്ന് ചർച്ച ചെയ്യാനും, പരിഹാര മാർഗങ്ങൾ കണ്ടെത്താനും ക്ലാസ്റും പി.ടി.എ കൾക്കും മാതൃ സംഗമങ്ങൾക്കും മാത്രമേ കഴിയുകയുള്ളു. ഓരോ പാദവാർഷിക പരീക്ഷക്കും ശേഷം നിർബന്ധമായും,മറ്റ് സന്ദർഭങ്ങളിൽ ആവശ്യത്തിന് അനുസരിച്ചും മാതൃസംഗമങ്ങളും, ക്ലാസ്റും പി.ടി.എ കളും വിളിച്ചു ചേർത്ത് ഫലപ്രദമായി ചർച്ചകൾ സംഘടിപ്പിക്കാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആവശ്യമാണെങ്കിൽ വിദ്യാർത്ഥികളെ കൂടി ഇത്തരം ചർച്ചകളിൽ പങ്കെടുപ്പിക്കാവുന്നതാണ്. ശരിയായ മുന്നൊരുക്കത്തോടെ ഇവ നടത്തുന്നത് പ ഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകമാവും. രക്ഷിതാക്കളും, അധ്യാപകരും, വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢതരമാക്കാനും, വിദ്യാലയം സമൂഹത്തിൻെറ പൊതുസ്വത്താണ് എന്ന ബോധം വളർത്താനുംഇവ ഉപകരിക്കും. കുട്ടികളുടെ കുടുംബസാഹചര്യം, സാമൂഹ്യ സാമ്പത്തിക നിലവാരം എന്നിവ ശരിയായി മനസ്സിലാക്കാനും അതിനനുസരിച്ച് പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കാനും ഈ നടപടിക്രമങ്ങൾ സഹായിക്കും. അതിനാൽ സ്കൂൾ.പി.ടി.എ.കൾക്കു പുറമെ മാതൃസംഗമവും, ക്ലാസ്റും പി.ടി.എ.കളും കൂടുതൽ സജീവമാക്കാൻ ശ്രമമുണ്ടാവണം

സ്കോളർഷിപ്പുകൾ, അവാർഡുകൾ,ധനസഹായങ്ങൾ തുടങ്ങിയവ;

നമ്മുടെ പഞ്ചായത്തിൽ എൽ.പി.വിഭാഗത്തിൽ 8 കുട്ടികൾക്കും, യു.പി. വിഭാഗത്തിൽ 8 വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽ 4 കുട്ടികൾക്കും ജില്ലാ നിലവാരത്തിലും, ഹൈസ്കൂൾ വിഭാഗത്തിലെ 2 കുട്ടികൾക്ക് സംസ്ഥാന നിലവാരത്തിലും സ്കോളർഷിപ്പുകളും, അവാർഡുകളും ലഭിച്ചിട്ടുണ്ട്. ഓർക്കാട്ടേരി എൽ.പി.,തട്ടോളിക്കര യു.പി. ഓർക്കാട്ടേരി എം.യു.പി.,ഗവ :വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂൾ, ഓർക്കാട്ടേരി എന്നിവയിലെ വിദ്യാർത്ഥികളാണ് ഇവ നേടിയിട്ടുള്ളത്.

ഇവയ്ക്കു പുറമെ താഴെപ്പറയുന്ന രീതിയിൽ മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങളും പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്.

## പട്ടിക.9 സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾ

| ധനസഹായത്തിൻെറ വിവരം | ലഭിക്കുന്നകുട്ടികൾ | | |
|---|---|---|---|
| | LP | UP | HS |
| 1. ലംപ്സം ഗ്രാൻറ് | 62 | 97 | 25 |
| 2. മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | 18 | 54 | 73 |
| 3. വികലാംഗ സ്കോളർഷിപ്പ് | 8 | 20 | 6 |
| 4. ജവാന്മാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | 3 | | |
| 5. ബീഡി തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | 3 | 1 | . |
| 6. മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | 2 | 10 | 5 |

കൂടാതെ ഓർക്കട്ടേരി ഗവ:വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ നിന്ന് S.S.L.C. പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന 2 വിദ്യാർത്ഥികൾക്ക് പ.ടി.എ.വക ക്യാഷ് അവാർഡും, S.S.L.C. പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഏറാമാല പഞ്ചായത്തിലെ ഒരു കുട്ടിക്കും, വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലെ ഒരു കുട്ടിക്കും ഏറാമല ഗ്രാമ പഞ്ചായത്തു വക രണ്ട് ക്യാഷ് അവാർഡുകളും നൽകി വരുന്നുണ്ട്.ഇതിനു പുറമെ ഈ വർഷംമുതൽ S.S.L.C. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന ഒരു പട്ടിക ജാതി വാദ്യാർത്ഥിക്കും ഗ്രാമപഞ്ചായത്ത് ക്യാഷ് അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

കാർത്തികപ്പള്ളി നമ്പർI യു.പി.സ്കൂളിൽ നിന്നും പ്രധാന അധ്യാപകനായി പെൻഷൻ പറ്റിപിരിഞ്ഞ സംസ്ഥാന അവാർഡു ജേതാവായ ശ്രീ.ടെ.രാമകൃഷ്ണക്കുറുപ്പിൻെറ പേരിൽ ഏർപ്പെടുത്തിയ എൻഡോവ്മെൻറ് അനുസരിച്ച് ആ വിദ്യാലയത്തിലെ ഓരോ ക്ലാസിലേയുംഏറ്റവും കൂടുതൽ മാർക്കു നേടുന്ന ഓരോ വിദ്യാർത്ഥിക്കും ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

ഏറാമല സർവീസ് സഹകരണ ബാങ്കിൻെറ വകയായി ബാങ്കിൻെറ പ്രവർത്തന പരിധിയിൽവരുന്ന 4 മുതൽ 12 വരെ വാർഡുകളിലെ എൽ.പി.യു.പി.സ്കൂളിലെ നിർധനരായ 70 വിദ്യാർത്ഥികൾക്ക് ഓരോ ജോഡി വസ്ത്രവും, ബാങ്ക് മെമ്പർമാരുടെ മക്കളിൽ S.S.L.C. പരീക്ഷയ്ക്ക് ഒന്നും, രണ്ടും സ്ഥാനം നേടുന്നവർക്കും, ഓർക്കട്ടേരി വൊക്കേഷണൽഹയർ സെക്കൻററി സ്കൂളിൽ നിന്നും S.S.L.C പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്കു നേടുന്ന ആവിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡുകൾ നൽകുന്നുണ്ട്.

### *ഉന്നത വിദ്യാഭ്യാസ രംഗം ;*

ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാർത്ഥികളും ആശ്രയിക്കുന്നത് തൊട്ടടുത്ത ഒഞ്ചിയം പഞ്ചായത്തിലെ മടപ്പള്ളി ഗവ: കോളേജിനെയാണ്. ഈ കോളേജ് സ്ഥാപിച്ചത്, പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് വളരെ സഹായകമായിട്ടുണ്ട്. നിരവധി പേർക്ക് ബിരുദവും, ബിരുദാനന്തരബിരുദവും നേടാൻ സഹായിച്ചത് ഈ സ്ഥാപനമാണ്. ധാരളം പേർ ഉന്നത പഠനത്തിന് വടകരയിലും പരിസരത്തുമുള്ള പാരലൽ കോളേജുകളെയും ആശ്രയിക്കുന്നുണ്ട്.

പഞ്ചായത്തിൽ 3 ട്യൂട്ടോറിയൽ, പാരലൽ കോളേജുകളും, 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഗവ;വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലെ വൊക്കേഷണൽ കോഴ്സുകൾ മാത്രമാണ് നിലവിലുള്ളത്. ഇവിടെ പ്രിൻറിങ്ങ് ടെക്നോളജി, ഇലക്ട്രോണിക്സ് എന്നീ വിഷയങ്ങളിൽ രണ്ട് കോഴ്സുകളാണുള്ളത്

മേൽപറഞ്ഞ കോഴ്സുകൾ, പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനോ,തൊഴിൽ പരിശീലനത്തിനോ ആവശ്യമായ സൗകര്യങ്ങളൊന്നും ഇപ്പോഴും ലഭിച്ചിട്ടില്ല. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള വൈദഗ്ദ്ധ്യവും അവർക്ക്ലഭിക്കുന്നില്ല. അതിൻെറ ഫലമായി ഈ കോഴ്സുകൾ അനാകർഷകമാവുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർ വീണ്ടും ഔപചാരിക വിദ്യാഭ്യാസ മേഖലയിലേക്കുതന്നെ തിരിച്ചു വരികയും, ഉപരിപഠനത്തിന് കോളേജുകളെയോ, പാരലൽ കോളേജുകളേയോ ആശ്രയിക്കുകയും ചെയ്യുന്നു. വൊക്കേഷനൽ വിദ്യാഭ്യാസരംഗത്തു ഈ പ്രശ്നം പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിൽത്തന്നെ നടപടികൾ ഉണ്ടാവേണ്ടതാണ്. അതോടൊപ്പം വൊക്കേഷണൽ വിഷയങ്ങളിൽ കൂടുതൽ പ്രയോഗിക പരിശീലനം നൽകാൻ കഴിയും വിധം വർക്ക്ഷോപ്പ്, ലബോറട്ടറി സൗകര്യം എന്നിവ വർദ്ധിപ്പിക്കുകയും, പ്രസ്തുത വിഷയങ്ങൾക്ക് വിദഗ്ദ്ധരായ അധ്യാപകരെ സ്ഥിരമായി നിയമിക്കുകയും വേണം.

## *ശിശുവിദ്യാഭ്യാസം*

ശാസ്ത്രീയമായ രീതിയിൽ ശിശു വിദ്യാഭ്യാസം നടത്തുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിൽ വളരെ കുറവാണ്. സമാഊഹ്യ ക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 4 ബാലവാടികളും, പഞ്ചായത്തു വക ഒരു ശിശുമന്ദിരവും ആണ് പഞ്ചായത്തിലുള്ളത്. അതിനുപുറമെ സ്വകാര്യ വ്യക്തികളും, സ്ഥാപനങ്ങളും നടത്തുന്ന 8 നേഴ്സറി സ്കൂളുകളും പഞ്ചായത്തിലുണ്ട്.

പട്ടിക 10ൽ ശിശുവിദ്യാകേന്ദ്രങ്ങളെ സംബന്ധിച്ച വിവരം നൽകിയിരിക്കുന്നു.

**പട്ടിക-10 ശിശു വിദ്യാകേന്ദ്രങ്ങളുടെ വിവരം**

| നമ്പർ | ശിശുവിദ്യാകേന്ദ്രത്തിൻെറ പേർ | ഉടമസ്ഥത | വാർഡ് | മാധ്യമം |
|---|---|---|---|---|
| 1 | കുന്നുമ്മക്കര ബാലവാടി | സാമൂഹ്യക്ഷേമ വകുപ്പ് | 2 | മലയാളം |
| 2 | അഞ്ജലി ബാലവാടി | " | 3 | " |
| 3 | ശ്രീനാരായണ നഴ്സറി സ്കൂൾ | സ്വകാര്യം | 3 | " |
| 4 | ശിശുമന്ദിരം | പഞ്ചായത്ത് | 4 | " |
| 5 | നവോദയ നഴ്സറി സ്കൂൾ,പയ്യത്തൂർ | സ്വകാര്യം | 4 | " |
| 6 | എം.എം.നഴ്സറി സ്കൂൾ | " | 4 | " |
| 7 | ഉദയ ബാലവാടി | സാമൂഹ്യക്ഷേമ വകുപ്പ് | 5 | " |
| 8 | ഏറാമല സെൻട്രൽ എൽ.പി. നഴ്സറി സ്കൂൾ | സ്വകാര്യം | 5 | " |
| 9 | ഹരിശ്രീ നഴ്സറി സ്കൂൾ | സ്വകാര്യം | 6 | " |
| 10 | ഓർക്കാട്ടേരി ബാലവാടി | സാമൂഹ്യക്ഷേമം | 7 | " |
| 11 | നളന്ദ നേഴ്സറി സ്കൂൾ | സ്വകാര്യം | 7 | " |
| 12 | മുയിപ്ര പി.വി.എൽ.പി.നേഴ്സറി സ്കൂൾ | " | 11 | " |
| 13 | നവസംസ്ക്കാര പരിഷത്ത് നഴ്സറി സ്കൂൾ | " | 12 | " |

ഇവയിൽ നാലാം വാർഡിൽ പ്രവർത്തിക്കുന്ന പയ്യത്തൂർ നവോദയ നേഴ്സറി സ്കൂൾ പ്രത്യേകംഎടുത്തു പറയാവുന്ന സ്ഥാപനമാണ്. നവോദയ എഡ്യുക്കേഷൻ സൊസൈററി എന്ന പേരിൽ റജിസ്റ്റർ ചെയ്ത സൊസൈറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രസ്തുത സ്ഥാപനം ശാസ്ത്രീയമായി ശിശു വിദ്യാഭ്യാസത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉള്ളതാണ്. ഒന്ന്, എട്ട്,ഒമ്പത്,പത്ത് വാർഡുകളിൽ ശിശുവിദ്യാഭ്യാസ സൗകര്യമുള്ള ഒറ്റ സ്ഥാപനവുമില്ല.

ബഹുഭൂരിപക്ഷം ബാലവാടികളിലും, നഴ്സറികളിലും ആവശ്യമായ കളിക്കോപ്പുകളോ, കളിസ്ഥലമോ ഇല്ല. പല സ്ഥലത്തും അശാസ്ത്രീയമായ രീതിയിൽ അക്ഷര, അക്കപഠനങ്ങൾ നടത്തുന്നതിനായി മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് നഴ്സറി സ്കൂളുകളുടെ ഉദ്ദേശ്യം തന്നെ തകർക്കുന്നതാണെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. പരിശീലനം നേടിയ നഴ്സറി അധ്യാപികമാരുടെ അഭാവവും ശിശു വിദ്യാഭ്യാസ രംഗം നേരിടുന്ന മറ്റൊരു പ്രതിസന്ധിയാണ്. 1000 ജനസംഖ്യക്ക് ഒന്ന് എന്ന തോതിൽ അംഗനവാടികൾ വേണമെന്നാണ് സർക്കാർ കണക്ക്. അത് പാലിക്കപ്പെടാൻ 35 അംഗനവാടികൾ വേണം. ഇന്ന് പഞ്ചായത്തിൽ 4 ബാലവാടികൾ മാത്രമേയുള്ളൂ. ഇനിയും 31 കൂടി വേണം. എല്ലാ വാർഡുകളിലും സാമൂഹ്യക്ഷേമവകുപ്പിന്റെയോ, പഞ്ചായത്തിന്റെയോ നേതൃത്വത്തിൽ അംഗനവാടികൾ സ്ഥാപിക്കുകയും, പി.ടി.എ. മാനേജ്മെന്റ് പഞ്ചായത്ത് എന്നിവയുടെ സംയുക്ത സഹകരണത്തോടെ മുഴുവൻ പ്രാഥമിക വിദ്യാലയങ്ങളോടും അനുബന്ധിച്ച് നഴ്സറി സ്കൂളുകൾ സ്ഥാപിക്കുന്നതും ശിശു വിദ്യാഭ്യാസ വ്യാപനത്തിനും, കുട്ടികളുടെ ശാരീരികവും, മാനസികവുമായ വളർച്ചക്കും സഹായകമായിരിക്കും.

നിലവിലുള്ള ശിശു വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ദൗർല്ലഭ്യം ചൂഷണം ചെയ്യാൻ ഒരു ഇംഗ്ലീഷ്മീഡിയം നഴ്സറി സ്കൂളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നത് ദുഖകരമാണ്.

## *അനൗപചാരക വിദ്യാഭ്യാസം ;-*

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, ഹിന്ദി വിദ്യാലയം എന്നിവ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. പക്ഷെ ഇന്ന് ഈ രംഗത്ത് വളരെയൊന്നും ചെയ്യാൻ അവയ്ക്ക് കഴിയുന്നില്ല. 1990 ലെ സമ്പൂർണ സാക്ഷരതാ യജ്ഞം വമ്പിച്ച വിജയമാക്കുതിൽ പഞ്ചായത്തിലെ സന്നദ്ധ സംഘടനാ പ്രവർത്തകരും, കാലാസമിതികൾ, വായനശാലകൾ, ഗ്രന്ഥാലയങ്ങൾ എന്നിവയും സ്തുത്യർഹമായി സേവനമാണ് കാഴ്ച വെച്ചത് എന്നകാര്യം പ്രത്യേകം പ്രസ്താവ്യമാണ്. മിക്കവാറും എല്ലാക്ലബുകളോടും, വായനശാലകളോടും അനുബന്ധിച്ച് സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ തുടർ സാക്ഷരതാ പരിപാടി വേണ്ട രീതിയിൽ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ രണ്ട് ജന വിദ്യാകേന്ദ്രങ്ങളിൽ കുന്നുമ്മക്കരഗ്രാമീണ ഗ്രന്ഥാലയത്തിലെ ജനവിദ്യാകേന്ദ്രം മാത്രമാണ് ഇപ്പോഴും നിലനിൽക്കുന്നത്.

വിദ്യാലയങ്ങളുടെ പഠന സമയത്തിനു ശേഷം അവയുടെ കെട്ടിട സൗകര്യവും, നിലവിലുള്ള വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, കലാസമിതികൾ, സ്പോർട്സ് ക്ലബുകൾ എന്നിവയും കേന്ദ്രങ്ങളാക്കി തുടർ സാക്ഷരതാ കേന്ദ്രങ്ങൾ ആരംഭിക്കുകയും, വാർഡുതലത്തിൽ അവയെ ഏകോപിപ്പിക്കുവാൻ ജന വിദ്യാ കേന്ദ്രങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നത് അനൗപചാരിക വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കുവാൻ സഹായകമായിരിക്കും

ലക്ഷംവീട് , നാല് സെന്റ്, പട്ടിക ജാതി കോളനികൾ എന്നിവയുമായി ബന്ധപ്പെട്ടും അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് നന്നായിരിക്കും

# അക്കാഡമിക് സൗകര്യങ്ങൾ ഏറാമല ഗ്രാമപഞ്ചായത്ത്

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേര് | ലൈബ്രറി ഉണ്ട്, ഇല്ല | ലബോറട്ടറി സയൻസ് കോർണർ | പഠനോപകരണങ്ങൾ മാപ്, ചാർട്ട്, ഗ്ലോബ് ആവശ്യത്തിനുണ്ടോ | ദൃശ്യശ്രാവ്യ ഉപകരണങ്ങൾ എണ്ണം * | | ബ്ലാക്ക് ബോർഡ് | | 95 95ൽ ലഭിച്ച സാധ്യായ ദിവസങ്ങൾ | സമരങ്ങളിലൂടെ നഷ്ടപ്പെട്ടത് | പ്രത്യേക അവധികളിലൂടെ നഷ്ടമായത് | മാതൃസംഗമം | ക്ലാസ് റൂം പി.ടി. എകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റേഡിയോ | ടേപ്പ് റിക്കാർഡർ | നിലവിലുള്ളത് | ആവശ്യമുള്ളത് | | | | | |
| 1 | കുന്നുമ്മക്കര എൽ.പി. | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | 2 | 7 | 196 | ഇല്ല | 4 | സജീവം | പ്രവർത്തിക്കുന്നു |
| 2 | കുന്നുമ്മക്കര എം.എൽ.പി | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 4 | 3 | 186 | ഇല്ല | 6 | സജീവമല്ല | പ്രവർത്തിക്കുന്നില്ല |
| 3 | നെല്ലാച്ചേരി എൽ.പി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | - | - | 193.5 | ഇല്ല | 2 | സജീവം | ഇല്ല |
| 4 | തട്ടോളിക്കര ഈസ്റ്റ് എൽ.പി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | 6 | - | 193.5 | 2 | 3 | സജീവം | സ്കൂൾ PTA ഉണ്ട് |
| 5 | എറാമല സെൻട്രൽ എൽ.പി. | പ്രവർത്തിക്കുന്നില്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉപയോഗശൂന്യം | 2 | 5 | 195 | - | 5 | സജീവമല്ല | പ്രവർത്തിക്കുന്നില്ല |
| 6 | മാരാങ്കണ്ടി എം.എൽ.പി | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉപയോഗശൂന്യം | 2 | 0 | 185.5 | - | 5 | സജീവം | പ്രവർത്തിക്കുന്നു |
| 7 | ആദിയൂർ എൽ.പി. | ആവശ്യത്തിനില്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 5 | - | 189 | 4 | 1.5 | സജീവം | പ്രവർത്തിക്കുന്നില്ല |
| 8 | ഓർക്കാട്ടേരി എൽ.പി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | - | 185.5 | 4 | 12 | സജീവം | - |
| 9 | കാർത്തികപ്പള്ള NMLP | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 6 | 6 | 181.5 | 2 | 3 | സജീവമല്ല | പ്രവർത്തിക്കുന്നു |
| 10 | കാർത്തികപ്പള്ളി NLP | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 8 | 1 | 194 | 1 | 5 | സജീവമല്ല | പ്രവർത്തിക്കുന്നു. |
| 11 | മുയിപ്ര എൽ.പി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 4 | | 193 | - | 7 | സജീവം | പ്രവർത്തിക്കുന്നു |
| 12 | മുയിപ്ര പി.വി.എൽ.പി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | 6 | 2 | 187 | | | സജീവമല്ല | പ്രവർത്തിക്കുന്നില്ല |
| 13 | കുറിഞ്ഞാലിയോട് പള്ളിക്കുനി MLP | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 4 | 189 | 2 | 6.5 | സജീവമല്ല | ഇല്ല |
| 14 | കാർത്തികപ്പള്ളി LPഭാഗികം | ഭാഗികം | ഉണ്ട | ഇല്ല | ഇല്ല | ഇല്ല | 6 | 1 | 191 | 7 | 2 | സജീവം | പ്രവർത്തിക്കുന്നു |
| 15 | തട്ടോളിക്കര യു.പി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 10 | 6 | 193 | 4 | 3 | സജീവം | സ്കൂൾ PTAഉണ്ട് |
| 16. | ഏറാമല യു.പി. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 15 | 5 | 194.5 | - | 5.5 | സജീവം | പ്രവർത്തിക്കുന്നു |
| 17 | ഓർക്കാട്ടേരി നോർത്ത് യു.പി. | പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | - | - | 4 | 12 | 187 | 8 | 5 | സജീവം | പ്രവർത്തിക്കുന്നു. |
| 18 | ഓർക്കാട്ടേരി എം.യു.പി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 26 | 4 | 180 | - | 2 | സജീവം | പ്രവർത്തിക്കുന്നില്ല |
| 19 | കാർത്തികപ്പള്ളി No.1.യു.പി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 28 | - | 187 | - | - | സജീവം | പ്രവർത്തിക്കുന്നു. |
| 20 | ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഓർക്കാട്ടേരി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 29 | 5 | 169 | 22 | 5 | സജീവമല്ല | പ്രവർത്തിക്കുന്നില്ല |

* ടി.വി., വി.സി.ആർ., വി.സി.പി., സിനിമ പ്രോജക്ടർ,ഓവർഹെഡ് പ്രൊജക്റ്റർ എന്നിവ ക്രമനമ്പർ 20ൽ മാത്രമേയുള്ളു. എന്നാൽ സ്ലൈഡ് പ്രൊജക്ടർ ക്രമനമ്പർ 19ൽ ഉണ്ട്. കമ്പ്യൂട്ടർ സൗകര്യം ഒറ്റ സ്കൂളുലും ഇല്ല.

## വിദ്യാലയവിവരങ്ങൾ -എറാമല ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | കുട്ടികളുടെ എണ്ണം 1 മുതൽ 90 വരെ | | | അധ്യാപകർ | SC/ST കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | വിസ്തീർണ്ണം | കളി സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | |
| 1 | കുന്നുമ്മക്കര എൽ.പി. സ്കൂൾ | 96 | 81 | 177 | 8 | 6 | 1 | 7 | 6 | 2 | 8 | 0.30 | 0.10 |
| 2 | കുന്നുമ്മക്കര എം.എൽ.പി | 71 | 60 | 131 | 5 | - | - | – | 6 | 3 | 9 | 2784Sqft | ഇല്ല |
| 3 | നെല്ലാച്ചേരി എൽ.പി | 53 | 57 | 110 | 6 | 2 | - | 2 | 5 | 2 | 7 | 1065Sqft | 0.01 |
| 4 | തട്ടോളിക്കരി ഈസ്റ്റ് എൽ.പി | 77 | 71 | 148 | 7 | 1 | - | 1 | 8 | 3 | 11 | 0.25 | 0.05 |
| 5 | ഏറാമല സെൻട്രൽ എൽ.പി. | 62 | 52 | 114 | 5 | 2 | | 2 | 4 | 3 | 7 | 0.115 | 0.05 |
| 6 | മാരാങ്കണ്ടി എം.എൽ.പി. | 79 | 92 | 171 | 8 | - | - | - | 4 | 3 | 7 | 0.20 | 0.02 |
| 7 | ആദിയൂർ എൽ.പി. | 63 | 61 | 124 | 6 | 1 | - | 1 | 5 | 2 | 7 | 0.22 | 0.10 |
| 8 | ഓർക്കാട്ടേരി എൽ.പി | 149 | 158 | 307 | 10 | 6 | 4 . | 10 | 6 | 10 | 16 | 026 | 0.10 |
| 9 | കാർത്തികപള്ളി നോർത്ത് എം.എൽ.പി | 80 | 103 | 183 | 7 | 3 | - | 3 | 5 | 7 | 12 | 0.25 | 0.05 |
| 10 | കാർത്തികപള്ളി നോർത്ത് എൽ.പി | 108 | 114 | 222 | 9 | – | - | - | 8 | 8 | 16 | 041 | 0.20 |
| 11 | മുയിപ്ര എൽ.പി | 39 | 44 | 83 | 5 | - | - | – | 2 | 4 | 6 | 0.24 | 0.15 |
| 12. | മുയിപ്ര പി.വി.എൽ.പി | 94 | 91 | 185 | 7 | 6 | 2 | 8 | 5 | 6 | 11 | 0.45 | 0.25 |
| 13. | കുറിഞ്ഞാലിയോട്പള്ളിക്കുനി MLP | 35 | 32 | 67 | 5 | - | - | – | 1 | 2 | 3 | - | ഇല്ല |
| 14. | കാർത്തികപള്ളി എൽ.പി | 87 | 113 | 200 | 7 | 1 | 1 | 2 | 3 | 7 | 10 | 0.27 | 0.10 |
| | **Total LPS** | **1093** | **1129** | **2222** | **95** | **28** | **8** | **36** | **68** | **62** | **130** | – | – |
| 15 | തട്ടോളിക്കര യു.പി. | 295 | 271 | 566 | 24 | 8 | 3 | 11 | 34 | 12 | 46 | 1.00 | 17.50Sqft |
| 16 | ഏറാമല യു.പി. | 259 | 214 | 473 | 22 | 6 | 1 | 7 | 38 | 15 | 53 | 63.18M² | 5651M² |
| 17 | ഓർക്കാട്ടേരിനോർത്ത് യു.പി. | 250 | 251 | 501 | 21 | 6 | 8 | 14 | 22 | 23 | 45 | 1.00 | 0.05 |
| 18 | ഓർക്കാട്ടേരി എം.യുപി. | 499 | 469 | 968 | 35 | 7 | 12 | 19 | 57 | 45 | 102 | 1.25 | 0.15 |
| 19. | കാർത്തികപ്പള്ള No.I യു.പി. | 598 | 506 | 1104 | 40 | 22 | 14 | 36 | 5 | 1 | 6 | 1.25 | 0.30 |
| | **Total UPS** | **1901** | **1711** | **3612** | **142** | **49** | **38** | **87** | **156** | **96** | **252** | | |
| 20. | ഗവ.വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ഓർക്കാട്ടേരി | 624 | 524 | 1148 | 43 | 11 | 14 | 25 | 86 | 19 | 105 | 3.00 | ഇല്ല |
| | ആകെ | 3618 | 3364 | 6982 | 280 | 88 | 60 | 148 | 310 | 177 | 487 | | |

അദ്ധ്യാപകരുടെ ഒഴിവുകളുടെ എണ്ണം : ക്രമനമ്പർ 10ൽ LPSA ഒരു ഒഴിവും 16ൽ സ്പെഷലിസ്റ്റ് അദ്ധ്യാപകന്റെ ഒരു ഒഴിവും 20ൽ HSA യുടെ ഒരു ഒഴിവും ഉണ്ട്.

ക്രമനമ്പർ 20 മാത്രമേ സർക്കാർ ഉടമസ്ഥതയിലുള്ളു. മറ്റുള്ളവ സ്വകാര്യ, എയ്ഡഡ് മേഖലകളിലാണ്.



287

## അക്കാഡമിക് നിലവാരം

| ക്രമ നമ്പർ | വിദ്യാലയത്തിൻെറ പേര് | ആകെ 3 മുതൽ | കുട്ടികളുടെ പൊതുനിലവാരം 30%ൽ താഴെ | 30-40% | 40-50% | 50-60% | 60%നു മേൽ |
|---|---|---|---|---|---|---|---|
| 1 | കുന്നുമ്മക്കര എൽ.പി | 99 | 1 | 6 | 11 | 24 | 57 |
| 2 | കുന്നുമ്മക്കര എം.എൽ.പി | 68 | 11 | 16 | 16 | 15 | 10 |
| 3 | നെല്ലാച്ചേരി എൽ.പി | 52 | - | 5 | 10 | 13 | 24 |
| 4 | തട്ടോളിക്കരി ഈസ്റ്റ് എൽ.പി | 104 | 7 | 13 | 21 | 19 | 44 |
| 5 | ഏറാമല സെൻട്രൽ എൽ.പി | 63 | 5 | 7 | 16 | 13 | 22 |
| 6 | മാരാങ്കണ്ടി മാപ്പിള എൽ.പി | 85 | 17 | 22 | 22 | 9 | 15 |
| 7 | ആദിയൂർ എൽ.പി | 69 | 19 | 13 | 11 | 9 | 17 |
| 8 | ഓർക്കാട്ടേരി എൽ.പി | 184 | 6 | 23 | 26 | 43 | 86 |
| 9 | കാർത്തികപ്പള്ളി NMLP | 110 | 10 | 23 | 39 | 17 | 21 |
| 10 | കാർത്തികപ്പള്ളി NLP | 145 | 55 | 39 | 28 | 15 | 8 |
| 11 | മുയിപ്ര എൽ.പി | 42 | 7 | 8 | 20 | 4 | 3 |
| 12 | കുറിഞ്ഞാലിയോട് പള്ളിക്കുനി MLP | 35 | 10 | 7 | 11 | 1 | 6 |
| 13 | മുയിപ്ര പി.വി.എൽ.പി | 120 | 18 | 21 | 48 | 14 | 19 |
| 14 | കാർത്തികപ്പള്ളി എൽ.പി | 109 | 40 | 32 | 14 | 9 | 14 |
| | | **1285** | **206** | **235** | **293** | **205** | **346** |
| 15 | തട്ടോളിക്കര യു.പി | 504 | 143 | 137 | 97 | 58 | 69 |
| 16 | ഏറാമല യു.പി | 437 | 179 | 86 | 66 | 48 | 58 |
| 17 | ഓർക്കാട്ടേരി നോർത്ത് യു.പി. | 388 | 38 | 85 | 115 | 96 | 54 |
| 18 | ഓർക്കാട്ടേരി എം.യു.പി | 799 | 88 | 88 | 206 | 238 | 179 |
| 19 | കാർത്തികപ്പള്ളി NO.I യു.പി. | 962 | 322 | 315 | 130 | 108 | 87 |
| | | **3090** | **770** | **711** | **614** | **548** | **447** |
| 20 | ഗവ.വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂൾ ഓർക്കാട്ടേരി | 1148 | 858 | 110 | 80 | 46 | 54 |
| | | **5223** | **1834** | **1056** | **987** | **799** | **847** |

G.V.H.S.S.O. യിൽ വിജയ ശതമാനം 91-92ൽ 28%, 92-93ൽ 28%, 93-94ൽ 27.6%, 94-95ൽ 23%, 95-96ൽ 29% എന്നിങ്ങനെയായിരുന്നു. ക്രമനമ്പർ 8-ൽ എട്ട് പേർക്കും 15-ൽ 5പേർക്കും 18-ൽ 3പേർക്കും 20-ൽ 4 പേർക്കും ജില്ലാ സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്.

## സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

| ക്രമ നമ്പർ | വിദ്യാലയത്തിൻെറ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംപ്സം ഗ്രാൻറ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാൻമാരുടെമക്കൾക്കുള്ള സ്കോളർഷിപ്പ് | ബീഡി തൊഴിലാളികൾക്കുള്ള സ്കോളർഷിപ്പ് | മത്സ്യതൊഴിലാളി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
|---|---|---|---|---|---|---|---|---|
| 1 | കുന്നുമ്മക്കരി എൽ.പി | - | 7 | - | 1 | - | - | - |
| 2 | കുന്നുമ്മക്കരി എം.എൽ.പി | - | - | - | - | - | - | - |
| 3 | നെല്ലാച്ചേരി എൽ.പി | - | 4 | - | | - | 2 | 2 |
| 4 | തട്ടോളിക്കരി ഈസ്റ്റ് എൽ.പി | - | 12 | - | 2 | 1 | - | - |
| 5 | ഏറാമല സെൻട്രൽ എൽ.പി | - | 2 | - | 3 | - | - | - |
| 6 | മാരാങ്കണ്ടി എം.എൽ.പി | - | - | - | - | - | - | - |
| 7 | ആദിയൂർ എൽ.പി | - | 1 | - | - | - | - | - |
| 8 | ഓർക്കാട്ടേരി എൽ.പി | 3 | 10 | - | 1 | 2 | 1 | - |
| 9 | കാർത്തികപ്പള്ളി NMLP | 2 | 9 | 10 | - | - | - | - |
| 10 | കാർത്തികപ്പള്ളി NLP | - | 5 | 8 | - | - | - | - |
| 11 | മുയിപ്ര എൽ.പി | - | 2 | - | - | - | - | - |
| 12 | മുയിപ്ര പി.വി. എൽ.പി | - | 8 | - | - | - | - | - |
| 13 | കുറിഞ്ഞാലിയോട് പള്ളിക്കുനി MLP | - | - | - | - | - | - | - |
| 14 | കാർത്തികപ്പള്ളി എൽ.പി | - | 2 | - | 1 | - | - | - |
| | | | 62 | 18 | 8 | 3 | 3 | 2- |
| 15 | തട്ടോളിക്കരി യു.പി | 3 | 20 | 20 | 2 | - | - | 5 |
| 16 | ഏറാമല യു.പി | 2 | 7 | 17 | 11 | - | - | – |
| 17 | ഓർക്കാട്ടോരി നോർത്ത് യു.പി. | - | 14- | - | - | -- | | |
| 18 | ഓർക്കാട്ടേരി എം.യു.പി | 3 | 20 | 17 | 6 | - | -- | 4 |
| 19 | കാർത്തികപ്പള്ളി NO.1 യു.പി | - | 36 | - | 1 | - | 1 | - |
| | | | 97 | 54 | 20 | - | 1 | 10 |
| 20. | ഗവ.വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂൾ, ഓർക്കാട്ടേരി (USS) | 2 | 25 | 73 | 6 | - | - | 5 |

## നിലവിലുള്ള പ്രശ്നങ്ങൾ:-

ദ്വിതീയ സ്ഥിതിവിവരക്കണക്കുകളും, 12 ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും ക്രോഡീകരിച്ചപ്പോൾ താഴെപ്പറയുന്ന പൊതുപ്രശ്നങ്ങളാണ് വിദ്യാഭ്യാസരംഗത്ത് സൂചിപ്പിക്കാനുള്ളത്.

1. വിദ്യാലയങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ നിർമ്മിക്കാനുള്ള സൗകര്യങ്ങൾവേണ്ടത്ര ഇല്ല.
2. കുടിവെള്ളത്തിനുള്ള സൗകര്യം എൽ.പി. സ്കൂളുകളിൽ പരിമിതമാണ്. ഉള്ളവതന്നെ അപര്യാപ്തവും
3 പി.ടി.എ. പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. പ്രത്യേകിച്ചും ക്ലാസ്റും പി.ടി.എ.കൾ സജീവമല്ല.
4. മാതൃസംഗമങ്ങൾ കാര്യക്ഷമമല്ല.
5. ഏതാനും വിദ്യാലയങ്ങൾക്ക് ആവശ്യത്തിന് കെട്ടിട സൗകര്യം ഇല്ല.
6. ആവശ്യത്തിന് ഫർണ്ണിച്ചർ ഒരു വിദ്യാലയത്തിലുമില്ല.
7. ക്ലാസ്മുറികൾക്ക് ആവശ്യമായ വേർതിരിവ് ഭൂരിപക്ഷം സ്കൂളുകൾക്കും ഇല്ല. വിശേഷിച്ച് എൽ.പി. സ്കൂളുകൾക്ക്.
8. കളിസ്ഥലത്തിന്റെ കാര്യത്തിൽ എല്ലാ വിദ്യാലയങ്ങളുടെയും സ്ഥിതി ശോചനീയമാണ്.
9. മിക്ക വിദ്യാലയങ്ങളിലും ആവശ്യത്തിന് പഠനോപകരണങ്ങളില്ല.
10. ഭൂരിപക്ഷം വിദ്യാലയങ്ങളും വൈദ്യുതീകരിച്ചിട്ടില്ല; വൈദ്യുതീകരിച്ചവ തന്നെ പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ മാത്രം പര്യാപ്തവുമല്ല.
11. കലാ-കായികരംഗങ്ങളിൽ പ്രതിഭകളെ കണ്ടെത്താനും, വളർത്തിയെടുക്കാനും ആവശ്യമായ സൗകര്യങ്ങൾ ഒരു വിദ്യാലയത്തിലുമില്ല.
12. പഞ്ചായത്തിലെ 3ൽ ഒരു ഭാഗം കുട്ടികൾ അവശ്യപഠനനിലവാരത്തിലും താഴെയാണ്.
13. ഓർക്കാട്ടേരി വൊക്കേഷനൽ ഹയർസെക്കൻററി സ്കൂളിലെ SSLC വിജയശതമാനം 30%ലും താഴെയാണ്.
14. വൊക്കേഷനൽ ഹയർ സെക്കൻററി കോഴ്സിൻെറയും വിജയനിലവാരം തൃപ്തികരമല്ല.
15. പാഠ്യാനുബന്ധ, പാഠ്യേതര പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കിട്ടുന്നില്ല.
16. സ്കൂൾ, അസംബ്ലി, സാഹിത്യസമാജങ്ങൾ, സ്കൂൾ യൂനിഫോം, അധ്യനയാത്രകൾഎന്നിവ കാര്യക്ഷമമല്ല.
17. പ്രാഥമിക വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം പാകം ചെയ്യാനും വിതരണം നടത്താനുമുള്ള സൗകര്യങ്ങൾ പരിമിതമാണ്. പാചക തൊഴിലാളികൾക്ക് തുഛമായ കൂലിമാത്രം കിട്ടുന്നത് ഈ രംഗത്ത് ഗുരുതരമായ പ്രശ്നമാണ്.
18. വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂളിൽ സ്ഥിരം അധ്യാപകരില്ല. ഇത് പഠനനിലവാരത്തെ ബാധിക്കുന്നു.
19. എല്ലാ വാർഡുകളിലും ബാലവാടികളോ നഴ്സറികളോ ഇല്ല. ഉള്ളവയിൽ മിക്കതിലും ആവശ്യമായ കളിക്കോപ്പുകളോ, മറ്റു സൗകര്യങ്ങളോ ഇല്ല. പരിശീലനം നേടിയ അധ്യാപികമാർ, ആയമാർ എന്നിവരുടെ അഭാവം ഇവയുടെ പ്രവർത്തനങ്ങളെ അശാസ്ത്രീയമാക്കുന്നു.
20. തുടർ സാക്ഷരതാപ്രവർത്തനം നിർജ്ജീവമാണ്.
21. 10-11 വാർഡുകളുടെ കിഴക്കുഭാഗത്തുള്ള കുട്ടികൾ 2 കിലോമീറ്ററിലധികം നടന്നുപോയിട്ടാണ് പ്രാഥമിക വിദ്യാഭ്യാസം നേടുന്നത്.
22. പ്രാഥമിക വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവു വരുന്നു.
23. ഇംഗ്ലീഷ്മീഡിയത്തോടുള്ള ഭ്രമം വർദ്ധിക്കുന്നു. ഒരു നഴ്സറി സ്കൂളിലെങ്കിലും ബോധനമാധ്യമം ഇംഗ്ലീഷാണ്.
24. ഓർക്കാട്ടേരി വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂളിൽ 10 മുറികളുടെ കുറവുണ്ട്.

## നിർദ്ദേശങ്ങൾ

1. ഭൂരിപക്ഷം സ്കൂളുകളിലും മൂത്രപ്പുര, കക്കൂസ്, കുടിവെള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.
2. പി.ടി.എ. പ്രവർത്തനം കാര്യക്ഷമമാക്കി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
3. ക്ലാസ് പി.ടി.എ., മാതൃസംഗമം എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കി പഠനനിലവാരം മെച്ചപ്പെടുത്തുന്നതിൽ സ്കൂൾ അധികൃതർ പ്രത്യേകം ശ്രദ്ധിക്കണം. ഇവ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും വിളിച്ച് ചേർത്ത് പഠനനിലവാരം അവലോകനം ചെയ്യേണ്ടതാണ്.

4. എല്ലാ സ്കൂളുകൾക്കും സുരക്ഷിതവും ശാസ്ത്രീയവുമായ തരത്തിൽ കെട്ടിടങ്ങൾക്ക് രൂപകല്പന ചെയ്യേണ്ടതാണ്.
5. എല്ലാ സ്കൂളുകൾക്കും ആവശ്യത്തിനു ഫർണ്ണിച്ചർ ലഭ്യമാക്കണം.
6. എല്ലാ സ്കൂളുകളിലും ക്ലാസ് വേർതിരിവ് ഉണ്ടായിരിക്കണം.
7. അധ്യാപകരുടെ പങ്കാളിത്തത്തോടുകൂടി പഞ്ചായത്ത് അടിസ്ഥാനത്തിൽ ശില്പശാല സംഘടിപ്പിച്ച് പഠനോപകരണങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.
8. എല്ലാ സ്കൂളുകളിലും ചുറ്റുമതിൽ കെട്ടി സ്കൂളിൻെറ സുരക്ഷിതത്വം ഉറപ്പുവരുത്തണം.
9. എല്ലാ സ്കൂളുകളും വൈദ്യുതീകരിക്കണം. പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ പറ്റിയവിധത്തിലാവണം വൈദ്യുതീകരിക്കുന്നത്.
10. യൂണിഫോം എല്ലാസ്കൂളിൽ എല്ലാ ദിവസവും നിർബ്ബന്ധമാക്കണം.
11. കായിവ വിദ്യാഭ്യാസം കാര്യക്ഷമമാക്കാൻ കളിസ്ഥലങ്ങളും പരിശീലകരെയും ഏർപ്പാടാക്കണം.
12. പഠനനിലവാരം ഉയർത്താൻ വേണ്ടി അധ്യാപകർ ഉയർന്നുപ്രവർത്തിക്കുകയും ആവശ്യമായ സാഹചര്യങ്ങളും സഹകരണങ്ങളും രക്ഷിതാക്കളിൽ നിന്നും സന്നദ്ധ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരിൽനിന്നും ഉണ്ടായിരിക്കണം.
13. പാഠ്യേതര പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലകരെ നിയമിക്കുകയും ഇത് വിജയിപ്പിക്കാൻ ജനങ്ങളുടെ സഹകരണം തേടുകയും വേണ്ടതാണ്.
14. വിദൂരയാത്രകൾ കഴിയുന്നതും ഒഴിവാക്കി വിദ്യാർത്ഥികൾക്ക് അറിവും കഴിവും ഉയർത്തുന്നതരത്തിൽ അധ്യയന യാത്രകൾ സംഘടിപ്പിക്കണം.
15. LP സ്കൂൾ അധികൃതർ അധ്യയനയാത്രകളിൽ കാണിക്കുന്ന അലംഭാവം അവസാനിപ്പിക്കണം.
16. ഉച്ചഭക്ഷണം ആവശ്യമായ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കണം. അതിനനുള്ള സൗകര്യങ്ങൾ ഒരുക്കാൻ പഞ്ചായത്തും ബന്ധപ്പെട്ട അധികൃതരും പ്രത്യേകം ശ്രദ്ധചെലുത്തണം.
17. വൊക്കേഷനൽ ഹയർസെക്കൻററി സ്കൂളിൽ സ്ഥിരം അധ്യാപകരെ നിയമിക്കാൻ നടപടികൾ എടുക്കണം.
18. വൊക്കേഷനൽ കോഴ്സുകൾ കൂടുതൽ തൊഴിൽ സാധ്യതയുള്ളവയും, പ്രയോജനകരമായവയും ആയി പുനഃസംവിധാനം ചെയ്യുക, കാറ്ററിംഗ് ഉൾപ്പെടെയുള്ള കോഴ്സുകൾ ആരംഭിക്കുക.
19. പ്രാദേശിക വിഭവങ്ങൾ-മത്സ്യം, ചകിരി, ചിരട്ട, നാളികേരം, പഴവർഗ്ഗങ്ങൾ (എറോറൂട്ട്) തുടങ്ങിയവ പരമാവധി ഉപയോഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായികൾക്ക് വിദ്യാർത്ഥികളെയും, യുവാക്കളെയും പരിശീലിപ്പിക്കാൻ ഹ്രസ്വകാലകോഴ്സുകൾ നടത്തുന്ന പരിശീലനകേന്ദ്രങ്ങൾ വൊക്കേഷനൽ ഹയർ സെക്കൻററികളുമായി ബന്ധപ്പെടുത്തി ആരംഭിക്കുക.
20. അപ്പർപ്രൈമറി ഘട്ടം മുതൽ വിദ്യാർത്ഥികളെ ലഘുവായ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടാൻ സഹായിക്കുന്ന നിർമ്മിതി കേന്ദ്രങ്ങളായി വിദ്യാലയങ്ങളെ പുനഃസംഘടിപ്പിക്കുക. (ഉദാ:നോട്ട്ബുക്ക് കളിക്കോപ്പുകൾ, ബോൾപെൻ, ബലൂൺ തുടങ്ങിയവ.
21. എല്ലാ വാർഡുകളിലും പഞ്ചായത്തിൻെറ നേതൃത്വത്തിൽ ബാലവാടികളും, നേഴ്സറി സ്കൂളുകളും സ്ഥാപിക്കുക.
22. എല്ലാ എൽ.പി. സ്കൂളുകളോടും അനുബന്ധിച്ച് നഴ്സറി സ്കൂളുകൾ തുടങ്ങാൻ മാനേജ്മെൻറ്, പി.ടി.എ, പഞ്ചായത്ത് എന്നിവ ചേർന്ന് സംവിധാനമുണ്ടാക്കുക.
23. ശിശു വിദ്യാഭ്യാസം ശാസ്ത്രീയമായി സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കുക.
24. നിലവിലുള്ള ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കി തുടർസാക്ഷരതാ പരിപാടി പുനരാരംഭിക്കുക.
25. സ്കൂൾ സമയത്തിനുശേഷം സ്കൂൾ കെട്ടിടങ്ങൾ സാക്ഷരതാപ്രവർത്തനങ്ങൾക്ക്വേണ്ടി ഉപയോഗപ്പെടുത്തുക.
26. സന്നദ്ധസംഘടകനൾ, ഗ്രന്ഥാലയങ്ങൾ, കലാ

സമിതികൾ സ്പോർട്സ് ക്ലബ്ബുകൾ എന്നിവയെ ഉപയോഗപ്പെടുത്തി സാക്ഷരാത പ്രവർത്തനം ഊർജ്ജസ്വലമാക്കുക.

27. 10,11 വാർഡുകളുടെ കിഴക്കുഭാഗത്ത് പ്രാഥമിക വിദ്യാലയമില്ലാത്ത പ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കുക.

28. എല്ലാതലത്തിലും മാതൃഭാഷാബോധനത്തിൻെറ പ്രാധാന്യം മനസ്സിലാക്കികൊടുക്കുന്നതിന് ബോധവൽക്കരണം സംഘടിപ്പിക്കുക.

29. സ്കൂൾ കോംപ്ലക്സുകൾ ഫലപ്രദമായിസംഘടിപ്പിക്കുകയും അതിൻെറ നേതൃത്വത്തിൽ അധ്യാപകർക്ക് പുനഃപരിശീലന പരിപാടികൾ നടത്തുകയും ചെയ്യുക.

30. ഹൈസ്കൂളിലെ വിദഗ്ധരായ അധ്യാപകർ, ലൈബ്രറി ലബോറട്ടറി, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ സേവനം പ്രാഥമിക് വിദ്യാലയങ്ങളിലെ പഠന നിലവാരം വർദ്ധിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്താൻ പരിപാടികൾ തയ്യാറാക്കുക.


31. സ്കൂൾ വിദ്യാഭ്യാസ വികസന സമിതികൾ, വാർഡ്വിദ്യാഭ്യാസ സമിതികൾ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതികൾ പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതികൾ എന്നിവ കാര്യക്ഷമമായി സംഘടിപ്പിച്ച്, കാലാകാലങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും, ആവശ്യമായ പുനർക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക.

32. മുകളിൽ സൂചിപ്പിച്ച സമിതികളുടെ നേതൃത്വത്തിൽ "അയൽപക്ക സ്കൂൾ" സമ്പ്രദായം നടപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തി കുട്ടികളുടെ കുറവ് പരിഹരിക്കുക.

33. ഓർക്കാട്ടേരി വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂളിന് 10 മുറികളുള്ള കെട്ടിടം പുതുതായി നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

34. ബാലകലോത്സവം, യുവജനോത്സവം തുടങ്ങിയവയിൽ സാധാരണക്കാരുടെ കുട്ടികൾക്കും പങ്കെടുക്കാൻ കഴിയുംവിധം പുനഃസംവിധാനം ചെയ്യുക.





## 7.5

# പൊതുജനാരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്നതാണല്ലോ നമ്മുടെ പ്രഖ്യാപിത മുദ്രാവാക്യം. ആരോഗ്യമുള്ള ജനതയാണ് ഒരു നാടിൻെറ ഏറ്റവും വലിയസമ്പത്ത് എന്നആശയത്തെ സാധൂകരിക്കുന്നതാണ് ഈ മുദ്രാവാക്യം. ആരോഗ്യരംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുമ്പിലാണ്. ഉയർന്ന സാക്ഷരതയും, സാമൂഹ്യഅവബോധവുംഈ നേട്ടം കൈവരിക്കുന്നതിന് നമുക്ക് സഹായകമായിട്ടുണ്ട്. എന്നാൽ വർദ്ധിച്ചു വരുന്ന ജനസംഖ്യയും, അനുബന്ധമായ മറ്റ് പ്രശ്നങ്ങളും കാരണം കേരളത്തിലെ ആരോഗ്യരംഗം പല വെല്ലുവിളികളേയും നേരിടുന്നുണ്ട്.

ആരോഗ്യം എന്നാൽ രോഗമില്ലാത്ത അവസ്ഥ - മാത്രമല്ല, പൂർണ്ണമായ ശാരീരികവും, മാനസികവുമായ ക്ഷേമമാണ് എന്ന് ലോകാരോഗ്യസംഘടന നിർവ്വചനം നൽകിയിരിക്കുന്നു. ഇത്തരത്തിലുള്ള ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ ഏറെ കാര്യങ്ങൾ ഒത്തുചേരേണ്ടതുണ്ട്. കുറേ ആശുപത്രികളും, നിറയെ ഡോക്ടർമാരും, ആവശ്യത്തിന് മരുന്നും ലഭ്യമായാൽ നമ്മുടെ ആരോഗ്യരംഗം തൃപ്തികരമാണെന്ന ഒരു തെറ്റിദ്ധാരണ പൊതുവെയുണ്ട്. ഇത് തീർത്തും അസംബന്ധമാണ്. മരുന്ന്+ ചികിത്സ + ആശുപത്രി = ആരോഗ്യം എന്ന സമവാക്യം ആരോഗ്യരംഗത്തെ കമ്പോള വൽക്കരണക്കാരുടെ സൃഷ്ടിയാണ്. ആരോഗ്യംഎന്നാൽ പോഷകാഹാരം, കുടിവെള്ളം, ആരോഗ്യകരമായ പരിസരം, ആരോഗ്യശീലങ്ങൾ, വ്യയാമം, വിനോദം എന്നിവയിൽ കൂടി വ്യക്തി സ്വയം ആർജ്ജിക്കുന്നതാണെന്ന കാഴ്ചപ്പാട് വളർത്തിക്കൊണ്ടു വരേണ്ടതാണ്.

നമുക്ക് ചുറ്റും നടക്കുന്ന സാമൂഹിക, സാമ്പത്തിക മാറ്റങ്ങൾ ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്ന രംഗമാണ് ആരോഗ്യരംഗം. ജനങ്ങളുടെ ദരിദ്രവൽക്കരണത്തിനുള്ള പ്രധാന കാരണങ്ങളിലൊന്ന് രോഗങ്ങളാണ്. അനുദിനം നിർജ്ജീവമായിക്കൊണ്ടിരിക്കുന്ന പൊതുമേഖല ഗുണപരമായിഏറെ പിന്നിലാണെങ്കിലും, ഇന്നും പാവങ്ങളുടെ ആശാകേന്ദ്രമാണ്. പൊതുമേഖലയെ സാധാരണ ജന വിഭാഗം പോലും വേണ്ട വിധത്തിൽ ഉപയോഗിക്കുന്നില്ല. ദരിദ്രവിഭാഗങ്ങളിൽ നിന്നുപോലും കേവലം 30 ശതമാനം മാത്രമാണ് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നത്എന്ന് ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ പഠനം സൂചിപ്പിക്കുന്നു. മലമ്പനി, ക്ഷയരോഗം, വയറിളക്കം മുതലായവ നിയന്ത്രണാതീതമായി പെരുകുമ്പോൾ തന്നെ ഒട്ടേറെ പുതിയ രോഗങ്ങളും മനുഷ്യനെതിരെ വെല്ലുവിളി ഉയർത്തുന്നു. മരുന്നു കൊണ്ട് മാത്രം നിയന്ത്രിക്കാൻ കഴിയുന്നതല്ല ഇവയൊന്നും. ദാരിദ്ര്യത്തിൻെറ സന്തതികളായ രോഗങ്ങളൊന്നും മരുന്നുകൊണ്ട്മാത്രം ചികിത്സിച്ചു ഭേദമാക്കാവുന്നതല്ലല്ലോ. പൊതുജനപങ്കാളിത്തത്തോടെയുള്ള മെച്ചപ്പെട്ട പ്രവർത്തനം കൊണ്ടേ ആരോഗ്യത്തെ മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ. ജനകീയ ആരോഗ്യമെന്ന കാഴ്ചപ്പാടോടെ ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതുണ്ട്.

കേരളത്തിലെ മറ്റേത് ഗ്രാമപ്രദേശത്തേയും പോലെ പാരമ്പര്യ വൈദ്യന്മാരെത്തന്നെയായിരുന്നു നമ്മുടെ പഞ്ചായത്തിലെ ആദ്യകാല ജനതയും ചികിത്സക്കായി ആശ്രയിച്ചിരുന്നത്. ഏറാമലയിലെ ആദിയൂർ കേന്ദ്രമായി പാരമ്പര്യ വൈദ്യ കുടുംബങ്ങൾ ഉണ്ടായിരുന്നു. അവരുടെ പിൻഗാമികളായി ഇന്നും പല വൈദ്യന്മാരും ഏറാമലയിലും പരിസരപ്രദേശങ്ങളിലും

ചികിത്സ നടത്തിവരുന്നു. അലോപ്പതി മരുന്നുകളുടെ പാർശ്വഫലങ്ങളിലും മറ്റും ആശങ്കാകുലരായ ജനങ്ങൾ ആയുർവ്വേദ ചികിത്സാരീതിയിൽഇന്നും താല്പര്യം കാണിക്കുന്നു. അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമായ ചികിത്സാരീതികളുംപഴയ കാലത്ത് നമ്മുടെ നാട്ടിൽ സജീവമായി നിലനിന്നിരുന്നു. ആധുനിക വൈദ്യശാസ്ത്രം ഇത്രയേറെ പുരോഗമിച്ചിട്ടും അന്ധവിശ്വാസ ജടിലമായ ഇത്തരം ചികിത്സാരീതികൾ ഇന്നുംനമ്മുടെ നാട്ടിൽ ഏറെ പ്രചാരത്തിലുണ്ട്.

ഏറാമല പഞ്ചായത്തിൽ സർക്കാർ തലത്തിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിതമാവുന്നത് 1960ലാണ്. ധർമ്മാശുപത്രി എന്ന് അന്നത്തെ ജനത വിളിച്ചു വന്ന പ്രാഥമികാരോഗ്യകേന്ദ്രമായിരുന്നു അത്. ആദ്യകാലത്ത് 'എരഞ്ഞിക്കൂലിന്ന്' സമീപത്തുള്ള ഒരുവാടക വീട്ടിലാണ് ഈ ആരോഗ്യകേന്ദ്രം പ്രവർത്തിച്ചു വന്നത്. പിന്നീട് കെ.ടി. ഗോവിന്ദൻനമ്പ്യാർ പ്രസിഡണ്ടായുള്ള പഞ്ചായത്ത് ഭരണ സമിതി പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്വന്തമായിസ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തു. ഓർക്കാട്ടേരി ടൗണിലും സമീപ പ്രദേശത്തുമായി അലോപ്പതി ഡോക്ടർമാർ സ്വകാര്യപ്രാക്ടീസ് ആരംഭിച്ചു. സ്വകാര്യമേഖലയിൽ ഏറെ സൗകര്യങ്ങളോട് കൂടിയ ഒരു ആശുപത്രി 1980 കളിൽ ഓർക്കാട്ടേരിയിൽ സ്ഥാപിതമായി. ഇടക്കാലത്ത് പ്രവർത്തനം നിലച്ചുപോയെങ്കിലും 1994മുതൽ ഇത് സഹകരണ ആശുപത്രിയായി പ്രവർത്തിക്കുന്നു. 1988 ജനുവരി 6 ന്ന് പ്രാഥമിക ആരോഗ്യകേന്ദ്രം 'കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ' ആയി ഉയർത്തപ്പെട്ടു. ഇത്തരം സ്ഥാപനങ്ങളുടേയെല്ലാം സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്താനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ജനങ്ങളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

പകർച്ചവ്യാധികൾ ഫലപ്രദമായി തടയാൻ നമുക്ക് കഴിയുന്നില്ല എന്നതിന് തെളിവാണ് വർഷത്തിൽ ശരാശരി 25,000 ത്തിൽ അധികം പകർച്ചവ്യാധി കേസുകൾ പഞ്ചായത്തിലുണ്ടാകുന്നതായിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ തന്നെ 90 ശതമാനവും വായുജന്യ രോഗങ്ങളാണ്. സ്ഥായിയായ രോഗബാധിതരായി കമ്മ്യൂണിറ്റിഹെൽത്ത് സെൻററിൽ ലഭ്യമായ കണക്കു പ്രകാരം 600 ൽ അധികം പേരുണ്ട്. ഇതിൽ രക്തസമ്മർദ്ദരോഗികളാണ് 65 ശതമാനത്തിലധികവും.

## പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾ

| സ്ഥാപനങ്ങൾ | വിഭാഗം | മേഖല | സ്ഥിതിചെയ്യുന്ന പ്രദേശം | ഡോക്ടർമാരുടെ എണ്ണം | മറ്റ് ജീവനക്കാർ |
|---|---|---|---|---|---|
| കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ | അലോപ്പതി | സർക്കാർ | ഓർക്കാട്ടേരി | 4 | 20 |
| ഹെൽത്ത് സബ്സെൻറർ | അലോപ്പതി | സർക്കാർ | ആദിയൂർ | - | 1 |
| ഹെൽത്ത് സബ്സെൻറർ | അലോപ്പതി | സർക്കാർ | കുറിഞ്ഞാലിയോട് | - | 1 |
| സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ സഹകരണ ആശുപത്രി | അലോപ്പതി | സഹകരണം | ഓർക്കാട്ടേരി | 3 | 11 |
| അനുരക്ത ആയുർവ്വേദ ആശുപത്രി | ആയുർവേദം | സ്വകാര്യം | ഓർക്കാട്ടേരി | 2 | 3 |
| സമയ ഹോമിയോ ഹോസ്പിറ്റൽ | ഹോമിയോ | സ്വകാര്യം | ഓർക്കാട്ടേരി | 1 | 1 |
| സുരജ് ക്ലിനിക്ക് & നഴ്സിംഗ്ഹോം | അലോപ്പതി | സ്വകാര്യം | ഓർക്കാട്ടേരി | 1 | 2 |
| ഓർക്കാട്ടേരി ഡന്റൽ ക്ലിനിക്ക് | അലോപ്പതി | സ്വകാര്യം | ഓർക്കാട്ടേരി | 1 | 1 |

## സ്ഥാപനങ്ങളും സേവനങ്ങളും

### കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ:

വടകര ബ്ലോക്കിലെ നാല് പഞ്ചായത്തുകൾക്കും കൂടിയുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ഏറാമല പഞ്ചായത്തിലെ ഓർക്കാട്ടേരിയിൽ പ്രവർത്തിക്കുന്നു. 1988 ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തിയെങ്കിലും ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് വേണ്ട സൗകര്യംപോലും ഇന്നതിന് ലഭ്യമല്ല. പഞ്ചായത്തിലെ എല്ലാ ഗ്രാമ സഭകളിൽ നിന്നും ഇതിൻെറ ശോച്യാവസ്ഥയെക്കുറിച്ച് പരാതികൾ ഉയരുകയും പരിഹാരനിർദ്ദേശങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുകയുമുണ്ടായി. പുതിയ പഞ്ചായത്ത് ഭരണ സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്തിൻെറ കീഴിലാണ് ഈ സ്ഥാപനം വരുന്നതെങ്കിലും ഇതിൻെറ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തിൻെറ നേതൃത്വത്തിൽ സജീവമായ ശ്രമം നടത്തേണ്ടതുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിന്നെക്കുറിച്ച് ഉയർന്നു വന്നിട്ടുള്ള പരാതികളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

- ആവശ്യമായത്ര ഡോക്ടർമാരെ നിയമിക്കുക. ഒരു C.H.Cയിൽ ഗൈനക്കോളജിസ്റ്റ്, സർജൻ, ഫിസിഷ്യൻ, പീഡിയാട്രീഷ്യൻ, അനസ്റ്റേഷ്യസ്റ്റ് എന്നീ സ്പെഷലിസ്റ്റുകൾ ഉൾപ്പെടെ എട്ട് ഡോക്ടർമാർ വേണം.
- രോഗികൾക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുക
- രാത്രിയിൽ ഡ്യൂട്ടി നേഴ്സിനെ ഏർപ്പെടുത്തുക
- എക്സറേ യൂനിറ്റ് സ്ഥാപിക്കുക.
- ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുക.
- 30 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുക
- ആവശ്യമായത്ര പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കുക. C.H.Cയിൽ 5 സ്റ്റാഫ് നേഴ്സും അതിലേറെ നേഴ്സിംഗ് അസിസ്റ്റൻറ് മാരും വേണം.
- കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ തീർക്കുക.
- ഫിസിയോ തെറാപ്പി യൂണിറ്റ് പ്രവർത്തന സജ്ജമാക്കുക സൈക്കോളജിക്കൽ യൂണിറ്റ് സ്ഥാപിക്കുക.
- ആശുപത്രിയിൽ ശുദ്ധജലം വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക വാട്ടർ ടാങ്കിൻേറയും, കിണറുകളുടേയും സ്ഥിതി പരിതാപകരമാണ്.
- ആശുപത്രി പരിസരം ശുചിത്വമുള്ളതാക്കി മാറ്റുക. മഴക്കാലത്ത് ചുറ്റിലും വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക
- മുഴുവൻ സമയ സ്വീപ്പറെ നിയമിക്കുക.
- ഒ.പി. രോഗികൾക്ക് ബെഞ്ച്, മൂത്രപ്പുര, തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാക്കുക
- ഓക്സിജൻ സിലിണ്ടർ സൗകര്യമുണ്ടാക്കുക.
- ആശുപത്രി വികസന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

വർഷങ്ങളായി അവഗണന മാത്രം ലഭിച്ചു പോരുന്ന ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിനു വേണ്ട എല്ലാ സൗകര്യവും ലഭ്യമാക്കണം.

### സബ് സെൻററുകൾ:-

പുതിയ പഞ്ചായത്ത്രാജ് നിയമപ്രകാരം ഹെൽത്ത് സബ് സെൻററുകൾ ഗ്രാമ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണ്. 5000 പേർക്ക് ഒരു സബ് സെൻറർ എന്ന കണക്കിൽആറ് സബ്സെൻററുകളെങ്കിലും നമ്മുടെ പഞ്ചായത്തിൽ ആവശ്യമാണ്. സബ്സെൻററുകളുടെ ആവശ്യകതയെക്കുറിച്ച് എല്ലാ വാർഡുകളിൽ നിന്നും അഭിപ്രായങ്ങൾ ഉയർന്നിട്ടുണ്ട്. ആറാം വാർഡിലെ ആദിയൂരിലും 12ാം വാർഡിലെ കുറിഞ്ഞാലിയോടും മാത്രമേ ഇപ്പോൾ സബ്സെൻററുകൾ പ്രവർത്തിക്കുന്നുള്ളൂ. കന്നുമ്മക്കര, തുരുത്തിമുക്ക്, കാർത്തികപ്പള്ളി എന്നിവിടങ്ങളിൽ സബ് സെൻ

ററുകൾ സ്ഥാപിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ആദിയൂരിലെ കേന്ദ്രം സാമാന്യം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ഈ കേന്ദ്രത്തിൽ വൈദ്യുതിയില്ലാത്തത് ഒരു പ്രധാന പ്രശ്നമാണ്. കുറിഞ്ഞാലിയോട് കേന്ദ്രത്തിൻെറ സ്ഥിതി പരിതാപകരമാണ്. കെട്ടിടത്തിൻെറ "അനാരോഗ്യം" കാരണം നേഴ്സ് ഇപ്പോൾ അവിടെ താമസിക്കാറില്ല. കെട്ടിടത്തിൻെറ അറ്റകുറ്റപ്പണി തീർക്കുകയും; കക്കൂസ് ടാങ്ക് റിപ്പയർ ചെയ്യുകയും വേണം. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽനിന്ന് ഒരു ഡോക്ടർ മാസത്തിലൊരിക്കലെങ്കിലും ഈ കേന്ദ്രങ്ങളിൽ എത്തി രോഗികളെ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. മുമ്പ് ചെയ്തിരുന്നതുപോലെ സബ് സെൻററുകൾ കേന്ദ്രീകരിച്ച് പോഷകാഹാരം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം

## മറ്റ് ആരോഗ്യകേന്ദ്രങ്ങൾ:

സർക്കാർ തലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങൾക്ക് പുറമേ ഒരു സഹകരണ ആസ്പത്രിയും, മൂന്ന് സ്വകാര്യ ആശുപത്രികളും - നേഴ്സിംഗ് ഹോമുകളും - ഏറാമല പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ കൊണ്ട് ഏറെ മുന്നിട്ട് നൽക്കുന്നതാണ് സഹകരണ ആശുപത്രി. എന്നാൽ വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവം മൂലം ഈ ആശുപത്രി ജനങ്ങൾക്ക് വേണ്ടത്ര ഉപകരിക്കുന്നില്ലായെന്നതാണ് വാസ്തവം. ഒരു നല്ല ആരോഗ്യകേന്ദ്രമായി ഈ സ്ഥാപനം ഉയർന്നുവരുന്നത് പഞ്ചായത്തിലെ ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദമായിരിക്കും.

## ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ:

കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ കീഴിൽ വാർഡുകൾ കേന്ദ്രീകരിച്ച് ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്മാർ പ്രവർത്തിക്കുന്നു. ഇവരുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നാണ് ഗ്രാമസഭകളിൽ നിന്ന് പൊതുവേ ഉണ്ടായ അഭിപ്രായം. മാസത്തിൽ ഒരു തവണയെങ്കിലും ഇവർ ഓരോ വീടും സന്ദർശിക്കേണ്ടതുണ്ട്. ഈ ഭവനസന്ദർശനം ആരോഗ്യപ്രവർത്തനത്തിൻെറ ഏറ്റവും വിലപ്പെട്ട ഘടകമാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൻെറ നല്ലൊരു ശതമാനം വീടുകളിലും ആരോഗ്യപ്രവർത്തകർ സന്ദർശനം നടത്താറില്ലയെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പ്രതിരോധ കുത്തിവെപ്പുകൾ, കുടുംബാസൂത്രണ ബോധവൽക്കരണം, എന്നീ പ്രവർത്തനങ്ങൾക്ക് പുറമേ പകർച്ച വ്യാധികൾക്കെതിരെയുള്ള ബോധവൽക്കരണം രോഗലക്ഷണ പിരിശോധന, എന്നീ പ്രവർത്തനങ്ങളിലും ഇവർ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാനാവശ്യമായി പരിപാടികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

മെച്ചപ്പെട്ട ആരോഗ്യത്തിൻെറ ആവശ്യഘടകങ്ങളിൽ ഒന്നാണ് ആരോഗ്യവിദ്യാഭ്യാസം ഡോക്ടർമാരിലും ആരോഗ്യപ്രവർത്തകരിലും മാത്രമായി ഒതുങ്ങി നിൽക്കാതെ സാധാരണ ജനങ്ങളിലും ആരോഗ്യത്തെക്കുറിച്ചുള്ള അറിവ് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇത്തരം ആരോഗ്യ വിദ്യാഭ്യാസ പദ്ധതിയിൽ താഴെപറയുന്നവ ഉൾപ്പെടുത്തിയിരിക്കണം.

- സാംക്രമിക രോഗങ്ങൾ, പകരുന്ന രീതി, പ്രതിരോധ മാർഗങ്ങൾ, പ്രതിരോധ കുത്തിവെപ്പുകൾ
- പ്രഥമ ശുശ്രൂഷ, ചികിത്സാരീതികൾ,
- പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യഫലങ്ങൾ
- മുലയൂട്ടലിൻെറ പ്രാധാന്യം
- രക്തദാനം, നേത്രദാനം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ
- കുടുംബാസൂത്രണ മാർഗ്ഗങ്ങളും, ആവശ്യതകളും.

പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും
[കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ഒഴികെ]

| വാർഡ് | സ്ഥിതി-പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 1. | ഹെൽത്ത്സെൻററില്ല. ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. | ഒരു അലോപ്പതിഹെൽത്ത് സെൻറർ സ്ഥാപിക്കണം. ബോധവൽക്കരണപ്രവർത്തനത്തിനു വേണ്ടി J.P.H.N മാരുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. |
| 2. | ആരോഗ്യ കേന്ദ്രങ്ങൾ ഇല്ല. ചെങ്കണ്ണ്, ചിക്കൻ പോക്സ്, അതിസാരം തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. | തട്ടോളിക്കര, നെല്ലാച്ചേരി എന്നീ ഭാഗങ്ങളിൽ ഹെൽത്ത് സെൻറർ സ്ഥാപിക്കണം, ഒരു ആയുർവേദ/ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കണം. പ്രതിരോധ കുത്തിവെപ്പുകൾ വാർഡ് അടിസ്ഥാനത്തിൽ ഫലപ്രദമായി നടത്തണം. |
| 3 | ആരോഗ്യകേന്ദ്രങ്ങൾ ഇല്ല | വാർഡിൽ ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കണം. വൃദ്ധരായ രോഗികൾക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം വേണം. |
| 4. | ആരോഗ്യകേന്ദ്രങ്ങൾ ഇല്ല | കന്നുമ്മക്കര, ഏറാമല ഭാഗം കേന്ദ്രീകരിച്ച് ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കണം. രോഗപ്രതിരോധ കുത്തിവെപ്പുകൾ വാർഡ് കേന്ദ്രീകരിച്ച് ചെയ്യണം. "മഹിളാ സ്വസ്ഥ സംഘി"ൻെറ പ്രവർത്തനം വിപുലമാക്കണം. |
| 5. | ഹെൽത്ത് സെൻററുകളോ, ഡിസ്പെൻസറികളോ ഇല്ല | ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിക്കണം ആരോഗ്യബോധവൽക്കരണ ക്ലാസുകൾ നടത്തണം |
| 6. | ഹെൽത്ത് സബ്സെൻറർ ഉണ്ട്. ബോധവൽക്കരണ പ്രവർത്തനം കാര്യക്ഷമമല്ല. | ഹെൽത്ത് സെൻററിൽ ഡോക്ടറെ നിയമിക്കുകയും മരുന്നുകൾ ലഭ്യമാക്കുകയും വേണം. രോഗപ്രതിരോധ നടപടികൾ കാര്യക്ഷമമാക്കണം. ആയുർവ്വേദ രംഗത്ത് പ്രവർത്തിക്കുന്ന വൈദ്യന്മാരുടെ സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്തണം. |
| 7. | കമ്മ്യൂണിറ്റി ഹൽത്ത് സെൻറർ സ്ഥിതിചെയ്യുന്നു | ആരോഗ്യപ്രവർത്തകർ വീടുകയറിയുള്ള പ്രവർത്തനം കാര്യക്ഷമമാക്കണം. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. |
| 8. | ആരോഗ്യകേന്ദ്രങ്ങൾ ഇല്ല. ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമല്ല. ആയുർവേദ/ഹോമിയോ ഡിസ്പെൻസറികൾ ഇല്ല. | ആയുർവ്വേദ/ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കണം. ജെ.പി.എച്ച്.എൻ മാരുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. |

| | | |
|---|---|---|
| 9. | സഹകരണആശുപത്രിയും 3 സ്വകാര്യ ആശുപത്രികളും പ്രവർത്തിക്കുന്നു. | ടൗൺ കേന്ദ്രീകരിച്ച് ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കണം. ഹെൽത്ത്കാർഡ് സംവിധാനം നടപ്പിലാക്കണം. |
| 10. | ആരോഗ്യ കേന്ദ്രങ്ങൾ ഇല്ല. J.P.H.Nമാരുടെ പ്രവർത്തനം കാര്യക്ഷമമല്ല. | ഒരു ഹെൽത്ത് സബ്സെൻററ് സ്ഥാപിക്കുക. ആരോഗ്യസെമിനാർ, രോഗപ്രതിരോധ സെമിനാർ, തുടങ്ങിയ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. |
| 11. | ആരോഗ്യകേന്ദ്രങ്ങൾ ഇല്ല. ബോധവൽക്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. | വാർഡിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുക. ആരോഗ്യബോധവൽക്കരണം നടത്തുന്നതിന് വാർഡുതല കേന്ദ്രം സ്ഥാപിക്കുക. |
| 12. | ഹെൽത്ത് സബ്സെൻററ് ഉണ്ട്. പ്രവർത്തനം കാര്യക്ഷമമല്ല. | ഹെൽത്ത് സെൻററിൻെറ പ്രവർത്തനം മെച്ചപ്പെടുത്തണം. കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ തീർക്കണം. പോഷകാഹാര വിതരണം നടത്തണം. ഡോക്ടർ സന്ദർശിച്ച് പരിശോധന നടത്തുന്ന സമ്പ്രദായം വേണം. |

## പൊതുനിർദ്ദേശങ്ങൾ

### *ഹെൽത്ത് കാർഡ് സംവിധാനം:*

ഗ്രാമപഞ്ചായത്തിലെ പല ഗ്രാമസഭകളിൽ നിന്നും പൊതുവേ ഉയർന്നുവന്നതും, ചികിത്സാരംഗത്ത് വളരെ ഗുണകരവുമായതുമായ ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ് സംവിധാനം. സ്ഥായിയായ രോഗങ്ങൾ ഉള്ളവർക്കും, ഗർഭിണികൾ, കുട്ടികൾ എന്നിവർക്കും ഈ സംവിധാനം ഏറെ ഗുണകരമാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറയും സാമൂഹ്യ സന്നദ്ധ സംഘടകളുടേയും സഹകരണത്തോടെ ഈ സംവിധാനം പ്രാവർത്തികമാക്കാൻ കഴിയും.

### *കേൻസർ സർവ്വേ:*

1995 ൽ പഞ്ചായത്തിലെ മുഴുവൻ വീടുകളും കേന്ദ്രീകരിച്ച് കേൻസർ സർവ്വേ നടക്കുകയുണ്ടായി. ഓർക്കാട്ടേരിയിലെ സാമൂഹിക സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന വി.ഇ.സി ട്രസ്റ്റ് മുൻകൈയ്യെടുത്ത് രൂപം കൊടുത്ത കേൻസർ കെയർ യൂണിറ്റാണ് ഈ പ്രവർത്തനം സംഘടിപ്പിച്ചത്. മൂന്നുവർഷത്തിലൊരിക്കലെങ്കിലും പഞ്ചായത്ത് തലത്തിൽ ഇത്തരംസർവ്വേ നടത്തേണ്ടതുണ്ട്. ഇതിന് 'കേൻസർ കേയർ യൂനിറ്റിൻെറ' പ്രവർത്തനങ്ങൾക്ക് ആരോഗ്യ കേന്ദ്രങ്ങളുടേയും, സാമൂഹ്യ സന്നദ്ധ സംഘടനകളുടേയും, ഗ്രാമപഞ്ചായത്തിൻെറയും സഹായ സഹകരണങ്ങൾ നല്കേണ്ടത് അത്യന്താപേക്ഷിതമാണ്.

### *രക്തഗ്രൂപ്പ് ഡയരക്ടറി:*

ആരോഗ്യരംഗത്ത് പ്രവർത്തനങ്ങളിൽ രക്തദാനപ്രവർത്തനത്തിന് വളരെ വലിയ സ്ഥാനമുണ്ട്. രക്തദാനത്തെ കുറിച്ച് ജനങ്ങളുടെ ഭയാശങ്കകൾ പരിഹരിക്കാൻ വ്യാപകമായ പ്രചരണം നടത്തേണ്ടതുണ്ട്. പഞ്ചായത്ത് തലത്തിൽ രക്തദാന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്വേണ്ടി "പഞ്ചായത്ത് രക്തഗ്രൂപ്പ് ഡയരക്ടറി" ഉണ്ടാക്കുന്നത് ഗുണകരമായിരിക്കും. പന്ത്രണ്ട് വാർഡുകളിലും ആരോഗ്യപ്രവർത്തകരുടേയും സാംസ്കാരിക വേദികളുടേയും സഹായത്തോടെ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് വാർഡുതലത്തിൽ ഡയരക്ടറിയും അത് ക്രോഡീകരിച്ച് പഞ്ചായത്ത് രക്തഗ്രൂപ്പ് ഡയരക്ടറിയാക്കി മാറ്റുകയുംവേണം. ചില സാംസ്ക്കാരിക വേദികൾ മുൻകൈ എടുത്തുകൊണ്ട്ചില വാർഡുകളിൽ രക്തഗ്രൂപ്പ്നിർണ്ണയ ക്യാമ്പുകൾ നടത്തപ്പെട്ടിട്ടുണ്ട്.

### *മഹിളാ സ്വസ്ഥ് സംഘ്:*

ആരോഗ്യബോധവൽക്കരണരംഗത്ത് ഏറെ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ കഴിയുന്ന മഹിളാസ്വസ്ഥ് സംഘിൻെറ പ്രവർത്തനം എല്ലാവാർഡുകളിലേക്കും വ്യാപിക്കേണ്ടതുണ്ട്. ഇപ്പോൾ ഇതിൻെറ പ്രവർത്തനം ഓർക്കാട്ടേരി C.H.Cകേന്ദ്രീകരിച്ചും 4ാം വാർഡിൽ പുതുമ സാംസ്കാരിക വേദിയും കേന്ദ്രീകരിച്ച് മാത്രമേ നടക്കുന്നുള്ളു. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള സാംസ്ക്കാരിക വേദികളുമായി

ബന്ധപ്പെടുത്തി ഇതിൻെറ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

### *വ്യക്തിപരമായ ശീലങ്ങൾ:*

പുകവലി, വെറ്റിലമുറുക്ക്, മദ്യപാനം, പൊടിവലി എന്നീശീലങ്ങൾ മറ്റെല്ലാ പ്രദേശങ്ങളിലെന്നപോലെ നമ്മുടെ ഗ്രാമത്തിലെ ജനതയുടെ ആരോഗ്യത്തേയും വളരെയേറെ ബാധിക്കുന്നുണ്ട്. ഇവയിൽ പുകവലി, മദ്യപാനം, പൊടിവലി എന്നിവ പ്രധാനമായും പുരുഷന്മാരുടെയിടയിലുള്ള ശീലമാണെങ്കിൽ വെറ്റില മുറുക്ക് പുരുഷന്മാരിലും, സ്ത്രീകളിലും കണ്ടുവരുന്നു. പ്രായം ചെന്നവരുടെയിടയിൽ ഇത്തരം ശീലങ്ങൾ വളരെ കൂടുതലാണെന്ന്കാണാൻ കഴിയും. കേൻസർ, ഹൃദ്രോഗം ശ്വാസകോശ രോഗങ്ങൾ തുടങ്ങി മനുഷ്യൻെറ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന ഒട്ടേറെ രോഗങ്ങൾക്ക് ഇവകാരണമാവുന്നു. ഇവയ്ക്ക്എതിരെ വ്യാപകമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. വളർന്നുവരുന്ന തലമുറയെഎങ്കിലും ഇത്തരം ദുശ്ശീലങ്ങളിൽ നിന്ന് വിമുക്തരാക്കേണ്ടതുണ്ട്. ചെറിയ കുട്ടികളിൽ പോലും വെറ്റില മുറുക്ക് ഒരു 'ഫേഷൻ' ആണെന്ന ധാരണ വളർന്നു വരുന്നുണ്ട്. ടൗണിൽ സുലഭമായി കിട്ടുന്ന പാൻമസാലകൾ കുട്ടികൾ പോലും ശീലമാക്കുന്നുണ്ട്. മധുരം ചേർത്തും, സുഗന്ധദ്രവ്യങ്ങൾ ചേർത്തും നമ്മുടെ ഭാവിതലമുറയെ ലഹരിയിലേക്ക് കൈപിടിച്ചുയർത്തുന്നഇത്തരം പാൻമസാല കടകൾ നിയന്ത്രിക്കേണ്ടതുണ്ട്.

## കുടിവെള്ളം

ജീവൻെറ നിലനിൽപിന്ന് ആവശ്യമായ ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണല്ലോ കുടിവെള്ളം. ജലത്തിന് താരതമ്യേന ക്ഷാമം കുറഞ്ഞ പ്രദേശമായിട്ടാണ് നമ്മുടെ സംസ്ഥാനം കരുതപ്പെടുന്നത്. എന്നാൽ കാലവർഷത്തിന് ഉണ്ടാവുന്ന അസ്ഥിരതയും ജലസ്രോതസ്സുകൾ അശാസ്ത്രീയമായി നശിപ്പിക്കപ്പെടുന്നതും നമ്മുടെ സംസ്ഥാനത്ത് വർഷം തോറും കുടിവെള്ളക്ഷാമം വർദ്ധിച്ചുവരാൻ കാരണമാവുന്നു. പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ധാരാളം ഉയർന്ന പ്രദേശങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 15 ശതമാനം എങ്കിലും കുടിവെള്ളക്ഷാമം അനുഭവിക്കുന്നു. ഇതിൽ 5 ശതമാനത്തിൻെറ സ്ഥിതി ഏറെ ഗുരുതരമാണ്.

കുടിവെള്ളത്തിനായി കിണറുകളെ മാത്രം ആശ്രയിക്കുന്ന രീതി മാറ്റി കുളങ്ങൾ, മറ്റ് ജലവിതരണ പദ്ധതികൾ എന്നിവ കൂടി നാം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഓർക്കാട്ടേരി ടൗണിൽ ഇരുപതിൽ അധികം ഹോട്ടൽ, ചായപീടികകളും അതിലേറെ ശീതളപാനീയ കടകളുമുണ്ട്. ഇത്തരം കടകൾക്ക് ഉപയോഗിക്കാൻ വേണ്ടുന്ന ശുദ്ധജലം ലഭ്യമാക്കാൻ ടൗണിൽ ഇന്നുള്ള ഒന്നോ രണ്ടോ പൊതുകിണറുകൾ തികച്ചും അപര്യാപ്തമാണ്. മുമ്പ് ഓർക്കാട്ടേരി ടൗണിൽ കുടിവെള്ളം വിതരണം ഉണ്ടായിരുന്നു എന്നതിന് തെളിവാണ് കച്ചേരി മൈതാനിയിൽ നോക്കുകുത്തിപോലെ നിൽക്കുന്ന വാട്ടർ ടാങ്കും, റോഡരികിൽ അങ്ങിങ്ങായി കാണുന്ന പഴകിയവാട്ടർ ടാപ്പുകളും. വർഷങ്ങൾക്ക് മുൻപ് ഓർക്കാട്ടെരിയിലെ ജനത നേടിയെടുത്ത ഈ ജലവിതരണ പദ്ധതി ഇന്ന് പൂർണ്ണമായും ഉപയോഗ ശൂന്യമായിരിക്കുകയാണ്.. നമ്മുടെ പൂർവ്വികന്മാർ ഏറെ പണിപ്പെട്ട് നേടിയെടുത്ത ഈ പദ്ധതി നിലനിർത്താൻ നമുക്ക് കഴിയാതെപോയി എന്നത് ഏറെ ദു:ഖകരമാണ്. എല്ലാ ഗ്രാമസഭകളിൽ നിന്നും കുടിവെള്ള പ്രശ്നത്തെക്കുറിച്ച് വളരെ ഗൗരവകരമായ ചർച്ച നടക്കുകയുണ്ടായി. നമ്മുടെ പ്രാഥമികാവശ്യങ്ങളിൽ ഒന്നായ കുടിവെള്ളത്തിന് അർഹമായ ഗൗരവം നൽകി പരിഹാരം കാണുന്നതിൽ അതീവ ശ്രദ്ധ നൽകേണ്ടതുണ്ട്.

## കുടിവെള്ള പ്രശ്നം നേരിടുന്ന സ്ഥലങ്ങളും വീടുകളുടെ എണ്ണവും.

| വാർഡ് | സ്ഥലം | വീടുകളുടെ എണ്ണം (ഏകദേശം) |
|---|---|---|
| 1. | മൊട്ടേമ്മൽ ഭാഗം<br>കോട്ടായി ഭാഗം<br>എരഞ്ഞാം കുന്നത്ത് ഭാഗം<br>കൂവക്കാട്ടിൽ ഭാഗം | 20<br>15<br>15<br>15 |
| 2 | മലമൽ കുന്ന്<br>തട്ടോളിക്കരസ്കൂൾ ഏരിയ<br>പള്ളൂർ ഭാഗം<br>വലിയ പറമ്പത്ത് ഏരിയ | 30<br>15<br>10<br>20 |
| 3. | മൊട്ടപ്പാറ ഭാഗം<br>കളരിക്കുന്നു ഭാഗം | 50<br>30 |
| 4. | പുഴയോരപ്രദേശം<br>പയ്യത്തൂർ ഭാഗം<br>പുതുമ എരിയ<br>പെരുമ്പുഴക്കര ഭാഗം | 25<br>25<br>25<br>30 |
| 5. | തെക്കേ ചന്ദ്രോത്ത് ഭാഗം<br>വെള്ളുത്ത പറമ്പത്ത് ഏരിയ<br>ചമ്പോളി ഏരിയ | 25<br>20<br>18 |
| 6. | ഹൈസ്കൂൾ - പടിഞ്ഞാറ് ഭാഗം<br>തൈവച്ച പറമ്പ് ഏരിയ<br>ലക്ഷം വീട് ഏരിയ<br>വലിയ പറമ്പത്ത് ഭാഗം | 20<br>15<br>25<br>20 |
| 7. | മമ്പള്ളിക്കുന്ന്<br>നെല്ലോളി ഭാഗം<br>കല്ലേരിക്കുന്ന് ഭാഗം<br>മുള്ളൻ കുന്നത്ത് ഭാഗം | 20<br>15<br>10<br>5 |
| 8. | ലക്ഷംവീട് ഏരിയ | 8 |
| 9. | കണ്ടോത്ത് കുന്നുമ്മൽ ഭാഗം<br>ഓർക്കാട്ടേരി ടൗൺ | 15 |
| 10. | കല്ലേരികുന്ന്<br>ഏരത്ത് കുന്ന്<br>തിയ്യപ്പാടി ഭാഗം<br>മീത്തലെ പറമ്പ് ഭാഗം | 25<br>10<br>15<br>10 |
| 11. | പുത്തൂർ കുന്ന്<br>പള്ളികുന്ന്<br>കൊരട്ടോൽ നാല്സെൻറ് കോളനി<br>കണ്ടീക്കര ഭാഗം | 10<br>25<br>20<br>25 |
| 12. | ചെത്തിൽ നാല് സെൻറ് കോളനി<br>കൊടക്കുന്ന് ഭാഗം<br>കല്ലറക്കാവ് മല ഏരിയ<br>ഇത്തിൾകുന്ന് ഭാഗം<br>പുത്തൻപുരയിൽ ഭാഗം<br>തെക്കേമലയിൽ ഭാഗം | 15<br>10<br>10<br>10<br>5<br>10 |
| | ആകെ | 521 |

## *ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ള പരിഹാരനിർദ്ദേശങ്ങൾ*

### *വാർഡ് 1:-*

മൊട്ടേമ്മൽ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ താഴെ കിണർ കുഴിച്ച് ജലവിതരണ സമ്പ്രദായം ഏർപ്പെടുത്തണം. കോട്ടായി ഭാഗം എരഞ്ഞാ കുന്നത്ത് ഭാഗം എന്നീവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ പൊതു കിണറുകൾ കുഴിക്കണം. കുവ്വക്കാട്ടിൽ ഭാഗത്ത് പൊതുകിണർ കുഴിക്കണം.

### *വാർഡ് 2:*

മലമൽകുന്ന്, തട്ടോളിക്കര ഭാഗം എന്നീ പ്രദേശത്തെകുടിവെള്ള ക്ഷാമം പരിഹരിക്കാൻ വയനോളി താഴ ഭാഗത്ത് കിണർകുഴിച്ച് ജലവിതരണം നടത്തണം. പള്ളൂർ ഭാഗം, വിലിയ പറമ്പത്ത് ഭാഗം എന്നീവിടങ്ങളിൽ പൊതുകിണറുകൾ കുഴിച്ചാൽ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. തട്ടോളികുളം നവീകരിച്ച് ശുദ്ധജല വിതരണത്തിനായി ഉപയോഗിക്കണം.

### *വാർഡ് 3:-*

മൊട്ടപ്പാറ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാൻ അവിടെ ലഭ്യമായ പൊതുസ്ഥലത്ത് കിണർ കുഴിച്ച് ജലവിതരണം നടത്തണം കളരിക്കുന്ന് ഭാഗത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ താഴെയുള്ള പുറമ്പോക്ക് ഭാഗത്ത് കിണർ കുഴിച്ച് മുകളിൽ ടാങ്ക്കെട്ടി ജലവിതരണം ചെയ്യണം.

### *വാർഡ് 4:-*

പുഴയോര പ്രദേശത്ത് കിണർ കുഴിച്ചാൽ ഉപ്പു വെള്ളമായതിനാൽ പുഴയിൽ നിന്ന് അകന്ന പ്രദേശത്ത് കിണർ കുഴിച്ച് ജലവിതരണം നടത്തണം. പയ്യത്തൂർഭാഗം, പുതുമഭഗം എന്നീവിടങ്ങളിൽ പൊതുകിണർ കുഴിക്കണം.

### *വാർഡ് 5:-*

തെക്കേ ചന്ദ്രോത്ത് ഭാഗത്ത് പൊതുകിണർ

കുഴിച്ച് ജലക്ഷാമം പരിഹരിക്കണം. വെളുത്ത പറമ്പത്ത് ഭാഗത്തും പൊതുകിണർ കുഴിക്കണം. ചമ്പോളി ഭാഗത്ത് പൊതുകിണർ കുഴിക്കണം.

*വാർഡ് 6:-*

ഹൈസ്കൂൾ പടിഞ്ഞാറ് ഭാഗത്ത് താഴ്ന്ന പ്രദേശത്ത് കിണർ കുഴിച്ച് ജലവിതരണം നടത്തണം. തൈവച്ചപറമ്പത്ത് പൊതുകിണർ കുഴിക്കണം. ലക്ഷം വീട് കോളനിയിൽ നിലവിലുള്ള കിണർ കോളനിക്കാർക്ക് മതിയാവുന്നില്ല. ഇവിടെ ഒരു പൊതുകിണർ കൂടി കുഴിച്ച് അവിടുത്തെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്. വലിയ പറമ്പത്ത് ഭാഗത്ത് കിണർ കുഴിച്ചാൽ വെള്ളം കിട്ടാൻ പ്രയാസമുള്ളതുകൊണ്ട് ജലവിതരണ പദ്ധതി നടപ്പിലാക്കണം.

*വാർഡ് 7:-*

മമ്പള്ളിക്കുന്നിന്റെ താഴെ ഭാഗത്ത് കിണർ കുഴിച്ച് കുന്നിന്റെ മുകളിൽ ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കിയാൽ ഇവിടെയുള്ള കുടിവെള്ളപ്രശ്നം പരിഹരിക്കാവുന്നതാണ്. നെല്ലോളി ഭാഗത്ത് ഉപ്പുവെള്ള മായതിനാൽ പുഴയിൽ നിന്ന് അകന്ന പ്രദേശത്ത് കിണർകുഴിച്ച് വെള്ളം വിതരണം ചെയ്യണം. മുള്ളാംകുന്നത്ത് ഭാഗത്ത് പൊതുകിണർ കുഴിക്കണം. കല്ലേരി ഭാഗത്ത് കുഴൽക്കിണർ കുഴിച്ച് ജലക്ഷാമം പരിഹരിക്കണം.

*വാർഡ് 8*

ലക്ഷംവീട് ഭാഗത്ത് പൊതുകിണർ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കിയാൽ അവിടെയുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

*വാർഡ് 9:-*

കണ്ടോത്ത് കുന്നുമ്മൽ പ്രദേശത്ത് കിണിർ കുഴിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ താഴെഭാഗത്ത് കിണർകുഴിച്ച് ജലവിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

*വാർഡ് 10:-*

കല്ലേരിക്കുന്ന് ഭാഗത്ത് സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള കിണർ പൊതുകിണറാക്കി മാറ്റിയാൽ അവിടെയുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും. ഏരത്ത്കുന്ന് ഭാഗത്ത്കിണർ കുഴിക്കാനുള്ള സ്ഥലം സ്വകാര്യവ്യക്തി നൽകാൻ തയ്യാറാണ്. ഇവിടെ പൊതുകിണർ കുഴിക്കണം. ഈ ഭാഗത്ത് അടിഭാഗത്ത് പാറയായതിനാൽ കിണർ കുഴിച്ചാൽ പ്രായോഗികമാണോ എന്ന് പരിശോധിക്കണം. തിയപ്പാടി ഭാഗത്ത് കുഴൽകിണർ കുഴിച്ച് ജലക്ഷാമം പരിഹരിക്കണം മീത്തലെപറമ്പ് ഭാഗത്ത് പൊതുകിണർ കുഴിക്കണം.

*വാർഡ് 11:-*

പുത്തൂർകുന്ന്ഭാഗത്തുള്ള പുറമ്പോക്ക്സ്ഥലത്ത് പൊതുകിണർ കുഴിക്കാൻ നടപടി വേണം. കൊരട്ടോൽ നാല്സെൻറ് കോളനി ഭാഗത്ത് രണ്ട് ഉപയോഗയോഗ്യമല്ലാത്ത കിണറുകൾ ഉണ്ട് അവ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കണം. പള്ളിക്കുന്ന് ഭാഗത്ത് കിണർ കുഴിക്കുന്നത് അപ്രായോഗികമായതിനാൽ താഴേ കിണർകുഴിച്ച് ജലം എത്തിക്കാനുള്ള പദ്ധതി നടപ്പിലാക്കണം. കണ്ടീക്കര ഭാഗത്ത് വേനൽക്കാലത്ത് ഉണ്ടാവുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ കനാലിലൂടെ വെള്ളം തുറന്നു വിടണം.

*വാർഡ് 12:-*

കൊടക്കുന്ന് ഭാഗത്ത് ടാങ്ക്കെട്ടി നൂഞ്ഞിയിൽ താഴേ ഭാഗത്ത് ജലം എത്തിച്ചാൽ കൊരട്ടോൽ, കൊടക്കുന്ന്, ചെത്തിൽ ഭാഗത്ത് ജലവിതരണം നടത്താം. പടിഞ്ഞാറയിൽ ഭാഗത്ത് ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന കിണർ നവീകരിച്ച് ഉപയോഗയോഗ്യമാക്കണം. കല്ലറക്കാവ്മല ഭാഗത്ത് കൂടുതൽ കിണർ കുഴിച്ച് വെള്ളം എത്തിക്കാൻ സംവിധാനം ഏർപ്പെടുത്തണം. ഇത്തിൾക്കുന്ന് ഭാഗത്ത് പൊതുകിണർ കുഴിക്കണം. ഈ പ്രദേശങ്ങൾക്കെല്ലാം ഗുണകരമാവുന്ന രീതിയിൽ ഒരു ബൃഹത്പദ്ധതി നടപ്പിലാക്കണം

## പഞ്ചായത്തിലെ പൊതുകിണറുകൾ

| വാർഡ് | നിലവിലുള്ളവ | | പുതുതായിആവശ്യമുയർന്നവ | |
|---|---|---|---|---|
| | പൊതുകിണർ | കുഴൽകിണറുകൾ | പൊതുകിണറുകൾ | കുഴൽ കിണറുകൾ |
| 1 | 3 | - | 2 | 1 |
| 2 | 2 | 1 | 2 | - |
| 3 | 1 | - | 2 | - |
| 4 | 4 | - | 3 | - |
| 5 | 1 | - | 3 | 1 |
| 6 | 2 | 1 | 3 | - |
| 7 | 4 | - | 3 | 1 |
| 8 | 3 | - | - | - |
| 9 | 1 | - | 1 | - |
| 10 | 1 | 1 | 3 | 1 |
| 11 | 1 | 1 | 3 | - |
| 12 | 6 | 1 | 4 | 1 |
| ആകെ | 29 | 4 | 29 | 5 |

### പൊതുനിർദ്ദേശങ്ങൾ

#### ഗുളികപ്പുഴ പദ്ധതി:-

ഏറാമല പഞ്ചായത്ത് ഉൾപ്പെടെ നാല് പഞ്ചായത്തുകൾക്കും വടകര മുനിസിപ്പാലിറ്റിക്കും ജലവിതരണത്തിനായി രൂപം കൊടുത്തിട്ടുള്ള ഗുളികപ്പുഴ പദ്ധതി ഇനിയുംപണി പൂർത്തിയാകാതെ കിടക്കുകയാണ്. ഈ പദ്ധതിപ്രകാരം ജലവിതരണം ആരംഭിച്ചാൽനമ്മുടെ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ജലക്ഷാമം പരിഹരിക്കാൻ കഴിയും. ഏറെകാലമായി പ്രതീക്ഷിച്ചുനിൽക്കുന്ന ഈ പദ്ധതി എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കാനുള്ള തീവ്രമായ ശ്രമം നാം നടത്തേണ്ടതുണ്ട്.

#### കനാൽപ്പണി പൂർത്തിയാക്കൽ:-

കുറിഞ്ഞാലിയോട് കിഴക്കയിൽ ഭാഗത്ത് പണിപൂർത്തിയാവാതെ കിടക്കുന്ന കനാലിൻെറ പണി ഉടൻ പൂർത്തിയാക്കണം. ഇതിലൂടെ ജലം ഒഴുകിയെത്തിയാൽ കുറിഞ്ഞാലിയോട് കാർത്തികപ്പള്ളി ഭാഗങ്ങളിൽ വേനൽക്കാലത്തുണ്ടാവുന്ന ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

#### ജലസ്രോതസ്സുകൾ സംരക്ഷിക്കുക

കുടിവെള്ള ലഭ്യത വർഷംതോറും കുറഞ്ഞുവരാനുള്ള കാരണങ്ങളിൽ ഒന്ന് നമ്മുടെ ജലാശയങ്ങൾ അനുദിനം നഷ്ടപ്പെട്ടുപോകുന്നതാണ്. കുളങ്ങൾ, തോടുകൾ എന്നിവ പല ആവശ്യങ്ങൾക്കും നികത്തപ്പെടുകയോ, വിസ്തീർണ്ണം കുറക്കപ്പെടുകയോ ചെയ്യുകയാണ്. ഇവ സംരക്ഷിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കേണ്ടതുണ്ട്.

## പരിസര ശുചിത്വം

ശുചിത്വമുള്ള പരിസരം ആരോഗ്യമുള്ള ജനതയ്ക്ക് അത്യാവശ്യമായ ഒരു ഘടകമാണ്. ശ്വസിക്കുന്ന വായുവിലും കുടിക്കുന്ന വെള്ളത്തിലും, കഴിക്കുന്ന ഭക്ഷണത്തിലും, ചുറ്റുപാടിലും ശുചിത്വം പാലിക്കേണ്ടത് അത്യാവശ്യമാണ്. പരി

സരശുചിത്വകാര്യത്തിൽനമ്മുടെ പഞ്ചായത്തിലുള്ള പ്രശ്നങ്ങളെക്കുറിച്ചും അവക്കുള്ള പരിഹാരമാർഗ്ഗങ്ങളെ കുറിച്ചും ഗ്രാമസഭകളിൽ സജീവമായ ചർച്ച നടക്കുകയുണ്ടായി. ഓർക്കാട്ടേരി ടൗണിൻെറ വികസനത്തിന് അനുപാതികമായി പരിസരശുചിത്വം പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തത് നാം അനുഭവിക്കുന്ന പ്രധാനപ്രശ്നങ്ങളിൽ ഒന്നാണ്. മലിന ജലം കെട്ടികിടക്കുന്ന പ്രദേശങ്ങളും, മാലിന്യങ്ങൾ നിറഞ്ഞുകിടക്കുന്ന പ്രദേശങ്ങളും, (അഴുക്കുചാൽ) നമ്മുടെ ടൗണിൻെറ ശാപമാണ്. ഇതിൻെറയൊക്കെ ഫലമായിട്ടാണ് കൊതുകുശല്യം ടൗണിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചു വരുന്നത്.

പഞ്ചായത്തിലെ പരിസരപ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

## *ടൗണിലെ മാലിന്യം:-*

ടൗണിലെ കച്ചവടസ്ഥാപനങ്ങളിൽ നിന്നും മറ്റും ഉണ്ടാവുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാനോ, നശിപ്പിക്കാനോ ഇപ്പോൾ സൗകര്യമില്ല. ഇപ്പോൾ അത്തരം മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തുരുത്തിമുക്ക് റോഡിൽ ജീപ്പ്സ്റ്റാൻറിൻെറ പിന്നിലായിട്ടാണ്. ഈ മാലിന്യങ്ങൾ കെട്ടിടിഞ്ഞുണ്ടാവുന്ന ദുർഗന്ധം പരിസരവാസികൾക്കും, കച്ചവടക്കാർക്കും, ടൗണിൽ എത്തുന്ന പൊതുജനങ്ങൾക്കും ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്. ടൗണിൽനിന്ന് അല്പം അകന്നസ്ഥലത്ത് ഒരു ട്രഞ്ചിംഗ് ഗ്രൗണ്ട് നിർമ്മിച്ച് മാലിന്യങ്ങൾ സംസ്കരിക്കാൻ നടപടി സ്വീകരിക്കണം. ടൗണിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടി കാര്യക്ഷമമാക്കണം. ടൗണിൽ മാലിന്യസംഭരണികൾ സ്ഥാപിച്ച് മാലിന്യങ്ങൾ അതിൽ നിക്ഷേപിക്കുവാൻ കച്ചവടക്കാർക്ക് കർശനമായ നിർദ്ദേശം നൽകണം. അവ കൃത്യമായി നീക്കം ചെയ്യാനുള്ള നടപടിയും പഞ്ചായത്ത് ചെയ്യേണ്ടതാണ്. ഹോട്ടലുകളിൽ ഭക്ഷണം കഴിക്കാൻ ഉപയോഗിക്കുന്ന ഇലകൾ ടൗണിൻെറ പിൻഭാഗത്തായി നിക്ഷേപിക്കുന്നത് ഗുരുതരമായ പരിസരപ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഇതൊഴിവാക്കാൻ ഹോട്ടലുകളിൽ ഇലക്ക് പകരം സ്റ്റീൽപ്ലേറ്റുകൾ ഉപയോഗിക്കുകയും അവ ചൂടുവെള്ളത്തിൽകഴുകി നൽകാൻ നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നത് ഗുണകരമായിരിക്കും.

## *അഴുക്കുചാൽ:-*

ഓർക്കാട്ടേരി ടൗണിൽ വർഷങ്ങൾക്ക് മുമ്പേ ആരംഭിച്ച അഴുക്കുചാൽ പദ്ധതി ഇനിയും പൂർത്തിയാകാതെ കിടക്കുകയാണ്. ടൗണിൻെറ കിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ വയലിലേക്ക്ഒഴുക്കി വിടുന്ന രീതിയിലാണ് ഇവ നിർമ്മിച്ചിരിക്കുന്ത്. ഇങ്ങനെ മാലിന്യങ്ങൾ ഒഴുക്കി വിടുന്നത് പരിസരവാസികൾക്ക് ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇതിൻെറ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കി മാലിന്യങ്ങൾ പരിസരപ്രശ്നം സൃഷ്ടിക്കുന്നത് തടയണം. വൈക്കിലശ്ശേരിറോഡിൽ ജുമാമസ്ജിദിന് സമീപവും അഴുക്കുചാൽ പണിപൂർത്തിയാകാതെ കിടക്കുകയാണ്.ഇത് പൊതുവഴികളിലേക്കും, കിണറുകളിലേക്കും വ്യാപിക്കുന്നതായി പരാതി ഉയർന്നിട്ടുണ്ട് ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. അഴുക്കുചാൽ വൃത്തിയാക്കാനുള്ള ഒരു ജോലിക്കാരനെ ഓർക്കാട്ടേരി ടൗണിലേക്കായി നിയമിക്കണം.

## *അറവുശാല:-*

ടൗണിൽ മത്സ്യമാർക്കറ്റിനടുത്തായി ആട്, കോഴി, അറവുശാലകൾ സ്ഥിതിചെയ്യുന്നു. മത്സ്യമാർക്കറ്റിനും സമീപത്തുമായി ഇവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നു. ഇത് കച്ചവടക്കാർക്കും, പൊതുജനങ്ങൾക്കും വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. കോഴിസ്റ്റാളുകൾക്ക് കടയിൽനിന്നും ഇറച്ചികോഴികളെ അറുക്കാതെ വിൽക്കാനുള്ള ലൈസൻസ് മാത്രമേയുള്ളു എന്നതാണ് വസ്തുത.എന്നാൽ ഇവർ കോഴികളേഅറുത്ത് വിൽക്കുകയും മാലിന്യങ്ങൾ പരിസരമലിനീകരണം സൃഷ്ടിക്കുന്ന രീതിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. കളിയാംവെള്ളിപുഴയിലും, പരിസരപ്രദേശങ്ങളിലുമാണ് ഇവ പ്രധാനമായും നിക്ഷേപിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ അടിയന്തിരമായി തടയേണ്ടതുണ്ട്. അറവുശാലകൾക്കുള്ള ലൈസൻസ് ഇവർക്കു നൽകി മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സൗകര്യം കൂടി ഏർപ്പെടുത്തികൊടുക്കണം.

## *മത്സ്യമാർക്കറ്റ്:-*

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഓർക്കാട്ടേരി ടൗണിലെ മത്സ്യകച്ചവടത്തിന് ആനുപാതികമായി മത്സ്യമാർക്കറ്റ് വികസിച്ചിട്ടില്ല എന്ന

താണ് വസ്തുത. ഉള്ള സൗകര്യങ്ങൾ ഉപയോഗിക്കാതെ മാർക്കറ്റിന് പുറത്തുവെച്ചാണ് കച്ചവടക്കാർ മത്സ്യം വിൽക്കുന്നത്. മാത്രമല്ല മാലിന്യങ്ങൾ സമീപപ്രദേശങ്ങളിൽ- നിക്ഷേപിക്കുന്നതിനാൽ ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നു. മത്സ്യമാർക്കറ്റിൽ മലിനജലം കെട്ടിക്കിടക്കുന്നു. ഇവിടെനിന്ന് ഒരു ഓവുചാൽ നിർമ്മിച്ച് ഓർക്കാട്ടേരി ടൗണിലെ അഴുക്കുചാലുമായി ബന്ധിപ്പിക്കണം. പഴകിയ മത്സ്യങ്ങൾ മാർക്കറ്റിൽവെച്ച് വിൽപ്പന നടത്തുന്നതായി പലപ്പോഴും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഗുണനിലവാരമുള്ള മത്സ്യങ്ങൾ മാത്രം മാർക്കറ്റിൽ നിന്ന് വിൽപ്പനനടത്തുന്നുവെന്ന് ഉറപ്പുവരുത്താൻ സംവിധാനംവേണം. മത്സ്യമാർക്കറ്റിനകത്ത് അനധികൃതമായി മത്സ്യം സ്റ്റോക്ക് ചെയ്യുന്ന സമ്പ്രദായം നിർത്തലാക്കണം. മാർക്കറ്റിനവകാശപ്പെട്ട സ്ഥലം ചില സ്വകാര്യവ്യക്തികൾ കൈയ്യേറി ഉപയോഗിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മത്സ്യമാർക്കറ്റിൻേറതായ സ്ഥലം സംരക്ഷിക്കപ്പെടുകയും മാർക്കറ്റ് വിപുലമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

## മൂത്രപ്പുരയും കക്കൂസും:-

ദിവസംതോറും ആയിരക്കണക്കിന് ആളുകൾ ബന്ധപ്പെടുന്ന ഓർക്കാട്ടേരി ടൗണിൽ ഒരു പൊതു കക്കൂസും, മൂത്രപ്പുരയും ഇല്ലായെന്നത് ഏറെ ദുഃഖകരമായ കാര്യമാണ്. വർഷങ്ങളായി ഓർക്കാട്ടേരിയിലെ ജനത ഈ ആവശ്യങ്ങൾക്കായി മുറവിളി കൂട്ടിയിട്ടും ഇത് നടപ്പിലാക്കാൻ പല കാരണങ്ങൾ കൊണ്ടും നമുക്ക് കഴിഞ്ഞിട്ടില്ല. ഭൗതികസാഹചര്യങ്ങളായ സ്ഥലവും ജലലഭ്യതയുമാണ് ഇത് സ്ഥാപിക്കാനുള്ള പ്രധാന തടസ്സങ്ങളായി നമുക്ക് മുൻപിൽ ഉണ്ടായിരുന്നത്. എന്നാൽ ഇവയെല്ലാം ലഭിക്കാനുള്ള സാഹചര്യം ഇന്ന് കൈവന്നിട്ടുണ്ട് എന്നത് ആശാവഹമാണ്. ഓർക്കാട്ടേരി ടൗണൽ എത്രയും വേഗം ഇവ സ്ഥാപിക്കാനുള്ള തീവ്രമായ ശ്രമം നാം നടത്തേണ്ടതുണ്ട്.

## കൊതുകുനിവാരണം

മലമ്പനി, മന്ത്, തുടങ്ങിയ പകർച്ചവ്യാധികൾക്ക് കാരണമായിത്തീരുന്ന കൊതുകിനെ നിവാരണം ചെയ്യേണ്ടത് നമ്മുടെ ആരോഗ്യ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടകാര്യമാണ്. മുമ്പെന്നത്തെക്കാളും നമ്മുടെ പഞ്ചായത്തിൽ കൊതുകിൻെറ ശല്യം കൂടിയിട്ടുണ്ട്. ടൗണിലെ മാലിന്യങ്ങൾ, വൃത്തിഹീനമായ അഴുക്കുചാൽ, മത്സ്യമാർക്കറ്റിലും പരിസരത്തുമുള്ള മാലിന്യങ്ങൾ, ടൗണിൻെറ പിന്നിലായി കെട്ടിക്കിടക്കുന്ന മലിനജലം, അശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച കക്കൂസ് ടാങ്കുകൾ എന്നിവയൊക്കെ കൊതുകു പെരുകാനുള്ള പ്രധാനകാരണങ്ങളാണ്. കൊതുകുനിവാരണ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം കൊതുകു നിവാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടും, നമ്മുടെ പഞ്ചായത്തിൽ പ്രായോഗികമായ പ്രവർത്തനങ്ങൾ ഒന്നും നടത്തിയില്ലായെന്ന് ഗ്രാമസഭകളിൽനിന്നും വിമർശനം ഉയർന്നുവന്നിട്ടുണ്ട്. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ പ്രതിരോധപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കണമെന്നുള്ള നമ്മുടെ സങ്കല്പത്തിന് കൊതുകുനിവാരണ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കെട്ടികിടക്കുന്ന മലിനജലം നശിപ്പിക്കുകയും, കക്കൂസ് ടാങ്കുകൾ ശാസ്ത്രീയമായി നിർമ്മിച്ചു കൊതുകുനിവാരണ പ്രവർത്തനം നടത്തുകയും വേണം.

## പൊതുകിണറുകളുടെ ശുചിത്വം

നമ്മുടെ പഞ്ചായത്തിൽ ആകെ 29 പൊതുകിണറുകൾ ഉണ്ട് എന്ന് സർവ്വേ കാണിക്കുന്നു. ഈപൊതു കിണറുകളെ ധാരാളം ആളുകൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നുണ്ട്. ഈ കിണറുകളിൽ നിന്ന് ലഭ്യമാവുന്ന ജലം പൂർണ്ണമായും ശുദ്ധമല്ലായെന്ന് നടത്തിയ പഠനം തെളിയിക്കുന്നു. വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതും, സമീപത്ത് നിന്ന് അലക്കും കുളിയും, സമീപത്തുള്ള മരങ്ങളിൽ നിന്നും, ചപ്പുചവറുകൾ വീഴുന്നതും, ഉപയുക്താക്കളുടെ അശ്രദ്ധയുമൊക്കെ ജലം മലിനമാകുന്നതിനുള്ള കാരണങ്ങളാണ്. ഈ കിണറുകളിലെ വെള്ളത്തിൻെറ ശുദ്ധതയെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതോടൊപ്പം ഈ കിണറുകൾ സംരക്ഷിപ്പിക്കപ്പെടേണ്ടതിൻെറ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും വേണം. ജലപരിശോധന തുടർപരിപാടിയായി വർഷത്തിൽ ഒരിക്കലെങ്കിലും നടത്തേണ്ടതുണ്ട്. ഓർക്കാട്ടേരി ടൗണിലെ പൊതുകിണറുകളിൽ ജലം മലിനമാവുന്നതായി ഗ്രാമസഭയിൽപരാതി ഉയർന്നുവന്നിട്ടുണ്ട്. ദരിദ്രവിഭാഗത്തിന് എന്നും ആശാകേന്ദ്രമായ പൊതുകിണറുകൾ സംരക്ഷിക്കേണ്ടത് ഒരു സാമൂഹ്യബാധ്യതയായി നാം ഏറ്റെടുത്തേ തീരൂ.

## പൊതുശ്മശാനം


പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ആവശ്യമാണെന്ന നിർദ്ദേശം എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ലക്ഷം വീട് കോളനിയിലും നാല് സെൻറ് കോളണിയിലും താമസിക്കുന്നവർക്ക് ശവം മറവു ചെയ്യാൻ സൗകര്യമില്ല. സ്വന്തമായ ഭൂമിയില്ലാത്ത ധാരാളം പേർ ഈ പ്രശ്നം അനുഭവിക്കുന്നുണ്ട്. അനാഥരും പരദേശികളുമായ ആളുകൾ മരിക്കുമ്പോൾ പൊതുപ്രവർത്തകർ ഏറെ ബുദ്ധിമുട്ട് അനുഭവിക്കാറുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് നമ്മുടെ പഞ്ചായത്തിൽ ഒരു പൊതുശ്മശാനത്തിൻെറ അനിവാര്യതയാണ്. പൊതു ശ്മശാനത്തിൻെറ സ്ഥലസൗകര്യത്തെക്കുറിച്ചും പഠനം നടത്തിയപ്പോൾ 5-ാം വാർഡിൽ സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും മുൻകാലങ്ങളിൽ ശ്മശാനമായി ഉപയോഗിച്ചിരുന്നതുമായ 'തീയ്യാറാട്ടിൽ' എന്ന സ്ഥലം ഉള്ളതായി അറിയാൻ കഴിഞ്ഞു. ഇത് പഞ്ചായത്ത് ഏറ്റെടുത്ത് പൊതുശ്മശാനമാക്കി മാറ്റാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുണ്ട്. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വൈദ്യുതശ്മശാനം സ്ഥാപിക്കണമെന്ന് ചില ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

## ബോധവൽക്കരണ പ്രവർത്തനങ്ങൾ

പരിസരശുചിത്വത്തിനുള്ള പ്രവർത്തനം നടത്തുന്നതോടൊപ്പം ശുചിത്വം പാലിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ലഭ്യമായ ഡോക്ടറുടേയും, മറ്റ് ആരോഗ്യ പ്രവർത്തകരുടേയും സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. സ്കൂൾ വിദ്യാർത്ഥികളിൽ പരിസരശുചിത്വം, വ്യക്തിശുചിത്വം എന്നിവ വളർത്തിക്കൊണ്ടുവരാനുള്ള ബോധപൂർവ്വമായശ്രമം നടത്തണം. കുടുംബത്തിൻെറ ആരോഗ്യപരിപാലനത്തിൽ സ്ത്രീകളുടെ പങ്ക് വളരെ വലുതാണ്. അതുകൊണ്ട് വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് സ്ത്രീകൾ മനസ്സിലാക്കിയിരിക്കണം. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ കീഴിലുള്ള 'മഹിളാസ്വാസ്ഥ സംഘത്തി'ൻെറ പ്രവർത്തനം ഉപയോഗപ്പെടുത്താവുന്നതാണ്. എറെ ഉൽബുദ്ധരായ ജനങ്ങളാണ് നമ്മുടെ 'പ്രദേശത്ത് ഉള്ളതെങ്കിലും പൊതുസ്ഥലങ്ങളിൽ ശുചിത്വം പാലിക്കുന്നതിൽ നമ്മൾ ഏറെ അശ്രദ്ധ കാണിക്കാറുണ്ട്. വ്യക്തിശുചിത്വം വീടിൻെറ ശുചിത്വമായും, വീടിൻെറ ശുചിത്വം ഗ്രാമത്തിൻെറ ശുചിത്വമായും വളർത്തിക്കൊണ്ടുവരേണ്ടതാണ്.

## കക്കൂസ്:-

പരിസരശുചിത്വവുമായി ബന്ധപ്പെട്ട് നാം ശ്രദ്ധകൊടുക്കേണ്ട പ്രധാനമേഖലകളിൽ ഒന്നാണ് കക്കൂസ്. മലമൂത്രവിസർജ്ജനം തുറസ്സായ സ്ഥലങ്ങളിൽ നടത്താതെ കക്കൂസുകളിൽമാത്രം നടത്തേണ്ടത് ആരോഗ്യപരിപാലനത്തിനാവശ്യമാണ്. പഞ്ചായത്തിൽ ശരാശരി എട്ട് ശതമാനത്തോളം കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസുകളില്ല. സി.എച്ച്.സി. യിൽ.നിന്ന് ലഭ്യമായ കണക്കുകൾ അനുസരിച്ച് 4760 വീടുകൾക്കാണ് കക്കൂസുകൾ ഉള്ളത്. ഇതിൽ 2587 എണ്ണം ഇ.എസ്.പി. വിഭാഗത്തിൽപ്പെട്ടവയും 1610 എണ്ണം സ്പെറ്റിക്ക് ടേങ്ക് ഉള്ളവയും, 563എണ്ണം മറ്റ് വിഭാഗത്തിൽപ്പെട്ടവയുമാണ്. നിലവിലുള്ള കക്കൂസുകളിൽ പലതും ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കപ്പെട്ടവയ ല്ലാത്തതിനാൽ ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. കക്കൂസുകളുടെ അനിവാര്യതയെക്കുറിച്ച് ബോധവാന്മാരാണെങ്കിലും സ്ഥലപരിമിതികളും സാമ്പത്തിക ബുദ്ധിമുട്ടുകളുമാണ് കക്കൂസ് നിർമ്മിക്കാത്തതിൻെറ കാരണങ്ങളായി മനസ്സിലാക്കാൻ കഴിഞ്ഞത്. ദരിദ്രജനവിഭാഗത്തിന് കക്കൂസുകൾ നിർമ്മിച്ചുകൊടുക്കാൻ പദ്ധതികൾ ഉണ്ടെങ്കിലും ഗ്രാമീണജനത അവയെക്കുറിച്ച് ബോധവാന്മാരല്ലാത്തതിനാലും ലഭിക്കുവാനുള്ള സാങ്കേതിക പ്രയാസങ്ങളാലും പലർക്കും ഇത് ഗുണം ചെയ്യുന്നില്ല. കക്കൂസുകൾ ഇല്ലാത്ത വീടുകളേക്കുറിച്ച് കൃത്യമായി മനസ്സിലാക്കാൻ സമഗ്രമായ ഒരു സർവ്വേ നടത്തുകയും വിവിധ പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും വേണം. നിലവിലുള്ള കക്കൂസുകളുടെ പോരായ്മകൾ വിലയിരുത്തുകയും അവ ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വേണം. പൊതുജനങ്ങളുടെ സഹകരണത്തോടെ നിർദ്ധനരായവർക്ക് കക്കൂസുകൾ നിർമ്മിച്ചുകൊടുക്കാനുള്ള ശ്രമം നടത്തണം. അന്യസംസ്ഥാനങ്ങളിൽ നിന്ന് തൊഴിൽ തേടിയെത്തുന്നവർ താമസിക്കുന്ന സ്ഥലങ്ങൾ കക്കൂസുകളോ മറ്റ് പ്രാഥമിക സൗകര്യങ്ങളോ ലഭ്യമല്ലാത്തത് പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇവർക്ക്താമസ സൗകര്യം ഒരുക്കികൊടുക്കുന്നവർ ഇത്തരം സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.



# 7.2

# ഗതാഗതം,ഊർജ്ജം

ഏറാമല പഞ്ചായത്തിൽ ജനങ്ങൾ യാതറാ സൗകര്യത്തിനു വേണ്ടി ആശ്രയിക്കുന്നത് റോഡ് ഗതാഗതത്തെയാണ്. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറ് അതിർത്തിയിൽ ഏതാണ്ട് 150 മീറ്റർ നീളത്തിൽ മംഗലാപുരം-ഷൊർണൂർ റെയിൽപ്പാത കടന്നുപോകുന്നുണ്ട്. മുക്കാളി റെയിൽവെസ്റ്റേഷൻ പഞ്ചായത്തിന്റെ അതിർത്തിയോട് തൊട്ടുസ്ഥിതി ചെയ്യുന്നു.

ഓർക്കാട്ടേരിയിലൂടെ കടന്നു പോകുന്ന മുട്ടുങ്കൽ-പക്രന്തളം റോഡ് ആണ് പഞ്ചായത്തിലെ ആദ്യത്തെ വാഹനഗതാഗത യോഗ്യമായ റോഡ്. പിന്നീട് തുരുത്തിമുക്ക് റോഡ്, കാർത്തികപള്ളി റോഡ്, കുന്നുമ്മക്കര റോഡ് എന്നിവയും തുടർന്ന് വിപുലമായ റോഡ് ശൃംഖലയും നിർമ്മിക്കപ്പെട്ടു.

ജനകീയ പങ്കാളിത്തത്തോടെയുള്ള വികസനത്തെപ്പറ്റി ഇന്ന് നാം ചർച്ച ചെയ്യുമ്പോൾ പഞ്ചായത്തിലെ റോഡ് നിർമ്മാണരംഗത്ത് ദശകങ്ങൾ മുമ്പ് തന്നെ ഇത് നടപ്പിലാക്കിതിന്റെ ആവേശകരമായ അനുഭവങ്ങൾ ചൂണ്ടികാണിക്കാൻ കഴിയും. വികസന രംഗത്ത് പഞ്ചായത്തിൽ ഇതുവരെ ചെലവഴിക്കപ്പെട്ടതിന്റെ ഗണ്യമായ ഭാഗം റോഡ് വികസനത്തിന് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ റോഡ് 70.93 കി.മീറ്ററാണ്. 19.06 ചതു.കി.മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിൽഒരു ചതു.കി.മീറ്ററിന് 3.07 കി.മീറ്റർ റോഡ് സൗകര്യമാണ് നിലവിലുള്ളത്. സംസ്ഥാന ശരാശരിയായ 3.2 കി.മീ/ചതു.കി.മീറ്ററിന് അല്പം താഴെയാണ് ഈ പഞ്ചായത്തിന്റെ റോഡ് സൗകര്യം. ടാർ ചെയ്ത റോഡ് 29.19 കി.മീ. ആണ്. പഞ്ചായത്തിലെ ജനസംഖ്യയുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ഒരാൾക്ക് .95 മീറ്റർ ടാർ ചെയ്ത റോഡാണ് പഞ്ചായത്തിലുള്ളത്. ടാർ റോഡുകളിൽ 15.8 കി.മീ PWD ഉടമസ്ഥതയിലും, 3 കി.മീറ്റർ MLAറോഡും, 10.39 കി.മീ. പഞ്ചായത്ത് റോഡുമാണ്.

പഞ്ചായത്തിലെ ടാർ റോഡുകളെ സംബന്ധിച്ചും ഉടമസ്ഥതയെ സംബന്ധിച്ചുമുള്ള പട്ടിക താഴെ കൊടുക്കുന്നു

| നമ്പർ | റോഡ് ഉടമസ്ഥത | വിഭാഗം | ദൂരം | വീതി | യാത്രാസൗകര്യം |
|---|---|---|---|---|---|
| 1 | ഓർക്കാട്ടേരി - കുഞ്ഞിപ്പള്ളി | PWD | 5 Km | | ഉണ്ട് |
| 2 | പട്ട്യാട്ട് ഗേറ്റ്-തോട്ടുങ്കൽ | പഞ്ചായത്ത് | 3 Km | | ഇല്ല |
| 3 | ഓർക്കാട്ടേരി-തുരുത്തിമുക്ക് | PWD | 4 Km | | ഉണ്ട് |
| 4 | മുട്ടുങ്ങൽ - പക്രംന്തളം റോഡ് | PWD | 1.5 Km | 8 മീ | ഉണ്ട് |
| 5 | ഓർക്കാട്ടേരി-മലോൽമുക്ക് | PWD | 0.8 Km | 8 | ഉണ്ട് |
| 6 | ഓർക്കാട്ടേരി-വില്ല്യാപ്പള്ളി | PWD | 4.5 Km | 8 | ഉണ്ട് |
| 7 | തോണിത്തലക്കൽ-ക്രേഷ്മുക്ക് | MLA | 3 Km | 8 | ഉണ്ട് |
| 8 | ഒഞ്ചിയം-തോട്ടുങ്കൽ പീടിക, | പഞ്ചായത്ത് | 0.7 Km | | ഇല്ല |
| 9 | ഒഞ്ചിയം-കാഞ്ഞിരക്കടവ് റോഡ്, | പഞ്ചായത്ത് | 2.77 Km | | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 10 | റെയിൽവേസ്റ്റേഷൻ-പീടികതാഴക്കുനി, | പഞ്ചായത്ത് | 1 Km | | ഇല്ല |
| 11 | വേയിവയൽ-കാഞ്ഞിരക്കടവ് | പഞ്ചായത്ത് | 2.77 Km | | ഇല്ല |
| 12 | തോട്ടുങ്കൽ-ചെമ്പ്രറോഡ് | പഞ്ചായത്ത് | 1.02 Km | | ഇല്ല |
| 13 | (സമത റോഡ്) മേപ്പാട്ട് മുക്ക്-മണ്ടോള്ളത്തിൽ മുക്ക് | പഞ്ചായത്ത് | 0.3Km | 3m | ഇല്ല |
| 14 | പുത്തലത്ത്പൊയിൽ-കമ്പിപ്പാലം | പഞ്ചായത്ത് | 0.6Km | | ഇല്ല |

## പട്ടിക - 2 മെറ്റൽ ചെയ്ത റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | റോഡിൻെറപേര് | ഉടമസ്ഥത | ദൂരം |
|---|---|---|---|
| 1. | കാഞ്ഞിരക്കടവ്-തട്ടോളിക്കര-കൊളരാട്ടുതെരു (MLA) | PWD | 2.400 കി.മി |
| 2 | മുയിപ്ര-നെച്ചാട്ട്താഴ-വേങ്ങോളി താഴറോഡ് | പഞ്ചായത്ത് | 1.500 കി.മീ |
| 3. | തുരുത്തിമുക്കം ജംഗ്ഷൻ-കടവ് വരെ | PWD | 100 മീ |
| 4 | കണ്ടോത്ത്താഴ-മണലോളിപ്പാലം റോഡ് | പഞ്ചായത്ത് | 200 മീ |

## പട്ടിക-3 പഞ്ചായത്തിലെ മറ്റ് റോഡുകളെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു

| വാർഡ് | നമ്പർ | റോഡിൻെറ പേര് | ദൂരം കി.മീ | വീതി | ഓട | | കലുങ്ക് | |
|---|---|---|---|---|---|---|---|---|
| | | | | | ഉള്ളത് | ഇല്ലാത്തത് | വേണ്ടത് | അറ്റകുറ്റപ്പണി |
| | 1 | ചാർത്താംകണ്ടി - തണ്ടാർകണ്ടി | 1.44 | 3 | | ✓ | ✓ | |
| | 2 | പുന്നകുളങ്ങര - ലക്ഷം വീട് | 0.28 | 2.5 | | ✓ | ✓ | |
| | 3 | കല്യാണിമുക്ക് - വെള്ളാർതാഴം | 0.56 | 3 | | ✓ | | ✓ |
| | 4 | പള്ളിത്താഴ - മണപ്പുറം | 0.40 | 2.5 | | ✓ | ✓ | |
| | 5 | ചള്ളയിൽ മുക്ക് - പള്ളിത്താഴ | 0.40 | 2.5 | | ✓ | ✓ | |
| | 6 | പൂലേരി പീടിക - കണ്ടോത്ത് താഴ | 0.51 | 2.5 | | ✓ | | |
| | 7 | വലിയപറമ്പ് മുക്ക് - തോട്ടുങ്കൽ പീടിക | 0.81 | 3 | | ✓ | | ✓ |
| | 8 | ചീരോക്കര മുക്ക് - കണ്ണോത്ത്താഴ | 0.28 | 2.5 | | ✓ | ✓ | |
| II | 1 | ചാർത്താംകണ്ടി - തട്ടാർകണ്ടി | 1.44 | 3 | | ✓ | ✓ | |
| | 2 | ആയാട്ട് മുക്ക് - പുറവിൽ താഴ | 1 | 3 | | ✓ | | |
| | 3 | അമ്പലപറമ്പ് - വയനോളിതാഴ | 0.4 | 3 | | ✓ | ✓ | |
| | 4 | കണ്ടോത്ത്താഴ - മണലോളിപാലം | 0.4 | 3 | | ✓ | ✓ | |
| | 5 | ഗ്രാമീണ ഗ്രന്ഥാലയം<br>പുതിയാടത്തിൽതാഴ | 0.3 | 3 | | ✓ | | ✓ |
| | 6 | പാറോള്ളതിൽ - തട്ടോളിമുക്ക് | 0.18 | 3 | | ✓ | | |
| | 7 | മങ്ങാട്ട് മുക്ക് - കോട്ടായിത്താഴ | 0.21 | 3 | | ✓ | | |
| | 8 | തട്ടോളിക്കര LP - തട്ടോളിക്കര UP | 0.35 | 3 | | | | |
| | 9 | കോട്ടായിത്താഴ - കവുത്യാട്ട്താഴ | 0.5 | 3 | | | | |

| വാർഡ് | നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി | ഓട | | കലുങ്ക് | |
|---|---|---|---|---|---|---|---|---|
| | | | | | ഉള്ളത് | ഇല്ലാത്തത് | വേണ്ടത് | അറ്റകുറ്റപ്പണി |
| | 10 | വട്ടക്കണ്ടി മുക്ക് - മുണ്ടങ്ങാട്ട്താഴ0.3 | 2.5 | | | ✓ | ✓ | |
| III | 1 | തയ്യിൽതാഴ-എടവലക്കണ്ടിതാഴ0.54 | 3 | | | ✓ | ✓ | |
| | 2 | പടന്നക്കുനി - പുതുശ്ശേരി മുക്ക് | 0.40 | 3 | | ✓ | ✓ | |
| | 3 | മുക്കിലപീടിക - മണലൊളിപാലം | 0.40 | 3 | | ✓ | | |
| | 4 | കൊല്ലന്റെമീത്തൽപറമ്പ് - അനങ്ങാറത്ത്താഴ | 0.425 | 2.05 | | ✓ | | |
| | 5 | കരിപാൽതാഴ - മരുന്നോളിതാഴ | 0.30 | 2.5 | | ✓ | | |
| | 6 | അനോത്ത് മുക്ക് - പുന്നകുളങ്ങര | 0.2 | 2.5 | | ✓ | | |
| | 7 | മാണിക്കോത്ത്മുക്ക് - വളപ്പിൽ | 0.475 | 2.5 | | ✓ | | |
| IV | 1 | പാറക്കൽ - ഏറാമല യു.പി. - എടത്തട്ടതാഴ് | 1.10 | 3 | | | | ✓ |
| | 2 | അയ്യപ്പൻകാവ് - കുളങ്ങരത്ത്കണ്ടി | .925 | 2.5 | | | | |
| | 3 | വള്ളിക്കാട് മുക്ക് - എടവനക്കണ്ടി മുക്ക് | .540 | 3 | | | | |
| | 4 | പാമ്പന്റെവിട -മൂരൂൽതാഴ | .3 | 3 | | | | |
| | 5 | വരാകണ്ടി - പെരുമ്പുഴക്കരതാഴ | .5 | 3 | | | | |
| | 6 | മൂരൂൽതാഴ - കുന്നുമ്മക്കര റോഡ് | .7 | 3.6 | | | | |
| | 7 | വേയ്വയൽ - കൂർക്കപറമ്പത്ത്റോഡ് | .4 | 3 | | | ✓ | ✓ |
| V | 1 | തൊണ്ടായിമുക്ക്-മരുത്താഴ-വലിയാണ്ടി പീടിക | 1.24 | 3 | | ✓ | ✓ | |
| | 2 | തൊണ്ടായിമുക്ക് - കരിങ്ങാലിമുക്ക് | | | | | | |
| | 3 | തെരുവിൽ പറമ്പത്ത്മുക്ക് - ചന്ദ്രോത്ത്മുക്ക് | 0.620 | 3 | | ✓ | | |
| | 4 | തെറ്റത്ത്താഴ - കരിങ്ങാലിമുക്ക് | 0.800 | 3 | | ✓ | | |
| | 5 | മുരൂൽതാഴ - കണ്ടോത്ത്താഴ | 0.300 | 3 | | ✓ | | |
| | 6 | (ഗാന്ധിജി) മേപ്പാട്ട്മുക്ക് - മറുവെടുത്ത്താഴ | 1.5 | 3 | | ✓ | | |
| | 7 | സംസ്കാര റോഡ് | 0.250 | 3 | | ✓ | | |
| | 8 | കയിപ്പാട്ട് റോഡ് | 0.250 | 3 | | ✓ | | |
| | 9 | താഴെപുത്തൂര്മുക്ക്തെറ്റത്ത്താഴം | 0.200 | 2.5 | | ✓ | | |
| | 10 | ടാഗോർ റോഡ് (ഇല്ലത്ത് – വലിയക്കണ്ടി) | 0.300 | 3 | | ✓ | | |
| | 11 | കേരള റോഡ് (സമതാ റോഡ് – മുണ്ടോൽക്കിൽമുക്ക്) | 0.150 | 2 | | ✓ | | |

| വാർഡ് | നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി | ഓട | | കലുങ്ക് | |
|---|---|---|---|---|---|---|---|---|
| | | | | | ഉള്ളത് | ഇല്ലാത്തത് | വേണ്ടത് | അറ്റകുറ്റപ്പണി |
| VI | 1 | മര്യാട്ട്മുക്ക് - കിഴക്കെപരക്കാട്ട്താഴ | 0.890 | 3 | | ✓ | | |
| | 2 | കച്ചേരിമുക്ക് - ആശാരിൻറവിട റോഡ് | 0.100 | 2.5 | | ✓ | | |
| | 3 | ചമ്പോളിമുക്ക് - കുന്നനശ്ശേരിതാഴം | 0.580 | 3 | | ✓ | | |
| | 4 | തടത്തിൽമുക്ക് - ലക്ഷംവീട് കോളനി | 0.400 | 3 | | ✓ | | |
| | 5 | രയരോത്ത്മുക്ക് - ചെമ്പ്രണീത്തൽറോഡ് | 0.250 | 2.5 | | ✓ | | |
| | 6 | തുരുത്തിമുക്ക് റോഡ് - തയ്യിൽതാഴ | 0.400 | 3 | | ✓ | | |
| | 7 | പരക്കാട്ട് മുക്ക് - കുറൂളികണ്ടിമുക്ക് | 0.250 | 2.5 | | ✓ | | |
| VII | 1 | കാളംകുളം - മഠത്തുംകുറ്റി | | | | | | |
| | 2 | കാളംകുളം - പടത്തലമുക്ക് | .920 | | | | | |
| | 3 | കൈപ്രത്ത്താഴ - താമരകുളത്ത് | .870 | | | | | |
| | 4 | മുള്ളൻകുന്ന് - വട്ടക്കുനി | | | | | | |
| | 5 | കുനിയിൽതാഴ - ഇല്ലത്തെക്കയിൽ റോഡ് | 1.400 | 3 | | ✓ | | |
| | 6 | ഇല്ലത്ത് പൊയിൽമുക്ക് - കണ്ണിപറമ്പത്ത് മുക്ക് | 0.446 | 3 | | ✓ | | |
| | 7 | കോറോത്ത്താഴ - രയരോത്ത്മുക്ക് | 0.700 | 3 | | ✓ | | |
| | 8 | ചങ്ങോലംകണ്ടിതാഴ - ഓർക്കാട്ടേരിപ്പാത | 0..250 | 2.5 | | ✓ | | |
| | 9 | നെല്ലോളിതാഴ റോഡ് | 0.300 | 2.5 | | ✓ | | |
| | 10 | ഓർക്കാട്ടേരി പോസ്റ്റ് ഓഫീസ് - പന്നിത്തടം റോഡ് | 0.700 | 2 | | ✓ | ✓ | |
| VIII | 1 | ഞെളിയം - മുക്കാട്ട്താഴ റോഡ് | 0.400 | 3 | | ✓ | | |
| | 2 | കാവക്കത്പീടിക - അക്വഡേറ്റ് | 0.300 | 3 | | ✓ | | |
| | 3 | ഒടിക്കുനിതാഴ - മുക്കാട്ട്താഴം | 0.200 | 3 | | ✓ | | |
| | 4 | വലിയവളപ്പിൽതാഴ-കസ്തൂരിതാഴകുനി | 0.200 | 2.5 | | ✓ | | |
| | 5 | പനയത്ത്താഴ - ഞെളിയം റോഡ് | 1.00 | 3 | | ✓ | | |
| IX | 1 | മാന്തോടിതാഴ - കുന്നത്ത്താഴം | 0.660 | 3 | | ✓ | | |
| | 2 | ഓർക്കാട്ടേരിമെയിൻ റോഡ് - പീടികക്കണ്ടി താഴറോഡ് | 0.625 | 3 | | ✓ | ✓ | |
| | 3 | ചുണ്ടോളിമുക്ക് - മാന്തോടിതാഴറോഡ് | 0.573 | 2.5 | | ✓ | | |
| | 4 | ചുണ്ടോളിമുക്ക് - ഓർക്കാട്ടേരി മാപ്പിള യു.പി. സ്കൂൾ | 0.070 | 3.0 | | ✓ | | |

| വാർഡ് | നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി | ഓട | | കലുങ്ക് | |
|---|---|---|---|---|---|---|---|---|
| | | | | | ഉള്ളത് | ഇല്ലാത്തത് | വേണ്ടത് | അറ്റകുറ്റപ്പണി |
| | 5 | കോമത്ത്താഴ - നടുക്കണ്ടിതാഴ | 0.400 | 3.0 | | ✓ | | |
| | 6 | ഇല്ലത്ത് താഴപാലം- പുത്തലത്ത്താഴ | 0.450 | 3 | | ✓ | ✓ | |
| X | 1 | തയ്യുള്ളതിൽമുക്ക് - കുഴിമ്പിൽതാഴ | 0.400 | 3 | | ✓ | | |
| | 2 | എടോളിതാഴ - കളയാംവെള്ളിപുഴ | 0.400 | 3 | | ✓ | | |
| | 3 | കുനിയിൽതാഴ - അക്വഡേറ്റ്റോഡ് | 1.170 | 2.5 | | ✓ | | |
| | 4 | മീത്തലെപീടിക - എടോളിതാഴ | 0.720 | 3 | | ✓ | ✓ | |
| XI | 1 | ലക്ഷംവീട് - പടിക്കുതാഴറോഡ് | 1.410 | 3 | | ✓ | | |
| | 2 | പരപ്പിൽമുക്ക് - പാനോളിമുക്ക് | 0.300 | 2.5 | | ✓ | | |
| | 3 | മുയിപ്ര PVLP സ്കൂൾ - പള്ളിപ്രത്ത്താഴ | 0.750 | 3 | | ✓ | | |
| | 4 | വണ്ണാന്റെമുക്ക് - പുതുക്കുടിതാഴം | 0.420 | 3 | | ✓ | ✓ | |
| | 5 | തച്ചറോത്ത്താഴ - മുല്ലേരിതാഴ റോഡ് | 0.660 | 3 | | ✓ | | |
| | 6 | കുന്നത്ത്മുക്ക് - നൊച്ചാട്ടുതാഴ | 0.390 | 3 | | ✓ | | |
| | 7 | കരിങ്കോത്ത്താഴ - പാലേകുന്നത്ത് താഴ | 0.990 | 3 | | ✓ | ✓ | |
| | 8 | കിഴക്കെ പറമ്പത്ത്മുക്ക് - വാപ്രത്ത്താഴ | 0.300 | 3 | | ✓ | | |
| | 9 | മഞ്ചേരിമുക്ക് - പിറക്കൽതാഴ | 0.330 | 3 | | ✓ | | |
| | 10 | നീലിയത്ത് - ആയടംകണ്ടി താഴ | 1.200 | 3 | | ✓ | ✓ | |
| | 11 | പുത്തമ്പുരയിൽമുക്ക് - താഴെകുന്നുമ്മൽ | 0.200 | 3 | | ✓ | | |
| XII | 1 | മലായിൽമുക്ക് - പല്ലേരിതാഴ | 0.870 | 3 | | ✓ | | |
| | 2 | കളരികണ്ടിമുക്ക് - കുമുള്ളിതാഴ | 0.220 | 2.5 | | ✓ | | |
| | 3 | കുമുള്ളിമുക്ക് - കോളോത്ത്മുക്ക് | 1.080 | 3 | | ✓ | ✓ | |
| | 4 | രയരോത്ത്മുക്ക് - വെളുത്ത പറമ്പത്ത്മുക്ക് | 0.520 | 3 | | ✓ | | |
| | 5 | പുതിയോട്ടുംതാഴ - പയ്യേരിതാഴ | 0.900 | 3 | | ✓ | | |
| | 6 | ബന്തിനടയിൽ പറമ്പ് - ആറ്റുപൊയിൽതാഴ | 1.280 | 3 | | ✓ | ✓ | |
| | 7 | കാർത്തികപ്പള്ള ഹെൽത്ത്സെന്റർ - ചത്തോത്ത്മുക്ക് | 0.400. | 2.5 | | ✓ | | |
| | 8 | വേങ്ങോളിതാഴ - ചെറുവലത്ത്താഴ | 0.300 | 3 | | ✓ | | |
| | 9 | ചെറുവലത്ത്താഴ - പാറോൽമുക്ക് | 0.800 | 3 | | ✓ | ✓ | |

## പ്രശ്നങ്ങൾ

പഞ്ചായത്ത് കേന്ദ്രമായ ഓർക്കാട്ടേരിയിലൂടെ കടന്നുപോകുന്ന മുട്ടുങ്ങൽ-പക്രന്തളം റോഡിലൂടെ നൂറിലധികം ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഓർക്കാട്ടേരി വഴി കുന്നുമ്മക്കര ഭാഗത്തേക്ക് ആറ് ബസ്സുകളും തുരുത്തിമുക്കിലേക്ക് രണ്ട് ബസ്സും, കുറിഞ്ഞാലിയോട് ഭാഗത്തേക്ക് ഒരു ബസ്സും സർവ്വീസ് നടത്തുകയാണ്. ഇതിനു പുറമെ, ഓർക്കട്ടേരിയിൽ നിന്ന് കുന്നുമ്മക്കര, ഏറാമല ഭാഗങ്ങളിലേക്ക് 52 ജീപ്പും, ഓർക്കാട്ടേരിയിൽ നിന്നും വിവിധ ഭാഗങ്ങളിലേക്ക് 140 ഓട്ടോറിക്ഷകളും 18 കാറുകളും ഗതാഗതത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു പുറമെ 15 ടെമ്പോ വാനുകളും 6 ഗുഡ്സ് വെഹിക്കിൾസും ഓർക്കാട്ടേരിയിലുണ്ട്. ഈ വാഹന ബാഹുല്യവും റോഡുകളുടെ വീതികുറവും ഓർക്കാട്ടേരി ടൗണിൽവമ്പിച്ച ഗതാഗത കുരുക്ക് സൃഷ്ടിക്കുന്നു.

## ടാർ ചെയ്ത റോഡിൻെറ പ്രശ്നങ്ങൾ

1 ടാർ ചെയ്ത റോഡുകൾക്കൊന്നും ആവശ്യമായ ഓവുചാലുകൾ ഇല്ലാത്തത് റോഡുകളുടെ തകർച്ചക്ക് കാരണമാകുന്നു.

2 റോഡുകളിൽ കൃത്യമായി അറ്റകുറ്റപണികൾ നടക്കുന്നില്ല. ഇത് കാരണം തുരുത്തിമുക്ക്-കാഞ്ഞിരക്കടവ് റോഡ് പട്ട്യാട്ട് ഗെറ്റ്-തോട്ടുങ്ങൽ റോഡ്, പുത്തലത്ത്പൊയിൽ-കമ്പിപ്പാലം റോഡ്, എന്നിവ ഗതാഗതയോഗ്യമല്ലാതായി മാറിയിരിക്കയാണ്.

## മെറ്റൽ റോഡുകളുടെയും, മൺറോഡുകളുടെയും പ്രശ്നങ്ങൾ

- പഞ്ചായത്തിലെ ജനങ്ങൾ ഗതാഗത സൗകര്യത്തിനായി ഉപയോഗിക്കുന്ന റോഡുകളിൽ 2/3 ഭാഗവും മൺറോഡുകളാണ്. ഈ റോഡുകളുടെ ശോചനീയാവസ്ഥയെ സംബന്ധിച്ചാണ് ഗ്രാമസഭകളിൽഗതാഗതം സംബന്ധിച്ച് നടന്ന ചർച്ചകളിൽ ഏറിയഭാഗവും നിർമ്മാണത്തിന് ശേഷം മിക്കറോഡുകളിലും അറ്റകുറ്റ പണി നടന്നിട്ടില്ല. റോഡുകളിൽ പലതും ആവശ്യത്തിന് വീതിയില്ലാത്തതാണ്. കലുങ്കുകളുടെ അഭാവം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നു എന്നത് മാത്രമല്ല വെള്ളം കെട്ടിനിന്ന് കൃഷി നാശത്തിനും ഇട വരുത്തുന്നു. മിക്ക റോഡുകളും ഓവുചാലുകൾ ഇല്ലാത്തതാണ്. വയൽ പ്രദേശങ്ങളിലൂടെകടന്നു പോകുന്ന റോഡുകളുടെ നിർമ്മാണത്തിനു ശേഷം വശങ്ങളിലെ വയലുകൾ റോഡിനോട് ചേർത്ത് നികത്തി ഉയർത്തുന്നതു കാരണം റോഡ് പാർശ്വങ്ങളിലെ സ്ഥലത്തേക്കാൾ താഴുകയും വെള്ളം റോഡുകളിലേക്ക് ഒലിച്ചിറങ്ങുകയും ചെയ്യുന്നു. ഇത് റോഡുകളുടെ തകർച്ചയ്ക്ക് പ്രധാന കാരണമാണ്.
- ഒഞ്ചിയം-കാഞ്ഞിരക്കടവ് റോഡിൽ ഗ്രാമീണ ഗ്രന്ഥാലയത്തിനു സമീപം ഏതാണ്ട് 200 മീ. പാറ നീക്കി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ ഏതാണ്ട് 3 കി. മീ. റോഡ് ഫലപ്രദമായി ഗതാഗതത്തിനുപയോഗിക്കുവാൻ കഴിയും (1,2,3 വാർഡുകളിലെ ഗ്രാമസഭകളിൽ ഈ വിഷയം സജീവമായി ഉയർന്ന് വന്നിട്ടുണ്ട്)
- വലിയവളപ്പിൽ താഴ-കാവക്കാലിൽ റോഡ്( വാർഡ്-8) 200 മീ. ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ , നെല്ലാച്ചേരിഭാഗത്തെ ജനങ്ങൾക്കും ഒഞ്ചിയത്തെ ജനങ്ങൾക്കും ഓർക്കാട്ടേരി ടൗണുമായി ബന്ധപ്പെടാൻ വളരെ എളുപ്പമായിരിക്കും. ഓർക്കാട്ടേരി ടൗണിൻെറ വികസനത്തിനു തന്നെ ഇത് സഹായകരമായിത്തീരും.
- മുയിപ്ര-നൊച്ചാട്ട് താഴ-വേങ്ങോളി താഴ റോഡ് മെറ്റൽ ചെയ്ത ഭാഗം ടാർ ചെയ്യുകയും മെറ്റൽ ചെയ്യാൻ ബാക്കിയുള്ള300 മീ. ഭാഗം ഉയർത്തി മെറ്റൽ ചെയ്ത് ടാർ ചെയ്താൽ മുയിപ്രയിലെ ജനങ്ങളുടെ യാത്രാദുരിത്തിനു പരിഹാരമാക്കും.

## പൊതു പ്രശ്നങ്ങൾ

- പട്ട്യാട്ട് ഗെയ്റ്റ്-തോട്ടുങ്കൽ റോഡ് ദേശീയ

322

പാതയിലേക്ക് ബന്ധപ്പെടാൻ കഴിയാതെ റോയിൽ വഴിമുട്ടി നിൽക്കുന്നു.

- ആദിയൂര്, ഏറാമല പ്രദേശത്തെ ജനങ്ങൾക്ക് എടച്ചേരി പഞ്ചായത്തിൻെറ വടക്കു ഭാഗവുമായി ബന്ധപ്പെടാൻ മാഹി കനാലിന് പാലമില്ലാത്തതിനാൽ കഴിയുന്നില്ല.
- തുരുത്തിമുക്കിനെ കണ്ണൂർ ജില്ലയുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള പാലത്തിൻെറ അഭാവം 4-ാം വാർഡിൻെറ ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.
- പുത്തലത്ത് പൊയിൽ-എടച്ചേരി റോഡിൽ കനാലിനു നിർമ്മിച്ച പാലം വാഹനഗതാഗതത്തിനാവശ്യമായ വീതി ഇല്ലാത്തതിനാൽ കാർത്തികപ്പള്ളി, വില്ല്യാപ്പള്ളി ഭാഗത്തെ ജനങ്ങൾക്ക് എടച്ചേരിയുമായി ബന്ധപ്പെടാൻ വളഞ്ഞ വഴി സ്വീകരിക്കേണ്ടി വരുന്നു.

## സാധ്യതകൾ

### ടാർ ചെയ്ത റോഡ്

1 ഓർക്കാട്ടേരി-കുഞ്ഞിപ്പള്ളി റോഡ്, ഓർക്കാട്ടേരി-തുരുത്തിമുക്ക് റോഡ് എന്നിവ ഇതുവശവും ഓവുചാരുകൾ നിർമ്മിച്ചു സംരക്ഷിക്കണം.

2 തുരുത്തിമുക്ക്-കാഞ്ഞിരക്കടവ് റോഡ് റീ ടാർ ചെയ്ത് ഓവു ചാലുകൾ നിർമ്മിക്കണം

3 പട്ട്യാട്ട് ഗെയ്റ്റ്-തോട്ടുങ്കൽ റോഡ് ഉയർത്തി സൈഡ് കെട്ടി റീടാർ ചെയ്യണം.

4 കാർത്തികപ്പള്ളി -വില്ല്യാപ്പള്ളി റോഡ് റീ ടാർ ചെയ്യണം.

5 ഓർക്കാട്ടേരി-മലോൽമുക്ക് റോഡ് റീ ടാർ ചെയ്യണം

6 പുത്തലത്ത്പൊയിൽ-കനാൽ റോഡ് റീ ടാർ ചെയ്യുകയും, കമ്പിപ്പാലം മാറ്റിപണിത് വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

7 ഒഞ്ചിയം-തോട്ടുങ്കൽ പീടിക റോഡ് റീ ടാർ ചെയ്ത് ഓവു ചാലുകൾ നിർമ്മിക്കണം

8 തോട്ടുങ്കൽ-ചെമ്പ്ര റോഡിൽ ഹൈസ്ക്കൂൾ മുതൽ തുരുത്തിമുക്ക് റോഡ് വരെയുള്ള ഭാഗം റീ ടാർചെയ്യുക

9 റെയിൽവെസ്റ്റേഷൻ-പീടികതൊഴക്കുനി റോഡ് റീടാർ ചെയ്യുക.

### മെറ്റൽ ചെയ്ത റോഡുകൾ

1 കുന്നുമ്മക്കര MLA റോഡ് ടാർ ചെയ്ത ഗതാഗത യോഗ്യമാക്കണം

2 മുയിപ്ര-നൊച്ചാട്ട്താഴ-വെങ്ങോളിതാഴ റോഡ് മെറ്റൽചെയ്ത ഭാഗം ടാർ ചെയ്യുകയും ബാക്കി ഭാഗം ഉയർത്തി മെറ്റൽചെയ്ത ടാർ ചെയ്യണം.

3 തുരുത്തിമുക്ക് ജംഗ്ഷൻ-കടവ് വരെയുള്ള റോഡ് ടാർ ചെയ്യണം

4 കണ്ടോത്ത് താഴ-മണലോളിപ്പാലം റോഡിൽ മെറ്റൽ ചെയ്യാൻ ബാക്കിയുള്ള ഭാഗം കൂടി ഉയർത്തി മെറ്റൽ ചെയ്ത് ടാർചെയ്യണം

### മൺറോഡുകൾ

പഞ്ചായത്തിലെ മൺറോഡുകൾ മിക്കതും മെറ്റൽചെയ്ത് ടാർ ചെയ്യണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്.

| വാർഡ് | റോഡിൻെറ പേരും, നിർദ്ദേശങ്ങളും |
|---|---|
| I | ചാർത്താൻ കണ്ടിതാഴ-തണ്ടാർകണ്ടിമുക്ക് റോഡ് വീതികൂട്ടി മെറ്റൽ ചെയ്ത് ടാർ ചെയ്യണം. |
| | ഒഞ്ചിയം കാഞ്ഞിരക്കടവ് റോഡിൽ ഗ്രാമീണ ഗ്രന്ഥാലയത്തിനു സമീപം 200 മീറ്റർ റോഡിൽ പാറനീക്കി മെറ്റൽ ചെയ്ത് ടാർ ചെയ്യണം. |
| | വിലങ്ങിൽമുക്ക്-കല്യാണിമുക്ക് റോഡ് ടാർ ചെയ്യണം. |
| II | ആയാട്ടുമുക്ക് മുതൽ പുറവിൽ താഴവരെ റോഡ് വീതി കൂട്ടി ടാർ ചെയ്യണം. |
| | അമ്പലപ്പറമ്പ്-വയനോളിതാഴ റോഡ് ടാർ ചെയ്യണം |
| | കണ്ടോത്ത്താഴ-മണലോളിപ്പാലം റോഡിൽ മെറ്റൽ ചെയ്യാൻ ബാക്കിയുള്ള ഭാഗം കുടി ഉയർത്തി മെറ്റൽ ചെയ്ത് ടാർചെയ്യണം. |
| III | തയ്യിൽതാഴ-കൊടക്കാട്ട്താഴ റോഡ് ടാർ ചെയ്യണം-പടന്നകുനി-പുതുശ്ശേരിമുക്ക്റോഡ് ടാർ ചെയ്യണം. |
| IV | പാറക്കൽമുക്ക്-ഏറാമല യു.പി.-എടത്തട്ടതാഴ റോഡ് ടാർ ചെയ്യണം. |
| | അയ്യപ്പൻകാവ്-കുളങ്ങരക്കണ്ടി റോഡ് ടാർ ചെയ്യണം. |
| V | തൊണ്ടായിമുക്ക് - മൂരൂൽ -എളമ്പങ്ങാട്ട് കാവ് റോഡ് ടാർ ചെയ്യണം. |
| | തൊണ്ടായിതാഴ-കരിങ്ങാലിമുക്ക് റോഡ് ടാർ ചെയ്യണം. ഒ.പി. പീടിക - മേപ്പാട്ട് മുക്ക് റോഡ് ടാർ ചെയ്യണം. വലിയാണ്ടി മുക്ക് - മറുവടത്തിൽ താഴ റോഡ് ടാർ ചെയ്യണം. |
| | ചമ്പോളിമുക്ക്-എടത്തട്ടമുക്ക് റോഡ് ടാർ ചെയ്യണം. |
| VI | റോഡിൻെറ പേരും നിർദ്ദേശങ്ങളും |
| | തുരുത്തിമുക്ക്-തയ്യിൽത്താഴ റോഡ് ടാർ ചെയ്യണം-മര്യാട്ട്മുക്ക്-കിഴക്കെപരക്കാട്ട്താഴ റോഡ് ടാർ ചെയ്യണം. |
| VII | കാളംകുളം-മടത്തുംകുറ്റി റോഡ് ടാർ ചെയ്യണം |
| | കോറോത്ത്താഴ-കുന്നോത്ത്താഴറോഡ് ടാർ ചെയ്യണം. |
| | കാളംകുളം-പടത്തലമുക്ക് റോഡ് ടാർ ചെയ്യണം. |
| | കൈപ്രത്ത്താഴ-താമരക്കുളം റോഡ് ടാർ ചെയ്യണം. |
| | മുള്ളൻകുന്ന്-വടക്കുനി റോഡ് ടാർ ചെയ്യണം. |
| | ചെല്ലൂർതാഴ-കുന്നോത്ത് റോഡ് ടാർ ചെയ്യണം. |
| | രയരോത്ത്കണ്ടി-മമ്പള്ളികുന്ന് റോഡ് ടാർ ചെയ്യണം |
| | എടത്തുംകുനി-കണിയാംകണ്ടി താഴ റോഡ് ടാർ ചെയ്യണം. |
| | നെല്ലോളിതാഴ-ചാത്തോത്ത് റോഡ് ടാർ ചെയ്യണം. |
| | ചെങ്കോലംകണ്ടി-ഏരത്തുംപൊയിൽ റോഡ് ടാർ ചെയ്യണം |

| | |
|---|---|
| | കോറോത്ത്താഴ-കുന്നോത്ത്താഴ റോഡ് ടാർ ചെയ്യണം. |
| VIII | ഓർക്കാട്ടേരി ബസ്സ്റ്റോപ്പ്-ഒഞ്ചിയം റോഡ് ടാർ ചെയ്യണം. |
| | വലിയവളപ്പിൽ താഴ-കാവക്കാലിൽ റോഡ് ടാർ ചെയ്യണം |
| | കൈപ്രത്ത് ബസ്സ്റ്റോപ്പ്-വട്ടറത്ത്താഴ റോഡ് ടാർ ചെയ്യണം. |
| IX | മാന്തോടിതാഴ-കുന്നത്ത് താഴ റോഡ് ടാർ ചെയ്യണം |
| | മെയിൻറോഡ്-പീടികക്കണ്ടിതാഴ റോഡ് ടാർ ചെയ്യണം. |
| | ചുണ്ടോളിമുക്ക്-മാന്തോടിതാഴ റോഡ് ടാർ ചെയ്യണം |
| | ഇല്ലത്ത്താഴപാലം-പുത്തലത്ത്താഴ റോഡ് ടാർ ചെയ്യണം. |
| | കോമത്ത്താഴ-റടുക്കണ്ടിതാഴ റോഡ് ടാർ ചെയ്യണം. |
| X | കുഞ്ഞിരാമൻറപീടിക-മുയിപ്രറോഡ് ടാർ ചെയ്യണം. |
| XI | കണ്ടിക്കര, നീലിയത്ത് സ്രാമ്പിമുതൽ ആയാടക്കണ്ടിതാഴ വരെ റോഡ് ടാർ ചെയ്യണം. |
| | കരിങ്കോത്ത്താഴ-പാലയകുന്നോത്ത് റോഡ് ടാർ ചെയ്യണം. |

## മൺറോഡുകൾ ഗതാഗതയോഗ്യമാക്കാൻ ഉള്ള നിർദ്ദേശങ്ങൾ

## ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ

### *വാർഡ് I*

1 കണ്ടോത്ത്താഴ MLA റോഡുമായി ബന്ധിക്കുന്ന റോഡ് ഉയർത്തി ഓവുപാലങ്ങൾ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

2 തോട്ടുങ്ങൽ തേർക്കുടിമുക്ക് റോഡ് റിപ്പയർ ചെയ്യണം

3 ചള്ളയിൽമുക്ക്-പള്ളിത്താഴ റോഡ് പണി പൂർത്തിയാക്കണം.

4 പള്ളിത്താഴ-മണപ്പുറം റോഡ് ഉയർത്തി ഗതാഗതയോഗ്യമാക്കണം.

### *വാർഡ് II*

1 തണ്ടാർക്കണ്ടിമുക്ക് - കൂടത്തിൽതാഴ വരെ റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.

2 ഗ്രാമീണഗ്രന്ഥാലയം- പുതിയാടത്തിൽതാഴ റോഡ് ഗതാഗതയോഗ്യമാക്കണം.

### *വാർഡ് III*

1 മുക്കിൽപീടിക-മണലോളിപാലം റോഡ് ഗതാഗതയോഗ്യമാക്കണം.

### *വാർഡ് IV*

1 പാറക്കൽമുക്ക്-എടവന അമ്പലം റോഡ് സൈഡ് കെട്ടണം.

### *വാർഡ് V*

1 മുരൂർതാഴവയലിലെ റോഡ് വയൽഭാഗത്ത് 100 മീറ്റർ ദൂരം സൈഡ്കെട്ടി ഗതാഗതയോഗ്യമാക്കണം.

2 പുത്തൂർമുക്ക്-തൊടുവക്കൽ മുക്ക് റോഡ് അറ്റകുറ്റപണിനടത്തി ഗതാഗതയോഗ്യമാക്കണം.

3 സമതാറോഡ്, ഗാന്ധിജിറോഡ്, ടാഗോർ റോഡ്, സംസ്കാരറോഡ് എന്നിവ റിപ്പയർ ചെയ്യണം.

4 കണ്ടിയിൽമുക്ക്-പറമ്പുംകര റോഡ് റിപ്പയർ ചെയ്യണം.

### *വാർഡ് VI*

1 ലക്ഷംവീടം റോഡ് റിപ്പയർ ചെയ്യണം

### *വാർഡ് VII*

1 പുതിയോട്ടുംകരായി-തട്ടാറത്ത്താഴറോഡ് ഗതാഗതയോഗ്യമാക്കണം.

2 ഓർക്കാട്ടേരി മണപ്പുറം-സുകുമാരൻേറപീടിക റോഡ് ഗതാഗതയോഗ്യമാക്കണം.

### വാർഡ് VIII

1 വെംഗലശ്ശേരി - കാവക്കൽ പീടിക റോഡ് ഗതാഗതയോഗ്യമാക്കണം.

### വാർഡ് IX

1 ചുണ്ടോളി റോഡ് പൂർത്തീകരിക്കുക

2 വേലക്കോട്ടുതാഴ ഭാഗത്ത് ഗതാഗതസൗകര്യം ഉണ്ടാക്കുക.

3 കൊമ്മണാരിതാഴ പാലം വീതി കൂട്ടുക.

### വാർഡ് X

1 ഒന്നാംഘട്ടം പണികഴിഞ്ഞ കനാൽ വരെയുള്ള റോഡിൻെറ പണിപൂർത്തീകരിക്കുക.

2 എളങ്ങോളി സ്കൂളിൻെറ മുമ്പിലൂടെയുള്ള കനാൽ റോഡിൻെറ പണിപൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കണം.

3 എളങ്ങോളി കുഞ്ഞിരാമൻെറ പീടിക മുതൽ മുയിപ്രവരെയുള്ള റോഡ് റിപ്പയർ ചെയ്യുക.

### വാർഡ് XI

1 മുല്ലേരിതാഴ-കല്ലറക്കൽതാഴ മുയിപ്രറോഡിൽ താഴ്ന്ന സ്ഥലങ്ങൾ ഉയർത്തി ഗതാഗതയോഗ്യമാക്കണ്.

2 മുയിപ്ര-4 സെൻറ് കോളണി റോഡ് റിപ്പേർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

3 മുയിപ്ര-ലക്ഷംവീട് റോഡ് അറ്റുകറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കണം.

4 മുയിപ്ര കിഴക്കിനെ പടിഞ്ഞാറുമായി ബന്ധിപ്പിക്കുന്ന PVIP പള്ളിത്താഴ റോഡ് ഗതാഗതയോഗ്യമാക്കുക.

### വാർഡ് XII

1 ലക്ഷംവീട്-കുറുങ്ങോട്ട് താഴ റോഡിലെ പറമ്പത്ത് ഉയരവും ഊരണ്ണൂര് ഉയരവും മണ്ണെടുത്ത് കുറച്ചുകൊണ്ടുവരിക.

2 വള്ളുപറമ്പത്ത് മുക്കു മുതൽ പഞ്ചായത്ത് കിണർ വഴി തെക്കെ മലയിൽ മുക്കുവരെയും പന്ന്യമ്പ്രത്ത് താഴ മുതൽ കൂടത്തുംകുനി മുക്കു വരെയും റോഡ് വീതി കൂട്ടിവെട്ടി ഗതാഗതയോഗ്യമാക്കുക.

## പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

| വാർഡ് | നമ്പർ | നിർദ്ദേശിക്കുന്ന പേര് | ദൂരം |
|---|---|---|---|
| I | 1 | കോമത്ത് മുക്ക് മുതൽ-തോട്ടുങ്ങൽ പട്ട്യാട്ട് ഗെയിറ്റ് റോഡ് | 400മീ |
| | 2 | അരീക്കോത്തുതാഴകുന്നുമ്മക്കര റോഡ് | 300 മീ |
| | 3. | MLA റോഡ് - ലക്ഷംവീട് റോഡ് | 100മീ |
| II | 1 | വട്ടക്കണ്ടി -മുണ്ടങ്ങാട്ടുതാഴ | 50 മീ |
| III | 1 | ഈന്തുള്ളതിൽതാഴ-ഇടക്കുഴിഞ്ഞിതാഴ | 300മീ |
| | 2 | മാതാഞ്ചേരികുനി-പുല്ലാഞ്ഞോളിതാഴ | 300മീ |
| IV | 1 | തുരുത്തിമുക്ക്-കുളങ്ങരകണ്ടി കാഞ്ഞിരക്കടവ് | 500മീ |
| | 2 | പാമ്പൻെറവിട പീടിക- പെരുമ്പുഴക്കര-വാരാക്കണ്ടിമുക്ക് | 800മീ |
| | 3 | എടവനക്കണ്ടി-ഏറാമല യു.പി. സ്കൂൾ | 500 മീ |
| | 4 | കഞ്ഞിക്കണ്ടിമുക്ക്-എളമ്പങ്ങോട്ടുകാവ് | 400മീ |
| | 5 | കായംപറമ്പത്ത്-കുന്നുമ്മക്കര മദ്രസ്സ | 200 മീ |
| V | 1 | കോച്ചേരിതാഴ റോഡ്-ചെമ്പ്രകുന്ന് | 250മീ |
| | 2 | കരിങ്ങാലിമുക്ക് -അണക്കെട്ട് | 50 മീ |

| | | | |
|---|---|---|---|
| VI | 1 | കോച്ചേരിതാഴ - ചെമ്പ്രകുന്ന് | 250മീ |
| | 2 | ഹെൽത്ത് സബ്സെൻറർ-കനോത്താകറായി | 350മീ |
| VII | 1 | ഓർക്കാട്ടേരി എൽ.പി.സ്കൂൾ - പുതിയോട്ടുകരായി-കോറോത്ത് താഴ | 400 മീ |
| VIII | 1 | കാവൽതാഴ-ഓർക്കാട്ടേരി ഒഞ്ചിയം റോഡ് | 350മീ |
| IX | 1 | പീടികകണ്ടിതാഴ -കൊമ്മിണാരിതാഴപാലം | 300മീ |
| X | 1 | പുത്തലത്ത് പൊയിൽ - കുയിമ്പിൽതാഴ-ആയഞ്ചേരി | 600മീ |
| | 2 | കോറോത്ത്പീടിക-പട്ടർകണ്ടി-നീലിയത്ത്താഴ | 350മീ |
| XI | 1 | നൊച്ചാട്ട്താഴം - പുളിഞ്ഞോളിതാഴം | 300മീ |
| | 2 | വണ്ണാൻറവിടമുക്ക്-കുയിമ്പിൽതാഴ-ആയഞ്ചേരി | 200മീ |
| XII | 1 | കേളോത്ത്മുക്ക്-കാർത്തികപ്പള്ളി എൽ.പി.സ്കൂൾ-കാർത്തികപ്പള്ളി -എടച്ചേരി റോഡ് | 200 മീ |
| | 2 | ചെറുവലത്ത് താഴമുതൽ കൊരട്ടോൽ മുക്ക് | 350മീ |
| | 3 | ട്രാൻസ്ഫോർമർ-രാമത്ത്താഴ പള്ളികുനി എൽ.പി. സ്കൂൾ | 300മീ |

റോഡുകളുടെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞാൽ അവയുടെ സംരക്ഷണത്തതി അധികൃതരോ ഉപഭോക്താക്കളോ താത്പര്യം കാണിക്കുന്നില്ല. ഇതിന് മാറ്റമുണ്ടാകണം. റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ജനകീയകമ്മറ്റികളുടെ നിയന്ത്രണത്തിലായിരിക്കണം. ഇതിന് വൻതോതിൽ മനുഷ്യാദ്ധ്വാനം സംഭാവനയായി നൽകുവാൻ ഉള്ള സന്നദ്ധത പഞ്ചായത്തിലെ എല്ലാ ഗ്രാമസഭയിലും പ്രകടമായത് ശ്രദ്ധേയമാണ്. റോഡുനിർമ്മാണ് നടന്നുകഴിഞ്ഞാൽ ഉപഭോക്താക്കളുടെ പങ്കാളിത്തത്തോടെയുള്ള സംരക്ഷണസമിതി സ്ഥിരമായി ഉണ്ടാവണം. അതിൻെറ മേൽനോട്ടത്തിൽ വാർഷിക അറ്റകുറ്റപണി നടക്കണം. റോഡ് നിർമ്മാണ സമയത്തുതന്നെ പാർശ്വങ്ങളിൽ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും റോഡ് സംരക്ഷണസമിതി ഈ വൃക്ഷങ്ങൾ സംരക്ഷിക്കുകയും ചെയ്യണം.

നിലവിലുള്ള റോഡുകൾക്ക് മുഴുവൻ അരുചാലുകൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകണം.

അരുചാലുകൾ നിർമ്മിക്കാൻ ആവശ്യമായ സൗകര്യം ലഭിക്കുന്ന റോഡിന് മാത്രമെ പഞ്ചായത്ത് ഫണ്ട് അനുവദിക്കാവൂ.

റോഡിൻെറ അരുചാലുകളെ തടസ്ഥപ്പെടുത്തുന്ന രൂപത്തിൽ പാർശ്വങ്ങളിലെ സ്ഥലം നികത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം.

ബിൽഡിംഗ് ആക്ട് കൃത്യമായി പാലിച്ച് ഗതാഗതസൗകര്യം ഉറപ്പുവരുത്തണം.

| വാർഡ് | നമ്പർ | പുതുതായി ഫുട്പാത്ത് നിർമ്മിക്കേണ്ടവ | |
|---|---|---|---|
| 1 | 1 | തോട്ടുങ്കൽ-നഞ്ഞ്യേരിമുക്ക് | 900മീ |
| | 2 | വലിയപറമ്പത്ത്മുക്ക് മുതൽ-കുഞ്ഞിക്കണ്ടിമുക്ക് | 200 മീ |
| | 3 | കൊയർകുന്നത്ത് മുക്ക് - കുന്നുമ്മക്കര ഗ്രന്ഥാലയം | 100മീ |
| | 4 | മമ്പള്ളിപീടിക - തോട്ടുങ്കൽ ഒഞ്ചിയം റോഡിലേക്ക് | 250മീ |
| | 5 | ലക്ഷംവീട്-കള്ളിലോത്ത്വഴി-തോട്ടുങ്കൽ പട്ട്യാട്ട് റോഡിലേക്ക് | 100മീ |
| 2 | 6 | പുതിയാടത്തിൽമുക്ക് - നെല്ലാച്ചെരി മദ്രസ്സ | 250 മീ |
| 3 | 7 | മാണിക്കോത്ത്താഴ - ആലവളപ്പിൽവരെ | |
| | 8 | തൂവാട്ട്താഴ | 15 മീ |

| | | | |
|---|---|---|---|
| 4 | 9 | കാവുനട - കണ്ടോത്ത്താഴ | 200 മീ |
| | 10 | കാഞ്ഞിരക്കാവ് - കോവുമ്മൽതാഴ | 400 മീ |
| | 11 | മൂരൂര് താഴ - തൊടുനടക്കൽ - പെരുമ്പുഴക്കൽതാഴ | 300മീ |
| | 12 | തൊടുനടക്കൽ- പെരുമ്പുഴക്കൽ താഴ | 300 മീ |
| 5 | 13 | പാറോളിത്താഴ - എളങ്ങാണ്ടിമുക്ക് | 300മീ |
| 6 | 14 | കൊയിലോത്ത് - വളം ഡിപ്പോ | 100മീ |
| 7 | 15 | വാഴയിൽതാഴ - കുന്നുമ്മൽതാഴ | |
| | 16 | സുകുമാൻെറ പീടിക - എരഞ്ഞിപുരംതാഴ | 250മീ |
| 8 | 17 | കൂത്തപ്പള്ളിതാഴ - മുള്ളംകുന്നത്ത് | 250മീ |
| | 18 | ഒ.പി.കെ. ബസ്സ്റ്റോപ്പ് - ഓർക്കാട്ടേരി -ഒഞ്ചിയം റോഡിലേക്ക് | 300 മീ |
| | 19 | ചത്തോത്ത് നാരായണൻ പീടിക - ഓർക്കാട്ടേരി -ഒഞ്ചിയം റോഡിലേക്ക് | 300 മീ |
| | 20 | കോയിറ്റോടിതാഴ - ഓർക്കാട്ടേരി -ഒഞ്ചിയം റോഡിലേക്ക് | 350 മീ |
| 10 | 21 | തട്ടാൻകണ്ടിതാഴ - കനാൽ ഫുട്പാത്ത് | 200മീ |
| 11 | 22 | ആളോട്ട് കണ്ടിതാഴ - കനാൽ ഫുട്പാത്തുംപാലവും | 150 മീ |
| | 23 | കാർത്തികപ്പള്ളി പോസ്റ്റ്ഓഫീസ് - പാറോൽപാറ | 150 മീ |
| | 16 | മുയിപ്ര LP സ്കൂൾ 4 സെൻറ് കോളനി | 200 മീ |
| 12 | 17 | മുതുവറ്റപാറ - കാർത്തികപ്പള്ളിറോഡ്‌വരെ | 200 മീ |
| | 18 | ബാലമ്പറത്ത് താഴ-കൂടത്തും താഴവരെ | 150മീ |

## *പൊതുവായ നിർദ്ദേശങ്ങൾ*

1 ഓർക്കാട്ടേരി ടൗണിൽ ഒരു ബസ്സ്റ്റാൻറും ടാക്സിസ്റ്റാൻറും നിർമ്മിക്കണം.

2 ഓർക്കാട്ടേരി-ഏറാമല റോഡ് ടൗൺ ഭാഗത്ത് വീതി വർദ്ധിപ്പിക്കണം.

3 ഓർക്കാട്ടേരി ടൗൺ മുതൽ ആശുപത്രിവരെ ഓവുചാൽ നിർമ്മിക്കണം


4 ഓർക്കാട്ടേരി ബസ്സ്റ്റോപ്പ് സൗകര്യപ്രദമായി പടിഞ്ഞാറോട്ട് മാറ്റിസ്ഥാപിച്ച് ഓർക്കാട്ടേരി-ഒഞ്ചിയം റോഡ് - ടൗൺഭാഗത്തെ വളവ് ഒഴിവാക്കണം.

5 ഓർക്കാട്ടേരി കനറാബാങ്കിന് പിന്നിലുള്ള സ്ഥലം വിലക്കെടുത്ത് ടാക്സിസ്റ്റാൻറും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കണമെന്ന നിർദ്ദേശം 8-ാം വാർഡ് ഗ്രാമസഭയിൽ നിന്ന് വന്നിട്ടുണ്ട്.

6 ആദിയൂർ എടച്ചേരി പ്രദേശങ്ങളെ ബന്ധപ്പെടുത്തി തയ്യിൽപാലം നിർമ്മിക്കണം.

7 തുരുത്തിമുക്ക്-കിടഞ്ഞിപ്രദേശത്തെ ബന്ധപ്പെടുത്താൻ ഒരു തൂക്കുപാലം നിർമ്മിക്കണം.

8 പട്ട്യാട്ട് ഗെയിറ്റ് അണ്ടർബ്രിഡ്ജ് നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിന് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ ഫണ്ട് അനുവദിക്കണം.



# ഊർജ്ജം

ഊർജ്ജ ആവശ്യത്തിനുവേണ്ടി പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് വിറകിനെയാണ്. കൂടാതെ വൈദ്യുതി, മണ്ണെണ്ണ, ഗ്യാസ് എന്നീ ഊർജ്ജസ്രോതസ്സുകളേയും ആശ്രയിക്കുന്നുണ്ട്. വിറക് പാചകാവശ്യത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെങ്കിൽ വൈദ്യുതി, മണ്ണെണ്ണഎന്നിവ വെളിച്ചത്തിനുവേണ്ടിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. വിറകിനു പുറമെ മണ്ണെണ്ണ, ഗ്യാസ് എന്നീ ഇന്ധനങ്ങൾ കൂടി പാചകത്തിനു ഉപയോഗപ്പെടുത്തുന്നുണ്ട്.

## *വൈദ്യുതി:-*

ആധുനിക സമൂഹത്തിൻെറ വികസനത്തിൻേറ അടിസ്ഥാനഘടകങ്ങളിൽ പ്രധാനപ്പെട്ടവയാണ് വൈദ്യുതി.

ഓർക്കാട്ടേരിയിലാണ് ആദ്യമായി വൈദ്യുതി എത്തിയത്. ഇന്ന് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്ത് പൊതുവെ അനുഭവപ്പെടുന്ന വൈദ്യുതിക്ഷാമം അതിൻെറ ഏറ്റവും രൂക്ഷമായ ഭാഗത്തിൽ നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്.

വടകര 100 KV ലൈനിൽ നിന്നാണ് പഞ്ചായത്തിലേക്കു വൈദ്യുതി ലഭിക്കുന്നത്. വടകര, കല്ലാച്ചി, മുട്ടുങ്ങൽ സെക്ഷനുകളുടെ കീഴിലാണ് നമ്മുടെ പഞ്ചായത്ത് വൈദ്യുതി ഉപഭോഗത്തിൽ ഏറിയ പങ്കും ഗാർഹിക ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്.

| | |
|---|---|
| ആകെ ഉപഭോക്താക്കൾ | 3976 |
| ഗാർഹികം | 3319 |
| വ്യാപാരം | 532 |
| വ്യവസായം | 29 |
| കാർഷികം | 96 |

പഞ്ചായത്തിലെ മൊത്തം ഉപഭോഗത്തിൻേറ 83.47% ഗാർഹികാവശ്യത്തിനും 13.4% വ്യാപാരത്തിനും 0.73% വ്യവസായത്തിനും 2.4% കാർഷിക ആവശ്യത്തിനുമാണ് എന്ന് കാണാം.

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

1 കുറിഞ്ഞാലിയോട് I
2. കുറിഞ്ഞാലിയോട് II
3. കൂമുള്ളിമുക്ക്
4. കാർത്തികപ്പള്ളി
5. ഓർക്കാട്ടേരി I
6. ഓർക്കാട്ടേരി II
7. ഒ.പി.കെ
8. തോട്ടുങ്കൽപീടിക
9. ആദിയൂര്
10. നെല്ലാച്ചേരി
11. കുന്നുമ്മക്കര
12. കാഞ്ഞിരക്കടവ്
13. മുയിപ്ര
14. കൊളരാട്ടുതെരു
15. തട്ടോളിക്കര

പഞ്ചായത്തിലെ 5598 വീടുകളിൽ 3319 വീടുകൾക്ക് മാത്രമെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളു. വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകി കാത്തുനിൽക്കുന്നവർക്ക് കണക്ഷൻ ലഭിക്കാത്തതിനെപറ്റിയും കണക്ഷൻ ലഭിച്ചവർക്കു നേരിടുന്ന ഗുരുതരമായ വോൾട്ടേജ് ക്ഷാമത്തെകുറിച്ചുമുള്ള വ്യാപകമായ പരാതിയാണ് ഗ്രാമസഭയിൽ ഉയർന്നു വന്നത്.

പഞ്ചായത്തിൽ കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ളവരുടെ എണ്ണം:

| | |
|---|---|
| ഓർഡിനറി | 229 |
| ഒ.ടി.പി | 8 |
| ഒ.വൈ.ഇ.സി. | 60 |

| | | |
|---|---|---|
| 1996-ൽ നൽകിയ കണക്ഷൻ | ഓർഡിനറി | 10 |
| | ഒ.ടി.പി | 8 |
| | ഒ.വൈ.ഇ.സി. | 82 |

അവസാനം നൽകിയ കണക്ഷന്റെ
അപേക്ഷാ തിയ്യതി

| | |
|---|---|
| ഓർഡിനറി (ഒ.എച്ച്) | 29-10-90 |
| ഓർഡിനറി ഡബ്ല്യു.പി | 4-10-93 |
| ഒ.ടി.പി. | 6-10-95 |
| ഒ.വൈ.ഇ.സി. (ഒ.എച്ച്) | 7-8-95 |
| ഒ.വൈ.ഇ.സി.ഡബ്ല്യു.പി. | 7-8-96 |

പഞ്ചായത്തിൽ ഇന്നുള്ള സ്ട്രീറ്റ്ലൈറ്റ് സൗകര്യം തികച്ചും അപര്യാപ്തമാണ്.

| നിലവിലുള്ളത് | |
|---|---|
| ബൾബ് | 103 |
| ട്യൂബ് | 15 |
| സോഡിയം വേപ്പർ | 11 |

സ്ട്രീറ്റുലൈറ്റിനുവേണ്ടി പഞ്ചായത്ത് പ്രതിമാസം 3090 രൂപ അടയ്ക്കുന്നുണ്ട്.

## മണ്ണെണ്ണ

പഞ്ചായത്തിലെ 2279 വീടുകൾ വെളിച്ചത്തിനുവേണ്ടി മണ്ണെണ്ണയെ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനുപുറമെ ധാരാളം വീടുകളിൽ പാചകാവശ്യത്തിനും മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്.

## വിറക്

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകാവശ്യത്തിന് വിറക് ആണ് ഉപയോഗിക്കുന്നത്. വിറകിനുവേണ്ടി പ്രധാനമായും തെങ്ങിനെ ആശ്രയിക്കുന്നു. ഓല, മട്ടൽ, മടൽ, ചിരട്ട എന്നിവയാണ് തെങ്ങിൽ നിന്നും ലഭിക്കുന്ന പ്രധാനവിറക് ഇനങ്ങൾ.

പഞ്ചായത്തിലെ ഏതാനും വീടുകളിൽ ഗ്യാസ് ഉപയോഗിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്ക വാർഡുകളിലും വൈദ്യുതി ലഭിക്കാത്ത പ്രദേശങ്ങളുണ്ട്. ലക്ഷം വീട്, 4 സെന്റ് കോളനികൾ പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല.
2. പഞ്ചായത്തിലെ പ്രധാനപ്പെട്ട പല വഴികളിലും ഇനിയും സ്ട്രീറ്റ്ലൈറ്റ് സ്ഥാപിച്ചിട്ടില്ല. നിലവിലുള്ള സ്ട്രീറ്റ്ലൈറ്റുകൾ കൃത്യമായി പ്രകാശിക്കുന്നില്ല.
3. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.
4. കണക്ഷനുവേണ്ടി അപേക്ഷ നൽകിയ നിരവധിപേർ കണക്ഷൻ ലഭിക്കുവാൻ കാത്തു നിൽക്കുകയാണ്.
5. രൂക്ഷമായ വൈദ്യുതിക്ഷാമം അനുഭവിക്കുമ്പോൾതന്നെ ലഭ്യമായ വൈദ്യുതിയുടെ വിതരണനഷ്ടം ഭീമമാണ്.
6. വൈദ്യുതി ഓഫീസിലെ ജീവനക്കാരുടെ അഭാവവും, ഓഫീസിൽ നടമാടുന്ന അഴിമതിയും ഉപഭോക്താക്കൾക്കു പ്രയാസം സൃഷ്ടിക്കുന്നു.
7. വോൾട്ടേജ്ക്ഷാമം കാരണം സാമ്പത്തിക ശേഷിയുള്ളവർ സ്റ്റെപ്-അപ് ഉപയോഗിക്കുന്നതിനാൽ മറ്റുള്ളവർക്ക് തീരെ വോൾട്ടേജ് ലഭിക്കുന്നില്ല.
8. ആയിരക്കണക്കിന് ഉപഭോക്താക്കൾ ഒരേ സ്ഥലത്ത് വൈദ്യുതിചാർജ്ജ് അടയ്ക്കേണ്ടിവരുന്നത് പ്രയാസം സൃഷ്ടിക്കുന്നു.
9. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് ഇന്ന് റേഷൻകടയിലൂടെ ലഭ്യമാകുന്ന മണ്ണെണ്ണ 5 ലിറ്റർആണ്. ശരാശരി 8 ലിറ്റർ മണ്ണെണ്ണ ഒരു വീടിന് ആവശ്യമാണ്.
10. പഞ്ചായത്തിലെ പകുതിയേറെ കുടുംബങ്ങളും 25 സെന്റിന് താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇവർക്ക് പാചകാവശ്യത്തിനുള്ള വിറക് ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നു. വിറകിന്റെ അമിതമായ വിലയും ഈ വിഭാഗത്തിന് പ്രയാസം ഉണ്ടാക്കുന്നു.

11. ഗവൺമെൻറ് ഏജൻസികളിൽ നിന്ന് ഗ്യാസ് കണക്ഷൻ ലഭിക്കുവാൻ കാലതാമസം നേരിടുന്നു.സ്വകാര്യ ഏജൻസികൾ അമിത മായ വില ഈടാക്കുന്നു.

*നിർദ്ദേശങ്ങൾ*

1. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ഗവൺമെൻറ് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കണം.
2. പഞ്ചായത്തിലെ വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കണം.
3. നിലവിലുള്ള സ്ട്രീറ്റ്ലൈറ്റുകൾ പൂർണ്ണമായും കത്തിക്കണം. പ്രധാനവഴികളിൽ പുതുതായി സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കണം.

## വൈദ്യുതി എത്തിക്കേണ്ട പ്രദേശങ്ങൾ


| വാർഡ് | സ്ഥലം |
|---|---|
| 1 | കായക്കോത്ത് ഭാഗം, പാലിയാട്ട് താഴ |
| 4 | പെരുമ്പുഴക്കര ഭാഗം, പുഴയോരമേഖല |
| 5 | എടവനമ്പലത്ത്താഴ മുതൽ തൈവച്ചപറമ്പത്ത് ഏരിയവരെ കരിങ്ങാലിമുക്ക് ഏരിയ, ഇല്ലത്ത് മുക്ക്, കാട്ടിൽ പറമ്പ്ഏരിയ |
| 6 | ഹെൽത്ത് സബ്ബ്സെൻററിൻെറ തെക്ക് ഭാഗത്തും, ആദിയൂര് ലക്ഷം വീട്ടിലും. |
| 8 | ഓർക്കാട്ടേരി നോർത്ത് യു.പി. സ്കൂൾ പരിസരം, മുക്കാട്ട്കരായി, കസ്തൂരിക്കുനികരായി. |
| 9 | ബേക്കോട്ട്താഴ പ്രദേശത്ത് |
| 10 | ഓർക്കാട്ടേരി മുതൽ എളങ്ങോളുപള്ളി വരെയും കിഴക്കയിൽതാഴ, വാരിയൻ മത്തിൽ താഴ, കുഴുമ്പിൽ താഴ എന്നിവിടങ്ങളിലും. |
| 11 | 4 സെൻറ് കോളനിയിൽ |
| 12. | ലക്ഷം വീട് കോളനിയിലും, ചെത്തിൻ 4 സെൻറ് കോളനിയിലും പരിസരപ്രദേശത്തും. |


## പുതിയ സ്ട്രീറ്റ് ലൈറ്റിന് ഗ്രാമസഭകളിൽ നിന്ന്വന്ന നിർദ്ദേശങ്ങൾ

| വാർഡ് | സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|
| 1 | കുഞ്ഞിപ്പള്ളി-ഓർക്കാട്ടേരി റോഡിൽ ഓർക്കാട്ടേരി മുതൽ കുറിച്ചിക്കര വരെ. |
| | പട്ട്യാട്ട് ഗെയ്റ്റ് - പുതുക്കുടിതാഴ റോഡ് |
| 2 | കാഞ്ഞിരക്കടവ് - തെരു MLA റോഡ് |
| | ആയാട്ട്മുക്ക് - പുറവിൽതാഴ റോഡ് |
| 3 | കാളിയത്ത്പാലത്തിനു സമീപം |
| 4 | തുരുത്തിമുക്ക് - കാഞ്ഞിരക്കടവ്പാലം റോഡിൽ |
| 6. | ലക്ഷംവീട് കോളനി റോഡ് |

| | |
|---|---|
| | തോട്ടുങ്ങൽ - ചെമ്പ്രറോഡ് |
| 7 | ഓർക്കാട്ടേരി - കുന്നുമ്മക്കര റോഡിൽ |
| | ഏരത്തുംപൊയിൽ, നെല്ലോളിതാഴ, തില്ലേരിമുക്ക് എൽ.പി. സ്കൂൾ പരിസരം. |
| 8 | ഓർക്കാട്ടേരി - ഞെളിയം റോഡ് |
| 9 | ഓർക്കാട്ടേരി - വൈക്കിലശ്ശേരി റോഡിൽ ഓർക്കാട്ടേരി മുതൽ ഇല്ലത്ത്താഴവരെ<br>ഒ.പി.കെ മുതൽ കൊമ്മിണാരിതാഴ പാലം വരെ<br>ഓർക്കാട്ടേരി ടൗൺമുതൽ മെയിൻ റോഡിൽ<br>ഓർക്കാട്ടേരി പടിഞ്ഞാറു വരെ |
| 10 | ഓർക്കാട്ടേരി- കാർത്തികപ്പള്ളി റോഡിൽ |
| | പുത്തലത്ത്പൊയിൽ മുതൽ വേങ്ങോളിപാലം വരെ<br>കൊമ്പുകുളങ്ങര റോഡിലും |
| 11 | ഓർക്കാട്ടേരി - മുയിപ്ര റോഡിൽ<br>തോണിത്തലക്കൽ - വേങ്ങോളിതാഴ റോഡ് |
| 12 | കോച്ചേരിമുക്ക് - കുമുള്ളി റോഡ് |

4. തോട്ടുങ്ങൽപീടിക, പുതുക്കുടിതാള ജംഗ്ഷൻ, കുന്നുമ്മക്കര, മണപ്പുറം, കാഞ്ഞിരക്കടവ്പാലം, കുന്നുമ്മക്കര ഗ്രാമീണ ഗ്രന്ഥാലയ പരിസരം, പട്ട്യാട്ട് ഗെയ്റ്റ്, കുറിച്ചിക്കര-ഓർക്കാട്ടേരി റോഡിൽ, വേയ്വയൽ, ബാലവാടിമുക്ക്, എട വനമ്പലതാഴ, പാമ്പൻെറവിടമുക്ക്, സ്കൂൾ മുക്ക്, മേപ്പാട്ട്മുക്ക്, തുരുത്തിമുക്ക് കടവ്, ഹൈസ് കൂൾ റോഡ് ജംഗ്ഷൻ, ലക്ഷംവീട് റോഡ് ജംഗ് ഷൻ എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന്ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.
5. ചെരിയേരിതാഴ, തട്ടോളിക്കര യു.പി. സ്കൂൾ സമീപം നെല്ലാച്ചേരി, വേയ്വയൽ, രയരമംഗലം ക്ഷേത്രത്തിനടുത്ത് മുയിപ്ര, എന്നിവിടങ്ങൾ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. കാർത്തികപ്പള്ളിയിൽ സ്ഥാപിച്ച ട്രാൻസ്ഫോർ മർഉടൻ ചാർജ്ജ് ചെയ്യണം.
6. വൈദ്യുതിക്ക്വേണ്ടി അപേക്ഷ സമർപ്പിച്ച് കാത്തുനിൽക്കുന്നവർക്ക് കണക്ഷൻ നൽകു വാൻ നടപടി ഉണ്ടാക്കണം. വ്യാവസായിക-കാർ ഷിക ആവശ്യങ്ങൾക്ക് കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ചാൽ നിശ്ചിത ദിവസത്തി നുള്ളിൽ ലഭിക്കുമെന്നത് ഉറപ്പാക്കണം.
7. പ്രസരണനഷ്ടമുണ്ടാക്കുന്ന പഴകിയ മുഴുവൻ ലൈനുകളും മാറ്റി പുതിയത് വലിക്കണം. വൻ തോതിൽ പ്രസരണ നഷ്ടമുണ്ടാക്കുന്ന നില യിൽ കമ്പികളിൽ സ്പർശിച്ചു നിൽക്കുന്ന വൃക്ഷശിഖരങ്ങളും മറ്റും മാറ്റാനുള്ള പ്രവർത്തനം കൃത്യമായി നടത്തണം.
8. വൈദ്യുതി ഓഫീസിലെ അഴിമതി അവസാനി പ്പിക്കാൻ കർശനനടപടികൾ ഉണ്ടാക്കണം. ഇതിന് വേണ്ടി ജനകീയ പ്രസ്ഥാനം രൂപപ്പെ ടുത്തണം. ആവശ്യമായ ജീവനക്കാരെ നിയ മിക്കണം.
9. വൈദ്യുതിചാർജ്ജ് അടയ്ക്കുന്നതിന് പ്രാദേ ശിക സംവിധാനങ്ങൾ ഉണ്ടാക്കണം.
10. കാർത്തികപ്പള്ളി വില്ലേജിൽ മൂന്ന് സെക്ഷനു കളിൽ നിന്നുള്ള കണക്ഷൻ ഒരു സെക്ഷനി ലാക്കി മാറ്റണം.
11. നിലവിലുള്ള സെക്ഷൻ ഓഫീസ് വിഭജിച്ച് ഓർക്കാട്ടേരിയിൽ പുതിയ സെക്ഷൻ ഓഫീസ് ഉണ്ടാക്കണം.
12. വൈദ്യുതീകരിക്കാത്ത വീടിന് കാർഡ് ഒന്നിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 5 ലിറ്റർ മണ്ണെണ്ണ 8 ലിറ്ററാക്കി വർദ്ധിപ്പിക്കണം.
13. വിറക് ലഭിക്കുവാൻ കഴിയുന്ന ചെലവുകു റഞ്ഞ പുകയില്ലാത്ത അടുപ്പുകളെ കുറിച്ച് ജനങ്ങളിൽ പ്രചരിപ്പിക്കുകയും ലഭ്യമാക്കു കയും ചെയ്യുക. (പരിഷത്ത് അടപ്പുകൾ)
14. ഗവൺമെൻറ് ഏജൻസികളിൽ നിന്നും ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.





# 7.7

# പാർപ്പിടവും, സാമൂഹ്യ ക്ഷേമവും

കടത്തനാടിന്റെ ചരിത്ര ഗീതങ്ങളിൽ സ്മരണീയമായ സംഭാവനകൾ നൽകിയ വിസ്തൃതമായ ഏറാമല പഞ്ചായത്തിൽ ഏറാമല എന്ന ഒറ്റ വില്ലേജ് മാത്രമേ നിലവിലുള്ളു. സാമൂഹ്യജീവിയായ മനുഷ്യന്റെ വ്യക്തിത്വവികാസത്തിനും അവന്റെ പാർപ്പിടങ്ങൾ നിർണ്ണായക സ്ഥാനം വഹിച്ചിട്ടുള്ളതായി കാണാം. സുരക്ഷിത ബോധവും, പാരമ്പര്യഘടകങ്ങളും, അന്തരീക്ഷവും ഒരുമിപ്പിക്കുന്നതിൽ പാർപ്പിടങ്ങൾ എല്ലാകാലത്തും അതുല്ല്യമായ പങ്കുവഹിച്ചിട്ടുണ്ട്.

കാർഷിക പ്രാധാന്യമുള്ള വീടുകളായിരുന്നു പണ്ട് ഏറാമലയിൽ ഉണ്ടായിരുന്നത്. വിശാലമായ മുറ്റവും, നീണ്ട വരാന്തകളുമായിരുന്നു ഇതിന്റെ പ്രത്യേകത ഇവിടെ തന്നെ ലഭ്യമായ വസ്തുക്കളായ കല്ല്, മണ്ണ്, മരം എന്നിവ ഉപയോഗിച്ച് ഇവിടെ തന്നെയുള്ള തൊഴിലാളികളെ ഉപയോഗിച്ചായിരുന്നു വീടുകൾ പണിതിരുന്നതെന്ന് കാണാം. പാർപ്പിട നിർമ്മാണത്തിലെ വൈവിധ്യങ്ങൾ അറിയാത്തത് കൊണ്ടാകാം മിക്കവാറും ഒരേ രീതിയിലുള്ള 'പടിഞ്ഞാറ്റ' വീടുകളായിരുന്നു നിർമ്മിച്ചിരുന്നത്. ഇവ ലളിതവും, കൂലിനിരക്കുകൾ വളരെ കുറഞ്ഞതും നമ്മുടെ കാലാവസ്ഥക്ക് വളരെ അനുയോജ്യവുമായിരുന്നു. ഭവനനിർമ്മാണ രംഗത്ത് കൂട്ടായ്മയും, സേവനവും, സഹകരണവും വേണ്ടത്ര ഉണ്ടായിരുന്നതായി കാണാം. ചുമരുകൾകല്ല്, കട്ട, മണ്ണ് എന്നിവ ഉപയോഗിച്ചും, തറ, മണ്ണ്, ചാണകം മെഴുകിയതും മേൽപ്പുര ഓലയുംഓടും കൊണ്ട് മേഞ്ഞതും ആയിരുന്നു. കാട്ടുമൃഗങ്ങളോടും, ഇഴജന്തുക്കളോടുമുള്ള പേടിയോ, കാലാവസ്ഥാ വൈരുദ്ധ്യങ്ങൾ കൊണ്ടോ ആകാം മിക്കവാറും വീടുകളുടെ വാതിലും, ജനലുകളും, മുറികളും വലുപ്പം കുറഞ്ഞതും വെളിച്ചക്കുറവുള്ളതുമായിരുന്നു.

ഇന്ന് പാർപ്പിട രംഗത്ത് വിപ്ലവകരമായ മാറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് കാണാം. സാമ്പത്തിക രംഗത്തുണ്ടായ വളർച്ചയും കൂട്ടുകുടുംബവ്യവസ്ഥയുടെ ശിഥിലീകരണവും, റോഡുകളുടെ വികസനവും, വൈദ്യുതിയുടെ ലഭ്യതയും വർദ്ധിച്ചതോടെ ഈ രംഗത്ത് അഭൂതപൂർവ്വമായ പരിണാമം സംഭവിച്ചു. വീടുകളുടെ ഘടനയിലും, നിർമ്മാണത്തിലും, കാഴ്ചപ്പാടിന് തന്നെയുംവലിയ അന്തരങ്ങളുണ്ടായിട്ടുണ്ട്. പാർപ്പിടനിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ പുറം സംസ്ഥാനങ്ങളിൽനിന്നു മാത്രമല്ല അന്യരാജ്യങ്ങളിൽ നിന്നുപോലും കൊണ്ടുവരുന്നതായി കാണാം. പാർപ്പിട നിർമ്മാണത്തിൽ സാങ്കേതികതയും ശാസ്ത്രീയബോധവും വളർന്നു. പഴയ പടിഞ്ഞാറ്റ വീടുകൾ അപ്രത്യക്ഷമായി പകരം താമസിക്കേണ്ട ആളുകളുടെ എണ്ണം നോക്കാതെ ആഡംബരത്തിനും അലങ്കാരത്തിനുമുള്ള കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം കാരണം റോഡരികിൽ ഇന്ന് ലക്ഷങ്ങൾ കൊടുത്ത് സ്ഥലം വാങ്ങി വീടുവെക്കുന്നവർ നിരവധിയാണ്.

ഒരു വർഷം ഏറാമലയിൽ 70 ലക്ഷം രൂപയിൽ കൂടുതൽ സംഖ്യ പാർപ്പിടങ്ങളുടെ നിർമ്മാണക്കൂലിക്ക് മാത്രമായി വിനിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീട് നിർമ്മാണ രംഗത്ത് വേഗതകൂടിയതും, സ്ഥലപരിമിതിയും, പരിസ്ഥിതി പ്രശ്നങ്ങൾ, അസംസ്കൃത സാധനങ്ങളുടെ കുറവും,

കാഴ്ചപ്പാടിൽ വന്ന മാറ്റവും ഈ രംഗത്ത് മറ്റ് മേഖലകളിലെന്നപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഭൂമിയുടെ വിലയും, കൂലി നിരക്കിലും, നിർമ്മാണസാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവും ഇന്ന് സ്വന്തമായൊരു വീട് സാധാരണക്കാരന് സ്വപ്നമായി തീർന്നിരിക്കയാണ്. കെട്ടിട നിർമ്മാണത്തിനുള്ള സിമൻറിന് 85-86 ൽ എഴുപത് രൂപയായിരുന്നത്. 1996-97 ൽ നൂറ്റി എൺപത് രൂപയും, കമ്പിക്ക് 85-86 ൽ 1 കിലോഗ്രാമിന് 10 രൂപയായിരുന്നത് 1995-96 ൽ പതിനേഴ് രൂപയും, ചെങ്കല്ലിന് 1000 ന് 2000 രൂപയിൽനിന്നും 1995-96 ൽ 5500 രൂപയായും വർദ്ധിച്ചിരിക്കുന്നു. കൂലി നിരക്ക് പട്ടികചുവടെ ചേർക്കുന്നു.

### കൂലി നിരക്ക് പട്ടിക - (1)

| 1986-87 (കൂലി ഒരാൾക്ക്) | കൂലി | 1996-97 ൽ കൂലി | കൂലി നിരക്ക് |
|---|---|---|---|
| അവിദഗ്ദ്ധ തൊഴിലാളി | 25-30 | അവിദഗദ്ധ തൊഴിലാളി (സ്ത്രീ) | 60-70 |
| അവിദഗ്ദ്ധ തൊഴിലാളി (പുരുഷൻ) | 35-40 | അവിദഗദ്ധ തൊഴിലാളി (പുരുഷൻ) | 90-100 |
| വിദഗ്ധ തൊഴിലാളി (പുരുഷൻ) | 50-60 | വിദഗ്ധ തൊഴിലാളി (പുരുഷൻ) | 110-125 |

ഏറാമല പഞ്ചായത്തിൽ 4 ലക്ഷം വീട് കോളനികളും രണ്ട് 4 സെൻറ് പതിച്ചുനൽകിയ കോളനികളും ഉണ്ട്. മൊത്തം കുടിലുകൾ അടക്കം അധിവാസയോഗ്യമായ 5598 വീടുകൾ ഉണ്ട്. ഇവയിൽ 1413 കോൺക്രീറ്റ് വീടുകളും 1867 ഓട് മേഞ്ഞ വീടുകളും ആണ്. 4478 വീടുകൾക്ക് ഉപയോഗ്യമായ കക്കൂസ് ഉണ്ട്. ഊരാളുങ്കൽ സൊസൈറ്റിയിൽ നിന്നും വീട് നിർമ്മാണത്തിന്സഹായം നൽകി വരുന്നുണ്ട്. ജെ.ആർ. വൈ, ഐ.എ.വൈ, മില്ല്യൻ വെൽ, എന്നീ പദ്ധതികളിൽപ്പെട്ട് കൊണ്ട് കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 17 വീടുകൾ അനുവദിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ 5 വർഷത്തിനുള്ളിൽ 600 വീടുകളെങ്കിലും ഇനിയും വേണ്ടിവരും. ഇന്ന് പഞ്ചായത്തിനകത്ത് നിന്നും, പുറത്ത് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന സഹായംവളരെ പരിമതമാണെന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്.

### ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന പട്ടിക - 2

| വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ ബ്ലോക്ക് പദ്ധതികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|
| 276 (1992 കുടുംബ സർവ്വേ) | 17 | 10 | 7 | 259 |

അവലംബം വി.ഇ.ഒ.ഓഫീസ് രേഖ

### പഞ്ചായത്തിലെ കോളനികളുടെ പട്ടിക - (3)

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|
| 1 | മൊട്ടേമ്മൽ ലക്ഷം വീട് കോളനി | 38 |
| 2 | കാർത്തികപ്പള്ളി ലക്ഷം വീട് കോളനി | 38 |
| 3 | കുന്നമ്മക്കര ലക്ഷം വീട് കോളനി | 16 |
| 4 | ഓർക്കാട്ടേരി മണപ്പുറം കോളനി | 8 |
| | ആകെ | 100 |

(അവലംബം പഞ്ചായത്ത് രേഖ)

പ്രകൃതി ക്ഷോഭങ്ങളിൽപ്പെട്ട് വീട് നഷ്ട പ്പെട്ടവർക്ക് റവന്യൂ വകുപ്പിൽനിന്നുള്ള ആനുകൂല്യം നമ്മുടെ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന വർക്കേ ലഭിച്ചിട്ടുള്ളു. നമ്മുടെ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വീടുകളിൽ 1051 എണ്ണം മാളിക വീടുകളും 127 എണ്ണം ഓലമേഞ്ഞ കൂരകളുമാണ്.

### വീടുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക (4)

| ക്രമ നമ്പർ | വാർഡ് നമ്പർ | ഒന്നിൽ കൂടുതൽ നിലയുള്ളത് | കോൺക്രീറ്റ് വീട് | ഓട് മേഞ്ഞത് | ഓല മേഞ്ഞത് | ആകെ | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| 1 | I | 72 | 120 | 158 | 133 | 486 | 3 |
| 2 | II | 131 | 90 | 171 | 51 | 451 | 8 |
| 3 | III | 76 | 95 | 206 | 75 | 456 | 4 |
| 4 | IV | 85 | 78 | 172 | 98 | 457 | 24 |
| 5 | V | 105 | 90 | 113 | 137 | 473 | 28 |
| 6 | VI | 72 | 135 | 144 | 62 | 427 | 14 |
| 7 | VII | 116 | 250 | 190 | 160 | 748 | 30 |
| 8 | VIII | 120 | 170 | 198 | 75 | 568 | 85 |
| 9 | IX | 66 | 155 | 145 | 98 | 467 | 3 |
| 10 | X | 98 | 125 | 142 | 94 | 463 | 4 |
| 11 | XI | 110 | 105 | 228 | 155 | 602 | 4 |
| ആകെ | | 1051 | 1413 | 1867 | 1136 | 5598 | 127 |

(അവലംബം പഞ്ചായത്ത് രേഖ)

*പ്രശ്നങ്ങൾ:*

1. പഞ്ചായത്ത് അനുവദിച്ച നാല് ലക്ഷം വീട് കോളനികളിൽ പലതും പൊളിഞ്ഞ് അധിവാസ യോഗ്യമല്ലാതായിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ് സൗകര്യം,വൈദ്യുതി എന്നിവ പല സ്ഥലങ്ങളിലും ലഭ്യമല്ല.
2. പല കോളനികളിലും അതിർത്തി തർക്കങ്ങൾ നിലനില്ക്കുന്നു.
3. ലക്ഷം വീട് കോളനികളും നാല് സെൻറ് കോളനികളും നിർധനരായ വീടില്ലാത്തവർക്ക് നൽകാൻ പല വാർഡുകളിലും സംവിധാനങ്ങൾ നിലവിലില്ല.
4. വീട് നിർമ്മിക്കുന്നതിനായി ഊരാളുങ്കൽ റൂറൽ ഹൗസിങ് സൊസൈറ്റിയിൽ നിന്നും നാമമാത്രമായവർക്കേ സഹായം ലഭിക്കുന്നുള്ളൂ. ആയത് വളരെ പരിമിതമാണ്.
5. കനറാ ബാങ്ക്, സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും ഭവന നിർമ്മാണത്തിനായി സഹായമൊന്നും കാര്യമായി ലഭിക്കുന്നില്ല.
6. ഇന്ന് നിർമ്മിച്ചുകൊണ്ടിരിക്കുന്ന വീടുകൾ പലതു താമസത്തിന് മാത്രമല്ല ആർഭാടത്തിനു കൂടിയാണ്.

7. ഗൾഫ് മേഖലകളിൽനിന്നും നമ്മുടെ പഞ്ചായത്തിലേക്ക് വരുന്ന പണം ഉൽപ്പാദനമായ മേഖലകളിലല്ലാതെ കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ദുർവിനിയോഗം ചെയ്യപ്പെടുന്നു.
8. കാർഷികഭൂമി നികത്തിയാണ് പല സ്ഥലത്തും വീടുകൾ ഉയർന്ന് വരുന്നത്.
9. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ദീർഘ ദൃഷ്ടിയും പ്ലാനിങ്ങുമില്ലാതെ കാർഷികഭൂമിയും, തോടുകളും നികത്തപ്പെടുന്നതിനാൽ വെള്ളക്കെട്ടു തുടങ്ങിയ പല പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു.
10. വീട് നിർമ്മാണ സാധനങ്ങളുടെ വിലക്കയറ്റം മൂലം സാധാരണക്കാരന് വീട് നിർമ്മാണം അസാധ്യമായിത്തീരുന്നു.
11. പഞ്ചായത്തിൽ തന്നെ സുലഭമായി ലഭിക്കുന്ന പദാർത്ഥങ്ങൾ ഉപയോഗിക്കാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, പുറം രാജ്യങ്ങളിൽ നിന്നു പോലും സാധന സാമഗ്രികൾ കൊണ്ടുവരുന്നത് കൊണ്ട് ഇവിടുത്തെ സാധനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.
12. കൈരളീ ഭവനനിർമ്മാണ പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വായ്പക്ക് പലിശ നിരക്ക് കൂടുതലാണ്.
13. വീടിന് ഇന്ന് സർക്കാർ പദ്ധതികളിൽ അനുവദിക്കുന്ന തുക വളരെ പരിമിതമാണ്.
14. ഭവന നിർമ്മാണ വായ്പ അനുവദിക്കുമ്പോൾ നിർമ്മിക്കുന്ന വീട് ജാമ്യമായി സ്വീകരിക്കാതെ മറ്റ് ജാമ്യങ്ങൾ ആവശ്യപ്പെടുന്നു.
15. ദാരിദ്രരേഖക്ക് താഴെയുള്ള നിർധനരായ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സഹായം ലഭ്യമല്ല.
16. ലക്ഷം വീടുകളിലും 4 സെൻറ് കോളനികളിലും താമസിക്കുന്നവർ കൈവശമുള്ള വീടുംഭൂമിയും വില്പന നടത്തുന്നു.

## *സാധ്യതകൾ:*

1. നിലവിലുള്ള ലക്ഷം വീട് കോളനികളിൽ അധിവാസ യോഗ്യമല്ലാത്ത വീടുകൾ റിപ്പയർചെയ്ത് അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുക.
2. ലക്ഷം വീട് കോളനികളിലും നാല് സെൻറ് കോളനികളിലുമുള്ള സ്ഥല തർക്കങ്ങൾ പരിഹരിക്കുക.
3. എല്ലാവാർഡുകളിലും നിർധനരായ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ലക്ഷം വീട് കോളനിയും 4 സെൻറ് കോളനി യും അടിസ്ഥാന സൗകര്യങ്ങളോടെ സ്ഥാപിക്കുക.
4. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
5. കോളനികളിൽ റോഡ് സൗകര്യങ്ങളും, കുടിവെള്ളം, വൈദ്യുതി എന്നിവയും എത്തിക്കുക.
6. ഊരാളുങ്കൽ റൂറൽ ഹൗസിങ്ങ് സൊസൈറ്റികളിൽ നിന്നും ഭവനനിർമ്മാണത്തിനുള്ള വായ്പകൾ കൂടുതൽ ലഭ്യമാക്കുകയും വായ്പാനടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.
7. ഏറാമല സർവ്വീസ് സഹകരണ ബാങ്ക്, ഓർക്കാട്ടേരി കനറാബേങ്ക് എന്നിവിടങ്ങളിൽ നിന്നും ഭവനനിർമ്മാണ വായ്പകൾ വിതരണം ചെയ്യുക.
8. പഞ്ചായത്തിലെ ദാരിദ്രരേഖക്ക് താഴെയുള്ള വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിനായി പൊതുജന സഹകരണത്തോടെ പുതിയ പദ്ധതി നടപ്പിലാക്കുക.
9. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് വീട് നിർമ്മാണത്തിനുള്ള ചെലവ് ചുരുക്കൽ പരിപാടി പ്രചരിപ്പിക്കുക.
10. പഞ്ചായത്തിൽ നിർമ്മിതികേന്ദ്രയുടെ ഓഫീസ് തുറക്കുക.
11. പഞ്ചായത്തിൽ ആഡംബരത്തിനും, ആർഭാടത്തിനും വേണ്ടി നിർമ്മിക്കുന്ന വീടുകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
12. 150 $M^2$ ന് താഴെ മാത്രം വിസ്തീർണ്ണമുള്ള വീടുകൾക്ക് നികുതി ഇളവ് അനുവദിക്കുക.
15. കാർഷിക ഭൂമി നികത്തി വീട് നിർമ്മിക്കുന്നത് നിയമം മൂലം തടയുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

16. സർക്കാരിൽനിന്നും അനുവദിക്കുന്ന ഭവന നിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിക്കുക.

17. പഞ്ചായത്തിൽ ലഭ്യമായ മുപ്പത് ഏക്കർ ചെങ്കൽ സമ്പത്ത് വീട് നിർമ്മാണത്തിന് ഉപ യോഗപ്പെടുത്തുക.

18. നാടൻ ഇഷ്ടിക നിർമ്മാണം, സിമൻറിൽ നിർമ്മിക്കുന്ന കട്ടില, സിമൻറ് കട്ട, ജനൽ എന്നി വയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുക.

19. കെട്ടിട നിർമ്മാണനിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക.

20. നാട്ടിൽതന്നെ ലഭ്യമായ തെങ്ങ്, കല്ല്, ഓട് എന്നിവ ഉപയോഗിച്ച് നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമായ പാർപ്പിട നിർമ്മാണ സാങ്കേ തിക വിദ്യപ്രചരിപ്പിക്കുക.

21. പഞ്ചായത്തിലെ വീടുകൾക്കും, കെട്ടി ടങ്ങൾക്കും നികുതി ചുമത്താനുള്ള അധികാരം പഞ്ചായത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകു ക.

22 കൈരളി ഭവന നിർമ്മാണ പദ്ധതിയുടെ പലിശ നിരക്ക് കുറക്കുക. എല്ലാ ഭവന നിർമ്മാണ വായ്പകൾക്കും നിർമ്മിക്കുന്ന വീട് തന്നെ ജാമ്യമായി സ്വീകരിച്ചുകൊണ്ട് വായ്പ രീതി ലളിതമാക്കുക.

23. ലക്ഷം വീട് കോളനികളിലും നാല് സെൻറ് കോളനികളിലും ഇന്ന് ആവശ്യമില്ലാത്തവർ വീടും സ്ഥലവും വിറ്റ് പോകുന്നത് തടയാൻ നിയമനിർമ്മാണം കൊണ്ടു വരണം.

സന്നദ്ധ സംഘടനകളുടെയും ക്ലബ്ബുകളുടെയും ഗൾഫ് മലയാളികളുടെയും സഹായ സഹകര ണങ്ങൾ എന്നിവ സ്വരൂപിച്ച് 5 വർഷത്തി നുള്ളിൽ നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് അറുതി വരുത്താൻ നമുക്ക് ഒന്നിക്കാം

# സാമൂഹ്യ ക്ഷേമം

ഒരു സമൂഹത്തിൻെറ വളർച്ചക്ക് സാമൂ ഹ്യക്ഷേമ പദ്ധതികൾക്ക് അതുല്ല്യമായ സ്ഥാനമാ ണുള്ളത്. പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങള ടക്കം സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ ഒരു അത്താണിയാണ് സാമൂഹ്യ ക്ഷേമ പദ്ധതികൾ.

ജന്മിത്ത വ്യവസ്ഥയുടെ ശിഥിലീകര ണത്തിന് ശേഷം സമൂഹത്തിൽ കാര്യമായ മാറ്റം സംഭവിച്ചു. അദ്ധ്വാനത്തിന് വേതനം കൃത്യമായി ലഭിക്കണമെന്ന ബോധം ജനങ്ങൾക്ക് ഉണ്ടായി. ജന്മി-കുടിയാൻ ബന്ധത്തിലുണ്ടായ ഉലച്ചലും ചൂഷ ണങ്ങൾക്ക് എതിരായി സമൂഹത്തിൽ മുറവിളി ഉയ രാൻ തുടങ്ങിയതും സാമൂഹ്യമാറ്റങ്ങൾക്ക് തുടക്കം കുറച്ചു.

ഹിന്ദുവും, മുസ്ലീമും, കൃസ്ത്യാനിയും ഇന്ന് തോളോട് തോള് ചേർന്ന് സൗഹൃദാന്തരീക്ഷമാണ് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളത്. അങ്ങിങ്ങ് ഉണ്ടാവുന്ന ചെറിയ ലഹളകൾ അവിടെതന്നെയുള്ള നാട്ടുമുഖ്യരും, രാഷ്ട്രീയ പാർട്ടി പ്രതിനിധികളും പറഞ്ഞുതീർക്കുന്ന ഒരു സമ്പ്രദായമാണ് ഇവിടെ യുള്ളത്. വളരെ കുറഞ്ഞ കേസുകൾ മാത്രമേ കോടതിയിലും പോലീസ് സ്റ്റേഷനിലും എത്താ റുള്ളൂ. ഗ്രാമവികസന വകുപ്പിൻെറയും, റവന്യൂ വകുപ്പിൻെറയും സാമൂഹ്യക്ഷേമവകുപ്പിൻെറയും, സാമൂഹ്യപദ്ധതികൾ നടത്തുന്ന മറ്റ് വകുപ്പുകളു ടേയും,വിവിധ ക്ഷേമനിധികളും, വിവിധ വികസന കോർപ്പറേഷനുകളും പഞ്ചായത്ത് നേരിട്ട് നടത്തുന്നപല പദ്ധതികൾ ഉണ്ടെങ്കിലും ഇന്നും അവശരായ, നിർധനരായ ധാരാളം ജനങ്ങൾ നമ്മുടെ ഗ്രാമപ്രദേശത്ത് ദുരിതങ്ങളുമായി മല്ല ടിക്കുന്നുണ്ടെന്നത് ഒരു ദുഃഖ സത്യമാണ്.

1992 വർഷത്തിൽ ഗ്രാമവികസന വകുപ്പ് നടത്തിയ കുടുംബസർവ്വേയിൽ 11 വാർഡു കളിലായി 1834 കുടുംബങ്ങൾ ദാരിദ്രരേഖക്ക് താഴെ കഴിയുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടികചുവടെ ചേർക്കുന്നു.

## പട്ടിക (1)

| വാർഡ് നമ്പർ | ദാരിദ്രരേഖക്ക് താഴെ യുള്ള കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | സഹായം നൽകാൻ അവശേഷിക്കുന്നവർ |
|---|---|---|---|---|
| I to XI | 1834 | 16 | 215 | 1619 |

എട്ടാം പദ്ധതിക്കാലത്ത് സർവ്വേ ചെയ്ത കുടുംബങ്ങളിൽ 215 പേർക്ക് ഐ.ആർ.ഡി.പി.സഹായം നൽകിയിട്ടുണ്ട്. ഇവരിൽ 26 കുടുംബങ്ങൾ SC/ST വിഭാഗത്തിൽപ്പെട്ടവരാണ്. ഐ.ആർ.ഡി.പി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പൂർണ്ണ അധികാരം ഗ്രാമസഭയിൽ നിക്ഷിപ്പമാണ്. ഐ. ആർ. ഡി.പി. സ്കീമിൽ ഇന്ന് പ്രതിവർഷം 11,000 രൂപക്ക് താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കേ സഹായം ലഭിക്കുന്നുള്ളു. ഇത് മാറ്റി വാർഷിക വരുമാന പരിധി 25000 രൂപയായി ഉയർത്തി അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും ജനപങ്കാളിത്തത്തോടെ പുനർ സർവ്വേനടത്തി സഹായം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ വാണിജ്യ ബാങ്കുകളും, സഹകരണ ബാങ്കുകളും ഈ പദ്ധതി നടപ്പാക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. ഐ.ആർ.ഡി.പി.സഹായം ലഭിച്ച കുടുംബങ്ങൾ വായ്പസംഖ്യ കൃത്യമായ തിരിച്ചടക്കാത്ത പ്രശ്നവും നിലനില്ക്കുന്നു. ഇതിന് വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായി ഒരു മോണിറ്ററിങ്ങ്സെൽ സ്ഥാപിക്കുകയും റിക്കവറി ക്യാമ്പുകളും ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിക്കാൻഎന്നിവ വി.ഇ.ഒ/എൽ.വി.ഇ.ഒ., ബാങ്ക് പ്രതിനിധി എന്നിവരോടൊപ്പം നടത്തേണ്ടതുമാണ്.

ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (സി.ഡബ്യൂ.സി.ആർ.എ.) യുടെ 7 യൂനിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആകെ ഇവയിൽ 73 വനിതകളാണ് അംഗങ്ങളായിട്ടുള്ളത്.

## പട്ടിക - (2)

| ക്രമ നമ്പർ | ഇനം | വർഷം | ആകെ അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | പശുവളർത്തൽ | 1991-92 | 14 |
| 2 | പശുവളർത്തൽ (3 യൂനിറ്റുകൾ) | 1992-93 | 32 |
| 3 | റെഡിമെയ്ഡ് ഗാർമെൻറ് | 1994-95 | 10 |
| 4 | റെഡിമെയ്ഡ് ഗാർമെൻറ് | 1995-96 | 7 |
| 5 | പപ്പം ആൻറ് ചിപ്സ് | 1991-92 | 10 |

(അവലംബം വി.ഇ.ഒ.ഓഫീസ് രേഖകൾ)

ഇതിൽ പശുവളർത്തൽ യൂനിറ്റുകളിൽ പലതും നല്ല നിലയിൽ പ്രവർത്തിക്കുന്നതല്ല. അംഗങ്ങൾകല്ല്യാണം കഴിച്ചുപോകുമ്പോൾ യൂനിറ്റിൽ അംഗങ്ങൾ കുറയൽ, വായ്പ സംഖ്യ കൃത്യമായി തിരിച്ചടക്കാതിരിക്കൽ, അംഗങ്ങൾ തമ്മിലുള്ള സ്വരചേർച്ചയില്ലായ്മ എന്നിവ ഈ യൂനിറ്റുകളുടെ സുഗമമായ നടത്തിപ്പിന് വിഘാതമാവുന്നുണ്ട്.

വടകര ബ്ലോക്കിൽനിന്നും ഈ പഞ്ചായത്തിൽ 60 പേർക്ക് ട്രൈസം പദ്ധതിയിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇവയിൽ പകുതി പേർ സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടവരും പകുതിയോളം പേർ ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. ഇവയുടെ വിശദവിവരം താഴെ കൊടുത്ത പട്ടികയിൽ നിന്നും വ്യക്തമാവുന്നതാണ്.

## പട്ടിക - 3

| ക്രമ നമ്പർ | പരിശീലന വിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതര തൊഴിലുക ളിൽ ഏർപ്പെട്ടി രിക്കുന്നവർ | അവശേഷി ക്കുന്നവർ |
|---|---|---|---|---|---|
| 1 | പ്ലമ്പിങ്ങ് | 2 | 1 | 1 | - |
| 2 | റേഡിയോ &T.V റിപ്പയർ | 3 | 1 | 2 | - |
| 3 | വയറിങ്ങ് | 5 | 5 | - | - |
| 4 | ഓട്ടോ ഡ്രൈവിങ്ങ് | 1 | 1 | - | - |
| 5 | പ്രിൻടിങ്ങ് | 7 | - | 7 | - |
| 6 | പ്ലാസ്റ്റിക്ക് ബാഗ് നിർമ്മാണം | 8 | 2 | 4 | 2 |
| 7 | ബീഡി തെരപ്പ് | 5 | 5 | - | - |
| 8 | റെഡിമെയ്ഡ്സ്, ടൈലറിങ്ങ് | 19 | 12 | 4 | 3 |
| 9 | എംബ്രോയിഡറി | 3 | 1 | 2 | - |
| 10 | വെൽഡിങ്ങ് | 1 | 1 | - | - |
| 11 | ഫോട്ടോഗ്രഫി | 1 | - | 1 | - |
| 12 | ഇലക്ട്രോണിക്സ് | 1 | - | 1 | - |
| 13 | അപ്പോൾസ്ട്രറി | 1 | - | 1 | - |
| | ആകെ | 60 | 29 | 23 | 5 |

(അവലംബം വി.ഇ.ഒ.ഓഫീസ് രേഖങ്ങൾ)

ഗ്രാമ വികസന വകുപ്പ് നടത്തിവരുന്ന ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപ കരണങ്ങൾ നൽകുന്ന പരിപാടിയിൽ നമ്മുടെ പഞ്ചായത്തിൽ 64 പേർക്ക് നവീന തൊഴിലുപക രണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു.

### പട്ടിക - 4

| ഗ്രാമീണ കൈ ത്തൊഴിലാളി കളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായം ലഭിക്കാനുള്ളവർ |
|---|---|---|
| 119 | 64<br>ആശാരി - 38<br>കൊല്ലൻ - 3<br>തട്ടാൻ - 11<br>മേസൻ - 12 | 55 |

(അവലംബം വി.ഇ.ഒ.ഓഫീസ് രേഖകൾ)

സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ ഈ പഞ്ചായത്തിൽ 10,000 ഫലവൃക്ഷതൈകൾ ഉല്പാദിപ്പിക്കുകയും കഴിഞ്ഞ 3 വർഷങ്ങളിലായി 8627 തൈകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പട്ടിക കാണുക.

### പട്ടിക - 5

| തൈകളുടെ ഇനം | ഉല്പാദിപ്പിച്ചവയുടെ എണ്ണം | വിതരണം ചെയ്തതിൻെറ എണ്ണം | | | |
|---|---|---|---|---|---|
| | | 1992 | 1993 | 1994 | 1995 |
| ഫലവൃക്ഷ തൈകൾ | 10,000 | 5390 | 59 | 858 | 2320 |

(അവലംബം വി.ഇ.ഒ. ഓഫീസ് രേഖകൾ)

ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന J.R.Y; I.A.Y, M.W.S എന്നീ പദ്ധതികളിൽ 1992 മുതൽ17 വീടുകൾ അനുവദിച്ചതിൽ 7 എണ്ണത്തിൻെറ പണി ഇനിയും പൂർത്തിയാക്കിയിട്ടില്ല. (പാർപ്പിടത്തിൽ പട്ടിക - 1 കാണുക)

പാർപ്പിട നിർമ്മാണ സ്കീം വിജയകരമായി നടത്തുന്നതിന് ഇപ്പോൾ അനുവദിക്കുന്ന തുക വളരെ പരിമിതമാണ്.

ബ്ലോക്ക് മുഖേന നടപ്പിലാക്കുന്ന മറ്റൊരു സ്കീമായ സി.ആർ.എസ്.പി.യിൽ 1992 മുതൽ 82 കുടുംബങ്ങൾക്ക് രണ്ട് കുഴികളുള്ള കക്കൂസ് അനുവദിച്ചിട്ടുണ്ട്. ഇതിൽ 13 കക്കൂസുകളുടെപണി ഇനിയും പൂർത്തിയായിട്ടില്ല.

പട്ടിക താഴെ കൊടുക്കുന്നു

പട്ടിക - 6

| കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം | ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവരുടെ എണ്ണം | ഇനി കക്കൂസ് ആവശ്യമുള്ളവർ |
|---|---|---|---|
| 322 | 82 | 69 | 240 |

(അവലംബം വി.ഇ.ഒ.ഓഫീസ് രേഖകൾ)

പഞ്ചായത്തിൽ ഇനിയും വേണ്ട കക്കൂസുകളുടെ എണ്ണം പട്ടികയിൽ നിന്നും വ്യക്തമാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ സന്നദ്ധ പ്രവർത്തനം നടത്തുന്ന 4 മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം ഇന്ന് സജീവമായി നടക്കുന്നില്ല. 1992 ന്ശേഷം ഫലവൃക്ഷതൈകളുടെ ഉൽപ്പാദമോ, അവശവിഭാഗങ്ങളുടെ ഉന്നമനത്തിന് ഉതകുന്ന പൊതു പ്രവർത്തനങ്ങളോ കാര്യമായി ഒന്നും നടത്താറില്ല. സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന 4 ബാലവാടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവകളിൽ 5 വയസ്സിനും താഴെ പ്രായമുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഉച്ചഭക്ഷണം വിതരണം ചെയ്യുന്നുണ്ട്. കുട്ടികൾക്ക് 65 ഗ്രാം അരിയും 15 ഗ്രാം ചെറുപയരും സ്ത്രീകൾക്ക് 130 ഗ്രാംഅരിയും 15 ഗ്രാം ചെറുപയറും അടങ്ങുന്ന ഭക്ഷണമാണ് വിതരണം ചെയ്യുന്നത്. 12 വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ 4 ബാലവാടികൾ തികച്ചും അപര്യാപ്തമാണ്. അംഗൻവാടികൾ ഒന്നും ഇല്ല. 1000 പേർക്ക് 1 എന്ന തോതിൽ ബാലവാടികളോ അംഗൻ വാടികളോ സ്ഥാപിക്കേണ്ടതാണ്. പല ബാലവാടികളിലും ഉപയോഗ്യമായ കക്കൂസ് ഇല്ല. മേൽപ്പുര പൊട്ടിപൊളിഞ്ഞ ബാലവാടികൾ റിപ്പയർ ചെയ്യുകയും കുട്ടികൾക്ക് കളിക്കാൻ കളിപ്പാട്ടങ്ങളും ലഭ്യമാക്കണം. ബാലവാടികളിലെ ഹെൽപ്പർമാർക്കും ടീർച്ചർമാർക്കും ഇന്ന് ലഭിക്കുന്ന അലവൻസ് ഉടനെ വർദ്ധിപ്പിക്കേണ്ടതാണ്. ഓരോ ബാലവാടിയും വാർഡ് മെമ്പർ കൺവീനറായിക്കൊണ്ടുള്ള ജനകീയ കമ്മിറ്റികൾ രൂപീകരിക്കുകയും മോണിറ്ററിങ്ങ് നടത്തുകയുംവേണം. വികസന പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്ന ഗ്രാമതല പ്രവർത്തകരായ വി.ഇ.ഒ/എൽ.വി.ഇ.ഒ. മാരുടെ നിർത്തൽ ചെയ്ത തസ്തികകൾ ഉടനെ പുനഃസ്ഥാപിക്കണം.

വില്ലേജ് ഓഫീസ് വഴിയുള്ള പദ്ധതികൾ സമൂഹത്തിലെ നിർധനരായ ജനങ്ങളെ ഉദ്ധരിക്കാൻവേണ്ടി സർക്കാർ നടപ്പാക്കുന്ന പെൻഷൻ പദ്ധതികളും മറ്റ് ക്ഷേമ പദ്ധതികളുമാണ്.

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, ഭൂരഹിത കർഷകത്തൊഴിലാളി പെൻഷൻ T.B.രോഗികൾക്കുള്ള പെൻഷൻ പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർക്കുള്ള ആശ്വാസം എന്നിവയാണ് പ്രധാനം. 1960ൽ ആരംഭിച്ച വാർദ്ധ്യകാല പെൻഷൻ പദ്ധതിയിൽ 65 വയസ്സ്കഴിഞ്ഞ ആരോഗ്യമുള്ള 20 വയസ്സ് പൂർത്തിയായ ആൺകുട്ടികൾ ഇല്ലാത്തവർക്ക് പ്രതിമാസം 100രൂപ അനുവദിക്കുന്നു. ഇവരുടെ വാർഷിക വരുമാനം 500 രൂപയിൽ കൂടാൻ പാടില്ല. കോഴിക്കോട് ജില്ലയിൽ 5000 പേർക്ക് ഈ പെൻഷൻ നൽകുന്നതിൽ 5 പേർക്കാണ് നമ്മുടെ പഞ്ചായത്തിൽ ഇത് ലഭിക്കുന്നത്. 55 വയസ്സ് കഴിഞ്ഞ അർഹതയുള്ള പഞ്ചായത്തിലെ എല്ലാവർക്കും ഈ സഹായം ലഭ്യമാക്കേണ്ടതാണ്.

ഭൂരഹിത കർഷക കുടുബങ്ങളിലെ കുടുംബനാഥൻ മരണപ്പെട്ടാൽ സ്വാഭാവിക മരണമാണെങ്കിൽ 5000 രൂപയും അപകടമരണമാണെങ്കിൽ പതിനായിരം രൂപയും ലഭിക്കുന്ന ഗ്രാമീണ ഇൻഷുറൻസ് പദ്ധതിയാണ് ദേശീയ കുടുംബ സഹായ പദ്ധതി (എൻ.എഫ്.ബി.എസ്സ്) വാർഷിക വരുമാനം 5000/- രൂപയിൽ കുറഞ്ഞവർക്കേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളൂ. ഇത് ഉയർത്തേണ്ടതും നമ്മുടെ പഞ്ചായത്തിൽഈ പദ്ധതിയെപ്പറ്റി ബോധവൽക്കരണം നടത്തേണ്ടതുമാണ്.

നിർധനരായ ടി.ബി. രോഗികൾക്ക് (ക്ഷയരോഗികൾക്ക്) ഡോക്ടറുടെ സർട്ടിഫിക്കറ്റിനെ ആധാരമാക്കി നൽകുന്ന സാമൂഹ്യ സുരക്ഷാ പദ്ധ

തിയാണ് ടി.ബി.പെൻഷൻ. നമ്മുടെ പഞ്ചായത്തിൽ 30 പേർക്ക് ഈ സഹായം ലഭിക്കുന്നുണ്ട്. അർഹരായ എല്ലാ രോഗികൾക്കും ഈസഹായം ലഭ്യമാക്കണം, നടപടിക്രമങ്ങൾ ലഘൂകരിക്കണം. ആരോഗ്യ വകുപ്പിലൂടെ നടപ്പാക്കുന്നദേശീയ മാതൃ സഹായ പദ്ധതി (N.M.P.S.) യിൽ 19 വയസ്സ് പൂർത്തിയായ വാർഷിക വരുമാനം 5000 രൂപയിൽ കുറഞ്ഞ സ്ത്രീകളുടെ ജീവനുള്ള ശിശുവുള്ള പ്രസവത്തിന് 300 രൂപ സഹായമായി നൽകുന്ന പദ്ധതിയാണ്. രണ്ട് പ്രസവത്തിനേ ഇത് ലഭിക്കുന്നുള്ളു. അടുത്ത P.H.C. യിൽ പേര് റനജിസ്ട്ർ ചെയ്തിരിക്കണം. ഈ സ്കീം വിപുലീകരിക്കുകയും, പ്രസവിച്ച് കുട്ടി മരണപ്പെട്ട അമ്മമാർക്കും ഈ ആനുകൂല്യം എത്തിക്കണം. വികലാംഗ പെൻഷൻ, തൊഴില്ലിലായ്മാ വേതനം, എന്നിവയും അർഹരായ എല്ലാവർക്കും ലഭ്യമാക്കണം. 60 വയസ്സ് പൂർത്തിയാക്കിയ നർധരായ എല്ലാ കർഷക തൊഴിലാളികൾക്കും കർഷക തൊഴിലാളി പെൻഷൻ അനുവദിക്കേണ്ടതാണ്. പെൻഷൻ ആനുകൂല്യങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 7

| വർഷം | വിധവാ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | ക്യാൻസർ രോഗികളുടെ പെൻഷൻ | ക്യാൻസർ രോഗികളുടെ പെൻഷൻ | തൊഴിലില്ലായ്മാ വേതനം |
|---|---|---|---|---|---|
| 1991-92 | 19 | 3 | 1 | 1 | - 26 |
| 1992-93 | 14 | 5 | 1 | 2 | - - |
| 1993-94 | 9 | 2 | 3 | 1 | 82731 |
| 1994-95 | 11 | 1 | - | - | 826 - |
| 1995-96 | 2 | 2 | - | 2 | 738161 |

അവലംബം വില്ലേജ് ഓഫീസ് രേഖകൾ

പഞ്ചായത്തിലെ ദാരിദ്ര രേഖക്ക് താഴെയുള്ള എല്ലാ കുടുംബങ്ങളേയും സൗജന്യമായി ഇൻഷൂർ ചെയ്യുന്നതിന് ആരംഭിച്ച ഗ്രാമീണ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയെപ്പറ്റി പൊതുജനങ്ങൾ ബോധവാന്മാരല്ല. പദ്ധതിയുടെ വിശദ വിവരം ജനങ്ങളെ അറിയിക്കുകയും 60 വയസ്സിന് താഴെ പ്രായമുള്ള കുടുംബത്തിലെ ഒരാളെ ഇൻഷൂറൻസ് പദ്ധതിയിൽ ചേർക്കാൻ വേണ്ട നടപടി ഉണ്ടാവുകയും വേണം. നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭൂരഹിത കർഷക തൊഴിലാളി ഇൻഷൂറൻസ് പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമായി നടപ്പാക്കണം. ഇന്ന് നമ്മുടെ പഞ്ചായത്തിൽ നടത്തുന്ന കുഷ്ഠ രോഗികൾക്കുള്ള പെൻഷൻ, ക്ഷയ രോഗികൾക്കുള്ള പെൻഷൻ എന്നീ പദ്ധതികൾ ഉദാരവൽക്കരിക്കുകയും വ്യാപകമായി നടപ്പിലാക്കേണ്ടതുമാണ്.

പ്രകൃതി ക്ഷോഭത്തിൽ വീട് പൂർണ്ണമായും നശിച്ച് പ്രതിമാസ വരുമാനം 1250 രൂപയിൽ താഴെയുള്ളവർക്ക് അനുവദിക്കുന്ന 15000 രൂപയുടെ സ്കീം കുറ്റമറ്റതാക്കണം.

സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന അബലമന്ദിരം, ആഫ്ടർകെയർ ഹോം, ആശാഭവൻ,ബാല സദനം, മന്ദബുദ്ധികൾക്കായുള്ള ഭവനപദ്ധിത, വികലാംഗ സദനം, വികലാംഗ തൊഴിൽ പരിശീലന കേന്ദ്രം, ഗവ: ജുവനൈൽ ഹോം, ഒബ്സർവേഷൻ ഹോം, മിശ്ര വിവിഹിതരായി ദുരിതമനുഭവിക്കുന്ന ദമ്പതിക്കൾക്ക് നൽകുന്ന സഹായം, വികലാംഗരായ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പ്, അന്ധരായ അഭിഭാഷകർക്കുള്ള ധനസഹായം, സ്വയം തൊഴിൽ ചെയ്യുന്നതിന് സ്ത്രീകൾക്ക് വേണ്ടിയുള്ള ധനസഹായ പദ്ധതി,ജയിൽ വിമുക്തർക്കുള്ള ക്ഷേമ പദ്ധതികൾ, പ്രത്യേക പോഷകാഹാര പദ്ധതി, സംയോജിത ശിശു വികസന കേന്ദ്രങ്ങൾ ,എന്നിവയെപ്പറ്റിയൊന്നും നമ്മുടെ പഞ്ചായത്തിലെ സാധാരണ ജനങ്ങൾ ബോധവാന്മാരല്ല. ജന പ്രതിനിധികൾക്കും, സന്നദ്ധ സേവാ പ്രവർത്തകർക്കും ആവശ്യമായ പരിശീലനം നൽകി ആവശ്യമായ പ്രചരണം ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യ ക്ഷേമ പദ്ധതികളിൽ വനിതക

ളുടേയും പട്ടിക ജാതി / പട്ടിക വർഗ്ഗക്കാരുടേയും ക്ഷേമ പദ്ധതികൾ അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതി, വനിതാ വ്യവസായ സംരംഭകർക്കുള്ള സഹായ പദ്ധതികൾ,കര കൗശല വിദഗ്ധർക്കുള്ള വാർദ്ധ്യകാല പെൻഷൻ, വനിതാ വ്യവസായ സഹകരണ സംഘങ്ങൾ, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബാലവാടി/ നഴ്സറി, പ്രീ മെട്രിക്ക് വിദ്യാഭ്യാസം, പോസ്റ്റ് മെട്രിക്ക് വിദ്യാഭ്യാസം, പബ്ലിക്ക് പരീക്ഷകളിൽ തോറ്റ വിദ്യാർത്ഥികൾക്കുള്ള (SC/ST)

ധനസഹായം, പ്രീ.എക്സാമിനേഷൻ ട്രെയിനിങ്ങ്, സാങ്കേതിക തൊഴിൽ പരിശീലനം, ഭവന നിർമ്മാണ പദ്ധതി, ഭൂരഹിത ഭവന രഹിതർക്കായുള്ള പുനരധിവാസ പദ്ധതി, ചികിത്സക്കും വിവാഹത്തിനുമുള്ള സഹായ പദ്ധതികൾ, സാങ്കേതിക വൈദഗ്ധ്യം നേടിയവർക്ക് തൊഴിൽ തുടങ്ങുന്നതിനുള്ള സഹായം, പട്ടിക ജാതിക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയൽ, ഇൻറർവ്യൂവിന് ഹാജരാകാൻ ധനസഹായ പദ്ധതി, ഫിഷറീസ്-മത്സ്യഫെഡ് വകുപ്പുകൾ നടപ്പാക്കുന്ന സാമൂഹ്യ ക്ഷേമ പദ്ധതികൾ എന്നിവയൊന്നും ജനങ്ങൾ അറിയുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നില്ല.

പഞ്ചായത്തിൽ ഇത്തരം സ്കീമുകളെപ്പറ്റിയുള്ള വിവരങ്ങളും, സഹായം ലഭിക്കുന്നതിനുള്ള ഫോറങ്ങളും വിതരണം ചെയ്യുന്ന ഒരു ഇൻഫർമേഷൻ സെൻറർ തുറക്കേണ്ടതാണ്.


തൊഴിലാളി വർഗ്ഗത്തിൻെറ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിവിധ ക്ഷേമ നിധികളിൽ നമ്മുടെ പഞ്ചായത്തിലുള്ള ധാരാളം അംഗങ്ങൾ ഉണ്ട്. കെട്ടി തൊഴിലാളി, കർഷക തൊഴിലാളി, ആർട്ടി സാൻസ്, സ്വർണ്ണപ്പണ്ണി, ചുമട്ടു തൊഴിലാളി, ടൈലർമാർ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവരാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്തവർ. ക്ഷേമനിധികളിൽപ്പെടാത്ത ധാരാളം അസംഘടിത തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരെകൂടി ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഒരു സെൽ സ്ഥാപിച്ച് ക്ഷേമ നിധിയുചെ പ്രയോജനം എല്ലാ തൊഴിലാളികൾക്കും ലഭ്യമാക്കണം. സാമൂഹ്യ. ക്ഷേമ പദ്ധതികൾ വിജയിക്കണമെങ്കിൽ ഇതുമായി ബന്ധപ്പെട്ടു കിടക്കുന്ന കുടിവെള്ളം, പൊതുജനാരോഗ്യം, പാർപ്പിടം, തൊഴിൽ മേഖലകൾ, പരിസ്ഥിതി, ഊർജ്ജം, കൃഷി, വ്യവസായം, വിദ്യാഭ്യാസം, വിഭവ സമാഹരണം, സംസ്കാരം തുടങ്ങിയ എല്ലാ മേഖലകളുടെയും വികസനം സമാന്തരമായി നടപ്പാക്കണ മെന്ന് പറയേണ്ടതില്ലല്ലോ. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ കൂട്ടായ്മയും, സഹകരണവും, സന്നദ്ധ പ്രവർത്തനവും, വിവിധ വകുപ്പുകളുടേയും പഞ്ചായത്തിൻേറയുംദീർഘ ദൃഷ്ടിയോടുള്ള സമീപനവും, നടത്തിപ്പും, മോണിറ്ററിങ്ങും ഉണ്ടെങ്കിൽ സാമൂഹ്യ രംഗത്ത്നമുക്ക് ബഹുദൂരം മുമ്പോട്ട് പോകാൻ കഴിയും.

## പ്രശ്നങ്ങൾ :-

1. ലക്ഷം വീട് കോളനികളും, 4 സെൻറ് കോളനികളും എല്ലാ വാർഡുകളിലും സ്ഥാപിക്കണം, നിലവിലുള്ള ലക്ഷം കോളനികളിലെ വീടുകളുടെ ജീർണ്ണാവസ്ഥ പരിഹരിക്കണം.
2. ഇന്നുള്ള കോളനികളിൽ വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവ എല്ലാവർക്കും ലഭ്യമല്ല.
3. എല്ലാവാർഡുകളിലും ബാലവാടികളോ, അങ്കനവാടികളോ, മഹിളാ സമാജങ്ങളോ ഇല്ല.
4. സ്വന്തമായി വീടില്ലാത്ത ധാരാളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.
5. വിവിധ പെൻഷനുകൾക്ക് അർഹതയുള്ള ധാരാളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ പെൻഷൻ ലഭിക്കാതെയുണ്ട്.
6. കക്കൂസ് ഇല്ലാത്ത ധാരാളം കുടുംബങ്ങൾ ഉണ്ട്.
7. 6-ാം വാർഡിലെ ലക്ഷം വീട് കോളനിയുടെ ജീർണ്ണാവസ്ഥ പരിഹരിക്കണം. എല്ലാ വീടുകളും വൈദ്യുതീകരിക്കണം. പൊളിഞ്ഞ വീടുകൾക്ക് പകരം ഒറ്റ വീട് നൽകണം.
8. പൊതുശ്മശാനം ഇല്ല.
9. പോതുക്കുറ്റി, ഒടിക്കുനി, കസ്തൂരി ക്കുനി, ഭാഗങ്ങളിൽ പല വീടുകൾക്കും ശരിയായ വഴിയില്ല.
10. 8-ാം വാർഡിലെ പഞ്ചായത്ത് കിണറുകൾ രണ്ടും പൊട്ടിത്തകർന്ന നിലയിലാണ്.
11. കൊരട്ടോൽ നാല് സെൻറ് കോളനിയിലെ പല വീടുകളും അധിവാസ യോഗ്യമല്ല.
12. 12-ാം വാർഡിലെ വ്യാജ മദ്യ വില്പന തടയണം.

## സാധ്യതകൾ

1. ലക്ഷം വീട്, നാല് സെൻറ് കോളനികൾ ഇല്ലാത്ത വാർഡുകളിൽ പുതുതായി കോളനികൾ സ്ഥാപിക്കണം, നിലവിലുള്ള ലക്ഷം വീട് കോളനികളുടെയും ജീർണ്ണാവസ്ഥ മാറ്റി, കുടിവെള്ളം, കക്കൂസ്, വൈദ്യുതി ഇവ ലഭ്യമാക്കണം.
2. വിവിധ പെൻഷൻ പദ്ധതികൾ, ക്ഷേമ നിധികൾ, വികസന കോർപ്പറേഷൻ എന്നിവകളുടെ സ്കീമുകളോ പദ്ധതി പ്രയോജനമോ പഞ്ചായത്തിലെ ജനങ്ങൾ അറിയുന്നില്ല. പഞ്ചായത്തിൻെറകേന്ദ്ര പ്രദേശത്ത് ഓരു ഇൻഫർമേഷൻ സെൻറർ സ്ഥാപിച്ച് മേൽപറഞ്ഞ പദ്ധതികളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കണം. സന്നദ്ധ സംഘടനകളുടേയും, ക്ലബുകളുടേയും സഹകരണം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്.
3. ബാലവാടിയോ, അങ്കൻ വാടിയോ ഇല്ലാത്ത വാർഡുകളിൽ സ്ഥാപിക്കണം.
4. വനിതാ സമാജങ്ങൾ സ്ഥാപിക്കുകയും ഉള്ളവ പുനരുദ്ധരിക്കുകയും വേണം.
5. ദാരിദ്ര രേഖക്ക് താഴെയുള്ള കക്കൂസ് ഇല്ലാത്ത എല്ലാം കുടുംബങ്ങൾക്കും കക്കൂസ് അനുവദിക്കണം
6. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഉണ്ടാക്കണം.
7. പൊതു വിതരണ കേന്ദ്രങ്ങൾ 300 കുടുംബത്തിന് ഒന്ന് എന്ന രീതിയിൽ പുനഃ സംഘടിപ്പിക്കുകയും ആവശ്യ സാധനങ്ങൾ റേഷൻ കടയിലൂടെ വിതരണം ചെയ്യുകയും വേണം. റേഷൻ കട ഉടമകളുടെ കമ്മീഷനിരക്ക് വർദ്ധിപ്പിക്കണം.
8. റേഷൻ കാർഡുകളിലെ അപാകതകൾ പഞ്ചായത്ത് ഓഫീസിൽ നിന്നു തന്നെ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.
9. സ്വന്തമായി വീടില്ലാത്ത നിർധനരായ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകണം.
10. അവശ വിഭാഗങ്ങൾക്കുള്ള പെൻഷൻ പദ്ധതികൾ പഞ്ചായത്തിലൂടെ നടപ്പാക്കുകയും, വിതരണം ചെയ്യുകയും വേണം.
11. 6-ാം വാർഡിലെ ലക്ഷം വീട് കോളനിയിലെ പൊട്ടിപ്പൊളിഞ്ഞ വീടുകൾ മാറ്റി ഒരാൾക്ക് ഒരുവീട് എന്ന തോതിൽ നിർമ്മിച്ചു നൽകണം. വൈദ്യുതി എല്ലാ വീട്ടുകാർക്കും ലഭ്യമാക്കണം.
12. ഓർക്കാട്ടേരി ടൗണിലും മറ്റ് അങ്ങാടികളിലും പൊതു മൂത്രപ്പുരയും, കക്കൂസും നിർമ്മിക്കണം.
13. പോതുക്കുറ്റി, ഒടിക്കുനി, കസ്തൂരി ക്കുനി ഭാഗങ്ങളിലെ പൊതു വഴി പ്രശ്നം പരിഹരിക്കണം.
14. ഓലമേഞ്ഞ വീടുകൾ ഓട് വെയ്ക്കുന്നതിനും, വീടില്ലാത്ത ദാരിദ്ര രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് വീട് അനുവദിക്കണം.
15. ജീവിത സൂചികക്കനുസരിച്ച് വിവിധ പെൻഷൻ തുകകൾ വർദ്ധിപ്പിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യണം.
16. 10-ാം വാർഡിൽ മഹിളാ സമാജം സ്ഥാപിച്ച് സന്നദ്ധ പ്രവർത്തനം നടത്താൻ തയ്യാറുള്ള വനിതകൾ ഉണ്ട്.
17. നിർത്തൽ ചെയ്ത കാർത്തികപ്പള്ളി, ഏറാമല വി.ഇ.ഒ./എൽ.വി.ഇ.ഒ ഓഫീസുകളിൽ പുനർസ്ഥാപിച്ച് സ്വന്തമായി ഓഫീസുകൾ പണിയണം.
18. വ്യാജ മദ്യ വില്പന തടയുകയും മദ്യ-മയക്കു മരുന്നകൾക്ക് എതിരായി ബോധവൽക്കരണം നടത്തുകയും ചെയ്യണം.
19. പേ വിഷ ബാധ തടയാൻ അലഞ്ഞു തിരിയുന്ന പട്ടികളെ നശിപ്പിക്കണം.
20. കൊതുക് നിവാരണത്തിന് ആസൂത്രിതമായ ശാസ്ത്രീയ നടപടികൾ സ്വീകരിക്കണം.
21. പുകയില്ലാത്ത പരിഷത്ത് അടുപ്പുകൾ പ്രചരിപ്പിക്കണം.
22. പ്രകൃതി ക്ഷോഭങ്ങൾ നേരിടുന്ന കുടുംബങ്ങളെ താമസിപ്പിക്കാൻ പൊതു അധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കണം.
23. സാമൂഹ്യ ക്ഷേമ പ്രവർത്തനം നടത്തുന്ന പട്ടിക ജാതി/ പട്ടിക വർഗ്ഗ കോർപ്പറേഷൻ, വികലാംഗ കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവയുടെ സബ് സെൻററുകൾഓരോ താലൂക്കിലും സ്ഥാപിക്കണം.
24. പഞ്ചായത്തിൽ നടത്തുന്ന സാമൂഹ്യ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിനായി പഞ്ചായത്ത് പ്രസിഡൻറ് കൺവീനറായി സെൽ സ്ഥാപിക്കുകയും മോണിറ്ററിങ്ങ് നടത്തുകയുംവേണം.
25. പഞ്ചായത്ത് തലത്തിൽ സാമൂഹ്യ സാമ്പത്തിക സർവ്വേ ജനകീയാടിസ്ഥാനത്തിൽ നടത്തണം.



## 7.8

# സംസ്കാരം

ഒരു നാടിന്റെ സാംസ്കാരിക വളർച്ച ആ പ്രദേശത്തിന്റെ പൊതുവായ സാമ്പത്തിക സാമൂഹ്യ വളർച്ചയുമായി ബന്ധപ്പെട്ടതാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യ കാലഘട്ടത്തിൽ മറ്റു പ്രദേശങ്ങളിലെന്നപോലെ നമ്മുടെ പഞ്ചായത്തിലും ജാതി വ്യവസ്ഥയിലധിഷ്ഠിതമായ ജന്മിത്വ സമ്പ്രദായമാണ് നിലനിന്നിരുന്നത്. സാമ്പത്തിക മേഖലയിലെന്നപോലെ സാംസ്കാരികരംഗത്തും മേധാവിത്വം പുലർത്തിയത് സമൂഹത്തിലെ ന്യൂനപക്ഷം വരുന്ന മേലാളന്മാരായിരുന്നു.

സാമ്പത്തിക - രാഷ്ട്രീയ രംഗത്തെ മാറ്റങ്ങൾക്ക് സാംസ്കാരിക രംഗത്തെ മാറ്റം അത്യന്താപേക്ഷിതമാണെന്നയാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് നമ്മുടെ ദേശീയ പ്രസ്ഥാനംബ്രിട്ടീഷ് വിരുദ്ധപോരാട്ടത്തോടൊപ്പം വിദ്യാഭ്യാസ - സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി ജനകീയ വായനശാലാ പ്രസ്ഥാനവും വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഉയർന്നുവന്നു. ജന്മിത്വത്തിനും ജാതി വ്യവസ്ഥക്കുമെതിരെ ഉയർന്നുവന്ന ജനകീയപോരാട്ടമാണ് നമ്മുടെ സാംസ്കാരിക വളർച്ചയ്ക്ക് അടിസ്ഥാനമായി പ്രവർത്തിച്ചത്. സ്വാതന്ത്ര്യലബ്ദിയും ജന്മി-ജാതിവ്യവസ്ഥയുടെ തകർച്ചയും ഭൂപരിഷ്കരണവും സമൂഹത്തിലെ മഹാഭൂരിപക്ഷംവരുന്ന അടിച്ചമർത്തപ്പെട്ടവന് ഇതര രംഗങ്ങളിലെന്നപോലെ വിദ്യാഭ്യാസസംഗത്തും ഉയർന്നുവരാൻ ഇടനൽകി. വിദ്യാഭ്യാസരംഗത്തെ ജനാധിപത്യ സ്വഭാവമാണ് നമ്മുടെ പഞ്ചായത്തിലെ സാംസ്കാരി രംഗത്തുണ്ടായ വളർച്ചയ്ക്ക് പ്രധാനകാരണമായി വർത്തിച്ചത്.

ഏറാമല പഞ്ചായത്തിലെ വിദ്യാഭ്യാസ - സാംസ്കാരിക രംഗത്തെ വളർച്ചയ്ക്ക് അടിത്തറപാകുന്നതിൽ യശഃശരീരനായ ശ്രീ. കെ. കുഞ്ഞിരാമകുറുപ്പ് വഹിച്ച പങ്ക് അവിസ്മരണീയമാണ്. ജാതിമേധാവിത്വം കൊടികുത്തി വാണിരുന്ന കാലഘട്ടത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ അമരക്കാരമാനയിരുന്ന ശ്രീ കുഞ്ഞിരാമകുറുപ്പ് താണ ജാതിക്കാരുമായി ഇടപെടുകയും അവരുടെ ഇടയിൽ പ്രവർത്തിക്കുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക വളർച്ചയിൽ പ്രധാനപങ്കുവഹിച്ച ഓർക്കാട്ടേരി ഗവ.ഹൈസ്കൂൾ സ്ഥാപിച്ചതും പഞ്ചായത്തിലെ വായനശാലാ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയതുംശ്രീ. കെ. കുഞ്ഞിരാമകുറുപ്പ് ആയിരുന്നു.

പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തിയത് ഗ്രന്ഥാലയങ്ങളാണ്ശ്രീ. കുഞ്ഞുരാമകുറുപ്പ് പ്രസിഡണ്ടും ശ്രീ. കെ.ടി. ഗോവിന്ദൻ നമ്പ്യാർ സെക്രട്ടറിയുമായ കമ്മിറ്റിയുടെ പ്രവർത്തനഫലമായി ഓർക്കാട്ടേരി മഹാത്മാവായനശാല സ്ഥാപിച്ചതോടുകൂടിയാണ് പഞ്ചായത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം ആരംഭിച്ചത്.

ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റു ചെയ്തിട്ടുള്ള കുന്നുമ്മക്കര ഗ്രാമീണഗ്രന്ഥാലയം, കുറിഞ്ഞാലിയോട് നവസംസ്കാര പരിഷത്ത് ഗ്രന്ഥാലയം ഇവരണ്ടുംസ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മികച്ച ഗ്രന്ഥശേഖരങ്ങളുള്ളതുമായ സ്ഥാപനങ്ങളാണ്. ഇവ രണ്ടും ജനവിദ്യാകേന്ദ്രങ്ങളുമാണ് കുറിഞ്ഞാലിയോട് നവസംസ്കാരപരി

ഷത്ത് ഗ്രന്ഥാലയം പ്രതിനിധി ശ്രീ. മനയത്ത് ചന്ദ്രൻ കേരളഗ്രന്ഥശാലാ സംഘം സംസ്ഥാന സിക്രട്ടറി കൂടിയാണ്. ഇവകൂടാതെ കേരള ഗ്രന്ഥശാലാ സംഘത്തിൽഅഫിലയേറ്റു ചെയ്തു പ്രവർത്തിക്കുന്ന സമത ഗ്രന്ഥാലയം ആൻറ് വായനശാല - ഏറാമല, സംസ്കാര തിയറ്റേഴ്സ് ആൻറ് ലൈബ്രറി-മുയിപ്ര, പഞ്ചായത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന കുന്നുമ്മക്കര, ഓർക്കാട്ടേരി, കാർത്തികപ്പള്ളി എന്നിവിടങ്ങളിലെ മഹാത്മ ഗ്രന്ഥാലയങ്ങൾ എന്നിവയും ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നവയാണ്. വി.ഇ.സി.ട്രസ്റ്റ് ആൻറ് ഗ്രന്ഥാലയം,ഓർക്കാട്ടേരി എ.കെ.ജി. കലാസമിതി ആൻറ് ഗ്രന്ഥാലയം, മുയിപ്ര എന്നിവയും പഞ്ചായത്തിലെ മികച്ചു നിൽക്കുന്ന സാംസ്കാരിക വിജ്ഞാന കേന്ദ്രങ്ങളാണ്. വി.ഇ.സി. ട്രസ്റ്റ് ആൻറ് ഗ്രന്ഥാലയം ഒരുവിധം ആധുനിക സൗകര്യങ്ങളോടു കൂടി പ്രവർത്തിക്കുന്ന ഒന്നാണ്. ടെലിവിഷൻ, റേഡിയോ എന്നിവയും ഇതിൽ പ്രവർത്തിക്കുന്നുണ്ട്. പരിസര പ്രദേശങ്ങളിലെ ജനങ്ങളുടെ വിദ്യാഭ്യാസപരവും, സാമൂഹികവും, സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് വി.ഇ.സി.ട്രസ്റ്റ് ആണ് ഗ്രന്ഥാലയം ഒരു വിധം ആധുനിക സൗകര്യങ്ങളോടു കൂടി പ്രവർത്തിക്കുന്ന ഒന്നാണ് ടെലിവിഷൻ, റേഡിയോ, എന്നിവയും ഇതിൽ പ്രവർത്തിക്കുന്നുണ്ട്. പരിസര പ്രദേശങ്ങളിലെ ജനങ്ങളുടെ വിദ്യാഭ്യാസപരവും, സാമൂഹികവും, സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് വി. ഇ.സി.ട്രസ്റ്റ്.സ്വന്തമായി ഇരുനില കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നവ സംസ്കാര പരിഷത്ത് ഗ്രന്ഥാലയം ആധുനീക സജ്ജീകരണങ്ങളോടെയുള്ള പഞ്ചായത്തിലെമറ്റൊരു ഗ്രന്ഥാലയമാണ്. ടെലിവിഷൻ,റേഡിയോ എന്നീ സൗകര്യങ്ങളുമുണ്ട്. നല്ല നിലയിലുള്ളഒരു നഴ്സറി സ്കൂളും ഇടോടനുബന്ധിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിലെ ഒരു ജന വിദ്യാകേന്ദ്രം കൂടിയാണ്.

കുന്നുമ്മക്കര ഗ്രാമീണ ഗ്രന്ഥാലയം സ്വന്തമായി ഇരുനില കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ പഴക്കം ചെന്ന ഗ്രന്ഥാലയങ്ങളിലൊന്നാണിത്. 1979 ൽ ആയിരകണക്കിന് പുസ്തകങ്ങൾ ഉൾപ്പെടെ ഈ ഗ്രന്ഥാലത്തിൻെറ കെട്ടിടം പൂർണമായി ക്ഷതി നശിച്ചതാണ്.

വമ്പിച്ച ജനകീയ പ്രവർത്തനങ്ങളിലൂടെ 1980 ൽ വീണ്ടും ഉൽഘാടനം ചെയ്യപ്പെട്ട ഈ ഗ്രന്ഥാലത്തിൽ വലിയൊരു പുസ്തക ശേഖരം നിലവിലുണ്ട്. വികസനവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ എടുത്തു പറയത്തക്ക സേവനം കാഴ്ച വെച്ച സ്ഥാപനങ്ങളാണ് സമത തീയറ്റേഴ്സ്, എറാമല, സംസ്കാര തീയറ്റേഴ്സ്, ആദിയൂർ എന്നിവ. പുതുമ കലാവേദി ഏറാമല നല്ല നിലയിൽ പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ്. ഇവ കൂടാതെ നാല്പതോളം വായനശാലകളും, കലാ സമിതികളും മറ്റു സാംസ്കാരിക സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഓർക്കാട്ടേരിയിലെ കൈരളികലാനിലയം , പൗർണമി തീയറ്റേഴ്സ് എന്നിവ നാടക രംഗത്ത് ഗണനീയ സംഭാവനകൾ നല്കിയ സ്ഥാപനങ്ങളാണ്. കെ.സി. ജി. നമ്പൂതിരി, കെ.പി. കുഞ്ഞിരാമൻ മാസ്റ്റർ, രാജൻ ചെറുവാട്ട് എന്നിവർ അറിയപ്പെടുന്ന നാടക സംവിധായകരാണ്. രാജൻ ചെറുവാട്ട് നാടക രചയിതാവ്, കൂടിയാണ്. ബി.കെ. തിരുവോത്ത്, ടി.പി.മൂസ, കെ.എ.ചാത്തോത്ത് എന്നിവരും സാഹിത്യത്തിൽ അവരുടേതായ സംഭാവനകൾ നല്കിയിട്ടുണ്ട്. കഥാപ്രസംഗത്തിൽ പ്രൊഫനൽ രംഗത്തേക്ക് ഉയർന്നുവന്ന ഒരു യുവ കാഥികനാണ് ഏറാമല ജയകുമാർ.

## *കായികരംഗം*

ഈ രംഗത്ത് വേണ്ടത്ര സൗകര്യങ്ങൾ ഒന്നും ഇല്ലായിരുന്നിട്ടു കൂടി പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ജില്ലാ സംസ്ഥാന തലത്തിലേക്ക് ഉയർന്നു വന്ന കായിക താരങ്ങളെ സംഭാവന ചെയ്യാൻ കഴിഞ്ഞതിൽ നമുക്ക് അഭിമാനിക്കാം. വളർന്നു വരുന്ന കായി ക പ്രതിഭകളെ വളർത്തിയെടുക്കാൻ ശുഷ്കാന്തി കാണിക്കേണ്ടതുണ്ട്. വോളീബോൾ രംഗത്തും, അറിയപ്പെടുന്ന പ്രതിഭകൾ പഞ്ചായത്തിലുണ്ട്. സ്പോർട്സ് രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ ചെയ്ത സ്ഥാപനങ്ങളാണ് എ.കെ.ജി. കലാകായിക വേദി, കുന്നുമ്മക്കര, പീപ്പിൾസ്, കാർത്തികപ്പള്ളി,പ്രോമിസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, ഓർക്കാട്ടേരി എന്നിവ.

വർഷം തോറും വോളിബോൾ,ഷട്ടിൽ ടൂർണമെൻ റുകൾ സംഘടിപ്പിക്കുന്നതിൽ ഇത്തരം ക്ലബുകൾ ശുഷ്കാന്തി പുലർത്തുന്നു.

സാംസ്കാരിക രംഗത്ത് മാതൃകാപരമായി ചുവടുകളുറപ്പിച്ച് മുന്നേറിയ വനിതകൾ നേതൃത്വം നൽകുന്ന പഞ്ചായത്തിലെ ഏക കലാ-കായിക സാംസ്കാരിക പ്രസ്ഥാനമാണ് 'വിനത ' കുന്നുമ്മക്കര.

## ആരോഗ്യ രംഗം

ആതുര ശുശ്രൂഷാരംഗത്ത്, എടുത്തു പറ യത്തക്ക പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെങ്കിലും, അയൽ പഞ്ചായത്തുകളി ലുള്ള വർക്കു പോലും പ്രയോജനകരമായ ഒരു സ്ഥാപനമാണ് ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തില പല സംഘടന കളും ആരോഗ്യ പ്രശ്നങ്ങളിൽ അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. തോട്ടുങ്കൽ, ജനകീയ ആരോഗ്യ വേദി ആൻറ് വായനശാല ഈ കാര്യത്തിൽ വളരെയധികം ജന ശ്രദ്ധ പിടിച്ചു ഫറ്റി യിട്ടുണ്ട്. പഞ്ചായത്തിലെ ധാരാളം കലാസമിതികൾ നേത്ര പരിശോധന രക്തപരിശോധന, കാൻസർ, പരിശോധന തുടങ്ങിയ ക്യാമ്പുകൾ സംഘടിപ്പിക്കു കയും, മറ്റും ആ രോഗ്യ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്. പരിസരശുചിത്വം, പകർച്ച വ്യാധി തടയൽ, വ്യക്തിശുചിത്വം, മറ്റ് ആരോഗ്യ ശീലങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധ വൽക്കരിക്കുന്നതിൻെറ ഭാഗമായി ക്ലാസുകളും, സെമിനാറുകളും സംഘടിപ്പിക്കുന്നതിലും ഇത്തരം സമിതികൾ മുന്നിട്ടിറങ്ങാറുണ്ട്.

## ക്ഷേത്രങ്ങളും, കലാരൂപങ്ങളും

ഏതൊരു പ്രദേശത്തെയും സാംസ്കാരിക മുന്നേറ്റത്തിൽ ക്ഷേത്രങ്ങൾക്കും, മറ്റു ആരാധനാലാ യങ്ങൾക്കും വലിയ പങ്കുണ്ടായിരുന്നു. ഏറാമലയി ലെയും, പരിസര പ്രദേശങ്ങളിലെയും ജനങ്ങളുടെ സാംസ്കാരികമായ വളർച്ചക്ക് ഏറെ പങ്കുവഹി ച്ചിട്ടുള്ള ഒരു ക്ഷേത്രമാണ് ഓർക്കാട്ടേരി ശിവ - ഭഗ വിത ക്ഷേത്രം. വൈവിധ്യമാർന്ന ഉത്സവചടങ്ങുക ളിൽ എല്ലാവിഭാഗം ജനങ്ങൾക്കും അവരുടേതായ പങ്കുണ്ടായിരുന്നു. വർഷംതോറും മകരമാസം 12ന് ആരംഭിക്കുന്ന ശിവ - ഭഗവതി ക്ഷേത്രങ്ങളിലെ ഉത് സവ ചടങ്ങുകൾ തന്നെ ഹിന്ദു - മുസ്ലീം മൈത്രി യുടെ ഉത്തമോദാഹരണങ്ങളാണ്.

## ഓർക്കാട്ടേരി ശിവ-ഭഗവതി ക്ഷേത്രം

## മതമൈത്രിയുടെ പ്രതീകം

"ഓർക്കാട്ടേരി ഇടത്തിൽ തറവാട്ടിൽ ഒരമ്മയും ആരേഴുവയസ്സുള്ള ഒരു മകനും മാത്രം താമസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് ശിവക്ഷേത്രം നിൽക്കുന്ന സ്ഥലത്ത് കുറ്റിക്കാടായി രുന്നു. അമ്മയും മകനും കൂടി ഈ സ്ഥലത്ത് വന്ന് കൂവച്ചെടി കിളിച്ചെടുക്കാൻ ആരംഭിച്ചു. ഇതിനിട യിൽ കയ്യിലുണ്ടായിരുന്ന കൈക്കോട്ട് ഒരു കല്ലിൽ തട്ടുകയും അമ്പെയ്യുന്നപോലെ രക്തം വമിക്കാൻ തുടങ്ങുകയും ചെയ്തു ഇന്നുള്ള വലിയ കുളത്തിൻെറ സ്ഥാനത്തുണ്ടായിരുന്ന കുണ്ടു കുളത്തിൽ നിന്ന് വെള്ളം കൊണ്ടുവന്ന് കല്ലിന്മേ ലൊഴിച്ചിട്ടൊന്നും രക്തം വരവ് നിലച്ചില്ല. എല്ലാ ശ്രമവും വിഫലമായപ്പോൾ പരിഭ്രാന്തയായ അമ്മ അതുവഴി വന്ന ഒരാളെ വിളിച്ച് കാര്യം പറഞ്ഞു. അയാൾ കൊട്ടിയൂർ ക്ഷേത്രദർശനം കഴിഞ്ഞ മടങ്ങുന്ന ശാലിയ സമുദായത്തിൽ പെട്ട ആളായി രുന്നു. അയാൾ കൈവശമുള്ള ഓലക്കുടയുടെ ഒരു ഭാഗത്ത് കെട്ടിനിർത്തിയ മുളങ്കുഴലിലെ അഭിഷേകം ചെയ്ത പശുവിൻ നെയ്യ് ചോരവരുന്ന കല്ലിലൊ ഴിച്ചു അതേമുളം കുറ്റിയിൽ വെള്ളം കൊണ്ടുവന്ന് വീണ്ടും ഒഴിച്ചപ്പോൾ രക്തം നിന്നുവത്രെ. ഈ കല്ല് ശിവലിംഗമായിരുന്നുവെന്നും ഇത് പ്രതിഷ്ഠിച്ച താണ് ഇന്നത്തെ ശിവക്ഷേത്രമെന്നും പറയപ്പെ ടുന്നു. രക്തപ്രവാഹം തടഞ്ഞു നിർത്തിയത് ശാലി യനായതിനാലാണ് പൂജ നടത്താനുള്ള അവകാശം ഓർക്കാട്ടേരി തെരുവിലെശാലിയ സമുദായത്തിന് ലഭിച്ചത് എന്നാണ് ഐതീഹ്യം. അഭീഷ്ടസിദ്ധിക്കു വേണ്ടി മത ഭേദമില്ലാതെ ഭക്തൻമാർ ഇവിടെ ചന്ദ നത്തിരി പുകയ്ക്കുകയും നേർച്ചയർപ്പിക്കുകുയും ചെയ്യുന്നത് സാധാരണകാഴ്ചയാണ്. മതസൗഹൃ ദത്തിൻെറ മറ്റൊരുദാഹരണമാണ് ഓർക്കാട്ടേരി ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നിവേദ്യം

മുസ്ലിം കുടുബത്തിനെത്തിച്ചു കൊടുക്കുന്നതും മാസം തോറും ക്ഷേത്രത്തിലേക്ക് നെല്ലും ഇളനീരും വെളിച്ചെണ്ണയും അതേ കുടുംബം തിരിച്ചുനൽകുന്ന തും. സഹിഷ്ണുതയുടെയും സൗഹാർദ്ദത്തിന്റെയും പ്രതീകമായ ഈ കൊടുക്കൽ വാങ്ങൾ ഇന്നും തുടർന്നുവരുന്നു. മകരം 12ന് ഇത്സവസമായത്ത് ദേശത്തെ പ്രമുഖ മുസ്ലിംകുടുംബമായ പെരുന്തോടി തറവാട്ടിൽ നിന്ന് പഴയകാലത്ത് മസ്ലിം സ്ത്രീകൾ ധരിക്കാറുണ്ടായിരുന്ന കാച്ചിത്തുണി ക്ഷേത്രത്തിലെത്തിക്കുന്നു. ഇത് ഭഗവതി വിഗ്രഹത്തിന്പിന്നിൽ ഭംഗിയായി ഞൊറിഞ്ഞു തെറുത്തുവെക്കുന്നു. ഇതിനെപ്പറ്റി പഴമക്കൾ പറയുന്ന കഥയുണ്ട്. 'ഇന്ന് ചോപ്പൻ കൊത്ത് നടക്കുന്ന പുതക്കുളങ്ങരയുള്ള വലിയ ഇലഞ്ഞച്ചുവട്ടിലെ കുളത്തിൽ സാധരണ സ്ത്രീയുടെ വേഷത്തിൽ നീരാടാൻ വന്ന ഭഗവതിക്ക് ഈറൻ മാറാൻ മുണ്ടില്ലാതെ വന്നു. കുളക്കടവിലുണ്ടായിരുന്ന മുസ്ലിം സ്ത്രീയോട് തുണി വേണമെന്നാവശ്യപ്പെട്ടപ്പോൾ വീട്ടിലുണ്ടായിരുന്ന ഒരു കാച്ചിത്തുണിയാണ് ഭഗവതിക്ക് കൊടുത്തത്. ഈ സംഭവത്തെ സ്മരിച്ചുകൊണ്ടാണ് ഇന്നും ക്ഷേത്രത്തിലേക്ക് തുണിയെത്തിക്കുന്നതെന്ന് പറയപ്പെടുന്നു. ഏതൊ ഒരു ശത്രു രാജാവിന്റെ സൈന്യം കടത്തനാട് അക്രമിക്കുകയും കണ്ണിൽകണ്ട ദേവാലയങ്ങളെല്ലാം നശിപപിച്ചകൊണ്ടിരിക്കുകയും ചെയ്തുവത്രെ. ഓർക്കാട്ടേരിയിലെത്തിയ സൈനീകർ അടുത്തെങ്ങാൻ ക്ഷേത്രമുണ്ടോ എന്നന്വേഷിച്ചപ്പോൾ ഇവിടെങ്ങും ക്ഷേത്രമില്ല എന്ന് തെറ്റിദ്ധരിപ്പിച്ച് ഓർക്കാട്ടേരി ക്ഷേത്രത്തെ നാശത്തിൽ നിന്നും രക്ഷിച്ചതും ഒരു മുസ്ലിം ആയിരുന്നു അതിനുള്ള കൃതജ്ഞതാപ്രകടനം കൂടിയാണ് ക്ഷേത്രനിവേദ്യമായ ഉണ്ണിയപ്പം മുസ്ലിംകുടുബത്തിലെത്തിക്കുന്നതെന്നും കഥയുണ്ട്. സഹിഷ്ണുതയുടേയും, സൗഹാർദ്ദത്തിന്റേയും പ്രതീകമായ ഈ കൊടുക്കൽ വാങ്ങൽ ഇന്നും തുടർന്നു വരുന്നു."

ക്ഷേത്രോത്സവത്തോടനുബന്ധിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന കന്നുകാലിചന്ത മലബാറിലെ തന്നെ പ്രസിദ്ധമായ ഒന്നാണ്. ഗ്രാമീണർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനും, ആവശ്യമുള്ള വീട്ടു സാധനങ്ങൾ വാങ്ങിക്കാനുള്ള ഒരവസരം കൂടിയായിരുന്നുചന്ത.

പഞ്ചായത്തിലെ പ്രധാനപ്പെട്ട മറ്റു ക്ഷേത്രങ്ങളാണ് എളമ്പങ്ങോട്ട് കാവ് ക്ഷേത്രം, ശ്രീകൃഷ്ണപുരിക്ഷേത്രം, രയരമംഗലം ക്ഷേത്രം, എടവനഅമ്പലം, കൂർമം കുളങ്ങര ക്ഷേത്രം എന്നിവ.

കാലപഴക്കമേറിയ രണ്ടു മുസ്ലിംപള്ളികൾ ടൗണിന് തൊട്ടടുത്തായി വൈക്കിലശ്ശേരി രോഡിന് കിഴക്കും, പടിഞ്ഞാറുമായി നിലകൊള്ളുന്നു. പള്ളി വളപ്പിൽതന്നെ മുസ്ലിം സൂഫി വര്യനായഇടയിൽ മുസല്യാരുടെ മുഖാമുണ്ട്. അഭീഷ്ടസിദ്ധിക്കു വേണ്ടി മതഭേദമില്ലാതെ ഭക്തൻമാർഇവിടെ ചന്ദനത്തിരി പുകയ്ക്കുകയും, നേർച്ചയർപ്പിക്കുകയും ചെയ്യുന്നു. പഞ്ചായത്തിൽ മുസ്ലിംങ്ങളുടെ പതിനെട്ടിലധികം ആരാധനാലയങ്ങൾ ഉണ്ട്. ഒറ്റപ്പെട്ടകൃസ്തീയ കുടുംബങ്ങൾ ഉണ്ടെങ്കിലും ആരാധനാലയങ്ങൾ ഇവിടെയില്ല.

മറ്റുവിജ്ഞാന ഉപാധികളൊന്നുമില്ലാതിരുന്ന ഒരു കാലത്ത് ഗ്രാമീണർക്ക് ഒത്തുകൂടാനും, ആസ്വദിക്കാനുമുള്ള അവസരം ലഭിച്ചിരുന്നത് തിറയാട്ട് കേന്ദ്രങ്ങളിലായിരുന്നു. ചെണ്ടയുടേയും 'ചീനി' യുടേയും താളത്തിനൊത്ത് ചുവടുകൾ വച്ച് നൃത്തം ചവിട്ടുന്ന തെയ്യങ്ങൾ ജനങ്ങളുടെ മനസ്സിനെ ആനന്ദിപ്പിച്ചിരുന്നു. വിഗ്രഹാരാധനയുടേയും, നാഗാരാധനയുടേയും പ്രതീകങ്ങളിലും, രൂപങ്ങളിലും, തോറ്റങ്ങളിലുമെല്ലാം വൈവിദ്ധ്യമുണ്ട്. കുട്ടിച്ചാത്തന്റെയും, ചാമുമ്ഡിയുടേയും, ഭൈരവന്റെയും ഗുളികന്റെയും, നാഗത്തിന്റെയും, പൊട്ടത്തിയുടേയുംമറ്റും തെയ്യങ്ങൾ ഒരു കാലത്ത് ജന്മിത്തത്തിനെതിരെ പോരാടിയ സാധാരണക്കാരന്റെ പ്രതീകങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നു. പഞ്ചായത്തിൽ ഒരു ഡസനിലധികം ക്ഷേത്രങ്ങളിൽ തെയ്യംതിറ നടന്നുവരുന്നു.

മറ്റേതൊരു പ്രദേശത്തെയും പോലെ വാർത്താമാധ്യമരംഗത്ത് ടെലിവിഷന്റെ അതിപ്രസരം ഇവിടെയും കണ്ടുവരുന്നു. ടെലിവിഷന്റെ പ്രചാരം വർദ്ധിച്ചതോടെ ജനങ്ങളിൽ വായനാശീലം കുറഞ്ഞുവരുന്നതായി കാണുന്നു.

മദ്യത്തിന്റെ നിർമാണവും, വില്പനയും പഞ്ചായത്തിന്റെ ഒറ്റപ്പെട്ടഭാഗങ്ങളിൽ ഉണ്ടെങ്കിലും, സ്വാതന്ത്ര്യസമര കാലം മുതൽക്കുതന്നെ മദ്യവർ

ജനപ്രസ്ഥാനവും ഇവിടെ സജീവമായി പ്രവർത്തിച്ചുവരുന്നു.

സാംസ്കാരിരംഗത്തുള്ള സാദ്ധ്യതകളെക്കുറിച്ച് ഗ്രമസഭകളിൽ നിന്നും ഇയർന്നുവന്ന അഭിപ്രായങ്ങൾ.

1) പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു പൊതു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക.

2) പൊതുകളിസ്ഥലവും, ഓപ്പൺ എയർസ്റ്റേജും നിർമിക്കുക.

3) വാർഡുതലത്തിൽ ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുക.

4) വനിതകളിൽ വായനാശീലം വളർത്തുന്നതിനാവശ്യമായ പ്രവർത്തനം നടത്തണം. വനിതകളുടെ നേതൃത്വത്തിൽ സഞ്ചരിക്കുന്ന വായനശാല സ്ഥാപിക്കണം.

5) കേരളോൽസവത്തിൽ നാടൻ കലകൾ കൂടി ഉൾപ്പെടുത്തണം.

6) പഞ്ചായത്തിൽ ഒരു മൊബൈൽ ലൈബ്രറി സ്ഥാപിക്കുക.

7) പഞ്ചായത്തിലെ കലാസമിതികൾക്ക് പഞ്ചായത്ത് ധനസഹായം നൽകുക.

8) പഞ്ചായത്തിലെ കായിക പ്രതിഭകളെ കണ്ടെത്തി പരിശീലനം കൊടുക്കുക.

9) കച്ചേരിമൈതാനത്ത് ഇന്നുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റി മൈതാനം സംരക്ഷിക്കുക.

10) പ്രധാനപ്പെട്ട കാലസമിതികളിലും ഗ്രന്ഥാലയങ്ങളിലും ടെലിവിഷൻ, റേഡിയോ എന്നിവ സ്ഥാപിക്കുക.

11) അവശ കലാകാരൻമാർക്ക് പഞ്ചായത്ത് പെൻഷൻ നൽകുക.

12) ലക്ഷം വീട് കോളനികളിൽ ടെലിവിഷൻ സെറ്റ് സ്ഥാപിക്കുക.

13) എല്ലാ വാർഡിലും പഞ്ചായത്ത് ഗ്രന്ഥാലയവും, വായനശാലയും സ്ഥാപിക്കണം.

14) ടൗൺ കേന്ദ്രീകരിച്ച് നടക്കുന്ന വിദേശ മദ്യ വില്പന തടയാനുള്ള നടപടി എടുക്കുക.

15) ടൗണിലുള്ള പാൻ- പരാഗ്, മററു ലഹരി പദാർത്ഥങ്ങൾ എന്നിവ വില്പന നടത്തുന്ന പെട്ടിക്കടകൾ നിർത്തലാക്കുക.


പഞ്ചായത്തിലെ പ്രധാനപ്പെട്ട ഗ്രന്ഥാലയങ്ങളും വായനശാലകളും

- ജനകീയ ആരോഗ്യവേദി ആൻറ് വായനശാല - നെല്ലാച്ചേരി
- എം.ബി.സി. സാംസ്കാരിക വേദി - നെല്ലാച്ചേരി,
- പീപ്പിൾസ് - കുന്നുമ്മക്കര.
- യുവതാര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് - നെല്ലാച്ചേരി
- 'ത്രിവേണി' തോട്ടുങ്ങൽ,
- ഗ്രാമീണ ഗ്രന്ഥാലയം - കുന്നുമ്മക്കര
- എ. കെ. ജി. സ്മാരകവായന ശാല - കുന്നുമ്മക്കര.
- ഇസ്സ കലാവേദി
- അർച്ചനാ കലാവേദി
- പ്രിയദർശിനി കലാവേദി
- സോഷ്യലിസ്റ്റ് കാലവേദി
- എ.കെ.ജി. സ്മാരക കലാവേദി
- വിനതാകലാകായിക വേദി-കുന്നുമ്മക്ക
- ത്രിവേണി - തട്ടോളിക്കര
- പുതുമകലാവേദി ആൻറ് ലൈബ്രറി - ഏറാമല
- സമത തിയേറ്റേഴ്സ്, ഏറാമല
- സമത ഗ്രന്ഥാലയം ആൻറ് വായനശാല - ഏറാമല
- ശ്രിദൃശ്യ - ഏറാമല
- റെഡ്സ്റ്റാർ കലാവേദി -ഏറാമല
- സഹോദരബാലകലാകായിക സംഘ്യം -ഏറാമല
- ബോധി - ആദിയൂര്
- സംസ്കാരതിയറ്റേഴ്സ് ആൻറ് ലൈബ്രറി,ആദിയൂര്

- യുവ കലാസാഹിതി - കാർത്തികപ്പള്ളി
- സംഗമം കലാസാംസ്കാരിക വേദി
- ലോഹ്യസാംസ്കാരിക വേദി, ആദിയൂർ
- വി.ഇ.സി. ട്രസ്റ്റ് ആൻറ് ഗ്രന്ഥാലയം - ഓർക്കാട്ടേരി
- പ്രോമിസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് - ഓർക്കാട്ടേരി
- സപ്തസ്വര, ഓർക്കാട്ടേരി
- ശ്രുതി കലാകായികകേന്ദ്രം ഓർക്കാട്ടേരി
- നളന്ദ സാംസ്കാരിക കേന്ദ്രം ഓർക്കാട്ടേരി
- കൈരളി കലാനിലയം ഓർക്കാട്ടേരി
- സാസ്ക് - ഓർക്കാട്ടേരി
- ഹാസ്കോ ഓർക്കാട്ടേരി
- മഹാത്മാ ഗ്രന്ഥാലയം - ഓർക്കാട്ടേരി
- വിദ്യോദയ വായനശാല - ഓർക്കാട്ടേരി
- വിവേകാനന്ദ വിചാരകേന്ദ്രം - ഓർക്കാട്ടേരി
- പൗർണമി തീയറ്റേഴ്സ് ഓർക്കാട്ടേരി
- സംഘംസാംസ്കാരിക വേദി - ഓർക്കാട്ടേരി
- സമധാര കലാകായിക വേദി - കാർത്തികപ്പള്ളി
- പിപ്പിൾസ് ലൈബ്രറി ആൻറ് റീഡിങ്ങ്റൂ, മുയിപ്ര
- എ.കെ.ജി. സ്മാരകവായനശാല, കാർത്തികപ്പള്ളി
- നവസംസ്കാര പരിഷത്ത് ഗ്രന്ഥാലയം, കുറിഞ്ഞാലി റോഡ്
- ഹരിത ആർട്സ് ആൻറ് സ്പോർട്സ്ക്ലബ്ബ്
- സഹൃദയ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്
- യജത ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്
- യവജന, തട്ടോളിക്കര
- ലോഹ്യ റീഡിങ്ങ് ക്ലബ്ബ് & ലൈബ്രറി, തട്ടോളിക്കര
- ശ്രീനാരായണ കലാസാംസ്കാരിക വേദി
- യുവകലാവേദി - ആദിയൂർ
- രാഗ്രംഗ് - ആദിയൂർ.

യഥാർത്ഥമായ മാറ്റം
ഗ്രാമത്തിൽ ജീവിക്കുന്ന
ജനങ്ങളിൽ നിന്നാണ്
വരുന്നത്
അത് പുറത്തുനിന്ന്
അടിച്ചേൽപ്പിക്കുന്നതല്ല

ജവഹർലാൽ നെഹ്റു



## 7.9

# വനിത

ജനസംഖ്യയിൽ മേധാവിത്വം പുലർത്തുന്ന സ്ത്രീ സമൂഹം ചരിത്രപരമായ കാരണങ്ങളാൽ അടിച്ചമർത്തപ്പെട്ട ഒരു വിഭാഗമായി ഈ നൂറ്റാണ്ടിൻെറ ആദ്യകാലം വരെ നിലനിന്നിരുന്നു. ഇന്ന് സ്ത്രീ പീഢനങ്ങൾക്കെതിരെ പുരോഗമന പ്രസ്ഥാനങ്ങൾ പൊതുവെയും സ്ത്രീസംഘടനകൾ പ്രത്യേകിച്ചും പ്രതിഷേധിക്കാൻ മുന്നിട്ടിറങ്ങുമ്പോൾ ഇതു ഞങ്ങളുടെ വിധിയാണെന്നു കരുതി അബലകളായി വീടിൻെറ അകത്തളങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്നു. ഇതിൻെറ കാരണം കേരളത്തിൻെറ മറ്റുഭാഗങ്ങളെപ്പോലെത്തന്നെ ഏറാമല പഞ്ചായത്തിലും അവർക്ക് നിഷിധമായ വിദ്യാഭ്യാസ സമീപനമായിരുന്നു. സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ നേതാക്കൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നിട്ടും ഇത്തരം ദേശീയ പ്രശ്നങ്ങളിൽ സഹകരിക്കാൻ വനിതകൾക്ക് കഴിയാതിരുന്നത് അതുകൊണ്ടുതന്നെയാണ്.

സ്ത്രീകളുടെ പിന്നോക്കാവസ്ഥയുടെ കാരണം പരിശോധിച്ചാൽ സമൂഹത്തിൽ അന്ന് നിലനിന്നിരുന്ന ജാതിവ്യവസ്ഥയും ജന്മികുടയാൻ വ്യവസ്ഥയും, കൂട്ടുകുടുംബവ്യവസ്ഥയും, പുരുഷ മേധാവിത്വത്താൽ ഭൂരിഭാഗം വരുന്ന താഴ്ന്ന ജാതിക്കാർക്ക് അവരുടെ ജീവിത പ്രയാസങ്ങൾക്കിടയിൽ അക്ഷരലോകം അന്യമായിരുന്നു. ഭൂസ്വത്ത് ന്യൂനപക്ഷം വരുന്ന ഏതാനം കുടുംബങ്ങളുടെ ആധിപത്യത്തിലായിരുന്നതുകൊണ്ട് അന്തിയുറങ്ങാനുള്ള ഒരു കൂരക്കും നിത്യജീവിത വരുമാനത്തിനും ഉപരിവർഗത്തെ പ്രീതിപ്പെടുത്തുകമാത്രമേ വഴിയുണ്ടായിരുന്നുള്ളൂ. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ കാരണവർ ചോദ്യം ചെയ്യപ്പെടാനാവാത്ത ആധിപനായതുകൊണ്ട്, വിദ്യാഭ്യാസം നേടാൻ സൗകര്യമുള്ള കുടുംബാംഗങ്ങൾക്ക് പോലും കാരണവരുടെ ഇഷ്ടാനുഷ്ടങ്ങൾക്ക് വിധേയമായിരുന്നു വിദ്യാഭ്യാസം. ഈ കാലഘട്ടത്തിൽ ഏറാമല പഞ്ചായത്തിൽ ഹിന്ദുമതവിശ്വാസികളും ഇസ്ലാംമതത വിശ്വാസികളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ രണ്ടുമതവിഭാഗങ്ങളും സ്ത്രീവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചിരുന്നില്ല എന്നുള്ളത് മറ്റൊരു കാരണമായിരുന്നു.

മേൽപ്പറഞ്ഞവേലിക്കെട്ടുകളിൽ അയവു വന്നതോടുകൂടിയും, വിദ്യാഭ്യാസം സാർവത്രികമാക്കിയതോടുകൂടിയും സാമൂഹ്യതിൻമകൾക്കെതിരെ കേരളത്തിൽ പ്രസ്ഥാനങ്ങൾരൂപം കൊണ്ടതോടുകൂടിയും സ്ത്രീകളും പൊതുവെ വിദ്യാഭ്യാസം നേടാൻ തുടങ്ങി. ഈയവസരത്തിൽ 1940 ൽ ശ്രീകുനിയമ്പ്രത്ത് രാമൻ ഗുരുക്കൾ രചനയും സംവിധാനവും നടത്തിയ പുരാണ നാടകത്തിൽ ശ്രീമതി എരഞ്ഞിപുരത്ത് രാധ ശ്രീകൃഷ്ണൻെറ വേഷവും ശ്രീമതി വട്ടക്കുനി നാരായണി ഗോപസ്ത്രീവേഷവും ധരിച്ച് ഓർക്കാട്ടേരി എൽ. പി. സ്ക്കൂൾസ്റ്റേജിൽ പ്രത്യക്ഷപ്പെട്ടത് ഇന്നും ആശ്ചര്യത്തോടെ അയവിറക്കുന്നവരുണ്ട്. ഏറാമലയിൽ വളരെ നല്ല നിലയിൽ ലളിതകലാ നിലയം പ്രവർത്തിച്ചിരുന്നു.

ആശുപത്രി സൗകര്യങ്ങളൊന്നുമില്ലാതെ പ്രസവം വീടുകളിൽ വച്ചു നടന്ന ഒരുകാലഘട്ടത്തിൽപ്രസവ ശ്രുശ്രൂഷയിൽ പരിചയസമ്പന്നരായ ഒരു വിഭാഗം സ്ത്രീകൾ ഉണ്ടായിരുന്നു. ഇവരെ

പേറ്റിച്ചിമാർ എന്ന പേരിലാണറിയപ്പെട്ടിരുന്നത്. അക്കാലത്ത് പ്രസവത്തോടനുബന്ധിച്ചുള്ള മരണങ്ങൾ കുറവായിരുന്നു എന്നതും ശ്രദ്ധേയമാണ്.

സ്ത്രീകൾക്കുനേരെയുള്ള ആക്രമങ്ങൾ പൊതുവെ ഈ പഞ്ചാത്തിൽ കുറവാണ്. എന്നാൽ ഒറ്റപ്പെട്ടചില സ്ത്രീ പീഢനക്കേസുകൾ ഇല്ലാതല്ല. മദ്യത്തിന്നടിമകളായ കുടുംബാംഗങ്ങളുടെ പീഢനങ്ങൾ മാനസികമായും ശാരീരികമായും അനുഭവിക്കുന്ന സ്ത്രീകളും വിരളമല്ല. പ്രകൃതിയും സമൂഹവും അവരിലേല്പിച്ച പ്രത്യേകതകൾ കാരണം പുരുഷന്മാരെപ്പോലെസാമൂഹ്യ രാഷ്ട്രീയ സേവന രംഗങ്ങളിൽ പ്രവർത്തന സജ്ജമായി സ്ത്രീകൾ മുന്നിട്ടിറങ്ങുന്നില്ല എന്നത് ദുഃഖസത്യമാണ്. എങ്കിലും അവരെ സംഘടിപ്പിച്ച് പ്രതികരിക്കാൻ മഹിളാ ജനതാദൾ, ജനാധിപത്യമഹിളാ അസോസിയേഷൻ, കേരള മഹിളാസംഘം, മഹിളാമോർച്ച, മഹിളാ കോൺഗ്രസ് എന്നീ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീകളെ പഞ്ചായത്ത് ഭരണത്തിൽ പങ്കാളികളാക്കാൻ വൈമുഖ്യം കാണിച്ചതിൽ നമ്മുടെ പഞ്ചായത്തും മോചിതരല്ലായിരുന്നു. 1962 ൽ ഗവൺമെൻറ് നോമിനിയായി ശ്രീമതി പീടികക്കുനിനാണിയാണ് ആദ്യമായി വനിതാ പ്രതിനിധിയായി ഭരണസമിതിയിൽ അംഗമാവുന്നത്. എന്നാൽ ഭരണഘടനാനുമതിയായി തെരഞ്ഞെടുക്കപ്പെട്ട ഇന്നത്തെ ഭരണ സമിതിയിൽ ശ്രീമതി ഒ.പി. പ്രേമിനി, പി. സുശീല, ബാലമ്പ്രത്ത്ബേബി, സി.പ്രേമ എന്നിവർവനിതാ പ്രതിനിധികളാണ്. കൂടാതെ പഞ്ചായത്തിലേക്ക് ശ്രീമതി കെ. ജാനുവും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ഇന്ന് എസ്. എസ്.എൽ.സി വരെയെങ്കിലും പെൺകുട്ടികൾ വിദ്യാഭ്യാസം ചെയ്യണമെന്നത് സമൂഹത്തിൻെറ ഒരാവശ്യമായി തോന്നിത്തുടങ്ങിയിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസവും മറ്റ് ഉയർന്ന സങ്കേതിക വിദ്യാഭ്യാസവും നേടിയ പെൺകുട്ടികൾ നിരവധിയാണ്. ബാലികാ വിവാഹം, നിലനിന്നിരുന്നു ഇതിനെ കെട്ടകല്യാണം എന്ന പേരിൽ അറിയപ്പെട്ടിരുന്നു. എന്നാൽ ചിലവിഭാഗങ്ങളിൽപ്രായപൂർത്തിയാവാതെ കല്യാണ നടത്തുന്ന ആചാരം നിലനിൽക്കുന്നുണ്ട്. പ്രായപൂർത്തിയാവാതെയുള്ള വിവാഹം പെൺകുട്ടികളുടെ ആരോഗ്യത്തിന് ഭീഷണിയാണെന്നവസ്തുത ഇത്തരം വിഭാഗങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. സ്ത്രീധനസമ്പ്രദായം ഇല്ല എന്നു പറയാൻ വയ്യ.

1991 ലെ സെൻസസ് പ്രകാരം ഏറാമല പഞ്ചായത്തിലെ ജനസംഖ്യാ വിവരണപ്പട്ടിക

| ആൺ | പെൺ | ആകെ | പെൺ% |
|---|---|---|---|
| 14321 | 15729 | 30050 | 52.3 |

മേൽക്കാണിച്ച പട്ടികയിൽ നിന്നും സ്ത്രീകളുടെ പങ്കാളിത്തം എല്ലാമേഖലകളിലും വർദ്ധിപ്പിക്കേണ്ട ആവശ്യകത ബോധ്യമാവും. അതുകൊണ്ട് പഞ്ചായത്തിൽ നടത്തുന്ന സാമൂഹ്യരാഷ്ട്രീയ വിദ്യാഭ്യാസ, വികസന പ്രവർത്തനങ്ങളിലെല്ലാം സ്ത്രീകളുടെ പ്രാതിനിധ്യം നിജപ്പെടുത്തുകയും പങ്കാളിത്തം ഉറപ്പിക്കുകയും വേണം.

### *തൊഴിൽ*

പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളുടെയും തൊഴിൽ കൃഷിയും അനുബന്ധമേഖലയുമായിരുന്നു. കൂടാതെ അനുകൂല സാഹചര്യങ്ങൾ നിലനിന്നിരുന്ന മാഹിപ്പുഴ തീരവാസികൾ ഒരുഘട്ടം വരെ ചകിരി വ്യവസായം അവരുടെ ജീവിതമാർഗ്ഗമായി തുടർന്നിരുന്നു. ആടുമാടുകളെ വളർത്തലും കോഴികളെ വളർത്തലും മിക്കവീടുകളിലും ഉണ്ടായിരുന്നു. നെൽക്കൃഷിയുമായി ബന്ധപ്പെട്ട് കട്ടുടക്കൽ, വിത്തിടൽ, കളപറിക്കൽ, കൊയ്ത്ത്,എന്നീ ജോലികൾ വർഷത്തിൽ ഭൂരിഭാഗം ദിവസങ്ങളിലും ലഭിച്ചിരുന്നു. എന്നാൽ നെൽക്കൃഷിയുടെ മുരടിപ്പും ജനസംഖ്യാവർദ്ധനവും അതോടൊപ്പം കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും ഉണ്ടാക്കിയ പാർപ്പിട പ്രശ്നങ്ങൾ കാർഷിക മേഖലയിലെ തൊഴിൽ ദിനങ്ങളെ നാമമാത്രമാക്കിയിരുന്നു. ചകിരി വ്യവസായ രംഗത്ത് ഗവൺമെൻറ് കൊണ്ടുവന്ന നിയന്ത്രണങ്ങൾ ആരംഗത്തേയും നാമാവശേഷമാക്കി. കൃഷിഭൂമികൾ തുണ്ടുതുണ്ടുകളായതോടുകൂടി മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതാവുകയും ആടുമാടു വളർത്തൽ നഷ്ടത്തിലാവുകയും ചെയ്തു. നെൽക്കൃഷിയുടെ തകർച്ചയും കുനിന്മേൽ കുരു

എന്നപോലെഇതിന് ആക്കംകൂട്ടി. പരമ്പരാഗത മായി വീടുകളിൽവെച്ചു ചെയ്തുവന്ന തൊഴിലായിരുന്നു നെയ്ത്ത്. കുടുംബാംഗങ്ങൾക്കെല്ലാം പങ്കാളിത്തമുണ്ടായിരുന്ന ആ തൊഴിൽ, അസംകൃത വസ്തുക്കളുടെ വിലക്കൂടുതൽ കൊണ്ടു വിപണനപ്രയാസങ്ങൾ കൊണ്ടും ക്രമേണ നാമാവശേഷമായി. പരമ്പരാഗത തൊഴിൽ തന്നെയായിരുന്ന മൺപാത്ര നിർമാണം, പായ, കൂട്ട,മുറം മുതലായവ നിർമ്മിക്കൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിപണനത്തിനുള്ള പ്രയാസങ്ങളാലും നാമമാത്രമായി.

ഗൾഫ് പണത്തിൻെറ സ്വാധീനം മേൽപ്പറഞ്ഞ രംഗങ്ങളിലെല്ലാം ഉള്ള കുറെ തൊഴിലാളികളെകെട്ടിട നിർമാണരംഗത്തേക്ക് ആകർഷിക്കുകയും മറ്റൊരു വിഭാഗത്തെ ഒരു തൊഴിലും എടുക്കാത്തവരും ആക്കിയിട്ടുണ്ട്. കേവലം കുട്ടികളെ പരിചരിക്കുക, പാചകം തുടങ്ങിയ വീട്ടുജോലികളിൽ ഏർപ്പെടുക മാത്രമാണ് ഭൂരിഭാഗം സ്ത്രീകളും ചെയ്യുന്നത്. പഞ്ചായത്തിലെ കാർഷിക മേഖലയും ഒഴിച്ച് മറ്റ് മേഖലകളിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ പട്ടിക

| ക്ര.നം | വിഭാഗം | പു | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | കൈത്തറി | | | |
| (a) | സഹകരണം | 43 | 61 | 106 |
| (b) | അസംഘടിതം | 34 | 49 | 83 |
| 2 | ഭക്ഷ്യസംസ്കരണം | 35 | 6 | 41 |
| 3 | ഖാദിമേഖല | - | 15 | 15 |
| 4 | റെഡിമെയ്ഡ് വസ്ത്രങ്ങൾ | | | |
| (a) | സഹകരണം | 2 | 10 | 12 |
| (b) | DWCRA | - | 30 | 30 |
| (c) | സ്വകാര്യം | 3 | 25 | 28 |
| 5 | അച്ചടി | 3 | 2 | 5 |
| 6 | ആയുർവേദം | 14 | 2 | 16 |
| 7 | പരമ്പരാഗത മേഖല | | | |
| | (പാത്രം, പായ, കുട്ട, മുറം) | 13 | 6 | 19 |

മേൽക്കാണിച്ച പട്ടികയിൽ നിന്നും പഞ്ചായത്തിലെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം മൊത്തം സ്ത്രീകളുടെ എണ്ണത്തിൻെറ 1.3% മാത്രമാണ്. എന്നാൽ കാർഷിക മേഖലയിലും, കെട്ടിട നിർമാണമേഖലയിലും ധാരാളം സ്ത്രീകൾ ജോലി ചെയ്തു വരുന്നുണ്ട്. നിർമ്മാണ മേഖലയിലെ തൊഴിൽ സാധ്യത കുറഞ്ഞുവരാൻ സാധ്യതയുള്ളതാണ്. അതുകൊണ്ട്തന്നെ കൃഷിയും വ്യവസായമേഖലയും പുരോഗമിപ്പിച്ചാലേ സ്ത്രീകളുടെ തൊഴിൽ ക്ഷാമം പരിഹരിക്കാൻ കഴിയൂ.

സാങ്കേതിക വിദ്യാഭ്യാസ മുൾപ്പെടെ ഉന്നത ബിരുദം നേടിയ സ്ത്രീകൾ ധാരാളമുണ്ടെങ്കിലുംതൊഴിൽ മേഖലകളിൽ അവരുടെ പങ്കാളിത്തം വളരെ കുറവാണ്. സർക്കാർ സർവീസുകളിലുംമറ്റു സർവീസ് മേഖലകളിലും ഇവരുടെ അംഗസംഖ്യ താരതമ്യേന കുറഞ്ഞതായികാണാം. അധ്യാപനരംഗത്ത് മാത്രമാണ് ആനുപാതിക ക്രമത്തിൽ സ്ത്രീകളുടെ അർഹതപ്പെട്ട സ്ഥാനങ്ങൾ സൂചിപ്പിക്കുന്നത്. വനിതകൾക്ക് മാത്രമായി ഒരു തൊഴിൽ സ്ഥാപനം ഖാദി, റെഡിമെയ്ഡ് വസ്ത്രനിർമാണം, പപ്പട നിർമ്മാണ് പ്ലാസ്റ്റിക് നിർമാണം, ചോക്കലേറ്റ് നിർമാണം എന്നീ മേഖലകളിൽ 8 യൂണിറ്റുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഖാദി ബോഡിൻെറ നൂൽനൂൽപ് യൂണിറ്റിലും റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകളിലുമാണ് കൂടുതൽസ്ത്രീകൾ ജോലിചെയ്യുന്നത്. 104 തൊഴിലാളികളിൽ 61 സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്ന പഞ്ചായത്തിലെ ഏറ്റവും വലിയതൊഴിൽ സ്ഥാപനമാണ് ഏറാമല വീവേഴ്സ് ഇൻറസ്ട്രിയൽകോ. ഓപ്. സൊസൈറ്റി. അതുപോലെ സഹകരണമേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്നഏക വനിതാ സഹകരണ സ്ഥാപനമാണ് ഓർക്കാട്ടേരി ആസ്ഥാപനമായി പ്രവർത്തിക്കുന്ന വടകര ബ്ലോക്ക് വിമൺസ് ഇൻറസ്ട്രിയൽ കോ.ഓപ്പ്. സൊസൈറ്റി.

### പ്രശ്നങ്ങൾ

തൊഴിലില്ലായ്മയാണ് സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നം. ഉള്ളതൊഴിൽ മേഖലയിൽ

തന്നെകൂലി നിരക്കിൽ വിവേചനം നിലനിൽക്കുന്നു. സ്ത്രീകൾ മാത്രം ജോലിചെയ്യുന്ന സ്ഥാപനങ്ങളുടെ മേൽ അവർക്ക് പൂർണ്ണ നിയന്ത്രണമില്ലാത്ത അവസ്ഥ പൊതുവെ നിലവിലുണ്ട്. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദത്വത്തോടെയും നിറവേറ്റാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാദിത്തം ഏൽപിക്കാനുള്ള താല്പ്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. സാമൂഹ്യരംഗത്ത് വളരെ കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധ പൂർവമായ ഇടപെടലിലൂടെ മുന്നോട്ടുകൊണ്ടുവന്നാലേ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കു വഹിക്കാൻ അവർക്ക് കഴിയുകയുള്ളു. സ്വയം തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾവേണ്ട താല്പര്യം കാട്ടുകയോ സംരഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല. തൊഴിൽ നിയമങ്ങളിൽ വേണ്ടത്രഅറിവ് ലഭിക്കുകയോ തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ ലഭിക്കുകയും ചെയ്യുന്നില്ല. സർക്കാർ സഹായ പദ്ധതികൾ ഏതെല്ലാമെന്ന അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു. തുല്യജോലിക്ക് തുല്യവേതനം എന്ന ആശയം ഗ്രാമങ്ങളിലും അസംഘടിതമേഖലകളിലും നിലനിൽക്കുന്നില്ല. അംഗൻവാടികൾ പലതും വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതും അധ്യാപികമാർ ന്യായമായ വേതനം കിട്ടാതെ വിഷമിക്കുന്നവരുമാണ്. വിദ്യാലയങ്ങളൊഴികെ മറ്റുതൊഴിൽ മേഖലകളിലെല്ലാം തന്നെ സ്ത്രീകൾക്ക് അർഹതപ്പെട്ട ആനുപാതിക ക്രമം നിലനിർത്താൻ കഴിയുന്നില്ല. ജോലിക്ക് പോകുന്ന സ്ത്രീകൾക്ക് പിഞ്ചുകുട്ടികളെ സംരക്ഷിക്കാൻ പ്രയാസങ്ങൾ നേരിടുന്നു. സ്വയം ശക്തിയാർജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറഞ്ഞു കാണുന്നതു കൊണ്ട് സാമൂഹ്യ സേവനരംഗത്ത് പ്രവർത്തനസജ്ജരായി പങ്കാളികളാവുന്നില്ല. പരമ്പരാഗത തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് ആധിപത്യമുണ്ടായിരുന്ന രംഗങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. വായനാശീലം സ്ത്രീകൾക്കിടയിൽ കുറഞ്ഞു വരുന്നതായികാണാം. കുഞ്ഞുങ്ങളെ വളർത്തലും വീട്ടുജോലി ചെയ്യലും സ്ത്രീകളുടെ മാത്രം ബാധ്യതയാണെന്ന പുരുഷൻെറ ചിന്താഗതിയും, ഞങ്ങളിതൊക്കെ ചെയ്യേണ്ടവരാണെന്ന സ്ത്രീകളുടെ ധാരണയും മാറിയാലേ, സ്ത്രീകളെ നാനാമേഖലയിലേക്കും ഉയർത്താൻ കഴിയൂ.

## *നിർദ്ദേശങ്ങൾ*

1. ഉല്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കാൻ മുൻകൈ എടുക്കുക.
2. സ്ത്രീകളെ സംഘടിപ്പിക്കാൻ മഹിളാ പ്രസ്ഥാനങ്ങൾ മഹിളാ സമാജങ്ങൾ വനിതാ സഹകരണ സംഘങ്ങൾ എന്നിവ രൂപീകരിക്കുക.
3. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുന്നതോടൊപ്പം നേതൃത്വ പരമായ പങ്ക് വഹിപ്പിക്കുക.
4. സ്ത്രീകൾ മാത്രം ജോലിചെയ്യുന്ന തൊഴിൽ രംഗങ്ങളിൽ അതിൻെറ നടത്തിപ്പ് പൂർണ്ണമായും അവരെത്തന്നെ ഏല്പിക്കുക.
5. വീടുകളിൽ അടുക്കളത്തോട്ടം നിർമിക്കാനും കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാനും ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്യുക.
6. സ്ക്കൂളുകളിൽ നടക്കുന്ന മാതൃസംഗമങ്ങളിൽ അമ്മമാരെ ആസൂത്രിതമായി പങ്കെടുപ്പിക്കുക.
7. തൊഴിലിൻെറ മഹത്വം ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള സെമിനാറുകൾ സംഘടിപ്പിക്കുക.
8. അംഗൻവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അധ്യാപികമാർക്ക് ന്യായമായ കൂലിനൽകുകയും ചെയ്യുക.
9. വ്യാവസായ വകുപ്പിലെ ഉദ്യോഗസ്ഥരെ

പങ്കെടുപ്പിച്ചുകൊണ്ട് അതതുകാലത്തെ പദ്ധതികളെപ്പറ്റിയും ആനുകൂല്യങ്ങളെപ്പറ്റിയും അവരെ ബോധ്യപ്പെടുത്തുക.


10. പ്രൈമറി ഹെൽത്ത് സെൻററുകളിൽ സ്ത്രീരോഗ വിദഗ്ദരുടെ സേവനം ഉറപ്പുവരുത്തുക.


11. വിധവാപെൻഷൻ അഗതി പെൻഷൻ മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ മുതലായവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

12. വിഭവസാധ്യതകൾ മാത്രം കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കാവശ്യമായ പരിശീലന പരിപാടികൾ നൽകുകയും ചെയ്യുക.

13. സ്ത്രീകളിൽ വായനാശീലം വളർത്താൻ സഞ്ചരിക്കുന്ന ഒരു ലൈബ്രറി പഞ്ചായത്തിൽ പ്രാവർത്തികമാക്കുക.

14. തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കാൻ ബേബികെയർ യൂണിറ്റുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ തുടങ്ങുക.





# 7.10

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഒരു സമൂഹത്തിൻെറ വളർച്ചയിൽ പിന്നോക്ക വിഭാഗങ്ങളുടെ ഉയർച്ചയ്ക്ക് ഗണനീയ പങ്കാണ് വഹിക്കാനുള്ളത്. നൂറ്റാണ്ടുകൾ നിലനിന്നിരുന്ന ജാതി വ്യവസ്ഥയിലധിഷ്ഠിതമായ ചൂഷണ സംവിധാമാണ് നിലനിന്നിരുന്നത് നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ചൂഷണത്തിനും അടിച്ചമർത്തർലനിന്നും വിധേയമായ പിന്നോക്ക വിഭാഗത്തിൽപെടുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൻെറ ഉന്നമനം ആധുനിക സമൂഹത്തിൽ പ്രാധാന്യം അർഹിക്കുന്നതുതന്നെയാണ്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ നൂറ്റാണ്ടുകളായി ചൂഷണത്തിന് വിധേയരായ ഇവരെ നമ്മുടെ ഭരണഘടന നിർമാതാക്കളുടെ സങ്കൽപ്പത്തിനനുസരിച്ച് ഉയർത്താൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. മണ്ണിൻെറ മക്കളായ ഇവർക്ക് അർഹമായ പദവിയോ സ്ഥാനമോ നൽകാതെ സൗകര്യങ്ങളോ സഹായങ്ങളോ നൽകുകയാണ് ചെയ്തു വരുന്നത്. മുതിർന്നവർ കുട്ടികളെ വളർത്തുന്നതുപോലെയുള്ള ഒരു സമീപനമാണിത്. സർക്കാർ സർവ്വീസുകളിലും മറ്റും ഇവർക്ക് 'റിസർവേഷൻ' ഏർപ്പെടുത്തിയെങ്കിലും അർഹതപ്പെട്ട സ്ഥാനങ്ങൾ അറിയാനോ, നേടിയെടുക്കാനോ കഴിയാത്ത അവസ്ഥയായിരുന്നു അവരുടേത്.

മാറ് മറക്കാതെയും കുപ്പായമിടാതെയും നമ്മുടെ പഞ്ചായത്തിൽ ഇവർ താമസിച്ച്പോന്നിരുന്നു. എണ്ണത്തിൽ കുറവായ ഇവരുടെ ഇന്നത്തെ അനുപാതം താഴെ പട്ടികയിൽ നിന്നും വ്യക്തമാവും.

| ആൺ | പെൺ | ആകെ | ശതമാനം |
|---|---|---|---|
| 341 | 375 | 716 | 2.38 |

മലയർ, വണ്ണാൻ, മണ്ണാൻ,ചെറുമ, പുലയ, പരവൻ,എന്നീ വിഭാഗത്തിൽപെടുന്ന പട്ടിക ജാതിക്കാരാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. പരമ്പരാഗത തൊഴിൽ ചെയ്ത് ജീവിച്ചിരുന്ന ഇവർ ഓരോതരം തൊഴിലിലും വൈദഗ്ദ്യം നേടിയവരായിരുന്നു. പരവർ വീട് നിർമ്മാണത്തിലും, പുലയർ പായ,കുട്ട,മുറം എന്നിവ നിർമ്മിക്കുന്നതിലും വണ്ണാൻ തയ്യൽ ജോലികളിലും മലയർ ചെണ്ടകൊട്ട് ,തെയ്യം, തുള്ളൽ എന്നിവയിലും ഏർപ്പെട്ടിരുന്നു.

ജന്മികുടിയാൻ ബന്ധത്തിൻെറ ശിഥിലീകരണങ്ങളും ജാതി വ്യവസ്ഥയിൽ വന്ന ഇളവുകളും ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി വന്നിട്ടുള്ള മാറ്റങ്ങളും ഇവരുടെ ജീവിതരീതിയിലുംസാമൂഹ്യ ബോധത്തിലും മാറ്റങ്ങൾ ഉണ്ടാക്കി. പാരമ്പര്യ കൈത്തൊഴിലുകളിലുണ്ടായ തകർച്ചയും ക്ഷേത്രോത്സവങ്ങളിൽ ഇടക്കാലത്തുണ്ടായ മന്ദിപ്പും കാരണം ഇവർ കാർഷിക വൃത്തിയിലേക്കും,കെട്ടിട നിർമാണ രംഗത്തേക്കും നയിക്കപ്പെട്ടു. എങ്കിലും അവരുടെ പരമ്പരാഗത തൊഴിലിനോട് വൈകാരിക ബന്ധം ഇന്നും നിലനിർത്തുന്നു. സർക്കാർ സർവീസിലോ കെട്ടിട നിർമ്മാണ രംഗത്തോ കയറാൻ കഴിഞ്ഞ ഇവരിൽ അപൂർവ്വം ചിലർക്ക് മറ്റ് സമുദായങ്ങളോടൊപ്പമെത്താൻ കഴിഞ്ഞെന്നതൊഴിച്ചാൽ ബാക്കിയുള്ളവരുടെ ജീവിതം കഷ്ടത നിറഞ്ഞതു തന്നെ.

നമ്മുടെ പഞ്ചായത്തിൽ 120 പട്ടികജാതി കുടുംബങ്ങളിലായി 716 അംഗങ്ങളാണുള്ളത്. ഇവർ പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലും ചിന്നിച്ചിതറി കഴിയുന്നവരാണ്. 95% കുടുംബങ്ങളും പത്ത്സെൻറ്റോ

അതിൽ കുറഞ്ഞ ഭൂമിയോ കൈവശമുള്ളവരാണ്. 50 സെൻറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ ഇല്ല എന്നു തന്നെ പറയാം. സ്വന്തമായി വീടില്ലാത്ത നിരവധി കുടുംബങ്ങൾനമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഉള്ളവ തന്നെ ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തതുമാണ്. വൈദ്യുതി കണക്ഷൻ ലഭിക്കാൻ മുൻഗണനയുണ്ടെങ്കിലും ബഹുഭൂരിപക്ഷവും വൈദ്യുതി ലഭ്യമല്ലാത്ത പ്രദേശങ്ങളിലാണ് കഴിയുന്നത്. നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം നിലനില്ക്കുന്ന വീടുകളുമുണ്ട്.

മിക്ക കുട്ടികളും 5 വയസ്സു മുതൽ സ്ക്കൂളിൽ പോകാറുണ്ടെങ്കിലും കുടുംബബാധ്യതകൾ ഏറ്റെടുക്കേണ്ടതുകൊണ്ടും സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്നതുകൊണ്ടും രക്ഷിതാക്കൾവേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുകൊണ്ടും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. പൊതുവെ S.S.L.C ക്ക് ഉപരിയായ വിദ്യാഭ്യാസം വളരെ കുറവാണ്. ഇന്ന് പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിച്ചു കൊണ്ടിരിക്കുന്ന കുട്ടികളുടെ എണ്ണം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| വിഭാഗം | ആകെ കുട്ടികൾ | പട്ടികജാതി | ശതമാനം |
|---|---|---|---|
| LP | 2222 | 36 | 1.6 |
| U.P | 3612 | 87 | 2.4 |
| H.S | 1148 | 25 | 2.1 |

സാമൂഹ്യ പുരോഗതിക്ക് വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നതോടൊപ്പം കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കേണ്ടതാണ്.

പഞ്ചായത്തിലെ പട്ടിജാതി വിഭാഗങ്ങൾക്ക് തൊഴിൽ ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. പരമ്പരാഗത തൊഴിൽ പുനരുജീവിപ്പിക്കുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും വേണം അതോടൊപ്പം തൊഴിലിന് വിമുഖത പ്രകടിപ്പിക്കുന്ന ഒരു വിഭാഗം ഇവരുടെ ഇടയിലുണ്ട് പ്രത്യേകിച്ച് സ്ത്രീകൾ. പരമ്പരാഗത തൊഴിലുകൾക്കും ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യതകുറവാണ്. കൂടാതെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ മധ്യവർത്തികളുടെആവശ്യം വേണ്ടി വരുന്നു. പഞ്ചായത്തിൽ ചിന്നിച്ചിതറി താമസിച്ചു കൊണ്ടിരിക്കുന്ന ഇവർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പിക്കാൻ ഭരണ കൂടങ്ങൾക്ക് പ്രയാസം നേരിടുന്നു. സാമൂഹ്യസ്ഥിതിയിൽ മാറ്റങ്ങൾ കാണപ്പെടുന്നുണ്ടെങ്കിലും പൊതുവെ നില തൃപ്തികരമല്ല.

## *പ്രശ്നങ്ങൾ സാധ്യതകൾ*

1. പട്ടിക ജാതി വിഭാഗത്തിൽ നിരവധി കുടുംബങ്ങൾ സ്വന്തമായി വീടോ വീട് വെയ്ക്കാൻ സ്ഥലമോ ഇല്ലാത്തവയും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഇടകലർന്നു ജീവിക്കുന്ന ഇവരെക്കുറിച്ചുള്ള ജനകീയ സാമൂഹ്യ സാമ്പത്തിക സർവെ നടത്തി വസ്തു നിഷ്ഠമായ വിവരം ശേഖരിക്കണം.
2. കക്കൂസില്ലാത്ത എല്ലാ പട്ടിക ജാതി കുടുംബങ്ങൾക്കും കക്കൂസ് അനുവദിക്കണം.
3. വൈദ്യുതി ലഭ്യമല്ലാത്ത വീടുകൾ സൗജന്യമായി വയർ ചെയ്ത് വൈദ്യുതി നൽകണം.
4. കുടിവെള്ളത്തിന് സ്വന്തമായി കിണറില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷനോ കിണർ കുഴിക്കാനുള്ള സഹായമോ ചെയ്യണം.
5. ഇവരുടെ വീടുകൾ മിക്കവയും ഓലമേഞ്ഞവയാണ്. ഇത്തരം വീടുകൾ കെട്ടിമേയുന്നതിന് പദ്ധതികൾ ഉണ്ടെങ്കിലും ഈ ബോധം ലഭിച്ചവർ കുറച്ചു പേർ മാത്രമാണ്.
6. പട്ടികജാതി/പട്ടികവർഗ കോർപറേഷൻ ഗ്രാമ വികസന വകുപ്പ് എന്നിവിടങ്ങളിൽ നിന്നൊക്കെവീട് വെയ്ക്കാൻ 22000 രൂപ ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും തുകയുടെ അപര്യാപ്തതയും സ്വന്തമായി ഏറ്റെടുത്തു നടത്താനുള്ള കഴിവില്ലായ്മയും കാരണം വീടു നിർമ്മാണം പൂർത്തീകരിക്കാനോ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പിക്കാനോ ഇവർക്ക് കഴിയുന്നില്ല. ഈ തുക 50,000 രൂപയാക്കിയെങ്കിലും വർദ്ധിപ്പിക്കണം.
7. ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഇന്ന് തഹസിൽദാർക്കാണ് അതുമാറ്റി

ജാതി സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചായത്തിന് നൽകണം.

8. ഒരു കിലോ മീറ്റർ ചുറ്റളവിൽ അഞ്ചു പട്ടിക ജാതി കുടുംബങ്ങളുണ്ടെങ്കിൽ അവ കോളനിക ളായി അംഗീകരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്ക ണം.

9. എല്ലാവാർഡുകളിലും വികസന സെൽ രൂപീക രിച്ച് വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധ തികൾ ജനങ്ങളെ അറിയിക്കുകയും ആയതി നുള്ള ഫോറങ്ങളും ആവശ്യമായ വിവരങ്ങളും നൽകുകയും പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന്ന് 'മോണിട്ടറിംഗ്' നടത്തി സഹാ യിക്കുകയും വേണം വിദ്യാലയങ്ങളിലെ കൊഴുഞ്ഞുപോകുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരാനവശ്യമായ സഹായങ്ങളും പ്രോത്സാഹനങ്ങളും പഞ്ചായത്ത് ചെയ്യേണ്ട താണ്.

10. S.S.L.C വരെ പൊതുവെയും ആവശ്യമായ വർക്ക് തുടർന്നും പഠനം നടത്താൻ പദ്ധതികൾ ആസൂത്രണം ചെയ്ത് പഞ്ചായത്ത് നടപ്പിലാക്കു ക.

11. പായ നെയ്ത്തിനാവശ്യമായ കൈതയോല കളിയാം വെള്ളിപുഴയുടെ തീരത്തുനിന്നാണ് ലഭി ച്ചുകൊണ്ടിരുന്നത്. നശിച്ചുകൊണ്ടിരിക്കുന്ന ഈ ചെടിയുടെ സംരക്ഷണം ഉറപ്പുവരുത്തുക.

12. പട്ടികജാതി/പട്ടികവർഗത്തിന് വിവിധ വകുപ്പു കൾ നൽകുന്ന ആനുകൂല്യങ്ങൾ വകുപ്പുകൾ പരസ്പരം അറിയുന്നില്ല. ഇതൊഴിവാക്കാൻ പഞ്ചായത്തിലൂടെ പദ്ധതികൾ നടപ്പിലാക്കുക.

13. പട്ടികജാതി ക്ഷേമത്തിനായി വായ്പകൾ ലഭിക്കാനുള്ള വ്യവസ്ഥകൾ ലളിതമാക്കുകയും അതേസമയം വായ്പകൾ ഉദ്ദേശിച്ച കാര്യത്തി നുതന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോ ധിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

14. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതി കളെ തെരഞ്ഞെടുക്കുകയും മേൽനോട്ടത്തിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.


15. തൊഴിലിന്റെ മഹത്വം ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള ക്യാമ്പ് സംഘടിപ്പിക്കുകയും സ്വയം പര്യാപ്തതയുടെ ആവശ്യം അവരെ ബോധ്യപ്പെ ടുത്തുകയും ചെയ്യുക.

16. നടപ്പിലാക്കുന്ന പദ്ധതികളിൽ പങ്കാളിത്തം ഉറപ്പു വരുത്തുക. സമ്പാദ്യശീലം വളർത്താനാവശ്യ മായ ബോധവൽക്കരണം നടത്തുക.

17. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും നേതൃത്വ സ്ഥാനം ഏല്പിക്കുകയും ചെയ്യുക.

18. പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് പരമ്പരാ ഗത തൊഴിൽ യൂണിറ്റ് സ്ഥാപിക്കുക അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണന കേന്ദ്രങ്ങളോ ആഴ്ചച്ചന്തകളോ ഉണ്ടാക്കുക.





# 7.11

# സഹകരണം

കടത്തിൽ ജനിച്ച് ,കടത്തിൽ വളർന്ന്, കടം തന്നെ അനന്തരാവകാശികൾക്ക് ദാനം ചെയ്ത് ഈ സമൂഹത്തിലൂടെ കടന്നു പോയ നമ്മുടെ കർഷകപ്രപിതാമഹർക്ക് അല്പമെങ്കിലും ആശ്വാസം നൽകാൻ വേണ്ടി ആയിരുന്നു സഹകരണ പ്രസ്ഥാനം ഉടലെടുത്തത്. ഹുണ്ടിക പണമിടപാടുകാരിൽ നിന്നും ഇടത്തട്ടുകാരിൽ നിന്നും കർഷകരെ രക്ഷിക്കുകയായിരുന്നു ഇതിൻെറ ഉദ്ദേശം . പണമിടപാടുകാരിൽ നിന്നും വിളവിന് മുൻകൂർ പണം പറ്റുന്ന കർഷകൻ പണമിടപാടുകാരൻ നിശ്ചയിക്കുന്ന തുച്ഛമായ വിലക്ക് അവൻെറ ഉല്പന്നങ്ങൾ നൽകേണ്ടി വന്നിരുന്നു. അതുകൊണ്ടു തന്നെ ഒരിക്കലും കർഷകന് കടക്കെണിയിൽ നിന്ന് മോചനം ഉണ്ടായിരുന്നില്ല. അമിത പലിശക്ക് പണം വാങ്ങുന്ന കർഷകൻെറ സ്ഥിതിയും ഇതു തന്നെ ആയിരുന്നു. ഇത്തരം ചൂഷണങ്ങളിൽ നിന്നും കർഷകരെ രക്ഷിക്കാൻ സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞു. ഇന്നത്തെ സ്ഥിതിയും മറിച്ചല്ല. നാടാകെ കൂണുകൾ പോലെമുളച്ചുപൊന്തുന്ന ബ്ലേഡുകമ്പനികളിൽ നിന്നും സാധാരണ ജനങ്ങളെ വലിയ ഒരളവു വരെ രക്ഷിച്ചു നിർത്തുന്നത് സഹകരണ പ്രസ്ഥാനമാണ്.

ഇന്ന് ലോകമാകെ പടർന്ന് പന്തലിച്ചു നിൽക്കുന്ന സഹകരണ പ്രസ്ഥാനത്തിൻെറ ജനയിതാവ് റോബർട്ട് ഓവൻ എന്ന ഇംഗ്ലീഷുകാരനാണ്. 1904 ലെ സഹകരണ നിയമത്തിൻെറ (Co-operative Societices of 1904) അടിസ്ഥാനത്തിൽ രൂപം കൊണ്ട വായ്പാ സംഘങ്ങളുടെ രൂപീകരണത്തോടെയാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചത്. 1932ലെമദ്രാസ് സഹകരണ ആക്ട് നിലവിൽ വന്നതോടെ മലബാർ പ്രദേശത്തും സഹകരണ പ്രസ്ഥാനം അതിൻെറ പൂർണ്ണ അർത്ഥത്തിൽ പ്രവർത്തനം ആരംഭിക്കാൻ തുടങ്ങിയത്. അതിന് മുമ്പ് തന്നെ കേരളത്തിൽ അങ്ങിങ്ങായി ഐക്യനാണയ സംഘങ്ങൾ നിലവിൽ വന്നിരുന്നു. 1939 ൽ രണ്ടാംലോക മഹായുദ്ധാരംഭത്തോടെനാടെങ്ങും ദാരിദ്ര്യവും പട്ടിണിയും കൊടികുത്തി വാഴാൻ തുടങ്ങിയപ്പോൾ ഭക്ഷ്യ ക്ഷാമത്തിൽ നിന്നും അല്പമെങ്കിലും ആശ്വാസം നൽകാൻ വേണ്ടി അരി വിതരണം നടത്തുക എന്ന ലക്ഷ്യത്തോടെ നാടെങ്ങും പി.സി.സി. സൊസൈറ്റികൾ (ഉൽപ്പാദക ഉപഭോക്തൃ സഹകരണ സംഘം) നിലവിൽ വന്നു. അതിൻെറ ഭാഗമായി വടകര താലൂക്കിലുംമൂന്ന് P.C.C.സൊസൈറ്റികൾ പ്രവർത്തനം തുടങ്ങി. വടകര കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ച സൊസൈറ്റിയുടെ രൂപീകരണത്തിന് നേതൃത്വം കൊടുത്തത് പരേതനായ ശ്രീ. എം. കൃഷ്ണൻ അവർകളായിരുന്നു. ഈ സൊസൈറ്റിയാണ് ഇപ്പോൾ വടകര കോ-ഓപ്പറേറ്റീവ് റൂറൽബാങ്ക് എന്ന പേരിൽ അറിയപ്പെടുന്നത്. പുറമേരി കേന്ദ്രീകരിച്ച് പ്രവർത്തിച്ച സൊസൈറ്റിയുടെ രൂപീകരണത്തിന് നേതൃത്വം കൊടുത്തത്. പുറമേരി കോവിലകത്തിൽപെട്ട പരേതനായ ശ്രീ.ഇ.കെ.ശങ്കരവർമ്മ അവർകളായിരുന്നു. ഈ സൊസൈറ്റിയാണ് പുറമേരി സർവ്വീസ് സഹകരണബേങ്ക് ആയി ഇന്ന് പ്രവർത്തനം നടത്തുന്നത്. കക്കട്ടിൽ കേന്ദ്രീകരിച്ച് രൂപം കൊണ്ട സൊസൈറ്റിയുടെ സ്ഥാപകരിൽ പ്രമുഖൻ പാതിരിപ്പറ്റയിലെ പരേതനായ ശ്രീ ചാത്തോത്ത് ശങ്കരൻ മാസ്റ്റർ അവർകളായിരുന്നു. ഈ സൊസൈറ്റിയാണ് ഇന്ന് കക്കട്ടിൽ കോ-ഓപ്പറേറ്റീവ്റൂറൽ ബാങ്ക് എന്ന

പേരിൽ അറിയപ്പെടുന്നത്. ഈ മൂന്ന് പി.സി.സി.സൊസൈറ്റികളാണ് വടകര താലൂക്കിൽ മുഖ്യമായി അന്ന് അരിവിതരണം നടത്തിയത്. ഭക്ഷ്യക്ഷാമത്തിൽ പൊറുതിമുട്ടിയിരുന്ന ജനങ്ങൾക്ക് വലിയൊരളവു വരെ ആശ്വാസം നൽകാൻ ഇവയുടെ പ്രവർത്തനത്തിന് കഴിഞ്ഞിട്ടുണ്ട്.

1922 ലാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യത്തെ സഹകരണസംഘം രൂപം കൊണ്ട് പ്രവർത്തനം തുടങ്ങിയത്. കുന്നുമ്മക്കര കേന്ദ്രീകരിച്ച് പ്രവർത്തനം തുടങ്ങിയ ഐക്യനാണയസംഘമായിരുന്നു അത്. കണ്ണോത്ത് ചെക്കുട്ടി വൈദ്യർ, ചാത്തോത്ത് കണാരൻ മാസ്റ്റർ, വലിയപറമ്പത്ത് നാരായണൻ അടിയോടി, കുന്നമ്പത്ത് നാരായണക്കുറുപ്പ്, കണ്ണോത്ത്ചന്തൻ വൈദ്യർ, കുറുന്താടത്ത് ആണ്ടി മാസ്റ്റർ, ചുട്ടപ്പുറത്ത് ആണ്ടി തുടങ്ങിയവരായിരുന്നു ഇതിൻെറ സംഘാടകർ. ഇതിൻെറ ആദ്യത്തെ പ്രസിഡണ്ട് ചെക്കുട്ടി വൈദ്യരും, ആദ്യത്തെ മാനേജർ ചീക്കോളി അച്ചു മാസ്റ്ററും ആയിരുന്നു. ഈ ആദ്യകാല സഹകാരികളെ, ഈ മുമ്പേപറന്ന പക്ഷികളെ നമുക്ക് ആദരിക്കാം. ഈ സംഘമാണ് പിൽക്കാലത്ത് കുന്നുമ്മക്കര സർവ്വീസ് സഹകരണ ബാങ്കായി വികസിച്ചത്.

1939 ആയപ്പോഴേക്കും ഓർക്കാട്ടേരിയിൽ ഐക്യനാണയസഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണസംഘം കൂടി പ്രവർത്തനം ആരംഭിച്ചു. എളങ്ങോളത്ത് ചാത്തുകുളമുള്ളതിൽ രയിരുക്കുറുപ്പ്, ആർ.പികുമാരൻ തുടങ്ങിയവരായിരുന്നു ഇതിൻെറ സംഘാടകർ. എളങ്ങോളത്ത്ചാത്തു ആയിരുന്നു ഇതിൻെറ ആദ്യത്തെ പ്രസിഡണ്ട്. തുടക്കത്തിൽ നൂറ് അംഗങ്ങളാണ് ഉണ്ടായിരുന്നത്. ഈ സംഘം 1967 ൽ ഏറാമല സർവ്വീസ് സഹകരണ ബാങ്ക് എന്ന നിലയിൽ പ്രവർത്തനം തുടങ്ങി. ബേങ്ക് ആയതിനുശേഷം ശ്രീ. കെ.ടി.ഗോവിന്ദൻ നമ്പ്യാർ ആയിരുന്നുആദ്യത്തെ പ്രസിഡണ്ട് ഇന്ന് നല്ലനിലയിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഈ ബേങ്കിൻെറ വളർച്ചയിൽ ധാരാളം നിസ്വാർത്ഥ പ്രവർത്തനത്തിൻെറ ഈടുവെപ്പുണ്ട്. വളരെക്കാലം ഇതിൻെറ സെക്രട്ടറി ആയി പ്രവർത്തിച്ച പരേതനായ ശ്രീ. കുന്നോത്ത് നാരായണക്കുറുപ്പിൻെറ സാരഥ്യവും ഈ ബേങ്കിൻെറ വളർച്ചക്ക് മുതൽക്കൂട്ടായി.

1947 ൽ സ്വാതന്ത്ര്യത്തിനുശേഷം നിലവിൽ വന്ന മദ്യനിരോധനത്തിൻെറ ഫലമായി തൊഴിൽ രഹിതരായ ഏറാമല പഞ്ചായത്തിലെ കള്ളുചെത്തുതൊഴിലാളികളെ പുനരധിവസിപ്പിക്കാൻ വേണ്ടി രൂപംകൊടുത്ത ഏറാമല ചക്കര നിർമ്മാണ പരസ്പര സഹായ സഹകരണ സംഘമായിരുന്നു മൂന്നാമത്തെ സ്ഥാപനം. 1949 ൽ രൂപം കൊണ്ട ഇതിൻെറ സംഘാടകർ ശ്രീമാന്മാർ കെ.ടി.ഗോവിന്ദൻ നമ്പ്യാർ, തൊടുവക്കൽ ശങ്കരൻ, വളപ്പിൽ പൊക്കൻ, പുതിയോട്ടിൽ പൊക്കൻ, കൊല്ലറത്ത് കടുങ്ങോൻ തുടങ്ങിയവരായിരുന്നു. 1960 വരെ നല്ലനിലയിൽ പ്രവർത്തിച്ച ഈ സംഘം സാവധാനം നാശത്തെ അഭിമുഖീകരിക്കുകയും 67 ൽ മദ്യനിരോധനംനീക്കം ചെയ്യപ്പെട്ടതോടെ ചക്കരക്കുവേണ്ടി കള്ള് ഉൽപ്പാദിപ്പിക്കുന്നത് തൊഴിലാളികളെ സംബന്ധിച്ചേടത്തോള നഷ്ടക്കച്ചവടവും കൂടി ആയപ്പോൾ പൂർണ്ണമായി നശിക്കുകയും ചെയ്തു.

1958 ൽ ആദിയൂര് കേന്ദ്രീകരിച്ച് ഒരു കയർ വ്യവസായ സഹകരണ സംഘം രൂപം കൊണ്ടെങ്കിലും ശൈശവദശയിൽത്തന്നെ അത് അകാലചരമം പ്രാപിക്കുകയാണ് ഉണ്ടായത്. ധനദുർവ്വിനിയോഗവും കെടുകാര്യസ്ഥതയും മൂലം ആ സംഘം ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. പിന്നീട് കുന്നുമ്മക്കര കേന്ദ്രീകരിച്ച് മറ്റൊരു കയർ വ്യവസായ സഹകരണസംഘം പ്രവർത്തനം തുടങ്ങിയെങ്കിലും ഇന്ന് അതിൻെറ പ്രവർത്തനം കാര്യക്ഷമമല്ല. 1977 ൽ രൂപംകൊണ്ട് പ്രവർത്തനം ആരംഭിച്ച ഏറാമല നെയ്ത്തു വ്യവസായ സഹകരണ സംഘം ഇന്ന് നൂറിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന പൊതുവെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. സമീപകാലത്ത് രൂപം കൊണ്ട സംഘങ്ങളാണ് വടകര ബ്ലോക്ക് വിമൺസ് ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര ബ്ലോക്ക് എംപ്ലോയീസ് ഏൻറ് സർവ്വീസ് പെൻഷനേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, സി.എച്ച് മുഹമ്മദ്കോയ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, കാർത്തികപ്പള്ളി കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സൊസൈറ്റി, കുറിഞ്ഞാലിയോട് ക്ഷീരോല്പാദക സഹകരണസംഘം, കാർത്തികപ്പള്ളി കയർവ്യവസായ സഹകരണ സംഘം എന്നിവ. ഇവകൂടാതെ ആറ് സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്.

സ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ

1 ഏറാമല യു.പി.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

2 തട്ടോളിക്കര യു.പി.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

3 ഓർക്കാട്ടേരി നോർത്ത് യു.പി. സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

4 ഓർക്കാട്ടേരി മാപ്പിള യു.പി.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

5 ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കണ്ടറിസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

6 കാർത്തികപ്പള്ളി നമ്പർ വൺ യു.ഇ.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും ന്യായവിലക്ക് ലഭ്യമാക്കുക എന്നതാണ് ഇവയുടെ പ്രവർത്തനം.

## *സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ*

### *കാർഷിക മേഖല*

കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന രണ്ടു ബാങ്കുകളാണ് ഏറാമല സർവ്വീസ് സഹകരണ ബേങ്ക്, കുന്നുമ്മക്കര സർവ്വീസ് സഹകരണ ബേങ്ക് എന്നിവ. കൂടാതെ വടകര താലൂക്ക് കാർഷിക വികസന ഭൂപണയ ബേങ്കിൻെറയും പുറമേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൻെറയും വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കിൻെറയും പരിധിയിൽ ഏറാമല പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കർഷകർക്ക് വായ്പകൾ ലഭിക്കാനുള്ള സാഹചര്യങ്ങളും ഉണ്ട്.

ഏറാമല സർവ്വീസ് സഹകരണ ബേങ്ക്

പട്ടിക 1 കാർഷിക വായ്പാ സംഘങ്ങൾ
(തുക ആയിരത്തിൽ)

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | മറ്റു സംഘങ്ങളിൽ നിന്നുള്ള വായ്പകൾ | നിക്ഷേപം | കൊടുത്ത വായ്പ | | പ്രവർത്ത മൂലധനം | ലാഭം നഷ്ടം | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | | സ്ഥിരം | മറ്റുള്ളവർ |
| 1 | ഏറാമല സർവ്വീസ് സഹകരണ ബേങ്ക് LTD | 1939 | ഏറാമല ഗ്രാമ പഞ്ചായത്തിലെ 4 മുതൽ 12 വരെ വാർഡുകൾ | 3883 | 1213 | 1570 | 42230 | 2170 | 39759 | 45013 | 469 ലാ | 20 | 7 |
| 2 | കുന്നുമ്മക്കര സഹകരണ ബേങ്ക് LTD | 1922 | 1,2,3 വാർഡുകൾ | 1337 | 70 | 175 | 3766 | 38 | 2986 | 4010 | | 3 | 3 |

## ഏറാമല സർവ്വീസ് സഹകരണ ബേങ്ക്

ഗ്രാമപഞ്ചായത്തിലെ നാല് മുതൽ പന്ത്രണ്ട് വരെ വാർഡുകൾ ഇതിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്നു. കുറിഞ്ഞാലിയോട് ഒരു ശാഖയും ഓർക്കാട്ടേരിയിൽ ഒരു സായാഹ്ന ശാഖയും മെയിൻ ബ്രാഞ്ചും ഉൾപ്പെടെ പ്രവർത്തിക്കുന്ന ഒരു A ക്ലാസ് സഹകരണ ബേങ്കാണിത്. ഒരു സഹകരണ മാവേലി സ്റ്റോർ, മൂന്ന് പൊതുവിതരണ കേന്ദ്രങ്ങൾ രണ്ട് രാസവള ഡിപ്പോകൾ എന്നിവ ഇതിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ബേങ്കിന്റെ കഴിഞ്ഞ പത്തുകൊല്ലത്തെ പ്രവർത്തനവുമായി ബ്നധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ പ്രകാരം എല്ലാവർഷവും മികച്ചലാഭം ഈ സ്ഥാപനം നേടുന്നുണ്ട്. എന്ന് വ്യക്തമാകുന്നു. വളരെ വിപുലമായ പ്രവർത്തനപരിധി ഉള്ളതിനാൽ ഇത്രയും പ്രദേശത്തെ കർഷകരുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിൽ ഈ ബേങ്കിന് ധാരാളം പരിമിതികളുണ്ട്.

കാർഷിക വികസനമാണ് പ്രധാനലക്ഷ്യമെങ്കിലും കാർഷിക വായ്പ കൊടുക്കുന്നതിനേക്കാൾ കാർഷികേതര വായ്പ കൊടുക്കുന്നതിലാണ് ബേങ്ക് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 95-96 ലെ കണക്കു പ്രകാരം 3,97,58,422ക. കാർഷികേതര വായ്പയായും 21,69,796 ക. കാർഷിക വായ്പയായും നൽകിയതായികാണുന്നു. കുറഞ്ഞ പലിശക്കുള്ള കാർഷിക വായ്പ കൂടുതൽ നൽകുന്നതിൽ ഊന്നൽ നൽകിക്കൊണ്ടുള്ള ആരോഗ്യകരമായ പ്രവർത്തന ശൈലി സ്വീകരിക്കുന്നതിന് ബേങ്കിന് സാഹചര്യമുണ്ടാക്കേണ്ടതാണ്.

കുന്നുമ്മക്കര സർവ്വീസ് സഹകരണ ബേങ്ക് (പട്ടിക 1 - ക്രമനമ്പർ 2)

ഗ്രാമപഞ്ചായത്തിലെ 1, 2, 3 വാർഡുകൾ പ്രവർത്തന പരിധിയായിട്ടുള്ള ബേങ്കാണ് കുന്നുമ്മക്കര സർവ്വീസ് സഹകരണ ബേങ്ക്. കാർഷിക - കാർഷികേതര വായ്പകൾ ഈ ബാങ്ക് നൽകി വരുന്നുണ്ട്. ഇതിന്റെകീഴിൽ ഒരു പൊതുവിതരണകേന്ദ്രവും ഒരു സഹകരണ മാവേലിസ്റ്റോറും ഒരു വളം ഡിപ്പോയും പ്രവർത്തിക്കുന്നുണ്ട്. കൺട്രോൾ തുണി വില്പനയും ഈ ബേങ്കിന്റെ കീഴിൽ നടക്കുന്നുണ്ട്. ഈ ബേങ്കിന്റെ പ്രവർത്തന മൂലധനം വളരെ പരിമിതമായതുകൊണ്ട് തന്നെ അതിന്റെ പ്രവർത്തന പരിധിയിലുള്ള 1, 2, 3 വാർഡുകളിലെ കർഷകർക്ക് കാർഷിക വായ്പാസൗകര്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല. ഏതാണ്ട് 75 വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനം ഇന്ന് വളർച്ച മുരടിച്ചുനിൽക്കുകയാണ് ഈബേങ്കിനെ വളർച്ചയിലേക്ക് നയിക്കാൻ വേണ്ടി ബന്ധപ്പെട്ടവർ കൂടുതൽ നിക്ഷേപ സമാഹരണം നടത്തേണ്ടതും ഇത് ഇന്ന് പ്രവർത്തുക്കുന്ന സ്ഥലത്തുനിന്ന് മാറ്റി കുന്നുമ്മക്കര ബസ് സ്റ്റോപ്പ് ജങ്ഷനിൽ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്.

## *ഹ്രസ്വകാല- ദീർഘകാലകാർഷിക വായ്പകൾ*

ഏറാമല പഞ്ചായത്തിലെ കർഷകർക്ക് മേൽ വിവരിച്ച സഹകരണ സംഘങ്ങളിൽ നിന്നുള്ള കാർഷിക വായ്പാ സൗകര്യങ്ങൾക്ക് പുറമെ പഞ്ചായത്തിന് പുറത്തുള്ള സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പകൾ ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ കുന്നുമ്മക്കര ഏറാമല വില്ലേജുകൾ പുറമേരി സർവ്വീസ് സഹകരണ ബേങ്കിന്റെയും കാർത്തികപ്പള്ളി ദേശം വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കിന്റെയും പ്രവർത്തന പരിധിയിൽ വരുന്നതാണ്. ഈ ബേങ്കുകളെല്ലാം തന്നെ ഹ്രസ്വകാല കാർഷിക വായ്പകളാണ് നൽകുന്നത്. വടകര താലൂക്ക്പരിധി ആയിട്ടുള്ള വടകര കാർഷിക വികസന ബേങ്കാണ് ഈ പഞ്ചായത്തിലെ കർഷകർക്ക് ദീർഘകാല വായ്പകൾ നൽകുന്നത്. കാർഷിക മേഖലയിലെ വികസനത്തിനായി ആവശ്യമുള്ളഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും കണിശമായ അർഹതാ നിർണ്ണയമാന ദണ്ഡങ്ങളും കാരണം കർഷകർക്ക് ഈസൗകര്യം പ്രയോജനപ്പെടുന്നില്ല. കുടുംബങ്ങളുടെ കൈവശ ഭൂമി തുണ്ടുതുണ്ടായി മാറുന്നഇന്നത്തെ സാഹചര്യത്തിൽ 50 സെൻറ് ഭൂമി സ്വന്തമായുള്ളവർക്കുമാത്രമെ വായ്പാസൗകര്യമുള്ളൂ എന്ന നിബന്ധന തിരുത്തപ്പെടേണ്ടതാണ്. മാത്രമല്ല നമ്മുടെ പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ തന്നെ ദീർഘകാല കാർഷിക വായ്പകൾ നൽകുന്നതിനാവസ്യ

മായ സംവിധാനങ്ങളുണ്ടാക്കേണ്ടതും അതിനാവശ്യമായ നിയമ ഭേദഗതികൾ ഗവൺമെൻറിൻെറ ഭാഗത്തു നിന്നുണ്ടാകേണ്ടതുമാണ്.

## *ഭവന നിർമ്മാണ രംഗം*

പഞ്ചായത്തിലെ 2 സഹകരണ ബേങ്കുകളും ഭവന നിർമ്മാണ രംഗത്ത് ഓട് മേയാൻ നാമമാത്രമായ വായ്പാ സൗകര്യങ്ങൾ അനുവദിക്കുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് ഭവന നിർമ്മാണവായ്പ ലഭിക്കുന്നതും ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് ഹൗസിങ് സൊസൈറ്റിയിൽ നിന്നാണ്. പക്ഷെ നിയമത്തിൻെറ നൂലാമാലകളും സാങ്കേതിക ബുദ്ധിമുട്ടുകളും കാരണം വായ്പ ലഭിക്കാൻ വലിയ കാല താമസം അനുഭവപ്പെടുന്നു. നടപടിക്രമങ്ങൾ ലഘൂകരിക്കപ്പെടേണ്ടതും കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

## *മറ്റുവായ്പാ സംഘങ്ങൾ*

എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

പട്ടിക-3 (തുക ആയിരത്തിൽ)

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തന പരിധി | പ്രവർത്തനം ആരംഭിച്ച വർഷം | വ്യക്തി അംഗത്വം | ഓഹരി മൂലധനം | സർക്കാർ ഓഹരി തുക | നിക്ഷേപം | | വായ്പകൾ | | ലാഭം നഷ്ടം 95-96 | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | സ്ഥിരം | ഹ്രസ്വ കാലം | പണ്ടം പണയം | അംഗങ്ങൾക്കുള്ള | | സ്ഥിരം | മറ്റുള്ളവർ |
| 1 | വടകര ബ്ലോക്ക് എംപ്ലോയീസ് ആൻറ് സർവ്വീസ് പെൻഷനേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | വടകര ബ്ലോക്ക് | 1986 | 450 | 225 | 15 | 5342 | 1196 | 5300 | 725 | 170 ലാ | 3 | 1 |

ഓർക്കാട്ടേരിയിൽ പ്രവർത്തിക്കുന്ന വടകര ബ്ലോക്ക് എംപ്ലോയീസ് എൻറ് സർവ്വീസ് പെൻഷനേഴ്സ് സൊസൈറ്റിയിൽ 450 അംഗങ്ങളാണുള്ളത്. അതിൽ അംഗങ്ങളായിട്ടുള്ള ഉദ്യോഗസ്ഥാന്മാർക്കും പെൻഷനർമാർക്കും മാണ് മുഖ്യമായും വായ്പാ സൗകര്യം നൽകുന്നത്.പണ്ടം പണയമായി സ്വീകരിച്ച് മറ്റുള്ളവർക്കും ഈ സ്ഥാപനം വായ്പകൾ നൽകുന്നുണ്ട്. കൺസ്യൂമർ ഫെഡറേഷൻെറ നോട്ടു പുസ്തകങ്ങളും പഠനോപകരണങ്ങളും വിതരണം ചെയ്യാറുണ്ട്.. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കൂടുതൽ അംഗങ്ങളെ ചേർത്ത് പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

**വ്യവസായ സഹകരണ സംഘങ്ങൾ EWICS പട്ടിക 2 (തുക ആയിരത്തിൽ)**

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി വില | മറ്റു വായ്പകൾ | | സർക്കാർ നിക്ഷേപിക്കം | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | വിറ്റു വരവ് | ലാഭം നഷ്ടം | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | സംഘം | വായ്പ | | | | | | സ്ഥിരം | മറ്റുള്ളവർ |
| 1 | ഏറാമല വീവേഴ്സ് ഇൻഡസ്ട്രിയൽ വർക് ഷോപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം | 1977 | ഏറാമല ഗ്രാമ പഞ്ചായത്ത് | 304 | 2 | KSHDC<br>സർക്കാർ | 344<br>400 | 899 | 1192 | 3526 | 3868 | 45ന | 8 | 96 |
| 2 | വിമൺ ഇൻഡസ്ട്രിയൽ കോ.ഓ. സൊസൈറ്റി | 1990 | വടകര ബ്ലോക്ക് | 204 | 1 | | | 250 | 84 | 334 | | 50ലാ | 13 | |

ഗ്രാമ പഞ്ചായത്തിലെ വ്യവസായ സഹകരണ സംഘങ്ങളിൽ ഒന്നായ ഏറാമല വീവേഴ്സ് ഇൻഡസ്ട്രിയൽ (വർക്ക് ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൈത്തറി തുണി ഉല്പാദനരംഗത്ത് പ്രവർത്തിക്കുന്നു. 304 അംഗങ്ങളുള്ള ഈ സ്ഥാപനത്തിൽ നൂറിലധികം തൊഴിലാളികൾജോലി ചെയ്യുന്നുണ്ട്. തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ ലഭ്യമാണ്. ഏറാമല പഞ്ചായത്ത് പ്രവർത്തന പരിധി ആയിട്ടുള്ള ഈ സൊസൈറ്റി നെയ്ത്തുമായി ബന്ധപ്പെട്ട മുഴുവൻ പേരെയും ഉൾകൊള്ളുന്ന മട്ടിൽ പ്രവർത്തനം വിപുലീകരിച്ചാൽ 250 പേർക്ക് നേരിട്ടും 250 പേർക്ക് ഭാഗികമായും തൊഴിൽ നൽകാൻ കഴിയുന്നതാണ്.തൊഴിൽ ലഭിക്കുന്നതിനുപുറമെ ഇതുകൊണ്ട് തൊഴിലാളികൾക്ക് അർഹിക്കുന്ന ക്ഷേമ പദ്ധതികളുടെ ആനുകൂല്യം കൂടി ലഭിക്കുന്ന അവസ്ഥ ഉണ്ടാകും. ഏറാമല വീവേഴ്സ്സൊസൈറ്റിയുടെ പരിധിയിൽപെട്ട നെയ്ത്തു തൊഴിലാളികൾക്ക്മറ്റു പഞ്ചായത്തുകളിലെ സംഘങ്ങളുടെ കീഴിൽ ജോലി ചെയ്യുമ്പോൾ അവർക്ക് ക്ഷേമ പദ്ധതികൾക്ക് അർഹതയില്ലാത്ത അവസ്ഥയുണ്ട്. ഈ അവസ്ഥ മാറ്റി എടുക്കാൻ വേണ്ടി നെയ്തു തൊഴിലുമായി ബന്ധപ്പെട്ട മുഴുവൻ പേരെയും സൊസൈറ്റിയുടെ പരിധിയിൽ നിർബ്ബന്ധമായും കൊണ്ടു വരേണ്ടതാണ്.

മറ്റൊന്ന്, ഈ സൊസൈറ്റി വിദേശ ഓർഡറുകൾക്കനുസരിച്ചാണ് ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നത്. ഇങ്ങിനെ ഓർഡറുകൾ സ്വീകരിക്കുന്നതും ഉല്പനങ്ങൾ കയറ്റുമതി ചെയ്യുന്നതും സ്വകാര്യ ഏജൻസികളാണ്. ഈ ഇടനിലക്കാർ ഇതുവഴി വൻലാഭം കൊയ്യുന്നുണ്ട്. അതുകൊണ്ട് സംഘം ഉല്പാദിപ്പിക്കുന്ന ഉല്പനങ്ങൾ ഗവൺമെൻറ് നേരിട്ട് സംഭരിച്ച് കയറ്റുമതിചെയ്യുന്ന സ്ഥിതി ഉണ്ടാകണം. എന്നാൽ സ്വകാര്യ വ്യക്തികളുടെ കൈകളിലേക്ക് പോകുന്ന അമിതലാഭം സംഘത്തിനും തൊഴിലാളികൾക്കും ലഭിക്കുന്നതാണ്.

### 2. വടകര ബ്ലോക്ക് വിമൺസ് ഇൻഡസ്ട്രിയൽ (വർക്ക് ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഓർക്കാട്ടേരിയിൽ പ്രവർത്തിക്കുന്ന വടകര ബ്ലോക്ക് വിമൺസ് ഇൻഡസ്ട്രിയൽ (വർക്ക് ഷോപ്പ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്താണ് പ്രവർത്തിക്കുന്നത്. ഇതിൻെറ പ്രവർത്തന പരിധി വടകര ബ്ലോക്ക് ആണ്. 234 അംഗങ്ങളുള്ള സൊസൈറ്റിയുടെ കീഴിൽ 13 പേർ ജോലി ചെയ്യുന്നുണ്ട്. വനിതകൾക്കായി ഒരു തൊഴിൽ സ്ഥാപനം എന്ന നിലയിൽ നമ്മുടെ പഞ്ചായത്തിലെ ആദ്യ സംരഭമാണിത്.ഉൽപ്പന്നങ്ങളുടെ മർക്കറ്റിങ്ങ് രംഗത്തും ഈ സംഘം വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ രഹിതരായുള്ള കൂടുതൽ സ്ത്രീകൾക്ക് ഈ വ്യവസായ സഹകരണ സംഘത്തിൽ ജീവിതമാർഗ്ഗം കണ്ടെത്താൻ കഴിയുമെന്നതിനാൽ കൂടുതൽ പേരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ സ്ഥാപനം പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്. അതുപോലത്തന്നെ പീസ് വർക്കിൻെറ (Piece Work)അടിസ്ഥാനത്തിൽ തൊഴിൽ ചെയ്യാൻ തയ്യാറുള്ളവരുടെ വീടുകളിലേക്ക് അസംസ്കൃത സാധനങ്ങൾ നൽകി അവർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് കൂലി നൽകുന്ന രീതിയും ഈ സംഘത്തിന് അവലംഭിക്കാവുന്നതാണ്. കൂടാതെ മാറി വരുന്ന ഫാഷനുകളെക്കുറിച്ച് പഠിക്കാനുംഅത്തരം ഉല്പനങ്ങൾ സംഘത്തിൽ നിർമ്മിക്കാൻ നേതൃത്വം കൊടുക്കാനും സംഘത്തിൻെറ വളർച്ചയ്ക്ക് അനുസരിച്ച് സ്ഥിരമായി ഒരു പഠന ഗ്രൂപ്പ് രൂപീകരിക്കുന്നതും ഗുണകരമായിരിക്കും.

## ആതുരസേവന രംഗം

## സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സഹകരണ ആശുപത്രി

### (പട്ടിക - 6) തുകകൾ ആയിരത്തിൽ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഓഹരി വില | ഓഹരി മൂലധനം | സർക്കാറിൽ നിന്നുള്ള വായ്പകൾ | പൊതു ജനനിക്ഷേപ | ജീവനക്കാർ | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഡോക്ടർമാർ | നഴ്സ്മാർ | മറ്റുള്ളവർ |
| 1 | സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സഹകരണ ആശുപത്രി | വടകര 1994 | 400 | 500 രൂപ | 700- | 500- | | 4 | 5 | 10 |

ഓർക്കാട്ടേരിയിൽ പ്രവർത്തിക്കുന്ന സി. എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സഹകരണ ആശുപ്ത്രി ഏറാമല പഞ്ചായത്തിൽ ചികിത്സാരംഗത്ത് സഹകരണ സംഘം പ്രവർത്തനത്തിൻെറ അദ്യ സംരംഭമാണ്. 500 രൂപ വീതം ഓഹരി മൂലധനമായി നൽകികൊണ്ട് 400 അംഗങ്ങൾ ഈ സംഘത്തിനുണ്ട്. 4 ഡോക്ടർമാർ ഉൾപ്പെടെ 19 ജീവനക്കാർ ഈസംഘത്തിൽ ജോലി ചെയ്യുന്നു. സഹകരണാശുപത്രകൾ പതിവായി അഭിമുഖീകരിക്കുന്ന ബാരാരിഷ്ടതകളെ അതിജീവിച്ച് ചുവടുറപ്പിച്ച് നിൽക്കാനും പുരോഗതിയിലേക്ക് വളരാനും സംഘം പരമാവധി ശ്രമിക്കുന്നു.പൂർണ്ണ സൗകര്യങ്ങളോടുള്ള ഒരു ഓപ്പറേഷൻ തീയേറ്റർ, ലാബോട്ടറി, എന്നിവ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. എക്സ്റേപ്ലാൻറും ആശുപത്രിക്കകത്ത് ഒരു മെഡിക്കൽഷോപ്പും ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

## ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

### പട്ടിക 5 ക്ഷീരോല്പാദക സംഘങ്ങൾ

| | ക്രമനമ്പർ |
|---|---|
| കുറിഞ്ഞാലിയോട് ക്ഷീരോല്പാദക സഹകരണ സംഘം No.D-106(D) APCOS | സംഘത്തിൻെറപേര് |
| X-XI-XII വാർഡുകൾ | പ്രവർത്തന പരിധി |
| 1991 | പ്രവർത്തനം ആരംഭിച്ച വർഷം |
| 120 | ആകെ അംഗങ്ങൾ |
| 10 രൂപ | ഒരു ഓഹരിയുടെ വില |
| 2470 രൂപ | ഓഹരി മൂലധനം |
| ഇല്ല | സർക്കാർ ഓഹരികൾ |
| ഇല്ല | പൊതു ജനങ്ങളിൽ നിന്നുള്ള നിക്ഷേപം |
| 250 ലിറ്റർ | മൊത്തം ശേഖരിക്കുന്ന പാൽ |
| 15 ലിറ്റർ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് |
| 235 ലിറ്റർ മിൽമക്ക് | പുറത്തേക്ക് അയക്കുന്നത് |

### *1. കുറിഞ്ഞാലിയോട് ക്ഷീര വ്യവസായ സഹകരണ സംഘം*

1991 ൽ കുറിഞ്ഞാലിയോട് കേന്ദ്രീകരിച്ച് പ്രവർത്തനം തുടങ്ങിയ ഈക്ഷീരോല്പാദക സഹകരണ സംഘത്തിൽ 120 അംഗങ്ങളാണുള്ളത്. ഈ സൊസൈറ്റി മിൽമയുമായി അഫിലിയേറ്റു ചെയ്യപ്പെട്ടതാണ്. വളരെ തുച്ഛമായ മൂലധനത്തോടെയാണ് ഈ സംഘം പ്രവർത്തനം തുടങ്ങിയത്. ഗ്രാമ പഞ്ചായത്തിലെ 10, 11, 12 വാർഡുകൾ പ്രവർത്തന പരിധി ആയിട്ടുള്ളസംഘം ദിവസേന 250 ലിറ്റർ പാൽ ശേഖരിക്കുന്നു. ക്ഷീര കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻപാലും ശേഖരിച്ച് വിപണനം ചെയ്യാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ സംഘം ശ്രമിക്കേണ്ടതാണ്.

## *ഉപഭോക്തൃ സഹകരണസംഘങ്ങൾ*

**1. കാർത്തികപ്പള്ളി കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സൊസൈറ്റി (പട്ടിക 4)**

**പട്ടിക 4 (തുക ആയിരത്തിൽ)**

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തന പരിധി | പ്രവർത്തനം ആരംഭിച്ച വർഷം | വ്യക്തി അംഗത്വം | ഓഹരി വില | ഓഹരി മൂലധനം | സർക്കാർ ഓഹരി മൂലധനം | വാർഷിക വിറ്റു വരവ് | ലാഭം നഷ്ടം | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | സ്ഥിരം | മറ്റുള്ളവർ |
| 1 | കാർത്തികപ്പള്ളി കോ.ഓപ്പറേറ്റീവ് കൺസ്യൂമർ സൊസൈറ്റി | കാർത്തികപ്പള്ളി വില്ലേജ് | 1993 | 292 | 1 | 29 | | | | 1 | 1 |

കാർത്തികപ്പള്ളി വില്ലേജ് പ്രവർത്തന പരിധി ആയിട്ടുള്ള കാർത്തികപ്പള്ളി കൺസ്യൂമർ സൊസൈറ്റി 1993 ലാണ് പ്രവർത്തനം ആരംഭിച്ചത്. 292 അംഗങ്ങളുണ്ട്. മൊത്ത വ്യാപാരികളിൽനിന്ന് പല വ്യഞ്ജനങ്ങൾ ശേഖരിച്ച് ന്യായ വിലക്ക് ഉപഭോക്താക്കൾക്ക് എത്തിക്കലാണ് പ്രവർത്തന രീതി. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ഒരേയൊരു ഉപഭോക്തൃ സഹകരണ സംഘമാണിത്. കാർത്തികപ്പള്ളി വില്ലേജിലെ പ്രധാന കേന്ദ്രങ്ങളിൽ ശാഖകളാരംഭിച്ച് ഇതിൻെറ പ്രവർത്തനം വിപുലപ്പെടുത്തി വില്ലേജിലെ മുഴുവൻ ഉപഭോക്താക്കൾക്കും പ്രയോജനകരമായ രീതിയിൽ ഈ സംഘം പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

## *കയർ വ്യവസായ സഹകരണ സംഘങ്ങൾ*

### *1. കുന്നുമ്മക്കര കയർ വ്യവസായ സഹകരണസംഘം*

കുന്നുമ്മക്കര കേന്ദ്രമായി രൂപം കൊണ്ട കുന്നുമ്മക്കര കയർ സൊസൈറ്റി അതിൻെറ ആരംഭദിനങ്ങളിൽഒരു വിധം പ്രവർത്തനങ്ങൾ നടത്തിയിരുന്നെങ്കിലും ഇന്ന് പൂർണ്ണമായും പ്രവർത്തനരഹിതമാണ്. ഉല്പാദനം തീരെ നടക്കുന്നില്ല. പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തത ഉണ്ടെങ്കിലും മാനേജ്മെൻറിൻെറ കെടുകാര്യസ്ഥതയും കൂടിയാണ് സംഘത്തെ ഇന്നത്തെ ദുരവസ്ഥയിൽ എത്തിച്ചത്. ഭരണസമിതിയും ഉദ്യോഗസ്ഥന്മാരും അർപ്പണ ബോധത്തോടെ പ്രവർത്തിക്കുകയാണെങ്കിൽ ഈ സംഘത്തെ രക്ഷിക്കാൻ കഴിയും. 15 സെൻറ് സ്ഥലം ഈ സംഘത്തിന് സ്വന്തമായുണ്ട്. വാടകക്കെട്ടിടത്തിലാണ് ആപ്പീസ് പ്രവർത്തിക്കുന്നത്. പ്രവർത്തനം കാര്യക്ഷമമാക്കിയാൽ ചുരുങ്ങിയത് 150 പേർക്കെങ്കിലും തൊഴിൽ നൽകാൻ കഴിയും. അസംസ്കൃത വസ്തുവായ തൊണ്ട് പഞ്ചായത്തിൽ തുച്ഛമായ വിലക്ക് ലഭ്യമാണ്. മടൽ പൂഴ്ത്താൻ ആവശ്യമായ സ്ഥലം പുഴയോരത്ത് ലീസിനം കിട്ടാൻ സാദ്ധ്യതയുണ്ട്. അതുവഴി കയർ ഉല്പന്നങ്ങളും മറ്റും ഉല്പാദിപ്പിക്കാൻ കഴിയുന്നതാണ്.

## 2. കാർത്തികപ്പള്ളി പ്രിയദർശിനി യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണസംഘം

1993 ൽ ഏറാമല പഞ്ചായത്ത് പ്രവർത്തന പരിധിയായി പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണിത്. തുടക്കത്തിൽ കയർ വ്യവസായവുമായി ബന്ധപ്പെട്ട 53 അംഗങ്ങളും 10 അനുഭാവി അംഗങ്ങളും 1000 രൂപ വീതം ഷെയർ സംഖ്യ ശേഖരിച്ചു 63000 ക. ഓഹരി മൂലധനവും 46500 രൂപ സർക്കാർ ഓഹരി മൂലധനവും പ്രവർത്തനമൂലധനമായിട്ട് ഉണ്ട്. സ്വന്തമായി കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. മൊത്തം 20 ലക്ഷം രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇപ്പോൾ ഓഫീസ് പ്രവർത്തിക്കുന്നത് ഓർക്കാട്ടേരിയിലുള്ള ഒരു വാടകക്കെട്ടിടത്തിലാണ്. വൈദ്യുതി കണക്ഷൻ ലഭിച്ചു കഴിഞ്ഞാൽ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നതാണ് അവസ്ഥ.

## കോഴിക്കോട് ജില്ലാസഹകരണ ബേങ്ക് ശാഖ

ഓർക്കാട്ടേരിയിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖ പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ പ്രയോജനം നമ്മുടെ പഞ്ചായത്തിലാകെ ലഭിക്കുന്നു. ഈ സ്ഥാപനം ഭവന നിർമ്മാണ വായ്പ, കച്ചവടാവശ്യത്തിനുള്ള വായ്പ വാഹനം വാങ്ങാനും സ്വയം തൊഴിൽ ആരംഭിക്കാനുമുള്ള വായ്പകൾ എന്നിവ നല്കുന്നുണ്ട് ലാഭകരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്.

## സാദ്ധ്യതകൾ

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കോഴി കൃഷി സഹകരണസംഘം ആരംഭിക്കുക . കോഴി വളർത്തലിൽ താല്പര്യമുള്ള മുഴുവൻ പേരെയും ഇതിൽ അംഗങ്ങളാക്കി കൊണ്ട് അംഗങ്ങൾക്ക് നല്ലയിനംകോഴി കുഞ്ഞുങ്ങളെ സംഘത്തിൻെറ നേതൃത്വത്തിൽ വിതരണം ചെയ്യുകയും അവരിൽ നിന്ന് ശേഖരിക്കുന്ന മുട്ട വിപണനം നടത്തുകയും ചെയ്യുക . ഇറച്ചിക്കോഴി വളർത്തുകേന്ദ്രം ഈ സംഘത്തിൻെറ നേതൃത്വത്തിൽ തന്നെ നടത്തുകയോ വീടുകളിൽ കുഞ്ഞുങ്ങളെ വിതരണം നടത്തി അവരിൽ നിന്ന് ശേഖരിക്കുന്ന കോഴികളെ സംഘത്തിൻെറ നേതൃത്വത്തിൽ വിപണനം നടത്തുകയോ ചെയ്യാം. ഇതിനോടനുബന്ധമായി ഒരു കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നത് ഗുണകരമായിരിക്കും .
2. സഹകരണ മേഖലയിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ക്ഷീര വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക. ക്ഷീരകർഷകർക്ക് നല്ലയിനം പശുക്കളെ വിതരണം ചെയ്യുക. അവരുല്പാദിപ്പിക്കുന്ന പാൽ ശേഖരിച്ച് വിപണനം ചെയ്യുക എന്നീ പ്രവർത്തനങ്ങളിലൂടെ ക്ഷീര വ്യവസായം പ്രോത്സാഹിപ്പിക്കാൻ കഴിയും. അത് പോലെത്തന്നെ നവീന രീതിയിലുള്ള ക്ഷീരോല്പന്ന നിർമ്മാണം നടത്തുകയും ചെയ്യാം.
3. വില്ലേജടിസ്ഥാനത്തിൽ കയർ വ്യവസായ സഹകരണ സംഘങ്ങൾ എന്ന നിലയിൽ ഏറാമല വില്ലേജിൽ ഒരു സഹകരണസംഘം ആരംഭിക്കേണ്ടതാണ്. കുന്നുമ്മക്കരയിലും കാർത്തികപ്പള്ളിയിലും പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്. ഇവ ഓരോന്നും വ്യത്യസ്ഥ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ഇത്‌വഴി ഗ്രാമീണ മേഖലയിൽ ധാരാളം തൊഴിൽ സാദ്ധ്യത ഉണ്ടാകുന്നതാണ്.
4. തേങ്ങ സംസ്കരിച്ച് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘങ്ങൾ ആരംഭിക്കാവുന്നതാണ്.
5. റെഡിമെയ്ഡ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണസംഘങ്ങൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ ആരംഭിക്കുന്നതിലൂടെ സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിക്കുന്നതാണ്.
6. മുല്ല പ്പൂ കൃഷിയിൽ താല്പര്യമുള്ളവരെ അംഗങ്ങളാക്കി കൊണ്ട് ഒരു സഹകരണ സംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീക

രിച്ച് അംഗങ്ങൾക്ക് കുറ്റിമുല്ല തൈകൾ വിതരണം ചെയ്യുകയുംപൂ ശേകരിച്ച് കേടുക്കൂടാതെ സൂക്ഷിക്കാനും വിതരണം ചെയ്യാനും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാവുന്നതാണ്.

7. ഫുഡ് പ്രൊഡഷൻ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ച് മസാല പൊടികൾ, അച്ചാർ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയും.

8. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ബുക്ക് ബൈൻഡിംഗ് സഹകരണസംഘം പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലെയും വിദ്ധ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കുക. സ്കൂളുകൾ കേന്ദ്രീകരിച്ച് ഇതിൻെറ പ്രവർത്തനം നടത്താവുന്നതാണ്. സ്കൂൾ കോ-ഓപ്പറേറ്റീവ് സോസൈറ്റികളുടെ ഒരു കേന്ദ്രീകരണ സംഘം പഞ്ചായത്തടിസ്ഥാനത്തിൽ കേന്ദ്രീകരിച്ച് രൂപീകരിക്കുകയും ആ സംഘത്തിൻെറ നേതൃത്വത്തിൽഓരോ സ്കൂളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നതും സ്വയം സന്നദ്ധരുമായ ഓരോ അദ്ധ്യാപകനും ഏതാനും വിദ്യാർത്ഥികൾക്കും ബുക്ക് ബൈൻഡിംഗിൽ പരിശീലനം കൊടുത്തുകൊണ്ട് പ്രവർത്തനം നടത്താവുന്നതാണ്. ആവശ്യമായ അസംസ്കൃത വസ്തുക്കളും കട്ടിംഗ് മെഷീൻെറ ഉപയോഗ്യ സാദ്ധ്യതയും സംഘം ലഭ്യമാക്കേണ്ടതുമാണ്.

9. പഞ്ചായത്തടിസ്ഥാനത്തിൽ പച്ചക്കറി കർഷകരുടെ ഒരു സഹകരണസംഘം ഉണ്ടാക്കുകയും കൃഷിക്കാർ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിപണനം നടത്തുകയും ആവാം. ഇതോടൊപ്പം മറ്റുകാർഷിക വിഭവങ്ങളും ശേഖരിച്ച് വിപണനം നടത്താവുന്നതാണ്. പച്ചക്കറികൾ കേടുക്കൂടാതെ സൂക്ഷിക്കാനുള്ള സംവിധാനവും സംഘത്തിൻെറ നേതൃത്വത്തിൽ ഏർപ്പെടുത്താം. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാവുകയും ചെയ്യും.

10. സഹകരണാടിസ്ഥാനത്തിൽ സംഘങ്ങൾ രൂപീകരിച്ച് ചെരിപ്പ്, ലതർബാഗ്, കുട, മെഴുകുതിരി, പപ്പടം എന്നിവയുടെ നിർമ്മാണം സാധിക്കാവുന്നതാണ്. ഇത്തരം സംഘങ്ങൾ ജില്ലാ പഞ്ചായത്തിൻെറ നെതൃത്വത്തിൽ താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത് കൂടുതൽ ഗുണകരമായിരിക്കും.

11. സഹകരണ പാരലൽ കോളേജുകൾ തുടങ്ങാവുന്നതാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റുസംഘങ്ങളുടെ നടത്തിപ്പും അനുഭവങ്ങളും പഠനവിധെയമാക്കാവുന്നതാണ്.

12. കുട്ട, മുറം, പായ എന്നീ വസ്തുക്കളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളേ അംഗങ്ങളാക്കിക്കൊണ്ട് സഹകരണസംഘങ്ങൾ രൂപീകരിച്ചാൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്ന അസംസ്കൃതവസ്തുക്കളുടെ ദൗർല്ലഭ്യവും വിപണനപ്രയാസങ്ങളും പരിഹരിക്കാവുന്നതാണ്.

13. കേരകർഷകരുടെ ഒരു സഹകരണസംഘം രൂപീകരിച്ചുകൊണ്ട് കേരോല്പന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. അതുപോലെതന്നെ തേങ്ങ സംസ്കരിച്ച് വിവിധ ഉല്പന്നങ്ങൾ, പാനീയങ്ങൾ എന്നിവയും ഉല്പാദിപ്പിക്കാവുന്നതാണ്.

14. കാർഷിക സഹകരണസംഘങ്ങളിലൂടെ മരച്ചീനി ഉപയോഗിച്ച് കാലിത്തീറ്റ, ബേക്കറി ഉല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനവും സാധിക്കാവുന്നതാണ്.


15. ചെമ്മീൻ കൃഷിക്ക് സാധ്യതയുള്ള പ്രദേശങ്ങൾ ചെമ്മീൻ കർഷകരുടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കികൊണ്ട് മത്സ്യകൃഷി ലാഭകരമായി നടത്താവുന്നതാണ്.


16. സഹകരണമേഖലയിൽ ഒരു കൊപ്രഡ്രയർ യൂനിറ്റ് സ്ഥാപിക്കാവുന്നതാണ്.

17. മൺപാത്രവ്യവസായവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നതൊഴിലാളികളുടെ ഒരു സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

## മറ്റു നിർദ്ദേശങ്ങൾ

1. സഹകരണസംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് മാനേജ്മെൻറ് വിദ്യാഭ്യാസം അവശ്യം നൽകേണ്ടതാണ്. സാമൂഹിക പ്രതിബദ്ധതയും അർപ്പണബോധവും ഉള്ള പ്രവർത്തകർ സഹകരണ പ്രസ്ഥാനത്തിൻെറ വളർച്ചയുടെ ആധാരശിലയാണ്.
2. കേരളത്തിൽ ഇന്ന് സഹകരണരംഗത്തുള്ള ത്രീടയർ സിസ്റ്റം ഒഴിവാക്കപ്പെടേണ്ടതാണ്. നബാർഡിൽ നിന്നും പ്രൈമറിസഹകരണ സംഘത്തിന് ലഭിക്കുന്ന തുക സംസ്ഥാന സഹകരണ ബാങ്കിലൂടെയും ജില്ലാ സഹകരണ ബാങ്കിലെയും കൈമാറി വരുമ്പോൾ ഉണ്ടാകുന്ന പലിശ വർദ്ധനവിൻെറ ഭാരം സഹിക്കേണ്ടത് സംഘങ്ങളിലെ ഉപഭോക്താവായ കർഷകരാണ്. അതുകൊണ്ട് പല കൈകൾ മാറി ഓരോഘട്ടത്തിലും പലിശ വർദ്ധിക്കുന്ന അവസ്ഥ ഒഴിവാക്കപ്പെടേണ്ടതാണ്.
3. വായ്പാസംഘങ്ങളിൽ നിന്ന് കടമെടുക്കുന്ന സംഖ്യയുടെ നിശ്ചിതശതമാനം ഷെയർ സംഖ്യായി സംഘം പിടിക്കുന്ന വ്യവസ്ഥ നിലവിലുണ്ട്. കർഷകർ മുഴുവൻ സംഖ്യക്കും പലിശ കൊടുക്കുകയും വേണം. കർഷകൻെറ ഷെയർ സംഖ്യക്ക് ഡിവിഡൻറ് എന്ന പേരിൽ നാമമാത്രമായ സംഖ്യ മാത്രമെ സംഘം കൊടുക്കുകയുള്ളു. ലോൺഅടച്ചു കഴിഞ്ഞാലും ഷേയർ സംഖ്യ തിരിച്ചുകൊടുക്കുകയില്ല. മെമ്പർഷിപ്പ് ഇല്ലാതാകുന്ന കാലം വരെ ഈസംഖ്യ സംഘത്തിൽ നിക്ഷിപ്തമായിരിക്കും. ഡിവിഡൻറ് എന്ന പേരിൽ വളരെ തുച്ഛമായ സംഖ്യയാണ് ഇക്കാലമത്രയും കർഷകന് ലഭിക്കുക. അതുകൊണ്ട് ലോൺ അടച്ചു കഴിയുമ്പോൾ ഷെയർസംഖ്യയും തിരിച്ചുകൊടുത്തുകൊണ്ടോ അല്ലെങ്കിൽ പ്രസ്തുത സംഖ്യക്ക് ഫിക്സഡ് ഡിപ്പോസിറ്റിനുള്ള പലിശ നിരക്ക് നൽകികൊണ്ടോ കർഷകരെ ഈ ചൂഷണത്തിൽ നിന്ന് രക്ഷിക്കാൻ ആവശ്യമായ നിയമനിർമ്മാണങ്ങൾ ഉണ്ടാകേണ്ടതാണ്.





## 7.12

# വിഭവസമാഹരണം

ബഹുമുഖങ്ങളായ ആവശ്യങ്ങളെ സഫലീകരിക്കുന്നതിന് വളരെ പരിമിതമായ വിഭവങ്ങളാണ് നമുക്കുള്ളത്. പരിമിതമായയ വിഭവങ്ങളെ മുൻഗണനാക്രമം നൽകി ആസൂത്രണ പ്രക്രിയക്ക് പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. മനുഷ്യവിഭവത്തെയും പ്രകൃതിവിഭവങ്ങളെയും ഫലപ്രദമായും ശാസ്ത്രീയമായും വിനിയോഗിച്ച് ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയക്ക് തുടക്കം കുറിക്കുകയാമ് നാമിപ്പോൾ ചെയ്യുന്നത്.

ഫസ്റ്റ്ഗ്രേഡ് പഞ്ചായത്തായ ഏറാമല പഞ്ചായത്തിൻെറ പ്രധാനവരുമാനമാർഗ്ഗം വ്യത്യസ്തങ്ങളായ നികുതികളാണ്. നികുതിയിനങ്ങളിൽ പ്രധാനമായിട്ടുള്ളത് കെട്ടിടനികുതിയാണ്.ആകെ വരുമാനത്തിൻെറ 20.53% കെട്ടിടനികുതിയിൽ നിന്നാണ് ലഭിക്കുന്നത്. കെട്ടിട നികുതി കഴിഞ്ഞാൽ പ്രധാനമായിട്ടുള്ളത് വസ്തു കൈമാറ്റനികുതിയാണ്. ആകെ വരുമാനത്തിൻെറ 14.65% ഈ നികുതിയിലൂടെ പഞ്ചായത്തിന് ലഭിക്കുന്നു. തൊഴിൽ നികുതി, വിനോദനികുതി, ലൈസൻസ് ഫീസ്, ഡിപ്പോസിറ്റുകൾ എന്നിവയാണ് പഞ്ചായത്തിൻെറ മറ്റുവരുമാനമാർഗ്ഗങ്ങൾ.

ഇതു സംബന്ധിച്ച വിവരങ്ങൾ താഴെപട്ടികയിൽ ചേർക്കുന്നു.

വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96 I

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 359952 | 339463 | 20489 |
| തൊഴിൽനികുതി | 157810 | 148839 | 8971 |
| വിനോദനികുതി | 32530 | 32530 | - |
| വാഹനനികുതി | - | - | - |
| അഡീ.വിനോദനികുതി | 19527 | 19527 | - |
| പ്രദർശനനികുതി | | | |
| സർചാർജ്ജ് | 543 | 543 | - |
| ചന്തവരവ് | 150 | 150 | - |
| ലൈസൻസ്ഫീസ് | 18899 | 17205 | 1694 |
| വസ്തുകൈമാറ്റനികുതി | 241281 | 241281 | - |
| സർക്കാർ ഗ്രാൻറും മറ്റും | 122350 | 122350 | - |
| ഒഴികെയുള്ള ഡിപ്പോസിറ്റ് | 129927 | 129927 | - |
| മറ്റുള്ളവ | 599153 | 599153 | |
| ആകെ | 1684254 | 1653100 | 31154 |

മേൽചേർത്തപട്ടികയിൽ കാണിച്ചിട്ടുള്ള തനത് വരുമാനം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുകയാണ് ഇനിയും തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ കഴിയും.

1992-93, 1993-94, 1994-95 വർഷങ്ങളിലെ പ്രധാന വരുമാനമാർഗ്ഗങ്ങളെ പട്ടികപ്പെടുത്തിയിരിക്കുന്നു.

ഏറാമല പഞ്ചായത്തിലെ വരവ് സംബന്ധിച്ച വിവരങ്ങൾ പട്ടികII

| ഇനം | 1992-93 | | 1993-94 | | 1994-95 | |
|---|---|---|---|---|---|---|
| | ധനാഭ്യർത്ഥന | പിരിച്ചത് | ധനാഭ്യർത്ഥന | പിരിച്ചത് | ധനാഭ്യർത്ഥന | പിരിച്ചത് |
| കെട്ടിട നികുതി | 29492610 | 91393.25 | 294926.10 | 241531.27 | 313295.90 | 305675.33 |
| തൊഴിൽനികുതി | 104225 | 92995 | 132342 | 113352 | 138185 | 116364 |
| വിനോദനികുതി | 33966 | 33966 | 421925 | 421925 | 38493.03 | 38493.03 |
| അഡീ.വിനോദനികുതി | 20380.63 | 20380.63 | 25408.50 | 25408.50 | 2285160 | 2285160 |
| പ്രദർശനനികുതി | 1019 | 1019 | 2258 | 2258 | 1789 | 1789 |
| പ്രദർശനചാർജ്ജ് | 254.25 | 254.25 | 564.50 | 564.50 | 358.75 | 358.75 |
| ചന്തവരവ് | 150 | 150 | 91 | 91 | 150 | 150 |
| ലൈസൻസ് ഫീസ് | 16554 | 15909 | 22416 | 19352 | 23106 | 21747 |
| വസ്തുകൈമാറ്റ നികുതി | - | - | 26141 | 26141 | 309294 | 309294 |
| ഡിപ്പോസിറ്റ് | 45371.20 | 45371.20 | 67945.90 | 67945.50 | 58561.72 | 58561.72 |

മേൽചേർത്ത പട്ടിക Iഉം IIഉം പരിശോധിച്ചാൽ കെട്ടിടനികുതി, തൊഴിൽ നികുതി പ്രദർശന നികുതി, വസ്തുകൈമാറ്റനികുതി എന്നിവ പൊതുവെ വർദ്ധിച്ചു വരുന്നതായി കാണാം.

കെട്ടിടനികുതി:-1992-93 വർഷത്തിൽ ഈ ഇനത്തിൽ 91393.25 രൂപയാണ് വരവ് വന്നത്. 1993-94 വർഷമാവുമ്പോഴേക്കും 241531.27 രൂപയായി നികുതി വർദ്ധിച്ചിട്ടുണ്ട്. ഈ വർഷത്തിലാണ് നികുതി പുനർനിർണ്ണയം നടത്തിയിട്ടുള്ളത്. 1994-95 വർഷത്തിൽ കെട്ടിടനികുതി 305675. 33 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ വർഷം 26.5% നികുതി വർദ്ധിച്ചതായി കാണാം. 1995-96 വർഷം ആകുമ്പോഴേക്കും 305675 രൂപയിൽ നിന്ന് 339463 രൂപയായി കെട്ടിടനികുതി വർദ്ധിക്കുന്നുണ്ട്. അതായത് വർദ്ധനവ് 10.2% 1992 മുതൽ ക്രമമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും വർദ്ധനവിൻെറതോത് കുറയുന്നതായി കാണുന്നു. സാധ്യതക്കനുസരിച്ച് നികുതി വരുമാനം ഉണ്ടാകുന്നില്ല. കെട്ടിടനികുതി ശാസ്ത്രീയമായും കാര്യക്ഷമവുമായി നിർണ്ണയം ചെയ്യേണ്ടതുണ്ട്.

തൊഴിൽ നികുതി:-തൊഴിൽ നികുതി ക്രമമായി വർദ്ധിച്ചു വരുന്നതായി കാണുന്നു. 1992-93ൽ ഈ ഇനത്തിൽ 104225 രൂപയാണ് വരവെങ്കിൽ 1995-96 വർഷത്തിൽ അത് 148839 ആയി ഉയർന്നിട്ടുണ്ട്. പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും എയിഡഡ് സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നുള്ളു. തൊഴിലെടുക്കുന്ന എല്ലാവരിൽ നിന്നും നികുതി പിരിച്ചെടുക്കേണ്ടതാണ്.

## വിനോദനികുതി:-

വിനോദനികുതിയിൽ നിന്നുള്ള വരുമാനം കുറഞ്ഞുകൊണ്ടിരിക്കുന്നതായി കാണം. 1992-93 വർഷത്തിൽ 33966 രൂപയാണ് വരുമാനം വന്നതെങ്കിൽ 1995-96 വർഷത്തിൽ അത് 32530 രൂപയായി കുറയുകയാണ് ചെയ്തത്. 993-94 വർഷത്തിൽ മാത്രമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ഇത് ഗൗരവമായ പരിശോധനക്ക് വിധെയമാക്കേണ്ടതാണ്.

## പ്രദർശനനികുതി:-

പ്രദർശനനികുതി പൊതുവെ വർദ്ധിക്കുന്നതായി കാണാം. 19 92-93 വർഷത്തിൽ 1019 രൂപയാണ് പ്രദർശന നികുതിയിനത്തിൽ വരവുവന്നത്. 93-94 വർഷം ആകുമ്പോഴേക്കും 2258 രൂപയായി ഉയർന്നിട്ടുണ്ട്. എന്നാൽ 1994-95 വർഷം അത് 1789 ആയി കുറഞ്ഞു. 1995-96 വർഷത്തിൽ 2132 ആയി വീണ്ടും ഉയർന്നിട്ടുണ്ട്. ഇത്തരത്തിൽ പ്രദർശന നികുതിയിൽ ഉയർച്ചയും താഴ്ചയും അനുഭവപ്പെടുന്നത് പരിശോധിക്കാം.

## ലൈസൻസ്ഫീസ്

ലൈസൻസ് ഫീസിനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും 1995-96 വർഷം എത്തുമ്പോഴേക്കും കുറവ് വന്നിട്ടുണ്ട്.

## വസ്തുകൈമാറ്റ നികുതി:-

1994-95 വർഷത്തിൽ ലഭിച്ച വരുമാനം 1995-96 വർഷത്തിൽ ലഭിച്ചിട്ടില്ല. വസ്തുകൈമാറ്റ നികുതി പൂർണ്ണമായി ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. ഭൂമി കൈമാറ്റ സമയത്ത് ഭൂമിയുടെ വില സംബന്ധിച്ച് പഞ്ചായത്തിൻെറ സർട്ടിഫിക്കറ്റടിസ്ഥാനത്തിൽ വില നിർണ്ണയിച്ചുകൊണ്ട് ഈ ഇനത്തിലുള്ള വരവ് വർദ്ധിപ്പിക്കാൻ കഴിയും.

പഞ്ചായത്തിൻെറ വരുമാനത്തെ പൊതുവെ വിലയിരുത്തിയാൽ നികുതിയിലും നികുതിയേതര വരുമാനത്തിലും സാധ്യതക്കനുസരിച്ച് വർദ്ധനവ് ഉണ്ടായിട്ടില്ലെന്നു കാണാം. കാലോചിതവും കാര്യക്ഷമവുമായ രീതിയിൽ നികുതിയും നികുതിയേതര വരുമാനവും ഉണ്ടാക്കിയെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## ചെലവ്:-

പഞ്ചായത്തിൻെറ ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു. ആദ്യത്തെ പട്ടികയിൽ 1995-96 വർഷത്തെ ചെലവും അതിനുശേഷമുള്ള പട്ടികയിൽ 1992 മുതൽ 95 വരെയുള്ള പട്ടികയും കൊടുക്കുന്നു.

1995-96-ചെലവ് സംബന്ധിച്ച പട്ടിക III

| ഇനം | തുക രൂ |
|---|---|
| ഭരണം | 462456 |
| പൊതുമരാമത്ത് | 735949 " |
| വിദ്യാഭ്യാസം | 45890 " |
| ജലവിതരണം ഓടകൾ പൊതുജനാരോഗ്യം | 40445 " |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 40481 " |
| മറ്റുള്ളവ | 342388 " |
| ആകെ | 1667649 " |

ഭരണം, പൊതുമരാമത്ത്, വിദ്യാഭ്യാസം, ജലവിതരണം, ആരോഗ്യം, തെരുവ് വിളക്ക് കത്തിക്കൽ മുതലായവയാണ് പ്രധാനചെലവിനങ്ങൾ. മേൽക്കാണിച്ച പട്ടികയിൽ വരുമാനത്തിൻെറ 27.7% ഭരണത്തിന് ചെലവഴിച്ചതായും 44.1% പൊതുമരാമത്തിനും 2.4% പൊതുജനാരോഗ്യം ജലവിതരണം ഓടകൾ നന്നാക്കൽ എന്നിവക്കും ചെലവഴിച്ചതായി കാണാം.

ഏറാമല പഞ്ചായത്ത്ചെലവ് സംബന്ധിച്ച

വിവരങ്ങൾ IV

| ഇനം | 1992-93 | 1993-94 | 1994-95 |
|---|---|---|---|
| ഭരണം | 282901.90 | 267814.60 | 429330.36 |
| പൊതുമരാമത്ത് | 181050 | 185691 | 84294 |
| വിദ്യാഭ്യാസം | 24251.45 | 20964.50 | 32206.71 |
| ജലവിതരണം<br>ഓടകൾ<br>പൊതുജനാരോഗ്യം | 58300.35 | 58733 | 2134 |
| തെരുവുവിളക്കു | | | |
| കത്തിക്കുന്നത് | 26652 | 28042 | 18582 |
| മറ്റുള്ളവ | 554874.20 | 572373.30 | 750641.90 |
| ആകെ | 118029.80 | 133618.40 | 1317358.91 |

പൊതുമരാമത്ത് പണികൾ അധികവും കരാർ അടിസ്ഥാനത്തിലാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ജനകീയ കമ്മിറ്റി രൂപീകരിച്ചും ചില ജോലികൾ നിർവ്വഹിച്ചിട്ടുണ്ട്.

പ്രത്യക്ഷ ഉല്പാദനരംഗത്ത് പഞ്ചായത്ത് കാര്യമായ പ്രവർത്തനങ്ങളൊന്നും സംഘടിപ്പിച്ചിട്ടില്ല.

പഞ്ചായത്തിന് ഇപ്പോൾ കാര്യമായ കടങ്ങളൊന്നും തന്നെയില്ല. അതുകൊണ്ട് തന്നെ സമ്പത്ത് ഉല്പാദനാവശ്യത്തിന് പഞ്ചായത്തിന് കടം എടുക്കാൻ കഴിയും (ഇതിനാവശ്യമായ നിയമഭേദഗതിവരുമെന്നു പ്രതീക്ഷിക്കുന്നു).

പഞ്ചായത്തിന് അൺടൈഡ് JRY ഫണ്ടുകൾ ലഭിക്കാറുണ്ട്.

1995-96 വർഷത്തിൽ JRY ഫണ്ട് ഉപയോഗിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക V

| പണിയുടെ പേര് | തുക |
|---|---|
| 1)പഞ്ചായത്ത് ലൈബ്രറി കെട്ടിടനിർമ്മാണം | 253000 രൂ |
| 2)എടവന അമ്പലം കൽവർട്ടും കരിങ്കല്ല് കൊണ്ട് റോഡരികെ കെട്ടലും | 33440 രൂ |
| 3.പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീടുപണിയിൽ | 184400 രൂ |
| ആകെ | 470840 രൂപ |

പഞ്ചായത്തിന് ഇതു വരെയുണ്ടായിരുന്ന ധനകാര്യാവകാശങ്ങൾ വളരെ പരിമിതമായിരുന്നു. സംസ്ഥാന ഫിനാൻസ് കമ്മീഷൻെറയും അതിനെ തുടർന്ന് കേരള സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളേയും ശുഭപ്രതീക്ഷകളോടെയാണ് നോക്കികാണുന്നത്. നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിപുലമായ അധികാരങ്ങൾ കൈകാര്യംചെയ്യാൻ കഴിയുന്ന സ്ഥാപനമാക്കി പഞ്ചായത്തിനെ മാറ്റിയെടുക്കാൻ കഴിഞ്ഞാൽ ജനജീവിതത്തിൽ വമ്പിച്ച മാറ്റം ഉണ്ടാക്കിയെടുക്കാൻ കഴിയും.

## *ധനകാര്യസ്ഥാപനങ്ങൾ*

പഞ്ചായത്തിൽ കനറാബാങ്കിൻെറയും ജില്ലാ സഹകരണബാങ്കിൻെറ ഓരോ ശാഖയും രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളും ഒരു എംപ്ലോയീസ് ആൻറ് പെൻഷനേഴ്സ് സഹകരണ സൊസൈറ്റിയും മറ്റു സ്വകാര്യസ്ഥാപനങ്ങളുമാണ്

ധനകാര്യസ്ഥാപനങ്ങളായിട്ടുള്ളത്. എന്നാൽ പഞ്ചായത്തിലെ ആളുകൾ അവരുടെ ധനകാര്യാവശ്യങ്ങൾക്കായി പഞ്ചായത്തിനു പുറത്തുള്ള ഇന്ത്യൻ ബാങ്കിൻെറ വടകര ശാഖ, സെൻട്രൽ ബാങ്കിൻെറ ചോമ്പാൽ ശാഖ, വടകര കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് കാർഷിക വികസനബാങ്ക് കക്കട്ടിൽ, കോ-ഓപ്പറേറ്റീവ ബാങ്ക് പുറമേരി, ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെയും ആശ്രയിക്കുന്നു.

കാർഷിക വ്യാവസായി മേഖലകളുടെ പുരോഗതിക്ക് മേൽ വിവരിച്ച ധനകാര്യസ്ഥാപനങ്ങളുടെ സഹായം തുച്ഛമാണ്.ഏറാമല പഞ്ചായത്തിൽ ഓർക്കാട്ടേരി പ്രവർത്തിക്കുന്ന കനറാ ബാങ്ക് ശാഖയെ പഞ്ചായത്തിലെ വലിയ വിഭാഗം ആളുകൾ ആശ്രയിക്കുന്നുണ്ടെങ്കിലും ജനകീയാഭിലാഷങ്ങൾക്കൊത്ത് ബാങ്ക് ഇനിയും ഉയർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കനറാബാങ്കിൽ കൃഷി, സ്വർണ്ണവായ്പ, ബിസിനസ്, വ്യവസായം, വിദ്യാഭാസം, വാഹനങ്ങൾ വാങ്ങുന്നതിന്, ചെറുകിട കച്ചവടക്കാർക്കുള്ള ലോൺ, കുറഞ്ഞ പലിശനിരക്കിൽ ചെറിയ വരുമാനക്കാർക്കുള്ള വായ്പ(DIR)(4.25% പലിശ) പശു, ആടുവളർത്തൽ, നിക്ഷേപത്തിൽമേലുള്ള വായ്പകൾ, കൂടാതെ ഗവൺമെൻെറ് പദ്ധതി പ്രകാരമുള്ള IRDP ,PMRY,RAP എന്നീ വായ്പകൾ അനുവദിക്കുന്നുണ്ടെങ്കിലും വായ്പയുടെ സിംഹഭാഗവും കാർഷികവായ്വയിൽപ്പെടുത്തി സ്വർണ്ണപ്പണ്ടത്തിന്മേൽ കൊടുക്കുന്ന വായ്പയായി പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്. ദേശസാൽകൃത ബാങ്കുടെ നിക്ഷേപ വായ്പ തോത് കേരളത്തിൽ 40%മാണ്. ഈ നാല്പത് ശതമാനം തന്നെ തുച്ഛമാണെന്നാണ് ആസൂത്രണബോർഡ് വിലയിരുത്തിയിരിക്കുന്നത്. എന്നാൽ കനറാ ബാങ്കിൻെറ ഓർക്കാട്ടേരി ശാഖ നിക്ഷേപ വായ്പ തോത്കേവലം 13%ത്തിൽ ഒതുക്കിയിരിക്കുകയാണ്. മറ്റു ദേശസാൽകൃതബാങ്കുകളായ ചോമ്പാല സെൻട്രൽ ബേങ്ക് ഇന്ത്യൻ ബാങ്കിൻെറ പുതിയ ശാഖ എന്നിവയും ഇതിൽ നിന്നും വ്യത്യസ്ഥമല്ല. ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായപ കൊടുക്കാൻ ബാങ്കുകൾ ബാധ്യസ്ഥരാക്കുന്ന നിയമം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ പ്രധാന കേന്ദ്രമായി ഓർക്കാട്ടേരിയിൽ അഞ്ച് അംഗീകൃത സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇതിനു പുറമെ നിരവധി പണമിടപാട് കേന്ദ്രങ്ങളുണ്ട്. ഈ സ്ഥാപനങ്ങൾ, ഭീമമായ പലിശ ഈടാക്കി സാധാരണക്കാരനെ കൊള്ളയടിക്കുകയാണ് ചെയ്യുന്നത്. ബ്ലേഡ് കമ്പനികൾ എന്ന പേരിലറിയപ്പെടുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് പണം പലിശക്ക് വാങ്ങിയവർ കടക്കെണിയിൽ കുടുങ്ങി അധഃപതിക്കുന്ന ദുരവസ്ഥ നിലനില്ക്കുന്നു. ഇത്തരം അംഗീകൃത സ്ഥാപനങ്ങളുടെ മേൽ ഭീമമായ നികുതി ചുമത്തി വിഭവസമാഹരണം നടത്തേണ്ടതാണ്.

പരസ്പര വിശ്വാസത്തിൻെറയും വക്തിബന്ധങ്ങളുടെയും പിൻബലത്താൽ നടത്തപെടുന്ന കുറി, പയറ്റ്, ഫണ്ട് തുടങ്ങിയ പരസ്പരസഹായ പ്രവർത്തനങ്ങൾ പാരമ്പര്യമായി നടത്തപ്പെടുന്നു.

ഫലഭൂയിഷ്ടമായ മണ്ണിനാൽ അനുഗ്രഹീതമാണ് നമ്മുടെ പ്രദേശം. തെങ്ങും, നെല്ലും, കുരുമുളകും മറ്റ് ഇടവിളകളും സമൃദ്ധമായി വളരുന്നതിന് അനുയോഗ്യമായ മണ്ണ് നമ്മുടെ പ്രഥമ ഗണനീയമായ വിഭവമാണ്. പുഴകളും തോടുകളും 300ഓളം കുളങ്ങളും മറ്റു ചലസംഭരണികളും പഞ്ചായത്തിലെ കാർഷികമേഖലയുടെ വളർച്ചക്ക് സഹായകലമാണ്. പാഴായി കിടക്കുന്ന പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കാനും ഉല്പാദനരംഗത്തേക്ക് തിരിച്ചുവിടാനും കഴിഞ്ഞാൽ നൂറുക്കണക്കിനാളുകൾക്ക് തൊഴിൽ കൊടുക്കാനും അതുവഴി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയും ചെയ്യും.

വിഭവസമാഹരണത്തെപ്പറ്റി ചർച്ചചെയ്യുമ്പോൾ ഗൾഫ് മലയാളികളെ സ്പർശിക്കാതെയുള്ള ചർച്ച പൂർണ്ണമല്ല. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 2300 ഓളം ആളുകൾ ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. 1970 കളുടെ രണ്ടാംപകുതിയിലാണ് വ്യാപകമായി ഈ പ്രദേശത്തുകാർ ഗൾഫ് നാടുകളിലേക്ക് പോയിത്തുടങ്ങിയത്. ഗൾഫ് നാടുകളിൽനിന്ന് ഒരു വർഷം നമ്മുടെ പഞ്ചായത്തിൽ

കോടിക്കണക്കിന് രൂപ വരുമാനമുണ്ട്.

നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും ഉയർന്നുവരുന്ന കോൺക്രീറ്റ് മന്ദിരങ്ങൾ ഗൾഫ് പണത്തിൻെറ സ്വാധീനം വിളിച്ചറിയിക്കുന്നു. കെട്ടിടനിർമ്മാണരംഗത്ത് കുറെ തൊഴിലവസരങ്ങൾ പുതുതായി ഉണ്ടായി എന്നതു മാത്രമാണിതിൻെറനേട്ടം. ഗൾഫ് മലയാളികളുടെ പണം കാർഷിക മേഖലയിലോ വ്യാവസായി മേഖലയിലോ നിക്ഷേപിക്കപ്പെടുന്നില്ല. തല്ഫലമായി സമ്പത്ത് ഉല്പാദനരംഗം പുരോഗമിക്കുന്നില്ല. നാട്ടിലെ സാമൂഹ്യസാംസ്കാരിക സാമുദായിക രംഗത്ത്ഗൾഫ് മലയാളികൾ സാമ്പത്തിക സഹായം ചെയ്യാറുണ്ട്. ഇവരുടെ സമ്പത്ത് കേരളത്തിലെ കാർഷിക വ്യാവസായിക മേഖലയിൽ തിരിച്ചു വിടണം. ഇതിന് സഹായകരമായ രീതിയിൽ വിവിധ പ്രവർത്തനങ്ങൾ വികസനവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്.

## *മനുഷ്യാധ്വാനം:-*

ഏറാമല പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവം മനുഷ്യവിഭവം തന്നെയാണ്. ദെശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ടു തന്നെ ഉയർന്ന സാമൂഹ്യ രാഷ്ട്രീയ ബോധമുള്ള ജനങ്ങൾ അധിവസിക്കുന്ന പ്രദേശമാണ് ഏറാമല പഞ്ചായത്ത്. തൊഴിലാളി സംഘടനകൾ യുവജന സംഘടനകൾ, സന്നദ്ധസംഘടനകൾ, കലാസാംസ്കാരിക സംഘടനകൾ എന്നിവയിൽ ആയിരക്കണക്കിന് ആളുകൾ അണിനിരന്നിട്ടുണ്ട്. ഇവരുടെ സംഘടിത ശക്തി പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കാനും സന്നദ്ധപ്രവർത്തനങ്ങളിലൂടെ ആയിരക്കണക്കിനാളുകളുടെ മനുഷ്യാധ്വാനം സംഭാവനയായി ഉപയോഗിക്കാനും കഴിയും യുവജന-കലാസാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ കഴിഞ്ഞ കാലങ്ങളിൽ നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും നടന്നിട്ടുണ്ട്.

സ്കൂളുകൾ, ഗ്രന്ഥാലയങ്ങൾ, വായനശാലകൾ മറ്റുവിധ സ്ഥാപനങ്ങൾ ഇവയെല്ലാം നമ്മുടെ വിലപ്പെട്ട വിഭവങ്ങൾതന്നെ. ഇവയൊക്കെ ജനങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചക്ക് പ്രയോജനപ്പെടുത്താം.

## *പ്രശ്നങ്ങൾ*

1. കാർഷിക വ്യാവസായിക ആവശ്യങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വേണ്ടത്രവായ്പ ലഭിക്കുന്നില്ല.
2. പഞ്ചായത്തിൻെറ വരുമാനത്തിൽ വലിയ ഭാഗം ഭരണത്തിനും പൊതു മരാമത്ത് ആവശ്യങ്ങൾക്കുമാണ് ഉപയോഗിച്ചിരിക്കുന്നത്.
3. ഭൂമി കൈമാറ്റം ചെയ്യുമ്പോൾ നികുതി നഷ്ടമാകുന്നു.
4. ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ നിക്ഷേപ സമാഹരണം നടത്താൻ കഴിയുന്നില്ല.
5. വിനോദ നികുതിയുടെ പങ്ക് വളരെ കുറവാണ്.
6. പഞ്ചായത്തിൻെറ വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല.
7. കെട്ടിട നികുതി നിർണ്ണയം ശരിയായ രീതിയിലല്ല.
8. സ്ഥിരമായി ജോലി ചെയ്യുന്നവരിൽ നിന്നു മുഴുവൻ തൊഴിൽ നികുതി ലഭിക്കുന്നില്ല.
9. സന്നദ്ധ പ്രവർത്തനത്തിലൂടെ മനുഷ്യാധ്വാനം വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
10. ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ വരുമാനം കാർഷിക വ്യാവസായിക രംഗങ്ങളിൽ പ്രയോജനപ്പെടുന്നില്ല.

## *സാധ്യതകൾ*

1. നികുതി പിരിവ് കാര്യക്ഷമമാക്കണം

(a) പഞ്ചായത്തിലെ കെട്ടിടങ്ങളുടെ (വലുപ്പം, നിർമ്മാണ ചെലവ്, ഉപയോഗിച്ച വസ്തുക്കളുടെസ്വഭാവം എന്നിവയടക്കം) എസ്റ്റിമേറ്റുതുകയുടെ അടിസ്ഥാനത്തിൽ കെട്ടിട നികുതി പുൻർ(b)വിനോദ നികുതി, പ്രദർശന നികുതി എന്നിവ കാര്യമായും കാര്യക്ഷമമായും പിരിച്ചെടുക്കണം.

(c) ഭൂമി കൈമാറ്റ സമയത്ത് ഭൂമിയുടെ വില സംബന്ധിച്ച് പഞ്ചായത്തിൻെറ സർട്ടിഫിക്കേറ്റടിസ്ഥാനത്തിൽ വില നിർണ്ണയിക്കേണ്ടതാണ്.

(d) സ്ഥിരമായി ജോലി ചെയ്യുന്നവരിൽ നിന്ന് മുഴുവൻ തൊഴിൽ നികുതി ഈടാക്കണം.

2. ആഡംബര പൂർണ്ണമായി ലക്ഷങ്ങൾ ചെലവുചെയ്ത് വീട് നിർമ്മിക്കുന്നവരിൽ നിർമ്മാണ ചെലവിൻെറ 5% പ്രത്യേക ലൈസൻസ് ഫീസ് ഏർപ്പെടുത്തേണ്ടതാണ്. (8 ലക്ഷത്തിനുമേൽ എസ്റ്റിമേറ്റ് തുക വരുന്ന വീടുകൾക്ക് മാത്രം.

3 ഡിഷ് ആൻറിന, കേബിൾ ടിവി എന്നിവ ഉപയോഗപ്പെടുത്തുന്നവരെ വിനോദ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്.

4. ഓർക്കാട്ടേരി കന്നുകാലി ചന്ത കാലികമായ മാറ്റങ്ങളോടെ അത്യന്താധുനിക രീതിയിലുള്ള പ്രദർശനങ്ങളും മറ്റും സംഘടിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5 ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ വിഭവ സമാഹരണം ഊർജ്ജിതപ്പെടുത്താൻ കഴിയും.

6. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് നിക്ഷേപത്തിനനുസരിച്ച് വായ്പ ലഭ്യമാക്കുക.

7. ഗൾഫ് മലയാളികളുടെ വരുമാനം കാർഷിക വ്യാവസായിക രംഗത്ത് മുതൽമുടക്കുന്നത് പ്രോത്സാഹിപ്പിക്കണം.

8. ഗൾഫ് മലയാളികളിൽ നിന്ന് വികസനപ്രവർത്തനത്തിനാവശ്യമായ ഫണ്ട് സംഭാവനയായി സ്വീകരിക്കാവുന്നതാണ്.

9. പഞ്ചായത്ത് ഒരു ക്രഡിറ്റ് പ്ലാൻ തയ്യാറാക്കുക സ്വകാര്യ വ്യക്തികളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പ പ്രത്യുല്പാദന പരമായ പ്രവർത്തനങ്ങൾക്കു മാത്രം വിനിയോഗിക്കുക.


10. പുറമ്പോക്ക് ഭൂമി പാട്ടത്തിനു നൽകി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

11. വിദേശ മലയാളികളുടെ നിക്ഷേപം ഗ്രാമത്തെത്തെക്കുന്ന ബാങ്കുകളിലേക്ക് സ്വരൂപിച്ച് വായ്പ വർദ്ധിപ്പിക്കാവുന്നതാണ്.

12 വിവിധ സംഘടനകളെ ഏകോപിപ്പിച്ച് വാർഡ് തല സന്നദ്ധ - കർമ്മ സേന രൂപീകരിച്ച് വികസന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിയും.

13. പഞ്ചായത്തിൻെറ വരവ് ചെലവുകൾ സുതാര്യമാകുന്നവിധം കണക്കുകൾ ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യുകയും അച്ചടിച്ച് പ്രസിദ്ധീകിക്കുകയും വേണം.

14. വികസനപ്രവർത്തനങ്ങൾക്ക് ഫണ്ട് സമാഹരിക്കാൻ ബെനിഫിറ്റ് ഷോ ഉപയോഗപ്പെടുത്താവുന്നതാണ്.



# ജനകീയാസൂത്രണം

## ജില്ലാതലപരിശീലകർ

1. ടി.പി.ചന്ദ്രശേഖരൻ
2. ബാലചന്ദ്രൻ ഏറാമല
3. കണ്ടോത്ത് നാരായണൻ മാസ്റ്റർ
4. എം.ആർ.കുഞ്ഞികൃഷ്ണൻമാസ്റ്റർ
5. ഒ.കെ.കുഞ്ഞബ്ദുള്ള മാസ്റ്റർ

## പഞ്ചായത്ത് തല പരിശീലകർ

1. ഒ.മഹേഷ്കുമാർ
2. എൻ. ബാലകൃഷ്ണൻ മാസ്റ്റർ
3. ഇ.കെ.കരുണാകരൻ മാസ്റ്റർ
4. ഒ.നാണുമാസ്റ്റർ
5. എ.കെ.ദിനേശൻ
6. കുളങ്ങര കുഞ്ഞികണ്ണൻ മാസ്റ്റർ
7. ടി.കെ.രാജൻമാസ്റ്റർ (തൊടികുനി)
8. കുറുന്താറത്ത് രാജൻ
9. വി.വി.കുഞ്ഞനന്തൻ
10. ആർ.കെ.ഗംഗാധരൻ
11. എ.കെ.സുകുമാരൻ
12. കെ.രാമചന്ദ്രൻമാസ്റ്റർ
13. ഇ. സുരേന്ദ്രൻ
14. കെ.പി.സുകു മാസ്റ്റർ
15. ടി.എൻ.കെ.ശശിന്ദ്രൻ
16. കെ.കെ.കൃഷ്ണൻ
17. എം.വിജയൻ മാസ്റ്റർ
18. എം.കെ.കുഞ്ഞിരാമൻമാസ്റ്റർ
19. ടി.കെ.രാജൻമാസ്റ്റർ (തെക്കെ കേളോത്ത്)
20. എം.പി. അശോകൻ മാസ്റ്റർ
21. വി.കെ.ഗോപാലൻ മാസ്റ്റർ
22. വി. രമേശൻ
23. കെ.കെ.കുഞ്ഞബ്ദുള്ള മാസ്റ്റർ (കണിയാങ്കണ്ടി)
24. ടി.കെ. രാമചന്ദ്രൻ മാസ്റ്റർ
25. ഇ.കെ.ഇബ്രാഹിം ഹാജി
26. ടി.വി.അബ്ദുൾ ഗഫൂർ മാസ്റ്റർ
27. കെ.കെ.ഇസ്മായിൽ
28. എ.കെ.വിജയൻ മാസ്റ്റർ
29. രാമത്ത് ഹരിദാസ്
30. കെ.ജിനചന്ദ്രൻ മാസ്റ്റർ
31. കെ. ഇസ്മായിൽ
32. ടി. രാമകൃഷ്ണൻ
33. കെ. രഞ്ജിത്ത് മാസ്റ്റർ
34. ഇ.കെ.ദിനേശൻ
35. കണ്ണമ്പത്ത് ഗോപാലകൃഷ്ണൻ മാസ്റ്റർ
36. പി.സി.കുമാരൻ മാസ്റ്റർ
37. പി.മോഹനൻ മാസ്റ്റർ

# ഉപസംഹാരം

ഒൻപതാം പദ്ധതി ജനകീയാടിത്തറയിൽ ആസൂത്രണം ചെയ്യപ്പെടുമ്പോൾ രാഷ്ട്ര പിതാവിന്റെസ്വപ്നം സഫലമാക്കാൻ പോകുന്ന കേരളീയ ഗ്രാമ ഹൃദയങ്ങളിൽ ഒരു പുതിയ ഉണർവും ചൈതന്യവും വന്നു നിറയുകയാണ്. ഓരോ ഗ്രാമത്തിന്റേയും സമഗ്രവും ശാസ്ത്രീയവുമായ വികസനത്തിന് ഗ്രാമതല പദ്ധതികൾ രൂപപ്പെടുത്തുന്നതിലൂടെ ഗ്രാമീണർ ആ സൂത്രണത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു. നാടിന്റെ നാടീസ്പന്ദനങ്ങൾ തൊട്ടറിഞ്ഞവർക്ക് ഭരണ നിയന്ത്രണാധികാരവും സ്വയം നിർണ്ണയാവകാശവും പ്രായോഗികമായി ലഭിക്കുന്ന സുവർണ്ണാവസരമാണിത്. കണ്ണും, കാതും, മണ്ണും, മനസ്സും, നേർ രേഖയിൽ വരുമ്പോൾ സമസ്ത മേഖലകളിലെ വികസന പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള സാധ്യതകളും കൂട്ടായ ചിന്തയിൽ തെളിഞ്ഞു വരും.

അധികാരത്തിന്റെ അരമനകളിലും ഔദ്യോഗിക ഔന്നത്യങ്ങളിലും വെച്ച് രൂപീകരിക്കപ്പെട്ടവളക്കൂറില്ലാത്ത മനസ്സിലെ വികല വികസന പദ്ധതികൾ പലതും പാറപ്പുറത്തിട്ട വിത്തുകളായി പരിണമിച്ചത് നമ്മുടെ അപ്രിയാനുഭവങ്ങൾ മാത്രം. ഓരോ പൗരന്റേയും ആത്മീയവും ഭൗതീകവുമായ സുഖസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ക്രിയാത്മകമായ വികസനബോധവും സംസ്കാരവും ഇന്നാവശ്യമാണ്. അതാവട്ടെ വരും കാലവികസന സാധ്യതകളെ ഒരിക്കലും പ്രതികൂലമായി ബാധിക്കാത്തവയുമാവണം. പ്രകൃതിയെ പരമാവധി ചൂഷണം ചെയ്ത് വർത്തമാന കാല ജീവിതം സുഖസമ്പുഷ്ടമാക്കുന്ന സങ്കുചിത വികസനബോധമല്ല മറിച്ച് വരും തലമുറയുടെ ക്ഷേമ സുഖങ്ങൾക്ക് മാതൃകാപരമായ വഴിയൊരുക്കുകയാണ് നാം ചെയ്യേണ്ടത്. ഉപദേശത്തിന് പകരം ഉല്പാദനത്തിലൂന്നിക്കൊണ്ടുള്ള പുതിയ വികസന സംസ്കാരം രൂപപ്പെടുത്താൻ നമുക്കുള്ള മൂലധനം ഈ നാടിന്റെ അഭിമാനാർഹമായ പൂർവ്വ സംസ്കാരവും പാരമ്പര്യവുമാണ്. പാരതന്ത്ര്യത്തിന്റെ പാതാളക്കയത്തിൽ നിന്ന് മോചനം നേടാൻ നാം കാണിച്ച ഇഛാശക്തിയും, സഹിഷ്ണുതയും, സംഘബോധവും നാമിന്ന് പ്രകടിപ്പിക്കേണ്ടത് അന്യാശ്രയത്തിൽ നിന്നും സ്വാശ്രയത്തിലേക്കുള്ള മോചനത്തിനാണ്. കൂട്ടായ ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളേയും സ്പർശിക്കുന്ന ബഹുമുഖമായ കർമ്മ പദ്ധതികളാണ് നാം ആവിഷ്കരിക്കേണ്ടത്. പാഴായിപോകുന്ന മനുഷ്യശേഷിയും ഫലഭൂയിഷ്ഠമായ മണ്ണും, കാര്യക്ഷമമായ പാരമ്പര്യ ജ്ഞാനവുംശീലവും ഇവയുടെ ശാസ്ത്രീയവും ഫലപ്രദവുമായ വിനിയോഗവും കൊണ്ട് ഉല്പാദന - വിതരണ രംഗങ്ങളിൽ വിപ്ലവാത്മകമായ പരിവർത്തനമുണ്ടാക്കാൻ നമുക്ക് കഴിയും. നമ്മുടെ കർമ്മശേഷിയുടേയും സേവന ബോധത്തിന്റേയും മൺചിരാതങ്ങൾകെട്ടു പോയിട്ടില്ലെന്ന് തെളിയിക്കുന്നതായിരുന്നു ഈ നവംബർ ഒന്നിന് പുനരർപ്പണ ദിനത്തിൽ നാം നടത്തിയ നിർമ്മാണ പ്രവർത്തികൾ. അങ്ങനെ കാർഷിക - വ്യാവസായിക വിദ്യാഭ്യാസ-ആരോഗ്യ മണ്ഡലങ്ങളിൽ ജനക്ഷേമകരമായ പദ്ധതികൾ പൊതു ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്താൻ ഒൻപതാം പഞ്ചവത്സര പദ്ധതിയിലൂടെ കഴിയട്ടെ എന്നാശംസിച്ച് കൊണ്ട് ഈ വികസന രേഖ നിങ്ങളുടെ സജീവമായ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

**എം.കെ.ഭാസ്കരൻ**

പ്രസിഡണ്ട്, ഏറാമല ഗ്രാമപഞ്ചായത്ത്



Typesetting & Layout IC SOFT CLT - 2, Ph: 703320, Printed at LUCOS OFFSET PRINTS, CLT-1

# ഇന്ത്യ



അധികാരം ജനങ്ങളിലേക്ക്



- 9-ാം പദ്ധതി ജനകീയ പദ്ധതി
- ജനപ്രതിനിധികളും വിദഗ്ദരും ഉദ്യോഗസ്ഥൻമാരും അണിചേരുന്നു
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്.
- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസന പ്രക്രിയ അഴിമതി രഹിതമാവുന്നു.

# അധികാരം ജനങ്ങൾക്ക്

379

## ഒഞ്ചിയം ഗ്രാമപഞ്ചായത്ത്



# ഇന്നലെ ഇന്ന് നാളെ

## ആസൂത്രണരേഖ


ഒഞ്ചിയം
കോഴിക്കോട

381

# ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

വികസന സെമിനാർ
1996 നവ: 7 വ്യാഴാഴ്ച
ഗവ. ഗേൾസ് ഹൈസ്കൂൾ മടപ്പള്ളി

# ആസൂത്രണരേഖ

380



"അധികാരം പങ്കിടുന്നതുവരെ

ജനാധിപത്യം അസാധ്യമാണ്

പക്ഷെ, ജനാധിപത്യം

ജനക്കൂട്ടങ്ങളുടെ തോന്ന്യാസങ്ങളായി

അധ:പതിക്കരുത്.

നമ്മുടെ ജീവസന്ധാരണം

സാധ്യമാക്കിത്തീർ

ക്കുന്ന ഒരു തൊഴിലാളിക്കും,

സമൂഹത്തിന്റെ ഏറ്റവും

അടിത്തട്ടിലുള്ളവനുപോലും

സ്വയംഭരണത്തിൽ അവന്റേതായ

പങ്കുണ്ടായിരിക്കണം".

-ഗാന്ധിജി-


***എഡിറ്റർ***

പി. പി. കുമാരൻ (സിക്രട്ടറി, വികസന സമിതി)

***എഡിറ്റോറിയൽ ബോർഡ്***

വി. ബാലകൃഷ്ണൻ (പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത്)

വി. പി. ജ്യോതിബസു, (സിക്രട്ടറി, ഗ്രാമപഞ്ചായത്ത്)

വി. ശങ്കരൻ മാസ്റ്റർ (റിട്ട. എ. ഇ. ഒ)

പ്രൊഫ. വി. എ. അബ്രഹാം,

രാജാറാം തൈപ്പള്ളി

വി. മധുസൂദനൻ,

വി. പി. മധുസൂദനൻ,


വേണു മണ്ടോടി

കെ. അശോകൻ



***കംപ്യൂട്ടർ ടൈപ്സെറ്റിംഗ്, പേജ്‌ലേഔട്ട് & സ്കാനിംഗ്:***

വിബ്ജിയർ കംപ്യൂട്ടർ ഗ്രാഫിക്സ്, കോഴിക്കോട് - 1 Ph: 57239



വി. ബാലകൃഷ്ണൻ
**ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്**



എ. വിജയകുമാരൻ മാസ്റ്റർ
**ഗ്രാമപഞ്ചായത്ത് വൈ. പ്രസിഡണ്ട്**


പഞ്ചായത്തിന്റെ
ആദ്യത്തെ പ്രസിഡന്റ്



**ശ്രീ. എം. ആർ. നാരായണക്കുറുപ്പ്**



പുന്നേരി ചന്ദ്രൻ
**സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ**



വി. പി. ജ്യോതി ബസു
**ഗ്രാമപഞ്ചായത്ത് സിക്രട്ടറി**

# ഒഞ്ചിയം ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് – 96

## ഉള്ളടക്കം


1 ആമുഖം ....... 7

2 ഒഞ്ചിയം ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ ....... 19

3 പഞ്ചായത്തിന്റെ പിറവിയും, പൂർവ്വസാരഥികളും ....... 10

4 ഒഞ്ചിയം – ചരിത്രസ്മൃതികളിലൂടെ ....... 10

5 ഒഞ്ചിയത്തിന്റെ വൈജ്ഞാനിക മണ്ഡലം ....... 12

6 ഭൂപ്രകൃതി ....... 13

7 ജനപ്രകൃതി ....... 15

8 ജലപ്രകൃതി ....... 15

9 കൃഷി ....... 18

10 മത്സ്യബന്ധനം ....... 35

11 മൃഗസംരക്ഷണം ....... 38

12 വ്യവസായം ....... 43

13 ഊർജ്ജം ....... 47

14 ഗതാഗതം ....... 52

15 കുടിവെള്ളം ....... 60

16 പൊതുജനാരോഗ്യം ....... 63

17 വിദ്യാഭ്യാസം ....... 67

18 സംസ്കാരം ....... 76

19 പാർപ്പിടം ....... 81

20 സാമൂഹ്യക്ഷേമം ....... 86

21 വനിതാക്ഷേമം ....... 90

22 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം ....... 94

23 സഹകരണമേഖല ....... 96

24 വിഭവസമാഹരണം ....... 101

25 ഉപസംഹാരം ....... 107

# ആമുഖം

നമ്മുടെ ആസൂത്രണത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ യുഗം പിറക്കുന്നു. ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ പിന്തള്ളപ്പെട്ടു പോകുന്ന ചരിത്ര സ്രഷ്ടാക്കളായ സാമാന്യ ജനത, തങ്ങളുടെ സമഗ്ര വികസനത്തിന്റെ മാർഗ്ഗരേഖ നിർമ്മിക്കാൻ പോവുകയാണ്. ഒരു രാഷ്ട്രത്തിന്റെ വിജ്ഞാനമണ്ഡലത്തിൽ വിളക്കുമാടമായി നിലകൊള്ളുന്ന കേരളം സാക്ഷരവിപ്ലവത്തിന് ശേഷം വീണ്ടും ഒരത്ഭുതത്തിന്റെ ഭൂമികയാകുന്നു.

എട്ട് പഞ്ചവത്സര പദ്ധതികൾ നാം ശ്രദ്ധിക്കാതെ കടന്നുപോയി. ഒമ്പതാം പദ്ധതി ജനകീയ അടിത്തറയിൽ സാമാന്യജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെയാവണമെന്നത് തീരുമാനിക്കുമ്പോൾ ഓരോ ഗ്രാമീണനും ഭരണാധികാരിയാവുകയാണ്. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും, ഗ്രാമഹൃദയങ്ങൾ ഉണരുമ്പോളാണ് ഇന്ത്യയുടെ വികസനം സാദ്ധ്യമാവുന്നതെന്നും ഉദ്ഘോഷിച്ച ഗാന്ധിജിയുടെ സ്വപ്നങ്ങൾ സഫലമാവുകയാണ്. തികച്ചും കേന്ദ്രീകൃതമായിരുന്ന ആസൂത്രണപ്രക്രിയയിൽ ജനപങ്കാളിത്തം പാടെ നിഷേധിക്കപ്പെട്ടതിനാൽ പദ്ധതി വിഹിതത്തിന്റെ ഇരുപത് ശതമാനം പോലും ഗ്രാമങ്ങളിലെത്തിയില്ലെന്ന സത്യം പൊതുവെ അംഗീകരിക്കപ്പെടുന്നു. തലകുത്തിനിന്ന ഈ ആസൂത്രണ പാരമ്പര്യത്തെ ജനസാമാന്യത്തിന്റെ പ്രായോഗിക പങ്കാളിത്തത്തിലൂടെ നേരെ നിർത്തുന്ന സാഹസികമായ പ്രവൃത്തിയാണ് വികേന്ദ്രീകരണ ആസൂത്രണത്തിലൂടെ നടപ്പിലാക്കപ്പെടുന്നത്.

പ്രാദേശീകതല ആസൂത്രണം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തന പരിപാടികൾക്ക് നമ്മുടെ പഞ്ചായത്തിൽ 1991ൽത്തന്നെ തുടക്കം കുറിച്ചിരുന്നു. അതേ വർഷം ഡിസംബർ 14ന് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും നേതൃത്വത്തിൽ “വിഭവ ഭൂപട നിർമ്മാണസമിതി” രൂപീകരിച്ചുകൊണ്ടാണ് ഈ മഹത്തായ സംരംഭത്തിന് തുടക്കമായത്. ഡിസംബർ 21, 22, 23 തീയതികളിൽ

ഭൂപടനിർമ്മാണകർക്കായുള്ള പരിശീലനക്യാമ്പ് നടന്നു. 1992 ജനവരിയിൽ സന്നദ്ധപ്രവർത്തകരുടെ ശ്രമഫലമായി വിഭവഭൂപടം നിർമ്മിച്ചു. മാർച്ച്മാസത്തിൽ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാർ ശാസ്ത്രീയ ഭൂപടനിർമ്മാണം പൂർത്തിയാക്കി. പിന്നീട് സാമൂഹിക സാമ്പത്തിക സർവെ നടത്താനുള്ള ശ്രമം നടന്നെങ്കിലും പ്രവർത്തനം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അല്പകാലത്തെ ഇടവേളക്കുശേഷം സി.ഡി.എസ്സിന്റെ സഹായത്തോടെ വികസന ആസൂത്രണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. 1995 ഡിസംബർ 6ന് ഒഞ്ചിയം ഗ്രാമപഞ്ചായത്ത് വികസന സമിതി രജിസ്റ്റർ ചെയ്തു. ഓരോ വാർഡിലും ശരാശരി 50 വീടുകൾ ഉൾക്കൊള്ളുന്ന അയൽക്കൂട്ടങ്ങളും വാർഡ് സമിതികളും ഉൾപ്പെടുന്നതാണ് പഞ്ചായത്ത് വികസന സമിതി. 84 അയൽക്കൂട്ടങ്ങളാണ് ഈ വിധം രൂപീകരിക്കപ്പെട്ടത്.

വിപുലമായ രീതിയിൽ വിളിച്ചു ചേർക്കപ്പെട്ട ഗ്രാമസഭകളിൽ 9 വികസന മേഖലകളിലായി ഗ്രൂപ്പ് തിരിഞ്ഞുകൊണ്ട് നടന്ന ചർച്ചയിൽ ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കപ്പെട്ടത്. പതിനൊന്ന് വാർഡുകളിലായി ശരാശരി 275 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു വിഭവ ഭൂപടവും, ദ്വിതീയ വിവരങ്ങളും, നാട്ടറിവുകളും അടിസ്ഥാനമാക്കി വിവിധ മേഖലകളിലെ വിദഗ്ധരുടെയും, ജനപ്രതിനിധികളുടെയും, അനുഭവ സമ്പന്നരുടെയും ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ കൂട്ടായ ചർച്ചയിലൂടെയാണ് ഈ "ആസൂത്രണരേഖ" തയ്യാറാക്കപ്പെട്ടത്. ഒൻപതാം പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വിളിച്ചു ചേർക്കപ്പെട്ട വിശേഷാൽ ഗ്രാമസഭയുടെ വിശദ വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| വാർഡ് നമ്പർ | ഗ്രാമസഭ ചേർന്ന സ്ഥലം | തീയതി | പങ്കെടുത്തവർ | | |
|---|---|---|---|---|---|
| | | | സ്ത്രീ | പു | ആകെ |
| I | ചാലിൽ കണ്ണൂക്കര എൽ.പി. സ്കൂൾ | 22/9/96 | 34 | 112 | 146 |
| II | കെ.പി.ആർ നഗർ | 2/10/96 | 130 | 164 | 294 |
| III | ഒഞ്ചിയം ധർമ്മ എൽ.പി. സ്കൂൾ | 22/9/96 | 116 | 170 | 286 |
| IV | ഒഞ്ചിയം സാംസ്കാരിക നിലയം | 29/9/96 | 107 | 233 | 340 |
| V | ഒഞ്ചിയം ഗവ. യു.പി.സ്കൂൾ | 29/9/96 | 184 | 237 | 421 |
| VI | ഗവ. കോളേജ് മടപ്പള്ളി | 21/9/96 | 83 | 144 | 227 |
| VII | വിദ്യാവിലാസം എൽ.പി. സ്കൂൾ | 21/9/96 | 59 | 119 | 178 |
| VIII | ജ്ഞാനോദയെ എൽ.പി. സ്കൂൾ | 2/10/96 | 200 | 138 | 338 |
| IX | ജി.എഫ്.ടി.എച്ച്.എസ് (ഗേൾസ്) മടപ്പള്ളി | 2/10/96 | 128 | 190 | 318 |
| X | കാരക്കാട് മാപ്പിള എൽ.പി. സ്കൂൾ | 29/9/96 | 66 | 153 | 219 |
| XI | വെള്ളികുളങ്ങര എൽ.പി.സ്കൂൾ | 21/9/96 | 107 | 132 | 239 |
| | ആകെ | | 1214 | 1792 | 3006 |

# ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | : | ഒഞ്ചിയം |
| ഉൾപ്പെടുന്ന വില്ലേജ് | : | ഒഞ്ചിയം |
| ഉൾപ്പെടുന്ന ദേശങ്ങൾ | : | ഒഞ്ചിയം, കണ്ണൂക്കാര<br>മടപ്പള്ളി, ഊരാളുങ്കൽ,<br>വെള്ളികുളങ്ങര |
| ബ്ലോക്ക് പഞ്ചായത്ത് | : | വടകര |
| ബ്ലോക്ക് ഡിവിഷൻ | : | കണ്ണൂക്കര, ഒഞ്ചിയം |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | അഴിയൂർ |
| താലൂക്ക് | : | വടകര |
| അസംബ്ലി മണ്ഡലം | : | വടകര |
| വിസ്തീർണ്ണം | : | 900 ഹെക്ടർ |
| അതിരുകൾ വടക്ക് | : | അഴിയൂർ പഞ്ചായത്ത് |
| തെക്ക് | : | ചോറോട് പഞ്ചായത്ത് |
| കിഴക്ക് | : | ഏറാമല പഞ്ചായത്ത് |
| പടിഞ്ഞാറ് | : | അറബിക്കടൽ |
| ജനസംഖ്യ(1991 സെൻസസ് റിപ്പോർട്ട് ) | : | 24856 |
| സ്ത്രീകൾ | : | 12995 |
| പുരുഷന്മാർ | : | 11861 |
| വാർഡുകളുടെ എണ്ണം | : | 11 |
| വീടുകളുടെ എണ്ണം (1991 സെൻസസ് റിപ്പോർട്ട് ) | : | 3996 |
| ജനസാന്ദ്രത (ചതുരശ്ര കി.മീ) | : | 2761 |
| സാക്ഷരത | : | 93 % |
| പഞ്ചായത്ത് പ്രസിഡണ്ടിന്റെ പേര് | : | വി. ബാലകൃഷ്ണൻ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | എ. വിജയകുമാരൻ മാസ്റ്റർ |

**ഗ്രാമ പഞ്ചായത്തിലെ നിയോജക മണ്ഡലങ്ങളെ ഇവർ പ്രതിനിധീകരിക്കുന്നു.**

1. പി. രാമദാസൻമാസ്റ്റർ
2. കെ.പി. ശശീന്ദ്രൻ
3. വി. ബാലകൃഷ്ണൻ
4. എ. വിജയകുമാരൻ മാസ്റ്റർ
5. കെ.കെ. കമല
6. ഗുരുക്കളവിട ശാന്ത
7. സി. കൃഷ്ണൻ
8. പി. ജയലക്ഷ്മി.
9. പാലേരി ജയകൃഷ്ണൻ
10. പൂന്നേരി ചന്ദ്രൻ
11. കെ.കെ. ജാനു

## പഞ്ചായത്തിന്റെ പിറവിയും പൂർവ സാരഥികളും

പഴയ കുന്നുമ്മക്കര പഞ്ചായത്തിന്റെ ഭാഗമായിരുന്നു ഒഞ്ചിയം. ഇന്നത്തെ ഏറാമല പഞ്ചായത്തും പഴയ ഒഞ്ചിയം വില്ലേജും ഉൾപ്പെടുന്നതായിരുന്നു കുന്നുമ്മക്കര പഞ്ചായത്ത്. 1964ൽ ഒഞ്ചിയം വില്ലേജും ഊരാളുങ്കൽ വില്ലേജും കൂട്ടിച്ചേർത്ത് ഇന്നത്തെ ഒഞ്ചിയം പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു.

കുന്നുമ്മക്കര പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ട് പരേതനായ വട്ടക്കണ്ടി ചേക്കുട്ടി വൈദ്യരായിരുന്നു. ഒഞ്ചിയം പഞ്ചായത്ത് രൂപീകരിച്ചതിനു ശേഷമുള്ള പ്രഥമ പ്രസിഡണ്ട് പ്രമുഖ സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ശ്രീ. എം.ആർ നാരായണക്കുറുപ്പ് ആയിരുന്നു. തുടർന്ന് കൊല്ലാച്ചേരി കണാരൻ, കാട്ടിൽ ആണ്ടി മാസ്റ്റർ, പൊക്കിണൻ മാസ്റ്റർ, പിപി. ഗോപാലൻ, ടി.സി. കുഞ്ഞിരാമൻ മാസ്റ്റർ തുടങ്ങിയവർ പ്രസിണ്ടുമാരായി വിവിധ കാലഘട്ടങ്ങളിൽ സേവനമനുഷ്ഠിച്ചു.

## ഒഞ്ചിയം - ചരിത്ര സ്മൃതികളിലൂടെ

പഴയ കുറുമ്പ്രനാട് താലൂക്കിലെ കുറ്റിപ്പുറം കോവിലകത്തിന്റെ അധീനതയിലായിരുന്ന പ്രദേശമാണ് ഒഞ്ചിയം. എന്നാൽ കുറ്റിപ്പുറം തമ്പുരാന്റെ താവഴിയിൽപെട്ട പിന്തുടർച്ചക്കാരായ എടക്കണ്ടി കോവികത്തെ തമ്പുരാക്കന്മാരായിരുന്നു ഈ പ്രദേശത്തിന്റെ ഭരണം കയ്യാളിയിരുന്നത്. ഇവരുടെ സാമന്തന്മാരായി ജീവിച്ച സവർണ്ണരായ ഭൂപ്രമാണിമാരും ജന്മിമാരും കുടിയാന്മാരിൽ നിന്നും ഭീമമായ പാട്ടം പിരിച്ചിരുന്നു. കൃഷിക്കാർ കുടിയിന്മാരും ജന്മികളുടെ അടിമകളുമായിരുന്നു. തമ്പുരാക്കന്മാരുടെയും ജന്മിമാരുടെയും ആഗ്രഹങ്ങൾക്കൊത്ത് പ്രവർത്തിച്ചില്ലെങ്കിൽ പലതരം പീഡനങ്ങളും ജനങ്ങൾക്ക് സഹിക്കേണ്ടി വന്നിരുന്നു. എന്നാൽ ഇത്തരക്കാരുടെ ഏകാധിപത്യപരമായ നിലപാടുകളെ ചോദ്യം ചെയ്യാൻ ധൈര്യം കാണിച്ച അപൂർവ്വം വ്യക്തികൾ അക്കാലത്തും ഒഞ്ചിയത്തുണ്ടായിരുന്നു. നൂറ്റാണ്ടുകളുടെ പഴക്കമുള്ള വടക്കൻപാട്ടുകളിൽ ഇത്തരക്കാരെ പ്രകീർത്തിച്ചു കാണുന്നുണ്ട്.

"തച്ചോള്യോതേനന്റെ കൂട്ടുകാരൻ
ഒഞ്ച്യത്തിടക്കണ്ടി കോരനോടും....."

തുടങ്ങിയ വരികൾ ഈ പ്രദേശത്തിന്റെ ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നു. എടക്കണ്ടി കോവിലകത്തെ തമ്പുരാനും, ഒഞ്ചിയത്ത് പുതിയെടുത്ത് ചിണ്ടക്കുറുപ്പും തമ്മിലിടഞ്ഞപ്പോൾ ഒടുവിൽ തമ്പുരാന് കീഴടങ്ങേണ്ടി വന്നു എന്നാണ് കേട്ടുകേൾവി. ഒഞ്ചിയം, അംശംദേശം പുതിയെടുത്ത് വകയായി തീർന്നതിന്റെ പിന്നിലെ കഥ ഇതാണത്രെ.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പ്രത്യേകതകളൊന്നും അവകാശപ്പെടാനില്ലാതിരുന്ന ഒഞ്ചിയം എന്ന കർഷക ഗ്രാമത്തെ ഉണർത്തിയത് ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികളായിരുന്നു. 1919ൽ വാഗ്ഭടാനന്ദഗുരു എന്ന പേരിൽ പ്രസിദ്ധനായ കുഞ്ഞിക്കണ്ണൻ ഗുരിക്കൾ കാരക്കാട്ടിൽ (മടപ്പള്ളി) എത്തുമ്പോൾ ആ പ്രദേശം ജാതിവ്യവസ്ഥയുടെയും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പിടിയിൽ അമർന്നു കിടക്കുകയായിരുന്നു. ജന്മിയുടെയും നാടുവാഴിയുടെയും പീഡനങ്ങളാൽ വീർപ്പു മുട്ടിയ കാരക്കാട്ടുകാർ വാഗ്ഭടാനന്ദനെ തങ്ങളുടെ ഗുരുവായി സ്വീകരിച്ച് ക്ഷണിക്കുകയായിരുന്നു. അദ്ദേഹം 1917ൽ കാരക്കാട് ആത്മവിദ്യാസംഘം സ്ഥാപിച്ച് സാമൂഹ്യ നവോത്ഥാനത്തിന് നേതൃത്വം നൽകി. ശ്രീ. കറുപ്പയിൽ കണാരൻ മാസ്റ്ററും ശ്രീ. പാലേരി ചന്ദമ്മനും പാലേരി കണാരൻ മാസ്റ്ററുമായിരുന്നു അതിന്റെ സ്ഥാപക നേതാക്കൾ. സാമാന്യ ജനങ്ങൾ സംഘത്തിൽ ആകൃഷ്ടരായി. അതിന്റെ പ്രവർത്തനം ശക്തിപ്പെട്ടതോടെ നാട്ടു പ്രമാണിമാരും സവർണ്ണ മേധാവികളും അസ്വസ്ഥരായി. അവർ പലതരത്തിലും ജനങ്ങളെ ദ്രോഹിച്ചുകൊണ്ടിരുന്നു. പലരുടെയും വിദ്യാഭ്യാസം മുടങ്ങി, തൊഴിൽ നിഷേധിക്കപ്പെട്ടു. അപ്പോഴാണ് സംഘത്തിന്റെ പേരിൽ ഗുരുദേവൻ ഒരു സ്ക്കൂൾ സ്ഥാപിച്ചത്. ആ സ്കൂളാണ് കാരക്കാട് ആത്മവിദ്യാസംഘം എൽ.പി. സ്ക്കൂൾ. തുടർന്ന് അദ്ദേഹം "ഐക്യ നാണയ സംഘം" എന്ന പേരിൽ പരസ്പര സഹായ സഹകരണ സംഘം രൂപീകരിച്ചു. 1922ൽ സ്ഥാപിച്ച ഈ സംഘമാണ് ഊരാളുങ്കൽ സർവീസ് സഹകരണ ബാങ്കായി മാറിയത്, തൊഴിൽ രംഗത്ത് യുവാക്കൾക്ക് സംരക്ഷണം നൽകാനായി വാഗ്ഭടാനന്ദ ഗുരു ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ചുകൊണ്ട് നാട്ടുപ്രമാണിമാരുടെ വെല്ലുവിളികളെ ചെറുത്തു തോല്പിച്ചു. 1925ൽ സ്ഥാപിക്കപ്പെട്ട ആ സൊസൈറ്റി നിർമ്മാണ രംഗത്ത് ഇന്നും മാതൃക

യായി പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പഠിക്കാൻ അന്യ സംസ്ഥാനങ്ങളിൽ നിന്നു പോലും ആളുകൾ എത്തുന്നുണ്ട്. കേരളത്തിന്റെ ആത്മീയ മേഖലയെ കൈ പിടിച്ചുയർത്തിയ പുണ്യാത്മാക്കളിൽ ശ്രദ്ധേയനായ വാഗ്ഭടാനന്ദന്റെ ആദ്യകാല കർമ്മപഥമായ കാരക്കാട് ഇന്നും സംഘത്തിന്റെ പ്രധാന പ്രവർത്തന കേന്ദ്രമാണ്. ജാതി - മത - വർഗ്ഗ - വർണ്ണ ചിന്തകൾക്കതീതമായി പ്രവർത്തിക്കാനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സമരം പ്രഖ്യാപിക്കാനും ജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് 1917 മുതൽ 1925 വരെ ആത്മ വിദ്യാസംഘം നടത്തിയ ധീരോദാത്തമായ പ്രവർത്തനം ഒഞ്ചിയത്തിന്റെ സാമൂഹ്യ പരിഷ്കരണ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തു.

ഊരാളുങ്കൽ, മടപ്പള്ളി എന്നീ പ്രദേശങ്ങളിൽ ആത്മ വിദ്യാസംഘത്തിന്റെ നേതൃത്വത്തിൽ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അതിനു സമാന്തരമായി ഒഞ്ചിയത്തും കണ്ണൂക്കരയിലും സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനങ്ങളും രൂപപ്പെട്ടു വരുന്നുണ്ടായിരുന്നു. ഇതിനു നേതൃത്വം കൊടുത്തത് മണ്ടോടികണ്ണൻ, എം.ആർ നാരായണക്കുറുപ്പ്, എം.കെ. കേളുവേട്ടൻ, പി.ആർ. നമ്പ്യാർ, എം. കുമാരൻ മാസ്റ്റർ, പി.പി. ശങ്കരൻ, യു. കുഞ്ഞിരാമൻ, കെ.പി. കുഞ്ഞിരാമക്കുറുപ്പ് തുടങ്ങിയവരായിരുന്നു. അന്ന് കേരളമാകെ അലയടിച്ച ദേശീയ പ്രസ്ഥാനത്തിന്റെയും നവോത്ഥാന പ്രസ്ഥാനത്തിന്റെയും തുടിപ്പുകൾ ഏറ്റുവാങ്ങിയ പ്രദേശമായിരുന്നു ഒഞ്ചിയം. ശ്രീ. മൊയാരത്ത് ശങ്കരന്റെ അക്കാലത്തെ പ്രവർത്തന കേന്ദ്രവും ഒഞ്ചിയമായിരുന്നു. സ്ഥിതി സമത്വത്തിനും നീതിക്കും വേണ്ടിയുള്ള തളരാത്ത പോരാട്ടങ്ങളിൽ ഒഞ്ചിയത്തെ ജനത പ്രദർശിപ്പിച്ച ഇച്ഛാശക്തി ചരിത്ര പുസ്തകങ്ങൾ ഏറ്റു പറയുന്നു. സാമൂഹിക അസമത്വങ്ങൾക്കെതിരെ പട പൊരുതാൻ നവോത്ഥാന നായകർ ചെയ്ത ആഹ്വാനം ഒഞ്ചിയത്ത് ശക്തമായ ചലനം സൃഷ്ടിച്ചു.

രണ്ടാം ലോക മഹായുദ്ധകാലത്ത് അനുഭവപ്പെട്ട രൂക്ഷമായ ഭക്ഷ്യക്ഷാമവും പട്ടിണിയും വസൂരി, കോളറ തുടങ്ങിയ മാരകമായ പകർച്ചവ്യാധികളും കൊണ്ട് ജനങ്ങൾ പൊറുതിമുട്ടിയപ്പോൾ മണ്ടോടിക്കണ്ണന്റെയും എം.ആറിന്റെയും നേതൃത്വത്തിൽ രൂപംകൊണ്ട "ജനകീയ പ്രതിരോധ പ്രസ്ഥാനം" സ്തുത്യർഹമായ സേവനമാണക്കാലത്ത് അനുഷ്ഠിച്ചത്. പകർച്ച വ്യാധികൾ പിടിപെട്ടവരെ സ്വന്തക്കാർ പോലും പരിചരിക്കാതെ ഭയപ്പെട്ട് മാറിനിന്ന കാലത്ത് മണ്ടോടികണ്ണനും സംഘവും അവർക്ക് ഭക്ഷണവും വൈദ്യസഹായവും എത്തിച്ചും ശുശ്രൂഷിച്ചും രോഗികളോടൊപ്പം താമസിച്ചിരുന്നു. ഈ പ്രസ്ഥാനത്തിന്റെ നിസ്വാർത്ഥമായ സന്നദ്ധസേവനത്തെ ഒരു സമാന്തര രാഷ്ട്രീയ പ്രവർത്തനമാക്കി മാറ്റുവാൻ കഴിഞ്ഞതിനാലാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഒഞ്ചിയത്ത് വേരോട്ടവും വളർച്ചയും ഉണ്ടായത്. മലബാറിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഒഞ്ചിയത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. ഭൂപ്രകൃതിയുടെ സവിശേഷതയും റെയിൽവേ യാത്രാ സൗകര്യവും സാമാന്യ ജനതയുടെ വർഗ്ഗബോധവും വിപ്ലവാവേശവും കൊണ്ടാവാം ഒഞ്ചിയം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രധാന പ്രവർത്തന കേന്ദ്രമായി പരിണമിച്ചത്. ദുരിതവും ദുസ്ഥിതിയും നില നിന്നിരുന്ന ഒരു കാലത്ത് ജനഹൃദയങ്ങളിലേക്ക് ഇറങ്ങിചെന്ന്, അവരോടൊപ്പം ജീവിച്ച് കണ്ണീരിനെ കരുത്താക്കി മാറ്റിയ ദേശ സ്നേഹികളുടെ പട്ടികയിൽ മണ്ടോടികണ്ണനും, എം.ആർ. നാരായണക്കുറുപ്പും, കേളുവേട്ടനും പ്രഥമസ്ഥാനീയരാണ്. പഞ്ചായത്തിന്റെ രണ്ടു ഭാഗങ്ങളിലായി നടന്ന സാമൂഹിക നവോത്ഥാന - സന്നദ്ധ രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെയാണ് ഒഞ്ചിയത്ത് ഒരു ജനകീയ മുന്നേറ്റത്തിന് കളമൊരുങ്ങുന്നത്.

കള്ളക്കേസുകളും, ഗുണ്ടാവിളയാട്ടങ്ങളും നാട്ടുപ്രമാണിമാരുടെ താന്തോന്നിത്തവും, കുടിയൊഴിപ്പിക്കലും മറ്റും കൊണ്ട് പൊറുതി മുട്ടിയും ആത്മാഭിമാനം വ്രണപ്പെട്ടും കഴിഞ്ഞ ഒഞ്ചിയത്തെ കീഴാളരായ കർഷക തൊഴിലാളികൾ സംഘടിതരായി പ്രതിരോധിക്കാൻ തന്നെ തീരുമാനിച്ചു. ഈ പ്രതിരോധം ഒരു പോരാട്ടമായി രൂപാന്തരപ്പെട്ടത് അക്കാലത്തെ മദ്രാസ് സർക്കാരിന്റെ തെറ്റായ റേഷൻ സമ്പ്രദായം അടിച്ചേല്പിക്കപ്പെട്ടപ്പോഴാണ്. 'കമ്പം' എന്ന ഒരുതരം ചോളം കൂടി വാങ്ങുന്നവർക്ക് മാത്രമേ റേഷൻ നൽകൂ എന്ന സർക്കാരിന്റെ നില

പാടിനെതിരെ പ്രതിഷേധിക്കാനും പ്രക്ഷോഭം സംഘടിപ്പിക്കാനും ഒഞ്ചിയത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി കുറുമ്പ്രനാട് താലൂക്ക് കമ്മിറ്റിയുടെ യോഗം 1948 ഏപ്രിൽ 30ന് ചേർന്നു. കാര്യമറിഞ്ഞെത്തിയ പോലീസ് പുളിയുള്ളതിൽ ചോയിയേയും കണാരനെയും അറസ്റ്റ് ചെയ്തു കൊണ്ടുപോയി. അകാരണമായ അറസ്റ്റിനെ ചോദ്യം ചെയ്ത ജനങ്ങൾക്ക് നേരെ നടന്ന വെടിവെയ്പിൽ ധീരരായ എട്ട് ദേശസ്നേഹികൾ മരണമടഞ്ഞു. പിന്നീടുണ്ടായ മൃഗീയമായ ലോക്കപ്പ് മർദ്ദനത്തിൽ രണ്ടുപേർ കൂടി രക്തസാക്ഷികളായി. വെടിവെയ്പിൽ അംഗവിഹീനരായവരും, നരനായാട്ടിനെത്തുടർന്ന് രോഗബാധിതരായവരും ഇന്നും ഒഞ്ചിയത്ത് ജീവിച്ചിരിപ്പുണ്ട്. പീഡനത്തിന്റെയും മർദ്ദനത്തിന്റെയും കെടുതികളിൽ വലഞ്ഞ ഒഞ്ചിയത്തെ ജനതയും ചൂഷണതാല്പര്യങ്ങളെ ചെറുക്കുന്നതിന് അഭിമാനകരമായ പോരാട്ടങ്ങളിൽ ഏർപ്പെട്ടു. അങ്ങനെ ചൂഷക വിരുദ്ധസമരത്തിന്റെ ആഗോള ചരിത്രത്തിൽ ഒഞ്ചിയവും സ്ഥാനം പിടിച്ചു.

**ഇവർ ഒഞ്ചിയമെന്നും ഓർമ്മിക്കുന്ന ദേശാഭിമാനികൾ :-**

1. മണ്ടോടികണ്ണൻ
2. കൊല്ലാച്ചേരി കുമാരൻ
3. അളവക്കൻ കൃഷ്ണൻ
4. മേനോൻ കണാരൻ
5. സി.കെ. ചാത്തു.
6. പുറവിൽ കണാരൻ
7. വി.കെ. രാഘൂട്ടി
8. വി.പി. ഗോപാലൻ
9. കെ.എം. ശങ്കരൻ
10. പാറോള്ളതിൽ കണാരൻ

## ഒഞ്ചിയത്തിന്റെ വൈജ്ഞാനിക മണ്ഡലം

സ്ക്കൂളുകൾ സ്ഥാപിക്കപ്പെടുന്നതിന് മുമ്പു തന്നെ അനൗപചാരകിക വിദ്യാഭ്യാസ രീതി ഇവിടെ ശക്തിപ്പെട്ടിരുന്നു. 1879ൽ സ്ഥാപിക്കപ്പെട്ട ഊരാളുങ്കൽ എൽ.പി. സ്ക്കൂൾ ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ സ്ക്കൂളുകളിൽ ഒന്നാണ്. ഒഞ്ചിയം ബോർഡ് ഹയർ എലിമെന്ററി സ്ക്കൂളിൽ മാത്രമേ എട്ടാംക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസ സൗകര്യം അക്കാലത്ത് ലഭ്യമായിരുന്നുള്ളൂ. സമീപ പ്രദേശങ്ങളിലൊന്നും തന്നെ ഇത്തരം ഉയർന്ന ക്ലാസ്സുകളുള്ള സ്ക്കൂളുകളില്ലായിരുന്നു. പിന്നീട് ഈ സ്ക്കൂൾ അടുത്ത പ്രദേശമായ അഴിയൂരിലേക്ക് മാറ്റപ്പെടുകയാണുണ്ടായത്.

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ട് ഹിന്ദി പ്രചാരസഭയുടെ നേതൃത്വത്തിൽ ഹിന്ദി ഭാഷ പ്രചരിപ്പിക്കുന്നതിന് വിദ്വാൻ വി.കെ. നായർ, എം.ആർ നാരായണക്കുറുപ്പ് തുടങ്ങിയവർ പ്രവർത്തിച്ചു. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ട് വൈദ്യവും സംസ്കൃതവും പഠിപ്പിക്കുന്ന രീതിയും അക്കാലത്തുണ്ടായിരുന്നു. കോറോത്ത് കണ്ടി ചാത്തു വൈദ്യർ, കുമാരൻ മാസ്റ്റർ, ചെക്കുട്ടി വൈദ്യർ, കുറ്റിയിൽ മീത്തൽ ശങ്കരൻ നമ്പ്യാർ വൈദ്യർ, കേളു വൈദ്യർ, കോമപ്പൻ വൈദ്യർ തുടങ്ങിയവർ 1930 – 60 കാലഘട്ടങ്ങളിൽ പൊതുജന ആരോഗ്യരംഗത്ത് കനപ്പെട്ട സേവനം കാഴ്ചവെച്ചവരാണ്. 1946ൽ സ്ഥാപിതമായ മടപ്പള്ളി ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ. ഫിഷറീസ് സയൻസ് എന്ന വിഷയം പഠിപ്പിച്ചിരുന്ന ഏക സ്ക്കൂളായിരുന്നു ഇത്. അദ്ധ്യായന ആവശ്യത്തിലേക്കായി ഒരു ബോട്ട് സ്ക്കൂളിന്റെ വകയായുണ്ടായിരുന്നു. മത്സ്യബന്ധന – സാസ്ക്കരണ രംഗങ്ങളിൽ നേട്ടമുണ്ടാക്കാൻ ഈ വിഷയം പഠിപ്പിക്കപ്പെട്ടതുമൂലം സാധിച്ചു. മടപ്പള്ളി കടലോരത്ത് ഒരു മീനെണ്ണയാട്ട് യൂണിറ്റ് "മത്തി പ്രസ്സ്" എന്ന പേരിൽ പ്രവർത്തിച്ചിരുന്നു. ഇവിടെ നിന്ന് മീനെണ്ണ നിർമ്മിച്ച് കയറ്റുമതി ചെയ്തു വന്നു. മടപ്പള്ളി സ്ക്കൂൾ അക്കാലത്ത് കടലോരത്തായിരുന്നു സ്ഥിതി ചെയ്തിരുന്നത്. വിവിധ മേഖലകളിൽ ഉയർന്ന പദവിയിൽ എത്തിച്ചേർന്ന ഒട്ടേറെ പ്രമുഖ വ്യക്തികൾ മടപ്പള്ളി സ്ക്കൂളിന്റെ സംഭാവനകളായിരുന്നു. ഇന്ത്യൻ വോളിബോൾ ടീമിന്റെ കോച്ചുമാരായ ടി. അച്യുതക്കുറുപ്പ്, വി. സേതുമാധവൻ എന്നിവരും റിട്ട. മേജർ കുഞ്ഞാരൻ സംസ്ഥാന ഹെൽത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനായ വിജയചന്ദ്രൻ തുടങ്ങിയവരും ഈ സ്ക്കൂളിലെ വിദ്യാർത്ഥികളായിരുന്നു. വടകര താലൂക്കിലെ ഏക

സീനിയർ കോളേജായ മടപ്പള്ളി ഗവ. കോളേജ് 1958ലാണ് സ്ഥാപിതമായത്. ആർട്സ്, സയൻസ് വിഷയങ്ങളിലായി പ്രീഡിഗ്രി, ഡിഗ്രി, പി.ജി. ക്ലാസ്സുകൾ ഉള്ള ഒരു കോളേജാണ് ഇത്. ഇന്ത്യക്കകത്തും പുറത്തും സേവനം കാഴ്ച വെക്കുന്ന ഒട്ടേറെ പ്രമുഖർ ഈ കോളേജിന്റെ സംഭാവനകളായിട്ടുണ്ട്. കല - കായിക - സാഹിത്യ - ശാസ്ത്ര - സാങ്കേതിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭാശാലികളായ വളരെ പേർ മടപ്പള്ളി കോളേജിന്റെ നേട്ടമായി കാണാവുന്നതാണ്. ഒഞ്ചിയത്തെ രാഷ്ട്രീയമായും, സാമൂഹികമായും, സാംസ്ക്കാരികമായും, വിദ്യാഭ്യാസപരമായും ഉയർത്തുന്നതിൽ ഗണനീയമായ പങ്കു വഹിച്ച ഒട്ടേറെ പേരുണ്ടെങ്കിലും ശ്രീ. എം.ആർ നാരായണക്കുറുപ്പ് വഹിച്ച പങ്ക് നിസ്തുലമാണ്. അഭിനവ ഒഞ്ചിയത്തിന്റെ പിതാവ് എന്നു വിളിക്കപ്പെടാൻ അദ്ദേഹം തികച്ചും അർഹനാണ്.

ഏറ്റവും നല്ല അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ച രാമുട്ടി മാസ്റ്ററും വി.ടി. കുമാരൻ മാസ്റ്ററും ഈ പഞ്ചായത്തിലെ പ്രശസ്തരായ അദ്ധ്യാപകരായിരുന്നു. 13 എൽ.പി. സ്ക്കൂളുകളും ഒരു ഗവ. യു.പി. സ്ക്കൂളുകളും, രണ്ട് ഗവ. ഹൈസ്ക്കൂളുകളും, ഒരു കോളേജും, ഒട്ടേറെ പാരലൽ കോളേജുകളും പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് മാർഗ്ഗദർശകങ്ങളായി നിലകൊള്ളുന്നു.

ഉത്തര മലബാറിലെ പ്രധാന പൂര മഹോത്സവം നടക്കുന്ന അറക്കൽ ക്ഷേത്രം ഈ പഞ്ചായത്തിലെ കടലോര പ്രദേശത്താണ്. പ്രാചീനമായ കാരക്കാട് പള്ളിയും, വെള്ളികുളങ്ങര ശിവക്ഷേത്രവും ഈ പ്രദേശത്തെ ജനങ്ങളെ ആത്മീയമായും, സാംസ്ക്കാരികമായും ഉയർത്തിയ ദേവാലയങ്ങളാണ്. മതഭേദമന്യേ എല്ലാതരത്തിലും പെട്ട ജനങ്ങളെ ഒന്നിപ്പിച്ച് നിർത്തുന്നതിലും മതമൈത്രി വളർത്തുന്നതിലും ഗണനീയമായ പങ്കുവഹിച്ച പണ്ഡിതനാണ് കാരക്കാട്ട് തങ്ങൾ.

ഒരു ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകളും മൗനനൊമ്പരങ്ങളും ജനഹൃദയങ്ങളിലെത്തിക്കാനും അവരെ ആഹ്ലാദിപ്പിക്കാനും ചിലപ്പോൾ ആവേശം കൊള്ളിക്കാനും മതിയായ സർഗ്ഗാത്മക രചനകൾ ഒഞ്ചിയത്തിന് അവകാശപ്പെടാനുണ്ട്. കേരളത്തിലെമ്പാടും അറിയപ്പെടുന്ന പണ്ഡിതനും, പ്രശസ്ത കവിയും, വാഗ്മിയും മികച്ച അദ്ധ്യാപകനുമായ ശ്രീ. വി.ടി. കുമാരൻ മാസ്റ്റർ ഒഞ്ചിയത്തിന്റെ സാംസ്ക്കാരിക മണ്ഡലത്തിൽ തിളങ്ങുന്ന ഒരദ്ധ്യായമാണ് - കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾ നേടിയ കഥാകൃത്തും പ്രശസ്ത നോവലിസ്റ്റുമായ ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ളയും ഒഞ്ചിയത്തിന്റെ സംഭാവനയാണ്.

## ഭൂപ്രകൃതി


കോഴിക്കോട് ജില്ലയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് അക്ഷാംശം 11ഡിഗ്രി 8'ക്കും 11ഡിഗ്രി 40'ക്കും N രേഖാംശം 75 ഡിഗ്രി 33'ക്കും 75 ഡിഗ്രി 36' Eനും ഇടയിൽ 900 ഹെക്ടർ വിസ്തൃതിയിൽ കിടക്കുന്ന പഞ്ചായത്താണ് ഒഞ്ചിയം. വടക്ക് അഴിയൂർ പഞ്ചായത്ത്, തെക്ക് ചോറോട് പഞ്ചായത്ത്, കിഴക്ക് ഏറാമല പഞ്ചായത്ത് പടിഞ്ഞാറ് അറബിക്കടൽ എന്നിവയാണ് പഞ്ചായത്തിന്റെ അതിരുകൾ. 11 വാർഡുകളിലായി 20 മുതൽ 40 മീറ്റർ വരെ ഉയരമുള്ള ഒട്ടേറെ കുന്നുകളും പഞ്ചായത്തിലുണ്ട്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ എട്ട്മേഖലകളാക്കി തിരിക്കാം.

പട്ടിക I- 1

| ക്രമ നമ്പർ | മേഖല | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന സമതലം | 102 ഹെക്ടർ | 11.3 |
| 2. | ചെങ്കുത്തായ ചരിവ് | 21 " | 2.3 |
| 3. | ഇടത്തരം ചെരിവ് | 54 " | 6 |
| 4. | ചെറു ചെരിവ് | 124 " | 13.8 |
| 5. | താഴ്ന്ന ചരിവ് | 116 " | 12.9 |
| 6. | താഴ്വര | 196 " | 32.9 |
| 7. | ചതുപ്പ് നിലം | 39 " | 4.3 |
| 8. | തീര സമതലം | 124 " | 13.8 |

# ONCHIAM PANCHAYAT
## LAND FORM



വല്ലത്ത് കുന്ന്, എടക്കണ്ടി കുന്ന്, കോളേജ് കുന്ന് എന്നിവയാണ് പഞ്ചായത്തിൽ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ. 2.5 കി.മീ. നീളമുള്ള കടലോര പ്രദേശത്തിന് 163 ഹെക്ടർ വിസ്തൃതിയുണ്ട്. ഇതിൽ 39 ഹെക്ടർ ചതുപ്പ് നിലമാണ്. 417 ഹെക്ടർ വിസ്തൃതിയുള്ള ചെമ്മൺ പ്രദേശമാണ് പഞ്ചായത്തിൽ കൂടുതൽ.

**ജനപ്രകൃതി**

1991ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 24,886 ആണ് പഞ്ചായത്തിലെ ജനസംഖ്യ. ഇതിൽ 11,861 പുരുഷന്മാരും 12,995 സ്ത്രീകളുമാണ്. 6 വയസ്സിനു താഴെയുള്ള 3,283 കുട്ടികളിൽ 1,670 ആൺകുട്ടികളും 1,613 പെൺകുട്ടികളുമാണ്. വിദ്യാഭ്യാസ രംഗത്ത് ജില്ലയിലെ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നായ ഒഞ്ചിയത്ത് സാക്ഷരതാ ശതമാനം 93 ആണ്. 9,793 പുരുഷന്മാരും 10,212 സ്ത്രീകളും സാക്ഷരരാണ്. പ്രൈമറി ഹെൽത്ത് സെന്റർ രേഖ പ്രകാരം പഞ്ചായത്തിലെ നിലവിലുള്ള ജനസംഖ്യ 26,851 ആണ്. ഇതിൽ 9,004 പുരുഷന്മാരും 9, 797 സ്ത്രീകളും 8,050 കുട്ടികളുമാണ്. ജനസംഖ്യയുടെ വാർഡ് തിരിച്ചുള്ള കണക്ക് പട്ടികയിൽ കൊടുക്കുന്നു.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മയാണ് പഞ്ചായത്ത് നേരിടുന്ന ഒരു ഗുരുതരമായ പ്രശ്നം. ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്. എങ്കിലും പുതിയ തലമുറയിൽ പെട്ട വിഭാഗങ്ങൾ ഈ മേഖലയിൽ നിന്നും കെട്ടിട നിർമ്മാണ മേഖലയിലേക്കു പോകുന്ന പ്രവണതയാണ് ഉള്ളത്. സാക്ഷരതാ നിരക്കിൽ പുരുഷന്മാരുടെ മുമ്പിലാണ് സ്ത്രീകളെങ്കിലും തൊഴിൽ പങ്കാളിത്ത നിരക്കിൽ അവർ വളരെ പിന്നോക്ക അവസ്ഥയിലാണ്. അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്തവരുടെ എണ്ണത്തിൽ മഹാ ഭൂരിപക്ഷവും സ്ത്രീകളാണ്.

**ജലപ്രകൃതി:-**

93 കുളങ്ങൾ, 3,000 ൽ പരം കിണറുകൾ, 14 കിലോമീറ്റർ നീളത്തിൽ തോടുകൾ വർഷത്തിൽ ശരാശരി 3,200 mm മഴ. ഇവയാണ് പഞ്ചായത്തിലെ പ്രധാന ജലവിഭവങ്ങൾ. ഇവയുടെ പരിപാലനത്തിന് വേണ്ടത്ര ഗൗരവമുള്ള സമീപന രീതിയല്ല നിലവിലുള്ളത് എന്നതുകൊണ്ട്തന്നെ ജനുവരി മാസം മുതൽ തന്നെ ജലക്ഷാമം അനുഭവപ്പെടുന്നു. പഞ്ചാ

പട്ടിക 1 – 2


| ക്രമ നമ്പർ | വാർഡ് | പുരുഷൻ | സ്ത്രീ | കുട്ടികൾ | ആകെ |
|---|---|---|---|---|---|
| 1. | I | 822 | 910 | 702 | 2,434 |
| 2 | I | 790 | 886 | 658 | 2,334 |
| 3 | III | 804 | 896 | 656 | 2,356 |
| 4 | IV | 676 | 816 | 608 | 2,160 |
| 5 | V | 992 | 916 | 800 | 2,708 |
| 6 | VI | 834 | 849 | 629 | 2,312 |
| 7. | VII | 658 | 678 | 790 | 2,126 |
| 8 | VIII | 915 | 901 | 962 | 2,778 |
| 9 | IX | 973 | 1,003 | 1,000 | 2,976 |
| 10. | X | 732 | 932 | 589 | 2253 |
| 11 | XI | 818 | 1,010 | 596 | 2,424 |
| ആകെ | — | 9,004 | 9,797 | 8,050 | 26,851 |

യത്തിലെ കുളങ്ങളുടെ വിശദ വിവരം പട്ടികക I-3ൽ കൊടുക്കുന്നു

പട്ടിക 1 - 3

| വാർഡ് | കെട്ടിയത് | കെട്ടാത്തത് | ആകെ |
|---|---|---|---|
| I | 1 | 1 | 2 |
| I | 3 | 9 | 12 |
| III | 4 | 5 | 9 |
| IV | 2 | 14 | 16 |
| V | 2 | 23 | 25 |
| VI | 6 | 7 | 13 |
| VII | 1 | 4 | 5 |
| VIII | 2 | — | 2 |
| IX | 1 | — | 1 |
| X | 1 | 1 | 2 |
| XI | 2 | 4 | 6 |
| ആകെ | 25 | 68 | 93 |

ജൂൺ ജൂലൈ മാസങ്ങളിലാണ് പഞ്ചായത്തിൽ കൂടുതൽ മഴ ലഭിക്കുന്നത്. കഴിഞ്ഞ 5 വർഷങ്ങളിലായി ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മഴ പെയ്തിട്ടില്ല. (94 മാർച്ച് ഒഴികെ)



കഴിഞ്ഞ 5 വർഷത്തെ മഴയുടെ അളവ് പട്ടികയിൽ

പട്ടിക 1 - 4

| വർഷം | ജനു | ഫെബ്രു | മാർ | ഏപ്രി | മെയ് | ജൂൺ | ജൂലൈ | ആഗ | സെപ്ത | ഒക്ടോ | നവ | ഡി |
|---|---|---|---|---|---|---|---|---|---|---|---|---|
| 91 | — | — | — | 84 | 90 | 1248 | 1047 | 394 | 76 | 201 | 68 | 0 |
| 92 | — | — | — | 55 | 140 | 11205 | 972 | 665.5 | 232.2 | 106.6 | 321 | 0 |
| 93 | — | — | — | 19 | 193 | 916 | 946.5 | 267.3 | 90.7 | 311.2 | 92.3 | 80 |
| 94 | — | — | 20 | 235 | 154.3 | 1180.2 | 1160 | — | 195.8 | 344 | 65 | 0 |
| 95 | — | — | — | 5.2 | 151.2 | 852.5 | 9174 | 454 | 134.2 | 201 | 36 | 0 |

ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പ്രദേശങ്ങളെ 4 ഭാഗങ്ങളാക്കി തിരിക്കാം.


പട്ടിക 1- 5

| പ്രദേശം | വിസ്തൃതി/ഹെക്ടർ | ശതമാനം |
|---|---|---|
| വരണ്ട പ്രദേശം | 34 | 3.8 |
| താഴ്ന്ന ജലലഭ്യതയുള്ള പ്രദേശം | 102 | 11.3 |
| ഇടത്തരം ജലലഭ്യതയുള്ള പ്രദേശം | 442 | 49 |
| ഉയർന്ന ജലലഭ്യതയുള്ള പ്രദേശം | 322 | 35.8 |

പൊതുവെ ജലലഭ്യതയുള്ള പ്രദേശമാണ് ഒഞ്ചിയം. ഈ വിഭവ സാധ്യത ഉപയോഗപ്പെടുത്തിയാൽ കാർഷിക പുരോഗതിക്ക് ആക്കം കൂട്ടാൻ കഴിയും.

# ONCHIAM PANCHAYAT

## WATER AVAILABILITY



# കൃഷി

*(അവലംബം : വിഭവഭൂപടം, ദ്വിതീയ വിവരങ്ങൾ, വിഭവ അവലോകന റിപ്പോർട്ട്, നാട്ടറിവ്)*

കാർഷിക മേഖലക്ക് പ്രാമുഖ്യമുള്ള ഒഞ്ചിയം പഞ്ചായത്തിൽ, ഈ നൂറ്റാണ്ടിന്റെ ആരംഭത്തിന് മുമ്പു തന്നെ മിക്കവാറും പ്രദേശങ്ങളിൽ കൃഷി വ്യാപിച്ചിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ആരംഭകാലം മുതൽക്കു തന്നെ 'കൃഷിഭൂമി കൃഷിക്കാരന്' എന്ന മുദ്രാവാക്യം ഉയർന്നു വന്ന പ്രദേശമാണിത്. സ്വാതന്ത്ര്യ പ്രാപ്തിക്ക് ശേഷം ഭൂപരിഷ്കരണ നിയമങ്ങൾ നടപ്പിൽ വന്നതോടു കൂടി കർഷകർക്ക് ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുകയും ജന്മിത്ത വ്യവസ്ഥ പാടെ ഇല്ലാതാവുകയും ചെയ്തു. ഭൂമിയിൽ ഗണ്യമായ ഭാഗം ബ്രഹ്മസ്വവും, ദേവസ്വവും കോവിലകം സ്വത്തുമായിരുന്നു. പാട്ടം, വാരം എന്നീ വ്യവസ്ഥകളിലാണ് ഭൂമി കൃഷിക്കാർക്ക് പതിച്ചു നൽകിയിരുന്നത്. കാർഷിക കാലാവസ്ഥയനുസരിച്ച് ഈ പ്രദേശം വടക്കൻ മധ്യദേശ മേഖല (Northern Mid Land Zone) യിൽ ഉൾപ്പെടുന്നു. ചാക്രിക കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കാർഷിക മേഖലയിലെ ഉല്പാദനത്തെ സാരമായി സ്വാധീനിക്കുന്നുണ്ട്.


കുന്നിൻ പ്രദേശം, ചെരിവ് പ്രദേശം, താഴ്വരകൾ, ചതുപ്പ് നിലം, തീര സമതലം എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ഭൂപ്രകൃതി വിഭാഗങ്ങൾ.

ഇവയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു.




പട്ടിക I -1

| മേഖല | വിസ്തൃതി/ഹെക്ടറിൽ | ശതമാനം |
|---|---|---|
| കുന്നിൻ പ്രദേശം | 136 | 15 |
| ചെരിവ് പ്രദേശം | 315 | 35 |
| താഴ്വരകൾ | 296 | 33 |
| തീര സമതലം | 124 | 13.8 |
| ചതുപ്പ് നിലം | 39 | 4.3 |




പഞ്ചായത്തിന്റെ മൊത്ത വിസ്തൃതിയിൽ ഒരു വലിയ ഭാഗം, ചരിവ് പ്രദേശമാണെന്ന് പട്ടിക I-1ൽ നിന്നും മനസ്സിലാക്കാം. കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയാത്ത ചതുപ്പ് പ്രദേശം കേവലം 39 ഹെക്ടർ മാത്രമേയുള്ളൂ





കുന്നിൻ പ്രദേശത്തിൽ 3.22 ഹെക്ടർ പ്രദേശം തരിശു നിലമാണ് ഇതിന്റെ ഉയരമാകട്ടെ 20 മുതൽ 40 മീറ്റർ വരെയാണ്. പഞ്ചായത്തിൽ നിമ്നോന്നമായി കിടക്കുന്ന ഭൂപ്രദേശങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക I - 2

| ക്രമ നമ്പർ | വാർഡ് നമ്പർ | പ്രദേശം | ഉയരം മീറ്ററിൽ |
|---|---|---|---|
| 1 | I | മാവിലക്കുന്ന് | 30 |
| 2 | I | KER കുന്ന് | 20 |
| 3 | III | ചാമക്കുന്ന് | 40 |
| 4 | IV | മലോൽക്കുന്ന് | 40 |
| 5 | V | വേവറക്കുന്ന് | 20 |
| 6 | VI | കണ്ണാടിക്കുന്ന് | 20 |
| 7 | VII | എടക്കണ്ടി കുന്ന് | 40 |
| 8 | VIII | മാച്ചിനാരി കുന്ന് (കക്കാട് കുന്ന്) | 40 |
| 9 | X, XI | വല്ലത്ത് കുന്ന് | 40 |



കുന്നിൻ പ്രദേശത്തുള്ള 34 ഹെക്ടർ ചെങ്കൽപ്പാറയാണെങ്കിൽ ബാക്കി




വരുന്ന സ്ഥലവും ചെരിവ് പ്രദേശവും ചെമ്മൺ ഭൂമിയാണ്. കൃഷിക്കുപയുക്തമാക്കാൻ കഴിയുന്ന പ്രദേശങ്ങളെക്കുറിച്ച് ഏകദേശ വിവരം ലഭിക്കാൻ മൺതരങ്ങളുടെ പട്ടിക സഹായിക്കും

പട്ടിക I – 3

| മൺതരം | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| ചെമ്മൺ പ്രദേശം | 417 | 46 |
| ചെളിമൺ | 127 | 14 |
| പൂഴി കലർന്ന മൺപ്രദേശം | 169 | 18.8 |
| പൂഴി പ്രദേശം | 168 | 18.8 |
| ചെങ്കൽ പാറ | 34 | 3.8 |



ജന്മിത്ത വ്യവസ്ഥ നില നിന്നിരുന്ന കാലത്ത് ഭൂവുടമകൾ നാട്ടുപ്രമാണിമാരായ സവർണ്ണ മേധാവികളായിരുന്നു. ജന്മികുടിയാൻ ബന്ധത്തിൽ

കൃഷിക്കാർക്ക് കേവലം അടിമകളായി കഴിഞ്ഞു കൂടേണ്ടി വന്നു. നാടുവാഴികളുടെ കാര്യസ്ഥന്മാരും പടനായകന്മാരുമായിരുന്നു ജന്മികളിൽ ഏറിയ കൂറും. അവരിൽ നിന്ന് മറുപാട്ടത്തിന് സ്ഥലം ഏറ്റുവാങ്ങിയാണ് കർഷകർ കൃഷി ചെയ്തിരുന്നത്. പാട്ട കുടിശ്ശിക വരുത്തി അതൃപ്തി സമ്പാദിച്ചാൽ കുടിയാനെ ഒഴിപ്പിക്കാനും, കൈവശ ഭൂമി മറ്റൊരാൾക്ക് മേൽച്ചാർത്ത് കൊടുക്കുവാനും ജന്മിക്ക് അവകാശമുണ്ടായിരുന്നു. ജന്മിക്ക് കൃത്യമായ പാട്ടവും കാഴ്ചയും കാണിക്കയും നൽകി പ്രീതി സമ്പാദിച്ചാണ്, ബർമയിലും സിംഗപ്പൂരിലും ജോലി ചെയ്ത് തിരിച്ചു വന്നവർ ഫലഭൂയിഷ്ഠമായ പ്രദേശങ്ങൾ സ്വന്തമാക്കിയിരുന്നത്. മലബാറിൽ കർഷകപ്രസ്ഥാനം ശക്തിപ്പെട്ടതോടെ കർഷക തൊഴിലാളികൾക്ക് ഒരു നവചൈതന്യവും ഉണർവ്വും കൈവന്നു. പഴയ കുടിയാൻ തൊഴിലാളിയായി. കൃഷിഭൂമി കൃഷിക്കാരന് സ്വന്തമായി. പിന്നീട് വന്ന ഭൂപരിഷ്കരണ നിയമവും കുടിയൊഴിപ്പിക്കലിനെതിരെയുണ്ടായ സംഘടിത പ്രക്ഷോഭവും കർഷക ബന്ധ ബില്ലും, ഈ പ്രദേശത്തിന്റെ കാർഷിക രംഗത്തുള്ള വിപ്ലവാത്മകമായ പരിവർത്തനത്തിന് കാരണമായി. കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം ഏറെക്കുറെ എല്ലാവർക്കും ലഭിച്ചു. ഇന്ന് രണ്ട് ഹെക്ടർ വരെ സ്വന്തമായി കൈവശമുള്ള കൃഷിക്കാർ 19 പേർ മാത്രമാണ്.

ഭൂമി കൈവശക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക I – 4

| ദേശം | കൈവശക്കാരുടെ എണ്ണം | |
|---|---|---|
| | 0 – 1 ഹെക്ടർ | 1 – 2 ഹെക്ടർ |
| കണ്ണൂക്കര | 1,315 | 3 |
| ഒഞ്ചിയം | 1416 | 8 |
| ഊരാളുങ്കൽ | 1612 | 3 |
| വെള്ളികുളങ്ങര | 1624 | 3 |
| മടപ്പള്ളി | 437 | 2 |
| ആകെ | 6404 | 19 |

പഞ്ചായത്തിൽ ആകെ 6423 പേരാണ് സ്വന്തമായി ഭൂമിയുള്ളവർ. ഇവരിൽ 6404 പേർ ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ളവരാണ്. കേവലം ന്യൂനപക്ഷം മാത്രമാണ് ഒരു ഹെക്ടറിൽ കൂടുതൽ ഭൂമി സ്വന്തമായിട്ടുള്ളവർ. അപ്പോൾ ഇടത്തരം കർഷകരാണ് ഈ പ്രദേശത്ത് ഭൂരിപക്ഷമുള്ളതെന്ന് മനസ്സിലാക്കാം.



**കാലാവസ്ഥ:–**

മഴയെ മാത്രം ആശ്രയിച്ചുള്ള ഒരു കാർഷിക രീതിയാണ് പഞ്ചായത്തിൽ നില നിൽക്കുന്നത്. ഔദ്യോഗിക കണക്കനുസരിച്ച് വർഷത്തിൽ ശരാശരി 3200 മി.മി മഴയാണ് ഇവിടെ ലഭിച്ചു വരുന്നത്. ഇതിന്റെ 75 ശതമാനവും കാലവർഷത്തിലൂടെയാണ് കിട്ടുന്നത്. കഴിഞ്ഞ 10 വർഷമായി പെയ്യുന്ന മഴയുടെ പട്ടിക പരിശോധിച്ചാൽ മഴയുടെ അളവ് വർഷംതോറും

കുറഞ്ഞു വരുന്നതായി കാണാം. ഭീതിജനകമായ ഒരവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയെക്കുറിച്ചുള്ള പഠനത്തിന് ചുവടെ ചേർന്ന പട്ടിക സഹായിക്കും.

വർഷം തോറും ലഭിക്കുന്ന മഴയുടെ അളവ് :-

പട്ടിക I - 5


| വർഷം | മഴ മി. മീറ്ററിൽ |
|---|---|
| 1978 | 3407 |
| 1979 | 3262 |
| 1980 | 3491 |
| 1981 | 4980 |
| 1982 | 3370 |
| 1988 | 3205 |
| 1989 | 2742 |
| 1990 | 3239 |
| 1991 | 3433 |
| 1992 | 3613.8 |
| 1993 | 2746 |
| 1994 | 3409.5 |
| 1995 | 2751.5 |
| 1996 | 1972.2 |


1978 – 1982 കാലയളവിൽ ശരാശരി 3450 മി. മീറ്റർ മഴ പെയ്തപ്പോൾ 1988 – 1992 കാലയളവാകുമ്പോളേക്ക് അത് 3200 മി.മീറ്ററായി ചുരുങ്ങി. 1993 – 95 കാലഘട്ടത്തിൽ മഴ വീണ്ടും 3000 മി. മീറ്ററായി കുറഞ്ഞതായും കണക്കുകൾ സൂചിപ്പിക്കുന്നു. ജൂൺ – ജൂലായി മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മഴ ഏറ്റവും കുറയുന്നതാകട്ടെ മാർച്ച് – ഏപ്രിൽ മാസങ്ങളിലാണ്. 3 മാസം നീണ്ടുനിൽക്കുന്ന കാലവർഷത്തിനിടയിൽ എട്ടോ പത്തോ ദിവസമാണ് കനത്ത മഴ ലഭിക്കുന്നത്. താഴ്ന്ന പ്രദേശങ്ങളിൽ അതോടെ നീർക്കെട്ടുണ്ടാവുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ അന്തരീക്ഷ താപനില ഈ അവസരത്തിൽ വിശകലനം ചെയ്യുന്നത് ഉചിതമായിരിക്കും.

കഴിഞ്ഞ 4 വർഷമായി കോഴിക്കോട്ട് രേഖപ്പെടുത്തിയ അന്തരീക്ഷ താപനില സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക I - 6

| Year | Max / Min | Jan | Feb | Mar | Apr | May | June | July | Aug | Sep | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | Max | 31.5 | 32.2 | 32.6 | 33.1 | 30.8 | 29.6 | 28.1 | 28.2 | 29.6 | 31.1 | 30.7 | 32.1 |
| 1990 | Min | 22.2 | 22.9 | 24.7 | 27.0 | 24.9 | 24.0 | 23.0 | 23.6 | 24.4 | 24.3 | 23.8 | 23.1 |
| 1991 | Max | 31.7 | 32.3 | 33.1 | 33.4 | 33.7 | 29.4 | 29.3 | 285 | 30.7 | 30.8 | 31.5 | 31.4 |
| 1991 | Min | 23.1 | 23.4 | 26.0 | 26.6 | 26.9 | 24.6 | 23.7 | 23.4 | 24.3 | 24.2 | 23.8 | 21.9 |
| 1992 | Max | 31.4 | 31.7 | 32.6 | 33.0 | 32.6 | 29.9 | 28.2 | 28.3 | 29.6 | 30.6 | 30.9 | 31.9 |
| 1992 | Min | 21.0 | 23.3 | 24.7 | 26.0 | 25.8 | 24.5 | 23.3 | 23.8 | 23.8 | 23.8 | 23.8 | 21.7 |
| 1993 | Max | 31.4 | 31.9 | 32.6 | 33.4 | 33.4 | 30.2 | 28.7 | 29.1 | 30.1 | 30.5 | 31.6 | 31.5 |
| 1993 | Min | 21.4 | 22.8 | 25.1 | 26.2 | 26.3 | 24.6 | 23.5 | 23.8 | 24.0 | 24.1 | 24.1 | 23.0 |
| 1994 | Max | 32.0 | 32.1 | 33.0 | 32.5 | 32.8 | 29.1 | 27.8 | 28.8 | 30.7 | 31.3 | 32.1 | 32.0 |
| 1994 | Min | 22.9 | 24.0 | 25.4 | 25.5 | 26.1 | 23.7 | 22.9 | 23.6 | 23.8 | 23.9 | 23.9 | 22.3 |







1990 മുതൽ 94 വരെയുള്ള അന്തരീക്ഷ താപനിലയുടെ പട്ടിക പരിശോധിച്ചാൽ, ശരാശരി ഏറ്റവും ഉയർന്ന ചൂട് 30 ഡിഗ്രി സെൽഷ്യസ് ആണെന്നും ഏറ്റവും കുറഞ്ഞ താപനില 23 ഡിഗ്രി സെൽഷ്യസ് ആണെന്നും മനസ്സിലാക്കാം. താരതമ്യേന കൂടുതൽ ചൂട് അനുഭവപ്പെടുന്ന ഏപ്രിൽ , മെയ് മാസങ്ങളിൽ അന്തരീക്ഷോഷ്മാവ് ക്രമാതീതമായി വർദ്ധിച്ചിട്ടില്ലെന്നും അനുമാനിക്കാൻ കഴിയും. എന്നാൽ വർഷം തോറും ലഭിക്കുന്ന മഴയുടെ അളവ് കുറഞ്ഞു വരുന്നതും ചൂട് കൂടി വരുന്നതും പ്രകൃതിയുടെ അസന്തുലിതാവസ്ഥ മൂലം കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തെയാണ് സൂചിപ്പിക്കുന്നത്.


നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെയും മൺതരങ്ങളുടെയും, കാലാവസ്ഥയുടെയും അടിസ്ഥാനത്തിൽ കാർഷികോല്പാദനം വർദ്ധിപ്പിക്കാനുതകുന്ന മട്ടിൽ ഭൂമി ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നത് തികച്ചും സംഗതമാണ്. ഭൂവിനിയോഗ വിവരണം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക I - 7

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത ഹെക്ടറിന് |
|---|---|---|---|
| നെല്ല് ഒന്നാം വിള | 3 ഹെക്ടർ | 3600 കി.ഗ്രാം | 1200 കി.ഗ്രാം |
| പച്ചക്കറികൾ | 2 ഹെക്ടർ | | |
| തെങ്ങ് | 692 ഹെക്ടർ | 3653760 എണ്ണം | 5280 എണ്ണം |
| വാഴ | 15 ഹെക്ടർ | 375000കി.ഗ്രാം | 3750 കി.ഗ്രാം. |
| മരച്ചീനി | 4.5 ഹെക്ടർ | 90000 കി.ഗ്രാം. | 20000 കി.ഗ്രാം. |
| കുരുമുളക് | 5 ഹെക്ടർ | 30000 കി.ഗ്രാം. | 6000 കി ഗ്രാം. |
| ഇടവിള | | | |
| കശുമാവ് | 4 ഹെക്ടർ | 5760 കി.ഗ്രാം. | 1440 കി.ഗ്രാം |



# ONCHIAM PANCHAYAT
## ENVIRONMENTAL APPRAISAL



വൃക്ഷസാന്ദ്രത, നീർക്കെട്ട്, ജലസേചന സൗകര്യക്കുറവ്, കുറ്റമറ്റ വള പ്രയോഗത്തിന്റെ അഭാവം തുടങ്ങിയവ തെങ്ങിന്റെ ഉല്പാദനം കുറയ്ക്കുന്ന ഘടകങ്ങളാണ്. ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ഉണ്ടായ പിന്നോക്കാവസ്ഥ കാർഷിക മേഖലയാകെ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്.

ഭൂമി സംബന്ധിച്ച വിവരങ്ങൾ :-

പട്ടിക I -8

| ഇനം | വിസ്തീർണ്ണം ഹെക്ടർ | ശതമാനം |
|---|---|---|
| നിലം | 3 ഹെക്ടർ . | 3 |
| പുരയിടം | 874.34 ഹെക്ടർ | 97 |
| തരിശ് | 3.22 ഹെക്ടർ | .36 |
| പുറംപോക്ക് | 32 ഹെക്ടർ | 3.5 |


ഒഞ്ചിയം, വെള്ളിക്കുളങ്ങര, കണ്ണൂക്കര എന്നീ ദേശങ്ങളിലായി 1950കളിൽ 584 ഹെക്ടർ വ്യാപിച്ചു കിടന്നിരുന്ന നെൽ വയലുകൾ ഇന്ന് കേവലം 3 ഹെക്ടറായി ചുരുങ്ങിയിരിക്കുകയാണ്. കാർഷിക മേഖലയിൽ മാറിമാറി വരുന്ന പരിതസ്ഥിതികൾ മൂലം വിളക്രമത്തിൽ സാരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് കാണാം. ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലുമ ഉണ്ടായ അപചയം പഞ്ചായത്തിലെ കാർഷികമേഖല നേരിടുന്ന ഗൗരവതരമായ വെല്ലുവിളികളാണ്. 50കളുടെ അവസാനത്തോടെ നിലവിൽവന്ന കുടിയായ്മ നിയമം പാട്ടകുടിയാന്മാർക്ക് സംരക്ഷണം നൽകിയതോടെ പാടങ്ങൾ നികത്തി തെങ്ങ് നടാൻ തുടങ്ങി. ഫലഭൂയിഷ്ഠമായ തീര സമതലങ്ങളിൽ തെങ്ങ് കൃഷി ആദായകരമായിരുന്നതിനാലും, തേങ്ങക്ക് താരതമ്യേന ഉയർന്ന വില ലഭിച്ചിരുന്നതിനാലും നെൽ വയലുകൾ തെങ്ങിൻതോപ്പുകളായി മാറി. 1971ലെ ഭൂപരിഷ്കരണ നിയമം ഈ രീതിക്ക് ആക്കം കൂട്ടുകയും ചെയ്തു. നെൽകൃഷി ആദായകരമല്ലാതായിത്തീരുകയും, തെങ്ങ് കൃഷി ലാഭകരമായി മാറുകയും ചെയ്തതോടെ ആളുകൾ ആ വഴിയിലേക്ക് ആകൃഷ്ടരായി. കർഷക തൊഴിലാളികളുടെ പിൻമുറക്കാർ സുരക്ഷിതവും മാന്യവുമായ മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറിപ്പോയതും നെൽകൃഷിയുടെ അപചയത്തിന് കാരണമായി.

പഞ്ചായത്തിലെ പ്രധാന കാർഷിക വിള തെങ്ങാണ്. 692 ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ തെങ്ങ് കൃഷി ഉള്ളത്. കഴിഞ്ഞ നാലര ദശകത്തിനിടയിൽ വിളക്രമത്തിലുണ്ടായ വമ്പിച്ച മാറ്റത്തിലൂടെയാണ് തെങ്ങ്കൃഷി വ്യാപിച്ചത്. കൃഷിഭവൻ രേഖപ്രകാരം പഞ്ചായത്തിലെ തേങ്ങയുടെ ഉല്പാദനം തെങ്ങൊന്നിന് 26 ആണ്. എന്നാൽ സംസ്ഥാന ശരാശരി തെങ്ങൊന്നിന് 40 തേങ്ങയാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതോടൊപ്പം തന്നെ ഇടവിളയായി പണ്ട് കൃഷി ചെയ്തിരുന്ന ചേമ്പ്, ചേന, കാച്ചിൽ, മുത്താറി, മധുരക്കിഴങ്ങ്, കൂവ, ഇഞ്ചി,



# ONCHIAM PANCHAYAT

## LANDUSE




404

മഞ്ഞൾ, പയർ തുടങ്ങിയവയെല്ലാം നാമാവശേഷമായി. പണ്ട് നെല്ല്, പയർ പച്ചക്കറി എന്നതായിരുന്നു പാടങ്ങളിലെ സാധാരണ വിളക്രമം. പുരയിട കൃഷികളായ കുരുമുളക്, കപ്പ, വാഴ, പച്ചക്കറി , പ്ലാവ്, മാവ് തുടങ്ങിയ വയും നാശോന്മുഖമായി. തെങ്ങ് മാത്രമാണ് ഇപ്പോൾ മിക്ക പുരയിടങ്ങ ളിലും കൃഷി ചെയ്യുന്നത്. വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ജനസം ഖ്യയും കാർഷിക മേഖലയെ സ്വാധീനിച്ച മറ്റൊരു ഘടകമാണ്. കെട്ടിട നിർമ്മാണം, അന്ധമായ വികസന ഭ്രമം, ഉപഭോഗ സംസ്ക്കാരം, അശാ സ്ത്രീയമായ റോഡ് നിർമ്മാണം, ചുറ്റുമതിൽ, നഗരവൽക്കരണം തുട ങ്ങിയവയെല്ലാം കാർഷിക മേഖലയെ സാരമായി ബാധിച്ച പ്രത്യക്ഷവും പരോക്ഷവുമായ ഘടകങ്ങളാണ്. നീർക്കെട്ടിന് പലപ്പോഴും കാരണമാ യിത്തീരുന്നത് ഇത്തരം തല തിരിഞ്ഞ വികസന പ്രവർത്തനങ്ങളാണ്. പഞ്ചായത്തിലെ എടക്കണ്ടി കുന്ന്, വല്ലത്ത്കുന്ന് എന്നിവയുടെ താഴ്വര കളും, പുന്നേരി താഴ, മനക്കൽ താഴ, മണിയാങ്കണ്ടി എന്നീ പ്രദേശങ്ങളും പാടം നികത്തപ്പെട്ടതുമൂലമുണ്ടായ നീർക്കെട്ടു കാരണം കൃഷി അസാ ദ്ധ്യമാക്കിത്തീർത്ത സ്ഥലങ്ങളാണ്.

ഇവിടങ്ങളിൽ പണ്ട് വ്യാപകമായ തോതിൽ തന്നെ ഇടവിള കൃഷി കൾ ഉണ്ടായിരുന്നു. രണ്ടാം വിളക്ക് ശേഷം നെൽ വയലുകളിൽ നടത്താ റുള്ള വെള്ളരി, തണ്ണിമത്തൻ, പയർ, കപ്പ, ചീര തുടങ്ങിയ കൃഷികൾ നശിച്ചിരിക്കയാണ്. പഞ്ചായത്തിൽ ഉണ്ടായിരുന്ന വാഴകൃഷി ഇപ്പോൾ നാമമാത്രമായി ചുരുങ്ങിയിരിക്കയാണ്.

ഭൂവിനിയോഗമാറ്റങ്ങൾ സൂചിപ്പിക്കുന്ന പട്ടിക

പട്ടിക I - 9

| മേഖല | 1975 -79 | 1991 | 1996 | മാറ്റം | |
|---|---|---|---|---|---|
| | ഹെക്ടർ | ഹെക്ടർ | ഹെക്ടർ | 76 - 91 | 91 - 96 |
| കാലാനുസൃതമായ വിളകൾ | 224 | 23 | 17 | - 201 | - 6 |
| നെൽകൃഷി | 164 | 22 | 3 | - 142 | - 19 |
| കാർഷികേതര ഇനം | — | — | 126 | — | - |

1975 - 96 കാലയളവുകളിൽ ഭൂവിനിയോഗത്തിലുണ്ടാവുന്ന മാറ്റങ്ങ ളാണ് മുകളിൽ പട്ടികയിൽ സൂചിപിച്ചിട്ടുള്ളത്. നെൽകൃഷി, കാലാനു സൃതമായ വിളകൾ എന്നിവ കുറഞ്ഞു വരുമ്പോൾ കാർഷികേതര ഉപ യോഗത്തിനാണ് (കെട്ടിടം നിർമ്മാണം) ഭൂമി കൂടുതലും ഉപയോഗിച്ചിട്ടു ള്ളത്.

പരമ്പരാഗതമായ കാർഷിക രീതികളും, ഉപകരണങ്ങളും, വിത്തുകളും വളപ്രയോഗങ്ങളുമാണ് പണ്ട് നാം കൃഷിരംഗത്തുപയോഗിച്ചിരുന്നത്. കന്നിമാസം 23 ന് തുടങ്ങുന്ന 7 ദിവസത്തെ ചിത്ര ഞാറ്റുവേല കാലത്ത് മരച്ചീനി കൃഷി പാടില്ലെന്നും, നെല്ലിന് പുഴുബാധ കൂടുമെന്നും ഇവി ടുത്തെ പഴമക്കാർ സ്വാനുഭവത്തിലൂടെ വിശ്വസിച്ചു. അവർ ആ 7 ദിവ സവും കാർഷിക രംഗത്തു നിന്നും ഒഴിഞ്ഞുനിൽക്കും. എന്നാൽ തുലാ മാസത്തിലെ ചിത്ര ഞാറ്റുവേല കൃഷിക്ക് വളരെ പ്രയോജനകരമായിരുന്നു. 7 നാൾ കഴിഞ്ഞ് ലഭിക്കുന്ന മഴ 'അമൃതവെള്ള' മായിട്ടായിരുന്നു അവർ



കണക്കാക്കിയിരുന്നത്. മേടത്തിൽ ചാഴിസമയം നോക്കി വിത്തിടുന്ന സമ്പ്രദായം അന്ന് നിലവിലുണ്ടായിരുന്നു. മരച്ചീനിയില പൊട്ടിച്ച് അതിൽ പാലൂറുന്നുണ്ടെങ്കിൽ വിത്തിടുകയും പാലില്ലാത്തപ്പോൾ വിത്തിട്ടാൽ നെല്ല് ചാഴിയായിപ്പോകുമെന്നുമുള്ള അനുഭവത്തിന്റെ നാട്ടറിവ് കൃഷിക്കാർക്കുണ്ടായിരുന്നു. തിരുവാതിര ഞാറ്റുവേലക്കാലം എന്തും നട്ടുവളർത്തുന്നകാലമായിരുന്നു. ഇത്തരം നാട്ടറിവുകളുടെ നഷ്ടവും ഋതുചക്രത്തിന്റെ താളക്കേടും നമ്മുടെ പാരമ്പര്യ കൃഷിരീതികളെ നാശോന്മുഖമാക്കി.


വിത്തുകൾ ശേഖരിച്ച് സൂക്ഷിക്കുന്ന സമ്പ്രദായം അന്ന് നിലവിലുണ്ടായിരുന്നു. ഓരോ കാലത്തിനും അനുയോജ്യമായ നെൽവിത്തുകളും, ഓരോ പ്രദേശത്തിനും ചേർന്ന തെങ്ങിൻ തൈകളും അക്കാലത്ത് സംഭരിക്കപ്പെട്ടിരുന്നു. പുതിയതും പഴയതുമായ വിത്തിനങ്ങളുടെ വിശദവിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

പഴയകാല നെൽവിത്തുകൾ :-

പട്ടിക I - 10

| നമ്പർ | ഇനം | കൊയ്ത്തുകാലം | പ്രത്യേകത |
|---|---|---|---|
| 1 | തവളക്കണ്ണൻ | കന്നി | |
| 2. | വലിയ കയ്മ | കന്നി | |
| 3. | ചെറു കയ്മ | കന്നി | |
| 4. | ഓക്കതൊണ്ണൂരാൻ | കന്നി | കരപ്പറമ്പിൽ വിത്തിടാം |
| 5. | കുഞ്ഞി വിത്ത് | കന്നി | |
| 6. | വെളുത്താൻ | കന്നി | |
| 7. | ആര്യൻ | കന്നി | |
| 8. | ചിറ്റേരി | മകരം | |
| 9. | മുണ്ടോൻ | മകരം | വെള്ളത്തിൽ നടാം |
| 10. | കുട്ടാടൻ | മകരം | ഏത്വെള്ളപ്പൊക്കത്തിലും നടാം. |
| 11. | കോഴിവാലൻ | മകരം | |
| 12. | കുട്ടിക്കണ്ടപ്പൻ | മകരം | |

കാലത്തിനും കാലാവസ്ഥക്കും, അനുയോജ്യമായ വെള്ളത്തിലും കരയിലും കൃഷിയിറക്കാൻ കഴിയുന്നതുമായ വിത്തിനങ്ങൾ പണ്ട് ഉപയോഗിക്കപ്പെട്ടിരുന്നു *പുതിയ ഇനം നെൽ വിത്തുകൾ :-*



പട്ടിക I - 11

| | ഇനം | കൊയ്ത്തുമാസം |
|---|---|---|
| 1. | ഐ.ആർ.എട്ട് | കന്നി, മകരം |
| 2. | ജയ | കന്നി, മകരം |

| | | |
|---|---|---|
| 3. | ആയിരം കണ (മസൂരി) | കന്നി |
| 4. | ത്രിവേണി | കന്നി, മകരം |
| 5. | ജ്യോതി | പുഞ്ച |

പുതിയ ഇനം വിത്തുകൾ അത്യുൽപാദനശേഷി ഉള്ളവയാണെങ്കിലും തണ്ടുറപ്പും, പ്രതിരോധ ശേഷിയും കുറഞ്ഞവയാണ്. എന്നാൽ പഴയ ഇനം വിത്തുകൾക്ക് മേനി കുറവാണെങ്കിലും തണ്ടുറപ്പും പ്രതിരോധ ശേഷിയും ഉണ്ടായിരുന്നു ഏത് വെള്ളപ്പൊക്കത്തിലും അത്തരം നെല്ലുകൾക്ക് നാശം സംഭവിച്ചിരുന്നില്ല. പണ്ടുകാലത്ത് പൂഴിമൺ പ്രദേശത്തിനനുയോജ്യമായ ഈയത്തെങ്ങ്, ചെന്തെങ്ങ്, നച്ചൻതെങ്ങ് മുതലായ തെങ്ങിൻ തൈകളാണ് നട്ടിരുന്നതെങ്കിൽ ഇന്ന് T x D, D x T തുടങ്ങിയ സങ്കര ഇനം അത്യുല്പാദന ശേഷിയുള്ള തൈകളാണ് ഉപയോഗിക്കുന്നത്. ഉല്പാദനക്ഷമത പഴയ തെങ്ങിൻ തൈകൾക്കാണെന്ന് ഇന്നും ഗ്രാമീണ ജനങ്ങൾ വിശ്വസിക്കുന്നു.

പഴയ കാർഷിക ഉപകരണങ്ങളിൽ മിക്കവയും ഇന്ന് കാലഹരണപ്പെട്ടിരിക്കുന്നു. കട്ടക്കോൽ, കലപ്പ, നുകം തുടങ്ങിയവ പൂർണ്ണമായും അപ്രത്യക്ഷമായി. കാള പൂട്ടുന്ന രീതിയും നിലവിലില്ല. നെൽകൃഷി ഇല്ലാത്ത പഞ്ചായത്തായി പ്രഖ്യാപിക്കാൻ പാകത്തിലെത്തി നിൽക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ ഇത്തരം ഉപകരണങ്ങളും രീതികളും തിരിച്ചു വരാൻ ഇടയില്ല. ഇടവിളകൃഷികളായ വെള്ളരിയും, തണ്ണിമത്തനും മത്സരാടിസ്ഥാനത്തിൽ കൃഷി ചെയ്ത്. "വെള്ളേരിക്കുണ്ടിലെ" വെള്ളം ഉപയോഗിച്ച് നനച്ചു പന്തൽ കെട്ടി കാവലിരുന്ന് കഴിഞ്ഞുപോന്ന പഴയ അനുഭവങ്ങൾ വെറും കാർഷിക സ്മൃതികൾ മാത്രം.

(രാസവളപ്പട്ടിക)

പട്ടിക I - 12

| ക്രമ നമ്പർ | സ്ഥാപനം | 1993 - 94 | | 1994 - 95 | | 1995 - 96 | |
|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം. | കീടനാശിനി കി.ഗ്രാം. | രാസവളം കി.ഗ്രാം. | കീടനാശിനി കി.ഗ്രാം. | രാസവളം കി.ഗ്രാം. | കീടനാശിനി കി.ഗ്രാം. |
| 1 | സഹകരണം | 77113 | 5 | 71798 | 5 | 77900 | 6 |
| 2. | സ്വകാര്യം | — | — | — | — | 5500 | — |

കൃഷിക്ക് ചാണകം, വെണ്ണീർ, കംപോസ്റ്റ്, പച്ചിലവളം, മീൻവളം തുടങ്ങിയ ജൈവവളങ്ങളാണ് പണ്ട് ഉപയോഗിച്ചിരുന്നത്. രാസവളപ്രയോഗം ഒട്ടും തന്നെ ഉണ്ടായിരുന്നില്ല. ഇന്ന് മൂന്ന് രാസവള വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. ഇതിൽ രണ്ടെണ്ണം സഹകരണ സംഘങ്ങൾ നടത്തുന്നവയും ഒന്ന് സ്വകാര്യ വ്യക്തിയുടേതുമാണ്. ഈ സ്ഥാപനങ്ങൾ വഴി വിപണനം ചെയ്തു വരുന്ന രാസവളങ്ങളുടെയും കീടനാശിനികളുടെയും അളവ് ഓരോ വർഷവും കൂടി വരുന്നതായി കാണാം. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയമായ വളപ്രയോഗ രീതി ഇപ്പോഴും കൃഷിക്കാർ ശീലിച്ചിട്ടില്ല. എന്നാൽ ജൈവവളങ്ങളോട് പ്രതിപത്തി കാണിക്കുന്ന കർഷകരും പഞ്ചായത്തിൽ നിരവധിയാണ്. നമ്മുടെ മണ്ണിന്റെ ശരാശരി പി.എച്ച് മൂല്യം 5.5 ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.



പണ്ട് കാർഷിക വൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ഈ നാട്ടിലെ കർഷകരുടെ പിൻമുറക്കാർ മറ്റ് തൊഴിൽ മേഖലകൾ തേടിപ്പോവുകയാണ് ചെയ്യുന്നത്. ഭൂരിഭാഗം കർഷകരുടെയും കാർഷിക വരുമാനം വളരെ തുച്ഛ മാണ്. യുവതീയുവാക്കൾ കൃഷിപ്പണിയിൽ നിന്നും പിൻവാങ്ങി കെട്ടിട നിർമ്മാണജോലിയാണ് കൂടുതലായി ഇഷ്ടപ്പെടുന്നത്. തൊഴിൽ സുര ക്ഷിതത്വവും സാമൂഹിക മാന്യതയുമാണ് അവരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നത്. ഇതിൻഫലമായി കർഷക തൊഴിലാളികളുടെ എണ്ണം കുറയുകയും കൂലി നിരക്ക് ഗണ്യമായി വർദ്ധിക്കാൻ ഇടയാവുകയും ചെയ്യുന്നു. പണ്ട് കൃഷിപ്പണിക്ക്, പത്തിടങ്ങഴി നെല്ലിന് ഒരിടങ്ങഴി പതം കൂലിയായിരുന്നു ലഭിച്ചിരുന്നത്. ഇന്നാകട്ടെ ഉച്ചവരെയുള്ള കൃഷിപ്പണി ക്കൂലി പുരുഷന് 60 രൂപയും സ്ത്രീക്ക് 45 രൂപയുമാണ്. കെട്ടിടനിർമ്മാണ രംഗത്ത് ജോലി ചെയ്യുന്ന പുരുഷന് 100 മുതൽ 110 രൂപ വരെയും സ്ത്രീക്ക് 65 മുതൽ 75 രൂപ വരെയുമാണ് കൂലി.

മുമ്പ് ഒഞ്ചിയം സർവ്വീസ് സഹകരണ ബാങ്കിന് കീഴിൽ ഒരു കൊപ്ര സംഭരണ കേന്ദ്രം ഫലപ്രദമായി പ്രവർത്തിച്ചിരുന്നു. ഇന്ന് സഹകരണ രംഗത്ത് അത്തരം സംഭരണ കേന്ദ്രമോ വിപണിയോ ഇല്ല. വെള്ളിക്കുള ങ്ങര അങ്ങാടി പണ്ടുകാലത്ത് ഏറ്റവും ശ്രദ്ധിക്കപ്പെട്ട കൊപ്രവ്യാപാര കേന്ദ്രമായിരുന്നു. ഇന്ന് ഗ്രാമവാസികൾ ഇടനിലക്കാരായ നാടൻ കച്ചവട ക്കാരെയും വടകര കൊപ്ര മാർക്കറ്റിനെയുമാണ് ആശ്രയിക്കുന്നത്. നാളി കേര സംസ്ക്കരണയൂണിറ്റ് പഞ്ചായത്തിലില്ല കേര കർഷകരുടെ അഭി വൃദ്ധി ലക്ഷ്യമാക്കിക്കൊണ്ട് കേര സംരക്ഷണ സമിതി എന്ന പേരിൽ ഒരു സംഘടന പഞ്ചായത്തിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം നാമ മാത്രമാണ്. കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്ന രണ്ട് സഹകരണ ബാങ്കുകൾ പഞ്ചായത്തിലുണ്ടെങ്കിലും കാർഷിക വായ്പകൾ ഒന്നും തന്നെ ഈ സ്ഥാപനങ്ങൾ നൽകുന്നില്ല. പരിമിതമായ ധനസഹായം ലഭ്യമാക്കുന്ന രണ്ട് ഗ്രാമീണ ബാങ്ക് ശാഖകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ കർഷകരുടെ കാർഷികാഭിവൃദ്ധിക്കാവശ്യമായ ഉപ ദേശ – നിർദ്ദേശങ്ങൾ നൽകാനും, കൃഷി സംബന്ധമായ സഹായങ്ങൾ എത്തിക്കാനും ഒരു കൃഷിഭവൻ പ്രവർത്തിച്ചു വരുന്നുണ്ട്. ഒരു കൃഷി ഓഫീസറും, മൂന്ന് കൃഷി അസിസ്റ്റന്റുമാരുമാണ് അവിടെ ജോലി ചെയ്യു ന്നത്. സർക്കാർ വക നടീൽ വസ്തുക്കളുടെ വിതരണം, ദുരിതാശ്വാസ തുക വിതരണം, കൃഷി സംബന്ധമായ റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ ചട്ടപ്പടി ജോലിയിൽ കവിഞ്ഞ് മറ്റു കർഷക ക്ഷേമ പ്രവർത്തനങ്ങൾ ഫല പ്രദമായ നിലയിൽ നടക്കാറില്ല.

നടീൽ വസ്തുക്കളുടെ വിതരണ വിവരം കാണിക്കുന്ന പട്ടിക താഴെ ചേർക്കുന്നു :-

പട്ടിക I – 13

| ഇനം | വർഷം | | |
|---|---|---|---|
| | 1993 –94 | 1994 – 95 | 1995 – 96 |
| തെങ്ങ് | 375 | 350 | 400 |

| | | | |
|---|---|---|---|
| കശുമാവ് | — | — | — |
| കുരുമുളക് | 4600 | 4000 | 3000 |
| കവുങ്ങ് | 400 | — | — |
| നെല്ല് | 120 Kg | — | 12 Kg |
| പച്ചക്കറി | 750 കിറ്റ് | 750 കിറ്റ് | 490 കിറ്റ് |
| ഒട്ടുമാവ് | 32 | 20 | 48 |

ഇടവിളകൃഷികളും പച്ചക്കറി കൃഷികളും കുറഞ്ഞു വരുന്നതായി പട്ടികയിൽ നിന്നു മനസ്സിലാക്കാം.

പഞ്ചായത്തിലുള്ള ജലസേചന സൗകര്യങ്ങൾ പൂർണ്ണമായും വിനിയോഗിക്കുന്ന കാര്യത്തിൽ നാം കാണിക്കുന്ന അശ്രദ്ധയും കാർഷിക പുരോഗതിയെ പുറകോട്ട് വലിക്കുന്നുണ്ട്. 4, 6, 7, 8, 9 എന്നീ വാർഡുകളിലായി ഒഴുകുന്ന തോടുകളുടെ നീളം 14 കി. മീ. ആണ്. ഇവ മിക്കവാറും ഡിസംബർ മാസത്തോടെ വറ്റിപ്പോകുന്നവയാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ അഴിയൂർ ബ്രാഞ്ച് കനാൽ പഞ്ചായത്തിലെ 10 കി.മീറ്റർ പ്രദേശത്തിലൂടെയാണ് കടന്നു പോകുന്നത്. യഥാർത്ഥത്തിൽ കനാൽ, വരൾച്ചക്കും വെള്ളപ്പൊക്കത്തിനും കാരണമാകുന്നുണ്ട്. ആഴത്തിലുള്ള കുഴികളെടുത്തതിനാലും, മൺകൂനകളുയർന്നതിനാലും സ്വാഭാവികമായ നീരുറവകൾ അടഞ്ഞു പോയിട്ടുണ്ട്. ഈ കുഴികൾ വേനൽക്കാല വരൾച്ചയ്ക്ക് കാരണമായി തീരുന്നു. മാത്രമല്ല മഴക്കാലത്തെ നീരൊഴുക്കിന് തടസ്സമായി തീരുകയും വെള്ളപ്പൊക്കത്തിന് കാരണമാവുകയും ചെയ്യുന്നുണ്ട്. വെള്ളം തുറന്നു വിടുന്ന ഘട്ടത്തിൽത്തന്നെ വരൾച്ച പ്രദേശങ്ങൾക്ക് ഉപകാരം ലഭിക്കുന്നില്ല. കർഷകർക്ക് ആവശ്യമായ സമയത്തും അളവിലും ജലം ലഭ്യമാകുന്നില്ല. ജലസേചന ആവശ്യാർത്ഥം കൃഷിഭവന്റെ സഹായത്തോടെ സ്വകാര്യ വ്യക്തികൾ 67 കിണറുകൾ കുഴിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി 26 പമ്പുസെറ്റുകൾ കൃഷിഭവന്റെ സഹായത്തോടെ അനുവദിക്കപ്പെട്ടുവെങ്കിലും ഗാർഹിക ആവശ്യങ്ങൾക്കാണ് അവ ഉപയോഗിക്കുന്നത്. പഞ്ചായത്തിലുള്ള 93 (ആരാധനാലയങ്ങളിലെ കുളം ഉൾപ്പെടെ) കുളങ്ങളും ജലസേചനത്തിനുപയുക്തമാക്കാവുന്നതാണ്. പട്ടിക I– 3 ശ്രദ്ധിക്കുക. തീര സമതലം, താഴ്വാരം എന്നീ ഭൂവിഭാഗങ്ങളിൽ ഭൂനിരപ്പിൽ നിന്നും നാലു മീറ്റർ താഴെ വെള്ളം ലഭ്യമാണ്. മറ്റ് ഉയർന്ന പ്രദേശങ്ങളിലാകട്ടെ, 25 മീറ്ററോളം താഴ്ചയിലേ വെള്ളം ലഭിക്കുന്നുള്ളൂ. മാച്ചിനാരിക്കുന്ന് (കോളേജ്കുന്ന്) വല്ല്യത്ത്കുന്ന്, എടക്കണ്ടിക്കുന്ന്, മാവിലക്കുന്ന്, ചാമക്കുന്ന്, വേവറക്കുന്ന് എന്നിവയാണ് ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രധാന പ്രദേശങ്ങൾ. ഈ കുന്നുകളുടെ താഴ്വാര പ്രദേശങ്ങളിൽ ശക്തിയായ മണ്ണൊലിപ്പും അനുഭവപ്പെടുന്നുണ്ട്. വയലുകൾ വൻതോതിൽ നികത്തപ്പെട്ടതിനാൽ ഒരേ സമയം വെള്ളപ്പൊക്കവും വരൾച്ചയും അനുഭവപ്പെടുന്നുണ്ട്. കീടനാശിനികളുടെ വൻതോതിലുള്ള ഉപയോഗം കാർഷിക പുരോഗതിയുടെ അവിഭാജ്യ ഘടകങ്ങളായിരുന്ന നാടൻ തേനീച്ചകൾ, നമിച്ചി, തുടങ്ങിയ ജീവജാലങ്ങളുടെ നാശത്തിന് വഴിവെച്ചു. പുഴമത്സ്യങ്ങൾ ഇല്ലാതായതിനും ഇത് കാരണ

മായിട്ടുണ്ട്. തവളകളുടെ തിരോധാനം കൊതുകുകൾ പെരുകാൻ ഇടയാക്കി.

**നീർമറി വികസന പദ്ധതി:-**

മണ്ണ് – ജല സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന പരിപാടികൾക്ക് നേതൃത്വം കൊടുക്കാൻ “നെല്ലാച്ചേരിനീർമറി വികസന പദ്ധതി” എന്ന പേരിൽ ഒരു സമിതി പ്രവർത്തിക്കുന്നുണ്ട്. 1991ൽ ആരംഭിച്ച ഈ വികസന പദ്ധതി 96ൽ കാലാവധി പൂർത്തിയാവുകയാണ്. പദ്ധതി പ്രദേശത്ത് 22.5 കി.മീ. നീളത്തിൽ നീർച്ചാലുകളുണ്ട്. പഞ്ചായത്തിലെ 160 കുടുംബങ്ങൾക്ക് ഇതിന്റെ വിവിധ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്.

പട്ടിക I – 14

| പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | ഗുണഭോക്താക്കൾ | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക |
|---|---|---|---|---|---|---|---|---|---|
| നെല്ലാച്ചേരി വാട്ടർഷെഡ് | 200 ഹെ | 22.5 കി.മീ | 3 ലക്ഷം | 650 | 1991 | 1991 | 88 ഹെ | 160 | 1,1 ലക്ഷം |

**പ്രശ്നങ്ങൾ**

1. എല്ലാ വാർഡുകളിലും മണ്ണ് പരിശോധന നടത്തി അനുയോജ്യമായ വളപ്രയോഗങ്ങൾ കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്.
2. കൃഷിഭവന്റെ നേതൃത്വത്തിൽ നടക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം കർഷകർ അറിയുന്നില്ല.
3. വയൽ നികത്തൽ, കെട്ടിട നിർമ്മാണം, അശാസ്ത്രീയമായ റോഡ് നിർമ്മാണം ഇവ നീർക്കെട്ടിന് കാരണമാകുന്നു.
4. കനാൽ വഴിയുള്ള ജലസേചന സൗകര്യം യഥാസമയത്തും കാലത്തും ലഭ്യമാക്കേണ്ടതാണ്.
5. വെള്ളിക്കുളങ്ങര ഭാഗത്തുള്ള കനാലിലെ ശക്തിയായ ലീക്ക് തടയേണ്ടതാണ്.
6. ഇടവിളകൾ ഫലപ്രദമായി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
7. 30 സെന്റിൽ കുറഞ്ഞ ഭൂമിയുള്ള കർഷകർക്കും, കിണർ, കുളം, പമ്പ്സെറ്റ് എന്നിവക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണ്. ഇവ ആർക്കാണ് നൽകേണ്ടതെന്ന് കർഷകസമിതി തീരുമാനിക്കണം.
8. കാർഷിക രംഗത്തെ അജ്ഞത നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
9. ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുക.
10. കർഷകസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.
11. ആധുനിക കാർഷികോപകരണങ്ങളും അത്യുല്പാദനശേഷിയുള്ള വിത്തുകളും സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

12. മഴക്കാലജല (നീർമറി പദ്ധതി) സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതാണ്.
13. കാർഷിക രോഗപ്രതിരോധമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തേണ്ടതാണ്.
14. പഞ്ചായത്തിലുള്ള തോടുകളും, കുളങ്ങളും കിണറുകളും കൃഷിക്കുപയുക്തമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
15. തീരപ്രദേശത്തുള്ള തോടുകളിൽ ചീർപ്പ് നിർമ്മിക്കേണ്ടതാണ്.
16. കർഷകർക്ക് ദീർഘകാല സാമ്പത്തിക സഹായം ചുരുങ്ങിയ പലിശ നിരക്കിൽ ലഭ്യമാക്കേണ്ടതാണ്.
17. വൃക്ഷസാന്ദ്രത കുറയ്ക്കാൻ നടപടിയെടുക്കേണ്ടതാണ്.
18. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷികോല്പന്നങ്ങൾ സംഭരിക്കപ്പെടുന്നില്ല.
19. കാർഷിക വികസന ബേങ്കുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.
20. മത്സ്യകൃഷിക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക
21. കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.
22. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കേണ്ടതാണ്.
23. വാർഡടിസ്ഥാനത്തിൽ മാതൃകാ അടുക്കളത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.
24. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക
25. കൃഷി ഉദ്യോഗസ്ഥർക്ക് കർഷകരുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.
26. കാർഷിക വായ്പകൾക്ക് മുൻകാലങ്ങളിൽ നൽകിയിരുന്ന സബ്സിഡി പുനസ്ഥാപിക്കുക.
27. എലി, ചിതൽ എന്നിവയുടെ ഉന്മൂലന പദ്ധതികൾ കാര്യക്ഷമമാക്കുക. എലിനശീകരണ വാരം കൊണ്ടാടുക.
28. കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
29. കാർഷികോല്പന്നങ്ങളുടെ സംഭരണ ഏജൻസികൾ ആരംഭിക്കേണ്ടതാണ്.

**സാദ്ധ്യതകൾ**

1. കേര കർഷകസമിതിയുടെ നേതൃത്വത്തിൽ, കൃഷിഭവന്റെ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് പ്രചരണം നടത്തുക. കവലകളിൽ വാർത്താ ബോർഡുകൾ സ്ഥാപിക്കുക.
2. കനാൽ ജലസേചന കലണ്ടർ തയ്യാറാക്കുക.
3. പച്ചക്കറിത്തോട്ടവും വാഴകൃഷിയും നിർബന്ധമാക്കുക. ഒരു വീട്ടിൽ



10 വാഴയെങ്കിലും നിർബന്ധമാക്കുക.

4. കർഷകർക്കും കാർഷിക തൊഴിലാളികൾക്കും അംഗീകാരം ലഭിക്കുന്ന തരത്തിൽ സ്ക്കൂൾ പാഠ്യ പദ്ധതികൾ ക്രമപ്പെടുത്തേണ്ടതാണ്.

5. ജൈവവള കൃഷിരീതി പ്രോത്സാഹിപ്പിക്കുക.

6. ഫീൽഡ് ഉദ്യോഗസ്ഥർക്ക് (കൃഷിഭവൻ) ഇരുചക്രവാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

7. പഞ്ചായത്തിലെ എടക്കണ്ടി കുന്ന്, വല്ലത്തു കുന്ന് എന്നിവയുടെ താഴ്വരകളിലും, പുന്നേരി താഴ, മനക്കൽ താഴ, മണിയാംകണ്ടി എന്നീ പ്രദേശങ്ങളിലുമുള്ള നീർക്കെട്ട് ജലസേചനത്തിന് ഉപയുക്തമാക്കുന്ന തരത്തിൽ ജലസംഭരണികളാക്കി മാറ്റുകയോ, തോടുകൾ നിർമ്മിച്ച് നീർക്കെട്ട് ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.

8. വീട്ടുവളപ്പിൽ കംപോസ്റ്റ് കുഴികളും, ജലസംഭരണകുഴികളും നിർമ്മിക്കുക.





# മത്സ്യബന്ധനവും മൃഗസംരക്ഷണവും

## മത്സ്യബന്ധനം

കൃഷി കഴിഞ്ഞാൽ പഞ്ചായത്തിലെ പ്രധാന തൊഴിൽമേഖലയാണ് മത്സ്യബന്ധനം. പഞ്ചായത്തിലെ 20 % ത്തോളം ജനങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ടാണ് ഉപജീവനം നടത്തുന്നത്. വിപുലമായ രീതിയിൽ മത്സ്യബന്ധനവും വിപണനവും സംസ്ക്കരണവും നടത്തിയ ചരിത്രമാണ് ഒഞ്ചിയം പഞ്ചായത്തിനുള്ളത്. മടപ്പള്ളി കടലോരത്ത് മീനെണ്ണയും ജൈവവളവും മത്സ്യസംസ്ക്കരണവും നടത്തുന്ന വ്യവസായങ്ങൾ വളരെ സജീവമായിരുന്നു. ഇവയുടെ കയറ്റുമതി നാദാപുരം റോഡ് റെയിൽവേസ്റ്റേഷനിൽ നല്ല രീതിയിൽ നടന്നിരുന്നു. ഇന്ന് മത്സ്യബന്ധനത്തിനനുബന്ധമായി മേൽ സൂചിപ്പിച്ച വ്യവസായങ്ങളൊന്നും പഞ്ചായത്തിലില്ല.

പഞ്ചായത്തിൽ ഒന്ന്, ഏഴ്, എട്ട്, ഒൻപത് വാർഡുകളിലായി രണ്ടര കി.മീ ദൂരമാണ് കടൽത്തീരം. പഞ്ചായത്തിൽ 950ൽപ്പരം പേർ കടൽമത്സ്യബന്ധനരംഗത്ത് തൊഴിലെടുക്കുന്നു. വിപണനത്തിലും മറ്റുമായി 200ൽ അധികം ആളുകൾ ജോലി ചെയ്യുന്നുണ്ട്. തൊഴിലാളികളുടെ വാർഡ് തിരിച്ചുള്ള കണക്ക് പട്ടികയിൽ കൊടുക്കുന്നു.

പട്ടിക III - 1

| വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം | വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം | വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| I | 275 | V | 9 | IX | 126 |
| I | 10 | VI | 4 | X | 50 |
| III | 10 | VII | 140 | XI | 10 |
| IV | 10 | VIII | 329 | | |

ഇതിൽ സ്വന്തമായി വലയും വള്ളവും ഉള്ളവർ, വളരെ കുറച്ചുപേർ മാത്രമാണ്. സഹകരണസംഘത്തിൽ നിന്ന് ഗ്രൂപ്പടിസ്ഥാനത്തിൽ ഉപകരണങ്ങൾ ലഭ്യമായ കുറച്ചുപേരുണ്ട്.

വള്ളങ്ങളുടെ ഇനം തിരിച്ച് കണക്ക് ചുവടെ കൊടുക്കുന്നു.

പട്ടിക III - 2

| ഇനം | എണ്ണം | ഇനം | എണ്ണം |
|---|---|---|---|
| വള്ളങ്ങൾ വലുത് | 70 | ഗ്രൂപ്പടിസ്ഥാനത്തിൽ | 31 |
| ഫൈബർ | 8 | സ്വകാര്യ | — |
| ഓടങ്ങൾ ചെറുത് | 85 | മത്സ്യഫെഡ് സഹായം | 4 |
| ഫൈബർ | 8 | | |
| കല്ലുമ്മക്കായ തോണികൾ ചെറുത് | 10 | | |

പട്ടിക III - 3

| വള്ളങ്ങൾ | വലുത് | ചെറുത് | ഫൈബർ |
|---|---|---|---|
| യന്ത്രവൽക്കരിച്ചത് | 70 | 88 | 16 |
| യന്ത്രവൽക്കരിക്കാത്തത് | — | 10 | — |

കടലിലിൽനിന്ന് പ്രധാനമായും അയല, ചെമ്മീൻ, ആകോലി, അയക്കൂറ, മാന്തൽസ്രാവ്, മത്തി, കൂന്തൽ, മാന്തം, ചമ്പാൻ കൂടാതെ കല്ലുമ്മക്കായ, ഞണ്ട്, എന്നിവയുമാണ് കിട്ടുന്നത്. മുമ്പുകാലത്ത് കൂടുതലായി ലഭിച്ചിരുന്ന മത്തി, മുള്ളൻ എന്നിവ അടുത്ത കാലത്തായി വളരെ കുറഞ്ഞുവരുന്നു. കുറഞ്ഞ വിലയിൽ മുമ്പു ലഭിച്ചിരുന്ന ഏട്ട തീരെ ലഭിക്കുന്നില്ല. ലഭിക്കുന്ന മീനുകളുടെ ഇനം തിരിച്ച കണക്ക് പട്ടികയിൽ

പട്ടിക III - 4

| ക്രമ നമ്പർ | ഇനം | അളവ് ടൺ കണക്കിൽ |
|---|---|---|
| 1. | അയല | 200 |
| 2. | മത്തി | 200 |
| 3 | ചമ്പാൻ | 200 |
| 4. | നെത്തൽ | 400 കിലോ |
| 5. | ആകോലി | 50 |
| 6. | അയക്കൂറ | 20 |
| 7. | മാന്തൽ | 20 |
| 8. | മുള്ളൻ | 10 |
| 9. | തളയൻ | 10 |
| 10. | കൂന്തൽ | 200 |
| 11. | നങ്ക് | 100 കിലോ |

മത്സ്യബന്ധന ഉപകരണങ്ങളിൽ ഔട്ട് ബോർഡ്, എഞ്ചിൻ തുടങ്ങിയവ സമീപ പ്രദേശങ്ങളിൽ ലഭ്യമല്ല. മംഗലാപുരം, കൊച്ചി, കൊല്ലം എന്നിവിടങ്ങളിൽ നിന്നാണ് ഇവ കൊണ്ടുവരുന്നത്.

ലഭിക്കുന്ന മീനുകളുടെ വലിയ ശതമാനം വിൽപനയും പഞ്ചായത്തിൽത്തന്നെ നടക്കുന്നുണ്ട്. നാദാപുരം റോഡ് വെള്ളികുളങ്ങര എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റുകളുണ്ട്. കണ്ണൂക്കരയിലും, മടപ്പള്ളിയിലും പൊതുമാർക്കറ്റ് നിലവിലില്ല. ഇവിടങ്ങളിലെല്ലാം നല്ല തോതിൽ മത്സ്യവില്പന നടക്കുന്നുണ്ട്. ഇതിനുപുറമെ തൊട്ടടുത്ത പഞ്ചായത്ത് കേന്ദ്രങ്ങളിലും ഇവിടെനിന്ന് ലഭിക്കുന്ന മത്സ്യങ്ങൾ വിപണനം നടത്താറുണ്ട്. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ വീടുകൾ തോറും കച്ചവടം നടത്തുന്ന രീതിയാണ് നിലവിലുള്ളത്. കൂടുതലായും മത്സ്യം ലഭിക്കുന്ന സമയങ്ങളിൽ മത്സ്യം കയറ്റി അയക്കുന്നുണ്ട്. സംസ്ക്കരണാവശ്യത്തിനായി ഒരു ഐസ് ഫാക്ടറി നാദാപുരം റോഡിലുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണം ഈ രംഗത്ത് ശക്തമാണ്. മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികൾക്ക് ഇതുമൂലം ശരിയായ വില ലഭിക്കാത്ത അവസ്ഥയുണ്ട്.

മത്സ്യഫെഡിന്റെ ഓഫീസും ഇതിന്റെ കീഴിൽ രണ്ട് സഹകരണ സംഘങ്ങളും പഞ്ചായത്തിലുണ്ട്. മടപ്പള്ളി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘവും മടപ്പള്ളി - അഴിയൂർ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘവു

മാണ് അവ. ഇവ രണ്ടും ഇന്ന് നിർജ്ജീവമാണ്. വള്ളം, വല എന്നിവ വാങ്ങാനും, മത്സ്യത്തൊഴിലാളികൾക്ക് വീട്, കക്കൂസ് എന്നിവ നിർമ്മിക്കാനും ഈ സംഘങ്ങൾ വഴി ധനസഹായം നൽകിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യബന്ധനത്തിന് പഞ്ചായത്തിൽ സാധ്യതയുണ്ടെങ്കിലും ബോധപൂർവ്വമായ പ്രവർത്തനം ഈ മേഖലയിൽ നടക്കുന്നില്ല. 14. കി. മീറ്റർ ദൂരത്തിൽ തോടുകളും 83 കുളങ്ങളും (ആരാധനാലയങ്ങളിലൊഴികെ) പഞ്ചായത്തിലുണ്ട്. പട്ടിക I– 3 ശ്രദ്ധിക്കുക. ഇതിൽ തോടുകളും 47 കുളങ്ങളും ശുദ്ധജലമത്സ്യകൃഷിക്ക് ഉപയോഗയോഗ്യമാണ്. കുളങ്ങളിൽ സാധാരണയായി കയ്ച്ചിൽ മുഴം, കടു എന്നീ മത്സ്യങ്ങളാണ് കണ്ടുവരാറ്. പുതുമഴ പെയ്യുന്ന സമയങ്ങളിലും, ഏപ്രിൽ മാസങ്ങളിലും കുളങ്ങളിൽ നിന്ന് മത്സ്യം പിടിക്കാറുണ്ട്. ശാസ്ത്രീയമായി മത്സ്യം വളർത്തുന്ന രീതി നിലവിലില്ല. കുളങ്ങളുടെ വാർഡ് തിരിച്ച കണക്ക് ചുവടെ കൊടുക്കുന്നു.

മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി മടപ്പള്ളി – അഴിയൂർ മത്സ്യത്തൊഴിലാളി സഹകരണ സംഘം, മടപ്പള്ളി മത്സ്യത്തൊഴിലാളി സഹകരണ സംഘം എന്നീ സഹകരണ സ്ഥാപനങ്ങളിലൂടെ 205 വീടുകൾക്ക് ലോൺ തുകയായി 12,04500 രൂപ അനിവദിച്ചിട്ടുണ്ട്. ക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

പഞ്ചായത്തിന്റെ 2.5 കി.മീറ്റർ വരുന്ന കടൽത്തീരം പൂർണ്ണമായും ഭിത്തി കെട്ടിയതാണ്. എങ്കിലും കടലാക്രമണ ഭീഷണിയിൽ നിന്ന് തീരം പൂർണ്ണമായും വിമുക്തമല്ല. നിലവിലുള്ള ഭിത്തി തന്നെ മണ്ണ് ഊർന്നു പോകുന്നതുമൂലം നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. സ്വന്തമായി ഉല്പാദനോപകരണങ്ങൾ വലിയ വിഭാഗം തൊഴിലാളികൾക്കില്ല. ഇത് ഉല്പാദനത്തെ ബാധിക്കുന്നു.
2. സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സഹകരണ സംഘത്തിന്റെയും ബാങ്കുകളുടെയും പ്രവർത്തനം തൃപ്തികരമല്ല.
3. എഞ്ചിൻ പ്രവർത്തിപ്പിക്കാനാവശ്യമായ മണ്ണെണ്ണയുടെ ദൗർലഭ്യമുണ്ട്.
4. മത്സ്യബന്ധന ഉപകരണങ്ങൾ റിപ്പയർ ചെയ്യുവാനുള്ള വർക്ഷോപ്പ് സമീപ പ്രദേശത്തില്ല.
5. ഉൾനാടൻ പ്രദേശങ്ങളിൽ ശുദ്ധജല മത്സ്യകൃഷിയുടെ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുന്നില്ല. ആവശ്യമായ വൈദഗ്ധ്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.
6. തീരപ്രദേശങ്ങളിൽ കക്കൂസ്, അഴുക്കുചാൽ പദ്ധതി എന്നില തൃപ്തികരമല്ല.

**സാധ്യതകൾ:–**

1. മത്സ്യ സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കാം.
2. മടപ്പള്ളി ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള സ്ഥലത്ത് മത്സ്യ സഹകരണ യൂണിറ്റ് (ഐസ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ് ഉൾപ്പെടെ) സ്ഥാപിക്കാവുന്നതാണ്.
3. മണ്ണെണ്ണ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സഹകരണ അടിസ്ഥാനത്തിൽ ബങ്ക് സ്ഥാപിക്കുക.

4. 8, 9 വാർഡുകളിൽ വെള്ളെ കെട്ടിക്കിടക്കുന്ന ചതുപ്പ് പ്രദേശത്ത് ചെമ്മീൻ കൃഷി നടത്താവുന്നതാണ്. ഇതിനാവശ്യമായ വിത്തും, വൈദഗ്ധ്യവും നൽകുവാനുള്ള പദ്ധതി ഉണ്ടാക്കുക.

| ഇനം | എണ്ണം | അനുവദിച്ച തുക |
|---|---|---|
| 1. വീടു വായ്പ | 205 | 12,04500 |
| 2. കക്കൂസിനുള്ള വായ്പ | 11 | 21450 |
| 3. വള്ളം, വല, എഞ്ചിൻ | 31 ഗ്രൂപ്പിന് | 26,12290 |
| 4. ആട്, കോഴി വളർത്തൽ | 51 | 53,000 |
| 5. തയ്യൽ മെഷീൻ | 12 | 33600 |

5. മത്സ്യ വിപണനത്തിന് പഞ്ചായത്തിൽ പുതിയ സഹകരണ സംഘത്തിന് ഒട്ടേറെ സാദ്ധ്യതയുണ്ട്.
6. ഓഞ്ചിയം, കണ്ണൂക്കര, മടപ്പള്ളി എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റ് ആവശ്യമാണ്.
7. പഞ്ചായത്തിലെ കുളങ്ങളിൽ ശുദ്ധജല മത്സ്യകൃഷി സ്വകാര്യാടിസ്ഥാനത്തിലും സഹകരണാടിസ്ഥാനത്തിലും നടത്താം. ഇതിന്നാവശ്യമായ വിത്തും വൈദഗ്ധ്യവും നൽകണം.
8. എഞ്ചിൻ റിപ്പയർ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
9. കടൽ ഭിത്തിയുടെ അറ്റകുറ്റ പണികൾ നടത്തുക.
10. കടലിൽ പോകുന്ന തൊഴിലാളികൾക്ക് ദിശ നിർണ്ണയത്തിനായി ലൈറ്റ് ഹൗസ് സ്ഥാപിക്കേണ്ടതാണ്.
11. പൂട്ടിക്കിടക്കുന്ന മത്സ്യ മാവേലി സ്റ്റോർ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
12. വെള്ളികുളങ്ങര മത്സ്യ മാർക്കറ്റ് പൊളിച്ചുമാറ്റി വിപണന സൗകര്യമുള്ള സ്ഥലത്ത് മാറ്റി സ്ഥാപിക്കുക.
13. തീരദേശ സംരക്ഷണ നിയമത്തിലെ 500 മീറ്റർ ദൂര പരിധി (കെട്ടിട നിർമ്മാണം) മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ദോഷകരമായി ബാധിക്കുന്നു.
14 ആഴക്കടൽ മത്സ്യബന്ധനം നിരോധിക്കണം.
15. കടൽത്തീരത്ത് പൂഴി വാരൽ നിരോധിക്കേണ്ടതാണ്.



# മൃഗസംരക്ഷണം

കൃഷിയുടെ ഒരവിഭാജ്യഘടകമാണ് കന്നുകാലി വളർത്തൽ. നിലം ഉഴുവുന്നതിനും, വണ്ടി വലിക്കുന്നതിനും, വെളിച്ചെണ്ണയാട്ടുന്നതിനും കന്നുകാലികളെ ഉപയോഗിച്ചിരുന്നു. വീട്ടമ്മമാരുടെ വരുമാനമായിരുന്ന ആടുവളർത്തലും, കോഴിവളർത്തലും ഈ പഞ്ചായത്തിൽ സജീവമായിരുന്നു. വീട് വീടാന്തരം കയറി മുട്ടകൾ സംഭരിക്കലും അങ്ങാടികളിൽ വിപണനം നടത്തുകയും ചെയ്തു ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നു.

കേരളത്തിലെ മൃഗസംരക്ഷണ രംഗത്ത് കഴിഞ്ഞ 35 വർഷങ്ങൾക്കിടയിൽ ഉണ്ടായ വളർച്ചയും വികാസവും പരിശോധിച്ചാൽ ഏറ്റവും പ്രകടമായി കാണുന്ന ഒരു വസ്തുത പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും ഉണ്ടായ ഗണ്യമായ വർദ്ധനയാണ്. പാലുല്പാദനവും വിപണനവും ഒരു വ്യവസായം എന്ന നിലയിൽ വളർന്നുവന്നത് കഴിഞ്ഞ 16 വർഷത്തിനുള്ളിലാണ്. ഈ കാലയളവിൽ നാടൻ പശുക്കളിൽ നിന്നുണ്ടായ പാലുല്പാദനം 30 ശതമാനം കൂടിയപ്പോൾ സങ്കര ഇനങ്ങളിൽ നിന്നുള്ള ഉല്പാദനം 90 ശതമാനത്തോളം ഉയരുകയുണ്ടായി. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ ഈ സാഹചര്യങ്ങളെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധാരണ കർഷകർക്ക് കഴിഞ്ഞിട്ടില്ല. സാദ്ധ്യകൾക്കനുസരിച്ചുള്ള ഉല്പാദനം അതുകൊണ്ടുതന്നെ നടക്കുന്നില്ല. പഞ്ചായത്തിലെ ആകെയുള്ള പശുക്കൾ 90 ശത

മാനത്തോളം അത്യുല്പാദനശേഷിയുള്ളവയാണ്.

വളർത്തുമൃഗങ്ങളുടെ എണ്ണം

പട്ടിക III - 6

| പശു | | ആട് | പട്ടി |
|---|---|---|---|
| നാടൻ | സങ്കരം | | |
| 500 | 800 | 450 | 350 |

കോഴികൾ

പട്ടിക III - 7

| പൂവൻ കോഴി | പിടക്കോഴി |
|---|---|
| 2000 | 8000 |

വളർത്തു മൃഗങ്ങളിൽ ഇന്ന് പശുക്കളാണ് പഞ്ചായത്തിൽ കൂടുതലുള്ളത് ഇപ്പോൾ എരുമ, കാള എന്നിവ ഇല്ലെന്നു തന്നെ പറയാം. ആടുവളർത്തൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് കുറവാണ്.

പശുക്കൾക്ക് പ്രധാനമായും വൈക്കോൽ, പച്ചപ്പുല്ല്, പിണ്ണാക്ക്, കാലിത്തീറ്റ എന്നിവയാണ് നൽകിപ്പോരുന്നത്. നെൽകൃഷി നാമാവശേഷമായതോടെ വൈക്കോൽ പൂർണ്ണമായും പുറംനാടുകളിൽ നിന്ന് കൊണ്ടുവരേണ്ട സ്ഥിതിയാണ്. ഈ കച്ചവടത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം നിമിത്തം വൈക്കോലിന് വലിയ തുക നൽകേണ്ടിവരുന്നു. തീറ്റപ്പുൽ കൃഷി ഇനിയും വ്യാപകമായിട്ടില്ല. ഇതിന് വിത്തും വളവും സൗജന്യമായി ലഭിക്കാറുണ്ട്. പറമ്പിൽ പരമ്പരാഗതമായി വളരുന്ന പച്ചപ്പുല്ല് തന്നെയാണ് ഭൂരിഭാഗവും ആശ്രയിക്കുന്നത്. മാർച്ച് ഏപ്രിൽ മാസങ്ങളിൽ പച്ചപ്പുല്ല് തീരെ ലഭ്യമാകുന്നില്ല. കാലിത്തീറ്റയും പിണ്ണാക്കും വലിയ വില നൽകിയാണ് വാങ്ങിക്കുന്നത്. ഇത് ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. പഞ്ചായത്തിലെ പുൽകൃഷി സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. പട്ടിക III - 8

സങ്കര ഇനം പശുക്കളുടെ എണ്ണം വർദ്ധിച്ചതോടെ കാലിരോഗങ്ങളും താരതമ്യേന വർദ്ധിച്ചിട്ടുണ്ട്. പ്രതികൂലാവസ്ഥ ഇതിനൊരളവോളം കാരണമാണ്. മുൻകാലത്ത് പരമ്പരാഗത ചികിത്സാരീതികളായിരുന്നു നിലവിലുണ്ടായിരുന്നത്. അടുത്ത കാലത്തായി ആധുനിക ചികിത്സാരീതിയെയാണ് ഭൂരിപക്ഷവും ആശ്രയിക്കുന്നത്. ദഹന സംബന്ധമായ രോഗങ്ങൾ, അകിടു വീക്കം, മുടന്തൻ പനി, ത്വക്ക് രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നിവയാണ് ഏറ്റവും കൂടുതലായി കണ്ടുവരുന്നത്.

പുൽകൃഷി സംബന്ധിച്ച വിവരങ്ങൾ III8

| വിതരണം ചെയ്ത പുൽ വിത്തുകൾ (ഹെക്ടർ) | രാസവളം സബ്സിഡി | പയർ വിത്തുകൾ (ഹെക്ടർ) | രാസവളം സബ്സിഡി | മക്കച്ചോള (ഹെക്ടർ) | രാസവളം സബ്സിഡി |
|---|---|---|---|---|---|
| പുൽപ്പയർ മിശ്രിതം | 560 രൂ | വൻ പയർ | | | |
| ഗിനി 0.2 Hr. | 100 രൂ. | 1.4 Hr. | 420 രൂ | 3 Hr. | 700 രൂ |
| സ്റ്റൈപ്പോസ്റ്റന്തസ് | 180 രൂ | | | | |
| പുൽക്കടകൾ | 500 രൂ | | | | |
| ആകെ | 2.68 | 1340 രൂ | 1.4 Hr. | 420 രൂ. | 1 Hr. 700 രൂ. |

രോഗവിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക II - 9

| ക്രമ നമ്പർ | രോഗങ്ങൾ | പശു | ആട് | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായ | 3400 | 210 | 14 | 225 | 8 |
| 2. | ശ്വാസകോശസംബന്ധമായ | 510 | 77 | 8 | 170 | — |
| 3 | ഉപാപചയ സബന്ധമായ | 135 | 30 | 2 | — | — |
| 4. | ത്വക്ക് രോഗങ്ങൾ | 550 | 27 | 12 | 2 | — |
| 5. | ധാതു ലവണങ്ങളുടെ അഭാവം | 810 | 35 | — | 47 | — |
| 6. | പാദരോഗങ്ങൾ | 87 | 40 | 14 | 92 | — |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 387 | 159 | — | 10 | — |
| 8. | വന്ധ്യത | 89 | 29 | — | — | — |
| 9. | അകിടുവീക്കം | 95 | 26 | — | — | — |
| 10. | മുടന്തൻ പനി | 310 | — | — | — | — |
| 11. | പകർച്ച വ്യാധികൾ | 210 | 31 | — | 101 | — |
| | ആകെ | 6583 | 664 | 50 | 606 | 8 |

പഞ്ചായത്തിൽ വെള്ളിക്കുളങ്ങര കേന്ദ്രമായി പ്രവൃത്തിക്കുന്ന ക്ഷീരോത്പാദന – വിതരണ സഹ കരണ സംഘമാണ്, കേന്ദ്രീകൃത വിപണനത്തിന്റെ ഗണ്യമായ പങ്ക് വഹിക്കുന്നത്. ഇതിൽപഞ്ചായ ത്തിന്റെ പടിഞ്ഞാറെ മേഖലയിൽ സംഘത്തിന്റെ പ്രവർത്തനം വ്യാപിക്കുന്നില്ല. ഒരു മാസം ശരാശരി 27,000 ലിറ്റർ പാൽ ഈ സംഘം വഴി ശേഖരിക്കു ന്നുണ്ട്. സംഘാംഗങ്ങൾ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ ശേഖരിക്കാൻ സംഘത്തിനു കഴിയുന്നില്ല. വിപണനം കഴിഞ്ഞ് മിച്ചം വരുന്ന പാൽ പാൽ ഉല്പ ന്നങ്ങളായി മാറ്റാനുള്ള സംവിധാനം സംഘത്തി ലുണ്ട്. ഇതിനു പുറമെ മിൽമയുടെ രണ്ട് ബൂത്തു കളും പഞ്ചായത്തിലുണ്ട്. ഉല്പാദിപ്പിക്കുന്ന പാൽ അയൽ വീടുകളിൽ വിതരണം ചെയ്യുന്ന പരമ്പരാ ഗത രീതിയിലും വിതരണം നടക്കുന്നുണ്ട്. ഉല്പാദ നച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറഞ്ഞ വിലയേ പാലിന് ലഭിക്കുന്നുള്ളു. 1995 – 96 കാലയ ളവിൽ സംഘം 2,05,970 കി.ഗ്രാം കാലിത്തീറ്റയുടെ വിൽപന നടത്തി.

പഞ്ചായത്തിൽ രണ്ടു മൃഗാശുപത്രികളാണുള്ളത്. ഇവ രണ്ടും പഞ്ചായത്തിന്റെ കിഴക്കു ഭാഗത്താണ്. ഇവിടെ പഞ്ചായത്തിനു പുറത്തുകൂടി ചുമതലയുള്ള ഡോക്ടറാണ് സേവനമനുഷ്ഠിക്കുന്നത്. സ്ഥിരം ഡോക്ടർ ഇല്ലാത്തതിനാൽ കർഷകർ ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ലൈവ് സ്റ്റോക്ക് അസിസ്റ്റന്റുമാർ, അറ്റന്റർമാർ തുടങ്ങിയ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. രണ്ടാശുപത്രി കളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും ആശുപ ത്രികളുടെ സ്ഥിതി മെച്ചമല്ല. ഒരു വർഷം ഏകദേശം 6,500ഓളം കന്നുകാലികളും, 600 കോഴികളും, 50 പട്ടി കളും ഇവിടെ ചികിത്സക്ക് എത്തുന്നുണ്ട്.

10 വർഷം മുമ്പുവരെ ബീജസങ്കലനത്തിനായി വിത്തു കാളകൾ പഞ്ചായത്തിലുണ്ടായിരുന്നു. കൃത്രി മബീജസങ്കലനം വിപുലമായതോടു കൂടി ഈ രീതി ഇന്ന് പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. 95 – 96 ൽ 347 പശുക്കൾക്ക് കൃത്രിമ ബീജസങ്കലനം നട ത്തിയിട്ടുണ്ട്. ഇവയിൽ 25% ത്തിന് ആവർത്തന

ബീജദാനവും നടത്തിയിട്ടുണ്ട്.

മുൻപ് കാലങ്ങളിൽ വീടുകളിൽ വളരെ സജീവമായിരുന്ന മുട്ടക്കോഴി വളർത്തൽ ഇന്ന് കുറവാണ്. മുട്ടക്കോഴി യൂണിറ്റ് ഒന്നും തന്നെ പഞ്ചായത്തിലില്ല. ഇറച്ചിക്കോഴി വളർത്തുന്ന രണ്ട് യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. പത്തിൽതാഴെ കോഴികളെ മുട്ട ഉല്പാദനത്തിനായി വളർത്തുന്ന വീടുകൾ ഉണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിലെ മുട്ടയുടെ ആവശ്യത്തിന്റെ ചെറിയൊരു ഭാഗംപോലും നിറവേറ്റുന്നില്ല. പഞ്ചായത്തിൽ പ്രതിമാസം ശരാശരി ഏഴ് ലക്ഷം മുതൽ എട്ട് ലക്ഷം വരെ രൂപക്കുള്ള മുട്ടയും മാംസവും മറ്റ് സ്ഥലങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്.

**പ്രശ്നങ്ങൾ**

1. കാലിത്തീറ്റ, വൈക്കോൽ എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവും, താരതമ്യേന പാലിന്റെ വിലക്കുറവും ഉല്പാദനം ലാഭകരമല്ലാതാക്കിത്തീർക്കുന്നു.
2. വെള്ളികുളങ്ങര പാൽ വിതരണ സഹകരണ സംഘത്തിന് കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിക്കാനും വിതരണം ചെയ്യാനും കഴിയുന്നില്ല. ഇതിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്ത് എത്തുന്നുമില്ല.
3. ആടുവളർത്തലിന് ആവശ്യമായ പ്ലാവില തുടങ്ങിയ തീറ്റയുടെ ദൗർലഭ്യം ഉണ്ട്.
4. മൃഗസംരക്ഷണ വകുപ്പിന്റെ സേവനം യഥാസമയം ലഭിക്കുന്നില്ല.
5. പഞ്ചായത്തിലെ മൃഗാശുപത്രികളിൽ സ്ഥിരം ഡോക്ടറോ, ആവശ്യമുള്ള സ്റ്റാഫുകളോ ഇല്ല.
6. തീറ്റപ്പുൽ കൃഷിക്ക് സാദ്ധ്യത ഉണ്ടെങ്കിലും കൃഷി വ്യാപകമല്ല.
7. ആധുനിക രീതിയിലുള്ള മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് കർഷകർക്കാവശ്യമായ അറിവോ വൈദഗ്ധ്യമോ ഇല്ല.

**സാദ്ധ്യതകൾ**

1. പഞ്ചായത്തിന്റ കീഴിൽ ആധുനിക രീതിയിലുള്ള ഒരു കാലിത്തീറ്റ, കോഴിത്തീറ്റ ഉല്പാദനകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ഇതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ മിക്കവയും പഞ്ചായത്തിൽത്തന്നെ ലഭ്യമാണ്.
2. പാൽ ഉല്പാദന യൂണിറ്റിന് പഞ്ചായത്തിൽ ഒട്ടേറെ സാദ്ധ്യതകളുണ്ട്.

ഒരു പാൽ ഉല്പാദന യൂണിറ്റിന്റെ മാതൃകാ ചാർട്ട് താഴെ കൊടുക്കുന്നു. പത്ത് കൃഷിക്കാർ ചേർന്ന ഒരു യൂണിറ്റിന് രൂപം നൽകാവുന്നതാണ്. ഒരു യൂണിറ്റിൽ 2 പശുക്കളുണ്ടായിരിക്കണം.

പട്ടിക III – 5

| ഇനം | മുടക്ക് മുതൽ | |
|---|---|---|
| | പ്രതിദിനം 6ലി | പ്രതിദിനം 8 ലി |
| പശുവിന്റെ വില | 12,000 | 16,000 |
| ആല (100 ച. അടി.) | 3,500 | 3,500 |
| ഉപകരണങ്ങൾ | 400 | 400 |
| പ്രതിമാസ തീറ്റച്ചെലവ് | 120 Kg. | 150 Kg. |
| 3 വർഷത്തേക്ക് ഇൻഷൂറൻസ് പ്രീമിയം | 420 | 360 |
| ഗതാഗത ചെലവ് | 400 | 400 |
| ആകെ | 17,320 | 21, 610 |

മേൽ സൂചിപ്പിച്ച മാതൃകാ യൂണിറ്റിന് ബാങ്ക് വായ്പ ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

ആടു വളർത്തലിന് ഒട്ടേറെ സാദ്ധ്യതകളുണ്ട്. ആടിന്റെ പ്രജനനത്തിന് ആവശ്യത്തിനുള്ള യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. പെണ്ണാടിന് 50% സബ്സിഡി നൽകണം.

വളർത്തുമൃഗങ്ങളുടെ ഇൻഷൂറൻസ് പദ്ധതി വിപുലപ്പെടുത്തുക, സബ്സിഡി വർദ്ധിപ്പിക്കുക.

രോഗ നിർണ്ണയത്തിന് ക്ലീനിക്കൽ ലാബ് സ്ഥാപിക്കാവുന്നതാണ്.

തീറ്റപ്പുൽകൃഷി പുരയിടങ്ങളിൽ വ്യാപകമാക്കുക. വിത്തുകൾ നൽകുകയും വള സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.

കന്ന്കുട്ടി പരിപാലന പദ്ധതി നടപ്പിലാക്കാവുന്നതാണ്. നല്ലയിനം കന്നുകുട്ടികളെ തെരഞ്ഞെടുക്കുകയും ഊർജ്ജിതമായ പരിപാലനം നടത്തുകയും വേണം. പ്രസവങ്ങൾ തമ്മിലുള്ള അന്തരം കുറക്കുക.

9. പഞ്ചായത്ത് തലത്തിൽ ഇറച്ചി സംസ്ക്കരണം നടത്താവുന്നതാണ്.

10. തെരഞ്ഞെടുത്ത കർഷകരുടെ യൂണിറ്റ് അടിസ്ഥാനത്തിൽ കാടകൃഷി നടത്താവുന്നതാണ്. മുട്ടയും കുഞ്ഞുങ്ങളും ലഭ്യമാക്കാനാവശ്യമായ പദ്ധതി നടപ്പാക്കണം.

11. വാർഡുതോറും ഓരോ മുയൽവളർത്തൽ യൂണിറ്റിന് സാദ്ധ്യതയുണ്ട്. മുയലിറച്ചി, രോമം എന്നിവയ്ക്ക് നല്ല ഡിമാണ്ടുണ്ട്. ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ നിന്ന് മുയൽ ലഭ്യമാക്കി താൽപര്യമുള്ള കർഷകർക്ക് വിതരണം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ മുയലിറച്ചിയുടെ ലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.

12. പഞ്ചായത്തിൽ ഘട്ടം ഘട്ടമായി പേ വിഷബാധ നിർമ്മാർജ്ജനം ചെയ്യാൻ വാക്സിനേഷൻ കർശനമാക്കുക. നായ്ക്കളുടെ ലൈസൻസ് നിർബന്ധമാക്കുകയും ജനകീയ ബോധവൽക്കരണം സംഘടിപ്പിക്കുക യും ചെയ്യാവുന്നതാണ്.

13. പഞ്ചായത്തിലെ ബീജദാന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക.



# വ്യവസായം

വ്യാവസായിക രംഗത്ത് ഒഞ്ചിയം പഞ്ചായത്തിന്റെ ചിത്രം വളരെ പിന്നിലാണ്. കൈത്തറി യായിരുന്നു മുമ്പു കാലത്ത് ഏറ്റവും വിപുലമായി നടന്നിരുന്ന വ്യവസായം. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കളിമൺ വ്യവസായവും സജീവമായിരുന്നു. നാദാപുരം റോഡ്, മുക്കാളി എന്നീ റെയിൽവേ സ്റ്റേഷനുകളിൽ നിന്ന് ഇവ കയറ്റി അയച്ചിരുന്നു. ഇന്ന് ഈ വ്യവസായം പഞ്ചായത്തിൽ നാമമാത്രമാണ്. ബീഡി, ചുരുട്ട് വ്യവസായങ്ങളും പഞ്ചായത്തിൽ നില നിന്നിരുന്നു. ഇന്ന് ചുരുട്ട് വ്യവസായം പഞ്ചായത്തിൽ തീരെ ഇല്ല. നെൽകൃഷിയുടെ അനുബന്ധമായി അവിൽ നിർമ്മാണം കുടിൽ വ്യവസായമായി നില നിന്നിരുന്നു. ഇന്ന് പഞ്ചായത്തിൽ ഒരു സംഘടിത വ്യവസായമായി നില നിൽക്കുന്നത് ബീഡി വ്യവസായം മാത്രമാണ്. 'ദിനേശ് ബീഡി'യുടെ രണ്ട് യൂണിറ്റുകൾ നാദാപുരം റോഡിൽ കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. ഇരുനൂറിൽ അധികം തൊഴിലാളികൾ ഇവിടെ ജോലി ചെയ്തു വരുന്നു. സ്ത്രീ തൊഴിലാളികൾക്ക് ഗണ്യമായ പങ്കുള്ള വ്യവസായവും ഇതുതന്നെയാണ്. മൊത്തം തൊഴിലാളികളുടെ ചെറിയൊരു വിഭാഗം മാത്രമാണ് വ്യവസായം ആശ്രയിച്ചു ഉപജീവനം നടത്തുന്നത്. 450 തൊഴിലാളികൾ പരമ്പരാഗത വ്യവസായങ്ങളിലും ജോലി ചെയ്യുന്നു. ഇതിനു പുറമെ പരമ്പരാഗത മേഖലയിൽ അസംഘടിതരായി ജോലി ചെയ്യുന്ന 150-ഓളം തൊഴിലാളികളുണ്ട്. കെട്ടിട നിർമ്മാണരംഗത്തെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഉണ്ട്. വ്യവസായ ഓഫീസിൽ രജിസ്റ്റർ ചെയ്ത 66 വ്യവസായ സ്ഥാപനങ്ങളിൽ മൊത്തം 240 ആളുകൾ ജോലിയെടുക്കുന്നു. വ്യവസായ യൂണിറ്റുകളെ സംബന്ധിക്കുന്ന വിശദവിവരം പട്ടികയിൽ കാണിക്കുന്നു.

ചെറുകിട വ്യവസായ യൂണിറ്റുകൾ

പട്ടിക II – 1

| ക്രമ നമ്പർ | ഇനം | മൊത്തം യൂണിറ്റ്. | തൊഴിലാളികളുടെ എണ്ണം. | |
|---|---|---|---|---|
| | | | 10 കുറവ് | 10 മുതൽ 20 വരെ |
| 1. | ഭക്ഷ്യവസ്തു സംസ്ക്കരണം | 3 | 3 | — |
| 2. | തുണി | 14 | 14 | — |
| 3. | തടി | 7 | 7 | — |
| 4. | പ്രിന്റിംഗ് | 2 | 2 | — |
| 5. | കെമിക്കൽ | 5 | 5 | — |
| 6. | എഞ്ചിനീയറിംഗ് | 9 | 9 | — |
| 7. | ഇലക്ട്രിക്കൽസ് | 4 | 4 | — |
| 8. | ഇലക്ട്രോണിക്സ് | 3 | 3 | — |
| 9. | മറ്റു വിഭാഗങ്ങൾ | 19 | 19 | — |
| | ആകെ | 66 | 66 | — |

വ്യാവസായിക രംഗത്ത് വിവിധ ബാങ്കുകൾ നൽകിയ വായ്പയുടെ വിശദമായ വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക IV – 2

| സ്ഥാപനത്തിന്റെ പേര് | 1993 | 1994 | 1995 |
|---|---|---|---|
| സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് നാദാപുരം റോഡ് | 8 ലക്ഷം | 10 ലക്ഷം | 13 ലക്ഷം |
| സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് വെള്ളിക്കുളങ്ങര | 2 ലക്ഷം | 2 ലക്ഷം | 6 ലക്ഷം |
| ഒഞ്ചിയം സർവീസ് സഹകരണ ബാങ്ക് | — | — | — |
| ഊരാളുങ്കൽ സർവീസ് സഹകരണ ബാങ്ക് | — | — | — |
| ആകെ | 10 ലക്ഷം | 12 ലക്ഷം | 19 ലക്ഷം |

പഞ്ചായത്തിലെ വിവിധ മേഖലകളിൽജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകുന്ന കൂലിയുടെ വിശദ വിവര പട്ടിക

പട്ടിക IV – 3

| തൊഴിൽ ഇനം | കൂലി-സ്ത്രീ | കൂലി- പുരുഷൻ |
|---|---|---|
| കൊപ്ര | 50 | 60 |
| തടി | — | 100 |
| അച്ചടി | 35 | 50 |
| ഐസ് ഫാക്ടറി | — | 60 |
| ബേക്കറി | — | 80 |
| ഓയിൽമിൽ | — | 50 |
| പപ്പടം | 30 | 30 |
| ധാന്യം പൊടിക്കൽ | — | 50 |
| സോഡാ നിർമ്മാണ് | — | 50 |
| എഞ്ചിനീയറിംഗ് | — | 100 |
| പടക്ക നിർമ്മാണം | 45 | 100 |
| കല്ലുവെട്ട് | — | 100 |
| നിർമ്മാണ പ്രവർത്തനങ്ങൾ | 65 | 100 |

സംഘടിത മേഖലയിലുള്ള കൈത്തറി വ്യവസായം നിയന്ത്രിക്കുന്നത് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘമാണ്. കൈത്തറി വ്യവസായം പൊതുവെ പ്രശ്ന നിബിഡമാണ്. അന്താരാഷ്ട്ര രംഗത്തെ ആവശ്യത്തിനനുസൃതമായി ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയാത്തതുകൊണ്ട് ഇവ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കയാണ്. ഉല്പന്നങ്ങൾ മിക്കവാറും പ്രാദേശിക കമ്പോളങ്ങളിലാണ് വിപണനം നടക്കുന്നത്.

പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

പട്ടിക IV - 4

| ഇനം | എണ്ണം |
|---|---|
| കൈത്തറി | 110 |
| മൺപാത്രം | 5 |

നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ 200-ഓളം തൊഴിലാളികളുണ്ട്. സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തമുള്ള വ്യവസായം വളരെ കുറവാണ്. ദിനേശ് ബീഡിയിൽ 150-ഓളം പേരും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്ത് 100-ഓളം പേരുമാണ് ജോലി ചെയ്യുന്നത്. കെട്ടിട നിർമ്മാണം, കൈത്തറി മേഖലയിലായി അസംഘടിതരായി 200-ഓളം സ്ത്രീകളും തൊഴിലെടുക്കുന്നു.

**പ്രശ്നങ്ങൾ**

1. കൈത്തറി മേഖലയിലെ നൂലിന്റെയും ചായത്തിന്റെയും വില, ഉല്പന്നങ്ങളുടെ വൈവിധ്യമില്ലായ്മ, മാർക്കറ്റ് എന്നിവ ഈ വ്യവസായത്തിന്റെ വളർച്ചക്ക് തടസ്സമാകുന്നു.
2. നാളികേരം ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ഈ മേഖലയിൽ നാളികേര അനുബന്ധ വ്യവസായത്തിന് ആവശ്യമായ വൈദഗ്ധ്യമില്ല.
3. പരമ്പരാഗത വ്യവസായ മേഖലയിലെ കുറഞ്ഞ കൂലി നിരക്ക് ഉല്പന്നങ്ങൾക്ക് വില ലഭിക്കാത്തതും ഈ വ്യവസായത്തിന്റെ പ്രധാന പ്രശ്നങ്ങളാണ്.
4. വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവാണ്.
5. വിവിധ വ്യവസായങ്ങൾക്ക് ആവശ്യമായ പരിശീലനത്തിന്റെ കുറവുണ്ട്.
6. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും സഹകരണ സംഘങ്ങളുടെയും ദേശ സാൽകൃത ബാങ്കുകളുടെയും നിഷേധാത്മകമായ നിലപാട്.
7. കളിമൺ പാത്ര നിർമ്മാണം വ്യവസായത്തിന് ആവശ്യമായ മണ്ണ് ലഭിക്കുന്നില്ല.

**സാധ്യതകൾ**

1. പഞ്ചായത്തടിസ്ഥാനത്തിൽ നാളികേര സംസ്ക്കരണ അനുബന്ധവും വ്യവസായങ്ങൾക്കും സാധ്യതയുണ്ട്. ഇവ ആകെ ഒരു കേന്ദ്രത്തിൽ സഹകരണ അടിസ്ഥാനത്തിൽ നാളികേര വ്യവസായ കോംപ്ലക്സ് രൂപീകരിക്കാവുന്നതാണ്.

**നാളികേര വികസന കോംപ്ലക്സ്.**

1. നവീന രീതിയിൽ തൊണ്ട് അഴുക്കി ചകിരിനാര് നിർമ്മാണം.
2. യന്ത്രവത്കൃത ചൂടി, കയർ നിർമ്മാണ യൂണിറ്റ്.
3. ചകിരി ചവറ് ഉപയോഗിച്ച് ജൈവവള നിർമ്മാണം.
4. ചകിരിനാര് ഉപയോഗിച്ച് സോഫ, കുഷ്യൻ, കിടക്ക നിർമ്മാണം.
5. തേങ്ങാവെള്ളം ഉപയോഗിച്ച് പാനീയ നിർമ്മാണ യൂണിറ്റ്.
6. തേങ്ങാ പൗഡർ നിർമ്മാണ യൂണിറ്റ്.
7. വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റ്.
8. കന്നുകാലി തീറ്റ നിർമ്മാണ യൂണിറ്റ്.

**2. വനിത - വ്യവസായം**

**വ്യവസായങ്ങളുടെ ഇനം :-**

1. പഴം സംസ്ക്കരണം - ജാമുകൾ
   ചക്ക, കൈതച്ചക്ക, പപ്പായ തുടങ്ങിയവ
2. പേപ്പർ പൾപ്പ് ഉപയോഗിച്ച് കൈക്കടലാസ് നിർമ്മാണം.

3. റെഡിമെയ്ഡ് യൂണിറ്റ്, മെഴുകുതിരി നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം, ബൈൻഡിംഗ്, പേപ്പർ നിർമ്മാണം, കുട നിർമ്മാണം
4. ലെതർ ബാഗ്, റെയിൻ കോട്ട്, റെക്സിൻ ഉല്പാദനം
5. കറി പൗഡർ, അച്ചാർ, പപ്പടം
6. ഖാദി യൂണിറ്റ്.

3. ജനറൽ എസ്.എസ്.ഐ.

**വ്യവസായങ്ങളുടെ ഇനം**

1. ഹവായ് ചെരുപ്പ് നിർമ്മാണ യൂണിറ്റ്
2. ലിക്വിഡ് ഡിറ്റർജന്റ് നിർമ്മാണ യൂണിറ്റ്.
3. ക്ലീനിംഗ് പൗഡർ നിർമ്മാണ യൂണിറ്റ്.
4. ഇലക്ട്രിക്കൽ ജനറൽ വർക്ഷോപ്പ്
5. ജനറൽ എഞ്ചിനീയറിംഗ്.
6. ഇരുചക്ര വാഹന വർക്ക്ഷോപ്പ്.
7. ഇഷ്ടിക സിമന്റ് കട്ട നിർമ്മാണ യൂണിറ്റ്
8. മോട്ടോർബോട്ട് എഞ്ചിൻ റിപ്പയർ യൂണിറ്റ്.

**4. സഹകരണ മേഖലയിൽ തുടങ്ങാവുന്ന വ്യവസായങ്ങളുടെ പട്ടിക.**

**വ്യവസായങ്ങളുടെ ഇനം.**

1. പവർ ലൂം തുണി നിർമ്മാണ യൂണിറ്റ്.
2. ഇറച്ചിക്കോഴി മുട്ടക്കോഴി വളർത്തൽ
3. പാൽപ്പൊടി നിർമ്മാണ യൂണിറ്റ്.
4. കളിമൺ വ്യവസായ യൂണിറ്റ്.
5. ചെരുപ്പുവെട്ട് യൂണിറ്റ്
6. തേനീച്ച വളർത്തൽ യൂണിറ്റ്

**ഗ്രാമസഭ നിർദ്ദേശങ്ങൾ**

പട്ടിക IV – 5

| വ്യവസായങ്ങളുടെ ഇനം | സാധ്യതയുള്ള വാർഡുകൾ |
|---|---|
| 1. ഭക്ഷ്യ സംസ്ക്കരണ യൂണിറ്റ് | 1, 2,3, 4,5 |
| 2. വല നിർമ്മാണ യൂണിറ്റ് | 1, 7, 8, 9 |
| 3. കൈത്തറി യൂണിറ്റ് | 1, 2, 6, 7, 11 |
| 4. ഓട്ടോമോബൈൽ വർക്ഷോപ്പ് | 1, 5 |
| 5. കളിമൺ പാത്ര നിർമ്മാണം | 2, 3, 5 |
| 6. നീറ്റുകക്ക നിർമ്മാണ യൂണിറ്റ് | 7 |
| 7. സിമന്റ് ഉല്പന്ന യൂണിറ്റ് | 3, 8, 9 |
| 8. പാൽപ്പൊടി നിർമ്മാണ യൂണിറ്റ് | 11 |
| 9. ഫർണിച്ചർ നിർമ്മാണ യൂണിറ്റ് | 5, 7, 9 |
| 10. ജൈവവള നിർമ്മാണ യൂണിറ്റ് | 10 |
| 11. സോപ്പ്, പൗഡർ നിർമ്മാണ യൂണിറ്റ് | 5, 7, 11 |
| 12. മത്സ്യസംസ്ക്കരണ യൂണിറ്റ് | 1, 7, 8, 9 |
| 13. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് | 11 |
| 14. മോട്ടോർ ബോട്ട് എഞ്ചിൻ റിപ്പേർ യൂണിറ്റ് | 1, 7, 8, 9 |

# ഊർജ്ജം

# ഗതാഗതം മാർക്കറ്റ്

## ഊർജ്ജം

പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ഉപയോഗിക്കുന്ന ഇന്ധനങ്ങൾ വിറക്, വൈദ്യുതി, മണ്ണെണ്ണ, ഗ്യാസ് എന്നിവയാണ്. ഇവയിൽ കൂടുതലായും ഉപയോഗിക്കുന്നത് വിറകാണ്. പഞ്ചായത്തിലെ 95 ശതമാനത്തിലധികം കുടുംബങ്ങളും പാചക ആവശ്യത്തിന് വിറകിനെയാണ് ആശ്രയിക്കുന്നത്. പ്രധാനമായും തെങ്ങിന്റെ ഉല്പന്നങ്ങളാണ് വിറകായി ഉപയോഗിക്കുന്നത്. ഒരു ദിവസം ശരാശരി 7 രൂപയുടെ വിറക് ഒരു കുടുംബത്തിന് ആവശ്യമാണ്. കടലോരപ്രദശങ്ങളിലും, ലക്ഷംവീട്, കോളനി പ്രദേശങ്ങളിലെയും കുടുംബങ്ങൾ രൂക്ഷമായ ഇന്ധനക്ഷാമം അനുഭവിക്കുന്നുണ്ട്. വിറകുകളുടെ വിലവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക V - 1

| വിറക് | വില |
|---|---|
| മടൽ (100 എണ്ണം) | 15 ക. |
| ചിരട്ട (100 എണ്ണം) | 20 ക. |
| ഓല (1 മടൽ) | 70 പൈ. |
| മട്ടൽ (1) | 40 പൈ. |

വൈദ്യുതീകരിക്കാത്ത വീടുകളിൽ ഒരു ദിവസം ശരാശരി 7 ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. പഞ്ചായത്തിലെ 26 ശതമാനം വീടുകൾ ഇനിയും വൈദ്യുതീകരിക്കാത്തവയാണ്.

ഗ്യാസ് അടുപ്പുകൾ സ്ഥാപിക്കുന്നതിന് ചെലവ് കൂടുമെങ്കിലും ദൈനംദിന ചെലവ് ശരാശരി 2 രൂപയേ ആവുന്നുള്ളൂ. ചെലവേറിയ വിറകടുപ്പിനെ ആശ്രയിക്കേണ്ടി വരുന്നത് പാവപ്പെട്ടവരാണെന്നതാണ് വസ്തുത.

വടകരയിലെ പുത്തൂരിൽ സ്ഥിതി ചെയ്യുന്ന 110 KV സബ് സ്റ്റേഷനിൽ നിന്നാണ് ഓഞ്ചിയം പഞ്ചായത്തിൽ വൈദ്യുതി വിതരണം നടക്കുന്നത്. 110 KV സബ് സ്റ്റേഷനിൽ നിന്നും 11 KV യായി താഴെ പറയുന്ന 3 ഫീഡറുകൾ വഴിയാണ് വൈദ്യുതി വിതരണം ചെയ്യുന്നത്.

1. ചോറോട് ഫീഡർ. നാഷണൽ ഹൈവേ വഴി കടന്നു പോകുന്നു.
2. മുട്ടുങ്ങൽ ഫീഡർ. വള്ളിക്കാട് വെള്ളികുളങ്ങര വഴി കടന്നു പോകുന്നു.
3. മാഹി ഫീഡർ. കണ്ണൂക്കര വഴി.

ഒഞ്ചിയം പഞ്ചായത്തുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ് തൊട്ടടുത്ത ചോറോട് പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത് ഈ ഓഫീസിന്റെ പരിധിയിൽ 4 പഞ്ചായത്തുകൾ ഉൾപ്പെടുന്നു. മൊത്ത 18,000 ത്തോളം ഉപഭോക്താക്കളാണ് ഈ ഓഫീസിനെ ആശ്രയിച്ചു വരുന്നത്. ഇതിൽ ഒഞ്ചിയം പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ കൊടു

ക്കുന്നു.

പട്ടിക V - 2

| മേഖലകൾ | | ഉപഭോക്താക്കളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1. | ഗാർഹികം | 3189 | 74 |
| 2. | വ്യാപാരം | 597 | 18 |
| 3. | വ്യവസായം | 22 | 3 |
| 4. | കാർഷികം | 94 | 5 |

ഊർജ്ജ ഉപഭോഗത്തിന്റെ 74 ശതമാനവും ഗാർഹിക ആവശ്യങ്ങൾക്കായിട്ടാണ് ഉപയോഗിക്കുന്നത്. കാർഷിക മേഖലയിൽ വൈദ്യുതിയുടെ ഉപയോഗം 5% ആണ്. വ്യവസായ മേഖലയിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് കേവലം 3% മാത്രമാണ്. പഞ്ചായത്ത് പരിധിയിൽ വിതരണം ചെയ്യുന്ന എൽ.ടി ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. കണ്ണൂക്കര
2. മടപ്പള്ളി
3. നാദാപുരം റോഡ്
4. നാദാപുരം റോഡ് ബീച്ച്
5. പുന്നേരിത്താഴം
6. ഒഞ്ചിയം
7. ഒഞ്ചിയം A
8. വെള്ളികുളങ്ങര
9. ഒ.പി.കെ.
10. മുക്കാളി
11. മടപ്പള്ളി മണക്കാട് ക്ഷേത്രം
12. വെള്ളികുളങ്ങര

പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിലും നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ ശേഷിയിലും വലിയ അന്തരമുണ്ട്. എല്ലാ ട്രാൻസ്ഫോർമറുകളും അധികം ഭാരം വഹിക്കുന്നവയാണ്. ട്രാൻസ്ഫോർമർതമ്മിലുള്ള ദൈർഘ്യത്തിലും പ്രകടമായ വ്യത്യാസം കാണാൻ കഴിയും. വിവിധ ട്രാൻസ്ഫോർമറുകൾ തമ്മിലുള്ള അകലം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക V - 3

| ട്രാൻസ്ഫോർമറുകൾ | അകലം |
|---|---|
| കണ്ണൂക്കര - മടപ്പള്ളി കോളേജ് | 800 മീറ്റർ |
| മടപ്പള്ളി കോളേജ് - നാദാപുരം റോഡ് | 900 മീറ്റർ |
| നാദാപുരം റോഡ് - ബിച്ച് | 500 മീറ്റർ |
| നാദാപുരം റോഡ് - പുന്നേരി താഴ | 600 മീറ്റർ |
| പുന്നേരി താഴ - വെള്ളികുളങ്ങര | 1 കി.മീ |
| വെള്ളികുളങ്ങര - ഓഞ്ചിയം | 1 കി.മീ. |
| ഒഞ്ചിയം - ഒഞ്ചിയം A | ഒന്നര കി.മീ. |
| കണ്ണൂക്കര - മുക്കാളി | 500 മീറ്റർ |
| നാദാപുരം റോഡ് - മണക്കാട് ക്ഷേത്രം | 300 മീറ്റർ. |
| കോളേജ് - കേളു ബസാർ | 450 മീറ്റർ |
| മണക്കാട് ക്ഷേത്രം - മടപ്പള്ളി കോളേജ് | 450 മീറ്റർ |
| കേളുബസാർ - കണ്ണൂക്കര | 350 മീറ്റർ |

പഞ്ചായത്തിലെ ഉപഭോക്താക്കൾ നേരിടുന്ന പ്രധാന പ്രശ്നം കുറഞ്ഞ വോൾട്ടതയാണ്. സബ്സ്റ്റേഷനിൽ ലഭിക്കുന്ന വോൾട്ടത യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ 70% മാത്രമാണ്. പീക്ക് ലോഡ് സമയത്ത് ഇത് വീണ്ടും കുറയുന്നു. ദൈർഘ്യമേറിയ വിതരണ ലൈനുകൾ ഈ പ്രശ്നം രൂക്ഷമാക്കുകയും ചെയ്യുന്നു. പീക്ക് ലോഡ് സമയത്ത് ലഭിക്കുന്ന വൈദ്യുതി വോൾട്ടത ഏകദേശം 35 ശതമാനം മാത്രമാണ്. ഒഞ്ചിയം പഞ്ചായത്തിൽ വിവിധ സമയങ്ങളിൽ പീക്ക് ലോഡ് സമയത്ത് ലഭ്യമാകുന്ന വോൾട്ടത നിരക്ക് താഴെ ചേർത്ത പട്ടികയിൽ സൂചിപ്പിക്കുന്നു.

പീക്ക് ലോഡ് സമയത്ത് ലഭിക്കുന്ന വോൾട്ടതാ നിരക്ക്

പട്ടിക V - 4

| സ്ഥലം | ടൗൺ വ്യാപാരം, | വീടുകൾ | ഉൾപ്രദേശങ്ങൾ |
|---|---|---|---|
| ഒഞ്ചിയം | 34% | 31% | 18% |
| വെള്ളികുളങ്ങര | 40% | 30% | 26% |
| മടപ്പള്ളി | 42% | 42% | 30% |
| നാദാപുരം റോഡ് | 45% | 41% | 31% |

വീടുകളിലെ കണക്ടഡ് ലോഡ്, വൈദ്യുതി ബോർഡിന്റെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരി

ക്കുന്നതിനേക്കാൾ വളരെ കൂടുതലാണ്. അതുപോലെ പഞ്ചായത്തിലെ 5%ത്തിൽ കൂടുതൽ മീറ്ററുകൾ കേടാണ്. 6 മാസത്തിലൊരിക്കൽ മീറ്റർ പരിശോധിച്ച് ബില്ല് നിർണ്ണയിക്കുന്ന രീതിയാണ് ഇല്ക്ട്രിക് സിറ്റി ബോർഡ് അനുവർത്തിക്കുന്നത്. ചിലപ്പോൾ അതിൽ കൂടുതൽ സമയവും എടുക്കാറുണ്ട്.ഇത് വലിയ തുകക്കുള്ള അധിക ബില്ലുകൾ അടക്കുന്നതിന് ഉപഭോക്താക്കളെ നിർബന്ധിതരാക്കുന്നു. വൈദ്യുതി മോഷണം വിരളമാണ്. എങ്കിലും കാർഷിക കണക്ഷനുകൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നുണ്ട്.

വൈദ്യുതിയുടെ ലഭ്യതയിൽ കുറവുണ്ടെങ്കിലും ഇനിയും ധാരാളം പേർ കണക്ഷനുവേണ്ടി കാത്തുകിടപ്പുണ്ട്. പട്ടിക V – 5 നോക്കുക .

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം.

പട്ടിക V – 5

| ഇനം | എണ്ണം |
|---|---|
| ഓർഡിനറി | 295 |
| ഒ.ടി.പി. | 6 |
| ഒ.വൈ.ഇ.സി | 56 |

പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ കഥയും ശോചനീമാണ്. പട്ടിക V – 6 ശ്രദ്ധിക്കുക

തെരുവു വിളക്കുകളുടെ എണ്ണം

പട്ടിക V – 6

| | | |
|---|---|---|
| 1. | ബൾബ് 40 W | 10 Nos |
| | 60 W | 150 Nos |
| 2. | ട്യൂബ് ഡബിൾ | 21 |
| 3. | സോഡിയം വേപ്പർ 70 W | 30 Nos. |

തെരുവു വിളക്കുകൾക്കു വേണ്ടി പ്രതിമാസം 4294 രൂപ പഞ്ചായത്ത് ചെലവാക്കുന്നുണ്ട്.

**ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ**

പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പരാതികളും നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

**വാർഡ് 1**

1. മാടാക്കരയിൽ അനുവദിച്ചിട്ടുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചു കിട്ടാൻ ഉടൻ നടപടിയെടുക്കണം
2. ആലങ്കണ്ടി ഭാഗത്ത് വൈദ്യുതി ഇതുവരെയും എത്തിയിട്ടില്ല.
3. കണ്ണൂക്കര – മാടാക്കര ജംഗ്ഷനടുത്തുള്ള മാവിലക്കുന്നിലും മാടാക്കര ക്ഷേത്രത്തിനടുത്തും സോഡിയം വേപ്പർ സ്ഥാപിക്കേണ്ടതുണ്ട്. 4. മാടാക്കരയിലും മടപ്പള്ളിയിലും മത്സ്യത്തൊഴിലാളികൾക്ക് രാത്രി കാലങ്ങളിൽ ദിശ മനസ്സിലാക്കുന്നതിനായി സിഗ്നൽ ലൈറ്റ് സ്ഥാപിക്കുക. മടപ്പള്ളി കോളേജിലുള്ള സിഗ്നൽ ലൈറ്റ് പ്രവർത്തനക്ഷമമാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

**വാർഡ് – 2**

1. മീത്തലെ മുക്കാളി – മടത്തിൽ മുക്ക് റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം. കൈതോങ്കുന്ന് മെയ്ൻ റോഡ് – റെയിൽവേ ഗേറ്റ് ട്രാൻസ്ഫോർമർമുക്ക് എന്നിവിടിങ്ങളിലും സ്ട്രീറ്റ്ലൈറ്റ് വേണം.
2. റെയിൽവേഗേറ്റ് – ട്രാൻസ്ഫോർമർമുക്ക്. ഡിസ്പെൻസറി മുക്ക് എന്നിവിടങ്ങളിൽ സോഡിയം വേപ്പർ സ്ഥാപിക്കണം.

**വാർഡ് – 3**

1. സിംഗിൾഫെയ്സ് ലൈനുകൾ ത്രീ–ഫെയ്സ് ലൈനുകളാക്കി മാറ്റുക.
2. ഓരോ ട്രാൻസ്ഫോർമറുകളിലെയും ഫെയ്സിനോട് തുല്യപ്പെടുത്തുക.
3. പുലയോർ വയലിൽ 11 KV ലൈനിനു ചുവടെ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
4. ഒഞ്ചിയം കണ്ണൂക്കര റോഡിൽ പടിഞ്ഞാറെക്കണ്ടി മുക്ക് മുതൽ തൈക്കണ്ടി ട്രാൻസ്ഫോർമർ വരെ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം.

**വാർഡ് – 4**

1. കണ്ണാടിക്കുന്ന – വേവറക്കുന്ന് എന്നിവിടങ്ങളിൽ ഇലക്ട്രിക്കൽ ലൈൻ വലിക്കുക. ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും വേണം.
2. ലൈനുള്ള ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക

**വാർഡ് – 5**

1. ചെറിയത്ത് സമീപം ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം. സിംഗിൾഫെയ്സ് ലൈനുകൾ

ത്രീ-ഫെയ്സ് ലൈനുകളാക്കി മാറ്റുക.

2. എം.ആർ. റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

വാർഡ് – 6

1. കോളേജ് ക്വാർട്ടേഴ്സിനു പുറകിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ, ത്രീ-ഫെയ്സ് ലൈൻ വലിക്കുകയോ ചെയ്യുക.

വാർഡ് – 7

1. കേളുബസാർ ബീച്ച് റോഡ് വൈദ്യുതീകരിക്കുക
2. സ്ട്രീറ്റ് ലൈറ്റുകൾ മുഴുവനും കത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
3. മത്സ്യബന്ധന തൊഴിലാളികൾക്ക് ദിശ മനസ്സിലാക്കാൻ നിലവിലുള്ള സിഗ്നൽ ലൈറ്റ് ഇപ്പോൾ തെക്കുഭാഗത്ത് മാത്രമേ ലഭ്യമാകുന്നുള്ളൂ. ഇതിന്റെ ഉയരം കൂട്ടിയാൽ വടക്കുഭാഗത്തുകൂട് പ്രയോജനം ലഭിക്കും.

വാർഡ് – 8

1. അറക്കൽ റേഷൻ കടമുതൽ 100 മീറ്റർ വടക്കുഭാഗത്തേക്ക് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
2. കറുവച്ചാലിൽ വൈദ്യുതി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

വാർഡ് – 9

1. നാദാപുരം റോഡ് കൈപ്രത്ത് ഭാഗം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.
2. മാളിയേക്കൽ നാല് സെന്റ് കോളനി ഉടൻതന്നെ വൈദ്യുതീകരിക്കുക.

വാർഡ് – 10

1. മടപ്പള്ളി ഹൈസ്ക്കൂളിനടുത്തുള്ള 500 മീറ്റർ ഏരിയയിൽ നിലവിലുള്ള സിംഗിൾ ഫെയ്സ് ലൈൻ മാറ്റ് ത്രീ-ഫെയ്സ് ലൈൻ ആക്കി മാറ്റുക.
2. നാദാപുരം റോഡ് കള്ളുഷാപ്പ് മുതൽ റെയിൽവേസ്റ്റേഷൻ വരെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
3. പള്ളിയുടെ തെക്ക്ഭാഗം മുതൽ റെയിൽവേ വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
4. വല്ലത്ത് കുന്നിൽ കാറ്റാടിയന്ത്രം സ്ഥാപിച്ച് കുഴൽക്കിണറിൽ നിന്നുമുള്ള ജലം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
5. വല്ലത്ത് കുന്നിനു താഴെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

**സാധ്യതകൾ**

വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനും പ്രസരണനഷ്ടം ഒഴിവാക്കുന്നതിനുമായി വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പൊതു നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. നിലവിലുള്ള സ്ലാബ് സമ്പ്രദായം മാറ്റി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കുക.
2. വൈദ്യുതി ലൈനിലെ പ്രസരണനഷ്ടം ഒഴിവാക്കുക. സന്നദ്ധ സംഘടനകളെ പ്രയോജനപ്പെടുത്തി ടച്ചിംങ്സ് ഒഴിവാക്കാൻ സാധിക്കും.
3. നിലവിലുള്ള OYEC സമ്പ്രദായം പാടെ ഉപേക്ഷിച്ച് മുൻഗണനാക്രമത്തിൽ മാത്രം വൈദ്യുത കണക്ഷൻ നൽകുക.
4. വൈദ്യുത കണക്ഷൻ കിട്ടാനുള്ള കാലതാമസം ഒഴിവാക്കുക
5. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കാൻ ബോധവൽക്കരണം നടത്തുക.
6. ലൈൻമാൻമാരുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പഞ്ചായത്ത് മേൽനോട്ടം വഹിക്കുക.
7. വൈദ്യുതി ബില്ലുകൾ അടക്കാനുള്ള ഇന്നത്തെ പ്രയാസങ്ങൾ ലഘൂകരിക്കുക. ബില്ലുകൾ അടക്കാനുള്ള സൗകര്യം പഞ്ചായത്ത് കേന്ദ്രങ്ങളിൽ ഏർപ്പെടുത്താവുന്നതാണ്.
8. പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.
9. അനർട്ട് സംവിധാനം ചെയ്തിട്ടുള്ള ഊർജ്ജ സ്രോതസ്സുകൾ പഞ്ചായത്തിൽ വ്യാപിപ്പിക്കുക.
10. പഞ്ചായത്തിൽ സർക്കാറിന്റെ മേൽനോട്ടത്തിൽ അംഗീകൃത ഗ്യാസ് വിതരണം നടത്തുക.
11. ഗ്യാസ് കണക്ഷൻ ലഭിക്കാനുള്ള ഇന്നത്തെ കാലതാമസം ഒഴിവാക്കുക.
12. വൈദ്യുത ലൈനിലെ അറ്റകുറ്റ പണികൾ യഥാസമയം നടത്തുക.
13. സ്ട്രീറ്റ് ലൈറ്റുകൾ കൃത്യസമയത്ത് ഓഫ് ചെയ്യാൻ നടപടി എടുക്കണം.

14. വൈദ്യുതി മോഷണം നടത്തുന്നവർക്കെതിരെ നടപടി എടുക്കണം.

15. ആവശ്യമായ വൈദ്യുതി ഉപകരണങ്ങൾ KSEB ഓഫീസിൽ യഥാസമയം ലഭ്യമാക്കാനുള്ള നടപടികൾ എടുക്കണം.

16. സ്ട്രീറ്റ് ലൈറ്റുകൾക്ക് ലാംബ് ഷെയ്ഡുകൾ നിർബന്ധമായുംഉപയോഗിക്കണം.

17. ബയോഗ്യാസിന്റെ ഉപയോഗത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

18. തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക.

19 മീറ്റർ റീഡിംഗ് കൃത്യമായും നടത്തുക.

20. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

21. സ്റ്റെപ്പ് അപ്പ് പൂർണ്ണമായും ഒഴിവാക്കി വോൾട്ടേജിന്റെ കാര്യത്തിൽ സന്തുലിതാവസ്ഥ കൈവരിക്കാനുള്ള നടപടികൾ എടുക്കുക.

22. കാർഷിക ആവശ്യങ്ങൾക്കുള്ള കണക്ഷനുകളുടെ ഉപയോഗത്തിന്റെ പരിധി നിർണ്ണയിക്കുക.

23. KSEB ജീവനക്കാരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേ ക്കായി പഞ്ചായത്തിൽ പ്രത്യേക പരാതി സെൽ ഏർപ്പെടുത്തുക.

24. തൂങ്ങിക്കിടക്കുന്ന ലൈനുകളിൽ സ്പെയ്സറുകൾ സ്ഥാപിച്ച് ലൈൻ ഷോട്ട് ആവുന്നത് ഒഴിവാക്കുക.

25. സിംഗിൾ ഫെയ്സ് ഉള്ള സ്ഥലങ്ങളിൽ ത്രീ-ഫെയ്സ് ലൈൻ സ്ഥാപിക്കുക.

26. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ അപകടകരമായ നിലയിലുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

27. പഞ്ചായത്തിൽ വൈദ്യുതി ശ്മശാനം സ്ഥാപിക്കുക.

28. KSEB ഓഫീസുകളുടെ പ്രവർത്തന പരിധി രണ്ടു പഞ്ചായത്തുകളിലാക്കി പരിമിതപ്പെടുത്തുക.

29. കാർഷിക ആവശ്യങ്ങൾക്കുള്ള കണക്ഷനുകൾ പെട്ടെന്ന് നൽകാനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുക.

30. ദരിദ്ര കുടുംബങ്ങളിൽ വൈദ്യുതീകരിക്കാനുള്ള ധനസഹായം നൽകുക.

31. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി സ്ഥലമുടുകളുടെ സമ്മതം (Consent) ലഭിക്കുവാൻ ഇടപെടുക.

32. KSEB ജീവനക്കാരും പൊതുജനങ്ങളും തമ്മിൽ നല്ല ബന്ധം സ്ഥാപിക്കുന്നതിനായി പഞ്ചായത്തു തലത്തിൽ ഒരു ജനകീയ സമിതി രൂപീകരിക്കുക.

32. കോംപാക്ട് ഫ്ളൂറസെന്റ് ലാംബിന് സബ്സിഡി നൽകി വ്യാപിപ്പിക്കേണ്ടതാണ്.



# ഗതാഗതം

ഒഞ്ചിയം പഞ്ചായത്തിൽ മെച്ചപ്പെട്ട റോഡ് ശൃംഖലയുണ്ട്. ആകെ റോഡുകളുടെ ദൈർഘ്യം 62 കി.മീ ആണ്. ദേശീയ പാത (NH 17) കടന്നുപോകുന്നത് ഈ പഞ്ചായത്തിലൂടെയാണ്. 4 കി.മീ.യോളം വരുന്ന ഈ ഹൈവേ തീരപ്രദേശത്തുകൂടിയാണ് കടന്നുപോകുന്നത്. ജില്ലയുടെ കിഴക്കൻ മേഖലകളെ ബന്ധപ്പെടുത്തുന്ന മുട്ടുങ്ങൽ - പക്രന്തളം റോഡും കടന്നുപോകുന്നത് ഒഞ്ചിയത്തുകൂടിയാണ്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്ന റെയിൽപാത മൂന്നു കി.മീ. റോളം വരും. നാദാപുരം റോഡ്, റെയിൽവേ സ്റ്റേഷൻ ഈ പഞ്ചായത്തിലാണ്. മുൻ കാലങ്ങളിൽ കളിമൺ പാത്രങ്ങളും, തുണി, മത്സ്യ ഉല്പന്നങ്ങൾ എന്നിവയും കയറ്റുമതി ചെയ്യുന്ന പ്രാധാന്യമുള്ള സ്റ്റേഷനായിരുന്നു ഇത്.

62 കി.മീ. റോഡിൽ 25 കി.മീ. ടാർ ചെയ്തതും, 2 കി.മീ മെറ്റൽ ചെയ്തതുമാണ്. മെച്ചപ്പെട്ട റോഡ് ശൃംഖലയുണ്ടെങ്കിലും ഗുണ്നിലവാരത്തിൽ സ്ഥിതി മോശമാണ്. ഇതിനുള്ള പ്രധാന കാരണം അരുചാലുകളുടെയും കൾവെർട്ടുകളുടെയും അഭാവമാണ്. റോഡുകളുടെ സംരക്ഷണ പ്രവർത്തനത്തിന്റെ അഭാവം അവയുടെ സ്ഥിതി മോശമാകുന്നതിന് കാരണമായിട്ടുണ്ട്. റോഡുകളിൽ സാധനങ്ങൾ ഇറക്കിയിടുന്ന പ്രവണത പഞ്ചായത്തിൽ കൂടുതലാണ്. മഴക്കാലക്ക് അരുചാലുകൾ വൃത്തിയാക്കാതെ കിടക്കുന്നത് നീരൊഴുക്ക് തടസ്സപ്പെടുത്തുന്നു. ഇതിൽ ജനകീയ പ്രവർത്തനം ഊന്നൽ കൊടുക്കുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. റോഡുകളുടെ കേരള ശരാശരി ഒരു ചതു. കി.മീറ്ററിന്, നാല് കി.മീ ആണ്. പഞ്ചായത്തിലിത് 7 കി.മീ. ഉണ്ട്. പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ട റോഡാണ് കണ്ണൂക്കര - വെള്ളികുളങ്ങര റോഡ്.

പഞ്ചായത്തിലെ റോഡുകളുടെ വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

പട്ടിക V – 7

| ക്രമ നമ്പർ | റോഡിന്റെ പേര് | ഇനം | | ദൂരം (മീറ്ററിൽ) |
| --- | --- | --- | --- | --- |
| 1. | വെള്ളികുളങ്ങര – നാദാപുരം റോഡ് റെയിൽവേ സ്റ്റേഷൻ | ടാർ | പി.ഡബ്ള്യു.ഡി | 1–400 |
| 2. | നാദാപുരം റോഡ് – റെയിൽ വേ സ്റ്റേഷൻ റോഡ് | ടാർ | പി.ഡബ്ള്യു.ഡി. | 400 |
| 3. | കെ.പി.ആർ നഗർ – കണ്ണൂക്കര | പക്ക | പഞ്ചായത്ത് | 800 |
| 4. | മടപ്പള്ളി കോളേജ് – കളത്തിന്റെവിട – കണ്ണൂക്കര | പക്ക | പഞ്ചായത്ത് | 1–300 |
| 5. | മടപ്പള്ളി – ഊരാളുങ്കൽ റോഡ് | പക്ക | പഞ്ചായത്ത് | 1 – 600 |
| 6. | കോഴിവയൽ താഴ – വല്ലത്ത് കുന്ന് റോഡ് | പക്ക | പഞ്ചായത്ത് | 600 |
| 7. | കേളു ബസാർ – തറക്കൽ – മാടാക്കര റോഡ് | പക്ക | പഞ്ചായത്ത് | 1 – 000 |
| 8. | വല്ലത്ത് കുന്ന് – ലക്ഷം വീട് | പക്ക | പഞ്ചായത്ത് | 400 |
| 9. | ഒഞ്ചിയം ബേങ്ക് – താറോൽപ്പറമ്പ് റോഡ് | മെറ്റൽ | പഞ്ചായത്ത് | 600 |
| 10. | കുളങ്ങര നിരത്ത് – കണാട്ട് താഴ് റോഡ് | പക്ക | പഞ്ചായത്ത് | 800 |
| 11. | കക്കാട്ട് – വലിയതോട് റോഡ് | പക്ക | പഞ്ചായത്ത് | 800 |
| 12. | കുന്നോത്ത് താഴ – തൈക്കണ്ടി താഴ | പക്ക | പഞ്ചായത്ത് | 400 |
| 13. | കുന്നുമ്മക്കര ബേങ്ക് – ഒഞ്ചിയം ബസ്സ് സ്റ്റോപ്പ് റോഡ് | മെറ്റൽ | പഞ്ചായത്ത് | |
| 14. | ഒഞ്ചിയം വയനോളി താഴ റോഡ് | പക്ക | പഞ്ചായത്ത് | 500 |
| 15. | വെള്ളി കുളങ്ങര – വെള്ളാറതാഴ റോഡ് | ടാർ | പഞ്ചായത്ത് | 600 |
| 16. | വെള്ളി കുളങ്ങര – പുലയൻ കുന്നത്ത് റോഡ് | പക്ക | പഞ്ചാത്ത് | 600 |
| 17. | ഓഞ്ചിയം സ്കൂൾ – കണ്ണോത്ത് താഴ റോഡ് | പക്ക | പഞ്ചായത്ത് | 600 |
| 18. | മടപ്പള്ളി കോളേജ് – കൊറ്റോത്ത് കട്ടിംഗ് | പക്ക | പഞ്ചായത്ത് | 500 |
| 19. | വെള്ളികുളങ്ങര ക്രഷ് റോഡ് – ഒഞ്ചിയം എൽ.പി. സ്ക്കൂൾ റോഡ് | പക്ക | പഞ്ചായത്ത് | 1–000 |
| 20. | കണ്ണൂക്കര – മാരാംവീട് പറമ്പ് റോഡ് | പക്ക | പഞ്ചായത്ത് | 400 |
| 21. | കേളു ബസാർ പൊയിൽത്താഴ റോഡ് | പക്ക | പഞ്ചായത്ത് | 1–000 |
| 22. | വെള്ളികുളങ്ങര – വെള്ളികുളങ്ങര അമ്പലം റോഡ് | ടാർ | പി .ഡബ്ള്യു.ഡി. | 400 |
| 23. | നാദാപുരം റോഡ് – കൈപ്പുറത്ത് പാലം റോഡ് | പക്ക | പഞ്ചായത്ത് | 1–000 |
| 24. | വെള്ളികുളങ്ങര റെയിൽവേലൈൻ ക്രേഷ് റോഡ് | ടാർ | പി .ഡബ്ള്യു.ഡി. | 1–500 |
| 25. | കേളു ബസാർ ആശുപത്രി റോഡ് | പക്ക | പഞ്ചായത്ത് | 1–000 |

| | | | | |
|---|---|---|---|---|
| 26 | തയ്യിൽ പൊയിൽ - വെള്ളാറത്താഴ റോഡ് | പക്ക | പഞ്ചായത്ത് | 460 |
| 27. | തട്ടോളിക്കര ഈസ്റ്റ് എൽ.പി. സ്ക്കൂൾ - വീര്യമ്പത്ത് മുക്ക് റോഡ് | പക്ക | പഞ്ചായത്ത് | 750 |
| 28. | തൈക്കണ്ടിത്താഴ റോഡ് | പക്ക | പഞ്ചായത്ത് | 071 |
| 29. | താഴെ കാഞ്ഞിരാട്ട് - ചാലിൽ കണ്ണൂക്കര എൽ.പി.സ്ക്കൂൾ റോഡ് | പക്ക | പഞ്ചായത്ത് | 620 |
| 30. | കെ.പി.ആർ നഗർ പുതിയോട്ട് താഴ | പക്ക | പഞ്ചായത്ത് | 580 |
| 31. | മടപ്പള്ളി കോളേജ് - ക്വാർട്ടേഴ്സ് മെയിൻ റോഡ് | ടാർ | പി.ഡബ്ല്യു. ഡി | 500 |
| 32. | ഒഞ്ചിയം ധർമ്മ എൽ.പി. സ്ക്കൂൾ - ഒഞ്ചിയം കണ്ണൂക്കര | പി.ബ്ല്യു.ഡി. | റോഡ് | 1-000 |
| 33. | പടിഞ്ഞാറകണ്ടി മുക്ക് - വെടിവെയ്പ്പ് മുക്ക് | പക്ക | പഞ്ചായത്ത് | 990 |
| 34. | വെള്ളികുളങ്ങര ക്രേഷ് റോഡ് - എടക്കണ്ടി കുന്ന് ലക്ഷംവീട് | പക്ക | പഞ്ചായത്ത് | 600 |
| 35. | ക്രേഷ് റോഡ് - കൈപ്പുറത്ത് പാലം റോഡ് | പക്ക | പഞ്ചായത്ത് | 500 |
| 36. | പുലയംകുന്നത്ത് മുക്ക് - കാമാക്കാൽ താഴ റോഡ് (സാംസ്ക്കാരിക നിലയം) | പക്ക | പഞ്ചായത്ത് | 272 |
| 37. | സെൻട്രൽ മുക്കാളി റോഡ് | പക്ക | പഞ്ചായത്ത് | 125 |
| 38. | കണ്ണൂക്കര പി.ഡബ്ല്യൂ.ഡി. റോഡ് - പൊയിൽ പീടിക | പക്ക | പഞ്ചായത്ത് | 202 |
| 39. | മടപ്പള്ളി കോളേജ് - പാലാട്ട് താഴ റോഡ് - | പക്ക | പഞ്ചായത്ത് | 112 |
| 40. | മടപ്പള്ളി കോളേജ് - എൻ.സി.സി റോഡ് (കുഞ്ഞിപ്പിലാക്കുൽ മീത്തലെ മന്നലോത്ത്) | പക്ക | പഞ്ചായത്ത് | 180 |
| 41. | ഊരാളുങ്കൽ ലേബർ സൊസൈറ്റി - റെയിൽവേ കട്ടിംഗ് റോഡ് | പക്ക | പഞ്ചായത്ത് | 400 |
| 42. | മീത്തലെ മുക്കാളി - കെ.പി.ആർ നഗർ റോഡ് | പക്ക | പഞ്ചായത്ത് | 1-500 |
| 43. | വീര്യമ്പത്ത് മുക്കം - കണ്ണൂക്കര എൽ.പി. സ്ക്കൂൾ റോഡ് | പക്ക | പഞ്ചായത്ത് | 600 |
| 44. | ഒഞ്ചിയം യു.പി.സ്ക്കൂൾ - താന്നിയുള്ളതിൽ മുക്ക് | പക്ക | പഞ്ചായത്ത് | 610 |
| 45. | എടക്കണ്ടി കോവിലകം - തറോൽമുക്ക് റോഡ് | പക്ക | പഞ്ചായത്ത് | 370 |
| 46. | കണ്ണോത്ത് പള്ളി - ഒഞ്ചിയം ധർമ്മ എൽ.പി (ആവിട്ട്യത്ത് റെയിൽവേ ഗേറ്റ് റോഡ്) | പക്ക | പഞ്ചായത്ത് | 425 |
| 47. | വെടിവെപ്പ് മുക്ക് - കണ്ണാടിക്കുന്ന് റോഡ് | പക്ക | പഞ്ചായത്ത് | 275 |

| | | | | |
|---|---|---|---|---|
| 48. | മാച്ചിനാരി ഒന്തം - ഹെൽത്ത് സബ്സെന്റർ | പക്ക | പഞ്ചായത്ത് | 050 |
| 49. | മടപ്പള്ളി കോളേജ് - ക്വാർട്ടേഴ്സ് കാന്റീൻ റോഡ് | പക്ക | പഞ്ചായത്ത് | 450 |
| 50. | പാപ്പാരത്ത് താഴ - പൊന്നാരി താഴ റോഡ് | പക്ക | പഞ്ചായത്ത് | 450 |
| 51. | കൃഷ്ണൻ വൈദ്യർ സ്മാരക വായനശാല - ചോറോട് പാലം റോഡ് | പക്ക | പഞ്ചായത്ത് | 185 |
| 52. | ഒഞ്ചിയം ധർമ്മ എൽ.പി. - കൊറ്റൊത്ത് കട്ടിംഗ് റോഡ്. | പക്ക | പഞ്ചായത്ത് | 1-000 |
| 53. | ഫിഷറീസ് ഡിസ്പെൻസറി - ബീച്ച് റോഡ് | പക്ക | പഞ്ചായത്ത് | 250 |
| 54. | കാവുള്ളാംമീത്തൽ വല്ലത്ത് കുന്ന് ലക്ഷം വീട് | പക്ക | പഞ്ചായത്ത് | 600 |
| 55. | കുന്നിനാംപുറത്ത് നാദാപുരം റോഡ് - റെയിൽവേ സ്റ്റേഷൻ റോഡ് | പക്ക . | പഞ്ചായത്ത് | 415 |
| 56. | പീടികത്താഴ നാദാപുരം റോഡ് - റെയിൽവേ സ്റ്റേഷൻ റോഡ് | പക്ക | പഞ്ചായത്ത് | 400 |
| 57. | വെള്ളികുളങ്ങര ക്ഷേത്രം - അത്തിയൂർകുന്നി റോഡ് | പക്ക | പഞ്ചായത്ത് | 600 |
| 58. | കല്യാണി മുക്ക് - വിലങ്ങിൽ മുക്ക് റോഡ് | പക്ക | പഞ്ചായത്ത് | 070 |
| 59. | സർവ്വീസ് സ്റ്റേഷൻ - മേപ്പാടി റോഡ് | പക്ക | പഞ്ചായത്ത് | 250 |
| 60. | വെള്ളറങ്ങോട്ട് താഴ - കയ്യാലിൽ താഴ റോഡ് | പക്ക | പഞ്ചായത്ത് | 350 |
| 61. | അഞ്ചുമൂല പറമ്പ് - മൊയിലോത്ത് മീത്തൽ | പക്ക | പഞ്ചായത്ത് | 400 |
| 62. | ചെറുവത്ത് കണ്ടിമുക്ക് - കോട്ട ലക്ഷം വീട് കോളനിറോഡ് | പക്ക | പഞ്ചായത്ത് | 250 |
| 63. | പഴംതോട്ടത്തിൽ മുക്ക് - തെക്കയിൽ മുക്ക് | പക്ക | പഞ്ചായത്ത് | 200 |
| 65. | വടക്കയിൽ മുക്ക് - കൂവക്കൂൽ താഴ റോഡ് | പക്ക | പഞ്ചായത്ത് | 350 |
| 66. | കാമകൂൽ താഴ - പുലയം കുന്നത്ത് റോഡ് | പക്ക | പഞ്ചായത്ത് | 12-280 |
| 67. | മണലി മുക്ക് -മഹാഗണപതി ക്ഷേത്രം | പക്ക | പഞ്ചായത്ത് | 300 |
| 68. | നാദാപുരം റോഡ് - ചെറിയ കാവുതിയി റോഡ് | പക്ക | പഞ്ചായത്ത് | |
| 69. | ക്രേഷ് റോഡ് -പൊന്നേരി താഴ റോഡ് | പക്ക | പഞ്ചായത്ത് | |
| 70. | എടക്കണ്ടിക്കുന്ന് - കോമത്ത് താഴ റോഡ് | പക്ക | പഞ്ചായത്ത് | |
| 71. | മടപ്പള്ളി കോളേജ് - കാരക്കാട് പറമ്പ് റോഡ് | പക്ക | പഞ്ചായത്ത് | 2350 |
| 72. | ആത്മാവിദ്യാമാം -കൈപ്പുറത്ത് പാലം റോഡ് | പക്ക | പഞ്ചായത്ത് | 200 |

| | | | |
|---|---|---|---|
| 75. | കൈപ്പുറത്ത് പാലം – പാലേരിന്റവിട റോഡ് പക്ക | പഞ്ചായത്ത് | 300 |
| 76. | കൈപ്പുറത്ത് പാലം– കണ്ടോത്ത് പറമ്പ് N.H. റോഡ് പക്ക | പഞ്ചായത്ത് | 410 |
| 77. | നാദാപുരം റോഡ് – ഹൈസ്ക്കൂൾ ജംഗ്ഷൻ റെയിൽവേ ലൈൻ റോഡ് പക്ക | പഞ്ചായത്ത് | 310 |
| 78. | എടക്കണ്ടിക്കുന്ന് ലക്ഷംവീട് – കൊറ്റോത്ത് കട്ടിംഗ് റോഡ് പക്ക | പഞ്ചായത്ത് | 180 |
| 79. | കുന്നോത്ത് മുക്ക് – കുറ്റ്യേരി താഴ റോഡ് പക്ക | പഞ്ചായത്ത് | 350 |
| 80. | ഒഞ്ചിയം മഠത്തും താഴ – മേക്കുന്നത്ത് റോഡ് പക്ക | പഞ്ചായത്ത് | 350 |
| 81. | കാരക്കാട്ട് L.P. – വണ്ണാത്തിക്കണ്ടി റോഡ് പക്ക | പഞ്ചായത്ത് | 350 |
| 82. | ചോയിക്കണ്ടി മുക്ക് – കുഞ്ഞിപ്പുരയിൽ മുക്ക് റോഡ് പക്ക | പഞ്ചായത്ത് | 223 |
| 83. | വണ്ണാത്തിക്കുന്ന് – പൊന്നാരിത്താഴ റോഡ് പക്ക | പഞ്ചായത്ത് | 350 |
| 84. | പൊടിക്കളം പറമ്പ് കണ്ണൂക്കര റോഡ് പക്ക | പഞ്ചായത്ത് | 334 |

പഞ്ചായത്തിൽ നാദാപുരം റോഡ്, കണ്ണൂക്കര, വെള്ളികുളങ്ങര എന്നിവയാണ് പ്രധാന അങ്ങാടികൾ കണ്ണൂക്കരയിൽ ടാക്സികാർ, ജീപ്പ് ഓട്ടോറിക്ഷ എന്നിവയും വെള്ളികുളങ്ങരയിൽ ജീപ്പ്, ഓട്ടോറിക്ഷ എന്നിവയും നാദാപുരംറോഡിൽ ടാക്സികാർ, ഓട്ടോറിക്ഷ എന്നിവയും സർവീസ് നടത്തുന്നു.

വാഹനങ്ങളുടെ വിശദവിവരം പട്ടികയിൽ കൊടുക്കുന്നു. പട്ടിക V – 8

| ക്രമ നമ്പർ | വാഹനങ്ങൾ ഇനം | നാദാപുരം റോഡ് | കണ്ണൂക്കര | വെള്ളികുളങ്ങര |
|---|---|---|---|---|
| 1. | ഓട്ടോറിക്ഷ | 10 | 22 | 26 |
| 2. | ജീപ്പ് | — | 30 | (വെള്ളികുളങ്ങര ഉൾപ്പെടെ) |
| 3. | കാർ | 2 | 15 | — |

കണ്ണൂക്കരയിൽ വാഹനങ്ങൾക്ക് പ്രത്യേക സ്റ്റാന്റില്ല. ജീപ്പുകൾ നിർത്തിയിടുന്നത് കാരണം ഒഞ്ചിയം റോഡിൽ ഗതാഗത തടസ്സം ഉണ്ടാവാറുണ്ട്. കണ്ണൂക്കരയിൽ ടാക്സി സ്റ്റാന്റിന് സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. വെള്ളികുളങ്ങരയിലും സ്റ്റാന്റ് ഇല്ലാത്തതു കാരണം ഇടുങ്ങിയ റോഡിലാണ് സർവീസ് നടത്തുന്ന ജീപ്പുകൾ പാർക്ക് ചെയ്യുന്നത്. ഇതുമൂലം കണ്ണൂക്കരയിലെ പോലെ തന്നെ ഇവിടെയും ഗതാഗത തടസ്സം ഉണ്ടാവുന്നു. ഒഞ്ചിയം – വെള്ളികുളങ്ങര വഴി കോഴിക്കോട് മെഡിക്കൽ കോളേജിലേക്കും വടകരയിലേക്കും രണ്ട് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതിലൊന്ന് KSRTC ബസ്സ് ആണ്.

പഞ്ചായത്തിലെ അങ്ങാടികളിലൊന്നും ആഴ്ച ച്ചന്തകൾ നടക്കുന്നില്ല. വെള്ളികുളങ്ങരയിലും നാദാപുരം റോഡിലും മത്സ്യ മാർക്കറ്റ് നിലവിലുണ്ട്. വെള്ളികുളങ്ങരയിലെ കെട്ടിടം ഉപയോഗ യോഗ്യമല്ല. കണ്ണൂക്കരയിൽ മത്സ്യമാർക്കറ്റ് ഇല്ല. ഇതിന്റെ നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. മടപ്പള്ളിയിലും മത്സ്യ വില്പന പൊതു സ്ഥലത്താണ് നടക്കുന്നത്.

**പ്രശ്നങ്ങൾ**

1. റോഡുകൾ മഴക്കാലത്ത് ഗതാഗത യോഗ്യമല്ല. അരുകുചാലുകൾ ഇല്ലാത്തതും ഉള്ളവയിൽ തന്നെ മണ്ണ് നിറയുന്നതും റോഡിൽ വെള്ളം കെട്ടിക്കിടക്കാൻ ഇടയാകുന്നു.
2. പഞ്ചായത്തിൻ കിഴക്കൻ ഭാഗത്തെയും പടിഞ്ഞാറൻ പ്രദേശത്തെയും വിഭജിക്കുന്ന റെയിലിന് ഒരു റെയിൽവേഗേറ്റ് മാത്രമാണ് ഉള്ളത്.
3. കാഞ്ഞിരക്കടവ് - അമ്പലപ്പറമ്പ് റോഡിൽ 150 മീറ്റർ ഭാഗം ഗതാഗത യോഗ്യമല്ല. ഇതുമൂലം 5 കി.മീ. റോഡിൽ ഗതാഗതം നടക്കുന്നില്ല.

**സാധ്യതകൾ**

1. തലശ്ശേരി - വടകര നാഷണൽ ഹേവേയിൽ ചേറോട് ഓവർ ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുക.
2. അമ്പലപ്പറമ്പ് - കാഞ്ഞിരക്കടവ് റോഡിൽ ഏറാമല പഞ്ചായത്തിൽ ഉൾപ്പെടുന്ന 150 മീറ്റർ പാലം ഗതാഗതയോഗ്യമാക്കിയാൽ 5 കി.മീറ്റർ ദൂരം ഗതാഗത സൗകര്യം ഏർപ്പെടുത്താൻ കഴിയും.
3. പട്ട്യാട്ട് താഴ റെയിൽവേ അണ്ടർബ്രാഡ്ജ് സ്ഥാപിക്കുക.
4. വെള്ളികുളങ്ങര - മടപ്പള്ളി ക്രേഷ്റോഡിന് അണ്ടർ ബ്രിഡ്ജ് സ്ഥാപിച്ചാൽ മടപ്പള്ളി കോളേജ് എൻ.എച്ച് റോഡുമായി ഇതിനെ ബന്ധിപ്പിക്കാൻ കഴിയും.
5. നാദാപുരം റോഡ് - വെള്ളികുളങ്ങര റോഡിൽ റെയിൽവേസ്റ്റേഷന് സമീപം റെയിൽവേഗേറ്റ് സ്ഥാപിക്കുക.

**ടാർ ചെയ്യേണ്ടുന്ന റോഡുകൾ**

1. മടപ്പള്ളി കോളേജ് അറക്കൽ ക്ഷേത്രം റോഡ്.
2. മടപ്പള്ളി കോളേജ് ക്വാർട്ടേഴ്സ്, കണ്ണൂക്കര
3. അമ്പലപ്പറമ്പ് വയനോളി താഴ റോഡ്
4. വെടിവെപ്പ് സ്ഥലം മുതൽ എം.ആർ സ്മാരകവുമായി ബന്ധിക്കുന്ന പുതുക്കുടി വഴിയുള്ള റോഡ്.
5. പഞ്ചായത്ത് ഡിസ്പെൻസറി റോഡ്.
6. പുന്നേരിത്താഴ-വെള്ളികുളങ്ങര
7. ഒഞ്ചിയം റെയിൽവേ ഗേറ്റ് -ശ്രീ നാരായണഗുരു മഠം റോഡ്.
8. കെ.പി.ആർ നഗർ-നാഷണൽ ഹൈവേ വരെ
9. ഒഞ്ചിയം ബാങ്ക് - തറോൽപറമ്പ് റോഡ്

**റീ-ടാർ ചെയ്യേണ്ടുന്ന റോഡുകൾ**

1. വെള്ളികുളങ്ങര വെള്ളാറത്താഴ റോഡ്
2. കേളുബസാർ - അറയ്ക്കൽ - നാദാപുരം റോഡ്

**പണി പൂർത്തീകരിക്കേണ്ടവ**

1. സാംസ്ക്കാരിക നിലയം റോഡ്
2. പടിഞ്ഞാറത്ത് മുക്ക് പൊയിൽ പീടിക റോഡ്
3. കാരക്കാട് എൽ.പി. സ്ക്കൂൾ മുതൽ പൊന്നങ്കണ്ടി പാലം വരെ.

അറ്റകുറ്റപണികൾ നടത്തേണ്ടവ

1. കൈതോക്കുന്ന്-നാഷണൽ ഹൈവേ റോഡ്
2. കപ്പള്ളിപ്പൊയിൽ-കുന്നുമ്മത്താഴ സ്രാമ്പി റോഡ്
3. കൂവക്കൂൽ-ഒഞ്ചിയം റോഡ്
4. തറോൽപ്പറമ്പ് റോഡ്-എടക്കണ്ടി കുന്ന് വഴി ക്രാഷ് റോഡ്
5. കപ്പള്ളി പൊയിൽ-മാണിക്കോത്ത് ക്ഷേത്രം റോഡ്
6. കോളേജ് ക്വാർട്ടേഴ്സ് മുതൽ ഗ്രൗണ്ട് വരെയുള്ള റോഡുകൾ
7. മടപ്പള്ളി കോളേജ്-ഹൈസ്ക്കൂൾ റോഡ്

**മെറ്റൽ ചെയ്യേണ്ടുന്നവ**

1. നാദാപുരം റോഡ് കൈപ്പുറത്ത് പാലം
2. കളത്തിൽ മാരാം വീട് റോഡ്
3. കണ്ണൂക്കര ചാലിൽ സ്ക്കൂൾ റോഡ്
4. മാടാക്കരം ഇനം അമ്പലം മുതൽ ചോമ്പാൽ

കോളനി വരെ

5. തൈക്കണ്ടി താഴ–ആയുർവേദ ഡിസ്പെൻസറി റോഡ്

6. മീത്തലേ മുക്കാളി–കെ.പി.ആർ നഗർ റോഡ്.

**പുതിയ റോഡുകൾ**

1. രാഘവന്റെ പീടിക മുതൽ വെള്ളാറത്താഴ റോഡ് വരെ (വാർഡ് IV)
2. ഒഞ്ചിയം സ്മാരകം പീടികക്കുനി വരെ.
3. ചാത്തോത്ത് കണ്ടി മുതൽ ചാലത്തിൽ വയൽ വഴി എം.ആർ സ്മാരകം വരെ.
4. മേയന ഹരിദാസന്റെ വീട് മുതൽ വയലായി വിജയന്റെ വീട് വരെ.
5. ഡിസ്പെൻസറി മുതൽ കക്കാട്ട് കുന്ന് ഫയർവർക്സ് വരെ.
6. മാടാക്കര – മടപ്പള്ളി – ചോറോട്ട് വരെ തീരദേശ റോഡ്.
7. കണ്ടോത്ത് നാദാപുരം റോഡ് – ചാത്തംകണ്ടി റോഡ് – ചെറുവത്ത് കണ്ടി മുക്ക് – ലക്ഷംവീട് റോഡ് എന്നിവ യോജിപ്പിക്കുക.
8. കൃഷ്ണൻ വൈദ്യർ സ്മാരക വായനശാല വഴി കൈപ്പറത്ത് പാലം റോഡ് വരെ.
9. മടപ്പള്ളി ഹൈസ്ക്കൂളിന് കിഴക്ക് ഭാഗത്ത് കൂടെയുള്ള വഴി നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുക.

**പാലങ്ങൾ**

1. അകവളപ്പിൽ നിന്ന് വലിയ പുര വഴി നാദാപുരം ബീച്ചിലേക്കുള്ള വഴിയിൽ
2. ഇളങ്ങോട്ട് താഴ (വാർഡ് I)
3. വെങ്ങളശ്ശേരി താഴ
4. കേളുബസാർ മടപ്പള്ളി കോളേജ് റോഡ്, കണ്ണൂക്കര റോഡുമായി ബന്ധിപ്പിക്കുന്ന സ്ഥലത്ത്.
5. മാടാക്കര തോടിന് കറുകവയൽ വഴി
6. ജ്ഞാനോദയം സ്ക്കൂൾമുതൽ മുന്നൂറാം കണ്ടം വരെയുള്ള വഴിയിൽ
7. ചേറോട് പഞ്ചായത്തിന്റെ അതിർത്തിയിൽ തീരദേശ റോഡിന് ഫൂട്ടോവർ ബ്രിഡ്ജ്.
8. മാളിയേക്കൽ അഴിക്കകത്ത് ഭാഗം

**നടപ്പാതകൾ**

1. എം.ആർ. സ്മാരകത്തിൽ നിന്നും സാംസ്ക്കാരിക നിലയത്തിലേക്ക്
2. വെള്ളികുളങ്ങര ടൗൺ ട്രാൻസ്ഫോർമർ മുതൽതണ്ണീർ പന്തൽ വരെ.
3. ചള്ളയിൽ പൊടിക്കളം മുതൽ കണ്ണൂക്കര ഭാഗത്തേക്ക് (വാർഡ് I)
4. മാണിയോത്ത് താഴ പുത്തൻപുരയിൽതാഴ
5. കൊട്ടാരം കൊയിലോത്ത് വടേക്കണ്ടി താഴ
6. മുല്ലപ്പള്ളി മുക്ക് പൊയിൽ താഴ
7. കണ്ണൂക്കര ഫ്ളോർമിൽ കണ്ണൂർക്കര തോട്
8. കല്ലേരി പുലയൻ വയൽതാഴ.
9. പാനവയൽക്കുനി ഭാഗം
10. ആവടുത്ത് നിന്ന് മീത്തലെ കല്ലേരി വരെ
11. കോറോത്ത് താഴ വരപ്രത്ത് റോഡിന് കണ്ണാക്കുന്ന് റോഡുമായി ബന്ധിപ്പിക്കുക.
12. വെള്ളാറത്താഴ തൈയിൽത്താഴ പഞ്ചമിമുക്ക് കുഞ്ഞ്യേശിത്താഴ കനാലുമായി
13. പിയം കുഞ്ഞിരാമന്റെ വീട് മുതൽ പുനത്തിൽ കനാൽ വരെ.
14. ഒഞ്ചിയം സ്ക്കൂൾ മുതലുള്ള ഫുട്പാത്ത് കണിയാന്റെവിട മുക്കുവരെ നീട്ടുക. ഇതിൽ നിന്ന് നിടുങ്ങോട്ട് കുനി വലിയ പറന് വര മറ്റൊരു ഫുട്പാത്ത്
15. കേളുബസാർ VVLP യിൽ പടിഞ്ഞാറോട്ടുള്ള വഴി.
16. ജ്ഞാനോദയം സ്ക്കൂൾ മുതൽ തെക്കു ഭാഗത്തേക്കുള്ള വഴി.
17. മാളിയേക്കൽ അഴിക്കകത്തേക്ക്

18. മഠത്തിൽ നാരായണന്റെ വീട്ടിൽ നിന്ന് റെയിൽവെ കക്കൂസ് പരിസരം വരെ

19. ക്രേഷ് റോഡിൽ കറ്റോടി ഭാഗത്തേക്ക്

20. പുന്തേരിത്താഴ വള്ളിക്കാട്.

21. തുണ്ടിയിൽ ചാത്തുവിന്റെ വീട് മുതൽ കാഞ്ഞിരമുള്ള ലക്ഷ്മണന്റെ വീട് വരെ.

22. ശ്രീനാരായണഗുരു മഠത്തിൽ നിന്ന് തെക്കു ഭാഗത്തേക്ക്

**നീർക്കെട്ട് ഒഴിവാക്കൽ**

1. രാമോട്ടി മാസ്റ്ററുടെ വീട് മുതൽ ഡിസ്പെൻസറി വരെ.

2. താതേ പീടിക പറമ്പിന്റെയും വടക്കെ താഴെക്കുനി പറമ്പിന്റെയും ഇടയിലുള്ള വഴി (വാർഡ് - VII)

3. ക്രേഷ് റോഡ് വോണാലിത്താഴ വഴി റോഡ് ഭാഗം

**മറ്റ് ആവശ്യങ്ങൾ**


KSRTC ബസ്സ് ഒഞ്ചിയം കണ്ണൂക്കര കേളു ബസാർ, അറയ്ക്കൽ, നാദാപുരം റോഡ്, വടകര, വൈക്കിലശ്ശേരി, വെള്ളികുളങ്ങര വഴി സർക്കിൾ റോഡ്.

2. കണ്ണൂക്കര, നാദാപുരം, റോഡ് ലിമിറ്റഡ് സ്റ്റോപ്പാക്കുക.

3. കണ്ണൂക്കരയിൽ ടാക്സി സ്റ്റാന്റ് സ്ഥാപിക്കുക.

4. ഓട്ടോറിക്ഷ സ്റ്റാന്റ് കണ്ണൂക്കര വെള്ളികുളങ്ങര എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

5. ആഴ്ചചന്തകൾ വെള്ളികുളങ്ങര നാദാപുരം റോഡ് തുടങ്ങിയ സ്ഥലം വരെ



# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. വിഭവ ഭൂപടസർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ 2600 കിണറുകളാണ് ഉണ്ടായിരുന്നത്. 11 വാർഡുകളിലായി 3247 (P.H.C. രേഖ) (75%) വീടുകൾ ഇപ്പോൾ കിണറുള്ളവയാണ്. എങ്കിലും ഇവയിൽ കുറേയെണ്ണം വേനലിൽ വറ്റിപ്പോകുന്നവയാണ്. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ കോളേജ് കുന്ന്, വല്ലത്ത് കുന്ന്, മാവിലക്കുന്ന്, എടക്കണ്ടിക്കുന്ന്, വേവറക്കുന്ന് എന്നിവ രൂക്ഷമായ ജലക്ഷാമത്തെ നേരിടുന്നവയാണ്. ഒന്തം പറമ്പ്, മാലോൽക്കുന്ന്, ചാമക്കുന്ന്, കണ്ണാടിക്കുന്ന് തുടങ്ങിയ പ്രദേശങ്ങൾ താരതമ്യേന രൂക്ഷമല്ലെങ്കിലും ജലലഭ്യതയുടെ കാര്യത്തിൽ വളരെ വിഷമം അനുഭവിക്കുന്നവയാണ്. വയലുകൾ നികത്തൽ ശക്തിപ്പെട്ടതോടുകൂടി ജനുവരിമാസത്തിനു മുമ്പുതന്നെ ഇത്തരം പ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു. പഞ്ചായത്തിന്റെ ഇതരഭാഗങ്ങൾ മാർച്ചുമാസത്തോട് കൂടി ത്തന്നെ കുടിവെള്ളക്ഷാമത്തിന്റെ പിടിയിൽ അമരുന്നു. മുൻ കാലങ്ങളിൽ വറ്റാതിരുന്ന മിക്ക കിണറുകളും ഈ അടുത്തവർഷങ്ങളിലായി വരൾച്ചയെ നേരിടുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന 988 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. 1169 കുടുംബങ്ങൾ സ്വന്തമായി കിണറില്ലാത്തവയാണ്. ശുദ്ധജലം ലഭ്യമാക്കാൻ പഞ്ചായത്തിൽ 14 പൊതു കിണറുകളും 45 കുഴൽക്കിണറുകളും സ്ഥാപിച്ചിട്ടുണ്ട്.

പട്ടിക IV - 1

| വാർഡ് നമ്പർ | കുടിവെള്ളക്ഷാമംഅനുഭവിക്കുന്ന കുടുംബങ്ങൾ | പൊതു കിണർ | കുഴൽക്കിണർ |
|---|---|---|---|
| 1. | 250 | — | 2 |
| 2. | 91 | 1 | 2 |
| 3. | 50 | 2 | 3 |
| 4. | 72 | 2 | — |
| 5. | 65 | 2 | 3 |
| 6. | 70 | 1 | 3 |
| 7. | 75 | 2 | 5 |
| 8. | 90 | — | 10 |
| 9. | 95 | 1 | 4 |
| 10. | 60 | 2 | 2 |
| 11. | 70 | 2 | 4 |
| | 988 | 15 | 45 |

പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കടലോര വാർഡുകളിൽ ഭൂരഹിതരും ഭവനരഹിതരുമായ ജനങ്ങൾ താമസിക്കുന്ന ലക്ഷംവീട് - നാല്സെന്റ് കോളനികളുമുള്ള വാർഡുകളിലുമാണ് കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളതെന്ന് പട്ടികയിൽ നിന്ന് വ്യക്തമാവുന്നു.

തീരദേശ പഞ്ചായത്ത് ആയത് കൊണ്ട് തന്നെ കടലോര വാർഡുകളിലെ കിണറുകളിൽ ഉപ്പുവെള്ളം കയറുന്നതുകൊണ്ട് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് പൈപ്പ് വെള്ളത്തെയാണ് കക്കാട് കുന്നിൽ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ച ടാങ്കിൽ നിന്നാണ് ഈ പ്രദേശത്ത് ജലവിതരണം നടക്കുന്നത് 39 വാട്ടർ ടാപ്പുകൾ ഉണ്ടെങ്കിലും ആവശ്യമായ ജലവിതരണം നടത്താൻ കടുത്ത വേനൽക്കാലത്ത് സാധിക്കാറില്ല. പരിമിതമായ ജലവിതരണമേ നടക്കുന്നുള്ളൂ. മടപ്പള്ളി ഗവ. കോളേജിനോടനുബന്ധിച്ച് ജലവിതരണത്തിനായ് ഒരു ടാങ്ക് നിലവിലുണ്ട്. കോളേജിലും ക്വാർട്ടേഴ്സുകളിലും മുഖ്യമായും ഉപയോഗിക്കുന്നത് ഇവിടെ നിന്നുള്ള വെള്ളമാണ്. കൈതോക്കുന്ന് ഭാഗത്ത് ജനങ്ങളുടെ കൂട്ടായ്മയുടെ ഭാഗമായി 40 കുടുംബങ്ങൾ ചേർന്നുകൊണ്ട് ഒരു മിനി വാട്ടർ സപ്ലൈസ് സ്കീം നടപ്പിലാക്കുന്നുണ്ട്. ഇതിന്ന് കൃഷിഭവന്റെ സഹായവും ലഭിച്ചുവരുന്നു. കുറ്റ്യാടി പദ്ധതിയുടെ ഭാഗമായി ഓഞ്ചിയം ഉൾപ്പെടെ ആറ് പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം ലക്ഷ്യമിട്ടുകൊണ്ട് അഞ്ചാം വാർഡിൽ എടക്കണ്ടി കുന്നിൽ ഒരു വലിയ വാട്ടർടാങ്ക് നിർമ്മിച്ചിട്ടുണ്ട്. കോടികൾ ചെലവഴിച്ച് തയ്യാറാക്കിയ ഈ പദ്ധതിക്ക് 8 വർഷത്തെ പഴക്കമുണ്ടെങ്കിലും ഇതുവരെ കമ്മീഷൻ ചെയ്യപ്പെട്ടിട്ടില്ല. പദ്ധതി കമ്മീഷൻ ചെയ്യാത്തതു കാരണം പഞ്ചായത്തിൽ ജലക്ഷാമം നേരിടുമ്പോഴും ഈ പ്രശ്നവുമായി ബന്ധപ്പെട്ട് പരിഹാരത്തിന് ഫലപ്രദമായി ഇടപെടാൻ സാധിക്കാത്ത അവസ്ഥയും നിലനിൽക്കുന്നു. വൻതോതിൽ സാമ്പത്തിക നഷ്ടവും സമയനഷ്ടവും വരുത്തിവെച്ച ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുന്നത് മൂലം ഉണ്ടാവുന്ന വിഷമതകൾ ഏറെയാണ്.

**പ്രശ്നങ്ങൾ - സാധ്യതകൾ**

1. കുറ്റ്യാടി പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യേണ്ടതാണ്.
2. തീരദേശ വാർഡുകളിൽ സ്ഥിരമായി ജലവിതരണം നടത്തേണ്ടതാണ്.
3. 7, 9 വാർഡുകളിലുള്ള തോടുകളിൽ ചീപ്പ് നിർമ്മിച്ച് ഉപ്പുവെള്ളം കയറുന്നത് തടയാവുന്നതാണ്.
4. ഉയർന്ന പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കേണ്ടതാകുന്നു (ഗ്രൗണ്ട് വാട്ടർ പദ്ധതി പ്രകാരമുള്ള ഒരുകോടി രൂപ ഈയിനത്തിൽ ഉപയോഗിക്കാവുന്നതാണ്.)
5. നിലവിലുള്ള കുഴൽക്കിണറുകൾക്ക് അറ്റകുറ്റപ്പണി ചെയ്യേണ്ടതാണ്.
6. പഞ്ചായത്തിലെ ഏക പൊതുകുളമായ മൊയിലോത്ത് കുളം ഉപയോഗപ്പെടുത്താൻ നടപടിയെടുക്കേണ്ടതാണ്.
7. നിലവിലുള്ള കുഴൽക്കിണറുകളുടെ ജി.ഐ. പൈപ്പുകൾ മാറ്റി പി .വി.സി പൈപ്പ് സ്ഥാപിക്കേണ്ടതാണ്.

എല്ലാ ഗ്രാമസഭകളിൽ നിന്നും കുടിജല വിതരണത്തിനായി പ്രാദേശികതലത്തിൽ നടപ്പിലാക്കാവുന്ന പദ്ധതികളുടെ വ്യക്തമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

**പ്രാദേശികതല പദ്ധതികൾ**

1. ഒന്നാം വാർഡിൽ ചാലിൽ

എൽ.പി.സ്കൂളിന് കിഴക്കുവശത്തായി കിണർ കുഴിച്ച് മാവിലക്കുന്നിനു മുകളിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്താവുന്നതാണ്.

2. മണിയോത്ത് താഴ കിണർ നിർമ്മിച്ച് കെ.പി.ആർ കുന്നിൽ വെള്ളം ശേഖരിച്ച് ജലവിതരണം നടത്താവുന്നതാണ്. ഇതിനുള്ള കായിക അദ്ധ്വാനവും മറ്റ് വിഭവങ്ങളും വാർഡിൽതന്നെ കണ്ടെത്താവുന്നതാണ് എന്ന് ഗ്രാമസഭ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

3. മൂന്നാം വാർഡിലെ കോഴിക്കോട്ട് കാവ് താഴ കിണർ കുഴിച്ച് മാലോൽകുന്നിൽ ടാങ്ക് നിർമിച്ച് മഠത്തിൽ കുന്ന്, ചാമക്കുന്ന്, മാലോൽകുന്ന് ഭാഗങ്ങളിൽ ജലവിതരണം നടത്താവുന്നതാണ്.

4. കണ്ണാടിക്കുന്നിൽ ടാങ്ക് നിർമ്മിച്ച് കുന്നിന് താഴെയുള്ള വയലിൽ കിണർ കുഴിച്ച് ഈ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.


5. അഞ്ചാം വാർഡിലെ ഒന്തം പറമ്പത്ത് ഭാഗത്ത് കിണർ കുഴിച്ച് വെള്ളം ശേഖരിച്ച് വിതരണം നടത്താവുന്നതാണ്. ഇതിന്നാവശ്യമായ സ്ഥലസൗകര്യം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. എടക്കണ്ടിക്കുന്നിന്റെ തെക്ക് ഭാഗം, കാരക്കുന്ന് താനിയുള്ളതിൽ കിഴക്ക് ഭാഗം വട്ടപ്പറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ കുഴൽക്കിണർ ഉപയോഗിച്ച് ജലവിതരണം നടത്തേണ്ടതാണ്. (ജില്ലക്ക് പാസ്സായിട്ടുള്ള കുഴൽക്കിണർ ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്)

6. കണ്ണവയൽഭാഗത്ത് ചിറയിൽ കുളത്തിൽ കിണർ സ്ഥാപിച്ച് നാടുവാണിമ്മൽ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ആറാം വാർഡിലെ കോളേജ്കുന്ന്, നാടുവാണിമ്മൽ ഭാഗങ്ങളിൽ ജലവിതരണം നടത്താവുന്നതാണ്.

7. കക്കാട്ട് കുന്നിൽ നിലവിലുള്ള K.W.A.യുടെ ടാങ്ക് ഭൂനിരപ്പിൽ നിന്നും ഉയർത്തി ഓവർഹെഡ് ടാങ്കാക്കി മാറ്റേണ്ടതാണ്. ഇവിടെ നിലവിലുള്ള കിണർ അറ്റകുറ്റപ്പണി നടത്തുകയും പൈപ്പ് കണക്ഷൻ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

8. 8, 9 വാർഡുകളിലെ ഉപ്പുവെള്ളം കയറാത്ത പ്രദേശത്ത് കിണർ കുഴിച്ച് ജലവിതരണം നടത്താൻ കഴിയും. ഇതിന് ആവശ്യമായ വിഭവങ്ങൾ കണ്ടെത്താൻ ജനങ്ങൾ സന്നദ്ധരാണ്. നിലവിലുള്ള പൈപ്പുകളിൽ സ്ഥിരമായി വെള്ളം പമ്പു ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

9. 10, 11 വാർഡുകളിൽ ജലവിതരണം നടത്താൻ വല്ലത്ത് കുന്നിന്റെ താഴ്ന്ന പ്രദേശത്ത് കിണർ കുഴിച്ച് ഉയർന്ന പ്രദേശത്ത് ടാങ്ക് നിർമ്മിക്കേണ്ടതാണ്.



# ആരോഗ്യം.

1968 ൽ രണ്ടാം വാർഡിൽ സ്ഥാപിച്ച ആയുർവേദ ആശുപത്രിയാണ് പഞ്ചായത്തിലെ ആദ്യത്തെ ആരോഗ്യ സ്ഥാപനം. അതുവരെ പഞ്ചായത്താഫീസ് ആയി പ്രവർത്തിച്ചിരുന്ന കെട്ടിടം ആയുർവേദ ആശുപത്രി ലഭിക്കേണ്ട ആവശ്യത്തിലേക്ക് ഒഴിഞ്ഞുകൊടുക്കുകയാണ് ഉണ്ടായത്. ആയുർവേദ – പാരമ്പര്യ വൈദ്യ ചികിത്സാ സമ്പ്രദായം പണ്ടുമുതലേ ഈ പഞ്ചായത്തിലും നില നിന്നിരുന്നു. പ്രശസ്തരായ ഒട്ടേറെ വൈദ്യൻമാർ ഇവിടെ പ്രവർത്തിച്ചിരുന്നതായി കാണാം. ഇവരിൽ കുറ്റിയിൽ മീത്തൽ ശങ്കരൻ നമ്പ്യാർ വൈദ്യർക്ക് ഗണനീയമായ സ്ഥാനമാണ് ഉള്ളത്. കളരി മർമ്മ ചികിത്സാ രീതിയും ഇവിടെ പ്രചരിച്ചിരുന്നു. പഞ്ചായത്തിലെ ഒട്ടേറെ ജനങ്ങൾ ഇന്നും ആശ്രയിക്കുന്നത് പാരമ്പര്യ വൈദ്യ ചികിത്സാ സമ്പ്രദായത്തെയാണ്.

ആധുനിക ചികിത്സാ സ്ഥാപനം പഞ്ചായത്തിൽ നിലവിൽ വന്നത് 1972 കേളു ബസാറിൽ ഗവ. ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിച്ചതോചടു കൂടിയാണ്. സർക്കാർ ഈ സ്ഥാപനത്തെ പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ടെങ്കിലും, ഒരു പി.എച്ച്.സി. ക്ക് അവശ്യം വേണ്ടുന്ന സംവിധാനങ്ങളൊന്നും ഇവിടെ ഉള്ളതായി കാണുന്നില്ല.

ആരോഗ്യ സ്ഥാപന വിവരപ്പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക V - 2

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം |
|---|---|---|---|---|---|
| 1. | പ്രൈമറി ഹെൽത്ത് സെന്റർ | ആശുപത്രി | സ്വന്തം | 4 | 1972 |
| 2. | സബ് സെന്റർ 2 വാർഡിന് 1 വീതം | മാതൃശിശു സംരക്ഷണകേന്ദ്രം | സ്വന്തം (2) കെട്ടിടം | 6 | — |
| 3. | ഗവ. ആയുർവേദ ആശുപത്രി | ആശുപത്രി | സ്വന്തം | 4 | 1968 |

ഒരു ദിവസം ശരാശരി 100 രോഗികളെത്തുന്ന ആയുർവേദ ആശുപത്രിയിൽ പരിമിതമായ സൗകര്യങ്ങളും കുറഞ്ഞ ജീവനക്കാരും മാത്രമായതിനാൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കുന്നു. പ്രൈമറി ഹെൽത്ത് സെന്ററിലാകട്ടെ സ്ഥിരമായി ഡോക്ടറില്ലാത്തതിനാൽ രോഗികളായെത്തുന്നവർ വളരെയധികം പ്രയാസങ്ങളനുഭവിക്കുന്നു. എ.എൻ.എം., ജെ.എച്ച്.ഐ. എന്നിവ അടുത്ത പഞ്ചായത്തിൽ പ്രവർത്തിക്കുന്ന

ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റ്റിൽ നിന്നും ഇവിടെ വന്ന് സേവനം ചെയ്യുന്നവരാണ്. ആശുപത്രി വികസനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ഉണ്ടെങ്കിലും ഫലപ്രദമായി നടപ്പിലാക്കാനുള്ള സംവിധാനം നിലവിലില്ല.

പഞ്ചായത്തിൽ 6 സബ്സെന്ററുകൾ ആവശ്യമാണെങ്കിലും ഒരു സബ്സെന്ററിന് മാത്രമേ (V, VI വാർഡ്) സ്വന്തമായി കെട്ടിടമുള്ളൂ. മറ്റൊരു സബ്സെന്ററാകട്ടെ നിലവിലുള്ള പി .എച്ച്.സിയിൽത്തന്നെയാണ് പ്രവർത്തിക്കുന്നത് ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 6 ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർ ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കീഴിലാണ് അവർ സേവനം ചെയ്യുന്നത്. ഇത്തരത്തിലുള്ള ഒട്ടേറെ അപര്യാപ്തതകൾ പഞ്ചായത്തിലെ രോഗപ്രതിരോധപ്രവർത്തനങ്ങൾ ദുർബലമാക്കിയിരിക്കുകയാണ്. ഒരു അലോപ്പതി ആശുപത്രി മാത്രമുള്ള പഞ്ചായത്തിൽ 6 ഡോക്ടറുടെ സേവനം ലഭ്യമാണ്. ആയുർവേദ ആശുപത്രിയിലെ ഡോക്ടർക്ക് പുറമെ 6 ആയുർവേദ പാരമ്പര്യ വൈദ്യന്മാരും പഞ്ചായത്തിൽ ചികിത്സ നടത്തുന്നുണ്ട്. നാല് സ്വകാര്യ ഹോമിയോ ക്ലീനിക്കുകളും ഇവിടെയുണ്ട്.

പഞ്ചായത്തിൽ പൊതുവെയുള്ള ആരോഗ്യ സംവിധാന പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക VI – 3

| ഡോക്ടർമാർ – വൈദ്യന്മാർ | | | മരുന്നുഷോപ്പുകൾ | | |
|---|---|---|---|---|---|
| അലോപ്പതി | ആയുർവേദ | ഹോമിയോ | അലോപ്പതി | ആയുർവേദ | ഹോമിയോ |
| 6 | 7 | 4 | 5 | 12 | 2 |

പഞ്ചായത്തിനടുത്തുള്ള പട്ടണമായ വടകരയിലെ താലൂക്ക് ആശുപത്രിയും മറ്റ് സ്വകാര്യ ആശുപത്രികളുമാണ് ആരോഗ്യ പരിപാലനത്തിനായി ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്. ശുദ്ധജല ദൗർലഭ്യവും സാനിറ്ററി സൗകര്യങ്ങളുടെ അപര്യാപ്തതയും പഞ്ചായത്തിൽ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾസൃഷ്ടിക്കുന്നുണ്ട്. കക്കൂസ് സൗകര്യമില്ലാത്ത 1115 വീടുകളുണ്ട്. കക്കൂസ് ഉള്ളവയിൽത്തന്നെ വലിയൊരു ഭാഗം സ്ഥിരമായ സംവിധാനം ഇല്ലാത്തവയാണ്.

കക്കൂസ് ഇല്ലാത്ത വീടുകൾ വാർഡ് തിരിച്ച്

പട്ടിക VI – 4

| വാർഡ് | കക്കൂസ് ഇല്ലാത്ത വീടുകൾ | വാർഡ് | കക്കൂസ് ഇല്ലാത്ത വീടുകൾ |
|---|---|---|---|
| I | 172 | VII | 120 |
| II | 22 | VIII | 116 |
| III | 152 | IX | 140 |
| IV | 39 | X | 98 |
| V | 186 | XI | 117 |
| VI | 53 | ആകെ | 1115 |

അവലംബം : PHC രേഖ Total : 1115

നല്ല രീതിയിലുള്ള അഴുക്കുചാൽ സംവിധാനങ്ങളോ ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനസംവിധാനങ്ങളോ പഞ്ചായത്തിലില്ല. ഇവിടുത്തെ പ്രധാനപ്പെട്ട അങ്ങാടികളായ കണ്ണൂക്കര, നാദാപുരം റോഡ്, മട

പ്പള്ളി, വെള്ളികുളങ്ങര എന്നിവിടങ്ങളിലെ ഹോട്ടലുകൾ, ഇറച്ചിക്കോഴി സ്റ്റാൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നുള്ള മലിന വസ്തുക്കൾ ഇന്ന് ഒരു ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഏഴാം വാർഡിലെ നടോർവയൽ, കണ്ണിവയൽക്കുനി, കക്കാട്ട് താഴകുനി, പനയുള്ളതിൽ താഴകുനി ആറാം വാർഡിൽതെരുവ്, വെള്ളികുളങ്ങരയിലെ (*XI* –ാം വാർഡ്) എൽ.പി. സ്ക്കൂൾ ഭാഗം എന്നീ പ്രദേശങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്നു. പഞ്ചായത്തിലെ 40% വീടുകളിലും മലിനജല സംസ്ക്കരണ സംവിധാനമൊന്നുംതന്നെയില്ല. ഇത്തരം അപര്യാപ്തതകൾ പഞ്ചായത്തിൽ പൊതുജനാരോഗ്യ പ്രശ്നം സൃഷ്ടിക്കുന്നതായി *PHC* രേഖകൾ വ്യക്തമാക്കുന്നു. 1993 – 96 കാലയളവുകളിൽ ജലജന്യ രോഗങ്ങളും മലേറിയ പോലുള്ള രോഗങ്ങളും ക്രമാതീകതമായി വർദ്ധിച്ചുവരുന്നതായി കാണാം.

പട്ടിക *VI* – 5

| വർഷം | ജലജന്യരോഗങ്ങൾ (എണ്ണം) | മലേറിയ (എണ്ണം) |
|---|---|---|
| 1993 - 94 | 307 | 21 |
| 1994 - 95 | 417 | 19 |
| 1995 - 96 | 1052 | 11 |

പഞ്ചായത്തിൽ സ്ഥായിയായ രോഗബാധിതരായി 3474 പേർ ഉള്ളതായി *PHC* രേഖ വ്യക്തമാക്കുന്നു.

പട്ടിക *VI* – 6

| രോഗം | എണ്ണം |
|---|---|
| രക്തസമ്മർദ്ദം | 1885 |
| പ്രമേഹം | 1512 |
| കാൻസർ | 27 |
| കുഷ്ഠം | 6 |
| ക്ഷയം | 44 |
| ഹൃദ്രോഗം<br>കണക്കുകൾ ലഭ്യമല്ല | |
| ആകെ | 3474 |

1995–96ലെ പഞ്ചായത്തിലെ ജനനനിരക്ക് 17.3ഉം മരണനിരക്ക് 3.2ഉം ആണ്. ഇവയുടെ വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക *VI* – 7

നിരക്ക് 1000–ത്തിന്

| വർഷം | ജനസംഖ്യ | ജനനം | മരണം | നിരക്ക് ജനനം | നിരക്ക് മരണം |
|---|---|---|---|---|---|
| 1994–95 | 25,553 | 456 | 48 | 17.8 | 1.9 |
| 1995–96 | 26,004 | 451 | 84 | 17.3 | 3.2 |

സംസ്ഥാന ശരാശരി ജനന നിരക്ക് 17ഉം മരണനിരക്ക് 5.9ഉം ആണ്. ഈ കാലയളവിൽ പഞ്ചായത്തിൽ മാതൃമരണവും ശിശുമരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പഞ്ചായത്തിൽ 90% കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയതായി രേഖകൾ കാണിക്കുന്നു.

പട്ടിക *VI* – 8

| കുത്തിവെയ്പ്പുകൾ | ശതമാനം |
|---|---|
| ***DPT*** | 95 |
| ***DPY*** | 95 |
| ***Measles*** | 90 |
| ***BCG*** | 95 |
| ***DT*** | 80 |

പഞ്ചായത്തിലെ 3890 ദമ്പതിമാരിൽ 2080 പേർ സ്ഥായിയായതും 605 പേർ താൽക്കാലികവുമായ കുടുംബാസൂത്രണ മാർഗം സ്വീകരിച്ചതായി റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു.

**പ്രശ്നങ്ങൾ സാധ്യതകൾ :**

ആയുർവേദ ആശുപത്രി

1. ആയുർവേദ ആശുപത്രിക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കേണ്ടതാണ്. അവശ്യമരുന്നുകളും ലഭ്യമാക്കേണ്ടതാണ്.
2. കക്കൂസ്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കേണ്ടതാണ്.

3. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയായി ഇതിനെ ഉയർത്തേണ്ട താണ്.
4. ആശുപത്രിയിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം.
5. ഔഷധ സസ്യകൃഷി പഞ്ചായത്തിൽ വ്യപിപ്പിക്കണം.

**പ്രൈമറി ഹെൽത്ത് സെന്റ്ർ**

1. നിലവിലുള്ള ഡോക്ടറുടെ സേവനം 24 മണിക്കൂറാക്കി ഉയർത്തണം
2. ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം.
3. ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ട താണ്.
4. PHC യിലേക്കുള്ള റോഡ് ടാർചെയ്ത് സൗകര്യപ്പെടുത്തേണ്ടതാണ്.
5. സ്വന്തമായി കെട്ടിടമില്ലാത്ത സബ് സെന്ററുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കേണ്ട താണ്.
6. ഈ പഞ്ചായത്തിൽ വർക്ക് ചെയ്യുന്നതും മറ്റ് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കീഴിലുള്ളതുമായ ജെ.പി.എച്ച്.എൻ. മാരെ മടപ്പള്ളി പി.എച്ച്.സിയുടെ കീഴിൽ കൊണ്ടുവരണം.
7. ജെ.പി.എച്ച്.എൻ.മാരുടെ സേവനം കാര്യക്ഷമമാക്കണം.
8. പൊതുജനാരോഗ്യ സംവിധാനരംഗത്ത് പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്കുള്ള നിയന്ത്രണം ഫലപ്രദമാക്കേണ്ടതാണ്.
9. ഹെൽത്ത് കാർഡ് സംവിധാനം ആവശ്യമാണ്.
10. പഞ്ചായത്തിൽ ഒരു മാനസികാരോഗ്യ കേന്ദ്രം സ്ഥാപിക്കണം.
11. പ്രധാന അങ്ങാടികളിൽ സ്ഥിരമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം ആവശ്യമാണ്.
12. സാനിറ്ററി വർക്കർമാരെ നിയമിക്കണം.
13. ഫലപ്രദമായ അഴുക്കുചാൽ പദ്ധതി പഞ്ചായത്തിൽനടപ്പിലാക്കണം.
14. മുഴുവൻ വീടുകളിലും കക്കൂസ് സംവിധാനം ഉണ്ടാക്കണം.
15. പൊതു സ്ഥലങ്ങളിൽ കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കേണ്ടതാണ്.
16. മദ്യപാനം പുകവലി തുടങ്ങിയ സാമൂഹ്യ വിപത്തുകൾക്കെതിരെ ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
17. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ആവശ്യമാണ്.
18. I, IV, V, X, XI വാർഡുകളെ കേന്ദ്രീകരിച്ചുകൊണ്ട് പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കണം.
19. സംഭാവനകൾ സ്വീകരിച്ചുകൊണ്ട് ഹെൽത്ത് സെന്ററിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.
20. ആശുപത്രി വികസന സമിതിയുടെ പ്രവർത്തനം ഫലപ്രദമാക്കണം.
21. പഞ്ചായത്തിൽ പാസ്സായിട്ടുള്ള PHC ക്ക് ആവശ്യമായ സ്ഥലസൗകര്യങ്ങൾ I, IV, V വാർഡ് ഗ്രാമസഭകൾ വാഗ്ദാനം ചെയ്തിട്ടുണ്ട്.
22. പഞ്ചായത്തിൽ ഫാമിലി കൗൺസിലിംഗ് നടത്താൻ ചുറ്റുപാട് ഉണ്ടാക്കണം.
23. പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വിദ്യാലയങ്ങളിലും പ്രാഥമിക വൈദ്യ സഹായ സൗകര്യം (First Aid) ഏർപ്പെടുത്തണം.
24. മൂത്രപ്പുരയില്ലാത്ത മുഴുവൻ സ്ക്കൂളുകളിലും മൂത്രപ്പുര സ്ഥാപിക്കണം.

# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് അഭിമാനാർഹമായ ഒരു പശ്ചാത്തലമാണ് ഒഞ്ചിയം പഞ്ചായത്തിനുള്ളത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിനു മുമ്പ് തന്നെ ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നു. 1879ൽ സ്ഥാപിക്കപ്പെട്ട ഊരാളുങ്കൽ എൽ. പി. സ്കൂൾ ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ സ്കൂളുകളിൽ ഒന്നാണ്. ഒഞ്ചിയം ബോർഡ് ഹയർ എലിമെന്ററി സ്കൂളിൽ മാത്രമേ അക്കാലത്ത് എട്ടാം ക്ലാസുവരെയുള്ള വിദ്യാഭ്യാസ സൗകര്യം ലഭ്യമായിരുന്നുള്ളു. പിന്നീട് ഈ സ്കൂൾ അടുത്ത പ്രദേശമായ അഴിയൂരിലേക്ക് മാറ്റപ്പെട്ടു. അതോടെ പഴയ ബോർഡ് സ്കൂൾ എൽ. പി. സ്കൂളായി മാറി. 1957ൽ പ്രസ്തുത സ്കൂൾ പരേതനായ കെ. പി. ഗോപാലക്കുറുപ്പ് (പൊയിൽബാലൻ മാസ്റ്റർ) ഗവൺമെന്റിന് സൗജന്യമായി വിട്ടുകൊടുക്കുകയും ആയത് ഗവ. യു. പി. സ്കൂളായി മാറുകയും ചെയ്തു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം, തൊഴിൽ എന്നീ രംഗങ്ങളിലുള്ള ഉയർച്ച ലക്ഷ്യമാക്കിക്കൊണ്ട് മടപ്പള്ളി കടൽത്തീരത്ത് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഒരു ലോവർ എലിമെന്ററി സ്കൂൾ സ്ഥാപിക്കപ്പെട്ടു. ഇതാണ് പിന്നീട് ഫിഷറീസ് ഹയർ എലിമെന്ററി സ്കൂളായി തീർന്നത്. 1946ൽ ഈ സ്കൂൾ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്തപ്പെടുകയും മദ്രാസ് ഗവർമ്മെണ്ടിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് 1958ൽ വടകര താലൂക്കിലെ പ്രഥമ കോളേജായ മടപ്പള്ളി ഗവ. കോളേജ് സ്ഥാപിതമായി. 25 ഏക്കർ ഭൂമി വിലക്ക് വാങ്ങാനും, 50,000 രൂപ സ്വരൂപിച്ച് സർക്കാറിന് നൽകാനും കഴിഞ്ഞത് സ്വാതന്ത്ര്യ സമര സേനാനിയും യശശരീരനായ എം. ആർ. നാരായണക്കുറുപ്പിന്റേയും, പുരോഗമന ജനാധിപത്യപ്രസ്ഥാനങ്ങളുടെയും ത്യാഗപൂർണ്ണമായ ശ്രമഫലമായിരുന്നു.

1920കളിൽ വാഗ്ഭടാനന്ദ ഗുരുവിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട ആത്മവിദ്യാ സംഘത്തിന്റെ പ്രവർത്തനം ഈ പ്രദേശത്തെ വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിലുള്ള പരിവർത്തനത്തിന് തുടക്കം കുറിച്ചു. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് നിസ്തുലമായ പ്രവർത്തനം അക്കാലത്ത് നടന്നിരുന്നു. വീടുകളിൽ വെച്ചുതന്നെ ഹിന്ദിയും, സംസ്കൃതവും, വൈദ്യവും പഠിപ്പിക്കുന്ന സമ്പ്രദായം അന്ന് നിലവിലുണ്ടായിരുന്നു. 1990ൽ ആരംഭിച്ച സാക്ഷരതാ യജ്ഞം വിജയിപ്പിക്കുന്നതിന് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ച പഞ്ചായത്തുകളിൽ ഒന്നാണ് ഒഞ്ചിയം. ഒട്ടേറെ യുവതീയുവാക്കൾ സേവനതൽപരരായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് പഞ്ചായത്തിന്റെ സാക്ഷരത 93 % ആയി ഉയർത്താൻ കഴിഞ്ഞത്. പഞ്ചായത്തിലെ 13 എൽ. പി. സ്കൂളുകളിലും 3 യു. പി. സ്കൂളുകളിലും ഫലപ്രദമായ രീതിയിൽ ഉച്ചക്കഞ്ഞി വിതരണം നടക്കുന്നു. പാഠ - പാഠ്യേതര രംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന സ്കൂളുകൾ നിരവധിയാണ്. പഞ്ചായത്തിൽ 13 ലോവർപ്രമറി സ്കൂളുകളിലായി 1983 വിദ്യാർത്ഥികളും 84 അദ്ധ്യാപകരുമുണ്ട്. ഇവയിൽ

3 എണ്ണം പൊതുമേഖലകളിലും ബാക്കിയുള്ളവ സ്വകാര്യമേഖലയിലുമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ഒരേയൊരു ഗവ. യു. പി. സ്കൂളിൽ 158 വിദ്യാർത്ഥികളും 5 അദ്ധ്യാപകരുമാണുള്ളത്. 1 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളും ഒരു ഗേൾസ് ഹൈസ്കൂളും ഇവിടെ പ്രവർത്തിക്കുന്നു. 3683 വിദ്യാർത്ഥികളും 119 അദ്ധ്യാപകരുമാണ് ഈ രണ്ടു വിദ്യാലയങ്ങളിലുമായുള്ളത്. പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടിക VII -1 ൽ കൊടുത്തിരിക്കുന്നു.ക

വിദ്യാലയ വിവരങ്ങൾ

പട്ടിക VII - 1

പഞ്ചായത്തിലെ 16 വിദ്യാലയങ്ങളിലായി 2840 ആൺകുട്ടികളും 2983 പെൺകുട്ടികളും (ആകെ 5823) പഠിക്കുന്നുണ്ട്. ഇതിന്നു പുറമെ ഓർക്കാട്ടിരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വടകര, സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂൾ, വടകര ബി. ഇ. എം ഹൈസ്കൂൾ,ചോമ്പാല ബി. ഇ. എം. യു. പി. സ്കൂൾ, ഓർക്കാട്ടേരി മാപ്പിള യു. പി. സ്കൂൾ, ഓർക്കാട്ടിരി നോർത്ത് യു. പി. സ്കൂൾ, തട്ടോളിക്കര യു. പി., ഈസ്റ്റ് എൽ. പി., എന്നീ സമീപ പ്രദേശങ്ങളിലെ സ്കൂളുകളിൽ 2000ത്തോളം കുട്ടികൾ പഠിക്കുന്നുണ്ട്. കൂടാതെ അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും കുറേയേറെ വിദ്യാർത്ഥി

| | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | ആകെ | അദ്ധ്യാപകർ | | | മാനേജ്മെണ്ട് |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | | നിലവിലുള്ളത് | ഒഴിവ് | ആകെ | |
| 1 | ജി. എം. ജെ. ബി. സ്കൂൾ, ഒഞ്ചിയം | 35 | 26 | 61 | 4 | 1 | 5 | സർക്കാർ |
| 2 | ജി. എഫ്. എൽ. പി. മടപ്പള്ളി | 49 | 63 | 112 | 5 | 1 | 6 | " |
| 3 | ജി. എഫ്. എൽ. പി. മാടക്കര | 24 | 43 | 67 | 4 | - | 4 | " |
| 4 | വെള്ളിക്കുളങ്ങര എൽ. പി. സ്കൂൾ | 190 | 178 | 368 | 11 | 1 | 12 | എയിഡഡ് |
| 5 | ചാലിൽ കണ്ണൂക്കര എൽ. പി. | 60 | 46 | 106 | 5 | 1 | 6 | " |
| 6 | കാരക്കാട് എം. എൽ. പി. | 49 | 52 | 101 | 6 | - | 6 | " |
| 7 | കണ്ണൂക്കര എൽ. പി. | 56 | 45 | 101 | 5 | 1 | 6 | " |
| 8 | എ. വി. എസ്. എൽ. പി. കാരക്കാട് | 106 | 106 | 212 | 9 | - | 9 | " |
| 9 | ഒഞ്ചിയം എൽ. പി. | 67 | 60 | 127 | 7 | - | 7 | " |
| 10 | ഒഞ്ചിയം ധർമ്മ എൽ. പി. | 143 | 142 | 285 | 9 | 1 | 10 | " |
| 11 | ഊരാളുങ്കൽ എൽ. പി. | 19 | 13 | 32 | 4 | 1 | 5 | " |
| 12 | വിദ്യാവിലാസം എൽ. പി. ഊരാളുങ്കൽ | 158 | 156 | 314 | 11 | 1 | 12 | " |
| 13 | ജ്ഞാനോദയം എൽ. പി. | 42 | 55 | 97 | 4 | 1 | 5 | " |
| 14 | ഗവർമ്മെണ്ട് യു. പി. സ്കൂൾ ഒഞ്ചിയം | 82 | 76 | 158 | 5 | 2 | 7 | സർക്കാർ |
| 15 | ജി. എഫ്. ടി. എച്ച്. എസ്. (ഗേൾസ് ) മടപ്പള്ളി | - | 1923 | 1923 | 62 | 2 | 64 | " |
| 16 | ജി. വി. എച്ച്. എസ്. ബോയ്സ് മടപ്പള്ളി | 1760 | - | 1760 | 57 | 1 | 58 | " |
| | ആകെ | 2840 | 2983 | 5823 | 215 | 14 | 229 | |

കൾ പഠിക്കുന്നുണ്ട് വിദ്യാർത്ഥികളുടെ കുറവ് നിമിത്തം ആറ് എൽ. പി. സ്കൂളുകൾ അൺ എക്കോണമിക്കായി പ്രഖ്യാപിക്കപ്പെട്ടു. എങ്കിലും നാട്ടുകാരുടെ ശ്രമഫലമായി ഇവയിൽ 3 എണ്ണം എക്കോണമിക്കായി തീർന്നിട്ടുണ്ട്. പഞ്ചായത്തിൽ അൺ എയിഡഡ് വിദ്യാലയം പ്രവർത്തിക്കുന്നില്ല എന്നത് അഭിമാനകരമാണ്.

12 സ്കൂളുകളിലായി SC/ST വിഭാഗത്തിൽ 134 കുട്ടികൾ പഠിക്കുന്നുണ്ട്. 63 ആൺകുട്ടികളും 71 പെൺകുട്ടികളും കാലാകാലങ്ങളിൽ ഈ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകളും മറ്റാനുകൂല്യങ്ങളും യഥാസമയം നൽകിവരുന്നുണ്ട്. പഞ്ചായത്തിന്റെ നേതൃത്വത്തിലും മറ്റു കലാസാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിലും പഞ്ചായത്തിലെ ഓരോ സ്കൂളുകളിലെയും പഠനത്തിൽ മുന്നിട്ടു നിൽക്കുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡുകളും. നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും യൂണിഫോമുകളും നൽകാറുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റേയും ഗേൾസ് ഹൈസ്കൂളിന്റെയും പേരിനോടൊപ്പം ഫിഷറീ സെന്ന് ചേർത്തിരിക്കുന്നത് അവയുടെ മുൻകാല ചരിത്രവുമായി ബന്ധപ്പെട്ടാണ്. ആദ്യം മടപ്പള്ളി ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളായി തുടങ്ങിയ വിദ്യാലയമാണ് 1980 – ഓടുകൂടി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക വിദ്യാലയങ്ങളായി വിഭജിക്കപ്പെട്ടത്. ആദ്യ കാലങ്ങളിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പരിശീലനം നൽകാനുള്ള കോഴ്സുകൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അവയൊന്നും നിലവിലില്ല. ബോയ്സ് ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് ആരംഭിച്ചതോടുകൂടി മത്സ്യ സംസ്കരണവുമായി ബന്ധപ്പെട്ട പരിശീലനം ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ലഭ്യമായി വരുന്നു. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെപ്പട്ടിക VII / 2 രണ്ടിൽ കൊടുത്തിരിക്കുന്നു.

കോഴ്സുകൾ

1 ഫിഷ് പ്രോസസിംഗ് ടെക്നോളജി
2 ഫിഷ് ക്രാഫ്റ്റ് ആന്റ് ഗിയർ ടെക്നോളജി
3 എക്കൗണ്ടൻസി ആന്റ് ഓഡിറ്റിംഗ്
4 മാർക്കറ്റിംഗ് ആന്റ് സെയിൽസ് മാൻഷിപ്പ്

**പട്ടിക VII/ 2**

| കോഴ്സുകൾ | വർഷം | പഠിക്കുന്ന കുട്ടികൾ 1996 – 97 | | ആകെ |
|---|---|---|---|---|
| | | ആൺ | പെൺ | |
| 1 & 2 | 1st Year | 22 | 28 | 50 |
| " | 2nd Year | 20 | 23 | 43 |
| 3rd & 4 | Ist Year | 24 | 25 | 49 |
| " " | 2nd Year | 18 | 24 | 42 |

C പരീക്ഷാഫലം 96

പട്ടിക VII – 3

| കോഴ്സ് | വിജയശതമാനം |
|---|---|
| I | 78 |
| I | 29 |
| III | 38 |
| IV | 16 |

D ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ്

പട്ടിക VII – 4

| Staff | Existing | Vacant | Total |
|---|---|---|---|
| Teachers | 12 | 1 | 13 |
| Clerk | 1 | – | 1 |
| Peon | 1 | – | 1 |

NB: പഠനോപകരണങ്ങൾ അപര്യാപ്തമാണ്.

ഈ പഞ്ചായത്തിലെ അഞ്ച് വിദ്യാലയങ്ങളിൽ മൂത്രപ്പുരയും 15 വിദ്യാലയങ്ങളിൽ കക്കൂസുമില്ല 9 വിദ്യാലയങ്ങളിൽ കളിസ്ഥല സൗകര്യമില്ല.

2 ഹൈസ്കൂളുകൾ മാത്രമാണ് വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളത്. എല്ലാ സ്കൂളുകളിലും രക്ഷാകർതൃസമിതിയുടെ പ്രവർത്തനം പൊതുവെ മെച്ചപ്പെട്ടതാണ് വിദ്യാലയ സൗകര്യങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടിക VII – 5 ൽ കൊടുക്കുന്നു.

പട്ടിക VII/ 5

## വിദ്യാലയ സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | വിസ്തീർണ്ണം സെന്റിൽ | കളിസ്ഥലം | ചുറ്റുമതിൽ | മൂത്രപ്പുര | കക്കൂസ് | കിണർ | വൈദ്യുതി | ലൈബ്രറി | ലാബ് | ഉച്ചഭക്ഷണം |
|---|---|---|---|---|---|---|---|---|---|---|
| 1 ജി. എം. ജെ. ബി. സ്കൂൾ ഒഞ്ചിയം | 450 Cent | X | X | | X | X | X | X | X | ✓ |
| 2 വിദ്യാവിലാസം എൽ. പി | 12.5 " | 2 | ✓ | ✓ | ✓ | ✓ | X | ✓ | X | ✓ |
| 3 ചാലിൽ കണ്ണൂക്കര എൽ. പി. | 15 " | X | X | X | X | X | X | ✓ | X | ✓ |
| 4 കണ്ണൂക്കര എൽ. പി. | 15 " | 2 | X | ✓ | ✓ | X | X | ✓ | ✓ | ✓ |
| 5 എ. വി. എസ്. എൽ. പി. | 14.25 " | X | X | ✓ | X | X | X | ✓ | X | ✓ |
| 6 കാരക്കാട് എം. എൽ. പി. | 4 " | X | X | X | X | X | X | X | X | X |
| 7 ഒഞ്ചിയം എൽ. പി. | 30 " | 18 | X | X | X | ✓ | X | ✓ | X | ✓ |
| 8. ഒഞ്ചിയം ധർമ്മ എൽ. പി. | | X | X | ✓ | X | X | X | X | X | ✓ |
| 9. ഊരാളുങ്കൽ എൽ. പി. | 8 " | X | X | X | X | X | X | ✓ | ✓ | ✓ |
| 10 ജ്ഞാനോദയം എൽ. പി. | 12 " | X | X | ✓ | X | ✓ | X | ✓ | X | ✓ |
| 11 ജി. എഫ്. എൽ. പി. മടപ്പള്ളി | - | X | X | X | X | X | X | ✓ | X | ✓ |
| 12 ജി. എഫ്. എൽ. പി. മാടക്കര | - | X | X | ✓ | X | X | X | X | X | ✓ |
| 13 വെള്ളിക്കുളങ്ങര എൽ. പി. | 56 " | 25 | X | ✓ | X | ✓ | X | ✓ | X | ✓ |
| 14 ഒഞ്ചിയം ഗവ. യു. പി. | 16.24 " | 6.93 | X | ✓ | ✓ | ✓ | X | ✓ | ✓ | ✓ |
| 15. ജി. എഫ് ടി. എച്ച്. എസ്. ഗേൾസ് | 2.73 " | 1 ഏക്ര | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 16. ജി. വി. എച്ച്. എസ് മടപ്പള്ളി | - | - | x | | x | ✓ | ✓ | ✓ | ✓ | ✓ |
| | | 6 | 2 | 11 | - | 7 | 2 | 12 | 5 | 16 |

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിലും 30 % ത്തോളം വിദ്യാർത്ഥികൾ പ്രൈമറി തലത്തിൽ വേണ്ടത്ര അക്ഷര-അക്ക ജ്ഞാനം ഉറയ്ക്കാത്തവരാണ്, എന്നാണ് പ്രാഥമിക പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതിന്റെ പ്രത്യാഘാതം

ഹൈസ്കൂൾ തലത്തിലും പ്രകടമാണ്. 95 ലെ S. S. L. C പരീക്ഷയിൽ 59 % ത്തോളം വിദ്യാർത്ഥികൾക്ക് 30 % മാർക്കിലും താഴെയാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ 5 വർഷത്തെ SSLC വിജയ ശതമാനം പട്ടികയിൽ കൊടുക്കുന്നു.

പട്ടിക VII – 6

SSLC വിജയശതമാനം

| സ്കൂളിന്റെ പേര് | 91 - 92 | 92 - 93 | 93 - 94 | 94-95 | 95-96 |
|---|---|---|---|---|---|
| ജി. എഫ്. ടി. എച്ച്. എസ്. ഗേൾസ് എച്ച്. എസ്. മടപ്പള്ളി | 42 % | 40% | 44% | 33% | 45.5% |
| ജി. വി. എച്ച്. എസ്. ബോയ്സ് മടപ്പള്ളി | 39% | 37% | 38% | 24 % | 41 % |

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ 5 പാരലൽ കോളേജുകളും 4 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ മടപ്പള്ളി വൊക്കേ,ണൽ ഹയർ സെക്കന്ററി സ്ക്കൂളിൽ ഒരു കമ്പ്യൂട്ടർ സെന്ററും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന സമർത്ഥരായ 40 വീതം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

### പ്രീ–പ്രൈമറി

പഞ്ചായത്തിലെ മൂന്ന് വാർഡുകളിലായി 7 നഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 8 വാർഡുകളിൽ പ്രീ–പ്രൈമറി സ്ഥാപനങ്ങളില്ല. ഈ ഏഴ് സ്ഥാപനങ്ങളിലായി 3 – 6 പ്രായപരിധിയിലുള്ള 387 കുട്ടികളാണ് ഉള്ളത്. 176 ആൺകുട്ടികളും 181 പെൺകുട്ടികളും. എല്ലായിടത്തും മലയാളമാണ് മാധ്യമം. ഇവയിൽ മൂന്നെണ്ണം മഹിളാസമാജങ്ങൾ വഴി സാമൂഹ്യക്ഷേമ വകുപ്പാണ് നടത്തുന്നത്. നാലെണ്ണം സ്വകാര്യ കമ്മിറ്റികൾ നടത്തുന്നു. സ്വകാര്യ സ്ഥാപനങ്ങളിലെ ശരാശരി ഫീസ് 35 രൂപയാണ്. ഏഴ് സ്ഥാപനങ്ങലിലായി 11 നഴ്സറി അദ്ധ്യാപികമാരും ഏഴ് ആയമാരും പ്രവർത്തിക്കുന്നു. കക്കൂസും മൂത്രപ്പുരയുമില്ലാത്ത മൂന്നു സ്ഥാപനങ്ങളും കളിസ്ഥലം ഇല്ലാത്ത 5 സ്ഥാപനങ്ങളും ഉണ്ട്. ഒരൊറ്റ കളി ഉപകരണം പോലുമില്ലാത്ത നാല് സ്ഥാപനങ്ങളുമുണ്ട്. മൂന്ന് സ്ഥാപനങ്ങളിൽ അക്ഷര പഠനം നടക്കുന്നതായി മനസ്സിലാക്കുന്നു. പൊതുവെ നഴ്സറി വിദ്യാഭ്യാസരംഗത്ത് ജനങ്ങളുടെ സജീവ ശ്രദ്ധ പതിഞ്ഞിട്ടില്ല. നിലവിലുള്ള നഴ്സറികളെ സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

നഴ്സറി വിദ്യാലയ വിവരങ്ങൾ

പട്ടിക VII-7

| | പേര് | വാർഡ് നമ്പർ | കുട്ടികൾ | | | അദ്ധ്യാപികമാർ | ആയമാർ | കളി ഉപകരണം | | കളി സ്ഥലം | | മൂത്രപ്പുര കക്കൂസ് | | ഉടമസ്ഥത | | | സ്വന്തം കെട്ടിടം | | അമ്മമാരുടെ യോഗം | പാഠ്യക്രമം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | സ്വകാര്യം | ക്ലബ്ബ് | സമാജം | ഉണ്ട് | ഇല്ല | | |
| 1. | ഒഞ്ചിയം നഴ്സറി സ്ക്കൂൾ | III | 14 | 19 | 33 | 2 | 1 | X | ✓ | ✓ | X | X | ✓ | X | ✓ | X | ✓ | X | X | X |
| 2. | വെള്ളികുളങ്ങര ബാലവാടി | XI | 30 | 20 | 50 | 1 | 1 | X | ✓ | ✓ | X | ✓ | X | X | X | ✓ | ✓ | X | ✓ | ✓ |
| 3. | മടപ്പള്ളി മഹിളാസമാജം ബാലവാടി | VII | 19 | 21 | 40 | 1 | 1 | X | ✓ | X | ✓ | X | ✓ | X | X | ✓ | ✓ | X | ✓ | X |
| 4. | ഊരാളുമുതൽ മഹിളാസമാജം ബാലവാടി | IX | 15 | 15 | 30 | 1 | 1 | X | ✓ | X | ✓ | X | ✓ | X | X | ✓ | ✓ | X | ✓ | X |
| 5 | ടാഗോർ നഴ്സറി സ്ക്കൂൾ വെള്ളികുളങ്ങര | X | 19 | 27 | 46 | 1 | 1 | ✓ | X | X | ✓ | ✓ | X | X | ✓ | X | X | ✓ | X | ✓ |
| 6. | ധർമ്മ നഴ്സറി സ്ക്കൂൾ നാദാപുരം റോഡ് | IX | 54 | 49 | 103 | 3 | 1 | ✓ | X | ✓ | X | ✓ | X | ✓ | X | X | ✓ | X | ✓ | ✓ |
| 7. | മടപ്പള്ളി നഴ്സറി സ്ക്കൂൾ | VII | 25 | 30 | 55 | 2 | 1 | ✓ | X | X | ✓ | ✓ | X | X | ✓ | X | X | ✓ | ✓ | ✓ |

450

**ഉന്നത വിദ്യാഭ്യാസ രംഗം**

വടകര, കൊയിലാണ്ടി താലൂക്കുകളിൽ ബിരുദാനന്തര ബിരുദ പഠന സൗകര്യമുള്ള ഏക ഉന്നത വിദ്യാഭ്യാസ സ്ഥാപനമാണ് ഈ പഞ്ചായത്തിലെ മടപ്പള്ളി ഗവ. കോളേജ്. പ്രസ്തുത കോളേജ് സ്ഥാപിതമായതോടുകൂടി ഈ പഞ്ചായത്തിലെ നിരവധി പേർക്ക് ഉന്നത വിദ്യാഭ്യാസം നേടാൻ സഹായകമായിട്ടുണ്ട്. ഇത് പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസ പുരോഗതിയെ നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്.

പ്രീ-ഡിഗ്രി, ഡിഗ്രി പോസ്റ്റ് ഗ്രാജേറ്റ് തലങ്ങളിലായി 2900 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. കോഴ്സുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**പ്രീഡിഗ്രി :-** I, II, III, IV ഗ്രൂപ്പുകൾ

**ഡിഗ്രി :-** ചരിത്രം, സാമ്പത്തിക ശാസ്ത്രം, ഇംഗ്ലീഷ്, പൊളിറ്റിക്സ്, കെമിസ്ട്രി, ഫിസിക്സ്, ബോട്ടണി, സുവോളജി, ഗണിതം, കൊമേഴ്സ്,

**പോസ്റ്റ് ഗ്രാജേറ്റ് :-** എം.കോം, കെമിസ്ട്രി, സുവോളജി ഫിസിക്സ് വിഭാഗം ഗവേഷണകേന്ദ്രമായി കാലിക്കറ്റ് സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്. മൊത്തം 116 അദ്ധ്യാപകർ വേണ്ടിടത്ത് 87 പേർ മാത്രാമാണ് ഇപ്പോഴുള്ളത്. കെട്ടിടങ്ങൾ ആവശ്യത്തിന് ഉണ്ടെങ്കിലും അവയുടെ അവസ്ഥ വളരെ മോശമാണ്. പല ഭാഗങ്ങളും ചോർന്നൊലിക്കുകയും അപകടകരമായ സ്ഥിതിയിലുമാണ്. ലബോറട്ടറി ഉപകരണങ്ങൾ പലതും പഴയതാണ്. ആവശ്യത്തിനു ഫർണിച്ചർ, ലൈബ്രറി, ഉപകരണങ്ങൾ; രാസവസ്തുക്കൾ ഓഡിറ്റോറിയം എന്നിവ ഉണ്ട്. ജലവിതരണം വളരെ പരിതാപകരമാണ്. കിട്ടുന്നവെള്ളം ശുദ്ധവുമല്ല. ഇവിടെ നാമമാത്രമായ രീതിയിൽ കേന്റീൻ പ്രവർത്തിക്കുന്നുണ്ട്.

വളരെ പ്രതികരണ ശേഷിയുള്ളവരാണ് കോളേജിലെ കുട്ടികൾ, കോളേജ് കേമ്പസ് മൊത്തം ഹരിതാഭമാക്കിയത് അതിന് തെളിവാണ്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞം വിജയിപ്പിക്കുന്നതിൽ ഈ കോളേജിലെ വിദ്യാർത്ഥികൾ നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. പക്ഷേ ഇവരുടെ സേവന സന്നദ്ധതയെ പഞ്ചായത്തിന്റെ വികസനത്തിനായി ഉപയോഗിക്കപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ വേണ്ടത്ര ഉണ്ടായിട്ടില്ല. വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരും കോളേജിലെ ലൈബ്രറി ലബോറട്ടറി എന്നിവയുടെ സൗകര്യങ്ങളും പഞ്ചായത്തിലെ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

**സ്കൂൾ സഹകരണ സംഘങ്ങൾ**

പഞ്ചായത്തിലെ മിക്കവാറും സ്കൂളുകൾ കേന്ദ്രീകരിച്ച് 4 സ്കൂൾ, സഹകരണ സംഘങ്ങൾ റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ഇവ പാഠപുസ്തകവിതരണത്തിൽ മാത്രം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം തുണികൾ, കുടകൾ തുടങ്ങിയവ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യാൻ കഴിയുന്ന തരത്തിൽ ഇവയുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

**പ്രശ്നങ്ങൾ**

***പ്രീപ്രൈമറി***

1. എട്ട് വാർഡുകളിൽ നഴ്സറി സ്കൂൾ ഇല്ല
2. മിക്ക നഴ്സറികളിലും ആവശ്യത്തിന് കളിക്കോപ്പുകൾ, കളിസ്ഥലം, കക്കൂസ് എന്നിവ ഇല്ല.
3. ആകെയുള്ള 3-6 പ്രായക്കാരിൽ വളരെ ചെറിയൊരു ശതമാനത്തിന് മാത്രമേ പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നുള്ളൂ.
4. 3 നേഴ്സറികളിൽ അക്ഷരം പഠിപ്പിക്കുന്നു.
5. നേഴ്സറി ടീച്ചർമാർക്ക് ഏകീകൃത വേതനം ഇല്ല.

**സാധ്യതകൾ**

1. ഒരു വാർഡിൽ ഒരു നഴ്സറി സ്കൂളെങ്കിലും നിർബന്ധമായും സ്ഥാപിക്കണം. ലോവർ പ്രൈമറി സ്കൂളുകളുമായി ബന്ധപ്പെട്ടുകൊണ്ട് നഴ്സറി സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പി. ടി. എ.കൾ സ്കൂൾ വികസന സമിതികൾ എന്നിവ വഴി നടപ്പിലാക്കണം.

2. പഞ്ചായത്തിന്റെ സഹായത്തോടുകൂടി നഴ്സറി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം.
3. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് രക്ഷിതാക്കളെ ബോധവാന്മാരാക്കുക.
4. പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഇന്ന് പ്രകടമായിക്കാണുന്ന അശാസ്ത്രീയ പ്രവണതകൾ അവസാനിപ്പിക്കാൻ പഠനം കുട്ടികൾക്ക് മാനസിക പീഡനമാക്കാത്ത തരത്തിൽ കളികളിലൂടെയും പാട്ടുകളിലൂടെയും ആയിരിക്കണം. അക്ഷര പഠനം ഒഴിവാക്കണം.
5. പഞ്ചായത്തടിസ്ഥാനത്തിലെങ്കിലും ഏകീകൃത വേതന രീതി നടപ്പിലാക്കാൻ പഞ്ചായത്ത് മുൻകയ്യെടുക്കണം.

**പൊതുവിദ്യാഭ്യാസം**

**പ്രശ്നങ്ങൾ.**

1 3 സർക്കാർ പ്രൈമറി ഹൈസ്കൂളുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.
2. ഹൈസ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം പഠനനിലവാരം കുറയാൻ ഇടയാക്കുന്നു.
3. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ മിക്ക വിദ്യാലയങ്ങളും പിന്നോക്കമാണ്.
4. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമല്ല.
5. അദ്ധ്യാപകരുടെ പൊതുപ്രവർത്തനം കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നു.
6. സ്കൂളുകൾ അൺ ഇക്കോണമിക്ക് ആവുന്നു.
7. നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
8. പ്രൈമറി തലത്തിൽ 30% കുട്ടികൾ വേണ്ടത്ര അക്ഷര/ അക്കജ്ഞാനം ലഭിക്കാത്തവരാണ് .
9. പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലം കുട്ടികൾ അറിയുന്നില്ല.
10. പ്രൈമറി വിദ്യാലയങ്ങൾ വൈദ്യുതീകരിച്ചിട്ടില്ല.
11. പാഠ്യേതര പ്രവർത്തനങ്ങൾ യഥാസമയം കാര്യക്ഷമമായി നടത്തപ്പെടുന്നില്ല.
12. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ശരിരായ വിധത്തിൽ നടത്തപ്പെടുന്നില്ല.
13. നിലവിലുള്ള സിലബസ്സിന്റെ അശാസ്ത്രീയത കുട്ടികളുടെ പഠന ഭാരം വർദ്ധിപ്പിക്കുന്നു.
14. വിദ്യാർത്ഥികൾക്ക് തൊഴിൽപരിശീലനം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.
15 തുടർ സാക്ഷരതാ പരിപാടി നടക്കുന്നില്ല.
16. വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സിന് സ്വന്തമായി കെട്ടിടവും, സ്ഥിരമായി അദ്ധ്യാപകരും ഇല്ല.

***സാധ്യതകളും പരിഹാരനിർദ്ദേശങ്ങളും.***

1. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് പി. ടി. എ. വിദ്യാഭ്യാസ സമിതി, വിദ്യാഭ്യാസ വകുപ്പ്, പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാക്കണം. ഗവ. ഫിഷറീസ് എൽ. പി. സ്കൂളിന് ഓപ്പറേഷൻ ബ്ലേക്ക് ബോർഡ് വക ലഭിച്ച 1,80,000 രൂപയും 50 സെന്റ് സ്ഥലവും (ഫിഷറീസ് വകുപ്പിൽ നിന്നും വിദ്യാഭ്യാസ വകുപ്പിന് കൈമാറിയ) ഉപയോഗിച്ച് കെട്ടിടം പണി ത്വരിതപ്പെടുത്തണം.
2. വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സിനും, ഗേൾസ് ഹൈസ്കൂളിനും സ്വന്തമായി കെട്ടിടം പണിത്, രണ്ട് ഹൈസ്കൂളുകളിലെയും ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണം.(പി. ടി. എ., വിദ്യാഭ്യാസ വകുപ്പ് പഞ്ചായത്ത് വിദ്യാഭ്യാസ സമിതി എന്നിവരുടെ സഹകരണത്തോടെ)

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും പി. ടി. എ., വിദ്യാഭ്യാസ വികസന സമിതി, പഞ്ചായത്ത് എന്നിവ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി സ്കൂളുകളിൽ കളിസ്ഥലം, മൂത്രപ്പുര, കക്കൂസ്, പാർട്ടീഷൻ തട്ടി, ഫർണ്ണീ

ച്ചർ മുതലായവ നിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം നൽകണം.

പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരുടെയും പങ്കാളിത്തത്തോടുകൂടി ഒരു ശില്പശാല സംഘടിപ്പിച്ച് എല്ലാ സ്കൂളുകളിലേക്കും ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കണം.

4. ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനും അവ കൃത്യമായി വിതരണം ചെയ്യുന്നതിനും പഞ്ചായത്ത് നേതൃത്വം നൽകുക.

5. അദ്ധ്യാപകരെ സെൻസസ്, വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ, തുടങ്ങിയ വിദ്യാഭ്യാസേതര പ്രവർത്തനങ്ങൾക്ക് നിശ്ചയിക്കുന്നത് ഒഴിവാക്കുക.

6. ഓരോ രക്ഷിതാക്കളെയും തങ്ങളുടെ കുട്ടികളെ അവരവർ താമസിക്കുന്ന സ്ഥലത്തിനടുത്തുള്ള സ്കൂളുകളിൽത്തന്നെ ചേർക്കുവാൻ നിർബന്ധിക്കുകയും ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. (നയിബർഹുഡ് സ്കൂൾ സിസ്റ്റം) നിർബന്ധമാക്കുക

7. പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പരിഹാരബോധനം നടത്തുന്നതിനുള്ള സംവിധാനം അതാത് വിദ്യാലയങ്ങളിൽ നടത്തണം.

8. ഓരോ ക്ലാസിലേയും സിലബസ് പ്രകാരമുള്ള പാഠഭാഗങ്ങൾ അതാത് ക്ലാസുകളിൽത്തന്നെ പൂർണ്ണമായും പഠിപ്പിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം.

9. പഞ്ചായത്തിന്റെ ചരിത്രം പഠിക്കാൻ സഹായകമായ ചരിത്രമ്യൂസിയം സ്ഥാപിക്കണം.

10. പൊതുരംഗത്ത് പ്രവർത്തിക്കുന്ന അദ്ധ്യാപകർ സ്വന്തം തൊഴിലിൽ കൂടുതൽ ആത്മാർത്ഥത കാണിക്കണം.

11. എല്ലാ പ്രൈമറി വിദ്യാലയങ്ങളും വൈദ്യുതീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതിനാവശ്യമായ പ്രാഥമിക സഹായങ്ങൾ പഞ്ചായത്ത് നൽകണം.

12. സ്കൂളുകളിൽ അസംബ്ലി, സാഹിത്യസമാജം കയ്യെഴുത്ത് മാസിക, ചുമർ മാസിക, വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്ലബ്ബുകൾ, സ്കൂൾ പൊതുവിലും ക്ലാസ്മുറികൾ പ്രത്യേകിച്ചും ആകർഷകമാക്കൽ, പൂന്തോട്ടം, അടുക്കളത്തോട്ട നിർമ്മാണം തുടങ്ങിയവ നിർബന്ധമാക്കണം (അധ്യയനയാത്ര ഉൾപ്പെടെ) ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്താൻ ജനകീയ കമ്മിറ്റികളുടെ സൗഹൃദ സന്ദർശനം നിർബന്ധമാക്കണം. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന സ്കൂളുകൾക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകണം.

13. പഞ്ചായത്തിൽ ഒരു പ്രീ എക്സാമിനേഷൻ സെന്റർ സ്ഥാപിക്കണം.

14. അവധിക്കാലങ്ങളിൽ അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിച്ച് പഠനം രസകരമാക്കാനാവശ്യമായ പ്രായോഗിക പരിശീലനം നൽകണം.

15. കുട്ടികളിൽ തൊഴിലിനോട് ആഭിമുഖ്യം വളർത്തുന്ന വിധത്തിൽ കൃഷി, മൃഗപരിപാലനം, മത്സ്യബന്ധനം, കൈത്തൊഴിൽ എന്നിവയിൽ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തണം.

16. സ്കൂൾ പ്രവർത്തിസമയത്തിന് ശേഷം സ്കൂൾ കെട്ടിടങ്ങൾ ഉപയോഗിച്ച് തുടർ സാക്ഷരതാ പരിപാടിക്ക് രൂപം നൽകണം. ഇക്കാര്യത്തിൽ കടലോര മേഖലയ്ക്ക് പ്രത്യേകം ഊന്നൽ നൽകണം.

17 വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സിൽ കൂടുതൽ തൊഴിൽ സാധ്യതകളുള്ള പ്രയോജനകരമായ കോഴ്സുകൾ ഉണ്ടാവണം.

18. പഞ്ചായത്തിൽ ഒരു ടെക്നിക്കൽ സ്കൂളും മന്ദബുദ്ധികൾക്കുള്ള സ്കൂളും സ്ഥാപിക്കണം.

19 ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

20 ദൃശ്യമാധ്യമങ്ങൾ (TV, VIDEO, ഫിലിംപ്രൊജക്ടർ) എന്നിവ പഠനകാര്യങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ കേന്ദ്രീകൃതമായ പ്രവർത്തനം ഉണ്ടാവണം.

21. പാഠപുസ്തകങ്ങൾ യഥാസമയം സ്കൂളുകളിൽ എത്തിക്കണം.

22 മാതൃസംഗമങ്ങൾ സ്കൂൾ തലത്തിലും ക്ലാസ് തലത്തിലും സംഘടിപ്പിക്കണം.


23. പി. ടി. എ. യോഗങ്ങളിൽ രക്ഷിതാക്കളുടെ കൂടി പങ്കാളിത്തം ഉണ്ടാക്കണം.

24. നിലവിൽ അൺ ഇക്കോണമിക്കായ ഊരാളുങ്കൽ എൽ. പി. സ്കൂൾ ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്ന് മാറ്റി 6-ാം വാർഡിൽത്തന്നെ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്ത് സ്ഥാപിച്ചാൽ സ്കൂളിന്റെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കാൻ കഴിയും.

25. 11-ാം വാർഡിലുള്ള വെള്ളിക്കുളങ്ങര എൽ.പി. സ്കൂൾ യു. പി. സ്കൂൾ ആക്കി ഉയർത്തണം പഠനത്തിൽ മുന്നോക്കം നിൽക്കുന്ന നിർധനരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ ധനസഹായം നൽകണം.

**ഉന്നത വിദ്യാഭ്യാസ രംഗം പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും :**

1. 20%ത്തോളം അധ്യാപകതസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു ഇവ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.
2. പ്രിൻസിപ്പൾമാർ ചുരുങ്ങിയ കാലയളവിനുള്ളിൽ മാറിപ്പോകുന്നു പലപ്പോഴും തസ്തിക ഒഴിഞ്ഞുകിടക്കുന്നു. അധ്യയന വർഷാരംഭത്തിൽത്തന്നെ പ്രിൻസിപ്പൽമാരെ നിയമിക്കുകയും, ചുരുങ്ങിയത് 2 വർത്തേക്കെങ്കിലും അവർ ആ സ്ഥാനത്ത് ഉണ്ടാവുമെന്ന് ഉറപ്പുവരുത്തുകയും വേണം.
3. മടപ്പള്ളി ഗവ. കോളേജിൽ കൂടുതൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ ആരംഭിക്കണം.
4. അക്കാഡമിക്ക് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് കോളേജിലെ പഠന നിലവാരം മെച്ചപ്പെടുത്താൻ സംവിധാനമുണ്ടാക്കണം.
5. അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ അടിയന്തിരമായി റിപ്പയർ ചെയ്യണണം.
6. ശുദ്ധജലവിതരണം കാര്യക്ഷമമാക്കണം.
7. കാന്റീൻ പ്രവർത്തനം പുനരാരംഭിക്കണം.
8. കോളേജിലെ അധ്യാപകരെയും, വിദ്യാർത്ഥികളെയും പഞ്ചായത്തിന്റെ പൊതു ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ, പഞ്ചായത്ത് മുൻകയ്യെടുത്ത് ഏകോപന സമിതിയുണ്ടാക്കി, ഓരോ വിഷയങ്ങളെ സംബന്ധിച്ചും ചർച്ചചെയ്ത് നടപ്പിലാക്കാൻ നടപടിസ്വീകരിക്കണം.



# സംസ്കാരം

ഹിന്ദുക്കളും മുസ്ലീംകളും ഒരുമയോടെ ജീവിക്കുന്ന ഒരു പ്രദേശമാണിത്. ഹിന്ദുക്കളിൽ ഭൂരിഭാഗവും ഈഴവ–നായർ സമുദായങ്ങളിൽ പെടുന്നവരാണ്. ഇതരമതസ്ഥരും ജാതി വിഭാഗങ്ങളും താരതമ്യേനെ ഇവിടെ കുറവാണ്. ഒട്ടേറെ ക്ഷേത്രങ്ങളും മുസ്ലീം പള്ളികളും സ്ഥിതിചെയ്യുന്നുണ്ട്. ഉത്തരമലബാറിലെ പ്രധാന പൂരമഹോത്സവം നടക്കുന്ന അറക്കൽ ക്ഷേത്രം ഈ പഞ്ചായത്തിലെ കടലോരപ്രദേശത്താണ്. പ്രാചീനമായ വെള്ളികുളങ്ങര ശിവക്ഷേത്രവും, മടപ്പള്ളി തെരുഗണപതിക്ഷേത്രവും, കണ്ണൂക്കര വടക്കൻതോട്ട ഭഗവതി ക്ഷേത്രവും, കാരക്കാട് പള്ളിയും ഈ പ്രദേശത്തെ ജനങ്ങളെ ആത്മീയമായും സാസ്കാരികമായും ഉയർത്തിയിട്ടുണ്ട്. ജാതി–മത ഭേദമന്യെ ജനങ്ങളെ ഒന്നിപ്പിച്ചു നിർത്തുന്നതിലും മതമൈത്രി വളർത്തുന്നതിലും ഗണനീയമായ പങ്കുവഹിച്ച ഒരു പണ്ഡിതനാണ് കാരക്കാട് തങ്ങൾ. കുടുംബകലഹങ്ങളും സ്വത്ത് തർക്കങ്ങളും കോടതിക്കുള്ളിൽ എത്തും മുമ്പ്തന്നെ പ്രമുഖ വ്യക്തികളുടെ മദ്ധ്യസ്ഥ ശ്രമങ്ങളിലൂടെ പരിഹരിക്കപ്പെടുന്ന രീതി പണ്ടുമുതലേ ഈ പ്രദേശത്തുണ്ടായിരുന്നു.

കാലിക സംഭവങ്ങളോടും അനുഭവങ്ങളോടും സജീവവും ഫലപ്രദവുമായി പ്രതികരിക്കുന്ന ശീലം ഗ്രാമീണ ജനതക്കുണ്ടാക്കുന്നതിൽ ഇവിടുത്തെ കലാ–സാംസ്കാരിക–കായിക സംഘടനകളുടെയും വായനശാലകളുടെയും പങ്ക് എടുത്ത് പറയത്തക്കതാണ്. 1948ൽ സ്ഥാപിതമായ വെള്ളികുളങ്ങര ഗാന്ധി മെമ്മോറിയൽ ഗ്രന്ഥാലയം ഉൾപ്പെടെ ഈ പഞ്ചായത്തിൽ 16 വായനശാലകളുണ്ട്. ഇവയിൽ പത്തെണ്ണത്തോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ മെച്ചപ്പെട്ടവയാണ്. ഇതിൽ എട്ട് ഗ്രന്ഥാലയങ്ങൾക്ക് സ്ഥിരം ലൈബ്രേറിയന്മാരുണ്ട്. ഏഴെണ്ണം സ്വന്തം കെട്ടിടമുള്ളവയുമാണ്. ഇതിൽത്തന്നെ നാല് എണ്ണത്തിന് (എം കെ. കണ്ണൻ സ്മാരക

വായനശാല & ഗ്രന്ഥാലയം, കണ്ണൂക്കര കലാസമിതി & ഗ്രന്ഥാലയം, ഗാന്ധി മെമ്മോറിയൽ വായനശാല & ഗ്രന്ഥാലയം, കൃഷ്ണൻ വൈദ്യർ സ്മാരക വായനശാല & ഗ്രന്ഥാലയം) സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുണ്ട്. പത്ത് ഗ്രന്ഥാലയങ്ങളിലായി ആകെയുള്ള 20,008 പുസ്തകങ്ങളിൽ 18,661 മലയാളവും, 1211 ഇംഗ്ലീഷും 136 ഹിന്ദി പുസ്തകങ്ങളുമാണ് ഉള്ളത്. ഗ്രന്ഥാലയങ്ങളിലാകെ 1196 അംഗങ്ങളുള്ളതിൽ 171 പേർ സ്ത്രീകളാണ്. പ്രതിമാസം ശരാശരി 2145 പുസ്തകങ്ങൾ വിതരണം ചെയ്യപ്പെടുന്നുണ്ട്. വായനശാലകളിൽ രണ്ടെണ്ണമൊഴികെ മറ്റുള്ളവയിൽ ശരാശരി 4 ദിനപത്രങ്ങളും 5 (അഞ്ച്) ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാണ്. ഇരുപത് ആനുകാലികങ്ങൾ വരെ കിട്ടുന്ന വായനശാലകളും ഇക്കൂട്ടത്തിലുണ്ട്. ഇവയിലധികവും പൊതുജനങ്ങൾ സംഭാവനയായി നൽകുന്നവയാണ്. ഗ്രന്ഥാലയങ്ങളുടെയും വായനശാലകളുടെയും വിശദവിവരങ്ങൾ, പട്ടികയിൽ കൊടുക്കുന്നു.

പഞ്ചായത്തിലെ വായനശാലകളുടെയും, ഗ്രന്ഥാലയങ്ങളുടെയും ഭൗതിക സാഹചര്യം തൃപ്തികരമല്ല. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം തീരെയില്ല. കേരളോത്സവങ്ങളുടെ നടത്തിപ്പിലും പങ്കാളിത്തത്തിലും പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും പ്രാതിനിധ്യം ഉറപ്പു വരുത്തേണ്ടതാണ്. ഇപ്പോൾ നടത്തി വരുന്ന കേരളോത്സവങ്ങൾ, അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്ന തരത്തിലുള്ളവയല്ല. നാട്ടിപ്പാട്ടുകളും, വടക്കൻ പാട്ടുകളും നിറഞ്ഞു നിന്നിരുന്ന ഈ കർഷക ഗ്രാമത്തിന്റെ മുഖം ഇന്ന് പാടെ മാറിയിരിക്കുന്നു. കളരി അഭ്യാസ കേന്ദ്രങ്ങളും, വോളിബോളും സജീവമായിരുന്ന പഞ്ചായത്തിന്റെ കായിക രംഗം ഇപ്പോൾ ശുഷ്കിച്ചു വരുന്നു. തലപ്പന്തുകളിയും, ഇത്തിയും കോലും ഇന്നത്തെ തലമുറക്ക് അജ്ഞാതമാണ്. വെള്ളികുളങ്ങര കേന്ദ്രമായി എല്ലാ വർഷവും സംഘടിപ്പിക്കാറുള്ള വോളിബോൾ മേള ഇപ്പോൾ നടത്താറില്ല.

കേരളത്തിലെ പ്രമുഖ ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്ന ഒട്ടേറെ കായിക സംഘടനകളും സ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ട്. മടപ്പള്ളി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഫ്രന്റ്സ്, ഫീനിക്സ്, ലൂന തുടങ്ങിയ ക്ലബ്ബുകൾ എടുത്തുപറയത്തക്കവയാണ്.

കേരളത്തിന്റെ കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ ഒഞ്ചിയവും കനപ്പെട്ട സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. പ്രശസ്ത കവിയും പണ്ഡിതനും വാഗ്മിയുമായിരുന്നു യശഃശ്ശരീരമായ ശ്രീ. വി. ടി. കുമാരൻ മാസ്റ്റർ, പ്രശസ്ത നോവലിസ്റ്റ്, ഡോ: പുനത്തിൽ കുഞ്ഞബ്ദുള്ള തുടങ്ങിയവർ ഈ പ്രദേശത്തിന്റെ സംഭാവനയാണ്. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതിയായ 'സ്മാരകശിലകൾ' എന്ന നോവലിനാസ്പദമായ തട്ടകവും ഒഞ്ചിയമാണ്. കേരള സംഗീത നാടക അക്കാദമി അംഗവും പ്രശസ്ത ചിത്രകലാദ്ധ്യാപകനുമായിരുന്ന പരേതനായ ശ്രീ പി. കൃഷ്ണക്കുറുപ്പ് മാസ്റ്ററുടെ പ്രധാന കലാകേന്ദ്രമായിരുന്നു ഒഞ്ചിയം. രണ്ടാം ലോക മഹായുദ്ധകാലത്ത് ജപ്പാനെതിരെ ജനമനസ്സ് തിരിച്ചുവിടാൻ തച്ചോളിക്കളി എന്ന കലാരൂപത്തെ ഉപയോഗപ്പെടുത്തിയ ശ്രീ ചാത്തുവൈദ്യർ, പ്രസിദ്ധ തെയ്യം കലാകാരൻ ആയിരുന്ന ശ്രീ കേളുപ്പണിക്കർ തുടങ്ങിയവർ ഈ പ്രദേശത്തെ പ്രശസ്തരായ കലാകാരന്മാരായിരുന്നു.

ഒഞ്ചിയത്തിന്റെ രാഷ്ട്രീയ-സ്വാതന്ത്ര്യ-ബോധമണ്ഡലത്തെ വിസ്തൃതമാക്കിയ കവികളും കലാകാരന്മാരും നിരവധിയാണ്. ടി. പി. കണാരൻ, എം. കെ. ശങ്കരൻ, ബഫൂൺ കുമാരൻ, E. M. K. കുട്ടോത്ത്, ലോറൻസ് മാസ്റ്റർ, പപ്പൻ വള്ളിക്കാട്, കെ. കെ കൃഷ്ണദാസ്, വള്ളിക്കാട് രാഘവൻ മാസ്റ്റർ, വി. ടി. മുരളി തുടങ്ങിയവരുടെ കലാ-സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ എടുത്തുപറയത്തക്കതാണ്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ സാസംകാരിക പ്രവർത്തനങ്ങൾ ഇന്ന് നിർജ്ജീവമാണ്.
2. കടലോരമേഖലകളിൽ വായന

# ഗ്രന്ഥശാലകളെ സംബന്ധിച്ചുള്ള വിവരങ്ങൾ

## പട്ടിക - VIII - I

| സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ | ഉടമസ്ഥത | | സ്വന്തം | സ്ഥാപിച്ച വർഷം | ഗ്രന്ഥങ്ങളുടെ എണ്ണം | | | പ്രസിദ്ധീകരണങ്ങൾ | | വൈദ്യുതി | ലൈബ്രേറിയൻ | അംഗത്വം | | പ്രതിമാസ ശരാശരി | ഗ്രന്ഥശാല സംഘം അഫി. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കമ്മിറ്റി | പഞ്ചായത്ത് | ഉടമസ്ഥത | | മലയാളം | ഇംഗ്ലീഷ് | ഹിന്ദി | ദിനപത്രം | വാരിക | | | പു | സ്ത്രീ | | |
| ശില്പാവായനശാല | I | ✓ | - | X | 1994 | - | - | - | 8മലയാളം 1 ഇംഗ്ലീഷ് | 6 വൈ 4 മാസിക | ✓ | X | - | - | - | X |
| മേനോൻ കണാരൻ സ്മാരക വായനശാല & ഗ്രന്ഥാലയം | V | ✓ | - | X | 1994 | 1008 | - | - | 4 മലയാളം 1 ഇംഗ്ലീഷ് | 3 മലയാളം | ✓ | X | 95 | 28 | 150 | X |
| കൊല്ലാച്ചേരി കുമാരൻ സ്മാരക വായനശാല | III | ✓ | - | ✓ | 1994 | - | - | - | 4മലയാളം | 2 മലയാളം | X | X | - | - | - | X |
| ഫീനിക്സ് ഗ്രന്ഥാലയം | VIII | ✓ | - | X | 1994 | 600 | 75 | 50 | - | - | X | | 71 | 5 | 150 | X |
| ഇസ്ലാമിക കൾച്ചറൽ സെന്റർ | XI | ✓ | - | X | 1993 | 300 | 3 | - | 1 മലയാളം | 3 മലയാളം | ✓ | | 57 | 3 | - | X |
| പഞ്ചായത്ത് സാംസ്കാരിക നിലയം | IV | - | - | ✓ | 1993 | 2212 | 11 | - | 5 മലയാളം 1 ഇംഗ്ലീഷ് | 4 മലയാളം | X | | 172 | 11 | 200 | X |
| ആണ്ടിമാസ്റ്റർ സ്മാരക വായനശാല | X | - ✓ | - | ✓ | 1992 | - | - | - | 5മലയാളം 2 ഇംഗ്ലീഷ് | 6 മലയാളം 1 ഇംഗ്ലീഷ് | - | - | - | - | - | X X |
| അളവക്കൽ കൃഷ്ണൻ സ്മാരക വായനശാല & ഗ്രന്ഥാലയം | II | ✓ | - | ✓ | 1985 | 600 | 25 | - | 3 മലയാളം | - | ✓ | X | - | - | - | X |
| പി. പി. ലക്ഷ്മണൻ മെമ്മോറിൽ വായനശാല | I | ✓ | - | X | 1985 | - | - | - | 3 മലയാളം | 3 മലയാളം | ✓ | X | - | - | - | X |
| ശ്രീനാരായണ കലാസമിതി വായനശാല & ഗ്രന്ഥാലയം | III | ✓ | - | X | 1973 | 400 | 150 | - | 2മലയാളം | - | ✓ | X | 54 | 1 | 250 | X |
| പഞ്ചായത്ത് വായനശാല | II | - | | X | 1970 | - | - | - | 2മലയാളം | - | ✓ | X | - | - | - | X |
| കൃഷ്ണൻ വൈദ്യർ സ്മാരക വായനശാല & ഗ്രന്ഥാലയം | IX | - | | ✓ | 1957 | 3000 | 150 | 25 | 1 മലയാളം | - | ✓ | ✓ | 100 | 50 | 70 | ✓ |
| കണ്ണുക്കര കലാസമിതി ഗ്രന്ഥാലയം & വായനശാല | II | ✓ | - | ✓ | 1954 | 3500 | 500 | 200 | 3മലയാളം ഇംഗ്ലീഷ് | മലയാളം 4 മാസിക 1 | ✓ | ✓ | 100 | 25 | - | ✓ |
| എം. കെ കണ്ണൻ സ്മാരക വായനശാല & ഗ്രന്ഥാലയം | III | ✓ | | ✓ | 1951 | 3869 | 145 | 26 | 2 മലയാളം | 2 വാരക 2 മൈ | ✓ | ✓ | 20 | 32 | 500 | ✓ |
| ഗാന്ധി മെമ്മോറിയൽ ഗ്രന്ഥാലയം | IX | ✓ | - | X | 1948 | 3172 | 177 | 9 | 4മലയാളം | 6 മലയാളം 2 ഇംഗ്ലീഷ് | ✓ | ✓ | 108 | 17 | 425 | ✓ |
| അക്ഷര വായനശാല | V | ✓ | - | ✓ | 1959 | - | - | - | 2മലയാളം ഇംഗ്ലീഷ് | 1 മലയാളം | - | - | - | - | - | X |

ശാലകളോ ഗ്രന്ഥാലയങ്ങളോ പ്രവർത്തിക്കുന്നില്ല.

3. പുസ്തകവിതരണത്തിന്റെ ശരാശരി കണക്ക് പരിശോധിച്ചാൽ ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനം മന്ദഗതിയിലാണെന്ന് മനസ്സിലാക്കാം.
4. മിക്ക ഗ്രന്ഥാലയങ്ങളും പല കാരണങ്ങൾകൊണ്ടും കർത്തവ്യം നിറവേറ്റുന്നതിൽ വളരെ പിന്നിലാണ് മാത്രമല്ല. ജനസംഖ്യയിൽ 5% ൽ താഴെ വരുന്നവർക്ക് മാത്രമേ ഗ്രന്ഥാലയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുള്ളൂ.
5 വനിതകളുടെ പങ്കാളിത്തം നാമമാത്രമാണ്
6. ഗ്രന്ഥാലയങ്ങളോടനുബന്ധിച്ച് കുട്ടികളുടെ വിഭാഗം പ്രവർത്തിക്കുന്നില്ല.
7. സാമ്പത്തിക പരാധീനത ഗ്രന്ഥാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളാണ് മെച്ചപ്പെടുന്നതിന് തടസ്സം നിൽക്കുന്നു. ഫർണ്ണീച്ചറുകളുടെ അഭാവം മിക്ക ഗ്രന്ഥാലയങ്ങളേയും അലട്ടുന്നുണ്ട്.
8. വൈദ്യുതീകരിക്കാത്ത ഗ്രന്ഥാലയങ്ങളാണ് പഞ്ചായത്തിൽ കൂടുതലുള്ളത്.
9. എല്ലാ ഗ്രന്ഥാലയങ്ങളിലും സ്ഥിരം ലൈബ്രേറിയൻമാരില്ല.
10. എല്ലാ വാർഡുകളിലും ഗ്രന്ഥാലയങ്ങളില്ല.
11. അമേച്വർ കലാസാംസ്കാരിക സംഘടനകൾ ഏറെയുണ്ടെങ്കിലും വിരലിലെണ്ണാവുന്നതൊഴിച്ച് മുഴുവനും. നാമമാത്രമായി പ്രവർത്തിക്കുന്നു.

**സാധ്യതകൾ**

1. ഓരോ വാർഡിലും ഒരു സാംസ്കാരിക കേന്ദ്രമെങ്കിലും ഉണ്ടാകേണ്ടതാണ്. നിലവിലുള്ള ഗ്രന്ഥാലയം പോലുള്ള കേന്ദ്രങ്ങൾ തന്നെ പഞ്ചായത്ത് തെരഞ്ഞെടുത്ത് സാസ്കാരിക കേന്ദ്രങ്ങളാക്കി മാറ്റുകയും ടി. വി. പോലുള്ള ആധുനിക ദൃശ്യമാധ്യമങ്ങൾ നൽകുകയും വേണം.
2. സാസ്കാരിക കേന്ദ്രങ്ങളെ സമൂഹത്തിന്റെ പുരോഗതിക്ക് ഉതകുന്ന സ്ഥാപനങ്ങളുണ്ടാക്കി വികസിപ്പിക്കുന്നതിൽ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കുകയും അതത് പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി കൂട്ടിയോജിപ്പിക്കുകയും വേണം
3. മിക്ക സാംസ്കാരിക സ്ഥാപനങ്ങൾക്കും അവയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നത് സാമ്പത്തിക പരാധീനതയാണ്. അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കി പരമാവധി സഹായം ചെയ്തുകൊടുക്കേണ്ടതാണ്.
4. കാർഷിക വ്യാവസായിക മേഖലയുടെ വികാസത്തിനായി, ആധുനിക വ്യവസായിക കൃഷിരീതികളുമായി പരിചയപ്പെടുത്തുന്നതിനും സാംസ്കാരിക കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയണം.
5. പഞ്ചായത്തുതലത്തിൽ കലാകായിക മത്സരങ്ങൾ നടത്തുന്നതിനുള്ള ഒരു കലണ്ടർ തയ്യാറാക്കുകയും- കേരളോൽസവം പോലുള്ള പരിപാടികളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും. വേണം.
6. നിലവിൽ വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാലകൾ സ്ഥാപിക്കേണ്ടതാണ്.
7. ഔദ്യോഗിക ദൃശ്യമാധ്യമങ്ങൾക്ക് സമാന്തരമായി പഞ്ചായത്ത് തലത്തിൽ ദൃശ്യമേഖല കണ്ടെത്താവുന്നതാണ്.
8. സ്കൂളിൽ വായനാശീലം വർദ്ധിപ്പിക്കാനാവാശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.
9. പഞ്ചായത്തിലെ പല മണ്ഡലങ്ങളിലും കേന്ദ്രീകരിച്ച് നടക്കുന്ന വ്യാജമദ്യവിൽപ്പന, മയക്കുമരുന്ന് കച്ചവടം തുടങ്ങിയ അസാംസ്കാരിക പ്രവർത്തനങ്ങൾ തടയാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.
10. പ്രകടമായ വിവാഹധൂർത്ത്, സ്ത്രീധനസമ്പ്രദായം മുതലായവക്കെതിരെ ശക്തമായ ബോധവൽക്കരണം നടത്താൻ സാംസ്കാരിക സ്ഥാപ

നങ്ങളുടെ സഹായത്തോടെ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

11 ഫാമിലി കൗൺസലിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ സാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കമം.

12. പ്രാദേശിക സാംസ്കാരിക സമിതികൾ രൂപം കൊടുക്കുന്ന കലാപരിപാടികൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കേണ്ടതായിട്ടുണ്ട്.

13 അവശകലാകാരന്മാർക്ക് സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്താനാവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതായിട്ടുണ്ട്.

14. പഞ്ചായത്തിൽ കലാസാംസ്കാരിക രംഗങ്ങളിൽ സ്തുത്യർഹമായ പങ്ക് നിർവഹിച്ചവരെ അർഹിക്കുന്ന തരത്തിൽ അംഗീകരിക്കുകയും ആദരിക്കുകയും അവശതയനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യേണ്ടതാണ്.

15. കലാസാംസ്കാരിക സംഘടനയ്ക്ക് സംഗീതോപകരണങ്ങൾ, കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ എന്നിവ സൗജന്യത്തിൽ ലഭിക്കേണ്ടതാണ്.

16. പഞ്ചായത്തുതലത്തിൽ ചരിത്ര മ്യൂസിയം സ്ഥാപിക്കുക.

17. കേരളോത്സവം വാർഡുതലത്തിൽ ജനകീയ പങ്കാളിത്തതോടെ സംഘടിപ്പിക്കേണ്ടതാണ്.

18. വായനശാലക്ക് ടി.വി, കൂടുതൽ പ്രസിദ്ധീകരണങ്ങൾ എന്നിവ പഞ്ചായത്ത് വകയായി നൽകേണ്ടതാണ്.

19. പഞ്ചായത്തിൽ ഒരു പൊതു ഓഡിറ്റോറിയം വളരെ അത്യാവശ്യമാണ്.

20 കണ്ണൂക്കര കലാസമിതി & ഗ്രന്ഥാലയം പഞ്ചായത്തിന്റെ സഹായത്തോടെ ഒരു ഇൻഫർമേഷൻ സെന്ററാക്കി മാറ്റാവുന്നതാണ്.

21 പഞ്ചായത്തിന്റെ നേതൃത്വത്തിൽ Guidance സെന്റർ സ്ഥാപിച്ച് Pre- examination കോച്ചിംഗുകളും മറ്റും നടത്താൻ നടപടികളുണ്ടാവണം.


22. ഐതിഹ്യങ്ങൾ, നാടൻ പാട്ടുകൾ എന്നിവശേഖരിക്കാൻ കലാസമിതികളെ ഉപയോഗപ്പെടുത്താൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

23 വെള്ളിക്കുളങ്ങരയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കേണ്ടതാണ്.

24. പഞ്ചായത്തിന് ഒരു സ്റ്റേഡിയം വളരെ അത്യാവശ്യമാണ്.

25 പഞ്ചായത്ത് മുൻകൈ എടുത്ത് ഒരു ഗ്രാമ്യഭാഷാ നിഘണ്ടു തയ്യാറാക്കാവുന്നതാണ്.

26. കലാസാംസ്കാരിക സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും ഏകോപിപ്പിക്കുവാനും എല്ലാ വാർഡുകളുടേയും പ്രാതിനിധ്യത്തോടെ പഞ്ചായത്തുതലത്തിൽ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം നടത്താവുന്നതാണ്.



# പാർപ്പിടവും
# സാമൂഹിക ക്ഷേമവും

**പാർപ്പിടം**

കൂട്ടായ്മയുടേയും സേവനത്തിന്റെയും ഭാഷയായിരുന്നു പാർപ്പിട നിർമ്മാണരംഗത്ത് പണ്ടുണ്ടായിരുന്നത്. പ്രാദേശികമായി ലഭ്യമായ വസ്തുക്കളായിരുന്നു വീടുകൾ നിർമ്മിക്കാൻ ഉപയോഗിച്ചിരുന്നത്. കാട്ടുമൃഗങ്ങളോടും ഇഴജന്തുക്കളോടുമുള്ള ഭയം കാരണമാവാം ചെറിയ ജനലുകളും വാതിലുകളുമായിരുന്നു പഴയകാല വീടുകൾക്ക് ഉണ്ടായിരുന്നത്. കാർഷിക ആവശ്യം മുൻനിർത്തിയുള്ള വലിയ മുറ്റവും നീണ്ട വരാന്തയും വെളിച്ചം കുറഞ്ഞ മുറികളുമായിരുന്നു പഴയ കാലത്തുണ്ടായിരുന്നത്. വീടിന്റെ തറ മണ്ണും ചാണകവും മെഴുകിയതും, മേൽപ്പുര ഓലയോ ഓടോ മേഞ്ഞതുമായിരുന്നു. കൂലിച്ചെലവ് താരതമ്യേന കുറവായിരുന്നു. പരമ്പരാഗത ആശാരിമാരും പരവന്മാരും നിർമ്മിച്ച വീടുകൾ ആയതുകൊണ്ടാവാം മിക്കവാറും ഒരേ രീതിയിലുള്ള "പടിഞ്ഞാറ്റപ്പുര" കളായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. ജന്മിത്ത സമ്പ്രദായത്തിന്റെ അവസാനത്തോടെ കൂട്ടുകുടുംബ സമ്പ്രദായത്തിൽ മാറ്റം വരികയും ചെറിയ കുടുംബമെന്ന ആശയം ജനങ്ങളിൽ വ്യാപിക്കുകയും ചെയ്തു. ഇത് വീടുകളുടെ എണ്ണം വർദ്ധിക്കുന്നതിന് ഇടയായി. ജനങ്ങളുടെ സാമ്പത്തിക നിലവാരത്തിൽ മാറ്റം വന്നതോടെ വീടുകളുടെ ഘടനയിലും മാറ്റം വരാൻ തുടങ്ങി. ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചതും ഇതിന് സഹായകമായി. വലിപ്പമേറിയ മുററവും നീണ്ട വരാന്തകളും അപ്രത്യക്ഷമായി. മുറികളുടെ ക്രമീകരണങ്ങളിൽ മാറ്റം വന്നു തുടങ്ങി.

ഗൾഫ് പണത്തിന്റെ സ്വാധീനം വളരെയേറ പ്രകടമായത് കെട്ടിട നിർമ്മാണ രംഗത്താണ്. റോഡുകളുടെ വശങ്ങളിൽ ലക്ഷങ്ങൾ മുടക്കി വീടുകൾ നിർമ്മിക്കുന്ന പ്രവണത സാധാരണമായി. ഈ മാറ്റം മറ്റു മേഖലകളിൽ നിന്നും കെട്ടിട നിർമ്മാണ രംഗത്തേക്ക് തൊഴിലാളികളുടെ ഒഴുക്കിന് കാരണമായി. കെട്ടിട നിർമ്മാണ രംഗത്ത് കൂലിയിനങ്ങളിൽ മാത്രം ശരാശരി അരക്കോടിയിലേറെ രൂപ ഒഞ്ചിയം പഞ്ചായത്തിൽ ഒരു വർഷം ചെലവാകുന്നുണ്ടെന്ന് കാണാം. കോൺക്രീറ്റ് വീടുകളുടെ നിർമ്മാണച്ചെലവ് വളരെയധികം വർദ്ധിച്ചു. ഇത്തരം വീടുകൾ വലുതും, ആവശ്യങ്ങൾക്ക് പകരം ആർഭാടവുമായി മാറിയിട്ടുണ്ട്. കൃഷിഭൂമി നികത്തി ഇത്തരം സൗധങ്ങൾ നിർമ്മിക്കുന്ന പ്രവണത ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. ഇങ്ങനെയാണെങ്കിലും കടലോര മേഖലകളിലും മറ്റു ചില വാർഡുകളിലും കുടിലുകൾ ഇപ്പോഴും നില നിൽക്കുന്നു. പഞ്ചായത്തിലെ 4396 വീടുകളിൽ 1010 കോൺക്രീറ്റ് വീടുകളും, 2651 ഓടിട്ടവയും 574 ഓലമേഞ്ഞവയും 161 കുടിലുകളുമാണ്. (അവലംബം PHC രേഖ) പഞ്ചായത്തിൽ ആറ് നാലുസെന്റ് കോളനികളും അഞ്ച് ലക്ഷംവീട് കോളനികളും അനുവദിച്ചിട്ടുണ്ട്. ഇതിൽ 11 കുടുംബങ്ങൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിലും 15 പേർ ഇനിയും വീട് നിർമ്മിക്കേണ്ടതായിട്ടുണ്ട്.

ഇന്ന് കെട്ടിട നിർമ്മാണത്തിന് കൂടുതൽ മരങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും മരത്തിന് പകരം കോൺക്രീറ്റ് കട്ടിലകളും ജനലുകളും ഇന്നിവിടെ പ്രചാരത്തിലുണ്ട്. കെട്ടിടത്തിനാവശ്യമായ വസ്തുക്കൾ വില്പന നടത്തുന്ന സ്ഥാപനങ്ങളും കെട്ടിട നിർമ്മാണ തൊഴിലാളികളും പഞ്ചായത്തിൽ ആവശ്യത്തിനുണ്ട്. 1985–86 വർഷത്തിൽ അവിദഗ്ദ തൊഴിലാളികൾക്ക് 40 രൂപയും വിദഗ്ധ തൊഴിലാളികൾക്ക് 60 രൂപയും കൂലിയുണ്ടായിരുന്നപ്പോൾ 1995–96 വർഷത്തിൽ ഇത് അവിദഗ്ധ തൊഴിലാളികൾക്ക് 90 – 100 ഉം വിദഗ്ധ തൊഴിലാളികൾക്ക് 120 – 130 രൂപയുമാണ്.

ഭവനനിർമ്മാണത്തിന് വായ്പകൾ നൽകുന്ന ഊരാളുങ്കൽ റൂറൽ ഹൗസിംഗ് സൊസൈറ്റി ഒഞ്ചിയത്ത് പ്രവർത്തിക്കുന്നുണ്ട്. ഭവന നിർമ്മാണത്തിന് R.L.E.G.P., N.R.E.P, J.R.Y, I.A.Y എന്നീ സ്കീമുകളിൽ പഞ്ചായത്തിൽ കഴിഞ്ഞ മൂന്നു വർഷത്തിൽ 24 വീടുകൾക്ക് സഹായം നൽകിയിട്ടുണ്ട്.

ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലിനിരക്കിലെ വർദ്ധനയും കാരണം സാധാരണക്കാരന് ഇന്ന് സ്വന്തമായൊരു വീട് സ്വപ്നമായി തീർന്നിരിക്കുന്നു.

പട്ടിക IX – 1

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|
| I | മാടാക്കര ലക്ഷംവീട് | 20 |
| V | എടക്കണ്ടിക്കുന്ന് | 20 |
| VIII | കോട്ടലക്ഷം വീട് | 20 |
| IX | പുലിയേരിന്റവിട | 20 |
| XI | വല്ലത്ത് കുന്ന് | 20 |

വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

പട്ടിക IX – 2

| വാർഡ് | ടെറസ് | ഓട് | ഓല | കുടിൽ |
|---|---|---|---|---|
| I | 90 | 195 | 60 | 53 |
| II | 100 | 230 | 34 | 30 |
| III | 102 | 222 | 58 | 12 |
| IV | 66 | 215 | 40 | 6 |
| V | 90 | 297 | 54 | 21 |
| VI | 108 | 250 | 24 | 9 |
| VII | 60 | 245 | 64 | 10 |
| VIII | 68 | 240 | 4 | 6 |
| IX | 94 | 305 | 74 | 9 |
| X | 92 | 233 | 63 | 2 |
| XI | 140 | 219 | 61 | 3 |
| ആകെ | 1010 | 265 | 574 | 161 |

**പ്രശ്നങ്ങൾ:–**

1. ഒഞ്ചിയം പഞ്ചായത്തിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ ലക്ഷംവീട് കോളനികൾക്കും 4 സെന്റ് ഭൂമി പതിച്ചു കൊടുത്ത പ്രദേശത്തെ വീടുകൾക്കും കുടിവെള്ളം കക്കൂസ്, വെളിച്ചം, ഗതാഗത സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.
2. അനുവദിച്ചുകൊടുത്ത 4 സെന്റ് കോളനികളിലെ ഭൂമിയിന്മേൽ അതിർത്തി തർക്കങ്ങൾ നില നിൽക്കുന്നുണ്ട്.
3. പഞ്ചായത്തിലെ ലക്ഷം വീടുകളും 4 സെന്റ് ഭൂമികളും അനുവദിച്ച് കൊടുത്ത യഥാർത്ഥ ഉപഭോക്താക്കൾ ഭൂമി കൈമാറ്റം ചെയ്തതിന്റെ ഫലമായി പഞ്ചായത്ത് അംഗീകരിക്കാത്ത നിരവധി കുടുംബങ്ങൾ കോളനിയിൽ താമസിക്കുന്നുണ്ട്.
4. സർക്കാർ നിർമ്മിച്ച് കൊടുത്തിട്ടുള്ള ഇരട്ട വീടുകൾ 4 അംഗങ്ങളുള്ള കുടുംബത്തിന് പോലും താമസിക്കാൻ പര്യാപ്തമായ വിസ്തീർണ്ണമുള്ളവയല്ല.
5. കടലോര പ്രദേശത്ത് അനുവദിച്ചുകൊടുത്തിട്ടുള്ള ചില കോളനികളിൽ കുഴിച്ച ചില കിണറുകളിൽ ഉപ്പുവെള്ളം ലഭിക്കുന്നതിനാൽ ശുദ്ധജലം ലഭിക്കാൻ മറ്റ് നടപടികൾ സ്വീകരിക്കണം.
6. കഠിനമായ വേനലിൽ ശുദ്ധജലം കിട്ടാത്ത കോളനികളിൽ കുടിവെള്ളം ലഭ്യമാക്കണം.
7. പഞ്ചായത്തിലെ 161 കുടിലുകളിൽ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഒടിട്ട വീടുകളാക്കി മാറ്റണം.
8. ഓല മേഞ്ഞ 574 വീടുകൾ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഓടിട്ട വീടുകളാക്കി മാറ്റണം.
9. പഞ്ചായത്തിലെ കുടുംബങ്ങളിൽ ഭൂരിഭാഗവും ഭവനരഹിത കൂട്ടുകുടുംബങ്ങളാണ്. കാലക്രമേണ ഇവയെല്ലാം ചെറിയ കൂട്ടു കുടുംബങ്ങളായി മാറും. പഞ്ചായത്തിൽ ഏകദേശം 315 കുടുംബങ്ങളുണ്ട്. അടിയന്തിരമായും അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ വീടുകൾ ഇത്തരക്കാർക്ക് നിർമ്മിച്ച് കൊടുക്കണം.
10. ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള പാർപ്പിട വായ്പകൾ നാമമാത്രമാണ്. ഇത്തരം വായ്പകൾ വ്യാപകമാക്കണം.
11. വായ്പാ സ്ഥാപനങ്ങളുടെ വ്യവസ്ഥകളും രീതികളും ലഘൂകരിക്കുകയും മറ്റ് ജാമ്യങ്ങളില്ലാതെ നിർമ്മിക്കുന്ന വീട് തന്നെ ജാമ്യമായി കണക്കാക്കി വായ്പാ സൗകര്യം ത്വരിതപ്പെടുത്തണം.
12. തീരദേശ സംരക്ഷണ നിയമം പഞ്ചായ

ത്തിലെ തീരപ്രദേശത്ത് ഭവന നിർമ്മാണത്തിന് പ്രതികൂലമായി ബാധിക്കും.

13. കൃഷിഭൂമി നികത്തി പാർപ്പിടങ്ങൾ നിർമ്മിക്കുന്നത് കൃഷിഭൂമി കുറയാൻ ഇടയാകും.
14. വീടുകളുടെ നിർമ്മാണ രംഗത്തുള്ള ആർഭാടങ്ങൾ നിയന്ത്രിക്കേണ്ടതാണ്.
15. അശാസ്ത്രീയമായതും പരിസ്ഥിതിക്ക് നിരക്കാത്തതുമായ കെട്ടിട നിർമ്മാണം നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.
16. വീടുകളുടെ വലിപ്പം അത് ഉപയോഗിക്കുന്ന അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമാക്കണം.
17. നിശ്ചിത അകലം വിട്ട് മാത്രമേ പുതിയ വീടുകൾക്ക് നിർമ്മാണ അനുമതി നൽകാവൂ.
18. കോൺക്രീറ്റ് ജനലുകളും വാതിലുകളും മേൽപ്പുരയും നിർമ്മിക്കുമ്പോൾ നാട്ടിലുള്ള ആശാരിമാർക്ക് ജോലി സാധ്യത കുറയുന്നു.
19. നാട്ടിൽത്തന്നെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
20. ഗ്രാമീണ ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്ന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരുന്ന 3 ശതമാനം സബ്സിഡി ഇപ്പോൾ കൃത്യമായും ലഭിക്കുന്നില്ല.

**സാധ്യതകൾ**

1. പഞ്ചായത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്കും ഇരട്ട വീടുകൾ നൽകിയ ലക്ഷംവീട് കോളനിയിലെ ആളുകൾക്കും അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഉറപ്പുള്ള വീടുകൾ പഞ്ചായത്ത് നിർമ്മിച്ചുകൊടുക്കണം.
2. കുടിവെള്ളവും ഗതാഗത സൗകര്യങ്ങളുമുള്ള മനുഷ്യവാസയോഗ്യമായ പ്രദേശങ്ങൾ മാത്രം ഇതിനായി പഞ്ചായത്ത് ഏറ്റെടുത്ത് വിതരണം ചെയ്യണം.
3. ഒരു കുടുംബത്തിന് വീടുവെക്കാൻ ചുരുങ്ങിയത് 7 സെന്റ് ഭൂമിയെങ്കിലും അനുവദിച്ചുകൊടുക്കണം.
4. നിർമ്മിച്ചുകൊടുക്കുന്ന വീടുകൾക്ക് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, രണ്ടുകുഴി കക്കൂസ്, പുകയില്ലാത്ത അടുപ്പ്, സോക്കേജ് പിറ്റ്, ഗാർബേജ് പിറ്റ് എന്നിവയുണ്ടായിരിക്കണം.
5. വീട് 24 ചതുരശ്ര മീറ്ററെങ്കിലും വിസ്തീർണ്ണമുള്ളവയായിരിക്കണം (തറയുടെ നീളം 6 മീറ്റർ x വീതി 4 മീറ്റർ)
6. പഞ്ചായത്ത് അംഗീകരിച്ച പ്ലാൻ പ്രകാരം ഭവന നിർമ്മാണം സമയബന്ധിതമായിരിക്കണം (ഒരു വർഷം)
7. പഞ്ചായത്തിൽ അനുവദിക്കപ്പെട്ട മുഴുവൻ ഇരട്ട ലക്ഷം വീടുകളും കാലപ്പഴക്കം ചെന്ന വാസയോഗ്യമല്ലാത്തവയും മതിയായ വിസ്തീർണ്ണമില്ലാത്തവയും ആയതുകൊണ്ട് അവ പൊളിച്ച്മാറ്റി അവിടെ പുതിയ മറ്റ് വീടുകൾ മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങളോടെ ഏകദേശം 50,000/- രൂപ മതിപ്പു ചെലവിൽ പുനർനിർമ്മിച്ചുകൊടുക്കണം.
8. പഞ്ചായത്തിൽ അനുവദിച്ചുകൊടുത്ത 4 സെന്റ് കോളനികൾ വീണ്ടും അളന്ന് അതിരുകൾ തിട്ടപ്പെടുത്തിക്കൊടുക്കേണ്ടതാണ്.
9. മുഴുവൻ ലക്ഷംവീട്, 4 സെന്റ് കോളനികളും വൈദ്യുതീകരിക്കണം.
10. 4 സെന്റ് കോളനികളിൽ അനുവദിച്ച 15 ആളുകൾ ഇനിയും അവിടെ വീട് പണിതീർത്തതായി കാണുന്നില്ല. അവർക്കാവശ്യമായ സാമ്പത്തിക സഹായം അനുവദിച്ച് വീട് നിർമ്മാണം പൂർത്തീകരിക്കുക.

അനുവദിക്കപ്പെട്ടവർക്ക് വീടും സ്ഥലവും വേണ്ടാത്ത പക്ഷം അവ മറ്റ് അർഹതപ്പെട്ടവർക്ക് അനുവദിച്ച് കൊടുക്കുക.

11. 4 സെന്റ് ഭൂമിയിൽ വീടുനിർമ്മാണത്തിന് കൊടുത്ത സർക്കാർ വായ്പകൾ തിരിച്ചടക്കാൻ കഴിയാത്ത കുടുംബങ്ങളുണ്ട്. ഇവർ ജപ്തി മുതലായ നടപടികൾ അഭിമുഖീകരിക്കുകയാണ്. ഇത് പരിശോധിച്ച് അർഹരായവരെ പ്രസ്തുത നടപടികളിൽ നിന്നും ഒഴിവാക്കണം.

12. ചുരുങ്ങിയ ചെലവിൽ കെട്ടിടനിർമ്മാണം നടത്താനുള്ള ആധുനിക സാങ്കേതിക പരിജ്ഞാനം പ്രചരിപ്പിക്കുക. അടുത്ത പദ്ധതിക്കാലത്ത് 200 ഓളം യുവതീയുവാക്കളെ ഈ സാങ്കേതിക വിദ്യ പരിശീലിപ്പിക്കാൻ നടപടി ഉണ്ടാകണം

13. ഭവന നിർമ്മാണ പദ്ധതികളെക്കുറിച്ചും വായ്പകളെക്കുറിച്ചും യഥാസമയം പൊതുജനങ്ങളെ അറിയിക്കുക.

14. ദാരിദ്ര്യരേഖക്ക് താഴെയുള്ള പഞ്ചായത്തിലെ എല്ലാ ഭവനരഹിതർക്കും സൗജന്യ ഭവന നിർമ്മാണം നടപ്പാക്കുക.

15. വയലുകൾ നിരത്തി കെട്ടിടനിർമ്മാണം നടത്തുന്നത് തടയുക.

16. കെട്ടിട നികുതി ചുമത്തുന്നതിനുള്ള പൂർണ്ണ അധികാരം തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റിക്ക് വിട്ട് കൊടുക്കുക.

17. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ചുരുങ്ങിയ പലിശനിരക്കിലും, നിർമ്മിക്കുന്ന വീടുകൾതന്നെ ജാമ്യമാക്കിക്കൊണ്ടും, ഭവനവായ്പ അനുവദിക്കുകയും തവണവ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും ചെയ്യുക.

18. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡു നൽകുന്ന സബ്സിഡിയുള്ള വായ്പകൾ ജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള നടപടിയും ലഘൂകരിക്കുക.

19. കൈരളി ഭവന നിർമ്മാണസംഘം വഴി നൽകുന്ന വായ്പാപലിശ നിരക്ക് കുറയ്ക്കുക.

20. നിർദ്ദനരായ മത്സ്യത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളി കൾക്കും കർഷകേതര തൊഴിലാളികൾക്കും പ്രാമുഖ്യം നൽകി സൗജന്യഭവന നിർമ്മാണം നടപ്പിലാക്കുക.

21. കെട്ടിട നിർമ്മാണത്തൊഴിലാളികൾ ആവശ്യത്തിനുണ്ട്. കൂലിനിരക്ക് തൃപ്തികരമാണ്.

22. കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന ചെങ്കല്ല് വെട്ടിയെടുക്കാവുന്ന ഏകദേശം 10 ഏക്രയോളം സ്വകാര്യ ഭൂമി പഞ്ചായത്തിലുണ്ട്.

23. കെട്ടിട നിർമ്മാണ നിയന്ത്രണ നിയമം പഞ്ചായത്തിൽ നടപ്പാലാക്കണം.

24. കെട്ടിട നിർമ്മാണത്തിനാവശ്യമായ മരം, ഓട്, ഇഷ്ടിക, കടപ്പ, മാർബിൾ, മൊസൈക്ക്, സാനിട്ടറി ഇനങ്ങൾ, ഗ്രിൽസ്, കമ്പി, സിമന്റ് തുടങ്ങിയ വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾ ആവശ്യത്തിനുണ്ട്.

25. 100 m2 ന് താഴെ വിസ്തീർണ്ണം വരുന്ന വീടുകൾക്ക് മേൽ നിയമം ബാധകമാക്കരുത്.

26. 150 m2 ന് അധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് ചുമത്തുന്ന നികുതി സാധാരണ നികുതിയുടെ ഇരട്ടിയായിരിക്കണം. കൂടാതെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്ലാബ് സിസ്റ്റം ഏർപ്പെടുത്തി നികുതി നിർണ്ണയിക്കണം

27. പുതുക്കിപ്പണിയുകയോ കൂട്ടിച്ചേർക്കലുകൾ നടത്തുകയോ ചെയ്യപ്പെട്ട കെട്ടിടങ്ങളുടെയും വീടുകളുടെയും നികുതി പുനഃപരിശോധിച്ച് പുനർനിർണ്ണയം ചെയ്യുക.

# സാമൂഹ്യക്ഷേമം

സമൂഹത്തിലെ ദരിദ്ര-ദുർബല വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തിയുള്ള പ്രവർത്തന പരിപാടികളാണ് സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മറ്റു പല പ്രവർത്തന പരിപാടികളെയും പോലെ കാലതാമസവും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള പ്രയാസവും സാമൂഹ്യക്ഷേമ പ്രവർത്തന പരിപാടികളെയും ബാധിക്കുന്നു.

I.R.D.P. സർവ്വെ പ്രകാരം 1889 ദരിദ്ര കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇതിൽ 40 ശതമാനം (718) കുടുംബങ്ങൾക്ക് മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ. DWCRA പദ്ധതിപ്രകാരം സ്ത്രീകൾക്ക് തൊഴിൽ കൊടക്കുന്നതിനായി 4 യൂണിറ്റുകൾ ആരംഭിച്ചെങ്കിലും ഒന്നു മാത്രമേ തൃപ്തികരമായി പ്രവർത്തിക്കുന്നുള്ളൂ. ഒഞ്ചിയം ക്ഷേമ വസ്ത്ര നിർമ്മാണ യൂണിറ്റാണ് അത്. വെള്ളികുളങ്ങര പരസ്പര സഹായ പാൽ വിതരണ സംഘത്തിന്റെ ഭാഗമായ പാൽ ഉല്പാദന യൂണിറ്റ് ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. നിശ്ചലമായിക്കിടക്കുന്ന അവിൽ നിർമ്മാണ യൂണിറ്റു ബീഡി നിർമ്മാണ യൂണിറ്റും പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

പട്ടിക IX - 3

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 4, 5, 10 | ഡയറി യൂണിറ്റ് | — | 10 | ഭാഗികമായി പ്രവർത്തിക്കുന്നു |
| 5 | റെഡിമെയ്ഡ് യൂണിറ്റ് | — | 10 | നന്നായി പ്രവർത്തിക്കുന്നു |
| 9 | അവിൽ നിർമ്മാണം | - | 7 | ഇപ്പോൾ പ്രവർത്തിക്കുന്നില്ല |
| 9 | ബീഡി നിർമ്മാണം | - | 10 | ഇപ്പോൾ പ്രവർത്തിക്കുന്നില്ല |

ട്രൈസം പരിപാടിയിൽ 29 പേർക്കാണ് പഞ്ചായത്തിൽ പരിശീലനം ലഭിച്ചിട്ടുള്ളത്. അതിൽ മൂന്നു പേർക്കു മാത്രമേ സ്വയംതൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ.

പട്ടിക IX - 4

| പരിശീലനം ലഭിച്ചവരുടെ എണ്ണം പരിശീലനം | വിഷയത്തിന്റെ പേര് |
|---|---|
| 2 | പ്ലംബിങ് |
| 3 | റേഡിയോ & T V മെക്കാനിസം |
| 9 | ഇലക്ട്രിക്കൽ വയറിംഗ് |
| 2 | പ്രിന്റിംഗ് & കംപോസിംഗ് |
| 2 | ഓട്ടോ മെക്കാനിക്സ് |
| 2 | വെൽഡിംഗ് |

പട്ടിക IX – 4 തുടർച്ച

| | |
|---|---|
| 2 | തീപ്പെട്ടി നിർമ്മാണം |
| 1 | ടെയ്‌ലർ |
| 1 | ബീഡി നിർമ്മാണം |
| 2 | പ്ലാസ്റ്റിക് വർക്സ് |
| 3 | ബുക്ക് ബൈൻഡിംഗ് |

ബ്ലോക്ക് മുഖേന ഭവന നിർമ്മാണത്തിന് 24 പേർക്ക് ധനസഹായം അനുവദിച്ചു എങ്കിലും എട്ടെണ്ണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഈ വകുപ്പ് മുഖേന 47 പേർക്ക് മാത്രമേ കക്കൂസുകൾ അനുവദിച്ചിട്ടുള്ളൂ. ചെറുകിട നാമമാത്ര കർഷക ജലസേചന പരിപാടി (CSS For SF/MF) യിൽ 97 പേർക്ക് പമ്പുസെറ്റുകൾ അനുവദിച്ചുകൊടുത്തിട്ടുണ്ട്. പദ്ധതിയിൽ 14 കിണറുകൾ കുഴിച്ചിട്ടുണ്ട്. 16 വാട്ടർ ടാങ്കുകളും 27 പമ്പു ഹൗസുകളും നിർമ്മിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കിയ മറ്റ് സാമൂഹിക ആസ്തികൾ, ഒരു കുളവും (മൊയിലോത്ത് കുളം, വാർഡ് IV) ആറ് കിണറുകളും അഞ്ച് ടാർ റോഡുകളും ടാർ ചെയ്യാത്ത ഒരു പുതിയ റോഡ് എന്നിവയാണ്. മടപ്പള്ളി ഹൈസ്ക്കൂൾ സ്റ്റേജ് നിർമ്മാണവും ഒഞ്ചിയം ഗവ. യു.പി. സ്ക്കൂൾ ഫുട്പാത്ത് നിർമ്മാണവുമാണ് മറ്റു പ്രവർത്തനങ്ങൾ

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ കൊടുക്കുന്ന പരിപാടി (RAP) പ്രകാരം ആകെ 63 പേർ അപേക്ഷകരായിട്ടുണ്ട്. അതിൽ 21 പേർക്കാണ് സഹായം ലഭിച്ചിട്ടുള്ളത്.

പട്ടിക IX- 5 പ്രകാരം IRDP പദ്ധതി അടിസ്ഥാനത്തിൽ പഞ്ചായത്തിൽ മൊത്തം 47 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 6, 7, 8, 9 വാർഡുകളിലായി 5 കക്കൂസുകൾ പണി പൂർത്തിയായിട്ടില്ല.

ബ്ലോക്ക് പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസുകളിൽ വ്യക്തമായ സ്ഥിതിവിവരക്കണക്കുകളും രേഖകളും നിലവിലില്ല. ഈ അപാകത ഒഴിവാക്കേണ്ടതാണ്. വിവധ പദ്ധതികളേറ്റെടുത്ത് തൊഴിലും വരുമാനവും കണ്ടെത്തുന്നതിന് IRDP പദ്ധതിപ്രകാരം സഹായം ലഭിച്ച ബഹുഭൂരിപക്ഷം കുടുംബങ്ങളിലും അതു സംബന്ധിച്ച ആസ്തികളോ തൊഴിലോ നിലവിലില്ല. കൂടാതെ ബാങ്കുകൾ ഇതിനായി കൊടുത്ത വായ്പയുടെ 60% തിരിച്ചടക്കാൻ ബാക്കിയുണ്ട്. ഈ അപാകതകൾ പരിഹരിക്കുന്നതിന് ബ്ലോക്ക് തലത്തിലും ബാങ്കുകൾ അടിസ്ഥാനത്തിലും നിലവിലുള്ള സംവിധാനങ്ങൾ മാറ്റം വരുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള മഹിളാസമാജങ്ങൾ സന്നദ്ധസംഘടനകൾ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയും ക്ഷേമകാര്യ

പട്ടിക IX – 5

| വാർഡ് നമ്പർ | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം |
|---|---|---|
| 1. | 12 | 12 |
| 2 | 5 | 5 |
| 3. | 4 | 4 |
| 4. | 5 | 5 |
| 5. | 11 | 11 |
| 6, 7, 8, 9. | 7 | 2 |
| 10. | 3 | 3 |
| | 47 | 42 |

ങ്ങളിൽ മതിയായ ശ്രദ്ധയും പ്രവർത്തനങ്ങളും നടത്തുന്നില്ല. സാമൂഹ്യക്ഷേമം കൈവരിക്കുന്നതിന് ഇവയുടെ സേവനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കഴിഞ്ഞ 5 വർഷത്തിൽ വിവിധ ദരിദ്ര-ദുർബല വിഭാഗങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങൾ താഴെ പറയുന്നു.

പട്ടിക IX - 6

| | |
|---|---|
| വിധവാ പെൻഷൻ | 28 |
| വികലാംഗപെൻഷൻ | 19 |
| വാർദ്ധക്യകാല പെൻഷൻ | 14 |
| അവശ കായിക പെൻഷൻ | 1 |
| ക്ഷയരോഗ പെൻഷൻ | 6 |
| കാൻസർ രോഗ പെൻഷൻ | 2 |
| കർഷക തൊഴിലാളി പെൻഷൻ | 151 |
| തൊഴിലില്ലായ്മ വേതനം | 85 |

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ വളരെ കുറവാണ്. എല്ലാ വാർഡുകളിലും ബാലവാടികളോ അംഗനവാടികളോ ഇല്ല. നിലവിലുള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല. ഫീഡിംഗ് സെന്ററുകൾക്കും ബാലവാടികൾക്കും കാലപ്പഴക്കം ചെന്നതും അസൗകര്യങ്ങൾ മാത്രമുള്ളതുമായ കെട്ടിടങ്ങളാണുള്ളത്. മിക്ക ഫീഡിംഗ് സെന്ററുകൾക്കും ബാലവാടികൾക്കും വേനൽക്കാലത്ത് ശുദ്ധജല ലഭ്യത പരിമിതമാണ്. ബാലവാടി ടീച്ചർമാരിലും ഹെൽപ്പർമാരിലും മതിയായ യോഗ്യതയുള്ളവർ കുറവാണ്. ബാലവാടികളിലും ഫീഡിംഗ് സെന്ററുകളിലും കൃത്യമായി ഭക്ഷണം കിട്ടാറില്ല. അവിടെ അമ്മമാരെയും, ഗർഭിണികളെയും, കുട്ടികളെയും കൃത്യമായി പരിശോധിക്കുന്നതിനും ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യവകുപ്പ് ജീവനക്കാരിൽ നിന്നും ലഭിക്കുന്ന സേവനം വളരെ അപര്യാപ്തമാണ്. ബാലവാടി കുട്ടികൾക്ക് മാനസിക ഉല്ലാസത്തിനും വിനോദത്തിനും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. ബാലവാടികളിൽ ടീച്ചർമാർക്കും ഹെൽപ്പർമാർക്കും സർക്കാർ കൊടുക്കുന്ന അലവൻസ് വളരെ അപര്യാപ്തമാണ്.

**സാധ്യതകൾ**

1. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം അർഹരായ വിഭാഗങ്ങൾക്ക് ലഭ്യമാക്കാൻ വി.ഇ.ഓ/എൽ.വി.ഇ.ഓ.മാരുടെ സേവനം കാര്യക്ഷമമാക്കുക.
2. 8000 ജനങ്ങൾക്ക് എന്ന തോതിൽ വി.ഇ.ഒ. തസ്തിക സൃഷ്ടിക്കുകയും പഞ്ചായത്തിൽ റദ്ദാക്കിയ തസ്തിക പുനസ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.
3. വിവിധ പെൻഷൻ പദ്ധതികളുടെ നടത്തിപ്പ് വി.ഇ.ഒ./എൽ.വി.ഇ .ഒ.മാരെ ഏല്പിക്കുക.
4. ഐ.ആർ.ഡി.പി. കുടുംബ സർവ്വെ കാലോചിതമായി പരിഷ്കരിക്കുക. സർവ്വെ എടുക്കുന്നതിന് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളെ പങ്കെടുപ്പിക്കുക.
5. ട്രൈസം പദ്ധതിയിൽ പരിശീലനം ചെയ്യുന്ന യുവതീയുവാക്കളെ തെരഞ്ഞെടുക്കുന്നതിന്നും പരിശീലനവിഷയം തീരുമാനിക്കുന്നതിനും ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഇന്റർവ്യൂ കമ്മിറ്റി പുനഃസംഘടിപ്പിക്കുക
6. IRDP പദ്ധതിയുടെ തൊഴിൽ കണ്ടെത്തുവാനുള്ള പദ്ധതിയെക്കുറിച്ച് പ്രാദേശിക തലത്തിൽ വിദഗ്ധന്മാരെയും ജനപ്രതിനിധികളെയും ബോധവാന്മാരാക്കുക.
7. IRDP പദ്ധതിപ്രകാരമുള്ള വായ്പകളും ധനപദ്ധതികളും അർഹരായവർക്കു മാത്രം തന്നെ ലഭിക്കുവാനും വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നത് ഉറപ്പുവരുത്തുവാനും 'IRDP'വിനിയോഗ സമിതികൾ രൂപീകരിക്കുക
8. DWCRA പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ഗ്രാമീണ സ്ത്രീകൾക്ക് സമഗ്രമായ സഹകരണ തൊഴിൽ പരിശീലമനം നൽകുവാൻ പദ്ധതിയുണ്ടാക്കുക.
9 DWCRA പദ്ധതികൾക്ക് വേണ്ടി ഒരു വാർഡിൽ 2 സെന്റ് സ്ഥലം വീതം പഞ്ചായത്ത് പതിച്ചു നൽകുക. ഈ പദ്ധതിയിൻ കീഴിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് പ്രത്യേകം ക്രഷുകൾ രൂപീകരിക്കുക.

10. IRDP, DWCRA, TRYSEM എന്നീ പദ്ധതികളിൽ ഉൽപാദിക്കുന്ന വിൽപന്നങ്ങൾക്ക് സ്ഥിരമായ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

11. മഹിളാസമാജങ്ങൾ പഞ്ചായത്തിൽ കുറവാണ്, അങ്കണവാടികൾ തീരെയില്ല. ഇത് പരിഹരിക്കേണ്ടതാണ്.

12 ബാലവാടികളുടെയും അങ്കണവാടികളുടേയും മേൽനോട്ടത്തിന് സംവിധാനമുണ്ടാക്കുക.

13. ബാലവാടി - അങ്കണവാടികൾക്ക് പ്രവർത്തിക്കുവാൻ സൗകര്യപ്രദമായ കെട്ടിടങ്ങൾ ഉണ്ടാക്കുകയും നിലവിലുള്ള പഴക്കം ചെന്ന കെട്ടിടങ്ങൾ പുതുക്കിപ്പണിയുകയും ചെയ്യുക. ഇത്തരം സ്ഥാപനങ്ങൾക്ക് ശുദ്ധജല സൗകര്യവും കക്കൂസ്, കോമ്പൗണ്ട് മതിലുകൾ, വൈദ്യുതി സൗകര്യം എന്നിവ ഏർപ്പെടുത്തുക.

14. മഹിളാസമാജങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ പരിശീലനവും ബോധവൽക്കരണവും നടത്തുക.

15 മദ്യപാനം, മയക്കുമരുന്നു, പുകവലി തുടങ്ങിയ ദുഃശ്ശീലങ്ങൾക്കെതിരെ മഹിളാസമാജം പ്രവർത്തകരും സന്നദ്ധ സംഘടനാപ്രവർത്തകരും യോജിച്ച്പ്രവർത്തിച്ച് ഇത്തരം വിപത്തുകൾക്കടിമപ്പെട്ടവരെ മോചിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

16. ആർഭാടങ്ങൾക്കും ദുർവ്യയങ്ങൾക്കും മാറ്റം വരുത്തുവാൻ ആശ്യമായ നിയമനിർമ്മാണം നടത്തുക.

17 ദുർബല വിഭാഗങ്ങൾക്ക് നൽകിവരുന്ന പെൻഷൻ യഥാസമയം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുക.

18. പഞ്ചായത്തിൽ പെൻഷന് അർഹതയുള്ള മുഴുവൻ പേരുടേയും സമഗ്രമായ സർവ്വേനടത്തി ആനുകൂല്യങ്ങൾ നൽകുവാൻ നടപടിയെടുക്കുക.

19. പഞ്ചായത്തിൽ ഓരോ അനാഥാലയവും വൃദ്ധമന്ദിരവും അഗതിമന്ദിരവും എന്നിവ സ്ഥാപിക്കുക.

20 വികലാംഗരെ കണ്ടെത്തി കൃത്രിമാവയവങ്ങളും ഉപകരണവും നൽകുവാൻ സംവിധാനമുണ്ടാക്കുക. ഇവർക്കു വേണ്ടി തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുക.

21. വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളേയും സംഘടനകളേയും പ്രോത്സാഹിപ്പിക്കുവാൻ അവാർഡുകൾ ഏർപ്പെടുത്തുക.

22. മിശ്രവിവാഹിതർക്ക് സാമ്പത്തിക സഹായം നൽകുക.

23. മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകപാർപ്പിട സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തുക.

24 മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഇൻഷൂറൻസ് പദ്ധതിയേർപ്പെടുത്തുകയും മത്സ്യ സംസ്കരണ യൂനിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.

25 ഹരിജനങ്ങൾ താമസിക്കുന്ന പ്രദേശത്ത് ശുദ്ധജലം കക്കൂസ്, ഗതാഗതസൗകര്യം എന്നിവ ഏർപ്പെടുത്തിക്കൊടുക്കുക.

26 പഞ്ചതായത്തിലൊരു പൊതു വൈദ്യുതി ശ്മശാനം നിർമ്മിക്കുക. (JRY ഫണ്ട് ഇതിനായി ഉപയോഗിക്കാവുന്നതാണ്)

27 പഞ്ചായത്തിലെ നാഷണൽ ഹൈവേയിലുള്ള എല്ലാ അങ്ങാടികളിലും മലമൂത്ര വിസർജ്ജന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

28 പഞ്ചായത്തിൽ അഞ്ഞൂറാളുകളെ ഉൾക്കൊള്ളുന്ന ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

29 ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിനും ക്ഷേമ പരിപാടികളുടെ സത്വര നടത്തിപ്പിനും വേണ്ടി ഒരു ജീപ്പ് അലോട്ടുചെയ്യുന്നതിനുവേണ്ട നടപടിയുണ്ടാക്കണം.

# വനിത

വനിതാവിമോചന ചർച്ചകൾ ഏറെ സജീവമായിട്ടുള്ള ഇന്നും സ്ത്രീകൾ ഏറെക്കുറെ വീട്ടുതടങ്കലിൽത്തന്നെയാണ്. ഒഞ്ചിയവും ഇതിന് അപവാദമല്ല. മാറുമറക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലത്ത് ഭൂപ്രമാണിമാരായ സവർണ്ണമേധാവികളുടെ താന്തോന്നിത്തങ്ങൾക്കെതിരെ പൊരുതി നിന്ന വീരനായകന്മാർക്ക് മുലപ്പാലും വാത്സല്യവും നൽകിയ മാതൃത്വത്തിന്റെ മഹത്തായ പാരമ്പര്യം അവകാശപ്പെടാൻ അർഹതനേടിയവരായിരുന്നു ഇവിടുത്തെ സ്ത്രീകൾ. ഒഞ്ചിയത്തെ ചരിത്രപ്രസിദ്ധമായ ഒളിസങ്കേതങ്ങൾക്ക് വിശ്വസ്തരായ കാവൽക്കാർ ധീരവനിതകളായിരുന്നു. പീഡനങ്ങളെ അതിജീവിക്കുന്നതിന് പുരുഷന് താങ്ങും തണലുമായി വർത്തിച്ച മണ്ടോടികണ്ണന്റെ വീര മാതാവ് മന്ദിയും, കുഞ്ഞിപ്പുരയിൽ മാതയും ഒഞ്ചിയം എന്നും ഓർക്കുന്ന ധീര വനിതകളാണ്. എന്നാൽ ഇന്ന് മഹിളകളുടെ മുന്നേറ്റത്തിന് കളമൊരുക്കുന്ന സാമൂഹ്യപ്രവർത്തനങ്ങളിൽ ഈ പ്രദേശത്തെ സ്ത്രീകളുടെ പങ്കാളിത്തം തുലോം കുറവാണ്.

പഞ്ചായത്തിലെ, ഇപ്പോഴത്തെ ജനസംഖ്യ 26851 ആണ്. ഇതിൽ 9797 സ്ത്രീകളും 9004 പുരുഷന്മാരും 8050 കുട്ടികളുമാണ് (അവലംബം PHC റിപ്പോർട്ട്) 1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യയിൽ 52 % സ്ത്രീകളായിരുന്നു. ഇതിൽ 10212 പേർ സാക്ഷരുമാണ്. പഞ്ചായത്തിലെ 16 വിദ്യാലയങ്ങളിലായി 2983 പെൺകുട്ടികൾ പഠിക്കുന്നുണ്ട് ഇത് മൊത്തം വിദ്യാർത്ഥികളുടെ 51% വരും. കണക്കുകൾ ഇങ്ങനെയാണെങ്കിലും തൊഴിൽ മേഖലയിൽ സ്ത്രീകൾ വളരെയധികം പിന്നോക്കമാണ്. പഞ്ചായത്തിലെ അധ്യാപകരിൽ 100 പേർ പുരുഷന്മാരും 112 പേർ

സ്ത്രീകളുമാണ്. കാർഷികമേഖലയിലെ മുരടിപ്പ് സ്ത്രീകളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തിയിട്ടുണ്ട്. നെൽവയലുകൾ നികത്തപ്പെട്ടതോടുകൂടി ആ മേഖലയിലും തൊഴിൽ നഷ്ടപ്പെടാൻ കാരണമായി. മുൻകാലങ്ങളിൽ മത്സ്യ വിൽപന രംഗത്ത് സജീവമായി ഏർപ്പെട്ടിരുന്ന സ്ത്രീകൾ ഇന്ന് ആ തൊഴിൽ പൂർണ്ണമായി വിട്ടിരിക്കുകയാണ്. വനിതകളുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന അവിൽ നിർമ്മാണ യൂനിറ്റ്, ബീഡി നിർമ്മാണ യൂനിറ്റ് തുടങ്ങിയ ഇപ്പോൾ പൂട്ടികിടക്കുന്നു. 'ക്ഷേമ' എന്ന സാംസ്കാരിക സംഘടനയുടെ നേതൃത്വത്തിൽ ഒരു ഗ്രാമീണ വനിതാ ശിശുവികസന യൂനിറ്റ് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്ത് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ തൊഴിൽ മേഖലയിലെ സ്ത്രീപുരുഷ കൂലിനിരക്ക് ചുവടെ കൊടുക്കുന്നു.

പട്ടിക X – 1

| തൊഴിൽ മേഖല | സ്ത്രീ | പുരുഷൻ |
|---|---|---|
| കോൺക്രീറ്റ് | 70 | 100 |
| കെട്ടിടനിർമ്മാണം | 65 | 100 |
| കരിങ്കൽകെട്ട് | 65 | 100 |
| കർഷകത്തൊഴിലാളി | 45 | 60 |
| നാട്ടിപ്പണി | 60 | 100 |
| ലേബർ കോൺട്രാക്ട് | | |
| സൊസൈറ്റി | 60 | 100 |

തൊഴിൽ മേഖലയിലെ സ്ത്രീപുരുഷാന്തരം ഒറ്റനോട്ടത്തിൽ

പട്ടിക X – 2

| തൊഴിൽമേഖല | പു | സ്ത്രീ |
|---|---|---|
| കർഷകൻ | 118 | 15 |
| കർഷകത്തൊഴിലാളികൾ | 575 | 191 |
| മൃഗസംരക്ഷണം, മത്സ്യബന്ധനം | 1032 | 10 |
| ഖനനം | 34 | – |
| കുടിൽവ്യവസായം | 35 | 11 |
| മറ്റുവ്യവസായങ്ങൾ | 478 | 15 |
| കെട്ടിടനിർമ്മാണം | 383 | 37 |
| വ്യാപാരം | 969 | 21 |
| ഗതാഗത വാർത്താവിനിമയം | 290 | 75 |
| മറ്റുള്ളവർ | 595 | 287 |

*അവലംബം : 1991 ലെ സെൻസസ് റിപ്പോർട്ട്*

**പ്രശ്നങ്ങൾ :**

1. പൊതുരംഗത്ത് സ്ത്രീകളുടെ പ്രവർത്തനപങ്കാളിത്തം വളരെ കുറവാണ്.
2. തൊഴിൽ മേഖലകളിൽ അവസരസമത്വവും തുല്യജോലിക്ക് തുല്യവേതനവും നടക്കുന്നില്ല.
3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്താനുള്ള ശ്രമങ്ങൾ നടക്കുന്നില്ല.
4. അഭ്യസ്ഥവിദ്യർക്കിടയിലുള്ള അന്ധവിശ്വാസങ്ങളും ആരോഗ്യകരമായ വായനയുടെ അഭാവവും ആധുനിക മാധ്യമങ്ഹലുടെ അപകടകരമായ സ്വാധീനവും സ്ത്രീകളുടെ സ്ത്രീകളുടെ സാമൂഹിക അവബോധത്തെ സാരമായി ബാധിച്ചിട്ടുണ്ട്.
5. വിദ്യാഭ്യാസത്തിന്റെ സ്വതന്ത്രമായ പ്രോത്സാഹനക്കുറവ്. മുസ്ലീം സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്ന വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് ഒരു പ്രധാനകാരണമായിത്തീരുന്നു.
6. സാമൂഹിക പരിഷ്കരണരംഗങ്ങളിൽ നേതൃത്വപരമായ പങ്ക് സ്ത്രീകൾക്ക് കുറവാണ്.
7. അശ്ലീല സിനിമാപ്രദർശനവും പോസ്റ്ററുകളും സ്ത്രീത്വത്തെ അവഹേളിക്കുന്നതരത്തിലുള്ളതാണ്.
8. പഞ്ചായത്തിൽ അങ്കണവാടികൾ ഒന്നും ഇല്ല.

**സാധ്യതകൾ**

1. 1,7,8,9 എന്നീ തീരദേശ വാർഡുകളിൽ വ്യവായികാടിസ്ഥാനത്തിൽ മത്സ്യ സംസ്കരണ യൂനിറ്റുകൾ സ്ഥാപിച്ച് പുതിയ തൊഴിൽ സാധ്യതകൾ ഉണ്ടാക്കാൻ സാധിക്കും.
2. വാഴകൃഷി, മരച്ചീനി എന്നിവയ്ക്ക് അനുയോജ്യമയ 2,3,4,5,6 എന്നീ വാർഡുകളിൽ പഴ സംസ്കരണ യൂനിറ്റുകൾ സ്ഥാപിച്ച് തൊഴിൽ കണ്ടെത്താവുന്നതാണ്.
3. സ്ത്രീകളുടെ പങ്കാളിത്തത്തോടെ കുറ്റിമുല്ല കൃഷി വാർഡ് തോറു വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.
4. താഴെപ്പറയുന്ന കുടിൽ വ്യവസായങ്ങൾ അനുയോജ്യമായ പ്രദേശങ്ങളിൽ വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ ആരംഭിക്കാം 1, മെഴുകുതിരി, തീപ്പെട്ടി, സോപ്പ്, റെഡിമേയ്ഡ് വസ്ത്രങ്ങൾ, കരകൗശല വസ്തുക്കൾ, ബാഗ്നിർമ്മാണം, നൂൽനൂൽപ്പ്, പ്ലാസ്റ്റിക്ക് വർക്സ്, കുടനിർമ്മാണം, തേനീച്ച വളർത്തൽ, അച്ചാർ നിർമ്മാണം, പപ്പടനിർമ്മാണം, പാലുൽപന്നങ്ങൾ.
5. വാണിജ്യാടിസ്ഥാനത്തിൽ ആട്, കോഴി എന്നിവയുടെ വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

6. വാണിജ്യാടിസ്ഥാനത്തിലും ഗാർഹികാവശ്യങ്ങൾക്കായും പച്ചക്കറിത്തോട്ടങ്ങൾ നിർമ്മാണം നിർബന്ധിതമാക്കുക.

7. സ്ത്രീകളുടെ സാമൂഹിക നിലവാരം ഉയർത്താൻ കാര്യക്ഷമമായ മഹിളാ സമാജങ്ങൾ നേതൃപരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും വേണം.

8. സ്ത്രീകൾക്കിടയിൽ സാംസ്കാരിക നിലവാരം ഉയർത്താൻ കുടുംബയോഗങ്ങളും ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക.

9. സാമൂഹിക വികസന രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ അയൽകൂട്ടപരിധിയിലുള്ള കുടുംബങ്ങളുമായി സ്ഥിര ബന്ധം സ്ഥാപിക്കുകയും ബോധപൂർവ്വമായ ഇടപെടലുകൾ നടത്തുകയും വേണം.

10. സാമൂഹിക തിന്മകൾക്കെതിരെ പ്രവർത്തിക്കാൻ വാർഡുകൾ തോറും സന്നദ്ധ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുക.

11. സ്ത്രീത്വത്തെ അവഹേളിക്കുന്ന പ്രദർശനങ്ങളും പോസ്റ്ററുകളും പഞ്ചായത്ത് കർശനമായി നിരോധിക്കുക.

12. മുസ്ലീം സ്ത്രീകൾക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.

13. ഹിന്ദു-മുസ്ലീം സമുദായങ്ങൾക്കിടയിൽ ഇന്നും നിലനിൽക്കുന്ന പഴഞ്ചൻ വിവാഹരീതികളും രഹസ്യസ്ത്രീധന സമ്പ്രദായവും കാലാനുസൃതമായി മാറിയാൽ മാത്രമേ സ്ത്രീകളുടെ സാമൂഹിക നില ഉയർത്താനും മെച്ചപ്പെടുത്താനും കഴിയുകയുള്ളു.



# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന ജനവിഭാഗങ്ങൾ താരതമ്യേനെ കുറവാണ്. ഈ വിഭാഗക്കാരുടേതായ കോളനികളൊന്നും തന്നെ ഇവിടെയില്ല. ഇവരുടെ സാമൂഹികനിലയിൽ ഇപ്പോൾ ഉച്ചനീചത്വങ്ങൾ ഒന്നുംതന്നെ നിലനിൽക്കുന്നില്. പട്ടികജാതി വിഭാഗത്തിലായി ആകെ 371 പേരുള്ളതിൽ 171 പുരുഷന്മാരും 200 സ്ത്രീകളുമാണുള്ളത്. പട്ടികവർഗ്ഗവിഭാഗത്തിലാവട്ടെ 25 അംഗങ്ങളുള്ളതിൽ 12 പുരുഷന്മാരും 13 സ്ത്രീകളുമാണ്. (അവലംബം 1991സെൻസസ്) കെട്ടിട നിർമ്മാണം, കച്ചവടം, വ്യവസായം എന്നീ മേഖലകളിലാണ് ഇവരിലധികവും ജോലി ചെയ്യുന്നത്. ചുരുക്കം പേർ പരമ്പരാഗത ക്ഷേത്ര കലാകാരന്മാരുമാണ്.

**പ്രശ്നങ്ങൾ**

1. പരിമിതമായ സൗകര്യങ്ങളുള്ള ഏതാനും വീടുകളിൽ ഒന്നിലധികം കുടുംബാംഗങ്ങൾ താമസിക്കുന്നുണ്ട്. വീടുകളിൽ കക്കൂസ്, കുളിമുറി തുടങ്ങിയ പ്രാഥമിക സൗകര്യം പോലുമില്ല. VIIIാം വാർഡിൽ ഒരു കുടംബം വാടകപീടികയിലാണ് താമസിക്കുന്നത്.
2. കോളേജ് വിദ്യാഭ്യാസം നേടിയവരിൽ തന്നെ തൊഴിലില്ലായ്മ നിലനിൽക്കുന്നുണ്ട്.
3. സർക്കാറിന്റെ പല ക്ഷേമപ്രവർത്തനങ്ങളും ആനുകൂല്യങ്ങളും യഥാസമയത്ത് യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടുന്നില്ല.
4. ഹരിജന ക്ഷേമത്തിനായി പഞ്ചായത്തിൽ വിനിയോഗിക്കേണ്ട JRY ഫണ്ട് ലാപ്സായിപ്പോകുന്ന സാഹചര്യം ഒഴിവാക്കണം.

**സാദ്ധ്യതകൾ**

1. സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനെ നടപ്പാക്കിയാൽ അർഹതയുള്ളവർക്ക് ആനുകൂല്യം ലഭിക്കും.
2. നിർധനരായ കുടുംബങ്ങൾക്ക് വീട്, കിണർ, കക്കൂസ് തുടങ്ങിയവ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.
3. പരമ്പരാഗത തൊഴിൽ മേഖലകളായ കുട്ട, പായ, തുടങ്ങിയവരുടെ നിർമ്മാണ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഊർജ്ജിതമാക്കണം.
4. പട്ടികവിഭാഗത്തിൽ പെടുന്നവരുടെ ഉന്നമനത്തിനായി വടകര ബ്ലോക്ക് തലത്തിൽ ഒരു എക്സ്റ്റൻഷൻ ഓഫീസറുടെ സേവനം ഉറപ്പുവരുത്തണം.
5. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ച് സാധാരണക്കാരായവർ അറിയുന്നില്ല. ഓഫീസുകളിൽ ചെന്ന് അന്വേഷിച്ചാൽകൃത്യമായ യാതോരു

വിവരവും അവിടെനിന്ന് അറിയാൻ കഴിയുന്നുമില്ല. മാത്രമല്ല ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അത് അറിയിക്കാനുള്ള താൽപര്യം കാണിക്കുന്നതായി കാണുന്നുമില്ല.

6. അഭ്യസ്ഥവിദ്യരായവർക്ക് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കണം. കൂടാതെ മറ്റു സ്ഥാപനങ്ങളിൽ ഉള്ളതുപോലെ SC/ST ക്കാർക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തണം.

7 ഭൂസംരക്ഷണം, കിണർ നിർമ്മാണം, വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം എന്നീ പ്രവർത്തികൾക്ക് ഇപ്പോൾ അനുവദിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം വളരെ പരിമിതമായതിനാൽ ഇത്തരം പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഉള്ളത് പൂർത്തീകരിക്കാനുള്ള ധനസഹായം പഞ്ചായത്ത് അനുവദിക്കേണ്ടതാണ്.

8. ക്ഷേത്ര കലയായ തെയ്യം കെട്ടൽ, പായനെയ്ത്ത് കുട്ട, മുറം മുതലായവയുടെ നിർമ്മാണത്തിൽ ഇവർക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ബ്ലോക്ക് മുഖേനെ IRDP ലോൺ അനുവദിക്കുന്നുണ്ട്. ഈ ലോൺ പല കുടുംബങ്ങൾക്കും തിരിച്ചടക്കാൻ കഴിയുന്നില്ല. അതുകൊണ്ട് സൗജന്യമായി ഉപകരണങ്ങൾ നൽകാൻ വേണ്ട നടപടികൾ പഞ്ചായത്ത് മുഖേന കൈക്കൊള്ളേണ്ടതുണ്ട്.

9. SC/ST വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

10. SSLC ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന SC/ST വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് സ്കോളർഷിപ്പ് അനുവദിക്കണം.

11 പാവപ്പെട്ട പട്ടികജാതി പെൺകുട്ടികളെ കല്യാണം ചെയ്തയക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കണം.

12. ദീർഘകാല ചികിത്സക്ക് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണം.

13. പട്ടികജാതിവിദ്യാർത്ഥികളെ തെരഞ്ഞെടുക്കപ്പെട്ട നഴ്സറി സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനായി യൂനിഫോം, ബോക്സ്, ടിഫൻ, അഡ്മിഷൻ ഫീസ്, പ്രതിമാസ ഫീസ്, യാത്രാ ചെലവ്, മുതലായവ അനുവദിക്കണം.

14. പുരകെട്ടിമേയുന്നതിനും ഓട് മേയുന്നതിനും ധനസഹായം അനുവദിക്കുക.

15. SC/S യുവതീയുവാക്കൾക്ക് PSC പരീക്ഷയെഴുതുന്നതിന് യാത്രാപടി അനുവദിക്കണം.

16. SC/ST വിഭാഗങ്ങൾക്കിടയിൽ നിലവിലുള്ള ആനുകൂല്യങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

# സഹകരണമേഖല

കേരളീയ ഗ്രാമങ്ങളിൽ ജനകീയ കൂട്ടായ്മയിലൂടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പിച്ചവെച്ചു തുടങ്ങിയ 1920കളിൽ തന്നെ ഒഞ്ചിയത്തും സഹകരണ സംരംഭങ്ങൾ തുടക്കം കുറിക്കാൻ കഴിഞ്ഞിരുന്നു. സ്വയം പര്യാപ്തതക്കും സാമൂഹ്യ സമത്വത്തിനും ജനകീയ സഹകരണവും കൂട്ടായ്മയും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു വികസിച്ച മനസ് ഒഞ്ചിയത്തിന്റെ സവിശേഷതയായിരുന്നു. പരസ്പരണ സഹകരണവും സഹവർത്തിത്വവും ഊട്ടിവളർത്തി സ്വയം പര്യാപ്തത കൈവരിക്കാനാവുമെന്ന് തെളിയിക്കാനും ആ ദിശയിലെ ആദ്യത്തെ വിളക്കുകൾ തെളിയിക്കാനും ഒഞ്ചിയത്തെ സഹകരണ പ്രസ്ഥാനത്തിന്റെ സ്ഥാപകരായിരുന്ന. ശ്രീ. എം. ആർ. നാരായണക്കുറുപ്പിനും, ശ്രീ. പാലേരി ചന്തമ്മന്നും കഴിഞ്ഞിട്ടുണ്ട്. 1992ൽ ആരംഭിച്ച ഊരാളുങ്കൾ സർവ്വീസ് സഹകരണ ബാങ്ക് 1925ൽ സ്ഥാപിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി 1946ൽ തുടക്കം കുറിച്ച ഒഞ്ചിയം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വെള്ളികുളങ്ങര പരസ്പര സഹായ പാൽവിതരണ സഹകരണ സംഘം, ഊരാളുങ്കൽ പരസ്പര സഹായ ഭവന നിർമ്മാണ സഹകരണ സംഘം, വെള്ളികുളങ്ങര വീവേഴ്സ് സൊസൈറ്റി എന്നിവ ഒഞ്ചിയം പഞ്ചായത്തിലെ പരന്നുകിടക്കുന്ന സഹകരണ പ്രസ്ഥാനത്തിന്റെ നെടുംതൂണുകളാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ രണ്ടു മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും വടകര കോ - ഓപ്പറേറ്റീവ് റൂറൽബാങ്കിന്റെ ഒരു ശാഖയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് 4 സഹകരണ സ്റ്റോറുകളും പ്രസിദ്ധമായ കേരള ദിനേശ്ബീഡി നിർമ്മാണ സംഘത്തിന്റെ രണ്ടു ശാഖകളും ഇവിടെ പ്രവർത്തിക്കുന്നു. മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി മാടക്കര കേന്ദ്രീകരിച്ച് രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രവർത്തനക്ഷമമല്ല. കേരളത്തിൽ തന്നെ ഏറ്റവും പ്രസിദ്ധമായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ ഓ ഓപ്പറേറ്റിവ് സൊസൈറ്റി നിർമ്മാണ മേഖലയിൽ വലിയ നേട്ടങ്ങൾ കൊയ്തെടുത്ത സഹകരണ മേഖലയിലെ വിജയകരമായ പരീക്ഷണത്തിന്റെ ഉജ്ജ്വല ഉദാഹരണമാണ്. തൊഴിലാളികളുടെ മാതൃകാപരമായ കൂട്ടായ്മയും സേവനസന്നദ്ധതയും അർപ്പണമനോഭാവവും, ഈ സ്ഥാപനത്തിന്റെ ഔന്നിത്യം വർദ്ധിപ്പിക്കുന്നു. സമൂഹത്തിലെ ജാതിക്കോയ്മയുടെ പീഡനങ്ങൾക്കും അതിക്രമങ്ങൾക്കും എതിരെ വാഗ്ഭടാനന്ദന്റെ നേതൃത്വത്തിൽ ശബ്ദിച്ചുതുടങ്ങിയ കാരക്കാട്ടിലെ അധസ്ഥിതരായ ജനങ്ങൾ ജാതീയമായ ചൂഷണത്തേയും സാമ്പത്തിക ഉപരോധത്തെയും ധീരമായി അതിജീവിക്കുന്നതിന് 1925ൽ സ്ഥാപിച്ചതാണ് ഈ സംരംഭം. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ശബ്ദമുയർത്തിയ കുറ്റത്തിന് സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് പട്ടിണിക്കാരെ അകറ്റിനിർത്തി സാമൂഹ്യ നവോത്ഥാന പ്രസ്ഥാനത്തെ ശിഥിലമാക്കാമെന്ന് വ്യാമോഹിച്ച പ്രാകൃത-സവർണ്ണമേധാവിത്വത്തിനെതിരായ ജനകീയ ഇച്ഛാശക്തിയുടെ ഉപോൽപ

ന്നമാണ് ഈ മഹത്തായ ജനകീയ സ്ഥാപനം. ഇതിലൂടെ അകറ്റിനിർത്തപ്പെട്ട തൊഴിലാളികൾക്ക് പുതിയ തൊഴിൽ മേഖല കണ്ടെത്താനും സവർണ്ണ ഭീഷണിയെ അതിജീവിക്കാനും ജീവിതത്തിൽ പൊരുതി നിൽക്കുവാനും പുരോഗതിയുടെ പക്ഷത്ത് ഉറച്ചുനിൽക്കാനും കഴിഞ്ഞു. ഒരിക്കൽ ജനകീയ ചെറുത്തുനിൽപ്പിനുള്ള സാമൂഹ്യ സാമ്പത്തിക ഉപകരണമായിരുന്ന ഈ സ്ഥാപനമിന്ന് സഹകരണലോകത്തിന്റെ അഭിമാനമാണ്.

പഞ്ചായത്തിലെ സഹകരണ സ്ഥാപന വിവര പട്ടിക ചുവടെകൊടുക്കുന്നു.

പട്ടിക XI - 1

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ | ഇനം | സ്ഥാപിച്ച വർഷം | കെട്ടിടം | ജീവനക്കാർ | അംഗങ്ങൾ |
|---|---|---|---|---|---|---|---|
| 1 | വടകര കോ ഓപ്പറേറ്റീവ് റൂറൽബാങ്ക്, കണ്ണൂക്കര ശാഖ | VI | ക്രഡിറ്റ് | 1981 | വാടക | 6 | 11 |
| 2 | ഊരാളുങ്കൽ സർവ്വീസ് സഹകരണ ബാങ്ക് | X | ക്രഡിറ്റ് | 1922 | സ്വന്തം | 6 | 4069 |
| 3 | ഒഞ്ചിയം സർവ്വീസ് സഹകരണ ബാങ്ക് | V | ക്രഡിറ്റ് | 1946 | സ്വന്തം | 3 | 1492 |
| 4 | ഊരാളുങ്കൽ, റൂറൽ ഹൗസിംഗ് സൊസൈറ്റി | X | ക്രഡിറ്റ് | 1956 | സ്വന്തം | 2 | 957 |
| 5 | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | X | സർവ്വീസ് | 1925 | സ്വന്തം | 5 | 203 |
| 6 | വെള്ളികുളങ്ങര കൈത്തറി സഹകരണ സംഘം | XI | ഉൽപാദനം | 1980 | വാടക | 1 | 138 |
| 7 | പാൽ സൊസൈറ്റി | X | ഉൽപാദനം | 1962 | സ്വന്തം | 5 | 454 |
| 8 | മത്സ്യത്തൊഴിലാളി സഹകരണ സംഘം | VII | സർവ്വീസ് | - | വാടക | 2 | 1162 |

*(അവലംബം: ധനകാര്യ സ്ഥാപന സർവ്വേ)*

പഞ്ചായത്തിൽ 4 ക്രഡിറ്റ് ബാങ്കുകളും 2 സർവ്വീസ് സഹകരണ ബാങ്കുകളും 2 ഉൽപാദന സഹകരണ സംഘങ്ങളുമാണുള്ളതെങ്കിലും, അവയ്ക്ക് അതതു മേഖലകളിൽ നിലവിലുള്ള സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നാണ് മുകളിലുള്ള പട്ടിക സൂചിപ്പിക്കുന്നത് പഞ്ചായത്തിലെ ജനസംഖ്യയുടെ 30 % പേർ മാത്രമേ 8 സംഘങ്ങളിൽ അംഗങ്ങളായുള്ളൂ.

ഒഞ്ചിയം സർവ്വീസ് സഹകരണ ബാങ്ക്, ഊരാളുങ്കൽ സർവ്വീസ് സഹകരണ ബാങ്ക്, വടകര കോഓപ്പറേറ്റീവ് ബാങ്കിന്റെ കണ്ണൂക്കര ശാഖ എന്നീ സംഘങ്ങൾ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളാണ്. ഒഞ്ചിയത്ത് സഹകരണ മേഖലയ്ക്ക് തുടക്കം കുറിച്ച ഈ ആദ്യകാല വായ്പാ സ്ഥാപനങ്ങൾക്കു ജനങ്ങളുടെ മുഴുവൻ ആവശ്യങ്ങൾക്കും ആശ്രയിക്കാനാവുന്ന സാദ്ധ്യതകൾ കൈവരിക്കാനായിട്ടില്ല. ജനകീയകൂട്ടായ്മയിലൂടേയും ശാസ്ത്രീയമായ ആസൂത്രണത്തിലൂടെയും ജനങ്ങളിൽ സമ്പാദ്യശീലം വളർത്തി ഈ സ്ഥാപനങ്ങളുടെ വിഭവങ്ങൾ വർദ്ധിപ്പിച്ച് ഗ്രാമത്തിന്റെ കാർഷിക വ്യാവസായിക മൂലധന സമാഹരണത്തിനുള്ള നിർണ്ണായക സ്രോതസ്സുകളായി ഇവയെ വികസിപ്പിക്കണം.

പട്ടിക X-2

| സ്ഥാപനത്തിന്റെ പേര് | വർഷം | നിക്ഷേപം (ലക്ഷത്തിൽ) | സ്വർണ്ണ പണയവായ്പ | മറ്റുവായ്പകൾ |
|---|---|---|---|---|
| ഒഞ്ചിയം | 1992 – 93 | 29 | 15 | 2 |
| ബാങ്ക് | 93–94 | 40 | 20 | 20 |
| | 94–95 | 55 | 27 | 13 |
| ഊരാളുങ്കൽ | 1992 – 93 | 63.5 | 35.5 | 19 |
| ബാങ്ക് | 93– 94 | 65.5 | 40 | 30 |
| | 94–95 | 52.5 | 45 | 39 |
| റൂറൽ ബാങ്ക് | 1992–93 | 128 | 72 | 22 |
| കണ്ണൂക്കര | 93–94 | 103 | 97 | 30 |
| | 94–95 | 118 | 111. | 46 |

കഴിഞ്ഞ മൂന്നുവർഷത്തെ, സഹകരണ ബാങ്കുകളുടെ നിക്ഷേപവും വായ്പയും പട്ടിക X–2–ൽ കൊടുത്തിരിക്കുന്നു

ബാങ്കുകളുലെ നിക്ഷേപം വർഷം തോറും വർദ്ധിച്ചു വരുന്നുണ്ടെങ്കിലും ആനുപാതികമായ വർദ്ധനവുണ്ടാകുന്നതായി കാണുന്നില്ല. കാർഷിക വ്യാവസായിക വികസനം ലക്ഷ്യമിട്ടുകൊണ്ട് തുടങ്ങിയ സ്ഥാപനങ്ങളാണ് ഇവയെങ്കിലും അത്തരംമേഖലകളിൽ ഇവയുടെ സഹായം വളരെ തുച്ഛമാണ്. അതേ സമയം തന്നെ വലിയ ഭാഗം നിക്ഷേപങ്ങളും സ്വർണ്ണ പണയത്തിൽ വായ്പയായി നൽകുകയും ചെയ്യുന്നുണ്ട്, 2 സഹകരണ ബാങ്കുകളും 'B'ക്ലാസ് ബാങ്കുകളായതുകൊണ്ടുതന്നെ ഗ്രാമപ്പഞ്ചായത്ത് ഫണ്ടുപോലും പഞ്ചായത്തിനു പുറത്തുള്ള ബാങ്കുകളിൽ നിക്ഷേപിക്കുന്ന അവസ്ഥയാണുള്ളത് വെള്ളികുളങ്ങര പരസ്പര സഹായ പാൽവിതരണ സംഘം ക്ഷീര കർഷകരുടെയും പാൽ ഉപഭോക്താക്കളുടെയും താൽപര്യം മുൻ നിർത്തി പ്രവർത്തിക്കുന്ന ഒരു പ്രധാന സഹകരണ സംരംഭമാണ്. ഈ സംഘം ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്ന കേരളത്തിലെ എണ്ണപ്പെട്ട സ്ഥാപനങ്ങളിൽ ഒന്നുമാണ്. പുരോഗതിയുടെ പാതയിൽ ഏറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ ഈ സ്ഥാപനത്തിന് വൈവിദ്ധ്യമാർന്ന പാലുൽപ്പനങ്ങൾ നിർമ്മിച്ച് പുതിയ വിപണന മേഖലകൾ കണ്ടെത്തി പാൽ ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും താൽപര്യം സംരക്ഷിക്കുവാൻ കഴിയും.

സ്വദേശി പ്രസ്ഥാനത്തിന്റ ആവിർഭാവത്തോടുകൂടി വളരെ സജീവമായി തീർന്ന കൈത്തറി വ്യവസായ 1940 കാലഘട്ടങ്ങളിൽ ഒഞ്ചിയത്തൊരു പ്രധാനവ്യവസായമായിരുന്നു. പഞ്ചായത്തിലെ തൊഴിൽ മേഖലകളിൽ 30%ത്തിലധികം വഹിച്ചിരുന്നത് ഈ വ്യവസായമായിരുന്നു. എന്നാൽ ഈ വിഭാഗം ഇന്ന് തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഫലപ്രദമായ രീതിയിൽ യന്ത്രവൽക്കരണം നടത്തിയാൽ ഈ വ്യവസായത്തിന് പഴയകാല പ്രതാപത്തിലേക്ക് മടങ്ങിപ്പോകുവാൻ കഴിയും.

**പ്രശ്നങ്ങൾ :**

കൂട്ടായ്മയുടെ അഭാവവും സഹകരണ മേഖലയിലെ സാധ്യതകളെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അപര്യാപ്തതയും ഈ മേഖലയുടെ വളർച്ചയ്ക്ക് ഒരു പ്രധാന വിഘാതമാണ്. ആവശ്യമായ വായ്പകളിലൂടെയും ദൈനംദിന ജീവിതാവശ്യങ്ങൾക്കുള്ള ഉൽപന്നങ്ങളുടെ ലഭ്യതയിലൂടെയും ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി സഹകരണ സംഘങ്ങൾ ഇനിയും യത്നിക്കണം.

വായ്പാസംഘങ്ങളുടെ പ്രവർത്തന വിപുലീകരണത്തിന് നിക്ഷേപങ്ങൾ വിപുലമായി ആകർഷിക്കാനാവണം. പൊതുജനങ്ങളിലെ മിച്ചവരുമാനം സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുവാനും ബാങ്കിംഗ് ശീലം വളർത്തുവാനും ആസൂത്രിതമായ ബോധവൽക്കരണം ഒഴിച്ചുകൂടാത്തതാണ്. കാർഷികകടങ്ങളും കാർഷികേതര കടങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് 'നബാർഡ്' പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ കടുത്ത നിബന്ധനകൾ വിഘാതമാകുന്നു. ഈ നിബന്ധനകൾ മൂലം വായ്പത്തുക ലാപ്സാകുന്ന പ്രവണ

തയും ഉണ്ട്. മത്സ്യത്തൊഴിലാളി പ്രവർത്തന സംഘം മുഖേനെ മത്സ്യഫെഡ് വിതരണം ചെയ്യുന്ന വായ്പക്ക് അമിത പലിശ ഈടാക്കുന്നതിലൂടെ ഈ മേഖലയിലെ ഗുണഭോക്താക്കൾ ബുദ്ധിമുട്ടുന്നു.

ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന ചെറുകിട പാലുൽപ്പന്നങ്ങൾക്ക് വിപുലവും പ്രാദേശികവുമായ വിപണി കണ്ടെത്താനാവുന്നില്ല. വൻകിട പരസ്യക്കമ്പനികളുടെ കണ്ണഞ്ചിപ്പിക്കുന്ന പ്രചാരവേല നിയന്ത്രിക്കുന്ന ഇന്നത്തെ ഉപഭോക്തൃരീതി, ഗുണമേന്മയിൽ മികച്ച പ്രാദേശിക ഉൽപന്നങ്ങളുടെ വിപണി അസാദ്ധ്യമാക്കിത്തീർക്കുന്നു.

ഉൽപന്നങ്ങളുടെ വൈവിദ്ധ്യമില്ലായ്മയും യന്ത്രവൽക്കരണത്തിന്റെ അഭാവവും കാരണം കൈത്തറി ഉൽപന്നങ്ങൾക്ക് വിപണിയിൽ മത്സരിക്കാനാവുന്നില്ല.

**സാദ്ധ്യതകൾ :**

I വിവിധ സഹകരണ സ്ഥാപനങ്ങളിലായി , മൊത്തം ജനസംഖ്യയുടെ 20% പേർ മാത്രമേ ഇന്നും അംഗങ്ങളായിട്ടുള്ളു. പ്രായപൂർത്തിയായ മുഴുവൻ പൗരന്മാരെയും വിവിധ തുറകളിൽ പ്രവർത്തിക്കുന്ന വ്യത്യസ്ഥ സഹകരണ സംഘങ്ങളിൽ സജീവ പങ്കാളികളാക്കിത്തീർക്കാനുള്ള തീവ്രബോധവൽക്കരണ പരിപാടി പ്രഥമവും പ്രധാനവുമാണ്. അംഗങ്ങളായിത്തീരുന്നതിലൂടെ സൃഷ്ടിക്കാവുന്ന സഹകരണ അവബോധവും സഹകരണ സംസ്കാരവും സഹകരണ പ്രസ്ഥാനത്തിന്റെ ഈടുറ്റ അടിത്തറയായി രൂപപ്പെടും.

II. വായ്പാവിതരണ സംഘങ്ങൾ

a വായ്പാവിതരണ മേഖലയിൽ പ്രവർത്തിക്കുന്ന ഊരാളുങ്കൽ ഒഞ്ചിയ സഹകരണ ബാങ്കുകൾ വ്യാപകമായി നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലൂടെ സാമ്പത്തികാവശ്യങ്ങൾ മിക്കവാറും നിറവേറ്റപ്പെടും.

b ഒഞ്ചിയം ഗ്രാമപ്പഞ്ചായത്തിന്റെ മുഴുവൻ ഫണ്ടും ഊരാളുങ്കൽ ഒഞ്ചിയം ബാങ്കുകളിലായി നിക്ഷേപിക്കുന്നത് ഈ ബാങ്കുകളുടെ വിഭവ സമാഹരണത്തിന് ഗണ്യമായി സഹായിക്കും. ഇപ്പോൾ പഞ്ചായത്ത് ഫണ്ട് മറ്റുബാങ്കുകളിൽ നിക്ഷേപിക്കുന്നതിലൂടെ പഞ്ചായത്തിന് പുറത്താണ് വിനിയോഗിക്കപ്പെടുന്നത്.

c വായ്പാവിതരണത്തിലെ നിബന്ധനകൾ കാലാനുസൃതമായി ഉദാരമാക്കണം.

d കാർഷികവായ്പകൾ യഥാസമയത്ത് ലഭ്യമാക്കാൻ നിയമങ്ങൾ ഉദാരമാക്കണം.

e ഊരാളുങ്കൽ ഒഞ്ചിയം ബാങ്കുകൾ ഏകീകരിച്ച് ഒഞ്ചിയം ബാങ്കുകൾ ഏകീകരിച്ച് ഒഞ്ചിയം പഞ്ചായത്തിലെ കേന്ദ്ര സഹകരണ ബാങ്കിം സ്ഥാപനമായി ഈ സ്ഥാപനങ്ങളെ ഉയർത്തണം

f ഏകീകരിച്ച കേന്ദ്രബാങ്കിന്റെ ഓരോ ശാഖകൾ കണ്ണൂക്കരയിലും വെള്ളികുളങ്ങരയിലും സ്ഥാപിച്ച് ബാങ്കിന്റെ അടിത്തറയും വിഭവസമാഹരണ സാധ്യതയും പ്രവർത്തന മേഖലയും വിപുലമാക്കണം.

g വായ്പാമേഖലയിൽ ഇന്ന് നിലവിലുള്ള ത്രീടയർ സംവിധാനം ഒഴിവാക്കി ഇടനില ചൂഷണം അവസാനിപ്പിക്കുന്നത് പ്രാഥമിക സഹകരണ ബാങ്കുകളുടെ അടിസ്ഥാന പുരോഗതിക്ക് അനിവാര്യമാണ്.

III a ഒഞ്ചിയം പഞ്ചായത്തിലെ മുഴുവൻ മരാമത്ത് ജോലികൾ പൂർണ്ണമായും ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം,.

b ചെലവ്കുറഞ്ഞ വീടുകൾ കരാറുവ്യവസ്ഥയിൽ നിർമ്മിച്ചുകൊടുക്കുന്ന ഒരു മാസ്റ്റർ പ്ലാൻ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി ആരംഭിക്കണം.

IV a ഗ്രാമത്തിലെ കൃഷിക്കാർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും ശാസ്ത്രീയമായി സംരക്ഷിക്കാൻ ആധുനിക യന്ത്രോപകരണങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വിപുലീകരക്കണം.

b വിവിധ കേന്ദ്രങ്ങൾ സംഭരണ വിതരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് വിപുലമായ "സംഭരണ വിതരണ ശൃഖല"

സൃഷ്ടിക്കണം.

c ആകർഷകവും വൈവിദ്ധ്യവുമാർന്ന പാലുൽപ്പന്നങ്ങൾ ആധുനിക രീതിയിൽ നിർമ്മിച്ച് വിതരണം ചെയ്യണം.

d കന്നുകാലികൾക്കാവശ്യമായ കാലിത്തീറ്റ പ്രാദേശികമായി നിർമ്മിച്ച് കുറഞ്ഞവിലക്ക് വിതരണം ചെയ്യാവുന്ന ഒരു കാലിത്തീറ്റ ഫാക്ടറിസഹകരണ മേഖലയിൽ സ്ഥാപിക്കണം.

V. പഞ്ചായത്തിലെ പ്രധാന ടൗണുകളായ കണ്ണൂക്കര , നാദാപുരം റോഡ് എന്നിവിടങ്ങളിൽ ഓരോ സഹകരണ റസ്റ്റോറണ്ടുകൾക്ക് സാധ്യതയുണ്ട്,

VI. വർദ്ധിച്ചുവരുന്ന അച്ചടി ആവശ്യങ്ങൾ നിർവഹിക്കാൻ സഹകരണ സ്ഥാപനങ്ങളിൽ ഒരു പ്രിന്റിംഗ് പ്രസ് സ്ഥാപിക്കണം.

VII. വനിതകൾക്ക് തൊഴിൽ സാധ്യതയുള്ള ഓരോ വനിതാ സഹകരണ സംഘങ്ങൾ വെള്ളികുളങ്ങരയിലും തീരപ്രദേശങ്ങളിലും രൂപീകരിക്കണം. (റെഡിമെയ്ഡ്, ഇതര ഉപഭോക്തൃവസ്തുക്കൾക്കു മുൻഗണന കൊടുക്കണം)

IX.a പഞ്ചായത്തിൽ ഏറ്റവും കൂടുതൽ നെയ്ത്തുതൊഴിലാളികൾതാമസിക്കുന്ന 6-ാം വാർഡിൽ, വെള്ളിക്കുളങ്ങര കൈത്തറി സഹകരണ സംഘത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കണം,

b ഈ സഹകരണ സംഘം ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിയായി വിപുലപ്പെടുത്തണം.

9. ഇറച്ചിക്കോഴിവളർത്തുകാരുടെ സഹകരണ സംഘം രൂപീകരിച്ചാൽ ഈ മേഖലയിലെ ദൈനംദിനാവശ്യങ്ങൾക്ക് കോഴികളെ വിതരണം ചെയ്യാനാവും.

10. രായരോത്ത് കയർ സഹകരണ സംഘം വൈവിദ്ധ്യമാർന്ന കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിലൂടെ പുതിയ തൊഴിൽ സാദ്ധ്യതകൾ വികസിപ്പിക്കണം.

11. പുസ്തകം, കുട, യൂണിഫോറങ്ങൾ ഇതര സ്റ്റേഷനറി സാധനങ്ങൾ തുടങ്ങി വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ പഠനോപകരണങ്ങളും ന്യായവിലക്ക് യഥേഷ്ടം ലഭ്യമാക്കാനാവുന്ന തരത്തിൽ സ്കൂൾ കോ ഓപ്പറേറ്റിവ് സൊസൈറ്റികളുടെ പ്രവർത്തനം വിപുലപ്പെടുത്തണ.

12 പഞ്ചായത്തിലെ പച്ചക്കറി വിഭവങ്ങൾ സമാഹരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുവാനും വിതരണംചെയ്യുവാനും കഴിയുന്ന ഒരു പച്ചക്കറി സംഭരണ–സംസ്കരണ – വിതരണ സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

# വിഭവ സമാഹരണം

പഞ്ചായത്തിലെ മനുഷ്യ-പ്രകൃതി വിഭവങ്ങളെ ശാസ്ത്രീയമായും ഫല പ്രദമായും വിനിയോഗിച്ച് ജനക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്റെ മുന്നൊരുക്കമാണ് നാമിപ്പോൾ നടത്തുന്നത്. ആ നിലയ്ക്ക് ആസൂത്രണത്തിന്റെ ആണിക്കല്ല് വിഭവ സമാഹരണമാണെന്ന് പറയാം.

കാർഷിക മേഖലയിൽ ഉപജീവനം തേടുന്നവരാണ് പഞ്ചായത്തിലെ ബഹുഭൂരിപക്ഷവും ഒരു തീരദേശ പഞ്ചായത്തെന്ന നിലയിൽ ഗണ്യ മായ ഒരു വിഭാഗം മത്സ്യബന്ധന രംഗത്തും ഉപജീവനം തേടുന്നുണ്ട്. അദ്ധ്യാപകരും മറ്റു സർക്കാർ - അർദ്ധസർക്കാർ സ്വകാര്യ സ്ഥാപന ങ്ങളിലെ ജീവനക്കാരും ഉൾപ്പെടുന്ന ജനങ്ങൾ 15%ത്തോളം വരും 20%ത്തോളം പേർ ഗൾഫ് നാടുകളിൽ തൊഴിൽ തേടുന്നവരാണ്. ഇതി നുപുറമെ - സംഘടിതവും അസംഘടിതവുമായ തൊഴിൽ മേഖലക ളിൽ ഉപജീവനം തേടുന്ന ഒട്ടേറെ പേരും പഞ്ചായത്തിലുണ്ട്. അവ രിൽ ഭൂരിപക്ഷവും കെട്ടിടനിർമ്മാണ തൊഴിലാളികളാണ്. കാർഷിക മേഖകളിലെ പിന്നോക്കാവസ്ഥയും, സുരക്ഷിതത്വമില്ലായ്മയുമാവാം യുവതീവുവാക്കളെ നിർമ്മാണ മേഖലകളിലേക്ക് ആകർഷിക്കുന്നത് കാർഷികമണ്ഡലത്തിൽ തന്നെ കരുതലോടെയും, അർപ്പണബോ ധത്തോടെയും ആത്മാർത്ഥതയോടെയും നിലയുറപ്പിച്ചാൽ ഒഞ്ചിയത്തെ ഒരു കർഷകഗ്രാമമാക്കി നിലനിർത്താനാവശ്യമായ വിഭവങ്ങൾ ഇവിടെ യഥേഷ്ടമുണ്ട്.

ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ പണം പരമാവധി സമാഹ രിച്ച് പഞ്ചായത്തിന്റെ ഉൽപാദന രംഗത്ത് ഉപയോഗിക്കാൻ കഴിഞ്ഞാൽ വലിയ നേട്ടം ഉണ്ടാക്കാൻ കഴിയും. മെച്ചപ്പെട്ട ഭൂസമ്പത്തുകൊണ്ട് അനു ഗ്രഹീതമാണ് ഒഞ്ചിയം. ഫലഭൂയിഷ്ടമായ ചരിവുപ്രദേശങ്ങളും താഴ്വ രകളും പരമാവധി കൃഷിക്ക് ഉപയുക്തമാക്കിയാൽ വിളവ് ഇന്നത്തേ തിനേക്കാൾ മെച്ചപ്പെടും . കാർഷികോൽപന്നങ്ങൾ വ്യവസായ മേഖ

ലയിലെ അസംസ്കൃത പദാർത്ഥമാക്കാൻ കഴിഞ്ഞാൽ മനുഷ്യ വിഭവം വികസനത്തിനുപയോഗപ്പെടുത്താനും കഴിയും. ജലസംഭരണ – ജലസേചന സ്രോതസ്സുകൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ തുടങ്ങിയ ജലവിഭവങ്ങളും പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് സഹായകരമായിത്തീരേണ്ടവയാണ്. സ്കൂളുകൾ, കോളേജുകൾ, വിവിധ സ്ഥാപനങ്ങൾ, ഗ്രന്ഥാലയങ്ങൾ തുടങ്ങിയവയെല്ലാം നമ്മുടെ കനപ്പെട്ട വിഭവസ്രോതസ്സുകളാണ്. പാഴായിപ്പോകുന്ന പ്രകൃതി വിഭവങ്ങൾ സമാഹരിച്ച് സംസ്കരിക്കാനും വിപണനം നടത്താനും സാധിച്ചാൽ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും പുതിയ തൊഴിൽ തുറകളും തുറന്നുകിട്ടും.

സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായ ഒഞ്ചിയത്തിന്റെ പ്രധാന വരുമാന മാർഗ്ഗംകെട്ടിട നികുതിയാണ്. വസ്തുകൈമാറ്റ നികുതി, വിനോദനികുതി , തൊഴിൽ നികുതി, പ്രദർശന നികുതി, ലൈസൻസ് ഫീസ്, ഡെപ്പോസിറ്റുകൾ എന്നിവയാണ് പഞ്ചായത്തിന്റെ മറ്റു വരുമാന മാർഗ്ഗങ്ങൾ ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന പട്ടിക വിവരിക്കുന്നു.

പട്ടിക XII – 1

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | വിനോദ നികുതി | കച്ചവട നികുതി | ലൈസൻസ് ഫീസ് | ആകെ |
|---|---|---|---|---|---|---|
| 1983–84 | 46570 | 24042 | 176.25 | 455.00 | 4796 | 76039.25 |
| 1987–88 | 101544 | 63422 | 74679 | 1370 | 6282 | 247294 |
| 1990–91 | 188408.71 | 92412. | 86824. | 3380 | 8888 | 379917.71 |
| 1991–92 | 190498 | 167987 | 68984 | 5778 | 11199 | 45244 |
| 1992–93 | 228361 | 138854 | 134624 | 3535 | 10300 | 515674 |
| 1993–94 | 299855 | 169955 | 162065 | 1400 | 13971 | 647246 |
| 1994–95 | 317514 | 192402 | 181091 | 3015 | 15325 | 709347 |

പഞ്ചായത്തിന്റെ തനത് വരുമാനങ്ങളിൽ, കെട്ടിട നികുതിയിനത്തിൽ നിന്നാണ് കൂടുതൽ വരവ് ലഭിക്കുന്നത് . 1983– '84 കാലയളവിൽ കെട്ടിടനികുതിയിനത്തിൽ സ്വരൂപിച്ച തുകയിൽ കാലാനുസൃതമായ വർദ്ധനവ് 94–95 കാലയളവിൽ കാണാൻ കഴിയുന്നില്ല. ഈ പട്ടികപ്രകാരം കെട്ടിട നികുതി ചുമത്തുന്ന രീതിയിൽ അശാസ്ത്രീയതയും പോരായ്മകളുമുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. കച്ചവടനികുതി ചുമകത്തുന്നതിലും പോരായ്മയുണ്ടെന്ന് പട്ടിക സൂചിപ്പിക്കുന്നു.

പഞ്ചായത്തിന്റെ മൊത്തവരുമാനത്തിനുള്ളിൽ ഒതുങ്ങി നിന്നുകൊണ്ടു തന്നെ ചിലവ് നിർവ്വഹിക്കാൻ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്

സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക XII – 2

| വർഷം | ഭരണചെലവ് | പൊതുമരാമത്ത് | വിദ്യാഭ്യാസം | കുടിവെള്ളം | തെരുവുവിളക്ക് | പലവക | ആകെ |
|---|---|---|---|---|---|---|---|
| 1983-84 | 80430-82 | - | 217845 | 4026.93 | 28786 | 326340 | 361328.93 |
| 1987-88 | 139009 | 10419.98 | 3114 | - | 33348 | 177508 | 362265.9 |
| 1990-91 | 275667 | 14746.5 | 17382.25 | 27991 | - | 619834 | 895621 |
| 1991-92 | 233192 | 93306 | 9001 | 76182 | 28698 | 461088 | 9000468 |
| 1992-93 | 257620 | 112039 | 1260 | 34213 | - | 598497 | 1015000 |
| 1993-94 | 319141 | 287354 | 43825 | 30800 | 34908 | 105947 | 1341976 |
| 1994-95 | 502739 | 125121 | 88123 | 45782 | 39817 | 759416 | 1559000 |

പഞ്ചായത്ത് ഗണ്യമായ ചെലവ് നിർവ്വഹിക്കുന്നത് ഭരണപരമായ ആവശ്യങ്ങൾക്കാണ്. പൊതുമാമത്ത്, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, എന്നീ മേഖലകളിലാണ് മറ്റുചിലവുകൾ വരുന്നത്. 94–95 കാലയളവിലെ മൊത്തവരുമാനത്തിന്റെ 28 ശതമാനവും ചെലവഴിച്ചത് ഭരണപരമായ ആവശ്യങ്ങൾക്കാണ്. എന്നാൽ പഞ്ചായത്തിൽ കുടിവെള്ളവിതരണത്തിന് ഉപയോഗിച്ചത് 2.5% വും വിദ്യാഭ്യാസത്തിന് 4.9%വുമാണ് ചെലവഴിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് സഹകരണ ബേങ്കുകളും രണ്ട് ഗ്രാമീണ ബേങ്ക് ശാഖകളും, മൂന്ന് പോസ്റ്റോഫീസുകളും ഗണ്യമായ തുക നിക്ഷേപമായി സമാഹരിക്കുന്നുണ്ട്. എന്നാൽ സമ്പത്തുൽപാദന മേഖലകളായ കാർഷിക വ്യവസായിക രംഗങ്ങളിൽ ഈ സ്ഥാപനങ്ങളുടെ സഹായം തുലോം തുച്ഛമാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക XII–3

| സ്ഥാപനത്തിന്റേത് | വർഷം | നിക്ഷേപം ലക്ഷം | സ്വർണ്ണവായ്പ ലക്ഷം | കാർഷിക വായ്പ ലക്ഷം | മറ്റുള്ളവ വായ്പ ലക്ഷം |
|---|---|---|---|---|---|
| ഒഞ്ചിയം സർവ്വീസ് സഹകരണ ബാങ്ക് | 92-93 | 29 | 15 | 1.5 | .5 |
| | 93-94 | 40 | 20 | - | 20 |
| | 94-95 | 55 | 27 | - | 13 |
| ഊരാളുങ്കൽ സർവ്വീസ് സഹകരണ ബാങ്ക് | 92-93 | 63.5 | 35.5 | 2 | 17 |
| | 93-94 | 65.5 | 40 | 11.5 | 18.5 |
| | 94-95 | 82.5 | 45 | 9 | 30 |
| സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് വെള്ളിക്കുളങ്ങര | 92-93 | 90 | 30 | 14 | 32 |
| | 93-94 | 120 | 50 | 25 | 42 |
| | 93-94 | 140* | 70 | 30 | 56 |

(പട്ടിക XII-3 തുടർച്ച)

| സ്ഥാപനത്തിന്റേത് | വർഷം | നിക്ഷേപം ലക്ഷം | സ്വർണ്ണവായ്പ ലക്ഷം | കാർഷിക വായ്പ ലക്ഷം | മറ്റുള്ളവ വായ്പ ലക്ഷം |
|---|---|---|---|---|---|
| സൗത്ത് മലബാർ ഗ്രാമീണബാങ്ക് നാദാപുരം റോഡ് | 92-93 | 121 | 67 | 5 | 21 |
| | 93-94 | 141 | 87 | 5 | 22 |
| | 94-95 | 180 | 122 | 4 | 32 |
| വടകര കോ-ഓപ്പറേറ്റീവ് റൂറൽബാങ്ക് കണ്ണൂക്കര ബ്രാഞ്ച് | 92-93 | 128 | 72 | - | 22 |
| | 93-94 | 103 | 87 | - | 30 |
| | 94-95 | 118 | 111 | - | 46 |

പട്ടിക XII - 4

| പോസ്റ്റോഫീസുകൾ | 94-95 നിക്ഷേപം ലക്ഷം |
|---|---|
| സബ് പോസ്റ്റോഫീസ് മടപ്പള്ളി | 17 |
| ബ്രാഞ്ച് പോസ്റ്റോഫീസ് ഒഞ്ചിയം | 1 |
| ബ്രാഞ്ച് പോസ്റ്റോഫീസ് കണ്ണൂക്കര | .08 |

പഞ്ചായത്തിനകത്ത് നാല് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്നും വസൂലാക്കപ്പെടുന്ന ഭീമമായ പലിശ നിരക്ക് സാധാരണക്കാരനെ കടക്കെണിയിലകപ്പെടുത്താൻ പര്യാപ്തമായതാണ്. എന്നാൽ കുറി, പണപ്പയറ്റ് തുടങ്ങിയ നാടൻ സാമ്പത്തിക ഇടപാടുകൾ പണ്ട് മുതൽ തന്നെ വ്യക്തിബന്ധങ്ങളുടെ പിൻബലത്തിലും പരസ്പര വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും നടക്കുന്ന പ്രദേശമാണിത്. ഉദ്ദേശം 15 ലക്ഷത്തിലേറെ തുക നാടൻ 'കുറി'യിനത്തിൽ ഇവിടെ ഇടപാട് ചെയ്യപ്പെടുന്നുണ്ടെന്ന വസ്തുത ആരെയും ആശ്ചര്യപ്പെടുത്തുന്നതാണ്.

**പ്രശ്നങ്ങളും സാധ്യതകളും :**

1. കെട്ടിട നികുതി നിർണ്ണയം ശരിയായ രീതിയിലല്ല.
2. ഭൂമിയുടെ നികുതി ചുമത്തുന്നത് ശരിയായ വിദത്തിലല്ല.
3. ഭൂമി കൈമാറ്റം ചെയ്യുമ്പോഴുള്ള നികുതി നഷ്ടമാവുന്നു.
4. ദേശീയ സമ്പാദ്യപദ്ധതിയിലൂടെ നിക്ഷേപാവസരസമാഹരണം നടത്താൻ കഴിയുന്നില്ല.
5. നികുതികൾ മുൻകൂറായി അടയ്ക്കാൻ വ്യവസ്ഥകളില്ല. ഇളവുകളുമില്ല.
6. വൈദ്യുതി വിളക്കുകൾ പ്രവർത്തിപ്പിക്കുവാൻ 1/2 ലക്ഷത്തോളം രൂപ ചെലവഴിക്കുന്നു.
8. റെയിൽവേ ഗേറ്റിനുവേണ്ടി മറ്റു പല ഗേറ്റുകളിൽ നിന്നും വിഭിന്നമായ ചെലവ് പഞ്ചായത്ത് വഹിക്കേണ്ടിവരുന്നു.

9. പഞ്ചായത്തിലെ സിനിമാടാക്കീസുകളിൽ നിന്നു നികുതി മുഴുവനും ലഭിക്കുന്നില്ല.
10. കാർഷികോത്പന്നങ്ങളായ ചക്ക, മാങ്ങ എന്നിവ ഉപയോഗശൂന്യമായിപ്പോകുന്നു.
11. കമ്മ്യൂണിറ്റി ഹാളില്ല.
12. കാർഷിക വ്യാവസായിക ആവശ്യങ്ങൾക്ക് ചുരുങ്ങിയ പലിശയ്ക്ക് വായ്പ ലഭ്യമല്ല
13. വിനോദനികുതിയുടെ പങ്ക് വളരെകുറവാണ്.
14. പഞ്ചായത്തിൽ പൊതുവിതരണ - സംഭരണ കേന്ദ്രങ്ങൾ നിലവിലില്ല.
15. പഞ്ചായത്തിലെ യുവജനസംഘടനകൾ, സന്നദ്ധ സംഘടനകൾ, സാംസ്കാരിക സംഘടനകൾ,ക്ലബ്ബുകൾ തുടങ്ങിയവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള വാർഡ്തല സന്നദ്ധ-കർമ്മസേന വികസന പ്രവർത്തനങ്ങളിൽ പരമാവധി ഉപയോഗപ്പെടുത്തണം.

**സാധ്യതകൾ :**

1. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വലുപ്പം, നിർമ്മാണച്ചെലവ്, ഉപയോഗിച്ച വസ്തുക്കളുടെ സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതാണ്. കൂടാതെ സ്ഥലത്തിന്റെ മൂല്യം വാടക എന്നിവകൂടി കണക്കിലെടുക്കണം.
2. 2500 ചതുരശ്ര അടിയിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക നിരക്കിൽ നികുതി നിർണ്ണയിക്കണം.
3. ഭൂമിയുടെ മൂല്യത്തിനനുസൃതമായി ഭൂനികുതി നിർണ്ണയിക്കണം.
4. ഭൂമി കൈമാറ്റ സമയത്ത് ഭൂമിയുടെ വില സംബന്ധിച്ച് പഞ്ചായത്തിന്റെ സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ വിലനിർണ്ണയിക്കണം.
5. ദേശീയ സമ്പാദ്യ പദ്ധതിക്ക് വിഭവസമാഹരണം ഊർജ്ജിതപ്പെടുത്തുവാൻ കഴിയും.
6. മുൻകൂറായി കെട്ടിടികുതി, ഭൂനികുതി എന്നിവ ഒന്നിച്ചടയ്ക്കുവാൻ സംവിധാനം ഉണ്ടാക്കണം.
7. ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാവിഭാഗം തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി പിരിക്കേണ്ടതാണ്.
8. വൈദ്യുതി ചെലവ് കുറയ്ക്കാനും വൈദ്യുതിക്ഷാമം പരിഹരിക്കാനും വേണ്ടി സൗരോർജ്ജവിളക്കുകൾ കത്തിക്കാനുള്ള സാധ്യതകൾ ആലോചിച്ച് നടപ്പിലാക്കിയാൽ ഈ ഇനത്തിലെ ചെലവ് കുറയ്ക്കാൻ കഴിയും.

9. സാമൂഹ്യ – സാംസ്കാരിക സന്നദ്ധ സംഘടനകളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കാവുന്നതാണ്.

10 സിനിമാശാലകളിൽ നിന്നും വില്പന നടത്തുന്ന ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ നികുതി പിരിക്കണം.

11. പാഴായിപ്പോവുന്ന കാർഷിക ഉൽപന്നങ്ങൾ ഉപയുക്തമാക്കാൻ സംസ്കരണത്തിനുവേണ്ടി ചെറുകിട വ്യവസായ യൂനിറ്റുകൾ ആരംഭിക്കാവുന്നതാണ്.

12. പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് വാടകയ്ക്ക് നൽകി ധനകാര്യസ്ഥാപനങ്ങളിൽ കൃഷി-വ്യവസായം തുടങ്ങിയ ആവശ്യങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കാവുന്നതാണ്.

14. കേബിൾ ടി. വി., ഡിഷ് ആന്റിന എന്നിവ ഉപയോഗിക്കുന്നവരെ വിനോതനികുദിയുടെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്.

15 പ്രധാന ടൗണുകളിൽ വാഹനങ്ങൾ പാർക്കുചെയ്യാനുള്ള സ്ഥലം അനുവദിച്ച് പാർക്കിംഗ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

16. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊതുവിതരണ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് അതിലൂടെ വിഭവ സമാഹരണം നടത്താവുന്നതാണ്.

17. വികസന സമിതി സ്റ്റാമ്പ് തയ്യാറാക്കി വിതരണം ചെയ്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

18. കടലോര മേഖലയ്ക്ക് ആവശ്യമായ എണ്ണ ഉൾപ്പെടെയുള്ള സാധനങ്ങൾ പഞ്ചായത്ത് മുഖേനെ നടത്തിയാൽ പഞ്ചായത്തിനു ലാഭം നേടാൻ കഴിയും.

19 പാരലൽ കോളേഡ് ട്യൂഷൻ സെന്റർ എന്നിവ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടായാൽ അവയിൽ നിന്നും ഫീസും തൊഴിൽ നികുതിയും പിരിക്കാൻ കഴിയും.

20. പ്രധാനകേന്ദ്രങ്ങളിൽ ആഴ്ചച്ചന്തകൾ നടത്തിവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

21. പൊതുസ്ഥലങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നതും നികുതി ഈടാക്കാവുന്നതാണ്.

22. മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താൻ പഞ്ചായത്തിലെ സന്നദ്ധ സംഘടനകളായ സ്കൗട്ട്, ഗൈഡ്, എൻ. എസ്. എസ്. , എൻ. സി. സി. തുടങ്ങിവയെ ഏകോപിപ്പിച്ച് വാർഡ് തലത്തിൽ സന്നദ്ധ കർമ്മ സേനകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കണം.

# ഉപസംഹാരം

പുരോഗമന പ്രസ്ഥാനങ്ങൾക്കും സംരംഭങ്ങൾക്കും പണ്ടുമുതലേ വേരോട്ടമുണ്ടാക്കിയ വളക്കൂറുള്ള പ്രദേശമാണ് ഒഞ്ചിയം. അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലും കൂട്ടായ്മയും, സംഘബോധവും വളർത്തിയെടുക്കുന്നതിലും നമ്മുടെ നാട്ടുകാർ കാണിച്ച ഉത്സാഹവും കാര്യക്ഷമതയും ഇച്ഛാശക്തിയും എടുത്തുപറയത്തക്കതാണ്. നിർഭാഗ്യവശാൽ ഇന്നത്തെ തലമുറ നമ്മുടെ പൂർവ്വ പാരമ്പര്യങ്ങളിൽ താല്പര്യം കാണിക്കുന്നില്ലെന്ന വസ്തുത വേദനയോടെ ഓർമ്മിക്കുന്നു. നാടിന്റെ ബഹുമുഖമായ മേഖലകളിൽ സമൂലവും ആരോഗ്യകരവുമായ പരിവർത്തനങ്ങൾക്ക് മാർഗ്ഗദർശകമായി തീരേണ്ടുന്ന ഈ സമഗ്രവികസന രൂപരേഖ ജനകീയ പങ്കാളിത്തത്തോടെ നാം തയ്യാറാക്കിയിരിക്കയാണ്. കാർഷികവും വ്യവസായികവുമായ ഉൽപാദന രംഗങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കാൻ ഈ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയട്ടെയെന്നു നമുക്ക് പ്രത്യാശിക്കാം.

വ്യാവസായികമേഖലയിലെ പിന്നോക്കാവസ്ഥ, അഭ്യസ്ഥവിദ്യർക്കിടയിൽപ്പോലുമുള്ള തൊഴിലില്ലായ്മ, കാർഷികമേഖലയിലെ മുരടിപ്പ്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരത്തകർച്ച, പാഴായിപ്പോകുന്ന മനുഷ്യ-പ്രകൃതി വിഭവങ്ങൾ, തുടങ്ങിയ പ്രാഥമിക പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ നമുക്ക് കൂട്ടായി യത്നിക്കാം. വികസനമെന്നത് ഓരോ ഗ്രാമീണന്റേയും ആത്മീയ-ഭൗതിക സാഹചര്യങ്ങൾ ശാശ്വതമായി മെച്ചപ്പെടുത്തലാണെന്നും, വരും കാലവികസന സാധ്യതകളെ തടയാതിരിക്കലാണെന്നും നാം തിരിച്ചറിയുക. ഇതിനകം ഗ്രാമമനസ്സുകളിൽ ഉണർന്നു കഴിഞ്ഞ, തുടിക്കുന്ന പുതിയ ചൈതന്യവും, പഴയപാരമ്പര്യബോധവും നമ്മെ കരുത്തരാക്കട്ടെ, ഈ വികസനരൂപരേഖ പഞ്ചായത്ത് വികസന സെമിനാറിന്റെ സജീവമായ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി സമർപ്പിക്കട്ടെ.

സ്നേഹാദരങ്ങളോടെ

പഞ്ചായത്ത് ഭരണസമിതിക്ക് വേണ്ടിയും, വികസന സമിതിക്ക് വേണ്ടിയും,

(ഒപ്പ്)

വി. ബാലകൃഷ്ണൻ

പ്രസിഡണ്ട്

ഒഞ്ചിയം ഗ്രാമപഞ്ചായത്ത്.

അധികാരം ജനങ്ങളിലേക്ക്

# ജനകീയാസൂത്രണ പ്രസ്ഥാനം

**ഒമ്പതാം പദ്ധതി ജനകീയ പദ്ധതി**